©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

2017 ആഗസ്റ്റ് 10, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 168 - നമ്പർ 4

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

2017 ആഗസ്റ്റ് 10, വ്യാഴം

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

405/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ... 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ... 38

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 38
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 79

**II അടിയന്തരപ്രമേയം**

പകർച്ചപ്പനി

(അവതരണാനുമതി നിഷേധിച്ചു) ... 394

**III ശ്രദ്ധ ക്ഷണിക്കൽ**

1. കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

—ശ്രീ. കെ. രാജൻ ... 415

2. സേവനാവകാശ നിയമം

—ശ്രീ. എൻ. എ. നെല്ലിക്കുന്ന് ... 420

**IV സബ്മിഷൻ**

1. ആദിവാസികളുടെ ആത്മഹത്യ

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)
—ശ്രീ. ഡി. കെ. മുരളി ... 423

2. തൊണ്ടിമുതലായി പിടിച്ചെടുത്ത വാഹനങ്ങൾ നീക്കം ചെയ്യൽ

—ശ്രീ. എ. എൻ. ഷംസീർ ... 429

3. പ്രതികളുടെ അറസ്റ്റ്

—ശ്രീ. കെ. സി. ജോസഫ് ... 431

4. കൊച്ചി മെട്രോ

—ശ്രീ. അൻവർ സാദത്ത് ... 432

*പേജ്*

5. കടൽഭിത്തി നിർമ്മാണം

—ശ്രീ. കെ. കുഞ്ഞിരാമൻ ... 434

6. ഐ ആന്റ് ഇ.എൻ.ടി. ആശുപത്രി

—ശ്രീ. റ്റി. വി. രാജേഷ് ... 435

7. ലബോറട്ടറികൾ ആരംഭിക്കുന്നത് സംബന്ധിച്ച്

—ശ്രീ. മുല്ലക്കര രത്നാകരൻ ... 436

8. സ്റ്റാഫ് പാറ്റേൺ

—ശ്രീ. മഞ്ഞളാംകുഴി അലി ... 438

9. സാങ്കേതിക കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്

—ശ്രീ. വി. അബ്ദുറഹിമാൻ ... 441

10. എം.ജി.എൽ.സി. സ്കൂളുകൾ എൽ.പി. സ്കൂളുകളാക്കി ഉയർത്തൽ

—ശ്രീ. പി. കെ. അബ്ദു റബ്ബ് ... 442

**V റിപ്പോർട്ട് സമർപ്പണം**

1. 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ റിപ്പോർട്ട് ... 444

2. സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് ... 444

3. 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ റിപ്പോർട്ട് ... 444

4. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് ... 444

**VI അറിയിപ്പ്**

പി. സി. ജോർജ് എം.എൽ.എ.-യുടെ പരാമർശം സംബന്ധിച്ച്

—മി. സ്പീക്കർ ... 444

പേജ്

**VII നിയമനിർമ്മാണകാര്യം**

(i) 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും ... 445

**VIII ക്രമപ്രശ്നം**

ഭരണഘടനാപരമായ വ്യവസ്ഥകൾ

—ശ്രീ. വി. ഡി. സതീശൻ ... 445

**റൂളിംഗ്** ... 447

**നിയമനിർമ്മാണകാര്യം (തുടർച്ച)**

(ii) 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും ... 519

// കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

*2017 ആഗസ്റ്റ് 10, വ്യാഴം*

വാല്യം 168] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4

നിയമസഭ 2017 ആഗസ്റ്റ് മാസം 10-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....(*91)

### സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന് നടപടി

1 (*91) ശ്രീ. എസ്. ശർമ്മ:
ശ്രീ. പി. കെ. ശശി:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽപാതകളും പാലങ്ങളും നവീകരിക്കാത്തതും പാതയിരട്ടിപ്പ്, പുതിയ പാതകൾ, വൈദ്യുതീകരണം തുടങ്ങിയ വികസന പ്രവർത്തനങ്ങളിൽ സംസ്ഥാനത്തിന് അർഹമായ പരിഗണന നൽകാത്തതും സംസ്ഥാനത്തിന്റെ പൊതുവികസന പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുമെന്നതിനാൽ റെയിൽവേയുടെ അവഗണന അവസാനിപ്പിക്കാൻവേണ്ട സമ്മർദ്ദം ചെലുത്തുമോ; സംസ്ഥാന സർക്കാർ ഏതൊക്കെ പദ്ധതികളാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന് അനിവാര്യമായ റെയിൽവേ സോൺ എന്ന ആവശ്യത്തോട് മാറിമാറി വന്ന കേന്ദ്ര സർക്കാരുകളുടെയും റെയിൽവേയുടെയും നിലപാടെന്തായിരുന്നെന്ന് അറിയിക്കുമോ;

(സി) അയൽ സംസ്ഥാനങ്ങളുടെ നിക്ഷിപ്ത താല്പര്യം സംരക്ഷിക്കാൻ മാത്രം ഉതകുന്ന തിരുവനന്തപുരം റെയിൽവേ ഡിവിഷൻ വിഭജനം ഒഴിവാക്കാനായി എന്തൊക്കെ ഇടപെടൽ സാധ്യമാകുമെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) സംസ്ഥാനത്ത റെയിൽവേ വികസനത്തിനായി കേരള സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും റെയിൽവേ മന്ത്രിക്കും സംസ്ഥാനത്തിന്റെ റെയിൽവേ വകുപ്പുമന്ത്രി കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്കും ഇതുസംബന്ധിച്ച് നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. എം.പി.-മാരുടെ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നിരന്തരം സമ്മർദ്ദം ചെലുത്തി വരുന്നു. റെയിൽപാതകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കാലപ്പഴക്കംവന്ന റെയിൽ പാളങ്ങൾ പുനഃസ്ഥാപിക്കുന്നതിനും റെയിലുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും പഴക്കംചെന്നതും ഉപയോഗ യോഗ്യമല്ലാത്തതുമായ കോച്ചുകൾ മാറ്റി ആധുനിക സൗകര്യങ്ങളോടുകൂടിയ കോച്ചുകൾ ഉള്ള ട്രെയിൻ ഓടിക്കുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമുള്ള ടെക്നിക്കൽ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള റെയിൽവേയിലെ നിർണ്ണായക തസ്തികകൾ നിലവിലുള്ള മൂവായിരത്തോളം ഒഴിവുകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിനും റെയിൽവേ യാത്രക്കാരുടെ പ്രത്യേകിച്ചും വനിതാ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും കേരളത്തോടുള്ള അവഗണന അവസാനിപ്പിച്ച് കേരളത്തിന്റെ ദീർഘകാല ആവശ്യങ്ങളായ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം, സിഗ്നൽ പരിഷ്കരണം, കേരളത്തിന് മാത്രമായി ഒരു റെയിൽവേ സോൺ, റെയിൽ കോച്ച് ഫാക്ടറി തുടങ്ങിയ ആവശ്യങ്ങളും റെയിൽ ബജറ്റിൽ പ്രഖ്യാപിച്ചതും നാളിതുവരെ നടപ്പാക്കാത്തതുമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും ജില്ലാ കേന്ദ്രങ്ങളിലെ റെയിൽവേ സ്റ്റേഷനുകൾ ആധുനിക സൗകര്യങ്ങളോടുകൂടി നവീകരിക്കുന്നതിനും സംസ്ഥാനത്തെ സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്തമായി പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനത്തിലൂടെ ഓടുന്ന ട്രെയിനുകളിൽ ബയോ ടോയ്‌ലെറ്റുകൾ അടിയന്തരമായി ഏർപ്പെടുത്തുന്നതിനും അതോടൊപ്പം ഇന്ത്യൻ റെയിൽവേ ദീർഘകാലമായി കേരളത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കുന്നതിനുമായി 3-11-2016-ൽ നിയമസഭ പ്രമേയം പാസ്സാക്കുകയും പ്രസ്തുത പ്രമേയം റെയിൽവേ മന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്ര റെയിൽവേ ബജറ്റിന് മുന്നോടിയായി വർഷാവർഷങ്ങളിൽ കേരളത്തിലെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മെമ്മോറാണ്ടം സമർപ്പിക്കാറുണ്ട്.

സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി കേന്ദ്രവുമായി ചേർന്ന് ഒരു സംയുക്ത സംരംഭക കമ്പനി, കേരള റെയിൽ വികസന കോർപ്പറേഷൻ 2017 ജനുവരി മാസം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനി താഴെപ്പറയുന്ന പദ്ധതികൾ ഘട്ടംഘട്ടങ്ങളിലായി നടപ്പിൽ വരുത്തുവാൻ ഊർജ്ജിത ശ്രമം നടത്തിവരുന്നു.

ഒന്നാം ഘട്ടം:

1. റാപ്പിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്)

2. തലശ്ശേരി- മൈസൂർ റെയിൽവെ പാത

3. എറണാകുളം പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് പുനഃ പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി.

4. കൊച്ചി വിമാനത്താവളത്തിലേയ്ക്ക് ത്രികോണ റെയിൽവേ ലൈൻ വലിച്ച് യാത്രക്കാരുടെ സൗകര്യത്തിനായി റെയിൽവേ സ്റ്റേഷനും കണ്ടെയ്നർ ചരക്ക് നീക്കത്തിനായി ടെർമിനലും സ്ഥാപിക്കൽ.

5. വിഴിഞ്ഞം ഇന്റർനാഷണൽ തുറമുഖം, തിരുവനന്തപുരം - കന്യാകുമാരി ലൈൻ ബന്ധിപ്പിക്കുന്ന വിഴിഞ്ഞം - ബാലരാമപുരം പുതിയ ബ്രോഡ് ഗേജ് ലൈൻ.

രണ്ടാം ഘട്ടം:

1. എരുമേലി-പുനലൂർ: നിർദ്ദിഷ്ട അങ്കമാലി എരുമേലി പാതയെ എരുമേലിയിൽ നിന്നും പുനലൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.

2. ഏറ്റുമാനൂർ - ശബരി ലിങ്ക് ലൈൻ: നിർദ്ദിഷ്ട അങ്കമാലി - ശബരി ലൈനിനെ ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.

മൂന്നാം ഘട്ടം:

നിലമ്പൂർ - നഞ്ചൻകോട്: നിലമ്പൂർ റെയിൽവേ സ്റ്റേഷനെ കർണ്ണാടക സംസ്ഥാനത്തിലെ നഞ്ചൻകോട് റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.

(ബി&സി) തിരുവനന്തപുരം - തിരുനെൽവേലി പാതയും നാഗർകോവിൽ - കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽനിന്നും വേർപെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കാൻ പോകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ബഹു. മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്കും കത്തുകൾ അയച്ചിട്ടുണ്ട്. കേരളത്തിന്റെ റെയിൽവേയുടെ ചുമതലയുള്ള പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്കും ഇതുസംബന്ധിച്ച് കത്ത് അയച്ചിട്ടുണ്ട്. കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലവും റെയിൽവേയിൽനിന്നും ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതുമൂലവും കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കേരള

സർക്കാർ കേന്ദ്ര സർക്കാരുമായി ചേർന്ന് 51:49 ഓഹരി അനുപാതത്തിൽ ഒരു സംയുക്ത സംരംഭക കമ്പനി രൂപീകരിച്ചിരുന്നു. ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസ് ഉള്ളതിനാൽ റാപ്പിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്), തലശ്ശേരി - മൈസൂർ പാത, അങ്കമാലി - ശബരി പാത, ഗുരുവായൂർ - തിരുനാവായ പാത, പാലക്കാട് റെയിൽ കോച്ച് ഫാക്ടറി എന്നീ പദ്ധതികൾ ദീർഘകാലമായി നീണ്ടുപോകുന്ന സാഹചര്യമാണുള്ളത്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം - പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയം കേന്ദ്രസർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. പെനിൻസുലാർ സോണിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ സോണിന്റെ ആസ്ഥാനത്തിനായി എറണാകുളത്തെ ഹൈക്കോർട്ടിന് സമീപമുള്ള റെയിൽവേ വക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം റെയിൽവേ സ്റ്റേഷന്റെ സാറ്റലൈറ്റ് സ്റ്റേഷനായി വികസിച്ചുവരുന്ന നേമം സ്റ്റേഷനെ വേർപെടുത്താനുള്ള ശ്രമങ്ങളും കൂടാതെ തിരുവനന്തപുരം-തിരുനെൽവേലി പാതയും നാഗർകോവിൽ-കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽനിന്ന് വേർപെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കാനുള്ള ശ്രമങ്ങളും ഉപേക്ഷിക്കണമെന്നും പ്രധാനമന്ത്രിക്കും റെയിൽവേ മന്ത്രിക്കും അയച്ച കത്തുകളിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

സർ, റെയിൽവേയോടുള്ള പരമ്പരാഗത അവഗണന നമുക്കെല്ലാം അറിയാവുന്നതാണ്. ഇന്നലെ അതുസംബന്ധിച്ച് സഭയിൽ പറഞ്ഞതാണ്. അവ പരിഹരിക്കാൻ, ഈ കാലത്തിന് അനുയോജ്യമായ നിരവധി പദ്ധതികൾ കേരളം കേന്ദ്ര റെയിൽവേ വകുപ്പിന് മുന്നിൽ സമർപ്പിച്ചിട്ടുണ്ട്. അത് അനുവദിച്ച് കിട്ടുന്നതിന് നിരന്തര സമ്മർദ്ദങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്തുകൾ അയയ്ക്കുകയും എം.പി.-മാരുടെ യോഗം വിളിക്കുകയും പ്രധാനമന്ത്രി, റെയിൽവേ വകുപ്പുമന്ത്രി, ഉന്നത ഉദ്യോഗസ്ഥർ എന്നിവരുമായി ഡൽഹിയിൽവച്ച് ഇതുസംബന്ധിച്ച് പലതവണ ചർച്ച നടത്തുകയും നമ്മുടെ ആവശ്യങ്ങൾ ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി കേരളത്തിൽ മെട്രോ റെയിൽവേയുടെ ഉദ്ഘാടനത്തിന് വന്നപ്പോൾ ക്യാബിനറ്റിൽ പങ്കെടുക്കുകയും അവിടെവച്ച് മുഖ്യമന്ത്രി വീണ്ടും ഈ പ്രശ്നം ഉന്നയിക്കുകയും ചെയ്തിരുന്നു. എല്ലാം പരിഗണിക്കാമെന്ന് പറയുന്നുണ്ടെങ്കിലും പല പ്രധാനപ്പെട്ട പദ്ധതികളും പരിഗണിച്ചിട്ടില്ല. കേരളത്തിനോട് അവഗണനയുണ്ടെന്നുള്ളത് വസ്തുതയാണ്. കൂടാതെ ചാർജ്ജുള്ള മന്ത്രിയെന്ന നിലയിൽ ഞാനും നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. ഏറ്റവും ഒടുവിൽ 7-8-2017-ൽ (മൂന്ന് ദിവസം മുമ്പ്)

ശ്രീ. സുരേഷ് പ്രഭുവിന് കേരളത്തിന്റെ ആവശ്യങ്ങൾ കാണിച്ചുകൊണ്ട് കത്തയച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾ നടത്തുന്ന കാര്യത്തിലുള്ള വീഴ്ച, റെയിൽപ്പാളങ്ങൾ പുനഃസ്ഥാപിക്കുന്നതിലുള്ള വീഴ്ച, നല്ല സൗകര്യമുള്ള കോച്ചുകൾ തരാതിരിക്കുക, മൂവായിരത്തോളം സുപ്രധാനമായ ഒഴിവുകളിൽ നിയമനം നടത്താതിരിക്കുക, വനിതാ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാതിരിക്കുക, പാതയിരട്ടിപ്പിക്കലിനും വൈദ്യുതീകരണത്തിനും സിഗ്നൽ പരിഷ്കരണത്തിനും വേഗത കൂട്ടാതിരിക്കുക, കേരളത്തിന് മാത്രമായ റെയിൽവേ സോൺ പരിഗണിക്കാതിരിക്കുക എന്നിവ അവഗണനയ്ക്ക് ഉദാഹരണങ്ങളാണ്. റെയിൽവേ കോച്ച് ഫാക്ടറി സംബന്ധിച്ച് ഇന്നലെ പാലക്കാട് എം.എൽ.എ.-യുടെ ശ്രദ്ധ ക്ഷണിക്കൽ ഉണ്ടായിരുന്നതാണ്. അക്കാര്യവും കേന്ദ്ര ഗവൺമെന്റ് പരിഗണിച്ചിട്ടില്ല. റെയിൽവേ സ്റ്റേഷനുകൾ ആധുനികവൽക്കരിക്കുന്ന കാര്യവും, ആധുനിക കാലത്ത് എല്ലാവർക്കും കക്കൂസ് നിർമ്മിച്ച് നൽകിയ സംസ്ഥാനമായതുകൊണ്ട് ട്രെയിനുകളിൽ ബയോ ടോയ്‌ലെറ്റുകൾ അടിയന്തരമായി നടപ്പിലാക്കുന്ന കാര്യവും പരിഗണിച്ചിട്ടില്ല. 2016 നവംബർ 3-ാം തീയതി നിയമസഭ ചർച്ചചെയ്ത് ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയം കേന്ദ്ര ഗവൺമെന്റിന് കൊടുക്കുകയും കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രി കേരളത്തിൽ വന്നപ്പോൾ അതുസംബന്ധിച്ച് സംസാരിക്കുകയും ചെയ്തെങ്കിലും എടുത്തുപറയത്തക്ക പുരോഗതിയൊന്നും ഉണ്ടായിട്ടില്ല. സംസ്ഥാന ഗവൺമെന്റ് കേന്ദ്രവുമായി ചേർന്ന് 2017 ജനുവരി മാസം കേരള റെയിൽ വികസന കോർപ്പറേഷൻ രൂപീകരിച്ചിരിക്കുകയാണ്. അതിന്റെ ഷെയറിൽ കൂടുതലും സംസ്ഥാന ഗവൺമെന്റിന്റേതാണ്. സംസ്ഥാനം എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ടതായി ആവശ്യപ്പെട്ടിരിക്കുന്നത് സബർബൻ റെയിൽ പ്രോജക്ടാണ്. തലശ്ശേരി-മൈസൂർ റെയിൽവേ പാത, എറണാകുളം പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിക്കുക, കൊച്ചി വിമാനത്താവളത്തിലേയ്ക്ക് ത്രികോണ റെയിൽ ലൈൻ വലിച്ച് യാത്രക്കാരുടെ സൗകര്യത്തിനായി റെയിൽവേസ്റ്റേഷനിൽ കണ്ടെയ്നർ ചരക്കുനീക്കത്തിനായി ടെർമിനൽ സ്ഥാപിക്കുക, വിഴിഞ്ഞം ഇന്റർനാഷണൽ തുറമുഖം, തിരുവനന്തപുരം- കന്യാകുമാരി ലൈൻ വികസിപ്പിക്കുന്ന വിഴിഞ്ഞം - ബാലരാമപുരം പുതിയ ബ്രോഡ് ഗേജ് ലൈൻ, നേമത്ത് ഒരു ടെർമിനൽ, എരുമേലി-പുനലൂർ നിർദ്ദിഷ്ട അങ്കമാലി എരുമേലി പാതയെ എരുമേലിയിൽ നിന്നും പുനലൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത, ഏറ്റുമാനൂർ-ശബരി ലിങ്ക് ലൈൻ നിർദ്ദിഷ്ട അങ്കമാലി-ശബരി ലൈനിനെ ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത, നിലമ്പൂർ - നഞ്ചൻകോട്, നിലമ്പൂർ റെയിൽവേ സ്റ്റേഷനെ കർണ്ണാടക സംസ്ഥാനത്തിലെ നഞ്ചൻകോട് റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത എന്നിവ ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം - തിരുനെൽവേലി പാതയും നാഗർകോവിൽ - കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽനിന്നും

മാറ്റുന്നതിനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും ശക്തമായി എതിർത്തിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള കത്തുകളും സംസാരങ്ങളും നടന്നിട്ടുണ്ട്. കേരളത്തിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെ ഒറ്റ സോൺ എന്ന ആവശ്യം ഈ അവസരത്തിൽ വീണ്ടും പ്രസക്തമായി മുന്നോട്ടുവച്ചിട്ടുണ്ട്. എറണാകുളം ഹൈക്കോർട്ടിന് സമീപം 42 ഏക്കറും മറ്റൊരു സ്ഥലത്ത് 100 ഏക്കറും ഭൂമിയുണ്ട്. ഈ സ്ഥലം എറണാകുളം കേന്ദ്രീകരിച്ചുള്ള റെയിൽവേ വികസനത്തിന് നൽകാൻ തയ്യാറാണെന്ന് ഗവൺമെന്റ് അറിയിച്ചിട്ടുണ്ട് എങ്കിലും റെയിൽവേ വികസനം ആധുനിക കാലത്തിന് അനുയോജ്യമായിട്ടില്ല. മെട്രോ ട്രെയിൻ ഉൾപ്പെടെ കേരളത്തിൽ കുതിപ്പായുന്ന അവസരത്തിൽ ഭൂമിയിൽ ഉറച്ചുനിന്നുകൊണ്ട് ഉന്നതങ്ങളിലേയ്ക്ക് പറക്കാനും ഓടാനും കേരളം തയ്യാറായി നിൽക്കുന്ന സാഹചര്യത്തിൽ സ്വാതന്ത്ര്യം ലഭിച്ച് ഇത്രയും കാലമായിട്ടും എ.കെ.ജി.-യുടെ കാലം മുതലുള്ള പോരാട്ടം തുടരേണ്ട സ്ഥിതിയാണുള്ളത്. ഭരണഘടനാപരമായ കാര്യങ്ങൾ അംഗീകരിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ നിരന്തരം സമ്മർദ്ദം ചെലുത്തുന്നതായിരിക്കും.

ശ്രീ. എസ്. ശർമ്മ: സർ, സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും അടിസ്ഥാന വികസനത്തിൽ അതിപ്രധാനമായ പങ്കുവഹിക്കുന്ന ഒരു സെക്ടറാണ് റെയിൽവെ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സാധാരണയിൽനിന്നും വ്യത്യസ്തമായി ഈ രംഗത്ത് പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിൽ പരാമർശിക്കപ്പെട്ട 2017 ജനുവരി മാസത്തിൽ ഒരു ജോയിന്റ് വെഞ്ച്വർ എന്നുള്ള നിലയ്ക്ക് കേന്ദ്ര റെയിൽവേയും സംസ്ഥാന ഗവൺമെന്റുംകൂടി ചേർന്ന് റെയിൽ വികസന കോർപ്പറേഷൻ സ്ഥാപിക്കുന്നതിനുള്ള MOU ഒപ്പുവച്ചത്. MOU ഒപ്പുവച്ച് കഴിഞ്ഞാൽ ഘടന രൂപീകരിക്കപ്പെട്ടതിനുശേഷം എഗ്രിമെന്റിലേയ്ക്ക് പോവുകയും തുടർന്ന് പദ്ധതികൾക്ക് ആവിഷ്കാരം നൽകി അംഗീകാരം കൊടുത്തുപോവുകയും ചെയ്യുക എന്നുള്ളതാണ് അതിന്റെ നടപടി. അതനുസരിച്ച് MOU ഒപ്പുവച്ചതിനുശേഷം കേന്ദ്ര ഗവൺമെന്റിന് മുന്നിൽ സബ്മിറ്റ് ചെയ്തിട്ടുള്ള പ്രോജക്ടുകൾക്ക് പ്രത്യേക പരിഗണന ലഭിച്ചിട്ടുണ്ടോ; റെയിൽ വികസന കോർപ്പറേഷൻ സ്ഥാപിക്കുന്നതിന് എന്തെല്ലാം തുടർ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. ജി. സുധാകരൻ: സർ, ഒരു പദ്ധതിയും പറ്റില്ലെന്ന് കേന്ദ്ര ഗവൺമെന്റ് പറഞ്ഞിട്ടില്ല. ശബരി റെയിൽ പാത പ്രധാനമന്ത്രിയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി യിട്ടുണ്ടെങ്കിലും അതിന്റെ നടപടികൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്. ഏറ്റവും ആവശ്യ മുള്ളതായതുകൊണ്ട് നമ്മുടെ ഒരു പദ്ധതിയും കേന്ദ്ര ഗവൺമെന്റിന് നിരാകരിക്കാൻ പറ്റുന്നതല്ല. പദ്ധതികൾ ഒന്നും അനുവദിക്കാത്തതുകൊണ്ട് ഈ പ്രശ്നങ്ങളെല്ലാം

സംസ്ഥാന ഗവൺമെന്റ് സജീവമായി ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. ഒന്നും എതിർക്കുന്നില്ലെന്ന് പറയുമ്പോഴും പാലക്കാടും തിരുവനന്തപുരത്തുമുള്ള രണ്ട് റെയിൽവേ ഡിവിഷനുകളിൽനിന്നും തമിഴ്നാടിന്റെ ഭാഗം ഒഴിവാക്കുകയാണ്. വാസ്തവത്തിൽ ഗവൺമെന്റിന്റെ തീരുമാനങ്ങളും ആവശ്യങ്ങളും നിയമസഭ പാസ്സാക്കിയ പ്രമേയത്തിലെ പ്രശ്നങ്ങളും ശ്രീ. എസ്. ശർമ്മ ഉന്നയിക്കുന്ന പ്രശ്നങ്ങളും ന്യായമായതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് നിരാകരിക്കാൻ കഴിയില്ലെങ്കിലും ഡബിൾ റോളാണ് കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നതെന്നാണ് എനിക്ക് പറയാനുള്ളത്. മുഖ്യമന്ത്രി നമ്മുടെ ആവശ്യങ്ങൾ കേന്ദ്ര ഗവൺമെന്റിനോട് നിരന്തരം ആവശ്യപ്പെടുന്നതു കൊണ്ട് നേടിയെടുക്കാൻ കഴിയുമെന്ന ശുഭാപ്തി വിശ്വാസമാണ് ഗവൺമെന്റിനുള്ളത്.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, അടുത്ത ദിവസം പത്രമാധ്യമങ്ങളിൽ വന്നിട്ടുള്ള വാർത്ത അനുസരിച്ച് കേന്ദ്ര ഗവൺമെന്റ് നയപരമായി തീരുമാനിച്ച് ഇന്ത്യൻ റെയിൽവേയെ സ്വകാര്യവൽക്കരണ പ്രക്രിയയിലേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നാണ് മനസ്സിലാകുന്നത്. 29 സ്റ്റേഷനുകളാണ് ആദ്യ റൗണ്ടിൽ സ്വകാര്യവൽക്കരിക്കുന്നതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ളതായി കാണുന്നത്. അതിൽ കോഴിക്കോടും എറണാകുളവും ഉൾപ്പെടുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചതനുസരിച്ച് എറണാകുളത്ത് 42 ഏക്കർ സ്ഥലം റെയിൽ വികസനത്തിനായി വിട്ടുകൊടുക്കാമെന്ന് സമ്മതിച്ചതായി മനസ്സിലാക്കുന്നു. അത് നല്ല കാര്യമാണ്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള സ്വകാര്യവൽ ക്കരണത്തിന്റെ ഭാഗമായി നാഷണൽ ബിൽഡിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനും റെയിൽവേ ലാന്റ് ഡെവലപ്മെന്റ് അതോറിറ്റിയും ചേർന്ന് MOU ഒപ്പുവച്ച് ഭരണപരമായ കാര്യങ്ങളിൽ കടന്നിരിക്കുകയാണ്. നമ്മുടെ രാജ്യത്തിന്റെ ആകാശവും കടലും ഭൂമിയും സ്വകാര്യ മേഖലയ്ക്ക് തീറെഴുതിക്കൊടുക്കുക എന്ന നയം അതിവേഗം നടക്കുമ്പോൾ സ്വകാര്യവൽക്കരണ നീക്കത്തെ അതിശക്തമായി കേരള ഗവൺമെന്റ് എതിർക്കുന്നു എന്നുള്ളത് ഉറപ്പാക്കിക്കൊണ്ടുള്ള തുടർ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, തീർച്ചയായും. പിണറായി ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട നിലപാടാണ് ഉദാരവത്കരണം, സ്വകാര്യവത്കരണം, ആഗോളവത്കരണം എന്നിവയ്ക്ക് എതിരെയുള്ളത്. നമ്മുടെ സംസ്ഥാനത്തിന്റെയോ, കേന്ദ്രത്തിന്റെയോ പൊതുമേഖലാ സ്ഥാപനങ്ങളുടെമേൽ കൈവച്ച് അതില്ലാതാക്കുക, അതിനെതിരെ കേരളത്തിലെ ജനങ്ങളും ദേശാഭിമാനികളായ ജനങ്ങളും ദീർഘകാലമായി പോരാടുകയാണ്. കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്തും നമ്മൾ ഈ പോരാട്ടം നടത്തിയിട്ടുണ്ട്. പക്ഷേ കുറേക്കൂടി ശക്തമായ തലത്തിൽ കാര്യങ്ങളൊക്കെ ഏകോപിപ്പിച്ചാണ് അവർ ഇത് ചെയ്തത്. പാർലമെന്റിലുള്ള വോട്ടിംഗ് ശതമാനത്തിൽ 31

ശതമാനം ഭൂരിപക്ഷം മാത്രമേ ഗവൺമെന്റിനുള്ളൂ എന്ന കാര്യം പലപ്പോഴും മാധ്യമങ്ങൾ മറച്ചുവയ്ക്കുന്നുണ്ടെങ്കിലും സാധരണക്കാരായ ജനങ്ങൾ അതൊന്നും ശ്രദ്ധിക്കുന്നില്ലെങ്കിലും വസ്തുത അതാണ്. മൂന്നിലൊന്ന് വോട്ടർമാരുടെ പിന്തുണ മാത്രമുള്ള ഒരു ഗവൺമെന്റ്, 28 കോടി ജനങ്ങൾ വോട്ട് ചെയ്യാതിരുന്നപ്പോഴാണ് ഈ 31 ശതമാനം കിട്ടിയതെന്ന് മനസ്സിലാക്കിക്കൊണ്ട്, കേവല ഭൂരിപക്ഷംവച്ച് ചെയ്യാൻ ശ്രമിച്ചാലും ജനങ്ങൾ എതിർത്താലും ഇത് നടക്കില്ല. ഇതൊരു ദുർബലമായ ഗവൺമെന്റിന്റെ നീക്കമാണ്. അതുകൊണ്ട് ശക്തമായ നിലപാട് ജനങ്ങൾ സ്വീകരിക്കുമ്പോൾ അതിനുമുന്നിൽ പിണറായി ഗവൺമെന്റ് ഉണ്ടാകും, നമ്മളെല്ലാവരുമുണ്ടാകും. ഇത് തെറ്റായ കാര്യമാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പരാജയപ്പെടുത്താൻ കഴിയണം. കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്. ആഗോളവത്കരണത്തിന്റെ പ്രശ്നങ്ങൾ കഴിഞ്ഞ ദിവസം ജി.എസ്.ടി. ബില്ലുമായി ബന്ധപ്പെട്ട് ചർച്ച ചെയ്തതുകൊണ്ട് ഞാൻ ഇവിടെ ആവർത്തിക്കുന്നില്ല.

ശ്രീ. പി. കെ. ശശി: സർ, റെയിൽവേ അവഗണനയെ സംബന്ധിച്ച് ബഹുമാന്യനായ മന്ത്രി പറഞ്ഞത് ശരിയാണ്. ശക്തമായ പോരാട്ടം ഇതുസംബന്ധിച്ച് ആവശ്യമാണ്. ഇപ്പോൾ പാലക്കാട് കോച്ച് ഫാക്ടറിയുമായി ബന്ധപ്പെട്ട് നിരവധി പ്രക്ഷോഭങ്ങൾ നടത്തി. കേരള ഗവൺമെന്റും ബഹുമാന്യനായ മുഖ്യമന്ത്രിയും നമ്മുടെ റെയിൽവേ വികസനത്തിന് അനിവാര്യമായ ഒരു പ്രത്യേക റെയിൽവേ സോൺ (പെനിൻസുലാർ സോൺ) അനുവദിച്ചുകിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശക്തമായ സമ്മർദ്ദം ചെലുത്തുന്നുണ്ട്. പക്ഷേ ഇപ്പോഴും വലിയ ആശങ്ക നിലനിൽക്കുകയാണ്. നിലവിലുള്ള റെയിൽവേ ഡിവിഷനുകളെത്തന്നെ വിഭജിക്കുകയാണ്. പാലക്കാട് ഡിവിഷന്റെ ഭാഗമായ പൊള്ളാച്ചിയും തിരുവനന്തപുരം ഡിവിഷന്റെ ഭാഗമായ തിരുനെൽവേലിയും അവിടെനിന്നും മാറ്റിക്കൊണ്ടുപോകുന്നതിനുള്ള പുതിയ നീക്കം ഇപ്പോൾ നടക്കുകയാണ്. മാത്രമല്ല പാലക്കാട് ഡിവിഷന്റെ ഏറ്റവും പ്രധാനപ്പെട്ട വരുമാനമാർഗ്ഗമായ മംഗലാപുരം തുറമുഖം ഉൾപ്പെടെയുള്ള മേഖലയെ അവിടെനിന്നും മാറ്റി മൈസൂർ ഡിവിഷന്റെ ഭാഗമാക്കാനുള്ള ഒരു ആലോചനയും നടന്നുവരികയാണ്. വളരെ വലിയ ആശങ്കയാണ് ഇതുസംബന്ധിച്ച് ഇപ്പോഴുള്ളത്. ഇത് പരിഹരിക്കുന്നതിനു വേണ്ടി, കേന്ദ്രം ഭരിക്കുന്ന കക്ഷിയുടെ അധികം ആളുകൾ നമ്മുടെ നിയമസഭയിൽ ഇല്ലെങ്കിലും ഒരാളെങ്കിലും അംഗമായിട്ടുണ്ടല്ലോ! ഇവർ ഇപ്പോൾ അഴിമതി നടത്താനും കൊള്ളമുതൽ പങ്കിട്ടെടുക്കാനും ഒക്കെ കാണിക്കുന്ന താൽപ്പര്യത്തിന്റെ ഒരംശം, കേരളത്തിന്റെ ആവശ്യം അംഗീകരിപ്പിക്കുന്നതിനുവേണ്ടി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയാൽ എത്ര നന്നായിരിക്കും? ഞാൻ ഒറ്റ കാര്യമേ പറയുന്നുള്ളൂ. ഒരു പദ്ധതിയും നടപ്പാക്കാൻ സാധിക്കുകയില്ലെന്ന് കേന്ദ്രം പറയുന്നില്ലെന്ന് മന്ത്രി ഇവിടെ പറഞ്ഞു. അത് ശരിയാണ്. പക്ഷേ കഴിഞ്ഞ ലോകസഭാ സമ്മേളനത്തിൽ പാലക്കാടിന്റെ പ്രിയപ്പെട്ട എം. പി. സഖാവ് എം. ബി. രാജേഷ്, പാലക്കാട് കോച്ച് ഫാക്ടറിയെ സംബന്ധിച്ച് നിങ്ങൾ ഇത് നടപ്പാക്കുമോ, നിങ്ങൾ ഇത്

ഉപേക്ഷിച്ചോ എന്ന് ചോദിച്ചപ്പോൾ ഒന്നും മിണ്ടിയില്ല. ഇതാണ് കേന്ദ്രത്തിന്റെ പൊതുവായിട്ടുള്ള നിലപാട്. എന്റെ ചോദ്യം, കേന്ദ്ര-പൊതുമേഖലാ സ്ഥാപനമായ BEML-ന്റെ ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു യൂണിറ്റാണ് പാലക്കാട്ടുള്ളത്. അവിടെ സാധാരണ കോച്ചും മെട്രോ കോച്ചും നിർമ്മിക്കാം. അതുപോലെതന്നെ SAIL സന്നദ്ധത പ്രകടിപ്പിച്ചതാണ്. BEML, SAIL എന്നിവയുമായി സഹകരിച്ചുകൊണ്ട് കോച്ച് നിർമ്മിക്കാനുള്ള ബദൽ നിർദ്ദേശം സംസ്ഥാന ഗവൺമെന്റ് മുമ്പോട്ടു വയ്ക്കുമോ; ചേർത്തലയിൽ പ്രഖ്യാപിക്കപ്പെട്ട വാഗൺ നിർമ്മാണശാല സ്ഥാപിക്കുമെന്ന് ഉറപ്പുകിട്ടിയിട്ട് കാലം കുറേയായി. അതിന്റെ പ്രവർത്തനം എവിടെ എത്തിനിൽക്കുന്നു എന്ന് വ്യക്തമാക്കാമോ?

<u>മി. സ്പീക്കർ</u>: ചോദ്യോത്തരവേളയിൽ ചോദ്യം ചോദിക്കാൻ ഒരു മണിക്കൂറാണ് നമുക്കുള്ളത്. മറ്റുള്ള അംഗങ്ങളുടെ സമയം കൂടിയാണ് പോകുന്നത്. പ്ലീസ്....

<u>ശ്രീ. ജി. സുധാകരൻ</u>: സർ, എല്ലാ ബദൽ നിർദ്ദേശങ്ങളും വച്ചുകഴിഞ്ഞിട്ടുള്ളതാണ്. ഇനി പുതിയ നിർദ്ദേശത്തിന്റെ ആവശ്യമില്ല. അങ്ങ് പറഞ്ഞതുപോലെ പാലക്കാട്ടുള്ള സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനെക്കുറിച്ച് ഞാൻ വിശദമായി പറഞ്ഞു. കഴിഞ്ഞ വി. എസ്. ഗവൺമെന്റിന്റെ കാലത്ത് കഞ്ചിക്കോഴിയിലെ ഒരു സ്റ്റീൽ ഫാക്ടറിയുമായി ബന്ധപ്പെട്ട് അന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രികൂടി മുൻകയ്യെടുത്ത് കേന്ദ്രവുമായി വലിയൊരു ചടങ്ങിൽവച്ച് ഒപ്പിട്ട മെമ്മോറാണ്ടം പിന്നീട് പിൻവലിക്കുന്നതായും അവിടെ നിലപാട് പറഞ്ഞുകഴിഞ്ഞു. സമയം കളയേണ്ട കാര്യമില്ല. നമ്മൾ ആ നിർദ്ദേശങ്ങളുമായി മുന്നോട്ടുപോകുകയാണ്. അങ്ങ് വിശദമായി കുറച്ച് കാര്യങ്ങൾ പറഞ്ഞു. എല്ലാം ചോദ്യവുമായി ബന്ധപ്പെട്ടതല്ലെങ്കിലും ചോദ്യത്തിനകത്ത് വരുന്ന കാര്യങ്ങളാണ്. ജനകീയമായും ഭരണഘടനാപരമായും കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന തെറ്റായ നിലപാടുകളാണ് അങ്ങയുടെ ഈ സംസാരത്തിന്റെ ചുരുക്കമെന്ന് ഞാൻ മനസ്സിലാക്കുന്നു. രാജ്യത്തെ ഒന്നായി കാണാൻ കഴിയാത്തവർക്ക് അധികകാലം കസേരയിലിരിക്കാൻ കഴിയുമെന്ന് ആരും പ്രതീക്ഷിക്കണ്ട. ആരും ഭയപ്പെടുകയും വേണ്ട. ഭയപ്പെടേണ്ട കാര്യവുമില്ല. ഭയപ്പെടേണ്ട കാര്യങ്ങളിൽ നമ്മൾ ഫൈറ്റ് ചെയ്യുകയാണ്. രാജ്യത്തെ ഒന്നായി കാണണം. താത്വികമായി അഭിപ്രായ വ്യത്യാസങ്ങളുണ്ടായില്ലെങ്കിലും ജവഹർലാൽ നെഹ്റു പറഞ്ഞൊരു കാര്യമുണ്ട് 'നമ്മെളെല്ലാം വേൾഡ് സിറ്റിസൺസാണ്.' ഇന്ത്യാക്കാരായാൽ മാത്രം പോരാ, നമ്മൾ ഓരോ സ്റ്റുഡന്റിനെയും ഒരു വേൾഡ് സിറ്റിസണാക്കി മാറ്റണം. നമുക്ക് യോജിക്കാം. പക്ഷേ ഒരു വാർഡിലെ സിറ്റിസൺപോലും ആകാൻ യോഗ്യതയില്ലാതെ കേന്ദ്ര മന്ത്രിമാരായി കേന്ദ്രം ഭരിച്ചാൽ ഇതൊക്കെ സംഭവിക്കും. ഇത് രാഷ്ട്രീയമായിട്ട് പറയുന്നതല്ല. അവർ തിരുത്തുന്നില്ലെങ്കിൽ അവരെ കാത്തിരിക്കുന്നത് വലിയ പതനമായിരിക്കുമെന്നാണ് പറയാനുള്ളത്. അങ്ങ് പറയുന്നതുപോലെ നമുക്ക് ശക്തമായി ഭരണഘടനാപരമായും ജനകീയമായും പോരാടാം. അതാണ് ഇതിനെക്കുറിച്ച് പറയാനുള്ളത്.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, തിരുവനന്തപുരം റെയിൽവേ സ്റ്റേഷന്റെ സമഗ്രമായ വികസനത്തിന്റെ ഭാഗമാണ് നേമം റെയിൽവേ സ്റ്റേഷൻ സാറ്റലൈറ്റായി വികസിപ്പിക്കുക എന്നുള്ളത്. അതിനെ സംബന്ധിച്ചുള്ള നടപടികൾ എന്തായി എന്ന് വിശദീകരിക്കുമോ; മറ്റൊന്ന് ഏറ്റവും കൂടുതൽ യാത്രചെയ്യുകയും യാത്രാ ചെലവ് നന്നായി നൽകുകയും ചെയ്യുന്ന ഒരു സംസ്ഥാനമാണ് കേരളം. പക്ഷേ നമുക്ക് ലഭിക്കുന്ന റെയിൽവേ കോച്ചുകൾ പലതും ഓടി കണ്ടം വന്നിട്ടുള്ളതും പഴഞ്ചനുമാണ്. അത് റെയിൽവേ കേരള ജനതയോട് കാണിക്കുന്ന വലിയൊരു ചൂഷണമാണ്. ഈ കാര്യത്തിൽ ശക്തമായ ഇടപെടലുകളുണ്ടാകുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, നേരത്തെ ചോദിച്ച ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞ കാര്യങ്ങളാണ് വീണ്ടും ഉന്നയിക്കുന്നത്. തിരുവനന്തപുരം ഡിവിഷൻ തന്നെ ചെറുതാക്കാനോ ഇല്ലാതാക്കാനോ ശ്രമിക്കുന്ന കാര്യങ്ങളെ നമ്മൾ എതിർക്കുകയാണ്. നേമത്ത് ഒരു ടെർമിനൽ സ്ഥാപിക്കണമെന്നുള്ള ആവശ്യം ഉന്നയിച്ചിട്ടുണ്ട്. അവിടെ നിന്നാണ് ബഹുമാനപ്പെട്ട മെമ്പർ വന്നിരിക്കുന്നത്. അദ്ദേഹം അതിനുവേണ്ടി എന്ത് മുൻകയ്യെടുത്തു എന്ന് എനിക്കറിയില്ല. ഇക്കാര്യമെല്ലാം ഉന്നയിക്കുകയാണ്. നമ്മൾ ഇതൊന്നും സമ്മതിക്കുന്നില്ല. കേരളം അംഗീകരിക്കുന്നില്ല. ട്രിവാൻഡ്രം ഡിവിഷൻ ഇന്നുള്ളത് മാത്രം പോരാ, നിലവിലുള്ളതടക്കം കേരളത്തിൽ ഒരു സോൺ ആണ് വേണ്ടത്. അതാണ് നമ്മൾ ഉന്നയിക്കുന്നത്.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, വെടക്കാക്കി തനിക്കാക്കുന്ന സമ്പ്രദായമാണ് കേന്ദ്ര ഗവൺമെന്റ് അനുവർത്തിച്ചുവരുന്നത്. പാളം തെറ്റി അതിവേഗം ഓടുന്ന ഈ വണ്ടിയെപ്പറ്റി നമുക്ക് ധാരാളം പറയാം. പക്ഷേ അത് പതിക്കുന്നത് ഓട്ടോമാറ്റിക് സിഗ്നലില്ലാത്ത പാതാളത്തിലേയ്ക്കായിരിക്കും. ഇതൊക്കെ കേന്ദ്ര ഗവൺമെന്റിന്റെ കുഴപ്പം കൊണ്ടാണെങ്കിലും സാധാരണക്കാരൻ സഞ്ചരിക്കുന്ന തീവണ്ടിയാത്ര സുരക്ഷിതമാക്കുന്നതിനായി, ജീവഹാനി വരുത്താവുന്നതായ കോച്ചുകളെങ്കിലും മാറ്റാൻ ഗവൺമെന്റിന് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ? എം.എൽ.എ.-മാരുടെ പി.എ.-മാർക്ക് ടിക്കറ്റ് ഒ. കെ. ആകുന്നില്ല. ഇ.ക്യൂ. റിലീസിനുവേണ്ടി എന്തെങ്കിലും സംവിധാനമൊരുക്കാൻ സാധിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, വളരെ ചെറിയ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് കോച്ച് നിർമ്മിക്കാനൊന്നും കഴിയുകയില്ല. കേന്ദ്ര ഗവൺമെന്റിനോട് ഇതെല്ലാം ആവശ്യപ്പെട്ടിട്ടുണ്ട്. ദീർഘമായ ലിസ്റ്റ് ഇവിടെ വായിച്ചില്ലെന്നേയുള്ളൂ എന്നാലും പ്രസക്തമായ ഭാഗങ്ങൾ ചുരുക്കിപ്പറഞ്ഞു. അതിനെല്ലാംവേണ്ടി ശക്തമായ പോരാട്ടം നടക്കുകയാണ്. നമ്മളെല്ലാവരും ട്രെയിനിൽ യാത്ര ചെയ്യുന്നവരാണ്. പി.എ.-മാരുടെ കാര്യം റിസർവേഷൻ കൗണ്ടറിൽ പറഞ്ഞ് കൈകാര്യം ചെയ്യാമെന്നല്ലാതെ നിയമസഭവഴി ഒന്നും ചെയ്യാൻ കഴിയില്ല. അക്കാര്യവും അറിയിച്ചുകൊള്ളുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ഇതൊക്കെ നമ്മൾ ഇവിടെ നേരത്തെ ചർച്ച ചെയ്ത വിഷയമാണ്. ഒരു പ്രമേയം തന്നെ അംഗീകരിച്ചതാണ്. നമുക്ക് ഒരിക്കൽ കൂടി ഒരു അഖിലകക്ഷി പ്രതിനിധി സംഘത്തെ അയച്ച് കേന്ദ്ര റെയിൽവേ മന്ത്രിയെ കണ്ട് കേരളത്തിന്റെ അഭിപ്രായം പറയണം. ഒരു പ്രാദേശിക പ്രശ്നം ഉന്നയിക്കാനാണ് ഞാൻ എഴുന്നേറ്റത്. ഇപ്പോൾ നിലമ്പൂരിലേയ്ക്ക് രാത്രി 9.00 മണിക്ക് ഒരു എക്സ്പ്രസ് ട്രെയിൻ മാത്രമാണുള്ളത്. രാവിലെ ആ വണ്ടി അവിടെ എത്തും. ഒരു എക്സ്പ്രസ് ട്രെയിൻ പകൽ നേരത്ത് ലഭ്യമാക്കിയാൽ സ്പീക്കറടക്കം മലപ്പുറം ജില്ലയിലെ എം.എൽ.എ.-മാർക്ക് വളരെ ഗുണകരമായിരിക്കും. ഇതുകൂടി ശിപാർശകളിൽ ഉൾപ്പെടുത്തുന്നതിന് മന്ത്രി മുൻകയ്യെടുക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, തീർച്ചയായും കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടാം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കേരളത്തിന്റെ റെയിൽവേ വികസനത്തിൽ വളരെയേറെ പ്രാധാന്യമുള്ളതാണ് ഗുരുവായൂരിൽനിന്ന് വടക്കോട്ടുള്ള പാത. പക്ഷേ പല കാരണങ്ങളാൽ സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല അല്ലെങ്കിൽ സ്ഥലമെടുപ്പ് നടത്താൻ കഴിഞ്ഞിട്ടില്ല. അതിന്റെ സ്ഥിതിയെന്താണ്? നിലവിലുള്ള അലൈന്മെന്റുമായി മുന്നോട്ടുപോകുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ; എന്താണ് പുതിയ സ്ഥിതിയെന്ന് വ്യക്തമാക്കാമോ?

ശ്രീ. ജി. സുധാകരൻ: സർ, സംസ്ഥാന ഗവൺമെന്റ് മുൻഗണനയിൽ കേന്ദ്രത്തിൽ സമർപ്പിച്ചിരിക്കുന്ന റെയിൽവേ കോർപ്പറേഷന് മുമ്പാകെ വരികയും അംഗീകരിക്കുകയും ചെയ്ത ഒരു പ്രധാനപ്പെട്ട റെയിൽപ്പാതയാണ് നിലമ്പൂർ-നഞ്ചൻകോട് റെയിൽപ്പാത. അത് പ്രായോഗികമായി നടക്കുന്ന കാര്യമല്ല. കാരണം കടുവാ സങ്കേതം തുടങ്ങിയ മറ്റു കാര്യങ്ങൾ കർണ്ണാടക ഗവൺമെന്റ് അംഗികരിക്കുന്നില്ല. കേന്ദ്ര ഗവൺമെന്റും അംഗീകരിക്കുന്നില്ല. ബദൽ സ്ഥലം നോക്കാൻ നമ്മൾ തയ്യാറാണ്. നമ്മൾ 8 കോടി രൂപ നൽകിയിട്ടുണ്ട്. അതുകൊണ്ട് ആ ലൈൻ കർണ്ണാടകവും കേന്ദ്രവും കേരളവുംകൂടി ചേർന്ന് അംഗീകരിക്കുന്ന തരത്തിൽ നടപ്പാക്കാൻ നമ്മുടെ ഭാഗത്ത് യാതൊരു പ്രശ്നവുമില്ല. നമ്മൾ പൂർണ്ണമായും അതിനുവേണ്ടി നിൽക്കുകയാണ്.

ശ്രീ. റോജി എം. ജോൺ: സർ, ശബരി പാതയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും ഇഴഞ്ഞുനീങ്ങിക്കൊണ്ടിരിക്കുകയാണ്. റെയിൽവേ ഓവർ ബ്രിഡ്ജിനുവേണ്ടി റെയിൽവേയുടെ ഭാഗം പണിതെങ്കിലും സംസ്ഥാനത്തിന്റെ ഭാഗമായി ഭൂമി ഏറ്റെടുത്ത് നൽകേണ്ട നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ് അന്വേഷിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചത്. നായത്തോട്, മനക്കപ്പടി ആർ.ഒ.ബി.-കളുടെ കാര്യങ്ങളിൽ ഈ അവസ്ഥയാണ് നിലനിൽക്കുന്നത്. പെരുമ്പാവൂരിലും

മൂവാറ്റുപുഴയിലും ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി എൽ.എ. തഹസീൽദാർമാരെ നിയമിക്കേണ്ടതുണ്ടായിരുന്നു. അവിടെ ഓരോ തഹസീൽദാർമാരെ മാത്രമാണ് നിയമിച്ചിരിക്കുന്നത്. അവർക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു വേണ്ടി സർവ്വേയർമാരെയോ ഉദ്യോഗസ്ഥരെയോ മറ്റ് ഓഫീസ് സംവിധാനങ്ങളോ ഒന്നും ചെയ്തുകൊടുക്കാത്തതുകൊണ്ട് പ്രവർത്തനങ്ങൾ ഇഴഞ്ഞുനീങ്ങുന്ന സാഹചര്യമാണുള്ളത്. അടിയന്തരമായി ശബരി പാതയുടെ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് വേണ്ട നടപടികളുണ്ടാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഈ വിഷയം സംബന്ധിച്ച് അടുത്ത കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകയ്യെടുത്ത് ഒരു യോഗം വിളിച്ചിരുന്നു. ആ യോഗത്തിൽ റെയിൽവേ ഉദ്യോഗസ്ഥരും കളക്ടർമാരും പങ്കെടുത്തിരുന്നു. ഭൂമി ഏറ്റെടുക്കുന്നതിൽ കുറച്ച് പ്രശ്നമുണ്ടായിരുന്നത് കോട്ടയം ഭാഗത്തായിരുന്നു. അത് ഏകദേശം പരിഹരിക്കപ്പെട്ടു. സംസ്ഥാന ഗവൺമെന്റ് വളരെ ജാഗ്രതയോടെയാണ് നിൽക്കുന്നത്. റെയിൽവേയും അതിനനുസരിച്ചുതന്നെ ആക്സിലറേറ്റ് ചെയ്യണം.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, മുസരീസ് മേഖലയായ കൊടുങ്ങല്ലൂർ, കയ്പമംഗലം എന്നിവിടങ്ങളിൽനിന്നും ഗുരുവായൂരിൽ പോകാൻ റെയിൽവേ സൗകര്യമില്ല. 82 കിലോമീറ്റർ ദൂരമാണുള്ളത്. പുതിയ പാത ആലുവയിൽനിന്ന് കൊടുങ്ങല്ലൂർ, ഗുരുവായൂർ വരെ നീട്ടുന്നതിന് നടപടിയുണ്ടാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, കേരളത്തിന്റെ പുതിയ റെയിൽ പദ്ധതികളിൽ ഏറ്റവും സാധ്യതയുള്ളത് തലശ്ശേരി-മൈസൂർ റെയിൽവേയാണ്. ഈ സഭയിൽ കഴിഞ്ഞ സമ്മേളനത്തിൽ ഞാൻ ചോദ്യം ഉന്നയിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ചെറുപ്പകാലം മുതൽ കേൾക്കുന്ന ഒരാവശ്യമാണ് തലശ്ശേരി-മൈസൂർ റെയിൽവേ എന്നുപറയുകയുണ്ടായി. സംസ്ഥാന സർക്കാർ അതിന് മുൻഗണന നൽകുന്നുണ്ട് എന്നറിയുന്നതിൽ സന്തോഷമുണ്ട്. കർണ്ണാടകത്തിന്റെ പ്രധാനപ്പെട്ട ഭാഗങ്ങളിലൂടെ കടന്നുപോകുന്നതുകൊണ്ട് കേരള ഗവൺമെന്റ് കർണ്ണാടക സർക്കാരുമായി ബന്ധപ്പെട്ടും പാർലമെന്റ് മെമ്പർമാരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ടും കണ്ണൂർ വിമാനത്താവളം വരുമ്പോൾ അതിന്റെ സാധ്യത കൂടി കണക്കിലെടുത്തുകൊണ്ടും തലശ്ശേരി-മൈസൂർ റെയിൽവേ യാഥാർത്ഥ്യമാക്കാനുള്ള ഒരു തീവ്രപ്രയത്നം നടത്തുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഗവൺമെന്റ് അതീവ തീവ്രയത്നമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന് കേന്ദ്രത്തിൽനിന്ന് എതിർപ്പൊന്നും വന്നിട്ടില്ല. അനുകൂലിച്ച മട്ടാണ് കാണുന്നത്. അതിനെതിരായി ചില ക്ഷുദ്രശക്തികളെ ഇളക്കിവിടുന്നതിന് വേണ്ടിയുള്ള ശ്രമങ്ങൾ കേരളത്തിന്റെ ചില ഭാഗങ്ങളിൽ നടന്നു, അതൊക്കെ തെറ്റാണെന്ന് പറഞ്ഞ് ബോധ്യപ്പെടുത്തിയിട്ടുണ്ട്. മുൻ പ്രയോറിറ്റിയിലാണ് തലശ്ശേരി-മൈസൂർ റെയിൽവേ ലൈൻ എന്നാണ് അറിയാൻ കഴിഞ്ഞത്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, തലശ്ശേരി-മൈസൂർ റെയിൽവേ പാത പോലെ കേരളം നിരന്തരം ആവശ്യപ്പെടുന്നതാണ് നഞ്ചങ്കോട്, വയനാട്, നിലമ്പൂർ റെയിൽവേ പാത. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രണ്ടോ മൂന്നോ തവണ ഉദ്യോഗസ്ഥതല ചർച്ച കർണ്ണാടക ഗവൺമെന്റുമായി നടത്തി. സർക്കാരുകൾ തമ്മിൽ ചർച്ച നടത്തി ഈ പ്രശ്നത്തിന് വേഗത വർദ്ധിപ്പിക്കാൻ പരിശ്രമിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, സർക്കാരിന് ചർച്ച നടത്തുന്നതിൽ പ്രയാസമൊന്നുമില്ല. അക്കാര്യം ഈ സഭയിൽ എത്രയോ തവണ പറഞ്ഞിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് പ്രതിപക്ഷ നേതാവിന്റേതടക്കം നാല് സബ്മിഷനുകൾ സഭയിൽ ഉന്നയിക്കുകയുണ്ടായി. ഇപ്പോൾ അത് വീണ്ടും ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കർണ്ണാടക ഗവൺമെന്റും വനം വകുപ്പും യോജിക്കുന്നില്ല. കടുവാ സങ്കേതത്തിലൂടെ പോകാൻ സാധിക്കുകയില്ല. ബദൽ റൂട്ട് നമ്മൾ ആവശ്യപ്പെട്ടിരിക്കുകയാണ്. നമുക്ക് പ്രശ്നമൊന്നുമില്ല. നമ്മൾ എന്തിനും തയ്യാറാണ്. അതെല്ലാവരും മനസ്സിലാക്കിയാൽ മതി. വയനാട്ടിൽ ഹർത്താൽ നടത്തേണ്ട ആവശ്യമൊന്നുമില്ല. എന്തിനാണ് ഹർത്താൽ നടത്തുന്നത്? ആർക്കെതിരായിട്ടാണ്? ഇത് നടക്കരുതെന്ന് ആഗ്രഹമുള്ളവർ 'ആട്ടിൻകുട്ടിയെപ്പോലെ അഭിനയിക്കുകയും ചെന്നായയെ പോലെ പെരുമാറുകയും' ചെയ്യുന്നു എന്നതാണ് പ്രശ്നം. ഇതൊക്കെ എനിക്കും ഗവൺമെന്റിനും നന്നായി മനസ്സിലായിട്ടുണ്ട്. തലശ്ശേരി-മൈസൂർ റെയിൽപ്പാത അപ്രായോഗികമാണെന്ന തരത്തിൽ റിപ്പോർട്ടൊക്കെ വന്നിട്ടുണ്ട്. അതുണ്ടാക്കിയവർ എത്ര വലിയ മഹാന്മാരാണെങ്കിലും സത്യമല്ല പറയുന്നത്. ഇത് രണ്ടും വേണമെന്നതന്നെയാണ് ഗവൺമെന്റിന്റെയും ഈ നാടിന്റെയും അഭിപ്രായം. രണ്ടിനുംവേണ്ടി പോരാടുകയാണ്. കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്നതനുസരിച്ച് നമ്മൾ ചെയ്യും. ഒറ്റക്കെട്ടായി നിന്നാൽ മതി.

### വിദ്യാഭ്യാസ മേഖലയുടെ വാണിജ്യവൽക്കരണം

2 (*92) ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. എം. സ്വരാജ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി പി. അയിഷാ പോറ്റി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ മേഖലയുടെ വാണിജ്യവൽക്കരണം അറിവുനേടുന്നവരെയും രക്ഷിതാക്കളെയും കടക്കെണിയിലാക്കുമെന്നതിനാൽ വിദ്യാഭ്യാസ മേഖലയെ ശരിയായ ദിശയിലേയ്ക്ക് നയിക്കാൻ ഏതൊക്കെ തരത്തിൽ ഇടപെടാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരെ സംരക്ഷിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയുടെ വിശദാംശം നൽകുമോ; ഈ പദ്ധതിക്കായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) വിദ്യാഭ്യാസ മേഖലയുടെ വാണിജ്യവൽക്കരണത്തിന് തുടർച്ചയായി വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി 16-5-2017-ലെ സ.ഉ.(പി) നമ്പർ 65/17 ധന. ഉത്തരവുപ്രകാരം ഒരു വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി 16-5-2017-ലെ സ.ഉ.(പി) നമ്പർ 65/17 ധന. ഉത്തരവുപ്രകാരം ഒരു വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം വിദ്യാഭ്യാസ വായ്പ എടുത്തവരെ രണ്ട് വിഭാഗമായി തിരിച്ചിട്ടുണ്ട്. (i) നിഷ്ക്രിയ അക്കൗണ്ടായി മാറിയിട്ടില്ലാത്ത തിരിച്ചടവുള്ള സ്റ്റാൻഡേർഡ് അക്കൗണ്ടുകൾ (Non-NPA/Standard Account) (ii) 31-3-2016-ന് മുമ്പ് തിരിച്ചടവ് മുടങ്ങിയ നിഷ്ക്രിയ അക്കൗണ്ടായി മാറിയ വിദ്യാഭ്യാസ വായ്പകൾ. നിഷ്ക്രിയ അക്കൗണ്ടായി മാറിയിട്ടില്ലാത്ത (റെഗുലർ അക്കൗണ്ട്സ്) 9 ലക്ഷം രൂപവരെ വായ്പ എടുത്ത 1-4-2016-ന് മുമ്പ് തിരിച്ചടവ് തുടങ്ങിയവർക്ക് ചുവടെ കൊടുത്തിട്ടുള്ള ഷെഡ്യൂൾ പ്രകാരം വായ്പ തിരിച്ചടവിന് സർക്കാർ സഹായം നൽകുന്നതാണ്:

അനുപാതം

| വർഷം | സംസ്ഥാന സർക്കാർ | വായ്പ എടുത്തയാൾ |
|---|---|---|
| 1-ാം വർഷം | 90% | 10% |
| 2-ാം വർഷം | 75% | 25% |
| 3-ാം വർഷം | 50% | 50% |
| 4-ാം വർഷം | 25% | 75% |

തിരിച്ചടവ് മുടങ്ങി 2016 മാർച്ച് 31-ന് മുമ്പ് നിഷ്ക്രിയ അക്കൗണ്ടായി മാറിയ 4 ലക്ഷം രൂപവരെയുള്ള ലോണുകളിൽ ബാങ്കുകൾ പലിശ മുഴുവനായി എഴുതിത്തള്ളാൻ തയ്യാറാണെങ്കിൽ വായ്പയെടുത്ത വിദ്യാർത്ഥി ഒറ്റത്തവണയായി ബാക്കി നിൽക്കുന്ന തുകയുടെ 40 ശതമാനം മുൻകൂറായി അടയ്ക്കുന്നപക്ഷം ബാക്കിയുള്ള 60

ശതമാനം തുക അടച്ച് ലോൺ ക്ലോസ് ചെയ്യാൻ സർക്കാർ സഹായം നൽകുന്നതാണ്. 4 ലക്ഷത്തിനുമേൽ 9 ലക്ഷം രൂപവരെ വായ്പാ തുകയുള്ള 2016 മാർച്ച് 31-ന് മുമ്പ് നിഷ്ക്രിയ അക്കൗണ്ടായി മാറിയ വായ്പകളിൽ ബാങ്കുകൾ ഒരു പ്രത്യേക പാക്കേജ് തയ്യാറാക്കുകയാണെങ്കിൽ മുതൽ തുകയുടെ 50 ശതമാനം (പരമാവധി 2,40,000 രൂപ) ഒടുക്കി ലോൺ ക്ലോസ് ചെയ്യുവാൻ സർക്കാർ സഹായം നൽകുന്നതാണ്.

വിദ്യാഭ്യാസ വായ്പ എടുത്ത വിദ്യാർത്ഥികൾക്ക് സ്ഥിരമായി മാനസികമോ/ ശാരീരികമോ ആയ വൈകല്യം സംഭവിച്ചാൽ വായ്പാത്തുക മുഴുവൻ സർക്കാർ അടയ്ക്കുന്നതാണ്. ഉത്തരവ് പ്രകാരം 2016 മാർച്ച് 31-ന് മുമ്പ് വിദ്യാഭ്യാസ വായ്പ എടുത്ത വിദ്യാർത്ഥികൾ ഉത്തരവിൽ പറയുന്ന നിബന്ധനകൾക്ക് വിധേയമായി യോഗ്യതയുണ്ടെങ്കിൽ അപേക്ഷ സമർപ്പിക്കേണ്ടത് ലോൺ എടുത്ത ബാങ്ക് ശാഖയിലാണ്. ബാങ്ക് യോഗ്യതയുള്ള അപേക്ഷകൾ നോഡൽ ഏജൻസിയായ സംസ്ഥാനതല ബാങ്കിംഗ് സമിതിക്ക് കൈമാറുകയും സംസ്ഥാനതല ബാങ്കിംഗ് സമിതി ധനകാര്യ വകുപ്പ് തയ്യാറാക്കുന്ന പുതിയ സോഫ്റ്റ്‌വെയർ മുഖേന പ്രൊപ്പോസൽ ഓൺലൈനായി ഫണ്ട് അനുവദിക്കുന്നതിനായി സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

ഈ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിനുവേണ്ടി elrs.kerala.gov.in എന്ന വെബ് പോർട്ടലിലൂടെ ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. 4-8-2017 മുതൽ പ്രസ്തുത വെബ്പോർട്ടലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-10-2017 വരെയാണ്. പ്രസ്തുത പോർട്ടൽവഴി അപേക്ഷകൾ ലഭിച്ചശേഷം ആയതിനുവേണ്ടി വരുന്ന സർക്കാർ വിഹിതം എത്രയാണെന്ന് കണക്കാക്കി തുക അനുവദിക്കുന്നതാണ്.

(സി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി ആനുകൂല്യം താഴെ പറയുന്ന വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കുന്നതാണ്:

- ഇൻഡ്യയിൽ അംഗീകൃത വിദ്യാലയങ്ങളിൽ അംഗീകൃത കോഴ്സിന് പഠിച്ച വിദ്യാർത്ഥികൾക്കേ ഇതിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ.
- മാനേജ്മെന്റ്/എൻ.ആർ.ഐ. ക്വാട്ടയിൽ പഠിച്ച വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയില്ല. എന്നാൽ മാനേജ്മെന്റ് ക്വാട്ടയിൽ നഴ്സിംഗ് കോഴ്സ് പഠിച്ച വിദ്യാർത്ഥികൾ ഈ പദ്ധതിപ്രകാരം ആനുകൂല്യത്തിന് അർഹരാണ്.
- ആരോഗ്യ കാരണങ്ങളാലോ മരണമടഞ്ഞതുമൂലമോ വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ സാധിക്കാത്തവർക്ക് ഈ പദ്ധതിപ്രകാരം ഇളവ് ലഭിക്കും. അല്ലാത്ത കാരണങ്ങളാൽ വിദ്യാഭ്യാസം പൂർത്തിയാക്കാത്തവർക്ക് ഈ പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതല്ല.

- 1-4-2016-ന് മുമ്പ് വായ്പാ തിരിച്ചടവ് തുടങ്ങിയ അർഹരായ വിദ്യാർത്ഥികൾക്ക് തിരിച്ചടവ് അവധിക്കുശേഷമുള്ള നാല് വർഷത്തേയ്ക്ക് 90 ശതമാനം, 75 ശതമാനം, 50 ശതമാനം, 25 ശതമാനം എന്നീ നിരക്കിൽ വായ്പാ തിരിച്ചടവിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതായിരിക്കും.
- കേരളത്തിലെ എല്ലാ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കുകളിൽനിന്നും വിദ്യാഭ്യാസ വായ്പ എടുത്ത് ഇൻഡ്യയിലെ അംഗീകൃത പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതായിരിക്കും.
- 31-3-2016-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി മാറിയിട്ടുള്ള ലോൺ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് 4 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് വായ്പാതുകയുടെ 60 ശതമാനവും 4 ലക്ഷത്തിനുമേൽ 9 ലക്ഷം വരെയുള്ള വായ്പകൾക്ക് കുടിശ്ശിക യായിട്ടുള്ള വായ്പാതുകയുടെ 50 ശതമാനം (പരമാവധി 2,40,000 രൂപ വരെ) സർക്കാർ സഹായം നൽകുന്നതാണ്.
- ഈ സ്കീം പ്രകാരം ആദ്യത്തെ ഗ്രാജ്വേറ്റ്/പോസ്റ്റ് ഗ്രാജ്വേറ്റ്/ ഡിപ്ലോമാ കോഴ്സുകൾക്ക് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭ്യമാക്കുകയുള്ളൂ.

ശ്രീ. കാരാട്ട് റസാഖിനുവേണ്ടി ശ്രീ. റ്റി. വി. രാജേഷ്: സർ, കടക്കെണിയിലായ കുടുംബങ്ങൾക്കും വിദ്യാർത്ഥികൾക്കും പുതുജീവൻ നൽകുന്ന വളരെ മാതൃകാപരമായ ഒരു പദ്ധതിയാണ് 900 കോടി രൂപയുടെ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി. ഈ പദ്ധതി പ്രയോഗത്തിൽ വരുമ്പോൾ കേരളത്തിലെ പല നാഷണലൈസ്ഡ് ബാങ്കുകളും ഈ കാര്യത്തിൽ ഗവൺമെന്റ് എടുക്കുന്ന നിലപാടിന് അനുസൃതമായ നിലപാടല്ല എടുക്കുന്നതെന്നുള്ള ചില പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. ബാങ്കുകൾ എത്രത്തോളം ഈ പദ്ധതിയുമായി സഹകരിക്കുന്നുണ്ട് എന്നതുസംബന്ധിച്ച് വിശദാംശം നൽകാമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇൻഡ്യയിൽ ആദ്യമായിട്ടാണ് ഇത്തരമൊരു പദ്ധതി നടപ്പിലാക്കുന്നത്. തുടർച്ചയായ ചർച്ചകൾക്കുശേഷമാണ് എസ്.എൽ.ബി.സി.-യിൽ ഇങ്ങനെയൊരു തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. കേരളത്തിൽ ഈ പദ്ധതിയുടെ ലോഞ്ചിംഗ് വന്ന ദിവസംതന്നെ (4-ാം തീയതി) ബാങ്കുമായി ബന്ധപ്പെട്ട എല്ലാ പ്രധാനപ്പെട്ട ഉദ്യോഗസ്ഥരും വന്നിരുന്നു. ബാങ്കുകൾ ഇക്കാര്യത്തിൽ വളരെയധികം നന്നായി സർക്കാരുമായി സഹകരിക്കുന്നുണ്ട്.

ശ്രീ. റ്റി. വി. രാജേഷ്: സർ, വിദ്യാഭ്യാസ വാണിജ്യവൽക്കരണത്തിനെതിരായി വളരെ ശക്തമായ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന സർക്കാർ സ്വീകരിക്കുന്നത്. കേരളത്തിലെ സ്വാശ്രയ മേഖലയിൽ ഉണ്ടായിട്ടുള്ള ഏറ്റവും വലിയ നീതിനിഷേധമാണ് ജിഷ്ണു പ്രണോയിയുടെ ദാരുണമായ അന്ത്യം. ആ വിഷയത്തിൽ പകൽ സമയം ഇരയ്ക്കൊപ്പം നിൽക്കുകയും രാത്രി മാനേജ്മെന്റിന്റെ കേസ് ഒത്തുതീർപ്പാക്കാൻവേണ്ടി നാണംകെട്ട നിലപാട് സ്വീകരിക്കുകയും ചെയ്ത കോൺഗ്രസ് നേതാവാണ് കേരളത്തിലെ മുൻമന്ത്രിയായിട്ടുള്ള ശ്രീ. കെ. സുധാകരൻ......(ബഹളം).....ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ മാതൃകാപരമായ നിലപാട് സ്വീകരിച്ചു. ........(ബഹളം)........എന്താണ് പ്രശ്നം. ഞങ്ങൾ യാഥാർത്ഥ്യമാണ് പറയുന്നത്. സ്വാശ്രയ മേഖലയിലെ അനീതിയും അധാർമ്മികതയും മറ്റ് ആശാസ്യകരമല്ലാത്ത പ്രവണതകളും ഒഴിവാക്കാനും ഇന്റേണൽ അസസ്മെന്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനുമായി സർക്കാർ നിയോഗിച്ച ജസ്റ്റിസ് ദിനേശൻ കമ്മീഷന്റെ റിപ്പോർട്ട് എപ്പോൾ ലഭ്യമാകും; ആ റിപ്പോർട്ടിന്മേൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ പോകുന്നത്? .......(ബഹളം).........

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ജസ്റ്റിസ് ദിനേശൻ കമ്മീഷൻ റിപ്പോർട്ട് എന്നേയ്ക്കാകുമെന്നാണ് ബഹുമാനപ്പെട്ട മെമ്പറുടെ പ്രധാന ചോദ്യം. ആദ്യം നാല് മാസത്തെ കാലാവധിയാണ് കമ്മീഷന് നൽകിയിരുന്നത്. ഇപ്പോൾ രണ്ട് മാസം കൂടി ദീർഘിപ്പിച്ചുകൊടുത്തിട്ടുണ്ട്. അടുത്തമാസം അവസാനം കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആ റിപ്പോർട്ട് വിശദമായി പഠിച്ച് സ്വാശ്രയ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ ദിശാബോധമുള്ള, ശാസ്ത്രീയമായ നിലപാട് സ്വീകരിക്കും.

ശ്രീ. എം. സ്വരാജ്: സർ, കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ വളരെ ശ്രദ്ധേയമായ ഒരു ചുവടുവയ്പാണ് ബാങ്ക് വായ്പ സർക്കാർ ഏറ്റെടുക്കുന്നതിലൂടെ ഇവിടെ നടപ്പാകുന്നത്. 14 വയസ്സുവരെയെങ്കിലും നിർബന്ധിതവും സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസം നൽകണമെന്നത് കേരളത്തിൽ മാത്രമാണ് നടപ്പായിട്ടുള്ളത്. 1957-ലെയും 1967-ലെയും ഇ.എം.എസ്. ഗവൺമെന്റുകളാണ് ഇത് സൗജന്യമാക്കിയത്. ആ അടിത്തറയിൽ നിന്നുകൊണ്ട് ഈ ഗവൺമെന്റ് സ്വീകരിച്ച മാതൃകാപരമായ നടപടിയുടെ തുടർച്ചയെന്ന നിലയിൽ വിദ്യാഭ്യാസ മേഖലയ്ക്ക് നാം കൊടുക്കുന്ന പ്രാധാന്യത്തിന്റെകൂടി പശ്ചാത്തലത്തിൽ അർഹതയും അഭിരുചിയുമുള്ള വിദ്യാർത്ഥികൾക്ക് എല്ലാ തലംവരെയും സൗജന്യ വിദ്യാഭ്യാസം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഈ സർക്കാർ തുടക്കംകുറിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സങ്കൽപ്പമനുസരിച്ച് 12-ാം ക്ലാസ്സുവരെ സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനാണ് ശ്രമിച്ചുവരുന്നത്. മറ്റ് കാര്യങ്ങൾ സർക്കാർ എല്ലാ സാമ്പത്തികതലങ്ങളും വളരെ വിശദമായി പരിശോധിച്ച് നടപ്പിലാക്കാൻ ശ്രമിക്കും.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, സംസ്ഥാനത്തെ അൺ-എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് പല സ്കൂളുകളിലും കുറഞ്ഞ വേതനമാണ് ലഭിച്ചുവരുന്നത്. മൂവായിരത്തിലധികം അൺ-എയ്ഡഡ് സ്കൂളുകളിലായി അനദ്ധ്യാപകരടക്കം ഒന്നര ലക്ഷത്തോളംപേർ ജോലി ചെയ്തുവരുന്നു. ഉയർന്ന വേതനം ആവശ്യപ്പെടുന്നവരെ പിരിച്ചുവിടുകയോ തൊഴിൽപരമായി പീഡിപ്പിക്കുകയോ ചെയ്യുന്നു. ഈ ചൂഷണം അവസാനിപ്പിക്കാൻ ശക്തമായ നിയമങ്ങളും നടപടികളും ഗവൺമെന്റിന് സ്വീകരിക്കാനാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, സർക്കാർ നേരത്തെ ഈ സഭയിൽത്തന്നെ ഇക്കാര്യം വ്യക്തമാക്കിയതാണ്. ഈ മേഖലയിൽ നിരവധി തരത്തിലുള്ള ചൂഷണങ്ങൾ നടക്കുന്നുണ്ട്. അത് പരിഹരിക്കുന്നതിനുവേണ്ടി ഒരു ബിൽ തയ്യാറാക്കുന്ന പ്രക്രിയയിലാണ് ഇപ്പോൾ വിദ്യാഭ്യാസ വകുപ്പ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഈ സർക്കാർ വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഒരു പുതിയ കാലഘട്ടത്തിലേയ്ക്ക് വരികയാണെന്ന് പറയാതിരിക്കാനാകില്ല. ചുരുങ്ങിയ സമയംകൊണ്ടുതന്നെ വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായി ലോൺ കൊടുത്ത് കുട്ടികളെ സഹായിക്കുകയെന്ന വ്യത്യസ്തമായ നടപടി സ്വീകരിച്ചതിലൂടെ മറ്റൊരു വലിയ ചുവടുവയ്പാണ് നടത്തിയിരിക്കുന്നത്. ഇത്തരത്തിൽ ലോണെടുത്ത് പഠിക്കുന്ന കുട്ടികളെ സഹായിക്കാനെന്ന രീതിയിൽ ഇടനിലക്കാർ വന്ന് അവരുടെ കമ്മീഷൻകൂടി ഫീസിനകത്ത് ചേർത്ത് ബിൽ കൊടുക്കുന്ന സമ്പ്രദായം പല കോളേജുകളും സ്വീകരിച്ചുവരുന്നു. ഇത് കുട്ടികൾക്ക് കൂടുതൽ ഭാരമുണ്ടാക്കുകയും അനർഹരെ അങ്ങോട്ട് കയറ്റിവിടുകയും ചെയ്യുന്നതിന് ഇടയാക്കുന്നുണ്ട്. ഇതിനെന്ത് ചെയ്യാൻ കഴിയും; അതോടൊപ്പം നല്ലൊരു കരിയർ ഗൈഡൻസ് കൊടുക്കാൻ എന്തൊക്കെയാണ് ഗവൺമെന്റ് ചെയ്യാനുദ്ദേശിക്കുന്നത്?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, സ്വാശ്രയ മേഖലകളിലും അൺ-എയ്ഡഡ് മേഖലകളിലും ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ നീതീകരിക്കാനും ന്യായീകരിക്കാനും കഴിയാത്ത നിരവധി പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങളെല്ലാം വളരെ വിശദമായി പഠിക്കുന്നതിനുവേണ്ടിയാണ് ജസ്റ്റിസ് ദിനേശൻ കമ്മീഷനെ നിയോഗിച്ചിട്ടുള്ളത്. രണ്ട് മാസത്തിനുള്ളിൽ ആ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കും. എല്ലാ പ്രശ്നങ്ങളും വളരെ വിശദമായി പഠിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആ പഠനത്തിന്റെ വെളിച്ചത്തിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിക്കും.

<u>ശ്രീ. പി. ടി. തോമസ് :</u> സർ, എന്റെ ബഹുമാന്യ സുഹൃത്ത് യുവ എം.എൽ.എ. ശ്രീ. റ്റി. വി. രാജേഷിന് സുധാകരപ്പേടി കൂടിയിരിക്കുകയാണ്........(ബഹളം)......സ്വതവേ സൗമ്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ക്ലസ്റ്റർ ബഹിഷ്കരിച്ച അദ്ധ്യാപകരോട് സ്വീകരിച്ച ശിക്ഷാനടപടികൾ ജനാധിപത്യവിരുദ്ധവും കേട്ടുകേൾവിയില്ലാത്തതുമാണ്. വടക്കുനിന്ന് വരുന്ന ജാഥ തെക്കോട്ടും തെക്കുനിന്ന് വരുന്ന ജാഥ വടക്കോട്ടും പോകുമെന്ന് പണ്ട് പറയുന്നതുപോലെ തെക്കുവടക്കായി അദ്ധ്യാപകരെ ഓടിക്കാൻ ശ്രമിക്കുന്നതിന് പകരം ഈ അദ്ധ്യാപകരോട് ജനാധിപത്യ രീതിയിൽ ചർച്ച ചെയ്ത് അവരുടെ പ്രശ്നം പരിഹരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഈ ചോദ്യവുമായി ബന്ധപ്പെട്ട ഒരു ചോദ്യമല്ല ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചിരിക്കുന്നത്. എങ്കിലും ഞാൻ മറുപടി പറയാം. കേരളത്തിൽ കഴിഞ്ഞ 14 മാസങ്ങളായി അദ്ധ്യാപക രംഗത്തെ നിരവധി പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാം ഞാൻ എടുത്തുപറയുന്നില്ല. അവസാനം 1:40 എന്ന റേഷ്യോ ഉൾപ്പെടെ അദ്ധ്യാപകരെ സംരക്ഷിക്കുന്നതിനു വേണ്ടി നിരവധി പ്രശ്നങ്ങൾ പരിഹരിച്ചുകഴിഞ്ഞിരിക്കുകയാണ്. മാത്രമല്ല കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് ആധുനികവത്കരണം നടക്കാൻ പോവുകയാണ്. കേരളത്തിലെ വിദ്യാഭ്യാസ മേഖല ഹൈടെക്കായി മാറാൻ പോവുകയാണ്. ഈ സാഹചര്യത്തിൽ അദ്ധ്യാപകർക്ക് പരിശീലനം ആവശ്യമാണോ അല്ലയോ എന്നുള്ളതിന് ഈ സഭ ഉത്തരം പറയേണ്ടതാണ്. ഏറ്റവും നല്ല വിദ്യാർത്ഥിയാണ് ഏറ്റവും നല്ല അദ്ധ്യാപകൻ. അദ്ധ്യാപകന്റെ ചുമതല പഠിക്കലാണ്. എന്നാൽ മാത്രമേ നല്ല അദ്ധ്യാപകനാകൂ. ഞാനും ഒരു അദ്ധ്യാപകനായിരുന്നു. ക്ലസ്റ്റർ യോഗം അദ്ധ്യാപകർക്ക് പരിശീലനം നൽകാനാണ്. അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾതന്നെ ക്ലസ്റ്റർ യോഗം നടക്കണം. QIP എന്ന സംവിധാനത്തിൽ കേരളത്തിലെ എല്ലാ അദ്ധ്യാപക സംഘടനകളും ചേർന്നാണ് ക്ലസ്റ്റർ യോഗം തീരുമാനിക്കുക. ബഹിഷ്കരിച്ച അദ്ധ്യാപക സംഘടനകളടക്കമിരുന്ന് QIP-ൽ കഴിഞ്ഞ 5-ാം തീയതി ക്ലസ്റ്റർ യോഗം നടത്താൻ ഏകകണ്ഠമായി തീരുമാനിച്ചതാണ്. അതിനുശേഷമാണ് ക്ലസ്റ്റർ യോഗം ബഹിഷ്കരിക്കുന്നുവെന്ന് പറയുന്നത്. ഇത് കേരളത്തിലെ ജനങ്ങൾ പൊതുവിദ്യാഭ്യാസ രംഗത്ത് അർപ്പിച്ചിരിക്കുന്ന വിശ്വാസത്തോടുള്ള ഒരു വെല്ലുവിളിയായിട്ടാണ് കാണുന്നത്. അദ്ധ്യാപകർക്ക് നൽകുന്ന പരിശീലനത്തിൽനിന്ന് അദ്ധ്യാപകർ വിട്ടുനിൽക്കണമെന്ന് ഈ നിയമസഭയിൽ ആരും പറയരുത്. ഒറ്റക്കെട്ടായി പരിശീലനത്തിന് അദ്ധ്യാപകർ തയ്യാറാകണമെന്ന് പറയണം. ഇത് എല്ലാ സംഘടനകളും ഒന്നിച്ച് തീരുമാനിച്ചതാണ്. അതിന്റെ മിനിട്ട്സ് എന്റെ കയ്യിലുണ്ട്. 5-ാം തീയതി എന്നത് ബഹിഷ്കരിച്ച സംഘടനകൾ ഒരാഴ്ച മുമ്പ് തീരുമാനിച്ചതാണ്. അതിന് കാരണം, എല്ലാ വർക്കിംഗ് ഡെയ്സിലും അഞ്ചുദിവസം തുടർച്ചയായി വരുന്നു. അപ്പോൾ ഒരു കൺസൻസസ്

വേണമെന്നുള്ളതുകൊണ്ടാണ് എല്ലാവരെയും വിളിച്ച് 5-ാം തീയതി നടത്താമെന്ന് തീരുമാനിച്ചത്. പിന്നെ ബഹിഷ്കരിച്ചത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. ഇത് തുടരാതിരിക്കാൻ നിയമസഭ ഒറ്റക്കെട്ടായി ശബ്ദമുയർത്തേണ്ടതുണ്ട്. പൊതുവിദ്യാഭ്യാസത്തിൽ ജനങ്ങൾ അർപ്പിച്ച വിശ്വാസം യഥാർത്ഥ വിശ്വാസം തന്നെയാണെന്ന് അവരെ ബോധ്യപ്പെടുത്താനുള്ള ചുമതല നമുക്കും അദ്ധ്യാപകർക്കുമുണ്ട്. ഈ വർഷം നമ്മൾ അത് നല്ലതുപോലെ പുലർത്തേണ്ടതുണ്ട്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, സമഗ്ര വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി അങ്ങ് നടത്തുന്ന വിവിധ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നതിന് ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി 60% മാർക്കുള്ള കുട്ടികൾക്കുമാത്രമേ വിദ്യാഭ്യാസ വായ്പ കൊടുക്കു എന്ന തീരുമാനമെടുത്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ നിരവധി വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് ലോൺ നിഷേധിക്കുന്ന സാഹചര്യം ബാങ്കുകളുടെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ട്. 60% എന്നുപറയുന്നത് അഗ്രിഗേറ്റായി മൂന്ന് വിഷയങ്ങൾക്കും ഒന്നിച്ചു കിട്ടിയാൽ പോരാ, ഓരോ വിഷയത്തിനും വെവ്വേറെ 60% മാർക്ക് വേണമെന്നുള്ള നിലപാടാണ് ബാങ്കുകൾ സ്വീകരിക്കുന്നത്. എസ്.സി/എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും പിന്നോക്ക മേഖലയിൽ നിന്നുള്ള കുട്ടികൾക്കും വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിന് ഇതൊരു തടസ്സമാകുന്നതുകൊണ്ട് ഈ നിയമം മാറ്റുന്നതിനുള്ള ഉത്തരവ് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇവിടെ ലോൺ റീ-പേമെന്റ് സപ്പോർട്ട് സ്കീമിനെക്കുറിച്ചാണ് പറയുന്നത്. അതുപോലെ ലോൺ ലഭിക്കാതെ വരുന്ന ഏതെങ്കിലും പ്രധാനപ്പെട്ട പ്രശ്നങ്ങളുണ്ടെങ്കിൽ, അത് യഥാർത്ഥത്തിൽ അനുവദിക്കേണ്ടതാണ് എന്നുണ്ടെങ്കിൽ ബാങ്കുകളുടെയും കേന്ദ്രസർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്താൻ ശ്രദ്ധിക്കാം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ചില യൂണിവേഴ്സിറ്റികൾ അനുവദിച്ച പുതിയ കോഴ്സുകൾ സർക്കാർ അംഗീകരിക്കാത്തതിനാൽ സഹകരണ മേഖലയിലേത് ഉൾപ്പെടെയുള്ള ചില സ്ഥാപനങ്ങൾ കോടതിയിൽപ്പോയി അവർക്ക് അനുകൂലമായ തീരുമാനങ്ങൾ സമ്പാദിച്ചു. ഈ സിംഗിൾ ബെഞ്ച് തീരുമാനത്തിനെതിരെ സർക്കാർ അപ്പീൽ പോയെങ്കിലും ഫുൾ ബെഞ്ച് അത് വീണ്ടും നിരാകരിച്ചു. അതിനുള്ള ഓർഡറിൽ കോടതി പറഞ്ഞത് Creating or continuing with the scarcity situation only undermines education and deprives the people of their needs. It is the students and their parents and also their guardians, who would decide where to go, which course they would follow, and which college is ideally suited for the student. In such matter, the Government should have a restrained approach. ഇതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ കാലതാമസമില്ലാതെ യൂണിവേഴ്സിറ്റി അംഗീകരിച്ച ഇതുപോലെയുള്ള കോഴ്സുകൾക്ക് സർക്കാർ അംഗീകാരം നൽകുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, കോഴ്സുകൾ അനുവദിക്കുന്ന കാര്യത്തിൽ നല്ലതുപോലെ ശ്രദ്ധിക്കണമെന്നുള്ള അഭിപ്രായമാണ് വിദ്യാഭ്യാസ വകുപ്പിനുള്ളത്. കേരളത്തിലെ പ്ലസ് ടു കോഴ്സുകളിൽ 42,000 സീറ്റുകളാണ് ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നത്. അതേസമയം മലപ്പുറത്ത് സീറ്റ് കിട്ടാത്ത കുട്ടികളുമുണ്ട്. അതുകൊണ്ട് 10% സീറ്റ് വർദ്ധിപ്പിക്കേണ്ടിവന്നു. കേരളത്തിൽ കോഴ്സ് അനുവദിക്കുന്നതിൽ അശാസ്ത്രീയതയുള്ളതുകൊണ്ടാണ് 42,000 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത്. കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ 50,000-ത്തിലധികം സീറ്റുകളാണ് ഒഴിഞ്ഞു കിടക്കുന്നത്. ഇപ്പോൾ അതിനേക്കാൾ കൂടുതൽ ഒഴിവുണ്ട്. കുറച്ചുകൂടി കുട്ടികൾ വരുമെന്ന് കരുതുന്നു. ചുരുങ്ങിയത് 50,000 സീറ്റുകളെങ്കിലും കേരളത്തിലെ സ്വാശ്രയ കോളേജുകളിൽ ഒഴിഞ്ഞുകിടക്കുകയാണ്. സ്വാശ്രയ കോളേജുകളിലെ ആർട്സ് ആന്റ് സയൻസ് കോഴ്സുകളിലും ബി.കോം. കോഴ്സ് ഒഴികെയുള്ള മറ്റെല്ലാ കോഴ്സുകളിലും ഇപ്പോൾ സീറ്റ് ഒഴിഞ്ഞുകിടക്കുകയാണ്. പോളിടെക്നിക്കിൽ കഴിഞ്ഞ തവണ 809 സീറ്റുകൾ ഒഴിഞ്ഞുകിടന്നു. പോളിടെക്നിക്കുകൾ, എഞ്ചിനീയറിംഗ് കോളേജ്, മെഡിക്കൽ കോളേജ് എന്നിവ യൊഴികെ സ്വാശ്രയ കോളേജുകളിലെല്ലാം സീറ്റുകൾ ഒഴിഞ്ഞു കിടക്കുകയാണ്. ഈ സാഹചര്യത്തിൽ കോടതി നിരീക്ഷണം മുഖവിലയ്ക്കെടുത്തു കൊണ്ടുതന്നെ കേരളത്തിൽ ഇപ്പോൾ പ്ലസ് ടു കോഴ്സുമായി ബന്ധപ്പെട്ട് വലിയൊരു പഠനം നടന്നുകൊണ്ടിരിക്കുകയാണ്. ഇത് റീ-അറേഞ്ച് ചെയ്തുകൊണ്ട് ബാക്കിയുള്ള സീറ്റ് എങ്ങനെ എല്ലാവർക്കും ലഭ്യമാക്കാൻ കഴിയുമെന്നുള്ള വിശദമായ പഠനം നടക്കുകയാണ്. ഈ അനുഭവത്തിന്റെയും കോടതി നിരീക്ഷണത്തിന്റെയും വെളിച്ചത്തിൽ ഈ കോഴ്സുകൾ എങ്ങനെ നൽകണമെന്നുള്ളത് സംബന്ധിച്ച പഠനം നടക്കുകയാണ്. ജസ്റ്റിസ് ദിനേശൻ കമ്മീഷൻ റിപ്പോർട്ട് വരാനിരിക്കുകയാണ്. ഇതിന്റെയെല്ലാം വെളിച്ചത്തിൽ കോഴ്സുകളെക്കുറിച്ച് വളരെ വിശദമായ ഒരു മാസ്റ്റർ പ്ലാൻതന്നെ തയ്യാറാക്കുന്നതാണ്.

<u>ശ്രീ. പി. വി. അൻവർ</u>: സർ, വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട് മനസ്സിലാക്കിയ ഒരുകാര്യം, തമിഴ്നാട്ടിലും, കർണ്ണാടകയിലും ലക്ഷക്കണക്കിന് വിദ്യാർത്ഥികളാണ് ഇതുപോലുള്ള ലോൺ എടുത്തിരിക്കുന്നത്. ഒരു പൈസ ആരും ഇതുവരെ തിരിച്ചടച്ചിട്ടില്ല. മാത്രമല്ല ഈ ലോണിന്റെ ഒരു പ്രത്യേകത ഇതിനായി കൊളാറ്ററൽ സെക്യൂരിറ്റി ബാങ്കിൽനിന്ന് ആവശ്യപ്പെടാൻ പാടില്ല എന്നതാണ്. പക്ഷേ കേരളത്തിലെ ബാങ്കുകൾ കൊളാറ്ററൽ സെക്യൂരിറ്റി വാങ്ങിയിട്ടാണ് ലോൺ കൊടുക്കുന്നത്. ആ കൊളാറ്ററൽ സെക്യൂരിറ്റി ഉപയോഗിച്ചാണ് രക്ഷിതാക്കളെ ബാങ്കുകൾ പീഡിപ്പിച്ചു കൊണ്ടിരിക്കുന്നത്. കേരളത്തിൽനിന്ന് ഈ പൈസ പിരിച്ചെടുക്കുകയും തമിഴ്നാട്ടിലെയും കർണ്ണാടകയിലെയും വിദ്യാഭ്യാസ ലോബികൾക്ക് അനുകൂലമായി ബാങ്കുകൾ നിലപാടെടുക്കുകയും ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, തമിഴ്നാട്ടിലും കർണ്ണാടകയിലും വിദ്യാഭ്യാസ ലോൺ ഇനത്തിൽ എത്ര പണം തിരിച്ചടച്ചിട്ടുണ്ടെന്ന് അന്വേഷിച്ചാൽ ഇതിന്റെ സത്യാവസ്ഥ വെളിച്ചത്ത് വരും. ഈ കാര്യം അങ്ങയുടെ ശ്രദ്ധയിൽ പ്പെടുത്തുകയാണ്.

പ്രൊഫ. സി. രവീന്ദ്രനാഥ്: അത് ശ്രദ്ധയിൽപ്പെടുത്തിയതാണ്. ചോദ്യമല്ല ചോദിച്ചത്.

മി. സ്പീക്കർ: *93-ാം നമ്പർ ചോദ്യവുമായി *100, *114 എന്നീ നമ്പർ ചോദ്യങ്ങൾ ക്ലബ്ബ് ചെയ്യുന്നതിന് ബഹുമാന്യരായ ജെയിംസ് മാത്യു, കെ. സുരേഷ് കുറുപ്പ് എന്നീ അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു. മൂന്ന് ചോദ്യങ്ങൾക്കുമായി ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരുമിച്ച് ഉത്തരം പറയാവുന്നതാണ്.

## കെ.എസ്.റ്റി.പി.റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ലോകബാങ്ക് വായ്പ

3 (*93) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് കെ.എസ്.റ്റി.പി. റോഡ് നിർമ്മാണപ്രവർത്തനങ്ങൾക്ക് വേഗതയില്ലാത്തതിനാൽ ലോകബാങ്ക് അനുവദിച്ച വായ്പയിൽ 300 കോടി രൂപ പിൻവലിക്കുന്നുവെന്നത് വസ്തുതയാണോ എന്നറിയിക്കാമോ;

(ബി) കെ.എസ്.റ്റി.പി. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ ഏതൊക്കെയാണ്; അതിന് ലോക ബാങ്ക് മുഖേന സഹായമായി ലഭിക്കുന്ന തുക എത്രയാണ്;

(സി) പദ്ധതി നടത്തിപ്പിലുണ്ടായ മെല്ലെപ്പോക്ക് സംബന്ധിച്ച് ലോകബാങ്ക് ടീം ലീഡർക്കെതിരെ മന്ത്രി പരാമർശം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പരാമർശം നടത്തിയത്; ഇക്കാര്യത്തിൽ ലോകബാങ്ക് അവരുടെ അതൃപ്തി അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) കെ.എസ്.റ്റി.പി. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ലോകബാങ്ക് അനുവദിച്ച വായ്പ പിൻവലിക്കുന്നതിനെപ്പറ്റി സർക്കാരിന് ഒരു അറിയിപ്പും ലഭിച്ചിട്ടില്ല.

(ബി) കെ.എസ്.റ്റി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകളുടെയും അംഗീകരിക്കപ്പെട്ടിട്ടുള്ള അടങ്കൽ തുകകളുടേയും വിവരങ്ങൾ താഴെ പ്രതിപാദിക്കുന്നു:

2016– 17-ന് മുൻപ് തുടങ്ങിയ പ്രവൃത്തികൾ

| ക്രമ നമ്പർ | റോഡിന്റെ പേര് | നീളം (കി.മീ.) | കരാർ തുക (കോടി രൂപ) |
|---|---|---|---|
| 1 | കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് | 27.80 കി.മീ | 133.05 |
| 2 | പിലാത്തറ-പാപ്പിനിശ്ശേരി റോഡ് | 20.90 കി.മീ | 118.20 |
| 3 | ചെങ്ങന്നൂർ- ഏറ്റുമാനൂർ റോഡ് | 45.80 കി.മീ | 293.58 |
| 4 | തിരുവല്ല - ബൈപ്പാസ് | 2.30 കി.മീ | 31.80 |
| 5 | ഏറ്റുമാനൂർ -മൂവാറ്റുപുഴ | 40.960 കി.മീ | 171.49 |
| 6 | പൊൻകുന്നം -തൊടുപുഴ റോഡ് | 48.963 കി.മീ. | 227.13 |
| | 2016-17 ൽ തുടങ്ങിയവ | | |
| 3A | തലശ്ശേരി-കളറോഡ് റോഡ് | 28.80 കി.മീ | 156.59 |
| 3B | കളറോഡ്- വളവുപാറ റോഡ് | 25.26 കി.മീ | 209.68 |
| | കഴക്കൂട്ടം-തൈക്കോട് -അടൂർ റോഡ് (മാതൃകാ സുരക്ഷാ റോഡ്) | 80 കി.മീ | 146.67 |
| 7 | പെരുംമ്പിലാവ് - പെരിന്തൽമണ്ണ റോഡ് | 18 കി.മീ | 8.00 (പൂർത്തിയായി) |

ലോകബാങ്ക് പദ്ധതികൾക്കുവേണ്ടി 56% ലോകബാങ്ക് വിഹിതവും 44% സംസ്ഥാന സർക്കാർ വിഹിതവുമായിട്ടാണ് ക്രമീകരിച്ചിട്ടുള്ളത്.

(സി) ലോകബാങ്ക് ലീഡർക്കെതിരെ ഉദ്ദേശ്യംവച്ച് മനഃപ്പൂർവ്വമായ പരാമർശങ്ങളൊന്നും നടത്തിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് കെ.എസ്.റ്റി.പി.-ക്കോ സംസ്ഥാന സർക്കാരിനോ ലോക ബാങ്കിൽനിന്നും പരാതികളൊന്നുംതന്നെ ലഭിച്ചിട്ടില്ല. കെ.എസ്.റ്റി.പി. പദ്ധതികളിൽ പൊൻകുന്നം - തൊടുപുഴ, തിരുവല്ല ബൈപ്പാസ് തുടങ്ങിയ പണികളിലുള്ള ക്രമക്കേട് ആക്ഷേപങ്ങൾ ലോകബാങ്ക് അന്വേഷിക്കണമെന്ന് ടീം ലീഡറോട് നിരവധി മീറ്റിംഗുകളിൽ ആവശ്യപ്പെട്ടിരുന്ന കാര്യമാണ് പ്രസംഗിച്ചത്.

## കെ.എസ്.റ്റി.പി. രണ്ടാംഘട്ട പദ്ധതി

4 (*100) ശ്രീ. പി. വി. അൻവർ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമായിരുന്നു; ഇതിന്റെ വിശദ രൂപരേഖ തയ്യാറാക്കിയത് എന്നാണ്; രണ്ടാം ഘട്ടത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ അപാകതകൾ കണ്ടെത്തിയിരുന്നോ; എങ്കിൽ എന്തെല്ലാം; ഇക്കാര്യത്തിൽ അന്വേഷണം നടക്കുന്നുണ്ടോ;

(ബി) രണ്ടാംഘട്ട പദ്ധതിയിൽ എത്ര കോടി രൂപയുടെ പദ്ധതിയാണ് ലോക ബാങ്കിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നതെന്നും ഏതെല്ലാം പ്രവൃത്തികൾക്ക് ലോക ബാങ്ക് സഹായം അംഗീകരിച്ചെന്നും അറിയിക്കുമോ; എത്ര തുക വീതം; അംഗീകാരം നൽകിയ പ്രവൃത്തികൾക്ക് വായ്പ നൽകുന്നതിൽനിന്നും ലോകബാങ്ക് പിന്മാറിയിട്ടുണ്ടോ; ഇതിന്റെ കാരണം അറിയിച്ചിട്ടുണ്ടോ;

(സി) പ്രവൃത്തികളുടെ നിർവ്വഹണ ഘട്ടത്തിൽ പദ്ധതി രൂപരേഖയിൽ മാറ്റം വരുത്തേണ്ടിവന്നോ; എന്തായിരുന്നു കാരണമെന്നും അതുവഴി എത്ര അധിക ചെലവ് വന്നെന്നും അറിയിക്കാമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്താമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ആറ് റോഡുകൾ പത്ത് കരാർ പാക്കേജുകളായിട്ടാണ് പണികൾ ഏറ്റെടുത്തിരിക്കുന്നത്. പദ്ധതികളെപ്പറ്റിയുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| പാക്കേജ് നമ്പർ | റോഡിന്റെ പേരും ദൈർഘ്യവും | കരാർ തുക (കോടി രൂപ) |
|---|---|---|
| (1) | (2) | (3) |
| UG-1 | കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ.) | 133.05 |
| UG-2 | പിലാത്തറ-പാപ്പിനിശ്ശേരി റോഡ് (20.90 കി.മീ.) | 118.29 |

| (1) | (2) | (3) |
|---|---|---|
| UG-3A | തലശ്ശേരി-കളറോഡ് റോഡ് (28.80 കി.മീ.) | 156.34 |
| UG-3B | കളറോഡ്-വളവുപാറ റോഡ് (25.20 കി.മീ.) | 209.68 |
| UG-4 | ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് (45.40 കി.മീ.) | 293.58 |
| UG-4A | തിരുവല്ല ബൈപ്പാസ് (2.3 കി.മീ.) | 31.80 |
| UG-5 | ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ് (40.96 കി.മീ.) | 171.49 |
| UG-6 | പൊൻകുന്നം-തൊടുപുഴ റോഡ് (50 കി.മീ.) | 227.13 |
| UG-8 | പെരുമ്പിലാവ്-പെരിന്തൽമണ്ണ റോഡ് (41 കി.മീ.) | 8.11 |
| UG-7 | പുനലൂർ-പൊൻകുന്നം റോഡ് പൊതുസ്വകാര്യ പങ്കാളിത്തത്തോടെ (82 കി.മീ.) | 747 (എസ്റ്റിമേറ്റ് തുക) |
| | സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പദ്ധതി-കഴക്കൂട്ടം-തൈക്കോട്-അട്ടൂർ റോഡിന്റെ ബി.സി. ഓവർലേയും മറ്റ് റോഡ് സുരക്ഷാപണികളും (80 കി. മീ.) | 146.67 |
| | മൊത്തം | 2243.14 (കോടി രൂപ) |

ഇതിന്റെ വിശദമായ രൂപരേഖ തയ്യാറാക്കിയത് 2012-13 കാലഘട്ടത്തിലാണ്. പദ്ധതി നിർവ്വഹണ ഘട്ടത്തിൽ രൂപരേഖയിൽ അപാകതകൾ കണ്ടെത്തിയിരുന്നു. കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയിൽപ്പെട്ട പൊൻകുന്നം-തൊടുപുഴ റോഡ് നിർമ്മാണത്തിൽ പാറപൊട്ടിക്കുന്ന പ്രവൃത്തിയിൽ അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്നും വളരെ കൂടുതലായി ചെയ്യേണ്ടിവന്നു. നിലവിലെ സൈറ്റ് കണ്ടീഷൻ അനുസരിച്ച് തിരുവല്ല ബൈപ്പാസ് നിർമ്മാണത്തിലും കാര്യമായ വ്യതിയാനങ്ങൾ

വേണ്ടിവന്നു. തിരുവല്ല ബൈപ്പാസ് നിർമ്മാണത്തിൽ ഡി.പി.ആർ.-ന്റെ ഇരട്ടിയിലധികം വർദ്ധനവാണ് ആവശ്യമായി വന്നിരിക്കുന്നത്. വലിയ തോതിലുള്ള അധിക സാമ്പത്തിക ബാധ്യതയാണ് ഈ വ്യതിയാനങ്ങളിലൂടെ ഉണ്ടായിട്ടുള്ളത്. ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരം ചീഫ് ടെക്നിക്കൽ എക്സാമിനർ പദ്ധതി അവലോകനം നടത്തിയിരുന്നു.

(ബി) കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിക്കുവേണ്ടി 432 മില്ല്യൺ യു.എസ്. ഡോളർ (ഏകദേശം 2005 കോടി രൂപ) ഭരണാനുമതി കിട്ടിയിരുന്നു. ലോക ബാങ്കിന്റെ വായ്പയായി ലഭിച്ചത് 445 മില്ല്യൺ യു.എസ്. ഡോളർ (2403 കോടി രൂപ) ആണ്. അംഗീകാരം നൽകിയ പ്രവൃത്തികൾക്ക് വായ്പ നൽകുന്നതിൽനിന്നും ലോകബാങ്ക് പിന്മാറിയതായി നിലവിൽ അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല. ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുകകളുടെ വിവരം (എ)-യുടെ മറുപടിയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

(സി) പ്രവൃത്തികളുടെ രൂപരേഖയിൽ മാറ്റം വരുത്തിയിട്ടില്ല. ചില പദ്ധതികൾക്ക് അടങ്കൽ തുകയിൽനിന്നും അധികമായി ചെലവ് വേണ്ടിവരുമെങ്കിലും പദ്ധതികളെല്ലാം തന്നെ മൊത്തം പദ്ധതി തുകയ്ക്കുള്ളിൽ പൂർത്തിയാക്കാൻ സാധിക്കുന്നതാണെന്ന് കരുതുന്നു. പദ്ധതികളെല്ലാം തന്നെ അന്തിമ ഘട്ടത്തിലാണ്. പദ്ധതിയുടെ പുരോഗതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| പാക്കേജ് നമ്പർ | റോഡിന്റെ പേരും ദൈർഘ്യവും | നിലവിലെ പുരോഗതി (ശതമാനത്തിൽ) |
|---|---|---|
| (1) | (2) | (3) |
| UG-1 | കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ.) | 74.55 |
| UG-2 | പിലാത്തറ-പാപ്പിനിശ്ശേരി റോഡ് (20.90 കി.മീ.) | 72.50 |
| UG-3A | തലശ്ശേരി-കളറോഡ് റോഡ് (28.80 കി.മീ.) | 13.50 |
| UG-3B | കളറോഡ്-വളവുപാറ റോഡ് (25.20 കി.മീ.) | 21 |
| UG-4 | ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് (45.40 കി.മീ.) | 71.50 |
| UG-4A | തിരുവല്ല ബൈപ്പാസ് (2.3 കി.മീ.) | 63 |
| UG-5 | ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ് (40.96 കി.മീ.) | 76.50 |
| UG-6 | പൊൻകുന്നം-തൊടുപുഴ റോഡ് (50 കി.മീ.) | 99.20 |

| (1) | (2) | (3) |
|---|---|---|
| UG-8 | പെരുമ്പിലാവ്-പെരിന്തൽമണ്ണ റോഡ് (41 കി.മീ.) | 100% |
| UG-7 | പുനലൂർ-പൊൻകുന്നം റോഡ് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ (82 കി.മീ.) | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| റോഡ് സേഫ്റ്റി സിവിൽ വർക്ക്സ് | സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പദ്ധതി-കഴക്കൂട്ടം-തൈക്കോട്-അടൂർ റോഡിന്റെ ബി.സി. ഓവർലേയും മറ്റ് റോഡ് സുരക്ഷാപണികളും (80 കി. മീ.) | 5 28-12-2016 തീയതിയിൽ പ്രവൃത്തി ആരംഭിച്ചു. കാലവർഷത്തിനു ശേഷം വൻതോതിൽ പണികൾ ആരംഭിക്കും. |

**കെ.എസ്.റ്റി.പി. രണ്ടാം ഘട്ടത്തിന്റെ നിർമ്മാണ പുരോഗതി**

5 (*114) ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിന്റെ പുരോഗതി അറിയിക്കുമോ; വിവിധ പാക്കേജുകളുടെ പ്രവർത്തന പുരോഗതി നൽകുമോ; പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം എന്താണെന്നും അത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും അറിയിക്കുമോ;

(ബി) ഫണ്ടിംഗ് ഏജൻസി, പ്രവൃത്തികളുടെ അവലോകനം നടത്തുകയോ ഇതുസംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകുകയോ ചെയ്തിട്ടുണ്ടോ; പദ്ധതിയിൽ ലോക ബാങ്ക് വായ്പാ ഘടകം എത്രയാണ് എന്നറിയിക്കാമോ;

(സി) റോഡുപണിയുടെ നിർമ്മാണത്തിലുണ്ടായി എന്ന് കരുതപ്പെടുന്ന അപാകതകൾ എന്തെല്ലാമാണ്; അത് പരിഹരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>ശ്രീ. ജി. സുധാകരൻ</u>): സർ,

(എ) കെ.എസ്.റ്റി.പി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ആറ് റോഡുകൾ പത്ത് കരാർ പാക്കേജുകളായിട്ടാണ് പണികൾ ഏറ്റെടുത്തിരിക്കുന്നത്. അതിൽ 9 പാക്കേജുകളുടെ പണികൾ പുരോഗമിക്കുന്നു. തലശ്ശേരി-വളവുപാറ റോഡിന്റെ പണി (3-ാം പാക്കേജ്-54 കി.മീ.)-യുടെ കരാർ റദ്ദ് ചെയ്ത് 3A, 3B എന്നീ ചെറുപാക്കേജുകളായി പുനർ നിർമ്മാണം നടത്തുന്നുണ്ട്. ഇത് പ്രാരംഭ ഘട്ടത്തിലാണ്. റോഡ് നിർമ്മാണങ്ങളുടെ പുരോഗതി താഴെ കൊടുക്കുന്നു:

കംപോണന്റ് എ ഒന്ന്

| പാക്കേജ് നമ്പർ | റോഡിന്റെ പേരും ദൈർഘ്യവും | ഇപ്പോഴത്തെ നിർമ്മാണ പുരോഗതി (%) | റിമാർക്സ് |
|---|---|---|---|
| (1) | (2) | (3) | (4) |
| UG-1 | കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ.) | 74.55 | 2017 ഒക്ടോബറിന് പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു |
| UG-2 | പിലാത്തറ - പാപ്പിനിശ്ശേരി റോഡ് (20.90 കി.മീ.) | 72.50 | രണ്ട് ROB അഡീഷണൽ വർക്ക് ഉള്ളതുകൊണ്ട് ഡിസംബർ 2017-ന് പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു |
| UG-3 A | തലശ്ശേരി - കളറോഡ് (28.80 കി.മീ.) | 13.50 | റീ അറേഞ്ച് ചെയ്ത പണികൾ പ്രാരംഭ ഘട്ടത്തിൽ നടന്നു വരുന്നു. 2018 ജൂൺ മാസം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| UG-3 B | കളറോഡ് - വളവുപാറ റോഡ് (25.26 കി.മീ) | 21 | റീ അറേഞ്ച് ചെയ്ത പണി നടന്നുവരുന്നു. 2018 സെപ്റ്റംബറിൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു |
| UG-4 | ചെങ്ങന്നൂർ - ഏറ്റുമാന്നൂർ റോഡ് (45.40 കി.മീ.) | 71.50 | 35 കി.മീ ഡി.ബി.എം 24 കി.മീ. ബി.സി.യും തീർന്നു. 2017 നവംബറിൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| UG-4A | തിരുവല്ല ബൈപ്പാസ് (2.3 കി.മീ) | 63 | പ്രാരംഭഘട്ടത്തിൽ. ഗ്രീൻ ട്രിബ്യൂണലിൽ ഫയൽ ചെയ്ത കേസിൽപ്പെട്ട് തുടങ്ങാൻ ഒരു വർഷം താമസിച്ചു. കൂടാതെ മണ്ണിന്റെ ഗുണനിലവാരം കുറവായതിനാൽ ഡിസൈൻ വ്യത്യാസപ്പെടുത്തി. ഇപ്പോൾ പുതുക്കിയ എസ്റ്റിമേറ്റിന് സ്റ്റീയറിംഗ് കമ്മിറ്റിയുടെ അംഗീകാരം തേടേണ്ടതുണ്ട്. |
| UG-5 | ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് (40.96 കി.മീ) | 76.50 | 2017 ഒക്ടോബറിൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| UG-6 | പൊൻകുന്നം - തൊടുപുഴ റോഡ് (50 കി.മീ) | 99.20 | 2017 ഒക്ടോബറിൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| UG-8 | പെരുമ്പിലാവ്-പെരിന്തൽമണ്ണ റോഡ് (18 കി.മീ) | | ഉപരിതലം പുതുക്കൽ പണികൾ പൂർത്തീകരിച്ചു. |

<u>കംപോണന്റ് (എ) രണ്ട്</u>

| | | | |
|---|---|---|---|
| UG-7 | പുനലൂർ-പൊൻകുന്നം റോഡ് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ (82 കി.മീ) | | ലോക ബാങ്കിൽനിന്നും RFP document-ന് അംഗീകാരം വാങ്ങി പ്രീ ക്വാളിഫിക്കേഷൻ നേടിയ കരാറുകാർക്ക് സെമി ആന്വറ്റി റേറ്റ് ക്വോട്ടുചെയ്യാൻ കൊടുക്കുവാനുള്ള നടപടികൾ നടന്നു വരുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | സേഫ് കോറി ഡോർ ഡെമോൺസ്ട്രേഷൻ പദ്ധതി കഴക്കൂട്ടം-തൈക്കോട്- അടൂർ റോഡിന്റെ ബി.സി. ഓവർലേയും മറ്റ് സുരക്ഷാ പണികളും (80 കി.മീ) | 5 | പണി നടന്നുവരുന്നു. |

എല്ലാ പണികളും 2018-ൽ തന്നെ തീർക്കത്തക്കവിധമാണ് ക്രമീകരിച്ചിട്ടുള്ളത്. പണികൾ തുടങ്ങാനുള്ള പ്രാരംഭ പ്രവർത്തനങ്ങളും (മെഷിനറികൾ, ക്രഷറുകൾ എന്നിവ സ്ഥാപിക്കുക, തൊഴിലാളികളെ താമസിപ്പിക്കാനുള്ള സൗകര്യം ഒരുക്കൽ, പരിസ്ഥിതി അനുവാദങ്ങൾ വാങ്ങിക്കുക എന്നിവ) ആദ്യ ഘട്ടത്തിൽ നേരിട്ട പ്രതികൂല കാലാവസ്ഥയും, യൂട്ടിലിറ്റി സർവ്വീസ് വകുപ്പുകളെ ഏകോപിപ്പിക്കുന്ന പ്രവർത്തനത്തിൽ നേരിട്ട കാലതാമസവും മറ്റും കാരണം പണികൾക്ക് താമസമുണ്ടായി. ഇപ്പോൾ 3 പാക്കേജുകളൊഴികെ മറ്റ് പാക്കേജുകളുടെ പണികൾ ഏകദേശം തീർന്നിട്ടുണ്ട്.

ഈ പദ്ധതിയിൽ ഉൾപ്പെടുന്ന പുനലൂർ-പൊൻകുന്നം റോഡ് 82 കി.മീ. ഒരു സ്വകാര്യ പങ്കാളിത്തത്തോടെ ആന്വിറ്റി സ്കീമിൽ ചെയ്യുവാനാണ് ലോക ബാങ്കിൽ നിന്നും ഡി.ഇ.എ. (ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക് അഫയേഴ്സ്)-ൽ നിന്നും അംഗീകാരം ലഭിച്ചിട്ടുള്ളത്. കരാറുകാരെ പ്രീക്വാളിഫൈ ചെയ്ത് ലോക ബാങ്കിന്റെയും സ്റ്റിയറിംഗ് കമ്മിറ്റിയുടെയും അംഗീകാരം വാങ്ങി. ഇനി ആന്വിറ്റി റേറ്റ് ക്വാട്ട് ചെയ്യാൻ ആർ.എഫ്.പി. (റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ) അയയ്ക്കേണ്ടതുണ്ട്. ഇതിന് ലോക ബാങ്കിന്റെ അംഗീകാരം പ്രതീക്ഷിക്കുന്നു.

(ബി&സി) ഫണ്ടിംഗ് ഏജൻസിയായ ലോകബാങ്ക് പ്രവൃത്തികൾ നിശ്ചിത സമയത്തുതന്നെ പൂർത്തീകരിക്കണമെന്നും ധനവിനിയോഗം, ഗുണനിലവാരം, സുരക്ഷ, പരിസ്ഥിതി, തൊഴിലാളികളുടെ ക്ഷേമം, സ്ഥലമെടുപ്പ് തുടങ്ങിയവ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി 6 മാസത്തിലൊരിക്കൽ ലോകബാങ്ക് റിവ്യൂ മീറ്റിംഗ് നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ കെ.എസ്.റ്റി.പി. പദ്ധതിയിൽ ഏറ്റെടുത്ത് നടത്തുന്ന റോഡ് വികസന പദ്ധതികൾ ഇന്ത്യൻ റോഡ് കോൺഗ്രസ്സ്

നിർദ്ദേശിക്കുന്ന മാനദണ്ഡപ്രകാരവും MoRTH SPECIFICATION അനുസരിച്ചുമാണ് ഡിസൈൻചെയ്ത് നടപ്പിലാക്കുന്നത്. ലോകബാങ്കിന്റെ നിബന്ധനപ്രകാരം ഈ പദ്ധതികൾ സൂപ്പർവൈസ് ചെയ്യുന്നത് അന്താരാഷ്ട്ര തലത്തിൽ ടെണ്ടർ ക്ഷണിച്ച് തെരഞ്ഞെടുത്ത കൺസൾട്ടന്റിനെ ഉപയോഗിച്ചാണ്. റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന പ്രധാന നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ലാബുകളിൽ ഉറപ്പുവരുത്തിയതിനുശേഷമാണ് പ്രവൃത്തികളിൽ ഉപയോഗിക്കുന്നത്. നിർമ്മാണ സാമഗ്രികൾ ഖനനംചെയ്ത് എടുക്കുന്ന സ്ഥലത്തും പണിയിൽ ഉപയോഗിക്കുമ്പോഴും അതിനുശേഷവും ഗുണനിലവാരം പരിശോധിക്കാറുണ്ട്. ഇതിനായി പ്രത്യേക ലബോറട്ടറികൾ എല്ലാ പ്രവൃത്തികളിലും കരാറുകാരൻതന്നെ സ്ഥാപിച്ച് ആവശ്യമായ എല്ലാ ഗുണനിലവാര പരിശോധനയും നടത്താറുണ്ട്. ഈ പരിശോധന കൺസൾട്ടന്റ് എൻജിനീയർ സൂപ്പർവൈസ് ചെയ്യുന്നുണ്ട്. ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പൂർത്തിയായ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിച്ച് വിലയിരുത്തുന്നതിനും പ്രാഗൽഭ്യം നേടിയ സ്വതന്ത്ര ഏജൻസിയെക്കൊണ്ട് ടെക്നിക്കൽ ഓഡിറ്റ് നടത്തുന്നതിന് ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു. പദ്ധതിക്കുവേണ്ടിയുള്ള ലോകബാങ്ക് വിഹിതം 56 ശതമാനം, സംസ്ഥാന സർക്കാർ വിഹിതം 44 ശതമാനം എന്ന നിരക്കിലാണ് ക്രമീകരിച്ചിട്ടുള്ളത്.

കെ.എസ്.റ്റി.പി. രണ്ടാംഘട്ട പദ്ധതിയിൽ ചില പ്രവൃത്തികളിൽ ഡി.പി.ആർ.-ൽ നിന്ന് വലിയ വ്യത്യാസം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുപോലെ കെ.എസ്.റ്റി.പി IV-പാക്കേജിൽ (ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ്)പ്പെട്ട നീലിമംഗലം പാലത്തിന് ചെറിയ വിള്ളൽ കണ്ടെത്തിയതിനെത്തുടർന്ന് ലോകബാങ്കിന്റെ നിർദ്ദേശമനുസരിച്ച് ഒരു ഇൻഡിപ്പെൻഡന്റ് ഏജൻസിയെക്കൊണ്ട് ടെക്നിക്കൽ ഇവാല്യൂവേഷൻ നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. എന്നാൽ ഈ റിപ്പോർട്ട് തൃപ്തികരമല്ലെന്ന കാരണത്താൽ വീണ്ടും ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് പരിശോധന നടത്താൻ നിർദ്ദേശിക്കുകയും അതിനുള്ള തുടർ നടപടികൾ പുരോഗമിക്കുകയുമാണ്.

തിരുവല്ല ബൈപ്പാസ് നിർമ്മാണത്തിൽ ഡി.പി.ആർ-ൽ ഉണ്ടായ ചില സാങ്കേതിക തകരാറുകൾ കാരണം ഡിസൈനിൽ കാര്യമായ മാറ്റങ്ങൾ വരുത്തേണ്ടതായി വന്നു. ഇതിന്റെ ഭാഗമായി തുകയിൽ ഇരട്ടിയോളം വർദ്ധനവുണ്ടായിട്ടുണ്ട്. പാക്കേജ് VI (പൊൻകുന്നം-തൊടുപുഴ റോഡ്)-ലും പാക്കേജ് V (ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ്)-ലും പാറപൊട്ടിക്കൽ പ്രവൃത്തിയിൽ അമിതമായി ക്വാണ്ടിറ്റി വർദ്ധനവുണ്ടായി. ഇതിനെ തുടർന്ന് ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അഭിപ്രായം തേടുകയുണ്ടായി. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിർമ്മാണ ഘട്ടത്തിൽ ഉണ്ടായേക്കാവുന്ന ന്യൂനതകൾ പരിഹരിക്കാൻ കൺസൾട്ടന്റ് എഞ്ചിനീയർക്കും കോൺട്രാക്ടർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം ക്രമക്കേടുകൾ സംബന്ധിച്ച് പരിശോധിക്കണമെന്ന് ലോകബാങ്ക് ടീം ലീഡറോട് നടത്തിയ ചർച്ചകളിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

93, 100, 114 എന്നീ നമ്പർ ചോദ്യങ്ങൾ ഒരുപോലെയാണ്. അതിലെ പ്രധാനപ്പെട്ട ഭാഗങ്ങൾ മാത്രം പറയാം.

കെ.എസ്.റ്റി.പി.-യുടെ വായ്പ ലോകബാങ്ക് പിൻവലിക്കുന്നതിനെപ്പറ്റി യാതൊരു തീരുമാനവും സംസ്ഥാന ഗവൺമെന്റിന് കിട്ടിയിട്ടില്ല. കെ.എസ്.റ്റി.പി.-യുടെ രണ്ടാംഘട്ട പദ്ധതിയിൽ ഇപ്പോൾ 363 കി.മീ. റോഡ് നിർമ്മാണമാണ്. ആറ് സംസ്ഥാന-ജില്ലാ പാതകളാണ്; അത് പത്ത് പ്രവൃത്തികളായി വിഭജിച്ചിട്ടുണ്ട്. വേൾഡ് ബാങ്കിന്റെ എയ്ഡുള്ള പദ്ധതിയാണിത്. 2018 അവസാനമാകുമ്പോഴേയ്ക്കും എല്ലാ പദ്ധതികളും പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. അതിൽ രണ്ട് പദ്ധതികൾ ഒഴിച്ചുള്ള എല്ലാ പദ്ധതികളും 2017 വർഷാവസാനം പൂർത്തീകരിക്കാൻ കഴിയും. ആറ് മാസത്തെ സമയവ്യത്യാസം വന്നിട്ടുണ്ട്. ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചകളല്ല അതിന് കാരണം. ചില സ്ഥലത്ത് ആളുകൾ തർക്കം ഉന്നയിച്ചു, മറ്റുചില സ്ഥലങ്ങളിൽ പാരിസ്ഥിതിക പ്രശ്നം, ചില കോടതി കേസുകൾ വന്നു, ഇങ്ങനെ പല പ്രശ്നങ്ങളുണ്ട്. ഇതോടൊപ്പം മേൽനോട്ടത്തിലുള്ള ചെറിയ തകരാറുകളുമുണ്ട്. എന്നാൽ ബോധപൂർവ്വമുള്ള യാതൊരു കാലതാമസവും ഉണ്ടായിട്ടില്ല. ഇതിൽ വേൾഡ് ബാങ്ക് കെ.എസ്.റ്റി.പി. പ്രോജക്ടുകൾക്കുള്ള ഒന്നും രണ്ടും ഘട്ടത്തിലെ ആകെ അടങ്കൽ 2403 കോടി രൂപയായിരുന്നു. ഇതിന്റെ 56 ശതമാനത്തിന് വേൾഡ് ബാങ്കിന് പലിശ കൊടുക്കണം. 44% സംസ്ഥാന ഗവൺമെന്റാണ് ചെലവഴിക്കുന്നത്. 56% ആദ്യം ചെലവഴിച്ചശേഷമേ നമുക്ക് പിന്നീട് ചോദിച്ച് വാങ്ങാൻ സാധിക്കൂ. അതെല്ലാം തിരിച്ചടയ്ക്കേണ്ട പൈസയാണ്. പക്ഷേ അതൊരു സഹായം തന്നെയാണെന്നതിൽ യാതൊരു സംശയവുമില്ല. ഒന്നാം ഘട്ടത്തിലെ ഒരു പദ്ധതിയായ ചെങ്ങന്നൂർ-കൊട്ടാരക്കര-ചങ്ങനാശ്ശേരി പദ്ധതി ജാപ്പനീസ് കമ്പനിയുമായുണ്ടായ പ്രശ്നത്തെത്തുടർന്ന് ഒരു വർഷക്കാലം നിർത്തിവയ്ക്കേണ്ടി വന്നു. പിന്നീടത് പുനഃസ്ഥാപിച്ചു, അങ്ങനെ പല പ്രശ്നങ്ങളും ഈ പദ്ധതിയിൽ നേരത്തേ ഉണ്ടായിട്ടുണ്ട്. ഓരോ പദ്ധതിയുടെയും അടങ്കൽ തുക വിശദമായി കൊടുത്തിട്ടുണ്ട്. ലോകബാങ്ക് ലീഡർക്കെതിരെ ഉദ്ദേശ്യംവച്ച് മനഃപൂർവ്വമായി ഒരു പരാമർശവും നടത്തിയിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചതാണ്, പക്ഷെ ഗവൺമെന്റിന് ഇതിൽ നേരിട്ട് ഉത്തരവാദിത്വമൊന്നുമില്ല. ഗവൺമെന്റിന് ഇതിൽ വലിയ കൺട്രോളൊന്നുമില്ല. അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. അത് വേണമെങ്കിൽ പ്രത്യേകം ചർച്ച ചെയ്യാം. ഇത് ലോക ബാങ്കിന്റെ പദ്ധതിയാണ്. അവർ പറയുന്ന കാര്യങ്ങൾ നമ്മൾ നടത്തുക എന്നുള്ളതാണ്. മന്ത്രിക്ക് നേരിട്ട് യാതൊരു ഉത്തരവാദിത്വവുമില്ല. എങ്കിലും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രമാദമായ രണ്ട് അഴിമതികൾ സംഭവിച്ചിട്ടുള്ളത് ഇപ്പോൾ കണ്ടു

പിടിച്ചിരിക്കുകയാണ്. ഒന്ന്, തൊടുപുഴ-പൊൻകുന്നം റൂട്ടിൽ 8000 മെട്രിക് ടൺ പാറപൊട്ടിക്കാൻ പറഞ്ഞിരുന്നപ്പോൾ 90000 മെട്രിക് ടൺ പാറപൊട്ടിച്ചു. 40 കോടി രൂപയുടെ അധികച്ചെലവാണ് വന്നത്. ഇതാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. ലോകബാങ്കല്ല, കേരളത്തിലെ ഉദ്യോഗസ്ഥരാണ് ഇത് ചെയ്തിരിക്കുന്നത്. പക്ഷേ ഇതെല്ലാം കാലാകാലങ്ങളിൽ അപ്രൂവ് ചെയ്തു എന്നുള്ളതാണ് പ്രശ്നം. തിരുവല്ല ബൈപ്പാസിന് ഇപ്പോൾ 30 കോടി രൂപയോളം അധികം വേണം. മന്ത്രികൂടിയായ അവിടത്തെ ജനപ്രതിനിധിക്ക് ഇത് വളരെ പ്രയാസമായിരിക്കുകയാണ്. തെറ്റായ തരത്തിലാണ് ഡി.പി.ആർ. തയ്യാറാക്കിയത്. അടിക്കുംതോറും താഴോട്ട് പോകുന്ന വലിയൊരു ചെളിക്കുണ്ടിലാണ് അത് ഉണ്ടാക്കിയിരിക്കുന്നത്. അത് ഇപ്പോൾ മാറ്റി സ്ഥാപിക്കുകയാണ്. ഈ രണ്ട് കേസാണ് പ്രധാനമായും വന്നത്. അതെല്ലാം ലോക ബാങ്ക് തന്നെ പരിശോധിക്കണമെന്നാണ് ഞാൻ പ്രസംഗത്തിൽ പറഞ്ഞത്. അതവർ പരിശോധിക്കണമെന്ന് ബഹുമാനപ്പെട്ട ലീഡറോട് നാല് തവണ പറഞ്ഞു. അങ്ങനെ പറഞ്ഞ കൂട്ടത്തിൽ ഒരു വാക്ക് ഉപയോഗിച്ചു, സാധാരണഗതിയിൽ കേരളത്തിൽ അത് പ്രശ്നമല്ല. പക്ഷേ അതിപ്പോൾ അമേരിക്കയിൽ പ്രയോഗിക്കുന്നില്ലെന്ന വിവരം ഗൾഫിൽനിന്നും എനിക്ക് കിട്ടി. അപ്പോൾത്തന്നെ ക്ഷമാപണം നടത്തി. സാധാരണ ക്ഷമാപണം നടത്തേണ്ട കുറ്റമൊന്നുമല്ല, നിയമം അത് അറ്റാച്ച് ചെയ്തിട്ടില്ല. പക്ഷേ അതല്ല പ്രശ്നം, അതൊക്കെ അവസാനിച്ചു. അതിന്റെ പേരിൽ ഇതെല്ലാം പിൻവലിക്കാൻ പോകുന്നു എന്നെല്ലാം പറയുന്നത്, ലോകബാങ്ക് അത്രയ്ക്ക് മോശപ്പെട്ട സംഘടനയാണോ, അല്ല, അങ്ങനെയുള്ള പ്രശ്നങ്ങളൊന്നുമുണ്ടായിട്ടില്ല, അങ്ങനെ അറിയിപ്പൊന്നും കിട്ടിയിട്ടില്ല. അങ്ങനെയുള്ള പ്രശ്നങ്ങളില്ലെന്ന് അറിയിക്കുകയാണ്. പക്ഷെ ഈ കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. തിരുവല്ല ബൈപ്പാസ്സ് ശരിയായി നിർമ്മിക്കാൻ തീരുമാനിച്ചാൽ കുറച്ച് പണം അധികമാകും, ഡി.പി.ആർ.-ന്റെ തകരാറുമൂലമാണ് അതിൽ വ്യത്യാസം വന്നിട്ടുള്ളത്. തലശ്ശേരി-വളവുപാറ റോഡുകൾ സംബന്ധിച്ചുള്ള ചോദ്യത്തിന് റോഡുകളുടെ കാര്യം പറഞ്ഞ കൂട്ടത്തിൽ ആ റോഡുകളുടെ കാര്യവും പറഞ്ഞിട്ടുണ്ട്. ആ റൂട്ട് റദ്ദ് ചെയ്യേണ്ടിവന്നു. അത് ഇപ്പോൾ ചെറിയ ചെറിയ പാക്കേജുകളായി നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ആ പ്രോഗ്രാം നടക്കുന്നുണ്ട്, പക്ഷേ ആദ്യത്തേതുപോലെയല്ല. കെ.എസ്.ടി.പി. പദ്ധതികളുമായി ബന്ധപ്പെട്ട് യാതൊരു ആശങ്കയുടെയും സാഹചര്യം നിലവിലില്ല. ഒരു പിൻവലിക്കലോ, റദ്ദ് ചെയ്യലോ ഗവൺമെന്റിന് മുമ്പാകെ വന്നിട്ടില്ല. അതിന്റെ ആവശ്യമുണ്ടായിട്ടില്ല. കുറച്ച് കാലതാമസം, 5-6 മാസത്തെ വ്യത്യാസമാണ് വന്നിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ആ വ്യത്യാസമുണ്ട്. ആ വ്യത്യാസം തുടരുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഞാൻ പ്രോജക്ട് ഡയറക്ടറോട് വിശദീകരണം

ചോദിച്ച, ഈ ഗവൺമെന്റിന്റെ കാലത്ത് യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ലെന്ന് ആ ഉദ്യോഗസ്ഥൻ മറുപടി നൽകി. പക്ഷെ ഈ രണ്ട് പ്രശ്നം കാരണം ആ പ്രോഗ്രാമിൽ മാറ്റംവന്നിട്ടുണ്ട്. കെ.എസ്.ടി.പി. പദ്ധതി മുന്നോട്ടുപോകും. ഇത് സൗജന്യ പദ്ധതിയാണെന്ന് ചില മാധ്യമങ്ങളെപ്പോലെ ആരും ധരിക്കരുത്. ഇത് സൗജന്യ പദ്ധതിയല്ല. നമ്മൾ തിരിച്ചടയ്ക്കേണ്ടതാണ്. 44% നമ്മുടെ പണമാണ്. ധാരാളം മേഖലകളിൽ കെ.എസ്.ടി.പി. പദ്ധതിയുണ്ട്. അതെല്ലാം നടക്കട്ടെ, ഗവൺമെന്റ് അംഗീകരിക്കുകയാണ്. ഗവൺമെന്റിന് അതിൽ യാതൊരു തരത്തിലുള്ള നിഷേധാത്മക സമീപനവുമില്ല. ലോക ബാങ്കിന്റെ എയ്ഡ് ചിലപ്പോൾ ഇനിയും വാങ്ങിയെന്നിരിക്കും. അതിൽ യാതൊരുവിധ ആശങ്കയുടെയും ആവശ്യമില്ല.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, കെ.എസ്.റ്റി.പി. പദ്ധതികൾ നടപ്പാക്കുന്നതിൽ കേരളത്തിന്റെ മെല്ലെപ്പോക്ക് കാരണം 300 കോടി രൂപ വെട്ടിക്കുറയ്ക്കുമെന്ന് ലോക ബാങ്ക് പറഞ്ഞപ്പോഴാണ് അങ്ങ് പറഞ്ഞത് ലോക ബാങ്കിന്റെ ധനസഹായമില്ലാതെതന്നെ ഇത് മുന്നോട്ടുപോകുമെന്ന്. ലോക ബാങ്കിന്റെ ധനസഹായമില്ലാതെ എങ്ങനെയാണ് സർക്കാരിന് റോഡ് പണികൾ പൂർത്തിയാക്കാൻ കഴിയുകയെന്ന് അങ്ങ് ചിന്തിച്ചിട്ടുണ്ടോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അത് കവി ഭാവനയാണ്. അദ്ദേഹം നന്നായി കവിതയെഴുതുന്നയാളാണെന്ന് എനിക്കറിയാം. ഞങ്ങൾ അങ്ങനെ പറഞ്ഞിട്ടില്ല. അങ്ങനെ പറയുന്ന പ്രശ്നമില്ല. ഗവൺമെന്റിനോട് ആലോചിക്കാതെ ലോൺ വേണ്ടെന്ന് പറയുമോ? ലോൺ വേണ്ടെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. കേരളം ആരുടെയും അടിമ സംസ്ഥാനമല്ലെന്നാണ് പറഞ്ഞത്. അത് ഇന്നും പറയും. ലോൺ എടുക്കുന്നതു കൊണ്ട് വേൾഡ് ബാങ്കിന്റെ നിബന്ധനകൾക്ക് വിരുദ്ധമായി വേൾഡ് ബാങ്കിന്റെ പ്രോജക്ടിൽ നടന്ന കാര്യങ്ങളാണ് പറഞ്ഞത്. എങ്ങനെയാണ് എണ്ണായിരം ക്യൂബിക് മീറ്റർ തൊണ്ണൂറ്റിയാറായിരമായത്. ആരാണ് സമാധാനം പറയേണ്ടത്? അന്വേഷിക്കാൻ വേൾഡ് ബാങ്കിനോടാണ് പറഞ്ഞത്. ഞാൻ വിജിലൻസിനെയൊന്നും വച്ചിട്ടില്ല. രണ്ടാമത്തെ കാര്യം, വേൾഡ് ബാങ്കിന്റെ പദ്ധതിക്ക് പണം വേണ്ടെന്ന് ആര് പറഞ്ഞു? അത് നടക്കുകയാണ്. അതൊന്നും വെട്ടിക്കുറച്ചിട്ടില്ല. പൊളിറ്റിക്കൽ ആങ്കിളിൽനിന്ന് പോലും പറയേണ്ട കാര്യമില്ല. കാരണം ഇത് കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും വേൾഡ് ബാങ്കും തമ്മിലുള്ള ട്രൈപാർട്ടി എഗ്രിമെന്റാണ്. ഞങ്ങൾ എഗ്രിമെന്റിൽനിന്ന് ഒപ്പ് പിൻവലിച്ചിട്ടില്ല. പിന്മാറുന്ന പ്രശ്നം ഉദിക്കുന്നില്ല.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, കെ.എസ്.റ്റി.പി. റോഡ് നിർമ്മാണ പദ്ധതിയുടെ മെല്ലെപ്പോക്ക് തടയാൻ കാര്യക്ഷമമായ എന്തെല്ലാം നടപടികളാണ് അങ്ങ് മന്ത്രിയായശേഷം കൈക്കൊണ്ടിട്ടുള്ളത്?

ശ്രീ. ജി. സുധാകരൻ: മെല്ലെപ്പോക്കെന്ന ഒരു പോക്കില്ല. പി.ഡബ്ല്യു.ഡി. നിർമ്മാണങ്ങൾ എങ്ങനെയാണ് നടക്കുന്നതെന്ന് ആർക്കാണ് അറിയാൻ പാടില്ലാത്തത്. ഞാൻ വന്നശേഷം കുറച്ച് മെച്ചപ്പെടുത്താൻ ശ്രമിച്ചു. വിജയിച്ചോ എന്ന് എനിക്കറിയില്ല. കുറച്ച് മാറിയിട്ടുണ്ടെന്നാണ് നിങ്ങൾതന്നെ പറയുന്നത്. കുറച്ചൊക്കെ മാറണം. കേരളത്തിൽ പ്രൊഫഷണലായിട്ടുള്ളവർ കുറവാണ്. പ്രൊഫഷണലായി ചെയ്താലേ ശരിയാകൂ. സാവകാശങ്ങളും മാറ്റങ്ങളും വരുന്നു. പരിസ്ഥിതിപ്രശ്നം വരുമ്പോൾ നാട്ടുകാരും മുനിസിപ്പാലിറ്റിയും പ്രശ്നമുണ്ടാക്കുന്നു. എഞ്ചിനീയർമാരുടെ പ്രത്യേക സ്വഭാവം, അതുപോലെതന്നെ വേൾഡ് ബാങ്കിന്റെ കൺസൾട്ടന്റ്സായ കുറച്ച് ആളുകളുണ്ട്. അവർ നമ്മുടെ പരിചയക്കാരോ നമുക്ക് കൺട്രോളോ ഉള്ളവരല്ല. ടെൻഡറെല്ലാം ആഗോള തലത്തിലാണ്. ഫയൽ വേൾഡ് ബാങ്കിലുമാണ്. പുനലൂർ മുതലുള്ള റോഡ് നിർമ്മാണം നടക്കാത്തതിനുകാരണം വേൾഡ് ബാങ്കിന്റെ അപ്രൂവൽ കിട്ടാത്തതുകൊണ്ടാണ്. അപ്രൂവലിനുവേണ്ടി കൊടുത്തിരിക്കുകയാണ്. നടപ്പാകുമെന്നാണ് ഇപ്പോൾ അറിയുന്നത്. നമ്മുടെ ആരുടെയും കുറ്റമല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തോ അല്ലെങ്കിൽ അതിനുമുമ്പോ പോയിട്ടുള്ളതാണ്. അതുകൊണ്ട് കാര്യങ്ങൾ മനസ്സിലാക്കി എല്ലാവരും പ്രതികരിക്കുക. വേൾഡ് ബാങ്കിന്റെ സഹായം ആവശ്യമില്ലെന്ന് പറഞ്ഞിട്ടില്ല. ഒരു മെല്ലെപ്പോക്കുമില്ല. ഞാൻ പതുക്കെ നടക്കുന്ന ആളല്ല. സാമാന്യം വേഗത്തിലാണ് നടക്കുന്നത്. ഭരണനടപടികൾ വേഗത്തിലാകണമെന്ന് അഭിപ്രായമുള്ളയാളും അതിനെതിരായി സെക്രട്ടേറിയറ്റിൽ നീക്കമുണ്ടായാൽ എതിർക്കുന്ന ആളുമാണ് ഞാൻ. പരസ്യമായി പറയാറുണ്ട്. അവരോടുള്ള വിരോധം കൊണ്ടല്ല. നമ്മുടെ അഭിപ്രായം അതാണ്. പദ്ധതിക്കകത്തുള്ള ചില പ്രത്യേകതകൊണ്ട് ചില പ്രശ്നമുണ്ടായി. അത് പരിഹരിക്കാനുള്ള നീക്കത്തിലാണ്. ഞാൻ തന്നെ അഞ്ച് യോഗം വിളിക്കുകയും ടീം ലീഡറുമായി നാല് കോൺഫറൻസ് നടത്തുകയും ചെയ്തു. അദ്ദേഹം വളരെ നല്ല ആളാണ്. ഞാൻ അമേരിക്കൻ ലിറ്ററേച്ചർ ഓപ്ഷനായി പഠിച്ചതുകൊണ്ട് അതെല്ലാം അദ്ദേഹത്തെ പറഞ്ഞുകേൾപ്പിച്ചു. അതിലെ പല കാര്യങ്ങളും അദ്ദേഹം വായിച്ചിട്ടു പോലുമില്ല. അദ്ദേഹത്തെ ഞാൻ വായിച്ചു കേൾപ്പിച്ചു. അദ്ദേഹം വളരെ സന്തോഷ ത്തോടെയാണ് പോയത്. യാതൊരു പ്രശ്നവുമില്ല. എന്നാൽ കുറച്ചുകൂടി വേഗത്തിൽ നടത്തേണ്ടതായിരുന്നു. വേഗത്തിൽ നടത്താനുള്ള തീരുമാനമെടുത്ത് നീങ്ങികൊണ്ടിരിക്കുകയാണ്. 2017 ഡിസംബറിൽ ഭൂരിപക്ഷം പ്രോജക്ടും തീരും. ഒന്നുരണ്ട് പ്രോജക്ടുകൾ 2018-ലേ പൂർത്തിയാകുകയുള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കെ.എസ്.റ്റി.പി. റോഡുകൾക്ക് നേരത്തെ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ ചില നടപടികൾ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. സോളാർ സ്ട്രീറ്റ് ലൈറ്റ് 50 മീറ്റർ ഇടവിട്ട് വയ്ക്കണമെന്നായിരുന്നു നിർദ്ദേശിച്ചിരുന്നതെങ്കിലും പലയിടത്തും അത് ചെയ്തിട്ടില്ല. പ്രസ്തുത റോഡിന് കണക്റ്റഡായി വരുന്ന ബൈറോഡുകൾ

താഴ്ന്നാണ് നിൽക്കുന്നത്. കെ.എസ്.റ്റി.പി. റോഡുകൾ ഉയരത്തിലുമാണ്. 40 മീറ്റർ വരെ ചെയ്യണമെന്നാണ് നിബന്ധനയിലുള്ളതെങ്കിലും അത് ചെയ്യുന്നില്ല. നിബന്ധന വയ്ക്കാതിരുന്നപ്പോൾ കെ.എസ്.റ്റി.പി.-യിലെ ഉദ്യോഗസ്ഥരുമായി സംസാരിക്കുന്നതിന് ഞങ്ങൾ വിളിച്ചു. അവിടെ പ്രോജക്ട് ഡയറക്ടർ വരാറേയില്ല. അങ്ങുതന്നെ പറഞ്ഞ ഗവൺമെന്റ് പോളിസിയുണ്ട്, സോഷ്യൽ ആഡിറ്റ്. സോഷ്യൽ ആഡിറ്റിന് വരണ്ടേ? ആരും തിരിഞ്ഞുനോക്കുന്നില്ല. പ്രോജക്ട് ഡയറക്ടർ ആരാണെന്നുപോലും എനിക്കറിയില്ല. ഈ ഗ്യാലറിയിൽ എവിടെയെങ്കിലുമുണ്ടാകും. പ്രോജക്ട് ഡയറക്ടറെ വിളിച്ചിരുത്തി ഇക്കാര്യങ്ങൾ ബോധ്യപ്പെടുത്തി കാര്യങ്ങൾ മെച്ചപ്പെടുത്തി പോകുന്നതിനുവേണ്ടിയുള്ള പരിശ്രമം നടക്കുമ്പോഴും അതിനോട് സഹകരിക്കാത്ത അവസ്ഥയാണുള്ളത്. അതുകൊണ്ട് അങ്ങ് വേഗത്തിൽ ഇക്കാര്യത്തിൽ interfere ചെയ്യണം. ഇതുപോലെയുള്ള നടപടികൾ ഒഴിവാക്കണം. അത് വേഗം പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തണം.

മി. സ്പീക്കർ: ചോദ്യം എന്താണ്?

ശ്രീ. ജി. സുധാകരൻ: ചോദ്യം വേഗത്തിൽ നടത്തണമെന്നുള്ളതാണ്. അങ്ങ് പറഞ്ഞ കെ.എസ്.റ്റി.പി.യുടെ കാര്യത്തോട് ഞാൻ യോജിക്കുകയാണ്. എനിക്കും ഈ അഭിപ്രായമുണ്ട്. ഞാനൊട്ടും satisfied അല്ല. എന്റെ റോഡാണെങ്കിൽ എനിക്ക് ഇടപെടാം. പ്ലാസ്റ്റിക്കോ ജിയോടെക്സ്റ്റൈലോ അവിടെ കൊടുക്കാൻ കഴിയില്ല. ആ പ്രോജക്ട് അങ്ങനെയാണ്. ഒരു സൗന്ദര്യബോധവുമില്ല. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ മൂവായിരത്തോളം പരാതികൾ വന്നു. മതിൽ ഇടിച്ചുകളയുന്നതും ഏറ്റെടുക്കേണ്ട സ്ഥലത്തിനുപകരം മറ്റൊരു സ്ഥലമെടുക്കുന്നതും തുടങ്ങി നിരവധി പരാതികൾ വന്നു. അതെല്ലാം പരിശോധിച്ച് തീർപ്പുകൽപ്പിക്കാനുള്ള തീക്ഷ്ണമായ മിഷൻ ആ പ്രോജക്ടിലില്ല. ആ പ്രോജക്ട് വളരെ ലിബറലാണ്. പല കുഴപ്പങ്ങളുമുണ്ടാകുന്നുണ്ട്. മലയാള മനോരമയിൽ ആദ്യം വാർത്ത വന്നു, ഇക്കണോമിക് ടൈംസ് അത് അംഗീകരിച്ചു. അമേരിക്കൻ ഡിപ്പാർട്ട്മെന്റ് ഓഫ് ജസ്റ്റിസ് പറഞ്ഞിരിക്കുകയാണ്, ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപന നിർമ്മാണത്തിന് അമേരിക്കൻ കമ്പനികൾ കൈക്കൂലി കൊടുക്കുന്നു. ഞാൻ വേൾഡ് ബാങ്ക് കൈക്കൂലി വാങ്ങിയെന്നല്ല പറഞ്ഞത്. കേരളത്തിലെ ഉദ്യോഗസ്ഥർ അപാകത കാണിച്ചെന്നാണ്. ഞാൻ ഇത്രത്തോളം പോയില്ല. എനിക്കെതിരെ നിന്നവരെല്ലാം ദയവായി ഇത് മനസ്സിലാക്കണം. ഉദ്യോഗസ്ഥരാണ് കുറ്റം കാണിച്ചത്. അമേരിക്കൻ ഡിപ്പാർട്ട്മെന്റ് ഓഫ് ജസ്റ്റീസ് പറയുകയാണ്, 6.7 കോടി രൂപ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിലെ ഉദ്യോഗസ്ഥർക്ക് കോഴ കൊടുത്തിരിക്കുന്നു. കെ.എസ്.റ്റി.പി.-യെപ്പറ്റി അവർ പറഞ്ഞില്ല. ഞാൻ നേരത്തെ പറഞ്ഞ രണ്ട് പ്രശ്നങ്ങൾ എങ്ങനെ സംഭവിച്ചുവെന്ന് പരിശോധിച്ചാൽ കേരളത്തിലെ ആരെങ്കിലും ഇതിൽ പങ്കാളികളായിരുന്നോ എന്ന സംശയം എനിക്കുണ്ട്. അതിനെപ്പറ്റി

നീക്കങ്ങൾ നടത്തിയിട്ടില്ല. സി.ഡി.എം. സ്മിത്ത് എന്ന കൈക്കൂലി കൊടുത്ത കമ്പനിയുടെ ചെയർമാൻ സ്റ്റീഫൻ. ജെ. ഹൈകോക്ക്സ് പറയുന്ന " any breach of this values or improper business activities is scandalous to our culture and will not be tolerable." കമ്പനിയുടെ ചെയർമാൻപോലും അറിയാതെ നടക്കുകയാണ്. മൂന്നാം ലോക രാജ്യങ്ങളിലെ വികസന പ്രവർത്തനങ്ങളിൽ ദുർബലരായ ഇന്ത്യയിലെ പ്രൊഫഷണൽസിനെ കാശുകൊടുത്ത് വാങ്ങാമെന്ന് ഇന്റർനാഷണൽ ഏജൻസിയുടെ നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട ലേഖനങ്ങളിൽ ഞാൻ വായിച്ചിട്ടുണ്ട്. എന്റെ കയ്യിലുള്ളത് ഇക്കണോമിക് ടൈംസാണ്. ഇത്തരം പ്രശ്നങ്ങളുള്ളപ്പോൾ നമ്മൾ മനസ്സിലാക്കണം ഇത്തരം പ്രോജക്ട് വേണ്ടെന്ന് പറയാൻ കഴിയില്ല. അവർ പറയുന്ന ഉദ്യോഗസ്ഥരെ കൊടുക്കാം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് അന്വേഷിച്ചാൽ അറിയാം, ഏറ്റവും നല്ല ചെറുപ്പക്കാരനായ ഐ.എ.എസ്. ഓഫീസറാണ് പ്രോജക്ട് ഡയറക്ടർ. അദ്ദേഹം കൃത്യമായി സംസാരിക്കുകയും കൃത്യമായ റിപ്പോർട്ട് തരികയും ചെയ്തു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പറയുന്നത്, ഇത് നല്ല നിലയിൽ അവസാനിക്കും. നമുക്ക് ഇടപെടാം. കോട്ടയത്ത് വന്ന് ചർച്ച ചെയ്യാം. എല്ലായിടത്തും ചർച്ച ചെയ്യാം. നമ്മുടെ കുറച്ച് എഞ്ചിനീയർമാരുണ്ട്, അവരെ നിലയ്ക്കുനിർത്താൻ നോക്കാം. ഇപ്പോൾ ഒരു ചീഫ് എഞ്ചിനീയറുണ്ട്. കുഴപ്പമൊന്നും വന്നിട്ടില്ല. കെ.എസ്.റ്റി.പി. പദ്ധതിയിലെ പ്രോജക്ടിൽ ഇൻഹെറന്റായ വീക്ക്നെസ്സ് ഉള്ളതുകൊണ്ട് പ്രശ്നമുണ്ട്. പ്രോജക്ട് വേണ്ടെന്ന് പറയാൻ കഴിയില്ല. ഇതെല്ലാം വേൾഡ് ബാങ്കിനോട് പറയാൻ പോവുകയാണ്. നിങ്ങൾ സ്ഥിരമായി ഒരാളെ കേരളത്തിൽ നിർത്തു. അദ്ദേഹം അത് പരിശോധിക്കട്ടെ. മലയാളികൾ വേണ്ടെന്ന് പറഞ്ഞെങ്കിലും അവരുടെ സ്കീമിൽ അതില്ല. നന്നായി പ്രവർത്തിക്കാനുള്ള എല്ലാ കാര്യങ്ങളും ചെയ്യുകയാണ്. സഹിക്കാൻ കഴിയാത്ത രണ്ട് അഴിമതികൾ ജനങ്ങളുടെ മുന്നിൽ പറഞ്ഞുവെന്നേയുള്ളൂ. നടപടിയൊന്നും എടുത്തിട്ടില്ല. വേൾഡ് ബാങ്കിനോട് പരിശോധിക്കാൻ പറഞ്ഞി രിക്കുകയാണ്. ദയവായി ഈ കാര്യത്തിൽ വേൾഡ് ബാങ്കിനോ നമ്മുടെ പദ്ധതിക്കോ കുഴപ്പമുണ്ടാക്കുന്ന ഒരു ചർച്ചയുമുണ്ടാകരുതെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. അനൂപ് ജേക്കബ്: സർ, എം. സി. റോഡിൽ കുറവിലങ്ങാട്, കൂത്താട്ടുകുളം, മൂവാറ്റുപുഴ സ്ട്രക്ച്ചറിൽ മുൻപ് സ്പീഡിൽ പോകുന്ന വാഹനങ്ങൾ മാത്രമാണ് അപകടത്തിൽപ്പെട്ടുകൊണ്ടിരുന്നത്. കെ.എസ്.റ്റി.പി.-യുടെ റോഡ് നിർമ്മാണം പൂർത്തിയായപ്പോൾ സ്പീഡിൽ പോകുന്ന വാഹനങ്ങളും മെല്ലെപ്പോകുന്ന വാഹനങ്ങളും ഒരുപോലെ അപകടത്തിൽപ്പെടുകയാണ്. അശാസ്ത്രീയമായ നിലയിലാണ് റോഡ് നിർമ്മിച്ചിരിക്കുന്നത്. പലയിടത്തും ഏറ്റെടുത്ത സ്ഥലങ്ങളിൽപ്പോലും റോഡ് നിർമ്മിച്ചിട്ടില്ല. വളവുകൾ പലതും അപാകത നിറഞ്ഞതാണ്. ഒറ്റമഴയത്ത് തന്നെ പലയിടത്തും വെള്ളക്കെട്ടുണ്ടാകുന്നു. എന്റെ നിയോജകമണ്ഡലത്തിലെ കൂത്താട്ടുകുളത്ത്

ഒരിക്കൽപ്പോലും വെള്ളക്കെട്ടുണ്ടാകുന്നതല്ല. കെ.എസ്.റ്റി.പി.-യുടെ റോഡ് നിർമ്മാണം പൂർത്തിയായതോടെ ഒരു മഴ പെയ്തുകഴിഞ്ഞാൽ ജംഗ്ഷൻ പുഴ പോലെയായി മാറുകയാണ്. ഇത്തരത്തിലുള്ള അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ജി. സുധാകരൻ: തീർച്ചയായും. അങ്ങ് പറഞ്ഞ പ്രശ്നത്തിൽ അങ്ങയുടെ കത്തിന്മേൽ ഞാൻ ഇടപെട്ടതാണ്. അതിന് പരിഹാരമുണ്ടാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. രണ്ട് കാര്യം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഒന്ന്, കെ.എസ്.റ്റി.പി. പദ്ധതിയിൽ ധാരാളം ആക്ഷേപങ്ങൾ ജനങ്ങളിൽനിന്നും എം.എൽ.എ.-മാരിൽ നിന്നുമുണ്ടായിട്ടുണ്ട്. അത് പദ്ധതിയുടെ കുഴപ്പംകൊണ്ടല്ല. പദ്ധതി നടപ്പാക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളാണ്. ആ പ്രശ്നങ്ങൾ എവിടെയൊക്കെയാണെന്ന് അതാതിടങ്ങളിലുള്ള ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് കണ്ടെത്തി അഡ്മിനിസ്ട്രേറ്റീവ് ആഡിറ്റും കൺസ്ട്രക്ഷൻ ആഡിറ്റും നടത്തി വ്യക്തമായ തീരുമാനങ്ങളെടുക്കുകയും ആവശ്യമാണെങ്കിൽ നടപടിയുമെടുക്കും. ഒരു ചീഫ് എഞ്ചിനീയറെ കെ.എസ്.റ്റി.പി.-യിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. അയാളുടെ കുറ്റത്തിനല്ല, അയാളുടെ മുൻഗാമികൾ കാണിച്ച കുറ്റങ്ങൾ ഒളിച്ചുവച്ചതിന്. മുൻഗാമികളെയും പിടിക്കാൻ പോവുകയാണ്. പെൻഷൻ പറ്റിയാലും പിടികൂടുമെന്നത് ഉറപ്പായ കാര്യമാണ്. പെൻഷൻ പറ്റിയാലും കണ്ടെത്തുകയും ഗവൺമെന്റ് തീരുമാനമെടുക്കുകയും ചെയ്യും. ഇത്രയും പറഞ്ഞുകൊണ്ട് മറുപടി അവസാനിപ്പിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി

6(*94) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി.ബൽറാം :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിക്ക് തുടക്കംകുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിവരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. പൊതുവിദ്യാഭ്യാസം സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

1. ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക.

2. ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.

3. എൽ.പി., യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വവിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.

4. 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകുക, ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകുക, അടുത്ത 2 വർഷംകൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഓരോ ജില്ലയിലും 5 സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

   പൂർണ്ണമായും ശിശുകേന്ദ്രീകൃതമായുള്ള അദ്ധ്യാപനരീതിക്ക് ഊന്നൽ നൽകിക്കൊണ്ട് എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും പഠനത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്ന ഒരു 'യൂണിവേഴ്സൽ ഡിസൈൻ ഓഫ് ലേണിംഗി'ന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപന പരിശീലന പദ്ധതികൾകൂടി ഉൾപ്പെടുത്തി വിവരസാങ്കേതികാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി വിനിമയ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും പാഠ്യപദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കാത്ത പ്രശ്നം പരിഹരിക്കുന്നതിനായി പാഠ്യപദ്ധതിയിൽ ആവശ്യമായ മെച്ചപ്പെടുത്തലുകളും അദ്ധ്യാപക ശാക്തീകരണ പ്രവർത്തനങ്ങളും ഉൾപ്പെടെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിൽവരുത്തുകയും ഇപ്രകാരം അദ്ധ്യാപന-അദ്ധ്യയന തലങ്ങളിൽ സമഗ്രമായ മാറ്റം വരുത്തുന്നതോടൊപ്പം കുട്ടികളുടെ നൈസർഗ്ഗിക കഴിവുകൾക്ക് പ്രോത്സാഹനം നൽകുന്ന വിധത്തിലുള്ള പദ്ധതികളും പൊതുവിദ്യാഭ്യാസ യജ്ഞം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള കുറവുകൾ പരിഹരിക്കുന്നതിന് വേണ്ടി മതനിരപേക്ഷ ജനാധിപത്യ ജനകീയ സമീപനരീതി ഉൾക്കൊണ്ടുകൊണ്ട് പൊതുവിദ്യാഭ്യാസരംഗം ആധുനികവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം'. പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

- പൂർണ്ണമായും ശിശുകേന്ദ്രീകൃതമാക്കി അങ്കണവാടി, പ്രീ-പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥി സമീപന രീതി (പഠനരീതി) ആധുനികമായി പരിഷ്കരിക്കുകയും അതിനനുസരിച്ച് അദ്ധ്യാപക പരിശീലനം സംഘടിപ്പിക്കുകയും അഞ്ചുവയസ്സുവരെ കുട്ടി ആർജ്ജിക്കേണ്ട കാര്യങ്ങൾ ആർജ്ജിച്ചു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
- 1 മുതൽ 12 വരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും കഴിവുകളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.

  (എ) പഠന വിഷയങ്ങളിലെ ആശയദൃഢത, കണക്ക്, സയൻസ്, ഐ.ടി. വിഷയങ്ങളിലെ കുട്ടിയുടെ ധാരണയും കഴിവും.

  (ബി) പാഠ്യേതര വിഷയങ്ങളിലെ വൈവിദ്ധ്യവും ആർജ്ജവവും.

  (സി) സാമൂഹ്യരംഗത്തെ ധാരണ, പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ

  (ഡി) ഭാഷാജ്ഞാനം, കമ്യൂണിക്കേഷൻ സ്കിൽ, ചുരുങ്ങിയത് 3 ഭാഷകളെങ്കിലും ഉപയോഗിക്കുവാൻ കഴിവ് ഉണ്ടാക്കുക.

  (ഇ) കുട്ടികളിൽ ആരോഗ്യപരമായ അവസ്ഥ സൃഷ്ടിക്കുക.

- കുട്ടിയുടെ കഴിവ് കേവലം വിഷയ പഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കുകവഴി യഥാർത്ഥ വിദ്യാഭ്യാസം ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുക.
- അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ എത്തിക്കുക.
- ഉന്നതനിലവാരത്തിലെ അദ്ധ്യാപനം ഉറപ്പാക്കത്തക്ക രീതിയിൽ അദ്ധ്യാപക പരിശീലനം ഉറപ്പുവരുത്തുക.
- പാഠ്യേതര പഠനം ഉയർത്തുന്നതിനാവശ്യമായ ഭൗതിക, മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.

- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിനും മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തി എടുക്കുന്നതിനും ഉതകുക.
- മദ്യപാനം, മയക്കുമരുന്ന് ഉപയോഗം എന്നിവ പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക വഴി സംസ്കാരസമ്പന്നമായ ഒരു പുതിയ തലമുറയെ വാർത്തെടുക്കുക.
- പ്ലാസ്റ്റിക് മുക്ത-കീടനാശിനി മുക്ത-ലഹരി മുക്ത കാമ്പസുകൾ സൃഷ്ടിക്കുക
- “ ക്യാമ്പസ് തന്നെ പാഠപുസ്തകം” എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുക്കുകവഴി പ്രകൃതിക്കിണങ്ങിയ 10000 മാതൃകാ തുരുത്തുകൾ കേരളത്തിൽ സൃഷ്ടിക്കുക.
- സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ നേടുക.
- അനന്യമായൊരു ജനകീയ വിദ്യാഭ്യാസ മാതൃക കേരളത്തിൽ സൃഷ്ടിക്കുക.
- വിദ്യാഭ്യാസത്തിന്റെ സമസ്ത തലങ്ങളിലും അന്താരാഷ്ട്ര മാതൃക വികസിപ്പിക്കുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകി മുഖ്യധാരയിലെത്തിക്കുക.
- വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണം അർത്ഥപൂർണ്ണമാക്കുക.
- വോട്ടവകാശം ലഭിക്കുമ്പോൾതന്നെ തൊഴിലെടുക്കുവാനുള്ള കഴിവ് വികസിപ്പിക്കുവാൻ ലക്ഷ്യമിട്ട് സ്കിൽ ഡെവലപ്മെന്റ് പരിപാടി സമഗ്രമാക്കുകവഴി കുട്ടികളിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ പ്രാപ്തരാക്കുക.
- സ്കൂൾ വായനശാലകളും ലാബറട്ടറികളും ആധുനികവൽക്കരിക്കുക വഴി കുട്ടികളുടെ പഠനനിലവാരം ഉയർത്തുക.
- സ്കൂൾ കുട്ടികൾക്ക് കൗൺസലിംഗ് സൗകര്യങ്ങൾ ഉണ്ടാക്കുക.
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ ജനകീയ സംവിധാനങ്ങൾ ഒരുക്കുക.

(സി) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിന് ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 37 സ്കൂളുകൾക്ക് പദ്ധതി നിർവ്വഹണത്തിനായുള്ള ഭരണാനുമതിയും 'കിഫ്ബി' ധനസഹായത്തിനുള്ള അനുമതിയും ലഭ്യമായിട്ടുണ്ട്. അപ്രകാരം പദ്ധതി നിർവ്വഹണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി അംഗീകൃത ഏജൻസികളിൽനിന്നും EoI (Expression of Interest) ക്ഷണിച്ചിട്ടുണ്ട്. കൂടാതെ അടുത്ത ഘട്ടത്തിൽ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തപ്പെടുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള 76 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ധനസഹായത്തിനായി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിലുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനംനൽകുക എന്ന രണ്ടാമത്തെ ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ ഐടി@സ്കൂൾ മുഖേന പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി 2016-17 അദ്ധ്യയന വർഷം ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ നാല് അസംബ്ലി നിയോജക മണ്ഡലങ്ങളിലെ സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതിയുടെ പ്രവർത്തനങ്ങൾ പൈലറ്റായി ആരംഭിക്കുകയും അവ നടപ്പിലാക്കുകയും ചെയ്തു. ബാക്കിയുള്ള 136 അസംബ്ലി നിയോജകമണ്ഡലങ്ങളിലെ സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

മൂന്നാമത്തെ ഉപഘടകമായ എൽ.പി., യു.പി. ക്ലാസുകളുടെ പ്രസക്തി വീണ്ടെടുക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായുള്ള സ്കൂൾ തെരഞ്ഞെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നതിനുള്ള സ്കൂൾ തെരഞ്ഞെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലായി 1200 സ്കൂളുകളിൽ 300 ലക്ഷം രൂപ വിനിയോഗിച്ച് ജൈവവൈവിദ്ധ്യ ഉദ്യാനം സ്ഥാപിക്കുന്നതിനും ഏഴുകോടി രൂപ വിനിയോഗിച്ച് 14 ഓട്ടിസം പാർക്കുകൾ സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ജൈവവൈവിദ്ധ്യ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടിയുടെ ആദ്യഘട്ടമായി 761 സ്കൂളുകൾക്ക് 10,000 രൂപവീതം അനുവദിച്ചു. അക്കാദമിക രംഗത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

- ഒന്നുമുതൽ 12 വരെ ക്ലാസുകളിലെ കുട്ടികളുടെ പഠന പ്രയാസങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി ബേസ് ലൈൻ അച്ചീവ്മെന്റ് സർവ്വേ നടത്തി. പ്രയാസകരമായ മേഖലകൾ കണ്ടെത്തി പരിഹാര ബോധനത്തിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി.

- നിരന്തര മൂല്യനിർണ്ണയം ശക്തിപ്പെടുത്തുന്നതിനും ശിശുകേന്ദ്രീകൃത വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുമായി മുഴുവൻ അദ്ധ്യാപകർക്കും പരിശീലനം നൽകി.
- സൂക്ഷ്മതല പാഠാസൂത്രണവും അനുബന്ധ സാമഗ്രികളും ഡിജിറ്റൽ വിഭവങ്ങളും എല്ലാ ക്ലാസ്സുകളിലെയും എല്ലാ അദ്ധ്യാപകർക്കും ലഭ്യമാക്കുന്നതിനായി ഐറ്റി @സ്കൂളുമായി ചേർന്ന് സമഗ്ര പോർട്ടൽ ആരംഭിച്ചു.
- മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ കൂടുതൽ ജനാധിപത്യവൽക്കരിക്കുന്നതിന്റെ ഭാഗമായി 'ചോദ്യജാലകം' എന്ന സോഫ്റ്റ്‌വെയർ തുടങ്ങി എല്ലാ അദ്ധ്യാപകർക്കും ചോദ്യങ്ങൾ അപ്‌ലോഡ് ചെയ്യാനുള്ള സംവിധാനം ഒരുക്കി.
- ഇംഗ്ലീഷ് ഭാഷാപഠനത്തിന് പ്രാധാന്യം നൽകുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാതല ഇംഗ്ലീഷ് പഠന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

**റോഡിന്റെ ഇരുവശങ്ങളിലും തണൽമരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് പദ്ധതി**

7 (*95) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. എം. ഷാജി :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് സോഷ്യൽ ഫോറസ്ട്രി വകുപ്പുമായി ചേർന്ന് റോഡിന്റെ ഇരുവശങ്ങളിലും തണൽമരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇത്തരത്തിൽ വച്ചുപിടിപ്പിക്കുന്ന തണൽമരങ്ങൾ അതിജീവിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; കണ്ടെത്തൽ വിശദമാക്കാമോ;

(സി) അടിയന്തര സാഹചര്യത്തിലല്ലാതെ തണൽമരങ്ങൾ മുറിച്ചുമാറ്റുന്നത് തടയുന്നതിന് കർശന നിർദ്ദേശം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പൊതുമരാമത്ത് വകുപ്പ് സോഷ്യൽ ഫോറസ്ട്രി വകുപ്പുമായി ചേർന്ന് റോഡിന്റെ ഇരുവശങ്ങളിലും തണൽമരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടില്ല. എന്നാൽ കോട്ടയം ഡിവിഷന്റെ കീഴിലുള്ള എം.സി. റോഡിൽ കി.മി 149/000 മുതൽ 151/000 വരെയുള്ള ഭാഗത്ത് സോഷ്യൽ ഫോറസ്ട്രി 56 മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ ഡിവിഷനുകീഴിൽ വരുന്ന വെള്ളൂർ-പാടിയോട്ടുംചാൽ- പുളിങ്ങോം എന്ന റോഡിൽ 2017 ജൂൺ 5 പരിസ്ഥിതി ദിനത്തിൽ 500 വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. കെ.ആർ.എഫ്.ബി., കെ.എസ്.റ്റി.പി. റോഡുകളിൽ ബന്ധപ്പെട്ട കൺസഷണർമാർ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നുണ്ട്.

(ബി) ഇത്തരത്തിൽ വച്ചുപിടിപ്പിക്കുന്ന മരങ്ങളുടെ പരിപാലനം സോഷ്യൽ ഫോറസ്ട്രി വകുപ്പാണ് നടപ്പിലാക്കിവരുന്നത്. കെ.ആർ.എഫ്.ബി., കെ.എസ്.റ്റി.പി. റോഡുകളിൽ കരാറുകാർ തന്നെയാണ് മരങ്ങളുടെ പരിപാലനം നടത്തുന്നത്.

(സി) അടിയന്തര സാഹചര്യത്തിലല്ലാതെ റോഡ് വിപുലീകരണത്തിനും മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി വനം വകുപ്പിന്റെ (സോഷ്യൽ ഫോറസ്ട്രി) അനുവാദത്തോടും നിബന്ധനകളുടെയും അടിസ്ഥാനത്തിൽ മാത്രമാണ് മരങ്ങൾ മുറിച്ചുമാറ്റുന്നത്.

## ആധുനിക സാങ്കേതികവിദ്യക്കനുസൃതമായി രജിസ്ട്രേഷൻ വകുപ്പിന്റെ പുനഃസംഘടന

8 (*96) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സാങ്കേതികവിദ്യകൾ കൈകാര്യം ചെയ്യാൻ തക്കവിധം രജിസ്ട്രേഷൻ വകുപ്പിനെ കാര്യക്ഷമവും കുറ്റമറ്റതുമായ വിധത്തിൽ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സമ്പൂർണ്ണ ഡിജിറ്റൈസേഷൻ, ഇ-സ്റ്റാംപിംഗ്, ഇ-പേയ്മെന്റ് എന്നീ സംവിധാനങ്ങൾ നടപ്പാക്കാൻ തക്ക സാങ്കേതിക വൈദഗ്ദ്ധ്യം ജീവനക്കാർക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇ-പേയ്മെന്റ് മുഖാന്തരം വസൂലാക്കിയ രജിസ്ട്രേഷൻ ഫീസ് മടങ്ങിപ്പോയതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ആധുനിക സാങ്കേതികവിദ്യകൾ കൈകാര്യം ചെയ്യാൻ തക്കവിധം രജിസ്ട്രേഷൻ വകുപ്പിനെ കാര്യക്ഷമവും കുറ്റമറ്റതുമാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) രജിസ്ട്രേഷൻ വകുപ്പിലെ ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും ഡിജിറ്റലൈസേഷൻ, ഇ-സ്റ്റാമ്പിംഗ്, ഇ-പേയ്മെന്റ് എന്നീ സംവിധാനങ്ങൾ നടപ്പാക്കാൻ തക്കവിധത്തിൽ സാങ്കേതികവൈദഗ്ദ്ധ്യം നേടുന്നതിനായി വകുപ്പുതലത്തിൽ പരിശീലന പരിപാടികൾ നടത്തിവരുന്നു.

(സി) ഉണ്ട്. തിരുവനന്തപുരം ജില്ലയിലെ പട്ടം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർചെയ്ത 966-ാം നമ്പർ ആധാരത്തിന്റെ രജിസ്ട്രേഷൻ ഫീസിനത്തിലുള്ള 7,24,070 രൂപ (ഏഴ് ലക്ഷത്തി ഇരുപത്തിനാലായിരത്തി എഴുപത് രൂപ മാത്രം) നെറ്റ്ബാങ്കിംഗ് മുഖേന ഒടുക്കിയതായി കാണിച്ചുകൊണ്ട് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിരുന്നു. ടി തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിൽനിന്നും കുറവ് ചെയ്ത് കാണുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് എൻ.ഐ.സി.-യുമായി ബന്ധപ്പെട്ട് ടി തുക അക്കൗണ്ടിൽനിന്നും കുറവ്ചെയ്യുകയും രജിസ്ട്രേഷൻ നടപടികൾ സാധൂകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ 8 സബ് രജിസ്ട്രാർ ഓഫീസുകളിലായി രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ നെറ്റ്ബാങ്കിംഗ് സംവിധാനം വഴി ഒടുക്കിയ 1,02,819 രൂപ (ഒരു ലക്ഷത്തി രണ്ടായിരത്തി എണ്ണൂറ്റി പത്തൊൻപത് രൂപ മാത്രം) സർക്കാർ ഖജനാവിൽ വരവുവയ്ക്കാത്ത കാര്യം ശ്രദ്ധയിൽപ്പെടുകയും ആയത് എൻ.ഐ.സി.-യുടെ സഹായത്തോടെ ബന്ധപ്പെട്ട കക്ഷികളിൽനിന്നും സർക്കാരിലേയ്ക്ക് ഈടാക്കുകയും ചെയ്തിട്ടുണ്ട്.

## വിദ്യാർത്ഥികളുടെ ജനാധിപത്യ സംഘടനാ പ്രവർത്തനം നിയമവിധേയമാക്കുന്നതിന് നടപടി

9 (*97) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ ജനാധിപത്യവേദികൾ ചില നിക്ഷിപ്ത താത്പര്യത്തോടെ നിരോധിച്ചത് വിദ്യാർത്ഥികളിൽ ജനാധിപത്യബോധത്തിന്റെ സ്ഥാനത്ത് ജാതി, മത, സങ്കുചിത, വിഭാഗീയ മനോഭാവം ഉടലെടുക്കുന്നതിന് കളമൊരുക്കുന്നുവെന്ന് വ്യക്തമായ സാഹചര്യത്തിൽ ഹൈസ്കൂൾതലം മുതലെങ്കിലും വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ ജനാധിപത്യ സംഘടനാ പ്രവർത്തനം നിയമവിധേയമാക്കുമോ;

(ബി) സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിൽ മാത്രമല്ല എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലും പ്രവേശനം നേടുന്ന സമയത്ത് വിദ്യാർത്ഥി സംഘടനാ പ്രവർത്തനം നടത്തുകയില്ലെന്ന് വിദ്യാർത്ഥികളും രക്ഷിതാക്കളും ഒപ്പിട്ടുനൽകാൻ നിർബന്ധിതരാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അരാജകത്വവും വർഗ്ഗീയവത്കരണവും ശക്തമായതിനാൽ ജനാധിപത്യപരമായ വിദ്യാർത്ഥി സംഘടനാ പ്രവർത്തനം പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഉൾപ്പെടെയുള്ള സർക്കാർ നിയന്ത്രിത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തെരഞ്ഞെടുപ്പുപോലുള്ള നിയമപ്രകാര മാർഗ്ഗങ്ങളിലൂടെ ജനാധിപത്യ രീതിയിൽത്തന്നെ വിദ്യാർത്ഥികൾക്ക് അവരുടെ ജനാധിപത്യ അവകാശം നിലവിൽ അനുവദിച്ചുവരുന്നുണ്ട്. സ്കൂൾ വിദ്യാർത്ഥികളുടെ ജനാധിപത്യ ബോധവും ഐക്യവും വളർത്തുവാൻ സഹായകരമായ രീതിയിൽ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തിവരുന്നുണ്ട്. എല്ലാ അക്കാദമിക വർഷവും സ്കൂൾ പാർലമെന്റ് രൂപവൽക്കരണം നടത്തുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ സർക്കുലർ പുറപ്പെടുവിക്കാറുണ്ട്. ആയത് സ.ഉ.(എംഎസ്.) നമ്പർ 194/2007/ പൊ.വി.വ. തീയതി 5-11-2007 എന്നതിന് വിധേയമായിട്ടായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. കൂടാതെ തികച്ചും സമാധാനപരവും രാഷ്ട്രീയ പാർട്ടികളുടെ ഇടപെടലുകൾ ഇല്ലാതെയുമായിരിക്കണം സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തേണ്ടത്. അതോടൊപ്പം ബഹു. ഹൈക്കോടതിയുടെ ഒ.പി. നമ്പർ 10046/96 എന്ന കേസിലെ 8-11-2006-ലെ വിധിന്യായത്തിന്റെയും 1936/96, 1341/97, 262/97 എന്നീ റിട്ട് അപ്പീലുകളിന്മേലുള്ള വിധി ന്യായത്തിന്റെയും അടിസ്ഥാനത്തിലാണ് സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തി വരുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വിദ്യാഭ്യാസത്തോടൊപ്പം സാമൂഹ്യബോധവും നീതിബോധവുമുള്ള ഒരു തലമുറയെ വാർത്തെടുക്കേണ്ടതിനാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളുടെ ജനാധിപത്യാവകാശങ്ങൾ ധ്വംസിക്കപ്പെടാതിരിക്കാൻ സർക്കാർ ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

**പൊതുമരാമത്ത് ജീവനക്കാർക്ക് പരിശീലന സംവിധാനം**

10(*98) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്നവർക്ക് ആമുഖ പരിശീലനം നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ കാര്യക്ഷമത ഉയർത്തുന്നതിനായി എഞ്ചിനീയർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തുടർ പരിശീലന സംവിധാനം നടപ്പിലാക്കുന്നതിന് പദ്ധതിയുണ്ടോ;

(സി) ഏതൊക്കെ കേന്ദ്രങ്ങളിലാണ് പ്രസ്തുത പരിശീലനം നടത്താനുദ്ദേശിക്കുന്നത് എന്നറിയിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഉണ്ട്. എഞ്ചിനീയർമാർക്കും ഓവർസീയർമാർക്കും ക്ലാർക്കുമാർക്കും ഇൻഡക്ഷൻ പരിശീലന പരിപാടികളും ടൈപ്പിസ്റ്റുകൾക്കും ഓഫീസ് അറ്റൻഡർമാർക്കും വകുപ്പിനെക്കുറിച്ചും സിവിൽ സർവ്വീസിനെക്കുറിച്ചുമുള്ള ആമുഖ പരിശീലനവും നൽകുന്നുണ്ട്.

(ബി) ഉണ്ട്.

(സി) കേരളത്തിൽ കാര്യവട്ടത്ത് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചും കൂടാതെ മൂന്ന് മേഖലകൾ തിരിച്ചും പരിശീലനം നടത്തിവരുന്നു. ഇതിൽ ദക്ഷിണ മേഖലയിൽ തിരുവനന്തപുരം റെസ്റ്റ് ഹൗസ് ഹാൾ, കൊല്ലം ഗസ്റ്റ് ഹൗസ് ഹാൾ/എഞ്ചിനീയേഴ്സ് ക്ലബ്ബ്, മധ്യമേഖലയിൽ എറണാകുളം റെസ്റ്റ് ഹൗസ് ഹാൾ, തൃശ്ശൂർ റെസ്റ്റ് ഹൗസ് ഹാൾ, തൊടുപുഴ റെസ്റ്റ് ഹൗസ് ഹാൾ, ഉത്തരമേഖലയിൽ കോഴിക്കോട് പൊതുമരാമത്ത് വകുപ്പ് കോംപ്ലക്സ്/റെസ്റ്റ് ഹൗസ് ഹാൾ എന്നിവിടങ്ങളിൽ വച്ച് നടത്തിവരുന്നു. കൂടാതെ ഐ.എം.ജി.-യുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിലും പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. ഇനിയുള്ള പരിശീലന പരിപാടികളും മുകളിൽ പറഞ്ഞ കേന്ദ്രങ്ങളിൽവച്ച് നടത്താൻ ഉദ്ദേശിക്കുന്നു. കേരളത്തിനുവെളിയിൽ ഇൻഡ്യൻ അക്കാഡമി ഓഫ് ഹൈവേ എഞ്ചിനീയറിംഗ്, ന്യൂഡൽഹി, സെന്റർ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ന്യൂഡൽഹി എന്നിവിടങ്ങളിൽവച്ച് നടക്കുന്ന പരിശീലന പരിപാടികളിൽ എഞ്ചിനീയർമാരെ പങ്കെടുപ്പിക്കാൻ ഉദ്ദേശിക്കുന്നു.

## സ്വകാര്യ-പൊതുമേഖല കശുവണ്ടി ഫാക്ടറികൾ

11 (*99) ശ്രീ. എം. മുകേഷ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പൊതുമേഖലയിലെ കശുവണ്ടി ഫാക്ടറികളെല്ലാം തുറന്നുപ്രവർത്തിപ്പിക്കാൻ സാധ്യമായിട്ടുണ്ടോ; ഇതുവഴി എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്;

(ബി) കശുവണ്ടി വ്യവസായത്തിന് ആവശ്യമായ തോട്ടണ്ടി സംസ്ഥാനത്ത് ലഭ്യമല്ലാത്തതിനാൽ ഇറക്കുമതിക്കായി ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം എന്താണ്; ഇതിനായുള്ള പ്രത്യേക കമ്പനി പ്രാവർത്തികമായിട്ടുണ്ടോ;

(സി) ഗുണവും വിലയും കുറഞ്ഞ വിയറ്റ്നാം കശുവണ്ടിപ്പരിപ്പ് കേരളത്തിലെ വ്യവസായത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; ഇത് നിയന്ത്രിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(ഡി) സ്വകാര്യ-പൊതുമേഖല കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാനായി സർക്കാർ നടത്തിയ ഇടപെടലുകൾ എന്തെല്ലാമെന്നും അവ എത്ര മാത്രം ഫലവത്തായെന്നും അറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്. കശുവണ്ടി വികസന കോർപ്പറേഷനിൽ 10626 പേർക്കും കാപെക്സിൽ 3893 പേർക്കും 215 സ്റ്റാഫംഗങ്ങൾക്കും തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷനിൽ ഓണത്തിന് മുമ്പ് 1050 തൊഴിലാളികളെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) തോട്ടണ്ടി ഉല്പാദക രാജ്യങ്ങളിൽനിന്നും നേരിട്ട് തോട്ടണ്ടി സംഭരിക്കുന്നതിനും സർക്കാർ സർക്കാരിതര ഫാക്ടറികൾക്ക്/കമ്പനികൾക്ക് നേരിട്ട് വിതരണം ചെയ്യുന്നതിനുമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് രൂപീകരിക്കാൻ തീരുമാനിച്ചു. ബോർഡിന്റെ സ്പെഷ്യൽ ഓഫീസറായി ശ്രീ. മാരപാണ്ഡ്യൻ, ഐ.എ.എസ്. (റിട്ട.)-നെ നിയമിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

(സി) ഉണ്ട്. കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (CEPCI) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ നിരന്തര ഇടപെടലുകളുടെയും വിവിധ ഗവൺമെന്റ് ഉത്തരവുകൾവഴി ടെണ്ടർ വ്യവസ്ഥകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി കൂടുതൽ വ്യാപാരികൾ ടെണ്ടറിൽ പങ്കെടുക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിച്ചു. ഇതുവഴി തോട്ടണ്ടി ലഭ്യമാക്കി കോർപ്പറേഷൻ ഫാക്ടറികൾ 17-8-2016 മുതൽ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. കൂടാതെ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ

കാസർഗോഡ് ജില്ലയിലെ രാജപുരം, ചീമേനി, കണ്ണൂർ ജില്ലയിലെ നാട്ടുകാണി എന്നീ എസ്റ്റേറ്റുകൾ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (RPL), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ (SFCK), കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവയിൽ ഉൽപ്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും സംയുക്തമായി ഏറ്റെടുത്തിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽനിന്നുമാത്രം ഇതിനകം 770 മെട്രിക് ടൺ തോട്ടണ്ടി കോർപ്പറേഷനും കാപ്പെക്സിനും ലഭിച്ചിട്ടുണ്ട്. കൂടാതെ വില കൊടുത്തുവാങ്ങിയ 910 മെട്രിക് ടൺ തോട്ടണ്ടിയുൾപ്പെടെ ആകെ 1680 മെട്രിക് ടൺ തോട്ടണ്ടി ഇക്കാലയളവിൽ സംഭരിച്ചു. ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുള്ള ശ്രമങ്ങളാണ് നടത്തിവരുന്നത്. തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽനിന്നും നേരിട്ട് തോട്ടണ്ടി സംഭരിക്കുന്നതിനും സർക്കാർ സർക്കാരിതര ഫാക്ടറികൾക്ക്/കമ്പനികൾക്ക് നേരിട്ട് വിതരണം ചെയ്യുന്നതിനുമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് രൂപീകരിക്കുന്നതിന് തീരുമാനിച്ചു. ശ്രീ. മാരപാണ്ഡ്യൻ, ഐ.എ.എസ്. (റിട്ട.)-നെ സ്പെഷ്യൽ ഓഫീസറായി നിയമിച്ച് പ്രവർത്തനം നടത്തിവരുന്നു.

കൂടാതെ ചെറുകിട കർഷകരിൽനിന്നും സംഭരിക്കുന്ന തോട്ടണ്ടിക്ക് വില നിശ്ചയിക്കുന്നതിന് 30-1-2017-ൽ സ.ഉ.(കയ്യെഴുത്ത്) നമ്പർ 07/2017/വ്യവ. പ്രകാരം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി-കൃഷി വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി-പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, ധനകാര്യ വകുപ്പ് പ്രതിനിധി, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ അതാത് ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ, ബന്ധപ്പെട്ട ജില്ലാ കളക്ടർ, കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും മാനേജിംഗ് ഡയറക്ടർമാർ എന്നിവർ അംഗങ്ങളായിട്ടുള്ള ഒരു വിലനിർണ്ണയ സമിതി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

**വില്ലേജ് ഓഫീസുകൾ അഴിമതിമുക്തമാക്കുന്നതിന് നടപടി**

12 (*101) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകൾ അഴിമതിമുക്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) വില്ലേജാഫീസുകളിൽ എത്തുന്ന പൊതുജനങ്ങളോടുള്ള ജീവനക്കാരുടെ പെരുമാറ്റം മാന്യമല്ലാത്തതാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോഴിക്കോട് ചെമ്പനാട് വില്ലേജാഫീസിൽ കർഷകൻ ആത്മഹത്യ ചെയ്തത് ജീവനക്കാരുടെ മനുഷ്യത്വരഹിതമായ പെരുമാറ്റത്തെത്തുടർന്നാണെന്ന ആരോപണമുണ്ടോ; എങ്കിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു;

(ഡി) ആത്മഹത്യചെയ്ത കർഷകൻ ജോയിയുടെ കുടുംബത്തിന് 25 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുന്നതിനും കുടുംബത്തിലെ ഒരാൾക്ക് ജോലി നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ 123/ എൻ/എം/റവ/17 നമ്പർ കുറിപ്പിന്റെയും 1350769/ജി.3/2017/റവ. നമ്പർ സർക്കുലറിന്റെയും അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസുകളിൽ മിന്നൽപരിശോധന നടത്തുവാനും പീരിയോഡിക്കൽ പരിശോധന നടത്തുവാനും ആവശ്യമെങ്കിൽ താലൂക്ക്തലത്തിൽത്തന്നെ അഴിമതി വിമുക്ത സ്ക്വാഡ് രൂപീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഏതെങ്കിലും ഉദ്യോഗസ്ഥൻ കൈക്കൂലി/പാരിതോഷികം ആവശ്യപ്പെടുന്നപക്ഷം ആ വിവരം അറിയിക്കുന്നതിന് വില്ലേജ് ഓഫീസുകളിൽ ജില്ലാ കളക്ടറിന്റെയും ലാന്റ് റവന്യൂ കമ്മീഷണറേറ്റിന്റെയും സെക്രട്ടേറിയറ്റിന്റെയും മന്ത്രി ഓഫീസിന്റെയും ഫോൺ നമ്പരുകൾ മുൻഗണനാക്രമത്തിൽ നൽകിയും പ്രസ്തുത നമ്പരുകളിൽ ബന്ധപ്പെടുന്നതിനുള്ള നിർദ്ദേശം റവന്യൂ ഓഫീസുകളിൽ പരസ്യപ്പെടുത്തുന്നതിനുള്ള നിർദ്ദേശം എല്ലാ റവന്യൂ ഓഫീസുകൾക്കും നൽകിയിട്ടുണ്ട്.

പൊതുജനങ്ങൾക്ക് അഴിമതിരഹിത സേവനം ലഭ്യമാക്കുന്നതിനും റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ കാണിക്കുന്ന നിയമവിരുദ്ധ പ്രവർത്തികൾ തടയുന്നതിനും സംസ്ഥാനത്ത് യഥാക്രമം തിരുവനന്തപുരം ആസ്ഥാനമാക്കി ദക്ഷിണ മേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും എറണാകുളം അടിസ്ഥാനമാക്കി മധ്യമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും കോഴിക്കോട് ആസ്ഥാനമാക്കി ഉത്തരമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും പ്രവർത്തിച്ചുവരുന്നു. കൂടാതെ, എല്ലാ ജില്ലാ കളക്ടറേറ്റിലും ഇൻസ്പെക്ഷൻ വിഭാഗത്തിന് വിജിലൻസിന്റെ അധികാരം നൽകി സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ & വിജിലൻസ് എന്ന് നാമകരണം ചെയ്ത് പ്രവർത്തിച്ചുവരുന്നു. കൂടാതെ, വകുപ്പ് മേധാവിയായ ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ ഇൻസ്പെക്ഷൻ ആന്റ് ആഡിറ്റ് വിഭാഗം സബ് ഓഫീസുകളിലെ റിക്കാർഡുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചുവരുന്നു. റവന്യൂ സംബന്ധമായ നിയമങ്ങളിൽ ജീവനക്കാർക്ക് കൃത്യമായ അറിവ് നൽകുന്നതിനും പെരുമാറ്റമാറ്റത്തിനു പ്രേരണ യാകുന്നതിനുമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ (ഐ.എൽ.ഡി.എം.) നേതൃത്വത്തിൽ പരിശീലന പരിപാടി വിപുലപ്പെടുത്തിയിട്ടുണ്ട്.

(ബി) റവന്യൂ വകുപ്പിലെ ഒരു ചെറിയ വിഭാഗം ഉദ്യോഗസ്ഥരുടെ പെരുമാറ്റം മാന്യമല്ലാത്തതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. ചെമ്പനോട് വില്ലേജിലെ കർഷക ആത്മഹത്യയെത്തുടർന്ന് മുൻ വില്ലേജ് അസിസ്റ്റന്റ് ശ്രീ. സിലീഷ് തോമസിനേയും വില്ലേജ് ഓഫീസർ ശ്രീ. സണ്ണി ടി.എ.-യേയും കോഴിക്കോട് ജില്ലാ കളക്ടർ അന്വേഷണവിധേയമായി സേവനത്തിൽനിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതും മേൽവിഷയം സംബന്ധിച്ച് അന്വേഷണ ഉദ്യോഗസ്ഥനായി ശ്രീ. കൃഷ്ണൻകുട്ടി പി.പി., ഡെപ്യൂട്ടി കളക്ടർ (എൽ.എ.) കോഴിക്കോടിനെ നിയോഗിച്ചിട്ടുള്ളതുമാണ്. കൂടാതെ, കോഴിക്കോട്, കൊയിലാണ്ടി താലൂക്ക് തഹസിൽദാരായ ശ്രീമതി എൻ. റംലയ്ക്ക് കഠിനശിക്ഷയുള്ള കുറ്റപത്രം ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽനിന്നും നൽകിയിട്ടുള്ളതുമാണ്.

(ഡി) 21-6-2017-ന് കോഴിക്കോട്, ചെമ്പനോട് വില്ലേജ് ഓഫീസിൽവച്ച് മരണപ്പെട്ട ജോയി എന്ന കെ. ജെ. തോമസിന്റെ കുടുംബത്തിന്റെ വായ്പാബാധ്യത തീർക്കുന്നതിനായി (ചക്കിട്ടപ്പാറ സഹകരണ ബാങ്കിൽനിന്നും എടുത്തിട്ടുള്ള വായ്പയായ 13,16,856 രൂപയും പൂഴിത്തോട് യൂണിയൻ ബാങ്കിൽനിന്നും വിദ്യാഭ്യാസ വായ്പ 3,31,346 രൂപയും) ആകെ 16,48,202 രൂപ (പതിനാറ് ലക്ഷത്തി നാൽപ്പത്തിയെട്ടായിരത്തി ഇരുന്നൂറ്റി രണ്ട് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച് 13-7-2017-ലെ ജി.ഒ.(എംഎസ്.) 230/17/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കുടുംബത്തിലെ ഒരാൾക്ക് ജോലി നൽകുന്ന വിഷയം തൽക്കാലം പരിഗണനയിലില്ല.

## പരിസ്ഥിതിസൗഹൃദ കെട്ടിട നിർമ്മാണ രീതികൾ

13 (*102) ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. വി. വിജയദാസ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെട്ടിട നിർമ്മാണത്തിൽ പരിസ്ഥിതിസൗഹൃദ രീതികൾ അവലംബിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ കാലാവസ്ഥയ്ക്കും ഭൂപ്രകൃതിയ്ക്കും അനുയോജ്യമായ നിർമ്മാണ ശൈലികൾ അവലംബിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതിന്റെ ഭാഗമായി മരാമത്ത് ഡിസൈൻ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനും ആധുനിക സംവിധാനങ്ങൾ ഒരുക്കി ആർക്കിടെക്ട് വിഭാഗത്തെ പുനഃസംഘടിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) കെട്ടിട നിർമ്മാണം പരിസ്ഥിതി സൗഹാർദ്ദമാക്കുന്നതിലേയ്ക്കായി 7-3-2013-ലെ സ.ഉ.(എംഎസ്.) നമ്പർ 28/2013/പൊ.മ.വ. എന്ന ഉത്തരവ് പ്രകാരം ഹരിത നിർമ്മാണ നയത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. ആയത് കെട്ടിട നിർമ്മാണത്തിൽ അവലംബിച്ചുവരികയും ചെയ്യുന്നുണ്ട്.

(ബി) വർദ്ധിച്ചുവരുന്ന ഊർജ്ജോപഭോഗം, ജലദൗർലഭ്യം, നിർമ്മാണ സാമഗ്രികളുടെ അപര്യാപ്തത, കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവയ്ക്ക് ഒരു പരിധിവരെ പരിഹാരം കണ്ടെത്തുന്നതിനുവേണ്ടിയാണ് ഹരിതനിർമ്മാണ നയം നടപ്പിലാക്കിയിട്ടുള്ളത്.

ഹരിത നിർമ്മാണ രീതി അവലംബിക്കുകവഴി 40%-ത്തോളം ഊർജ്ജത്തിന്റെയും ജലത്തിന്റെയും ഉപയോഗം കുറയ്ക്കുവാൻ കഴിയും. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തുകവഴി മെയിൻ ഗ്രിഡിനെ ആശ്രയിക്കുന്നത് കുറയ്ക്കുവാൻ കഴിയും. മഴവെള്ള സംഭരണവും ജലത്തിന്റെ പുനർചാക്രീകരണവും നയത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കാര്യക്ഷമമായ മലിനീകരണ നിർമ്മാർജ്ജന സംസ്കരണ പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ കർശനമായി നടപ്പാക്കുന്നതിലേയ്ക്കായി നിലവിലുള്ള നിർമ്മാണ ചട്ടങ്ങളിൽ ഇവ ഉൾപ്പെടുത്തുന്നതാണ്. എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡിലെ (ECBC) വ്യവസ്ഥകൾകൂടി ഹരിത നിർമ്മാണ നയത്തിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ ഊർജ്ജക്ഷമമായ വൈദ്യുതോപകരണങ്ങൾ മാത്രം ഉപയോഗിക്കാനും അതുവഴി വൈദ്യുതിയുടെ അളവ് കുറയ്ക്കുവാനും കഴിയും. പരമാവധി നിർമ്മാണ സ്ഥലത്തോട് ഇണങ്ങുന്ന നിർമ്മാണരീതി അവലംബിക്കാനും ഹരിതാഭയും വൃക്ഷലതാദികളും പരമാവധി നിലനിർത്തുവാനും നയം വ്യവസ്ഥചെയ്യുന്നു. ഹരിത ഗൃഹ വാതകങ്ങളുടെ (green house gases) പുറന്തള്ളൽ കുറയ്ക്കുക എന്ന പ്രധാന ലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ സ്വീകരിക്കുകവഴി മെച്ചപ്പെട്ട ഒരു ജീവിതസാഹചര്യം സൃഷ്ടിക്കുവാനും നയം വ്യവസ്ഥചെയ്യുന്നു.

പരിമിതമായിവരുന്ന അസംസ്കൃത വസ്തുക്കളുടെയും നിർമ്മാണ സാമഗ്രികളുടെയും ഉപഭോഗം കുറച്ച് ഫ്ലൈ ആഷ് പോലുള്ള ബദൽ നിർമ്മാണ വസ്തുക്കൾ ഉപയോഗിക്കുവാൻ നയം വ്യവസ്ഥചെയ്യുന്നു. തുടക്കത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കെട്ടിടങ്ങളിലാണ് പരിസ്ഥിതി സൗഹാർദ്ദ തത്വങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(സി) പരിസ്ഥിതി സൗഹാർദ്ദ കെട്ടിട രൂപകല്പനകൾ തയ്യാറാക്കുന്നതിലേയ്ക്കായി പൊതുമരാമത്ത് ആർക്കിടെക്ചറൽ വിഭാഗത്തിലെ എല്ലാ ജീവനക്കാർക്കും പ്രാഥമിക പരിശീലനവും തെരഞ്ഞെടുത്ത 12 പേർക്ക് ഹരിത സാങ്കേതികവിദ്യയിൽ വിദഗ്ദ്ധ പരിശീലനവും നൽകുകയും 8 പേർ കേന്ദ്ര ഹരിത റേറ്റിംഗ് ഏജൻസിയായ

GRIHA-യുടെ അക്രെഡിറ്റഡ് പ്രൊഫഷണൽ ആയി യോഗ്യത നേടുകയും ചെയ്തിട്ടുണ്ട്. നിലവിൽ പൊതുമരാമത്ത് വകുപ്പിലെ വാസ്തുശില്പ വിഭാഗം രൂപകല്പനചെയ്യുന്ന എല്ലാ നിർമ്മിതികളും ദേശീയ ഏജൻസിയായ GRIHA-യുടെ ത്രീസ്റ്റാർ പദവി ലഭ്യമാകുന്ന രീതിയിലാണ് രൂപകല്പന ചെയ്യുന്നത്. രണ്ട് കെട്ടിടങ്ങൾ GRIHA-യുടെ അംഗീകാരം കിട്ടുന്നതിലേയ്ക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി ഒരു നോഡൽ ഓഫീസറെയും നിയോഗിച്ചിട്ടുണ്ട്.

## പരീക്ഷാരീതി പരിഷ്കരണത്തിന് നടപടി

14 (*103) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിലെ പരീക്ഷാരീതി പരിഷ്കരിക്കുന്നതിന് നീക്കമുണ്ടോ; വിശദമാക്കുമോ;

(ബി) പരീക്ഷകളുടെ മൂല്യനിർണ്ണയ സംവിധാനത്തിൽ ഏതൊക്കെ തരത്തിലുള്ള മാറ്റങ്ങളാണ് ഉദ്ദേശിക്കുന്നത്;

(സി) ശരിയുത്തരം തെരഞ്ഞെടുക്കുന്ന രീതിയിൽനിന്നും വ്യത്യസ്തമായി സ്വയം ഉത്തരമെഴുതുന്ന തരത്തിലുള്ള ചോദ്യങ്ങളുടെ എണ്ണം കൂട്ടുന്നതിന് തയ്യാറാകുമോ;

(ഡി) വിദ്യാർത്ഥികളുടെ അറിവിന്റെ നിലവാരം അളക്കുന്നതിന് പര്യാപ്തമായ ചോദ്യങ്ങൾ ഉൾക്കൊള്ളിക്കുവാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. ജ്ഞാനനിർമ്മിതിയിൽ അധിഷ്ഠിതമായ ഒരു പാഠ്യപദ്ധതിയാണ് നാം പിന്തുടരുന്നത്. അനുഭവങ്ങളിലൂടെ കടന്നുപോകുന്ന പഠിതാവ് അറിവ് നിർമ്മിക്കുന്നുവെന്നും നിർമ്മിച്ച അറിവിനെ പുനഃപരിശോധിച്ച് മെച്ചപ്പെടുത്തുന്നുവെന്നും ഉറപ്പുവരുത്തേണ്ടതാണ്. ഇത് നടക്കണമെങ്കിൽ വിലയിരുത്തൽ നിരന്തരമായി നടക്കുകയും അതിലൂടെ കിട്ടുന്ന തിരിച്ചറിവുകൾ പഠനം മെച്ചപ്പെടുത്തുന്നതിനായി പ്രയോജനപ്പെടുത്തുകയും വേണം. ഇക്കാര്യത്തിൽ നിരന്തര വിലയിരുത്തലിനാണ് (സി.ഇ.) ഏറെ പങ്ക് വഹിക്കാനാവുക എന്നതിനാൽ നിരന്തര വിലയിരുത്തൽ കൂടുതൽ ശാസ്ത്രീയമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള പഠനങ്ങളും പരിശീലനങ്ങളും നടന്നുവരികയാണ്. ഇപ്പോൾ നിലവിലിരിക്കുന്ന സി ഇ, റ്റിഇ സ്കോർ അനുപാതത്തിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല. എന്നാൽ നിരന്തര മൂല്യനിർണ്ണയത്തിന്റെ ഭാഗമായ പ്രക്രിയകളും പ്രവർത്തനങ്ങളും ശരിയായവിധത്തിൽ നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനാണ് ഊന്നൽ നൽകുന്നത്.

ടേം വിലയിരുത്തലിൽ ചുവടെ പറയുന്ന സവിശേഷതകൾ ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നു.

- പഠനനേട്ടത്തെ (ആശയം, പ്രക്രിയ, മനോഭാവം, മൂല്യങ്ങൾ) അടിസ്ഥാനപ്പെടുത്തിയത്.
- നേടിയ അറിവിന്റെ പ്രയോഗ സന്ദർഭങ്ങൾ ഉൾക്കൊള്ളുന്നത്.
- ബൗദ്ധിക വെല്ലുവിളി ഉയർത്തുന്നതും വിവിധ ചിന്താ പ്രക്രിയകളുടെ ഉപയോഗത്തിലേയ്ക്ക് നയിക്കുന്നതും.
- കുട്ടിക്ക് സ്വയം വിലയിരുത്തലിന് സഹായകമായത്.
- നിശ്ചിതമായ പാറ്റേണിലേയ്ക്ക് ഒതുങ്ങാത്തതും നൂതനത്വവും വൈവിധ്യവും പുലർത്തുന്നതും.
- കുട്ടിയുടെ നില നിർണ്ണയിക്കാനും പഠനപ്രക്രിയയുടെ ഫലപ്രാപ്തി വിലയിരുത്തി തുടർ ആസൂത്രണം നടത്താൻ ടീച്ചറെ സഹായിക്കുന്നതും.
- വ്യത്യസ്ത നിലവാരക്കാരായ വിദ്യാർത്ഥികളെ പരിഗണിക്കുന്നത്.
- കുട്ടികൾക്ക് എളുപ്പത്തിൽ വായിച്ച് മനസ്സിലാക്കാൻ ഉതകുംവിധം ലളിതവും ശിശുസൗഹൃദപരവുമായ ചോദ്യഭാഷ.
- സ്വന്തം നിലപാടുകളും കാഴ്ചപ്പാടുകളും യുക്തിപൂർവ്വം സമർപ്പിക്കുന്നതിന് അവസരമൊരുക്കുന്ന ചോദ്യങ്ങൾ ഉൾക്കൊള്ളുന്നത്.
- വിമർശന ചിന്തയും പ്രതികരണശേഷിയും വളർത്താൻ ഉതകുന്ന ചോദ്യങ്ങൾ ഉള്ളത്.
- കുട്ടികൾക്ക് തെരഞ്ഞെടുപ്പിന് അവസരം നൽകുന്ന വിധത്തിൽ 25% അധിക ചോദ്യങ്ങൾ ഉൾപ്പെടുത്തിയത്.

(ബി) എല്ലാ അദ്ധ്യാപകരുടെയും സഹകരണത്തിനുള്ള അവസരം ഉറപ്പു വരുത്തിക്കൊണ്ട് ജനാധിപത്യപരമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ഇതിനായി ഒരു അസെസ്സ്മെന്റ് ടൂൾ മാനേജ്മെന്റ് സിസ്റ്റം (എ.റ്റി.എം.എസ്.) വികസിപ്പിച്ചു കഴിഞ്ഞു. 2017 ആഗസ്റ്റ് 5-ന്റെ ക്ലസ്റ്റർ പരിശീലനത്തിൽ എല്ലാ അധ്യാപകർക്കും എ.റ്റി.എം.എസ്.-ൽ പ്രവേശിക്കുന്നതിനുള്ള യൂസർ നെയിം, പാസ്‌വേഡ് എന്നിവ നൽകിയിട്ടുണ്ട്.

2018-ലെ എസ്.എസ്.എൽ.സി., എച്ച്.എസ്.എസ്. പൊതുപരീക്ഷകൾ അധ്യാപകരുടെ പങ്കാളിത്തത്തോടെ എ.റ്റി.എം.എസ്. ഉപയോഗിച്ച് വികസിപ്പിക്കുന്ന ചോദ്യശേഖരം അടിസ്ഥാനമാക്കി ചിട്ടപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. അധ്യാപകർ വ്യക്തിഗതമായി തയ്യാറാക്കുന്ന ചോദ്യങ്ങൾ സ്കൂൾ വിഷയ ഗ്രൂപ്പിൽ ചർച്ചചെയ്ത് മെച്ചപ്പെടുത്തി അപ്‌ലോഡ് ചെയ്യാവുന്നതാണ്. ഇങ്ങനെ അപ്‌ലോഡ് ചെയ്യുന്ന ചോദ്യങ്ങൾ ഒരു വിദഗ്ദ്ധ സമിതിയുടെ അംഗീകാരത്തിന് വിധേയമായി എല്ലാവർക്കും

ലഭ്യമാകുന്ന തരത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഈ ചോദ്യങ്ങളെ സംബന്ധിക്കുന്ന പ്രതികരണംകൂടെ പരിഗണിച്ച് വിദഗ്ദ്ധ സമിതി ചിട്ടപ്പെടുത്തുന്ന പൂളിൽ നിന്നായിരിക്കും പൊതുപരീക്ഷകൾക്കുള്ള ചോദ്യങ്ങൾ തയ്യാറാക്കുന്നത്. ഒരു ബ്ലൂ പ്രിന്റിന്റെ അടിസ്ഥാനത്തിൽ ചോദ്യപ്പേപ്പർ രൂപപ്പെടുത്താനും പാസ്‌വേഡ് സംരക്ഷണത്തോടെ ഓൺലൈനായി സ്കൂളുകൾക്ക് നൽകാനും കഴിയും. തുടർന്നുവരുന്ന പരീക്ഷകൾ പലതും ഓൺലൈനിൽ ചോദ്യങ്ങൾ ലഭ്യമാക്കി നടത്താനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

(സി) ബഹുവികൽപ്പ ചോദ്യങ്ങളും (മൾട്ടിപ്പിൾ ചോയ്സ് ക്വസ്റ്റ്യൻസ്) ഓർമ്മ പരീക്ഷിക്കുവാൻ മാത്രം സഹായിക്കുന്ന വസ്തുനിഷ്ഠ ചോദ്യങ്ങളും പരിമിതപ്പെടുത്താനും പഠിതാവിന് സ്വതന്ത്രമായി ഉത്തരം എഴുതാൻ കഴിയുന്ന ഓപ്പൺ എൻഡഡ് ചോദ്യങ്ങളുടെ സാധ്യതകൾകൂടി പ്രയോജനപ്പെടുത്താനുമാണ് ഉദ്ദേശിക്കുന്നത്.

(ഡി) സ്വീകരിക്കും. മികച്ച നിലവാരമുള്ള ചോദ്യങ്ങൾ വികസിപ്പിക്കുന്നതിന് അധ്യാപകർക്ക് പരിശീലനം നൽകുന്നുണ്ട്.

**ഉപയോഗശൂന്യമായ പ്ലാസ്റ്റിക് കൊണ്ട് റോഡ് നിർമ്മാണം**

15 (*104) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗശൂന്യമായ പ്ലാസ്റ്റിക്, റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം ഏതെല്ലാം റോഡുകളുടെ നവീകരണം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡുനിർമ്മാണരീതി വിജയകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടെങ്കിൽ കൂടുതൽ റോഡുകൾ ഇപ്രകാരം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ദേശീയപാത നിർമ്മാണത്തിൽ കോൾഡ് ഇൻ പ്ലേസ് റീസൈക്ലിംഗ് എന്ന ജർമ്മൻ സാങ്കേതികവിദ്യ ഉപയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ഇതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലായി 27.45 കി.മി. റോഡുകൾ ഷ്രഡഡ് പ്ലാസ്റ്റിക് മിശ്രിതം ചെയ്തുകൊണ്ട് റോഡുകളുടെ ഉപരിതലം പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ബി.എം.& ബി.സി. (ബിറ്റുമിനസ് മെക്കാഡം &ബിറ്റുമിനസ് കോൺക്രീറ്റ്) പ്രവൃത്തികളിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ചുള്ളിയൂർ-ചടച്ചി-മാർത്താണ്ഡം റോഡിൽ മാരായമുട്ടം ഭാഗത്ത് ഒരു കിലോമീറ്റർ ദൂരം വരുന്ന ബി.സി. ഉപരിതലം പരീക്ഷണാടിസ്ഥാനത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. ദേശീയ പാതകളിൽ പരീക്ഷണാടിസ്ഥാനത്തിൽ 10 കി.മി. റോഡ് വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിച്ച് ടാറിംഗ് ചെയ്യുവാനും അതിന്റെ പെർഫോമൻസ് വിലയിരുത്തി റിപ്പോർട്ട് ചെയ്യുവാനും അതിന്റെ അടിസ്ഥാനത്തിൽ ഇത് കരാറിൽ നിർബന്ധമാക്കുവാനും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

(സി) ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് ഉപയോഗിച്ച് നിരത്തുകളും പാലങ്ങളും വിഭാഗത്തിനുകീഴിൽ ഏകദേശം 200 കി.മി. റോഡുകൾ ഇത്തരത്തിൽ ഈ വർഷം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) ആലപ്പുഴ ജില്ലയിൽ ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽവരുന്ന ദേശീയപാത 47-ൽ പാതിരിപ്പള്ളി (കി.മീ.406/000) മുതൽ പുറക്കാട് (കി.മീ. 428/000) വരെയുള്ള ദേശീയപാതയുടെ പുനരുദ്ധാരണ പ്രവൃത്തി കോൾഡ് ഇൻ പ്ലേസ് റീസൈക്ലിംഗ് പ്രക്രിയ ഉപയോഗിച്ചാണ് ചെയ്തുവരുന്നത്. ഈ സാങ്കേതിക വിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് നേരത്തേ ഡിസൈൻചെയ്ത് തീരുമാനിച്ച കനത്തിൽ ഇളക്കിയെടുക്കുകയും അതേ മെഷീൻ വഴി ഇളക്കിയെടുക്കുന്ന മെറ്റീരിയൽ പാകപ്പെടുത്തിയതിനുശേഷം ഡിസൈൻ ചെയ്തതനുസരിച്ച് വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമന്റ്, വിവിധ വലിപ്പങ്ങളിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലത്തിൽ വിരിക്കുകയും ഉടൻതന്നെ അനുയോജ്യമായ രീതിയിലുള്ള റോളറുകൾ ഉപയോഗിച്ച് ഉറപ്പിക്കുകയുമാണ് ചെയ്യുന്നത്.

**പൊതുജലാശയങ്ങളിൽ മത്സ്യകൃഷി**

16 (*105) ശ്രീ. പി. ഉബൈദുള്ള :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യകൃഷിക്ക് അനുയോജ്യമായ പൊതുജലാശയങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഫിഷറീസ് വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പൊതുജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ സൗജന്യമായി നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) മത്സ്യകൃഷിക്ക് അനുയോജ്യമാക്കിയെടുക്കാവുന്ന പൊതുകുളങ്ങളെ സംബന്ധിച്ച വിവരശേഖരണം നടത്തുമോ എന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്. മത്സ്യകൃഷിക്ക് അനുയോജ്യമായ പൊതുജലാശയങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഫിഷറീസ് വകുപ്പ് ശേഖരിച്ചിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ഇനം | എണ്ണം | വിസ്തൃതി (ഹെക്ടർ) |
|---|---|---|---|
| | ശുദ്ധജല സ്രോതസ്സുകൾ | | |
| 1 | പഞ്ചായത്ത് കുളങ്ങൾ | 7340 | 1367 |
| 2 | ഹോളി പോണ്ടുകൾ | 3224 | 400.427 |
| 3 | ഇറിഗേഷൻ ടാങ്കുകൾ | 1051 | 2313.27 |
| 4 | ശുദ്ധജല തടാകങ്ങൾ | 9 | 1620 |
| 5 | നദികൾ | 44 | 85000 |
| 6 | റിസർവ്വോയറുകൾ | 47 | 34205 |
| 7 | ചെക്ക് ഡാമുകൾ | 80 | 259 |
| | ഓരുജല സ്രോതസ്സുകൾ | | |
| 8 | ഓരുജല പ്രദേശങ്ങൾ | .... | 65213 |

(ബി) ഉണ്ട്. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം പൊതുജലാശയത്തിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി ഉൾനാടൻ മത്സ്യവികസന പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിൽ 'ഉൾനാടൻ മേഖലയുടെ പരിപാലനവും മനേജ്മെന്റും' എന്ന ഘടകത്തിന് 350 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിലെ ഉപഘടകമായി മത്സ്യ സമ്പത്തിന്റെ വർദ്ധനവും ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനവും എന്നിവയ്ക്കായി ആകെ 253 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതനുസരിച്ച് മത്സ്യസമ്പത്ത്

വർദ്ധിപ്പിക്കുന്നതിനായി കാർപ്പ്, ആറ്റുകൊഞ്ച്, കൂടാതെ തനതുമത്സ്യങ്ങളായ കരിമീൻ, കണമ്പ്, പൂമീൻ, കറുപ്പ്, വരാൽ, മുഷി തുടങ്ങിയ എയർ ബ്രീത്തിംഗ് മത്സ്യങ്ങൾ, ചെമ്മീൻ മുതലായവയുടെ മത്സ്യക്കുഞ്ഞുങ്ങളെ ഉൾനാടൻ ജലാശയങ്ങളിൽ നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

(സി) മത്സ്യകൃഷിക്ക് അനുയോജ്യമാക്കി എടുക്കാവുന്ന പൊതുകുളങ്ങളെ സംബന്ധിച്ചുള്ള വിവര ശേഖരണം 2017-18 സാമ്പത്തിക വർഷത്തിൽ 'ജനകീയ മത്സ്യകൃഷി രണ്ടാം ഘട്ടം പദ്ധതിയിൽ' ഉൾപ്പെടുത്തി ശേഖരിച്ചുവരുന്നു.

## വിദ്യാഭ്യാസ ചട്ടങ്ങളിൽ കാലാനുസൃത പരിഷ്കരണം

17 (*106) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിദ്യാഭ്യാസ ചട്ടങ്ങളിൽ കാലാനുസൃത പരിഷ്ക്കരണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദീകരിക്കാമോ;

(ബി) ചട്ടങ്ങളിൽ നിലനിൽക്കുന്ന വ്യവസ്ഥകളിൽ ചിലതെങ്കിലും അവ്യക്തവും കാലാനുസൃതവുമല്ലാത്തതിനാൽ നിരവധി കോടതി വ്യവഹാരങ്ങൾക്കിടയാക്കുന്ന കാര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(സി) എങ്കിൽ സമഗ്ര പരിഷ്ക്കരണ നടപടികൾക്ക് തുടക്കം കുറിക്കുമോ എന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ കാലാനുസൃതമായ ഭേദഗതികൾക്കുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 3-12-2016-ലെ ജി.ഒ.(പി) നമ്പർ 199/2016/പൊവിവ. പ്രകാരം അദ്ധ്യാപക നിയമനങ്ങളിൽ സംരക്ഷിതാദ്ധ്യാപകരെക്കൂടി ഉൾപ്പെടുത്തുന്നതിനായി കേരള വിദ്യാഭ്യാസ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കോടതി വ്യവഹാരങ്ങൾക്ക് ഹേതുവാകുന്ന കെ.ഇ.ആർ. വ്യവസ്ഥകൾ പരിശോധിച്ച് യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നേടുന്നതിനുള്ള കുട്ടികളുടെ അവകാശ നിയമം 2009 കേരളത്തിൽ നടപ്പാക്കിയ സാഹചര്യത്തിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ സമഗ്രമായ പരിഷ്കരണം ആവശ്യമാണ്. ഇക്കാര്യം പരിശോധിച്ചു വരുന്നു.

## തൊഴിലധിഷ്ഠിത പരിശീലനം

18 (* 107) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. പി. ജെ. ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി, ബിരുദ കോഴ്സുകളോടൊപ്പം തൊഴിലധിഷ്ഠിത പരിശീലനം ലഭിക്കത്തക്കവിധം ഓരോ കോഴ്സിലും ഓരോ വിഷയം കൂടി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഏതെല്ലാം തൊഴിലധിഷ്ഠിത വിഷയങ്ങളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ&ബി) വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിൽ ഹയർ സെക്കണ്ടറി കോഴ്സിനൊപ്പം തൊഴിലധിഷ്ഠിത പരിശീലനം ഒരു വിഷയമായി പഠിപ്പിച്ചുവരുന്നു. ഒമ്പത്, പത്ത്, സി.ബി.എസ്.ഇ., എച്ച്.എസ്.എസ്., ആർട്ട് സ്കൂൾ, പോളിടെക്നിക് തലങ്ങളിൽ എൻ.എസ്.ക്യു.എഫ്. നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഡോ. ആർ.വി.ജി. മേനോൻ അദ്ധ്യക്ഷനായി ഒരു ഹൈ പവർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ശിപാർശകൾ പരിഗണിച്ചുകൊണ്ട് 2018-19 അക്കാദമിക് വർഷം മേൽപ്പറഞ്ഞിട്ടുള്ള മേഖലകളിൽ എൻ.എസ്.ക്യു.എഫ്-മായി സംയോജിച്ചുകൊണ്ടുള്ള മാറ്റങ്ങൾ വരുത്തുന്നതാണ്. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷമേ ഹയർ സെക്കണ്ടറി, ബിരുദ കോഴ്സുകളോടൊപ്പം തൊഴിലധിഷ്ഠിത പരിശീലനം ലഭിക്കത്തക്കവിധം ഓരോ കോഴ്സിലും അപ്രകാരം വിഷയം ഉൾപ്പെടുത്തുമെന്ന കാര്യത്തിൽ തീരുമാനമുണ്ടാകുകയുള്ളൂ. അഗ്രികൾച്ചർ, ആട്ടോമോട്ടീവ്, ഇൻഷ്വറൻസ്, ടൂറിസം, ഹോസ്പിറ്റാലിറ്റി, ടെലികമ്മ്യൂണിക്കേഷൻ, റീട്ടെയിൽ, ഫിസിക്കൽ എഡ്യൂക്കേഷൻ തുടങ്ങിയവയാണ് തൊഴിലധിഷ്ഠിത കോഴ്സുകളുമായി ബന്ധപ്പെട്ട് ദേശീയ തലത്തിൽ പരിഗണിക്കുന്ന മേഖലകൾ.

## ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

19 (* 108) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. ബാബു :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്കായി പ്രത്യേക പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇത്തരം വിദ്യാർത്ഥികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ടോ;എങ്കിൽ എപ്രകാരമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവരുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകിവരുന്നുണ്ടോ; വിശദമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഒന്ന് മുതൽ 12 വരെ ക്ലാസ്സുകളിലെ ഹിയറിംഗ് ഇമ്പയേർഡ്, വിഷ്വലി ഇമ്പയേർഡ്, മെന്റലി റിട്ടാർഡഡ്, ഓർത്തോപീഡിക്കലി ഹാന്റിക്യാപ്ഡ്, ഓട്ടിസം എന്നീ വിഭാഗം കുട്ടികൾക്ക് വൈകല്യത്തിന്റെ സ്വഭാവമനുസരിച്ച് 8-ാം ക്ലാസ്സുവരെ പരമാവധി 3,350 രൂപയും കുറഞ്ഞത് 1,850 രൂപയും വർഷത്തിൽ നൽകിവരുന്നു. 9 മുതൽ 12-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതിയുടെ ഭാഗമായും സാമ്പത്തിക സഹായം നൽകിവരുന്നു. റിസോഴ്സ് അദ്ധ്യാപകരുടെയും അറ്റൻഡന്റ്മാരുടെയും സേവനവും നൽകിവരുന്നുണ്ട്. 208 ഹൈസ്കൂളുകളിൽ റിസോഴ്സ് റൂമുകളും തെറാപ്യൂട്ടിക് സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ പഠനോപകരണങ്ങളും സഹായോപകരണങ്ങളും നൽകിവരുന്നുണ്ട്. സ്കൂളുകളിൽ റാംപുകളുടെയും ഹാന്റ് റെയിലുകളുടെയും നിർമ്മാണം, ശുചിമുറികളുടെ നിർമ്മാണം എന്നിവയും നടപ്പാക്കി വരുന്നു. ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്തുന്നതിന് വർഷംതോറും വൈദ്യപരിശോധനാ ക്യാമ്പുകളും നടത്തിവരുന്നുണ്ട്. സംസ്ഥാനത്ത് അന്ധ/ബധിര വിദ്യാർത്ഥികൾക്കായി സർക്കാർ/എയ്ഡഡ് മേഖലകളിലായി ആകെ 43 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ടി വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഭക്ഷണം, താമസം, വസ്ത്രം, പഠനോപകരണങ്ങൾ തുടങ്ങി എല്ലാ ആനുകൂല്യങ്ങളും സൗജന്യമായി നൽകിവരുന്നു. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് Act/Rules പ്രകാരം രജിസ്ട്രേഷൻ ലഭിച്ച 300 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്കൂളുകൾക്ക് സംസ്ഥാന സർക്കാരിൽനിന്നും സാമ്പത്തിക സഹായവും നൽകിവരുന്നു. കൂടാതെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സവിശേഷ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, പുനരധിവാസ മാർഗ്ഗനിർദ്ദേശ സേവനങ്ങൾ എന്നിവയ്ക്കായി പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ സി. എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് എന്ന സ്വയംഭരണ സ്ഥാപനവും പ്രവർത്തിച്ചുവരുന്നു. മാനസിക വളർച്ചയില്ലായ്മ, ബുദ്ധിപരമായ വെല്ലുവിളി എന്നീ മേഖലയിലെ ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുക, ഈ രംഗത്തെ എല്ലാ സവിശേഷ

വിദ്യാലയങ്ങളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നീ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തെ ഒരു നോഡൽ അപ്പക്സ് സ്ഥാപനമായി ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പ്രത്യേക പാഠപുസ്തകം എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത വിഭാഗം സ്കൂളിലെ അദ്ധ്യാപകർക്കായി പ്രത്യേക പരിശീലനവും എസ്.സി.ഇ.ആർ.ടി. നൽകിവരുന്നു. കൂടാതെ ശ്രവണപരമായി വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി ഒന്ന് മുതൽ നാലുവരെ ക്ലാസ്സുകൾക്ക് പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(സി) സർക്കാർ/എയ്ഡഡ് അന്ധ-ബധിര വിദ്യാലയങ്ങളിലെ ആവശ്യത്തിന് കംപ്യൂട്ടറുകളും ഐ.ടി. പഠനത്തിന് സംവിധാനങ്ങളും അദ്ധ്യാപകരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ വിദ്യാലയങ്ങളിലും ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ട്. ഈ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ കൂടുതൽ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കാഴ്ചപരമായി വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി എസ്.സി.ഇ.ആർ.ടി., കെൽട്രോണിന്റെ സാങ്കേതികസഹായത്തോടുകൂടി വികസിപ്പിച്ച 'ശാരദ ബ്രെയിൽ റൈറ്റർ' എന്ന കമ്പ്യൂട്ടർ പ്രോഗ്രാമിന്റെ സംസ്ഥാനതല അദ്ധ്യാപക ശാക്തീകരണത്തിനുള്ള മൊഡ്യൂൾ തയ്യാറാക്കുകയും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) പൊതുവിദ്യാലയങ്ങളിലെയും സ്പെഷ്യൽ സ്കൂളുകളിലെയും അദ്ധ്യാപകർക്ക് കാലാകാലങ്ങളിൽ പ്രത്യേക പരിശീലനം നൽകിവരുന്നുണ്ട്. ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി അദ്ധ്യാപക പരിശീലനത്തിനുവേണ്ട മൊഡ്യൂൾ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്. ജില്ലാതലത്തിലുള്ള അദ്ധ്യാപക പരിശീലനം SIMC (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ്)-യുടെ നേതൃത്വത്തിൽ സാമൂഹ്യനീതി വകുപ്പ്, കുടുംബശ്രീ-ബഡ്സ് സ്കൂൾ എസ്.ഐ.എം.സി. എന്നിവരുടെ സാമ്പത്തിക സഹായത്തോടെ എല്ലാ ജില്ലകളിലുമായി നടന്നുവരുന്നു. ഇതുവരെ 40 ബാച്ചുകൾക്ക് പരിശീലനം നൽകി.

**വിദ്യാഭ്യാസ രംഗത്തെ നവീകരണ പ്രവർത്തനങ്ങൾ**

20 (* 109) ശ്രീ.എ. എൻ. ഷംസീർ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസരംഗത്തെ നവീകരണപ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പരീക്ഷാ നവീകരണത്തിന്റെ വിശദവിവരം ലഭ്യമാക്കുമോ; കാണാപാഠം പഠിക്കുന്നതിലുപരി അറിവ് നേടുകയെന്ന പ്രക്രിയയ്ക്ക് ഈ നവീകരണംവഴി എത്രമാത്രം പ്രോത്സാഹനം ലഭിക്കുമെന്ന് പരിശോധനാവിധേയമാക്കിയിരുന്നോ;

(ബി) പരീക്ഷാപ്പേടി അകറ്റുന്നതിനും വിദ്യാർത്ഥികളുടെ സമഗ്ര കഴിവ് വിലയിരുത്തുന്നതിനും ഉപയുക്തമായ രീതിയിൽ ഇത്തരം നവീകരണം നടത്തുമ്പോൾ പോലും കലാകായിക മേഖലയിലൂൾപ്പെടെ പ്രാഗത്ഭ്യം തെളിയിക്കുന്നവർക്ക് പഠനത്തിൽ നഷ്ടപ്പെടുന്ന സമയത്തിന് പരിഹാരമെന്ന നിലയിൽ നൽകുന്ന ഗ്രേസ് മാർക്ക് നിർത്തലാക്കണമെന്ന നിർദ്ദേശം എത്രമാത്രം പുരോഗമനപരമാണെന്ന് പരിശോധനാവിധേയമാക്കുമോ;

(സി) സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ അടിമവൽക്കരണത്തിനുള്ള പ്രധാന ഉപാധിയാണെന്ന് ആക്ഷേപമുള്ള ഇന്റേണൽ അസസ്മെന്റ് എന്ന അശാസ്ത്രീയ സമ്പ്രദായം പുനഃപരിശോധിക്കാൻ വേണ്ട നടപടിയുണ്ടാകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. ജ്ഞാനനിർമ്മിതിയിൽ അധിഷ്ഠിതമായ ഒരു പാഠ്യപദ്ധതിയാണ് നാം പിന്തുടരുന്നത്. അനുഭവങ്ങളിലൂടെ കടന്നുപോകുന്ന പഠിതാവ് അറിവ് നിർമ്മിക്കുന്നുവെന്നും നിർമ്മിച്ച അറിവിനെ പുനഃപരിശോധിച്ച് മെച്ചപ്പെടുത്തുന്നുവെന്നും ഉറപ്പുവരുത്തേണ്ടതാണ്. ഇത് നടക്കണമെങ്കിൽ വിലയിരുത്തൽ നിരന്തരമായി നടക്കുകയും അതിലൂടെ കിട്ടുന്ന തിരിച്ചറിവുകൾ പഠനം മെച്ചപ്പെടുത്തുന്നതിനായി പ്രയോജനപ്പെടുത്തുകയും വേണം. ഇക്കാര്യത്തിൽ നിരന്തര വിലയിരുത്തലിനാണ് (സി.ഇ.) ഏറെ പങ്ക് വഹിക്കാനാവുക എന്നതിനാൽ നിരന്തര വിലയിരുത്തൽ കൂടുതൽ ശാസ്ത്രീയമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള പഠനങ്ങളും പരിശീലനങ്ങളും നടന്നുവരികയാണ്. ഇപ്പോൾ നിലവിലിരിക്കുന്ന സിഇ, റ്റിഇ സ്കോർ അനുപാതത്തിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല. എന്നാൽ നിരന്തര മൂല്യനിർണ്ണയത്തിന്റെ ഭാഗമായ പ്രക്രിയകളും പ്രവർത്തനങ്ങളും ശരിയായവിധത്തിൽ നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനാണ് ഊന്നൽനൽകുന്നത്. ടേം വിലയിരുത്തലിൽ ചുവടെ പറയുന്ന സവിശേഷതകൾ ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നു.

- പഠനനേട്ടത്തെ (ആശയം, പ്രക്രിയ, മനോഭാവം, മൂല്യങ്ങൾ) അടിസ്ഥാനപ്പെടുത്തിയത്.
- നേടിയ അറിവിന്റെ പ്രയോഗ സന്ദർഭങ്ങൾ ഉൾക്കൊള്ളുന്നത്.
- ബൗദ്ധിക വെല്ലുവിളി ഉയർത്തുന്നതും വിവിധ ചിന്താ പ്രക്രിയകളുടെ ഉപയോഗത്തിലേയ്ക്ക് നയിക്കുന്നതും.
- കുട്ടിക്ക് സ്വയം വിലയിരുത്തലിന് സഹായകമായത്.
- നിശ്ചിതമായ പാറ്റേണിലേയ്ക്ക് ഒതുങ്ങാത്തതും നൂതനത്വവും വൈവിധ്യവും പുലർത്തുന്നതും.

- കുട്ടിയുടെ നില നിർണ്ണയിക്കാനും പഠനപ്രക്രിയയുടെ ഫലപ്രാപ്തി വിലയിരുത്തി തുടർ ആസൂത്രണം നടത്താൻ ടീച്ചറെ സഹായിക്കുന്നതും.
- വ്യത്യസ്ത നിലവാരക്കാരായ വിദ്യാർത്ഥികളെ പരിഗണിക്കുന്നത്.
- കുട്ടികൾക്ക് എളുപ്പത്തിൽ വായിച്ച് മനസ്സിലാക്കാൻ ഉതകുംവിധം ലളിതവും ശിശുസൗഹൃദപരവുമായ ചോദ്യഭാഷ.
- സ്വന്തം നിലപാടുകളും കാഴ്ചപ്പാടുകളും യുക്തിപൂർവ്വം സമർപ്പിക്കുന്നതിന് അവസരമൊരുക്കുന്ന ചോദ്യങ്ങൾ ഉൾക്കൊള്ളുന്നത്.
- വിമർശന ചിന്തയും പ്രതികരണശേഷിയും വളർത്താൻ ഉതകുന്ന ചോദ്യങ്ങൾ ഉള്ളത്.
- കുട്ടികൾക്ക് തെരഞ്ഞെടുപ്പിന് അവസരം നൽകുന്ന വിധത്തിൽ 25% അധിക ചോദ്യങ്ങൾ ഉൾപ്പെടുത്തിയത്.

(ബി) കലാകായിക മേഖലയിൽ പ്രാഗൽഭ്യം തെളിയിക്കുന്നവർക്കുള്ള ഗ്രേസ് മാർക്ക് നിർത്തലാക്കാൻ നിർദ്ദേശിച്ചിട്ടില്ല. നിലനിൽക്കുന്ന പരാതികളുടെ അടിസ്ഥാനത്തിൽ പഠനം നടത്തി ഗ്രേസ് മാർക്ക് സമ്പ്രദായം കാലോചിതമായി പരിഷ്കരിക്കുന്നതിനാണ് ശ്രമിക്കുന്നത്. നിലവിൽ ഗ്രേസ് മാർക്ക് വിഷയത്തിന്റെ മാർക്കിനൊപ്പം ചേർത്ത് നൽകുന്ന രീതിയാണ് പിന്തുടരുന്നത്. കുട്ടിക്ക് ഏത് മേഖലയിലാണ് പ്രാഗത്ഭ്യം അത് തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യുന്നതരത്തിൽ ഗ്രേസ് മാർക്ക് പ്രത്യേകമായി നൽകാനാണ് ആലോചിക്കുന്നത്. തുടർപഠനത്തിനും ജോലിക്കുമെല്ലാം അർഹമായ പരിഗണന ലഭിക്കുന്നതരത്തിൽ ആയിരിക്കും ഗവേഷണാടിസ്ഥാനത്തിലുള്ള പരിഷ്കാരം.

(സി) സ്വാശ്രയ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 4-2-2017-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 37/2017/ഉവിവ. പ്രകാരം ജസ്റ്റിസ് കെ. കെ.ദിനേശൻ ചെയർമാനും ഡോ. കെ. കെ. എൻ. കുറുപ്പ്, ഡോ. ആർ. വി. ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ നാല് മാസത്തിനുള്ളിൽ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. 5-8-2017-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 232/2017/ഉ.വി.വ പ്രകാരം ടി കമ്മീഷന് 31-8-2017 വരെ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട്. കമ്മീഷൻ ഇടക്കാല റിപ്പോർട്ടുകളൊന്നും ലഭ്യമാക്കിയിട്ടില്ല.

## റവന്യൂ വകുപ്പിൽനിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ

21 (* 110) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽനിന്നും നൽകുന്ന ഏതൊക്കെ സർട്ടിഫിക്കറ്റുകളാണ് ഓൺലൈനായി ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) നിലവിൽ നല്കുന്ന ജാതി സർട്ടിഫിക്കറ്റിന്റെ കാലാവധി എത്രയാണെന്ന് അറിയിക്കുമോ;

(സി) വിദ്യാർത്ഥികൾക്ക് പഠനകാലത്ത് പലതവണ ജാതി സർട്ടിഫിക്കറ്റുകൾ നേടേണ്ടിവരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിദ്യാഭ്യാസ ആവശ്യങ്ങൾക്കായുള്ള ജാതി, നേറ്റിവിറ്റി, വരുമാന സർട്ടിഫിക്കറ്റുകളുടെ കാലാവധി വർദ്ധിപ്പിക്കാൻ തയ്യാറാകുമോ; എങ്കിൽ ഇത് എന്നുമുതൽ നടപ്പാക്കാൻ കഴിയും എന്നറിയിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) നിലവിൽ റവന്യൂ വകുപ്പിൽനിന്ന് നൽകുന്ന താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകിവരുന്നു :

1. ജാതി സർട്ടിഫിക്കറ്റ്
2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
4. ബന്ധുത്വ സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്
7. വരുമാന സർട്ടിഫിക്കറ്റ്
8. കൈവശാവകാശ സർട്ടിഫിക്കറ്റ്
9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
10. പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ്
11. സോൾവെൻസി സർട്ടിഫിക്കറ്റ്
12. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
13. കൺവെൻഷൻ സർട്ടിഫിക്കറ്റ്
14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്
15. അഗതി സർട്ടിഫിക്കറ്റ്
16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്

17. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്

18. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്

19. ലൈഫ് സർട്ടിഫിക്കറ്റ്

20. വൺ ആന്റ് ദ സെയിം സർട്ടിഫിക്കറ്റ്

21. പൊസഷൻ ആന്റ് നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്

22. വാല്വേഷൻ സർട്ടിഫിക്കറ്റ്

23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്

24. മൈനോരിറ്റി സർട്ടിഫിക്കറ്റ്

(ബി) 23-9-2008-ലെ ജി.ഒ (കൈ) നമ്പർ 318/08/റവന്യൂ പ്രകാരം പ്രത്യേക ആവശ്യത്തിനുവേണ്ടിയാണ് ജാതി സർട്ടിഫിക്കറ്റുകൾ നൽകിവന്നിരുന്നത്. എന്നാൽ 4-8-2017-ലെ ജി.ഒ.(കൈ) 264/17/റവ. പ്രകാരം ജാതി സർട്ടിഫിക്കറ്റുകളുടെ സാധുതാകാലയളവ് പ്രത്യേക ആവശ്യത്തിനുമാത്രം എന്ന വ്യവസ്ഥ റദ്ദാക്കി മൂന്ന് വർഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി റവന്യൂ വകുപ്പിൽ നിന്ന് നൽകുന്ന ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാകാലയളവ് പ്രത്യേക ആവശ്യത്തിനു മാത്രം എന്ന വ്യവസ്ഥ റദ്ദാക്കി 3 വർഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ സാധുതാകാലയളവ് നിലവിൽ ആജീവനാന്തമാണ്. വരുമാന സർട്ടിഫിക്കറ്റിന്റെ സാധുതാകാലയളവ് നിലവിൽ ഒരു വർഷമാണ്. വരുമാന സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ഏതെങ്കിലും ഒരു പ്രത്യേക കോഴ്സിന് നൽകുന്ന വരുമാന സർട്ടിഫിക്കറ്റിന് ആ കോഴ്സിന്റെ കാലാവധി വരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

**ചെറുകിട കശുവണ്ടി വ്യവസായികൾ നേരിടുന്ന പ്രശ്നങ്ങൾ**

22 (*111) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട കശുവണ്ടി വ്യവസായികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടി കേരളത്തിൽ തന്നെ ഉൽപ്പാദിപ്പിക്കുന്നതിന് വിവിധ വകുപ്പുകളുമായി ചേർന്ന് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കശുവണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി, മറ്റ് വ്യവസായ ആവശ്യങ്ങൾക്കായി നീക്കിവച്ച വനഭൂമിയിലും തരിശായികിടക്കുന്ന സ്ഥലങ്ങളിലും കശുമാവ് കൃഷി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) തോട്ടണ്ടിക്ഷാമം പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ ആന്ധ്രാപ്രദേശിൽ കശുമാവ് കൃഷിചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്. തോട്ടണ്ടിയുടെ വിലവർദ്ധനയും ലഭ്യതക്കുറവും ബാങ്കിൽനിന്നും ക്രെഡിറ്റ് ലഭിക്കാനുള്ള ബുദ്ധിമുട്ടുകളും ചെറുകിട വ്യവസായികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. ഇതിന്റെ പരിഹാരത്തിനായി തോട്ടണ്ടി ഉല്പാദക രാജ്യങ്ങളിൽ നിന്നും നേരിട്ട് തോട്ടണ്ടി സംഭരിക്കുന്നതിനും സർക്കാർ, സർക്കാരിതര ഫാക്ടറികൾ/ കമ്പനികൾക്ക് നേരിട്ട് വിതരണം ചെയ്യുന്നതിനുമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കമ്പനിയുടെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ നിയമിച്ച ബോർഡിന്റെ സ്പെഷ്യൽ ഓഫീസറായ ശ്രീ. മാരപാണ്ഡ്യൻ, ഐ.എ.എസ്.(റിട്ട.)-ന്റെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു.

(ബി) ഉണ്ട്. കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 4250 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു. ഇതിൽ ന്യൂ ഗാർഡൻ സ്കീമിൽ 2000 ഹെക്ടർ (4 ലക്ഷം ഗ്രാഫ്റ്റ്) പൊതുമേഖലയിലും മറ്റും തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കശുമാവ് കൃഷി വ്യാപനത്തിനായി 1000 ഹെക്ടർ (2 ലക്ഷം തൈകൾ), 'മുറ്റത്തൊരു കശുമാവ്', കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവ വഴി സ്കൂളുകളുടെയും കോളേജുകളുടെയും സ്ഥലങ്ങൾ ഉൾപ്പെടുത്തി 1250 ഹെക്ടർ (2.5 ലക്ഷം തൈകൾ) എന്നിവ വിതരണം ചെയ്തുവരുന്നു. കേരളത്തിൽ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി വ്യാപിപ്പിക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്ന കാര്യം ഇതിനകം തന്നെ അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള (എ.പി.കെ.)-യുമായി ചർച്ച നടത്തിയിട്ടുണ്ട്. അവരിൽനിന്നും പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് സംസ്ഥാന കശുമാവ് കൃഷി ഏജൻസിയുമായി ചേർന്ന് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാന കശുമാവ് കൃഷി ഏജൻസി നിലമൊരുക്കുന്നതിന് സാമ്പത്തിക സഹായവും സൗജന്യമായി കശുമാവ് ചെടിയും അവ പരിപാലിക്കുന്നതിന് സാമ്പത്തിക സഹായവും നൽകിവരുന്നു.

കശുവണ്ടി വികസന കോർപ്പറേഷൻ അവരുടെ വിവിധ ഫാക്ടറികളിലും മറ്റ് തരിശു ഭൂമികളിലും കശുമാവ് കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കോർപ്പറേഷന്റെ നഴ്സറിയിൽ ഉല്പാദിപ്പിക്കുന്ന അത്യുല്പാദനശേഷിയുള്ള കശുമാവ് തൈകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്തുവരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കൂടാതെ കൃഷി, വനം, പട്ടികജാതി പട്ടികവർഗ്ഗക്ഷേമം, റവന്യൂ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് കശുമാവ് കൃഷി വിപുലമായി നടത്തുന്ന കാര്യം പരിഗണനയിലാണ്.

(സി) തരിശായികിടക്കുന്ന സർക്കാർ ഉടമസ്ഥതയിൽ ഉൾപ്പെടെയുള്ള ഭൂമിയിൽ കശുമാവ് കൃഷി ചെയ്യാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ബഹു. മത്സ്യബന്ധന ഹാർബർ എഞ്ചിനീയറിംഗ് കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയുടെയും വനം വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ 24-5-2017 തീയതിയിൽ നടന്ന മീറ്റിംഗിൽ വച്ച് വിവിധ വകുപ്പ് മേധാവികൾ 300-ൽ അധികം ഏക്കർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്യാൻ സമ്മതിച്ച് കൃഷി ആരംഭിച്ചിട്ടുണ്ട്.

(ഡി) ഈ വിഷയം ആന്ധ്രാ സർക്കാരിന്റെ പരിഗണനയിൽ കൊണ്ടുവന്നെങ്കിലും ആന്ധ്രാ സർക്കാർ മുന്നോട്ടുവച്ച നിർദ്ദേശം സർക്കാരിന് സ്വീകരിക്കാൻ കഴിയുന്നതായിരുന്നില്ല.

**മത്സ്യമേഖലയുടെ വികസനം**

23 (*112) <u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ മത്സ്യമേഖല സൂചിക തയ്യാറാക്കണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശത്തിൽ എന്തൊക്കെ നടപടികളാണ് സംസ്ഥാന മത്സ്യ ബന്ധന വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നീല സാമ്പത്തിക വികസനത്തിന് (ബ്ലൂ ഇക്കണോമി ഡെവലപ്മെന്റ്) കേന്ദ്രസർക്കാർ ആവിഷ്കരിച്ച സാഗർമാല പദ്ധതിയുടെ പ്രധാന പരിപാടികൾ എന്തൊക്കെയാണ്; സംസ്ഥാനത്തിന്റെ മത്സ്യമേഖല വികസനത്തിന് ഈ പദ്ധതിയെ എങ്ങനെയൊക്കെയാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(സി) കേന്ദ്ര സർക്കാരിന്റെ പുതിയ സമുദ്ര മത്സ്യ നയം കേരളത്തിലെ മൽസ്യത്തൊഴിലാളി മേഖലയെയും പരമ്പരാഗത മത്സ്യ മേഖലയെയും ഏതൊക്കെ രീതിയിലാണ് ബാധിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>):

(എ) ദേശീയ മത്സ്യമേഖലാ സൂചിക തയ്യാറാക്കുന്നതിന് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപന (CMFRI) ത്തിനെയാണ് കേന്ദ്ര സർക്കാർ നിയോഗിച്ചിരിക്കുന്നത്. ലക്ഷദ്വീപ്, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, വിവിധ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ മത്സ്യമേഖലാ വികസനത്തിന്റെ താരതമ്യ വിലയിരുത്തൽ നടത്തുകയാണ് മത്സ്യമേഖലാ സൂചികകൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ/മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെ നിർമ്മാണം, നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങൾ/ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രം എന്നിവയുടെ നവീകരണം, വികസനം എന്നിവയാണ് ബ്ലൂ റെവല്യൂഷൻ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ കമ്മീഷൻചെയ്ത മത്സ്യബന്ധന തുറമുഖങ്ങളുടെ തുടർ നടത്തിപ്പിനും വിപുലീകരണത്തിനും ടി ഹാർബറുകളിൽനിന്നും ലഭിക്കുന്ന വരുമാനം പ്രയോജനപ്പെടുത്തണമെന്ന് ബ്ലൂ റെവല്യൂഷനിൽ നിർദ്ദേശമുണ്ട്. താഴെപ്പറയുന്ന പ്രവൃത്തികളുടെ പ്രൊപ്പോസൽ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

1. ആഴീക്കൽ മത്സ്യബന്ധന തുറമുഖ രണ്ടാം ഘട്ട വികസനം - 1440 ലക്ഷം രൂപ.

2. താനൂർ മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ടുകളുടെ നീളം കൂട്ടൽ - 1435 ലക്ഷം രൂപ.

3. വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിന്റെ തെക്കേ പുലിമുട്ടിന്റെ നീളം കൂട്ടൽ -2240 ലക്ഷം രൂപ.

(സി) 28-4-2017-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ദേശീയ സമുദ്ര മത്സ്യബന്ധന നയത്തിൽ മത്സ്യബന്ധന മേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്ന നിരവധി കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. എൽ.ഒ.പി. നിർത്തലാക്കുമെന്ന് പുതിയ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പി.പി.പി. മോഡലിൽ സമുദ്ര മത്സ്യബന്ധന മേഖലയിൽ സ്വകാര്യ മൂലധന നിക്ഷേപം പ്രോത്സാഹിപ്പിക്കുമെന്നും അന്താരാഷ്ട്ര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയിട്ടുള്ള മത്സ്യബന്ധന യാനങ്ങൾ

പ്രോത്സാഹിപ്പിക്കുമെന്നുള്ള നയത്തിന്റെ പ്രഖ്യാപനം മൾട്ടിനാഷണൽ കമ്പനികൾക്ക് മത്സ്യമേഖല തുറന്നുകൊടുക്കുന്നതിന് തുല്യമായിരിക്കും എന്ന് മത്സ്യത്തൊഴിലാളി മേഖലയിൽ ആശങ്കയുണ്ട്. സമുദ്ര മത്സ്യബന്ധന മേഖലയിൽ സ്വകാര്യ മൂലധന നിക്ഷേപവും വിദേശ സാങ്കേതികവിദ്യയും വൻതോതിൽ കടന്നുവരുന്നത് മത്സ്യ സമ്പത്ത് കുറയുന്നതിന് കാരണമാകുകയും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യും എന്ന ആശങ്കയും നിലനിൽക്കുന്നു. മത്സ്യമേഖലയ്ക്ക് ഗുണകരമായി ഭവിക്കുമായിരുന്നതും സംസ്ഥാന സർക്കാർ ചൂണ്ടിക്കാണിച്ചതുമായ പല കാര്യങ്ങളും കേന്ദ്ര സർക്കാർ പരിഗണി ക്കുകയുണ്ടായില്ല. സംസ്ഥാനങ്ങളുടെ തീരക്കടൽ അധികാരപരിധി നിലവിലെ 12 നോട്ടിക്കൽ മൈൽ എന്നത് 36 നോട്ടിക്കൽ മൈൽ എന്ന് പുനർക്രമീ കരിക്കണമെന്നും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കത്തക്കവിധമാണ് നയരൂപീകരണം വേണ്ടതെന്നും മത്സ്യമേഖലയ്ക്ക് മാത്രമായി കേന്ദ്ര സർക്കാരിനുകീഴിൽ ഒരു മന്ത്രാലയം വേണമെന്നുമുള്ള ദീർഘകാലമായി ഉന്നയിക്കുന്ന ആവശ്യങ്ങളും പുതിയ ദേശീയ മത്സ്യനയത്തിൽ ഉൾപ്പെട്ടിട്ടില്ല.

ചെറുമത്സ്യങ്ങളെ പിടിച്ച് (ജുവനൈൽ ഫിഷിംഗ്) വളത്തിനായും മറ്റും വിൽപ്പന നടത്തുന്നത് തടയാൻ കേരള സംസ്ഥാനത്ത് MLS (Minimum Legal Size) നിശ്ചയിച്ച് നിയന്ത്രിച്ചുവരുന്നു. എന്നാൽ എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാകുംവിധം ദേശീയതലത്തിൽ തീരുമാനമുണ്ടായാലേ ഇത്തരം അശാസ്ത്രീയ മത്സ്യബന്ധനം പൂർണ്ണമായി നിയന്ത്രിക്കാൻ കഴിയുകയുള്ളൂ. അക്കാര്യവും പുതിയ വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടില്ല. രാജ്യത്താകെയുള്ള മത്സ്യബന്ധന യാനങ്ങൾക്ക് മിനിമം സ്റ്റാന്റേർഡ്സ് നിശ്ചയിക്കണമെന്ന ആവശ്യവും പരിഗണിക്കപ്പെട്ടില്ല.

### ഭവനനിർമ്മാണ സഹായ പദ്ധതിയിലുൾപ്പെട്ട വീടുകളുടെ വിവരശേഖരണം

24 (*113) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെകാലത്ത് നിർമ്മാണമാരംഭിച്ച് പണമില്ലാത്തതു കൊണ്ട് ഗഡുക്കൾ മുഴുവൻ നല്കാതിരുന്നതുമൂലം പാതിവഴിയിൽ മുടങ്ങിപ്പോയ ഭവന നിർമ്മാണ സഹായ പദ്ധതിയിലുൾപ്പെട്ട വീടുകളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇവരുടെ പ്രശ്നം പരിഹരിക്കുന്നതിന്, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) അതുമൂലം ഈ പദ്ധതിയിലുൾപ്പെട്ട എത്ര വീടുകളുടെ പണി പൂർത്തിയാക്കാനായിട്ടുണ്ട് എന്ന് വിശദമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സർക്കാരിന്റെ വിവിധ ഭവന പദ്ധതികളിൽ ഉൾപ്പെടുകയും പൂർത്തീകരിക്കാൻ കഴിയാത്തതായുമുള്ള എല്ലാ ഗുണഭോക്താക്കളുടെയും വിവരശേഖരണം നടത്തി വരുന്നതേയുള്ളൂ. വിവിധ ഭവന പദ്ധതികളിൽ ഉൾപ്പെടുകയും എന്നാൽ പൂർത്തീകരിക്കാൻ കഴിയാത്തവരായും ഉള്ള ഗുണഭോക്താക്കളുടെ വിവരശേഖരണം നടത്തുന്നതിന് വിവിധ വകുപ്പുകൾക്കും തദ്ദേശ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വിവിധ ഭവന പദ്ധതികളിൽ ഉൾപ്പെട്ട് നിർമ്മാണം ആരംഭിച്ച് പണി പൂർത്തീകരിക്കാത്ത വീടുകൾ കണ്ടെത്തി ആയവ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ ലൈഫ് ഭവന പദ്ധതി പ്രകാരം സ്വീകരിച്ചുവരുന്നു. ലൈഫ് മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ആദ്യ ഘട്ടത്തിൽ 2018 മാർച്ച് 31-ന് മുമ്പായി വിവിധ ഭവന പദ്ധതികളിൽ ഉൾപ്പെടുകയും എന്നാൽ പൂർത്തീകരിക്കാൻ കഴിയാത്തതായിട്ടും ഉള്ള മുഴുവൻ വീടുകളും പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. യൂണിറ്റ് നിരക്ക് വർദ്ധിപ്പിച്ച് പുതിയ നിരക്കിന് അനുസൃതമായ ആനുപാതിക വിഹിതം നൽകി പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) വിവരശേഖരണം പൂർത്തിയാക്കി ലൈഫ് മിഷനിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭൂരേഖകൾ ഡിജിറ്റൽ ആക്കുന്നതിന് നടപടി**

25 (*115) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരേഖകൾ പൂർണമായും ഡിജിറ്റൽ ആക്കുന്നത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ ഏതൊക്കെ ജില്ലകളിലാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ; ഈ പദ്ധതി എന്ന് പൂർത്തീകരിക്കാനാവുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും സർവ്വേ റിക്കാർഡുകൾ ഭൗതികമായി സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനും അവ ഓൺലൈനായി പൊതുജനങ്ങൾക്ക് നൽകുന്നതിനുമായി 'ഇ-രേഖ' എന്ന പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതിയായ DILRMP-യിൽ ഉൾപ്പെടുത്തി ഡിജിറ്റൈസ് ചെയ്ത

നിലവിലെ 635 വില്ലേജുകളുടെ ഭൂരേഖകൾ (FMB-കൾ) പൊതുജനങ്ങൾക്ക് www.erekha.kerala.gov.in എന്ന വെബ് പോർട്ടലിൽനിന്നും ഓൺലൈനായി പണമടച്ച് കൈപ്പറ്റുവാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. ബാക്കിയുള്ള വില്ലേജുകളിലെ ഭൂരേഖകളുടെ ഡിജിറ്റൈസേഷൻ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഡിജിറ്റൈസ്ചെയ്ത സർവ്വേ റിക്കാർഡുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ വേണ്ടി GIS അധിഷ്ഠിതമായ വെബ് സംവിധാനത്തിലൂടെ വില്ലേജുകളുടെ ഡാറ്റ അപ്‌ലോഡ് ചെയ്യുന്ന ജോലികൾ പുരോഗമിച്ചുവരുന്നു.

റെലിസ് (റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 1243 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ (BTR) ഡിജിറ്റൈസ് ചെയ്തുകഴിഞ്ഞു. അതിൽ 450 വില്ലേജുകളിൽ തണ്ടപ്പേർ രജിസ്റ്ററുകളും (TPR) ഇതിനോടകം ഡിജിറ്റൈസ് ചെയ്തുകഴിഞ്ഞിട്ടുണ്ട്.

(ബി) ഇ-രേഖാ പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ല ഒഴികെ മറ്റ് ജില്ലകളിൽ ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ റീസർവ്വേ പൂർത്തിയാക്കിയ വില്ലേജുകളുടെ സെൻട്രൽ സർവ്വേ ഓഫീസിൽനിന്നും ലഭ്യമായ 748427 FMB-കളും 3875 ബ്ലോക്ക് മാപ്പുകളും സെൻട്രൽ ഡിജിറ്റൈസേഷൻ സെന്റർ, മറ്റ് ജില്ലാ ഡിജിറ്റൈസേഷൻ സെന്ററുകൾ എന്നിവ മുഖാന്തരം സ്കാനിംഗിലൂടെ ഡിജിറ്റൈസ്ചെയ്ത് പൂർത്തീകരിച്ചിട്ടുള്ളതുമാണ്. റീസർവ്വെ പൂർത്തിയാക്കിയ ബാക്കി വില്ലേജുകളുടെ റിക്കാർഡുകൾ ജില്ലകളിൽനിന്നും സെൻട്രൽ സർവ്വേ ഓഫീസിൽ ലഭ്യമാക്കുന്നമുറയ്ക്ക് ഡിജിറ്റൈസേഷൻ പൂർത്തീകരിക്കുന്നതുമാണ്.

റെലിസ് (റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം) പദ്ധതി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പുസാമ്പത്തിക വർഷത്തിന്റെ അവസാനത്തോടെ എല്ലാ വില്ലേജുകളിലെയും അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടി പൂർത്തിയാക്കാനാവുമെന്ന് കരുതുന്നു.

## ഫിഷറീസ് നയം

26 (*116) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിഷറീസ് നയം തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മത്സ്യബന്ധന മേഖലയുടെ വളർച്ചയ്ക്ക് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിവരിക്കുമോ;

(സി) പ്രസ്തുത നയം എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്. 8-8-1994-ലെ ജി.ഒ.(എം.എസ്.) നമ്പർ 43/94/എഫ് & പി.ഡി. ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ഒരു മത്സ്യ നയം തയ്യാറാക്കി പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത നയത്തിൽ മത്സ്യബന്ധനം, മത്സ്യകൃഷി, മത്സ്യ സംസ്കരണം, മത്സ്യ സംരക്ഷണം എന്നീ മേഖലകളിൽ ഉണ്ടായിട്ടുള്ള കാലോചിതമായ മാറ്റങ്ങൾ ചേർത്തും മത്സ്യ കൃഷി നയം, ജലാശയങ്ങൾ പാട്ടത്തിന് നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ, പൈതൃക മത്സ്യകൃഷി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത എന്നിവ ഉൾപ്പെടുത്തി പരിഷ്കരിച്ച് നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും മത്സ്യനയം 2016 തയ്യാറാക്കുന്നതിനായി 30-9-2016-ലെ സ.ഉ.(സാധാ.) നമ്പർ 648/16/മ.തു.വ. ഉത്തരവ് പ്രകാരം ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും, ഫിഷറീസ് ഡയറക്ടർ വൈസ് ചെയർമാനും ഫിഷറീസ് അഡീഷണൽ ഡയറക്ടർ കൺവീനറും വിവിധ ശാസ്ത്രജ്ഞൻമാരും മത്സ്യത്തൊഴിലാളികളും മത്സ്യ കർഷകരും അംഗങ്ങളായ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി കമ്മിറ്റി യോഗങ്ങൾ ചേർന്ന് പുതുക്കിയ ഫിഷറീസ് നയം തയ്യാറാക്കുന്ന പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്.

(ബി) മത്സ്യത്തൊഴിലാളി വികസനം, മത്സ്യബന്ധനം, മത്സ്യകൃഷി, മത്സ്യ സംസ്കരണം തുടങ്ങിയ എല്ലാ മേഖലയിലും സമഗ്ര വികസനത്തിലും സംരക്ഷണത്തിലും ഊന്നിയ ഒരു നയം തയ്യാറാക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. സമുദ്ര മത്സ്യ സമ്പത്ത്, ഉൾനാടൻ മത്സ്യ സമ്പത്ത്, ജല സംഭരണിയിലെ മത്സ്യബന്ധനം, മത്സ്യകൃഷി, സംയോജിത മത്സ്യകൃഷി, അലങ്കാര മത്സ്യകൃഷി, മത്സ്യ സംസ്കരണം, മത്സ്യബന്ധന തുറമുഖങ്ങളും കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളും, മത്സ്യത്തൊഴിലാളി വികസനം, തീരദേശത്തെ അടിസ്ഥാന സൗകര്യ വികസനം, സഹകരണ സ്ഥാപനങ്ങൾ, ലിംഗ സമത്വം, തീര പരിസ്ഥിതി, വിജ്ഞാന വ്യാപനം, മാനുഷിക വികസനം, പദ്ധതി നിർവ്വഹണവും ഭരണ നവീകരണവും എന്നീ 15 വിഷയങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

(സി) പുതുക്കിയ മത്സ്യനയം (ഫിഷറീസ് പോളിസി) തയ്യാറാക്കുന്ന പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്.

## കശുവണ്ടി തൊഴിലാളികളുടെ തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി

27 (*117) ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കശുവണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത നടപടികളിലൂടെ തൊഴിലാളികൾക്ക് എത്ര തൊഴിൽ ദിനങ്ങൾ അധികമായി നല്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയും തോട്ടണ്ടിയുടെ ലഭ്യതക്കുറവുംമൂലം അടഞ്ഞുകിടന്നിരുന്ന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ നിരന്തര ഇടപെടലുകളെ തുടർന്ന് 17-8-2016 മുതൽ തുറന്നുപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ഫാക്ടറി ഉടമകളുടെ പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ച് കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സംയുക്തമായി യോഗങ്ങൾ വിളിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ ഇനിയും മീറ്റിംഗ് വിളിച്ചുചേർത്ത് പ്രശ്നപരിഹാരത്തിന് ശ്രമിക്കുന്നതാണ്. തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ് ജില്ലയിലെ രാജപുരം, ചീമേനി, കണ്ണൂർ ജില്ലയിലെ നാട്ടുകാണി എന്നീ എസ്റ്റേറ്റുകൾ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (RPL), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ (SFCK), കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ കോർപ്പറേഷനും കാപ്പെക്സും സംയുക്തമായി ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തിയത്. കൂടാതെ വിദേശ രാജ്യങ്ങളിൽനിന്നും ഇ-ടെണ്ടർ മുഖേന തോട്ടണ്ടി ഇറക്കുമതിചെയ്ത് തൊഴിലാളികൾക്ക് പരമാവധി തൊഴിൽ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന തദ്ദേശീയ തോട്ടണ്ടി സംഭരിക്കുന്നതിന് കോർപ്പറേഷനും കാപ്പെക്സിനും അനുമതി നൽകിയിട്ടുണ്ട്. സംഭരണ നടപടികൾ ഇതിനകംതന്നെ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ ചെറുകിട കർഷകരിൽനിന്നും സംഭരിക്കുന്ന തോട്ടണ്ടിക്ക് വില നിശ്ചയിക്കുന്നതിന് ഒരു വില നിർണ്ണയ സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. തൊഴിലാളികൾക്ക് പ്രതിവർഷം 300 തൊഴിൽ ദിനങ്ങളെങ്കിലും ഉറപ്പുവരുത്തുന്നതിനായി ആവശ്യത്തിന് തോട്ടണ്ടി ലഭ്യമാക്കാൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കാൻ തീരുമാനിക്കുകയും സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ചെയ്തു. കമ്പനി രജിസ്റ്റർ ചെയ്യുന്നതിന്റെ പ്രവർത്തനം അതിന്റെ അവസാന ഘട്ടത്തിലാണ്.

(ബി) തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽനിന്നും നേരിട്ട് തോട്ടണ്ടി സംഭരിക്കുന്നതിനും സർക്കാർ സർക്കാരിതര ഫാക്ടറികൾ/കമ്പനികൾ നേരിട്ട് വിതരണം ചെയ്യുന്നതിനുമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് രൂപീകരിക്കാൻ തീരുമാനിക്കുകയും സ്പെഷ്യൽ ഓഫീസറായി ശ്രീ. മാരപാണ്ഡ്യൻ, ഐ.എ.എസ്. (റിട്ട).-നെ നിയമിക്കുകയും ചെയ്തു. തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെകീഴിൽ പ്രവർത്തിക്കുന്ന ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തുറന്നുപ്രവർത്തിച്ചതുമുതൽ ജൂലൈ 31 വരെ 128 തൊഴിൽദിനങ്ങൾ നൽകിയിട്ടുണ്ട്. കാപ്പെക്സിലെ തൊഴിലാളികൾക്ക് 141 തൊഴിൽ ദിനങ്ങൾ ലഭ്യമാകുന്നവിധത്തിലുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് നിലവിൽവരുന്നതോടുകൂടി തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽനിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതിചെയ്ത് തൊഴിൽ ദിനങ്ങൾ പ്രതിവർഷം 300 ആയി വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

### സമയബന്ധിതമായി പട്ടയം നൽകുന്നതിന് നടപടി

28 (*118) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. വി. അൻവർ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹതപ്പെട്ടവർക്കെല്ലാം സമയബന്ധിതമായി പട്ടയം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 1977 ജനുവരി ഒന്നിന് മുമ്പ് വനഭൂമി കൈവശം ഉണ്ടായിരുന്നതും റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത പരിശോധന കഴിഞ്ഞ് കേന്ദ്ര സർക്കാരിന്റെയും സുപ്രീം കോടതിയുടെയും അനുമതി ലഭിച്ചതുമായ കേസുകളിൽ വ്യക്തികൾക്ക് ഭൂമി നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) വനഭൂമിയ്ക്ക് പകരമായി ഭൂമി കണ്ടെത്തി നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ;

(ഡി) ദീർഘകാലമായി ലാന്റ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>):

(എ) അർഹതപ്പെട്ടവർക്ക് സമയബന്ധിതമായി പട്ടയം അനുവദിക്കുന്നതിന് എല്ലാ ജില്ലകളിലും സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. നിയമ തടസ്സങ്ങളില്ലാത്ത കേസുകളിൽ സമയബന്ധിതമായി പട്ടയം അനുവദിക്കുന്നതിന് പതിവ് കമ്മിറ്റി കൂടുകയും പതിവ് ശിപാർശകൾ അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. വർഷങ്ങളായി വീടുവച്ച് താമസിച്ചുവരുന്ന കൈവശഭൂമി പതിച്ചുകിട്ടുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച്, അപേക്ഷ ഭൂമി, വില്ലേജ് റിക്കാർഡ് പ്രകാരം റോഡ്/തോട്/ കായൽ/കുളം/പുഴ/കനാൽ എന്നീ ഇനങ്ങളിൽപ്പെട്ട പുറംമ്പോക്കുഭൂമി അല്ലായെങ്കിൽ നിലവിലുള്ള ഭൂമി പതിവ് നിയമപ്രകാരം പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മിച്ചഭൂമി പട്ടയ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് കൂടുതൽ ആഫീസുകൾക്ക് അധികാരം നൽകി പ്രവർത്തിച്ചുവരുന്നു.

(ബി) 1-1-1977-ന് മുമ്പ് വനഭൂമി കൈവശം വച്ചുവരുന്നവർക്ക് 1993-ലെ കേരള ഭൂമി പതിവ് പ്രത്യേക ചട്ടപ്രകാരമാണ് റവന്യൂ-വനം വകുപ്പ് സംയുക്ത പരിശോധനയിലൂടെ പട്ടയം നൽകിവരുന്നത്. സംയുക്ത പരിശോധനയിൽ ഉൾപ്പെടെ ആകെ വിസ്തീർണ്ണമായ 37318.6735 ഹെക്ടർ ഭൂമിയിൽ 28588.16 ഹെക്ടർ ഭൂമിക്ക് കേന്ദ്രാനുമതി ലഭിക്കുകയും ലഭിച്ച വിസ്തീർണ്ണത്തിൽ 16373.028 ഹെക്ടർ ഭൂമി 36829 പേർക്കായി പതിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15-6-2017-ൽ കൂടിയ യോഗത്തിൽ പട്ടയ നടപടികൾ ത്വരിതപ്പെടുത്തുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ സംയുക്ത പരിശോധന നടത്തിയ വിസ്തീർണ്ണത്തിൽ, അർഹരായ അപേക്ഷകരെ കണ്ടെത്തുക, കേന്ദ്രാനുമതി ലഭിച്ച വിസ്തീർണ്ണത്തിൽ അർഹരായ അപേക്ഷകരെ കണ്ടെത്തി പട്ടയം അനുവദിക്കുക, സംയുക്ത പരിശോധന നടത്തുവാൻ ശേഷിക്കുന്ന വിസ്തീർണ്ണത്തിൽ പരിശോധന നടത്തുക, സംയുക്ത പരിശോധന പൂർത്തിയാക്കി കേന്ദ്രാനുമതിക്ക് സമർപ്പിക്കുക എന്നിവ സമയബന്ധിതമായി പൂർത്തിയാക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകുകയും തുടർനടപടികൾ നടന്നുവരുന്നതുമാണ്.

(സി) വനഭൂമിക്ക് പകരം ഭൂമി കണ്ടെത്തുന്നതിനുള്ള നടപടി ഊർജ്ജിതമായി നടന്നുവരുന്നുണ്ട്.

(ഡി) ദീർഘകാലമായി ലാന്റ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കാൻ ലാന്റ് ബോർഡ് മുഖേന ഉർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ 17 ലാന്റ് ട്രൈബ്യൂണലുകളാണുള്ളത്. ഏറ്റവും കൂടുതൽ അപേക്ഷകൾ കെട്ടിക്കിടക്കുന്ന തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ 29 സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാന്റ് ട്രൈബ്യൂണലുകളുടെ അധിക ചുമതല നൽകിയിട്ടുണ്ട്. അങ്ങനെ 46 ട്രിബ്യൂണലുകൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ ദേവസ്വം കേസുകൾക്കായി 14 ജില്ലകളിലും ഡെപ്യൂട്ടി കളക്ടർമാരെയും ചുമതല പ്പെടുത്തിയിട്ടുണ്ട്. കാണം കേസുകളെ പ്രത്യേകമായി സെറ്റിൽ ചെയ്യുന്നതിന് സെറ്റിൽമെന്റ് ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്. ലാന്റ് ട്രൈബ്യൂണലുകളിൽ തഹസിൽദാർമാരെ അടിക്കടി സ്ഥലം മാറ്റാതിരിക്കാൻ രണ്ട് വർഷത്തിൽ കൂടുതൽ സർവ്വീസ് ശേഷിക്കുന്നവരെ മാത്രമേ നിയമിക്കാവൂഎന്നും അവരെ രണ്ട് വർഷത്തേയ്ക്ക് സ്ഥലം മാറ്റരുതെന്നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ജീവനക്കാർക്കും നിരന്തരം പരിശീലനവും നൽകിവരുന്നു. ഓരോ ട്രൈബ്യൂണലും പ്രതിമാസം തീർപ്പാക്കേണ്ട കേസുകളുടെ ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കേസ് തീർപ്പാക്കാൻ പുരോഗതി അവലോകനം ചെയ്യാൻ എല്ലാ മാസവും ഈ ട്രൈബ്യൂണലുകളുടെ മീറ്റിംഗുകൾ, വീഡിയോ കോൺഫറൻസുകൾ എന്നിവ നടത്തിവരുന്നു. സ്റ്റേറ്റ് ലാന്റ് ബോർഡിൽനിന്ന് എല്ലാ ട്രൈബ്യൂണലിലേയ്ക്കും പുരോഗതി വിലയിരുത്താൻ പരിശോധനയും നടത്തിവരുന്നുണ്ട്. കേസ് തീർപ്പാക്കലിന്റെ പ്രതിദിന പുരോഗതി വിലയിരുത്താൻ ലാന്റ് ബോർഡിൽ പ്രത്യേക വിഭാഗവും രൂപീകരിച്ചിട്ടുണ്ട്. ഈ നടപടികളിലൂടെ ലാന്റ് ട്രൈബ്യൂണലുകളിലെ കേസ് തീർപ്പാക്കൽ പുരോഗതി ഇപ്പോൾ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ഇതുകൂടാതെ ലാന്റ് ട്രൈബ്യൂണലുകളിൽ കാണം, കുഴിക്കാണം, പാട്ടം, വെറുംപാട്ടം തുടങ്ങി വിവിധ ടെനൻസികളിൽപ്പെട്ട ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനായി നൽകിയിട്ടുള്ളതും കെട്ടിക്കിടക്കുന്നതുമായ കേസുകൾ തീർപ്പാക്കുന്നതിനുദ്ദേശിച്ച് അപ്രകാരമുള്ള കേസുകളിൽ ജന്മിമാർ ഹാജരാകാത്ത കേസുകൾ വേർതിരിച്ച് ഒരു simplified procedure-ലൂടെ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് ബന്ധപ്പെട്ട 6 ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**മത്സ്യക്കുഞ്ഞുങ്ങളുടെ സംരക്ഷണം**

29 (*119) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനം നടത്തുമ്പോൾ മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നതിന് എന്തൊക്കെ നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്;

(ബി) മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത് തടയാൻ എന്തൊക്കെ സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കുമോ;

(സി) മത്സ്യബന്ധനവലകളുടെ കണ്ണി വലിപ്പം നിയന്ത്രിക്കുന്നതിന് ബന്ധപ്പെട്ട നിയമം ഭേദഗതി ചെയ്യുന്നതിന് ആലോചനയുണ്ടോ; വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ചെറുമത്സ്യങ്ങളെ പിടിക്കുന്നത് മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ചു കൊണ്ട് 24-7-2015-ലെ ജി.ഒ.(പി)നമ്പർ 40/15/മതുവ., 17-5-2017-ലെ ജി.ഒ.(പി) നമ്പർ 11/17/മതുവ. എന്നിവ പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം അശാസ്ത്രീയമായ മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി നടപടികൾ സ്വീകരിക്കുകയും പിഴ ഈടാക്കുകയും ചെയ്തുവരുന്നു.

(ബി) ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും ചേർന്ന് മത്സ്യബന്ധന യാനങ്ങൾ പരിശോധിക്കുകയും ചെറുമത്സ്യങ്ങൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യബന്ധന യാനങ്ങൾക്കെതിരെ കെ.എം.എഫ്.ആർ. ആക്ട് പ്രകാരം നടപടികളെടുത്തുവരുന്നു. കണ്ണി വലിപ്പം കുറഞ്ഞ വലകൾ പിടിച്ചെടുക്കുകയും മത്സ്യത്തൊഴിലാളികൾക്ക് ബോധവത്കരണ ക്ലാസ്സുകൾ നടത്തുകയും ചെയ്തുവരുന്നു. സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലും കടൽ പട്രോളിംഗിനായി പട്രോൾ ബോട്ടുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷനുകളില്ലാത്ത കാസർഗോഡ്, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ എന്നീ തീരദേശ ജില്ലകളിൽ അവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കെ.എം.എഫ്.ആർ. ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിൽ വല നിർമ്മാണ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും കണ്ണിവലിപ്പം നിയന്ത്രിക്കുന്നതിനുമുള്ള വകുപ്പുകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ സഭയിൽ തന്നെ ബിൽ അവതരിപ്പിച്ച് നിയമമാക്കുന്നതാണ്.

**വില്ലേജ്, താലൂക്ക് ഓഫീസുകൾ ജനസൗഹൃദമാക്കാൻ നടപടി**

30 (*120) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണ ജനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന വില്ലേജ്, താലൂക്ക് ഓഫീസുകൾ ജനസൗഹൃദമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത ഓഫീസുകൾ അഴിമതിമുക്തമാക്കാൻ എന്തെല്ലാം കർശന നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) റവന്യൂ വകുപ്പിൽനിന്നും ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് ഓൺലൈനായി ലഭിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(ഡി) ജാതി, വരുമാന, നേറ്റിവിറ്റി സർട്ടിഫിക്കറ്റുകളുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽനിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെവച്ചും (Any time anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. താലൂക്കാഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കുന്നതിന് ഫ്രണ്ട് ഓഫീസ് സംവിധാനവും പൊതുജനങ്ങൾക്കുള്ള വിശ്രമ കേന്ദ്രവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റവന്യൂ വകുപ്പിന്റെ പരിശീലന കേന്ദ്രമായ ഐ.എൽ.ഡി.എം. മുഖേന ജനസൗഹൃദ റവന്യൂ ഓഫീസുകൾ എന്ന പരിശീലന പരിപാടി ജനങ്ങളുമായി ബന്ധപ്പെടുന്ന റവന്യൂ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.

(ബി) പൊതുജനങ്ങൾക്ക് അഴിമതിരഹിത സേവനം ലഭ്യമാക്കുന്നതിനും റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ കാണിക്കുന്ന നിയമവിരുദ്ധ പ്രവൃത്തികൾ തടയുന്നതിനും സംസ്ഥാനത്ത് യഥാക്രമം തിരുവനന്തപുരം ആസ്ഥാനമാക്കി ദക്ഷിണമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും എറണാകുളം ആസ്ഥാനമാക്കി മധ്യമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും കോഴിക്കോട് ആസ്ഥാനമാക്കി ഉത്തരമേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും പ്രവർത്തിച്ചുവരുന്നു. കൂടാതെ എല്ലാ ജില്ലാ കളക്ടറേറ്റിലും ഇൻസ്പെക്ഷൻ വിഭാഗത്തിന് വിജിലൻസിന്റെ അധികാരം നൽകി സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ & വിജിലൻസ് എന്ന് നാമകരണംചെയ്ത് പ്രവർത്തിച്ചുവരുന്നു. കൂടാതെ വകുപ്പ് മേധാവിയായ ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ ഇൻസ്പെക്ഷൻ ആന്റ് ആഡിറ്റ് വിഭാഗം സബ് ഓഫീസുകളിലെ റിക്കാർഡുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചുവരുന്നു. ബഹു. റവന്യൂ ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ 123/എൻ/എം/റവ/17 നമ്പർ കുറിപ്പിന്റെയും 1350769/ജി.3/2017/റവ. നമ്പർ സർക്കുലറിന്റെയും

അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തുവാനും പീരിയോഡിക്കൽ പരിശോധന നടത്തുവാനും ആവശ്യമെങ്കിൽ താലൂക്ക് തലത്തിൽത്തന്നെ അഴിമതിവിമുക്ത സ്ക്വാഡ് രൂപീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഏതെങ്കിലും ഉദ്യോഗസ്ഥർ കൈക്കൂലി/പാരിതോഷികം ആവശ്യപ്പെടുന്ന പക്ഷം ആ വിവരം അറിയിക്കുന്നതിന് വില്ലേജ് ഓഫീസുകളിൽ ജില്ലാ കളക്ടറേറ്റിന്റെയും ലാന്റ് റവന്യൂ കമ്മീഷണറേറ്റിന്റെയും സെക്രട്ടറിയേറ്റിന്റെയും മന്ത്രി ഓഫീസിന്റെയും നമ്പരുകൾ മുൻഗണനാക്രമത്തിൽ നൽകിയും പ്രസ്തുത നമ്പരുകളിൽ ബന്ധപ്പെടുന്നതിനുള്ള നിർദ്ദേശം റവന്യൂ ഓഫീസുകളിൽ പരസ്യപ്പെടുത്തുന്നതിനായി എല്ലാ റവന്യൂ ഓഫീസുകൾക്കും നൽകിയിട്ടുണ്ട്.

(സി) 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് സംവിധാനംവഴി ഓൺലൈനായി നൽകിവരുന്നു. പ്രസ്തുത സർട്ടിഫിക്കറ്റുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) 23-9-2008-ലെ ജി.ഒ.(കൈ) 318/08/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രത്യേക ആവശ്യത്തിന് വേണ്ടിയാണ് ജാതി സർട്ടിഫിക്കറ്റുകൾ നൽകിവന്നിരുന്നത്. 4-8-2017-ലെ ജി.ഒ.(കൈ) 264/17/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജാതി സർട്ടിഫിക്കറ്റുകളുടെ സാധുത കാലയളവ് നിലവിൽ മൂന്ന് വർഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ സാധുത കാലയളവ് നിലവിൽ ആജീവനാന്തമാണ്. വരുമാന സർട്ടിഫിക്കറ്റിന്റെ സാധുത കാലയളവ് നിലവിൽ ഒരു വർഷമാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മലയോര ഹൈവേ നിർമ്മാണം

1 (990) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാറ്റ്പാക് തയ്യാറാക്കിയ അലൈൻമെന്റിൽ മലപ്പുറം-കൊട്ടാരക്കോത്ത്-കോടഞ്ചേരി റൂട്ടിനു പകരം അമ്പായത്തോട്-ഈരൂട്-കോടഞ്ചേരി വഴി മലയോര ഹൈവേ പുതുക്കി നിശ്ചയിക്കുന്നതിനുള്ള തടസ്സത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) അലൈൻമെന്റ് മാറ്റുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ;

(സി) സ്ഥലം പൂർണ്ണമായി വിട്ടുകിട്ടിയ കൂടരഞ്ഞി-കക്കാടം പൊയിൽ പ്രദേശത്ത് പ്രവൃത്തി ആരംഭിക്കുന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രവൃത്തി എന്നാരംഭിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) മലയോര ഹൈവേയുടെ അലൈൻമെന്റ് സംബന്ധിച്ച് പഠനം നടത്തുന്നതിന് നാറ്റ്പാക്കിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) സ്ഥലം പൂർണ്ണമായി വിട്ടുകിട്ടിയ കക്കാടംപൊയിൽ-കോടഞ്ചേരി പ്രദേശത്ത് നിർമ്മാണം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 2017 നവംബർ ആദ്യവാരം പ്രവൃത്തി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

**തങ്കളം-കാക്കനാട് നാലുവരിപ്പാത നിർമ്മാണ പ്രവർത്തനം**

2 (991) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്കളം -കാക്കനാട് നാലുവരിപ്പാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2016-17 ബജറ്റിൽ 30 കോടി രൂപയും 2017-18 ബജറ്റിൽ 37 കോടി രൂപയും കിഫ്ബിയിൽനിന്നും അനുവദിച്ചിരുന്നുവെങ്കിലും സ്ഥലമേറ്റെടുപ്പും, നിർമ്മാണ പ്രവർത്തനങ്ങളും നാളിതുവരെയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ഥലമേറ്റെടുപ്പ് നടപടി ഇനിയും പൂർത്തീകരിക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) നാളിതുവരെ എത്ര തുക ഈ റോഡിനുവേണ്ടി അനുവദിച്ചെന്നും എത്രമാത്രം പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) സ്ഥലമേറ്റെടുപ്പ് പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1-11-2016-ലെ സ.ഉ.(സാധാ.) നമ്പർ 1502/16/പി.ഡബ്ല്യൂ.ഡി. പ്രകാരം കിഫ്ബി മുഖാന്തരം ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിനായി 30 കോടി രൂപ അനുവദിച്ച റീച്ചിലെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റും കെട്ടിടങ്ങളുടെ വാല്യുവേഷനും അടക്കം റിക്വിസിഷൻ നൽകിയിട്ടുണ്ട്. കെ.ഐ.ഐ.എഫ്.ബി. മുഖാന്തിരമുള്ള ഫണ്ട് അനുവദിച്ച് കിട്ടിയിട്ടില്ല.

(സി) ഉത്തരം അനുബന്ധമായി ചേർക്കുന്നു*. ആദ്യഘട്ടത്തിൽ മൊത്തം 800 മീറ്റർ നീളത്തിൽ ബി.എം.&ബി.സി. വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാമത്തെ പ്രവൃത്തിയിൽ ഒരു ബോക്സ് കൾവർട്ട് ഉൾപ്പെടെ രണ്ട് കൾവർട്ടുകൾ പൂർത്തീകരിച്ചു.

(ഡി) കാക്കനാട്-കോതമംഗലം (മനയ്ക്കപ്പടവ്-തങ്കളം) റോഡിന്റെ രണ്ടാംഘട്ടം ചെയിനേജ് 24/600 മുതൽ 26/057 വരെയുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി, സ്ഥലവിലയും പുനരധിവാസവും ചേർത്ത് 20 കോടി രൂപയ്ക്കുള്ള എൽ.സി. പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**പെരുമ്പട്ട പാലം നിർമ്മാണം**

3 (992) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ വികസന പാക്കേജിൽ ഉൾപ്പെടുത്തി എ.എസ് ലഭിച്ചതും ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഡിസൈൻ പൂർത്തീകരിച്ചതുമായ പെരുമ്പട്ട പാലത്തിന്റെ നിർമ്മാണം എന്നാരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഇരുഭാഗങ്ങളിലെയും എത്ര കിലോമീറ്റർ അപ്രോച്ച് റോഡാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ടി.എസ്-നുള്ള ഫയൽ മാസങ്ങളായി പി.ഡബ്ല്യു.ഡി. റോഡ്സ് വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പെൻഡിങ്ങിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ-സി) കാസർഗോഡ് ജില്ലാ വികസന പാക്കേജിൽ ഉൾപ്പെടുത്തി 990 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച മേൽപ്രവൃത്തിക്കായി 940 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകുന്നതിനായി ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചുവെങ്കിലും വിശദമായി പരിശോധിച്ചതിൽ എസ്റ്റിമേറ്റിൽ അപാകതകൾ കണ്ടെത്തുകയും ആയത് പരിഹരിക്കുന്നതിനായി പലതവണ എസ്റ്റിമേറ്റ്, ഡിവിഷൻ ഓഫീസിലേയ്ക്ക് തിരിച്ചുനൽകി തിരുത്തലുകൾ വരുത്തിയെങ്കിലും പൂർണ്ണമായി ന്യൂനതകൾ പരിഹരിച്ച് ലഭിച്ചിട്ടില്ല. എത്രയുംവേഗം അപാകതകൾ പരിഹരിച്ച് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ പെരുമ്പട്ട ഭാഗവും കുണ്ട്യംഭാഗവും കൂടി ആകെ 780 മീറ്റർ നീളത്തിൽ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനായാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്പീഡ് കേരള പദ്ധതി

4 (993) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സ്പീഡ് കേരള' എന്ന പേരിൽ പദ്ധതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി നടത്തിപ്പിനായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഏറ്റെടുത്ത പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ പ്രവൃത്തിക്കും എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 22-2-2014-ലെ സർക്കാർ ഉത്തരവ് നമ്പർ (കൈ) 18/2014/ പൊതുമരാമത്ത് വകുപ്പ് പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെകീഴിലുള്ള ദേശീയപാത, ആർ.ബി.ഡി.സി.കെ. നിരത്തുകളും പാലങ്ങളും കെ.എസ്.സി.സി. എന്നീ വിവിധ ഏജൻസികളെയാണ് നടത്തിപ്പിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ബി&സി) പ്രസ്തുത പദ്ധതി പ്രകാരം ചുവടെ ചേർത്തിട്ടുള്ള നാലു പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളത്:

1. പാലാരിവട്ടം മേൽപ്പാലം-620 മീറ്റർ നീളവും 15 മീറ്റർ വീതിയും വരുന്ന നാലുവരിപ്പാതയോടുകൂടിയ പാലാരിവട്ടം ഫ്ലൈഓവറിന്റെ നിർമ്മാണം 41.28 കോടി രൂപ നിർമ്മാണ ചെലവിൽ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ പൂർത്തീകരിച്ചു.

2. കഞ്ഞിക്കുഴി വെട്ടുത്തുകവല കറുകച്ചാൽ മല്ലപ്പള്ളി റോഡ് ഉപരിതലം ബലപ്പെടുത്തൽ - 22.8 കി.മീ. ദൈർഘ്യമുള്ള റോഡുകളുടെ വികസനമാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. 67.26 കോടി രൂപ മതിപ്പുചെലവിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നിർമ്മാണം പൂർത്തീകരിച്ചു.

3. രാമപുരം നാലമ്പലം ദർശനം റോഡ് പുനരുദ്ധാരണം-കോട്ടയം ജില്ലയിലെ 46.81 കി.മീ. ദൈർഘ്യമുള്ള 14 റോഡുകളുടെയും 4 അപ്രോച്ച് റോഡുകളുടെയും വികസനം ലക്ഷ്യമിടുന്ന ഈ പദ്ധതിയുടെ നിർമ്മാണം 67 കോടി രൂപ മതിപ്പുചെലവിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു.

4. എൻ.എച്ച്. ബൈപ്പാസ് നിർമ്മാണം-കോഴിക്കോട് ബൈപ്പാസിന്റെ വെങ്ങളം മുതൽ പുലാടിക്കുന്ന് വരെയുള്ള 5.1 കി.മീ. ദൈർഘ്യംവരുന്ന ഭാഗം വികസിപ്പിക്കുവാനാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. കോരപ്പുഴയിലും പുറക്കാട്ടേരിയിലും രണ്ട് പ്രധാന പാലങ്ങൾ ഉൾപ്പെടെ 152.75 കോടി രൂപ നിർമ്മാണ ചെലവിൽ പൊതുമരാമത്ത് എൻ.എച്ച്. വിഭാഗം പൂർത്തീകരിച്ചു.

## കെ.എസ്.ടി.പി. വഴി നടപ്പിലാക്കിയ പദ്ധതികൾ

5 (994) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ടി.പി. വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) അതിൽ പദ്ധതി തുകയിൽ കൂടുതൽ തുക ചെലവുവന്നിട്ടുള്ളവ ഏതെല്ലാം ; വിശദമാക്കാമോ;

(സി) കെ.എസ്.ടി.പി. പദ്ധതികളിൽ അഴിമതി നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെകാലത്ത് ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പദ്ധതി പൂർത്തീകരിച്ചതിനുശേഷമേ ആകെ ചെലവായ തുക നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ. 2016-17-ൽ തുടങ്ങിയ തലശ്ശേരി-വളവുപാറ റോഡ് നിർമ്മാണവും കഴക്കൂട്ടം-അടൂർ റോഡ് സുരക്ഷാ പദ്ധതിയും ഒഴിച്ച് എല്ലാ റോഡ് പ്രവൃത്തികളും അന്തിമഘട്ടത്തിലാണ്.

(സി) അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ടി.പി. പ്രോജക്ടുകൾ ലോകബാങ്ക് അംഗീകാരമുള്ള ബിഡ് ഡോക്യുമെന്റ്സ് ഉപയോഗിച്ച് സുതാര്യമായ ടെണ്ടർ നടപടികൾ സ്വീകരിച്ചാണ് നടത്താറുള്ളത്. 200 കോടി രൂപ അടങ്കൽ തുകയുള്ള പ്രവൃത്തികൾ National Competitive Bidding പ്രകാരവും അതിനുമുകളിലുള്ള പ്രവൃത്തികൾ International Competitive Bidding പ്രകാരവുമാണ് നടത്താറുള്ളത്. ഇതിന്റെ ഭാഗമായി എൻ.സി.ബി. പ്രവൃത്തികൾ മൂന്ന് National Daily പത്രങ്ങളിലും ഐ.സി.ബി. പ്രവൃത്തികൾ 3 നാഷണൽ പത്രങ്ങൾക്ക് പുറമെ യു.എൻ.ഡി.ബി.-യിലും പരസ്യപ്പെടുത്താറുണ്ട്. ലോകബാങ്ക് അംഗീകരിച്ചിട്ടുള്ള ക്വാളിഫിക്കേഷനുള്ള കോൺട്രാക്ടേഴ്സിന് മാത്രമേ ഇത്തരം പ്രവൃത്തികൾ നൽകാറുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ്.റ്റി.പി. പദ്ധതിപ്രകാരമുള്ള റോഡ് നിർമ്മാണം

6 (995) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.റ്റി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് നിർമ്മാണത്തിനായി എത്ര തുക അനുവദിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.റ്റി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം റോഡുകളുടെ നിർമ്മാണത്തിനാണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡുകളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് നിർമ്മാണത്തിനായി 395 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി&സി) അനുബന്ധമായി ചേർക്കുന്നു*.

(ഡി) പ്രസ്തുത പദ്ധതികളെല്ലാംതന്നെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത റോഡുകൾ

7 (996) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുത്തിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പ് പുതിയ റോഡുകൾ ഒന്നും ഏറ്റെടുത്തിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് അതാത് പഞ്ചായത്തുകളുടെ റെസലൂഷൻ ആവശ്യമാണ്. ഈ റോഡുകൾ 8 മീറ്റർ വീതിയിലുള്ളതും കുറഞ്ഞത് 2 പഞ്ചായത്തുകൾ വഴി കടന്നുപോകുന്നതും രണ്ട് പൊതുമരാമത്ത് വകുപ്പ് റോഡുകളെ ബന്ധിപ്പിക്കേണ്ടതും റെഗുലർ ആയി ബസ്സ് സർവ്വീസ് ഉള്ളതുമായിരിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**റോഡ് നിർമ്മാണത്തിന് അനുവദിച്ച തുക**

8(997) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അമല പാവറട്ടി റോഡിൽ കടാന്തോട് മുതൽ പൂവത്തൂർ വരെയുള്ള റോഡ് നിർമ്മാണത്തിനായി അനുവദിച്ച തുക എത്രയാണ്; ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

അമല പാവറട്ടി റോഡിന്റെ കി.മീ. 06/537 മുതൽ 11/457 വരെയുള്ള ബി.എം.&ബി.സി. പ്രവൃത്തിക്ക് അനുവദിച്ച തുക 255.20 ലക്ഷം രൂപയാണ്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. മഴക്കാലം കഴിയുന്നതോടെ മാത്രമേ പണി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**മലയോര ഹൈവേ നിർമ്മാണം**

9 (998) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിൽ ഇതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

2017-18-ലെ ബജറ്റ് സ്പീച്ചിൽ പ്രഖ്യാപിച്ച മലയോര ഹൈവേയുടെ പദ്ധതി കിഫ്ബി മുഖേന നടപ്പാക്കുന്നതിനായി 10-7-2017-ലെ സ.ഉ.(സാധാ.) നമ്പർ 942/ 2017/പൊ.മ.വ. പ്രകാരം 3500 കോടി രൂപ അനുവദിച്ച് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ മലയോര ഹൈവേയുടെ ഭാഗമായി വരുന്ന improvement and providing BM&BC to Pattikkal-Vilangannur-Mannamangalam-Pulikkani-Vellikulangara-Vettilappara road ch.0/000 to 56/032 എന്ന പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കി പ്രവൃത്തി നടപ്പിലാക്കുന്നതാണ്.

**ദേശീയപാതയിൽനിന്ന് ഒഴിവാക്കിക്കൊണ്ടുള്ള വിജ്ഞാപനം**

10 (999) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ-വെങ്ങളം-കുറ്റിപ്പുറം ഭാഗവും, ചേർത്തല-ഓച്ചിറ-തിരുവനന്തപുരം ഭാഗവും ദേശീയ പാതയിൽനിന്ന് ഒഴിവാക്കി 2014-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റോഡുകളുടെ നിലവിലുള്ള സ്റ്റാറ്റസ് എന്താണ്;

(സി) ഈ റോഡുകളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണിക്കും ദേശീയ പാത അതോറിറ്റി 2014-ന് ശേഷം ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപ അനുവദിച്ചുവെന്ന് വർഷം തിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ 45 മീറ്റർ ROW-ൽ സ്ഥലമെടുത്ത് ദേശീയപാത വികസിപ്പിക്കുന്നതിൽ കാലതാമസംനേരിട്ട സാഹചര്യത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെ ദേശീയപാത 66-ന്റെ കണ്ണൂർ-വെങ്ങളം-കുറ്റിപ്പുറം ഭാഗത്തെയും ചേർത്തല-ഓച്ചിറ-തിരുവനന്തപുരം ഭാഗത്തെയും വികസന പ്രവർത്തനങ്ങളിൽ നിന്നും ഒഴിവാക്കി നേരത്തെ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

(ബി) ഇപ്പോൾ പ്രസ്തുത ഭാഗത്തെ 45 മീറ്റർ ROW-ന്റെ നാലുവരിപ്പാതയാക്കാനുള്ള വികസനം നടപ്പിലാക്കുന്നതിലേയ്ക്കായി സർക്കാർ ആവശ്യപ്പെട്ടപ്രകാരം വീണ്ടും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെ ഏൽപ്പിച്ചു. പുതിയ പദ്ധതിയുടെ പഠനരേഖ തയ്യാറാക്കിയിട്ടുണ്ട്.

(സി) ഈ റോഡുകളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണിക്കും ഫണ്ട് അനുവദിക്കുന്നത് കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയമാണ്. കേന്ദ്ര ഫണ്ട് ഉപയോഗിച്ച് റോഡ് ഗതാഗതയോഗ്യമായി നിലനിർത്തുന്നു. എൻ.എച്ച്-17 & 47-നും കേന്ദ്ര മന്ത്രാലയത്തിൽനിന്നും അനുമതി ലഭിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | എൻ.എച്ച്(0)യിൽ അനുവദിച്ച തുക (കോടിയിൽ ) | (Non-Plan) ഉപരിതലം പുതുക്കാൻ അനുവദിച്ച തുക (കോടിയിൽ ) |
|---|---|---|
| 2014-15 | 73.21 | 36.35 |
| 2015-16 | 47.25 | 34.94 |
| 2016-17 | 42.04 | 91.46 |
| 2017-18 | ഇതുവരെ തുക അനുവദിച്ചിട്ടില്ല. | |

## തിരുമല-തൃക്കണ്ണാപുരം റോഡ് വീതികൂട്ടുന്നതിന് നടപടി

11(1000) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിലെ തിരുമല-തൃക്കണ്ണാപുരം റോഡ് വീതി കൂട്ടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) തിരുമല-തൃക്കണ്ണാപുരം റോഡ് വികസനത്തിനായി 211.41 ആർ. സ്ഥലം റവന്യൂ വകുപ്പ് ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ഇനി ഏറ്റെടുക്കാനുള്ള സ്ഥലങ്ങളിൽ 21.04 ആർ സ്ഥലത്തിന് പുതിയ എൽ.എ. ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുസംബന്ധിച്ചുള്ള നോട്ടിഫിക്കേഷനും എൽ.എ. ആക്ട് പ്രകാരമുള്ള എസ്.ഐ.എ. പഠനവും, മറ്റ് നടപടികളും പൂർത്തിയാക്കി റവന്യൂ വകുപ്പ് പൊതുമരാമത്ത് വകുപ്പിന് സ്ഥലം കൈമാറുന്നമുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. പ്രസ്തുത റോഡരികിൽ കച്ചവടം ചെയ്തിരുന്നവരുടെയും തൊഴിലാളികളുടെയും നഷ്ടപരിഹാരം സംബന്ധിച്ച് അർഹരായവരുടെ ലിസ്റ്റ് അടിയന്തരമായി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

## തീരദേശ ഹൈവേ

12 (1001) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ; വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്കുള്ള ധനസമാഹരണം എങ്ങനെ നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്; വിവരിക്കുമോ;

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിലെ പൂവാർ മുതൽ കാസർഗോഡ് ജില്ലയിലെ കണ്വതീർത്ഥ (കുഞ്ഞത്തൂർ) വരെയുള്ള തീരദേശ പാതയുടെ നാറ്റ്പാക്ക് തയ്യാറാക്കിയ ഫൈനൽ അലൈൻമെന്റിന് 21-5-2017-ലെ സ.ഉ.(സാധാ.) നമ്പർ 679/2017/ പൊ.മ.വ. പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പാതയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ തീരുമാനമെടുത്തിട്ടുള്ളതും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ നടപടിക്രമങ്ങൾ തുടങ്ങിയിട്ടുള്ളതുമാണ്. ഭൂമി ലഭ്യമായ സ്ഥലങ്ങളിൽ ഡി.പി.ആർ. തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ വകുപ്പ് കൈക്കൊണ്ട് മുന്നോട്ടുപോവുകയും ചെയ്യുന്നു.

(ബി) പ്രസ്തുത ഹൈവേയുടെ നിർമ്മാണത്തിനായി 10-7-2017-ലെ സ.ഉ. (സാധാ.) നമ്പർ 942/2017/പൊ.മ.വ. പ്രകാരം കെ.ഐ.ഐ.എഫ്.ബി. മുഖാന്തരം ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കുന്നതിന് 6500 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതുമാണ്. കൂടാതെ പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി കേരള റോഡ് ഫണ്ട് ബോർഡിനെ (കെ.ആർ.എഫ്.ബി.) ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർവ്വഹണത്തിനായി പൊതുമരാമത്ത് ദേശീയപാത വിഭാഗത്തെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) തീരദേശ പാതയുടെ നിർമ്മാണ ചുമതലയുള്ള എഞ്ചിനീയർമാരുടെ യോഗം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജൂലൈ മാസം 11, 12 തീയതികളിൽ നടത്തുകയും തീരദേശ പാത സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ട നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. കൂടാതെ ജൂലൈ 18-ന് ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനുള്ള ശിൽപ്പശാലയും നടത്തുകയുണ്ടായി. നിലവിൽ ഭൂമി ലഭ്യമായ സ്ഥലങ്ങളിൽ ജില്ലാ അടിസ്ഥാനത്തിൽ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികളുമായി വകുപ്പ് മുന്നോട്ടുപോകുന്നു.

## കിഫ്ബി മുഖേന പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ

13 (1002) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തിൽ കിഫ്ബി മുഖേന പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിന് അനുവദിച്ചിട്ടുള്ള കിഫ്ബിയിൽ ഉൾപ്പെടുത്തിയ പി.ഡബ്ല്യു.ഡി-യുടെ പദ്ധതികൾ ഏതൊക്കെയാണ്; ഓരോന്നിന്റേയും കാലികസ്ഥിതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18 വർഷത്തിൽ കിഫ്ബി മുഖേന പാലക്കാട് ജില്ലയിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിൻകീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു*. ടി പ്രവൃത്തികൾക്ക് ജി.ഒ.(ആർ.ടി.) നമ്പർ 942/2017/പൊമവ. തീയതി 10-7-2017 പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഈ ജില്ലയിൽ കിഫ്ബി മുഖേന പൊതുമരാമത്ത് വകുപ്പ് ദേശീയപാത, കെട്ടിട വിഭാഗങ്ങളിൽ പദ്ധതികളൊന്നുംതന്നെയില്ല.

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിന് അനുവദിച്ചിട്ടുള്ള കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു*.

**കിഫ്ബി മുഖേന ഭരണാനുമതി നൽകിയിട്ടുള്ള പൊതുമരാമത്ത് പദ്ധതികൾ**

14 (1003) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ കിഫ്ബി മുഖേന എത്ര പൊതുമരാമത്ത് പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര കോടി രൂപ വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2017-18 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പിൽ (നിരത്തുകളും പാലങ്ങളും, ദേശീയപാത) ഹിൽ ഹൈവേ, തീരദേശ ഹൈവേ, 182 റോഡുകൾ, 69 പാലങ്ങളും ഫ്ലൈഓവറുകളും കിഫ്ബി മുഖേന നടപ്പാക്കുന്നതിനായി ജി.ഒ.(ആർ.ടി) നമ്പർ 942/2017/പി.ഡബ്ല്യൂ.ഡി. തീയതി 10-7-2017 പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി ഏകദേശം 18185 കോടി രൂപ വേണ്ടി വരുമെന്നാണ് പ്രാഥമികമായി കണക്കാക്കിയിട്ടുള്ളത്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയെങ്കിൽ മാത്രമേ കൃത്യമായ അടങ്കൽ തുക കണക്കാക്കാൻ കഴിയുകയുള്ളൂ.

**ഓടകൾ കയ്യേറി നികത്തുന്നതിനെതിരെ നടപടി**

15 (1004) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ഖജനാവിൽനിന്നും തുക മുടക്കി നിർമ്മിച്ച ഓടകൾ കയ്യേറി നികത്തുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(ബി) വ്യാപാര സ്ഥാപനങ്ങൾ പാതവക്കുകൾ കയ്യേറുന്നത് അപകട കാരണമാകുമെന്ന് വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ നടപടി പരിഗണനയിലുണ്ടോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പൊതു ഖജനാവിൽനിന്നും തുക ചെലവഴിച്ച് നിർമ്മിച്ച ഓടകൾ കയ്യേറി നികത്തുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലെ കയ്യേറ്റങ്ങൾ ശ്രദ്ധയിൽ പ്പെടുമ്പോൾത്തന്നെ അവ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വ്യാപാര സ്ഥാപനങ്ങൾ പാതവക്കുകൾ കയ്യേറുന്നത് അപകടകരമാകുന്നുവെന്ന് വകുപ്പ് വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാധ്യമാക്കുന്നതിനും വേണ്ടിയും 3-9-2016-ലെ സ.ഉ.(കൈ) നമ്പർ 63/16/ പൊ.മ.വ. പ്രകാരം കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം സംസ്ഥാന നാഷണൽ ഹൈവേയും സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ പ്രകാരമുള്ള ഹൈവേയായി പ്രഖ്യാപിച്ച് സംരക്ഷിച്ചുകൊണ്ടും ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി എൻ.എച്ച്.-ന്റെ പരിധിയിൽവരുന്ന റോഡുകളുടെ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ എൻ.എച്ച്-നേയും, സ്റ്റേറ്റ് ഹൈവേയുടെയും പ്രധാന ജില്ലാ റോഡുകളുടെയും അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ ആർ& ബി.-യേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ഷൻ (സെക്ഷൻ 4) പ്രകാരം നിയമിച്ചും ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവനുസരിച്ചുള്ള പരിശോധനകൾ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ നടത്തി കയ്യേറ്റങ്ങൾ ഒഴിപ്പിച്ചുവരുന്നു.

**കോന്നി ബൈപ്പാസ് നിർമ്മാണം**

16 (1005) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ബൈപ്പാസ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) കോന്നി ബൈപ്പാസ് എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിലേയ്ക്ക് ആവശ്യമായ തുക അടുത്ത ബജറ്റിൽ വകയിരുത്തുന്നതിന് നടപടി കൈക്കൊള്ളുമോ;

(ഡി) ബൈപ്പാസ് നിർമ്മാണത്തിന് നിലവിൽ അനുവദിച്ചിട്ടുള്ള തുക കൂടാതെ ഇനി എത്ര തുകകൂടി ആവശ്യമുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള സോയിൽ ഇൻവെസ്റ്റിഗേഷൻ വർക്കുകൾ പുരോഗമിച്ചുവരുന്നു. കോന്നി ബൈപ്പാസ് നിർമ്മാണത്തിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഇൻവെസ്റ്റിഗേഷൻ അനുസരിച്ചുള്ള ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകിയതിനുശേഷം മാത്രമേ പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(സി&ഡി) ബൈപ്പാസ് നിർമ്മാണത്തിന് നിലവിൽ ഏകദേശം 15 കോടി രൂപകൂടി ആവശ്യമുണ്ട്. പ്രസ്തുത തുക അടുത്ത ബജറ്റിൽ വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ പരിഗണിക്കുവാൻ സാധ്യമാകൂ.

**തീരദേശ റോഡുകളുടെ പ്രവൃത്തികൾക്ക് അനുവദിച്ച തുക**

17 (1006) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം തീരദേശ റോഡുകളുടെ പ്രവൃത്തികൾക്കായി എത്ര രൂപയുടെ ഭരണാനുമതി നൽകി എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ജില്ലയിലും എത്ര രൂപയുടെ ഭരണാനുമതി നൽകി എന്ന് ജില്ലതിരിച്ച് അറിയിക്കുമോ;

(സി) കാസർഗോഡ് ജില്ലയിൽ ഏതെല്ലാം റോഡുകൾക്ക് എത്ര തുക വീതം അനുവദിച്ചു എന്ന വിശദവിവരം നൽകുമോ?

ഉത്തരം

(എ) തീരദേശ ഹൈവേയുടെ നിർമ്മാണത്തിനായി 10-7-2017-ലെ സ.ഉ. (സാധാ.) നമ്പർ 942/2017/പൊ.മ.വ.പ്രകാരം കെ.ഐ.ഐ.എഫ്.ബി. മുഖാന്തരം ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കുന്നതിന് 6500 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി കേരള റോഡ് ഫണ്ട് ബോർഡിനെ (കെ.ആർ.എഫ്.ബി) ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) തീരദേശ പാതയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ആയതിനുശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കിയാൽ മാത്രമേ ഓരോ ജില്ലയിലുമുള്ള റോഡുകൾക്ക് ചെലവാകുന്ന തുക കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) ഓരോ ജില്ലയിലും വിവിധ റോഡുകൾക്കായി പ്രത്യേകം തുക അനുവദിക്കുന്ന രീതിയിലല്ല പ്രവൃത്തി ഏറ്റെടുക്കുന്നത്. തീരദേശപാത നിർമ്മാണത്തിന് മൊത്തത്തിൽ 6500 കോടി രൂപ കിഫ്ബിയിൽ വകയിരുത്തിയിരിക്കുകയാണ്.

**കോന്നി മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ**

18 (1007) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ കിഫ്ബിവഴി ഏതെല്ലാം പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ടെന്ന ഇനം തിരിച്ചും വകുപ്പ് തിരിച്ചും വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും ഏതെല്ലാം ആരംഭിക്കാറായിട്ടുണ്ടെന്നും വിശദീകരിക്കുമോ;

(സി) ഓരോ പ്രവൃത്തികൾക്കും വകയിരുത്തിയ തുക, അനുവദിച്ച തുക, അനുവദിക്കാനുള്ള തുക എത്രയെന്നും അനുവദിക്കാനുള്ള തുക എന്നത്തേക്ക് അനുവദിക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോന്നി മണ്ഡലത്തിൽ കിഫ്ബിവഴി നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ താഴെപ്പറയുന്ന അഞ്ച് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്:

1. അട്ടച്ചാക്കൽ-കുമ്പളാംപൊയ്ക റോഡ്
2. കലഞ്ഞൂർപാടം റോഡ്
3. അച്ചൻകോവിൽ-പ്ലാപള്ളി റോഡ്
4. ഏഴംകുളം-കൈപ്പട്ടൂർ റോഡ്
5. പുതുവൽ-മങ്ങാട് റോഡ്

കെട്ടിടം ദേശീയപാത വിഭാഗങ്ങളുടെ കീഴിൽ പ്രവൃത്തികൾ ഒന്നുംതന്നെയില്ല.

(ബി) ഒരു പ്രവൃത്തിയും ആരംഭിച്ചിട്ടില്ല. അട്ടച്ചാക്കൽ-കുമ്പളാംപൊയ്ക റോഡ്, കലഞ്ഞൂർ പാടം റോഡ് എന്നിവയുടെ ഡി.പി.ആർ. തയ്യാറാക്കി അനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പുതുവൽ-മങ്ങാട് റോഡ്, ഏഴംകുളം-കൈപ്പട്ടൂർ റോഡ് എന്നിവയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. അച്ചൻകോവിൽ-പ്ലാപ്പള്ളി റോഡിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു.

(സി) <u>വകയിരുത്തിയ തുക</u>

| | | |
|---|---|---|
| അട്ടച്ചാക്കൽ-കുമ്പളാംപൊയ്ക റോഡ് | - | 10 കോടി |
| കലഞ്ഞൂർപാടം റോഡ് | - | 15 കോടി |
| അച്ചൻകോവിൽ - പ്ലാപള്ളി റോഡ് | - | 25 കോടി |
| ഏഴംകുളം - കൈപ്പട്ടൂർ റോഡ് | - | 20 കോടി |
| പുതുവൽ-മങ്ങാട് റോഡ് | - | 31 കോടി |

<u>അനുവദിക്കാനുള്ള തുക</u>

| | | |
|---|---|---|
| അട്ടച്ചാക്കൽ -കുമ്പളാംപൊയ്ക റോഡ് | - | 17 കോടി |
| കലഞ്ഞൂൽ പാടം റോഡ് | - | 28.86 കോടി |

തുക എന്നത്തേയ്ക്ക് അനുവദിക്കുമെന്ന് ഇപ്പോൾ പറയാൻ കഴിയുകയില്ല.

**അട്ടച്ചാക്കൽ കുമ്പളാംപൊയ്ക റോഡിന്റെ നിലവിലുള്ള അവസ്ഥ**

19 (1008) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിലുള്ള അട്ടച്ചാക്കൽ കുമ്പളാം പൊയ്ക റോഡിന്റെ നിലവിലുള്ള അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) റോഡിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(സി) ഏത് പദ്ധതിയിൽപ്പെടുത്തിയാണ് പൂർത്തീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) എന്നത്തേക്ക് നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) 20-8-2016-ലെ സ.ഉ.(സാധാ.) നമ്പർ 1192/2016/പൊ.മ.വ. പ്രകാരം അട്ടച്ചാക്കൽ കുമ്പളാംപൊയ്ക റോഡിന് കെ.ഐ.ഐ.എഫ്.ബി. മുഖാന്തരം ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കുന്നതിന് 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി കേരള റോഡ് ഫണ്ട് ബോർഡിനെ (കെ.ആർ.എഫ്.ബി.) ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി കെ.ഐ.ഐ.എഫ്.ബി.-യിൽ സമർപ്പിച്ചിട്ടുണ്ട്.

(സി) കെ.ഐ.ഐ.എഫ്.ബി. മുഖാന്തരം ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നമുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

**കൊല്ലം-തേനി ദേശീയപാത**

20 (1009) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-തേനി ദേശീയപാതയുടെ മാവേലിക്കര മണ്ഡലത്തിലൂടെ കടന്നുപോകുന്ന ഭാഗങ്ങൾ യാത്ര ദുഷ്കരമാകുന്നവിധത്തിൽ തകർന്നുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് പുനരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; നാളിതുവരെ സ്വികരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ആവശ്യമായ സൈൻബോർഡുകൾ ഈ ദേശീയപാതയിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ വരുന്ന മാവേലിക്കര നിയോജകമണ്ഡലത്തിൽകൂടി കടന്നുപോകുന്ന കൊല്ലം-തേനി ദേശീയപാതയിൽ ഉൾപ്പെട്ട റോഡ് ഗതാഗതയോഗ്യമാണ്. കാലവർഷം മൂലം പുതിയതായി രൂപപ്പെട്ട കുഴികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് പുനരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതനുസരിച്ച് പ്രസ്തുത പ്രവൃത്തി ശബരിമല ഫെസ്റ്റിവൽ 2017-18 വർക്കിൽ, ഉപരിതല നവീകരണം നടത്തുന്നതിനായുള്ള പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് ഭരണാനുമതി നൽകുന്ന പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

(സി) പ്രസ്തുത ദേശീയപാതയിൽ റോഡ് സുരക്ഷാ ആഡിറ്റ് നടന്നുവരികയാണ്. ആയത് പൂർത്തിയാകുന്നമുറയ്ക്ക് സൈൻബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ചേലക്കര ബൈപ്പാസ് റോഡ് നിർമ്മാണം

21 (1010) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച ചേലക്കര ബൈപ്പാസ് റോഡ് നിർമ്മാണം സംബന്ധിച്ച ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) കിഫ്ബി മുഖേന ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) തയ്യാറാക്കിയിട്ടുണ്ട്.

(ബി) 27-9-2016-ലെ സ.ഉ.(സാധാ.) നമ്പർ 1324/2016/പൊ.മ.വ. പ്രകാരം കിഫ്ബി മുഖാന്തരം ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിനായി 20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## സംസ്ഥാന പാതകൾ

22 (1011) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ-ആൽത്തറ-പൊന്നാനി, വൈപ്പിൻ-പള്ളിപ്പുറം, വർക്കല- മടത്തറ, പരപ്പനങ്ങാടി-അരീക്കോട്, ആലപ്പുഴ-തോപ്പുംപടി, മണ്ണാറക്കുളഞ്ഞി-പമ്പ, കാപ്പാട്-തുഷാരഗിരി അടിവാരം, തൃശ്ശൂർ-കുറ്റിപ്പുറം എന്നീ റോഡുകൾ 2005 നവംബർ 29-ലെ സർക്കാർ വിജ്ഞാപനം അനുസരിച്ച് സംസ്ഥാന പാതയായി ഉയർത്തിയിരുന്നോ;

(ബി) ഈ റോഡുകൾ പിന്നീട് ജില്ലാ റോഡുകളായി തരംതാഴ്ത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്; അതിനുള്ള കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ഗുരുവായൂർ-ആൽത്തറ-പൊന്നാനി-വൈപ്പിൻ-പള്ളിപ്പുറം, വർക്കല- മടത്തറ, പരപ്പനങ്ങാടി-അരീക്കോട്, ആലപ്പുഴ-തോപ്പുംപടി, മണ്ണാറക്കുളഞ്ഞി-പമ്പ, കാപ്പാട്-തുഷാരഗിരി-അടിവാരം, തൃശ്ശൂർ-കുറ്റിപ്പുറം എന്നീ റോഡുകൾ 2005 നവംബർ 29-ൽ സംസ്ഥാന പാതയായി നോട്ടിഫൈ ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

## നാഷണൽ ഹൈവേകളുടെ വീതികൂട്ടൽ

23 (1012) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി കേന്ദ്രസർക്കാർ നാഷണൽ ഹൈവേകളായി പ്രഖ്യാപിച്ചിട്ടുള്ള പാതകളുടെ നിർമ്മാണത്തിന്റെ നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഹൈവേകളുടെ വീതിവർദ്ധിപ്പിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പുതുതായി തത്വത്തിൽ ദേശീയപാതയായി അംഗീകരിച്ചിട്ടുള്ള റോഡുകളും അവയുടെ നിലവിലെ നിർമ്മാണഘട്ടവും അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത റോഡുകളുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കി കേന്ദ്ര മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചതിനുശേഷം മാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

## ഇടുക്കി ജില്ലയിലെ കരിതികുളം-വെള്ളിയാമറ്റം-തൊടുപുഴ-വണ്ണപ്പുറം-ചേലച്ചുവട് റോഡിന്റെ നിർമ്മാണം

24 (1013) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ കുരുതിക്കളം-വെള്ളിയാമറ്റം-തൊടുപുഴ-വണ്ണപ്പുറം-ചേലച്ചുവട് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിരിക്കുന്നത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാനാവും; ഈ പദ്ധതിക്ക് സാങ്കേതികാനുമതി ലഭിക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് അനുമതി ലഭ്യമാകും എന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 10-7-2017-ലെ സ.ഉ.(സാധാ.) നമ്പർ 942/2017/പൊ.മ.വ. പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നമുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ/നിർമ്മാണപ്രവൃത്തികൾക്ക് കർമ്മപദ്ധതി

25 (1014) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് പുതിയ റോഡുകൾ ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) തദ്ദേശ സ്വയംഭരണ വകുപ്പിന്റെകീഴിലുള്ള റോഡുകൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനുവേണ്ടി എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ/നിർമ്മാണ പ്രവൃത്തികൾക്ക് ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പ് പുതിയ റോഡുകൾ ഒന്നും ഏറ്റെടുത്തിട്ടില്ല.

(ബി) ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് അതത് പഞ്ചായത്തുകളുടെ റെസല്യൂഷൻ ആവശ്യമാണ്. ഈ റോഡുകൾ 8 മീറ്റർ വീതിയിലുള്ളതും കുറഞ്ഞത് രണ്ട് പഞ്ചായത്തുകൾ വഴി കടന്നുപോകുന്നതും രണ്ട് പൊതുമരാമത്ത് വകുപ്പ് റോഡുകളെ ബന്ധിപ്പിക്കേണ്ടതും, റെഗുലർ ആയി ബസ്സ് സർവ്വീസ് ഉള്ളതുമായിരിക്കണം. നിലവിലെ മാനദണ്ഡങ്ങൾ പുതുക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പുതിയ മാനദണ്ഡങ്ങൾ നിലവിൽ വന്നശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

## മണലൂർ മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണി

26 (1015) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി-യുടെ കീഴിലുള്ള ഏതെല്ലാം റോഡുകളുടെ അറ്റകുറ്റപ്പണികളാണ് നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നത്; ഓരോ റോഡിനും എത്ര തുക വീതം അനുവദിക്കുകയുണ്ടായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**താനൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച പൊതുമരാമത്ത് പദ്ധതികൾ**

27 (1016) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ അവസാന ബജറ്റിലും ഈ സാമ്പത്തിക വർഷത്തെ ബജറ്റിലുമായി താനൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച പൊതുമരാമത്ത് പദ്ധതികൾ, അവയ്ക്ക് ഓരോന്നിനും അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നറിയിക്കുമോ;

(ബി) ഇപ്പോൾ പ്രവൃത്തിനടക്കുന്ന പദ്ധതികൾ, ഇനി ആരംഭിക്കാനുള്ള പദ്ധതികൾ എന്നിവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; നിയുക്ത പദ്ധതികൾ ഏത് കാലയളവിൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) താനൂർ മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ അനുവദിച്ച പ്രവൃത്തികൾ

1. താനൂർ എൽ.എ.സി.2016-17-മൂച്ചിക്കൽ-മഞ്ഞളാംപടി കി.മീ. 0/000 മുതൽ 2/000 വരെ ബി.എം.&ബി.സി. പ്രവൃത്തി-185 ലക്ഷം രൂപ- ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

2. ഒഴൂർ-പാണ്ടിമുറ്റം റോഡിൽ കി.മീ.0/000 മുതൽ 4/400 വരെ ബി.എം.&ബി.സി. പ്രവൃത്തി - 365 ലക്ഷം രൂപ-സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.

3. പൂക്കയിൽ-ഉണ്ണിയാൽ റോഡ് കി.മീ. 0/000 മുതൽ 3/300 വരെ ബി.എം.&ബി.സി. പ്രവൃത്തി 255 ലക്ഷം രൂപ - സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.

4. താനൂർ റെയിൽവേ സ്റ്റേഷൻ-ഒറിയാൻകുളം റോഡിൽ കി.മീ. 0/000 മുതൽ 0/400 വരെ ബി.എം.&ബി.സി.പ്രവൃത്തി - 150 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി സർക്കാർ പരിശോധിച്ചുവരുന്നു. കെട്ടിട വിഭാഗത്തിന്റെകീഴിൽ വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു*.

ദേശീയപാത വിഭാഗത്തിൽ പദ്ധതികളൊന്നും തന്നെയില്ല.

(ബി) കെട്ടിടവിഭാഗത്തിൽ വരുന്ന പ്രവൃത്തികൾ അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോതമംഗലം തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപ്പാസ് റോഡ് നിർമ്മാണം

28 (1017) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നാളിതുവരെ എത്ര തുകയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്;

(ബി) പ്രസ്തുത തുകയ്ക്കുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രമാത്രം തുകയുടെ പ്രവൃത്തികളാണ് പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളത്;

(സി) നിലവിൽ നിർമ്മാണ പ്രവർത്തനം നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് തടസ്സപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രമാത്രം സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്;

(ഇ) നിർമ്മാണ പ്രവർത്തനങ്ങളുടെ തടസ്സം ഒഴിവാക്കാൻ നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(എഫ്) സ്ഥലം ഏറ്റെടുക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 15 കോടിയുടെ പുതിയ റിക്വിസിഷൻ നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് തഹസീൽദാർ ഓഫീസിൽനിന്നും ബി.പി.ആർ. തയ്യാറാക്കി പൂർത്തീകരിക്കുന്നതിനുള്ള നടപടി എന്തായി എന്ന് വ്യക്തമാക്കുമോ;

(ജി) റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തങ്കളം-കോഴിപ്പിള്ളി ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 391 ലക്ഷം രൂപയും കുരൂർ പാലത്തിന് 240 ലക്ഷം രൂപയും സ്ഥലമേറ്റെടുപ്പിനായി ഇതുവരെ 948 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) ഇല്ല. 62,93,714 രൂപയുടെ പണികൾ പൂർത്തീകരിച്ചു.

(സി&ഡി) ഇല്ല. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 11 മിസ്സിംഗ് സർവ്വേ നമ്പറുകളും സർവ്വേ നമ്പർ മാറിയ തർക്കങ്ങളും നിലനിൽക്കുന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്.

(ഇ) എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം ചേരുകയും പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മിസ്സിംഗ് സർവ്വേ നമ്പരുകളും മാറിപ്പോയ സർവ്വേ നമ്പറുകളും ഉൾപ്പെടുത്തി റിക്വിസിഷൻ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(എഫ്) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷൻ നൽകിയിട്ടുണ്ട്. തഹസീൽദാർ ഓഫീസിൽ നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(ജി) റവന്യൂ വകുപ്പ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നമുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ നിർമ്മാണം**

29 (1018) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. നിർമ്മാണം ഏറ്റെടുത്തിട്ടുള്ള പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ എത്ര കിലോമീറ്ററാണ് ഇനിയും നിർമ്മാണം ആരംഭിക്കാതെ കിടക്കുന്നത്;

(ബി) ഇതിന്റെ നിർമ്മാണത്തിന് ലോകബാങ്ക് സഹായം ലഭിച്ചേക്കില്ല എന്ന തരത്തിലുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റോഡ് നിർമ്മാണത്തിന് ഫണ്ട് ലഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും അനിശ്ചിതത്വങ്ങൾ ഉണ്ടോ; ഏത് ഏജൻസി മുഖേന പണം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) അവശേഷിക്കുന്ന റോഡ് നിർമ്മാണം സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് ഇതിനോടകം പൂർത്തീകരിച്ചിട്ടുള്ളത്; ഇനി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്;

(ഇ) ഈ റോഡിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പുനലൂർ - മൂവാറ്റുപുഴ റോഡിൽ പൊൻകുന്നം-തൊടുപുഴ വരെയുള്ള റോഡ് നിർമ്മാണം 99% പൂർത്തിയായി. പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള 82 കി.മീ. റോഡ് നിർമ്മാണം പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിനുള്ള പ്രീ-ക്വാളിഫിക്കേഷൻ കഴിഞ്ഞതിനുശേഷമുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഇതുസംബന്ധിച്ച് കെ.എസ്.ടി.പി.-ക്കോ സർക്കാരിനോ ലോകബാങ്കിന്റെ അറിയിപ്പുകൾ ഒന്നും കിട്ടിയിട്ടില്ല.

(സി) കെ.എസ്.ടി.പി. പദ്ധതികൾക്ക് ലോക ബാങ്ക് ഫണ്ട് ലഭിക്കുന്നതിന് അനിശ്ചിതത്വങ്ങൾ ഒന്നുംതന്നെ നിലവിലില്ല. ലോക ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പ്രവൃത്തിയുടെ 40% ഫണ്ട് ലോക ബാങ്കിൽ നിന്നാണ് വായ്പയായി ലഭിക്കുന്നത്. ബാക്കി തുക ഈ പദ്ധതിയുടെ നിർമ്മാണത്തിനുവേണ്ടി തെരഞ്ഞെടുക്കുന്ന സ്വകാര്യ ഏജൻസിയാണ് മുടക്കുന്നത്. ഈ തുക സെമി ആന്വിറ്റിയായി പത്ത് വർഷംകൊണ്ട് സംസ്ഥാന സർക്കാർ തിരിച്ചുനൽകും. ഈ കാലമത്രയും ഉന്നത നിലവാരത്തിൽ റോഡ് പ്രസ്തുത ഏജൻസി പരിപാലിക്കണമെന്ന നിബന്ധനയുണ്ട്.

(ഡി&ഇ) പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരെ പ്രീ ക്വാളിഫൈ ചെയ്തതിനു ശേഷം ലോക ബാങ്കിന്റെയും സ്റ്റിയറിംഗ് കമ്മിറ്റിയുടെയും അംഗീകാരം വാങ്ങിയിട്ടുണ്ട്. ഫിനാൻഷ്യൽ ബിഡ് പ്രീ ക്വാളിഫിക്കേഷനിൽ യോഗ്യരായ കോൺട്രാക്ടർമാർക്ക് കൊടുക്കുവാനുള്ള ആർ.എഫ്.പി. (Request for proposal) ലോകബാങ്ക് അംഗീകാരത്തിന് അയച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായതിന്ശേഷമാണ് ഏജൻസികളെ തെരഞ്ഞെടുക്കുന്നത്. പി.പി.പി. പ്രോജക്ടായി ചെയ്യാൻ ഉദ്ദേശിക്കുന്നതിനാൽ ഫിനാൻഷ്യൽ ബിഡ് സ്വീകരിച്ച കരാറുകാരനെ തെരഞ്ഞെടുക്കുന്ന പ്രവൃത്തി തുടങ്ങുന്നതിന് ചുരുങ്ങിയത് ആറ് മാസമെങ്കിലും വേണ്ടിവരും. ഇതോടൊപ്പംതന്നെ പ്രസ്തുത പദ്ധതിയുടെ മേൽനോട്ടത്തിന് കെ.എസ്.ടി.പി.-യെ സഹായിക്കുന്നതിനുള്ള ഇൻഡിപ്പെന്റന്റ് എഞ്ചിനീയറെ തെരഞ്ഞെടുക്കുന്നതിനുള്ള ദർഘാസ് വിളിക്കേണ്ടതുണ്ട്. ഇതുപ്രകാരം അടുത്തവർഷം മധ്യത്തോടെ മാത്രമേ പണി തുടങ്ങാനുള്ള അനുമതി നൽകുവാൻ സാധിക്കുകയുള്ളൂ. പണി തീർക്കുവാനുള്ള കാലാവധി 30 മാസമായതിനാൽ 2020-ാമാണ്ട് ആദ്യത്തോടെ മാത്രമേ ഈ നടപടികളെല്ലാം തീർത്ത് പണി പൂർത്തിയാക്കാൻ കഴിയൂ. ഇതിനായി ലോകബാങ്കിന്റെ 2019 ഏപ്രിൽ മാസം തീരുന്ന ലോൺ കാലാവധി ഏകദേശം ഒന്നര വർഷത്തേയ്ക്കെങ്കിലും നീട്ടേണ്ട ആവശ്യം വന്നുചേരും. ഇതിനായി കേന്ദ്ര സർക്കാരിലെ സാമ്പത്തികകാര്യ വകുപ്പിന്റെയും ലോകബാങ്കിന്റെയും അംഗീകാരം ആവശ്യമാണ്.

## കോതമംഗലം മിനി സിവിൽസ്റ്റേഷൻ

30 (1019) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മിനി സിവിൽസ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിലേയ്ക്കായി നിർമ്മാണം പൂർത്തീകരിച്ചശേഷം പാർട്ടീഷൻ പ്രവൃത്തികളും പൂർത്തിയാക്കിയെങ്കിലും ഇതുവരെയും പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) സിവിൽസ്റ്റേഷന് വൈദ്യുതി കണക്ഷനും വാട്ടർ കണക്ഷനും ലഭ്യമാക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) വാട്ടർ കണക്ഷനും വൈദ്യുതിയും ലഭ്യമാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) തടസ്സങ്ങൾ പരിഹരിച്ച് മിനിസിവിൽ സ്റ്റേഷൻ എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോതമംഗലം മിനി സിവിൽസ്റ്റേഷന്റെ 6-ാം നിലയിലെ അവശേഷിക്കുന്ന സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികളും കെട്ടിടത്തിന്റെ അഗ്നി സുരക്ഷാ സംവിധാനങ്ങളടക്കമുള്ള മുഴുവൻ പ്രവൃത്തികളും 31-12-2017-നകം പൂർത്തീകരിക്കുന്നതാണ്.

(ബി&സി) സിവിൽസ്റ്റേഷൻ നിൽക്കുന്ന സ്ഥലത്തെ സംബന്ധിച്ച് കോതമംഗലം മുനിസിപ്പാലിറ്റിയും റവന്യൂ വകുപ്പും തമ്മിൽ ഉടമസ്ഥാവകാശ തർക്കം നിലനിൽക്കുന്നതിനാൽ കെട്ടിട നമ്പർ ലഭ്യമായിട്ടില്ല. കെട്ടിട നമ്പർ ലഭ്യമാകുന്നമുറയ്ക്ക് വാട്ടർ കണക്ഷനും വൈദ്യുത കണക്ഷനും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഉടമസ്ഥാവകാശ തർക്കം പരിഹരിക്കുന്നപക്ഷം അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് 31-12-2017-നകം സിവിൽ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാൻ കഴിയും.

## മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്കെതിരെയുള്ള നടപടി

31 (1020) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) അവയിൽ ഏതെല്ലാം സൊസൈറ്റികൾക്കെതിരെയാണ് വിജിലൻസ് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിട്ടുള്ളത്; വിശദമാക്കുമോ;

(സി) വിജിലൻസ് റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സൊസൈറ്റികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന ലേബർ കോൺട്രാക്ട് സൊസൈറ്റികൾ താഴെപ്പറയുന്നവയാണ് ;

ജനതാ ലേബർ കോൺട്രാക്ട് കോ -ഓപ്പറേറ്റീവ് സൊസൈറ്റി

തളിപ്പറമ്പ ലേബർ കോൺട്രാക്ട് കോ- ഓപ്പറേറ്റീവ് സൊസൈറ്റി

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ -ഓപ്പറേറ്റീവ് സൊസൈറ്റി

മാങ്ങാട്ടിടം ലേബർ കോൺട്രാക്ട് കോ -ഓപ്പറേറ്റീവ് സൊസൈറ്റി

പരപ്പനങ്ങാടി ലേബർ കോൺട്രാക്ട് കോ -ഓപ്പറേറ്റീവ് സൊസൈറ്റി

കൽപ്പറ്റ സോൺ ലേബർ കോൺട്രാക്ട് കോ -ഓപ്പറേറ്റീവ് സൊസൈറ്റി

എസ്.സി./എസ്.ടി.ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

പുൽപ്പള്ളി ലേബർ കോൺട്രാക്ട് സൊസൈറ്റി

ഭരണിക്കാവ് ലേബർ കോൺട്രാക്ട് സൊസൈറ്റി

പോരുവഴി ലേബർ കോൺട്രാക്ട് സൊസൈറ്റി

സി.വൈ.നിസാം ലേബർ കോൺട്രാക്ട് സൊസൈറ്റി

കുഞ്ചിത്തണ്ണി ലേബർ കോൺട്രാക്ട് സൊസൈറ്റി

ലേബർ കോ-ഓപ്പറേറ്റിവ് സൊസൈറ്റി, മറ്റത്തൂർ, കൊടകര

അഴീക്കോട് ലേബർ കോൺട്രാക്ട് കോ- ഓപ്പറേറ്റീവ് സൊസൈറ്റി

തിരുവനന്തപുരം താലൂക്ക് ഐ.ടി.ഐ. സർട്ടിഫിക്കറ്റ് ഹോൾഡേഴ്സ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി ലി.നമ്പർ ടി 1918

തിരുവനന്തപുരം അൺ എംപ്ലോയ്ഡ് സ്കിൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്

പരപ്പനാട് ലേബർ കോൺട്രാക്ട് സൊസൈറ്റി

തിരുനാവായ ലേബർ കോൺട്രാക്ട് സൊസൈറ്റി

ഉദയപുരം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

മഹാത്മാ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

പ്രിയദർശിനി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ഉദ്ദമ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

കൊടിയത്തൂർ സഹകരണ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ഭാരത് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കല്ലുത്താൻകടവ്, കോഴിക്കോട്

കോഴിക്കോട് ജില്ലാ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കട്ടാങ്കൽ, കോഴിക്കോട്

ഫീനിക്സ് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി. നമ്പർ 1074, കളർകോട് ആലപ്പുഴ

<u>ദേശീയപാത വിഭാഗത്തിൽ:</u>

ന്യൂ.എൽ.സി.സി.എസ്.ലിമിറ്റഡ് ക്യൂ1240 മരുത്തടി, കൊല്ലം

കൊല്ലം ജില്ലാ പഞ്ചായത്ത് ലേബർ കോൺട്രാക്ട് സൊസൈറ്റി ലി.നമ്പർ 1057 പെരിനാട്, അഞ്ചാലുംമൂട്, കൊല്ലം

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വടകര

<u>കെട്ടിട വിഭാഗത്തിൽ:</u>

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റിവ് സൊസൈറ്റി

കൊല്ലം പ്രോഗ്രസ്സീവ് ലേബർ കോൺട്രാക്ട് സൊസൈറ്റി

അഴീക്കോട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

വേണാട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റിവ് സൊസൈറ്റി കടപ്പാക്കട, കൊല്ലം

ഭരണിക്കാവ് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പോരുവഴി, കൊല്ലം

(ബി-ഡി) ഈ സൊസൈറ്റികൾവഴി പൂർത്തിയാക്കിയ പ്രവൃത്തികൾക്കൊന്നും വിജിലൻസ് കേസുകൾ നിലവിലില്ല.

## കണ്ണൂർ ജില്ലയിലെ പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി.റോഡ്

32 (1021) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) താവം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയും എന്നറിയിക്കാമോ?

ഉത്തരം

(എ) കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെട്ട പിലാത്തറ-പാപ്പിനിശ്ശേരി റോഡ് പ്രവൃത്തി അന്തിമഘട്ടത്തിലാണ്. താവം മേൽപ്പാലം ഒഴികെയുള്ള പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) എല്ലാ പ്രവൃത്തികളും ഉൾപ്പെടെ റോഡ് നിർമ്മാണം 2017 ഡിസംബറിൽ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) താവം റെയിൽവേ മേൽപ്പാലത്തിന്റെ 80% പ്രവൃത്തികൾ പൂർത്തിയായി. 2017 ഡിസംബറിൽ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## എറണാകുളം ജില്ലയിലെ കണ്ണങ്ങാട്ട്-വെല്ലിംഗ്ടൺ ഐലന്റ് പാലം

33 (1022) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കണ്ണങ്ങാട്ട് - വെല്ലിംഗ്ടൺ ഐലന്റ് പാലം പൊതുമരാമത്ത് വകുപ്പ് അംഗീകാരം നൽകിയ അലൈൻമെന്റിന് വിരുദ്ധമായി പണിയുവാനുള്ള കാരണം വിശദമാക്കാമോ;

(ബി) 5-10-2016-ൽ നടന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ അലൈൻമെന്റ് മാറ്റുന്ന കാലയളവിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥർ സമർപ്പിച്ച റിപ്പോർട്ടിലെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ ഏറ്റവും വീതികുറഞ്ഞ ഭാഗം മാത്രമേ പ്രസ്തുത പാലം നിർമ്മാണത്തിന് വിട്ടുതരികയുള്ളൂവെന്ന് അധികൃതർ പറഞ്ഞതിന്റെ അടിസ്ഥാനത്തിലും ആ ഭാഗത്തുള്ള അമ്പലത്തിന്റെ മുൻഭാഗം അലൈൻമെന്റിൽനിന്നും ഒഴിവാക്കേണ്ടി വന്നതിനാലുമാണ് അലൈൻമെന്റിൽ ഡീവിയേഷൻ വന്നത്.

(ബി) വെല്ലിംഗ്ടൺ ഐലന്റിനെയും (തേവരഭാഗം) ഇടകൊച്ചിയേയും (കണ്ണങ്കാട്ട് ഭാഗം) ബന്ധിപ്പിക്കുന്ന ഈ പാലത്തിന്റെ മണ്ണുപരിശോധന മെസ്സേഴ്സ് റൂബി സോഫ്റ്റക് എന്ന സ്ഥാപനം നടത്തുകയും അതനുസരിച്ചുള്ള അലൈൻമെന്റ് പ്ലാൻ തയ്യാറാക്കി ചീഫ് എഞ്ചിനീയർക്ക് അംഗീകാരത്തിനായി 2012-ൽ സമർപ്പിക്കുകയും ചെയ്തു. ഈ പ്രൊപ്പോസൽ അനുസരിച്ച് കായലിന്റെ ഒഴുക്കിൽനിന്ന് 33 ഡിഗ്രി ചരിഞ്ഞാണ് പാലത്തിന്റെ അലൈൻമെന്റ് നിർദ്ദേശിച്ചിരുന്നത്. കൂടാതെ തേവര ഭാഗത്ത് 40 മീറ്ററും കണ്ണങ്കാട്ട് ഭാഗത്ത് 30.00 മീറ്ററും കായൽ നികത്തേണ്ടതായിട്ടുണ്ടായിരുന്നു. ഈ പ്രൊപ്പോസൽ ഡിസൈൻ വിഭാഗത്തിലേയ്ക്ക് 21-3-2012-ൽ ഡിസൈൻ ചെയ്യുന്നതിനായി സമർപ്പിക്കുകയും ചെയ്തു. എന്നാൽ ചരിവ് 33 ഡിഗ്രിയിൽനിന്ന് ചുരുക്കുവാൻ ഡിസൈൻ വിഭാഗത്തിൽനിന്ന് ആവശ്യപ്പെട്ടതനുസരിച്ച് ആദ്യ പ്രൊപ്പോസലിൽ മാറ്റംവരുത്തി രണ്ടാമത്തെ പ്രൊപ്പോസൽ സമർപ്പിച്ചു. രണ്ടാമത്തെ പ്രൊപ്പോസലിൽ 20 ഡിഗ്രി ചരിവും കണ്ണങ്കാട്ട് ഭാഗത്ത് 30 മീറ്റർ കായൽ നികത്തലുമാണ് ഉണ്ടായിരുന്നത്. ഈ രണ്ട് പ്രൊപ്പോസലുകളിലും കണ്ണങ്കാട്ട് ഭാഗത്ത് രണ്ട് വീടുകളും സ്ഥലവും ഏറ്റെടുക്കേണ്ടതായിട്ടുണ്ടായിരുന്നു. കൂടാതെ അമ്പലത്തിന്റെ മുൻവശം ചേർന്നാണ് അപ്രോച്ച് റോഡ് വരുന്നത്. ആയതിനാൽ അമ്പലത്തിലേയ്ക്ക് പ്രവേശിക്കുന്നതിന് തടസ്സമാവുന്നതിന് തദ്ദേശവാസികളുടെ എതിർപ്പ് ഉണ്ടായിരുന്നു. കായൽ നികത്തേണ്ടി വരുന്നതുകൊണ്ട് മത്സ്യസമ്പത്ത് കുറയുകയും മത്സ്യത്തൊഴിലാളികളെ ബാധിക്കുകയും ചെയ്യുമെന്ന് മത്സ്യത്തൊഴിലാളികൾ പരാതിപ്പെടുകയും ചെയ്തു. മാത്രമല്ല, തേവര ഭാഗത്തേയ്ക്ക് കൊച്ചിൻ പോർട്ട് ട്രസ്റ്റ്, ആദ്യ അലൈൻമെന്റിൽ ഉള്ളതിനേക്കാൾ കൂടുതൽ സ്ഥലം വിട്ടുതരാനും തയ്യാറായില്ല. ആയതിനാൽ തേവര ഭാഗത്തുള്ള സ്ഥലം സംബന്ധിച്ച് ഒരു മാറ്റവും സാധ്യമല്ലായിരുന്നു. ഇതെല്ലാം കണക്കിലെടുത്ത് രണ്ടാമത്തെ പ്രൊപ്പോസലിൽ മാറ്റംവരുത്തി അമ്പലത്തിന്റെ പുറകിൽ പാലം വന്ന് നിൽക്കുന്ന രീതിയിൽ അലൈൻമെന്റ് ക്രമീകരിച്ചു.

ഈ പാലം പണിയുടെ നിർവ്വഹണ ചുമതല തുടക്കത്തിൽ വഹിച്ചിരുന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും സ്റ്റേറ്റ്മെന്റിൽ മൂന്നാമത്തെ അലൈൻമെന്റ് പ്രകാരം റിക്ളമേഷൻ ആവശ്യമല്ല എന്നും ആദ്യത്തെ പ്രൊപ്പോസലുകളിൽവരുന്ന രണ്ട് കെട്ടിടങ്ങളുടെ അക്വിസിഷൻ ആവശ്യമില്ല എന്ന് മുമ്പ് വിവരിച്ചിട്ടുള്ള മറ്റ് കാര്യങ്ങൾമൂലമാണ് മൂന്നാമത്തെ പ്രൊപ്പോസൽ അംഗീകരിച്ചതെന്നമാണ് അറിയിച്ചിട്ടുള്ളത്. രണ്ടാമത്തെ അലൈൻമെന്റ് പ്രൊപ്പോസലിൽ

നിന്നും മൂന്നാമത്തെ പ്രൊപ്പോസലിലേയ്ക്ക് മാറുവാനുള്ള സാഹചര്യം സംബന്ധിച്ച ഓഫീസ് രേഖകൾ ഇല്ല. മൂന്നാമത്തെ പ്രൊപ്പോസലിലും പാലം എത്തി ചേരുന്നത് കോർപ്പറേഷൻ റോഡായ മധുരക്കമ്പനി-കണ്ണങ്കാട്ട് റോഡിൽ ആണ്. പുതിയ പ്രൊപ്പോസൽ അനുസരിച്ച് കെട്ടിടങ്ങൾ ഏറ്റെടുക്കേണ്ടതില്ല. 2600 ചതുരശ്ര മീറ്റർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. ഇതിന്റെ ഡി.എൽ.പി.സി. അനുസരിച്ചുള്ള തുക 2.83 കോടി രൂപയാണ്. ഇതിനുള്ള എൽ.സി. പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. മൂന്നാമത്തെ അലൈൻമെന്റ് പ്രകാരമുള്ള പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇരുവശങ്ങളിലേയും അപ്രോച്ച് റോഡിന്റെ ടാറിംഗ് ഒഴികെയുള്ള പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. എൽ.ഒ.സി. പ്രൊപ്പോസലിന് അംഗീകാരം നൽകുന്ന മുറയ്ക്ക് സ്ഥലമെടുപ്പ് നടപടി പൂർത്തിയാക്കുവാൻ കഴിയും. തേവര ഭാഗത്തുള്ള സ്ഥലം, കൊച്ചി തുറമുഖ വകുപ്പ് പാലം പണി ആരംഭിക്കുന്നതിന് മുമ്പ് ആദ്യം തന്നെ കൈമാറിയിട്ടുള്ളതാണ്. വീടുകൾ ഒഴിവാക്കുന്നതിനും കായൽ നികത്തൽ ഒഴിവാക്കുന്നതിനും പാലത്തിന്റെ ചരിവ് കുറയ്ക്കുന്നതിനും പോർട്ട് ട്രസ്റ്റ് അനുവദിച്ച പരിധിക്കുള്ളിൽനിന്ന് പാലം നിർമ്മിക്കുന്നതിനുവേണ്ടിയാണ് അലൈൻമെന്റിൽ മാറ്റം വരുത്തിയതെന്നും വ്യക്തമാകുന്നു. ടാറിംഗ് പണികൾ പൂർത്തിയാക്കി പാലം ഗതാഗതത്തിന് തുറന്നു കൊടുക്കുവാൻ കഴിയും. അലൈൻമെന്റ് മാറ്റുന്ന കാലയളവിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥർ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

## മലപ്പുറം കോട്ടപ്പടി ബൈപ്പാസ് നിർമ്മാണം

34 (1023) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കോട്ടപ്പടി ബൈപ്പാസ് നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദീകരിക്കാമോ;

(ബി) ബൈപ്പാസിന് ഏറ്റെടുത്തിട്ടുള്ള സ്ഥലം പരിപൂർണ്ണമായും പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ടോ;

(സി) ബൈപ്പാസ് യാഥാർത്ഥ്യമാക്കുന്നതിന് ഇനിയും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ അവ അടിയന്തരമായി പരിഹരിച്ച് റോഡ് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) മലപ്പുറം കോട്ടപ്പടി ബൈപ്പാസ് നിർമ്മാണ നടപടികൾ ഇപ്പോൾ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുക്കുന്ന ഘട്ടത്തിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ഥലമെടുപ്പ് നടപടികളുമായി ബന്ധപ്പെട്ട് 67 ഭൂവുടമകൾക്ക് 23,93,45,731 രൂപയുടെ അവാർഡ് പാസ്സാക്കുകയും തുക വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന മൂന്ന് ഭൂവുടമകൾ ഹൈക്കോടതി മുഖാന്തിരം സ്ഥലമെടുപ്പ് നടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്.

(ബി) ഇല്ല.

(സി) നിലവിലുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കാനും റോഡ് പണി സമയബന്ധിതമായി പൂർത്തീകരിക്കാനും പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുവാനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്.

## എറണാകുളം ഇടക്കൊച്ചി സർക്കാർ ഹൈസ്കൂളിന്റെ കെട്ടിട നിർമ്മാണം

35 (1024) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി സർക്കാർ ഹൈസ്ക്കൂളിന്റെ കെട്ടിട നിർമ്മാണത്തിനായി നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽനിന്ന് അനുവദിച്ച തുക ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാമക്കുമോ;

(ബി) കരാർ പ്രകാരം എന്നാണ് ഇത് പൂർത്തീകരിക്കേണ്ടിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ കാലാവധി ദീർഘിപ്പിച്ച് നലകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുവരെയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് എന്നത്തേക്ക് പൂർത്തികരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി സർക്കാർ ഹൈസ്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ പ്രാരംഭദശയിൽ ഉണ്ടായ തടസ്സവാദങ്ങളും ശബ്ദ മലിനീകരണംമൂലം സ്കൂൾ പ്രവൃത്തിസമയത്തിനുമുമ്പും ശേഷവും മാത്രമേ പൈലിംഗ് പ്രവൃത്തി നടത്തുവാൻ സാധിക്കുകയുള്ളൂ. എന്നതിനാലും എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പണി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടു.

(ബി-ഡി) കരാർ പ്രകാരം 30-6-2017-ന് പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ കരാർ കാലാവധി 31-12-2017 വരെ ദീർഘിപ്പിക്കുന്നതിനായി കാരാറുകാരൻ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും 30-9-2017-നകം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## കണ്ണൂർ ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന്റെ ഇലക്ട്രിക്കൽ വിഭാഗത്തിന്റെ പുതിയ സെക്ഷൻ

36 (1025) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന്റെ ഇലക്ട്രിക്കൽ വിഭാഗത്തിന്റെ ജോലിഭാരം കണക്കിലെടുത്ത് പുതിയ സെക്ഷൻ ഓഫീസും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ ജോലിഭാരം കണക്കിലെടുത്ത് പുതിയ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസും രണ്ട് സെക്ഷൻ ഓഫീസുകളും ആരംഭിക്കുന്നത് സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിവരുന്നു.

## റോഡിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് നടപടി

37 (1026) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് നിർമ്മാണത്തിന് നിലവിൽ ഏതെല്ലാം പുതിയ സാങ്കേതിക വിദ്യകളാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) റോഡിന്റെ ഗുണനിലവാരം ദീർഘകാലം നിലനിൽക്കുന്നതിന് ഏതെല്ലാം നിർമ്മാണരീതികളാണ് അവലംബിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) റോഡ് നിർമ്മാണത്തിൽ ടാറിനൊപ്പം പ്ലാസ്റ്റിക്, റബ്ബർ, കയർ, ഭൂവസ്ത്രം തുടങ്ങിയവ ഉപയോഗിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ സംസ്ഥാനത്ത് ഏതെല്ലാം റോഡുകളാണ് ഇത്തരത്തിൽ നിർമ്മിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകളുടെ നിർമ്മാണത്തിനായി ബി.എം.&ബി.സി. ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം, കോൺക്രീറ്റ് ഇന്റർലോക്ക് ടൈലിംഗ്, കോൺക്രീറ്റിംഗ് എന്നിവ കൊണ്ടുള്ള റോഡ് നിർമ്മാണം എന്നീ പുതിയ സാങ്കേതികവിദ്യകൾ റോഡിന്റെ ഗുണനിലവാരം ദീർഘകാലം നിലനിൽക്കുന്നതിനായി അവലംബിച്ച് വരുന്നുണ്ട്.

ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ അത്യാധുനിക സാങ്കേതികവിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിക്കുന്നുണ്ട്. ഈ സാങ്കേതികവിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനുശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയുമാണ് ചെയ്യുന്നത്.

കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് ഇപ്പോൾ നിർമ്മാണം നടത്തുന്നത്. നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ ഉപയോഗിക്കുന്നതുവഴി പ്രധാന ഘടകങ്ങളായ മെറ്റൽ, ബിറ്റുമിൻ, പാറപ്പൊടി എന്നിവയുടെ അളവിലും അവയുടെ അനുപാതത്തിലും കൃത്യത പാലിക്കാൻ കഴിയുന്നതുമൂലം മിക്സിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ സാധിക്കുന്നുണ്ട്. കൂടാതെ മിക്സ് നിരത്തുന്നതിന് ആട്ടോമാറ്റിക് സെൻസർ പേവറും പ്രതലം ബലപ്പെടുത്തുന്നതിന് ടാൻഡം റോളർ, വൈബ്രേറ്റർ റോളർ മുതലായവ ഉപയോഗിക്കുന്നതുവഴി മിക്സ് ഡിസൈനിംഗ് നിഷ്കർഷിക്കുന്ന ഡെൻസിറ്റി പ്രതലത്തിന് നേടിയെടുക്കുവാൻ കഴിയുന്നു. കൂടാതെ ദേശീയപാതാ വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യൂമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്. കൂടാതെ എഞ്ചിനീയറിംഗ് പ്രൊക്യൂമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടത്തി വരുന്ന പ്രവൃത്തികളുടെ പരിപാലന കാലയളവ് നാല് വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്.

(സി&ഡി) റോഡ് നിർമ്മാണത്തിൽ ടാറിനൊപ്പം പ്ലാസ്റ്റിക്, റബ്ബർ, റോഡിന്റെ അടിത്തറ ബലപ്പെടുത്തുന്നതിനായി കയർ ഭൂവസ്ത്രം തുടങ്ങിയവ ഉപയോഗിക്കുന്നതിന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശ പ്രകാരം ബി.എം.&ബി.സി. പ്രവൃത്തികളിൽ പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള നിർമ്മാണം നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ചുള്ളിയൂർ-ചടച്ചി-മാർത്താണ്ഡം റോഡിൽ മാരായമുട്ടം ഭാഗത്ത് 1.00 കി.മീ. ദൂരം വരുന്ന ബി.സി. ഉപരിതലം പരീക്ഷണാടിസ്ഥാനത്തിൽ പൂർത്തീകരിക്കുകയും നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 2016-17 സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയ എസ്റ്റിമേറ്റുകളിൽ പരമാവധി പ്രവൃത്തികൾക്ക് പ്ലാസ്റ്റിക് റബ്ബർ (Natural Rubber modified Bitumen - NRMB), ഭൂവസ്ത്രം (Geo Textile) എന്നിവ

ഉപയോഗിച്ചുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്തി അവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 27-12-2016-ലെ എഫ്.നമ്പർ ആർ.ഡബ്ല്യു./എൻ.എച്ച്-33044/24/2015/എസ് ആന്റ് ആർ (ആർ) പ്രകാരം സംസ്ഥാന-കേന്ദ്രഭരണ പ്രദേശങ്ങളിലുള്ള റോഡുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ 10 കി.മീ. റോഡ് വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിച്ച് ടാറിംഗ് ചെയ്യുവാനും അതിന്റെ പെർഫോർമൻസ് വിലയിരുത്തി റിപ്പോർട്ട് ചെയ്യുവാനും അതിന്റെ അടിസ്ഥാനത്തിൽ ഇത് കരാറിൽ നിർബന്ധമാക്കുവാനും തീരുമാനിച്ചുകൊണ്ടുള്ള കത്ത് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രായലത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ കുറ്റിപ്പുറം മുതൽ ചമ്രവട്ടം ജംഗ്ഷൻ വരെയുള്ള പുതിയ ദേശീയപാതയുടെ നിർമ്മാണത്തിൽ കയർമാറ്റ് ഉപയോഗിച്ചിട്ടുള്ളതാണ്.

## കായംകുളം മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

38 (1027) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ കൃഷ്ണപുരം സാംസ്കാരിക വിനോദകേന്ദ്രം പാർക്ക് ജംഗ്ഷൻ-കെ.പി.റോഡ് റയിൽവേ മേൽപ്പാലം വരെയുള്ള ഫുട്ട്പാത്ത് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തികച്ചും മന്ദഗതിയിലാണ് നടക്കുന്നത് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### <u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കായംകുളം മണ്ഡലത്തിൽ പണികഴിപ്പിക്കുന്ന കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രത്തിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ, തടാകത്തിന് ചുറ്റുമുള്ള ഫില്ലിംഗ് പ്രവൃത്തി, ഗ്രാവലിന്റെ ഖനനത്തിൽവന്ന പ്രാദേശിക നിരോധനംമൂലം മന്ദഗതിയിലായിരുന്നു. ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 10-11-2017 വരെ നീട്ടിക്കൊടുക്കുകയും ഈ സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാരന് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

കായംകുളം-പത്തനാപുരം ഫുട്ട്പാത്ത് നിർമ്മാണപ്രവൃത്തി നടപ്പിലാക്കുന്നതിലേയ്ക്കായി ഇലക്ട്രിക് പോസ്റ്റുകളും ടെലിഫോൺ പോസ്റ്റുകളും വശങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കേണ്ടതായിട്ടുണ്ടായിരുന്നു. നിലവിലുള്ള ഓടയുടെ വശങ്ങൾ ഉയർത്തിയും ആവശ്യമായ ഭാഗങ്ങളിൽ ഓട നിർമ്മിച്ചും ഉള്ള പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നത്. പുതിയതായി ഓട നിർമ്മാണ ഭാഗങ്ങളിൽ അതിർത്തി നിർണ്ണയം നടത്തി കിട്ടേണ്ടതായിട്ടുണ്ട്. ഇപ്പോൾ ഓട നിർമ്മാണം, സ്ലാബ് നിർമ്മാണം, കെർബ് സ്റ്റോൺ നിർമ്മാണം എന്നിവ പുരോഗമിക്കുന്നു. നിലവിലെ ട്രാഫിക്കിന് തടസ്സം വരാത്ത രീതിയിൽ പ്രവൃത്തി നടത്തേണ്ടതുകൊണ്ടും, സ്ഥലപരിമിതിമൂലവും മഴക്കാലത്ത് പണി നടത്തിപ്പിൽ വരുന്ന തടസ്സവും പ്രവൃത്തി മന്ദഗതിയിലാകാൻ കാരണമാകുന്നുണ്ട്. കരാറുകാരന്റെ സമീപനവും പണി താമസിക്കുവാൻ ഇടയായിട്ടുണ്ട്. ഈ പണികളെപ്പറ്റി ബന്ധപ്പെട്ടവരുടെ ഒരു റിവ്യൂ യോഗം നടത്താൻ ഉദ്ദേശിക്കുന്നു.

**തലശ്ശേരി നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

39 (1028) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ എന്തൊക്കെ വികസന പ്രവൃത്തികൾ ആണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയും ഏതാണെന്നും അതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും തരംതിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിന് കീഴിൽവരുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം അനുബന്ധം - I ആയും ദേശീയപാത, കെട്ടിട വിഭാഗങ്ങളിലെ വിശദാംശങ്ങൾ അനുബന്ധം II ആയും ചേർത്തിരിക്കുന്നു*.

**തലശ്ശേരി - മാഹി ബൈപ്പാസിന്റെ പ്രവൃത്തികൾ**

40 (1029) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി-മാഹി ബൈപ്പാസിന്റെ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഭൂവുടമകൾക്ക് ആർബിട്രേഷൻ പ്രഖ്യാപിച്ച നഷ്ടപരിഹാരത്തുക നൽകാത്തതിന് കാരണം എന്താണ് എന്നറിയിക്കാമോ;

(ഡി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും നിർദ്ദേശം സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോഎന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) തലശ്ശേരി-മാഹി ബൈപ്പാസിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ബൈപ്പാസിനായി കോഴിക്കോട് ജില്ലയിലെ അഴിയൂർ വില്ലേജിലെ സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി നടന്നുവരുന്നു. പുതുശ്ശേരി സംസ്ഥാനത്തിൽപ്പെട്ട മാഹിയിലെ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ നടന്നുവരുന്നു.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

(ബി) സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തി എത്രയുംവേഗം പൂർത്തിയാക്കി ബൈപ്പാസിന് ആവശ്യമായ സ്ഥലം ദേശീയപാത അതോറിറ്റിക്ക് കൈമാറുന്നതിനുള്ള നിർദ്ദേശം സർക്കാർ, ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുന്നതിനായി ഐ.എ.എസ്. കേഡറിലുള്ള ഒരു സ്പെഷ്യൽ ഓഫീസറെ പുതുതായി നിയമിച്ചിട്ടുമുണ്ട്.

(സി) തലശ്ശേരി-മാഹി ബൈപ്പാസിന്റെ സ്ഥലം ഏറ്റെടുപ്പും നിർമ്മാണവും ദേശീയപാതാ അതോറിറ്റി ഓഫ് ഇന്ത്യ മുഖേനയാണ് നടപ്പിലാക്കുന്നത്. ഭൂവുടമകൾക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നത് സംസ്ഥാന സർക്കാർ നിയമിച്ചിട്ടുള്ള ബന്ധപ്പെട്ട CALA (Competitive Authority for Land Acquisition) വഴിയാണ്. മാഹി പ്രദേശത്തെ CALA നിശ്ചയിച്ച അവാർഡിനെതിരായി ദേശീയപാതാ അതോറിറ്റി ഓഫ് ഇന്ത്യ പുതുശ്ശേരി ജില്ലാ കോടതിയെ സമീപിച്ചിട്ടുണ്ട്. കോടതി ഉത്തരവ് അനുസരിച്ച് മാത്രമേ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുവാൻ കഴിയുകയുള്ളൂ. മറ്റ് വില്ലേജുകളിലെ നഷ്ടപരിഹാരം കൊടുക്കുവാനുള്ള നടപടി CALA വഴി പുരോഗമിച്ചുവരുന്നു.

(ഡി) ഇല്ല.

**പുനലൂർ - മൂവാറ്റുപുഴ റോഡിന്റെ വികസനം**

41 (1030) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. ഏറ്റെടുത്തിട്ടുള്ള പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗത്ത് നാളിതുവരെ വികസനം നടപ്പാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കെ.എസ്.ടി.പി. ഏറ്റെടുത്ത കാരണത്താൽ നാമമാത്രമായ അറ്റകുറ്റ പണികളല്ലാതെ കഴിഞ്ഞ 20 വർഷമായി ഈ റോഡിന്റെ റാന്നി സബ്ഡിവിഷനിൽ പെടുന്ന ഭാഗത്ത് റീടാറിംഗ് നടത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാലവർഷത്തിനുമുൻപ് അറ്റകുറ്റപ്പണികൾക്കായി നാമമാത്രമായ തുക അനുവദിച്ചെങ്കിലും ജൂൺ, ജൂലൈ മാസങ്ങളിൽ പ്രവൃത്തികൾ നടപ്പാക്കാൻ കഴിയാതിരുന്നതുമൂലം ഈ റോഡ് പൂർണ്ണമായും തകർന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി) ശബരിമല സീസണുമുൻപായി അടിയന്തരമായി ഈ റോഡിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിന് ആവശ്യമായ മുഴുവൻ തുകയും അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. റാന്നി ഭാഗത്ത് സാധാരണ അറ്റകുറ്റപ്പണികൾ മാത്രമേ നടത്താറുള്ളൂ.

(സി) പ്രീ-മൺസൂൺ പ്രവൃത്തിയിൽ ഉൾപ്പെടുത്തി മാത്രമേ ജൂൺ-ജൂലൈ മാസങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളൂ. ടി റോഡിൽ കാലവർഷം മൂലം തകർന്ന ഭാഗങ്ങളിൽ അറ്റകുറ്റപ്പണികൾ ഇനിയും ചെയ്യേണ്ടതുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ശബരിമല ഫെസ്റ്റിവെൽ 2017-18-ൽ ഉൾപ്പെടുത്തി പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ അറ്റകുറ്റപ്പണികൾ ആവശ്യമുള്ള ഭാഗത്തേയ്ക്കുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

**കൊണ്ടാഴി-കുത്താമ്പുള്ളി പാലം നിർമ്മാണം**

42 (1031) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബജറ്റിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച കൊണ്ടാഴി-കുത്താമ്പുള്ളി പാലം നിർമ്മാണത്തിൻെറ ഭരണാനുമതി നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കിഫ്ബി മുമ്പാകെ വന്നിട്ടുള്ള ഈ പ്രവൃത്തിയുടെ ഭരണാനുമതി എന്നത്തേയ്ക്ക് ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2016-17 ബജറ്റ് സ്പീച്ചിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച കൊണ്ടാഴി-കുത്താമ്പുള്ളി പാലം നിർമ്മാണത്തിനായി 31-10-2016-ലെ സർക്കാർ ഉത്തരവ് സ.ഉ.(സാധാ.) നമ്പർ 1496/2016/പി.ഡബ്ല്യൂ.ഡി. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ച് അനുമതി ലഭിക്കുന്നമുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി**

43 (1032) <u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. സി. കൃഷ്ണൻ</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ സ്ഥിതി ഏറ്റവും മെച്ചപ്പെട്ടതാക്കുന്നതിന് എന്തെല്ലാം ശാസ്ത്രീയമാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ റോഡുകളിൽ സൈക്കിൾ ട്രാക്കുകളും പൈപ്പുകൾ, കേബിളുകൾ എന്നിവയ്ക്കായി ഡക്റ്റുകളും സ്ഥാപിച്ച് അവ ഈടുറ്റതും സുരക്ഷിതവുമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) റോഡപകടങ്ങൾ ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവ പരമാവധി കുറയ്ക്കുന്നതിനാവശ്യമായ എന്തെല്ലാം കാര്യങ്ങൾക്കാണ് റോഡ് നിർമ്മാണ വേളയിൽ പ്രാധാന്യം നൽകി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) റോഡുകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പരമ്പരാഗതമായി ചെയ്തുവരുന്ന 20 എം.എം. ചിപ്പിംഗ് കാർപ്പെറ്റ് ഉപരിതലത്തിന് പകരമായി ഉപരിതലത്തിന്റെ ഈട് കൂട്ടുന്നതിനായി ബിഎം. ആന്റ് ബി.സി. ഉപരിതലത്തിലുള്ള റോഡും വെള്ളക്കെട്ട്മൂലം കേടുപാടുകൾ ഉണ്ടാകാൻ സാധ്യതയുള്ള ഭാഗങ്ങളിൽ കോൺക്രീറ്റ് ഇൻറർലോക്ക് ടൈലിങ് നിർമ്മാണം, കോൺക്രീറ്റുകൊണ്ടുള്ള ഉപരിതലം കൂടാതെ റോഡുകളുടെ സബ് സോയിലിന്റെ സ്ട്രെങ്ത് ഉറപ്പുവരുത്തുന്നതിനായി കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള നിർമ്മാണം എന്നീ സാങ്കേതികവിദ്യകളും ടാറിംഗിന് എൻ.ആർ.എം.ബി. (Natural Rubber Modified Bitumen)-ഉം ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമയി 2016-17 സാമ്പത്തികവർഷം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയ പ്രവൃത്തികളിൽ എൻ.ആർ.എം.ബി.-യും പ്ലാസ്റ്റിക്കും ഉപയോഗിക്കുന്നതിനുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്തി അവ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേയ്ക്കായി ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. കൂടാതെ നിലവിലെ നൂതന സാങ്കേതിക വിദ്യകളും മറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ സാധിക്കുംവിധം ദേശീയപാത വിഭാഗത്തിൽ കരാറുകാർ ഇ.പി.സി. വ്യവസ്ഥയിലും നടപ്പിലാക്കിവരുന്നുണ്ട്. ഈ വ്യവസ്ഥയിൽ നടപ്പിലാക്കുമ്പോൾ നൂതന സാങ്കേതിക വിദ്യകളും ലഭ്യമായിട്ടുള്ള ആധുനിക നിർമ്മാണ സാമഗ്രികളും നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ കരാറുകാരന് സ്വാതന്ത്ര്യം നൽകുന്ന വ്യവസ്ഥകളുണ്ട്. മേൽപ്പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനാൽ നിർമ്മിച്ചിട്ടുള്ള റോഡുകളുടെ സ്ഥിതി മെച്ചപ്പെട്ടതാകുന്നുണ്ട്.

(ബി) റോഡ് നിർമ്മാണത്തിനുള്ള ഫണ്ടിന്റെയും സ്ഥലത്തിന്റെയും ലഭ്യതയ്ക്കനുസരിച്ച് പുതിയ റോഡുകളിൽ സൈക്കിൾ ട്രാക്കുകളും പൈപ്പുകൾ, കേബിളുകൾ എന്നിവയടക്കമുള്ള ഡക്റ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ദേശീയപാതകൾ നാല് വരിപ്പാതയായും പേവ്ഡ് ഷോൾഡറോടുകൂടിയ ആറുവരിപ്പാതയായും വികസിപ്പിക്കുന്ന പദ്ധതിയിൽ ഐ.ആർ.സി. മാനദണ്ഡങ്ങൾക്ക് വിധേയമായി കേബിളുകൾ, പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് യൂട്ടിലിറ്റി

സ്പെയ്സ്/യൂട്ടിലിറ്റി ഡക്റ്റ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. യൂട്ടിലിറ്റി കേബിളുകളും പൈപ്പുകളും സ്ഥാപിക്കുന്നതിന് യൂട്ടിലിറ്റി ഡക്റ്റുകളും ക്രോസ് ഡക്റ്റുകളും സ്ഥാപിക്കുന്നതിനാൽ ഇത്തരം പൈപ്പുകളും കേബിളുകളും സ്ഥാപിക്കാനായി റോഡ് നിരന്തരം വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാവുന്നതും സുരക്ഷിതമാക്കാവുന്നതുമാണ്.

(സി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സേഫ്റ്റി എന്ന ശീർഷകത്തിൽ സുരക്ഷിതത്വത്തിന് വേണ്ടിയുള്ള ഐറ്റങ്ങൾ ഉൾപ്പെടുത്തിയിട്ടാണ് പുതിയ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്. പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ റോഡ് സുരക്ഷയ്ക്കുവേണ്ട ക്രമീകരണങ്ങളുംകൂടി ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ദേശീയപാതകളിൽ തുടർച്ചയായി അപകടം നടക്കുന്ന സ്ഥലങ്ങൾ ബ്ലാക്ക് സ്പോട്ട് ആയി കണ്ടുകൊണ്ട് പഠനം നടത്തി റോഡ് സുരക്ഷാ പ്രവൃത്തികൾ നടത്തി വരുന്നു. റമ്പിൾ സ്ട്രിപ്പ്, ബ്ലിങ്കേഴ്സ് ലൈറ്റ്, ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ മുതലായവ സ്ഥാപിക്കാറുണ്ട്. റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തി അതിനനുസരിച്ച് ട്രാഫിക് സേഫ്റ്റി എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. സമയാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി സുരക്ഷിതമാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**ചാലക്കുടി പോട്ട-കാഞ്ഞിരപ്പള്ളി റോഡിന്റെ മെയിന്റനൻസ്**

44 (*T1033) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പോട്ട-കാഞ്ഞിരപ്പള്ളി റോഡിലെ വാട്ടർ അതോറിറ്റിയുടെ കേടുവന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തിയുടെ ഭാഗമായി കേടുവന്ന പി.ഡബ്ല്യൂ.ഡി. റോഡിന്റെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റുകളിൽ ഒന്നിൽ ഇനിയും തുക അനുവദിക്കാത്തതിനാൽ നിർമ്മാണം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അറ്റകുറ്റപ്പണികൾക്കായി വെട്ടിപൊളിച്ച പി.ഡബ്ല്യൂ.ഡി. റോഡ് മെയിന്റനൻസ് നടത്തേണ്ടതിനാൽ അടിയന്തരമായി പ്രസ്തുത പ്രവൃത്തിക്ക് അനുമതി നൽകി തുക അനുവദിക്കുന്നതിനും ടാറിംഗ് പ്രവൃത്തി ഉടൻ പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കുന്നതിനുമാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) റോഡിന്റെ മെയിന്റനൻസിന് ആവശ്യമായ 83,67,720 രൂപയിൽ 40 ലക്ഷം രൂപ മാത്രമേ വാട്ടർ അതോറിറ്റി പൊതുമരാമത്ത് വകുപ്പിൽ അടച്ചിട്ടുള്ളൂ. ഈ തുകയ്ക്കുള്ള എസ്റ്റിമേറ്റ് ഇതിനകംതന്നെ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റി പൈപ്പിട്ട സ്ഥലങ്ങളിൽ അവരുടെ പണി ഇനിയും പൂർത്തീകരിക്കാനുണ്ട്. റോഡ് ക്രോസിംഗും ലീക്ക് കേടുപാടുകളും തീർക്കാനുണ്ട്. ബാക്കി തുകയായ 43,67,720 രൂപ അടയ്ക്കുന്നമുറയ്ക്ക് മാത്രമേ തുടർന്നുള്ള ഭാഗത്തേയ്ക്കും മെയിന്റനൻസ് പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**പാലക്കാട് ജില്ലയിലെ മലയോര ഹൈവേ**

45 (1034) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മലയോര ഹൈവേയുടെ സർവ്വേ പൂർത്തീകരിച്ചോ; വിശദാംശം നൽകുമോ;

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിലൂടെ ഈ റോഡ് കടന്നുപോകുന്നുണ്ടോ; എങ്കിൽ എത്ര കിലോമീറ്റർ ദൈർഘ്യത്തിലാണ് ഈ ഹൈവേ, ആലത്തൂർ നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്നത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിലെ മലയോര ഹൈവേയുടെ വിശദമായ സർവ്വേ ചെയ്യുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവർത്തിയുടെ ടെണ്ടർ നടപടികൾ നടന്നു വരുന്നു.

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിലൂടെ മലയോര ഹൈവേ കടന്നു പോകുന്നുണ്ട്. ഈ റോഡ് ആലത്തൂർ നിയോജകമണ്ഡലത്തിലൂടെ 10 കി.മീ. ദൈർഘ്യത്തിനാണ് കടന്നുപോകുന്നത്. വടക്കഞ്ചേരി-പൊള്ളാച്ചി റോഡിൽ കി.മീ. 2/00 (കരിപ്പാലി) മുതൽ 12/00 (ജപമാലപ്പള്ളി) വരെയുള്ള ഭാഗത്തിലൂടെയാണ് ഈ റോഡ് കടന്നുപോകുന്നത്.

**റോഡുകളുടെ വശങ്ങളിലെ കയ്യേറ്റം**

46 (1035) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> :
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> :
<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> :
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ വശങ്ങളിൽ ലഭ്യമായ സ്ഥലം പൂർണ്ണമായും പൊതു ഉപയോഗത്തിന് സജ്ജമാക്കാത്തതുമൂലം കൈയ്യേറ്റങ്ങൾ അനസ്യൂതം നടക്കുന്നകാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) റോഡുകളിലെ ഓടകളിൽ സ്ഥാപിച്ചിട്ടുള്ള സ്ലാബുകൾ പൊട്ടിപ്പൊളിഞ്ഞതിനാൽ അവ കാൽനടയ്ക്ക് ഉപയുക്തമല്ലാതാവുമ്പോൾ കച്ചവടക്കാർ ആ ഭാഗം കൂടി കൈയ്യേറുന്ന പ്രവണതയ്ക്കെതിരെ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സുരക്ഷിത നടപ്പാത, സൈക്കിൾ വേ എന്നിവയ്ക്ക് പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തി കയ്യേറ്റങ്ങൾ തടയാനുള്ള ഒരു പദ്ധതി നടപ്പാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുമരാമത്ത് റോഡുകളിലെ ഓടകളിൽ സ്ഥാപിച്ചിട്ടുള്ള സ്ലാബുകൾ പൊട്ടിപ്പൊളിഞ്ഞാൽ ഉടൻതന്നെ പുനഃസ്ഥാപിക്കുവാൻവേണ്ട നടപടികൾ എടുക്കാറുണ്ട്. കച്ചവട സ്ഥാപനങ്ങൾ റോഡ് കയ്യടക്കുന്നത് തടയാനും കാൽനട യാത്രക്കാർക്കുണ്ടാകുന്ന പ്രശ്ന പരിഹാരത്തിനും റോഡ് സുരക്ഷാ ഉറപ്പുവരുത്തുന്നതിനും ഹൈവേ പ്രൊട്ടക്ഷൻ ആക്ട് അനുസരിച്ച് നടപടികൾ എടുക്കാറുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ സ്ഥലത്തിന്റെയും ഫണ്ടിന്റെയും ലഭ്യതയ്ക്കനുസരിച്ച് സുരക്ഷിത നടപ്പാതകൾ ഇപ്പോൾ തന്നെ ചെയ്തുവരുന്നു. സൈക്കിൾ വേ സ്ഥലലഭ്യത അനുസരിച്ച് പദ്ധതികളിൽ ഉൾപ്പെടുത്താവുന്നതാണ്.

**ലോകബാങ്ക് വായ്പകൾ ലഭിക്കുന്നതിലെ തടസ്സം മറികടക്കുന്നതിന് നടപടി**

47 (1036) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് ഉന്നതനെതിരെ പൊതുമരാമത്ത് വകുപ്പുമന്ത്രി പരാമർശം നടത്തിയതിനാലും ലോകബാങ്കിന്റെ വായ്പ ആവശ്യമില്ലായെന്നും കെ.എസ്.റ്റി.പി. പദ്ധതികളിൽ അടിമുടി അഴിമതിയാണെന്നും പ്രസ്താവന നടത്തിയതുമൂലവും ലോകബാങ്ക് വായ്പകൾ ലഭിക്കുന്നതിൽ തടസ്സം ഉണ്ടായിട്ടുണ്ടോ;

(ബി) കെ.എസ്.റ്റി.പി. പദ്ധതികൾക്കുള്ള വായ്പകൾക്ക് പുറമെ സംസ്ഥാനം അപേക്ഷിക്കാനിരിക്കുന്ന മറ്റ് പദ്ധതികൾക്കും വായ്പ നൽകുന്നത് പുനഃപരിഗണിക്കേണ്ടി വരുമെന്ന കെ.എസ്.റ്റി.പി. തീരുമാനംമൂലം സംജാതമായ സ്ഥിതിവിശേഷം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ലോകബാങ്ക് പ്രതിനിധികളെ നേരിൽ കണ്ട് പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിക്കുമോ;

(സി) പദ്ധതി നടത്തിപ്പിലെ വീഴ്ചകൾ ലോകബാങ്ക് അധികൃതരെ യഥാസമയം രേഖാമൂലം അറിയിച്ചിരുന്നോ; എങ്കിൽ അവരിൽനിന്നും ലഭിച്ച പ്രതികരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വകുപ്പുമന്ത്രി ഇത്തരത്തിൽ പരാമർശം നടത്തിയതായോ അതുമൂലം വായ്പകൾക്ക് തടസ്സമുണ്ടാകുമെന്നോ ഉള്ള കാര്യം ലോക ബാങ്ക്, കെ.എസ്.ടി.പി.-യേയോ സർക്കാരിനേയോ അറിയിച്ചിട്ടില്ല. ലോക ബാങ്കിന്റെ വായ്പ വേണ്ടെന്ന് പറഞ്ഞിട്ടില്ല. വായ്പ തിരിച്ചടയ്ക്കുന്നതാണെന്നാണ് പറഞ്ഞത്. പദ്ധതിയിൽ വലിയ ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ട്.

(ബി) ഇത്തരത്തിലൊരു തീരുമാനം കെ.എസ്.ടി.പി. എടുത്തിട്ടില്ല. ആരും അറിയിച്ചിട്ടും ഇല്ല.

(സി) പണികൾ തുടങ്ങാനുള്ള പ്രാരംഭ പ്രവർത്തനങ്ങളും (മെഷീനറികൾ, ക്രഷറുകൾ എന്നിവ സ്ഥാപിക്കുക, തൊഴിലാളികളെ താമസിപ്പിക്കുവാനുള്ള സൗകര്യമൊരുക്കൽ, പരിസ്ഥിതി അനുവാദങ്ങൾ വാങ്ങിക്കുക എന്നിവ) ആദ്യ ഘട്ടത്തിൽ നേരിട്ട പ്രതികൂല കാലാവസ്ഥയും യൂട്ടിലിറ്റി സർവ്വീസ് വകുപ്പുകളെ ഏകോപിപ്പിക്കുന്ന പ്രവർത്തനത്തിൽ നേരിട്ട കാലതാമസവും മറ്റും കാരണം പണികൾക്ക് താമസമുണ്ടായി. എന്നാൽ ഇപ്പോൾ പണികൾ ഏകദേശം പൂർത്തീകരിക്കുന്ന ഘട്ടത്തിലാണ്. ഫണ്ടിംഗ് ഏജൻസിയായ ലോക ബാങ്ക് പ്രവൃത്തികൾ നിശ്ചിത സമയത്തുതന്നെ പൂർത്തീകരിക്കണമെന്നും ധനവിനിയോഗം, ഗുണനിലവാരം, സുരക്ഷ, പരിസ്ഥിതി, തൊഴിലാളികളുടെ ക്ഷേമം, സ്ഥലമെടുപ്പ് തുടങ്ങിയവ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചും നിർദ്ദേശം നൽകിയിട്ടുണ്ട്. ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ കെ.എസ്.റ്റി.പി. പദ്ധതിയിൽ ഏറ്റെടുത്ത് നടത്തുന്ന റോഡ് വികസന പദ്ധതികൾ ഇന്ത്യൻ റോഡ് കോൺഗ്രസ്സ് നിർദ്ദേശിക്കുന്ന മാനദണ്ഡപ്രകാരവും MORTH SPECIFICATION അനുസരിച്ചുമാണ് ഡിസൈൻ ചെയ്ത് നടപ്പിലാക്കേണ്ടത്. ലോക ബാങ്കിന്റെ നിബന്ധന പ്രകാരം ഈ പദ്ധതികൾ സൂപ്പർവൈസ് ചെയ്യുന്നത് അന്താരാഷ്ട്ര തലത്തിൽ ടെണ്ടർ ക്ഷണിച്ചു തെരഞ്ഞെടുത്ത കൺസൾട്ടന്റിനെ ഉപയോഗിച്ചാണ്. റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന പ്രധാന നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ലാബുകളിൽ ഉറപ്പുവരുത്തിയതിനുശേഷമാണ് പ്രവൃത്തികളിൽ ഉപയോഗിക്കുന്നത്. നിർമ്മാണ സാമഗ്രികൾ ഖനനം ചെയ്തെടുക്കുന്ന സ്ഥലത്തും പണിയിൽ ഉപയോഗിക്കുമ്പോഴും അതിനുശേഷവും ഗുണനിലവാരം പരിശോധിക്കാറുണ്ട്. ഇതിനായി പ്രത്യേക ലബോറട്ടറികൾ എല്ലാ പ്രവൃത്തികളിലും കരാറുകാരൻതന്നെ സ്ഥാപിച്ച് ആവശ്യമായ എല്ലാ ഗുണനിലവാര പരിശോധനയും നടത്താറുണ്ട്. ഈ പരിശോധന കൺസൾട്ടന്റ് എഞ്ചിനീയർ സൂപ്പർവൈസ് ചെയ്യുന്നുണ്ട്. ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പൂർത്തിയായ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിച്ച് വിലയിരുത്തുന്നതിനും പ്രാഗൽഭ്യം നേടിയ സ്വതന്ത്ര ഏജൻസിയെക്കൊണ്ട് ടെക്നിക്കൽ ഓഡിറ്റ് നടത്തുന്നതിന് ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു. ആറ് മാസത്തിൽ ഒരിക്കൽ ലോക ബാങ്കിന്റെ പ്രതിനിധികൾ പദ്ധതികൾ നടക്കുന്ന റോഡുകൾ സന്ദർശിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. പദ്ധതികൾ എല്ലാംതന്നെ 2018-ൽ പൂർത്തീകരിക്കത്തക്ക രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്.

സംസ്ഥാന പൊതുമരാമത്ത് വകുപ്പ് നേരിട്ട് നടത്തുന്ന പദ്ധതിയല്ല കെ.എസ്.ടി.പി. ലോക ബാങ്ക് മാനദണ്ഡങ്ങളാണ് പിന്തുടരുന്നത്. അതിൽ പൊതുമരാമത്ത് വകുപ്പ് മാന്വലും പരിഗണിക്കുന്നുണ്ട്. കഴിഞ്ഞ 2012-ലാണ് കെ.എസ്.ടി.പി. ഫേസ് II തുടങ്ങിയത്. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് പാറ പൊട്ടിക്കലിലെ ഭീമമായ ക്രമക്കേട് പൊൻകുന്നം-തൊടുപുഴ റോഡിൽ ഉണ്ടായത്. തിരുവല്ല ബൈപ്പാസിന്റെ ഡി.പി.ആർ.-ലെ ഭീമമായ ക്രമക്കേടുണ്ടായതും കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. ഇക്കാര്യം പൊതുമരാമത്ത് വകുപ്പുമന്ത്രി നാലുതവണ ലോകബാങ്ക് ടീം ലീഡറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ചർച്ചയിലാണ് ശ്രദ്ധയിൽപ്പെടുത്തിയത്. സമഗ്രമായ അന്വേഷണം ലോക ബാങ്ക് തന്നെ നടത്തണമെന്നാണ് സർക്കാരിന്റെ അഭിപ്രായം. എങ്കിലും പണികളൊന്നും നിർത്തുന്നില്ല. പദ്ധതി മുന്നോട്ടുപോകും.

### കൃഷ്ണപുരം മാമ്പ്രകുന്നേൽ ഓവർ ബ്രിഡ്ജ്

48 (1037) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ 2017 ബജറ്റിൽ 60 കോടി രൂപ വകയിരുത്തിയ കൃഷ്ണപുരം മാമ്പ്രകുന്നേൽ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ ?

ഉത്തരം

കായംകുളം മണ്ഡലത്തിലെ കൃഷ്ണപുരം മാമ്പ്രകുന്നേൽ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് 60 കോടി രൂപ പൊതുമരാമത്ത് വകുപ്പ് ശിപാർശ ചെയ്ത് 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അതനുസരിച്ച് 10-7-2017-ലെ സ.ഉ.(സാധാ.) നമ്പർ 942/2017/ പി.ഡബ്ല്യൂ.ഡി പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് തത്വത്തിൽ 60 കോടി രൂപയുടെ ഭരണാനുമതി നൽകുകയും റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ആർ.ബി. ഡി.സി.കെ. ഇതിന്റെ വിശദമായ പദ്ധതിരേഖ തയ്യാറാക്കിവരുന്നു.

### ഏലത്തൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

49 (1038) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏലത്തൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഓരോ പ്രവൃത്തിയുടേയും പേരും അതിനനുവദിച്ച തുകയും വ്യക്തമാക്കാമോ;

(ബി) മേൽപ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഏലത്തൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും ദേശീയപാത കെട്ടിട വിഭാഗങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 1, 2, 3 ആയി ചേർത്തിരിക്കുന്നു*.

**റോഡുകളിലെ അറ്റകുറ്റപ്പണികൾ**

50 (1039) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡുകളിൽ നടത്തിവരുന്ന അറ്റകുറ്റപ്പണികളിൽ ഒരേ റോഡിനെ പല ചെയിനേജുകളായി തിരിച്ച് പല ഘട്ടങ്ങളിലായി മെയിന്റനൻസ് ചെയ്യുന്നതിലൂടെ ഉദ്യോഗസ്ഥരും, കോൺട്രാക്ടർമാരും ചേർന്നു നടത്തുന്ന അഴിമതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) റോഡുകളിലെ കുഴിയടക്കുന്നതിനായി വിനിയോഗിക്കുന്ന ഫണ്ട് അശാസ്ത്രീയമായി ചെലവഴിക്കുന്നതിലൂടെ ഉണ്ടാകുന്ന ധനനഷ്ടം പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) റോഡുകളിലെ കുഴി അടയ്ക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് മാന്വൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ശാസ്ത്രീയമായി എസ്റ്റിമേറ്റുകൾ തയ്യാറാക്കി ഗുണനിലവാരം ഉറപ്പുവരുത്തി മാത്രമാണ് പ്രവൃത്തികൾ നടപ്പിലാക്കിവരുന്നത്.

**പട്ടാമ്പി പുലമന്തോൾ റോഡിന്റെ നവീകരണം**

51 (1040) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് അന്വേഷണം നേരിടുന്ന പട്ടാമ്പി പുലമന്തോൾ റോഡ് ഈ മഴക്കാലം കഴിയുന്നതോടെ ഗതാഗതയോഗ്യമല്ലതെയാവും എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിജിലൻസ് അന്വേഷണം തടസ്സപ്പെടുത്താതെ പ്രസ്തുത റോഡ് നവീകരിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുമോ ;

(ബി) ഇല്ലെങ്കിൽ വിജിലൻസ് അന്വേഷണം പരമാവധി വേഗത്തിൽ നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) പട്ടാമ്പി പുലമന്തോൾ റോഡ് മഴക്കാലം കഴിയുന്നതോടെ ഗതാഗത യോഗ്യമല്ലാതാകാൻ സാധ്യതയുണ്ട്. വിജിലൻസ് അന്വേഷണം പൂർത്തിയാകാത്തതിനാൽ ഈ റോഡിൽ മറ്റ് പ്രവൃത്തികൾ നടപ്പിലാക്കുവാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. വിജിലൻസ് അന്വേഷണം പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## മുള്ളറവിള-ആയയിൽ, കന്നിപുറം എന്നീ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

52 (1041) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ മുള്ളറവിള-ആയയിൽ കന്നിപുറം എന്നീ പാലങ്ങളുടെ നിർമ്മാണത്തിന്റെ ഡി.പി.ആർ. പൂർത്തിയായോ;

(ബി) മേൽപ്പറഞ്ഞ പാലങ്ങളുടെ ഡി.പി.ആർ. കിഫ്ബിയിൽ സെപ്റ്റംബർ 2017-നു മുൻപ് സമർപ്പിക്കാൻ കഴിയുമോ;

(സി) മുള്ളറവിള-ആയയിൽ, കന്നിപുറം എന്നീ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പി,ഡബ്ള്യൂ.ഡി. ബ്രിഡ്ജ് വിഭാഗം ഏതൊക്കെ രേഖകൾ ആണ് കിഫ്ബിയ്ക്ക് നൽകേണ്ടത്; വിശദമാക്കുമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ആയയിൽ-മുള്ളറവിള പാലത്തിന് കിഫ്ബി-യിൽ നിന്നും റീ-ഡിസൈൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ റീ-ഇൻവെസ്റ്റിഗേഷൻ ജോലികൾ നടന്നുവരുന്നു. ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് റിവൈസ്ഡ് ഡിസൈൻ ലഭ്യമായാൽ മാത്രമേ ഡി.പി.ആർ. തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിക്ക് സമർപ്പിക്കാൻ കഴിയുകയുള്ളൂ. കന്നിപുറം പാലത്തിന്റെ ഡി.പി.ആർ. പൂർത്തിയാക്കി അംഗീകാരത്തിനായി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) കന്നിപുറം പാലത്തിന്റെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയയിൽ പാലത്തിന്റെ ഡി.പി.ആർ. 2017 സെപ്റ്റംബർ മാസത്തിൽ സമർപ്പിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) മുള്ളറവിള-ആയയിൽ, കന്നിപുറം എന്നീ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പി.ഡബ്ല്യൂ.ഡി. ബ്രിഡ്ജസ് വിഭാഗം വിശദമായ എസ്റ്റിമേറ്റ്, അലൈൻമെന്റ്, പ്രോജക്ടിന്റെ സാധ്യതാപഠനം അടങ്ങുന്ന വിശദമായ റിപ്പോർട്ട്, ഡിസൈൻ ഡ്രോയിംഗുകൾ മുതലായവ അടങ്ങിയ ഡി.പി.ആർ. ആണ് കിഫ്ബിയിൽ സമർപ്പിക്കേണ്ടത്. ഇതിൽ കന്നിപുറം പാലത്തിന്റെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

**പാലപ്പുറം-നെല്ലിക്കുർശി-കുതിരവഴി പാലം**

53 (1042) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലപ്പുറം-നെല്ലിക്കുർശി-കുതിരവഴി പാലത്തിന്റേയും റോഡിന്റെയും ഡിസൈൻ ലഭ്യമായിട്ടുണ്ടോ;

(ബി) എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്;

(സി) എന്നത്തേയ്ക്ക് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പാലപ്പുറം-നെല്ലിക്കുർശി-കുതിരവഴി പാലം നിർമ്മിക്കുന്നതിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും സർവ്വേ റിപ്പോർട്ടും പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ ഡിസൈൻ തയ്യാറാക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. വിശദമായ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കി ഉടനെ ഡി.പി.ആർ. തയ്യാറാക്കുന്നതാണ്.

(സി) വിശദമായ സ്ട്രക്ചറൽ ഡിസൈൻ ലഭിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ പൂർത്തിയാക്കിയാൽ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

**മാവേലിക്കര-പുതിയകാവ് കെ.എസ്.ടി.പി. റോഡ് നിർമ്മാണം**

54 (1043) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ പുതിയകാവ് ജംഗ്ഷന് വടക്ക് ഭാഗത്ത് കെ.എസ്.ടി.പി. റോഡ് തകർന്നുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് പുനരുദ്ധാരണം കെ.എസ്.ടി.പി.-യുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടും നാളിതുവരെ യാതൊന്നും ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റോഡ് നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാവേലിക്കര നിയോജകമണ്ഡലത്തിലെ പുതിയകാവ് ജംഗ്ഷന് വടക്ക ഭാഗത്ത് കെ.എസ്.ടി.പി.-യുടെ ചുമതലയിലുള്ള തിരുവല്ല-മാവേലിക്കര റോഡ് തകർന്ന് കിടക്കുന്നത് കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ചോർച്ച കാരണമാണ്. പല പ്രാവശ്യം ചോർച്ച പരിഹരിച്ച് റോഡ് നന്നാക്കിയെങ്കിലും പൈപ്പിന്റെ കാലപ്പഴക്കം കാരണവും റോഡിന്റെ ഉപരിതലത്തിൽനിന്നും ആവശ്യമായ താഴ്ചയില്ലാത്തതുകൊണ്ടും വാഹനം കയറുമ്പോൾ പൈപ്പ് പൊട്ടി നിരന്തരമായി ചോർച്ച ഉണ്ടാകുകയും റോഡ് തകർന്നുകിടക്കുകയുമാണ്. ഈ പൈപ്പ് മാറ്റി സ്ഥാപിച്ചെങ്കിൽ മാത്രമേ റോഡിന്റെ തകർച്ച സ്ഥിരമായി പരിഹരിച്ച് ഗതാഗത യോഗ്യമാക്കാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത റോഡ് ഭാഗം പല പ്രാവശ്യം മെയിന്റനൻസ് കോൺട്രാക്ടറെ കൊണ്ട് നന്നാക്കിയിട്ടുള്ളതാണ്. എന്നാൽ പൈപ്പ് ലൈനിന്റെ ചോർച്ച ശാശ്വതമായി പരിഹരിച്ചാൽ മാത്രമേ പുനരുദ്ധാരണം നിലനിൽക്കുകയുള്ളൂ. ആയതിന് വാട്ടർ അതോറിറ്റിയുടെ പഴക്കംചെന്ന പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കേണ്ടത് ആവശ്യമാണ്. 400 എം.എം വ്യാസമുള്ള പ്രിമോ പൈപ്പ് മാറ്റി 400 എം.എം. വ്യാസമുള്ള ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്നതിനായി റോഡ് മുറിക്കുന്നതിനുള്ള അനുവാദം കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യപ്പെടുകയും അതിൻ പ്രകാരം 24,16,342 രൂപയുടെ റീസ്റ്റോറേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചീഫ് എഞ്ചിനീയർ (പ്രോജക്ട്സ്) ടി എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഈ തുക അടയ്ക്കുന്നതിന് കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽനിന്നും ഈ തുക അടച്ച് പൈപ്പ് മാറ്റിയിടുന്ന പ്രവൃത്തിചെയ്ത് പൂർത്തീകരിച്ചാൽ മാത്രമേ റോഡ് ഗതാഗതയോഗ്യമാക്കി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## കാസർഗോഡ്-കാഞ്ഞങ്ങാട്-ചന്ദ്രഗിരി സ്റ്റേറ്റ് ഹൈവേ

55 (1044) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-കാഞ്ഞങ്ങാട്-ചന്ദ്രഗിരി സ്റ്റേറ്റ് ഹൈവേ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി എന്നാണ് ആരംഭിച്ചത് ; എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം എന്നാണ് പൂർത്തീകരിക്കേണ്ടത് ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ആയതിന്റെ മൊത്തം അടങ്കൽ തുക എത്ര കോടി രൂപയാണ് ; നിലവിൽ പദ്ധതിയുടെ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) സാമ്പത്തിക സഹായംചെയ്യുന്ന ലോകബാങ്കിന്റെ പ്രതിനിധികൾ റോഡ് പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത റോഡു പ്രവൃത്തിയിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെട്ട കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് പ്രവൃത്തി ആരംഭിച്ചത് 1-4-2013-ൽ ആണ്. എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം നീട്ടിക്കൊടുത്ത കാലാവധി 31-3-2017 ആണ്. കാഞ്ഞങ്ങാട് ടൗണിൽ യൂട്ടിലിറ്റി കേബിളുകൾ മാറ്റുന്നതിനുള്ള കാലതാമസം പദ്ധതിയുടെ പുരോഗതിയെ ബാധിച്ചു. ഇപ്പോൾ പദ്ധതി അവസാനഘട്ടത്തിലാണ്. 2017 ഡിസംബർ മാസത്തോടെ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പദ്ധതിയുടെ അടങ്കൽ തുക 133.06 കോടി രൂപയാണ്. പദ്ധതിയുടെ 74.55% പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(സി) ലോകബാങ്ക് പ്രതിനിധികൾ ഇടയ്ക്കിടെ പദ്ധതികളുടെ അവലോകനം നടത്തി അഭിപ്രായങ്ങൾ രേഖപ്പെടുത്താറുണ്ട്. റോഡുകളുടെ ഗുണനിലവാരത്തെ സംബന്ധിച്ച് ലോകബാങ്കിന്റെ പ്രതിനിധികളായി Highway Engineer, Environmental Specialist, Road Safety Expert മുതലായ ഉദ്യോഗസ്ഥ പ്രതിനിധികൾ സൈറ്റുകൾ സന്ദർശിച്ച് റിപ്പോർട്ട് നൽകാറുണ്ട്. പദ്ധതികളെപ്പറ്റി പൊതുവായി നിശ്ചിത സമയത്ത് പൂർത്തീകരിക്കണമെന്നും ധനവിനിയോഗം, ഗുണനിലവാരം, സുരക്ഷ, പരിസ്ഥിതി, തൊഴിലാളികളുടെ ക്ഷേമം തുടങ്ങിയവ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചും നിർദ്ദേശം നൽകാറുണ്ട്. ലോക ബാങ്ക് പ്രതിനിധികൾ അവസാനമായി പദ്ധതി അവലോകനം നടത്തിയതിനുശേഷം സമർപ്പിച്ച കണ്ടെത്തലുകളും അതിന് കെ.എസ്.ടി.പി. സ്വീകരിച്ച നടപടികളും അടങ്ങിയ റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.* പ്രസ്തുത നടപടി സ്വീകരിച്ച് റിപ്പോർട്ടുകൾ മാസംതോറും ലോക ബാങ്കിന് സമർപ്പിക്കുകയും പൊതുമരാമത്ത് വെബ്സൈറ്റിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) കാസർഗോഡ്-കാഞ്ഞങ്ങാട് റോഡിനെ സംബന്ധിച്ച് അപാകതകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. ചെറിയ ചെറിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൺസൾട്ടന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കണ്ണങ്ങാട്-വെല്ലിംഗ്ടൺ ലൈൻ പാലം

56 (1045) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കണ്ണങ്ങാട്-വെല്ലിംഗ്ടൺ ഐലൻഡ് പാലത്തിനായി സ്ഥലം വിട്ടുതന്നവർക്കുള്ള നഷ്ടപരിഹാര തുക ലഭ്യമാക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) ഇത് എന്നത്തേക്ക് നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാലം എന്നത്തേക്ക് തുറന്നുകൊടുക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സ്ഥലം റവന്യൂ വകുപ്പ് ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് നൽകുന്നതിന് കൃഷി വകുപ്പിൽനിന്നും നിലപരിവർത്തന അനുമതി ആവശ്യമാണ്. അതിന് അപേക്ഷ കൊടുത്തിട്ടുണ്ടെങ്കിലും ഇതുവരെ ലഭ്യമായിട്ടില്ല. മാത്രമല്ല സ്ഥലമെടുപ്പിന് 2.83 കോടി രൂപയുള്ള ഭരണാനുമതിക്കായി 12-4-2017 തീയതിയായി ഒരു പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കുകയുണ്ടായി. ആയത് പരിശോധിച്ച ശേഷം ചില സ്പഷ്ടീകരണങ്ങൾ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. 64 കോടി രൂപ സാങ്കേതികാനുമതിക്കുള്ള ടി പ്രവൃത്തിയുടെ അംഗീകരിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം എൽ.എ.യ്ക്ക് 74.26 ലക്ഷം രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇപ്പോൾ പ്രവൃത്തിയുടെ സേവിംഗ്സ് കണക്കിലെടുത്ത് 2.95 കോടി രൂപ എൽ.എ.യ്ക്ക് ഉൾക്കൊള്ളിച്ച് സാങ്കേതികാനുമതി നൽകിയ തുകയ്ക്കുള്ളിൽ നിർത്തി രണ്ടാമത്തെ റിവൈസ്ഡ് എസ്റ്റിമേറ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധനയിലാണ്.

(ബി) കൃഷി വകുപ്പിൽനിന്നും അനുമതി ലഭിക്കുന്നമുറയ്ക്കും പുതുക്കിയ ടി റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നമുറയ്ക്കും മാത്രമേ തുക നൽകാൻ സാധിക്കുകയുള്ളൂ.

(സി) അപ്രോച്ച് റോഡിന്റെ ടാറിംഗും അനുബന്ധ പ്രവൃത്തികളും പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ പാലം ഗതാഗതത്തിന് തുറന്നുകൊടുക്കുവാൻ സാധിക്കുകയുള്ളൂ.

## കല്ലടിമുഖം പാലം, സത്യൻ നഗർ പാലം എന്നിവയുടെ നിർമ്മാണ പ്രവർത്തനം

57 (1046) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ കല്ലടിമുഖം പാലം, സത്യൻ നഗർ പാലം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണ് ; വ്യക്തമാക്കുമോ :

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) നേമം നിയോജകമണ്ഡലത്തിലെ കല്ലടിമുഖം പാലത്തിന്റെ പ്രവൃത്തിക്ക് 2009-ൽ നൽകിയ 5 കോടി രൂപയുടെ ഭരണാനുമതി പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഈ പാലത്തിന്റെ ഡിസൈൻ റിവിഷൻ, പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കിവരുന്നു. സത്യൻ നഗർ മുടവൻമുഗൾ പാലം നിർമ്മാണത്തിന്റെ ഭരണാനുമതിക്കായുള്ള 1040 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള പരിശോധന നടന്നുവരികയാണ്. കൂടാതെ പാലം നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി 350 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാരിൽ അംഗീകാരത്തിനായി ലഭിച്ചിരുന്നെങ്കിലും പരിശോധനയ്ക്കുശേഷം സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ട വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്നമുറയ്ക്ക് മാത്രമേ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡ് വികസനം

58 (1047) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ-കുറ്റിപ്പുറം പാതയോടനുബന്ധിച്ചുള്ള മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള പ്രദേശങ്ങളിലെ ഭൂമി ഏറ്റെടുത്ത് റോഡ് വികസനമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കും കേച്ചേരി ജംഗ്ഷന്റെ വികസനത്തിനുമായി ബജറ്റിൽ നിർദ്ദേശിച്ച 50 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

തൃശ്ശൂർ കുറ്റിപ്പുറം റോഡിൽ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള ഭാഗത്തിന്റെ വികസനത്തിനായി 10-7-2017-ലെ സ.ഉ (സാധാ)നമ്പർ 942/17/പൊ.മ.വ. പ്രകാരം കിഫ്ബി മുഖാന്തിരം ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിനായി 50 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായതിനുശേഷം ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

59 (1048) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച ഏതെല്ലാം പ്രവൃത്തികളാണ് പി.ഡബ്ല്യൂ.ഡി. റോഡ്സ് വിഭാഗത്തിനുകീഴിൽ പുരോഗമിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) 2016-17 വർഷത്തിലെ ബജറ്റിൽ ഉൾപ്പെട്ടിരുന്ന ഏതെല്ലാം റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്; ഓരോന്നിന്റേയും വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പഞ്ചായത്ത് റോഡുകൾ മരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി**

60 (1049) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ്സ് റൂട്ടുകൾ ഉള്ളതുൾപ്പെടെയുള്ള പഞ്ചായത്ത് റോഡുകളുടെ മെയിന്റനൻസ് നടത്തുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കാത്തതിനാൽ അരൂർ മണ്ഡലത്തിലെ വിവിധ പഞ്ചായത്ത് റോഡുകൾ മരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന അരൂർ എം.എൽ.എ.-യുടെ നിർദ്ദേശത്തിൻമേൽ എടുത്ത നടപടികൾ വിശദമാക്കാമോ;

(ബി) അത്തരം റോഡുകൾ മരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത തടസ്സങ്ങൾ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ-സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിവിധ ജനപ്രതിനിധികളുടെയും അപേക്ഷകൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അനുമതി കിട്ടിയിട്ടില്ലാത്തതിനാൽ മന്ത്രിസഭ ഈ കാര്യം മാറ്റിവച്ചിരിക്കുകയാണ്.

**പഞ്ചായത്ത് റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കൽ**

61 (1050) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പ്രധാന റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാറുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര റോഡുകൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഗ്രാമീണ റോഡുകൾ ഏറ്റെടുക്കാൻ എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളത് എന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ സർക്കാർ തീരുമാനത്തിനനുസരിച്ച് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാറുണ്ട്. ഈ സർക്കാർ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് റോഡുകളൊന്നും ഏറ്റെടുത്തിട്ടില്ല.

(ബി) ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് അതത് പഞ്ചായത്തുകളുടെ റെസല്യൂഷൻ ആവശ്യമാണ്. ടി റോഡുകൾ 8 മീറ്റർ വീതിയുള്ളതും കുറഞ്ഞത് 2 പഞ്ചായത്തുകൾവഴി കടന്നുപോകുന്നതും 2 പൊതുമരാമത്ത് വകുപ്പ് റോഡുകളെ ബന്ധിപ്പിക്കേണ്ടതും റെഗുലർ ആയി ബസ് സർവ്വീസ് ഉള്ളതും ആയിരിക്കണം. ഇക്കാര്യത്താൽ പുതുക്കിയ മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**കോഴിക്കോട് ജില്ലയിലെ തൊണ്ടിലക്കടവ് പാലത്തിന് സ്ഥലം**

62 (1051) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തൊണ്ടിലക്കടവ് പാലത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാലതാമസം വരുന്നത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) അക്വിസിഷനുമായി ബന്ധപ്പെട്ട നിബന്ധനകൾ ഇളവുചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ തൊണ്ടിലക്കടവ് പാലത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതിക്കായി 200 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) ഇളവുകൾ നൽകുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**മാവേലിക്കര കണ്ടിയൂർ ബൈപ്പാസ് നിർമ്മാണം**

63 (1052) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കണ്ടിയൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് നിരത്ത് വിഭാഗം നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പുതിയ നിരക്ക് പ്രകാരമുള്ള വിശദമായ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ ; പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായി വരുന്ന തുക എത്രയാണ് ; ഈ തുകയുടെ ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മാവേലിക്കര കണ്ടിയൂർ ബൈപ്പാസിന്റെ നിർമ്മാണത്തിന് 2 കോടി രൂപയുടെ ഭരണാനുമതിയും 2.30 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി രണ്ട് തവണ ടെണ്ടർ ചെയ്തുവെങ്കിലും പ്രവൃത്തി ആരും ഏറ്റെടുക്കാത്തതിനാൽ ക്വട്ടേഷൻ സ്വീകരിച്ചു. എന്നാൽ ക്വോട്ട് ചെയ്ത നിരക്ക് കൂടുതലായതിനാൽ ക്വട്ടേഷന് അംഗീകാരം നൽകിയില്ല. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഏറ്റവും കൂടുതൽ ഗ്രാവൽ ഉപയോഗിച്ചുള്ള നിരത്തൽ പണികൾ ആയിരുന്നു. ഇതിന് എസ്റ്റിമേറ്റിൽ ഉള്ള നിരക്ക് കമ്പോള നിരക്കിനേക്കാൾ വളരെ കുറവായിരുന്നു. മണ്ണിന്റെ നിരക്ക് പുതുക്കി നിശ്ചയിച്ചതിൻ പ്രകാരം റിവൈസ് ചെയ്ത എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

(ബി&സി) പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**ഒറ്റപ്പാലം ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനം**

64 (1053) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ബൈപ്പാസ് നിർമ്മാണത്തിനായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത് ;

(സി) ബൈപ്പാസിനുവേണ്ട സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) സ.ഉ (സാധാ.) നമ്പർ 1324/2016/പൊ.മ.വ. തീയതി 27-9-2016 പ്രകാരം ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുവാൻ റോഡ്സ്&ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്ന ജോലികൾ പുരോഗമിക്കുകയാണ്. ഇതിന്റെ ഭാഗമായി ടോപോഗ്രാഫിക് സർവ്വേ, ട്രാഫിക് സർവ്വേ, മണ്ണുപരിശോധന എന്നിവ പൂർത്തിയായിട്ടുണ്ട്.

(സി) വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം മാത്രമേ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുക സംബന്ധിച്ച വിവരം ലഭ്യമാകുകയുള്ളൂ.

**ഒല്ലൂരിൽ നടപ്പിലാക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ**

65 (1054) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തിൽ കിഫ്ബി മുഖേന ഒല്ലൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; ഓരോ പദ്ധതിയുടെയും പുരോഗതി വിശദമാക്കുമോ;

(ബി) 2017-18 വർഷത്തിൽ കിഫ്ബി മുഖേന ഒല്ലൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദവിവരവും ഇതുവരെയുള്ള പുരോഗതിയും വിശദമാക്കുമോ?

ഉത്തരം

(എ) 2016-17 വർഷത്തിൽ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിനുകീഴിൽ

1. നടത്തറ-മൂർക്കാനിക്കര കണ്ണാറ റോഡ് കി.മീ. 0/000 മുതൽ 11/636 ബി.എം. & ബി.സി. ചെയ്യൽ-ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചു - ഡി.പി.ആർ. തയ്യാറാക്കിവരുന്നു.
2. എടക്കുന്നി റോഡ് ബി.എം.&ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ - ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു.

   കെട്ടിടം, ദേശീയപാത വിഭാഗങ്ങളിൽ ഒല്ലൂർ നിയോജക മണ്ഡലത്തിൽ ഒരു പ്രവൃത്തികളും ഇല്ല.

(ബി) 2017-18 വർഷത്തിൽ പൊതുമരാമത്ത് വകുപ്പിന് കിഫ്ബി മുഖേന പ്രവൃത്തികൾ ഒന്നുംതന്നെയില്ല.

## നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം

66 (1055) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പുമുഖേന നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ബി) നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കൂടുതൽ നടപടികൾ സ്വീകരിക്കുവാൻ ആലോചിക്കുന്നുണ്ടോ;

(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ക്വാളിറ്റി ഓഡിറ്റിംഗ് നിലവിലെ പൊതുമരാമത്ത് വകുപ്പ് മാന്വൽ അനുസരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ ക്വാളിറ്റി കൺട്രോൾ റീജിയണൽ ലാബുകളും മറ്റ് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തനം നടപ്പിലാക്കിവരുന്നു. പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളുടെ ബില്ലിനോടൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റുകളുടെയും അടിസ്ഥാനത്തിലാണ് പ്രവൃത്തികളുടെ പേയ്മെന്റ് നൽകുന്നത്.

പ്രാഥമിക ഗുണനിലവാര പരിശോധന നിർമ്മാണ പ്രവൃത്തിയുടെ ചുമതലയുള്ള ഫീൽഡ് ഓഫീസറുടെ മേൽനോട്ടത്തിൽ കരാറുകാർ അംഗീകൃത ലാബുകളിൽ നടത്തേണ്ടതും രണ്ടാംഘട്ട ഗുണനിലവാര പരിശോധന, ക്വാളിറ്റി കൺട്രോൾ ലാബുകളിലെ ഉദ്യോഗസ്ഥർ റാൻഡമായി നടത്തി റിപ്പോർട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ചീഫ് എഞ്ചിനീയർമാർക്കും അയച്ചു കൊടുക്കുന്നതാണ്. ഇതുകൂടാതെ 5 കോടി രൂപയ്ക്ക് മുകളിൽ അടങ്കൽ തുക വരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ആവശ്യാനുസരണം പൊതുമരാമത്ത് വകുപ്പ് പുറത്തുള്ള വിദഗ്ദ്ധരുടെ നേതൃത്വത്തിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. തൃപ്തികരമല്ലാത്ത പരിശോധനാഫലങ്ങൾ തുടർ നടപടികൾക്കായി വിജിലൻസ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് അയച്ചുകൊടുക്കുന്നു:

(ബി&സി) ഉണ്ട്. ഗുണനിലവാര പരിശോധന ശക്തിപ്പെടുത്തുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. <u>മൊബൈൽ ലബോറട്ടറി</u>

നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലത്ത് നേരിട്ട് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ആവശ്യമായ ഉപകരണങ്ങൾ സജ്ജീകരിച്ച് മൊബൈൽ ലബോറട്ടറി ലാബുകൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു

2. <u>ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്</u>

ക്വാളിറ്റി കൺട്രോൾ റീജിയണൽ ലബോറട്ടറികളുമായി ബന്ധിച്ച് ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് സ്ഥാപിക്കുവാനുള്ള നടപടിയും പുരോഗമിച്ചുവരുന്നു. കൃത്യതയുള്ള ഇൻവെസ്റ്റിഗേഷൻ പൊതുമരാമത്ത് വകുപ്പ് സ്വന്തമായി നടത്തുന്നത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സഹായിക്കും.

**തൃക്കുറ്റിശ്ശേരി പാലം പുതുക്കി പണിയൽ**

67 (1056) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ബാലുശ്ശേരി-കൂട്ടാലിട-കൂരാച്ചുണ്ടിനെ ബന്ധിപ്പിക്കുന്ന തൃക്കുറ്റിശ്ശേരി പാലം അപകടാവസ്ഥയിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാലം പുതുക്കിപണിയുന്നതിനുള്ള ഡി.പി.ആർ. സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാലതാമസം എന്നറിയിക്കാമോ;

(സി) പാലം പുതുക്കിപണിയുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സമർപ്പിച്ചിട്ടില്ല. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി പാലത്തിന്റെ രൂപകൽപ്പനയ്ക്കുവേണ്ടി നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ ഡി.ആർ.ഐ.ക്യു ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കിയാൽ ഉടനെ ഡി.പി.ആർ. തയ്യാറാക്കുന്നതാണ്.

(സി) മറ്റ് തടസ്സങ്ങൾ ഒന്നും നിലവിലില്ല.

## കാസർഗോഡ്-തിരുവനന്തപുരം മലയോര ഹൈവേ

68 (1057) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മുതൽ തിരുവനന്തപുരം കടുക്കറ വരെ നീളുന്ന മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ്;

(ബി) ഈ പദ്ധതിക്കുവേണ്ടി കിഫ്ബിയിൽനിന്നും എത്ര തുക അനുവദിച്ചു;

(സി) പാത നിർമ്മാണത്തിന് സൗജന്യമായി സ്ഥലം വിട്ടുതരുവാൻ ജനങ്ങൾ തയ്യാറായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ&ബി) കാസർഗോഡ് നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം പാറശ്ശാല വരെ നീളുന്ന മലയോര ഹൈവേയുടെ നിർമ്മാണത്തിനായി 2017-18 ബജറ്റ് പ്രസംഗത്തിൽ 3500 കോടി രൂപ ഉൾപ്പെടുത്തി കിഫ്ബിയുടെ ഫണ്ട് ലഭ്യമാക്കി നടത്തുന്നതിനായിട്ടാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ടി പദ്ധതിക്കായി 10-7-2017-ലെ സ.ഉ. (സാധാ.)നമ്പർ 942/2017/പൊ.മ.വ. പ്രകാരം 3500 കോടി രൂപയ്ക്ക് ഭരണാനുമതി തത്വത്തിൽ നൽകിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായുള്ള നടപടി പുരോഗമിച്ചുവരുന്നു.

(സി) പാത നിർമ്മാണത്തിന് സൗജന്യമായി സ്ഥലം വിട്ടുതരുന്നതിനായി പ്രാദേശിക തലത്തിൽ ജനങ്ങളും, ജനപ്രതിനിധികളുമായും ചർച്ച നടത്തിവരുന്നു.

(ഡി) സമയബന്ധിതമായി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി 31-3-2018-ന് മുമ്പ് ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി എത്രയുംവേഗം പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

## നെന്മാറയിലെ പൊതുമരാമത്ത് പ്രവൃത്തികൾ

69 (1058) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ നടത്തിയ പൊതുമരാമത്ത് പ്രവൃത്തികൾ എന്തെല്ലാം ; വിശദമാക്കുമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; ഇനി എത്രയെണ്ണമാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ;

(സി) അടിയന്തരമായി ചെയ്ത് തീർക്കേണ്ട പദ്ധതികളുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) നെന്മാറ നിയോജകമണ്ഡലത്തിൽ കെട്ടിട വിഭാഗത്തിൻ കീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. തിരുവാഴിയോട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം
2. നെല്ലിയാമ്പതി റസ്റ്റ് ഹൗസ് നിർമ്മാണം
3. കൊടുവായൂർ ഡെമൻഷ്യ കെയർ സെന്റർ അറ്റകുറ്റപ്പണികൾ
4. മേലാർകോട് അങ്കണവാടി കെട്ടിടനിർമ്മാണം
5. കൊല്ലങ്കോട് വെറ്ററിനറി ഹോസ്പിറ്റൽ കെട്ടിട നിർമ്മാണം
6. കൊല്ലങ്കോട് ഫയർ & റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണം

ഇതിൽ ഒരെണ്ണം പൂർത്തിയായി. അഞ്ചെണ്ണം പൂർത്തീകരിക്കാൻ ഉണ്ട്.

നിരത്തുകളും പാലങ്ങളും വിഭാഗത്തിൻകീഴിൽ വരുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.* ദേശീയപാത വിഭാഗത്തിനുകീഴിൽ നെന്മാറ മണ്ഡലത്തിൽ പ്രവൃത്തികൾ ഒന്നുംതന്നെയില്ല.

(സി) അടിയന്തരമായി ചെയ്തുതീർക്കേണ്ട പദ്ധതികളൊന്നും ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

**പയ്യന്നൂർ കോടതി സമുച്ചയത്തിന് ഭരണാനുമതി ലഭിക്കുന്നതിന് നടപടി**

70 (1059) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബജറ്റിൽ ഉൾക്കൊള്ളിച്ച പയ്യന്നൂർ കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിലവിൽ പ്രസ്തുത ഫയൽ എവിടെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ ഭരണാനുമതി വൈകുന്നത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) പയ്യന്നൂർ കോടതി സമുച്ചയം നിർമ്മിക്കുന്നതിന് 1400 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഫയൽ ആഭ്യന്തര വകുപ്പ് മുഖേന ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്.

**മുരിങ്ങൂർ ഡിവൈൻ മോഡൽ അടിപ്പാത**

71 (1060) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിൽ കൂടെക്കൂടെയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി കോടതി ജംഗ്ഷനിൽ മുരിങ്ങൂർ ഡിവൈൻ മോഡൽ അടിപ്പാത നിർമ്മിക്കുന്നതിനായി നിർദ്ദേശം നൽകി NHAI-യുടെ നിർമ്മാണ പ്രവർത്തന അംഗീകാരം ലഭിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും ഇനിയും നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചാലക്കുടി കോടതി ജംഗ്ഷനിൽ ഡിവൈൻ മോഡൽ അടിപ്പാത നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് അനുബന്ധ സൗകര്യങ്ങൾ പൂർണ്ണമായും ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിൽ അടിപ്പാത നിർമ്മിക്കുന്നതിനെതിരെയുള്ള എതിർപ്പ് കാരണം ഇപ്പോൾ ഫ്ലൈഓവർ നിർമ്മിക്കാൻ കഴിയുമോ എന്ന കാര്യം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പരിശോധിച്ച് വരികയാണ്.

(സി) നടപടി സ്വീകരിക്കുന്നതാണെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്.

## കിഫ്ബിയിൽ ഉൾപ്പെട്ട തലശ്ശേരി നിയോജകമണ്ഡലത്തിലെ പദ്ധതികൾ

72 (1061) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ കിഫ്ബിയിൽ ഉൾപ്പെട്ട എന്തൊക്കെ പ്രവൃത്തികൾ ആണ് തലശ്ശേരി നിയോജക മണ്ഡലത്തിലുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തികൾ നടപ്പിൽവരുത്തുന്നതിന് എന്തൊക്കെ തരത്തിലുള്ള തുടർനടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2017-18 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൻകീഴിൽ തലശ്ശേരി കോടതി സമുച്ചയത്തിന്റെ നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ തയ്യാറാക്കിവരുന്നു. നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ വരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* ദേശീയപാത വിഭാഗത്തിൽ 2017-18 വർഷത്തിൽ കിഫ്ബിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ ഒന്നും തന്നെയില്ല.

## തിരുവമ്പാടി മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

73 (1062) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടു ബഡ്ജറ്റുകളിലായി ഉൾപ്പെടുത്തിയ തിരുവമ്പാടി മണ്ഡലത്തിലെ ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത, കൈതപ്പൊയിൽ-അഗസ്ത്യൻമൂഴി റോഡ്, മണാശ്ശേരി-പുൽപറമ്പ്-ചെറുവാടി റോഡ്, തിരുവമ്പാടി-പുല്ലൂരാംപാറ-മറിപ്പുഴ റോഡ്, അടിവാരം-കേളൻമൂല റോഡ് എന്നീ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് എന്നത്തേയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി, ഭരണാനുമതി ലഭ്യമാവും എന്ന് വ്യക്തമാക്കുമോ; ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ&ബി) കഴിഞ്ഞ രണ്ട് ബജറ്റുകളിലായി ഉൾപ്പെടുത്തിയ തിരുവമ്പാടി മണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി-തുരങ്കപാത:

   പ്രസ്തുത പാതയ്ക്കായുള്ള പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ നടത്തുകയും അലൈൻമെന്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കുന്നിന് മുകളിലൂടെ പാത നിർമ്മിക്കുന്നത് അപ്രായോഗികമായതിനാൽ ടണൽ നിർമ്മിക്കാൻ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ഒരു പ്രിലിമിനറി റിപ്പോർട്ട് പരിഗണനയിലുണ്ട്.

2. കൈതപ്പൊയിൽ-അഗസ്ത്യൻമൂഴി റോഡ്:

   കിഫ്ബിയിൽ ഉൾപ്പെടുത്തിയ ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

3. മണാശ്ശേരി-പുൽപ്പറമ്പ്-ചെറുവാടി റോഡ്:

   കിഫ്ബി, 2017-18-ൽ ഉൾപ്പെടുത്തി തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്ക് ഇൻവെസ്റ്റിഗേഷൻ നടത്തേണ്ടതായിട്ടുണ്ട്.

4. തിരുവമ്പാടി-പുല്ലൂരാംപാറ-മറിപ്പുഴ റോഡ്:

   ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം കോഴിക്കോട് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

5. അടിവാരം-കേളൻമൂല റോഡ്:

   ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ട്.

**മൂവാറ്റുപുഴ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

74 (1063) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൂവാറ്റുപുഴ മണ്ഡലത്തിൽ പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ കെട്ടിട വിഭാഗത്തിൻ കീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. കോടതി സമുച്ചയത്തിലെ അധിക നിലയുടെ നിർമ്മാണം
2. കോടതി സമുച്ചയത്തിലെ റെയിൽ ഷേയ്ഡ് നിർമ്മാണം
3. ജനറൽ ആശുപത്രിയിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം
4. ഐ.റ്റി.ഐ. ആരക്കുഴ കെട്ടിട നിർമ്മാണം
5. ഗവ. മോഡൽ ഹൈസ്കൂൾ പുതിയ ക്ലാസ് റൂം നിർമ്മാണം

കെട്ടിട വിഭാഗത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൂർത്തീകരിച്ച പ്രവൃത്തികൾ ഒന്നുംതന്നെയില്ല. നിരത്തുകളും പാലങ്ങളും വിഭാഗത്തിൻകീഴിൽ വരുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.* ദേശീയപാത വിഭാഗത്തിനുകീഴിൽ മൂവാറ്റുപുഴ മണ്ഡലത്തിൽ പ്രവൃത്തികൾ ഒന്നുംതന്നെയില്ല.

## ആലത്തൂരിൽ പൊതുമരാമത്ത് വകുപ്പ് നടത്തുന്ന പദ്ധതികൾ

75 (1064) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടത്തുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കോടി രൂപയാണ് മണ്ഡലത്തിലേക്ക് അനുവദിച്ചതെന്നും, നിലവിൽ ഏതെല്ലാം പ്രവൃത്തികളാണ് നടക്കുന്നതെന്നും വിശദമാക്കുമോ ?

### ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ കെട്ടിട വിഭാഗത്തിന്റെ കീഴിൽ വരുന്ന പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. ആലത്തൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലിൽ ക്ലിനിക്കൽ ലാബ്, എക്സറേ റൂം എന്നിവയുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കായുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. ആലത്തൂർ പ്രീമെട്രിക് ഹോസ്റ്റലിന്റെ (ഗേൾസ്) മെയിന്റനൻസ് പ്രവൃത്തിയുടെ സിവിൽ പ്രവൃത്തികൾ ആരംഭിച്ചു.

3. നബാർഡ് ആർ.ഐ.ഡി.എഫ് (XVI) ആലത്തൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ മെഡിക്കൽ വാർഡ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി.

നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽവരുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.* ദേശീയപാത വിഭാഗത്തിനു കീഴിൽ ആലത്തൂർ മണ്ഡലത്തിൽ പ്രവൃത്തികൾ ഒന്നുതന്നെയില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെട്ടിട വിഭാഗത്തിൽ 10,50,000 രൂപ അനുവദിച്ചിട്ടുണ്ട്. ആലത്തൂർ പ്രീ-മെട്രിക് ഹോസ്റ്റലിന്റെ (ഗേൾസ്) മെയിന്റനൻസ് പ്രവൃത്തിയുടെ സിവിൽ പ്രവൃത്തിയാണ് നടക്കുന്നത്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 54.14 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. 2016-17-ലെ ബജറ്റിൽ അനുവദിച്ച പ്രവൃത്തികൾ ഒ.ഡി.ആർ. ആയിരുന്നതിനാലും കിഫ്ബിയിൽ അനുവദിച്ച പ്രവൃത്തികൾക്ക് ഇൻവെസ്റ്റിഗേഷൻ നടക്കുന്നതിനാലും നിലവിൽ പ്രവൃത്തികൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല.

**മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വട്ടോളിപ്പാലം നിർമ്മാണം**

76 (1065) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജമകണ്ഡലത്തിലെ വട്ടോളിപ്പാലം നിർമ്മാണത്തിന് കിഫ്ബി അംഗീകാരം ലഭിച്ചതിനുശേഷമുള്ള തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) വട്ടോളിപ്പാലം നിർമ്മാണത്തിന് ടെക്നിക്കൽ കമ്മിറ്റിയുടെ അനുമതി ലഭിക്കുകയുണ്ടായോ;

(സി) ഇല്ലെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ടെക്നിക്കൽ കമ്മിറ്റിയുടെ അനുമതി ലഭിച്ചെങ്കിൽ ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ചിറ്റാരിപറമ്പ് ഗ്രാമ പഞ്ചായത്തിലെ മട്ടന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന വട്ടോളിപുഴയ്ക്ക് കുറുകെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പാലമാണ് വട്ടോളിപ്പാലം. വട്ടോളി, ഓടൻതോട്, ചോക്കുപാലം എന്നീ മൂന്ന് പാലങ്ങൾ ഉൾപ്പെടുത്തിയ ഒരു പാക്കേജായാണ് കിഫ്ബിയിൽ ഈ പാലം ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അനുമതി നൽകുന്നതിനുമുമ്പ് കിഫ്ബി നിർദ്ദേശം അനുസരിച്ച് വട്ടോളിപ്പാലവും ഓടൻതോട് പാലവും റീഡിസൈൻ ചെയ്തു. ഇതുപ്രകാരമുള്ള വട്ടോളിപ്പാലത്തിന്റെ 525 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) അനുമതി ലഭിച്ചിട്ടില്ല. ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതിയും കിഫ്ബിയുടെ അംഗീകാരവും ലഭിച്ചാൽ മാത്രമേ സാങ്കേതിക അനുമതി നൽകുകയുള്ളൂ.

(സി) ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കിഫ്ബിയുടെ സാമ്പത്തിക അനുമതി കിട്ടി സാങ്കേതികാനുമതി ലഭിച്ചതിനുശേഷം മാത്രമേ ടെണ്ടർ നടപടി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

**ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണം**

77 (1066) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ബി) ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ഫണ്ട് വിനിയോഗിച്ച് നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം പ്രവൃത്തികളാണ് അവശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണം എന്ന് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് കല്ലിശ്ശേരിയിൽ നിന്നും ആരംഭിച്ച് (കി.മീ.0/000) ശബരിമല വില്ലേജ് റോഡിൽ അങ്ങാടിക്കൽ കാവ് വരെ (കി.മീ. 3/710) റോഡ് വീതികൂട്ടി GSB Wet Mix Mecadom എന്നിവയ്ക്ക് മുകളിലായി ബി.എം. & ബി.സി ലയറുകൾ ഇടുകയും മൂന്ന് ക്രോസ് ഡ്രെയിനേജും, 780 മീ. ഓടയും 72.6 മീ സംരക്ഷണ ഭിത്തി പൂർണ്ണമായും, 223 മീറ്റർ മൂന്ന് കലുങ്കുകളുടെ പാരപ്പറ്റുകൾ ഉയർത്തുകയും 220 മീറ്റർ ക്രാഷ് ബാരിയർ ഉൾപ്പെടെ റോഡ് സുരക്ഷാ സംവിധാനങ്ങൾ പൂർത്തീകരിച്ചുവരികയും ചെയ്യുന്നു.

(ബി) അതിർത്തി കല്ലുകളുടെ നിർമ്മാണവും സ്ഥാപിക്കലും, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സൈൻബോർഡുകൾ സ്ഥാപിക്കൽ, പെയിന്റിംഗ്, കോൺക്രീറ്റ് പണികൾ എന്നീ പ്രവൃത്തികൾ അവശേഷിക്കുന്നു.

(സി) പണികൾ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 22-8-2017 വരെ നീട്ടിനൽകുന്നതിനുവേണ്ടി കോൺട്രാക്ടർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന് നടപടി**

78 (1067) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതിക്കാരായ എത്ര ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. 2 കോടിയിൽ കൂടുതൽ തുകയുള്ള വർക്കുകൾക്ക് ഗുണനിലവാര പരിശോധന first time ചെയ്യുന്നതിന് സൈറ്റിൽ തന്നെ ലാബ് നിർബന്ധമാക്കിയിരിക്കുന്നു. രണ്ടാം തരം (second time) ഗുണനിലവാര പരിശോധനയ്ക്ക് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബും സജ്ജമാക്കിയിട്ടുണ്ട്. ഗുണനിലവാര പരിശോധന സർട്ടിഫിക്കറ്റുകൾ ബില്ലിനൊപ്പം നിർബന്ധമാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് ഇത് സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം ലംഘിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിംഗ് ശക്തിപ്പെടുത്തുകയും മരാമത്ത് പ്രവൃത്തികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി പരാതികളും അപാകതകളും സംബന്ധിച്ച് പരിശോധനകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു. കൂടാതെ ചീഫ് ടെക്നിക്കൽ എക്സാമിനർ, പോലീസ് വിജിലൻസ് എന്നീ വിഭാഗങ്ങളുടെ ഇടപെടലുകളും അഴിമതി തടയുന്നതിന് സഹായകരമാകുന്നുണ്ട്. അഴിമതി നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽനിന്നും വിവിധ കാരണങ്ങൾക്ക് 195 ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തിട്ടുണ്ട്.

## ചെങ്ങന്നൂർ ആയുർവേദ ആശുപത്രി കെട്ടിടം

79 (1068) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ബിൽഡിംഗ് ഡിസൈനിംഗ് വിഭാഗത്തിൽ വിവിധ സർക്കാർ കെട്ടിട നിർമ്മാണങ്ങളുടെ ഡിസൈനിംഗ് പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ ആയുർവേദ ആശുപത്രി കെട്ടിടത്തിന്റെ ഡിസൈനിംഗ് പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദീകരിക്കുമോ;

(സി) ടി കെട്ടിടത്തിന്റെ ഡിസൈനിംഗ് പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിച്ച് നൽകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജീവനക്കാരുടെ കുറവുമൂലമാണ് ഡിസൈൻ വിഭാഗത്തിൽ പ്രവൃത്തിയിൽ കാലതാമസം നേരിടുന്നത്.

(സി) 11-8-2017-നകം ഡിസൈനിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

## പൊതുമരാമത്ത് റോഡുകളുടെ ഗുണനിലവാരം

80 (1069) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളുടെ ഗുണനിലവാരപരിശോധന നടത്തിയും, പരിപാലന കാലയളവ് വർദ്ധിപ്പിച്ചും നിർമ്മാണ പ്രവൃത്തികൾ കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) റോഡ് നിർമ്മാണം നടത്തുന്നവേളയിൽ തന്നെ റോഡിൻെറ ഇരുവശങ്ങളും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ചിടത്തോളം ഗുണനിലവാര പരിശോധന നടത്തിയും പരിപാലന കാലയളവ് വർദ്ധിപ്പിച്ചും നിർമ്മാണ പ്രവർത്തനം കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. പ്രവൃത്തികളുടെ ക്വാളിറ്റി ഓഡിറ്റിംഗ് പൊതുമരാമത്ത് മാനുവൽ പ്രകാരം ചെയ്യുന്നുണ്ട്. റോഡുകളുടെ നിർമ്മാണവും

പരിപാലനവും സംബന്ധിച്ച് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി നിർമ്മാണ പ്രവൃത്തികൾക്ക് Defect Liability Period നിശ്ചയിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിൽ നിലവിൽ പൂർത്തീകരിച്ചതും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ എല്ലാ പ്രവൃത്തികളിലും ഗുണനിലവാരം ഉറപ്പു വരുത്തുന്നുണ്ട്. ദേശീയപാത വിഭാഗത്തിലെ പ്രവൃത്തികൾ ഉദ്യോഗസ്ഥർ അതാതു സമയം പരിശോധനകൾ നടത്തുകയും ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുമ്പോൾത്തന്നെ ഗുണനിലവാര പരിശോധനകൾ ലാബുകളിലൂടെ നടത്താറുമുണ്ട്. കൂടാതെ ദേശീയപാതാ വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യൂവർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്. കൂടാതെ എഞ്ചിനീയറിംഗ് പ്രൊക്യൂവർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടത്തിവരുന്ന പ്രവൃത്തികളുടെ പരിപാലന കാലയളവ് നാല് വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) റോഡ് നിർമ്മാണം നടത്തുന്നവേളയിൽതന്നെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് റോഡുകളുടെ വശങ്ങൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ദേശീയപാതാ വിഭാഗത്തിൽ റോഡ് നിർമ്മിക്കുന്ന സമയത്തുതന്നെ ഇരുവശവും അനുയോജ്യമായ മെറ്റീരിയൽ ഉപയോഗിച്ച് പേവ്ഡ് ഷോൾഡർ, ഹാർഡ് ഷോൾഡർ, എർത്തേൺ ഷോൾഡർ, ഡ്രെയിനേജ്, ഫുട്ട്പാത്ത് എന്നിവ നിർമ്മിച്ച് റോഡിന്റെ ഇരുവശവും സംരക്ഷിക്കാറുണ്ട്.

**പൊതുമരാമത്ത് റോഡുകളുടെ ഓരങ്ങളിൽ ബസ് കാത്തിരിപ്പുകേന്ദ്രങ്ങൾ**

81 (1070) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളുടെ ഓരങ്ങളിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പ്രതീക്ഷ ബസ് ഷെൽട്ടേർസ് കേരള ലിമിറ്റഡ് എന്ന സ്ഥാപനം രൂപീകരിച്ച് കുത്തകാവകാശം നൽകിക്കൊണ്ട് ജി.ഒ.(ആർ.ടി) നമ്പർ 932/2014/ പി.ഡബ്ല്യൂ .ഡി. തീയതി 3-7-2014 ആയി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാൻ ഇടയായ സാഹചര്യം വിശദമാക്കാമോ;

(സി) ഈ ഉത്തരവ് ഇപ്പോൾ നിലവിലുണ്ടോ;

(ഡി) പ്രാദേശികതലത്തിൽ രാഷ്ട്രീയ പാർട്ടികളും സന്നദ്ധ സംഘടനകളും യാതൊരു അനുമതിയുമില്ലാതെ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ടിരിക്കെ എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗപ്പെടുത്തി ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ സ്ഥാപിക്കാൻ സാധിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന കാര്യത്തിൽ മേൽ ഉത്തരവിലെ നിബന്ധന ഒഴിവാക്കാൻ സർക്കാർ സന്നദ്ധമാവുമോ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് റോഡിന്റെ പാതയോരങ്ങളിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായി ജി.ഒ. (ആർ.റ്റി) നമ്പർ 932/2014/പി.ഡബ്ല്യു.ഡി. പ്രകാരം ഏക നോഡൽ ഏജൻസിയായി പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ഇല്ലാതെ അനധികൃതമായി സംഘടനകളും സ്ഥാപനങ്ങളും ഗതാഗത തടസ്സങ്ങൾ ഉണ്ടാകുന്ന രീതിയിലും പ്രാഥമിക തത്വങ്ങൾ പാലിക്കാതെയും ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് പ്രസ്തുത ഉത്തരവ് 2014-ൽ പൊതുമരാമത്ത് വകുപ്പ് പുറത്തിറക്കിയത്.

(സി-ഇ) ഈ ഉത്തരവ് ഇപ്പോൾ നിലവിലില്ല. അത് റദ്ദാക്കുകയുണ്ടായി. നിലവിൽ എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയോടുകൂടി പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് യാതൊരു തടസ്സവും ഇല്ല.

**പൊതുമരാമത്ത് വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിയമനം**

82 (1071) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15-3-2017-ന് നിലവിൽവന്ന പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിലേയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) കണ്ണൂർ ജില്ലയിൽ പ്രസ്തുത തസ്തികയുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഒഴിവുകൾ യഥാസമയം നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 90 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ഒഴിവുകൾ നിലവിലില്ല.

**പൊതുമരാമത്ത് കരാറുകാരുടെ കുടിശ്ശിക**

83 (1072) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പൊതുമരാമത്ത് കരാറുകാർക്ക് നൽകാനുണ്ടായിരുന്ന കുടിശ്ശിക തുക എത്രയായിരുന്നു ;

(ബി) പ്രസ്തുത കുടിശ്ശികയിൽ ഈ സർക്കാർ വിതരണം ചെയ്ത തുകയെത്ര ;

(സി) കരാറുകാരെ ജി.എസ്.ടി. ദോഷകരമായി ബാധിക്കുന്ന എന്ന വാദം ശരിയാണോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ പൊതുമരാമത്ത് കരാറുകാർക്ക് മൊത്തം 1701.72 കോടി രൂപ കുടിശ്ശിക നൽകാനുണ്ടായിരുന്നു.

(ബി) 1678.84 കോടി രൂപ.

(സി) GST-യുടെ നിരക്ക് നിലവിലുണ്ടായിരുന്ന VAT-നേക്കാൾ കൂടുതലാണ്.

## ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പദ്ധതി

84(1073) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെങ്കിലും പൂർത്തീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ആരംഭിക്കാത്ത പ്രവൃത്തികളുടെ ഫണ്ട് മറ്റ് പ്രവൃത്തികൾക്ക് വിനിയോഗിക്കാൻ അനുമതി നൽകുമോ ?

<u>ഉത്തരം</u>

(എ) 10-6-2015-ലെ ജി.ഒ (ആർ.റ്റി) നമ്പർ 801/2015/പൊ.മ.വ. പ്രകാരം ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പദ്ധതിയിൽ തത്വത്തിൽ അംഗീകാരം നൽകിയ 20 പദ്ധതികളിൽ തൃശ്ശൂർ ജില്ലയിലെ പടിഞ്ഞാറെക്കോട്ട ഫ്ലൈഓവർ, ചൂണ്ടൽ-ഗുരുവായൂർ-ചാവക്കാട് റോഡ് എന്നിവ ഉൾപ്പെട്ടിരുന്നു.

(ബി) 20-2-2016-ലെ ജി.ഒ (എം.എസ്.) നമ്പർ 7/2016/പൊ.മ.വ. പ്രകാരം സംസ്ഥാനത്ത് ആകെ 10 പദ്ധതികൾക്ക് മാത്രമേ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുള്ളൂ. ഇതിൽ തൃശ്ശൂർ ജില്ലയിലെ പദ്ധതികളൊന്നും ഉൾപ്പെട്ടിരുന്നില്ല.

(സി) കഴിഞ്ഞ സർക്കാർ കൃത്യമായി ഫണ്ട് വകയിരുത്താതെയാണ് ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പദ്ധതിക്ക് അനുമതി നൽകിയിട്ടുള്ളത്. ഫണ്ട് മാറ്റിവയ്ക്കാതെ അനുമതി നൽകിയതിനാൽ മറ്റ് പദ്ധതികൾക്ക് വിനിയോഗിക്കാൻ സാധിക്കുകയില്ല.

**ചെങ്ങന്നൂർ കല്ലാലക്കടവ്-വഴപാടിക്കടവ്-മരത്തിൽകടവ് നിർമ്മാണം**

85 (1074) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ചീഫ് എഞ്ചിനീയറിൽ (ആർ&ബി) നിന്നും ആവശ്യപ്പെട്ട റിപ്പോർട്ട് ലഭിക്കുവാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടുന്നുണ്ടോ;

(ബി) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച വിവിധ പാലങ്ങളുടെ (കല്ലാലക്കടവ്, വഴപാടിക്കടവ്, മരത്തിൻ കടവ്) നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും ഡി1 /173/17-ാം നമ്പർ ഫയൽ പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദീകരിക്കുമോ;

(സി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച കല്ലാലക്കടവ്, വഴപാടിക്കടവ്, മരത്തിൽ കടവ് എന്നീ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരിൽനിന്നും ഡി1/173/16/PWD നമ്പർ ഫയൽ പ്രകാരം റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. സർക്കാർ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ലഭ്യമാക്കുവാൻ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് ആലപ്പുഴ നിരത്തുകളും പാലങ്ങളും എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നുവെങ്കിലും ആയത് എക്സിക്യൂട്ടീവ് എഞ്ചിനീയർ നാളിതുവരെ ചീഫ് എഞ്ചിനീയർക്ക് (നിരത്തുകളും പാലങ്ങളും) നൽകിയിട്ടില്ല. പ്രസ്തുത വിവരങ്ങൾ ചീഫ് എഞ്ചിനീയർ മുഖാന്തിരം സർക്കാരിനു ലഭ്യമായാൽ മാത്രമേ ഈ പ്രവൃത്തി സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. സർക്കാർ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് (നിരത്തുകളും പാലങ്ങളും) നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 1. കല്ലാലക്കടവ് പാലം നിർമ്മാണം (ശരിയായ പേര്-കയ്യാല കടവ്)

4-3-2016-ലെ G.O (Rt) No.586/2016/PWD പ്രകാരം 1200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൻ പ്രകാരം വർക്ക് ടെണ്ടർ ചെയ്യുന്നതിന് മുമ്പായി സർക്കാരിൽനിന്നും അനുമതി ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ഇപ്രകാരം അനുമതി ലഭിക്കുന്നതിനായി 30-11-2016 തീയതിയായി സർക്കാരിൽ സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേലാണ്

വിശദീകരണം ചോദിച്ചിരുന്നത്. ഡിസൈൻ വിഭാഗത്തിൽ നിന്നും ടെന്റേറ്റീവ് ഡിസൈൻ അംഗീകരിച്ചിട്ടുണ്ട്. സാധ്യതാ പഠന റിപ്പോർട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും ലഭിക്കേണ്ടതുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ആകുന്ന മുറയ്ക്ക് മാത്രമേ പാലത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പണി ആരംഭിക്കാൻ കഴിയുകയുള്ളൂ.

2. വഴപാടിക്കടവ് പാലം നിർമ്മാണം (ശരിയായ പേര്-വഴവാടിക്കടവ്)

4-3-2016-ലെ G.O (Rt) No. 588/2016/PWD പ്രകാരം 25 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി ഉത്തരവിൽ വർക്ക് ടെണ്ടർ ചെയ്യുന്നതിന് മുമ്പായി സർക്കാരിൽനിന്ന് അനുമതി വാങ്ങണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. പ്രസ്തുത പാലത്തിന്റെ പുതുക്കിയ അലൈൻമെന്റ് പ്ലാൻ അംഗീകാരത്തിനായി ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. അംഗീകാരം എത്രയുംവേഗം നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കല്ലുകൾ സ്ഥാപിച്ച് സ്ഥലം അളന്ന് തിട്ടപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ആയാൽ മാത്രമേ പാലത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പണികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

3. മരത്തിൻ കടവ് പാലം നിർമ്മാണം (ശരിയായ പേര്-മഠത്തിൽ കടവ്)

4-3-2016-ലെ G.O (Rt.) No. 588/2016/PWD പ്രകാരം 600 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ മണ്ണ് പരിശോധന റിപ്പോർട്ട് ഡിസൈൻ വിംഗിൽ സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ ലഭ്യമാക്കുന്നതോടുകൂടിയേ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. ടി സർക്കാർ ഉത്തരവ് പ്രകാരം ടെണ്ടർ ചെയ്യുന്നതിന് മുമ്പായി സർക്കാരിൽനിന്ന് അനുമതി നൽകേണ്ടതുണ്ട്. സ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ആകുന്നമുറയ്ക്ക് മാത്രമേ പാലത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പണികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

**മട്ടന്നൂരിലെ പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണ പ്രവൃത്തികൾ**

86 (1075) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൽ മട്ടന്നൂർ നിയോജക മണ്ഡലത്തിലെ എത്ര പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി;

(ബി) ഓരോ പ്രവൃത്തിക്കും എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ പ്രവൃത്തിയും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 2016-17 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കടുത്തുരുത്തി പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസ് പ്രവർത്തനം ആരംഭിക്കുവാൻ നടപടി

87 (1076) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി പി.ഡബ്യൂ.ഡി. റെസ്റ്റ് ഹൗസിന്റെ പണിപൂർത്തീകരിച്ചുവെങ്കിലും പ്രവർത്തനം ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ;

(ബി) 11-5-2017, 28-6-2017 എന്നീ തീയതികളിൽ ഇക്കാര്യം ചൂണ്ടിക്കാട്ടി ബഹു. മന്ത്രിക്കും ചീഫ് എഞ്ചിനീയർക്കും പരാതി നൽകിയതിന്റെ പെറ്റീഷൻ നമ്പരുകൾ അറിയിക്കാമോ; ഇതുസംബന്ധിച്ച പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

(എ) കടുത്തുരുത്തി പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസിന്റെ പണി പൂർത്തീകരിച്ചുവെങ്കിലും ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ചിട്ടില്ല. ടി തസ്തിക സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ടി വിഷയം സംബന്ധിച്ച് 11-5-2017-ൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് ലഭിച്ച പരാതി 1455227/17/Min (PWD) നമ്പറായി പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ടിനായി അയച്ചുകൊടുത്തിട്ടുണ്ട്. ഇതേ വിഷയം സംബന്ധിച്ച് 28-6-2017-ൽ തപാൽ നമ്പർ 5950 ആയി ചീഫ് എഞ്ചിനീയർക്ക് ലഭിച്ച പരാതിയിന്മേൽ 17-7-2017-ന് മറുപടി ബഹുമാനപ്പെട്ട എം.എൽ.എ.യ്ക്ക് നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തൃപ്പൂണിത്തുറ സംസ്കൃത ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണം

88 (1077) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ സംസ്കൃത ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) നിർമ്മാണ പ്രവർത്തനം എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത നിർമ്മാണം എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) തൃപ്പൂണിത്തുറ സംസ്കൃത ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ആയതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കുന്നമുറയ്ക്ക് 6 മാസത്തിനകം പണി പൂർത്തീകരിക്കാവുന്നതാണ്.

## പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകളുടെ ശോചനീയാവസ്ഥ

89 (1078) ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ഡോ. എം. കെ. മുനീർ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് റസ്റ്റ്ഹൗസുകളുടെ ശോചനീയാവസ്ഥയെ കുറിച്ചുള്ള ആവലാതികൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇവയുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിന് സാമ്പത്തിക പ്രശ്നങ്ങൾ തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ജീവനക്കാരുടെ നിസ്സഹകരണം ശോചനീയാവസ്ഥയ്ക്ക് ഇടയാക്കുന്നുണ്ടോ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിച്ച് റസ്റ്റ്ഹൗസുകളുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന വിശ്രമ മന്ദിരങ്ങളുടെ ശോചനീയാവസ്ഥയെക്കുറിച്ചുള്ള പരാതികൾ പരിശോധിച്ച് പ്രവർത്തനം മെച്ച പ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

(ബി) ഫണ്ടിന്റെ അപര്യാപ്തത റസ്റ്റ് ഹൗസുകളുടെ അറ്റകുറ്റപ്പണികൾക്ക് തടസ്സമാകാറുണ്ട്.

(സി) ജീവനക്കാരുടെ അപര്യാപ്തത ശോചനീയാവസ്ഥയ്ക്ക് കാരണമാകാറുണ്ട്. വേണ്ടത്ര ജീവനക്കാരെ നിയമിക്കുന്നതിനും നിലവിലുള്ള ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുംവേണ്ടിയുള്ള പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## മന്ത്രിമാരുടെ ഔദ്യോഗിക വസതികളുടെ അറ്റകുറ്റപ്പണി

90 (*T1079) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം, മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഔദ്യോഗിക വസതികളുടെ അറ്റകുറ്റപ്പണിക്കും മോടിപിടിപ്പിക്കലിനുമായി ഇതുവരെ എന്ത് തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ ഓരോ വസതിയിലും എത്ര തവണ മോടി പിടിപ്പിക്കലും അറ്റകുറ്റപ്പണിയും നടത്തിയെന്ന് വ്യക്തമാക്കാമോ;

(സി) ഔദ്യോഗിക വസതിക്കായി കെട്ടിടങ്ങൾ വാടകയ്ക്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ, പ്രസ്തുത കെട്ടിടങ്ങളിൽ നടത്തിയ വർക്കുകളുടെയും വാങ്ങിയ സാധനങ്ങളുടെയും ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഔദ്യോഗിക വസതികളുടെ അറ്റകുറ്റ പണികൾക്കുവേണ്ടി ആകെ 67,54,662 രൂപ കരാറുകാർക്ക് നൽകിയിട്ടുണ്ട്. മോടിപിടിപ്പിക്കുന്നതിനായി ആകെ 4,57,104 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) അറ്റകുറ്റപ്പണികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ക്ലിഫ് ഹൗസ്, പമ്പ, നിള, തൈക്കാട് ഹൗസ്, പെരിയാർ ഹൗസ്, മൻമോഹൻ ബംഗ്ലാവ് എന്നിവയിൽ ഓരോ തവണയും സാനഡു-വിൽ രണ്ട് തവണയും മോടിപിടിപ്പിക്കലിന്റെ ഭാഗമായുള്ള കർട്ടൻ വർക്കുകൾ നടത്തിയിട്ടുണ്ട്.

(സി) ഔദ്യോഗിക വസതിക്കായി സർക്കാർ വാടക കെട്ടിടങ്ങൾ എടുത്തിട്ടില്ല.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തീരദേശപാതയുടെ നിർമ്മാണം

91 (1080) ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പൂവ്വാർ മുതൽ കാസർഗോഡ് ജില്ലയിലെ തലപ്പഴി വരെ നീളുന്ന തീരദേശപാതയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന് എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു; കിഫ്ബിയിൽ നിന്നും എന്ത് തുക ഈ വർഷം വകയിരുത്തിയിട്ടുണ്ട് എന്നറിയിക്കാമോ;

(സി) ഈ റോഡ് നിർമ്മാണം സംബന്ധിച്ച് എഞ്ചിനീയർമാരുടെയും വകുപ്പ് മേധാവികളുടെയും ശിൽപ്പശാല സംഘടിപ്പിച്ചിരുന്നോ; പ്രസ്തുത ശിൽപ്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ഡി) എത്ര ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതുണ്ടെന്നും തീരദേശത്തെ മത്സ്യ തൊഴിലാളികളിൽ എത്രപേരെ ഒഴിപ്പിക്കേണ്ടി വരുമെന്നും വ്യക്തമാക്കുമോ;

(ഇ) തീരദേശത്തെ മത്സ്യത്തൊഴിലാളികളിൽ ഇതുമൂലം ഉണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ഹൈവേയുടെ നിർമ്മാണത്തിനായി 10-7-2017-ലെ സ.ഉ (സാധാ.)നമ്പർ 942/2017/പൊ.മ.വ. പ്രകാരം KIIFB മുഖാന്തിരം ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കുന്നതിന് 6500 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(സി) തീരദേശ പാതയുടെ നിർമ്മാണ ചുമതലയുള്ള എഞ്ചിനീയർമാരുടെ യോഗം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജൂലൈ മാസം 11, 12 തീയതികളിൽ നടത്തുകയും തീരദേശ പാത സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ജൂലൈ 18-ന് ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് ഇൻവസ്റ്റിഗേഷൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനുള്ള ശിൽപ്പശാലയും നടത്തുകയുണ്ടായി. തീരദേശപാത കടന്നുപോകുന്ന ഒമ്പത് ജില്ലകളിലും ഈ സാമ്പത്തിക വർഷംതന്നെ പ്രവൃത്തികൾ തുടങ്ങണമെന്നും അതിനാവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ അതിനനുസൃതമായി തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കണമെന്നും നിർദ്ദേശമുണ്ടായി.

(ഡി) വിശദമായ പഠന റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുമ്പോൾ മാത്രമേ ഇതുസംബന്ധിച്ച് കൃത്യമായ വിവരം അറിയുവാൻ കഴിയുകയുള്ളൂ. വീടുകളും വ്യാപാര സ്ഥാപനങ്ങളും ഒഴിവാക്കിക്കൊണ്ടും ഭൂമിയെടുപ്പ് പരമാവധി കുറച്ചുകൊണ്ടുമുള്ള പാത വികസനമാണ് പരിഗണനയിലുള്ളത്.

(ഇ) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തു നടത്തുന്ന തീരദേശപാത നിർമ്മാണത്തിൽ ഇത്തരത്തിലുള്ള ആശങ്കകൾ ആരെങ്കിലും പ്രകടിപ്പിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

## കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ മരാമത്ത് പദ്ധതികൾ

92 (1081) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2016-17 വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയെന്നും ടെൻഡർ നടപടികൾ പൂർത്തീകരിച്ചുവെന്നും വിശദമാക്കുമോ;

(സി) ഓച്ചിറ പഴയ ദേശീയപാതയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണുള്ളത് ; വിശദമാക്കുമോ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2016-17 വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ കെട്ടിട വിഭാഗത്തിലെ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 2016-17-ലെ പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതിൽ മൂന്ന് പ്രവൃത്തികൾക്കും ഭരണാനുമതി നൽകി. ഇതിൽ ഒരു പ്രവൃത്തിക്ക് എഗ്രിമെന്റ് വയ്ക്കുകയും രണ്ടെണ്ണത്തിന് സെലക്ഷൻ നോട്ടീസ് അയയ്ക്കുകയും ചെയ്തു. ദേശീയപാത വിഭാഗത്തിലെ പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കെട്ടിട വിഭാഗത്തിലെ പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 3 പ്രവൃത്തികൾക്കും സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) തടസ്സങ്ങൾ ഒന്നുംതന്നെയില്ല. ടി പ്രവൃത്തിക്ക് കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി എം.എൽ.എ.-മാരെ അറിയിക്കുവാൻ നടപടി

93 (T *1082) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിയോജകമണ്ഡലങ്ങളിൽ നടക്കുന്ന വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി അതാത് വകുപ്പുകൾ എല്ലാമാസവും അവസാനവാരം എം.എൽ.എ.-മാരെ അറിയിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ ?

ഉത്തരം

എല്ലാ മാസവും അവസാന ശനിയാഴ്ച ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലയിലെ എല്ലാ എം.പി.-മാരും എം.എൽ.എ.-മാരും ഉൾപ്പെട്ട ജില്ലാ വികസന സമിതി യോഗം ചേരാറുണ്ട്. ഇതിൽ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളുടെയും പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ എല്ലാ മാസവും അവസാന വാരം 'പ്ലാൻ സ്പേസ്' സോഫ്റ്റ്‌വെയറിൽ എല്ലാ പ്രവൃത്തികളുടെയും പുരോഗതി സംബന്ധിച്ച വിവരങ്ങൾ കൊടുക്കാറുണ്ട്.

## അശാസ്ത്രീയമായ ഡിവൈഡർ നിർമ്മാണം

94 (1083) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ചെർക്കള ജംഗ്ഷനിൽ അശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ച ഡിവൈഡർ, അപകടം വരുത്തുകയും ഡ്രൈവർമാർക്ക് ആശയക്കുഴപ്പം ഉണ്ടാക്കുകയും ചെയ്യുന്നുവെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഡിവൈഡർ പൊളിച്ചുമാറ്റുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ചെർക്കള ജംഗ്ഷനിൽ നിർമ്മിച്ച ട്രാഫിക് ഐലന്റ്, റൗണ്ട് എബൗട്ട് ഡിവൈഡർ തുടങ്ങിയവയുടെ രൂപകൽപ്പനയനുസരിച്ച് നിർമ്മാണം പൂർണ്ണമാകാത്തതും ഡ്രൈവർമാർ ഇത്തരം ജംഗ്ഷനിൽ പാലിക്കേണ്ട ട്രാഫിക് നിയമങ്ങൾ പാലിക്കാതെ യാത്രചെയ്യുന്നതും കൊണ്ടുള്ള ആശയക്കുഴപ്പം കാരണം അപകടം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

* 'T ' മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി&സി) ചെർക്കള പോലെയുള്ള ജംഗ്ഷനുകളിൽ സുരക്ഷിതവും സുഗമവുമായ യാത്രയ്ക്ക് ഇരട്ട റൗണ്ട് എബൗട്ടോടുകൂടിയ രൂപകൽപ്പനയാണ് അഭികാമ്യം. എന്നാൽ ഈ ജംഗ്ഷനിൽ നിൽക്കുന്ന മരത്തിന്റെ സംരക്ഷണം ഏറ്റെടുത്ത് അലൈൻമെന്റിൽ മാറ്റം വരുത്തിയതിനാൽ രൂപകൽപ്പനയനുസരിച്ചുള്ള റൗണ്ട് എബൗട്ട് നിർമ്മിക്കുവാൻ സാധിച്ചിട്ടില്ല. ജംഗ്ഷനിലെ കച്ചവട സ്ഥാപനങ്ങളിൽ എത്തുന്ന ജനങ്ങളും വാഹനങ്ങളുടെ പാർക്കിംഗും കാരണം ജംഗ്ഷനിൽ വളരെയധികം തിരക്കുണ്ടാകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ആയതിനാൽ കച്ചവട സ്ഥാപനങ്ങളിൽ വരുന്ന ജനങ്ങളുടെയും കച്ചവടക്കാരുടെയും ആവശ്യങ്ങൾകൂടി പരിഗണിച്ച് നിയന്ത്രിതമായ പാർക്കിംഗിനുള്ള സൗകര്യമൊരുക്കി കൊണ്ടുള്ള ഒരു രൂപകൽപ്പന പി.ഡബ്ല്യു.ഡി.-യുടെ ഡിസൈൻ വിംഗ് തയ്യാറാക്കി വരികയാണ്. ഡിവൈഡർ പൊളിക്കാൻ വകുപ്പുമന്ത്രി ഉത്തരവിട്ടിട്ടുണ്ട്.

### മണ്ണാർക്കാട് ബൈപ്പാസ് നിർമ്മാണം

95 (1084) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണ്ണാർക്കാട് ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട തുടർ നടപടികൾ ഏത് ഘട്ടം വരെ ആയി; വിശദമാക്കുമോ?

ഉത്തരം

കേന്ദ്ര ഗവൺമെന്റിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് മണ്ണാർക്കാട് ബൈപ്പാസ് നിർമ്മിക്കുന്നത്. പ്രസ്തുത ബൈപ്പാസിന്റെ അലൈൻമെന്റിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിക്കുന്നു.

### കുണ്ടന്നൂരിൽ മേൽപ്പാലം നിർമ്മാണം

96 (1085) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ കുണ്ടന്നൂരിൽ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മേൽപ്പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2017-18 ബജറ്റിൽ കിഫ്ബി പദ്ധതിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കുണ്ടന്നൂർ മേൽപ്പാല നിർമ്മാണത്തിനായുള്ള വിശദമായ പദ്ധതി രേഖ (ഡി.പി.ആർ.) കിഫ്ബിയുടെ അനുമതിക്ക് സമർപ്പിച്ചിരിക്കുന്നു.

(ബി) കിഫ്ബിയുടെ അനുമതി ലഭിക്കുന്നമുറയ്ക്ക് ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) പ്രവൃത്തി തുടങ്ങി 24 മാസംകൊണ്ട് പൂർത്തീകരിക്കാനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

**സംസ്ഥാനപാതകളുടെ പദവി**

97 (1086) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ഡി.സതീശൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ-സംസ്ഥാന പാതയോരങ്ങളിലെ മദ്യവില്പനശാലകൾക്ക് ദൂരപരിധി നിർദ്ദേശിച്ച സുപ്രീം കോടതിവിധി മറികടക്കുവാൻ സംസ്ഥാനപാതകളുടെ പദവി എടുത്ത് കളയുവാൻ ഉദ്ദേശ്യമുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

ദേശീയ-സംസ്ഥാന പാതയോരങ്ങളിലെ മദ്യവിൽപ്പനശാലകൾക്ക് ദൂരപരിധി നിർദ്ദേശിച്ച സുപ്രീം കോടതിവിധി മറികടക്കുവാൻ സംസ്ഥാനപാതകളുടെ പദവി എടുത്ത് കളയുന്നത് സംബന്ധിച്ചുള്ള നയപരമായ തീരുമാനം സർക്കാർ തലത്തിൽ എടുത്തിട്ടില്ല.

**സെക്രട്ടേറിയറ്റ് മന്ദിരം പുതുക്കിപ്പണിയുന്നതിന് പദ്ധതി**

98 (1087) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റ് മന്ദിരം പുതുക്കിപ്പണിയാനുള്ള പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) സെക്രട്ടേറിയറ്റ് മന്ദിരത്തിന്റെ പൈതൃകത്തിന് ഒരു കോട്ടവുംതട്ടാതെ പുനർനിർമ്മാണ പ്രവൃത്തികൾ നടത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) എങ്കിൽ പദ്ധതി അംഗീകരിക്കുന്നതിന് മുമ്പ് വാസ്തുവിദ്യാരംഗത്തെയും പുരാവസ്തുമേഖലയിലെയും വിദഗ്ദ്ധരുമായി ഇക്കാര്യം ചർച്ചചെയ്യുമോ; യുക്തമായ നിർദ്ദേശങ്ങൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സെക്രട്ടേറിയറ്റ് പ്രധാന മന്ദിരത്തിന്റെ പൈതൃകവും തനിമയും നിലനിർത്തിക്കൊണ്ട് പുനരുദ്ധരിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ട്.

(സി) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെയാണ് ചുമതല പ്പെടുത്തിയിട്ടുള്ളത്. അവർ ആവശ്യമായ ചർച്ചകൾ നടത്തുന്നതാണ്.

**ഒട്ടുവള്ളിത്തട്ട്-നടുവിൽ-കുടിയൻമല റോഡ്**

99 (1088) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി. ആർ. എഫ്. സ്കീമിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച ഒട്ടുവള്ളിത്തട്ട്-നടുവിൽ-കുടിയൻമല റോഡ് പ്രവൃത്തിക്ക് വർക്ക് ഓർഡർ നൽകിയോ; എങ്കിൽ എന്നാണ് ഉത്തരവ് നൽകിയത്;

(ബി) ഇല്ലെങ്കിൽ കാരണം എന്താണ് എന്ന് അറിയിക്കുമോ;

(സി) ഇതുസംബന്ധിച്ച ഹൈക്കോടതി വിധി പരിശോധിച്ച നിയമ വകുപ്പ് എന്ത് അഭിപ്രായമാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഹൈക്കോടതി വിധി എന്നാണ് ഉണ്ടായത്;

(ഇ) ഹൈക്കോടതി വിധിയും നിയമ വകുപ്പിന്റെ അഭിപ്രായവും പ്രകാരമുള്ള നടപടി സ്വീകരിക്കാതെയിരിക്കാൻ കാരണം വെളിപ്പെടുത്തുമോ;

(എഫ്) പൊതുമരാമത്തുമന്ത്രി 18-5-2017-ൽ വിളിച്ച് ചേർത്ത കോൺഫറൻസിൽ നിയമ വകുപ്പിന്റെ നിർദ്ദേശപ്രകാരം നടപടി സ്വീകരിക്കാൻ കൈക്കൊണ്ട തീരുമാനം നടപ്പിലാക്കാതെയിരിക്കാൻ കാരണം എന്താണ്?

ഉത്തരം

(എ&ബി) പ്രസ്തുത പ്രവൃത്തി തുടങ്ങുന്നതിനായി കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെടുത്തുന്നതിനായി കരാറുകാരന് സെലക്ഷൻ നോട്ടീസ് 3-8-2017-ൽ നൽകിയിട്ടുണ്ട്. എഗ്രിമെന്റ് വച്ചാലുടൻതന്നെ പ്രവൃത്തി തുടങ്ങാൻ കഴിയും.

(സി) ഒന്നാമത്തെ ബിഡർ, പ്രസ്തുത പ്രവൃത്തിക്കായുള്ള ടെണ്ടർ നടപടികളിൽ നിയമാനുസൃതമായി സമർപ്പിക്കേണ്ട രേഖകൾ സമർപ്പിക്കാത്തതിനാൽ തൊട്ടടുത്ത (L2) ബിഡറാണ് ടെണ്ടർ ലഭിക്കുന്നതിന് യോഗ്യതയുള്ളതെന്ന് നിയമ വകുപ്പ് അഭിപ്രായപ്പെടുകയുണ്ടായി.

(ഡി) ഇത് സംബന്ധിച്ച ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധി 23-2-2017-ലാണ് ഉണ്ടായത്.

(ഇ&എഫ്) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അതിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് 1-8-2017-ൽ നാഷണൽ ഹൈവേ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും 5-8-2017 തീയതിയിൽ സ.ഉ. (സാധാ.)നമ്പർ 1170/2017/പൊ.മ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**കിഫ്ബിയിൽപ്പെട്ട പൊതുമരാമത്ത് പ്രവൃത്തികൾ**

100 (1089) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽപ്പെട്ട പൊതുമരാമത്ത് പ്രവൃത്തികളുടെ മേൽനോട്ടത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കിഫ്ബിയിൽനിന്നും ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി നിർവ്വഹണത്തിനായി പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ഏജൻസികൾക്ക് കൈമാറുന്ന പ്രവൃത്തികളുടെ സാങ്കേതിക അനുമതി, ടെണ്ടർ നടപടികൾ എന്നിവ നടപ്പിലാക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) കിഫ്ബിയിൽ ഉൾപ്പെട്ട പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV)-കൾ വഴിയാണ്. പൊതുമരാമത്ത് വകുപ്പിനുകീഴിൽ കേരള റോഡ് ഫണ്ട് ബോർഡ് (KRFB), കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (RBDCK), റിക്ക്, കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ, KRTL എന്നീ സ്ഥാപനങ്ങളെയാണ് SPV-കൾ ആയി നിയമിച്ചിട്ടുള്ളത്.

(ബി) പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV)-കളിൽ Technical Sanction കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. Technical Sanction നൽകിക്കഴിഞ്ഞാൽ അതത് എസ്.പി.വി.-കൾ ടെണ്ടർ ചെയ്യുന്നതാണ്.

**കോഴിക്കോട് പാവങ്ങാട് റെയിൽവേ മേൽപ്പാലം**

101 (1090) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പാവങ്ങാട് റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഈ തുക ഏതു വർഷമാണ് വകയിരുത്തിയത് എന്ന് വിശദമാക്കുമോ;

(ഡി) സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ ഒന്നും ഇതുവരെ സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ -സി) പാവങ്ങാട് റെയിൽവേ മേൽപ്പാലത്തിന്റെ റെയിൽവേ ഭാഗത്തിന്റെ നിർമ്മാണത്തിനായി റെയിൽവേ 366 ലക്ഷം രൂപയുടെ ഏകദേശ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മേൽപ്പാലത്തിന്റെ നിർമ്മാണത്തിന് റെയിൽവേയിൽ കെട്ടിവയ്ക്കുന്നതിനായി 20-3-2013-ലെ സ.ഉ.(സാധാ.)നമ്പർ 394/ 2013/ പൊ.മ.വ. പ്രകാരം 3.66 കോടി രൂപ അനുവദിക്കുകയും തുക റെയിൽവേയ്ക്ക് കൈമാറുകയും ചെയ്തു. തുടർന്ന് 9-10-2013-ലെ സ.ഉ.(സാധാ)നമ്പർ 1326/2013/ പൊ.മ.വ. പ്രകാരം പദ്ധതിയുടെ അപ്രോച്ച് ഭാഗത്തിന്റെ നിർമ്മാണം ആർ.ബി.ഡി .സി.കെ-യെ ഏൽപ്പിക്കുകയും ചെയ്തു. 9-12-2015-ലെ സ.ഉ.(സാധാ)നമ്പർ 1828/ 2015/പൊ.മ.വ. പ്രകാരം റെയിൽവേയിൽ അടയ്ക്കുന്നതിനുള്ള 202 ലക്ഷം രൂപയ്ക്കും ഭൂമി ഏറ്റെടുക്കുന്നതിനുള്ള 252.804 രൂപയ്ക്കുമുള്ള ഭരണാനുമതിയും നൽകുകയുണ്ടായി.

(ഡി&ഇ) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റിക്വസിഷൻ 23-2-2016-ന് കോഴിക്കോട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഏറ്റെടുക്കുന്ന ഭൂമിയിൽ ഉൾപ്പെട്ട നിലമായിട്ടുള്ള സ്ഥലം നികത്തുന്നതിനുള്ള പ്രൊപ്പോസൽ 20-6-2016-ന് പുതിയറ, ഏലത്തൂർ കൃഷി ഓഫീസർമാർക്ക് സമർപ്പിക്കുകയും തുടർന്ന് പ്രൊപ്പോസൽ ജില്ലാതല സമിതിയുടെ ശിപാർശ സഹിതം സംസ്ഥാനതല സമിതിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനായി 3-8-2017-ലെ സ.ഉ.(സാധാ.)നമ്പർ 1155/2017/ പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

## 2016-17, 2017-18 വർഷങ്ങളിലെ കോങ്ങാട് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

102 (1091) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷങ്ങളിലെ കോങ്ങാട് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെയും ആയത് സംബന്ധിച്ച തുകയുടെയും വിശദവിവരങ്ങൾ നൽകുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പ്രോഗ്രസ്സ് റിപ്പോർട്ട് നൽകുമോ;

(സി) ഓരോ പ്രവൃത്തിയുടെയും പൂർത്തീകരണത്തിന് നിശ്ചയിച്ചിട്ടുള്ള ഏകദേശ സമയപരിധി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) 2016-17 വർഷത്തിൽ പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിൽ സി.ആർ.എഫ് പദ്ധതിയിൽ കോങ്ങാട് - മംഗലംകുന്ന് റോഡിന്റെ പുനരുദ്ധാരണം (15 കി.മീ.) പ്രവൃത്തിക്ക് 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായി. 2018 ഒക്ടോബറിൽ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. 2017-18 വർഷത്തിൽ പദ്ധതികളൊന്നും തന്നെയില്ല. നിരത്തുകളും പാലങ്ങളും, കെട്ടിടവിഭാഗങ്ങളിലെ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം I, II* ആയി ചേർത്തിരിക്കുന്നു.

## ഇ-സ്റ്റാമ്പിംഗ്

103 (1092) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധാരം രജിസ്റ്റർ ചെയ്യുന്നതിന് ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) വ്യാജ മുദ്രപ്പത്രങ്ങളുടെ സാധ്യത പൂർണ്ണമായും ഇല്ലാതാകുന്നതിന് ഈ സംവിധാനം എപ്രകാരം സഹായിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും പ്രസ്തുത സൗകര്യം നിലവിൽ ലഭ്യമാണോ;

(ഡി) ഏതെല്ലാം വകുപ്പുകളും ഏജൻസികളുമാണ് ഈ സംവിധാനം നടപ്പിലാക്കുന്നതിനായി സംയുക്തമായി പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 7-4-2017-ലെ 690-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനത്തിലൂടെ 1960-ലെ കേരള മുദ്രപ്പത്ര ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. അതുപ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മൂല്യമുള്ള മുദ്രപ്പത്രങ്ങൾ ആവശ്യമുള്ള ഇടപാടുകൾക്ക് ഇ-സ്റ്റാമ്പിംഗിലൂടെ മാത്രമേ തുക ഒടുക്കുവാൻ സാധിക്കുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ വിവരിക്കുന്നു:

1. വ്യാജമുദ്രപ്പത്രങ്ങൾ തടയുവാൻ കഴിയുന്നു.

2. ഇ-സ്റ്റാമ്പിംഗ് മുഖേന തുക ഒടുക്കിയ വിവരം ഓൺലൈനായി പരിശോധിക്കുവാൻ കഴിയുന്നതാണ്.

3. ഇ-സ്റ്റാമ്പിംഗ് പ്രകാരം ഡിഫേസിംഗ് സംവിധാനം ഉള്ളതിനാൽ തിരിമറികൾക്ക് സാധ്യതയില്ല.

4. സ്റ്റാമ്പ് വിതരണ നാൾവഴികൾ കമ്പ്യൂട്ടർ മുഖാന്തരം ആയതിനാൽ തിരുത്തലുകൾക്ക് സാധ്യതയില്ല.

5. ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനം പ്രയോജനപ്പെടുത്തി ആർക്കും ഏത് സമയത്തും സ്റ്റാമ്പ് വാങ്ങാവുന്നതാണ്.

(സി) ലഭ്യമാണ്.

(ഡി) കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (എൻ.ഐ.സി.) സാങ്കേതിക സഹായത്തോടെ രജിസ്ട്രേഷൻ, ട്രഷറി എന്നീ വകുപ്പുകൾ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

## ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം

104 (1093) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം നിലവിലുണ്ടോ; വ്യക്തമാക്കാമോ ;

(ബി) പൊതുജനങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ് സംബന്ധിച്ച് അവബോധം നൽകുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇ-സ്റ്റാമ്പിംഗ് ഇ-ഡോക്യുമെന്റേഷനും സംബന്ധിച്ച് അക്ഷയ കേന്ദ്രങ്ങളെ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് തയ്യാറാകുമോ ; വ്യക്തമാക്കാമോ ;

(ഡി) ഇ-സ്റ്റാമ്പിംഗ്, ഇ-ഡോക്യുമെന്റേഷൻ എന്നിവ സംബന്ധിച്ച പരിശീലനത്തിനായി മാന്വലുകളോ, സി.ഡി.-യോ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ പകർപ്പുകൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 7-4-2017 തീയതിയിലെ 690-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനത്തിലൂടെ 1960-ലെ കേരള മുദ്രപ്പത്ര ചട്ടങ്ങളിൽ, ചട്ടഭേദഗതി വരുത്തി കൊണ്ട് (SRO No. 182/2017 G.O(P)No. 23/2017/TD തീയതി 7-4-2017) സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിലാക്കുകയുണ്ടായി. മേൽസംവിധാനം അനുസരിച്ച് ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മൂല്യമുള്ള മുദ്രപ്പത്രങ്ങൾ ഇ-സ്റ്റാമ്പിംഗിലൂടെ മാത്രമേ തുക ഒടുക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) പത്രമാധ്യമങ്ങൾ, ആകാശവാണി, എഫ്.എം. ചാനലുകൾ മുഖേന പൊതുജനങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ് സംബന്ധിച്ച് അവബോധം നൽകുന്നതിനായി പരസ്യ പ്രചാരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഇ-ഡോക്യുമെന്റേഷനുമായി ബന്ധപ്പെട്ട് പ്രാരംഭഘട്ടത്തിൽ അക്ഷയ കേന്ദ്രങ്ങളെക്കൂടി ഉൾപ്പെടുത്തി പരിശീലന പരിപാടികൾ നടത്തുകയുണ്ടായി.

(ഡി) ഇ-സ്റ്റാമ്പിംഗ്, ഇ-ഡോക്യുമെന്റേഷൻ എന്നീ സംവിധാനങ്ങൾ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെ ഉപയോഗിക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ www.keralaregistration.gov.in എന്ന വെബ്സൈറ്റിൽ യൂസർ മാന്വൽ ചേർത്തിട്ടുണ്ട്.

## സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇ-പേയ്മെന്റ്

105 (1094) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ സബ് -രജിസ്ട്രാർ ഓഫീസുകളിലും ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ആലോചനയിലുണ്ടോ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പ്രോജക്ടുകൾ നിലവിൽ ഉണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇത് സംബന്ധിച്ച് ഏതെങ്കിലും കോടതികളിൽ കേസ് നിലവിലുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 315 സബ് രജിസ്ട്രാർ ഓഫീസുകളിലും ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇ-പേയ്മെന്റ് സംവിധാനം സംബന്ധിച്ച് പ്രോജക്ടുകൾ നിലവിലില്ല. നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററും ട്രഷറിയുമായി സഹകരിച്ചാണ് ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്.

(സി) ഇ-പേയ്മെന്റ് സംവിധാനം സംബന്ധിച്ച് കോടതി കേസ് നിലവിലില്ല.

## താനൂർ സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണം

106 (1095) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25-2-2017-ന് നികുതി വകുപ്പിൽ നിന്നുണ്ടായ 140/2017-ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം താനൂരിൽ സബ് രജിസ്ട്രാർ ഓഫീസ് നിർമ്മിക്കുന്നതിന് കിഫ്ബിയിൽനിന്ന് ഫണ്ട് അനുവദിച്ച് ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ തുടർ നടപടികൾ ഒന്നും ഉണ്ടാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

(സി) മേൽസൂചിപ്പിച്ച പദ്ധതി എപ്പോൾ തുടങ്ങി, എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) തുടർ നടപടികൾ വേഗത്തിലാക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുമോ?

ഉത്തരം

(എ&ബി) താനൂർ സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് സ.ഉ.(ആർ.റ്റി)നമ്പർ 140/17/നിവ. തീയതി 25-2-2017 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ 100 കോടി രൂപയ്ക്ക് മുകളിലുള്ള പ്രൊപ്പോസലിന് മാത്രമേ കിഫ്ബി ഫണ്ട് അനുവദിക്കുകയുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ ആയതിനുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിലേയ്ക്കായി അതിൽ ഉൾപ്പെടുത്തേണ്ട ഓഫീസുകളുടെ ലിസ്റ്റ് 10-7-2017-ന് പൊതുമരാമത്ത് വകുപ്പ് കെട്ടിടം ചീഫ് എഞ്ചിനീയർക്ക് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ കൊടുത്തിട്ടുണ്ട്. * ആയത്കൂടി ലഭ്യമാക്കി കിഫ്ബിക്ക് സമർപ്പിച്ചാൽ മാത്രമേ കെട്ടിട നിർമ്മാണത്തിനുള്ള അംഗീകാരം ലഭിക്കുകയുള്ളൂ. ടി പദ്ധതി നടപ്പിലാക്കുന്നതിന് മറ്റ് തടസ്സങ്ങൾ ഒന്നുമില്ല.

(സി&ഡി) കിഫ്ബിയിൽനിന്നും ഫണ്ട് ലഭിക്കുന്നമുറയ്ക്ക് കെട്ടിടം പണി തുടങ്ങി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ഭൂമിയുടെ ന്യായവില നിർണ്ണയം**

107 (1096) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില നിർണ്ണയം പൂർത്തീകരിച്ച് സംസ്ഥാനതലത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇതിനായി 2015-ൽ രൂപീകരിച്ച കമ്മിറ്റി ഭൂമിയുടെ ന്യായവില നിർണ്ണയത്തിലുണ്ടായ അപാകതകളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഭൂമി ക്രയവിക്രയങ്ങൾ കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഭൂമിയുടെ ന്യായവില നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ-സി) ഭൂമിയുടെ ന്യായവില നിർണ്ണയിച്ച് 1-4-2010 മുതൽ ന്യായവില പ്രാബല്യത്തിൽ വന്നിട്ടുണ്ട്. നിലവിലെ ന്യായവില ആവശ്യമായ പഠനങ്ങൾക്ക ശേഷം പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് റവന്യൂ വകുപ്പ് സെക്രട്ടറി ചെയർമാനായി 2015-ൽ രൂപീകരിച്ച കമ്മിറ്റി ഭൂമിയുടെ നിലവിലുള്ള ന്യായവില പരിഷ്കരിക്കുന്നതിനുള്ള പഠനം നടത്തിവരുന്നു. അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

**വാമനപുരം നിയോജകമണ്ഡലത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനകൾ**

108 (1097) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജില്ലാ രജിസ്ട്രാർ ആഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിവിധ സംഘടനകളുടെ പേരും മേൽവിലാസവും അടങ്ങുന്ന വിശദവിവരങ്ങൾ നൽകുമോ?

<u>ഉത്തരം</u>

1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മിക സംഘങ്ങൾ രജിസ്ട്രാക്കൽ നിയമപ്രകാരം നിയോജകമണ്ഡലമോ, ഗ്രാമപഞ്ചായത്തോ അടിസ്ഥാനമാക്കിയോ, രേഖപ്പെടുത്തിയോ അല്ല സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നത്. സംഘം രജിസ്റ്ററുകൾ പരിശോധിച്ചതിൽനിന്നും ലഭ്യമായ 41 സംഘങ്ങളുടെ പേരും മേൽവിലാസവും അടങ്ങുന്ന വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**കാസർഗോഡ് ചെറുവത്തൂർ കേന്ദ്രീകരിച്ച് സബ് രജിസ്ട്രാർ ഓഫീസ്**

109 (1098) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് തൃക്കരിപ്പൂർ സബ് രജിസ്ട്രാർ ഓഫീസ് വിഭജിച്ച് ചെറുവത്തൂർ കേന്ദ്രീകരിച്ച് സബ് രജിസ്ട്രാർ ഓഫീസ് അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) രജിസ്ട്രേഷൻ ഐ.ജി. ഓഫീസിലും ടാക്സ് സെക്രട്ടേറിയറ്റിലും ഇത് സംബന്ധിച്ച അനുകൂല റിപ്പോർട്ടുകൾ ഉണ്ടായിട്ടും ചെറുവത്തൂർ ഓഫീസിന്റെ പ്രവർത്തനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) പുതിയ സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്നതിന് ആവശ്യമായ സ്ഥലം, കെട്ടിടം എന്നിവ കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ, ഓഫീസ് തുടങ്ങുന്നതിനാവശ്യമായിവരുന്ന തസ്തികകളുടെ എണ്ണം, അതിനുള്ള സാമ്പത്തികബാധ്യത, മറ്റ് ആവർത്തന അനാവർത്തന ചെലവുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം**

110 (1099) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) രജിസ്ട്രേഷൻ വകുപ്പിന് കുഴൽമന്ദത്ത് സ്വന്തമായി സ്ഥലം ഉണ്ടോ; എങ്കിൽ എത്ര സെന്റ്; വ്യക്തമാക്കുമോ ;

(സി) നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് മുമ്പ് നിലനിന്നിരുന്ന കുഴൽമന്ദം വില്ലേജിൽ ബ്ലോക്ക് നമ്പർ 15-ൽ സർവ്വേ നമ്പർ 506/14-ൽപ്പെട്ട സ്ഥലത്തുനിന്നും നാഷണൽ ഹൈവേയുടെ വികസനത്തിനായി വിട്ടുകൊടുത്തത് കഴിച്ച് 5 ആർ (12.35 സെന്റ്) സ്ഥലം വകുപ്പിന് സ്വന്തമായുണ്ട്.

(സി) ടി 5 ആർ സ്ഥലത്ത്, കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിനായി, കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ഫണ്ട് വിനിയോഗിച്ച് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണം**

111 (1100) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നടപടികൾമൂലം നിലവിൽ ഈ വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചെയ്തുവരുന്ന സ്റ്റാമ്പ് വെണ്ടർമാർ, ആധാരം എഴുത്തുകാർ തുടങ്ങിയവർക്ക് എന്തെങ്കിലും തൊഴിൽ തടസ്സങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച ആശങ്കകളും ആക്ഷേപങ്ങളും പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ 315 സബ് രജിസ്ട്രാർ ഓഫീസുകളേയും പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചതിലൂടെ രജിസ്ട്രേഷൻ പ്രക്രിയകൾ സുഗമമാക്കുന്നതിനും ജനങ്ങൾക്ക് കാലതാമസം കൂടാതെ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. ബാധ്യതാ സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതോടൊപ്പംതന്നെ ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുവാനും, തയ്യാറാക്കിയ ബാധ്യതാ സർട്ടിഫിക്കറ്റുകൾ ഓൺലൈനായിത്തന്നെ ലഭ്യമാക്കുന്നതിനുമുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ സബ് രജിസ്ട്രാർ ഓഫീസുകളിലെ 75,492 രജിസ്റ്റർ വാല്യങ്ങൾ ബൈൻഡ്ചെയ്ത് സൂക്ഷിക്കുകയുണ്ടായി. വ്യാജ മുദ്രപ്പത്രങ്ങൾ തടയുന്നതിനായി വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ ലഭ്യമാക്കുന്നതിനുള്ള ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിലാക്കുകയും, ആധാര രജിസ്ട്രേഷനുകൾക്ക് സമയക്രമം പാലിക്കുവാനായി വസ്തുവിവരങ്ങൾ ഓൺലൈനായി നൽകിക്കൊണ്ട് ടോക്കൺ എടുക്കുവാനും രജിസ്ട്രേഷൻ നടപടികൾക്കായി ഹാജരാകേണ്ട സ്ഥലവും സമയവും മുൻകൂട്ടി അറിയുവാനുമുള്ള സൗകര്യം ലഭ്യമാക്കുകയും ചെയ്തു. ഒരാധാരം സംബന്ധിച്ച അത്യാവശ്യ വിവരങ്ങൾ ഇന്റർനെറ്റിലൂടെ അറിയാനുള്ള സൗകര്യവും നിലവിലുണ്ട്.

(ബി&സി) തൊഴിൽ തടസ്സങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നേമം റെയിൽവേ സ്റ്റേഷൻ വിപുലീകരണം**

112 (1101) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിലെ തിരക്ക് ലഘൂകരിക്കുന്നതിന് നേമം റെയിൽവേ സ്റ്റേഷൻ വിപുലീകരിക്കുന്നതിനായി സംസ്ഥാന സർക്കാർ റെയിൽവേക്ക് സ്ഥലം വിട്ടുനല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) റെയിൽവേയ്ക്ക് ആവശ്യമായ ഭൂമിയുടെ അർത്ഥന ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ദക്ഷിണ റെയിൽവേ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, എറണാകുളത്തിന് 16-5-2017-ൽ കത്ത് അയച്ചിട്ടുണ്ട്.

## ലൈറ്റ് മെട്രോ പദ്ധതി

113 (1102) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈറ്റ് മെട്രോ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഗതാഗത തിരക്കേറിയ പ്രദേശങ്ങളിൽ കൂടുതൽ ലൈറ്റ്-മെട്രോ പദ്ധതികൾ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കേരളത്തിൽ നിലവിൽ ഏതൊക്കെ പട്ടണങ്ങളിലാണ് ലൈറ്റ്-മെട്രോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്ക് 11-9-2015-ലെ ജി.ഒ.(എം.എസ്) 74/2015/പൊ.മ.വ പ്രകാരം 6728 കോടി (തിരുവനന്തപുരം- 4219 കോടി രൂപ + കോഴിക്കോട് - 2509 കോടി രൂപ) രൂപയ്ക്ക് കേരള സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി പ്രസ്തുത പദ്ധതിയുടെ വിശദ രൂപരേഖകളും മറ്റ് വിശദ വിവരങ്ങളും സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ പൊതുമരാമത്ത് വകുപ്പിന്റെകീഴിൽ ഒരു SPV (Special Purpose Vehicle) രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിൽ ടെക്നോസിറ്റി, പള്ളിപ്പുറം, കണിയാപുരം, കഴക്കൂട്ടം, കഴക്കൂട്ടം ജംഗ്ഷൻ, കാര്യവട്ടം, ഗുരുമന്ദിരം, പാങ്ങപ്പാറ, ശ്രീകാര്യം, പോങ്ങുംമൂട്, ഉള്ളൂർ, കേശവദാസപുരം, പട്ടം, പ്ലാമൂട്, പാളയം, സെക്രട്ടേറിയറ്റ്, തമ്പാനൂർ, കിള്ളിപ്പാലം, കരമന എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് 21.821 കി.മീ, 19 സ്റ്റേഷനുകളോടെയാണ് ലൈറ്റ് മെട്രോ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കോഴിക്കോട് നഗരത്തിൽ മെഡിക്കൽ കോളേജ്, ചേവായൂർ, തൊണ്ടയാട്, കോട്ടൂളി, ന്യൂ ബസ്സ് സ്റ്റാൻഡ്, കെ.എസ്.ആർ.ടി.സി., മാനാഞ്ചിറ, പാളയം, റെയിൽവേ സ്റ്റേഷൻ, പുഷ്പ, കല്ലായി, പന്നിയങ്കര, വട്ടക്കിണർ, മീഞ്ചന്ത എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ച

കൊണ്ട് 13.33 കി.മീ, 14 സ്റ്റേഷനുകളോടെയാണ് ലൈറ്റ് മെട്രോ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൽട്ടന്റായി ഡി.എം.ആർ.സി.-യെ നിയമിച്ചുകൊണ്ടുള്ള കരാർ 20-1-2016-ന് ഒപ്പുവച്ചു. തിരുവനന്തപുരത്ത് ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കാൻ സംസ്ഥാന സർക്കാർ 8-9-2016-ലെ ജി.ഒ. (എം.എസ്.)നമ്പർ 67/ 2016/പൊ.മ.വ പ്രകാരം 272.84 കോടി രൂപയ്ക്ക് ഭരണാനുമതിയും നൽകി. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ മറ്റൊരു പ്രധാന പ്രാരംഭ പ്രവർത്തനമായ കഴക്കൂട്ടം, കേശവദാസപുരം പാത വികസനത്തിനും 16-1-2017-ലെ ജി.ഒ.(എം.എസ്.)നമ്പർ 79/2017/ പൊ.മ.വ പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് ലൈറ്റ് മെട്രോയുടെ പ്രധാന പ്രാരംഭ പ്രവർത്തനമായ മാനാഞ്ചിറ, മീഞ്ചന്ത പാത വികസനത്തിനും 28-7-2017-ലെ ജി.ഒ.(ആർ.ടി.)നമ്പർ 1108/2017/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണം DMRC-യെ ചുമതല പ്പെടുത്തിയിട്ടുണ്ട്.

(ബി) നിലവിൽ ഗതാഗത തിരക്കേറിയ മറ്റു പ്രദേശങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി കൊണ്ടുവരുന്നതിന് തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

(സി) കേരളത്തിൽ തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങളിലാണ് ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

### കേരളത്തിന്റെ റെയിൽവേ വികസന പദ്ധതികൾ

114 (1103) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ റെയിൽവേ വികസന പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കുവാൻ പാലക്കാട്, തിരുവനന്തപുരം റെയിൽവേ ഡിവിഷനുകൾ ചേർത്ത് എറണാകുളം ആസ്ഥാനമാക്കി പുതിയ റെയിൽവേ സോൺ രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) റെയിൽ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി രൂപീകരിച്ച കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഏതൊക്കെ പ്രവർത്തനങ്ങളാണ് കോർപ്പറേഷൻ ഇപ്പോൾ നേതൃത്വം നൽകുന്നത്; വിശദമാക്കുമോ ;

(സി) തലശ്ശേരി-മൈസൂർ, അങ്കമാലി-ശബരി, ഗുരുവായൂർ-തിരുനാവായ തുടങ്ങിയ അതിവേഗ പദ്ധതികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ?

## ഉത്തരം

(എ) ഉണ്ട്. യഥാകാലം റെയിൽവേ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം-പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയം കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. പെനിൻസുലാർ സോണിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ താഴെപ്പറയുന്ന പ്രോജക്ടുകൾ മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഒന്നാം ഘട്ടം:

1. റാപ്പിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്).
2. തലശ്ശേരി-മൈസൂർ റെയിൽവേ പാത.
3. എറണാകുളം പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് പുനഃപ്രവർത്തനം ആരംഭിക്കുന്ന പദ്ധതി.
4. കൊച്ചി വിമാനത്താവളത്തിലേയ്ക്ക് ത്രികോണ റെയിൽ ലൈൻ വലിച്ച് യാത്രക്കാരുടെ സൗകര്യത്തിനായി റെയിൽവേ സ്റ്റേഷനും കണ്ടെയ്നർ ചരക്കുനീക്കത്തിനായി ടെർമിനലും സ്ഥാപിക്കൽ.
5. വിഴിഞ്ഞം ഇന്റർനാഷണൽ തുറമുഖം, തിരുവനന്തപുരം - കന്യാകുമാരി ലൈൻ ബന്ധിപ്പിക്കുന്ന വിഴിഞ്ഞം - ബാലരാമപുരം പുതിയ ബ്രോഡ്ഗേജ് ലൈൻ.

രണ്ടാം ഘട്ടം:

1. എരുമേലി-പുനലൂർ-നിർദ്ദിഷ്ട അങ്കമാലി എരുമേലി പാതയെ എരുമേലിയിൽനിന്നും പുനലൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.
2. ഏറ്റുമാനൂർ-ശബരി ലിങ്ക് ലൈൻ-നിർദ്ദിഷ്ട അങ്കമാലി-ശബരി ലൈനിനെ ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.

മൂന്നാം ഘട്ടം:

നിലമ്പൂർ-നഞ്ചൻകോട്-നിലമ്പൂർ റെയിൽവേ സ്റ്റേഷനെ കർണ്ണാടക സംസ്ഥാനത്തിലെ നഞ്ചൻകോട് റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.

(സി) തലശ്ശേരി-മൈസൂർ പാതയ്ക്ക് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. സർവ്വേ നടത്തുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികൾ കേന്ദ്ര സർക്കാരുമായും കർണ്ണാടക സർക്കാരുമായും ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. അങ്കമാലി-ശബരി റെയിൽ പാതയുടെ ആവശ്യകത കണക്കിലെടുത്ത് പദ്ധതി പ്രധാനമന്ത്രിയുടെ പ്രഗതി സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ അങ്കമാലി മുതൽ കാലടി വരെയുള്ള പാതയുടെ പണി ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. കാലടി സ്റ്റേഷന്റെ പണിയും പെരിയാർ നദിക്ക് കുറുകെയുള്ള പാലം പണിയും പുരോഗമിച്ചുവരുന്നു. 24.40 ഹെക്ടർ സ്ഥലം ഈ റെയിൽ പാതയ്ക്കുവേണ്ടി കൈമാറിയിട്ടുണ്ട്. അങ്കമാലി മുതൽ കാലടി വരെയുള്ള പാതയുടെ ഉദ്ഘാടനം ഈ സാമ്പത്തിക വർഷത്തിൽത്തന്നെ പൂർത്തിയാകുംവിധം പണി പുരോഗമിച്ചുവരുന്നു. ഗുരുവായൂർ തിരുനാവായ ലൈനിന്റെ മലപ്പുറം ജില്ലയിലെ അലൈൻമെന്റ് മലപ്പുറം ജില്ലാ കളക്ടറും റെയിൽവേയുംകൂടി നിർദ്ദേശിച്ചിട്ടുള്ള കനോലി കനാലിന് സമാന്തരമായി അന്തിമമായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പിന്നീട് 27-10-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ കുന്നംകുളം വഴിയുള്ള അലൈൻമെന്റ് സംബന്ധിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ട് റെയിൽവേയ്ക്ക് നിർദ്ദേശം നകിയിട്ടുണ്ട്. ഈ അലൈൻമെന്റ് പരിഗണിച്ച് വിശദമായ സർവ്വേ നടപടികൾ നടത്തുന്നതിന് റെയിൽവേ അനുമതി നൽകിയിട്ടുണ്ട്. ലൊക്കേഷൻ സർവ്വേ പൂർത്തിയായിട്ടില്ല ആയത് പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ സർവ്വേ നടപടികൾ ആരംഭിക്കുകയുള്ളൂ. ഗുരുവായൂർ മുതൽ കുന്നംകുളം വരെയുള്ള ഭാഗത്ത് ഭാഗിക പ്രവൃത്തികൾക്കായി 62 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റിന് റെയിൽവേ ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. 0.20 ഹെക്ടർ ഭൂമി ഗുരുവായൂർ യാർഡിനായി എടുത്ത് നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കേണ്ടത് റെയിൽവേയാണ്.

**തിരുവനന്തപുരം റെയിൽവേ ഡിവിഷൻ വിഭജനം**

115 (1104) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീ. ആർ. രാമചന്ദ്രൻ</u> :
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റെയിൽവേ ഡിവിഷൻ വിഭജിക്കുന്നതിന് നീക്കമുള്ളതായി അറിവ് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം റെയിൽവേ ഡിവിഷൻ വിഭജിക്കപ്പെടുമ്പോൾ വൻതോതിൽ വരുമാനനഷ്ടം ഉണ്ടാകുമെന്ന ആശങ്ക വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത വിഭജനം കേരളത്തിന്റെ റെയിൽവേ വികസനത്തെ എത്രത്തോളം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) തിരുവനന്തപുരം-തിരുനെൽവേലി പാതയും നാഗർകോവിൽ-കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽനിന്നും വേർപെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കാൻ പോകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്കും കത്തുകൾ അയച്ചിട്ടുണ്ട്. കേരളത്തിന്റെ റെയിൽവേയുടെ ചുമതലയുള്ള പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്കും ഇതുസംബന്ധിച്ച് കത്ത് അയച്ചിട്ടുണ്ട്. കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലവും റെയിൽവേയിൽനിന്നും ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതുമൂലവും കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി കേരള സർക്കാർ കേന്ദ്ര സർക്കാരുമായി ചേർന്ന് 51:49 ഓഹരി അനുപാതത്തിൽ ഒരു സംയുക്ത സംരംഭക കമ്പനി രൂപീകരിച്ചിരുന്നു. ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസ് ഉള്ളതിനാൽ റാപ്പിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്), തലശ്ശേരി - മൈസൂർ പാത, അങ്കമാലി-ശബരി പാത, ഗുരുവായൂർ-തിരുനാവായ പാത, പാലക്കാട് റെയിൽ കോച്ച് ഫാക്ടറി എന്നീ പദ്ധതികൾ ദീർഘകാലമായി നീണ്ടുപോകുന്ന സാഹചര്യമാണുള്ളത്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം-പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയം കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. പെനിൻസുലാർ സോണിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ സോണിന്റെ ആസ്ഥാനത്തിനായി എറണാകുളത്തെ ഹൈക്കോർട്ടിന് സമീപമുള്ള റെയിൽവേവക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം റെയിൽവേ സ്റ്റേഷന്റെ സാറ്റലൈറ്റ് സ്റ്റേഷനായി വികസിച്ചുവരുന്ന നേമം സ്റ്റേഷനെ വേർപെടുത്താനുള്ള ശ്രമങ്ങളും കൂടാതെ തിരുവനന്തപുരം- തിരുനെൽവേലി പാതയും, നാഗർകോവിൽ-കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽ നിന്ന് വേർപെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കാനുള്ള ശ്രമങ്ങളും ഉപേക്ഷിക്കണമെന്നും പ്രധാനമന്ത്രിക്കും റെയിൽവേ മന്ത്രിക്കും അയച്ച കത്തുകളിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

**തിരുവനന്തപുരം റെയിൽവേ ഡിവിഷൻ വിഭജനം**

116 (1105) ശ്രീ. കെ. മുരളീധരൻ :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റെയിൽവേ ഡിവിഷൻ വിഭജിക്കുന്നതിന് നടക്കുന്ന നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നേമം-തിരുനെൽവേലി പാത മധുര ഡിവിഷന് കൈമാറാനുള്ള തീരുമാനം സംസ്ഥാനത്തിന്റെ റെയിൽവെ വികസനത്തെ ബാധിക്കുമെന്നതിനാൽ ഇതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം-തിരുനെൽവേലി പാതയും നാഗർകോവിൽ-കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽനിന്നും വേർപെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കാൻ പോകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്കും കത്തുകൾ അയച്ചിട്ടുണ്ട്. കേരളത്തിന്റെ റെയിൽവേയുടെ ചുമതലയുള്ള പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്കും ഇതുസംബന്ധിച്ച് കത്ത് അയച്ചിട്ടുണ്ട്. കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലവും റെയിൽവേയിൽനിന്നും ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതുമൂലവും കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി കേരള സർക്കാർ കേന്ദ്ര സർക്കാരുമായി ചേർന്ന് 51:49 ഓഹരി അനുപാതത്തിൽ ഒരു സംയുക്ത സംരംഭക കമ്പനി രൂപീകരിച്ചിരുന്നു. ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസ് ഉള്ളതിനാൽ റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്), തലശ്ശേരി-മൈസൂർ പാത, അങ്കമാലി-ശബരി പാത, ഗുരുവായൂർ-തിരുനാവായ പാത, പാലക്കാട് റെയിൽ കോച്ച് ഫാക്ടറി എന്നീ പദ്ധതികൾ ദീർഘകാലമായി നീണ്ടുപോകുന്ന സാഹചര്യമാണുള്ളത്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം-പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയം കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. പെനിൻസുലാർ സോണിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ സോണിന്റെ ആസ്ഥാനത്തിനായി എറണാകുളത്തെ ഹൈക്കോർട്ടിന് സമീപമുള്ള റെയിൽവേ വക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരംറെയിൽവേ സ്റ്റേഷന്റെ സാറ്റലൈറ്റ് സ്റ്റേഷനായി വികസിച്ചുവരുന്ന നേമം സ്റ്റേഷനെ വേർപെടുത്താനുള്ള ശ്രമങ്ങളും കൂടാതെ തിരുവനന്തപുരം - തിരുനെൽവേലി പാതയും, നാഗർകോവിൽ-കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽനിന്ന് വേർപെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കാനുള്ള ശ്രമങ്ങളും ഉപേക്ഷിക്കണമെന്നും പ്രധാനമന്ത്രിക്കും റെയിൽവേ മന്ത്രിക്കും അയച്ച കത്തുകളിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

**സംസ്ഥാനത്തിന്റെ റെയിൽവേ വികസനം**

117 (1106) <u>ശ്രീ. സി. എഫ്. തോമസ്</u> :

<u>ശ്രീ. പി. ജെ. ജോസഫ്</u> :

<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റെയിൽവേ വികസന ആവശ്യങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതികളിൽ അംഗീകാരം ലഭിച്ചവ ഏതെല്ലാമെന്ന് അറിയിക്കുമോ;

(ബി) നിലവിൽ സർവ്വേ നടപടികൾ ആരംഭിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) നിർദ്ദിഷ്ട ശബരി റെയിൽ പാതയുടെ തുടർ നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ -സി) സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി കേന്ദ്രവുമായി ചേർന്ന് ആരംഭിച്ച സംയുക്ത സംരംഭക കമ്പനിയായ കേരള റെയിൽ വികസന കോർപ്പറേഷൻ മൂന്ന് ഘട്ടങ്ങളിലായി 8 പദ്ധതികൾ നടപ്പിൽവരുത്തുവാൻ ഊർജ്ജിത ശ്രമം നടത്തിവരുന്നു. ഇതിൽ ഉൾപ്പെട്ട തലശ്ശേരി-മൈസൂർ പാതയ്ക്ക് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. അങ്കമാലി-ശബരി റെയിൽ പദ്ധതിയുടെ കോട്ടയം ജില്ലയിലെ അലൈൻമെന്റ് സംബന്ധിച്ച് തർക്കം ഉണ്ടായിരുന്നു. ആയത് പരിഹരിച്ച് കോട്ടയം ജില്ലാ കളക്ടർ ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ചർച്ച ചെയ്തു സമർപ്പിച്ച പുതുക്കിയ അലൈൻമെന്റ് 11-2-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽകൂടിയ ഉന്നതതല യോഗത്തിൽ ബന്ധപ്പെട്ട ജനപ്രതിനിധികൾ അംഗീകരിക്കുകയുണ്ടായി. ആയത് റെയിൽവേയുടെ പരിഗണനയിലാണ്. അങ്കമാലി-ശബരി റെയിൽപാതയുടെ ആവശ്യകത കണക്കിലെടുത്ത് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ പ്രത്യേക താൽപ്പര്യപ്രകാരം നിർദ്ദിഷ്ട പദ്ധതി പ്രധാനമന്ത്രിയുടെ പ്രഗതി സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അങ്കമാലി-ശബരി റെയിൽപാതയുടെ അങ്കമാലി മുതൽ കാലടി വരെയുള്ള പാതയുടെ പണി ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. കാലടി സ്റ്റേഷന്റെ പണിയും പെരിയാർ നദിക്ക് കുറുകെയുള്ള പാലം പണിയും പുരോഗതിയിലാണ്. 24.40 ഹെക്ടർ സ്ഥലം ഈ റെയിൽപാതയ്ക്കുവേണ്ടി കൈമാറിയിട്ടുണ്ട്. അങ്കമാലി മുതൽ കാലടി വരെയുള്ള പാതയുടെ ഉദ്ഘാടനം ഈ സാമ്പത്തിക വർഷത്തിൽത്തന്നെ പൂർത്തിയാകുംവിധം പണി പുരോഗമിച്ചുവരുന്നു.

**അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ അനുവദിക്കാൻ നടപടി**

118 (1107) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2014-15 വർഷം അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിലും അധിക ബാച്ചുകളിലും അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തസ്തികകളാണ് പുതുതായി സൃഷ്ടിച്ചത്;

(ബി) മുൻസർക്കാരിന്റെകാലത്ത് ഇത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിരുന്നോ; വിശദാംശം നൽകുമോ;

(സി) 2014-15-ൽ തുടങ്ങിയ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും തസ്തിക സൃഷ്ടിക്കുവാൻ അനുവാദം നൽകിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) 2014-15 അധ്യയനവർഷം അനുവദിച്ച പുതിയ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലും/ബാച്ചുകളിലുമായി അപ്ഗ്രഡേഷൻ ഉൾപ്പെടെ 707 അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) 11-4-2016-ലെ സ.ഉ.(കൈ)നമ്പർ 76/2016/പൊ.വി.വ പ്രകാരം 2014-15, 2015-16 അധ്യയന വർഷം അനുവദിച്ച പുതിയ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലും/ബാച്ചുകളിലുമായി തസ്തിക സൃഷ്ടിക്കുവാൻ തത്വത്തിൽ (in principle) തീരുമാനിച്ചുകൊണ്ട് മുൻസർക്കാരിന്റെകാലത്ത് ഉത്തരവായിരുന്നു.

(സി) ഉണ്ട്.

**എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ നിർമ്മാണം**

119 (1108) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 1000 സർക്കാർ/എയ്ഡഡ് എൽ.പി/യു.പി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ നിർമ്മിച്ചു നൽകുന്നതു സംബന്ധിച്ച പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) എൽ.പി./യു.പി. സ്കൂളുകളിൽ അനെർട്ടുമായി ചേർന്ന് ഊർജ്ജക്ഷമതയുള്ള അടുപ്പുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; ഇവ എപ്പോൾ നിർമ്മിച്ചുനൽകുമെന്ന് അറിയിക്കാമോ;

(സി) കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ പ്രസ്തുത പദ്ധതികൾക്കുവേണ്ടി എത്ര പ്രൊപ്പോസലുകൾ ലഭിച്ചു; ഇവയിൽ എത്രയെണ്ണത്തിന് അനുമതി നൽകി; ഇവ എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) നിലവിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള ക്ലാസുകളാണ് ഹൈടെക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്തെ 1000 സർക്കാർ/എയ്ഡഡ് എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പ് ഇത്തരത്തിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(സി) ബാധകമല്ല.

## എച്ച്.എസ്.എ. സോഷ്യൽ സയൻസ് റാങ്ക് ലിസ്റ്റ്

120 (1109) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും ജില്ലയിൽ എച്ച്.എസ്.എ. സോഷ്യൽ സയൻസ് വിഷയത്തിൽ PSC റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ;

(ബി) 31-12-2012-ൽ പുറത്തിറങ്ങിയ വിജ്ഞാപനപ്രകാരം 1-10-2016-ൽ നടന്ന HSA സോഷ്യൽ സയൻസ് പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ വൈകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) HSA സോഷ്യൽ സയൻസ് വിഷയത്തിൽ കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ എത്ര ഒഴിവുകൾ നിലവിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്?

ഉത്തരം

(എ) എച്ച്.എസ്.എ. സോഷ്യൽ സയൻസ് തസ്തികയിലേയ്ക്ക് ഒരു ജില്ലയിലും റാങ്ക് ലിസ്റ്റ് നിലവിലില്ല.

(ബി) 31-12-2012-ഗസറ്റിൽ കാറ്റഗറി നമ്പർ 660/12 ആയി വിജ്ഞാപനം ചെയ്ത എച്ച്.എസ്.എ. (സോഷ്യൽ സ്റ്റഡീസ്) തസ്തികയ്ക്ക് 1-10-2016-ന് നടത്തിയ ഒ.എം.ആർ പരീക്ഷയുടെ അടിസ്ഥാനത്തിൽ 14 ജില്ലകളിലേയ്ക്കും ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനും, ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് അഭിമുഖംകൂടി നടത്തി റാങ്ക് പട്ടികകൾ പ്രസിദ്ധീകരിക്കുന്നതിനും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.

(സി) എച്ച്.എസ്.എ. സോഷ്യൽ സയൻസ് വിഷയത്തിൽ കണ്ണൂർ ജില്ലയിൽ 16 ഒഴിവുകളും കാസർഗോഡ് ജില്ലയിൽ 13 ഒഴിവുകളും നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ഹയർ സെക്കന്ററി സ്കൂളുകളിൽ പുതിയ അദ്ധ്യാപക തസ്തിക

121 (1110) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ പുതിയ അദ്ധ്യാപക തസ്തിക അനുവദിച്ചിട്ടുണ്ടോ;

(ബി) ഏത് വർഷം മുതലാണ് ഹയർ സെക്കന്ററി സ്കൂളുകളിലും അധിക ബാച്ചുകളിലുമായിട്ട് പുതിയ തസ്തിക അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ ഹയർ സെക്കന്ററി സീനിയർ ടീച്ചർ, ജൂനിയർ ടീച്ചർ എന്നിവയിൽ എത്ര തസ്തിക സൃഷ്ടിച്ചിട്ടുണ്ടെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഇ) കൂടാതെ ഈ തസ്തികയിൽ പ്രൊമോഷനെ തുടർന്ന് ഉണ്ടാകുന്ന എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(എഫ്) ഉണ്ടെങ്കിൽ ആകെ എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2014-15 അധ്യയന വർഷം പുതുതായി അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിലും ബാച്ചുകളിലുമാണ് തസ്തിക സൃഷ്ടിച്ചിട്ടുള്ളത്.

(സി) ഹയർ സെക്കന്ററി സീനിയർ അധ്യാപകരുടെ 232-ഉം ജൂനിയർ അധ്യാപകരുടെ 269-ഉം തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്.

(ഡി) സ്പെഷ്യൽ റൂൾസ് പ്രകാരം തസ്തികമാറ്റ നിയമനം, അപ്ഗ്രഡേഷൻ മൂലം ഉണ്ടാകുന്ന കുറവ് എന്നിവ കഴിച്ച് 94 ജൂനിയർ തസ്തികകളും 33 സീനിയർ തസ്തികകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ&എഫ്) പോസ്റ്റ് ക്രിയേഷൻ മുഖേനയുണ്ടായ എച്ച്.എസ്.എസ്.റ്റി ഒഴിവുകളിലേയ്ക്ക് പ്രൊമോഷൻ നടത്തിയിട്ടില്ല. ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കി പ്രൊമോഷൻ നടത്തുമ്പോൾ മാത്രമേ എച്ച്.എസ്.എസ്.റ്റി. ജൂനിയർ ഒഴിവുകൾ ഉണ്ടാകുകയുള്ളൂ.

**മലബാർ പ്രദേശത്ത് പ്ലസ് വൺ പ്രവേശനം ലഭിക്കാത്തവർ**

122 (1111) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി പ്രവേശനത്തിനുള്ള സപ്ലിമെന്ററി അലോട്ട്മെന്റ് പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷവും കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ഉൾപ്പെട്ട മലബാർ പ്രദേശത്ത് ഒട്ടേറെ കുട്ടികൾക്ക് ഇനിയും പ്രവേശനം ലഭിക്കാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇവിടങ്ങളിലും സമീപ ജില്ലകളിലുമായി നാൽപ്പതിനായിരത്തോളം കുട്ടികൾക്ക് ഇനിയും പ്രവേശനം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ മലബാർ പ്രദേശത്ത് എത്ര കുട്ടികൾ ഇനിയും പ്ലസ് വൺ പ്രവേശനം ലഭിക്കാത്തവരായുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ഡി) ഇവരുടെ പ്രവേശന കാര്യത്തിൽ കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) മലബാർ പ്രദേശത്ത് അപേക്ഷിച്ച നിരവധി കുട്ടികൾക്ക് പ്രവേശനം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ നാൽപ്പതിനായിരത്തോളം വിദ്യാർത്ഥികൾക്ക് ടി ജില്ലകളിൽ പ്രവേശനം ലഭിക്കാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | അപേക്ഷകരുടെ എണ്ണം | ഒഴിവുള്ള സീറ്റുകൾ |
|---|---|---|
| കോഴിക്കോട് | 4490 | 1610 |
| മലപ്പുറം | 7796 | 2068 |
| വയനാട് | 410 | 556 |
| കണ്ണൂർ | 1310 | 1723 |
| കാസർഗോഡ് | 504 | 1079 |

(ഡി) ടി വിദ്യാർത്ഥികൾക്കുകൂടി പ്രവേശനം ഉറപ്പാക്കുന്നതിലേയ്ക്കായി, തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 9 ജില്ലകളിലെ അടിസ്ഥാന സൗകര്യമുള്ള സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ 8-8-2017-ലെ സ.ഉ.(കൈ)നമ്പർ 90/2017/ പൊ.വി. പ്രകാരം 10% സീറ്റു വർദ്ധനവുകൂടി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ**

123 (1112) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 ബജറ്റുകളിൽ പട്ടാമ്പി മണ്ഡലത്തിൽ വിദ്യാഭ്യാസ മേഖലയിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഈ പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) നിലവിൽ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തി മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ'ത്തിന്റെ രണ്ടാമത്തെ സ്കീമിൽ ജി.എച്ച്.എസ്.എസ്. പട്ടാമ്പി, ജി.വി.എച്ച്.എസ്.എസ്. കൊപ്പം എന്നീ സ്കൂളുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടികൾ നടന്നു വരുന്നു. അതോടൊപ്പം "ജൈവവൈവിധ്യ ഉദ്യാനം സ്കൂളുകളിൽ" എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി പട്ടാമ്പി മണ്ഡലത്തിലെ 7 സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2016-17 സാമ്പത്തിക വർഷത്തിൽ 4 ഹയർ സെക്കന്ററി സ്കൂളുകൾക്ക് ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനായി 1 ലക്ഷം രൂപവീതം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ജൈവവൈവിധ്യ പാർക്കിന്റെ നിർമ്മാണത്തിന് ആദ്യഘട്ടമായി പതിനായിരം രൂപ വീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**സ്കൂളുകൾ സംരക്ഷിക്കുന്നതിന് നടപടി**

124 (1113) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്, ഈ അദ്ധ്യയനവർഷം ഒരു വിദ്യാർത്ഥിപോലും ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയിട്ടില്ലാത്ത എത്ര സർക്കാർ/എയ്ഡഡ് സ്കൂളുകളാണ് ഉള്ളത് എന്ന് അറിയിക്കുമോ;

(ബി) മുൻ വർഷം ഈ വിഭാഗത്തിൽ എത്ര സ്കൂളുകളാണ് ഉണ്ടായിരുന്നത്; ഇത്തരം സ്കൂളുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സ്കൂളുകൾ സംരക്ഷിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചത്;

(ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പുരോഗതി ഈ കണക്കുകളുമായി താരതമ്യംചെയ്ത് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഈ അധ്യയനവർഷം ഒരു വിദ്യാർത്ഥിപോലും ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയിട്ടില്ലാത്ത 35 സർക്കാർ/എയ്ഡഡ് സ്കൂളുകളാണ് ഉള്ളത്.

(ബി) മുൻവർഷം ഈ വിഭാഗത്തിൽ 39 സ്കൂളുകളാണ് ഉണ്ടായിരുന്നത്. അതിനാൽ ഇത്തരം സ്കൂളുകളുടെ എണ്ണത്തിൽ ഈ വർഷം വർദ്ധനവ് ഉണ്ടായിട്ടില്ല.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന ജനകീയ കൂട്ടായ്മയുടെ ഭാഗമായി സ്കൂളുകൾ സംരക്ഷിക്കുന്നതിനുള്ള നിരവധി പരിപാടികൾ ആവിഷ്കരിച്ച് വരുന്നു.

(ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കി ഒരു വർഷം പൂർത്തീകരിക്കുന്നമുറയ്ക്ക് മാത്രമേ ഈ കണക്കുകളുമായി പുരോഗതി താരതമ്യംചെയ്ത് വിലയിരുത്താൻ സാധിക്കുകയുള്ളൂ.

## സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനുള്ള ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന

125 (1114) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് വിതരണം ചെയ്യുന്ന അരിയുടെയും മറ്റു ധാന്യങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണ്;

(ബി) ഇത്തരം ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരമില്ലായ്മ ബോധ്യപ്പെട്ടാൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്;

(സി) ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരമില്ലായ്മ സംബന്ധിച്ച് ഏതെങ്കിലും സ്കൂളുകൾ ഈ അദ്ധ്യയന വർഷം സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് വിതരണംചെയ്യുന്ന അരി ഗോഡൗണുകളിൽവച്ച് അതത് സപ്ലൈകോ ഡിപ്പോ മാനേജർ ക്വാളിറ്റി മാനേജരുടെ സഹായത്തോടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തിയശേഷമാണ് വിതരണത്തിന് എടുക്കാറുള്ളത്. ഏതാനും ചില ചാക്കുകളിൽനിന്ന് (റാൻഡമായി) സാമ്പിളുകൾ ശേഖരിച്ചാണ് പരിശോധന നടത്താറുള്ളത്.

(ബി) പരിശോധനയിൽ ക്വാളിറ്റി മോശമാണെന്ന് കാണുന്ന അരി സപ്ലൈകോ സ്വീകരിക്കുന്നില്ല.

(സി) അരിയുടെ ഗുണനിലവാരം മോശമാണെന്ന് ചൂണ്ടിക്കാട്ടി മണക്കാട് ഗവൺമെന്റ് റ്റി.റ്റി.ഐ., കുമ്പഴ എം.പി.വി. ഹൈസ്കൂൾ എന്നിവിടങ്ങളിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. ഈ വിവരം സപ്ലൈകോയെ അറിയിച്ചിട്ടുണ്ട്. അരി മാറ്റി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം നിലവിലുണ്ട്. ഇത് സംബന്ധിച്ച് പരാതികളുണ്ടാവുകയാണെങ്കിൽ സപ്ലൈകോയുമായി ബന്ധപ്പെട്ട് പരാതികളിൽ കഴമ്പുണ്ടെന്ന് ബോധ്യപ്പെട്ടാൽ അരി മാറ്റിനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## സുരക്ഷയില്ലാത്ത സ്കൂളുകൾ

126 (1115) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷയില്ലാത്ത സ്കൂളുകൾ എത്രയാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാത്ത എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) സുരക്ഷിതത്വമില്ലാത്ത സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ ;

(ഡി) അൺഎയിഡഡ് മേഖലയിൽ എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ എത്ര സ്കൂളുകൾക്കാണ് അംഗീകാരമുള്ളതെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് സർക്കാർ അനുശാസിക്കുന്ന നിബന്ധനകൾ പാലിച്ചാൽ അംഗീകാരം നൽകാൻ കഴിയുമോയെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) സൗജന്യ നിർബന്ധിത വിദ്യാഭ്യാസം ലക്ഷ്യമാക്കിയുള്ള വിദ്യാഭ്യാസ അവകാശ നിയമം വേണ്ടവിധം നടപ്പാക്കുന്നതിന് കേന്ദ്രം ഒരു സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് അനുവദിക്കുന്നതെന്ന് പറയാമോ ;

(ജി) ഇപ്രകാരം അനുവദിച്ച തുക ഏതെങ്കിലും സാമ്പത്തിക വർഷത്തിൽ നഷ്ടപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നില്ല.

(സി) സ്കൂളുകൾക്ക് പുതിയ കെട്ടിട നിർമ്മാണം നടത്തുന്നതിനായുള്ള ഫണ്ട് അനുവദിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) സർക്കാർ അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് സർക്കാർ അനുശാസിക്കുന്ന നിബന്ധനകൾ പാലിക്കുന്നപക്ഷം അംഗീകാരം നൽകുന്ന കാര്യം അപ്പോൾ പരിശോധിക്കുന്നതാണ്.

(എഫ്) സൗജന്യ നിർബന്ധിത വിദ്യാഭ്യാസം ലക്ഷ്യമാക്കി വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിനായി ഓരോ സാമ്പത്തിക വർഷവും വ്യത്യസ്ത തുകകളാണ് കേന്ദ്രം അനുവദിക്കുന്നത്. ഇപ്രകാരം പ്രസ്തുത ആവശ്യത്തിലേയ്ക്കായി 2017-18 സാമ്പത്തിക വർഷം 338.852 കോടി രൂപ കേന്ദ്രം അനുവദിച്ചിട്ടുണ്ട്.

(ജി) വിവരം ശേഖരിച്ചുവരുന്നു.

## പൊതുവിദ്യാലയങ്ങളിൽ വിതരണംചെയ്ത കലണ്ടറിൽ എം.എൽ.എ.യുടെ ഫോട്ടോ

127 (1116) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി തലശ്ശേരി മണ്ഡലത്തിലെ പൊതു വിദ്യാലയങ്ങളിൽ വിതരണംചെയ്ത കലണ്ടറിൽ പ്രസ്തുത നിയോജക മണ്ഡലത്തിലെ എം.എൽ.എ.-യുടെ ഫോട്ടോകൂടി ഉൾക്കൊള്ളിച്ചിരുന്നോ എന്നറിയിക്കാമോ; എങ്കിൽ ഇതിനുള്ള നിർദ്ദേശം ആരാണ് നൽകിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി തലശ്ശേരി മണ്ഡലത്തിലെ പൊതു വിദ്യാലയങ്ങളിൽ വിതരണംചെയ്ത കലണ്ടറിൽ പ്രസ്തുത നിയോജകമണ്ഡലത്തിലെ എം.എൽ.എ.യുടെ ഫോട്ടോകൂടി ഉൾക്കൊള്ളിച്ചിരുന്നതായി അറിയുന്നു. എന്നാൽ ഇതിന് പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും നിർദ്ദേശമൊന്നും നൽകിയിട്ടില്ല.

## ഈ അദ്ധ്യയന വർഷം ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ

128 (1117) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ഈ അദ്ധ്യയന വർഷം ആകെ എത്ര വിദ്യാർത്ഥികളാണ് ഒന്നാം ക്ലാസിൽ പ്രവേശനം നേടിയത്;

(ബി) മുൻവർഷം ഇത് എത്രയായിരുന്നു; മുൻവർഷത്തെ അപേക്ഷിച്ച് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്രയാണ് വർദ്ധനവ് എന്ന് അറിയിക്കുമോ;

(സി) പൊതുവിദ്യാലയങ്ങളിൽ സ്വന്തം മക്കളെ ചേർക്കുന്ന സർക്കാർ ഉദ്യോഗസ്ഥരുടെയും പൊതുപ്രവർത്തകരുടെയും സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകരുടെയും എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; ഇത് സംബന്ധിച്ച ഏതെങ്കിലും തരത്തിലുള്ള കണക്ക് സൂക്ഷിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ഈ അദ്ധ്യയനവർഷത്തെ ആറാം പ്രവൃത്തിദിന കണക്ക് പ്രകാരം ആകെ 96913 വിദ്യാർത്ഥികളാണ് പ്രവേശനം നേടിയത്.

(ബി) മുൻവർഷം (2016-17) ഇത് 91,210 ആയിരുന്നു. മുൻവർഷത്തെ അപേക്ഷിച്ച് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണത്തിൽ 5,703 കുട്ടികളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) കണക്ക് ശേഖരിച്ചിട്ടില്ല.

## എ.ഐ.പി. സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനാംഗീകാരം

129 (1118) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏരിയ ഇന്റൻസീവ് പ്രോഗ്രാമിലൂടെ സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ച സ്കൂളുകളിൽ നിയമിതരായ ഒരു വിഭാഗം അധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കാത്ത വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) വർഷങ്ങളായി ശമ്പളമില്ലാതെ ജോലി ചെയ്യുന്ന ഇവർക്ക് നിയമനാംഗീകാരം ലഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. ഏരിയ ഇന്റൻസീവ് പ്രോഗ്രാമിൽ ഉൾപ്പെട്ട സ്കൂളുകളിൽ 238 സർക്കാർ അംഗീകൃത തസ്തികകൾക്ക് മാത്രമേ സർക്കാർ ശമ്പളം നൽകാൻ ഉത്തരവുള്ളൂ. ഏരിയാ ഇന്റൻസീവ് പ്രോഗ്രാം പ്രകാരം പ്രവർത്തിക്കുന്ന 35 സ്കൂളുകൾക്ക് എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ഈ സ്കൂളുകളിലെ നിലവിലുള്ള സ്ഥിതിവിവര കണക്കുകൾ ശേഖരിച്ച് റിപ്പോർട്ട് നൽകാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സി.ബി.എസ്.ഇ. സ്കൂളുകളിലെ മലയാള ഭാഷാ പഠനം

130 (1119) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം നിർബന്ധ ഭാഷയാക്കുന്നതിന് സംസ്ഥാനത്തെ സി.ബി.എസ്.ഇ. സ്കൂളുകൾ വിമുഖത കാട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മലയാളഭാഷ പഠിപ്പിക്കുന്നതിന് പ്രസ്തുത സ്കൂളുകൾക്ക് നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലയാളഭാഷാ പഠന ആക്ട് സംബന്ധിച്ച ചട്ടങ്ങൾ നിലവിൽ വരുമ്പോൾ ഇതിന് പരിഹാരമുണ്ടാകുന്നതാണ്.

(ബി) മലയാളം പഠിപ്പിക്കേണ്ടാത്ത സ്കൂളുകളിൽ ഒന്നാംതരം മുതൽ (സ്കൂളിലെ ഏറ്റവും താഴ്ന്ന ക്ലാസ്സ് മുതൽ) ക്രമാനുഗതമായി പത്താംതരം വരെ മലയാളഭാഷ പഠിപ്പിക്കണമെന്നാണ് മലയാളഭാഷാ പഠന ആക്ട് വിഭാവന ചെയ്യുന്നത്. ഈ ആക്ടിനെ സംബന്ധിച്ച ചട്ടങ്ങളുടെ രൂപീകരണം അന്തിമഘട്ടത്തിലാണ്. അത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ സി.ബി.എസ്.ഇ. സ്കൂളുകളിൽ മലയാളഭാഷാ പഠനം ആരംഭിക്കാൻ കഴിയൂ.

## എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ തിരുത്തൽ വരുത്തൽ

131 (1120) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗസറ്റ് വിജ്ഞാപനത്തിലൂടെ ജാതി, മത, വ്യക്തിപരമായ വിവരങ്ങൾ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ തിരുത്തുന്നതിന് നിലവിൽ നടപടിക്രമങ്ങൾ ഉണ്ടോ;

(ബി) ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 14-3-1984-ലെ സ.ഉ.(എംഎസ്.)80/84/ജി.എ.ഡി. പ്രകാരം എസ്.എസ്.എൽ.സി. കഴിഞ്ഞ വിദ്യാർത്ഥിയുടെ പേര്, ജാതി, മതം എന്നിവ സ്കൂൾ റിക്കാർഡുകളിൽ നിന്നും വ്യത്യസ്തമായി സർട്ടിഫിക്കറ്റിൽ തിരുത്തി നൽകുന്നതല്ല. അത്തരം തിരുത്തലുകൾ ഗസറ്റ് വിജ്ഞാപനത്തിലൂടെ മാറ്റേണ്ടതും സർട്ടിഫിക്കറ്റിനൊപ്പം സൂക്ഷിക്കേണ്ടതുമാണ്. മറ്റ് തിരുത്തലുകൾ അനുബന്ധ രേഖകൾ സഹിതം അപേക്ഷിച്ചാൽ തിരുത്തി നൽകുന്നതാണ്. സർക്കാർ ഉത്തരവിന്റെ കോപ്പി അനുബന്ധമായി* ചേർക്കുന്നു.

(ബി) പേര്, ജാതി, മതം എന്നിവ എപ്പോൾ വേണമെങ്കിലും മാറ്റി സ്വീകരിക്കുവാൻ വ്യവസ്ഥയുള്ളതുകൊണ്ട് ഒരിക്കൽ നൽകിയ സർട്ടിഫിക്കറ്റിൽ കൂടെക്കൂടെ തിരുത്തലുകൾ നടത്തുന്നത് പല ക്രമക്കേടുകൾക്കും വഴിവച്ചേയ്ക്കാമെന്നതിനാൽ ഇത്തരത്തിലുള്ള നടപടികൾ ഒഴിവാക്കുന്നതാണുത്തമം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം

132 (1121) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) പ്രീ- പ്രൈമറി വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഈ മേഖലയിൽ കൂടുതൽ ഗുണപരമായ മാറ്റങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സംസ്ഥാനത്ത് പ്രീ-പ്രൈമറി വിദ്യാഭ്യാസം ശാസ്ത്രീയമായി നടപ്പാക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള പ്രീ-പ്രൈമറി ക്ലാസ്സുകൾ, സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള അങ്കണവാടികൾ, സ്വകാര്യ ഏജൻസികളുടെ നഴ്സറികൾ/കിന്റർഗാർട്ടനുകൾ എന്നീ സ്ഥാപനങ്ങളിലെ 3 മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുഞ്ഞുങ്ങൾക്കായി ഒരു ഏകീകൃത പാഠ്യപദ്ധതി സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയുടെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

കേരള പ്രീ-സ്കൂൾ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്കുള്ള പ്രവർത്തന പുസ്തകം "കളിപ്പാട്ടം" എന്ന പേരിൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ തമിഴ്, കന്നട തർജ്ജിമ നടന്നുവരുന്നു.

സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ പി.റ്റി.എ.-യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്കൂളുകളുടെ അവസ്ഥാപഠനം എസ്.സി.ഇ.ആർ.ടി.-യുടെ ചുമതലയിൽ നടന്നുവരുന്നു. പഠനം അവസാനഘട്ടത്തിലാണ്.

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

133 (1122) ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി വിഷയ പഠനത്തോടൊപ്പം വിദ്യാർത്ഥിയുടെ സമഗ്ര വികസനവും പരിസ്ഥിതി അവബോധവും വളർത്താനായി എന്തൊക്കെ സംവിധാനങ്ങൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) അക്കാദമിക മികവ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതോടൊപ്പം സാമൂഹ്യപ്രതിബദ്ധതയും സൃഷ്ടിക്കാനുതകുന്ന തരത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ ശക്തിപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ ട്യൂഷനും ഗൈഡ് സംസ്കാരവും കോച്ചിംഗ് സെന്ററുകളും അനിവാര്യമാക്കിയത് പാഠ്യപദ്ധതി അവതരണത്തിന്റേയോ അദ്ധ്യയന രീതിയുടെയോ തകരാറുമൂലമായതിനാൽ അത് കണ്ടെത്തി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി വിഷയ പഠനത്തോടൊപ്പം വിദ്യാർത്ഥിയുടെ സമഗ്ര വികസനവും പരിസ്ഥിതി അവബോധവും വളർത്താനായി ചുവടെ ചേർക്കുന്ന സംവിധാനങ്ങൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

1. വിദ്യാർത്ഥികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുവാനും നിരന്തരവും സമഗ്രവുമായ മൂല്യനിർണ്ണയം നടത്തുവാനും അപ്രകാരം അദ്ധ്യാപക-അദ്ധ്യയന തലങ്ങളിൽ കാതലായ മാറ്റംവരുത്തുന്നതിനും ഉതകുന്ന അദ്ധ്യാപക പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു.
2. 'കാമ്പസ് തന്നെ പാഠപുസ്തകം' എന്ന ആശയത്തെ വികസിപ്പിച്ച് കൂടുതൽ പഠനാനുഭവങ്ങൾ കുട്ടികൾക്ക് നേരിട്ട് അറിയുന്നതിനായി സ്കൂളുകളിൽ ജൈവവൈവിദ്ധ്യ ഉദ്യാനങ്ങൾ സ്ഥാപിക്കുക.
3. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിനും മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.
4. പൂർണ്ണമായും ശിശുകേന്ദ്രീകൃതമാക്കി അങ്കണവാടി, പ്രീ-പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥി സമീപനരീതി ആധുനികമായി പരിഷ്കരിക്കുക.
5. സ്കൂൾ വായനശാലകളും ലബോറട്ടറികളും നവീകരിക്കുക.
6. പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തുക.

(ബി) ഉണ്ട്. സാമൂഹിക പ്രതിബദ്ധത വളർത്തുന്ന തരത്തിൽ പരസ്പരം സഹായിച്ചും അനുഭവങ്ങൾ പങ്കുവച്ചും പഠനത്തിൽ മുന്നേറാൻ പ്രേരിപ്പിക്കുന്ന സമീപനമാണ് പാഠ്യപദ്ധതി സ്വീകരിച്ചിട്ടുള്ളത്.

(സി) സ്വകാര്യ ട്യൂഷൻ, ഗൈഡ്, സംസ്കാരം തുടങ്ങിയ ബാഹ്യഇടപെടലുകൾക്ക് അവസരം നൽകാത്തവിധത്തിൽ പാഠ്യപദ്ധതിയെയും പരീക്ഷാരീതിയെയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

## അൺ-എയ്ഡഡ് സ്പെഷ്യൽ സ്കൂളുകൾ

134 (1123) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ആർ., സി.പി. ഓട്ടിസം എന്നീ പരിമിതികളുള്ള വിദ്യാർത്ഥികൾക്കു വേണ്ടി നടത്തുന്ന എത്ര അൺ-എയ്ഡഡ് സ്പെഷ്യൽ സ്കൂളുകൾ ഉണ്ട്;

(ബി) ഇതിൽ എത്ര സ്കൂളുകളെ എയ്ഡഡ് ആക്കിയിട്ടുണ്ട്;

(സി) ഇതിനുവേണ്ടി എത്ര പോസ്റ്റുകൾക്ക് അനുമതി നൽകിയിട്ടുണ്ട്;

(ഡി) 50 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളെ എയ്ഡഡ് ആക്കുവാൻ കഴിഞ്ഞ ഗവണ്മെന്റ് എടുത്ത തീരുമാനം നടപ്പിലാക്കിയോ; ഇല്ലെങ്കിൽ അതിന്റെ കാരണം എന്താണ്;

(ഇ) പ്ലസ്-2 വരെ എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ വിദ്യാഭ്യാസം നൽകുന്ന കേരളത്തിൽ സ്പെഷ്യൽ സ്കൂളുകളിലെ പ്രത്യേക പരിഗണനവേണ്ട കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നിഷേധിയ്ക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇവർക്കുവേണ്ടിയുള്ള എല്ലാ സ്കൂളുകളും എയ്ഡഡ് ആക്കുവാൻ നടപടി സ്വീകരിയ്ക്കുമോ?

### ഉത്തരം

(എ) എം.ആർ, സി. പി., ഓട്ടിസം എന്നീ പരിമിതികളുള്ള കുട്ടികൾക്കായി പ്രവർത്തിക്കുന്ന 314 സ്കൂളുകൾക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട്/റൂൾസ് പ്രകാരം രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകുന്നതിനാൽ അൺ എയ്ഡഡ് സ്കൂളുകളുടെ ഗണത്തിൽ ഉൾപ്പെടുത്താൻ കഴിയില്ല.

(ബി) രജിസ്ട്രേഷൻ ലഭിച്ച 314 സ്കൂളുകളിൽ 33 സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിക്കൊണ്ട് 9-2-2016-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 1-1-2016 മുതൽ 30-4-2016 വരെയുള്ള കാലയളവിൽ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവുകൾ മന്ത്രിസഭാ ഉപസമിതി പുനഃ പരിശോധിക്കുകയുണ്ടായി. 9-2-2016-ലെ പ്രസ്തുത ഉത്തരവും ഉപസമിതി പരിശോധിച്ച് ആയതിന്മേലുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) തസ്തികകൾ അനുവദിച്ചിട്ടില്ല.

(ഡി) 50 കുട്ടികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് മുൻസർക്കാർ എടുത്ത മന്ത്രിസഭായോഗ തീരുമാനം മന്ത്രിസഭാ ഉപസമിതി പരിശോധിച്ച് തുടർനടപടി സ്വീകരിച്ചുവരികയാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എം.ആർ., സി.പി., ഓട്ടിസം എന്നീ പരിമിതികളുള്ള കുട്ടികൾക്കായുള്ള സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകി വരുന്നു. ആയതിനാൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി ലഭിച്ചില്ല എന്ന കാരണത്താൽ പ്രസ്തുത സ്കൂളുകളിലെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്ന സാഹചര്യം നിലവിലില്ല.

(എഫ്) ഇപ്പോൾ പരിഗണനയിൽ ഇല്ല.

## എൽ.പി./യു.പി. സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

135 (1124) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഒരു മണ്ഡലത്തിലെ രണ്ട് എൽ.പി./യു.പി. സ്കൂളുകൾ തെരഞ്ഞെടുത്ത് അവിടത്തെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പരിപാടിയുടെ നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതി നടത്താൻ ഏതെങ്കിലും ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ ഏതെന്നറിയിക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പദ്ധതി എന്നാരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ'ത്തിന്റെ ഭാഗമായി ഒരു അസംബ്ലി നിയോജകമണ്ഡലത്തിലെ ഒരു എൽ.പി./യു.പി. സ്കൂളാണ് പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. ടി പദ്ധതിയുടെ ആദ്യഘട്ടമായി മാസ്റ്റർപ്ലാൻ, എസ്റ്റിമേറ്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ സഹിതം വിശദമായ പ്രൊപ്പോസൽ സമർപ്പിച്ച 6 സ്കൂളുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ മാസ്റ്റർ പ്ലാൻ, എസ്റ്റിമേറ്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിനായി സ്കൂൾതല കമ്മിറ്റി തെരഞ്ഞെടുക്കുന്ന അക്രഡിറ്റഡ് ഏജൻസികളാണ് അതത് സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നത്.

(സി) പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടമായി വിശദമായ പ്രൊപ്പോസൽ സമർപ്പിച്ച 6 സ്കൂളുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഭരണാനുമതി നൽകിയാലുടൻ ടി സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട മറ്റു സ്കൂളുകൾ വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നതും താമസംവിനാ ടി സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതുമാണ്.

## പെരുവ ഗവ. ബോയ്സ് സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടി

136 (1125) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതിയിൽ കടുത്തുരുത്തി അസംബ്ളി നിയോജക മണ്ഡലത്തിൽ നിന്നും നിർദ്ദേശിച്ചിട്ടുള്ള പെരുവ ഗവ. വി.എച്ച്.എസ്.എസ് ഫോർ ബോയ്സിനെ ഉൾപ്പെടുത്തുന്നതിന് ഹാബിറ്റാറ്റ് തയ്യാറാക്കിയ ഡി.പി.ആർ. അനന്തര നടപടികൾക്കായി സമർപ്പിക്കപ്പെട്ടുവെങ്കിലും നാളിതുവരെ ഇതിൽ തുടർനടപടിയൊന്നും കൈക്കൊള്ളാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) സ്കൂൾ വികസനത്തിന്റെ ആദ്യഘട്ടത്തിൽ 7 കോടി രൂപയുടെ പദ്ധതിയായി ഹാബിറ്റാറ്റ് തയ്യാറാക്കിയ ഡി.പി.ആർ.പ്രകാരം ആവിഷ്കരിച്ചിരുന്ന ഈ പദ്ധതി കിറ്റ്കോ-യ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; കിറ്റ്കോ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പെരുവ ഗവ. വി.എച്ച്.എസ്.എസ്. ഫോർ ബോയ്സ് സ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്ന പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം പ്രസ്തുത സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പദ്ധതി നിർവ്വഹണത്തിനായുള്ള ധനസഹായത്തിനായി കിഫ്ബി മുമ്പാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## തമിഴ് ന്യൂനപക്ഷ മേഖലകളിലെ സ്കൂളുകളിൽ മലയാളം

137 (1126) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള പഠനം നിർബന്ധമാക്കിയ സാഹചര്യത്തിൽ തമിഴ് ന്യൂനപക്ഷ മേഖലകളിലെ സ്കൂളുകളിൽ മലയാളം അധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെടേണ്ടത് സംബന്ധിച്ച തീരുമാനം വ്യക്തമാക്കാമോ;

(ബി) തമിഴ് ന്യൂനപക്ഷ മേഖലകളിലെ സ്കൂളുകളിൽ പ്രത്യേക മലയാളം പഠന മോഡ്യൂളുകൾ തയ്യാറാക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) മലയാളം പഠിപ്പിക്കേണ്ടാത്ത സ്കൂളുകളിൽ ഒന്നാംതരം മുതൽ (സ്കൂളിലെ ഏറ്റവും താഴ്ന്ന ക്ലാസ്സ് മുതൽ) ക്രമാനുഗതമായി പത്താംതരം വരെ മലയാളഭാഷ പഠിപ്പിക്കുവാനാണ് മലയാളഭാഷാ പഠന ആക്ട് വിഭാവന ചെയ്യുന്നത്. ഈ ആക്ടിനെ സംബന്ധിച്ച ചട്ടങ്ങളുടെ രൂപീകരണം അന്തിമഘട്ടത്തിലാണ്. അത് പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ മലയാള ഭാഷാ പഠനത്തിനുള്ള തസ്തികകൾ സൃഷ്ടിക്കുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

(ബി) 'നമ്മുടെ മലയാളം' എന്ന പേരിൽ ഒന്നാം ക്ലാസ്സിലെ കുട്ടികൾക്കായി മലയാള പഠനത്തിന് ഒരു പാഠപുസ്തകം തയ്യാറാക്കിയിട്ടുണ്ട്. ഇതിനോടൊപ്പം ഒരു അധ്യാപക സഹായിയും ലഭ്യമാക്കുന്നതാണ്.

**ഹയർ സെക്കണ്ടറി വകുപ്പിലെ ജീവനക്കാരുടെ കുറവ്**

138 (1127) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വകുപ്പ് രൂപീകരിക്കപ്പെട്ടത് എന്നാണ്; എത്ര സ്കൂളുകളിലായി എത്ര ബാച്ചുകളാണ് വകുപ്പിന്റെ രൂപീകരണസമയത്ത് അനുവദിക്കപ്പെട്ടത്; പ്രസ്തുത കാലയളവിൽ അനുവദിച്ച അധ്യാപക തസ്തികകൾ എത്ര; മിനിസ്റ്റീരിയൽ ജീവനക്കാരുടെ തസ്തിക എത്ര; വിശദമാക്കുമോ;

(ബി) നിലവിൽ എത്ര സ്കൂളുകളും, ബാച്ചുകളുമാണ് പ്രവർത്തിക്കുന്നത്; അംഗീകരിക്കപ്പെട്ട അധ്യാപക-അനധ്യാപക തസ്തികകൾ എത്രയാണ്; വിശദമാക്കുമോ;

(സി) ആരംഭകാലത്തെ പൊതുപരീക്ഷകൾ എത്രയായിരുന്നു; ഇപ്പോൾ എത്ര പൊതുപരീക്ഷകളാണ് വകുപ്പ് നടത്തുന്നത്; പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നത് പ്രതിവർഷം എത്ര വിദ്യാർത്ഥികളാണ്; എത്ര ജീവനക്കാരുടെ തസ്തികകൾ പരീക്ഷാ വിഭാഗത്തിൽ അനുവദിച്ചിട്ടുണ്ട്;

(ഡി) ഹയർ സെക്കണ്ടറി വകുപ്പിൽ പുതിയ തസ്തിക സൃഷ്ടിക്കാൻ ശിപാർശയുണ്ടോ; മതിയായ ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 1990-ലാണ് ഹയർ സെക്കണ്ടറി വകുപ്പ് രൂപീകരിക്കപ്പെട്ടത്. 31 സ്കൂളുകളും 231 അദ്ധ്യാപകരും 36 മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുമാണ് ആരംഭഘട്ടത്തിൽ ഉണ്ടായിരുന്നത്. (അനുബന്ധം 1* ആയി ചേർത്തിരിക്കുന്നു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സർക്കാർ മേഖലയിൽ 817-ഉം എയ്ഡഡ് മേഖലയിൽ 845-ഉം അൺ എയ്ഡഡ് മേഖലയിൽ 362-ഉം റസിഡൻഷ്യൽ/സ്പെഷ്യൽ/ടെക്നിക്കൽ മേഖലയിൽ 49-ഉം ഉൾപ്പെടെ 2073 സ്കൂളുകളും 7248 ബാച്ചുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ മേഖലയിൽ 14048 അദ്ധ്യാപകരും 1414 അനദ്ധ്യാപകരും എയ്ഡഡ് മേഖലയിൽ 12538 അദ്ധ്യാപകരും 876 അനദ്ധ്യാപകരും ജോലി ചെയ്യുന്നുണ്ട്.

(സി) ആരംഭകാലത്ത് രണ്ട് പൊതുപരീക്ഷകളാണ് ഉണ്ടായിരുന്നത്. നിലവിൽ 6 പൊതുപരീക്ഷകൾ നടത്തുന്നുണ്ട്. അതിനുപുറമേ 5 വാർഷിക/മാതൃകാ പരീക്ഷകളും നടത്തുന്നുണ്ട്. പൊതുപരീക്ഷകൾക്കായി മൊത്തം 14,72,277 വിദ്യാർത്ഥികൾ ഒരു വർഷം രജിസ്റ്റർ ചെയ്യുന്നുണ്ട്. പരീക്ഷാവിഭാഗത്തിലെ നിലവിലെ തസ്തികകളുടെ എണ്ണം അനുബന്ധം 2* ആയി ചേർത്തിരിക്കുന്നു.

(ഡി) ഹയർ സെക്കണ്ടറി വകുപ്പിൽ, ഡയറക്ടറേറ്റ്, റീജിയണൽ ഓഫീസ് എന്നിവിടങ്ങളിൽ പുതുതായി തസ്തിക സൃഷ്ടിക്കണമെന്ന ഹയർ സെക്കണ്ടറി ഡയറക്ടറുടെ ശിപാർശ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരുടെ സ്ഥലംമാറ്റം**

139 (1128) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരുടെ സ്ഥലം മാറ്റത്തിൽ വിവാദം ഉയർന്നിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) 2010-ൽ സ്ഥാനക്കയറ്റം ലഭിച്ചുവന്ന പ്രിൻസിപ്പൽമാരുടെ സീനിയോറിറ്റി മറികടന്ന് 2015-ൽ പ്രൊമോഷൻ ലഭിച്ചവരുടെ അപേക്ഷകൾക്ക് പ്രാമുഖ്യം നൽകി എന്ന ആരോപണം ഉയർന്നുവന്നിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിജസ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രിൻസിപ്പൽമാരുടെ സ്ഥലംമാറ്റത്തിന് നിലവിൽ പ്രത്യേക മാനദണ്ഡങ്ങൾ ഉണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; ഇല്ലെങ്കിൽ സ്ഥലംമാറ്റത്തിന് അപേക്ഷ നൽകുമ്പോൾ ആർക്ക് ഏതടിസ്ഥാനത്തിലാണ് പ്രാമുഖ്യം നൽകുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) വളരെ പിന്നോക്കാവസ്ഥയിലുള്ള സ്ഥലത്ത് ജോലി ചെയ്യുന്നവർക്ക് സ്ഥലംമാറ്റം കിട്ടാതിരിക്കുമ്പോൾ അടുത്തകാലത്ത് മാത്രം പ്രിൻസിപ്പലായി സ്ഥാനക്കയറ്റം ലഭിച്ചവർ ഇഷ്ടസ്ഥലങ്ങളിലേക്കു മാറിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ചില സ്കൂളുകളിൽ വിദ്യാഭ്യാസ നിലവാരം താഴ്ന്ന എന്ന കാരണത്താൽ പ്രിൻസിപ്പൽമാരെ മാറ്റിയിട്ടുണ്ടോ; എങ്കിൽ എത്ര അദ്ധ്യാപകന്മാരെ ഈ കാരണത്താൽ ഏതെല്ലാം സ്കൂളുകളിലേക്ക് മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എഫ്) മാറ്റപ്പെട്ട അദ്ധ്യാപകന്മാർക്ക് ബദലായി വന്നവർ പ്രവർത്തിച്ച സ്കൂളിൽ മികവ് കാട്ടിയവരാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ജി) പ്രിൻസിപ്പൽമാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് കൃത്യമായ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ മാർഗ്ഗരേഖ തയ്യാറാക്കുന്നതിനെക്കുറിച്ച് ആലോചനയുണ്ടോ; മാർഗ്ഗരേഖ അത്യന്താപേക്ഷിതമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല. ഹയർ സെക്കണ്ടറി ടീച്ചർമാർക്കുള്ള സ്ഥലംമാറ്റ മാനദണ്ഡങ്ങൾ ഭേദഗതിചെയ്ത് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ടി മാനദണ്ഡങ്ങൾകൂടി പരിശോധിച്ച് പ്രിൻസിപ്പൽമാർക്കുള്ള സ്ഥലംമാറ്റ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനായി വിശദമായ ഒരു പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇപ്രകാരമുള്ള സ്ഥലംമാറ്റങ്ങൾ നടത്തിയിട്ടില്ല.

(എഫ്) ബാധകമല്ല.

(ജി) ഇല്ല. ഹയർ സെക്കണ്ടറി ടീച്ചർമാർക്കുള്ള സ്ഥലംമാറ്റ മാനദണ്ഡങ്ങൾ ഭേദഗതി ചെയ്ത് ഉത്തരവായ സാഹചര്യത്തിൽ പ്രസ്തുത മാനദണ്ഡങ്ങൾ കൂടി പരിശോധിച്ച് പ്രിൻസിപ്പൽമാർക്കും സ്ഥലംമാറ്റ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനായി വിശദമായ ഒരു പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഉന്നത വിദ്യാഭ്യാസ-തൊഴിൽ മേഖലകളിൽ കേരളത്തിന്റെ പ്രാതിനിധ്യം വർദ്ധിപ്പിക്കാൻ നടപടി

140 (1129) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ -തൊഴിൽ മേഖലകളിൽ കേരളത്തിന്റെ പ്രാതിനിധ്യം മറ്റ് പല സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ വോക്ക് വിത്ത് സ്കോളർ (WWS), അസ്സാപ് (ASAP), സ്കോളർ സപ്പോർട്ടിംഗ് പ്രോഗ്രാം (SSP), റൂസ (RUSA) തുടങ്ങിയ പദ്ധതികളിലൂടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ കേന്ദ്ര-സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾക്ക് പുറമേ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വികസനത്തിനും വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനുമായി പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും പ്രാമുഖ്യം നൽകിയിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

141 (1130) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഫലമായി പൊതു വിദ്യാലയങ്ങളിൽ ഗണ്യമായ തോതിൽ വിദ്യാർത്ഥികൾ വർദ്ധിച്ചത് കണക്കിലെടുത്ത് ഇത്തരം വിദ്യാലയങ്ങളിലെ ഭൗതിക, അക്കാദമിക പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ചെയ്ത കാര്യങ്ങൾ അറിയിക്കാമോ;

(ബി) ക്ലാസ്റൂം പ്രവർത്തനങ്ങളിൽ സാങ്കേതികവിദ്യയുടെ ഉപയോഗം വ്യാപകമാക്കുന്നതിനും ഫലപ്രദമാക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) പൊതുവിദ്യാഭ്യാസ നവീകരണത്തിന്റെ അനിവാര്യഘടകമായ ബോധന രീതിയിലെ മാറ്റങ്ങൾക്കായി പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' പദ്ധതിയുടെ ഭാഗമായി അദ്ധ്യയന നിലവാരം ഉറപ്പാക്കുന്നതിന് വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി എല്ലാ നിയോജകമണ്ഡലങ്ങളിലെയും ഓരോ സ്കൂളുകളെ വീതം മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഇതിനോടകം 113 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആദ്യഘട്ടത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള

37 സ്കൂളുകൾക്ക് പദ്ധതി നിർവ്വഹണത്തിനായുള്ള കിഫ്ബിയുടെ ധനസഹായത്തിന് അനുമതി ലഭ്യമായിട്ടുണ്ട്. അതോടൊപ്പംതന്നെ അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിവിധ സ്കൂളുകളുടെ മാസ്റ്റർപ്ലാൻ, വിശദമായ പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കി വരുന്നു. ലൈബ്രറി, ലബോറട്ടറി നവീകരണ പ്രവർത്തനങ്ങൾക്കായുള്ള നടപടികളും പുരോഗമിക്കുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിനായുള്ള പ്ലാൻ ഇനത്തിലുള്ള ബജറ്റ് വിഹിതത്തിൽ നിന്നും എൽ.പി./യു.പി. സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 216 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മേൽപ്രവർത്തനങ്ങൾക്കായുള്ള സ്കൂൾ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അക്കാദമിക പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

- ഒന്നു മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികളുടെ പഠന പ്രയാസങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി ബേസ് ലൈൻ അച്ചീവ്മെന്റ് സർവ്വേ നടത്തി. പ്രയാസകരമായ മേഖലകൾ കണ്ടെത്തി പരിഹാര ബോധനത്തിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി.

- നിരന്തര മൂല്യനിർണ്ണയം ശക്തിപ്പെടുത്തുന്നതിനും ശിശുകേന്ദ്രീകൃത വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുമായി മുഴുവൻ അദ്ധ്യാപകർക്കും പരിശീലനം നൽകി.

- സൂക്ഷ്മതല പാഠാസൂത്രണവും അനുബന്ധ സാമഗ്രികളും ഡിജിറ്റൽ വിഭവങ്ങളും എല്ലാ ക്ലാസ്സുകളിലെയും എല്ലാ അദ്ധ്യാപകർക്കും ലഭ്യമാക്കുന്നതിനായി ഐറ്റി @ സ്കൂളുമായി ചേർന്ന് സമഗ്ര പോർട്ടൽ ആരംഭിച്ചു.

- മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ കൂടുതൽ ജനാധിപത്യവൽക്കരിക്കുന്നതിന്റെ ഭാഗമായി 'ചോദ്യജാലകം' എന്ന സോഫ്റ്റ്വെയർ തുടങ്ങി എല്ലാ അദ്ധ്യാപകർക്കും ചോദ്യങ്ങൾ അപ്‌ലോഡ് ചെയ്യാനുള്ള സംവിധാനം ഒരുക്കി.

  ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രാധാന്യം നൽകുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാതല ഇംഗ്ലീഷ് പഠന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) എട്ടുമുതൽ പന്ത്രണ്ടുവരെയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ നാൽപ്പത്തി അയ്യായിരം ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനും ഐ.ടി. ലാബ് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ നാല് അസംബ്ലി നിയോജകമണ്ഡലങ്ങളിലെ സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതി പൈലറ്റായി നടപ്പിലാക്കി. പദ്ധതി നടപ്പിലാക്കുന്നതിനായി ഭൗതിക

സാഹചര്യങ്ങൾ ഒരുക്കുന്നതും ക്ലാസ് മുറികൾ സജ്ജമാക്കുന്നതും അതത് സ്കൂളുകൾ തന്നെയായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി 493.5 കോടിയുടെ പ്രൊപ്പോസലിന് 'കിഫ്ബി' യുടെ അംഗീകാരം ലഭിച്ചു. കേരളാ ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്ന പേരിൽ ഐടി@ സ്കൂളിനെക്കൂടി ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകൾക്കും വിദ്യഭ്യാസ സ്ഥാപനങ്ങൾക്കും മെച്ചപ്പെട്ട ഐ.ടി. പശ്ചാത്തല സൗകര്യവും ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കുന്നതോടൊപ്പം അദ്ധ്യാപകർക്കും ജീവനക്കാർക്കും ഡിജിറ്റൽ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള പരിശീലനം, പഠന ബോധന പ്രവർത്തനങ്ങൾ ആയാസരഹിതവും രസകരവുമാക്കുന്നതിന് ഡിജിറ്റൽ ഉള്ളടക്ക നിർമ്മാണം, അക്കാദമികവും ഭരണപരവുമായ പ്രവർത്തനങ്ങൾക്ക് സഹായകമായ വിവിധ സോഫ്റ്റ്‌വെയർ വികസിപ്പിക്കൽ തുടങ്ങിയവ വിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പൈലറ്റ് പദ്ധതി പൂർത്തിയാക്കിയ മണ്ഡലങ്ങൾക്കുപരിയായുള്ള 136 അസംബ്ലി നിയോജകമണ്ഡലങ്ങളിലെ സജ്ജമായ ക്ലാസ്സുകളിലേയ്ക്ക് ഉപകരണ വിതരണവും മറ്റ് പ്രവർത്തനങ്ങളും 2017 ഒക്ടോബറിൽ ആരംഭിക്കും.

(സി) ഉണ്ട്. അദ്ധ്യാപകർക്ക് ബോധനരീതിയിലെ മാറ്റങ്ങൾക്കനുസരിച്ച് പരിശീലനം നൽകിവരുന്നു.

## പുതിയ പാർട്ട്ടൈം ലാംഗ്വേജ് ടീച്ചർ/ഫുൾടൈം ബെനിഫിറ്റ് ലാംഗ്വേജ് ടീച്ചർ തസ്തികകൾ

142 (1131) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർട്ട്ടൈം ലാംഗ്വേജ് ടീച്ചർ/ഫുൾടൈം ബെനിഫിറ്റ് ലാംഗ്വേജ് ടീച്ചർമാരുടെ എത്ര തസ്തികയാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പാർട്ട്ടൈം ലാംഗ്വേജ് ടീച്ചർ/ഫുൾടൈം ബെനിഫിറ്റ് ലാംഗ്വേജ് ടീച്ചർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പാർട്ട്ടൈം ലാംഗ്വേജ് ടീച്ചർ/ഫുൾടൈം ബെനിഫിറ്റ് ലാംഗ്വേജ് ടീച്ചർമാർക്ക് ജി.പി.എഫ്. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 3917 എണ്ണം.

(ബി) പരിശോധിക്കാവുന്നതാണ്.

(സി) ആവശ്യം പരിശോധിച്ചു വരികയാണ്.

## എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് ഒഴിവുകൾ

143 (1132) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.ടി. കോമേഴ്സിന്റെ എത്ര സീനിയർ/ജൂനിയർ ഒഴിവുകൾ വീതം നിലവിലുണ്ട്; ഇതിൽ എസ്.സി./എസ്.ടി. സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി മാറ്റിവെച്ച ഒഴിവുകൾ ഒഴികെ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ എത്രയെന്ന് വിശദീകരിക്കുമോ;

(ബി) എച്ച്.എസ്.എസ്.ടി. കോമേഴ്സ് ജൂനിയറിന്റെ എത്ര ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തുന്നതിനായി മാറ്റിവെച്ചിട്ടുണ്ട്;

(സി) എച്ച്.എസ്.എസ്.ടി. കോമേഴ്സ് ജൂനിയറായി പ്രൊമോഷൻ നൽകേണ്ടവരുടെ ലിസ്റ്റ് നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ ആ ലിസ്റ്റിൽ എത്ര പേരുണ്ടെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത ലിസ്റ്റിൽ ഉള്ളതിനേക്കാൾ കൂടുതൽ ഒഴിവുകൾ പ്രൊമോഷന് വേണ്ടി മാറ്റിവെച്ചിട്ടുണ്ടെങ്കിൽ ആയത് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുമോ; ലിസ്റ്റ് നിലവിലില്ലെങ്കിൽ ഇതിനായി നീക്കിവച്ച ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുമോ;

(ഇ) എച്ച്.എസ്.എസ്.ടി. കോമേഴ്സ് ജൂനിയറിന്റെ എത്ര എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ ബാക്കിയുണ്ട്;

(എഫ്) 1-3-2015-നു ശേഷം എച്ച്.എസ്.എസ്.ടി. കോമേഴ്സ് ജൂനിയറായി പി.എസ്.സി. വഴി നിയമിക്കപ്പെട്ടവരിൽ എത്ര പേർ റിലീവ് ചെയ്യുകയോ രാജിവയ്ക്കുകയോ ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ; ഇത്തരത്തിലുണ്ടായ ഒഴിവുകൾ പൂർണ്ണമായും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) തസ്തികമാറ്റ നിയമനത്തിനായി മാറ്റിവച്ചിട്ടുള്ള ഹയർ സെക്കന്ററി കൊമേഴ്സ് സീനിയർ അദ്ധ്യാപകരുടെ 49 ഒഴിവുകളും ജൂനിയർ അദ്ധ്യാപകരുടെ 92 ഒഴിവുകളും നിലവിലുണ്ട്. യോഗ്യരായ ജൂനിയർ അദ്ധ്യാപകർ നിലവിലുള്ളതിനാൽ സീനിയർ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ വ്യവസ്ഥയില്ല. എന്നാൽ ജൂനിയർ തസ്തികയിൽ 40 ഒഴിവുകൾ പി.എസ്.സി.-ക്ക് ഇതിനോടകം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 48 ഒഴിവുകൾ ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകരുടെ തസ്തികമാറ്റത്തിനായി മാറ്റിവച്ചിട്ടുണ്ട്. രണ്ട് ഒഴിവുകൾ, റിലീവിംഗ് റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. രണ്ട് ഒഴിവുകൾ ശൂന്യവേതന അവധിയിൽനിന്ന് പുനഃപ്രവേശനത്തിനായി മാറ്റിവച്ചിട്ടുണ്ട്.

(ബി) 48 ഒഴിവുകൾ നിലവിലുണ്ട്.

(സി) 31-12-2015 വരെയുള്ള തസ്തികമാറ്റ നിയമനത്തിനായി മാറ്റിവച്ചിട്ടുള്ള 61 പേരുടെ പ്രൊവിഷണൽ ലിസ്റ്റ് നിലവിലുണ്ട്.

(ഡി&ഇ) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാവുന്ന ഒഴിവുകളൊന്നും നിലവിലില്ല.

(എഫ്) 1-3-2015-ന് ശേഷം 31-7-2017 വരെ എച്ച്.എസ്.എസ്.റ്റി ജൂനിയർ കൊമേഴ്സ് തസ്തികയിൽ 46 പേർ വിടുതൽവാങ്ങി പോയിട്ടുണ്ട്. ടി ഒഴിവുകളിൽ 20 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലഭ്യമായ 2 ഒഴിവുകൾ ഉൾപ്പെടെ റിലീവിംഗ് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സ്പെഷ്യൽ റൂൾസ് പ്രകാരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

**തസ്തിക മാറ്റം വഴി എച്ച്.എസ്.എസ്.റ്റി. സീനിയർ തസ്തികയിൽ നിയമനം**

144 (1133) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ പാർട്ട് 2 റൂൾ 28 ബി (1) പ്രകാരം കോമേഴ്സ് വിഷയത്തിൽ തസ്തികമാറ്റം വഴി എത്ര ജൂനിയർ എച്ച്.എസ്.എസ്.ടി.മാരെ സീനിയർ എച്ച്.എസ്.എസ്.ടി.മാരായി നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഹയർ സെക്കണ്ടറി വിഭാഗം സ്പെഷ്യൽ റൂൾ പ്രകാരം 2015-2017 വർഷത്തെ കോമേഴ്സ് വിഷയത്തിൽ എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയിൽ ഉണ്ടാകാനിടയുള്ള ഒഴിവുകളിൽ യോഗ്യരായ എച്ച്.എസ്.എസ്.ടി. ജൂനിയർ അദ്ധ്യാപകർക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന്റെ ഭാഗമായി ഒഴിവുകൾക്ക് ആനുപാതികമായി സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് ഇനിയും പ്രൊമോഷൻ ലഭിക്കാൻ അർഹതയുണ്ടെന്നും ഇതേത്തുടർന്നുണ്ടാകുന്ന ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് തസ്തികയിൽ ജോലി ചെയ്യുന്ന 176 പേർ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) കൊമേഴ്സ് തസ്തികയിൽനിന്നും തസ്തികമാറ്റം വഴി നിയമനം ലഭിച്ചവരാണ്.

(ബി) ഇല്ല.

(സി) എച്ച്.എസ്.എസ്.റ്റി. സീനിയർ തസ്തികയിൽ നിലവിലുള്ള 48 ഒഴിവുകളിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനത്തിന് യോഗ്യരായ 451 ജൂനിയർ അദ്ധ്യാപകർ നിലവിലുണ്ട്. സ്പെഷ്യൽ റൂൾസ് പ്രകാരം ജൂനിയർ അദ്ധ്യാപകരുടെ അഭാവത്തിൽ മാത്രമേ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുള്ളൂ.

**കരുത്ത് പദ്ധതി**

145 (1134) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ചിട്ടുള്ള കരുത്ത് എന്ന പദ്ധതിയെക്കുറിച്ച് വ്യക്തമാക്കാമോ ; ഈ പദ്ധതി എത്ര സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

കേരളത്തിലെ ഹയർ സെക്കന്ററി വിദ്യാലയങ്ങളിലെ പെൺകുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിന്റെ ഉന്നമനത്തിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് 'കരുത്ത്.' ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് കരിയർ ഗൈഡൻസ് അഡോളസെന്റ് കൗൺസിലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

പൊതുസമൂഹത്തിൽ പെൺകുട്ടികൾ നേരിടുന്ന അതിക്രമങ്ങളെ തടയുന്നതിനായും അത്തരത്തിലുള്ള അവസ്ഥകൾ സധൈര്യം നേരിടുന്നതിനും സ്വയം പ്രതിരോധം അത്യന്താപേക്ഷിതമാണ്. ഈ പദ്ധതിയുടെ ഭാഗമായി ഹയർ സെക്കന്ററി വിദ്യാർത്ഥിനികൾക്ക് സ്വയം പ്രതിരോധത്തിനായി ആയോധന കലകൾ പഠിപ്പിക്കുന്നു. പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത വിദ്യാലയങ്ങളിലെ മുപ്പത്തിയഞ്ചോളം പെൺകുട്ടികൾക്ക് ആയോധനകലകളിൽ പരിശീലനം നൽകിവരുന്നു. സംസ്ഥാനത്തെ 100 ഹയർ സെക്കന്ററി സ്കൂളുകളിൽ ആണ് പദ്ധതി നടപ്പിലാക്കിവരുന്നത്. നാൽപ്പത് ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടിയിൽ ഓരോ ദിവസവും ഒന്നര മണിക്കൂർ വീതം വിദ്യാർത്ഥിനികൾക്ക് ക്ലാസ്സ് നൽകുന്നു. ഇതിനാവശ്യമായ യൂണിഫോമുകളും മറ്റ് സജ്ജീകരണങ്ങളും നൽകുന്നതിനായി സർക്കാരിൽനിന്ന് വിദ്യാലയങ്ങൾക്ക് തുക അനുവദിച്ചുവരുന്നു. പരിശീലനം ലഭിച്ചവർക്ക് മഞ്ഞ/പച്ച ബാഡ്ജുകൾ ലഭിക്കുന്നു.

**അദ്ധ്യാപക തസ്തിക നിർണ്ണയം**

146 (1135) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ അധ്യാപക തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് അധ്യാപകരെ പുനർവിന്യസിക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) ഇതുവഴി ജോലി നഷ്ടപ്പെട്ടവരെ സ്വന്തം ജില്ലയിൽത്തന്നെ പുനർവിന്യസിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) വിഷയാനുപാതം അനുസരിച്ചാണോ പുനർവിന്യാസം നടത്തിയിരിക്കുന്നത്; ഏതെങ്കിലും ജില്ലകളിൽ വിഷയാനുപാതം നോക്കാതെ പുനർവിന്യാസം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) തിരുവനന്തപുരം ജില്ലയിൽ വിഷയാനുപാതം നോക്കാതെ എത്ര പേരെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ ;

(എഫ്) നിയമം അനുസരിച്ച് ഇംഗ്ലീഷ് അദ്ധ്യാപകർക്ക് വേണ്ട മിനിമം യോഗ്യതയായ ബി.എ.(ഇംഗ്ലീഷ്), ബി.എഡ്.(ഇംഗ്ലീഷ്) ഇല്ലാതെ , മറ്റ് അദ്ധ്യാപകരെകൊണ്ട് ഇംഗ്ലീഷ് പഠിപ്പിക്കുവാൻ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ നിർദ്ദേശം നൽകുന്നു എന്ന ആക്ഷേപം പരിശോധിക്കുമോ;

(ജി) യോഗ്യതയുള്ളവരെത്തന്നെ ഇംഗ്ലീഷ് പഠനത്തിന് നിയമിക്കാൻ വേണ്ട കർശന നിർദ്ദേശങ്ങൾ നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18-ലെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) മാതൃജില്ലയിൽ ഒഴിവ് ലഭ്യമല്ലാതെ വന്നതിനാൽ സംരക്ഷിതാദ്ധ്യാപകരെ മറ്റ് ജില്ലകളിൽ പുനർവിന്യസിക്കേണ്ടി വന്നിട്ടുണ്ട്.

(ഡി) വിഷയാനുപാതം അനുസരിച്ചാണ് പുനർവിന്യാസം നടത്തിയിരിക്കുന്നത്.

(ഇ) തിരുവനന്തപുരം ജില്ലയിൽ വിഷയാനുപാതം നോക്കാതെ ആരെയും നിയമിച്ചിട്ടില്ല.

(എഫ്) പരിശോധിക്കുന്നതാണ്.

(ജി) 8 മുതൽ 10 വരെ ക്ലാസുകളിൽ ആകെ 5 ഡിവിഷനുകൾ എങ്കിലും ഉണ്ടെങ്കിൽ മാത്രമേ ഒരു എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തിക അനുവദിക്കാൻ കഴിയൂ. (7-1-2002-ലെ ജി.ഒ. (എംഎസ്.) നമ്പർ 11/2002/പൊ.വി.വ.) 5 ഡിവിഷനിൽ കുറവുള്ള വിദ്യാലയങ്ങളിലെല്ലാം മറ്റുള്ള കോർ സബ്ജക്റ്റ് അദ്ധ്യാപകരാണ് നിലവിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നത്.

## പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ നിയമനം

147 (1136) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാടിസ്ഥാനത്തിൽ ഇതര വകുപ്പുകളിൽ നിയമിതരാകുന്ന ജീവനക്കാരും, പ്രൈമറി അധ്യാപകർ ഒഴികെയുള്ളവരും പ്രമോഷനുശേഷം സംസ്ഥാന തലത്തിലേക്ക് മാറുമ്പോൾ, പ്രൈമറി സ്കൂൾ അധ്യാപകരായി നിയമനം ലഭിക്കുന്നവർ മാത്രം റിട്ടയർമെന്റുവരെ അതേ ജില്ലയിൽ തുടരുന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രൈമറി സ്കൂൾ അധ്യാപകർക്ക് നിശ്ചിതഗ്രേഡ് ലഭിച്ചതിനുശേഷമോ, പ്രൊമോഷൻ ലഭിച്ചതിനുശേഷമോ, ജില്ലാടിസ്ഥാനത്തിൽ ഇതര വകുപ്പുകളിൽ നിയമിതരാകുന്ന ജീവനക്കാരെപ്പോലെ സ്റ്റേറ്റ് വൈസ് ആക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രൈമറി പ്രഥമാധ്യാപക തസ്തികകളിൽ ജില്ലാടിസ്ഥാനത്തിൽ തന്നെയാണ് നിയമനം നടത്തുന്നത് എന്നതിനാൽ റിട്ടയർമെന്റ് വരെ അവർക്ക് ആ ജില്ലയിൽത്തന്നെ തുടരാൻ കഴിയും.

(ബി &സി) നിലവിൽ പരിഗണനയിലില്ല.

## സ്കോൾ കേരളയുടെ പ്രവർത്തനങ്ങൾ

148 (1137) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കോൾ കേരളയുടെ മലപ്പുറത്തെ മേഖലാ കേന്ദ്രത്തിലെ നിലവിലെ പ്രവർത്തനങ്ങൾ/ചുമതലകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) മലപ്പുറത്തെ മേഖലാ കേന്ദ്രം അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ വർഷത്തെ പ്ലസ് വൺ രജിസ്ട്രേഷൻ ഫോറങ്ങൾ സ്വീകരിക്കുന്നത് ഏതെല്ലാം ഓഫീസുകളിലാണ്; മലപ്പുറം മേഖലാ കേന്ദ്രത്തിൽ ഏതെല്ലാം ജില്ലകളുടേതാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സ്കോൾ കേരളയിൽ ഡയറക്ടർമാരെ നിയമിക്കുന്നതിനുവേണ്ടി ഇതുവരെ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ;

(ഇ) മലപ്പുറം മേഖലാ കേന്ദ്രത്തിൽ കോ-ഓർഡിനേറ്റർ/ഡയറക്ടർ നിയമനത്തിന് വേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികളുടെ പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷ സ്വീകരിക്കൽ, ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡ്, ഡ്യൂപ്ലിക്കേറ്റ് ടി.സി, കോഴ്സ് ക്യാൻസലേഷൻ തുടങ്ങിയവയുടെ അപേക്ഷ സ്വീകരിച്ച് ഓൺലൈൻ മുഖേന സംസ്ഥാന കേന്ദ്രത്തിൽ അയച്ച് അനുമതി വാങ്ങി ബന്ധപ്പെട്ട രേഖകൾ വിദ്യാർത്ഥികൾക്ക് മേഖല കേന്ദ്രംവഴി അന്നുതന്നെ തിരികെ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ, വിവിധ കോഴ്സുകളുടെ മലപ്പുറം ജില്ലയിലെ സംഘാടന ചുമതലകൾ തുടങ്ങിയ പ്രവർത്തനങ്ങൾ.

(ബി) നിലവിൽ പരിഗണനയിലില്ല.

(സി) വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം പ്ലസ് വൺ അപേക്ഷകൾ മലബാർ മേഖല കേന്ദ്രത്തിലും 13 ജില്ലാ കേന്ദ്രങ്ങളിൽ നേരിട്ടും സംസ്ഥാന കേന്ദ്രത്തിൽ നേരിട്ടും തപാൽ മാർഗ്ഗവും സ്വീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മലബാർ മേഖല കേന്ദ്രത്തിൽ മലപ്പുറം ജില്ലയിലെ അപേക്ഷകൾ സ്വീകരിക്കാനാണ് ക്രമീകരണം ഏർപ്പെടുത്തിയിട്ടുള്ളത്.

(ഡി) സ്കോൾ കേരളയുടെ 8-2-2016-ൽ ചേർന്ന പ്രഥമ ജനറൽ കൗൺസിൽ യോഗം അഞ്ച് ഡയറക്ടർമാരുടേത് ഉൾപ്പെടെ അടിയന്തര പ്രാധാന്യമുള്ള തസ്തികകൾ മാത്രം കണ്ടെത്താൻ ഒരു ഉപസമിതി രൂപീകരിച്ച് ടി തസ്തികകൾ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) സ്കോൾ കേരള രൂപീകൃതമാകുന്നതിന് മുമ്പാണ് (കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ ആയിരുന്നപ്പോൾ) മലപ്പുറത്ത് മലബാർ മേഖല കേന്ദ്രം ആരംഭിക്കാൻ (4-11-2013)-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. മലബാർ മേഖല കേന്ദ്രം ആരംഭിക്കുമ്പോൾ സംസ്ഥാന ഓഫീസിൽ അധികംവരുന്ന ജീവനക്കാരെ മേഖല കേന്ദ്രത്തിൽ പുനർവിന്യസിച്ച് പ്രവർത്തിപ്പിക്കണമെന്നും അതിനായി പുതിയ തസ്തികയോ നിയമനമോ നടത്തേണ്ടതില്ലെന്നുമുള്ള നിബന്ധനയോടെയാണ് മേഖല കേന്ദ്രം ആരംഭിക്കാൻ സർക്കാർ അനുമതി നൽകിയത്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്കൂൾ വിദ്യാർത്ഥികളുടെ ബാഗിലെ അമിതഭാരം

149 (1138) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾ ബാഗുകളിൽ അമിതഭാരം ചുമക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ ബാഗിന്റെ ഭാരം കുട്ടികളുടെ ശരീരഭാരത്തിന്റെ എത്ര ശതമാനം വരെയാകാം എന്നറിയിക്കുമോ;

(സി) കുട്ടികൾ പുസ്തക ചുമടുമായി പോകുന്നത് തടയാൻ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാകുന്നു എന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) നിശ്ചിത ശതമാനം വരെയാകാം എന്നുള്ള നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

(സി) സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി പാഠപുസ്തകങ്ങൾ മൂന്ന് ഭാഗങ്ങളായാണ് ഇപ്പോൾ പ്രിന്റ്ചെയ്ത് കുട്ടികൾക്ക് ലഭ്യമാക്കുന്നത്. 60 പേജിൽ കൂടുതൽ വരാത്തവിധത്തിലാണ് ഓരോ ഭാഗവും പ്രിന്റ് ചെയ്യുന്നത്.

(ഡി) സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഇതിനകം തന്നെ എല്ലാ സ്കൂൾ അധികൃതർക്കും നൽകിയിട്ടുണ്ട്.

## ചെല്ലാനം പുത്തൻതോട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ഗ്രൗണ്ടും ടെന്നീസ് കോർട്ടും

150 (T*1139) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രമാക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ചെല്ലാനം ഗ്രാമപഞ്ചായത്തിലെ പുത്തൻതോട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ഗ്രൗണ്ടും ടെന്നീസ് കോർട്ടും നിർമ്മിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

പ്രസ്തുത സ്കൂളിൽ സിന്തറ്റിക് ടെന്നീസ് കോർട്ട് നിർമ്മിക്കുന്നതിനായി എറണാകുളം ജില്ലാ പഞ്ചായത്ത് 2016-17 വർഷത്തിൽ 20 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. സംസ്ഥാന സ്പോർട്സ് കൗൺസിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 40 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇനി വേണ്ടിവരുന്ന 20 ലക്ഷം രൂപയ്ക്കു വേണ്ടി ജില്ലാ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്.

ഗ്രൗണ്ട് നവീകരണത്തിനായി തീരദേശ വികസന സമിതി എറണാകുളം മേഖലാ ഓഫീസിൽ നിന്നും 50 ലക്ഷം രൂപയുടെ ഒരു പദ്ധതി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

## സംരക്ഷിത അദ്ധ്യാപകരുടെ പുനർവിന്യാസം

151 (1140) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ തസ്തിക നിർണ്ണയം പൂർത്തിയാക്കിയിട്ടുണ്ടോ; എത്ര അദ്ധ്യാപക-അനദ്ധ്യാപകരാണ് സംരക്ഷിതരായി മാറിയിട്ടുള്ളത്;

(ബി) 2015-16-ൽ എത്രപേരാണ് തസ്തിക നിർണ്ണയത്തിൽ അധികമായി കണ്ടെത്തിയത്;

(സി) സംരക്ഷിത അദ്ധ്യാപകരുടെ പുനർവിന്യാസം പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2017-18-ലെ തസ്തിക നിർണ്ണയത്തിനുശേഷം 4060 ജീവനക്കാരാണ് തസ്തിക നഷ്ടപ്പെട്ട് സംരക്ഷിതാദ്ധ്യാപകരായി മാറിയിട്ടുള്ളത്. ഇതിൽ 3954 പേർ അദ്ധ്യാപകരും 106 പേർ അനദ്ധ്യാപകരുമാണ്. 9, 10 ക്ലാസ്സുകളിൽ 2017-18 വർഷം തസ്തിക നഷ്ടമായ അദ്ധ്യാപകരെ 1:40 അനുപാതത്തിൽ നിലനിർത്താൻ സർക്കാർ അനുമതി നൽകിയതിനെത്തുടർന്ന് മേൽപ്പറഞ്ഞ എണ്ണത്തിൽ കുറവ് വരുന്നതാണ്.

(ബി) 2015-16-ൽ 3737 ജീവനക്കാരായിരുന്നു തസ്തിക നഷ്ടപ്പെട്ട് സംരക്ഷിതാദ്ധ്യാപകരായി മാറിയിട്ടുള്ളത്.

(സി) ഉണ്ട്. 15-7-2017-ന് പൂർത്തിയായ തസ്തിക നിർണ്ണയത്തിനുശേഷം 3954 അദ്ധ്യാപകരും 106 അനദ്ധ്യാപകരും ഉൾപ്പെടെ സംരക്ഷണത്തിന് അർഹത നേടിയ 4060 ജീവനക്കാർക്കും പുനർവിന്യാസം നൽകിക്കഴിഞ്ഞു.

## പുത്തൂർമഠം എ.എം.യു.പി. സ്കൂളിലെ അദ്ധ്യാപകന്റെ ശമ്പളം

152 (1141) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുത്തൂർമഠം എ.എം.യു.പി. സ്കൂളിലെ വിപിൻ വി.കെ എന്ന അദ്ധ്യാപകന് കഴിഞ്ഞ എട്ട് വർഷമായി ശമ്പളം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ എടുത്ത തീരുമാനം നടപ്പാക്കിയിട്ടുണ്ടോ ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപ്പാക്കാത്തതെന്ന് വിശദമാക്കുമോ;

(സി) സർക്കാർ ഉത്തരവ് നടപ്പാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാവുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ ഉത്തരവ് നടപ്പിലാക്കാൻ കോഴിക്കോട് റൂറൽ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## അദ്ധ്യാപക തസ്തിക നിർണ്ണയം

153 (1142) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയം സംബന്ധിച്ച സർക്കാർ ഉത്തരവ് 57/2017-ഉം 19-6-2017-ലെ ഡി.പി.ഐ.-യുടെ പരിപത്രവും അദ്ധ്യാപകരോടുള്ള കടുത്ത വഞ്ചനയാണെന്നുള്ള ആക്ഷേപം വസ്തുതാപരമാണോ;

(ബി) ഒന്ന് മുതൽ അഞ്ചുവരെയുള്ള ക്ലാസ്സുകളിൽ 120 മുതൽ 300 വരെയുള്ള കുട്ടികൾക്ക് അഞ്ച് ഡിവിഷൻ മാത്രമേ അനുവദിക്കുകയുള്ളൂവെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത നിർദ്ദേശം 29-1-2016-ലെ ഉത്തരവിന് വിരുദ്ധമല്ലേയെന്നും; പുതിയ ഉത്തരവുമൂലം അദ്ധ്യാപകർക്ക് 1:30 ആനുകൂല്യം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ഈ ഉത്തരവുമൂലം അദ്ധ്യാപകർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2017-18 വർഷത്തെ തസ്തിക നിർണ്ണയം സംബന്ധിച്ച് പുറപ്പെടുവിച്ച 18-6-2017-ലെ ജി.ഒ. (പി) നമ്പർ 57/2017/പൊ.വി.വ. നമ്പർ ഉത്തരവും അതിനെ തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ 19-6-2017-ന് പുറപ്പെടുവിച്ച പരിപത്രവും അദ്ധ്യാപകരോടുള്ള വഞ്ചനയാണെന്ന ആക്ഷേപം വസ്തുതാപരമല്ല.

(ബി) ഇല്ല.

(സി&ഡി) 29-1-2016-ലെ ഉത്തരവിന് വിരുദ്ധമായ നിർദ്ദേശങ്ങളൊന്നും തന്നെ നൽകിയിട്ടില്ല.

**ഏലത്തൂർ നിയോജകമണ്ഡലത്തിലെ പൊതു വിദ്യാഭ്യാസ പദ്ധതികൾ**

154 (1143) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലത്തൂർ നിയോജകമണ്ഡലത്തിലെ വിദ്യാഭ്യാസ വകുപ്പിൽ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതികളുടെ പ്രവർത്തനപുരോഗതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കുറവത്തൂർ പയ്യാമ്പ്ര ഗവൺമെന്റ് എച്ച്.എസ്.എസ്.-നെ മികവിന്റെ കേന്ദ്രമാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പ് മുൻവർഷത്തിൽ നടപ്പിലാക്കിയ എല്ലാ പദ്ധതികളും നടപ്പുവർഷവും ഏലത്തൂർ നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ നടപ്പിലാക്കുന്നതാണ്.

(ബി) കുറവത്തൂർ പയ്യാമ്പ്ര ഗവൺമെന്റ് എച്ച്.എസ്.എസ്.-ന്റെ മാസ്റ്റർ പ്ലാൻ/ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിറ്റ്കോ തയ്യാറാക്കി ആദ്യഘട്ടത്തിലെ ലിസ്റ്റിൽ ഉൾപ്പെടുത്തി സർക്കാർ കിഫ്ബിക്ക് നൽകിയിട്ടുണ്ട്. മറ്റുപദ്ധതികളും കാര്യക്ഷമമായ രീതിയിൽ നടപ്പിലാക്കിവരുന്നു.

**പാലക്കാട് ജില്ലയിലെ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതി**

155 (1144) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ നെന്മാറ ഹയർ സെക്കണ്ടറി സ്കൂൾ, കൊടുവായൂർ ഹയർ സെക്കണ്ടറി സ്കൂൾ, മുതലമട ഹയർ സെക്കണ്ടറി സ്കൂൾ, വട്ടേക്കാട് യു.പി. സ്കൂൾ എന്നിവയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് വിശദാംശം നൽകുമോ;

(ബി) ഈ സ്കൂളുകൾക്ക് പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി നെന്മാറ നിയോജകമണ്ഡലത്തിലെ നെന്മാറ ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്ന പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം പ്രസ്തുത സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പദ്ധതി നിർവ്വഹണത്തിനായുള്ള ധനസഹായത്തിനായി കിഫ്ബി മുമ്പാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിയോജകമണ്ഡലത്തിലെ കൊടുവായൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, മുതലമട ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ എന്നീ സ്കൂളുകളെ അടിസ്ഥാനസൗകര്യ വികസനത്തിനായി പരിഗണിച്ചുകൊണ്ട് (2017-18)-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. നെന്മാറ ഹയർ സെക്കന്ററി സ്കൂളിനെ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറായിവരുന്നു. ഭരണാനുമതി നൽകിയിട്ടില്ല. വട്ടേക്കാട് യു.പി. സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഭരണാനുമതി നൽകുന്നതിനുള്ള ശിപാർശ പരിശോധിച്ചുവരുന്നു.

(ബി) കൊടുവായൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, മുതലമട ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ എന്നീ സ്കൂളുകളുടെ മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടും പരിശോധിച്ചശേഷം ആനുപാതികമായി പരമാവധി 3 കോടി രൂപ വരെ അനുവദിക്കാവുന്നതാണ്. ടി സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ ധനസഹായത്തിനായി കിഫ്ബി അംഗീകാരം ലഭ്യമാക്കിയശേഷം ഇതര നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് തുടങ്ങുവാൻ കഴിയുമെന്ന് വിശദമാക്കുവാൻ സാധിക്കുകയുള്ളൂ. വട്ടേക്കാട് യു.പി. സ്കൂളിന് ഭരണാനുമതി ലഭ്യമാക്കിയശേഷം ഇതര നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ എന്നുതുടങ്ങുവാൻ കഴിയുമെന്ന് വിശദമാക്കുവാൻ സാധിക്കുകയുള്ളൂ.

**സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കൽ**

156 (1145) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയനവർഷം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസിൽ ചേർന്ന കുട്ടികൾ എത്രയാണ്; കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടോ; സർക്കാർ/എയ്ഡഡ് മേഖല തിരിച്ച് വിശദാംശം നൽകുമോ;

(ബി) സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ രണ്ടു മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിൽ ചേർന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന് പറയാമോ; ഉണ്ടെങ്കിൽ ഓരോ ക്ലാസ്സിലും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് പുതുതായി ചേർന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടായ വ്യത്യാസം എത്രയെന്ന് വെളിപ്പെടുത്തുമോ?

## ഉത്തരം

(എ) ഈ അദ്ധ്യയനവർഷം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ ആറാം പ്രവൃത്തിദിന കണക്കുപ്രകാരം 261731 കുട്ടികൾ ചേർന്നു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം 12198 കുട്ടികളുടെ വർദ്ധനവുണ്ടായിട്ടുണ്ട്. സർക്കാർ/എയ്ഡഡ് മേഖല തിരിച്ച് വിശദാംശം ചുവടെ ചേർക്കുന്നു:

| വർഷം | ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം | | ആകെ |
|---|---|---|---|
| | സർക്കാർ | എയ്ഡഡ് | |
| 2017-18 | 96913 | 164818 | 261731 |
| 2016-17 | 91210 | 158323 | 249533 |
| വർദ്ധനവ് (2017-18) | 5703 | 6495 | 12198 |

(ബി) സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ രണ്ട് മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിൽ ചേർന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഓരോ ക്ലാസ്സിലും കഴിഞ്ഞ വർഷത്തെ താഴ്ന്ന ക്ലാസ്സിൽനിന്നും പ്രൊമോഷൻ കിട്ടിയിട്ടുള്ള വിദ്യാർത്ഥികളുടെ കൂടെ പുതുതായി ചേർന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് ചുവടെ ചേർക്കുന്നു:

| സ്റ്റാൻഡേർഡ് | പുതിയതായി ചേർന്ന കുട്ടികൾ |
|---|---|
| II | 10103 |
| III | 9911 |
| IV | 8575 |
| V | 40385 |
| VI | 14256 |
| VII | 9504 |
| VIII | 30083 |
| IX | 22391 |
| ആകെ | 145208 |

മുകളിൽ പറഞ്ഞിട്ടുള്ള പ്രകാരം പത്താം ക്ലാസ്സിൽ 2016-17 വർഷത്തെ അപേക്ഷിച്ച് 2017-18 വർഷത്തിൽ 841 കുട്ടികളുടെ കുറവുണ്ടായിട്ടുണ്ട്.

## കുഴിത്തുറ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ

157 (1146) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടങ്ങളുടെ അപര്യാപ്തതമൂലം ആലപ്പാട് ഗ്രാമപഞ്ചായത്തിലെ കുഴിത്തുറ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 4.80 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള കെട്ടിടത്തിന്റെ ഡി.പി.ആർ., കിഫ്ബി പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത സ്കൂളിന്റെ പരാധീനതകൾ പരിഹരിച്ച് ക്ലാസുകൾ സുഗമമായി നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിൽ പരിഗണിച്ചിട്ടില്ല.

(സി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഡി.പി.ആർ. ലഭ്യമാകുന്നപക്ഷം ബജറ്റ് വിഹിതത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## അരീക്കോട് ചുണ്ടത്തുംപൊയിൽ ഗവൺമെന്റ് യു.പി. സ്കൂളിലെ ക്രമക്കേടുകൾ

158 (1147) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ചുണ്ടത്തുംപൊയിൽ ഗവൺമെന്റ് യു.പി. സ്കൂളിൽ സൂപ്പർ ചെക്ക് സെൽ നടത്തിയ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പരിശോധന സംബന്ധിച്ച ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചുണ്ടത്തുംപൊയിൽ ഗവൺമെന്റ് യു.പി. സ്കൂളിൽ അഡ്മിഷനിലും മറ്റും ക്രമക്കേടുകൾ നടത്തി അർഹതയില്ലാതെ തസ്തിക സൃഷ്ടിക്കുന്നതായുള്ള ചുണ്ടത്തുംപൊയിൽ ഗവൺമെന്റ് യു.പി. സ്കൂൾ സംരക്ഷണ സമിതിയുടെ പരാതിയിന്മേൽ അന്വേഷണത്തിനായി കോഴിക്കോട് സൂപ്പർ ചെക്ക് സെൽ 28-2-2017-ന് സ്കൂളിൽ സന്ദർശനം നടത്തുകയുണ്ടായി. പരാതിയിൽ കൃത്രിമ അഡ്മിഷനാണെന്ന് കാണിച്ചിട്ടുള്ള 4 വിദ്യാർത്ഥികൾ അന്ന് സ്കൂളിൽ ഹാജരില്ലായിരുന്നു. സ്കൂളിൽ 2, 3, 4, 5, 6, 7 ക്ലാസ്സുകളിൽ ഓരോ ഡിവിഷനുകളും

ഒന്നാം ക്ലാസ്സിൽ രണ്ട് ഡിവിഷനുകളും അടക്കം മൊത്തം 8 ഡിവിഷനുകളാണ് 2015-16 വർഷത്തിൽ അനുവദിച്ചിരുന്നത്. എന്നാൽ ആറാമത്തെ പ്രവൃത്തി ദിവസത്തെ കണക്കനുസരിച്ച് 2016-17 വർഷത്തിൽ ആറാം ക്ലാസ്സിൽ ഒരു ഡിവിഷൻകൂടി അനുവദിച്ച് മൊത്തം 9 ഡിവിഷനുകൾ അനുവദിക്കാനാവശ്യമായ വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. എങ്കിലും 15-8-2016-ലെ സർക്കാർ ഉത്തരവ് നമ്പർ (പി) 134/ 2016/പൊ.വി.വ. അനുസരിച്ച് 2015-16-ലെ തന്നെ തസ്തിക നിർണ്ണയമാണ് 2016-17 വർഷത്തിലുമെന്ന് സർക്കാർ വ്യക്തമാക്കിയതിനാൽ സ്കൂളിൽ തസ്തിക നിർണ്ണയത്തിലൂടെ പുതിയ ഡിവിഷനുകളും തസ്തികകളും അനുവദിച്ചിരുന്നില്ല.

ആദ്യ സന്ദർശന ദിവസം (28-2-2017) ഹാജരില്ലാത്ത വിദ്യാർത്ഥികളുടെ ക്ലാസ്സുകളിലെ സാന്നിദ്ധ്യം പരിശോധിക്കുന്നതിനായി 21-3-2017-ന് ഈ സ്കൂളിൽ വീണ്ടും സന്ദർശനം നടത്തുകയുണ്ടായി. രണ്ടാമത്തെ സന്ദർശന ദിവസത്തെ പരിശോധനയിൽ പരാതിയിൽ കാണിച്ചിരിക്കുന്ന 4 വിദ്യാർത്ഥികളടക്കം മുഴുവൻ പേരും സ്കൂളിൽ ഹാജരായിരുന്നു. എങ്കിലും ആറാം ക്ലാസ്സിലെ 3 വിദ്യാർത്ഥികളെ സംബന്ധിച്ച് വിശദമായ അന്വേഷണത്തിൽ അവർ തൊട്ടടുത്ത് തന്നെയുള്ള മരഞ്ചാടി സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിക്കുന്നവരാണെന്നും കണ്ടെത്തുകയുണ്ടായി.

ടി മൂന്ന് വിദ്യാർത്ഥികളെയും സ്കൂളിലെ ആറാം ക്ലാസ്സിൽ അനധികൃതമായി ഹാജർ കൊടുത്ത് (ക്ലാസ്സ് ടീച്ചറുടെ അറിവോടുകൂടി) അഡ്മിഷനിൽ നിലനിർത്തുകയാണ് സ്കൂൾ അധികൃതർ ചെയ്തത്. ഈ വിദ്യാർത്ഥികൾക്ക് ചുണ്ടത്തുംപൊയിൽ ഗവൺമെന്റ് യു.പി. സ്കൂളിലേയ്ക്കുള്ള ദൂരം കൂടുതലായതിനാൽ വീട്ടിനടുത്തുള്ള അൺ എയ്ഡഡ് സ്കൂളിൽ പഠിപ്പിക്കുകയാണ് രക്ഷിതാക്കൾ ചെയ്യുന്നതെന്നും ഇവർ കൃത്യമായി പരീക്ഷയ്ക്ക് ഈ സ്കൂളിൽ എത്താറുണ്ടെന്നും അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു.

ടി വിദ്യാർത്ഥികളെ യു.ഐ.ഡി. എൻറോൾമെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ഇവർക്ക് ടെക്സ്റ്റ് ബുക്ക്, യൂണിഫോം എന്നിവ അനുവദിച്ചിട്ടുമുണ്ട്. തുടർച്ചയായി 15 ദിവസം സ്കൂളിൽ ഹാജരാകാത്ത വിദ്യാർത്ഥികളെ റോളിൽനിന്നും നീക്കം ചെയ്യണമെന്നാണ് വ്യവസ്ഥ. എന്നാൽ ഈ മൂന്ന് വിദ്യാർത്ഥികളെയും തുടർച്ചയായ 15 ദിവസം ഹാജരില്ലാതിരുന്നിട്ടും അവരെ റോളിൽനിന്നും സ്കൂൾ അധികൃതർ നീക്കംചെയ്യുകയുണ്ടായില്ല. ഇത് പ്രധാന അദ്ധ്യാപകന്റെയും ക്ലാസ്സ് അദ്ധ്യാപകന്റെയും ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. പ്രധാനാദ്ധ്യാപകന്റെയും ക്ലാസ്സ് അദ്ധ്യാപകന്റെയും മേൽപ്പറഞ്ഞ നടപടിമൂലം സ്കൂളിലെ ഉച്ചകഞ്ഞി, ടെക്സ്റ്റ് ബുക്ക്, യൂണിഫോം എന്നീ ഇനത്തിൽ സർക്കാരിന് അധിക സാമ്പത്തിക ചെലവുണ്ടായിട്ടുണ്ട്.

(ബി) ചുണ്ടത്തുംപൊയിൽ ഗവൺമെന്റ് യു.പി. സ്കൂളിൽ കൃത്രിമ അഡ്മിഷൻ സൃഷ്ടിച്ചത് സംബന്ധിച്ച് പ്രധാനാദ്ധ്യാപകനിൽനിന്നും വിശദീകരണം തേടി ബാദ്ധ്യത തിട്ടപ്പെടുത്തി ഈടാക്കാനും പ്രധാനാദ്ധ്യാപകനെ മറ്റേതെങ്കിലും സ്കൂളിലേയ്ക്ക് മാറ്റി നിയമിക്കുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ചുണ്ടത്തുംപൊയിൽ ഗവൺമെന്റ് യു.പി. സ്കൂൾ പ്രധാനാദ്ധ്യാപകൻ ശ്രീ. രാജു ജോസഫിനെ 12-7-2017-ലെ എ 2/24833/2017 നമ്പർ ഉത്തരവിലൂടെ മുണ്ടോത്ത് പറമ്പ് ജി.യു.പി. സ്കൂളിലേയ്ക്ക് സ്ഥലംമാറ്റിക്കൊണ്ട് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥലമാറ്റ ഉത്തരവിനെതിരെ ശ്രീ. രാജു

ജോസഫ് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുകയും അതനുസരിച്ച് പ്രധാനാദ്ധ്യാപകനെ സ്ഥലംമാറ്റിക്കൊണ്ടുള്ള വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ്, ഒ.എ/1342/2017 നമ്പർ കേസിലെ 14-7-2017-ലെ ഇടക്കാല ഉത്തരവിലൂടെ കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒരു മാസത്തേയ്ക്ക് സ്റ്റേ ചെയ്തിട്ടുണ്ട്. കൂടാതെ കൃത്രിമ അഡ്മിഷൻ സംബന്ധിച്ച് പ്രധാനാദ്ധ്യാപകനിൽ നിന്നും ക്ലാസ്സ് അദ്ധ്യാപകനിൽനിന്നും വിശദീകരണം തേടി ആവശ്യമെങ്കിൽ അച്ചടക്കനടപടി സ്വീകരിക്കാൻ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പരിശോധന സംബന്ധിച്ച ഫയലിന്റെ പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## മാവേലിക്കര കുന്നം ഹയർസെക്കന്ററി സ്കൂളിന് പുതിയ കെട്ടിടം

159(1148) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെട്ട കുന്നം ഹയർസെക്കന്ററി സ്കൂളിന്റെ കെട്ടിടം ശോചനീയാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ തുക വിദ്യാഭ്യാസ വകുപ്പിൽനിന്നും അനുവദിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) ഇതിനാവശ്യമായ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ; എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ബജറ്റ് വിഹിതത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് കുന്നം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക അനുവദിക്കുന്നത് പരിഗണിക്കുന്നതാണ്.

(സി) ഉണ്ട്. 330 ലക്ഷം രൂപ.

## അട്ടത്തോട് സർക്കാർ സ്കൂൾ

160 (1149) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ഉൾവനത്തിലെ പട്ടികവർഗ്ഗ കോളനിയായ അട്ടത്തോട്ടിൽ സർക്കാർ സ്കൂൾ എന്നാണ് ആരംഭിച്ചത്; ഇപ്പോൾ ഇവിടെ എത്രാം ക്ലാസ് വരെയാണ് ഉള്ളതെന്നും ഓരോ ക്ലാസ്സിലും എത്ര കുട്ടികളാണ് പഠിക്കുന്നതെന്നും എത്ര അദ്ധ്യാപകരാണ് ഉള്ളതെന്നും വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ സ്കൂളിന്റെ പ്രവർത്തനം നടക്കുന്നത് എവിടെയാണ് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായി വനം വകുപ്പുവക സ്ഥലം ഏറ്റെടുക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2015-16 (1-6-2015) മുതൽ പ്രവർത്തനമാരംഭിച്ചു. നിലവിൽ 1 മുതൽ 4 വരെ അംഗീകാരം ലഭിച്ച ക്ലാസ്സുകൾ പ്രവർത്തിക്കുന്നു. 2017-18 വർഷം പഠിക്കുന്ന കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ക്ലാസ്സ് | | എണ്ണം |
|---|---|---|
| I | - | 17 |
| II | - | 19 |
| III | - | 17 |
| IV | - | 6 |
| ആകെ | - | 59 കുട്ടികൾ |

താൽക്കാലികമായി 5-ാം ക്ലാസ്സ്കൂടി പ്രവർത്തിക്കുന്നു. ഈ ക്ലാസ്സിൽ 8 കുട്ടികൾ പഠിക്കുന്നു. നിലവിൽ രണ്ട് അദ്ധ്യാപകരും ഒരു പ്രഥമാദ്ധ്യാപകനും ജോലി ചെയ്യുന്നു.

(ബി) റാന്നി-പെരുനാട് പഞ്ചായത്തിന്റെ 9-ാം വാർഡിൽ അട്ടത്തോട് ആദിവാസി മേഖലയിൽ പഞ്ചായത്തുവക സാംസ്കാരിക നിലയമായി പ്രവർത്തിച്ചുകൊണ്ടിരുന്ന കെട്ടിടത്തിൽ സ്കൂൾ താൽക്കാലികമായി നടന്നുവരുന്നു.

(സി) ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽനിന്നും ലഭിച്ചിട്ടുള്ള ഒരു ഏക്കർ 23 സെന്റ് സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 22-6-2016-ൽ കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ തീരുമാനമായിരുന്നു. എന്നാൽ കെട്ടിടം പണി ആരംഭിച്ചിട്ടില്ല.

**ഡിജിറ്റൽ വിദ്യാഭ്യാസ സംസ്ഥാനം**

161 (1150) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ വിദ്യാഭ്യാസ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഈ വർഷം എന്ത് തുകയാണ് ഇക്കാര്യത്തിനായി വിനിയോഗിക്കുന്നത്;

(സി) ഡിജിറ്റൽ വിദ്യാഭ്യാസ സംസ്ഥാനമായി മാറുന്നതിനോടൊപ്പം, മികച്ച കുടുംബ-വിദ്യാലയ അന്തരീക്ഷത്തിലൂടെ കുട്ടികൾ ജീവിതത്തെയും സമൂഹത്തെയും നേരിട്ട് അറിയുന്നതിന് അവസരം ഒരുക്കുന്നതിനുമുള്ള പഠനക്രമം ഒരുക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) കേരളത്തെ ഡിജിറ്റൽ വിദ്യാഭ്യാസ സംസ്ഥാനമായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. സ്കൂളുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മെച്ചപ്പെട്ട ഐ.ടി. പശ്ചാത്തല സൗകര്യവും ഭൗതിക സാഹചര്യങ്ങളും ലഭ്യമാകുന്നതോടൊപ്പം അദ്ധ്യാപകർക്കും ജീവനക്കാർക്കും ഡിജിറ്റൽ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള പരിശീലനം, പഠനബോധന പ്രവർത്തനങ്ങൾ ആയാസരഹിതവും രസകരവുമാക്കുന്നതിന് ഡിജിറ്റൽ ഉള്ളടക്ക നിർമ്മാണം, അക്കാദമികവും ഭരണപരവുമായ പ്രവർത്തനങ്ങൾക്ക് സഹായകമായ വിവിധ സോഫ്റ്റ്‌വെയർ സംവിധാനങ്ങൾ തുടങ്ങിയവ വിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) സ്കൂൾ അഡ്മിഷൻ മുതൽ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതു വരെയുള്ള പ്രവർത്തനങ്ങൾ, കലാ-കായിക മത്സരങ്ങൾക്കുള്ള സോഫ്റ്റ്‌വെയർ, സ്കോളർഷിപ്പ്, ഉച്ചഭക്ഷണ പരിപാടി, ഓൺലൈൻ ടെക്സ്റ്റ് ബുക്ക് ഇന്റന്റിംഗ്, ഡിജിറ്റൽ പാഠപുസ്തകം, ഡിജിറ്റൽ പഠനവിഭവങ്ങൾ, അദ്ധ്യാപകരുടെ സ്ഥലംമാറ്റവും നിയമനവും, സർവ്വീസ് വിശദാംശങ്ങളുടെ ഡിജിറ്റലൈസേഷൻ തുടങ്ങി വിദ്യാഭ്യാസ മേഖലയിലെ ഒട്ടുമിക്ക പ്രവർത്തനങ്ങളും ഡിജിറ്റലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി ഐ.ടി. @സ്കൂൾ പ്രോജക്ടിൽ ലഭ്യമായ 32 കോടി രൂപ വിനിയോഗിക്കുന്നതാണ്.

(സി) ലോകത്തെവിടെയുമുള്ള പഠിതാക്കൾക്ക് ലഭിക്കുന്ന അറിവുകൾ നമ്മുടെ പൊതുവിദ്യാലയങ്ങളിലുള്ള ഏറ്റവും പാവപ്പെട്ട കുട്ടിക്കുപോലും ലഭ്യമാകുന്ന തരത്തിലുള്ള അറിവിന്റെ ജനാധിപത്യവൽക്കരണമാണ് ഡിജിറ്റൽ വിദ്യാഭ്യാസം ലക്ഷ്യമിട്ടിട്ടുള്ളത്. എന്നാൽ, കുടുംബവും സമൂഹവുമായുള്ള സഹവർത്തിത്തത്തിലൂടെ നേടേണ്ട അറിവും കഴിവും മനോഭാവവും ആർജ്ജിക്കാനുള്ള ഒരവസരത്തേയും ഇത് നിഷേധിക്കുന്നില്ല. നേരിട്ട് അനുഭവങ്ങൾ ലഭ്യമാക്കാൻ കഴിയുന്നിടത്തെല്ലാം അത്തരം സാധ്യതകൾ പ്രയോജനപ്പെടുത്താനാണ് പാഠ്യപദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്.

## കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽനിന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട്ചെയ്ത തസ്തിക

162(1151) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽനിന്നും 2016 മേയ് മാസം മുതൽ ഒഴിവുള്ള ഏതെല്ലാം തസ്തികകളാണ് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തതെന്ന് വിശദമാക്കുമോ;

(ബി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ ഉപ.സി3/262/2016/ഉഭപവ. പരിപത്ര പ്രകാരമുള്ള പ്രൊഫോർമ എല്ലാ മാസവും ഡി.പി.ഐ.-ക്ക് നൽകാറുണ്ടോ;

(സി) ഒഴിവുവന്ന ഏതെല്ലാം തസ്തികകളാണ് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാത്തതെന്ന് വിശദമാക്കുമോ;

(ഡി) ഏതെങ്കിലും തസ്തികകൾ ഒഴിവുവന്നത് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ അതിനുള്ള കാരണം രേഖകൾ സഹിതം ലഭ്യമാക്കുമോ;

(ഇ) ഒഴിവുകളുണ്ടായിട്ടും റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

| | | | |
|---|---|---|---|
| (എ) | യു.പി.എസ്.എ. | - | 104 |
| | എൽ.പി.എസ്.എ. | - | 99 |
| | തയ്യൽ (എച്ച്.എസ്) | - | 4 |
| | ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ (യു.പി.) | - | 3 |
| | ഡ്രോയിംഗ് (എച്ച്.എസ്) | - | 2 |
| | ഹൈസ്കൂൾ അസിസ്റ്റന്റ് (ഫിസിക്കൽ സയൻസ്) | - | 23 |
| | ഹൈസ്കൂൾ അസിസ്റ്റന്റ് (നാച്വറൽ സയൻസ്) | - | 18 |
| | ഹൈസ്കൂൾ അസിസ്റ്റന്റ് (സോഷ്യൽ സയൻസ്) | - | 9 |
| | ഹൈസ്കൂൾ അസിസ്റ്റന്റ് (ഗണിതം) | - | 14 |
| | ഹൈസ്കൂൾ അസിസ്റ്റന്റ് (ഇംഗ്ലീഷ്) | - | 18 |

| | | |
|---|---|---|
| ഹൈസ്കൂൾ അസിസ്റ്റന്റ് (ഹിന്ദി) | - | 3 |
| ജൂനിയർ അറബിക് (എൽ.പി.) ഫുൾടൈം | - | 30 |
| ജൂനിയർ സംസ്കൃതം (പാർട്ട്-ടൈം) | - | 2 |
| ഹൈസ്കൂൾ അസിസ്റ്റന്റ് (ഉർദു) പാർട്ട്ടൈം | - | 5 |
| ജൂനിയർ അറബിക് (എൽ.പി.) പാർട്ട് ടൈം | - | 5 |
| എൽ.ഡി. ക്ലാർക്ക് | - | 32 |
| ഓഫീസ് അറ്റൻഡന്റ് | - | 51 |

(ബി) ഉണ്ട്.

| | | |
|---|---|---|
| (സി) ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | - | 14 |
| ഡ്രോയിംഗ് (എച്ച്.എസ്) | - | 5 |
| തയ്യൽ (എച്ച്.എസ്) | - | 3 |
| പ്രീ-പ്രൈമറി ടീച്ചർ | - | 1 |
| ഹൈസ്കൂൾ അസിസ്റ്റന്റ് (ഫിസിക്കൽ സയൻസ്) | - | 48 |
| ഹൈസ്കൂൾ അസിസ്റ്റന്റ് (നാച്വറൽ സയൻസ്) | - | 29 |
| ഹൈസ്കൂൾ അസിസ്റ്റന്റ് (സോഷ്യൽ സയൻസ്) | - | 41 |
| ഹൈസ്കൂൾ അസിസ്റ്റന്റ് (ഗണിതം) | - | 34 |
| ഹൈസ്കൂൾ അസിസ്റ്റന്റ് (ഇംഗ്ലീഷ്) | - | 12 |
| ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) | - | 10 |
| ഹൈസ്കൂൾ അസിസ്റ്റന്റ് (ഹിന്ദി) | - | 5 |
| ജൂനിയർ (ഹിന്ദി) | - | 2 |
| എൽ.പി. അറബിക് (ഫുൾടൈം) | - | 16 |
| ഹൈസ്കൂൾ അസിസ്റ്റന്റ് (സംസ്കൃതം) | - | 1 |
| ഹൈസ്കൂൾ അസിസ്റ്റന്റ് (അറബിക്) | - | 2 |
| എൽ.ഡി. ക്ലാർക്ക് | - | 4 |
| ഓഫീസ് അറ്റൻഡന്റ് | - | 11 |

| | | |
|---|---|---|
| (ഡി) ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | - | നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡ്രോയിംഗ് | | |
| തയ്യൽ | - | ഉടൻ റിപ്പോർട്ട് ചെയ്യുന്നുണ്ട്. |

പ്രീ-പ്രൈമറി ടീച്ചർ-1 കോടതി നടപടി നടക്കുന്നു. കോടതി നിർദ്ദേശ പ്രകാരം താൽക്കാലികമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. യു.പി.എസ്.എ.-94, എൽ.പി.എസ്.എ. - 165, 2017-18 തസ്തിക നിർണ്ണയം പൂർത്തീകരിച്ചു. കേഡർ സ്ട്രെങ്ത് തയ്യാറാക്കി ആയത് പ്രകാരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മലയാളം -10, ഹിന്ദി-5, ജൂനിയർ ഹിന്ദി-2, എൽ.പി. അറബിക് ഫുൾടൈം-16, ഹൈസ്കൂൾ അസിസ്റ്റന്റ് സംസ്കൃതം-1, ഹൈസ്കൂൾ അസിസ്റ്റന്റ് അറബിക് -2, എൽ.ഡി. ക്ലാർക്ക്-4, ഓഫീസ് അറ്റൻഡന്റ്-11, ഹൈസ്കൂൾ അസിസ്റ്റന്റ് (ഫിസിക്കൽ സയൻസ്)-48, നാച്വറൽ സയൻസ്-29, സോഷ്യൽ സയൻസ്-41, ഗണിതം -34, ഇംഗ്ലീഷ്-12, എന്നീ തസ്തികകൾ കേഡർ സ്ട്രെങ്ത് പാലിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ക്രമപ്രകാരമുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

## സർഗ്ഗാത്മക വിദ്യാഭ്യാസം

163(1152) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹിത്യത്തിനും കവിതക്കും പ്രാധാന്യം നൽകി സ്കൂളുകൾ സർഗ്ഗാത്മകവും ശിശു സൗഹൃദവുമാക്കുന്നതിലേക്കായി സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ പ്രഖ്യാപിക്കുന്നതിനും നടപ്പിലാക്കുന്നതിനും സർക്കാർ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) സാഹിത്യത്തിനും കവിതയ്ക്കും പ്രാധാന്യം നൽകിക്കൊണ്ട് വിദ്യാരംഗം കലാ സാഹിത്യവേദിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി സ്കൂൾതലം മുതൽ സംസ്ഥാനതലം വരെ സർഗോത്സവങ്ങളും കവിതാ ശില്പശാലകളും നടത്തിവരുന്നു. ഇതുകൂടാതെ കലോത്സവത്തിൽ കവിതാരചന, കഥാരചന തുടങ്ങിയ സാഹിത്യരചന മത്സരങ്ങളും സംഘടിപ്പിച്ചുവരുന്നു.

(ബി) നിലവിൽ പരിഗണനയിലില്ല.

## ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ (മലയാളം) ഹൈസ്കൂൾ - ഒഴിവുകൾ

164(1153) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ (മലയാളം) ഹൈസ്കൂൾ - എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഓരോ ഒഴിവും നിലവിൽവന്ന തീയതിയും അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത തീയതിയും വിശദമാക്കുമോ;

(സി) ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 17 എണ്ണം.

(ബി&സി)

| വർഷം/ഒഴിവ് | എണ്ണം | ഒഴിവ് നിലവിൽ വന്ന തീയതി |
|---|---|---|
| 2016-17 വർഷം റിട്ടയർമെന്റ് ഒഴിവ് | 4 | 30-4-2016 (3 എണ്ണം), 31-5-2016 (1 എണ്ണം) |
| 2017-18 വർഷം റിട്ടയർമെന്റ് ഒഴിവ് | 5 | 31-3-2017 (1 എണ്ണം), 31-5-2017 (4 എണ്ണം) |
| 2015-16 വർഷം അഡീഷണൽ തസ്തിക | 4 | 31-12-2016 (3 എണ്ണം), 3-1-2017 (1 എണ്ണം) |
| 2017-18 വർഷം അഡീഷണൽ തസ്തിക | 2 | 15-7-2017 (2 എണ്ണം) |
| 2017-18 വർഷം അന്തർ ജില്ലാ സ്ഥലം മാറ്റം മുഖേന തസ്തിക | 1 | 25-3-2017 |
| 2013 വർഷം സസ്പെൻഷൻ ഒഴിവ് | 1 | 2013 |

പ്രസ്തുത തസ്തികയിൽ നിലനിന്നിരുന്ന കോടതി വ്യവഹാരം പിൻവലിച്ച് വിധി ലഭിച്ചത് 2017 ഏപ്രിൽ മാസമാണ്. കൂടാതെ 2017-18-ലെ തസ്തിക നിർണ്ണയം പൂർത്തീകരിച്ചത് 15-7-2017-നാണ്. ആകയാൽ തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിച്ചുവരുന്നു.

## ഹൈസ്കൂൾ, ഹയർസെക്കന്ററി മേഖലകളിൽ പരിസ്ഥിതി പഠനം

165 (1154) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി മേഖലകളിൽ പരിസ്ഥിതി പഠനം നിലവിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) പാഠ്യപദ്ധതിയിൽ പരിസ്ഥിതി പഠനം നിർബന്ധമായും ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഒന്നുമുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിൽ പരിസ്ഥിതി പഠനത്തിന് പ്രാമുഖ്യം നൽകുന്ന സമീപനമാണ് സംസ്ഥാനം പിൻതുടരുന്നത്. പ്രകൃതിയെ അറിയാനും പ്രകൃതിയോട് ഇണങ്ങി ജീവിക്കാനും വിദ്യാർത്ഥികളെ പരിശീലിപ്പിക്കാൻ ഈ പഠന സമീപനം സഹായകമാകും. ജൈവ വൈവിധ്യത്തെക്കുറിച്ച് എട്ടാം ക്ലാസ്സ് അടിസ്ഥാന ശാസ്ത്ര പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പാഠഭാഗം ഇതിന് ഉദാഹരണമാണ്. ഒൻപത്, പത്ത് ക്ലാസ്സുകളിൽ സമാനമായ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹയർസെക്കന്ററി ഭാഷാവിഷയങ്ങളിലൂടെയാണ് പൊതുവായി പരിസ്ഥിതിബോധം വളർത്തുവാൻ കഴിയുന്നത്. ഉദ്ഗ്രഥിത സമീപനമാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്.

(ബി) പാഠ്യപദ്ധതി പരിഷ്കരിക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

## സ്കൂളുകളിലെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടി

166 (1155) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിലെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള രണ്ടാമത്തെ സ്കീം പ്രകാരം സർക്കാരിന് സമർപ്പിക്കപ്പെട്ടിട്ടുള്ള പദ്ധതി റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമാണ്; ഈ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ പദ്ധതിക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമാഹരിക്കുന്ന ഏതെങ്കിലും തുക വിനിയോഗിക്കാൻ വ്യവസ്ഥയുണ്ടോ;

(സി) ഈ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഏതെങ്കിലും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതിന് വ്യവസ്ഥയുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സ്കൂൾതല കമ്മിറ്റിയുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാൻ, വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിലേയ്ക്കായി സർക്കാർ അംഗീകൃത ഏജൻസിയായ കിറ്റ്കോയ്ക്ക് നൽകുന്നു. കിറ്റ്കോയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്കൂൾ സന്ദർശനം നടത്തി സ്കൂൾതല കമ്മിറ്റിയുടെ ആവശ്യാനുസരണം മാസ്റ്റർപ്ലാൻ/വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ച് ഭരണാനുമതി നേടി ധനസഹായത്തിനുള്ള അനുമതിക്കായി കിഫ്ബിക്ക് സമർപ്പിക്കുന്നു. കിഫ്ബി ബോർഡ്കൂടി പദ്ധതിക്ക് അംഗീകാരം നൽകുന്നു.

(ബി&സി) ഉണ്ട്. 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായുള്ള ധനകാര്യ ഉദ്ഗ്രഥനം സർക്കാർ, എം.പി., എം.എൽ.എ., ഗ്രാമ-ബ്ലോക്ക് ജില്ലാ പഞ്ചായത്ത് തുടങ്ങിയവ മുഖേന ലഭ്യമാക്കുന്ന ഫണ്ടുകൾ മുഖേന കണ്ടെത്താവുന്നതാണ്.

**സർക്കാർ ഫണ്ട് ഉപയോഗിച്ച് സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ**

167 (1156) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഫണ്ട് ഉപയോഗിച്ചുള്ള സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിന് മാസ്റ്റർപ്ലാൻ നിഷ്കർഷിച്ചിട്ടുള്ളതുമൂലം പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാലതാമസം ഒഴിവാക്കാൻ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനാവശ്യമായ തുക ഏത് ഫണ്ടിൽനിന്നും വിനിയോഗിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി ചെലവാകുന്ന തുക സർക്കാർ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സർക്കാരിന്റെ വിവിധ അക്രഡിറ്റഡ് ഏജൻസികളെ ചുമതലപ്പെടുത്തി മാസ്റ്റർപ്ലാൻ, എസ്റ്റിമേറ്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ ഉൾപ്പെടുത്തി വിശദമായ പ്രൊപ്പോസൽ താമസംവിനാ തയ്യാറാക്കുവാനും ആയത് യഥാസമയം സർക്കാരിലേയ്ക്ക് നൽകുവാനും സ്കൂൾ പ്രഥമാദ്ധ്യാപകർ, വിദ്യാഭ്യാസ ഉപഡയറക്ടർമാർ എന്നിവർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പരിഗണനയിലില്ല.

## മാരായമുട്ടം ഹയർ സെക്കന്ററി സ്കൂളിനായുള്ള ഡി.പി.ആർ. അംഗീകാരം

168 (1157) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പാറശ്ശാല നിയോജക മണ്ഡലത്തിൽ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്ന മാരായമുട്ടം ഹയർ സെക്കണ്ടറി സ്കൂളിനായുള്ള ഡി.പി.ആർ. അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു, ഇതിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) പാറശ്ശാല നിയോജക മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളെയാണ് മികവിന്റെ കേന്ദ്രമായി ഉയർത്തുന്നത് എന്ന് അറിയിക്കാമോ; ആയതിലേക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

### ഉത്തരം

(എ&ബി) പാറശ്ശാല നിയോജകമണ്ഡലത്തിൽനിന്നും മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുക്കപ്പെട്ട മാരായമുട്ടം ഹയർ സെക്കന്ററി സ്കൂളിന് ഭരണാനുമതി നൽകുകയും അപ്രകാരം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ധനസഹായത്തിനും അംഗീകാരത്തിനുമായി കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപക തസ്തിക

169 (1158) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹയർ സെക്കൻഡറി സ്ക്കൂളുകളിൽ പുതിയ അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; ഏത് വർഷം മുതലാണ് ഹയർ സെക്കൻഡറി സ്ക്കൂളുകളിലും അധിക ബാച്ചുകളിലുമായിട്ട് പുതിയ തസ്തികകൾ അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഹയർ സെക്കൻഡറി സീനിയർ ടീച്ചർ, ജൂനിയർ ടീച്ചർ എന്നിവയിൽ എത്ര തസ്തികകൾവീതം സൃഷ്ടിച്ചിട്ടുണ്ടെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) മേൽപ്പറഞ്ഞ തസ്തികകളിൽ പ്രമോഷനെ തുടർന്ന് ഉണ്ടാകുന്ന എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;എങ്കിൽ ആകെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടിനൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2014-15 അദ്ധ്യയന വർഷം പുതുതായി ആരംഭിച്ച ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിൽ ബാച്ചുകളിൽ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചു കൊണ്ട് 24-6-2017-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 61/17/പൊ.വി. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) 232 ഹയർ സെക്കന്ററി ജൂനിയർ തസ്തികകളും 269 സീനിയർ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. 94 ജൂനിയർ തസ്തികകളും 33 സീനിയർ തസ്തികകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ തസ്തികകളിൽ പ്രൊമോഷൻ നടത്തിയിട്ടില്ല. ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കി പ്രൊമോഷൻ നടത്തുമ്പോൾ ഉണ്ടാകുന്ന എച്ച്.എസ്. എസ്.റ്റി. ഒഴിവുകൾ സ്പെഷ്യൽ റൂൾസ് അനുസരിച്ച് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്ന കാര്യത്തിൽ നിലവിൽ തീരുമാനമെടുത്തിട്ടില്ല.

### സർക്കാർ എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ വർദ്ധനവ്

170 (1159) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സംസ്ഥാനമൊട്ടാകെ ഒന്നാം ക്ലാസ്സിൽ കഴിഞ്ഞ വർഷത്തേക്കാൾ എത്ര കുട്ടികളുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്;

(ബി) ഈ വർദ്ധനവുമൂലമുണ്ടാകുന്ന അധിക തസ്തികകളിലേക്ക് സംരക്ഷിത അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ;

(സി) മുൻവർഷങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞത് കാരണം സംരക്ഷിത അദ്ധ്യാപകരായി മാറ്റി സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ പുനർവിന്യസിച്ചവരെയും ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിച്ചവരെയും പ്രസ്തുത ഒഴിവുകളിൽ നിയമിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സംസ്ഥാനമൊട്ടാകെ ഒന്നാം ക്ലാസ്സിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 12198 കുട്ടികളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം | | ആകെ |
|---|---|---|---|
| | സർക്കാർ | എയ്ഡഡ് | |
| 2017-18 | 96913 | 164818 | 261731 |
| 2016-17 | 91210 | 158323 | 249533 |
| വ്യത്യാസം | 5703 | 6495 | 12198 |

(ബി) സർക്കാർ സ്കൂളുകളിൽ ഉണ്ടാകുന്ന അധിക തസ്തികകളിൽ പി.എസ്.സി. വഴിയാണ് നിയമനം നടത്തുന്നത്. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ ഉണ്ടാകുന്ന അധിക തസ്തികകളിൽ 1:1 അനുപാതത്തിൽ സംരക്ഷിത ജീവനക്കാരെ നിയമിക്കണമെന്നാണ് കെ.ഇ.ആർ. അദ്ധ്യായം XXI, ചട്ടം 7(2)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ന്യൂ സ്കൂളുകളിലെ മുഴുവൻ തസ്തികകളിലും സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ വളരെ കുറച്ച് മാനേജർമാർ മാത്രമേ ഈ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കാൻ തയ്യാറായിട്ടുള്ളൂ. ഈ ചട്ടം ഉൾപ്പെടെയുള്ള കെ.ഇ.ആർ. ഭേദഗതിയെ (3-12-2016-ലെ ജി.ഒ.(പി) നമ്പർ 199/2016/പൊ.വി.വ.) ചോദ്യംചെയ്തുകൊണ്ടുള്ള നാൽപ്പതോളം റിട്ട് പെറ്റീഷനുകൾ ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി പരിശോധിച്ചുകൊണ്ടിരിക്കുന്ന വിഷയമായതിനാൽ എയ്ഡഡ് സ്കൂളിലെ അധിക തസ്തികകളിലേയ്ക്ക് ഡിപ്പാർട്ട്മെന്റ് സ്വമേധയാ സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിച്ചിട്ടില്ല.

(സി) എയ്ഡഡ് സ്കൂളുകളിൽ നിന്നുള്ള സംരക്ഷിതാദ്ധ്യാപകരെ തന്നെയാണ് എയ്ഡഡ് സ്കൂളുകളിലെ അധിക തസ്തികകളിൽ നിയമിക്കാൻ വ്യവസ്ഥയുള്ളത്. ഇപ്പോൾ താൽക്കാലിക പുനർവിന്യാസം നൽകിയിരിക്കുന്നവരെയും ഇങ്ങനെ മാറ്റി പുനർവിന്യസിക്കുന്നതാണ്.

**വിദ്യാഭ്യാസ മേഖലയിലെ സ്വകാര്യ സ്ഥാപനങ്ങൾക്കുള്ള ചലഞ്ച് ഫണ്ട്**

171 (1160) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വികസന പരിപാടിയുടെ ഭാഗമായി വിദ്യാഭ്യാസ മേഖലയിലെ സ്വകാര്യ സ്ഥാപനങ്ങൾക്കുള്ള ചലഞ്ച്ഫണ്ട് സംബന്ധിച്ച് എന്തൊക്കെ തീരുമാനങ്ങളാണ് സർക്കാർ എടുത്തിട്ടുള്ളത്;

(ബി) ഈ ഫണ്ട് അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രസംഗത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലെ നാലാമത്തെ പദ്ധതിയായി ഉൾക്കൊള്ളിച്ചിരിക്കുന്നത് എയ്ഡഡ് സ്കൂളുകൾക്കടക്കം നൽകാവുന്ന ചലഞ്ച് ഫണ്ടാണ്. സ്കൂൾ മാനേജ്മെന്റ്/ സ്കൂൾ സംരക്ഷണ സമിതി മുടക്കുന്ന തുകയ്ക്ക് തുല്യമായ നിക്ഷേപം, പരമാവധി ഒരു കോടി രൂപ വരെ പ്രസ്തുത പദ്ധതിയിലൂടെ നൽകുവാനാണ് ബജറ്റ് പ്രസംഗത്തിലൂടെ ഉദ്ദേശിക്കുന്നത്.

(ബി) മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

## സ്മാർട്ട് ക്ലാസ് റൂം പദ്ധതി

172(1161) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ ബജറ്റിൽ പ്രഖ്യാപിച്ച സ്മാർട്ട് ക്ലാസ്റൂം പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം നടപ്പിലാക്കിവരുന്ന ഐ.റ്റി.@ സ്കൂളിന്റെ പ്രവർത്തനം മന്ദഗതിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി മങ്കട നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി 2017-18-ൽ മറ്റ് മണ്ഡലങ്ങളിലേക്കും വ്യാപിപ്പിക്കുമെന്ന ഉറപ്പ് പാലിക്കപ്പെടുമെന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) 2016-17-ലെ ബജറ്റിൽ പ്രഖ്യാപിച്ച ഹൈടെക് സ്കൂൾ പദ്ധതി 4 അസംബ്ലി നിയോജകമണ്ഡലങ്ങളിലെ എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും പൈലറ്റായി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, ഇടുക്കി, എറണാകുളം, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽനിന്ന് തെരഞ്ഞെടുത്ത 7 സർക്കാർ ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂളുകളെ സ്മാർട്ട് സ്കൂൾ ആക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. ബാക്കിയുള്ള 136 മണ്ഡലങ്ങളിലെ സ്കൂളുകളിൽ ഇതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരികയാണ്. ടി മണ്ഡലങ്ങളിലെ സ്കൂളുകളിലേയ്ക്കുള്ള ഐ.ടി. ഉപകരണ വിതരണം 2017 ഒക്ടോബറിൽ ആരംഭിക്കാമെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്തെ എട്ട് മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഓരോ സ്കൂളിന്റെയും പങ്കാളിത്തത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നതിനായി ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതും ക്ലാസ് മുറികൾ സജ്ജമാക്കുന്നതും അതത് സ്കൂളുകൾ തന്നെയായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ്കൂളുകൾ ഒരുക്കിയ സൗകര്യങ്ങളുടെ വിശദാംശം ഉൾപ്പെടുത്തുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂൾതല സർവ്വേയും ഐ.ടി. ഓഡിറ്റും നടത്തിയാണ് തുടർ പ്രവർത്തനങ്ങൾ നടത്തുന്നത്. സ്കൂളുകൾ സജ്ജമാക്കിയ ക്ലാസ് മുറികളുടെയും കമ്പ്യൂട്ടർ ലാബിന്റെയും നിജസ്ഥിതി നേരിട്ട് മനസ്സിലാക്കുന്നതിനാണ് ഐ.ടി. ഓഡിറ്റ് നടത്തുന്നത്.

(ഡി) പൈലറ്റ് പദ്ധതി നടപ്പിലാക്കിയ മണ്ഡലങ്ങൾക്ക് പുറമെയുള്ള 136 അസംബ്ലി നിയോജകമണ്ഡലങ്ങളിലെ സ്കൂളുകളിലും 2017 ഒക്ടോബർ മാസത്തോടെ ഐ.ടി ഉപകരണ വിതരണവും തുടർ പ്രവർത്തനങ്ങളും ആരംഭിക്കാമെന്ന് തീരുമാനിച്ചിട്ടുണ്ട്.

## വിദ്യാഭ്യാസ വകുപ്പിലെ സ്ഥലംമാറ്റം

173 (1162) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം നടപ്പിലാക്കിയതോടെ വിദ്യാഭ്യാസ വകുപ്പിൽ സ്ഥലംമാറ്റം നടത്തുമ്പോൾ വികലാംഗ വിഭാഗത്തിന് പ്രത്യേക പരിഗണന ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിലേക്കായി തയ്യാറാക്കിയ കംപ്യൂട്ടർ സോഫ്റ്റ്‌വെയറിൽ ടി വിഭാഗത്തിന് ആവശ്യമായ പ്രത്യേക പരിഗണന ലഭ്യമാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ ആയതിലേക്കായി ഒരു പ്രത്യേക സർക്കുലർ പുറപ്പെടുവിച്ച് ഈ വിഭാഗത്തിന് അർഹമായ പരിഗണന ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാമോ?

### ഉത്തരം

(എ) വിദ്യാഭ്യാസ വകുപ്പിൽ വികലാംഗ വിഭാഗത്തിന് പരിഗണന നൽകിയാണ് പൊതുസ്ഥലംമാറ്റം നടത്തുന്നത്. വികലാംഗ വിഭാഗത്തിന് പരിഗണന നൽകിയാണ് സോഫ്റ്റ്‌വെയർ ക്രമീകരിക്കുന്നത്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

## വിദ്യാഭ്യാസ വായ്പാസഹായ പദ്ധതി

174 (1163) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് മുടങ്ങി ജപ്തിഭീഷണി നേരിടുന്ന വിദ്യാർത്ഥികൾക്കും കുടുംബങ്ങൾക്കുമായി ആശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കോടി രൂപയാണ് പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വിദ്യാഭ്യാസ വായ്പാസഹായ പദ്ധതി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) വിദ്യാഭ്യാസ വായ്പ എടുത്തതിനുശേഷം മരണമടഞ്ഞ വിദ്യാർത്ഥികളുടെയും ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെയും വായ്പ സംബന്ധിച്ച് എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്;

(ഇ) അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) Education Loan Repayment Support Scheme പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിനുവേണ്ടി elrs.kerala.gov.in എന്ന വെബ്-പോർട്ടലിലൂടെ ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. 4-8-2017 മുതൽ പ്രസ്തുത വെബ്പോർട്ടലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-10-2017 വരെയാണ്. പ്രസ്തുത പോർട്ടൽവഴി അപേക്ഷകൾ ലഭിച്ചശേഷം ആയതിനുവേണ്ടി വരുന്ന സർക്കാർ വിഹിതം എത്രയാണെന്ന് കണക്കാക്കി തുക അനുവദിക്കുന്നതാണ്.

(സി) 16-5-2017-ലെ ജി.ഒ.(പി) 65/17/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം വിദ്യാഭ്യാസ വായ്പ എടുത്തവരെ രണ്ട് വിഭാഗമായി തിരിച്ചിട്ടുണ്ട്. (i) നിഷ്ക്രിയ അക്കൗണ്ടായി മാറിയിട്ടില്ലാത്ത തിരിച്ചടവുള്ള സ്റ്റാന്റേർഡ് അക്കൗണ്ടുകൾ, (Non-NPA/Standard Account), (ii) 31-3-2016-ന് മുമ്പ് തിരിച്ചടവ് മുടങ്ങിയ നിഷ്ക്രിയ അക്കൗണ്ടായി മാറിയ വിദ്യാഭ്യാസ വായ്പകൾ.

നിഷ്ക്രിയ അക്കൗണ്ടായി മാറിയിട്ടില്ലാത്ത (റെഗുലർ അക്കൗണ്ട്സ്) 9 ലക്ഷം രൂപ വരെ വായ്പ എടുത്ത 1-4-2016-ന് മുമ്പ് തിരിച്ചടവ് തുടങ്ങിയവർക്ക് ചുവടെ കൊടുത്തിട്ടുള്ള ഷെഡ്യൂൾ പ്രകാരം വായ്പ തിരിച്ചടവിന് സർക്കാർ സഹായം നൽകുന്നതാണ്.

അനുപാതം

| വർഷം | സംസ്ഥാന സർക്കാർ | വായ്പയെടുത്തയാൾ |
|---|---|---|
| 1-ാം വർഷം | 90% | 10% |
| 2-ാം വർഷം | 75% | 25% |
| 3-ാം വർഷം | 50% | 50% |
| 4-ാം വർഷം | 25% | 75% |

തിരിച്ചടവ് മുടങ്ങി 2016 മാർച്ച് 31 -ന് മുമ്പ് നിഷ്ക്രിയ അക്കൗണ്ടായി മാറിയ 4 ലക്ഷം രൂപ വരെയുള്ള ലോണുകളിൽ, ബാങ്കുകൾ പലിശ മുഴുവനായി എഴുതി തള്ളാൻ തയ്യാറാണെങ്കിൽ വായ്പയെടുത്ത വിദ്യാർത്ഥി ഒറ്റത്തവണയായി ബാക്കി നിൽക്കുന്ന തുകയുടെ 40% മുൻകൂറായി അടയ്ക്കുന്നപക്ഷം ബാക്കിയുള്ള 60% തുക അടച്ച് ലോൺ ക്ലോസ് ചെയ്യുവാൻ സർക്കാർ സഹായം നൽകുന്നതാണ്. 4 ലക്ഷത്തിന് മേൽ 9 ലക്ഷം രൂപ വരെ വായ്പാതുകയുള്ള 2016 മാർച്ച് 31-ന് മുമ്പ് നിഷ്ക്രിയ അക്കൗണ്ടായി മാറിയ വായ്പകളിൽ ബാങ്കുകൾ ഒരു പ്രത്യേക പാക്കേജ് തയ്യാറാക്കുകയാണെങ്കിൽ മുതൽ തുകയുടെ 50% (പരമാവധി 2,40,000 രൂപ) ഒടുക്കി ലോൺ ക്ലോസ് ചെയ്യുവാൻ സർക്കാർ സഹായം നൽകുന്നതാണ്. വിദ്യാഭ്യാസ വായ്പ എടുത്ത വിദ്യാർത്ഥിക്ക് സ്ഥിരമായി മാനസികമായോ ശാരീരികമായോ വൈകല്യം സംഭവിച്ചാൽ വായ്പാത്തുക മുഴുവൻ സർക്കാർ അടയ്ക്കുന്നതാണ്. ഈ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി ചുവടെ ചേർത്തിട്ടുള്ള നിബന്ധനകൾക്ക് വിധേയമാണ്.

- ഒരു വിദ്യാർത്ഥിക്ക് ഒരു കോഴ്സിന് മാത്രമേ സഹായം ലഭിക്കുകയുള്ളൂ.
- ഇന്ത്യയിൽ അംഗീകൃത വിദ്യാലയങ്ങളിൽ അംഗീകൃത കോഴ്സിന് പഠിച്ച വിദ്യാർത്ഥിക്കേ ഇതിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ.
- മാനേജ്മെന്റ്/എൻ.ആർ.ഐ. ക്വാട്ടയിൽ പഠിച്ച വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയില്ല. എന്നാൽ മാനേജ്മെന്റ് ക്വാട്ടയിൽ നഴ്സിംഗ് കോഴ്സ് പഠിച്ച വിദ്യാർത്ഥികൾ ഈ പദ്ധതിപ്രകാരം ആനുകൂല്യത്തിന് അർഹരാണ്.
- ആരോഗ്യ കാരണങ്ങളാലോ മരണമടഞ്ഞതുമൂലമോ വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ സാധിക്കാത്തവർക്ക് ഈ പദ്ധതി പ്രകാരം ഇളവ് ലഭിക്കും. അല്ലാത്ത കാരണങ്ങളാൽ വിദ്യാഭ്യാസം പൂർത്തിയാക്കാത്തവർക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതല്ല.

- വാർഷിക തിരിച്ചടവിന്റെ 400% വാർഷിക വരുമാനമുള്ള ജോലി ലഭിക്കുന്നവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല.
- വായ്പ മുഴുവനായും തിരിച്ചടച്ചവർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല.

ടി ഉത്തരവ് പ്രകാരം 2016 മാർച്ച് 31-ന് മുമ്പ് വിദ്യാഭ്യാസ വായ്പ എടുത്ത വിദ്യാർത്ഥികൾ ഉത്തരവിൽ പറയുന്ന നിബന്ധനകൾക്ക് വിധേയമായി യോഗ്യതയുണ്ടെങ്കിൽ അപേക്ഷ സമർപ്പിക്കേണ്ടത് ലോൺ എടുത്ത ബാങ്ക് ശാഖയിലാണ്. ബാങ്ക് യോഗ്യതയുള്ള അപേക്ഷകൾ നോഡൽ ഏജൻസിയായ സംസ്ഥാനതല ബാങ്കിംഗ് സമിതിക്ക് കൈമാറുകയും സംസ്ഥാനതല ബാങ്കിംഗ് സമിതി ധനകാര്യ വകുപ്പ് തയ്യാറാക്കുന്ന പുതിയ സോഫ്റ്റ്‌വെയർ മുഖേന പ്രൊപ്പോസൽ ഓൺലൈനായി ഫണ്ട് അനുവദിക്കുന്നതിനായി സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഡി) വിദ്യാഭ്യാസ വായ്പ എടുത്ത വിദ്യാർത്ഥിക്ക് സ്ഥിരമായി മാനസികമായോ/ ശാരീരികമായോ വൈകല്യം സംഭവിച്ചാലോ മരണമടഞ്ഞാലോ വായ്പാതുക മുഴുവൻ സർക്കാർ അടയ്ക്കുന്നതാണ്.

(ഇ) സ്വീകരിക്കും.

**പത്തനംതിട്ട ജില്ലയിൽ അദ്ധ്യാപക പുനർവിന്യാസം**

175(1164) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്കൂളുകളിൽ അദ്ധ്യാപക പുനർവിന്യാസം പൂർത്തിയായിട്ടുണ്ടോ;

(ബി) പത്തനംതിട്ട ജില്ലയിലെ എയ്ഡഡ് സ്കൂളുകളിലെ എത്ര സംരക്ഷിത അദ്ധ്യാപകരെ സർക്കാർ സ്കൂളുകളിൽ എച്ച്.എസ്.എ. (മലയാളം) തസ്തികയിൽ നിയമിച്ചിട്ടുണ്ട്;

(സി) ഇങ്ങനെ താല്ക്കാലികമായി നിയമിക്കപ്പെട്ട അദ്ധ്യാപക തസ്തികകൾക്ക് പകരമായി ഈ ഒഴിവുകളിൽ സൂപ്പർന്യൂമററിയായി തസ്തിക സൃഷ്ടിച്ച് അദ്ധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ തസ്തികകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമോ?

<u>ഉത്തരം</u>

(എ) പൂർത്തിയായിട്ടുണ്ട്.

(ബി) ആരെയും നിയമിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) പത്തനംതിട്ട ജില്ലയിൽ എച്ച്.എസ്.എ. (മലയാളം) തസ്തികയിൽ 3 ഒഴിവുകളാണുള്ളത്. ഇതിൽ രണ്ട് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കല്ലിയോട്ട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ കായികാദ്ധ്യാപകനെതിരെയുള്ള പരാതി**

176 (1165) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കല്ലിയോട്ട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ കായികാധ്യാപകനെതിരെ സ്കൂൾ പി.ടി.എ. പരാതി നൽകിയിട്ടുണ്ടോ;

(ബി) ഈ പരാതിയിൽ എന്തെങ്കിലും തുടർനടപടി ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) സ്കൂളിന്റെ പ്രവർത്തനത്തിലൊന്നും സഹകരിക്കാത്ത പ്രസ്തുത അധ്യാപകനെതിരെ കാസർഗോഡ് ഡി.ഡി.ഇ, ഡി.പി.ഐ.-ക്ക് നൽകിയ റിപ്പോർട്ടിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ഇല്ലെങ്കിൽ നടപടി എടുക്കാതിരിക്കാനുള്ള കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പരാതിയിന്മേൽ 9-2-2017-ന് കല്ലിയോട്ട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് കേൾവി നടത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) പി.ടി.എ. പ്രസിഡന്റ്, കല്ലിയോട്ട് ഗവൺമെന്റ് ഹൈസ്കൂളിലെ കായികാദ്ധ്യാപകനെ ജാതി പേര് വിളിച്ച് ആക്ഷേപിച്ച എന്നത് സംബന്ധിച്ചുള്ള പോലീസ് കേസ് തെളിവില്ലാത്തതിനാൽ തള്ളിക്കളയുകയും, പി.ടി.എ. അംഗങ്ങൾ ആരും തന്നെ കായികാദ്ധ്യാപകൻ ഉന്നയിച്ചതുപോലുള്ള സംഭവം ഉണ്ടായതായി അറിയിച്ചിട്ടുമില്ല. കൂടാതെ നാട്ടുകാരനായ കായികാദ്ധ്യാപകൻ പി.ടി.എ.-യുമായി സഹകരിക്കാത്തത് സ്കൂളിന് ഗുണകരമാവുകയുമില്ല. ആയതിനാൽ ടിയാനെതിരെ നടപടിയെടുക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ പദ്ധതി

177(1166) ശ്രീ. റോജി എം. ജോൺ :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിവരിക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇതനുസരിച്ച് ഒരുക്കുന്നത്; വിശദാംശം എന്തെല്ലാം;

(ഡി) പദ്ധതിയനുസരിച്ചുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി ഓരോ നിയോജക മണ്ഡലത്തിലെയും ഓരോ സ്കൂളുകളെ വീതം മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇതിനോടകം 113 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആദ്യഘട്ടത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള 37 സ്കൂളുകൾക്ക് പദ്ധതി നിർവ്വഹണത്തിനായുള്ള കിഫ്ബിയുടെ ധനസഹായത്തിന് അനുമതി ലഭ്യമായിട്ടുണ്ട്. ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. കൂടാതെ ഹൈസ്കൂൾ ഹയർ സെക്കന്ററി തലത്തിലുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി മാറ്റുക, മികച്ച പഠനാനുഭവങ്ങൾ ലഭ്യമാക്കുന്നതിന് ജൈവവൈവിധ്യ പാർക്കുകൾ സ്കൂളുകളിൽ സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. അക്കാദമിക മികവ് കൈവരിക്കുന്നതിലേയ്ക്കായി കാലാനുസൃതമായ മാറ്റങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് അദ്ധ്യാപകർക്കാവശ്യമായ പരിശീലന പരിപാടികളും നടപ്പിലാക്കിവരുന്നു.

(ബി) 7-11-2016-ൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള രൂപരേഖ അംഗീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികളെ ഹൈടെക് ക്ലാസ് മുറികളാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ പ്രസ്തുത സ്കൂളുകളുടെ ലൈബ്രറി, ലബോറട്ടറി നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. അക്കാദമികമികവ് കൈവരിക്കുന്നതിലേയ്ക്കായി പൂർണ്ണമായും ശിശുകേന്ദ്രീകൃതമായ അദ്ധ്യാപന-അദ്ധ്യയന രീതിക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് കാലാനുസൃതമായ മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് അദ്ധ്യാപകർക്കാവശ്യമായ പരിശീലന പരിപാടികളും നടപ്പിലാക്കിവരുന്നു. ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രാധാന്യം നൽകുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാതല ഇംഗ്ലീഷ് ഭാഷാ പഠനകേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

(ഡി) 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് എം.എൽ.എ.-മാർ ശിപാർശ ചെയ്തതുപ്രകാരമുള്ള സ്കൂളുകളുടെ ലിസ്റ്റ് ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## മട്ടാഞ്ചേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ ആൺകുട്ടികൾക്ക് പ്രവേശനം

178 (1167) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടാഞ്ചേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ആൺകുട്ടികൾക്ക് പ്രവേശനം നൽകുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആൺകുട്ടികൾക്കുകൂടി പ്രവേശനം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പൂർവ്വവിദ്യാർത്ഥി സംഘടനയുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത അപേക്ഷയിൽ ആവശ്യപ്പെട്ട പ്രകാരം അടുത്ത അദ്ധ്യയന വർഷം മുതൽ ആൺകുട്ടികളെകൂടി പ്രവേശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## സർക്കാർ സ്കൂളുകളിലെ നിലവാരം ഉയർത്തുന്നതിന് നടപടി

179 (1168) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ക്കൂളുകളെ കാലത്തിനനുസരിച്ചുള്ള മാറ്റങ്ങളിലേക്ക് ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ;

(ബി) സാധാരണ നിലവാരത്തിൽ നിന്നുവരുന്ന കുട്ടികളെ എല്ലാ മേഖലകളിലും മത്സര യോഗ്യരാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദ വിവരം നൽകുമോ ;

(സി) കെ.വി.പി.വൈ., ടാലന്റ് സെർച്ച് തുടങ്ങിയ പരീക്ഷകളിൽ സർക്കാർ സ്കൂളുകളിലെ കുട്ടികളെ പ്രാപ്തരാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ ഭൗതികമായും അക്കാദമികമായും കാതലായ മാറ്റങ്ങൾ വരുത്തി പൊതുവിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിരിക്കുന്ന 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' പദ്ധതി മുഖേന നിരവധി പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി സ്കൂളുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മെച്ചപ്പെട്ട ഐ.ടി. പശ്ചാത്തല സൗകര്യവും ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കുന്നതോടൊപ്പം അദ്ധ്യാപകർക്കും ജീവനക്കാർക്കും ഡിജിറ്റൽ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള പരിശീലനം, പഠനബോധന പ്രവർത്തനങ്ങൾ ആയാസ രഹിതവും രസകരവുമാക്കുന്നതിന് ഡിജിറ്റൽ ഉള്ളടക്ക നിർമ്മാണം, അക്കാദമികവും ഭരണപരവുമായ പ്രവർത്തനങ്ങൾക്ക് സഹായകമായ വിവിധ സോഫ്റ്റ്‌വെയർ സംവിധാനങ്ങൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു. എട്ടുമുതൽ പന്ത്രണ്ടുവരെയുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ നാൽപ്പത്തി അയ്യായിരം ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനും ഐ.ടി. ലാബ് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ നാല് അസംബ്ലി നിയോജകമണ്ഡലങ്ങളിലെ സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതി പൈലറ്റായി നടപ്പിലാക്കി. പൈലറ്റ് പദ്ധതി പൂർത്തിയാക്കിയ മണ്ഡലങ്ങൾക്കുപരിയായുള്ള 136 അസംബ്ലി നിയോജകമണ്ഡലങ്ങളിലെ സജ്ജമായ ക്ലാസ്സുകളിലേയ്ക്ക് ഉപകരണ വിതരണവും മറ്റ് പ്രവർത്തനങ്ങളും 2017 ഒക്ടോബറിൽ ആരംഭിക്കും. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകൾക്കാവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പദ്ധതിയുണ്ട്. ശിശുകേന്ദ്രീകൃതമായ അദ്ധ്യയനം നടപ്പിൽവരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ അദ്ധ്യാപക പരിശീലന പരിപാടികൾകൂടി ഉൾപ്പെടുത്തി വിവര സാങ്കേതികവിദ്യാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. കൂടാതെ കുട്ടികളുടെ നൈസർഗ്ഗികമായ അക്കാദമികേതര/പാഠ്യേതര കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള

സംവിധാനങ്ങളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇപ്രകാരം മികച്ച പഠന സൗകര്യം പൊതുവിദ്യാലയങ്ങളിൽ സൃഷ്ടിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ കാതലായ മാറ്റംവരുത്താൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മുഖേന ലക്ഷ്യമിടുന്നു.

പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന ഭൗതികവും അക്കാദമികവുമായ മാറ്റങ്ങളിൽ പ്രധാന പങ്ക് അദ്ധ്യാപകർ വഹിക്കുന്നുണ്ട്. അദ്ധ്യാപകരുടെ ശാക്തീകരണത്തിനായി മുഴുവൻ അദ്ധ്യാപകർക്കും കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് മതിയായ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കൂടാതെ on site supporting സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ആവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) കുട്ടികളിൽ അടിസ്ഥാന നൈപുണ്യം ഉറപ്പുവരുത്തുന്നതിനും പഠന സന്നദ്ധത സൃഷ്ടിക്കാനുമുള്ള പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് ലോകത്ത് എവിടെയുമുള്ള സമപ്രായക്കാരായ കുട്ടികൾക്കൊപ്പം അറിവും കഴിവും നേടാൻ കേരളത്തിലെ കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടുകൂടി എസ്.എസ്.എ. മുഖേന 'ഹലോ ഇംഗ്ലീഷ് ', 'മലയാളത്തിളക്കം', 'ശാസ്ത്രോത്സവം', 'ഗണിതോത്സവം' തുടങ്ങിയ വിവിധ പരിപാടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ കാലോചിതമായ പഠനനിലവാരം ഉറപ്പുവരുത്തുന്നതിനായി പാഠ്യപദ്ധതിയിൽ ഐ.സി.റ്റി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്.

(സി) പഠന സന്നദ്ധതയും മികവുകളും ശക്തിപ്പെടുത്തിക്കൊണ്ട് ഏത് മത്സര പരീക്ഷയും നേരിടാനും കുട്ടികളെ പ്രാപ്തരാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി രൂപപ്പെടുത്തിയിട്ടുള്ള കേരളത്തിലെ സ്കൂൾ പാഠ്യപദ്ധതി എല്ലാവിധത്തിലുള്ള അറിവുകളും കഴിവുകളും വളർത്തുന്ന തരത്തിൽ ശക്തിപ്പെടുത്താനുള്ള ശ്രമങ്ങൾ തുടരുന്നതാണ്.

**സർക്കാർ വിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലാക്കുന്ന പദ്ധതി**

180(1169) <u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ; 2017 ജൂൺ ഒന്നിന് മുമ്പ് എത്ര സ്കൂളുകൾ പ്രസ്തുത നിലവാരത്തിലെത്തിച്ചു;

(ബി) 45000 ക്ലാസ്സ് മുറികൾ സ്മാർട്ട് ആക്കുന്ന പദ്ധതി ഇതിനകം എത്ര വിദ്യാലയങ്ങളിൽ ആരംഭിച്ചുവെന്നും എത്ര ക്ലാസ്സ് മുറികൾ സ്മാർട്ട് ക്ലാസ്സ് ആക്കി മാറ്റുവാൻ സാധിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) കിഫ്ബിയിൽനിന്നും ഇതിനായി എത്ര തുക നീക്കിവച്ചു ; അതിൽ എത്ര തുക ചെലവഴിച്ചു;

(ഡി) സർക്കാർ വിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലാക്കുന്ന പദ്ധതിയുടെ പ്രതിഫലനം ഈ വർഷം സർക്കാർ സ്കൂളുകളിൽ പുതുതായി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണത്തിൽ പ്രതിഫലിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി മികച്ച അദ്ധ്യയന നിലവാരം ഉറപ്പാക്കുന്നതിന് വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി എല്ലാ നിയോജക മണ്ഡലങ്ങളിലെയും ഓരോ സ്കൂളുകളെവീതം മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഇതിനോടകം 113 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആദ്യഘട്ടത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള 37 സ്കൂളുകൾക്ക് പദ്ധതി നിർവ്വഹണത്തിനായുള്ള കിഫ്ബിയുടെ ധനസഹായത്തിന് അനുമതി ലഭ്യമായിട്ടുണ്ട്. അതോടൊപ്പം തന്നെ അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിവിധ സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ, വിശദമായ പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കിവരുന്നു. ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. അക്കാദമിക പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

- ഒന്നു മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികളുടെ പഠന പ്രയാസങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി ബേസ് ലൈൻ അച്ചീവ്മെന്റ് സർവ്വെ നടത്തി. പ്രയാസകരമായ മേഖലകൾ കണ്ടെത്തി പരിഹാര ബോധനത്തിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി.

- നിരന്തര മൂല്യനിർണ്ണയം ശക്തിപ്പെടുത്തുന്നതിനും ശിശുകേന്ദ്രീകൃത വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുമായി മുഴുവൻ അദ്ധ്യാപകർക്കും പരിശീലനം നൽകി.

- സൂക്ഷ്മതല പാഠാസൂത്രണവും അനുബന്ധ സാമഗ്രികളും ഡിജിറ്റൽ വിഭവങ്ങളും എല്ലാ ക്ലാസുകളിലെയും എല്ലാ അദ്ധ്യാപകർക്കും ലഭ്യമാക്കുന്നതിനായി ഐറ്റി @സ്കൂളുമായി ചേർന്ന് സമഗ്ര പോർട്ടൽ ആരംഭിച്ചു.

- മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ കൂടുതൽ ജനാധിപത്യവൽക്കരിക്കു ന്നതിന്റെ ഭാഗമായി 'ചോദ്യജാലകം' എന്ന സോഫ്റ്റ്‌വെയർ തുടങ്ങി എല്ലാ അദ്ധ്യാപകർക്കും ചോദ്യങ്ങൾ അപ്‌ലോഡ് ചെയ്യാനുള്ള സംവിധാനം ഒരുക്കി.

  ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രാധാന്യം നൽകുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാതല ഇംഗ്ലീഷ് പഠന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

  സ്കൂളുകളെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി അക്കാദമിക മികവ് കൈവരിക്കുന്നതിന് ഉതകുന്ന വിധത്തിലുള്ള വിവര സാങ്കേതികവിദ്യാധിഷ്ഠിതമായ പരിശീലനം 2017 ജൂൺ 1-ന് മുമ്പായി തന്നെ അദ്ധ്യാപകർക്ക് നൽകിക്കഴിഞ്ഞു.

(ബി) ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് അസംബ്ലി നിയോജക മണ്ഡലങ്ങളിലെ എട്ട് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 125 വിദ്യാലയങ്ങളിലും തിരുവനന്തപുരം, ഇടുക്കി, എറണാകുളം, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത 7 സർക്കാർ ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകളിലുമായി 1445 ക്ലാസ് മുറികൾ ഹൈടെക് ക്ലാസ് മുറികളാക്കി. മറ്റു മണ്ഡലങ്ങളിലെ സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

(സി) കിഫ്ബിയിൽനിന്ന് ഹൈടെക് സ്കൂൾ പദ്ധതിക്കായി 493.5 കോടിയുടെ പ്രൊപ്പോസലിന് അംഗീകാരം ലഭിച്ചു. കെൽട്രോൺ മുഖേന ഐ.ടി. ഉപകരണങ്ങൾ സ്കൂളുകൾക്ക് ലഭ്യമാക്കുന്നതിനായി ടെണ്ടർ നടപടികളും തുടർ പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. ഇതുവരെ സ്കൂളുകൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കിയതിന് 1.21 കോടി രൂപ ചെലവഴിച്ചു.

(ഡി) ഉണ്ട്.

**വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബയോമെട്രിക് പഞ്ചിംഗ്**

181 (1170) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സമയക്ലിപ്തത പാലിക്കപ്പെടുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ?

(ബി) നൂതന സാങ്കേതികവിദ്യ നിലവിലുള്ള സാഹചര്യത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഓൺലൈൻ പഞ്ചിംഗ് സംവിധാനം വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുമോ ;

(സി) നിലവിൽ ഇതിനു എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) നിലവിൽ പരിഗണനയിലില്ല.

## വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വൈകല്യങ്ങളുള്ള കുട്ടികൾക്ക് സീറ്റുസംവരണം

182 (1171) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതർക്കായുള്ള 1995-ലെ ദേശീയ നിയമത്തിന്റെ 39-ാം വകുപ്പ് പ്രകാരം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വൈകല്യങ്ങളുള്ള കുട്ടികൾക്ക സീറ്റുകൾ സംവരണം ചെയ്യുന്നത് സംബന്ധിച്ച നിബന്ധനകൾ പാലിക്കണമെന്ന് അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറിൽനിന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിർദ്ദേശത്തിന്റെ വിശദാംശങ്ങളും വൈകല്യങ്ങളുള്ള കുട്ടികൾക്ക സീറ്റുകൾ സംവരണം ചെയ്യുന്നത് സംബന്ധിച്ച നിബന്ധനകളും എന്താണെന്ന് വ്യക്തമാക്കാമോ;

(സി) എല്ലാ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളും സർക്കാരിൽനിന്നും ധനസഹായം ലഭിക്കുന്ന മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളും മൂന്ന് ശതമാനത്തിൽ കുറയാതെ സീറ്റുകൾ ഇവർക്കായി സംവരണം ചെയ്യണമെന്ന നിയമമുണ്ടോ;

(ഡി) യൂണിവേഴ്സിറ്റി പരീക്ഷകളിൽ അംഗപരിമിതർക്ക് ഗ്രേസ് മാർക്ക് നൽകണമെന്ന നിയമമുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഇത്തരത്തിൽ ഗ്രേസ് മാർക്ക് നൽകിയിട്ടുള്ള കുട്ടികളുടെ എണ്ണം യൂണിവേഴ്സിറ്റി, കോളേജ് എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ഈ അദ്ധ്യയന വർഷം ബിരുദ, ബിരുദാനന്തര, പ്രൊഫഷണൽ കോഴ്സുകളിലെ അഡ്മിഷൻ സംവരണത്തിനും പ്രത്യേക അലോട്ട്മെന്റിനും എത്ര ഭിന്നശേഷിയുള്ള കുട്ടികൾ അപേക്ഷിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര അപേക്ഷകളിന്മേൽ അനുകൂല നടപടി ഉണ്ടായെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) അംഗപരിമിതർക്കായുള്ള 1995-ലെ ദേശീയ നിയമത്തിന്റെ 39-ാം വകുപ്പ് പ്രകാരം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വൈകല്യങ്ങളുള്ള കുട്ടികൾക്ക് 3 ശതമാനം സീറ്റുകൾ സംവരണം ചെയ്യുന്നത് സംബന്ധിച്ച നിബന്ധനകൾ പാലിക്കണമെന്ന് പത്രമാധ്യമങ്ങൾ, ഇലക്ട്രോണിക് മീഡിയ എന്നിവ വഴി പ്രചരണം നൽകുന്നതിന് വിവര പൊതുജനസമ്പർക്ക വകുപ്പിന് 2-6-2017-ലെ 841/17/ എസ്.1/എസ്.സി.പി.ഡബ്ല്യൂ. ജി നമ്പർ സർക്കുലർ പ്രകാരം സംസ്ഥാന കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി &ഇ) ഉണ്ട്. വിവിധ സർവ്വകലാശാലകളിൽനിന്നും വിവരങ്ങൾ ശേഖരിച്ച നൽകുന്നതാണ്.

## സർക്കാർ വിദ്യാലയങ്ങളുടെ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ

183 (1172) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു മണ്ഡലത്തിൽ ഒരു സർക്കാർ വിദ്യാലയം അന്താരാഷ്ട്ര നിലവാരത്തിൽ എന്ന പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിൽ ഏത് സ്കൂളിനെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ആയതിന്റെ പ്രോജക്ട് അംഗീകരിച്ച് എ.എസ്. നൽകിയിട്ടുണ്ടോ; നിർമ്മാണ നിർവ്വഹണം ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(ബി) രണ്ട് എൽ.പി.-യു.പി. സ്കൂളുകൾ ഒന്ന് എയ്ഡഡ്, ഒന്ന് സർക്കാർ എന്ന പ്രകാരം ഓരോ മണ്ഡലത്തിലും ഒരു കോടി രൂപ അനുവദിച്ച് നിലവാരം ഉയർത്തുന്ന പദ്ധതി പ്രഖ്യാപിച്ചതനുസരിച്ച് അരൂർ മണ്ഡലത്തിൽ നിന്നും അരൂർ എം.എൽ.എ. നിർദ്ദേശിച്ച മറ്റത്തിൽഭാഗം യു.പി. സ്കൂളിനെയും സെന്റ് ഫ്രാൻസിസ് എൽ.പി.എസ്. എരമല്ലൂരിനെയും ഉൾപ്പെടുത്തി ഉത്തരവ് എന്തെങ്കിലും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടൻ നൽകുമോ; ആയതിന്റെ തുടർ നടപടികൾ വിശദമാക്കാമോ;

(സി) 3 കോടി രൂപ വീതം നൽകി നിലവാരം ഉയർത്തുന്നതിന് പരിഗണിക്കുന്നതിനായി അരൂർ മണ്ഡലത്തിൽനിന്നും തിരുനല്ലൂർ എച്ച്.എസ്.എസ്.-നെയും പെരുമ്പളം എച്ച്.എസ്.എസ്.-നെയും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ആയതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏതെങ്കിലും അംഗീകൃത ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) ഒരു മണ്ഡലത്തിൽ 50000 രൂപ എന്ന പ്രകാരം മുടക്കി 7 ജൈവ വൈവിധ്യ ഉദ്യാനങ്ങൾ അനുവദിക്കുമെന്ന പ്രഖ്യാപനത്തിന്റെ നടപ്പിലാക്കൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ആരെയാണ് നിർവ്വഹണം ഏല്പിച്ചിട്ടുള്ളത്; അരൂർ മണ്ഡലത്തിൽ നിന്ന് ഏതെല്ലാം വിദ്യാലയങ്ങളേയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; ഇവിടെ എന്നത്തേക്ക് പദ്ധതി നിർവ്വഹിക്കാനാവുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്നു വ്യക്തമാക്കാമോ?

### ഉത്തരം

(എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി ഒരു മണ്ഡലത്തിൽനിന്നും ഒരു സർക്കാർ വിദ്യാലയം മികവിന്റെ കേന്ദ്രമായി ഉയർത്തുന്ന പ്രവർത്തനങ്ങൾക്ക് അരൂർ നിയോജക മണ്ഡലത്തിലെ ചന്തിരൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് ഭരണാനുമതി നൽകുകയും അപ്രകാരം ടി സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ധനസഹായത്തിനായി കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബി അംഗീകാരം ലഭ്യമാക്കുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അംഗീകൃത ഏജൻസിയെ ചുമതലപ്പെടുത്തുന്നതാണ്.

(ബി) ഓരോ നിയോജകമണ്ഡലത്തിലും ഓരോ കോടി രൂപ അനുവദിച്ച് നിലവാരം ഉയർത്തുന്ന പദ്ധതി പ്രഖ്യാപിച്ചതനുസരിച്ച് അരൂർ മണ്ഡലത്തിൽനിന്നും അരൂർ എം.എൽ.എ. നിർദ്ദേശിച്ച മറ്റത്തിൽ യു.പി. സ്കൂളിന്റെയും സെന്റ് ഫ്രാൻസിസ് എൽ.പി.എസ്. എരമല്ലൂരിന്റെയും മാസ്റ്റർ പ്ലാൻ ലഭിച്ചിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി അരൂർ മണ്ഡലത്തിൽനിന്നും തിരുനല്ലൂർ ഹയർ സെക്കണ്ടറി സ്കൂളിനെ 2017-18-ലെ ബജറ്റ് പ്രസംഗത്തിലെ ലിസ്റ്റിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്തിട്ടുണ്ട്. പെരുമ്പളം എച്ച്.എസ്.എസ്.ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

(ഡി) തിരുനല്ലൂർ ഹയർ സെക്കന്ററി സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി അംഗീകൃത ഏജൻസിയായ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഇ) ജൈവ വൈവിധ്യ ഉദ്യാനങ്ങൾ സ്കൂളുകളിൽ എന്ന പദ്ധതിക്ക് ഭരണാനുമതി നൽകുകയും അപ്രകാരം 761 സ്കൂളുകൾക്ക് പദ്ധതി നിർവ്വഹണത്തിനായി 10,000 രൂപവീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അരൂർ നിയോജക മണ്ഡലത്തിൽനിന്ന് ആദ്യഘട്ടത്തിൽ സ്കൂളുകളൊന്നും തെരഞ്ഞെടുത്തിട്ടില്ല.

## പ്രൊഫഷണൽ കോഴ്സുകൾക്കായി കോച്ചിംഗ് സെന്ററുകൾ

184 (1173) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പ്രൊഫഷണൽ കോഴ്സുകൾക്കായി കോച്ചിംഗ് സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം കോഴ്സുകൾ ലക്ഷ്യമാക്കിയാണ് കോച്ചിംഗ് സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്എന്നറിയിക്കാമോ;

(സി) എല്ലാ ജില്ലകളിലും ഇത്തരം സെന്ററുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല. എന്നാൽ സംസ്ഥാനത്തെ 141 വിദ്യാലയങ്ങളിൽ പ്രൊഫഷണൽ കോളേജ് പ്രവേശന പരീക്ഷയുടെ പരിശീലന ക്ലാസ്സുകൾ, പീക്സ് 2017-18 എന്നിവ ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പും ഐ.ടി @ സ്കൂളും ചേർന്ന് നടത്തുന്നുണ്ട്.

(സി) ഇല്ല.

## സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ കുട്ടികൾ കുറയുന്നതിനുള്ള കാരണം

185 (1174) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം പത്ത് വിദ്യാർത്ഥികളിൽ താഴെ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ എത്ര സർക്കാർ/എയ്ഡഡ് സ്കൂളുകൾ ഉണ്ട്; അവ ഏതൊക്കെയാണ്;

(ബി) സർക്കാർ സ്കൂളുകളിൽ പ്രവേശനോത്സവം പോലുള്ള പരിപാടികളും പൊതുവിദ്യാഭ്യാസ നവീകരണ പരിപാടികളും സംഘടിപ്പിച്ചിട്ടും സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ കുട്ടികൾ കുറയുന്നതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കുട്ടികളെ സർക്കാർ സ്കൂളുകളിലേക്ക് ആകർഷിക്കുന്ന തരത്തിലുള്ള നൂതന വിദ്യാഭ്യാസ സമ്പ്രദായം നടപ്പിലാക്കുന്നതിനും രക്ഷിതാക്കളെ ബോധവൽക്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഈ വർഷം പത്ത് വിദ്യാർത്ഥികളിൽ താഴെ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ 2,454 സർക്കാർ/എയ്ഡഡ് സ്കൂളുകളുണ്ട്. അവയുടെ ലിസ്റ്റ് ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(ബി) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2017-18 അദ്ധ്യയനവർഷത്തിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) കുട്ടികളുടെ എണ്ണം വരുംവർഷങ്ങളിലും കൂടുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

## ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ വിദ്യാഭ്യാസ സമുച്ചയ നിർമ്മാണം

186 (1175) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ വിദ്യാഭ്യാസ സമുച്ചയ നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഈ സ്ഥലത്തുള്ള പഴയ എ.ഇ.. ഓഫീസ് കെട്ടിടം പൊളിച്ചു മാറ്റുന്നതിന്റെ കാലതാമസം വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റുന്നത് സംബന്ധിച്ച ഉത്തരവ് വൈകുന്നത് വിദ്യാഭ്യാസ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള അനുമതി എന്ന് ലഭിക്കുമെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ-ഡി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ വിദ്യാഭ്യാസ സമുച്ചയം നിർമ്മിക്കുന്നതിന് അഞ്ചുകോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സമുച്ചയം നിർമ്മിക്കുന്നതിലേയ്ക്കായി നിലവിലെ പഴയ കെട്ടിടത്തിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന ചെങ്ങന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് ചെങ്ങന്നൂർ ഡയറ്റിൽ താൽക്കാലികമായി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പഴയ കെട്ടിടം പൊളിച്ചു മാറ്റുവാൻ അനുവാദം നൽകുന്നതിനുള്ള അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

**സ്കൂളുകളിൽ മലയാളഭാഷാ പഠനം**

187 (1176) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയനവർഷം മുതൽ മലയാളം നിർബന്ധിത ഭാഷാ ആക്ടിന്റെ അടിസ്ഥാനത്തിൽ ഒന്ന് മുതൽ പത്തു വരെയുള്ള ക്ലാസ്സുകളിൽ മലയാളഭാഷാ പഠനം നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇനിയും എത്ര സ്കൂളുകളിൽ നടപ്പിലാക്കാനുണ്ടെന്നറിയിക്കുമോ; വിശദമായ ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്കൂളുകളുടെ നിരാക്ഷേപപത്രം റദ്ദാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; ന്യൂനതകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മലയാളം പഠിപ്പിക്കേണ്ടതില്ലാത്ത വിദ്യാലയങ്ങളിൽ ഒന്നാംതരം മുതൽ (സ്കൂളിലെ ഏറ്റവും താഴ്ന്ന ക്ലാസ്സ് മുതൽ) ക്രമാനുഗതമായി പത്താംതരം വരെ മലയാളഭാഷ പഠിപ്പിക്കണമെന്നാണ് മലയാളഭാഷാ പഠന ആക്ട് വിഭാവന ചെയ്യുന്നത്. ഈ ആക്ടിനെ സംബന്ധിച്ച ചട്ടങ്ങളുടെ നിർമ്മാണം പൂർത്തിയായതിനുശേഷം മാത്രമേ ഇത്തരം സ്കൂളുകളിൽ മലയാളഭാഷാ പഠനം ആരംഭിക്കാൻ കഴിയൂ.

(ബി) മലയാളഭാഷാപഠന ആക്ട് സംബന്ധിച്ച ചട്ടങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടില്ലാത്തതിനാൽ മലയാളം പഠിപ്പിക്കേണ്ടതില്ലാത്ത സ്കൂളുകളിൽ മലയാള ഭാഷാ പഠനം ആരംഭിച്ചിട്ടില്ല.

(സി) മലയാളം പഠിപ്പിക്കേണ്ടതില്ലാത്ത സ്കൂളുകളിൽ മലയാള ഭാഷാ പഠന ആക്ടിന്റെ അടിസ്ഥാനത്തിൽ മലയാളഭാഷാ പഠനം ആരംഭിച്ചിട്ടില്ല. ഇതുസംബന്ധിച്ച ചട്ടങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടില്ല എന്നതാണ് കാരണം. ആയതിനാൽ മലയാളഭാഷ പഠിപ്പിക്കാത്ത സ്കൂളുകളുടെ നിരാക്ഷേപപത്രം പിൻവലിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

(ഡി) നിയമ വകുപ്പിന്റെ മേൽനോട്ടത്തിലാണ് മലയാളഭാഷാപഠന ആക്ട് രൂപംകൊണ്ടിട്ടുള്ളത്. കരട് ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടാൽ അത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

### അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

188 (1177) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന വിദ്യാഭ്യാസ സ്കോളർഷിപ്പ് ചേർത്തല ഡി.ഇ.ഒ. പരിധിയിലുള്ള എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ലഭിക്കാനുണ്ട്; എന്ത് കാരണങ്ങളാലാണ് അത് നൽകാൻ കഴിയാത്തത്;

(ബി) വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നതുമായി ബന്ധപ്പെട്ട് എത്ര മാസത്തെ കുടിശ്ശികയാണ് നൽകാനുള്ളത്; ഇത് എന്നത്തേക്ക് കൊടുക്കാനാവും എന്ന് വ്യക്തമാക്കുമോ?

#### ഉത്തരം

(എ&ബി) ഒന്ന് മുതൽ എട്ടാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് 2016-17 വർഷത്തെ സ്കോളർഷിപ്പ് തുക പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2017-18 വർഷത്തെ 22831 കുട്ടികൾക്ക് 5,59,96,350 (അഞ്ചു കോടി അമ്പത്തി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി മുന്നൂറ്റി അൻപത്) രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. 9 മുതൽ 12 വരെയുള്ള ക്ലാസുകളിലെ 19941 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ച തുക അർഹരായ കുട്ടികളുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും വൊക്കേഷണൽ ഹയർ സെക്കന്ററി അസിസ്റ്റന്റ് ഡയറക്ടർമാർക്കും ആർ.എം.എസ്.എ.-യിൽ നിന്ന് കൈമാറിയിട്ടുണ്ട്. ചേർത്തല ഡി.ഇ.ഒ.-യ്ക്ക് 5,42,400 (അഞ്ചുലക്ഷത്തി നാൽപത്തി രണ്ടായിരത്തി നാനൂറ്) രൂപ ഈ ഇനത്തിൽ അനുവദിക്കുകയുണ്ടായി.

## സ്കൂളുകളിൽ ജൈവ വൈവിധ്യ പാർക്ക്

189 (1178) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ജൈവ വൈവിധ്യ ഉദ്യാന പാർക്കിന് ഏതെല്ലാം സ്കൂളുകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്കൂളുകളിൽ ജൈവ വൈവിധ്യ പാർക്കിന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) പ്രസ്തുത ജൈവ വൈവിധ്യ പാർക്കിനായി നിലവിൽ എന്തെല്ലാം നടപടികൾ പ്രസ്തുത സ്കൂളുകളിൽ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജൈവ വൈവിധ്യ ഉദ്യാന പാർക്കിനായി തെരഞ്ഞെടുത്ത 7 സ്കൂളുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

1. ഫാത്തിമ മാത യു.പി. സ്കൂൾ, മാലിപ്പാറ
2. ഗവൺമെന്റ് എൽ.പി. സ്കൂൾ, വെണ്ടുവഴി
3. ഗവൺമെന്റ് എൽ.പി.സ്കൂൾ, കുറ്റിയാഞ്ചാൽ
4. എം.എൽ.പി. സ്കൂൾ, മൈലൂർ
5. സെന്റ് ജോസഫ് യു.പി. സ്കൂൾ, നെല്ലിമറ്റം
6. ഗവൺമെന്റ് യു.പി. സ്കൂൾ, പാനിപ്ര
7. ഗവൺമെന്റ് യു.പി. സ്കൂൾ, ചെങ്കര

(ബി) കുളങ്ങൾ, ചിത്രശലഭ പാർക്ക് എന്നിവയുടെ നിർമ്മാണം, ഫലവൃക്ഷങ്ങൾ, ഔഷധ സസ്യങ്ങൾ, പൂച്ചെടികൾ, കുറ്റിച്ചെടികൾ, പച്ചക്കറികൾ തുടങ്ങിയവ വച്ചുപിടിപ്പിക്കുക, കുളങ്ങളിൽ മത്സ്യങ്ങളും ജലസസ്യങ്ങളും വളർത്തൽ എന്നിവയും ജൈവ വൈവിധ്യ പാർക്കിന്റെ ഭാഗമായി സ്കൂളുകളിൽ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. കൂടാതെ, സ്ഥലപരിമിതിയുള്ള സ്കൂളുകളിൽ ഹാങ്ങിംഗ് ഗാർഡൻ നിർമ്മിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ സ്ഥലം ഒരുക്കിയിട്ടുണ്ട്. കൂടാതെ ചില സ്കൂളുകളിൽ നിർമ്മാണവും തുടങ്ങിയിട്ടുണ്ട്.

## വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കൽ പദ്ധതി

190 (1179) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലി മണ്ഡലത്തിലെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി കായംകുളം ഗവ. ബോയ്സ് എച്ച്.എസ്.എസ്., രാമപുരം ഗവ.എച്ച്.എസ്. എസ്., ഭരണിക്കാവ് ഗവ. യു. പി. എസ്. എന്നിവയുടെ വിശദമായ പ്രോജക്ട് സമർപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി കായംകുളം നിയോജകമണ്ഡലത്തിലെ കായംകുളം ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് ധനസഹായത്തിനും അംഗീകാരത്തിനുമായി കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാമത്തെ പദ്ധതിയായ അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള രാമപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ വിശദമായ പ്രോജക്ട്റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ഭരണിക്കാവ് ഗവൺമെന്റ് യു.പി.എസ്.-ന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള ശിപാർശ പരിശോധിച്ചുവരുന്നു.

## ചാലക്കുടിയിൽ എ.ഇ.ഒ. ഓഫീസ്

191 (1180) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽ താലൂക്ക് അനുവദിച്ച്, പ്രവർത്തനം ആരംഭിച്ച് വർഷങ്ങൾ പിന്നിട്ട സാഹചര്യത്തിൽ ചാലക്കുടിയിൽ എ.ഇ.ഒ. ഓഫീസ് അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

നിലവിൽ ചാലക്കുടിയിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് സർക്കാർവക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നതിനാൽ പ്രസ്തുത ഓഫീസ് അനുവദിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിൽ ഇല്ല.

## ശാസ്ത്രപോഷിണി ലാബുകൾ

192 (1181) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ശാസ്ത്രപോഷിണി ലാബുകൾ സ്ഥാപിക്കുന്നതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുമോ;

(ബി) ശാസ്ത്രപോഷിണി ലാബുകൾ സ്ഥാപിക്കുന്നതിന് ആരെയാണ് ചുമതല പ്പെടുത്തിയിട്ടുള്ളത് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സ്കൂളുകളിൽ ശാസ്ത്രപോഷിണി ലാബുകൾ സ്ഥാപിക്കുന്നതിന് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്ന് ഒരു പദ്ധതിക്ക് രൂപം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നു.

## അദ്ധ്യാപികയുടെ നിയമനാംഗീകാരം

193 (1182) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ മാറാക്കര V.V.M. HSS-ലെ സുസ്മിത. പി.യു. എന്ന അദ്ധ്യാപികയുടെ നിയമനാംഗീകാരം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ നിലവിലുണ്ടോ;

(ബി) ഹൈസ്കൂൾ വിഭാഗം നാച്ചുറൽ സയൻസ് അദ്ധ്യാപികയായ ടിയാളുടെ നിയമനാംഗീകാരം സമയബന്ധിതമായി അംഗീകരിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമായാലുടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## വിദ്യാലയങ്ങളിലെ പാചക തൊഴിലാളികൾക്ക് പെൻഷൻ

194 (1183) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ വർഷങ്ങളായി ജോലിചെയ്തുവരുന്ന പാചക തൊഴിലാളികൾക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് പ്രതിമാസ പെൻഷൻ; പ്രതിമാസ പെൻഷൻ വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്തെ ഉച്ചഭക്ഷണ പദ്ധതിയിലുൾപ്പെട്ട സ്കൂളുകളിലെ പാചക തൊഴിലാളികളെ ദിവസവേതന വ്യവസ്ഥയിലാണ് നിയമിച്ചിട്ടുള്ളത്. ആയതിനാൽ പാചക തൊഴിലാളികൾക്ക് പെൻഷൻ നിലവിൽ അനുവദിച്ചിട്ടില്ല.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

195 (1184) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മണലൂർ മണ്ഡലത്തിലെ കണ്ടശ്ശാംകടവ് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി ഗവ. എച്ച്.എസ്.എസ്, മുല്ലശ്ശേരി ഗവ.എച്ച്.എസ്.എസ്, ഗവ. എൽ.പി. സ്കൂൾ കേമ്പേരി എന്നീ സ്കൂളുകളുടെ വികസന പ്രവർത്തനങ്ങൾക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ?

ഉത്തരം

മണലൂർ മണ്ഡലത്തിലെ കണ്ടശ്ശാംകടവ് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി ഗവൺമെന്റ് എച്ച്.എസ്.എസ്. എന്ന സ്കൂൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രമാക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്കൂളുകളുടെ ആദ്യഘട്ട ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത സ്കൂളിന് 2016-17 സാമ്പത്തിക വർഷത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്ലാൻ ഫണ്ടിൽനിന്നും 412 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മുല്ലശ്ശേരി ഗവൺമെന്റ് എച്ച്.എസ്.എസ്.-നെ മികവിന്റെ കേന്ദ്രമാക്കുന്ന പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ധനസഹായത്തിനായി കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഗവൺമെന്റ് എൽ.പി. സ്കൂൾ, കേച്ചേരി, ചൂണ്ടൽ എന്ന സ്കൂളിന്റെ മാസ്റ്റർ പ്ലാൻ/പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. ലഭിക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

196 (1185) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ അടിസ്ഥാന സൗകര്യവികസനത്തിലും ഹൈടെക് സംവിധാനം ഒരുക്കുന്നതിലും നിലവിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് സർക്കാരിന് സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തിട്ടുള്ളത്;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയിപ്പിക്കുന്നതിന് സംസ്ഥാന തലം മുതൽ സ്കൂൾതലം വരെ ഏതൊക്കെ സമിതികൾ രൂപീകരിക്കാനാണ് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്;

(സി) പുതിയ സർക്കാർ വന്നതിനുശേഷം പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താൻ സ്വീകരിച്ച പ്രത്യേക നടപടികൾ എന്തെല്ലാമാണ്;

(ഡി) പ്രീ-പ്രൈമറി പഠനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; പുതുതായി എന്തൊക്കെ പദ്ധതികളാണ് പ്രീ-പ്രൈമറിക്കായി സർക്കാർ ആവിഷ്കരിക്കുന്നത്?

ഉത്തരം

(എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനം, ഹൈടെക് സംവിധാനം ഒരുക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ കിഫ്ബിയുടെ ധനസഹായത്തോടുകൂടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' വിജയിപ്പിക്കുന്നതിന് സംസ്ഥാനതലം മുതൽ സ്കൂൾതലം വരെ ചുവടെ ചേർക്കുന്ന സമിതികൾ രൂപീകരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്:

1. സംസ്ഥാനതല കർമ്മസേന.
2. കർമ്മസേന നിർവ്വാഹക സമിതി.
3. ജില്ലാതല കർമ്മസേന.
4. മണ്ഡലതല സമിതി.
5. തദ്ദേശസ്വയംഭരണതല കമ്മിറ്റി.
6. സ്കൂൾതല കമ്മിറ്റി.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനുവേണ്ടി 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ഡി) പൂർണ്ണമായും ശിശുകേന്ദ്രീകൃതമായി അങ്കണവാടി, പ്രീപ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥി സമീപന രീതി (പഠനരീതി) ആധുനികമായി പരിഷ്കരിക്കുകയും അതനുസരിച്ച് അദ്ധ്യാപക പരിശീലനം സംഘടിപ്പിക്കുകയും 5 വയസ്സുവരെ കുട്ടി ആർജ്ജിക്കേണ്ട കാര്യങ്ങൾ ആർജ്ജിച്ചു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നതിനുതകുന്ന പാഠ്യപദ്ധതി പ്രവർത്തനങ്ങളാണ് നിലവിൽ നടപ്പിലാക്കിവരുന്നത്.

**പൊതുവിദ്യാഭ്യാസ സംരക്ഷണം**

197 (1186) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷം സർക്കാർ വിദ്യാലയങ്ങളിൽ പ്രവേശിച്ച വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധന ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) വിവരസാങ്കേതിക വിദ്യയുടെ നൂതന സാധ്യതകൾ ഉപയോഗിച്ചു കൊണ്ട് പഠനം കൂടുതൽ രസകരവും ആയാസരഹിതവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള നാല്പത്തിയയ്യായിരം ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനും ഐ.ടി. ലാബ് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 2017-18 അദ്ധ്യയന വർഷത്തിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഒന്നാം ക്ലാസ്സിൽ 12,198 കുട്ടികൾ മുൻവർഷത്തേക്കാൾ കൂടുതലായി പ്രവേശനം നേടിയിട്ടുണ്ട്. കൂടാതെ 2 മുതൽ 10 വരെ ക്ലാസ്സുകളിൽ താഴ്ന്നക്ലാസ്സുകളിൽ (1 മുതൽ 9 വരെ) നിന്ന് സ്വാഭാവികമായി പ്രൊമോട്ട് ചെയ്തുവന്ന വിദ്യാർത്ഥികളുടെ എണ്ണത്തിനു പുറമേ 1,44,367 വിദ്യാർത്ഥികൾ കൂടുതലായി പ്രവേശനം നേടിയതായി കണക്കാക്കിയിട്ടുണ്ട്.

(ബി) വിവരവിനിമയ സാങ്കേതികവിദ്യ ഇതര മേഖലകളിലെന്നപോലെ വിദ്യാഭ്യാസ മേഖലയിലും ഫലപ്രദമായി ഉപയോഗിക്കുന്നതിനും പാഠങ്ങൾ കൂടുതൽ രസകരവും ആയാസരഹിതവുമാക്കുന്നതിനും ഐ.ടി. പശ്ചാത്തല സൗകര്യങ്ങളും പഠനവിഭവങ്ങളും പരിശീലനവും ലഭ്യമാക്കുന്നു. ഡിജിറ്റൽ പഠന വിഭവങ്ങൾ, ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലേയ്ക്ക് ഒന്നാം ടേമിലേയ്ക്കുള്ള ഓരോ പാഠത്തിന്റെയും പാഠാസൂത്രണം, ഓരോ ക്ലാസ്സിലേയ്ക്കുമുള്ള ചോദ്യശേഖരം തുടങ്ങിയവ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിന് ഓൺലൈൻ സംവിധാനം ഒരുക്കിയിട്ടുണ്ട്.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എട്ട് മുതൽ പന്ത്രണ്ടുവരെയുള്ള നാൽപ്പത്തി അയ്യായിരം ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനും ഐ.ടി.ലാബ് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചു. ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ നാല് അസംബ്ലി നിയോജക മണ്ഡലങ്ങളിലെ സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതി പൈലറ്റായി നടപ്പിലാക്കി. പദ്ധതി നടപ്പിലാക്കുന്നതിനായി ഭൗതിക സാഹചര്യങ്ങളും ക്ലാസ് മുറികളും സജ്ജമാക്കുന്നതും അതത് സ്കൂളുകൾത്തന്നെ ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി 493.5 കോടിയുടെ പ്രൊപ്പോസലിന് 'കിഫ്ബി'യുടെ അംഗീകാരം ലഭിച്ചു. കേരളാ ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്ന പേരിൽ ഐ.ടി. @ സ്കൂളിനെക്കൂടി ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകൾ സജ്ജമാക്കിയ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതിനും പരിശോധിക്കുന്നതിനും ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകളിലേയ്ക്ക് ഐ.ടി. ഉപകരണ വിതരണം നടത്തുന്നതിനു മുമ്പ് ക്ലാസ് മുറികൾ സജ്ജമാക്കിയത് സംബന്ധിച്ച പരിശോധന നടത്തുന്നതിന് ഐ.ടി.@സ്കൂൾ പ്രോജക്ടിന്റെ മാസ്റ്റർ ട്രെയിനർമാർ നേരിട്ട് സ്കൂൾ സന്ദർശനം നടത്തുന്നു. പൈലറ്റ് പദ്ധതി പൂർത്തിയാക്കിയ മണ്ഡലങ്ങൾക്ക് ഉപരിയായുള്ള 136 അസംബ്ലി നിയോജകമണ്ഡലങ്ങളിലെ സജ്ജമായ ക്ലാസ്സുകളിലേയ്ക്ക് ഉപകരണ വിതരണവും മറ്റ് പ്രവർത്തനങ്ങളും 2017 ഒക്ടോബറിൽ ആരംഭിക്കും.

**ഹയർ സെക്കണ്ടറി തലത്തിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ**

198 (1187) <u>ശ്രീ. കെ. സി. ജോസഫ്</u> :

<u>ശ്രീ. റോജി എം. ജോൺ</u> :

<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഹയർസെക്കന്ററി തലത്തിൽ എന്തൊക്കെ പരിഷ്കാരങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ വർഷം സി.ബി.എസ്.ഇ. പത്താംതരം പാസ്സായ എത്ര വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ പ്ലസ്സ് വൺ കോഴ്സിന് പ്രവേശനം ലഭിച്ചു എന്നറിയിക്കുമോ ;

(സി) ഓരോ വർഷവും സി.ബി.എസ്.ഇ.-യിൽനിന്നും സംസ്ഥാന സിലബസിലേക്ക് മാറുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്നുണ്ടോ; ഉണ്ടെങ്കിൽ സംസ്ഥാന സിലബസിൽ ഹയർ സെക്കന്ററി മേഖല പുലർത്തുന്ന മികച്ച ഗുണനിലവാരത്തെയാണോ ഇത് സൂചിപ്പിക്കുന്നത്എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2016-17 അദ്ധ്യയന വർഷം ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ നാല് നിയോജകമണ്ഡലങ്ങളിലെ സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതിയുടെ പ്രവർത്തനങ്ങൾ പൈലറ്റായി ആരംഭിക്കുകയും അവ നടപ്പിലാക്കുകയും ചെയ്തു. ശേഷിക്കുന്ന 136 നിയോജകമണ്ഡലങ്ങളിലെ സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയിലൂടെ ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം ലബോറട്ടറി, ലൈബ്രറി നവീകരണ പ്രവർത്തനങ്ങളും നടപ്പിലാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. അക്കാദമിക മികവ് കൈവരിക്കുക എന്ന ലക്ഷ്യം സാധിക്കുന്നതിനായി അദ്ധ്യാപന-അദ്ധ്യയന തലങ്ങളിൽ കാതലായ മാറ്റം വരുത്തുന്നതിന് ഉതകുന്ന അദ്ധ്യാപക പരിശീലന പരിപാടികളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. അദ്ധ്യാപക പരിശീലന പരിപാടികളിലും കാലോചിതമായ മാറ്റം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ വർഷം സി.ബി.എസ്.ഇ. പത്താംതരം ക്ലാസ് പാസ്സായ 36835 വിദ്യാർത്ഥികൾക്ക് സംസ്ഥാന ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രവേശനം ലഭിച്ചു.

(സി) ഓരോ വർഷവും സി.ബി.എസ്.ഇ.-യിൽനിന്നും സംസ്ഥാന സിലബസിലേയ്ക്ക് മാറുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടാകുന്ന ഗണ്യമായ വർദ്ധനവ് സംസ്ഥാന സിലബസിൽ ഹയർ സെക്കന്ററി മേഖല പുലർത്തുന്ന മികച്ച ഗുണനിലവാരത്തെ തന്നെയാണ് സൂചിപ്പിക്കുന്നത്.

**നെയ്യാറ്റിൻകര ഗവൺമെന്റ് സ്കൂൾ**

199 (1188) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്ന നെയ്യാറ്റിൻകര ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബി-ക്ക് നൽകിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം ഉള്ള പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുവാൻ സാധിക്കും; ഇതിന്റെ കാലാവധി എത്ര മാസമാണ്;വിശദമാക്കാമോ ;

(സി) മികവിന്റെ കേന്ദ്രമാക്കുന്ന പെരുമ്പഴുതൂർ, കുളത്തൂർ സ്കൂളുകളുടെ ഡി.പി.ആർ തയ്യാറാക്കാൻ ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നെയ്യാറ്റിൻകര ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് കിഫ്ബി അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് ആറുമാസത്തിനകം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനു ശേഷം മാത്രമേ കൃത്യമായ പൂർത്തീകരണ കാലാവധി നൽകുവാൻ സാധിക്കുകയുള്ളൂ.

(സി) അടിസ്ഥാന സൗകര്യ വികസനത്തിനായി പരിഗണിച്ചിട്ടുള്ള പെരുമ്പഴുതൂർ, കുളത്തൂർ സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ കിറ്റ്കോയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

**ഹയർ സെക്കണ്ടറി സ്കൂളുകളിൽ പി.എസ്.സി.വഴി നിയമനം**

200 (1189) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ഇതുവഴി എത്ര ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. വഴി നിയമന ഉത്തരവ് നല്കാൻ കഴിഞ്ഞിട്ടുണ്ട്;

(ബി) നിലവിൽ പി.എസ്.സി. ലിസ്റ്റ് ഇല്ലാത്ത ഹയർ സെക്കണ്ടറി ടീച്ചർ തസ്തികകളിലേക്ക് പി.എസ്.സി. വഴി നിയമനം നല്കുന്നതിന് ഒഴിവുകൾ പി.എസ്.സി-യെ അറിയിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അപ്ഗ്രഡേഷൻ ഉൾപ്പെടെ 765 അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 20-9-2016 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 158/2016/പൊ.വി.വ. പ്രകാരം സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ 9 എച്ച്.എസ്. എസ്.റ്റി. ജൂനിയർ ഒഴിവുകളും 2 എച്ച്.എസ്.എസ്.റ്റി. ഒഴിവും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും 8

എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികകളിലേയ്ക്കും 2 എച്ച്.എസ്.എസ്.റ്റി. തസ്തികകളിലേയ്ക്കും നിയമന ഉത്തരവ് നൽകുകയും ചെയ്തു. 24-6-2017-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 61/2017/ പൊ.വി.വ പ്രകാരം സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ 94 എച്ച്.എസ്.എസ്.റ്റി. ജൂനിയർ ഒഴിവുകളും 33 എച്ച്.എസ്.എസ്.റ്റി. ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിച്ചിട്ടില്ല.

(ബി) നിലവിൽ ലിസ്റ്റ് ഇല്ലാത്ത തസ്തികകളിലും ഒഴിവുണ്ടാകുന്നമുറയ്ക്ക് പി.എസ്.സി.ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്.

## പൊതുവിദ്യാഭ്യാസം

201 (1190) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിന്റെ ഭാഗമായും വിദ്യാഭ്യാസ മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കിയും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ കാര്യങ്ങൾ ആണ് തലശ്ശേരി നിയോജക മണ്ഡലത്തിൽ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ' പദ്ധതിയുടെ ഭാഗമായി ചിറക്കര ഗവൺമെന്റ് എച്ച്.എസ്.എസ്.-നെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ധനസഹായം ലഭ്യമാക്കുന്നതിനായി കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തലശ്ശേരി നിയോജകമണ്ഡലത്തിൽനിന്ന് 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ മൂന്നാം സ്കീമിൽപ്പെട്ട എൽ.പി./യു.പി. ക്ലാസ്സുകളുടെ കാലോചിതമായ വികസനം ഉറപ്പാക്കുന്ന പദ്ധതിയിൽ ജി.യു.പി.എസ്-നെ ഉൾപ്പെടുത്തിയിട്ടുണ്ട്. കുടകുളം യു.പി.എസ്. എരഞ്ഞേരി, ജി.എൽ.പി.എസ്. പുല്യോട്, ഡി.ഐ.യു.പി. പരാൽ, ബാവന്തി പറമ്പ, എൽ.പി.എസ്. ചമ്പാട്, ഒളവിലം യു.പി.എസ്., പള്ളപ്രം, എൽ.പി.എസ്. ന്യൂമാഹി എരിഞ്ഞോളി നോർത്ത് എൽ.പി .സ്കൂൾ എന്നീ സ്കൂളുകളിൽ ജൈവ വൈവിദ്ധ്യ പാർക്കുകൾ അനുവദിച്ചിട്ടുണ്ട്. അടിസ്ഥാനസൗകര്യ വികസനത്തിനായി തലശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കുന്ന കർമ്മ പദ്ധതിയിലും തലശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് നൽകിയ പരിശീലന പരിപാടികളുടെ പ്രയോജനം തലശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകളിലെ അദ്ധ്യാപകരും പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

## ഭിന്നശേഷിക്കാരായ കുട്ടികൾക്കായുള്ള അദ്ധ്യാപികയുടെ നിയമനം

202(1191) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ രാജാസ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അദ്ധ്യാപികയെ ലഭ്യമാക്കണമെന്ന സ്കൂൾ പി.ടി.എ.-യുടെ നിവേദനം ലഭിച്ചിട്ടുണ്ടോ; എന്നാണ് ലഭിച്ചത്; ആർ.എം.എസ്.എ.-യിൽ എന്നാണ് ലഭിച്ചത്;

(ബി) ആർ.എം.എസ്.എ. ഡയറക്ടറേറ്റിൽ ഇത് സംബന്ധിച്ച് എടുത്ത നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) നിലവിൽ എത്ര അദ്ധ്യാപകരെ ആർ.എം.എസ്.എ. നിയമിച്ചിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ;

(ഡി) കോട്ടക്കൽ രാജാസ് ഹയർ സെക്കന്ററി സ്കൂളിൽ അടിയന്തരമായി പ്രസ്തുത അദ്ധ്യാപികയെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആർ.എം.എസ്.എ.-യിൽ 24-4-2017-ലാണ് ലഭിച്ചത്.

(ബി) വിവിധ ജില്ലകളിൽ നിലവിലുള്ള സ്പെഷ്യൽ അദ്ധ്യാപകരെ അതത് ജില്ലകളിലുള്ള സ്കൂളുകളിലെ ഭിന്നശേഷിക്കാരായ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുനർവിന്യസിക്കുന്നതിന് 26-7-2017-ന് ഉത്തരവായിട്ടുണ്ട്.

(സി) ആകെ 865 സ്പെഷ്യൽ അദ്ധ്യാപകരെ നിയമിക്കുന്നതിനാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഇതിൽ കഴിഞ്ഞവർഷം സേവനം അനുഷ്ഠിച്ചിരുന്നവർക്ക് കരാർ നിയമനം പുതുക്കി നൽകുവാൻ അനുമതി നൽകിയിട്ടുണ്ട്. ശേഷിക്കുന്ന അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 26-7-2017-ലെ ഉത്തരവിൽ ഈ സ്കൂളും ഉൾപ്പെട്ടിട്ടുണ്ട്. അദ്ധ്യാപക നിയമനം സംബന്ധിച്ച നടപടികൾ മലപ്പുറം ഉപവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കുന്നതാണ്.

## അന്യസംസ്ഥാനങ്ങളിൽ പഠിച്ചുവരുന്ന വിദ്യാർത്ഥികളുടെ മലയാള ഭാഷാപഠനം

203 (1192) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിലെ സ്കൂളുകളിൽ പഠിച്ചുവരുന്ന വിദ്യാർത്ഥികൾ കേരളത്തിലെ സ്കൂളുകളിലേയ്ക്ക് പ്രവേശനം നേടിവരുമ്പോൾ മലയാള ഭാഷാപഠനം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇത്തരം വിദ്യാർത്ഥികളുടെ പഠന നിലവാരം കുറയാതിരിക്കുവാൻ ഇവർക്ക് ഇംഗ്ലീഷ് പ്രത്യേക വിഷയമായി പഠനം നടത്തുന്നതിനും പരീക്ഷ എഴുതുന്നതിനും അനുവാദം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുമോ;

(സി) ഇപ്രകാരം വരുന്ന അപേക്ഷകളിൽ ക്ലാസ് ഭേദമില്ലാതെ പഠനം നടത്തുന്നതിനും പരീക്ഷ എഴുതുന്നതിനും വിദ്യാർത്ഥികളെ സഹായിക്കുന്ന നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നോ വിദേശരാജ്യങ്ങളിൽ നിന്നോ സംസ്ഥാനത്ത് വന്ന് സ്കൂളുകളിൽ പഠനം തുടരുന്ന വിദ്യാർത്ഥികൾക്ക് അതത് ക്ലാസ്സുകളിലെ പാഠ്യപദ്ധതി പ്രകാരമുള്ള മലയാളഭാഷാധ്യയനം സാധ്യമാക്കുവാൻ കഴിയാത്ത സാഹചര്യമുള്ളപക്ഷം അങ്ങനെയുള്ള വിദ്യാർത്ഥികളെ നിലവിലുള്ള പാഠ്യപദ്ധതിപ്രകാരമുള്ള പത്താംതരം പരീക്ഷയിൽ നിന്ന് ഒഴിവാക്കുന്നതാണെന്നും എന്നാൽ ഇവരെ എസ്.സി.ഇ.ആർ.റ്റി. തയ്യാറാക്കുന്ന മലയാള പാഠപുസ്തകം പഠിപ്പിക്കണമെന്നും "മലയാളഭാഷാ പഠന ആക്ടിൽ " വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള വിദ്യാർത്ഥികൾക്ക് മലയാളത്തിന് പകരം സ്പെഷ്യൽ ഇംഗ്ലീഷ്/അഡീഷണൽ ഇംഗ്ലീഷ് പഠിച്ച് പത്താംതരം പരീക്ഷ എഴുതുന്നതിന് സർക്കാർ പ്രത്യേകാനുമതി നൽകുന്നുണ്ട്.

(സി) പത്താംതരത്തിലാണ് ഇത്തരം വിദ്യാർത്ഥികൾക്ക് നിലവിൽ മലയാളത്തിന് പകരം ഇംഗ്ലീഷ് പഠിക്കാൻ സർക്കാർ അനുമതി നൽകുന്നത്.

**സ്മാർട്ട് സ്കൂൾ പദ്ധതി പുരോഗതി**

204 (1193) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശതാബ്ദിയിൽ എത്തിനിൽക്കുന്ന സംസ്ഥാനത്തെ എല്ലാ എൽ.പി-യു.പി. സ്കൂളുകളെയും സ്മാർട്ടാക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;.

(ബി) എത്ര ജില്ലകളിൽ ഈ പദ്ധതിപ്രകാരമുള്ള സ്കൂളുകളുടെ ലിസ്റ്റ് പൂർത്തിയായിട്ടുണ്ട്; പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ.; ഈ പദ്ധതി ഏത് അധ്യയന വർഷം മുതലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഫണ്ട് കണ്ടെത്തുന്നത് എപ്രകാരമാണ്; ഓരോ സ്കൂളിനും എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ എട്ടുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളുള്ള എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും സ്മാർട്ട് ക്ലാസ് റൂം പദ്ധതി നടപ്പിലാക്കിവരുന്നു. എന്നാൽ ശതാബ്ദിയിൽ എത്തിനിൽക്കുന്ന സംസ്ഥാനത്തെ എൽ.പി.-യു.പി. സ്കൂളുകളെ സ്മാർട്ടാക്കുന്നതിലേയ്ക്കായി ഒരു പ്രത്യേക പദ്ധതി നിലവിൽ ആരംഭിച്ചിട്ടില്ല.

## വിദ്യാർത്ഥികളിലെ മയക്കുമരുന്ന് ഉപയോഗം

205(1194) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിൽ മയക്കുമരുന്നിന്റെ ഉപയോഗം വളരെയധികം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂളുകളിൽ മയക്കുമരുന്ന് വിതരണം ഒരു പ്രത്യേക കുറ്റമായി കണ്ട് നിയമനിർമ്മാണം നടത്താൻ സാധിക്കുമോ;

(സി) കുട്ടികളെ മയക്കുമരുന്ന് ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരിക്കാനും ക്യാംപസുകളെ മയക്കുമരുന്നിൽനിന്നും മോചിതമാക്കുന്നതിനുമുള്ള കൂട്ടായ പ്രവർത്തനങ്ങൾ ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്നു നടപ്പിലാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിനുള്ളിൽ പുകയില ഉല്പന്നങ്ങളുടെ വില്പന നിരോധിച്ചിട്ടുണ്ട്. മയക്കുമരുന്നുകളുടെയും ലഹരി വസ്തുക്കളുടെയും ഉൽപ്പാദനം, വിപണനം, ഉപയോഗം എന്നിവ നിയമപ്രകാരം നിരോധിച്ചിട്ടുണ്ട്. ജൂവനൈൽ ജസ്റ്റിസ് (Care and Protection of Children) ആക്ട് 2015 വകുപ്പ് 77, 78 പ്രകാരം പ്രായപൂർത്തിയാകാത്തവർക്ക് മദ്യം, ലഹരിമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയവ വിൽപ്പന നടത്തുന്നവർക്കും പ്രേരണ നൽകുന്നവർക്കും കഠിനമായ ശിക്ഷയാണ് പ്രതിപാദിക്കുന്നത്.

(സി) സ്കൂളുകളും പരിസരവും ലഹരിവിമുക്തമാക്കുന്നതിന് പോലീസ്, എക്സൈസ്, പി.ടി.എ., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ജനപ്രതിനിധികൾ എന്നിവയുടെ സഹായത്തോടെ വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മദ്യവർജ്ജനത്തിന് ഊന്നൽനൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തി പദ്ധതിക്ക് 6-10-2016-ലെ ജി.ഒ. (എം.എസ്.) നമ്പർ 94/2016/നി.വ. സർക്കാർ ഉത്തരവ് പ്രകാരം രൂപംനൽകിയിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും എക്സൈസ് വകുപ്പുമന്ത്രി വൈസ് ചെയർമാനും നികുതി വകുപ്പ് സെക്രട്ടറി കൺവീനറുമായ സംസ്ഥാന ഗവേണിംഗ് ബോഡിയും എക്സൈസ് വകുപ്പുമന്ത്രി ചെയർമാനും നികുതി വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനും

എക്സൈസ് കമ്മീഷണർ കൺവീനറുമായ എക്സിക്യൂട്ടീവ് കമ്മിറ്റിയും സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്നു. ജില്ലാതലത്തിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ കൺവീനറും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ വൈസ് ചെയർമാനുമായ ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയും തുടർന്ന് ബ്ലോക്ക്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപന പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായ സമിതിയും വാർഡ് തലത്തിൽ പൗരമുഖ്യൻ ചെയർമാനും വാർഡ് മെമ്പർ കൺവീനറുമായ സമിതിയും രൂപീകരിച്ചിട്ടുണ്ട്. വിമുക്തിയുടെ ജില്ലാതല പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് ഓരോ ജില്ലയ്ക്കും ഓരോ മന്ത്രിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

എക്സൈസ് വകുപ്പ് സ്കൂൾ പരിസരങ്ങളിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം വൈവിധ്യമാർന്ന ബോധവത്കരണ പരിപാടികളും നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് സ്കൂൾ/കോളേജ് തലത്തിൽ ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിന് 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പേരോ മറ്റ് വിവരങ്ങളോ വെളിപ്പെടുത്താതെ ലഹരി വസ്തുക്കൾ വിൽപ്പന/ ഉപയോഗത്തിനെതിരെയുള്ള പരാതിയും വിവരങ്ങളും അധികൃതരെ അറിയിക്കുന്നതിന് 1400-ഓളം സ്കൂൾ/കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. സ്കൂൾ പരിസരങ്ങളിൽ ലഹരിയുടെ വിൽപ്പനയും ഉപഭോഗവും നിയന്ത്രിക്കുന്നതിൽ പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്.

## പൊതുവിദ്യാലയങ്ങളിലെ പരീക്ഷകളിൽ പരിഷ്കാരം

206(1195) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ പരീക്ഷകളിൽ പരിഷ്കാരം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിൽ എന്ത് തരത്തിലുള്ള പരിഷ്കരണമാണ് ഉദ്ദേശിക്കുന്നത്; ഒന്നുമുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകൾക്കുള്ള പരീക്ഷകളിലെ ചോദ്യപ്പേപ്പർ സർക്കാർ നേരിട്ട് തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) എല്ലാ വിഷയങ്ങൾക്കും ചോദ്യബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ; ചോദ്യബാങ്കിലേക്ക് വിദ്യാർത്ഥികൾക്കും ചോദ്യം തയ്യാറാക്കി അയക്കുന്നതിനുള്ള സംവിധാനം ഒരുക്കുമോ എന്ന് വെളിപ്പെടുത്താമോ?

## ഉത്തരം

(എ) ഉണ്ട്. ജ്ഞാനനിർമ്മിതിയിൽ അധിഷ്ഠിതമായ ഒരു പാഠ്യപദ്ധതിയാണ് നാം പിന്തുടരുന്നത്. അനുഭവങ്ങളിലൂടെ കടന്നുപോകുന്ന പഠിതാവ് അറിവ് നിർമ്മിക്കുന്നുവെന്നും നിർമ്മിച്ച അറിവിനെ പുനഃപരിശോധിച്ച് മെച്ചപ്പെടുത്തുന്നുവെന്നും ഉറപ്പുവരുത്തേണ്ടതാണ്. ഇത് നടക്കണമെങ്കിൽ വിലയിരുത്തൽ നിരന്തരമായി നടക്കുകയും അതിലൂടെ കിട്ടുന്ന തിരിച്ചറിവുകൾ പഠനം മെച്ചപ്പെടുത്തുന്നതിനായി പ്രയോജനപ്പെടുത്തുകയും വേണം. ഇക്കാര്യത്തിൽ നിരന്തര വിലയിരുത്തലിനാണ് (സി.ഇ.) ഏറെ പങ്ക് വഹിക്കാനാവുക എന്നതിനാൽ നിരന്തര വിലയിരുത്തൽ കൂടുതൽ ശാസ്ത്രീയമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള പഠനങ്ങളും പരിശീലനങ്ങളും നടന്നുവരികയാണ്. ഇപ്പോൾ നിലവിലിരിക്കുന്ന സി.ഇ.റ്റി.ഇ. സ്കോർ അനുപാതത്തിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല. എന്നാൽ നിരന്തര മൂല്യനിർണ്ണയത്തിന്റെ ഭാഗമായ പ്രക്രിയകളും പ്രവർത്തനങ്ങളും ശരിയായവിധത്തിൽ നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനാണ് ഊന്നൽ നൽകുന്നത്. ടേം വിലയിരുത്തലിൽ ചുവടെ പറയുന്ന സവിശേഷതകൾ ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നു:

- പഠനനേട്ടത്തെ (ആശയം, പ്രക്രിയ, മനോഭാവം, മൂല്യങ്ങൾ) അടിസ്ഥാനപ്പെടുത്തിയത്.
- നേടിയ അറിവിന്റെ പ്രയോഗ സന്ദർഭങ്ങൾ ഉൾക്കൊള്ളുന്നത്.
- ബൗദ്ധിക വെല്ലുവിളി ഉയർത്തുന്നതും വിവിധ ചിന്താ പ്രക്രിയകളുടെ ഉപയോഗത്തിലേയ്ക്ക് നയിക്കുന്നതും
- കുട്ടിക്ക് സ്വയം വിലയിരുത്തലിന് സഹായകമായത്.
- നിശ്ചിതമായ പാറ്റേണിലേയ്ക്ക് ഒതുങ്ങാത്തതും നൂതനത്വവും വൈവിധ്യവും പുലർത്തുന്നതും.
- കുട്ടിയുടെ നില നിർണ്ണയിക്കാനും പഠനപ്രക്രിയയുടെ ഫലപ്രാപ്തി വിലയിരുത്തി തുടർ ആസൂത്രണം നടത്താൻ ടീച്ചറെ സഹായിക്കുന്നതും.
- വ്യത്യസ്ത നിലവാരക്കാരായ വിദ്യാർത്ഥികളെ പരിഗണിക്കുന്നത്.
- കുട്ടികൾക്ക് എളുപ്പത്തിൽ വായിച്ച് മനസ്സിലാക്കാൻ ഉതകുംവിധം ലളിതവും ശിശുസൗഹൃദപരവുമായ ചോദ്യഭാഷ.
- സ്വന്തം നിലപാടുകളും കാഴ്ചപ്പാടുകളും യുക്തിപൂർവ്വം സമർപ്പിക്കുന്നതിന് അവസരമൊരുക്കുന്ന ചോദ്യങ്ങൾ ഉൾക്കൊള്ളുന്നത്.
- വിമർശനചിന്തയും പ്രതികരണശേഷിയും വളർത്താൻ ഉതകുന്ന ചോദ്യങ്ങളുള്ളത്.

  കുട്ടികൾക്ക് തെരഞ്ഞെടുപ്പിന് അവസരം നൽകുന്നവിധത്തിൽ 25 ശതമാനം അധിക ചോദ്യങ്ങൾ ഉൾപ്പെടുത്തിയത്.

(ബി) എല്ലാ അദ്ധ്യാപകരുടെയും സഹകരണത്തിനുള്ള അവസരം ഉറപ്പുവരുത്തി കൊണ്ട് ജനാധിപത്യപരമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ഇതിനായി ഒരു അസസ്സ്മെന്റ് ടൂൾ മാനേജ്മെന്റ് സിസ്റ്റം (എ.റ്റി.എം.എസ്.) വികസിപ്പിച്ചു കഴിഞ്ഞു. 2017 ആഗസ്റ്റ് 5-ന്റെ ക്ലസ്റ്റർ പരിശീലനത്തിൽ എല്ലാ അദ്ധ്യാപകർക്കും എ.റ്റി.എം.എസ്.ൽ പ്രവേശിക്കുന്നതിനുള്ള യൂസർ നെയിം, പാസ്‌വേർഡ് എന്നിവ നൽകിയിട്ടുണ്ട്.

2018-ലെ എസ്.എസ്.എൽ.സി., എച്ച്.എസ്.എസ്. പൊതുപരീക്ഷകൾ അദ്ധ്യാപകരുടെ പങ്കാളിത്തത്തോടെ എ.റ്റി.എം.എസ്. ഉപയോഗിച്ച് വികസിപ്പിക്കുന്ന ചോദ്യശേഖരം അടിസ്ഥാനമാക്കി ചിട്ടപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. അദ്ധ്യാപകർ വ്യക്തിഗതമായി തയ്യാറാക്കുന്ന ചോദ്യങ്ങൾ സ്കൂൾ വിഷയ ഗ്രൂപ്പിൽ ചർച്ചചെയ്ത് മെച്ചപ്പെടുത്തി അപ്‌ലോഡ് ചെയ്യാവുന്നതാണ്. ഇങ്ങനെ അപ്‌ലോഡ് ചെയ്യുന്ന ചോദ്യങ്ങൾ ഒരു വിദഗ്ദ്ധ സമിതിയുടെ അംഗീകാരത്തിന് വിധേയമായി എല്ലാവർക്കും ലഭ്യമാകുന്നതരത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഈ ചോദ്യങ്ങളെ സംബന്ധിക്കുന്ന പ്രതികരണം കൂടെ പരിഗണിച്ച് വിദഗ്ദ്ധ സമിതി ചിട്ടപ്പെടുത്തുന്ന പൂളിൽ നിന്നായിരിക്കും പൊതുപരീക്ഷയ്ക്കുള്ള ചോദ്യങ്ങൾ തയ്യാറാക്കുന്നത്. ഒരു ബ്ലൂപ്രിന്റിന്റെ അടിസ്ഥാനത്തിൽ ചോദ്യപേപ്പർ രൂപപ്പെടുത്താനും പാസ്‌വേഡ് സംരക്ഷണത്തോടെ ഓൺലൈനായി സ്കൂളുകൾക്ക് നൽകാനും കഴിയും. തുടർന്നു വരുന്ന പരീക്ഷകൾ പലതും ഓൺലൈനിൽ ചോദ്യങ്ങൾ ലഭ്യമാക്കി നടത്താനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

(സി) എല്ലാ വിഷയങ്ങളിലും മേൽവിവരിച്ച രീതിയിൽ ചോദ്യബാങ്ക് തയ്യാറാക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് നേരിട്ട് എ.റ്റി.എം.എസ്.-ൽ പ്രവേശിച്ച് ചോദ്യം ഉൾപ്പെടുത്താൻ കഴിയുകയില്ല. അദ്ധ്യാപകർക്ക് വിദ്യാർത്ഥികളിൽനിന്നും ചോദ്യങ്ങൾ ശേഖരിച്ച് ആവശ്യമായ തിരുത്തലുകളും മെച്ചപ്പെടുത്തലുകളും വരുത്തി എ.റ്റി.എം.എസ്.-ൽ ചോദ്യം അപ്പ്ലോഡ് ചെയ്യാവുന്നതാണ്.

## വിദ്യാർത്ഥിനികളുടെ മുടി രണ്ടായി പിന്നിക്കെട്ടണമെന്ന ഉത്തരവ്

207(1196) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥിനികൾ മുടി രണ്ടായി പിന്നിക്കെട്ടി വേണം സ്കൂളിൽ പ്രവേശിക്കുവാൻ എന്ന രീതിയിലുള്ള ഉത്തരവ് നിലവിലുണ്ടോ എന്ന് വിശദീകരിക്കാമോ;

(ബി) മുടി രണ്ടായി പിന്നിക്കെട്ടണം എന്ന് സ്കൂൾ അധികൃതർ കുട്ടികളെ നിർബന്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചില അൺ എയ്ഡഡ്/എയ്ഡഡ് സ്കൂൾ അധികൃതർ വിദ്യാർത്ഥിനികളെ മുടി രണ്ടായി പിന്നിക്കെട്ടി വേണം സ്കൂളിൽ പ്രവേശിക്കുവാൻ എന്ന് നിർബന്ധിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിദ്യാർത്ഥിനികൾ മുടി രണ്ടായി പിന്നിക്കെട്ടി വേണം സ്കൂളിൽ പ്രവേശിക്കണമെന്ന് നിഷ്കർഷിക്കുന്ന യാതൊരു ഉത്തരവുകളും നിലവിലില്ല. എന്നാൽ അച്ചടക്കത്തിന്റെ ഭാഗമായി കുട്ടികൾ മുടി ഒതുക്കി വയ്ക്കേണ്ടതും അക്കാര്യം സ്ഥാപന മേധാവിക്ക് നിഷ്കർഷിക്കാവുന്നതുമാണെന്നുമുള്ള വിവരം എല്ലാ ഗവൺമെന്റ്/ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും ഹയർ സെക്കന്ററി ഡയറക്ടർ സർക്കുലർ നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിദ്യാർത്ഥിനികൾ മുടി രണ്ടായി പിന്നിക്കെട്ടി വേണം സ്കൂളിൽ പ്രവേശിക്കേണ്ടതെന്ന് നിർബന്ധിക്കരുതെന്ന് നിർദ്ദേശിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ 24-3-2017-ന് എച്ച്4/60885/2016/ ഡി.പി.ഐ. നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ബാലാവകാശ സംരക്ഷണ കമ്മീഷൻ 10-8-2016-ന് പുറപ്പെടുവിച്ച ഉത്തരവ് നമ്പർ സി.ആർ.എം.പി./5404/14 എൽ.എ.2/2016-ന്റെ അടിസ്ഥാനത്തിലായിരുന്നു ഈ സർക്കുലർ പുറപ്പെടുവിച്ചത്. സംസ്ഥാനത്തെ എല്ലാ പ്രഥമാദ്ധ്യാപകർക്കും വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം ഈ സർക്കുലർ ലഭ്യമാക്കിയിട്ടുണ്ട്.

**പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയ കുട്ടികൾ**

208 (1197) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 അധ്യയന വർഷത്തിൽ പൊതുവിദ്യാലയങ്ങളിലേക്ക് മുൻവർഷത്തെ അപേക്ഷിച്ച് എത്ര കുട്ടികളാണ് കൂടുതലായി പ്രവേശനം നേടിയത്;

(ബി) എത്ര സ്കൂളുകളിലായിട്ടാണ് ഈ വർദ്ധനവ് പ്രകടമായിട്ടുള്ളത്;

(സി) തുടർന്നുള്ള വർഷങ്ങളിലും കൂടുതൽ വർദ്ധനവ് വരുത്തുന്നതിനുള്ള കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) 2017-18 അദ്ധ്യയന വർഷത്തിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഒന്നാം ക്ലാസ്സിൽ 12,198 കുട്ടികൾ മുൻവർഷത്തേക്കാൾ കൂടുതലായി പ്രവേശനം നേടിയിട്ടുണ്ട്. കൂടാതെ 2 മുതൽ 10 വരെ ക്ലാസ്സുകളിൽ താഴ്ന്നക്ലാസ്സുകളിൽ (1 മുതൽ 9 വരെ) നിന്ന് സ്വാഭാവികമായി അടുത്ത ഉയർന്ന ക്ലാസ്സുകളിലേയ്ക്ക് പ്രൊമോട്ട് ചെയ്തുവന്ന വിദ്യാർത്ഥികളുടെ എണ്ണത്തിനുപുറമെ 144367 വിദ്യാർത്ഥികൾ കൂടുതലായി പ്രവേശനം നേടിയതായി കണക്കാക്കിയിട്ടുണ്ട്.

(ബി) 11915 സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി 5,397 സ്കൂളുകളിലാണ് ഈ വർദ്ധനവ് പ്രകടമായിട്ടുള്ളത്.

(സി) ഉണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ഒരു പഠനത്തിന് പൊതുവിദ്യാഭ്യാസ വകുപ്പ് ആരംഭം കുറിച്ചിട്ടുണ്ട്. കൂടാതെ 45000 ക്ലാസ്സ് മുറികൾ സ്മാർട്ടാക്കുക, മുഴുവൻ വിദ്യാർത്ഥികളെയും മുന്നിൽ എത്തിക്കാനുള്ള പരിഹാര പഠന ബോധന പരിപാടി-ശ്രദ്ധ, 1000 സർക്കാർ സ്കൂളുകൾ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് എത്തിക്കുക, എല്ലാ സ്കൂളുകളെയും കൂട്ടിയിണക്കുന്ന ബ്രോഡ്ബാന്റ് കണക്ഷൻ, 1 ലക്ഷം കുട്ടികളുടെ 'ഹൈസ്കൂൾ കുട്ടിക്കൂട്ടം' കൂട്ടായ്മ, 'സ്കൂൾ വിക്കി'- സ്കൂൾ വിവരങ്ങൾ വിരൽത്തുമ്പിൽ തുടങ്ങി വിവിധ പരിപാടികൾ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്ന ജനകീയ കൂട്ടായ്മയിലൂടെ ആസൂത്രണംചെയ്ത് നടപ്പിലാക്കിവരുന്നു.

**പൊതുവിദ്യാലയങ്ങളിൽ മെച്ചപ്പെട്ട പഠന സൗകര്യങ്ങൾ**

209 (1198) ശ്രീ. സി. മമ്മൂട്ടി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ അൺ എയ്ഡഡ് സ്കൂളുകളിലേതിനെക്കാൾ പഠന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി എതൊക്കെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കി എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായുള്ള, ഒരു മണ്ഡലത്തിലെ ഒരു സർക്കാർ സ്കൂൾ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) 2016-17-ൽ ഇതിനായി എത്ര തുക ചെലവിട്ടു എന്നറിയിക്കാമോ?

**ഉത്തരം**

(എ) പൊതുവിദ്യാലയങ്ങളിൽ അൺ എയ്ഡഡ് സ്കൂളുകളിലേതിനേക്കാൾ മികച്ച പഠന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള ക്ലാസ്സ് മുറികൾ ഹൈടെക് ആക്കി 'പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം സൃഷ്ടിക്കുക' എന്ന പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ 2016-17 അദ്ധ്യയന

വർഷം ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ നാല് നിയോജകമണ്ഡലങ്ങളിലെ സ്കൂളുകളിൽ നടപ്പിലാക്കുകയും ശേഷിക്കുന്ന 136 നിയോജകമണ്ഡലങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഒരു മണ്ഡലത്തിലെ ഒരു സ്കൂൾ മികവിന്റെ കേന്ദ്രമായി മാറ്റിയെടുക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. അതോടൊപ്പം വിവിധ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികളും പുരോഗമിക്കുന്നു.

(ബി) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിന് ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 37 സ്കൂളുകൾക്ക് പദ്ധതി നിർവ്വഹണത്തിനായുള്ള ഭരണാനുമതിയും 'കിഫ്ബി' ധനസഹായത്തിനുള്ള അനുമതിയും ലഭ്യമായിട്ടുണ്ട്. അപ്രകാരം പദ്ധതി നിർവ്വഹണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി അംഗീകൃത ഏജൻസികളിൽ നിന്നും EoI (Expression of Interest) ക്ഷണിച്ചിട്ടുണ്ട്. കൂടാതെ അടുത്ത ഘട്ടത്തിൽ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തപ്പെടുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള 76 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സ്കൂളുകളുടെ വിശദമായ പ്രോജക്റ്റ്റിപ്പോർട്ട് ധനസഹായത്തിനായി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) 2016-17-ൽ ഇതിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## വിദ്യാർത്ഥികൾക്കായി ശ്രദ്ധ പദ്ധതി

210 (1199) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഠനത്തിൽ മികവുപുലർത്താൻ കഴിയാത്ത വിദ്യാർത്ഥികൾക്കായി ശ്രദ്ധ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമെന്നും, പദ്ധതിയുടെ വിശദാംശവും അറിയിക്കുമോ;

(സി) പദ്ധതി പ്രകാരം ക്ലാസ്സുകൾ നടത്തുന്ന അധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളിലെ പഠന പിന്നാക്കാവസ്ഥ കണ്ടെത്തി വ്യക്തിഗതമായ വിദ്യാഭ്യാസ ഇടപെടൽ നടത്തുന്നതിനുള്ള ഗവേഷണം നടത്തുകയും അതോടൊപ്പം ഇത്തരം വിദ്യാർത്ഥികളെ കണ്ടെത്തുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കുന്നതിന് അനുയോജ്യമായ പഠനരീതി, ബോധനശാസ്ത്രം, പഠന സാമഗ്രികൾ എന്നിവ പ്രായോഗിക പഠനത്തിലൂടെ കണ്ടെത്തുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ നടത്തിവരുന്നു.

(ബി) വിദ്യാർത്ഥികളിലെ പഠന പിന്നാക്കാവസ്ഥ കണ്ടെത്തി വ്യക്തിഗതമായ വിദ്യാഭ്യാസ ഇടപെടൽ നടത്തുന്നതിനായി പ്രായോഗിക പഠനത്തിനുള്ള മുന്നൊരുക്കമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ യു.പി.എസ്. വിതുര, യു.പി.എസ്. പാലവിള, യു.പി.എസ്. ആനത്തലവട്ടം, യു.പി.എസ്. ചിറയിൻകീഴ്, യു.പി.എസ്. ആനപ്പാറ, യു.പി.എസ്. പിള്ളയാർകുളം എന്നീ സ്കൂളുകളിലെ കുട്ടികളിൽ ഇതുസംബന്ധിച്ചുള്ള പഠനം 2017 ജൂൺ മാസത്തിൽ ആരംഭിക്കുകയുണ്ടായി.

(സി) നൽകിയിട്ടുണ്ട്.

**വിദ്യാർത്ഥികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി**

211 (1200) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയ സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച് സ്കൂളിലെ പ്രധാന അധ്യാപകർക്കും മറ്റ് അധ്യാപകർക്കും വ്യക്തമായ ധാരണ ഇല്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2013 വർഷം മുതലുള്ള ക്ലെയിം തുക സമയബന്ധിതമായി നൽകുന്നതിന് ഹെഡ് മാസ്റ്റർമാർക്ക് നിർദ്ദേശം നൽകുമോ;

(സി) പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകുന്ന നിർദ്ദേശങ്ങൾ ഡി.ഡി., ഡി.ഇ.ഒ ഓഫീസുകളിൽനിന്ന് സ്കൂൾ അധികൃതർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) അപകട - മരണ ഇൻഷ്വറൻസ് സംബന്ധിച്ചുള്ള അറിയിപ്പുകൾ എല്ലാ വിദ്യാലയങ്ങളിലും നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2013 മുതൽ കുടിശ്ശികയുള്ള ക്ലെയിം സമയബന്ധിതമായി അനുവദിച്ച് നൽകുന്നതിന് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂളുകളിൽ നിന്നുള്ള അപേക്ഷകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകുവാൻ ഹെഡ്മാസ്റ്റർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിക്കുന്ന എല്ലാ സർക്കുലറുകളും സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് നൽകുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇതിനകം തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്.

## വിദ്യാർത്ഥികൾക്കിടയിലെ ആത്മഹത്യാ നിരക്ക്

212 (1201) ശ്രീ. സി. മമ്മൂട്ടി :

ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലോവർ പ്രൈമറി മുതൽ ബിരുദാനന്തര ബിരുദ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കിടയിലെ ആത്മഹത്യാ നിരക്ക് വർദ്ധിച്ചു വരുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത്തരമൊരു പരിശോധന നടത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) രക്ഷകർത്താക്കളിൽനിന്നും വിദ്യാഭ്യാസ സ്ഥാപനാധികൃതരിൽ നിന്നുമുള്ള സമ്മർദ്ദം വിദ്യാർത്ഥികളെ ആത്മഹത്യയിലേക്ക് നയിക്കുന്നതിലെ പ്രധാന കാരണമായി ചൂണ്ടിക്കാട്ടികൊണ്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വിദ്യാർത്ഥി ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നതിന്റെ വിശദാംശം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഹൈസ്കൂൾ വിദ്യാർത്ഥികൾക്കിടയിലും കോളേജ് വിദ്യാർത്ഥികൾക്കിടയിലും പരിശോധന നടത്തിയിട്ടില്ല. സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കുട്ടികൾക്കിടയിലെ ആത്മഹത്യ പ്രവണത പ്രതിരോധിക്കുവാനുള്ള സമഗ്രപദ്ധതി ആവിഷ്കരിക്കുവാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ് (NIMHANS), ബാംഗ്ലൂരിനെ ഹയർ സെക്കന്ററി ഡയറക്ടറേറ്റ് ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 2016-17 അക്കാദമിക വർഷം ഹയർ സെക്കന്ററി ഡയറക്ടറേറ്റ്-കരിയർ ഗൈഡൻസ് ആന്റ് അഡോളസെന്റ് കൗൺസലിംഗ് സെൽ നടത്തിയ പഠനത്തിൽ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കിടയിൽ 29 ആത്മഹത്യയും 38 ആത്മഹത്യാ ശ്രമവും കണ്ടെത്തിയിട്ടുണ്ട്.

## ഡി ഗ്രേഡ് കോളേജുകളിലെ അനദ്ധ്യാപക തസ്തികകൾ

213 (1202) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡി ഗ്രേഡ് കോളേജുകളിൽ അനദ്ധ്യാപക തസ്തികകൾ നിശ്ചയിച്ചുകൊണ്ട് G.O.(Ms.)No.60/2016/HE തീയതി 29-2-2016 നമ്പർ ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട 173/D3/2017/HE നമ്പർ ഫയലിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചുകൊണ്ട് ജി.ഒ.(എംഎസ്.) 60/2016/ ഉ.വി.വ. തീയതി 29-2-2016 പ്രകാരം ഉത്തരവായിരുന്നു. ഈ ഉത്തരവിന് തുടർച്ചയായി ഓരോ കോളേജിലും നിലവിലുള്ള കോഴ്സുകളുടെ എണ്ണവും വിദ്യാർത്ഥികളുടെ എണ്ണവും അടിസ്ഥാനമാക്കി സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നടപടിക്രമം പുറപ്പെടുവിച്ചുവരുന്നു.

(ബി) 29-2-2016-ലെ ജി.ഒ.(എം.എസ്)60/2016/ഉ.വി.വ ഉത്തരവുപ്രകാരം നടപ്പാക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യപ്പെട്ടുകൊണ്ടും, ഈ ഉത്തരവിന് മുമ്പ് നിലനിന്നിരുന്ന 'ഡി', 'ഇ' ഗ്രേഡ് കോളേജുകളെ പുതിയ സ്റ്റാഫ് പാറ്റേണിൽ 'ഡി' ഗ്രേഡ് എന്ന ഒറ്റ ഗ്രേഡിലേയ്ക്ക് മാറ്റിയതിനെ തുടർന്ന് ഉണ്ടായിട്ടുള്ള ചില അനോമലികൾ ചൂണ്ടിക്കാട്ടിക്കൊണ്ടും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനെ സമീപിച്ചതുപ്രകാരം ഈ വിഷയം ഇപ്പോൾ 173/ഡി3/ 2017/H.Edn എന്ന ഫയലിൽ പരിശോധിച്ചുവരികയാണ്.

## ബി.എൽ.ഐ.എസ്.സി. യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകളിലെ നിയമനം

214 (1203) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 2 വർഷ എം.എൽ.ഐ.എസ്സ്.സി. (4 സെമസ്റ്റർ), എം.എൽ.ഐ.എസ്സ്.സി. ഇൻറഗ്രേറ്റഡ് കോഴ്സ് എന്നിവ ഏതെല്ലാം സർവ്വകലാശാലകളിൽ നടത്തിവരുന്നുണ്ട് എന്ന് വിശദമാക്കാമോ;

(ബി) കേരള സർവ്വകലാശാല ഡിസ്റ്റൻസ് എഡ്യൂക്കേഷൻ വഴി നടത്തുന്ന ഏകവർഷ എം.എൽ.ഐ.എസ്സ്.സി.-യുടെയും ബി.എൽ.ഐ.എസ്സ്.സി. കറസ്പോണ്ടൻസ് കോഴ്സിന്റെയും, ഡിപ്പാർട്ട്മെൻറ് ഓഫ് ലൈബ്രറി സയൻസ് നേരിട്ടുനടത്തുന്ന 2 വർഷ റെഗുലർ എം.എൽ.ഐ.എസ്സ്.സി. ഇൻറഗ്രേറ്റഡ് കോഴ്സിന്റെയും ട്യൂഷൻ ഫീസ് നിരക്കുകൾ, സീറ്റു സംവരണം, പ്രവേശന മാനദണ്ഡങ്ങൾ എന്നിവ വിശദമാക്കാമോ;

(സി) സർവ്വകലാശാല ലൈബ്രറി സയൻസ് വകുപ്പ് നടത്തുന്ന എം.എൽ.ഐ.എസ്സ്.സി. ഇൻറഗ്രേറ്റഡ് കോഴ്സ് വിജയിച്ച ഉദ്യോഗാർത്ഥികൾക്ക് ഏകവർഷ ബി.എൽ.ഐ.എസ്സ്.സി. യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള ഉദ്യോഗനിയമനങ്ങളിൽ അപേക്ഷിക്കുവാനും ജോലിനേടുന്നതിനും അർഹത ഉറപ്പുവരുത്തിക്കൊണ്ട് കേരള സർവ്വകലാശാല പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ പൊതുവായ ഉത്തരവ് പുറപ്പെടുവിക്കുന്നതിലേയ്ക്കായി ഉദ്യോഗാർത്ഥികളിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ലഭിച്ച തീയതിയും നാളിതു വരെ ആയതിൻമേൽ സ്വീകരിച്ച നടപടി സംബന്ധിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ഇ) എം.എൽ.ഐ.എസ്സ്.സി. ഇൻറഗ്രേറ്റഡ് 2 വർഷകോഴ്സ് വിദ്യാർത്ഥികൾക്ക് ഒരുവർഷം വിജയകരമായി പൂർത്തീകരിക്കുന്നമുറയ്ക്ക് ബി.എൽ.ഐ.എസ്സ്.സി. ഡിഗ്രി നൽകാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകുമോ;

(എഫ്) പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ബി.എൽ.ഐ.എസ്സ്.സി. ഡിഗ്രി ഇവർക്ക് പ്രത്യേകം നൽകിത്തുടങ്ങുന്നതുവരെ ഏകവർഷ ബി.എൽ.ഐ.എസ്സ്.സി. ഡിഗ്രി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ബി.എൽ.ഐ.എസ്സ്.സി. യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള വിവിധ തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനത്തിന് അപേക്ഷിക്കുന്നതിനും മറ്റ് പ്രമോഷനുകൾക്കുമുള്ള അർഹത ഉറപ്പുവരുത്തിക്കൊണ്ട് സർക്കാർതലത്തിൽ പൊതുവായിട്ടുള്ള ഉത്തരവ് അടിയന്തരമായി പുറപ്പെടുവിക്കുമോ?

<u>ഉത്തരം</u>

(എ) കാലിക്കറ്റ് സർവ്വകലാശാലയുടെ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് 2 വർഷ എം.എൽ.ഐ.എസ്.സി. കോഴ്സ് (4 സെമസ്റ്റർ) നടത്തുന്നുണ്ട്. സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജായ കോഴിക്കോട് ഫാറൂഖ് കോളേജിലും (ഓട്ടോണമസ്), 2 വർഷ എം.എൽ.ഐ.എസ്.സി. (4 സെമസ്റ്റർ) കോഴ്സ് നടത്തുന്നുണ്ട്. കണ്ണൂർ സർവ്വകലാശാലയുടെ തലശ്ശേരി കാമ്പസ്സിൽ പ്രവർത്തിക്കുന്ന ഡിപ്പാർട്ട്മെന്റ് ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസിൽ രണ്ട് വർഷ എം.എൽ.ഐ.എസ്.സി. (നാല് സെമസ്റ്റർ) കോഴ്സിന്റെയും നടത്തി വരുന്നുണ്ട്. കേരള സർവ്വകാലാശാലയുടെ കീഴിലുള്ള ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് വകുപ്പിൽ റെഗുലർ കോഴ്സായി രണ്ട് വർഷ (നാല് സെമസ്റ്റർ) എം.എൽ.ഐ. എസ്.സി. കോഴ്സ് നടത്തിവരുന്നുണ്ട്.

(ബി) I കേരള സർവ്വകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രംവഴി നടത്തുന്ന ഏകവർഷ എം.എൽ.ഐ.എസ്.സി., ബി.എൽ.ഐ.എസ്.സി. കറസ്പോണ്ടൻസ് കോഴ്സുകളുടെ ഫീസിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു :

| MLISc | BLISc |
|---|---|
| ₹ 9400 | ₹ 6600 (യോഗ്യത ബിരുദം കേരള സർവ്വകലാശാലയിൽ നിന്നാണെങ്കിൽ) |
| ₹ 9500 | ₹ 6700 (യോഗ്യത ബിരുദം കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്നാണെങ്കിൽ) |
| ₹ 9800 | ₹ 7000 (യോഗ്യത ബിരുദം മറ്റ് സർവ്വകലാശാലയിൽ നിന്നാണെങ്കിൽ) |

എസ്.സി./എസ്.ടി. വിദ്യാർത്ഥികളെ ട്യൂഷൻ ഫീസ് ഒടുക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

യോഗ്യത:

B.LISc: കേരള സർവ്വകലാശാലയിൽനിന്നും നേടിയ 40 ശതമാനത്തിൽ കുറയാതെയുള്ള ബിരുദം, അല്ലെങ്കിൽ കേരള സർവ്വകലാശാല ബിരുദത്തിനു തത്തുല്യമായി അംഗീകരിച്ച മറ്റ് സർവ്വകലാശാലയിൽ നിന്നും നേടിയ 40 ശതമാനത്തിൽ കുറയാതെയുള്ള ബിരുദം, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ യഥാക്രമം 5%, 3% മാർക്കിളവിന് അർഹരായിരിക്കും.

M.LISc: കേരള സർവ്വകലാശാലയുടെ ലൈബ്രറി & ഇൻഫർമേഷൻ സയൻസ് ബിരുദം അല്ലെങ്കിൽ കേരള സർവ്വകലാശാല ബിരുദത്തിനു തുല്യമായി അംഗീകരിച്ച മറ്റ് സർവ്വകലാശാലയിൽനിന്നും നേടിയ ബിരുദം

II കേരള സർവ്വകലാശാലയുടെ രണ്ട് വർഷ എം.എൽ.ഐ.എസ്.സി. (നാല് സെമസ്റ്റർ) റെഗുലർ കോഴ്സുമായി ബന്ധപ്പെട്ട ട്യൂഷൻ ഫീസ് നിരക്കുകൾ സീറ്റുസംവരണം എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

ട്യൂഷൻ ഫീസ്: മൊത്തം 4 സെമസ്റ്ററുള്ള എം.എൽ.ഐ.എസ്.സി. കോഴ്സിന് ട്യൂഷൻ ഫീസിനത്തിൽ ഓരോ സെമസ്റ്ററിനും 1,500 രൂപ വീതം 4 സെമസ്റ്ററിന് മൊത്തം 6,000 രൂപ

സീറ്റ് സംവരണം:

| | | |
|---|---|---|
| വകുപ്പ് | - | ലൈബ്രറി &ഇൻഫർമേഷൻ സയൻസ് |
| പ്രോഗ്രാം | - | എം.എൽ.ഐ.എസ്.സി. |
| അനുവദിച്ച സീറ്റ് | - | 20 എണ്ണം |

വിന്യാസം

| കാറ്റഗറി | സീറ്റുകളുടെ എണ്ണം |
|---|---|
| പൊതുവിഭാഗം | 10 |
| എസ്.ഇ.ബി.സി. (ഈഴവ) | 1 |
| എസ്.ഇ.ബി.സി.(മുസ്ലീം) | 2 |
| പിന്നോക്ക ഹിന്ദുക്കൾ | ... |
| എൽ.സി./എസ്.ഐ.യു.സി | 1 |
| പിന്നോക്ക ക്രിസ്ത്യാനികൾ | ... |
| ബി.പി.എൽ. (മുന്നോക്ക സമുദായം മാത്രം) | 2 |
| പട്ടികജാതി | 3 |
| പട്ടികവർഗ്ഗം | 1 |

(സി) കേരള സർവ്വകലാശാല പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധം ഒന്നായി ഉള്ളടക്കം ചെയ്യുന്നു*.

(ഡി) ഇത്തരത്തിലുള്ള നിവേദനം ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ&എഫ്) ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണം

215 (1204) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിലെ മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് നിലവിൽ പ്രവർത്തിക്കുന്നത് ഒരു മദ്രസയിലാണെന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; കോളേജ് കെട്ടിട നിർമ്മാണം വൈകുന്നതിനാൽ അനുയോജ്യമായ മറ്റൊരു സ്ഥലത്തേക്ക് കോളേജ് മാറ്റുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) കോളേജിന്റെ കെട്ടിട നിർമ്മാണം വൈകുന്നത് കോളേജിയേറ്റ് വിദ്യാഭ്യാസ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നിർവഹണ ഏജൻസിയായ കിറ്റ്കോ-യ്ക്ക് നൽകിയിട്ടുണ്ടോ;

(സി) കോളേജിന്റെ കെട്ടിട നിർമ്മാണം ത്വരിതഗതിയിൽ ആക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് ഇപ്പോൾ പ്രവർത്തിക്കുന്നത് ജവാഹിറുൽ ഉലൂം മദ്രസയിലാണ്. കോളേജിന്റെ പ്രവർത്തനം അനുയോജ്യമായ മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കോളേജ് പ്രിൻസിപ്പാളിന് നിർദ്ദശം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. കെട്ടിട നിർമ്മാണം എത്രയുംവേഗം പൂർത്തിയാക്കുന്നതിന് കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ച 4,48,96,764 രൂപയുടെ 20 ശതമാനം തുക (89,79,353 രൂപ) കിറ്റ്കോയ്ക്ക് നൽകിയിട്ടുണ്ട്. അടുത്ത ഗഡു കിറ്റ്കോയ്ക്ക് ലഭ്യമാക്കി കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

216 (1205) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള Mandatory Other Components എന്നിവയിൽ ഏതെങ്കിലും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കോളേജിന് നിലവിൽ സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ പ്രസ്തുത Component-കൾ നടപ്പിലാക്കുവാൻ സാധിക്കുമോ ; ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ) മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ കിഫ്ബി മുഖേന അടിസ്ഥാനസൗകര്യ നിർമ്മാണം, അന്തർദ്ദേശീയ നിലവാരമുള്ള സ്മാർട്ട് ക്ലാസ്സുകളുടെ രൂപീകരണം, കമ്പ്യൂട്ടർ ലാബ്, നെറ്റ്‌വർക്കിംഗ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുക, ഉയർന്ന നിലവാരമുള്ള ലബോറട്ടറി, ലൈബ്രറി എന്നിവ ഒരുക്കുക തുടങ്ങിയവ ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ വൈദഗ്ധ്യമുള്ള നാല് എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർ അടങ്ങുന്ന ഒരു ടെക്നിക്കൽ എക്സ്പെർട്ട് ടീം രൂപീകരിച്ച് പദ്ധതിയുടെ രൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിച്ചു വരുന്നു. ഇതിനായുള്ള മാസ്റ്റർപ്ലാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർവഴി കിറ്റ്കോ അധികൃതർക്ക് നൽകുകയും കിറ്റ്കോയിൽനിന്നും ഒരു സംഘം കോളേജ് സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) സ്വന്തമായിട്ടുള്ള കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു. പഠനം നടത്തിയിട്ടില്ല.

**ചേലക്കര കിള്ളിമംഗലം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ അടിസ്ഥാന സൗകര്യം**

217 (1206) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര കിള്ളിമംഗലം ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ കെട്ടിടമടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് 8.85 കോടി അനുവദിച്ചുപ്രകാരം മാസ്റ്റർ പ്ലാൻ, ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്, എന്നിവ തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ബി) ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിലുള്ള പുരോഗതി എന്താണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ചേലക്കര കിള്ളിമംഗലം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന്റെ അടിസ്ഥാന വികസനത്തിനുവേണ്ടി കിഫ്ബി വഴി 8.85 കോടി രൂപ ലഭിക്കുന്നതിനായി കോളേജിന്റെ മാസ്റ്റർപ്ലാൻ, ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിന് തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ സാങ്കേതിക വിദഗ്ദ്ധ ടീം (ടീം നമ്പർ - 11)-നെയാണ് ഏൽപ്പിച്ചിരിക്കുന്നത്. എന്നാൽ, ഇതുവരെ ഇതിന്റെ പ്രവർത്തനങ്ങളൊന്നും നടക്കാതിരിക്കുന്നതിനാൽ പുതുതായി കിറ്റ്കോയെ പ്രസ്തുത പ്രവൃത്തി ഏൽപ്പിച്ചിട്ടുണ്ട്.

## മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി

218(*T1207) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിൽ അധ്യാപക-അനധ്യാപക ജീവനക്കാരുടെ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യത്തിൽ എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) കോളേജിൽ നിലവിലുള്ള കോഴ്സുകളും വിദ്യാർത്ഥികളുടെ എണ്ണവുമനുസരിച്ച് എത്ര അധ്യാപക - അനധ്യാപക തസ്തികകളാണ് വേണ്ടത്; സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) പ്രിൻസിപ്പൽ ഉൾപ്പെടെ ആവശ്യമായ അധ്യാപക-അനധ്യാപക ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&സി) 20-5-2017-ലെ സ.ഉ.(എം.എസ്.) നമ്പർ 133/2017/ഉ.വി.വ. പ്രകാരം മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിൽ ഇംഗ്ലീഷിൽ രണ്ടും കെമിസ്ട്രിക്ക് ഒന്നും അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിരുന്നു. പ്രിൻസിപ്പൽ, മറ്റ് അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) യു.ജി.സി. റെഗുലേഷൻ അനുസരിച്ച് നിശ്ചയിച്ചിട്ടുള്ള വർക്ക് ലോഡിന്റെ അടിസ്ഥാനത്തിലാണ് അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത്. ഇതുപ്രകാരം ആഴ്ചയിൽ 16 മണിക്കൂർ പ്രസ്തുത വിഷയത്തിൽ അദ്ധ്യാപനത്തിന് മാത്രമായി ഉണ്ടായിരിക്കണം. അനദ്ധ്യാപക തസ്തികകൾക്കായി സ്റ്റാഫ് പാറ്റേൺ നിലവിലുണ്ട്. നിലവിൽ മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിൽ വിദ്യാർത്ഥികളുടെ എണ്ണം ആയിരത്തിൽ കുറവായതിനാൽ ചുവടെ സൂചിപ്പിക്കും പ്രകാരമാണ് തസ്തികകളുടെ എണ്ണം നിശ്ചയിച്ചിരിക്കുന്നത്:

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

| | | |
|---|---|---|
| സീനിയർ സൂപ്രണ്ട് | - | 1 |
| ഹെഡ് അക്കൗണ്ടന്റ് | - | 1 |
| ക്ലാർക്ക് | - | 3 |
| ടൈപ്പിസ്റ്റ് | - | 1 |
| ലൈബ്രേറിയൻ ഗ്രേഡ് IV | - | 1 |
| ലൈബ്രറി അറ്റൻഡർ | - | 1 |
| ഓഫീസ് അറ്റൻഡന്റ് | - | 2 |
| ഫുൾടൈം സ്വീപ്പർ | - | 1 |
| സാനിറ്റേഷൻ വർക്കർ | - | 1 |
| നൈറ്റ് വാച്ച്മാൻ | - | 1 |

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ബി.ടെക്. പ്രവേശനം

219 (1208) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേക്കുള്ള ഈ വർഷത്തെ ബി-ടെക് പ്രവേശനത്തിന് മാനേജ്മെന്റുകളുമായി സർക്കാർ കരാറിലേർപ്പെട്ടിട്ടുണ്ടോ; ഈ കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ബി) കോഴ്സിനിടയിൽ കോളേജിൽനിന്നും പിരിഞ്ഞുപോകുന്ന വിദ്യാർത്ഥികളിൽ നിന്നും മുഴുവൻ വർഷത്തെയും കോഴ്സ് ഫീസ് നഷ്ടപരിഹാരമായി വാങ്ങുന്ന വ്യവസ്ഥയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വ്യവസ്ഥ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ കൺസോർഷ്യം ആയ കേരള സെൽഫ് ഫിനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ (KSFECMA), കേരളാ കാത്തലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ (KCEMA), ആർക്കിടെക്ചർ കോളേജ് മാനേജ്മെന്റ് അസോസിയേഷൻ (ACMA) എന്നിവരുമായി ഈ വർഷത്തെ ബി-ടെക് പ്രവേശനത്തിന് കരാറുകളിലേർപ്പെട്ടിട്ടുണ്ട്. ഈ കരാറുകളിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി (1, 2, 3) ചേർത്തിരിക്കുന്നു*.

(ബി) ഇല്ല. ഇടയ്ക്കുവച്ച് പഠനം നിർത്തിപോകുന്ന വിദ്യാർത്ഥികൾ ലിക്വിഡേറ്റഡ് ഡാമേജസ് ഇനത്തിൽ അടയ്ക്കാൻ ബാദ്ധ്യസ്ഥമായ തുക കുറവുചെയ്യുകയോ ഒഴിവാക്കി കൊടുക്കുകയോ ചെയ്യണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വാമനപുരം നിയോജകമണ്ഡലത്തിൽ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്

220 (1209) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ ഒരു പുതിയ ഗവ. ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ&ബി) വാമനപുരം നിയോജകമണ്ഡലത്തിൽ ഒരു ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

## സ്വകാര്യ/സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ്

221 (1210) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ/സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ അമ്പത് ശതമാനം സീറ്റുകളിൽ കുറഞ്ഞ ഫീസ് എന്ന സമ്പ്രദായം ഇപ്പോൾ നിലവിലുണ്ടോ;

(ബി) പ്രസ്തുത കോളേജുകളിലെ ഫീസ് നിശ്ചയിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഇത്തരം കോളേജുകളിൽ സാമ്പത്തികശേഷി കുറഞ്ഞ പട്ടികജാതി/ പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗത്തിലെ കുട്ടികൾക്ക് ഫീസിളവിന് അർഹതയുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) സ്വകാര്യ/സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 50% സീറ്റുകളിൽ കുറഞ്ഞ ഫീസ് നിലവിലുണ്ട്. ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി (1, 2, 3) ചേർത്തിരിക്കുന്നു*.

(സി) പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗത്തിലെ കുട്ടികൾക്കുള്ള ഫീസിളവിനെ സംബന്ധിച്ച KEAM 2017/ പ്രോസ്പെക്ടസിലെ ക്ലോസ് 12-ൽ പ്രതിപാദിച്ചിട്ടുണ്ട്. (പ്രസക്ത ഭാഗത്തിന്റെ പകർപ്പ് അനുബന്ധം IV ആയി ചേർത്തിരിക്കുന്നു*)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ട്രഷറികൾവഴി കോളേജ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ

222 (1211) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജ് വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പുകൾ നൽകുന്നതിന് ആരംഭിച്ച ബാങ്ക് അക്കൗണ്ടുകളിൽ മിനിമം ബാലൻസ് വർദ്ധിപ്പിച്ചു കൊണ്ട് തീരുമാനമായിട്ടുണ്ടോ; എങ്കിൽ നിലവിലുള്ള മാനദണ്ഡങ്ങളിൽ എന്ത് മാറ്റമാണ് ബാങ്കുകൾ വരുത്തിയിട്ടുള്ളത്;

(ബി) ബാങ്കുകളുടെ പുതിയ തീരുമാനം വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും എന്തെല്ലാം ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്; ഇത് പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ബാങ്കുകൾ ഇത്തരത്തിൽ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങളും വ്യവസ്ഥകളും വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികളെ ബാധിക്കാതിരിക്കുന്നതിന് സംസ്ഥാന ട്രഷറികൾ വഴി ഇത്തരം പദ്ധതി നടത്തിപ്പിന്റെ സാധ്യതകൾ പരിശോധിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കോളേജ് വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പുകൾ നൽകുന്നതിന് ആരംഭിച്ച ബാങ്ക് അക്കൗണ്ടുകളിൽ മിനിമം ബാലൻസ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും തന്നെ ലഭിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## കോഴഞ്ചേരി ഗവൺമെന്റ് കോളേജിലെ പി.ജി.കോഴ്സുകൾ

223 (1212) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷംതന്നെ കോഴഞ്ചേരി ഗവൺമെന്റ് കോളേജിൽ പി.ജി. കോഴ്സുകൾ ആരംഭിക്കണമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) അടിയന്തരമായി പി.ജി കോഴ്സുകൾ ആരംഭിക്കാൻ അനുമതി നൽകുമോ ?

ഉത്തരം

(എ-സി) കോഴഞ്ചേരിയിൽ ഗവൺമെന്റ് കോളേജുകളൊന്നും നിലവിലില്ല. എന്നാൽ കോഴിക്കോട് കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

## പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും നഷ്ടങ്ങളും

224 (1213) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്ലസ് 2 കഴിഞ്ഞ വിദ്യാർത്ഥികൾക്കായുള്ള ഉപരിപഠന പ്രവേശന പരീക്ഷകളായ നീറ്റ് (കേന്ദ്രസർക്കാർ അധീനതയിൽ) മറ്റു സംസ്ഥാന സർക്കാർ എൻട്രൻസ് പരീക്ഷകൾ, ഡിഗ്രി അഡ്മിഷൻ എന്നിവ നടത്തുന്നത് പല വകുപ്പുകളായതിനാൽ, ആയതിന് ഒരു സംസ്ഥാനതല കലണ്ടർ ഇല്ലാത്തതുകൊണ്ട് പ്രസ്തുത വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും നഷ്ടങ്ങളും പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഈവർഷം നീറ്റ് അഡ്മിഷൻ, ഡിഗ്രി അഡ്മിഷൻ എന്നിവ തുടങ്ങിയിട്ടും 5 വർഷ നിയമകോഴ്സുകൾക്കും മെഡിക്കൽ അനുബന്ധ കോഴ്സുകൾക്കും അഡ്മിഷൻ തുടങ്ങാത്തതുമൂലം വിദ്യാർത്ഥികൾക്ക് അവരുദ്ദേശിക്കുന്ന കോഴ്സുകൾക്ക് ചേരാനാവാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്ലസ് 2 കഴിഞ്ഞ വിദ്യാർത്ഥികളുടെ ഉപരിപഠനരംഗത്തുള്ള ഈ അവസ്ഥ പരിഹരിക്കാൻ വിദ്യാഭ്യാസ വകുപ്പും മറ്റു വകുപ്പുകളും യോജിച്ചുകൊണ്ട് ഒരു എകീകൃത യോഗ്യതാ പരീക്ഷാ/റിസൾട്ട് പ്രഖ്യാപനം, അഡ്മിഷൻ എന്നിവയ്ക്കായി ഒരു ഏകീകൃത പരീക്ഷാ കലണ്ടർ ഉണ്ടാക്കാനും ആയത് പ്ലസ് 2 പൊതുപരീക്ഷ കഴിഞ്ഞയുടൻ തന്നെ പ്രസിദ്ധീകരിക്കാനും ആയതിൻപ്രകാരം അഡ്മിഷൻ ക്രമീകരിക്കാനുംവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് അഞ്ചുവർഷ നിയമകോഴ്സുകൾക്ക് പല കോളേജുകളും എൻട്രൻസ് പരീക്ഷ നടത്തുന്നത് തടയുവാനും സംസ്ഥാനതലത്തിൽ ഒറ്റ എൻട്രൻസ് നടത്തുന്നതു പരിഗണിക്കാനും മറ്റ് വകുപ്പുകളുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.ഇ.എ.എം. മുഖേന കേരള സർക്കാരും എൻ.ഇ.ഇ.റ്റി. വഴി കേന്ദ്ര സർക്കാരും വ്യത്യസ്ത തീയതികളിൽ അഡ്മിഷൻ നടത്തുന്നതിനാൽ വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. കേരള സർക്കാർ നടത്തുന്ന കെ.ഇ.എ.എം.-ന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് കോഴ്സിലേയ്ക്കുള്ള അഡ്മിഷൻ പുരോഗമിച്ചു വരുമ്പോൾത്തന്നെ എൻ.ഇ.ഇ.റ്റി. ഫലം പ്രസിദ്ധീകരിക്കപ്പെടുകയും കെ.ഇ.എ.എം. പ്രകാരം അഡ്മിഷൻ നേടിയ പല വിദ്യാർത്ഥികളും മെഡിക്കൽ പ്രവേശനം നേടുകയും ചെയ്യുന്നു.

(ബി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിച്ചിട്ടുള്ള സമയക്രമം അനുസരിച്ച് മാത്രമേ എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളുടെ പ്രവേശനം നടത്താനാകൂ. ആയതുപ്രകാരം 2017 ജൂലൈ 30-നകം മെഡിക്കൽ അനുബന്ധ കോഴ്സുകളുടെ ഒന്നാംഘട്ട അലോട്ട്മെന്റ് നടപടികൾ പൂർത്തിയായിട്ടുണ്ട്. രണ്ടാംഘട്ട അലോട്ട്മെന്റ് നടപടികൾ 2017 ആഗസ്റ്റ് 24-നകം പൂർത്തിയാക്കുന്നതാണ്. പഞ്ചവത്സര എൽ.എൽ.ബി. കോഴ്സിലേയ്ക്കുള്ള പ്രവേശനപരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രവേശന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഒരു ഏകീകൃത കലണ്ടർ ഉണ്ടാക്കുകവഴി ഉപരിപഠന രംഗത്ത് വിദ്യാർത്ഥികൾ നേരിടുന്ന ഈ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുകയാണ്.

(ഡി) സംസ്ഥാനത്തെ സ്വാശ്രയ കോളേജുകൾ ഉൾപ്പെടെ അഞ്ച് വർഷ നിയമകോഴ്സ് പ്രവേശനം, സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നാണ് നടത്തുന്നത്.

## കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ബി.എഡ്.കോഴ്സിന്റെ പരീക്ഷ നടത്തിപ്പിലുള്ള കാലതാമസം

225 (1214) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ 2016-2018 ബാച്ചിലെ ബി.എഡ് കോഴ്സിന്റെ ഏപ്രിൽ മാസം നടക്കേണ്ട 2-ാം സെമസ്റ്റർ പരീക്ഷയും കഴിഞ്ഞ ബാച്ചിലെ നാലാം സെമസ്റ്റർ പരീക്ഷയും ഇതുവരെ നടത്തിയിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഇതുകാരണം കഴിഞ്ഞ വർഷത്തെ ബാച്ചിന് മൂന്ന് അദ്ധ്യയന വർഷങ്ങൾ പഠനത്തിന് ചെലവഴിക്കേണ്ടിവന്നതും, വിദ്യാർത്ഥികളുടെ ഉപരിപഠനം വൈകിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയതിനുത്തരവാദികൾ ആയവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീവീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

### ഉത്തരം

(എ-സി) അംഗീകൃത പരീക്ഷ കലണ്ടർ പ്രകാരം രണ്ടാം സെമസ്റ്റർ ബി.എഡ്. പരീക്ഷ ഏപ്രിൽ മാസത്തിലല്ല നടക്കേണ്ടത്. അംഗീകൃത പരീക്ഷാ കലണ്ടറനുസരിച്ച് രണ്ടും നാലും സെമസ്റ്റർ ബി.എഡ്. ക്ലാസ് ആരംഭിക്കുന്നത് 3-1-2017-ലും അവസാനിക്കുന്നത് 30-6-2017-ലും ആണ്. നാലാം സെമസ്റ്റർ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് രണ്ടാം സെമസ്റ്ററിലെ പേപ്പറുകൾക്ക് സപ്ലിമെന്ററി പരീക്ഷ ഉണ്ടാകാനിടയുണ്ട്.

ആയതിനാൽ നാലാം സെമസ്റ്റർ പരീക്ഷ കഴിഞ്ഞശേഷം മാത്രമേ രണ്ടാം സെമസ്റ്റർ പരീക്ഷ നടത്തുവാൻ പറ്റുമായിരുന്നുള്ളൂ. അതുപ്രകാരം നാലാം സെമസ്റ്റർ പരീക്ഷ ജൂലൈ 31-ന് അവസാനിക്കുകയും രണ്ടാം സെമസ്റ്റർ പരീക്ഷ ആഗസ്റ്റ് എട്ടാം തീയതി ആരംഭിക്കുന്നതുമാണ്. ഇപ്രകാരം പരീക്ഷ നടത്തിയതുകൊണ്ട് വിദ്യാർത്ഥികൾക്ക് മൂന്ന് അദ്ധ്യയന വർഷങ്ങൾ ചെലവഴിക്കേണ്ടി വരികയോ ഉപരിപഠനം വൈകുകയോ ചെയ്യുകയില്ല.

## പാർട്ട് ടൈം എം.ടെക്. (സ്ട്രക്ചറൽ) കോഴ്സ്

226 (1215) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ പാർട്ട് ടൈം എം.ടെക്. (സ്ട്രക്ച്ചറൽ) കോഴ്സ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ലഭിച്ചിരുന്നുവോ;

(ബി) എങ്കിൽ ഈ കോഴ്സ് ആരംഭിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ പാർട്ട് ടൈം എം.ടെക് (സ്ട്രക്ചറൽ) കോഴ്സ് ആരംഭിക്കണമെന്നാവശ്യപ്പെട്ട് 2017-18 വർഷത്തിൽ സ്ഥാപനത്തിൽനിന്നും നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. ടി കോഴ്സ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. ഗോപാലകൃഷ്ണൻ, ശ്രീ. അശോകൻ എന്നിവർ സമർപ്പിച്ച നിവേദനം ഇപ്പോൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ പരിഗണനയിലാണ്. പുതുതായി പാർട്ട്ടൈം എം.ടെക്/ബി.ടെക് കോഴ്സ് തുടങ്ങുന്നതിന് അതത് വർഷങ്ങളിൽ എ.ഐ.സി.ടി.ഇ. അംഗീകാരവും യൂണിവേഴ്സിറ്റി അഫിലിയേഷനും നിർബന്ധമാണ്.

## കമ്പ്യൂട്ടർ കോഴ്സുകൾ വ്യവസ്ഥാപിതമാക്കുവാൻ നടപടി

227 (1216) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത സംഘടനകളുടെയും യൂണിവേഴ്സിറ്റികളുടെയും പേരിൽ കമ്പ്യൂട്ടർ കോഴ്സുകൾ നടത്തുന്നതും പരീക്ഷകൾ നടത്തി അംഗീകാരമില്ലാത്ത സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കമ്പ്യൂട്ടർ പഠനവും പരീക്ഷ നടത്തിപ്പും ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ നിയന്ത്രണത്തിൻകീഴിൽ കൊണ്ടുവന്ന് പരീക്ഷ നടത്തി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കമ്പ്യൂട്ടർ അനുബന്ധ കോഴ്സുകൾ ഏകീകരിച്ചുകൊണ്ട് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എലിജിബിലിറ്റി ടെസ്റ്റ് എന്ന പേരിൽ പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. അതിനുള്ള പ്രാരംഭ നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

**സി-ആപ്റ്റ് കോഴ്സ്**

228(1217) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സി-ആപ്റ്റ് ഏതൊക്കെ കോഴ്സുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) സി-ആപ്റ്റ് നടത്തുന്ന കോഴ്സുകൾ പാസ്സായി ഇറങ്ങുന്ന വിദ്യാർത്ഥികൾക്ക് ഈ മേഖലയിൽ ജോലി ഉറപ്പുവരുത്തുന്നതിനായി ടി സ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ അടിസ്ഥാന യോഗ്യതയായി അംഗീകരിച്ച് ഉത്തരവുകളെന്തെങ്കിലും പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ടി സ്ഥാപനം നൽകുന്ന സർട്ടിഫിക്കറ്റുകൾക്കും കോഴ്സുകൾക്കും സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളോ, മറ്റ് ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളോ, പി.എസ്.സി.-യോ അംഗീകാരം നൽകിയിട്ടുണ്ടോ ; രേഖകൾ സഹിതം വ്യക്തമാക്കാമോ ;

(ഡി) ടി സ്ഥാപനത്തിൽ നിന്നുള്ള കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് പ്ലേസ്മെന്റ് നൽകുന്നതിനായി എന്തൊക്കെ നടപടികളാണ് ഈ സ്ഥാപനം കൈകൊണ്ടുവരുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സി-ആപ്റ്റും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പും സംയുക്തമായി പി.ജി.ഡി.സി.എ., കെ.ജി.റ്റി.ഇ പ്രീ-പ്രസ്, കെ.ജി.റ്റി.ഇ. പ്രസ് വർക്ക്, കെ.ജി.റ്റി.ഇ. പോസ്റ്റ് പ്രസ് ഓപ്പറേഷൻ ആന്റ് ഫിനിഷിംഗ്, സർട്ടിഫിക്കറ്റ് ഇൻ ഓഫ്സെറ്റ് പ്രിന്റിംഗ് ടെക്നോളജി, സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടർ ആന്റ് ഡി.റ്റി.പി. ഓപ്പറേഷൻ എന്നീ ആറ് കോഴ്സുകൾ നടത്തുന്നുണ്ട്. സി-ആപ്റ്റ് മൾട്ടിമീഡിയ അക്കാഡമി ഫ്രാഞ്ചൈസി അടിസ്ഥാനത്തിൽ 15 കരിയർ കോഴ്സുകളും, 26 സർട്ടിഫിക്കറ്റ് കോഴ്സുകളും 9 അവധിക്കാല കോഴ്സുകളും നടത്തുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*. കൂടാതെ സി-ആപ്റ്റ് നേരിട്ട് നടത്തുന്ന 38 കോഴ്സുകളുടെ വിശദാംശങ്ങൾ അനുബന്ധം രണ്ടായും ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്. സി-ആപ്റ്റും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റും സംയുക്തമായി നടത്തുന്ന കോഴ്സുകൾക്ക് പി.എസ്.സി. അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ, സി-ആപ്റ്റ് നേരിട്ട് നടത്തുന്ന 18 കോഴ്സുകൾക്കും സി-ആപ്റ്റ് മൾട്ടീമീഡിയ അക്കാഡമി നടത്തുന്ന 16 കോഴ്സുകളും ഉന്നതവിദ്യാഭ്യാസ വകുപ്പും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പും അംഗീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് അനുബന്ധം മൂന്നായി ചേർത്തിരിക്കുന്നു*.

(ഡി) പ്ലേസ്മെന്റ് സംബന്ധിച്ച് പ്രത്യേക പദ്ധതികൾ നിലവിലില്ല.

**അരൂർ കെൽട്രാക്ക് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ**

229 (1218) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനുകീഴിൽ അരൂർ കെൽട്രോണിൽ പ്രവർത്തിച്ചു വന്നിരുന്ന ടൂൾ ആൻഡ് ഡൈ മേക്കിംഗ് കോഴ്സ്, പോളിടെക്നിക്കിലെ ഡിപ്ലോമാ കോഴ്സിന് തുല്യമാക്കിയതിനെത്തുടർന്ന് അരൂർ കെൽട്രാക്ക് എന്ന സ്ഥാപനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് 2015, 2016, 2017 എന്നീ വർഷങ്ങളിലെ പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുന്നതിനും പുതിയ പരീക്ഷ നടത്തിപ്പിലും വന്നതായ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) 2017 വർഷത്തെ പ്രവേശന നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; എന്നത്തേയ്ക്ക് ക്ലാസുകൾ ആരംഭിക്കാനാവും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെൽട്രാക്ക് നടത്തുന്ന ഡിപ്ലോമാ കോഴ്സുകളിൽ 2014-15 വരെ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് പരീക്ഷ നടത്തുന്നതിന് കെൽട്രാക്ക് ഡയറക്ടറേയും സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തി നൽകുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെയും ചുമതലപ്പെടുത്തിക്കൊണ്ട് 29-3-2017-ലെ ജി.ഒ.(എം.എസ്.) 87/47/ഉവിവ നമ്പർ പ്രകാരം ഉത്തരവായിരുന്നു. 2015-16 മുതൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് സാങ്കേതിക പരീക്ഷാ കൺട്രോളർ പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം പരീക്ഷാ ക്രമീകരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പോളിടെക്നിക്ക് ഡിപ്ലോമ കോഴ്സിന് തുല്യമായി കെൽട്രാക്ക് നടത്തുന്ന ടൂൾ ആന്റ് ഡൈമേക്കിംഗ് ഡിപ്ലോമ കോഴ്സിന്റെ സിലബസ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം പ്രവേശന പരീക്ഷാ നടപടികൾ, കൗൺസിലിംഗ്, അഡ്മിഷൻ എന്നിവ പൂർത്തിയായശേഷം മാത്രമേ ക്ലാസ്സുകൾ ആരംഭിക്കുന്ന തീയതി നിശ്ചയിക്കാൻ കഴിയുകയുള്ളൂ.

## എഞ്ചിനീയറിംഗ് സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം

230 (1219) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ എഞ്ചിനീയറിംഗ് പ്രവേശനത്തിനുള്ള അവസാനഘട്ട അലോട്ട്മെന്റും പൂർത്തിയായപ്പോൾ പകുതിയിലധികം സീറ്റുകളും ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ കോളേജുകളിൽ ഏതൊക്കെ ബ്രാഞ്ചുകളിലായി എത്ര വിതം സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(സി) ഈ സീറ്റുകളിലേക്ക് ഓൺലൈൻ അപേക്ഷയിലൂടെ ഇനി പ്രവേശനം നൽകാനാകുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) വിദ്യാർഥികൾ ഈ രംഗത്തോട് വിമുഖത കാണിക്കുന്നതിന്റെ കാരണം പരിശോധിക്കുമോ; എ.ഐ.സി.ടി.ഇ.-യുമായി ഇക്കാര്യം ചർച്ച ചെയ്യുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) സംസ്ഥാന സർക്കാരും സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് മാനേജ്മെന്റുകളും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ 2017 ജൂലൈ 25-നകം മൂന്ന് അലോട്ട്മെന്റുകൾ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത കരാറിലെ വ്യവസ്ഥ പ്രകാരം 2017 ജൂലൈ 25-ന് ശേഷം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്ക് അലോട്ട്മെന്റ് നടത്തുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അധികാരമില്ല. എന്നാൽ സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ/ യൂണിവേഴ്സിറ്റി നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ മൂന്നാം ഘട്ട

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അലോട്ട്മെന്റിന് ശേഷമുള്ള ഒഴിവുകൾ നികത്തുന്നതിനായി ഒരു ഓൺലൈൻ അലോട്ട്മെന്റ് 2017 ആഗസ്റ്റ് 4-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത അലോട്ട്മെന്റിലൂടെ വിദ്യാർത്ഥികൾക്ക് അതത് കോളേജുകളിൽ പ്രവേശനം നേടുന്നതിന് 8-8-2017 വരെ സമയം അനുവദിച്ചിട്ടുണ്ട്. 8-8-2017-ന് ശേഷം ഈ കോളേജുകളിൽ ഒഴിവുകൾ നിലനിൽക്കുന്നപക്ഷം അത് സ്പോട്ട് അഡ്മിഷനിലൂടെ 15-8-2017-നകം നികത്തുന്നതിന് അതത് കോളേജ് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) മുൻകാലങ്ങളെ അപേക്ഷിച്ച് എഞ്ചിനീയറിംഗ് മേഖലയിൽ തൊഴിൽ സാധ്യത കുറഞ്ഞതും പഠന രംഗത്തെ പോരായ്മകളും വിദ്യാർത്ഥികൾക്ക് എഞ്ചിനീയറിംഗ് പഠനത്തോട് താത്പര്യം കുറയാൻ കാരണമായിട്ടുണ്ട്. പ്രവേശനം നേടിവരുന്ന വിദ്യാർത്ഥികൾക്ക് ഗുണനിലവാരമുള്ള സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. എ.ഐ.സി.ടി.ഇ.-യുമായി ഇക്കാര്യം ചർച്ച ചെയ്തിട്ടില്ല.

**വിളപ്പിൽശാലയിൽ സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനം**

231 (*T1220) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനം കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽശാലയിൽ നിർമ്മിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ എന്തായെന്ന് വിശദമാക്കാമോ;

(ബി) തുടർനടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; തുടർനടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയ്ക്ക് ആസ്ഥാനം നിർമ്മിക്കുന്നതിന് അനുയോജ്യമെന്ന് കണ്ടെത്തിയതിൽ തിരുവനന്തപുരം കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള വിളപ്പിൽശാലയിലെ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ടി വകുപ്പിന്റെ അഭിപ്രായം ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## മലയാള സർവ്വകലാശാല

232 (1221) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള സർവകലാശാലയിൽ ഇപ്പോൾ എത്ര സ്ഥിര ജീവനക്കാരാണുള്ളത് ; ഇതിൽ പി.എസ്.സി മുഖേന നിയമിക്കപ്പെട്ടവർ എത്ര പേരാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പി.എസ്.സി. വഴിയല്ലാതെ നിയമനം നടത്തിയ തസ്തികകൾ ഏതൊക്കെയാണ്; ഈ തസ്തികകളിലേക്കുള്ള നിയമനം എന്തുകൊണ്ടാണ് പി.എസ്.സി. മുഖാന്തരം നടത്താത്തത്; വിശദീകരിക്കാമോ ?

### ഉത്തരം

(എ) തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ സ്ഥിരാടിസ്ഥാനത്തിൽ 40 അദ്ധ്യാപക തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്. 2013-ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല നിയമത്തിലെ 39-ാം വകുപ്പുപ്രകാരം അദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ല. മലയാള സർവ്വകലാശാലയിൽ സ്ഥിരാടിസ്ഥാനത്തിൽ അനദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടില്ല. അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) 7-5-2013-ലെ ജി.ഒ.(എം.എസ്) 125/2013/ഉ.വി.വ. ഉത്തരവ് മുഖേന 9 തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് നിയമനം നടത്തിയിട്ടുണ്ട്. 2013 ആഗസ്റ്റിൽ ഒന്നാംഘട്ട ഇടക്കാല മന്ദിരം നിർമ്മാണം പൂർത്തിയാവുകയും ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ പൊതുസഭയുടെയും നിർവ്വാഹക സമിതിയുടെയും അനുവാദത്തോടെ ഓഫീസ്, ലൈബ്രറി, സെക്യൂരിറ്റി, ഹോസ്റ്റൽ കാമ്പസ് ശുചീകരണം, കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽ അനിവാര്യമായ 78 ജീവനക്കാരെ താൽക്കാലികമായി നിയോഗിച്ചിട്ടുണ്ട്. ഇതിൽ 31 പേർ ദിവസ വേതനത്തിലും 47 പേർ കരാർ അടിസ്ഥാനത്തിലുമാണ്. ടി ജീവനക്കാരുടെ പട്ടിക തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു:

| | |
|---|---|
| ശുചീകരണ വിഭാഗം | 9 |
| ഹോസ്റ്റൽ (കുക്ക്, വാർഡൻ, ഹോസ്റ്റൽ ശുചീകരണം) | 18 |
| സെക്യൂരിറ്റി | 17 |
| ഭരണവിഭാഗം (അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ, ഫിനാൻസ് കൺസൾട്ടന്റ്, അസിസ്റ്റന്റ് | |

| | |
|---|---|
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഓഫീസ് അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ | 20 |
| പരീക്ഷാ വിഭാഗം | 3 |
| ലൈബ്രറി വിഭാഗം | 7 |
| മീഡിയ, പ്രസിദ്ധീകരണ വിഭാഗം | 4 |
| ആകെ | 78 |

തസ്തികകൾ സൃഷ്ടിച്ചതിനുശേഷം മാത്രമേ സ്ഥിരനിയമനം നടത്തുവാനാകൂ.

**സർവ്വകലാശാലകളിലെ വി.സി.,പി.വി.സി. നിയമനം**

233 (1222) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ വൈസ് ചാൻസലർ, പ്രൊ-വൈസ് ചാൻസലർ നിയമനങ്ങൾക്ക് യു..ജി.സി. ഏർപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെങ്കിലും സർവ്വകലാശാലകളിൽ വി.സി.-മാരെ തിരഞ്ഞെടുക്കുന്നതിനുള്ള സർച്ച് കമ്മിറ്റിയിൽ യു.ജി.സി. വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് സിൻഡിക്കേറ്റിൽനിന്ന് അക്കാദമിക് പാണ്ഡിത്യമില്ലാത്തവരെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വൈസ് ചാൻസലർമാരുടെയും, പ്രോ-വൈസ് ചാൻസലർമാരുടെയും യോഗ്യത 2010-ലെ യു.ജി.സി. റെഗുലേഷൻ പ്രകാരം താഴെപ്പറയുന്നവയാണ്.

വൈസ് ചാൻസലർ:

യോഗ്യത:

' Persons of the highest level of competence, integrity, morals of institutions commitment are to be appointed as Vice-Chancellors. The Vice Chancellor to be appointed should be a distinguished academician with a minimum of ten years of experience as professor in a University System or ten years of experience in an equivalent position in a reputed research level/or academic administrative organization'.

പ്രോ വൈസ് ചാൻസലർ:

യോഗ്യത:

' The Pro Vice Chancellor may be a whole time Professor of the University and shall be appointed by the Executive Council on the recommendation of Vice Chancellor'.

(ബി) ഏതെങ്കിലും സർവ്വകലാശാലകളിൽ വി.സി.-മാരെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് സെർച്ച് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടില്ല.

**കോന്നിയിൽ സിവിൽ സർവ്വീസ് അക്കാഡമി**

234 (1223) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നിയിൽ സിവിൽ സർവ്വീസ് അക്കാഡമി ആരംഭിക്കുന്നതിന് കഴിഞ്ഞ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ;

(ബി) ഇതിലേയ്ക്ക് കെട്ടിടം പണിയുന്നതിനായി MLA ഫണ്ടിൽനിന്നും തുക അനുവദിച്ചിരുന്നുവോ ; എങ്കിൽ എത്രയാണ് ;

(സി) കെട്ടിടം പണി ആരംഭിക്കുന്നതിന് ഏത് സ്ഥലമാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) അടിയന്തരമായി പണികൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുമോ ;

(ഇ) നിലവിൽ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അത് എന്താണെന്ന് വിശദമാക്കാമോ ; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 17-12-2014-ൽ സ.ഉ.(സാധാ.) നമ്പർ 2965/2014/ഉവിവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. രണ്ട് കോടി രൂപ.

(സി-ഇ) കെട്ടിട നിർമ്മാണത്തിനായി കോന്നി ഐരവൺ വില്ലേജിൽ കോന്നി മെഡിക്കൽ കോളേജ് കാമ്പസിനോട് ചേർന്ന് കൃഷി വകുപ്പിന്റെ കൈവശമുണ്ടായിരുന്ന ബ്ലോക്ക് നമ്പർ 35-ൽപ്പെട്ട സർവ്വേ നമ്പർ 120/1-ലെ 40 സെന്റ് (16.91 ആർ) സ്ഥലം, അനുയോജ്യമാണെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എന്നാൽ നിലവിൽ ടി സെന്ററിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞു വരികയാണ്. യോഗ്യതയുള്ള ഫാക്കൽറ്റി അംഗങ്ങളെ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്, യാത്രാ സൗകര്യങ്ങളുടെ അപര്യാപ്തത, സ്വന്തമായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവയാണ് വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ കുറവിന് കാരണങ്ങളായി കണ്ടെത്തിയിരിക്കുന്നത്. ഫലത്തിൽ കോന്നിയിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന സബ്സെന്റർ മതിയായ സൗകര്യങ്ങളോടെയല്ല പ്രവർത്തിച്ചുവരുന്നതെന്നും ഇതിന്റെ ഗുണഭോക്താക്കളായ കുട്ടികൾക്ക് പ്രയോജനം ലഭിക്കുന്നില്ലെന്ന വസ്തുതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## എൻ.സി.സി. കേഡറ്റുകൾക്ക് ഗ്രെയ്സ് മാർക്ക്

235 (1224) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൻ.സി.സി. കേഡറ്റുകൾക്ക് എസ്.എസ്.എൽ.സി. പരീക്ഷക്ക് ഗ്രെയ്സ് മാർക്ക് നൽകുന്ന സമ്പ്രദായം നിലവിലുണ്ടോ ;

(ബി) എൻ.സി.സി. കേഡറ്റുകൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം ?

### ഉത്തരം

(എ) ഉണ്ട്.

(ബി എൻ.സി.സി. കേഡറ്റുകൾക്ക് താഴെപ്പറയുന്ന പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകിവരുന്നു. വിദ്യാഭ്യാസ ആനുകൂല്യം, 5% മുതൽ 10%വരെ ഗ്രെയ്സ് മാർക്ക് എസ്.എസ്.എൽ.സി./ടി.എച്ച്.എസ്.എൽ.സി., പ്ലസ് 2/വി.എച്ച്.എസ്.സി. എന്നീ കോഴ്സുകൾക്ക് നൽകിവരുന്നു. വിവിധ യൂണിവേഴ്സിറ്റി കോഴ്സുകൾക്ക് ഒരു ശതമാനം മുതൽ 25 ശതമാനം വരെയും പോളിടെക്നിക് കോഴ്സുകൾക്ക് ഒരു ശതമാനം മുതൽ അഞ്ച് ശതമാനം വരെയും ഗ്രെയ്സ് മാർക്ക് നൽകിവരുന്നു. കൂടാതെ ഉന്നത വിദ്യാഭ്യാസത്തിന് അഡ്മിഷൻ ലഭിക്കുന്നതിനുവേണ്ടി പ്ലസ്ടു-10, ഡിഗ്രി-15, പി.ജി.-5, ബി.എഡ്-5, ടി.ടി.സി.-10 എന്നിങ്ങനെ ഗ്രെയ്സ് മാർക്ക് നൽകിവരുന്നു. ഇതുകൂടാതെ എൻ.സി.സി. A,B,C സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർക്ക് 3,5,7 എന്നിങ്ങനെയും ഐ.ടി.ഐ.യ്ക്ക് 5,7,10 എന്നിങ്ങനെയും അധിക ബോണസ് മാർക്കും നൽകിവരുന്നു. വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ എഞ്ചിനീയറിംഗിന് 41-ഉം എം.ബി.ബി.എസിന് 2-ഉം ബി.എച്ച്.എം.എസിന് 2-ഉം ബി.എ.എം.എസിന് 2-ഉം ബി.വി.എസ്.സിക്ക് 1-ഉം ബി.എസ്.സി. നഴ്സിംഗ് 3-ഉം പോളിടെക്നിക്കിന് 50-ഉം ബി.ഫാമിന് 1-ഉം ജനറൽ നഴ്സിംഗിന് 2-ഉം എൽ.എൽ.ബി.-ക്ക് 8-ഉം സീറ്റുകൾ

വീതം എൻ.സി.സി. കേഡറ്റുകൾക്ക് സംവരണം ചെയ്തിട്ടുണ്ട്. റിപ്പബ്ലിക് ദിന പരേഡിലും ബന്ധപ്പെട്ട മറ്റു പരിപാടികളിലും പങ്കെടുത്തവർക്കും കേന്ദ്രീകൃത ക്യാമ്പുകളിലും അനുബന്ധമായുള്ള സാഹസിക ഇനങ്ങളിലും പങ്കെടുക്കുന്നവർക്കും ക്യാഷ് പ്രൈസ് ഉൾപ്പെടെയുള്ള സമ്മാനങ്ങൾ കേഡറ്റുകളുടെ മികവിനനുസരിച്ച് നൽകിവരുന്നു. കൂടാതെ യൂണിറ്റ് തലത്തിലും ഗ്രൂപ്പ് തലത്തിലും കേഡറ്റുകളായ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പ്രതിമാസ/പ്രതിവർഷ നിരക്കിൽ സാമ്പത്തിക ആനുകൂല്യം നൽകിവരുന്നുണ്ട്. ഇതിനുപുറമെ ഐ.എം.എ./ഒ.റ്റി.എ/എൻ.ഡി.എ/എയർഫോഴ്സ്/ നേവൽ അക്കാഡമി/നാഷണൽ ഡിഫൻസ് അക്കാഡമി എന്നിവയിൽ ഏതിലെങ്കിലും അഡ്മിഷൻ ലഭിക്കുന്നവർക്ക് സാമ്പത്തിക ആനുകൂല്യം നൽകുന്നുണ്ട്. യൂത്ത് എക്സ്ചേഞ്ചിംഗ് പ്രോഗ്രാം വഴി വിദേശരാജ്യം സന്ദർശിക്കുന്ന കേഡറ്റുകൾക്ക് കിറ്റ് അലവൻസും റിപ്പബ്ലിക് ദിന ക്യാമ്പിൽ പങ്കെടുക്കുന്ന ഓരോ കേഡറ്റുകൾക്കും മഫ്റ്റി ഡ്രസ്സ് വാങ്ങുന്നതിന് സാമ്പത്തിക സഹായവും നൽകിവരുന്നു. വിവിധ വിഭാഗങ്ങളിൽപ്പെടുന്ന എൻ.സി.സി. കേഡറ്റുകൾക്ക് അവരുടെ മികവിനനുസരിച്ച് മുഖ്യമന്ത്രി/ഗവർണർ തലത്തിൽ പ്രഖ്യാപിക്കപ്പെടുന്ന മെഡലുകളും ട്രോഫികളും വിതരണം ചെയ്യുന്നതോടൊപ്പം റിപ്പബ്ലിക് ദിന ക്യാമ്പിൽ പങ്കെടുക്കുന്ന കേഡറ്റുകൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രത്യേക സർട്ടിഫിക്കറ്റും നൽകുന്നു.

## വി.എസ്.എസ്.സി.-യുടെ പ്രോജക്ട് നടപ്പിലാക്കുന്നതിനായി ഏറ്റെടുത്ത ഭൂമി

236 (1225) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ വലിയമലയിൽ വി.എസ്.എസ്.സി.-യുടെ പ്രോജക്ട് നടപ്പിലാക്കുന്നതിന് എത്ര സർക്കാർ ഭൂമി നൽകിയിട്ടുണ്ട്;

(ബി) ഈ ഭൂമിയിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് കെട്ടിടങ്ങൾ പണിതിട്ടുണ്ട്;

(സി) വി.എസ്.എസ്.സി.-യുടെ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിലേക്ക് എത്ര ഭൂമി പൊന്നുംവിലയ്ക്ക് എടുത്ത് നൽകിയിട്ടുണ്ട്;

(ഡി) കഴിഞ്ഞ പത്ത് വർഷമായി പൊന്നുംവിലയ്ക്ക് എടുത്ത് നൽകിയ ഭൂമിയിൽ യാതൊന്നും ചെയ്തിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതേ ആവശ്യത്തിന് വേണ്ടി ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുവാൻ റവന്യൂ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ചുള്ള പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നെടുമങ്ങാട് താലൂക്കിൽ വലിയമലയിൽ വി.എസ്.എസ്.സി.-ക്ക് 275 ഏക്കർ സർക്കാർഭൂമി നൽകിയിട്ടുണ്ട്.

(ബി വിവരം ശേഖരിച്ചുവരുന്നു.

(സി) വി.എസ്.എസ്.സി.-യുടെ പ്രോജക്ട് നടപ്പിലാക്കുന്നതിനായി 275 ഏക്കർ സർക്കാർഭൂമി നൽകിയിട്ടുള്ളതിനുപുറമെ നാളിതുവരെ വിവിധ ആവശ്യങ്ങൾക്കായി 32.0682 ഹെക്ടർ ഭൂമി പൊന്നുംവിലയ്ക്ക് എടുത്ത് നൽകിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇപ്പോൾ ഐ.എസ്.ആർ.ഒ-എൽ.പി.എസ്.സി.(ISRO-LPSC)-ക്കു വേണ്ടി ഡയറക്ടർ, എൽ.പി.എസ്.സി., ഐ.എസ്.ആർ.ഒ. വലിയമല, തിരുവനന്തപുരം എന്നിവരുടെ അർത്ഥനപ്രകാരം നെടുമങ്ങാട് താലൂക്കിലെ കരിപ്പൂർ വില്ലേജിൽ ഉൾപ്പെടുന്ന 2739.04 ആർസ് ഭൂമി ഡയറക്ട്/ നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് 1-6-2017-ലെ സ.ഉ.(ആർ.റ്റി) നമ്പർ 2505/17/റവ. പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുത്തു നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. സാധ്യതാപഠനം ഇതുവരെ നടത്തിയിട്ടില്ലാത്തതാകുന്നു.

**പരിയാരം വില്ലേജ്**

237(*T1226) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്കിലെ പരിയാരം വില്ലേജിനെ E.S.A പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ എന്തെങ്കിലും മേൽനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അവ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ഡി) ഇതിനായുള്ള തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലാത്തതാണ്.

(ബി-ഡി) ഈ വിഷയവുമായി ബന്ധപ്പെട്ട അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കാർഷികഭൂമി ഏറ്റെടുത്ത് കൃഷിക്കാർക്ക് നൽകുന്നതിന് നടപടി

238 (1227) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക പരിഷ്കരണത്തിന്റെ ഭാഗമായി കാർഷികഭൂമി എറ്റെടുത്ത് പാവപ്പെട്ട കൃഷിക്കാർക്ക് നൽകുന്നതിലേയ്ക്കായി എത്ര നിയമങ്ങൾ പാസാക്കിയിട്ടുണ്ട്; അവ ഏതെല്ലാം;

(ബി) വ്യത്യസ്ത നിയമങ്ങൾ അനുസരിച്ച് എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ട്; ഇതിൽ എത്ര ഭൂമി കൃഷിക്കാർക്ക് നൽകി; ഇനി എത്ര ഭൂമി കൃഷിക്കാർക്ക് നൽകുന്നതിലേക്ക് ബാക്കിയുണ്ട്;

(സി) ഈ നിയമങ്ങൾ അനുസരിച്ച് കർഷകർക്ക് ഭൂമി വിതരണം ചെയ്യുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ബാക്കിയുള്ള ഭൂമി എപ്പോഴേയ്ക്ക് കർഷകർക്ക് നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭൂമിയുടെ ജന്മാവകാശം കൈവശകുടിയാന് നൽകുക, ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്ക് കൃഷി ചെയ്യാൻ ഭൂമി ലഭ്യമാക്കുക എന്നീ പ്രധാന ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുകയെന്ന ഉദ്ദേശത്തോടെ റവന്യൂ വകുപ്പിൽനിന്നും കേരള ഭൂപരിഷ്കരണ നിയമം (1963) പാസ്സാക്കിയിട്ടുണ്ട്.

(ബി) വിവിധ ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടുകൾ പ്രകാരം 1963-ലെ കേരള ഭൂപരിഷ്കരണ നിയമവും അനുബന്ധചട്ടങ്ങളും പ്രകാരം 40,433.19 ഹെക്ടർ മിച്ചഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 28,744.23 ഹെക്ടർ ഭൂമി ടി നിയമത്തിലെ 96-ാം വകുപ്പിലേയും അനുബന്ധ ചട്ടങ്ങളിലേയും വ്യവസ്ഥാനുസരണം കർഷകർക്കുൾപ്പെടെ നൽകിയിട്ടുണ്ട്. ഇനി 651.30 ഹെക്ടർ മിച്ചഭൂമി വിതരണത്തിനായി ശേഷിക്കുന്നുണ്ട്.

(സി&ഡി) 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ പ്രസക്ത വകുപ്പുകളിലേയും ചട്ടങ്ങളിലേയും വ്യവസ്ഥാനുസരണം വിതരണലഭ്യമായ ഭൂമി അർഹരായവർക്ക് വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ വിവിധ ജില്ലാ കളക്ടർമാർ ദ്രുതഗതിയിൽ സ്വീകരിച്ചുവരികയാണ്.

## ചെമ്പനോട വില്ലേജ് ഓഫീസിൽ കർഷകൻ ആത്മഹത്യചെയ്ത സംഭവത്തിൽ നടപടി

239 (1228) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂനികുതി സ്വീകരിക്കാത്ത അധികൃതരുടെ നടപടിയിൽ മനംനൊന്ത് കോഴിക്കോട് ജില്ലയിൽ ചെമ്പനോട വില്ലേജ് ഓഫീസിൽ കർഷകനായ കാവിൽ പുരയിടത്തിൽ ജോയി ആത്മഹത്യചെയ്ത സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) ഉദ്യോഗസ്ഥരുടെ അനുഭാവപൂർവ്വമല്ലാത്ത പെരുമാറ്റംമൂലം കർഷകൻ ആത്മഹത്യ ചെയ്തതിന് ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) ആത്മഹത്യ ചെയ്ത കർഷകന്റെ ആശ്രിതന് സർക്കാർ ജോലി നൽകുമോ;

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഇതിനകം എന്തെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി ചെമ്പനോട കർഷക ആത്മഹത്യയെ തുടർന്ന് ചെമ്പനോട വില്ലേജ് ഓഫീസർ ശ്രീ. സണ്ണി ടി.എ.-യേയും മുൻ വില്ലേജ് അസിസ്റ്റന്റ് ശ്രീ. സിലീഷ് തോമസിനേയും കോഴിക്കോട് ജില്ലാ കളക്ടർ അന്വേഷണവിധേയമായി സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതും മേൽ വിഷയം സംബന്ധിച്ച് അന്വേഷണ ഉദ്യോഗസ്ഥനായി ശ്രീ. കൃഷ്ണൻകുട്ടി പി.പി. ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) കോഴിക്കോടിനെ നിയോഗിച്ചിട്ടുള്ളതുമാണ്. കൂടാതെ കോഴിക്കോട്, കൊയിലാണ്ടി താലൂക്ക് തഹസിൽദാരായ ശ്രീമതി എൻ. റംലക്ക് കഠിന ശിക്ഷയുള്ള കുറ്റപത്രം ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും നൽകിയിട്ടുള്ളതുമാണ്.

(സി) ആത്മഹത്യചെയ്ത കർഷകന്റെ ആശ്രിതന് സർക്കാർ ജോലി നൽകുന്ന വിഷയം തൽക്കാലം പരിഗണനയിലില്ല.

(ഡി) 21-6-2017-ന് കോഴിക്കോട്, ചെമ്പനോട വില്ലേജ് ഓഫീസിൽ വച്ച് മരണപ്പെട്ട ജോയി എന്ന കെ. ജെ. തോമസിന്റെ കുടുംബത്തിന്റെ വായ്പാ ബാദ്ധ്യത തീർക്കുന്നതിനായി ചക്കിട്ടപ്പാറ സഹകരണ ബാങ്കിൽനിന്നും എടുത്ത 13,16,856 രൂപയും പൂഴിത്തോട് യൂണിയൻ ബാങ്കിൽ നിന്നും എടുത്ത വിദ്യാഭ്യാസ വായ്പ 3,31,346 രൂപയും ചേർത്ത് ആകെ 16,48,202 രൂപ (പതിനാറ് ലക്ഷത്തി നാൽപ്പത്തിയെട്ടായിരത്തി ഇരുന്നൂറ്റി രണ്ട് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## റീ-സർവ്വേ

240 (1229) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-സർവ്വേ പൂർത്തിയാക്കാത്ത വില്ലേജുകളിൽ അടിസ്ഥാനരേഖകളായ സെറ്റിൽ മെൻറ് രജിസ്റ്റർ, ബി.റ്റി.ആർ., ഫീൽഡ് മെഷർമെൻറ് ബുക്ക്, ലിത്തോ പ്ലാൻ എന്നിവ ലഭ്യമല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാധാരണ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഈ രേഖകളുടെ പകർപ്പുകൾ വില്ലേജ് ഓഫീസുകളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) റീ-സർവ്വേ പൂർത്തിയാക്കാത്ത ചില വില്ലേജുകളിൽ അടിസ്ഥാന രേഖകളായ സെറ്റിൽമെന്റ് രജിസ്റ്റർ, ബി.റ്റി.ആർ, ഫീൽഡ് മെഷർമെന്റ് ബുക്ക്, ലിത്തോ പ്ലാൻ എന്നിവ ഭാഗികമായി ലഭ്യമല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റീ-സർവ്വേ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് ടി റിക്കോർഡുകൾ നാളതീകരിക്കപ്പെടുന്നതാണ്.

(ബി) ചില രേഖകൾ നിലവിൽ വില്ലേജ് ഓഫീസുകളിൽ ലഭ്യമാണ്. മറ്റ് ഓഫീസുകളായ താലൂക്ക്, കളക്ടറേറ്റ്, സർവ്വേ ആഫീസുകളിൽനിന്നും ലഭ്യമായ രേഖകളുടെ പകർപ്പുകൾ ബന്ധപ്പെട്ടവർ ആവശ്യപ്പെടുന്നമുറയ്ക്ക് നൽകിവരുന്നുണ്ട്.

## കെ.ഡി.എച്ച്. വില്ലേജിലെ ഭൂമി

241 (1230) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1975-ലെ ജിഒ (എംഎസ്) 993/75 റവ(എൻ) തീയതി 2-9-1975 പ്രകാരം കണ്ണൻ ദേവൻ ഹിൽസ് വില്ലേജിൽ എത്ര പേർക്ക് ഭൂമി മാർക്കറ്റ് വിലയ്ക്ക് അല്ലെങ്കിൽ തറവിലയ്ക്ക് നൽകിയിട്ടുണ്ട്;

(ബി) ആർക്കൊക്കെ എത്ര സെൻറ് ഭൂമി വീതമാണ് നൽകിയിട്ടുള്ളത് എന്ന് അറിയിക്കുമോ;

(സി) 1975-ലെ ഉത്തരവ് പ്രകാരം ഭൂമിക്കുവേണ്ടി അപേക്ഷ തന്നിട്ടുള്ളവർ ആരൊക്കെയാണ്; ഇതിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ഡി) 1975-ലെ എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ട് പ്രകാരം മൂന്നാർ, ദേവികുളം എന്നിവിടങ്ങളിൽ ജനിച്ച് വളർന്നവർക്ക് ഭൂമി വിലയ്ക്ക് നൽകാനുള്ള ആലോചനയുണ്ടോ;

(ഇ) ശ്രീ. എം. ജെ. ബാബു എന്നയാൾ നൽകിയ അപേക്ഷയിൽ ഇടുക്കി കളക്ടർ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ദേവികുളം തഹസിൽദാർ റിപ്പോർട്ട് നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ?

## ഉത്തരം

(എ) 1971-ലെ കണ്ണൻ ദേവൻ ഹിൽസ് (റിസംപ്ഷൻ ഓഫ് ലാൻഡ്സ്) ആക്ട് പ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ട ഭൂമിയുടെ ഉപയുക്തത പരിശോധിക്കുന്നതിനും പ്രസ്തുത ഭൂമി ശരിയാംവണ്ണം ഉപയോഗപ്പെടുത്തുന്നതും സംബന്ധിച്ച് പഠിച്ച് ശിപാർശ ചെയ്യുന്നതിനായി 2-9-1975-ലെ ജി.ഒ.(എം.എസ്) 993/75/റവ. പ്രകാരം ഒരു വിദഗ്ധ സമിതിയെ നിയമിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി കണ്ടെത്തിയ 70,522 ഏക്കർ ഭൂമിയിൽ 2,870.15 ഏക്കർ ഭൂമി പൊതുആവശ്യത്തിനുവേണ്ടി നീക്കിവയ്ക്കുവാനും 5,250 ഏക്കർ ഭൂമി പതിച്ചുനൽകുന്നതിനും ശേഷിക്കുന്നവ പതിവിന് യോഗ്യമല്ലാത്തതായും കണ്ടെത്തിയിരുന്നു. ഇപ്രകാരം കണ്ടെത്തിയ ഭൂമി മാർക്കറ്റ് വില/തറവില ഈടാക്കി പതിച്ചുനൽകിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) അപേക്ഷകൾ ലഭിച്ചിട്ടില്ല.

(ഡി) ഇല്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ

242(1231) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലയളവിൽ കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം ;അതിൽ 'ഇ-രേഖാ പദ്ധതി"ക്കായി നടത്തിയ പ്രവൃത്തികൾ എന്തെല്ലാമാണെന്നും എത്ര തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ സർക്കാർ കാലയളവിൽ മോഡൽ സെൻട്രൽ റെക്കാഡ് റൂം സ്ഥാപിക്കൽ പ്രവൃത്തി എവിടെയെല്ലാം നടത്തി ; എത്ര തുക ചെലവാക്കി ; 14 ജില്ലകളിലെ ജില്ലാ ഡിജിറ്റലൈസേഷൻ നടപടി കഴിഞ്ഞ സർക്കാർ എത്രത്തോളം പൂർത്തിയാക്കിയെന്നും എത്ര തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ സർക്കാർ കാലയളവിൽ വെബ് ജി.ഐ.എസ്(GIS) മുഖാന്തരം ലാന്റ് റിക്കോർഡ് നൽകുന്ന പദ്ധതി എത്രത്തോളം പൂർത്തിയാക്കി ; എത്ര തുക ചെലവാക്കി ; ഹാർഡ്‌വെയർ സെർവർ സ്റ്റോറേജ് സംവിധാനം ഒരുക്കുന്ന ബാക്ക് അപ്പ് സെർവർ പദ്ധതി എത്രത്തോളം പൂർത്തീകരിച്ചു ; എത്ര തുക ചെലവാക്കി ; വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ സർക്കാർ ജി.സി.പി. (GCP) പോയിന്റുകൾ സംസ്ഥാന വ്യാപകമായി സ്ഥാപിക്കുന്ന പദ്ധതി എത്രത്തോളം പൂർത്തീകരിച്ചുവെന്നും എത്ര തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ആറ് പദ്ധതികളുടെയും പ്രവർത്തനങ്ങൾ എന്താണ് എന്നും ഓരോന്നും എത്രത്തോളം ഫലവത്തായി പ്രവർത്തിപ്പിക്കാൻ കഴിയുന്നുവെന്നും പരിശോധിച്ചുവോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) 14 ജില്ലാ സർവ്വേ സൂപ്രണ്ട് ഓഫീസിലും സർവ്വേ ഭവനിലും മോഡൽ സെൻട്രൽ റെക്കോർഡ് റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്. 4,43,47,666 രൂപ ചെലവായി. കരാർ തുക SIDCO-യ്ക്ക് നൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട് ഒഴികെ 13 ജില്ലകളിലും ജില്ലാ ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി 3,25,00,698 രൂപ ചെലവായി. കരാർ തുക SIDCO-യ്ക്ക് നൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വെബ് ജി.ഐ.എസ്.(GIS) മുഖാന്തിരം ലാന്റ് റിക്കോർഡ്സ് നൽകുന്നതിനായുള്ള ജോലികൾ അവസാനഘട്ടത്തിലാണ്. ഇതിനായി 58,06,320 രൂപ ചെലവായി. ബാക്ക് അപ്പ് സെർവർ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ടി പദ്ധതിക്കായി 1,14,25,875 രൂപ ചെലവായിട്ടുണ്ട്.

(ഡി) 4896 ജി.സി.പി. പോയിന്റുകൾ വിവിധ ജില്ലകളിൽ സ്ഥാപിച്ചു. 14,78,759 രൂപ ഇതിനായി ചെലവാക്കിയിട്ടുണ്ട്.

(ഇ) കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ പദ്ധതികളും പ്രവർത്തനങ്ങളും വിലയിരുത്തുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്.

## കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ നാദാപുരം മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ

243 (1232) <u>ശ്രീ. ഇ. കെ.വിജയൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ലാൻഡ് ഡെവലപ്മെൻറ് കോർപ്പറേഷൻ 2017-18 കാലയളവിൽ നാദാപുരം മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

നാദാപുരം നിയോജകമണ്ഡലത്തിൽ മരുതോങ്കര പഞ്ചായത്തിലെ മരുതോങ്കര പാടശേഖരത്തിന്റെ ഡ്രെയിനേജ് ചാനൽ നിർമ്മാണത്തിനും മറ്റ് അനുബന്ധ പ്രവൃത്തികൾക്കുമായി നബാർഡിന്റെ ആർ.ഐ.ഡി.എഫ്. 21 സ്കീമിൽ ഉൾപ്പെടുത്തി 251.73 ലക്ഷം രൂപയുടെ ഭരണാനുമതി കെ.എൽ.ഡി.സി.-ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് വയ്ക്കുന്നതിന് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. പ്രവൃത്തികൾ ഉടനെ ആരംഭിക്കുന്നതാണ്.

**ഭൂമി പതിച്ചുനൽകുന്നതിനുള്ള നടപടികൾ**

244 (1233) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പി.എസ്.സി. ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് 30 സെന്റ് ഭൂമി സിവിൽ സ്റ്റേഷൻ വളപ്പിൽ പതിച്ചുനൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകുമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിലെ റവന്യൂ വകുപ്പിൽ നിലവിലുള്ള 64171/എൽ2/2011 നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) മലപ്പുറം ജില്ലാ പി.എസ്.സി. ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഭൂമി പതിച്ചുനൽകുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുമോ?

<u>ഉത്തരം</u>

(എ-സി) മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിലെ മലപ്പുറം വില്ലേജിൽ റീ സർവ്വേ നമ്പർ 430/1 എ 3 എ 1-ൽപ്പെട്ട 30 സെന്റ് സ്ഥലം ജില്ലാ പി.എസ്.സി. ഓഫീസ് നിർമ്മിക്കുന്നതിനുവേണ്ടി, നിർദ്ദിഷ്ട ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉപയോഗാനുമതി നൽകി 21-7-2017 ലെ സ.ഉ.(കൈ) നമ്പർ 246/17/റവ. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ലീസ് വ്യവസ്ഥയിൽ നൽകിയിട്ടുള്ള സർക്കാർഭൂമി

245(1234) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർഭൂമി, വനഭൂമി, മിച്ചഭൂമി എന്നിവ ഉൾപ്പെടെയുള്ള എത്ര അളവ് ഭൂമി ലീസ് വ്യവസ്ഥയിൽ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ അല്ലാത്തവയായോ നൽകിയിട്ടുണ്ട്;

(ബി) ഇത്തരത്തിൽ ലീസിനു നൽകിയതിൽ ലീസ് കുടിശ്ശിക വരുത്തിയവർ ആരെല്ലാം; എത്ര തുകയാണ് കുടിശ്ശിക വരുത്തിയിട്ടുള്ളത്; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) 6-2-2016-ലെ സ.ഉ(എം.എസ്.) നമ്പർ 96/2016/ആർ.ഡി. ഉത്തരവു പ്രകാരവും 28-1-2016-ലെ സ.ഉ.(പി) നമ്പർ 64/16/ആർ.ഡി. ഉത്തരവുപ്രകാരവുമുള്ള ലീസ് നിരക്ക് എത്ര എന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ലീസ് നിരക്കുകൾ കാലോചിതമായി പരിഷ്കരിക്കേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം നിരക്കുകൾ എന്നും ആയത് എപ്പോൾ പരിഷ്കരിക്കുവാൻ കഴിയും എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് വരുന്നു.

(സി) ലീസ് നിരക്കുകൾ നിശ്ചയിച്ച 6-2-2016-ലെ സ.ഉ.(എംഎസ്.) നമ്പർ 96/2016/ആർ.ഡി. ഉത്തരവുപ്രകാരവും 28-1-2016-ലെ സ.ഉ.(പി) നമ്പർ 64/16/ ആർ.ഡി. എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## ഭൂമി കയ്യേറ്റക്കാർക്കെതിരെ നടപടി

246 (1235) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമി കയ്യേറ്റക്കാർക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി എന്ന് വിശദമാക്കാമോ;

(ബി) ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമി കയ്യേറ്റങ്ങൾക്കെതിരെ 1084 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | തിരുവനന്തപുരം | - | 55 |
| | കൊല്ലം | - | 53 |
| | പത്തനംതിട്ട | - | 37 |
| | ആലപ്പുഴ | - | 117 |
| | ഇടുക്കി | - | 119 |
| | കോട്ടയം | - | 18 |
| | എറണാകുളം | - | 154 |
| | തൃശ്ശൂർ | - | ... |
| | പാലക്കാട് | - | 409 |
| | മലപ്പുറം | - | 11 |
| | കോഴിക്കോട് | - | 3 |
| | കണ്ണൂർ | - | 1 |
| | വയനാട് | - | 64 |
| | കാസർഗോഡ് | - | 43 |
| | ആകെ | - | **1084** |

**ബൃഹത് വ്യവസായ സോൺ നിർമ്മാണം**

247 (1236) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബൃഹത് വ്യവസായ സോൺ നിർമ്മാണത്തിന് മങ്കട വില്ലേജിൽപ്പെട്ട 690 ഏക്കർ ഭൂമി വ്യവസായ വകുപ്പിന് കൈമാറുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾപോലും നടപ്പിലാക്കാൻ സാധിക്കാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പദ്ധതിയ്ക്കുള്ള ഭൂമി അളന്നുതിട്ടപ്പെടുത്തി കിൻഫ്രക്ക് അടിയന്തരമായി കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കിൻഫ്രയുടെ ആഭിമുഖ്യത്തിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിലെ മങ്കട വില്ലേജിൽപ്പെട്ട കുമാരഗിരി എസ്റ്റേറ്റിലെ 690 ഏക്കർ ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് വ്യവസ്ഥകൾ പാലിച്ച് ഏറ്റെടുക്കുന്നതിന് 2-3-2016-ലെ സ.ഉ.(കൈ) നമ്പർ 209/2016/റവ. പ്രകാരം ഉത്തരവായിരുന്നു. ജില്ലാതല വില നിർണ്ണയ കമ്മിറ്റി, ഭൂഉടമകളുമായി ഭൂമി വിലയിൽ തീരുമാനമായില്ല. മാത്രമല്ല, പ്രസ്തുത സ്ഥലം മിക്കയിടത്തും ചെങ്കുത്തായ കയറ്റങ്ങളും ഇറക്കങ്ങളും ഉള്ള സ്ഥലമായതിനാലും, ഉപയോഗയോഗ്യമാക്കുന്നതിന് വളരെയധികം തുക ആവശ്യമായി വരുന്നതിനാലും കൂടുതൽ വില നൽകി ഏറ്റെടുക്കുന്നത് ലാഭകരമാവില്ലെന്ന് കിൻഫ്ര റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2-3-2016-ലെ സ.ഉ.(കൈ) നമ്പർ 209/2016/റവ. പ്രകാരം മങ്കട വില്ലേജിലെ 690 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകിയത് റദ്ദ് ചെയ്യണമെന്ന വ്യവസായ വകുപ്പിന്റെ അഭ്യർത്ഥന പരിശോധിച്ചുവരുന്നു.

**കോവളം കൊട്ടാരം നിൽക്കുന്ന ഭൂമി സ്വകാര്യ ഗ്രൂപ്പിന് കൈമാറിയ നടപടി**

248 (1237) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം കൊട്ടാരം നിൽക്കുന്ന ഭൂമി രവി പിള്ള ഗ്രൂപ്പ് ഓഫ് കമ്പനിക്ക് കൈമാറിയോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ; ഈ കമ്പനി തിരുവനന്തപുരം ജില്ലയിൽ കൈവശം വച്ചിരിക്കുന്ന ആകെ ഭൂമി എത്ര; എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) നിലവിൽ ടി കമ്പനിയുടെ പേരിൽ പോക്കുവരവ് ചെയ്ത ഭൂമി എത്രയാണെന്നും അവ ഏതെല്ലാം വില്ലേജിലാണെന്നും വ്യക്തമാക്കുമോ; ഇവയെ സംബന്ധിച്ച് കോടതികളിൽ കേസുകൾ നിലവിലുണ്ടോ; എങ്കിൽ എത്ര കേസുകളെന്നും ഏതെല്ലാം കോടതികളിലെന്നും വ്യക്തമാക്കുമോ;

(സി) കോവളം കൊട്ടാരത്തിനെ സംബന്ധിച്ച വിഷയത്തിൽ എ.ജി. നിയമോപദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) കോവളം കൊട്ടാരം നിൽക്കുന്ന ഭൂമി സർക്കാർ ഉടമസ്ഥതയിൽ നിലനിർത്തണമെന്ന് എ.ജി.-യുടെ നിയമോപദേശം എന്നാണ് ലഭിച്ചത്; അതിന്മേൽ എന്ത് നടപടി കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ;

(ഇ) കൊട്ടാരം സ്വകാര്യ ഹോട്ടലിന് വിട്ടുനൽകുന്നതിന് ടൂറിസം വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത ഫയൽ മുഖ്യമന്ത്രി അംഗീകരിച്ച് തിരികെ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ;

(ജി) ഇതിന്മേൽ നാളിതുവരെ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) 1-8-2017-ലെ സ.ഉ.(കൈ)നമ്പർ 17/2017/ടൂറിസം പ്രകാരം സർക്കാർ ഈ വിഷയം പുനഃപരിശോധിക്കാൻ തീരുമാനിക്കുന്നപക്ഷം അവകാശം ഉന്നയിക്കാൻ അധികാരപ്പെട്ട കോടതിയിൽ സിവിൽ സ്യൂട്ട് ഫയൽ ചെയ്യുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ അവകാശം നിലനിർത്തിക്കൊണ്ട് കോവളം കൊട്ടാരം/ഹാൽസ്യൺ കാസിൽ അതുൾപ്പെടുന്ന വിനോദസഞ്ചാര വകുപ്പിന്റെ 4.13.30 ഹെക്ടർ ഭൂമിയുടെ കൈവശാവകാശം ആർ.പി. ഗ്രൂപ്പിന് കൈമാറി ഉത്തരവായിട്ടുണ്ട്. കോവളം കൊട്ടാരം രവിപിള്ള ഗ്രൂപ്പ് ഓഫ് കമ്പനിക്ക് 5-8-2017-ന് കൈമാറിയിട്ടുണ്ട്. ടി. കമ്പനി തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം വില്ലേജിൽ 20.61.25 ഹെക്ടർ ഭൂമി കൈവശം വച്ചിരിക്കുന്നു.

(ബി) തിരുവനന്തപുരം ജില്ലയിൽ കൈവശംവച്ചിരിക്കുന്ന ഭൂമി ടി കമ്പനിയുടെ പേരിൽ നാളിതുവരെ പോക്കുവരവ് ചെയ്ത് നൽകിയിട്ടില്ല. ഇവയെ സംബന്ധിച്ച് കോടതി കേസുകൾ നിലവിലുണ്ടോ എന്നുള്ള വിവരം ലഭിച്ചിട്ടില്ലാത്തതാണ്.

(സി) ഉണ്ട്. ഉള്ളടക്കം ചെയ്തിട്ടുണ്ട്*.

(ഡി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 8-3-2016-ലെ വിധിക്കെതിരെ റിവ്യൂ ഫയൽ ചെയ്യുന്നതുസംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആരായുകയും അഡ്വക്കേറ്റ് ജനറൽ ഇപ്രകാരം അഭിപ്രായപ്പെടുകയുമാണ് ചെയ്തത്.

" I do not find any valid grounds for review and I am of the opinion that there is no necessity to file a review. Since in the aforesaid litigation, the Court's have not adjudicated upon the question of title over the property comprising Kovalam Palace and appurtenant land handed over by the Government of Kerala to the ITDC, I am of the considered opinion that the State will have to take a decision whether to initiate proceedings before the

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

competent civil court to get a declaration of the title of the Government over the property in question. " അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 1-8-2017-ലെ സ.ഉ.(കൈ) നമ്പർ 17/2017/ടൂറിസം പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ-ജി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അംഗീകാരത്തോടെ 1-8-2017-ലെ സ.ഉ.(കൈ) നമ്പർ 17/2017/ടൂറിസം പ്രകാരം സർക്കാർ ഈ വിഷയം പുനഃപരിശോധിക്കുവാൻ തീരുമാനിക്കുന്ന പക്ഷം, അവകാശം ഉന്നയിക്കാൻ അധികാരപ്പെട്ട കോടതിയിൽ സിവിൽ സ്യൂട്ട് ഫയൽ ചെയ്യുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ അവകാശം നിലനിർത്തിക്കൊണ്ട് കോവളം കൊട്ടാരം/ഹാൽസ്യൺ കാസിൽ അതുൾപ്പെടുന്ന വിനോദസഞ്ചാര വകുപ്പിന്റെ 4.13.30 ഹെക്ടർ ഭൂമിയുടെ കൈവശാവകാശം ആർ.പി.ഗ്രൂപ്പിന് കൈമാറി ഉത്തരവായിട്ടുണ്ട്. 5-8-2017-ൽ കോവളം കൊട്ടാരം രവിപിള്ള ഗ്രൂപ്പിന് കൈമാറി നൽകിയിട്ടുണ്ട്.

## റവന്യൂ വകുപ്പിലെ ഒഴിവുകൾ

249(1238) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽനിന്ന് 2017 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള മാസങ്ങളിൽ വിവിധ തസ്തികകളിൽ നിന്ന് എത്ര ജീവനക്കാർ വിരമിച്ചു എന്ന് തസ്തികയും ജില്ലയും തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ എത്രയെന്നും അവ റിപ്പോർട്ട് ചെയ്യാതിരിക്കാനുള്ള കാരണവും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിന് നടപടി

250(1239) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റായി സേവനം അനുഷ്ഠിച്ചുവരുന്ന ശ്രീ. കെ. സദാനന്ദന്റെ മകൻ ഹരിഹർ കെ. നായരിന്റെ കോക്ലിയർ ഇംപ്ലാന്റ് സർജറികൾ അടക്കമുള്ള ചികിത്സയുടെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ലഭിക്കുന്നതിനായുള്ള അപേക്ഷയിൽ, ആരോഗ്യ വകുപ്പ് അനുമതി നൽകിയ സാഹചര്യത്തിൽ, തുക അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ തുക അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചാലക്കുടി താലൂക്ക് ആഫീസിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ശ്രീ. സദാനന്ദൻ. കെ.-യുടെ മകന്റെ കോക്ലിയൽ ഇംപ്ലാന്റ് സർജറി നടത്തുന്നതിനായി 3-10-2015-ലെ ജി.ഒ.(ആർ.ടി.) 5382/2015/ആർ.ഡി. ഉത്തരവുപ്രകാരം 5,50,000 രൂപ പലിശരഹിത ചികിത്സാ വായ്പ അനുവദിച്ചിരുന്നു. ആയത് ക്രമപ്പെടുത്തുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 9,47,518 രൂപ ചെലവായതിൽ 5,50,555 രൂപ മാത്രമാണ് അനുവദനീയമെന്നാണ് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എന്നാൽ മകന്റെ ചികിത്സയ്ക്ക് 9,47,518 രൂപ ചെലവായതായും കുടുംബത്തിന്റെ ഏക ആശ്രയം തന്റെ ശമ്പളം മാത്രമായതിനാൽ പലിശരഹിത വായ്പാ സംഖ്യ മെഡിക്കൽ റീ ഇംബേഴ്സ്മെന്റിൽ കുറവ് ചെയ്ത് ബാക്കി ചെലവായ മുഴുവൻ തുകയും അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് ശ്രീ. സദാനന്ദൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ഈ വിഷയം REV-T1/223/ 2017-REV നമ്പർ ഫയലിൽ നടപടി തുടരുന്നതും അനുമതിക്കായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിരിക്കുകയുമാണ്.

**പട്ടയം നൽകുന്നതിന് നടപടി**

251 (1240) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ നാവായിക്കുളം പഞ്ചായത്തിൽ നൈനാകോണത്ത് 12 ഏക്കറിൽ താമസിക്കുന്നവർക്ക് പട്ടയം നല്കുന്നതിനുള്ള നടപടി എന്തായി എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഭൂമി അളന്നുതിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ എന്നറിയിക്കാമോ;

(സി) തലമുറകളായി അവിടെ താമസിക്കുന്നവർക്ക് പട്ടയം കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആ തീരുമാനം എന്നാണ് എടുത്തത്;

(ഡി) എപ്പോൾ പട്ടയം കൊടുക്കുവാൻ സാധിക്കുമെന്നു വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ നാവായിക്കുളം വില്ലേജിൽ മുൻസർവ്വേ 170/11, 1701/55, 3850 എന്നിവയിൽനിന്നും മിച്ചഭൂമിയായി ഏറ്റെടുക്കുവാൻ തീരുമാനിച്ച 12.91 ഏക്കർ ഭൂമിയിലെ നിലവിലുള്ള അർഹരായ കൈവശക്കാർക്ക് നിയമാനുസൃതം പട്ടയം നൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമി അളന്ന് തിട്ടപ്പെടുത്തിക്കഴിഞ്ഞു. ടി ആൾക്കാർക്ക് കേരള ഭൂപരിഷ്കരണ നിയമത്തിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ടി ഭൂമിയുടെ സർവ്വെ നടപടി 20-3-2017-ൽ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9-11-2016-ന് ചേർന്ന യോഗതീരുമാനത്തിൽ പ്രസ്തുത ഭൂമിയിലെ നിലവിലുള്ള അർഹരായ ഭൂരഹിതരായ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഏറ്റെടുത്ത മിച്ച ഭൂമിയിലെ കൈവശക്കാരുടെ പേരുവിവരം, നിലവിലെ കൈവശ വിസ്തീർണ്ണം, സർവ്വേ സ്കെച്ച് ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് കേരള ഭൂപരിഷ്കരണ നിയമത്തിൽ അനുശാസിക്കുംപ്രകാരം അപേക്ഷകൾ സ്വീകരിച്ച് കാലതാമസം വരുത്താതെ അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### തൊടുപുഴ ഫയർ സ്റ്റേഷന് ഭൂമി

252 (1241) <u>ശ്രീ. പി. ജെ. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ ഫയർ സ്റ്റേഷന് ഭൂമി നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഇടുക്കി കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) റവന്യൂ വകുപ്പിലെ 7541/എ 2/16/റവ നമ്പർ ഫയലിൽ ഈ വിഷയം പരിശോധിച്ചുവരുന്നു. ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ നിർമ്മിക്കുന്നതിലേയ്ക്കായി മുണ്ടക്കല്ലിൽ എം.വി.ഐ.പി.യുടെ ഉടമസ്ഥതയിലുള്ള സർവ്വെ നമ്പർ 321/12, 321/13 യിൽപ്പെട്ട 22 സെന്റ് സ്ഥലം അഗ്നിരക്ഷ വകുപ്പിന് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ആഭ്യന്തര (എഫ്) വകുപ്പ് ഈ വകുപ്പിലേയ്ക്ക് ഫയൽ അയച്ചിട്ടുണ്ട്. ഇതിന്മേൽ ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് തേടിയിരിക്കുകയാണ്. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) ഇതുസംബന്ധിച്ചുള്ള റിപ്പോർട്ട് ഇടുക്കി ജില്ലാ കളക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല.

## ഇടുക്കി ജില്ലയിൽ റവന്യൂ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം

253 (1242) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മാർച്ച് മുതൽ ഇതുവരെ എത്ര റവന്യൂ ഉദ്യോഗസ്ഥരെ ഇടുക്കി ജില്ലയിലെ വിവിധ ഓഫീസുകളിൽ നിന്നും സ്ഥലം മാറ്റിയിട്ടുണ്ട്; ഇവരുടെ പേരും തസ്തികയുമുൾപ്പെടെയുള്ള വിശദവിവരം നൽകുമോ;

(ബി) ഇവരെ പ്രസ്തുത തസ്തികയിൽനിന്നും മാറ്റുവാനുണ്ടായ കാരണം എന്തെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി ) വിവരം ശേഖരിച്ചുവരുന്നു.

## കിഴക്കേ ചാലക്കുടി വില്ലേജിലെ സർക്കാർഭൂമി കയ്യേറ്റം

254 (1243) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കിഴക്കേ ചാലക്കുടി വില്ലേജിൽ സർക്കാർവക തോട്ടം, ദേവസ്വംവക ഭൂമിയും കൈയ്യേറിയത് സംബന്ധിച്ച് സർവ്വേയും ഭൂരേഖയും വകുപ്പ് ഡയറക്ടർ 29-4-2015 ന് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് മധ്യമേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ 4-5-2015-ലെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ടി കൈയ്യേറ്റം സംബന്ധിച്ച് മുൻ തൃശ്ശൂർ ജില്ലാ കളക്ടർ എം. എസ്. ജയ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) 2015 ജൂൺ 11-ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചതിനു ശേഷം ടി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് ജില്ലാ ഭരണകൂടം സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ഇ) പ്രസ്തുത വിഷയത്തിൽ നിലവിലെ തൃശ്ശൂർ ജില്ലാ കളക്ടർ തയ്യാറാക്കിയ പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെയും സമഗ്ര റിപ്പോർട്ടിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കയ്യേറ്റം സംബന്ധിച്ച് മുൻ തൃശ്ശൂർ ജില്ലാ കളക്ടർ എം. എസ്. ജയ റിപ്പോർട്ട് സമർപ്പിച്ചതായി കാണുന്നില്ല. ജില്ലാ കളക്ടറുടെ നടപടിക്രമത്തിന്റെ പകർപ്പ് ഉള്ളടക്കം* ചെയ്യുന്നു.

(ഡി) ജില്ലാ കളക്ടർ കക്ഷികളെ 28-9-2016, 6-10-2016 എന്നീ തീയതികളിൽ വിചാരണ ചെയ്തിട്ടുള്ളതും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചുവരുന്നതുമാണ്.

(ഇ) അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

**അങ്ങാടി -കൊറ്റനാട് കുടിവെള്ള പദ്ധതിക്ക് സ്ഥലം**

255 (1244) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്ങാടി-കൊറ്റനാട് കുടിവെള്ള പദ്ധതിയുടെ ശുദ്ധീകരണപ്ലാൻറ് സ്ഥാപിക്കുന്നതിന് നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായുള്ള അനുമതിയ്ക്കുള്ള അപേക്ഷ എന്നാണ് ലഭിച്ചത്; ഇതിനുള്ള അനുമതി ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; ഇനിയും എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളത്;

(സി) സ്ഥലത്തിന് നൽകാനുള്ള വില ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടും സർക്കാർ ഉത്തരവ് വൈകുന്നതുമൂലം പദ്ധതിയുടെ നിർവ്വഹണം അനന്തമായി നീണ്ടുപോകുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അടിയന്തരമായി ഈ സ്ഥലം നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ,ബി&ഡി) അങ്ങാടി-കൊറ്റനാട് കുടിവെള്ള പദ്ധതിയുടെ ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് പെരുമ്പെട്ടി വില്ലേജിലെ റീസർവ്വേ നമ്പർ 266/4, 266/5 എന്നിവയിലുൾപ്പെട്ട 1 ഏക്കർ സ്ഥലം നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഏറ്റെടുത്ത് നൽകുന്നതിന് കൊറ്റനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ 17-6-2016-ൽ ലഭിച്ചിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ.-യുടെയും കൊറ്റനാട് ഗ്രാമപഞ്ചായത്ത് അധികാരികളുടെയും സാന്നിദ്ധ്യത്തിൽ 15-6-2016-ൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചേർന്ന യോഗം, സ്ഥലം നെഗോഷ്യേറ്റഡ് പർച്ചേസ് വ്യവസ്ഥയിൽ വാങ്ങുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. 17-6-2016-ൽ ജില്ലാ കളക്ടർ സമർപ്പിച്ച പ്രൊപ്പോസൽ 10-5-2017-ൽ കൂടിയ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി, സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സ്ഥലം വാങ്ങുന്നതിന് 1-6-2017-ലെ സ.ഉ.(ആർ.റ്റി.)നമ്പർ 2511/2017/റവ. പ്രകാരം അനുമതി നൽകുകയുണ്ടായി. വില നിശ്ചയിക്കുന്നതിന് ആവശ്യമായ റിക്കാർഡുകൾ തയ്യാറാക്കി നൽകുന്നതിന് 17-6-2017-ൽ ലാന്റ് അക്വിസിഷൻ ഓഫീസർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. പൊന്നുംവില ഓഫീസിൽനിന്നും വിലനിർണ്ണയ റിക്കാർഡുകൾ ലഭിച്ച് ജില്ലാ കളക്ടർ സ്ഥലം പരിശോധിച്ച് ജില്ലാതല ഭൂമിവാങ്ങൽ കമ്മിറ്റി ചേർന്ന് വില നെഗോഷ്യേറ്റ് ചെയ്ത് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നമുറയ്ക്ക് സ്ഥലവില നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ തലങ്ങളിൽ ഉണ്ടായിട്ടുള്ള കാലതാമസം സംബന്ധിച്ച വിശദീകരണം സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**തൊടുപുഴ - മുട്ടം സ്പൈസസ് പാർക്കിന് ഭൂമി**

256 (1245) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മുട്ടം വില്ലേജിൽ സ്പൈസസ് പാർക്കിന് ഭൂമി ഏറ്റെടുക്കുന്ന നടപടിയുടെ പുരോഗതി അറിയിക്കാമോ;

(ബി) ഈ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ത്വരിതഗതിയിലാക്കാൻ നടപടി കൈക്കൊള്ളുമോ;

(സി) ആയതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ആരുടെ കൈവശമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഭൂമി ഏറ്റെടുക്കലിന് ഉണ്ടായിരിക്കുന്ന പ്രധാന തടസ്സം എന്തെന്ന് അറിയിക്കാമോ?

ഉത്തരം

(എ-ഡി) 21-6-2008-ലെ സ.ഉ.(ആർ.റ്റി.) നമ്പർ 615/2008/ ഐ.ഡി പ്രകാരം 90.82 ഏക്കർ വസ്തു തൊടുപുഴ താലൂക്കിലെ മുട്ടം വില്ലേജിൽ മുട്ടം സ്പൈസസ് പാർക്കിനുവേണ്ടി ഏറ്റെടുക്കുന്നതിനുവേണ്ടി ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 22-7-2015-ൽ ജില്ലാതല പർച്ചേസ് കമ്മിറ്റി കൂടുകയും ഭൂവില നിശ്ചയിക്കുന്നതിനായി

എസ്.എൽ.ഇ.സി.-യുടെ ആദ്യ പ്രൊപ്പോസൽ 5-2-2016-ൽ ജില്ലാ കളക്ടർ സമർപ്പിച്ചിരുന്നു. എന്നാൽ ചില കാറ്റഗറികൾക്ക് അടിസ്ഥാന വിലയെക്കാൾ വളരെ ഉയർന്ന തുക ഡി.എൽ.പി.സി.-യിൽ വാഗ്ദാനം ചെയ്തതിനാൽ 20-6-2016-ലെ എസ്.എൽ.ഇ.സി. പ്രൊപ്പോസൽ നിരാകരിക്കുകയാണുണ്ടായത്.

ഭേദഗതി വരുത്തിയ പ്രൊപ്പോസൽ 5-9-2016-ന് ജില്ലാ കളക്ടർ എസ്.എൽ.ഇ.സി.-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. ജില്ലാതല പർച്ചേസ് സമിതി ശിപാർശ ചെയ്ത വില വളരെ കൂടുതലാണെന്ന് 14-2-2017-ൽ കൂടിയ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി നിരീക്ഷിക്കുകയും ആകയാൽ ജില്ലാ കളക്ടർ നേരിൽ സ്ഥലപരിശോധന നടത്തി പ്രൊപ്പോസലിൽ സൂചിപ്പിച്ച വിലകൾ പുതിയ പൊന്നുവില നിയമത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും പരിശോധിച്ച് എസ്.എൽ.ഇ.സി.-യുടെ അംഗീകാരത്തിനായി സമർപ്പിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ 22-6-2017-ൽ എൽ.എ (ഡെപ്യൂട്ടി കളക്ടർ), എൽ.എ.ഒ. എന്നിവർ സ്ഥലപരിശോധന നടത്തുകയുണ്ടായി. ജില്ലാ കളക്ടർ ഡി.എൽ.പി.സി. വിളിച്ചുകൂട്ടി ഭേദഗതി വന്നിട്ടുള്ള ഭൂമി വിലയിൽ സ്ഥലം ഉടമകളിൽനിന്നും സമ്മതപത്രം വാങ്ങി പുതിയ പ്രൊഫോർമ റിപ്പോർട്ട് എസ്.എൽ.ഇ.സി.ക്ക് സമർപ്പിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഭൂമിയുടെ ഉപഗ്രഹ ചിത്രങ്ങൾ**

257 (1246) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാറ്റാബാങ്കിൽ തെറ്റായ വിവരം രേഖപ്പെടുത്തിയതിനെതിരെ പരാതി നൽകുന്നതിന് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രാദേശിക നിരീക്ഷണ സമിതികൾക്ക് ഭൂമിയുടെ ഉപഗ്രഹ ചിത്രങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(സി) ഭൂമിയുടെ ഉപഗ്രഹ ചിത്രങ്ങൾ ലഭ്യമാക്കുന്ന ഏജൻസിക്ക് അതിന് ഫീസ് ഈടാക്കുവാൻ അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഏങ്കിൽ എത്ര രൂപയാണ് ഫീസ് എന്നറിയിക്കാമോ;

(ഡി) ദുർബല വിഭാഗങ്ങൾക്കും ബി.പി.എൽ., പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ഫീസ് ഇളവ് അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഭൂമിയുടെ ഉപഗ്രഹ ചിത്രങ്ങൾക്കുവേണ്ടി ജനങ്ങൾ നട്ടംതിരിയുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(എഫ്) വ്യത്യസ്ത ഏജൻസികൾക്ക് നാളിതുവരെ ലഭിച്ച അപേക്ഷകൾ എത്ര; വിശദമാക്കുമോ;

(ജി) ഉപഗ്രഹ ഭൂപടം ഇല്ലാത്ത സ്ഥലങ്ങളിൽ പകരം സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ -ജി) വിവരം ശേഖരിച്ചുവരുന്നു.

**വില്ലേജ് ഓഫീസുകൾ അഴിമതിമുക്തമാക്കുന്നതിന് നടപടി**

258 (1247) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ വില്ലേജ് ഓഫീസുകൾ അടക്കം അഴിമതിമുക്തമാക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) റവന്യൂ ഓഫീസുകളെ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ 123/എൻ/എം/റവ/17 നമ്പർ കുറിപ്പിന്റെയും 1350769/ജി.3/2017/റവ. നമ്പർ സർക്കുലറിന്റെയും അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസുകളിൽ മിന്നൽപരിശോധന നടത്തുവാനും, പീരിയോഡിക്കൽ പരിശോധന നടത്തുവാനും ആവശ്യമെങ്കിൽ താലൂക്ക് തലത്തിൽ തന്നെ അഴിമതിവിമുക്ത സ്ക്വാഡ് രൂപീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഏതെങ്കിലും ഉദ്യോഗസ്ഥർ കൈക്കൂലി/പാരിതോഷികം ആവശ്യപ്പെടുന്നപക്ഷം ആ വിവരം അറിയിക്കുന്നതിന് വില്ലേജ് ഓഫീസുകളിൽ, ജില്ലാ കളക്ടറേറ്റിന്റെയും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിന്റെയും സെക്രട്ടറിയേറ്റിന്റെയും മന്ത്രി ഓഫീസിന്റെയും നമ്പരുകൾ മുൻഗണനാക്രമത്തിൽ നൽകിയിട്ടുണ്ട്. പ്രസ്തുത നമ്പരുകളിൽ ബന്ധപ്പെടുന്നതിനുള്ള നിർദ്ദേശം റവന്യൂ ഓഫീസുകളിൽ പരസ്യപ്പെടുത്തുന്നതിനുള്ള നിർദ്ദേശം എല്ലാ റവന്യൂ ഓഫീസുകൾക്കും നൽകിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് അഴിമതിരഹിത സേവനം ലഭ്യമാക്കുന്നതിനും റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ കാണിക്കുന്ന നിയമവിരുദ്ധ പ്രവർത്തികൾ തടയുന്നതിനും സംസ്ഥാനത്ത് യഥാക്രമം തിരുവനന്തപുരം ആസ്ഥാനമാക്കി ദക്ഷിണ മേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും എറണാകുളം ആസ്ഥാനമാക്കി മധ്യമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും

കോഴിക്കോട് ആസ്ഥാനമാക്കി ഉത്തരമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും പ്രവർത്തിച്ചുവരുന്നു. കൂടാതെ എല്ലാ ജില്ലാ കളക്ടറേറ്റിലും ഇൻസ്പെക്ഷൻ വിഭാഗത്തിന് വിജിലൻസിന്റെ അധികാരം നൽകി സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ &വിജിലൻസ് എന്ന് നാമകരണം ചെയ്ത് പ്രവർത്തിച്ചുവരുന്നു. കൂടാതെ വകുപ്പുമേധാവിയായ ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ ഇൻസ്പെക്ഷൻ ആൻഡ് ആഡിറ്റ് വിഭാഗം സബ് ഓഫീസുകളിലെ റിക്കാർഡുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചുവരുന്നു.

(ബി) റവന്യൂ ഓഫീസുകളെ സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## വില്ലേജ് ഓഫീസുകളിലെ ഓൺലൈൻ സേവനങ്ങൾ

259 (1248) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽനിന്നും ഏതെല്ലാം സേവനങ്ങളാണ് ഇപ്പോൾ ഓൺലൈനായി ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓൺലൈനായി അപേക്ഷ സമർപ്പിച്ചവർക്ക് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ എത്ര ദിവസം കാലതാമസം വരുമെന്ന് വിശദമാക്കുമോ;

(സി) ഇപ്പോൾ ലഭ്യമാകുന്ന സർട്ടിഫിക്കറ്റുകളുടെ കാലാവധി പുനഃക്രമീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇ-ഡിസ്ട്രിക്ട് : ലാന്റ് റവന്യൂ വകുപ്പിൽനിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി ഓൺലൈൻ ആയി നൽകിവരുന്നു.

സംയോജിത ഓൺലൈൻ പോക്കുവരവ്: ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട് റവന്യൂ രജിസ്ട്രേഷൻ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ വെബ് സർവീസ് മുഖേന പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു.

ഇ-പേയ്മെന്റ്: സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ ഓൺലൈൻ വഴി ഭൂനികുതി ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരള സംസ്ഥാന സേവനാവകാശ നിയമം 2012 അനുശാസിക്കുന്ന സമയപരിധി പാലിച്ചാണ് സർട്ടിഫിക്കറ്റുകൾ നൽകിവരുന്നത്. വിശദവിവരങ്ങൾ അനുബന്ധം 1* ആയി ചേർത്തിട്ടുണ്ട്.

(സി) ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്നത് പ്രത്യേകാവശ്യത്തിന് എന്ന വ്യവസ്ഥ റദ്ദാക്കി ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് 3 വർഷം എന്ന് ഭേദഗതി വരുത്തി സ.ഉ.(കൈ)നമ്പർ 264/2017/ആർ.ഡി. തീയതി 4-8-2017 പ്രകാരം ഉത്തരവായിട്ടുണ്ട്. മറ്റ് സർട്ടിഫിക്കറ്റുകളുടെ കാലാവധി പുനർക്രമീകരിച്ചിട്ടില്ല.

(ഡി) സ.ഉ.(കൈ)നമ്പർ 264/2017/ആർ.ഡി. തീയതി 4-8-2017-ന്റെ പകർപ്പ് അനുബന്ധം- II* ആയി ചേർത്തിരിക്കുന്നു.

**വില്ലേജ് ഓഫീസുകളുടെ ഡിജിറ്റൈസേഷൻ**

260 (1249) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം വില്ലേജ് ഓഫീസുകൾ ഡിജിറ്റലൈസ് ചെയ്തു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ മുഴുവൻ വില്ലേജ് ഓഫീസുകളും ഡിജിറ്റലൈസ് ചെയ്യാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഡിജിറ്റലൈസേഷൻ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭൂമിയുമായി ബന്ധപ്പെട്ട വില്ലേജ് റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ബി.റ്റി.ആർ.ഡിജിറ്റൈസേഷൻ, റ്റി.പി.ആർ ഡിജിറ്റൈസേഷൻ എന്നിങ്ങനെ ഘട്ടംഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ ഇതിനകം 1243 എണ്ണത്തിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| നമ്പർ | ജില്ല | ഡിജിറ്റൈസ് ചെയ്ത വില്ലേജുകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1. | തിരുവനന്തപുരം | 100 |
| 2. | കൊല്ലം | 87 |
| 3. | പത്തനംതിട്ട | 56 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| (1) | (2) | (3) |
|---|---|---|
| 4. | ആലപ്പുഴ | 62 |
| 5. | കോട്ടയം | 100 |
| 6. | ഇടുക്കി | 27 |
| 7. | എറണാകുളം | 73 |
| 8. | തൃശ്ശൂർ | 215 |
| 9. | പാലക്കാട് | 88 |
| 10. | മലപ്പുറം | 138 |
| 11. | കോഴിക്കോട് | 108 |
| 12. | വയനാട് | 49 |
| 13. | കണ്ണൂർ | 114 |
| 14. | കാസർഗോഡ് | 26 |
| | ആകെ | 1243 |

(ബി) സംസ്ഥാനത്തെ ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ (BTR), തണ്ടപ്പേർ രജിസ്റ്ററുകൾ (TPR) എന്നിവ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1243 എണ്ണത്തിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകളും 450 എണ്ണത്തിലെ തണ്ടപ്പേർ രജിസ്റ്ററുകളും ഇതിനോടകം ഡിജിറ്റൈസ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. പ്രസ്തുത വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ്, ഇ-പേയ്മെന്റ് എന്നിവ നടപ്പിലാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിന്റെ അവസാനത്തോടുകൂടി സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലേയും ഭൂനികുതി രജിസ്റ്ററുകൾ, തണ്ടപ്പേർ രജിസ്റ്ററുകൾ എന്നീ അടിസ്ഥാന ഭൂരേഖകൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട്ഓഫീസ് സംവിധാനം

261 (1250) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട്ഓഫീസ് സംവിധാനം ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. റവന്യൂ വകുപ്പിന്റെ അടിസ്ഥാനഘടകമായ വില്ലേജ് ഓഫീസുകൾ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നമുറയ്ക്ക് ഫ്രണ്ട് ഓഫീസ് സംവിധാനം രൂപീകരിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

**മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനായി ഭൂമി**

262 (1251) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് പാണക്കാട് വില്ലേജിലെ ഇൻകെൽ എഡ്യൂസിറ്റിയിൽ അനുവദിച്ച ഇരുപത്തിയഞ്ച് ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് വിശദമാക്കുമോ;

(ബി) റവന്യൂ വകുപ്പ് ഭൂമി ഏറ്റെടുത്ത് ആരോഗ്യ വകുപ്പിന് കൈമാറുന്നതിന് സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ;

(സി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ജില്ലാ കളക്ടർ സമർപ്പിച്ച ഭൂമി പതിവ് പ്രൊപ്പോസലിലെ ന്യൂനതകൾ പരിഹരിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർ നിർദ്ദേശിച്ചിരിക്കുകയാണ്.

(ബി&സി) ഉണ്ട്. ക്യാൻസർ സെന്ററിന് അനുവദിച്ച ഭൂമി കെ.എസ്.ഐ.ഡി.സി.-യും ഇൻകെലും തമ്മിലുള്ള കരാറിൽ ഉൾപ്പെട്ട ഭൂമിയാണ്. ടി കരാർ പ്രകാരം അനുവദിച്ച ഭൂമിയിൽനിന്ന് ക്യാൻസർ സെന്ററിനും മലപ്പുറം വനിതാ കോളേജിനും അനുവദിച്ച 30 ഏക്കർ ഭൂമി കുറവ് ചെയ്ത് കെ.എസ്.ഐ.ഡി.സി.-യും ഇൻകെലും തമ്മിലുള്ള കരാർ പുതുക്കേണ്ടതുണ്ട്. കരാർ പുതുക്കി വിവരം അറിയിക്കുന്നതിന് കെ.എസ്.ഐ.ഡി.സി. മാനേജർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.-യിൽ നിന്ന് ഇൻകെൽ പാട്ടത്തിന് എടുത്തിട്ടുള്ളതും നിലവിൽ കെ.എസ്.ഐ.ഡി.സി. നികുതിയടച്ച് വരുന്നതുമായ ഈ ഭൂമി റവന്യൂ വകുപ്പിന് കൈമാറുന്ന/വിട്ടൊഴിയുന്ന മുറയ്ക്ക് മാത്രമേ പതിവ് നടപടി സാധ്യമാകുകയുള്ളൂ.

**വില്ലേജ് ഓഫീസുകളിൽ ഭൂനികുതി രജിസ്റ്റർ സംവിധാനം**

263 (1252) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ ഭൂനികുതി രജിസ്റ്റർ എന്ന സംവിധാനം നിലവിലുണ്ടോ;

(ബി) വില്ലേജ് ഓഫീസുകളിൽ നികുതി അടയ്ക്കുന്നതിന് മുൻവർഷത്തെ നികുതി രസീത് ഹാജരാക്കണം എന്ന നിബന്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭൂനികുതി രജിസ്റ്റർ ഉണ്ടെങ്കിൽ മുൻവർഷത്തെ രസീത് ഹാജരാക്കാതെ തന്നെ നികുതി സ്വീകരിക്കുന്നതിന് നടപടി എടുക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വസ്തു നിലവിലും അപേക്ഷകന്റെ ഉടമസ്ഥതയിലും കൈവശത്തിലുമാണ് എന്ന് സ്ഥാപിക്കുന്നതിന് മതിയായ രേഖകൾ ഹാജരാക്കുന്ന സാഹചര്യത്തിലും, ഓൺലൈൻ മുഖേനയും മുൻവർഷത്തെ രസീത് ഹാജരാക്കാതെ തന്നെ ഭൂനികുതി അടച്ചുനൽകുന്നുണ്ട്.

**വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ**

264 (1253) <u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. ബി. സത്യൻ</u> :
<u>ശ്രീ. പി. ഉണ്ണി</u> :
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽനിന്ന് നൽകുന്ന സർട്ടിഫിക്കറ്റുകളും സേവനങ്ങളും എന്തെല്ലാമാണ്; അധികാര വികേന്ദ്രീകരണത്തിന്റെ പശ്ചാത്തലത്തിൽ ഇവയെല്ലാം അനിവാര്യമായും പ്രസ്തുത ഓഫീസുകൾതന്നെ നൽകേണ്ടവയാണോ എന്ന് പരിശോധനാവിധേയമാക്കുമോ;

(ബി) സാധാരണക്കാർക്ക് നിരന്തരം ബന്ധപ്പെടേണ്ടിവരുന്ന വില്ലേജ് ഓഫീസുകളിലെ ജീവനക്കാരിൽ ഗണ്യമായ ഒരു വിഭാഗം അഴിമതിക്കാരും ജനങ്ങളെ അനാവശ്യമായി ബുദ്ധിമുട്ടിക്കുന്നവരും ആണെന്ന് വ്യാപകമായി ആക്ഷേപമുള്ള കാര്യം പരിശോധിച്ചിരുന്നോ;

(സി) കോഴിക്കോട് ചക്കിട്ടപ്പാറയിലും തിരുവനന്തപുരത്ത് വെള്ളറടയിലും നടന്നതുപോലെയുള്ള അനിഷ്ട സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ടുന്ന സാഹചര്യം സൃഷ്ടിക്കാൻ എടുത്തിട്ടുള്ള നടപടികൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വില്ലേജ് ഓഫീസുകളിൽ നിന്നും 27-4-2017-ൽ പുറപ്പെടുവിച്ച സ.ഉ. (എം.എസ്.) 136/2007/ആർ.ഡി നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ സർട്ടിഫിക്കറ്റുകളും നൽകിവരുന്നു. ഇവ കൂടാതെ മറ്റ് സർക്കാർ വകുപ്പുകളിൽനിന്നും നിർദ്ദേശിക്കുന്ന രീതിയിലുള്ള സർട്ടിഫിക്കറ്റുകളും നൽകാറുണ്ട്. പ്രസ്തുത സർട്ടിഫിക്കറ്റുകളെല്ലാം വില്ലേജ് ഓഫീസുകൾ മുഖേന തന്നെ നൽകേണ്ടവയാണോ എന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പൊതുജനങ്ങൾക്ക് അഴിമതിരഹിത സേവനം ലഭ്യമാക്കുന്നതിനും റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ കാണിക്കുന്ന നിയമവിരുദ്ധമായ പ്രവൃത്തികൾ തടയുന്നതിനും സംസ്ഥാനത്ത് യഥാക്രമം തിരുവനന്തപുരം ആസ്ഥാനമാക്കി ദക്ഷിണ മേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും എറണാകുളം ആസ്ഥാനമാക്കി മധ്യമേഖലാ വിജിലൻസ് കാര്യാലയവും കോഴിക്കോട് ആസ്ഥാനമാക്കി ഉത്തര മേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ എല്ലാ ജില്ലാ കളക്ടറേറ്റിലും ഇൻസ്പെക്ഷൻ വിഭാഗത്തിന് വിജിലൻസിന്റെ അധികാരം നൽകി സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ ആൻഡ് വിജിലൻസ് എന്ന് നാമകരണം നൽകി പരിശോധന നടത്തുന്നുണ്ട്. കൂടാതെ ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ ഇൻസ്പെക്ഷൻ & ആഡിറ്റ് വിഭാഗം സബ് ഓഫീസുകളിലെ റിക്കോർഡുകൾ, രജിസ്റ്ററുകൾ, അക്കൗണ്ടുകൾ എന്നിവ പരിശോധിച്ചുവരുന്നു.

(സി) ബഹുമാനപ്പെട്ട റവന്യൂ ഭവന നിർമ്മാണ വകുപ്പുമന്ത്രിയുടെ 123/N/M/Rev/17 നമ്പർ കുറിപ്പിന്റെ അടിസ്ഥാനത്തിലും 1350769/ജെ3/2017/റവ. നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിലും വില്ലേജ് ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തുവാനും പീരിയോഡിക്കൽ പരിശോധന നടത്തുവാനും ആവശ്യമെങ്കിൽ താലൂക്ക് തലത്തിൽ തന്നെ അഴിമതി വിമുക്ത സ്ക്വാഡ് രൂപീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും കൂടാതെ എല്ലാ റവന്യൂ ഓഫീസുകളിലും ഏതെങ്കിലും ഉദ്യോഗസ്ഥർ കൈക്കൂലി/പാരിതോഷികം ആവശ്യപ്പെടുന്നപക്ഷം ആ വിവരം അറിയിക്കുന്നതിന് വില്ലേജ് ഓഫീസുകളിൽ ജില്ലാ കളക്ടറേറ്റിന്റെയും ലാൻഡ് റവന്യൂ കമ്മീഷണറുടെയും സെക്രട്ടേറിയറ്റിന്റെയും മന്ത്രി ഓഫീസിന്റെയും നമ്പരുകൾ മുൻഗണനാക്രമത്തിൽ നൽകിയും പ്രസ്തുത നമ്പരുകളിൽ ബന്ധപ്പെടുന്നതിനുള്ള നിർദ്ദേശം ഓഫീസിൽ പരസ്യപ്പെടുത്തുന്നതിനുള്ള നിർദ്ദേശവും എല്ലാ റവന്യൂ കാര്യാലയങ്ങൾക്കും നൽകിയിട്ടുണ്ട്.

## കോങ്ങാട് മണ്ഡലത്തിൽ പൊതുആവശ്യങ്ങൾക്ക് റവന്യൂ ഭൂമി

265 (1254) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ പൊതുആവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ കഴിയുന്ന റവന്യൂഭൂമിയുടെ വിശദവിവരങ്ങൾ നൽകുമോ;

(ബി) ഇക്കാര്യത്തിൽ വില്ലേജ്, സർവ്വെ നമ്പർ, വിസ്തീർണ്ണം എന്ന ക്രമത്തിൽ വിവരങ്ങൾ നൽകുമോ ?

### ഉത്തരം

(എ&ബി ) കോങ്ങാട് മണ്ഡലത്തിൽ പൊതുആവശ്യങ്ങൾക്ക് ലഭ്യമായ ഭൂമിയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു

| വില്ലേജ് | സർവ്വെ നം. | വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|
| പാലക്കയം | 2268 | 7.5 ഏക്കർ | ബോട്ട് ഇൻ ലാൻഡ് |
| കാരക്കുറിശ്ശി | 11 വാർഡ് 35/8 ബി.25/7 ബി | 0.5 ഏക്കർ | സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ് മിഷൻ)-യിലേയ്ക്ക് പ്രൊപ്പോസൽ ചെയ്തത്. |
| പറളി 1 | ബ്ലോക്ക് 17 സർവ്വേ നമ്പർ 633/6 | 0.7529 ഏക്കർ | റെയിൻഗേജ് എന്ന വിവരണത്തിൽ ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

## മാങ്കുളം പഞ്ചായത്തിലെ മിച്ചഭൂമി കയ്യേറ്റം

266 (1255) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാങ്കുളം പഞ്ചായത്തിലെ ആനക്കുളത്തിൽ സി.പി.എം. അനുഭാവികൾ റവന്യൂ വകുപ്പിന്റെ ലക്ഷക്കണക്കിന് രൂപ വില വരുന്ന മിച്ചഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് റവന്യൂ അധികാരികൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(സി) അടിയന്തരമായി കയ്യേറ്റം ഒഴിപ്പിച്ച് ഭൂമി വീണ്ടെടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-സി) ദേവികുളം താലൂക്കിലെ മാങ്കുളം വില്ലേജിൽ ആനക്കുളത്ത് റോഡ് പുറമ്പോക്കിലും മിച്ചഭൂമിയിലും ഉൾപ്പെട്ട സർക്കാർ ഭൂമി രാഷ്ട്രീയ സംഘടനയും, മതസംഘടനയും അനധികൃതമായി കയ്യേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## വില്ലേജ്/താലൂക്ക് ഓഫീസുകൾ/ജില്ലാ കളക്ടറേറ്റുകൾ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾ

267 (1256) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ നിന്നും 27-4-2007-ലെ ജിഒ (എംഎസ്) 136/ 2007/ ആർഡി നമ്പർ ഉത്തരവു പ്രകാരം നൽകേണ്ട 24 സർട്ടിഫിക്കറ്റുകൾ ഏതെല്ലാം, എത്ര ദിവസത്തിനുള്ളിൽ നൽകണം; വിശദാംശങ്ങളും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച ജിഒ (പി)24/10/04/08/2010-ലെ ഐ.റ്റി.ഡി. നിഷ്കർഷിച്ച സർട്ടിഫിക്കറ്റുകൾ ഏതെല്ലാം; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇതിനായി അപേക്ഷകർ അടയ്ക്കേണ്ട ഫീസ് (അക്ഷയ ഉൾപ്പെടെ) എത്ര ; പല കേന്ദ്രങ്ങളും സർക്കാർ നിശ്ചിത തുകയേക്കാൾ കൂടുതൽ ഫീസ് വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടികൾ സ്വീകരിച്ചു; എത്ര പേരുടെ പേരിൽ 2010 നു ശേഷം നടപടികൾ സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) വില്ലേജ്/താലൂക്ക്ഓഫീസുകൾ/ജില്ലാ കളക്ടറേറ്റുകൾ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് സേവനാവകാശ നിയമ പ്രകാരമുള്ള സമയ പരിധി എത്ര ; ഇതുസംബന്ധിച്ച 23-1-2013-ലെ എൽ.ആർ.എച്ച്. 3/49142/13 പ്രകാരമുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത സേവനാവകാശ നിയമലംഘനം നടത്തിയതായി നാളിതുവരെ ലഭ്യമായ പരാതികൾ എത്ര, തീർപ്പാക്കാനുള്ളവ എത്ര; വിശദീകരണം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) റവന്യൂ വകുപ്പിൽനിന്നും 27-4-2007-ലെ ജി.ഒ.(എം.എസ്.)136/2007/ ആർ.ഡി. നമ്പർ ഉത്തരവുപ്രകാരം താഴെ പറയുന്ന 23-ഇനം സർട്ടിഫിക്കറ്റുകൾ സേവനാവകാശ നിയമപ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ പുറപ്പെടുവിച്ച എൽ.ആർ.എച്ച്.3/49142/11 പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള സമയക്രമം പാലിച്ച് നൽകിവരുന്നു.

1. ജാതി സർട്ടിഫിക്കറ്റ് ജാതി സംബന്ധിച്ച് സംശയം വരുന്ന സാഹചര്യം ഇല്ലാത്ത കേസുകളിൽ 3 ദിവസത്തിനകം (പട്ടികജാതി/ പട്ടികവർഗ്ഗം ഒഴികെ )
2. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ് (3 ദിവസത്തിനകം)
3. ബന്ധുത്വ സർട്ടിഫിക്കറ്റ് (6 ദിവസത്തിനകം)
4. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് (5 ദിവസത്തിനകം)/ഡൊമിസൈൽ സർട്ടിഫിക്കറ്റ് (3 ദിവസത്തിനകം)
5. വരുമാന സർട്ടിഫിക്കറ്റ് (6 ദിവസത്തിനകം)
6. കൈവശാവകാശ സർട്ടിഫിക്കറ്റ് (7 ദിവസത്തിനകം)
7. തിരിച്ചറിയൽ സർട്ടിഫിക്കറ്റ് (5 ദിവസത്തിനകം)
8. പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് [ഗസറ്റ് വിജ്ഞാപനം വന്ന് ആക്ഷേപം ഉന്നയിക്കുന്നതിനുള്ള സമയപരിധി (30 ദിവസം) കഴിഞ്ഞ് 15 ദിവസത്തിനകം]
9. സോൾവെൻസി സർട്ടിഫിക്കറ്റ് (15 ദിവസത്തിനകം)
10. ലൊക്കേഷൻ സർട്ടിഫിക്കറ്റ് (5 ദിവസത്തിനകം)
11. കൺവെർഷൻ സർട്ടിഫിക്കറ്റ് (7 ദിവസത്തിനകം)
12. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ് (7 ദിവസത്തിനകം)
13. അഗതി സർട്ടിഫിക്കറ്റ് (5 ദിവസത്തിനകം)
14. കുടുംബാംഗത്വ സർട്ടിഫിക്കറ്റ് (6 ദിവസത്തിനകം)
15. മിശ്രവിവാഹ സർട്ടിഫിക്കറ്റ് (7 ദിവസത്തിനകം)
16. നോൺ റീ മാര്യേജ് സർക്കിഫിക്കറ്റ് (5 ദിവസത്തിനകം)
17. ലൈഫ് സർട്ടിഫിക്കറ്റ് (5 ദിവസത്തിനകം)
18. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ് (5 ദിവസത്തിനകം)
19. പൊസഷൻ ആന്റ് നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ് (7 ദിവസത്തിനകം)
20. വാല്വേഷൻ സർട്ടിഫിക്കറ്റ് (15 ദിവസത്തിനകം)

21. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ് (5 ദിവസത്തിനകം)

22. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് (7 ദിവസത്തിനകം)

23. ഇൻഡിജന്റ് സർട്ടിഫിക്കറ്റ് (15 ദിവസത്തിനകം)

(ബി) 4-8-2010-ലെ ജി.ഒ.(പി)24/10/ITD നമ്പർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(സി) 17-10-2013-ലെ ജി.ഒ.(എംഎസ്.) 31/2013/ITD ഉത്തരവ് പ്രകാരം അക്ഷയകേന്ദ്രം മുഖേന സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് 17 രൂപ സർവ്വീസ് ചാർജ്ജും രേഖകൾ സ്കാൻ ചെയ്യുന്നതിന് പേജൊന്നിന് 2 രൂപ വീതവുമാണ് ഈടാക്കുന്നത്. പല അക്ഷയ കേന്ദ്രങ്ങളും നിശ്ചിത ഫീസിനെക്കാൾ കൂടുതൽ തുക ഈടാക്കുന്നതായി പരാതികൾ ഉയർന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് എല്ലാ കേന്ദ്രങ്ങളിലും സർവ്വീസ് റേറ്റ് ചാർട്ട് പ്രദർശിപ്പിക്കുവാനും രസീത് നൽകുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. അക്ഷയകേന്ദ്രങ്ങളിൽ കൂടുതൽ ഫീസ് ഈടാക്കുന്നതായി ലഭിച്ച പരാതിയിൽ താഴെ പറയും പ്രകാരമാണ്:

1. തിരുവനന്തപുരം-1 പരാതി ലഭിച്ചു. അന്വേഷണം നടത്തി അക്ഷയകേന്ദ്രത്തിന് മെമ്മോ നൽകി.

2. പത്തനംതിട്ട -2 പരാതികൾ. അക്ഷയകേന്ദ്രങ്ങൾക്ക് കർശന നിർദ്ദേശം നൽകി.

3. ഇടുക്കി - 9 പരാതികൾ. എല്ലാം തീർപ്പാക്കി.

4. തൃശ്ശൂർ -21 കേന്ദ്രങ്ങൾക്കെതിരെ 172 പരാതികൾ ലഭിച്ചു. അന്വേഷണം നടത്തി 2 സെന്ററുകൾ റദ്ദ് ചെയ്യുകയും ഒരു സെന്ററിന് പിഴ ചുമത്തുകയും ചെയ്തു. 167 പരാതികൾ ഒത്തുതീർപ്പിലൂടെ പരിഹരിച്ചു. 2 എണ്ണം തീർപ്പാക്കുവാൻ ബാക്കിയുണ്ട്.

5. പാലക്കാട് - 5 പരാതികൾ. അഞ്ച് പരാതികളിലും അന്വേഷണം നടത്തി സെന്ററുകൾക്ക് മെമ്മോ നൽകി.

(ഡി) 1. ജാതി സർട്ടിഫിക്കറ്റ് - ജാതി സംബന്ധിച്ച് സംശയം വരുന്ന സാഹചര്യം ഇല്ലാത്ത കേസുകളിൽ 3 ദിവസത്തിനകം. (പട്ടികജാതി/പട്ടികവർഗ്ഗം ഒഴികെ)

2. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ് (3 ദിവസത്തിനകം)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. ബന്ധുത്വ സർട്ടിഫിക്കറ്റ് (6 ദിവസത്തിനകം)
4. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് (5 ദിവസത്തിനകം)/ഡൊമിസൈൽ സർട്ടിഫിക്കറ്റ് (3 ദിവസത്തിനകം)
5. വരുമാന സർട്ടിഫിക്കറ്റ് (6 ദിവസത്തിനകം)
6. കൈവശാവകാശ സർട്ടിഫിക്കറ്റ് (7 ദിവസത്തിനകം)
7. തിരിച്ചറിയൽ സർട്ടിഫിക്കറ്റ് (5 ദിവസത്തിനകം)
8. പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് (ഗസറ്റ് വിജ്ഞാപനം വന്ന് ആക്ഷേപം ഉന്നയിക്കുന്നതിനുള്ള സമയപരിധി (30 ദിവസം) കഴിഞ്ഞ് 15 ദിവസത്തിനകം)
9. സോൾവെൻസി സർട്ടിഫിക്കറ്റ് (15 ദിവസത്തിനകം)
10. ലൊക്കേഷൻ സർട്ടിഫിക്കറ്റ് (5 ദിവസത്തിനകം)
11. കൺവെൻഷൻ സർട്ടിഫിക്കറ്റ് (7 ദിവസത്തിനകം)
12. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ് (7 ദിവസത്തിനകം)
13. അഗതി സർട്ടിഫിക്കറ്റ് (5 ദിവസത്തിനകം)
14. കുടുംബാംഗത്വ സർട്ടിഫിക്കറ്റ് (6 ദിവസത്തിനകം)
15. മിശ്രവിവാഹ സർട്ടിഫിക്കറ്റ് (7 ദിവസത്തിനകം)
16. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ് (5 ദിവസത്തിനകം)
17. ലൈഫ് സർട്ടിഫിക്കറ്റ് (5 ദിവസത്തിനകം)
18. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ് (5 ദിവസത്തിനകം)
19. പൊസഷൻ ആന്റ് നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ് (7 ദിവസത്തിനകം)
20. വാല്വേഷൻ സർട്ടിഫിക്കറ്റ് (15 ദിവസത്തിനകം)
21. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ് (5 ദിവസത്തിനകം)
22. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് (7 ദിവസത്തിനകം)
23. ഇൻഡിജന്റ് സർട്ടിഫിക്കറ്റ് (15 ദിവസത്തിനകം)
24. പോക്കുവരവ് സർട്ടിഫിക്കറ്റ് (നിയമ തടസ്സമോ സാങ്കേതിക തടസ്സമോ ഇല്ലാത്ത കേസുകളിൽ 40 ദിവസത്തിനകം)

(ഇ) സേവനാവകാശ നിയമലംഘനം നടത്തിയതുമായി ബന്ധപ്പെട്ട ആകെ 34 പരാതികൾ ലഭിക്കുകയും എല്ലാത്തിലും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പത്തനംതിട്ട- 3, ആലപ്പുഴ- 2, കോട്ടയം- 3, എറണാകുളം- 3, പാലക്കാട്- 8, കാസർഗോഡ്- 15 എന്നിങ്ങനെയാണ് ലഭിച്ച പരാതികൾ.

## ബേപ്പൂർ തുറമുഖ വികസനം

268 (1257) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ തുറമുഖ വികസനത്തിനായി ബേപ്പൂർ കോവിലകത്തിന്റെ ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് B2/44020/2017, B2/655251/2016, B2/6008/2015 എന്നീ ഫയലുകൾ റവന്യൂ വകുപ്പിൽ ഉള്ളതായി അറിയാമോ;

(സി) പ്രസ്തുത ഫയലുകളിൽ തീർപ്പുകല്പിക്കുന്നതിൽ അസാധാരണമായ കാലതാമസം ഉണ്ടായിട്ടുണ്ടോ;

(ഡി) പ്രസ്തുത ഫയലുകളിൽ അടിയന്തരമായി തീർപ്പുകല്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബേപ്പൂർ തുറമുഖ വികസനത്തിനായി 3.83 ഏക്കർ ഭൂമി ഏറ്റെടുക്കുവാൻ 10-5-2013-ലെ സ.ഉ.(സാധ.)നമ്പർ 2680/2013/റവ ഉത്തരവു പ്രകാരം അനുമതി നൽകുകയുണ്ടായി. പ്രസ്തുത ഭൂമിയിൽ 79.90 സെന്റ് സ്ഥലം അക്വിസിഷനിൽ നിന്ന് ഒഴിവാക്കണമെന്ന തുറമുഖ വകുപ്പ് ഡയറക്ടറുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ലഭ്യമാക്കിയ പുതുക്കിയ പ്രൊപ്പോസൽ (3.19 ഏക്കർ) 19-9-2016-ൽ കൂടിയ സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിച്ചിരുന്നു. ജില്ലാതല സമിതി ശിപാർശ ചെയ്ത വില വളരെ കൂടുതലായതിനാൽ ജില്ലാ കളക്ടർ നേരിട്ട് സ്ഥലപരിശോധന നടത്തി റിക്കാർഡുകൾ സമർപ്പിക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ പുതുക്കിയ പ്രൊപ്പോസൽ മത്സ്യബന്ധന തുറമുഖവകുപ്പിന് 28-3-2017-ൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ മത്സ്യബന്ധന തുറമുഖവകുപ്പിൽ നിന്ന് വ്യക്തമായ ശിപാർശയോടു കൂടി ലഭിക്കുന്നമുറയ്ക്ക് SLEC-യിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണ്.

(ബി &സി) B2/44020/2014 നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) സ്വീകരിക്കുന്നതാണ്.

## കർഷകൻ ആത്മഹത്യ ചെയ്യുവാൻ ഇടയാക്കിയ സാഹചര്യം സംബന്ധിച്ച് അന്വേഷണ റിപ്പോർട്ട്

269 (1258) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെമ്പനോട വില്ലേജാഫീസിൽ കർഷകൻ ആത്മഹത്യ ചെയ്യുവാൻ ഇടയാക്കിയ സാഹചര്യം സംബന്ധിച്ച് അന്വേഷണം നടത്തിയ റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) റിപ്പോർട്ടിൽ ആരൊക്കെയാണ് കുറ്റക്കാരെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചെമ്പനോട വില്ലേജ് ഓഫീസറായ ശ്രീ. സണ്ണി പി. എ., കൊയിലാണ്ടി താലൂക്ക് തഹസിൽദാർ ശ്രീമതി റംല എന്നിവരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായതായി പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ മുൻ വില്ലേജ് അസിസ്റ്റന്റായിരുന്ന ശ്രീ. സിലീഷ് തോമസിന് സംഭവവുമായി നേരിട്ട് ബന്ധമുള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്നും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

(സി) മുൻ വില്ലേജ് അസിസ്റ്റന്റായ ശ്രീ. സിലീഷ് തോമസ്, നിലവിൽ ചെമ്പനോട് വില്ലേജ് ഓഫീസർ ആയിരുന്ന ശ്രീ. സണ്ണി. പി. എ. എന്നിവരെ കോഴിക്കോട് ജില്ലാ കളക്ടർ അന്വേഷണവിധേയമായി സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്യുകയും കോഴിക്കോട്, കൊയിലാണ്ടി, താലൂക്ക് തഹസിൽദാരായ ശ്രീമതി എൻ. റംലയ്ക്ക് എതിരെ കഠിന ശിക്ഷയുള്ള കുറ്റപത്രം ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ നിന്നും പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

## മൂന്നാർ കയ്യേറ്റം ചർച്ച ചെയ്യുവാൻ മുഖ്യമന്ത്രിതല യോഗം

270 (1259) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ കയ്യേറ്റം ചർച്ചചെയ്യുവാൻ ജൂലൈ 1-ന് മുഖ്യമന്ത്രിയോഗം വിളിച്ചിരുന്നോ; ഏതെങ്കിലും ഒരു പ്രത്യേക വിഷയം ചർച്ചചെയ്യുവാനാണോ പ്രസ്തുത യോഗം വിളിച്ചത്;

(ബി) പ്രസ്തുത യോഗം ചേരേണ്ടതില്ലെന്ന് കാണിച്ച് റവന്യൂ മന്ത്രി മുഖ്യമന്ത്രിക്ക് കത്ത് നൽകിയിരുന്നോ; എങ്കിൽ വിയോജിപ്പിനുള്ള കാരണം എന്തായിരുന്നു;

(സി) മൂന്നാർ പോലീസ് സ്റ്റേഷന് സമീപമുള്ള 22 സെന്റ് സ്ഥലവും കെട്ടിടവും കുത്തകപ്പാട്ടചട്ടം ലംഘിച്ചതിനാൽ ഒഴിയണമെന്ന് കാണിച്ച് ജൂൺ 9 ന് ദേവികുളം സബ്കളക്ടർ കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയിരുന്നോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു ; സ്ഥലം ഒഴിപ്പിച്ച് സർക്കാരിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഇടുക്കി ജില്ലയിലെ ഭൂപ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനാണ് 2017 ജൂലൈ 1-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗം വിളിച്ചുചേർത്തത്.

(ബി) ഇല്ല.

(സി) മൂന്നാർ പോലീസ് സ്റ്റേഷന് സമീപമുള്ള 22 സെന്റ് സ്ഥലവും കെട്ടിടവും കുത്തകപ്പാട്ട ചട്ടം ലംഘിച്ചതിനാൽ ഒഴിയണമെന്ന് കാണിച്ച് ജൂൺ 9-ന് ദേവികുളം സബ് കളക്ടർ കയ്യേറ്റ കക്ഷിക്ക് നോട്ടീസ് നൽകിയിട്ടില്ല. കെ.ഡി.എച്ച്. വില്ലേജിൽ സർവ്വേ 62/10 സി-യിൽപ്പെട്ട കുത്തകപ്പാട്ട ഭൂമിയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ദേവികുളം തഹസിൽദാർ 9-6-2017-ൽ കേരള ഭൂസംരക്ഷണ നിയമപ്രകാരം 'സി സി ഫോം' നോട്ടീസ് നൽകിയിട്ടുള്ളതാണ്. ഈ ഒഴിപ്പിക്കൽ നടപടിക്കെതിരെ ശ്രീ. വി. വി. ജോർജ്ജ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ WP(C)19733/17-ാം നമ്പരായി ഫയൽ ചെയ്ത റിട്ട് ഹർജിയിൽ 4-7-2017-ൽ സർക്കാരിന് അനുകൂലമായി വിധിയുണ്ടായിട്ടുള്ളതും കൈവശകക്ഷി കയ്യേറ്റ ഭൂമിയും തന്നിലിരുപ്പായതും വാണിജ്യ ആവശ്യത്തിനായി ഉപയോഗിച്ചുവരുന്നതുമായ കെട്ടിടവും ഒഴിഞ്ഞുപോകുന്നതിന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മൂന്ന് മാസത്തെ സോപാധിക സാവകാശം അനുവദിച്ചിട്ടുള്ളതുമാണ്.

**കയ്യേറ്റം ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട സ്ഥലംമാറ്റം**

271 (1260) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ സബ് കളക്ടറുൾപ്പെടെയുള്ള ചില റവന്യൂ ഉദ്യോഗസ്ഥർക്ക് കയ്യേറ്റം ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട് സ്ഥലം മാറ്റം നൽകിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തിന്റെ അടിസ്ഥാനത്തിലാണ് സബ് കളക്ടർക്കും റവന്യൂ ഉദ്യോഗസ്ഥർക്കും സ്ഥലംമാറ്റം നൽകിയത് എന്ന് വ്യക്തമാക്കുമോ;

(സി) സബ് കളക്ടറുടെ സ്ഥലംമാറ്റത്തിനുശേഷം എത്ര ഏക്കർ ഭൂമി സർക്കാർ തിരിച്ചു പിടിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഭരണപരമായ കാരണങ്ങളാലാണ് ഇടുക്കി ജില്ലയിലെ ദേവികുളം സബ്കളക്ടറെ മന്ത്രിസഭായോഗ തീരുമാന പ്രകാരം സ്ഥലംമാറ്റിയത്.

(സി) ഉടുമ്പൻചോല താലൂക്കിലെ ചിന്നക്കനാൽ വില്ലേജിൽ മുമ്പ് കയ്യേറ്റം ഒഴിപ്പിച്ച് തിരികെയെടുത്ത 13 ഏക്കർ സർക്കാർഭൂമിയിൽ വീണ്ടും അനധികൃത കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടതിനാൽ ടി അനധികൃത പ്രവേശനം ഉടുമ്പൻചോല തഹസീൽദാർ മുഖാന്തിരം ഒഴിപ്പിച്ചിട്ടുള്ളതാണ്. ദേവികുളം താലൂക്കിൽ കെ.ഡി.എച്ച്. വില്ലേജിൽ മൂന്ന് കേസുകളിലായി സർക്കാർ ഭൂമിയിലുള്ള അനധികൃത ചെറുകിട കയ്യേറ്റങ്ങൾ സമ്മറിയായി ഒഴിപ്പിച്ചിട്ടുള്ളതും വിസ്തീർണ്ണം തിട്ടപ്പെടുത്തിയിട്ടില്ലാത്തതുമാണ്.

## മൂന്നാർ കയ്യേറ്റമൊഴിപ്പിക്കൽ

272 (1261) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ കയ്യേറ്റമൊഴിപ്പിക്കൽ നടപടിയുടെ ഭാഗമായി ഇപ്പോൾ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; കയ്യേറ്റ മൊഴിപ്പിക്കൽ നടപടി നിർത്തിവച്ചോ;

(ബി) ഇവിടെ എത്ര കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇത് ഏതൊക്കെ എന്നും ആരൊക്കെയാണ് സ്ഥലം കയ്യേറിയതെന്നും വിവിധ സ്ഥലത്തിന്റെ പേരും, ആൾക്കാരുടെ അഡ്രസ്സും സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ നാളിതുവരെ എത്ര കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് തിരിച്ചുപിടിച്ചിട്ടുണ്ട്; കയ്യേറിയവരുടെ പേരും അഡ്രസ്സും സഹിതം ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) മൂന്നാർ കയ്യേറ്റം സംബന്ധിച്ച് മുൻ സബ്കളക്ടർ എന്തെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) മുഖം നോക്കാതെ കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ സത്യസന്ധമായ അടിയന്തര നടപടികൾ ഉടൻ സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) സർക്കാർ ഭൂമിയിലെ കയ്യേറ്റമൊഴിപ്പിക്കൽ നടപടികൾ കെ.ഡി.എച്ച് ആക്റ്റിന്റെയും ഭൂസംരക്ഷണ നിയമത്തിന്റെയും അടിസ്ഥാനത്തിൽ തുടർന്നുവരുന്നു. ഭൂസംരക്ഷണ നടപടികൾ നിർത്തിവച്ചിട്ടില്ലാത്തതും സ്ഥലപരിശോധനകൾ, രേഖാ പരിശോധനകൾ എന്നീ തുടർനടപടികൾ പുരോഗമിച്ച് പോരുന്നതുമാണ്.

(ബി) സർക്കാർ ഭൂമിയിന്മേലുള്ള അനധികൃത കയ്യേറ്റങ്ങൾ സംബന്ധിച്ച് വസ്തുനിഷ്ഠവും, കൃത്യവുമായ വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിക്കുന്നതിലേയ്ക്കായി സ്ഥല പരിശോധനകൾ, രേഖാ പരിശോധനകൾ എന്നിവ സമയബന്ധിതമായി നടത്തി കയ്യേറ്റക്കാരുടെ പേരുവിവരങ്ങളും ഭൂമിയുടെ വിശദാംശങ്ങളും സഹിതമുള്ള സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കുന്നതിന് തഹസീൽദാർമാർക്കും, വില്ലേജ് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നടപടികൾ പുരോഗമിച്ചുവരുന്നതും അന്തിമ പട്ടിക തയ്യാറാക്കിയിട്ടില്ലാത്തതുമാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇടുക്കി ജില്ലയിൽ സർക്കാർ ഭൂമി കയ്യേറിയിട്ടുള്ളതായ 83 കേസുകളിലായി 155.5155 ഹെക്ടർ ഭൂമി തിരിച്ച് പിടിച്ചിട്ടുള്ളതാണ്. മൂന്നാർ മേഖലയിൽപ്പെട്ട സർക്കാർ ഭൂമിയിലുള്ള അനധികൃത കയ്യേറ്റക്കാർ പലരും കയ്യേറിയ സർക്കാർ ഭൂമിയിൽ അനധികൃതമായി ഷെഡ് വയ്ക്കുകയും, കൃഷി ചെയ്യുകയും ചെയ്തുവരുന്നതും കയ്യേറ്റമൊഴിപ്പിക്കുവാൻ ചെല്ലുന്ന സമയങ്ങളിൽ പ്രസ്തുത സ്ഥലത്ത് ഹാജരാകാതിരിക്കുന്നതിനാലും ഇപ്രകാരമുള്ള കയ്യേറ്റങ്ങൾ സമ്മറിയായി ഒഴിപ്പിക്കുകയും ചെയ്യുന്നതിനാലും ഒഴിപ്പിക്കൽ നടപടികൾ സ്വീകരിച്ച എല്ലാ കേസുകളും സംബന്ധിച്ച് പേരും മേൽ വിലാസവും സഹിതമുള്ളതായ പൂർണ്ണമായ ഒരു പട്ടിക ക്രോഡീകരിച്ച് സൂക്ഷിക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ്.

(ഡി) മൂന്നാർ കയ്യേറ്റം സംബന്ധിച്ച് മുൻ സബ് കളക്ടറുടെ റിപ്പോർട്ടൊന്നും തന്നെ സർക്കാരിൽ ലഭ്യമായിട്ടില്ല.

(ഇ) 1971-ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ), 1957-ലെ കേരളാ ഭൂസംരക്ഷണം എന്നീ നിയമങ്ങളുടേയും ചട്ടങ്ങളുടേയും, 2008-ലെ കേരള ഭൂസംരക്ഷണ നിയമ (ഭേദഗതി 2009) പ്രകാരമുള്ള ശിക്ഷാ നടപടികളുടെയും അടിസ്ഥാനത്തിൽ അനധികൃത കയ്യേറ്റമൊഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നതാണ്.

## മൂന്നാറിലെ ഭൂമി കയ്യേറ്റം

273 (1262) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ ഒരു എം.എൽ.എ. കയ്യേറിയതായി ആരോപിക്കപ്പെടുന്ന ഭൂമി സർക്കാരിലേക്ക് തിരിച്ച് പിടിയ്ക്കാൻ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) എം.എൽ.എ. പ്രസ്തുത മേഖലകളിൽ എത്ര ഏക്കർ ഭൂമി കയ്യേറിയിട്ടുണ്ടെന്നാണ് സർക്കാരിന്റെ കണക്ക്; ഇതിനെ സംബന്ധിച്ച് ദേവികുളം, ഇടുക്കി സബ് കളക്ടർമാരുടേയോ മറ്റേതെങ്കിലും ഉന്നത ഉദ്യോഗസ്ഥരുടെയോ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) എം.എൽ.എ.-യുടെ വീട് ഇരിക്കുന്ന സ്ഥലവും കയ്യേറ്റഭൂമിയായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇതിൻപ്രകാരം നാളിതുവരെ എന്ത് നടപടി സ്വീകരിച്ചു?

<u>ഉത്തരം</u>

(എ) മൂന്നാറിൽ സർക്കാർ ഭൂമി എം.എൽ.എ. കയ്യേറിയതായുള്ള ആരോപണവുമായി ബന്ധപ്പെട്ട ഭൂമിയുടെ പട്ടയത്തിലെ സർവ്വെ നമ്പറായ 843/എ 912 എന്ന് തിരുത്തി നൽകണമെന്ന് ആവശ്യപ്പെട്ട് ഇടുക്കി ജില്ലാ കളക്ടർ മുമ്പാകെ LRJ3-53305/11-ാം നമ്പറായി ശ്രീ. രാജേന്ദ്രൻ എം.എൽ.എ. സമർപ്പിച്ച അപേക്ഷ 24-3-2012-ലെ സി4-45257/10-ാം നമ്പർ ഉത്തരവ് പ്രകാരം തള്ളിയിട്ടുള്ളതും ആയതിനെതിരായി ബഹുമാനപ്പെട്ട ലാൻഡ് റവന്യൂ കമ്മീഷണർ മുമ്പാകെ സമർപ്പിച്ചിട്ടുള്ള അപ്പീൽ അപേക്ഷയിൽ നടപടികൾ പുരോഗമിച്ചുവരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ. ഫയൽ ചെയ്ത WP(C)7296/15-ാം നമ്പറായുള്ള റിട്ട് ഹർജിയിന്മേലുള്ള കോടതി നടപടികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് മുമ്പാകെയുള്ള OP(C)-1076/13-ാം നമ്പർ കേസ് തീർപ്പായതിനുശേഷം തുടരുന്നതാണെന്ന് 18-6-2015-ൽ ബഹുമാനപ്പെട്ട കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല.

(സി) എം.എൽ.എ.-യുടെ വീട് ഇരിക്കുന്ന സ്ഥലവുമായി ബന്ധപ്പെട്ട പട്ടയത്തിന്റെ സാധുത നിർണ്ണയിക്കുന്നതിനുള്ള നടപടികളും ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെയുള്ള കേസുകളിന്മേലുള്ള തുടർനടപടികളും പുരോഗമിച്ചുവരുന്നു.

**കേരളത്തിലെ സബ് താലൂക്കുകൾ**

274 (1263) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സബ് താലൂക്കുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവിടെ എത്ര ജീവനക്കാരാണുള്ളത് ;

(സി) സബ് താലൂക്ക് ഓഫീസുകൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഇവ താലൂക്കുകളാക്കുവാനുള്ള ശിപാർശ നിലവിലുണ്ടോ ;

(ഇ) തഹസിൽദാർ നൽകുന്ന സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം സബ് താലൂക്കാസ്ഥാനത്തെ ഡെപ്യൂട്ടി തഹസിൽദാർമാർക്ക് കൊടുക്കുന്നത് സംബന്ധിച്ച കാര്യം പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) കേരളത്തിൽ ഒരു സബ് താലൂക്കാണ് നിലവിലുള്ളത്.

(ബി) കേരളത്തിലെ ഏക സബ് താലൂക്കായ കുന്ദമംഗലത്ത് നിലവിൽ 5 ജീവനക്കാർ ജോലി ചെയ്തുവരുന്നു.

(സി&ഡി) സബ് താലൂക്ക് രൂപീകരണം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) പരിഗണനയിലില്ല.

**കാസർഗോഡ് തിമിരി വില്ലേജിൽ മിച്ചഭൂമിയുടെ പട്ടയം നൽകാൻ നടപടി**

275 (1264) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ കയ്യൂർ-ചീമേനി പഞ്ചായത്തിൽ ഉൾപ്പെട്ട തിമിരി വില്ലേജിൽ കൈമാറ്റം ചെയ്തുകിട്ടിയ മിച്ചഭൂമിയുടെ പട്ടയം നൽകുന്നതിനുള്ള നടപടി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇതിൽപ്പെട്ട കുറച്ചുപേർക്ക് പട്ടയം നൽകിയതിന്റെ അടിസ്ഥാനത്തിൽ അവശേഷിക്കുന്നവർക്കുകൂടി പട്ടയം നൽകാൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് താലൂക്ക്, കയ്യൂർ-ചീമേനി പഞ്ചായത്തിലുൾപ്പെട്ട തിമിരി വില്ലേജിൽ അകാല കൈമാറ്റം സാധൂകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ കൈമാറ്റം സംബന്ധിച്ച രേഖകൾ ഹോസ്ദുർഗ്ഗ് താലൂക്കാഫീസിൽ വച്ച് അദാലത്ത് നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസലുകൾ വില്ലേജ് ആഫീസർ തയ്യാറാക്കിവരുന്നു. ആയത് സർക്കാരിൽ ലഭ്യമായിട്ടില്ല.

**മൂന്നാറിലെ അനധികൃത കയ്യേറ്റം**

276 (1265) ശ്രീ. പി. ടി. തോമസ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) മൂന്നാർ കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കുവാൻ സർക്കാരിന് ഇച്ഛാശക്തി വേണമെന്ന് കേരള ഹൈക്കോടതി നടത്തിയ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പരാമർശത്തിന് അടിസ്ഥാനമായ വസ്തുത എന്താണെന്ന് വ്യക്തമാക്കുമോ;

(സി) മൂന്നാറിലെ ലൗഡെയിൽ ഹോം സ്റ്റേയും 22 സെന്റ് ഭൂമിയും തിരിച്ചു പിടിക്കുവാനുള്ള നടപടിയ്ക്ക് കേരള ഹൈക്കോടതി അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) മൂന്നാർ വിഷയം ചർച്ചചെയ്യുവാൻ മുഖ്യമന്ത്രി യോഗം വിളിച്ചിരുന്നോ; പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ മൂന്നാറിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സഹായകമാണോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ മൂന്നാർ മേഖലയിലെ സർക്കാർ ഭൂമിയിന്മേലുള്ള അനധികൃത കയ്യേറ്റങ്ങൾ ദേവികുളം സബ് ഡിവിഷന് കീഴിൽ വരുന്ന ദേവികുളം ഉടുമ്പൻചോല താലൂക്ക് തഹസീൽദാർമാരും ബന്ധപ്പെട്ട വില്ലേജ് ആഫീസർമാരും 1971-ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ), 1957-ലെ കേരളാ ഭൂമി സംരക്ഷണം എന്നീ നിയമങ്ങളുടേയും ചട്ടങ്ങളുടെയും, 2008-ലെ കേരള ഭൂസംരക്ഷണ നിയമം (ഭേദഗതി 2009) പ്രകാരമുള്ള ശിക്ഷാ നടപടികളുടേയും അടിസ്ഥാനത്തിൽ ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. കെ.ഡി.എച്ച്. വില്ലേജിലെ സർവ്വേ നമ്പർ 62/10 സി-യിൽപ്പെട്ട 22 സെന്റ് കുത്തകപ്പാട്ട ഭൂമിയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിലേയ്ക്കായി റവന്യൂ വകുപ്പ് സ്വീകരിച്ച ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾക്കെതിരായി ശ്രീ. വി. വി. ജോർജ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)19733/17-ാം നമ്പർ റിട്ട് ഹർജിയിന്മേൽ 4-7-2017-ലുണ്ടായിട്ടുള്ള വിധിന്യായത്തിൽ കയ്യേറ്റഭൂമി തിരിച്ചുപിടിക്കുന്നതിന് സർക്കാരിന് ഇച്ഛാശക്തി വേണമെന്ന് പരാമർശിച്ചിട്ടുണ്ട്.

(സി) കയ്യേറ്റഭൂമിയും തന്നിലുള്ള കെട്ടിടവും ഒഴിഞ്ഞുപോകുന്നതിന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മൂന്ന് മാസത്തെ സോപാധിക സാവകാശം അനുവദിച്ചിട്ടുണ്ട്.

(ഡി) മുഖ്യമന്ത്രി വിളിച്ചുചേർത്ത ഉന്നതതലയോഗത്തിൽ എല്ലാ അനധികൃത കയ്യേറ്റങ്ങളും നിയമാനുസൃതം ഒഴിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

## കോഴിക്കോട് ജില്ലയിൽ ആത്മഹത്യചെയ്ത കർഷകന്റെ കുടുംബത്തിന് സഹായം

277 (1266) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചെമ്പാനോട വില്ലേജിലെ ആത്മഹത്യചെയ്ത ജോയി എന്ന കർഷകന്റെ കുടുംബത്തിന് എന്തെല്ലാം സഹായം നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ജോയിയുടെ കുടുംബത്തിൽ ഒരംഗത്തിന് ജോലി നൽകണമെന്ന ആവശ്യം പരിഗണനയിൽ ഉണ്ടോ;

(സി) ജോയിയുടെ മരണം സംബന്ധിച്ച റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഡി) റിപ്പോർട്ടിലെ കണ്ടെത്തലും നിഗമനങ്ങളും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 21-6-2017-ന് കോഴിക്കോട്, ചെമ്പനോട വില്ലേജ് ഓഫീസിൽ വച്ച് മരണപ്പെട്ട ജോയി എന്ന കെ. ജെ. തോമസിന്റെ കുടുംബത്തിന്റെ വായ്പാ ബാധ്യത തീർക്കുന്നതിനായി (ചക്കിട്ടപ്പാറ സഹകരണ ബാങ്കിൽ നിന്നും 13,16,856 രൂപയും പൂഴിത്തോട് യൂണിയൻ ബാങ്കിൽ നിന്നും വിദ്യാഭ്യാസ വായ്പ 3,31,346 രൂപയും) ആകെ 16,48,202 രൂപ (പതിനാറ് ലക്ഷത്തി നാല്പത്തിയെട്ടായിരത്തി ഇരുനൂറ്റി രണ്ട് രൂപ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഉണ്ട്.

(ഡി) ആത്മഹത്യ ചെയ്ത ജോയി എന്ന കെ. ജെ. തോമസിന്റെ ഭാര്യയായ ശ്രീമതി മോളി തോമസിന്റെ പേരിൽ കരം ഒടുക്കി നൽകണമെന്ന 24-5-2016-ലെ തഹസിൽദാരുടെ ഉത്തരവ് വില്ലേജ് ഓഫീസറായ ശ്രീ. സണ്ണി. പി. എ. പാലിക്കാത്തത് ശ്രീമതി മോളി തോമസിനെയും ടിയാളുടെ ഭർത്താവായ ശ്രീ. കെ.ജെ. തോമസിനേയും മാനസികമായി തളർത്തി. ഏതോ ബാഹ്യ സ്വാധീനത്തിന് വശംവദനാവുകയും, പ്രത്യേകിച്ച് അവിടത്തെ മുൻ സ്പെഷ്യൽ വില്ലേജ് ഓഫീസർ ആയിരുന്ന ശ്രീ. സിലീഷ് തോമസിന്റെ ഇടപെടലുമാണ് മേലുദ്യോഗസ്ഥരെ ധിക്കരിക്കാൻ കാരണമായത് എന്ന് കാണുന്നു. എന്നാൽ ഇക്കാര്യത്തിൽ ശ്രീ. സിലീഷ് തോമസിന്റെ നേരിട്ടുള്ള പങ്ക് രേഖകൾ പരിശോധിച്ചതിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. വില്ലേജ് ഓഫീസറായ ശ്രീ. പി. എ. സണ്ണിയെയും ശ്രീ. സിലീഷ് തോമസിനെയും ജില്ലാ കളക്ടർ 22-6-2017-ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്. 24-5-2016-ന് തഹസിൽദാരുടെ ഉത്തരവ് നടപ്പാക്കണമെന്ന് വില്ലേജ് ഓഫീസർക്ക് തുടർനിർദ്ദേശം നൽകിയിട്ടില്ല. എന്നതിനാൽ പിന്നീട് നിയമിതയായ തഹസിൽദാർക്കെതിരെ ലാൻഡ് റവന്യൂ കമ്മീഷണർ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുണ്ട്.

**ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിലെ കാലതാമസം**

278 (1267) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) റവന്യ വകുപ്പ് പുറപ്പെടുവിക്കാനുള്ള ചട്ടങ്ങളുടെയും ചട്ടങ്ങളുടെ ഭേദഗതികളുടെയും വിശദവിവരം നൽകുമോ;

(ഡി) നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് പെന്റിംഗിലുള്ള ചട്ടങ്ങൾ വിജ്ഞാപനം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ഡി) ചട്ടങ്ങൾ ഭേദഗതി വരുത്തേണ്ടതായിട്ടുള്ള കേസുകളിൽ വേഗത്തിൽ തന്നെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**സംസ്ഥാനത്തെ ആകെ ഭൂമി**

279(1268) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആകെ ഭൂമി എത്ര; ഇതിൽ റവന്യ ഭൂമി (സർക്കാർ/ വ്യക്തികൾക്കവകാശപ്പെട്ടത്), മിച്ചഭൂമി, പുറമ്പോക്ക് ഭൂമി, വനഭൂമി എത്ര എന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമികളിൽ എത്ര അളവ് സർക്കാർ ഭൂമി, മിച്ചഭൂമി, വനഭൂമി, കേരളപ്പിറവിക്കു മുമ്പ് കൈക്കലാക്കിയിട്ടുള്ള ഭൂമി തുടങ്ങിയവ ലീസിനും മറ്റുനടപടി ക്രമങ്ങളിലൂടെയും വ്യക്തികൾ/സ്ഥാപനങ്ങൾ (അല്ലാതുള്ളവ ഉൾപ്പെടെ) കൈവശം വച്ച് അനുഭവിച്ചുവരുന്നു; (TATA Tea ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടേതും) എന്നും വ്യക്തമാക്കുമോ;

(സി) അത്തരം ഭൂമിയിൽ ലീസ് നല്കി ഉപയോഗിക്കുന്ന ഭൂമി എത്ര, ലീസ് നിരക്ക് എത്ര തുക, ലീസ് അടയ്ക്കുന്നതിൽ കുടിശ്ശികയായി സംസ്ഥാനത്തിനു ലഭിക്കേണ്ടതായുള്ള തുക (നിലവിലേത്) എത്ര എന്നും ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനായി ലീസ് പിരിവ് കാര്യക്ഷമമാക്കാനും, ലീസ് അടയ്ക്കാത്ത ഭൂമി തിരിച്ചുപിടിക്കാനുമായി എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**സർക്കാർഭൂമി കയ്യേറി പാറ ഖനനം**

280(1269) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ സർക്കാർ ഭൂമി കയ്യേറി പാറ ഖനനം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) സബ് കളക്ടറായിരുന്ന ശ്രീ. ശ്രീറാം വെങ്കിട്ടരാമൻ ഐ.എ.എസ്. ഇത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല. ഉടുമ്പൻചോല താലൂക്കിലെ പാറഖനനം സംബന്ധിച്ച റിപ്പോർട്ടാണ് ശ്രീ. ശ്രീറാം വെങ്കിട്ടരാമൻ ഐ.എ.എസ്. സമർപ്പിച്ചത്.

(സി) ബാധകമല്ല.

**സർക്കാർഭൂമി കയ്യേറ്റം**

281(1270) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികൾ സർക്കാർഭൂമി കയ്യേറിയത് സംബന്ധിച്ച് 2015, 2016 വർഷങ്ങളിൽ ലാൻഡ് റവന്യു കമ്മീഷണർ എത്ര അന്വേഷണ റിപ്പോർട്ടുകൾ വീതം സമർപ്പിട്ടുണ്ട്; ഏതെല്ലാം കേസുകളിലാണ് റിപ്പോർട്ട് നൽകിയത്;

(ബി) ഇത് സംബന്ധിച്ച് 2017 ജൂൺ 31 വരെയുള്ള കാലയളവിൽ എത്ര അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്; ഏതെല്ലാം കേസുകളിലാണ് റിപ്പോർട്ട് നൽകിയത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സ്വകാര്യ വ്യക്തികൾ സർക്കാർഭൂമി കയ്യേറിയത് സംബന്ധിച്ച് 2015, 2016 വർഷങ്ങളിൽ ലാൻഡ് റവന്യൂ കമ്മീഷണർ 8 അന്വേഷണ റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| നമ്പർ | ഫയൽ നമ്പർ | വിഷയം | റിപ്പോർട്ട് നൽകിയ തീയതി |
|---|---|---|---|
| 1. | LRK3/29491/15 | തിരുവനന്തപുരം പാറശ്ശാല വില്ലേജിൽ നാഷണൽ ഹൈവേ സർവ്വേ നമ്പർ 381-ലെ കയ്യേറ്റം സംബന്ധിച്ച് | 13-1-2016 |
| 2. | LRK3/524/16 | തിരുവനന്തപുരം മാറനല്ലൂർ വില്ലേജിൽ ഭൂമി കയ്യേറി എന്ന ആരോപണം | 7-1-2016 |
| 3. | LRK4/19290/14 | തൃശ്ശൂർ ചാലക്കുടി കിഴക്കേ ചാലക്കുടി വില്ലേജ് സർവ്വേ നമ്പർ 680/1, 681/1 അനധികൃത കയ്യേറ്റം | 17-6-2015 |
| 4. | LRK4/7319/15 | എറണാകുളം കണയന്നൂർ തൃക്കാക്കര തോട് പുറമ്പോക്ക് കയ്യേറ്റം | 5-11-2015 |
| 5. | LRK4/17373/14 | പാലക്കാട് മലമ്പുഴ ഇറിഗേഷൻ വകുപ്പിലെ ജീവനക്കാരൻ ശ്രീ. മൂസ സർക്കാർഭൂമി കയ്യേറിയത് സംബന്ധിച്ച് | 29-2-2016 |
| 6. | LRK4/30380/14 | കോഴിക്കോട് ചക്കിട്ടപ്പാറയിലെ അനധികൃത കയ്യേറ്റം സംബന്ധിച്ച് | 10-4-2015 |
| 7. | LRK4/961/15 | എറണാകുളം - ഹനഫ് മുസ്ലീം ജമാ അത്ത് പള്ളി കയ്യേറ്റം സംബന്ധിച്ച് | 7-5-2016 |
| 8. | LRK4/30358/09 | എറണാകുളം കോതമംഗലം താലൂക്ക് മീനമ്പാറ വില്ലേജ് പാറ ലോബികളുടെ കയ്യിൽനിന്നും 200 ഏക്കർ തരിശ്ശ് ഭൂമി സംരക്ഷണം സംബന്ധിച്ച് | 23-4-2016 |

(ബി) 2017 ജൂൺ 30 വരെയുള്ള കാലയളവിൽ ലാൻഡ് റവന്യൂ കമ്മീഷണർ 4 അന്വേഷണ റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| നമ്പർ | ഫയൽ നമ്പർ | വിഷയം | റിപ്പോർട്ട് നൽകിയ തീയതി |
|---|---|---|---|
| 1. | LRK3/51118/16 | കൊല്ലം ജില്ല തിരുമുല്ലാവാരം സമുദ്ര സ്നാന ഘട്ടത്തിലെ കയ്യേറ്റം | 5-6-2017 |
| 2. | LRK3/12090/17 | തിരുവനന്തപുരം-വർക്കല അനധികൃത കയ്യേറ്റം | 29-5-2017 |
| 3. | LRK4/15488/17 | എറണാകുളം-കണയന്നൂർ വാഴക്കാല വില്ലേജ് പുറമ്പോക്കുഭൂമി കയ്യേറി കെട്ടിടം നിർമ്മിച്ചത് സംബന്ധിച്ച് | 3-4-2017 |
| 4. | LRK5/5907/17 | ഇടുക്കി മൂന്നാറിലെ ഭൂമി കയ്യേറ്റം സംബന്ധിച്ച് | 14-3-2017 |

**പയ്യന്നൂർ താലൂക്ക് രൂപീകരണം**

282(1271) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട പയ്യന്നൂർ താലൂക്ക് രൂപീകരണത്തിനുള്ള ഭരണാനുമതി നൽകുന്ന നടപടികൾ ഏത് ഘട്ടം വരെ എത്തി ; വിശദമാക്കാമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തിയാക്കി താലൂക്കിന്റെ പ്രവർത്തനം എപ്പോൾ തുടങ്ങാൻ കഴിയും ; വ്യക്തമാക്കാമോ;

(സി) നിർദ്ദിഷ്ട പയ്യന്നൂർ താലൂക്കിൽ ഏതെല്ലാം വില്ലേജുകളാണ് ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പയ്യന്നൂർ താലൂക്ക് രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) നിർദ്ദിഷ്ട പയ്യന്നൂർ താലൂക്കിൽ ആലപ്പടമ്പ്, എരമം, കാങ്കോൽ, കരിവെള്ളൂർ, കോറോം, കുറ്റൂർ, പയ്യന്നൂർ, പെരളം, പെരിങ്ങോം, പെരിന്തട്ട, പുളിങ്ങോം, രാമന്തളി, തിരുമേനി, വയക്കര, വെള്ളോറ, വെള്ളൂർ, പാണപ്പുഴ, കടന്നപ്പള്ളി, ചെറുതാഴം, കുഞ്ഞിമംഗലം, മാടായി, ഏഴോം എന്നീ 22 വില്ലേജുകളാണ് ഉൾപ്പെടുന്നത്.

## ജലസ്രോതസ്സ് നികത്തൽ

283(1272) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണമ്പൂർ പഞ്ചായത്തിലെ പുളിയിക്കച്ചിറ കോളനിയിൽ കുന്നിടിച്ച് ജലസ്രോതസ്സ് നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജലസ്രോതസ്സ് നികത്തുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, മണമ്പൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 18, റീസർവ്വേ നമ്പർ 14/4-ൽ ഉൾപ്പെട്ട ഭൂമിയിൽനിന്നും അനധികൃതമായി മണ്ണിടിച്ച് റീസർവ്വേ 14/2-ൽപ്പെട്ട ഭൂമിയിൽ നിക്ഷേപിച്ചതുമൂലം സമീപ പ്രദേശത്തെ നീർത്തടം നികത്തപ്പെടാൻ സാധ്യത ഉള്ളതിനാൽ അതിനെതിരെ മണമ്പൂർ വില്ലേജ് ഓഫീസർ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതും മണ്ണ് നിക്ഷേപം മാറ്റുന്നതിന് തഹസീൽദാർ (ഭൂരേഖ) ബന്ധപ്പെട്ട കക്ഷിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

## മൂന്നാറിൽ കയ്യേറ്റം ഒഴിപ്പിക്കലിൽ പങ്കെടുക്കുന്ന ഭൂസംരക്ഷണസേന

284(1273) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ കയ്യേറ്റം ഒഴിപ്പിക്കലിൽ പങ്കെടുക്കുന്ന,വിമുക്തഭടൻമാർ മാത്രം ഉൾപ്പെട്ട ഭൂസംരക്ഷണ സേനയെ പിരിച്ചുവിടുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇവരെ പിരിച്ചുവിട്ട് പ്രദേശവാസികളെ ഉൾപ്പെടുത്തി ഒരു പുതിയ സേനയ്ക്ക് രൂപം നൽകുന്ന കാര്യം ആലോചിക്കുന്നുണ്ടോ;

(സി) എങ്കിൽ അത് കയ്യേറ്റം ഒഴിപ്പിക്കൽ ശ്രമങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സേനയിൽ ഇപ്പോൾ വിമുക്തഭടൻമാരായി എത്രപേരുണ്ട്; അവരുടെ അംഗബലമുയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

(ഡി) പ്രസ്തുത സേനയിൽ 9 അംഗങ്ങൾ ഉണ്ട്. സേനയുടെ അംഗബലം ഉയർത്തുന്നത് പരിഗണനയിലില്ല.

## പത്തനംതിട്ട ജില്ലയിൽ കൈവശഭൂമിക്ക് പട്ടയം കൊടുക്കുന്നതിന് നടപടി

285(1274) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ കൈവശഭൂമിക്ക് പട്ടയം കൊടുക്കുന്നതിലേയ്ക്കായി ഇനി എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കുമോ ;

(ബി) കോന്നിയിൽ 'ഗ്രോ മോർ ഫുഡ്' പദ്ധതി പ്രകാരം കൈമാറിയ ഭൂമിക്ക് പട്ടയം നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പത്തനംതിട്ട ജില്ലയിൽ ശേഷിക്കുന്ന പട്ടയങ്ങൾ എന്നത്തേയ്ക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം ഇനത്തിലുള്ള പട്ടയങ്ങളാണ് നൽകാനുള്ളതെന്ന് ഇനം തിരിച്ച് വിശദീകരിക്കുമോ?

### ഉത്തരം

(എ) വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു. ഇതുകൂടാതെ കോന്നി താലൂക്കിൽ വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ നിയമപ്രകാരം നൽകേണ്ട പട്ടയങ്ങൾ ചിറ്റാർ, സീതത്തോട്, തണ്ണിത്തോട് വില്ലേജുകളിലായി 5330-ൽപ്പരം പട്ടയങ്ങൾ വിതരണം ചെയ്യുവാൻ ഉണ്ട്.

(ബി) പട്ടയം നൽകിയിട്ടില്ല. ഫുഡ് പ്രൊഡക്ഷൻ പദ്ധതി പ്രകാരം കൈമാറിയ ഭൂമി ഡി-റിസർവ് ചെയ്യാത്ത വനഭൂമിയാണ്. ഡി-റിസർവ് ചെയ്യാത്ത വനഭൂമിയിൽ 1980-ലെ വനസംരക്ഷണ നിയമം ബാധകമാണ്. ടി ഭൂമി കൈമാറുന്നതിന് വനം വകുപ്പിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും അനുമതി ആവശ്യമാണ്. അനുമതി നാളിതുവരെ ലഭിച്ചിട്ടില്ല.

(സി) നിയമാനുസൃതം പട്ടയം നൽകാവുന്ന കേസുകളിൽ പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) 1964-ലെ ഭൂമി പതിവ് ചട്ടപ്രകാരമുള്ള പട്ടയം, 1993 പ്രകാരമുള്ള വനഭൂമി പട്ടയം, 2001-ലെ പട്ടികവർഗ്ഗക്കാർക്കുള്ള ഭൂമി പതിവ് പ്രകാരമുള്ള പട്ടയം, 1-1-1977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ നിയമം, മുനിസിപ്പൽ ഭൂമി പതിവ് നിയമ പ്രകാരമുള്ള പട്ടയം, ഭൂപരിഷ്കരണ നിയമപ്രകാരമുള്ള പട്ടയം എന്നിവയാണ് വിതരണം ചെയ്യാനുള്ളത്.

## മൂന്നാറിൽ കുത്തകപ്പാട്ടം നൽകിയ ഭൂമിക്ക് പട്ടയം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

286(1275) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ കെ.ഡി.എച്ച്. വില്ലേജിൽ ടാറ്റ കമ്പനിയും സർക്കാരും കുത്തകപ്പാട്ടം നൽകിയ ഭൂമിയിൽ അർഹരായവർക്കെല്ലാം പട്ടയം നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ടാറ്റ കമ്പനിയ്ക്ക് പാട്ടത്തിന് നൽകിയ ഭൂമിയിൽനിന്ന് കമ്പനി കുത്തകപ്പാട്ടം നൽകിയവർക്ക് സർക്കാർ പട്ടയം നൽകുന്നത് നിയമാനുസൃതമാണോ; ആണെങ്കിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

**മൂന്നാറിൽ കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് കർശന നടപടി**

287(1276) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ ഭൂമി കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിച്ച ദേവികുളം സബ് കളക്ടർ ശ്രീ. ശ്രീറാം വെങ്കിട്ടരാമനെ സ്ഥലം മാറ്റിയതിന് പുറമെ അദ്ദേഹത്തിന്റെ സഹപ്രവർത്തകരായ അഞ്ച് റവന്യൂ ഉദ്യോഗസ്ഥരെയും സ്ഥലം മാറ്റിയിട്ടുണ്ടോ;

(ബി) കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച ഉദ്യോഗസ്ഥരെ സ്ഥലംമാറ്റുന്നത് ഉചിതമാണോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 12-7-2017-ൽ 5 ജീവനക്കാരെ സ്ഥലംമാറ്റിയിട്ടുള്ളതും 14-7-2017-ൽ ടി ജീവനക്കാരെ സ്ഥലം മാറ്റിയ ഉത്തരവ് റദ്ദ് ചെയ്തിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത ജീവനക്കാരെ സ്ഥലം മാറ്റിയത് ഭരണപരമായ സൗകര്യം കണക്കിലെടുത്താണ്.

**പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം**

288(1277) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരുടെ ആകെ എണ്ണം എത്രയെന്ന് വിശദമാക്കാമോ;

(ബി) റവന്യൂ ഭൂമിയോട് ചേർന്ന് കിടക്കുന്ന പുറമ്പോക്ക് ഭൂമിയിൽ കുടിൽ

കെട്ടി താമസിക്കുന്നവർക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) വിതുര പഞ്ചായത്തിലെ ചെറ്റച്ചൽ പൊട്ടൻ ചിറയിൽ നവോദയ സ്കൂളിനോട് ചേർന്ന് കിടക്കുന്ന റവന്യൂ ഭൂമിയിൽ കഴിഞ്ഞ 15 വർഷമായി കുടിൽ കെട്ടി താമസിക്കുന്ന ആദിവാസികൾക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, മലപ്പുറം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിൽ കൃത്യമായ കണക്ക് ജില്ലാ കളക്ടർമാർ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. മറ്റുള്ള ജില്ലകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ആലപ്പുഴ | - | 1412 പേർ |
| തൃശ്ശൂർ | - | 2203 കുടുംബങ്ങൾ |
| പാലക്കാട് | - | 263 പേർ |
| വയനാട് | - | 361 കുടുംബങ്ങൾ |
| കണ്ണൂർ | - | 25 കുടുംബങ്ങൾ |
| കോഴിക്കോട് | - | 432 കുടുംബങ്ങൾ |
| കാസർഗോഡ് | - | 1036 കേസുകൾ |

(ബി) പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് ലാൻഡ് അസൈൻമെന്റ് നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി പട്ടയം നൽകിവരുന്നു.

(സി) നെടുമങ്ങാട് താലൂക്കിൽ തെന്നൂർ വില്ലേജിൽ ചെറ്റച്ചൽ ജേഴ്സി ഫാം ഉൾപ്പെട്ട ഭൂമി ടി വില്ലേജിൽ സർവ്വേ നമ്പർ 2811-ൽ ഉൾപ്പെട്ടുവരുന്നതും പ്രസ്തുത സ്ഥലം ബി.റ്റി.ആർ. പ്രകാരം സർക്കാർ തരിശ് എന്നും റിമാർക്സ് കോളത്തിൽ പച്ചമല റിസർവ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായും കാണുന്നു. ടി ഭൂമിയിൽ വനം വകുപ്പ് അക്കേഷ്യാ, മാഞ്ചിയം, ആഞ്ഞിലി, കാറ്റാടി, കശുമാവ് എന്നിവ കൃഷി ചെയ്തുവരുന്നതായും കാണുന്നു. പ്രസ്തുത ഭൂമിയിൽ വനം വകുപ്പ് അവകാശവാദം ഉന്നയിക്കുന്ന സാഹചര്യത്തിൽ ടി ഭൂമി ആദിവാസികൾക്ക് പതിച്ചുകൊടുക്കുന്ന കാര്യത്തിൽ വിശദമായ പരിശോധന ആവശ്യമുണ്ട്.

**കോഴിക്കോട് ചെമ്പനോട വില്ലേജിലെ കർഷക ആത്മഹത്യ**

289(1278) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂനികുതി താല്ക്കാലികമായി അടവാക്കുന്ന ഒരു സമ്പ്രദായം നിലവിലുണ്ടോ;

(ബി) കോഴിക്കോട് ജില്ലയിലെ ചെമ്പനോട വില്ലേജിൽ ആത്മഹത്യചെയ്ത കർഷകനിൽനിന്നും താല്ക്കാലികമായി നികുതി പിരിക്കാൻ അന്നത്തെ കൊയിലാണ്ടി തഹസീൽദാർ ഉത്തരവിട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ നടപടി നിയമപരമാണോ; അല്ലെങ്കിൽ ഇതിനെതിരെ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിശോധിച്ച് മറുപടി നൽകുന്നതാണ്.

(ബി) ഉണ്ട്.

(സി) പരിശോധിച്ച് മറുപടി നൽകുന്നതാണ്.

**വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി**

290(1279) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ (FRW) ഉൾപ്പെടുത്തി റോഡ് പുനരുദ്ധരിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള മാനദണ്ഡമനുസരിച്ച് റോഡുകൾക്ക് കോൺക്രീറ്റ് നടത്താമോ;

(സി) നിലവിലുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) റോഡ് പുനരുദ്ധരിക്കുന്നതിന് വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി എന്ന ഒരു പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നില്ല.

(ബി) ഇല്ല. സംസ്ഥാന ദുരന്ത പ്രതികരണ നിധി (State Disaster Response Fund) ഉപയോഗിച്ച് വെള്ളപ്പൊക്കത്തിൽ തകരുന്ന റോഡുകളുടെ താൽക്കാലിക പുനരുദ്ധാരണം മാത്രമാണ് അനുവദനീയം.

(സി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം നിർണ്ണയിക്കുന്നത് കേന്ദ്ര സർക്കാർ ആണ്. നിലവിലുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതായുള്ള യാതൊരു അറിയിപ്പും ലഭിച്ചിട്ടില്ല.

## ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിയിൽനിന്നും കശുമാവ് തോട്ടങ്ങളെ ഒഴിവാക്കുന്ന നടപടി

291(1280) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമം അനുശാസിക്കുന്ന പരമാവധി ഭൂപരിധിയിൽനിന്നും കശുമാവ് തോട്ടങ്ങളെ ഒഴിവാക്കിയിട്ടുണ്ടോ;എങ്കിൽ എന്നു മുതലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഒരു ഹെക്ടറിൽ എത്ര കശുമാവ് മരങ്ങൾ കൃഷി ചെയ്യുന്ന ഭൂമിയെയാണ് പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്;

(സി) നിലവിൽ കശുമാവ് കൃഷിയുള്ള തോട്ടങ്ങൾക്ക് മാത്രമാണോ ഇളവിന് അർഹത എന്ന് വെളിപ്പെടുത്താമോ;

(ഡി) പുതുതായി കശുമാവ് കൃഷി ആരംഭിക്കുന്ന തോട്ടങ്ങൾക്ക് ഇളവ് ബാധകമാണോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 2005-ലെ കേരള ഭൂപരിഷ്കരണ (2-ാം ഭേദഗതി) ആക്റ്റിന്റെ 81-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ (എഫ്) ഖണ്ഡമായി കശുമാവിൻ തോട്ടം ഉൾപ്പെടുത്തി അതുവഴി കശുമാവിൻ തോട്ടങ്ങളെ പ്രസ്തുത ആക്റ്റിന്റെ 82-ാം വകുപ്പ് പ്രകാരം ഒരാൾക്ക് കൈവശം വയ്ക്കാവുന്ന പരമാവധി ഭൂപരിധി കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മേൽ ഭേദഗതി നിയമം പ്രാബല്യത്തിൽവന്ന 19-6-2012-ൽ കശുമാവിൻ തോട്ടങ്ങളായി നിലനിൽക്കുന്ന വസ്തുക്കളെയാണ് സീലിംഗ് പരിധിയിൽ നിന്നും ഒഴിവാക്കുന്നത്.

(ബി) ഒരു ഹെക്ടറിൽ 150-ൽ കുറയാത്ത കശുമാവ് മരങ്ങൾ പ്രധാനമായും കൃഷി ചെയ്യുന്ന ഭൂമിയെയാണ് സീലിംഗ് പരിധിയിൽനിന്നും ഒഴിവാക്കുന്നത്.

(സി&ഡി) 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 81-ാം വകുപ്പിലെ 1-ാം ഉപവകുപ്പ് (എഫ്) പ്രാബല്യത്തിൽവന്ന 19-6-2012-ൽ കശുമാവിൻ തോട്ടങ്ങളായി നിലനിൽക്കുന്ന വസ്തുക്കളെയാണ് ഭൂപരിധി കണക്കാക്കുന്നതിൽനിന്നും ഒഴിവാക്കുന്നത്. പുതുതായി കശുമാവ് കൃഷി ആരംഭിക്കുന്ന തോട്ടങ്ങൾക്ക് ഇളവ് ബാധകമല്ല.

## പാട്ടക്കാലാവധി കഴിഞ്ഞ വൻകിട തോട്ടങ്ങൾ

292(1281) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി കഴിഞ്ഞ വൻകിട തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കണമെന്ന് സ്പെഷ്യൽ ഓഫീസറായിരുന്ന ശ്രീ. രാജമാണിക്യം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഈ റിപ്പോർട്ട് സംബന്ധിച്ച് നിയമവകുപ്പിന്റെ ഉപദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെന്താണ് എന്ന് വെളിപ്പെടുത്താമോ;

(സി) വൻകിട തോട്ടങ്ങൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് കോടതി ഉത്തരവ് ഉണ്ടോ ; നിയമവകുപ്പിന്റെ ഉപദേശം കോടതി ഉത്തരവിന് വിരുദ്ധമാണോ;

(ഡി) പീരുമേട്ടിലെ ആർ.ബി.ടി. എസ്റ്റേറ്റ് ഏറ്റെടുക്കാൻ റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

### ഉത്തരം

(എ) പാട്ടക്കാലാവധി കഴിഞ്ഞ വൻകിട തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കണമെന്ന് സ്പെഷ്യൽ ഓഫീസറായിരുന്ന ശ്രീ. രാജമാണിക്യം റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. സ്വാതന്ത്ര്യാനന്തരം നിലവിൽവന്ന കേരള സർക്കാർ നൽകിയിട്ടുള്ള പാട്ട ഭൂമികളിലല്ല സ്പെഷ്യൽ ഓഫീസർ നടപടികൾ സ്വീകരിച്ചുവരുന്നത്. എന്നാൽ 30-12-2015-ലെ സർക്കാർ ഉത്തരവ് പ്രകാരം, സംസ്ഥാനത്ത് സ്വാതന്ത്ര്യത്തിന് മുമ്പ് ഇംഗ്ലീഷ് കമ്പനികൾ കൈവശം വച്ചിരുന്നതും, സ്വാതന്ത്ര്യാനന്തരം ഉപേക്ഷിച്ചു പോയതുമായ ഭൂമികൾ, നിലവിലെ കൈവശക്കാർക്ക് കേരള സർക്കാരോ കേന്ദ്ര സർക്കാരോ നിയമപ്രകാരം കൈമാറിയിട്ടില്ലെങ്കിൽ അത്തരം ഭൂമികൾ കണ്ടെത്തി, കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിന് വേണ്ടിയാണ് സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചിട്ടുള്ളത്. സംസ്ഥാനത്ത് തോട്ടം മേഖലയിൽ സ്വാതന്ത്ര്യത്തിന് മുമ്പ് ബ്രിട്ടീഷ് പൗരന്മാരും, കമ്പനികളും കൈവശം വച്ചിരുന്ന ഇത്തരം സർക്കാർ ഭൂമി കേരള ഭൂസംരക്ഷണനിയമ പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടരുന്നതോടൊപ്പം, ടി സർക്കാർ ഭൂമി നിയമനിർമ്മാണത്തിലൂടെ ഏറ്റെടുക്കുന്നതിനാവശ്യമായ വസ്തുതകൾ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഓഫീസർ & കളക്ടർ 4-6-2016-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നത്. ടി റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) ഇല്ല.

(സി) ഹാരിസൺസ് മലയാളം ലിമിറ്റഡ് അവരിൽ നിന്നും ഭൂമി ലഭിച്ചവരും മറ്റുള്ളവരും കൈവശം വയ്ക്കുന്ന 38170.92 ഏക്കർ ഭൂമി കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ നാല് ജില്ലകളിൽ നിന്നും ഏറ്റെടുക്കുന്നതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന റിട്ട് ഹർജികളിൽ ഹൈക്കോടതി 25-11-2015-ൽ റഫറൻസ് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) പീരുമേട്ടിലെ ആർ.ബി.ടി.-യുടെ എസ്റ്റേറ്റ് ഏറ്റെടുത്തുകൊണ്ട് ജി.എൽ.ആർ. (എൽ.ആർ)-89/2016 തീയതി 28-6-2017 നമ്പർ നടപടിക്രമം പ്രകാരം സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ടി ഉത്തരവിനെതിരെ ടി കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും W.P(C)24975/2017, 25066/17 എന്നീ നമ്പരുകളിലായി ഇടക്കാല സ്റ്റേ ഉത്തരവ് നേടിയിട്ടുണ്ട്.

## മതപരിവർത്തനം നടത്തിയ വ്യക്തികൾക്ക് സർട്ടിഫിക്കറ്റ്

293(1282) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതപരിവർത്തനം നടത്തിയ വ്യക്തികൾക്ക് അവരുടെ പുതിയ വിശ്വാസവും മാറിയ നാമവും ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിന് മറ്റ് രേഖകൾക്ക് പുറമേ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് വേണമെന്ന് നിർബന്ധിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ വില്ലേജാഫീസർക്ക് നൽകിയിരിക്കുന്ന പ്രത്യേക അധികാരം അവസാനിപ്പിച്ച് പരിവർത്തകനെ അറിയുന്ന ഒന്നോ അതിലധികമോ ഗസറ്റ് ഓഫീസർമാർക്ക് ടി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം നൽകുമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ?

ഉത്തരം

(എ) കേരള ഗസറ്റ് ഭാഗം IV-ൽ പരസ്യങ്ങൾ നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളിൽ പ്രതിപാദിക്കുന്ന ഖണ്ഡിക 9-ന് വിധേയമായി പ്രത്യേക ആവശ്യത്തിന് വേണ്ടിയുള്ള സർട്ടിഫിക്കറ്റ് എന്ന നിലയിൽ നിലവിലുള്ള പരിവർത്തനത്തിന് മുമ്പുള്ള മതം/ജാതി എന്നിവ തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം നൽകണമെന്ന് 30-11-2015-ലെ 5116/റ്റി2/2015/ആർ.ഡി. നമ്പർ സർക്കാർ കത്ത് മുഖാന്തരം നിർദ്ദേശം നിലനിൽക്കുന്നുണ്ട്.

(ബി&സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ഈരാറ്റിൻപുറം ടൂറിസ്റ്റ് പദ്ധതി

294(1283) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പെരുമ്പഴുതൂർ വില്ലേജിലെ ഈരാറ്റിൻപുറം ടൂറിസ്റ്റ് പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശത്തെ പുറംപോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് നെയ്യാറ്റിൻകര താലൂക്ക് ഓഫീസർക്ക് നെയ്യാർ ഇറിഗേഷൻ വിഭാഗം നൽകിയ കത്ത് അനുസരിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) ഈരാറ്റിൻപുറം പ്രദേശത്തെ പുറംപോക്കു ഭൂമി കണ്ടെത്തി അതിർത്തി തിരിക്കുന്നത് വൈകിപ്പിച്ചതിന്റെ പേരിൽ നടപടി സ്വീകരിക്കാൻ കഴിയുമോ ;

(സി) ഇതിന്റെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പെരുമ്പഴുതൂർ വില്ലേജിലെ ഈരാറ്റിൻപുറം ടൂറിസ്റ്റ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രദേശത്തെ പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിനായി നെയ്യാറ്റിൻകര താലൂക്ക് സർവ്വെയറെ ചുമതല പ്പെടുത്തിയിട്ടുണ്ട്.

(ബി) ഈരാറ്റിൻപുറം പ്രദേശത്തെ പുറമ്പോക്കു ഭൂമി കണ്ടെത്തി അതിർത്തി തിരിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. സർവ്വേയർമാരുടെ കുറവ് സർവ്വേ നടപടികൾ വൈകാൻ കാരണമാകുന്നുണ്ട്.

(സി) നെയ്യാറ്റിൻകര തഹസിൽദാർ (ഭൂരേഖ) ആണ് സർവ്വേ നടപടികൾക്ക് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ.

## നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഡാറ്റാബാങ്ക്

295(1284) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി താലൂക്കിലെ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടാമ്പി താലൂക്കിൽ പട്ടാമ്പി, ഓങ്ങല്ലൂർ, കലുക്കല്ലൂർ, ചിലിശ്ശേരി, ആനക്കര, പട്ടിത്തറ, കപ്പൂർ ഒഴികെയുള്ള പഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ഏഴ് പഞ്ചായത്തുകളിലും കരട് ഡാറ്റാ ബാങ്ക് KSREC (Kerala State Remote Sensing&Environment Centre)-ക്ക് പരിശോധനയ്ക്ക് സമർപ്പിച്ചിട്ടുള്ളതും അതിനു ശേഷം പ്രാദേശിക നിരീക്ഷണ സമിതി യോഗം ചേർന്ന് പഞ്ചായത്തുവഴി ഗസറ്റിൽ പ്രസിദ്ധീകരിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. കൃഷി വകുപ്പ് ശേഖരിച്ച് നൽകുന്ന ഡാറ്റയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലാണ് ഡാറ്റാ ബാങ്ക് വിജ്ഞാപനം ചെയ്ത് പ്രസിദ്ധപ്പെടുത്തുന്നത്. ആയതിനാൽ ഡാറ്റാ ബാങ്കിന്റെ പകർപ്പ് റവന്യൂ വകുപ്പിന്റെ പക്കൽ ലഭ്യമല്ല. ആയത് പഞ്ചായത്തുകളിലും കൃഷി ഭവനുകളിലും ലഭ്യമാണ്.

(ബി) 2008-ലെ വില്ലേജ് രേഖ പ്രകാരം നിലമായുള്ള സർവ്വേ നമ്പർ ശേഖരിച്ച് വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവർ സംയുക്തമായി സ്ഥലപരിശോധന നടത്തി കരട് തയ്യാറാക്കി പ്രധാന സ്ഥാപനങ്ങളിൽ കരട് പ്രസിദ്ധീകരിക്കുകയും പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുമാണ് ചെയ്തത്.

### കയ്യേറ്റക്കാരിൽ നിന്നും ഭൂമി തിരിച്ചുപിടിക്കാൻ നടപടി

296(1285) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തൊട്ടാകെ കയ്യേറ്റക്കാരിൽ നിന്നും എത്ര ഹെക്ടർ ഭൂമി തിരിച്ചുപിടിക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ; ഇതിൽ ഇടുക്കി ജില്ലയിലെ കണക്ക് പ്രത്യേകം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തൊട്ടാകെ കയ്യേറ്റക്കാരിൽനിന്നും 170.0344 ഹെക്ടർ ഭൂമി തിരിച്ചുപിടിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ 155.5155 ഹെക്ടർ ഭൂമി തിരിച്ചുപിടിച്ചിട്ടുണ്ട്.

### അർഹതപ്പെട്ടവർക്കെല്ലാം സമയബന്ധിതമായി പട്ടയം നൽകാൻ നടപടി

297(1286) <u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. കെ. വി. വിജയദാസ്</u> :
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹതപ്പെട്ടവർക്കെല്ലാം സമയബന്ധിതമായി പട്ടയം നൽകുമെന്ന വാഗ്ദാനം നിറവേറ്റാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) ഏതൊക്കെ ജില്ലകളിൽ പട്ടയവിതരണം നടന്നു; ഇടുക്കി ജില്ലയിൽ നൽകിയ പട്ടയം സോപാധികമാണോ; പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിന് നിയന്ത്രണം ഉണ്ടോ;

(സി) ഇടുക്കി ജില്ലയിൽ വ്യാപകമായുള്ള സങ്കീർണ്ണമായ ഭൂപ്രശ്നം പരിഹരിക്കാൻ സമഗ്ര നിയമനിർമ്മാണം നടത്തി പ്രത്യേക അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) മറ്റ് ജില്ലകളിൽ ലാന്റ് ട്രൈബ്യൂണലുകളുടെ മുമ്പാകെ ദീർഘകാലമായി തീരുമാനമാകാതെ കിടക്കുന്ന കേസുകൾ സമയബന്ധിതമായി പരിഗണിക്കുന്നതിന് നടപടിയുണ്ടാകുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വർഷങ്ങളായി കൈവശംവച്ച് വീടുവച്ച് താമസിച്ച് വരുന്നവർക്ക് പതിച്ചു കിട്ടുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അപേക്ഷ ഭൂമി വില്ലേജ് റിക്കാർഡുകളിൽ റോഡ്, തോട്, കായൽ, കുളം, പുഴ, കനാൽ എന്നീ ഇനങ്ങളിൽപ്പെട്ട പുറമ്പോക്ക് ഭൂമി അല്ലായെങ്കിൽ നിലവിലുള്ള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എല്ലാ ജില്ലകളിലും പട്ടയ നടപടികൾക്കായി സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പട്ടയ വിതരണത്തിന്മേൽ സത്വര നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അർഹതപ്പെട്ടവർക്ക് സമയബന്ധിതമായി പട്ടയം അനുവദിക്കുന്നതിന് അർഹതയ്ക്ക് അനുസൃതമായി നിശ്ചിത എണ്ണം ലക്ഷ്യം നൽകി തീർപ്പുകൽപ്പിച്ച് വരുന്നുണ്ട്.

(ബി) ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ പട്ടയ വിതരണം നടത്തിയിട്ടുണ്ട്. നിലവിലെ നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് പട്ടയം വിതരണം ചെയ്തിട്ടുള്ളത്. പട്ടയത്തിൽ റിസർവ് ചെയ്തിട്ടുള്ള മരങ്ങൾ സർക്കാരിൽ നിക്ഷിപ്തമാണ്. കൂടാതെ വനം വകുപ്പിന്റെ പ്രത്യേക അനുമതി ആവശ്യമുള്ള വിഭാഗങ്ങളിൽപ്പെട്ട മരങ്ങൾ മുറിച്ചുമാറ്റുന്നതിന് നിയന്ത്രണമുള്ളതാണ്. ഇടുക്കി ജില്ലയിൽ 21-5-2017-ന് പട്ടയമേള നടത്തിയിട്ടുണ്ടായിരുന്നു. വിതരണം ചെയ്ത പട്ടയങ്ങൾ സോപാധികമാണെന്ന് ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ദീർഘകാലമായി ലാൻഡ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കുവാൻ ലാൻഡ് ബോർഡ് മുഖേന ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ 17 ലാൻഡ് ട്രൈബ്യൂണലുകളാണ് ഉള്ളത്. ഏറ്റവും കൂടുതൽ അപേക്ഷകൾ

കെട്ടിക്കിടക്കുന്ന തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ 29 സ്പെഷ്യൽ തഹസീൽദാർമാർക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ അധിക ചുമതല നൽകിയിട്ടുണ്ട്. അങ്ങനെ 46 ട്രൈബ്യൂണലുകൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ ദേവസ്വം കേസുകൾക്കായി പതിനാല് ജില്ലകളിലും ഡെപ്യൂട്ടി കളക്ടർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കാണം കേസുകൾ പ്രത്യേകമായി സെറ്റിൽ ചെയ്യുന്നതിന് സെറ്റിൽമെന്റ് ഓഫീസറെയും നിയമിച്ചിട്ടുണ്ട്. ലാൻഡ് ട്രൈബ്യൂണലുകളിൽ തഹസീൽദാർമാരെ അടിക്കടി സ്ഥലം മാറ്റാതിരിക്കാൻ രണ്ട് വർഷത്തിൽ കൂടുതൽ സർവ്വീസ് ശേഷിക്കുന്നവരെ മാത്രമേ നിയമിക്കാവൂ എന്നും അവരെ രണ്ട് വർഷത്തേയ്ക്ക് സ്ഥലം മാറ്റരുതെന്നും കർശന നിർദ്ദേശവും ഉണ്ട്. ഓരോ ട്രൈബ്യൂണലും പ്രതിമാസം തീർപ്പാക്കേണ്ട കേസുകളുടെ ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കേസ് തീർപ്പാക്കൽ പുരോഗതി അവലോകനം ചെയ്യാൻ എല്ലാ മാസവും ട്രൈബ്യൂണലുകളുടെ മീറ്റിംഗുകൾ, വീഡിയോ കോൺഫറൻസുകൾ എന്നിവ ലാൻഡ് ബോർഡ് മുഖാന്തരം നടത്തി വരുന്നുണ്ട്. കേസ് തീർപ്പാക്കലിന്റെ പ്രതിദിന പുരോഗതി വിലയിരുത്താൻ ലാൻഡ് ബോർഡിൽ പ്രത്യേക വിഭാഗവും രൂപീകരിച്ചിട്ടുണ്ട്.

## റീസർവ്വേ നടപടികൾ

298(1287) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജനങ്ങൾക്ക് സൗജന്യമായി തങ്ങളുടെ വസ്തുവിന്റെ സ്കെച്ച് നൽകുന്നതിന് എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 885 വില്ലേജുകളുടെ റീസർവ്വേ നടപടികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

(ബി&സി) റീസർവ്വേ നടപടികളുടെ ഭാഗമായി സർവ്വേ അതിരടയാള നിയമത്തിലെ 9(2) വകുപ്പ് പ്രകാരം റിക്കാർഡുകൾ പ്രദർശിപ്പിക്കുന്നവേളയിൽ സൗജന്യമായി ഭൂവുടമയ്ക്ക് സ്കെച്ചുകൾ നൽകാൻ വ്യവസ്ഥയുണ്ട്. എന്നാൽ റിക്കാർഡുകൾ ഫൈനൽ ചെയ്തശേഷം പകർപ്പുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ഉടമസ്ഥരിൽ നിന്നും നിശ്ചിത ഫീസ് ഈടാക്കി സർവ്വേ ഓഫീസുകളിൽനിന്നും നേരിട്ടും, erekha.kerala.gov.in എന്ന വെബ് പോർട്ടൽ മുഖേന ഓൺലൈൻ ആയും സ്കെച്ചുകൾ നൽകിവരുന്നു. റീസർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് റീസർവ്വേ ആരംഭിക്കുന്ന വില്ലേജുകളുടെ വ്യക്തമായ കർമ്മ പദ്ധതി തയ്യാറാക്കി പൂർണ്ണ ജന പങ്കാളിത്തത്തോടെ ആധുനിക സർവ്വേ ഉപകരണങ്ങളുടെ സഹായത്താൽ കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റീ-സർവ്വെ പ്ലാനിൽ മാറ്റം വരുത്തണമെന്ന ആവശ്യം സംബന്ധിച്ച ഫയലിന്റെ തുടർനടപടി

299(1288) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ശ്രീമതി ബി. പ്രസന്നകുമാരി, എസ്.പി.ഭവൻ, കൊയ്ത്തൂർക്കോണം, വെള്ളൂർ, അണ്ടൂർക്കോണം, റീ സർവ്വേ പ്ലാനിൽ മാറ്റം വരുത്തണമെന്ന ആവശ്യം സംബന്ധിച്ച് 2014-ൽ തിരുവനന്തപുരം ജില്ലാ സർവ്വേ സൂപ്രണ്ട്വഴി നൽകിയ പരാതിയിൽ ജില്ലാകളക്ടർ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഫയൽ നമ്പർ J2/26513/2017-ൽ ജില്ലാ കളക്ടർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലായെങ്കിൽ മൂന്നര വർഷമായി ഈ ഫയലിൽ തീരുമാനമെടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പാവപ്പെട്ട ഒരു പട്ടികജാതി കുടുംബത്തിന്റെ പരാതിയിൽ ഉദ്യോഗസ്ഥ തലത്തിൽ ഉണ്ടായിരിക്കുന്ന വീഴ്ച പരിശോധിച്ച് ഇവർക്ക് നീതി ലഭ്യമാക്കുന്നതിന് ആവശ്യമായ തീരുമാനം കൈക്കൊള്ളുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഈ ഫയൽ ഇപ്പോൾ ആരുടെ കൈവശമാണെന്ന് വ്യക്തമാക്കുമോ; 2014 മുതൽ ഈ ഫയലിൽ തീരുമാനമെടുക്കുന്നതിനും നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനും ഏതൊക്കെ സീറ്റുകളിലാണ് കാലതാമസം നേരിട്ടതെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) ശ്രീമതി പ്രസന്നകുമാരിയുടെ റീസർവ്വേ അപാകത സംബന്ധിച്ച പരാതി 5-1-2015-ന് തിരുവനന്തപുരം താലൂക്ക് ഓഫീസിൽ നൽകുകയും താലൂക്കിലെ ബന്ധപ്പെട്ട ഓഫീസർ 27-7-2015-ന് സർവ്വെ നടപടികൾ ആരംഭിക്കുകയും തുടർന്ന് ആധാര വിസ്തീർണ്ണവും കൈവശ വിസ്തീർണ്ണവും വ്യത്യാസമായതിനാൽ വീണ്ടും സർവ്വേ നടപടികൾ നടത്തി 18-11-2016-ന് ഫയൽ സമർപ്പിക്കുകയും ചെയ്തു. സർവ്വേയർ മുഖാന്തരം സ്ഥലപരിശോധന നടത്തിയതിന്റെയും ബന്ധപ്പെട്ട റിക്കാർഡുകളുടെയും അടിസ്ഥാനത്തിൽ വിസ്തീർണ്ണം അംഗീകരിക്കാവുന്നതാണെന്ന് കാണിച്ച് ഹെഡ്സ് ഡ്രാഫ്റ്റ്മാൻ റെക്കോർഡ് തയ്യാറാക്കി നൽകിയതിനെത്തുടർന്ന് 10-4-2017-ന് ഫയൽ ജില്ലാ സർവ്വേ സൂപ്രണ്ട് ഓഫീസിൽ നൽകുകയുണ്ടായി. 3-8-2017-ന് ജില്ലാ സർവ്വേ സൂപ്രണ്ട്, വിസ്തീർണ്ണ വ്യത്യാസം (ഫോം 97) അംഗീകരിച്ച് ഫോം നം.14, കക്ഷികൾക്ക് അയയ്ക്കുന്നതിനായി താലൂക്കിലേക്ക് കൈമാറുകയും ചെയ്തു. ആയത് 4-8-2017-ന് ബന്ധപ്പെട്ട കക്ഷികൾക്ക് അയയ്ക്കുകയും ചെയ്തു. നിശ്ചിത

സമയപരിധിക്കുള്ളിൽ ആക്ഷേപമൊന്നും ലഭ്യമായില്ലെങ്കിൽ ടി വിവരം ഉറപ്പുവരുത്തി എഫ്.എം.ബി., എസ്.ഡി. സ്കെച്ച് എന്നിവ അംഗീകരിക്കുന്നതിന് തിരുവനന്തപുരം തഹസീൽദാർ ഫയൽ ജില്ലാ സർവ്വേ സൂപ്രണ്ടിന് കൈമാറുന്നതാണ്. 31 വില്ലേജുകൾ ഉൾപ്പെട്ട തിരുവനന്തപുരം താലൂക്കിൽ നിലവിൽ എല്ലാ സർവ്വെ ജോലികളും ചെയ്യുന്നതിന് 6 സർവ്വെയർമാർ മാത്രമാണുള്ളത്. ഇക്കാരണത്താൽ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്.

(സി) നിലവിൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ടി ഫയൽ നിലവിൽ തിരുവനന്തപുരം താലൂക്ക് തഹസീൽദാർ (എൽ.ആർ)-ന്റെ പക്കലാണുള്ളത്. ജില്ലാ കളക്ടർക്ക് നൽകിയ പരാതി 5-1-2015-ന് തിരുവനന്തപുരം താലൂക്ക് ബന്ധപ്പെട്ട ഓഫീസർക്ക് നൽകുകയും 27-7-2015-ൽ സർവ്വേ നടപടികൾ ആരംഭിക്കുകയും ചെയ്തു. 5-3-2016-ന് വീണ്ടും നടപടികൾ നടത്തുകയും ഓഫീസിൽ നൽകുകയും താലൂക്ക് ഓഫീസർ 27-7-2015-ന് സർവ്വേ നടപടികൾ ആരംഭിക്കുകയും ആധാര വിസ്തീർണ്ണവും കൈവശ വിസ്തീർണ്ണവും വ്യത്യാസമായതിനാൽ വീണ്ടും സർവ്വെ നടപടികൾ നടത്തി 18-11-2016-ന് ഫയൽ സമർപ്പിച്ചു. തുടർന്ന് 23-3-2017-ന് സമ്മതപത്രത്തിനായി കത്ത് നൽകുകയും 24-3-2017, 30-3-2017 എന്നീ തീയതികളിൽ ശ്രീമതി കുശലയും ശ്രീമതി പ്രസന്നകുമാരിയും സമ്മതപത്രം നൽകുകയും ചെയ്തു. തപാൽ സെക്ഷനിൽ 10-4-2017-ൽ ലഭിച്ച പ്രസ്തുത ഫയൽ 21-4-2017-ന് സർവ്വെ സൂപ്രണ്ടിന് നൽകിയിട്ടുണ്ട്. 3-8-2017-ന് ഫോറം നമ്പർ 97-ൽ വിസ്തീർണ്ണം അംഗീകരിച്ച് ഫോറം നമ്പർ 14 കക്ഷികൾക്ക് അയയ്ക്കുന്നതിനായി തിരുവനന്തപുരം താലൂക്കിലേയ്ക്ക് കൈമാറിയിട്ടുണ്ട്.

## റീ-സർവ്വേ നടപടികളുടെ പുരോഗതി

300(1289) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ ജില്ലകളിലാണ് റീ-സർവ്വേ നടപടികൾ പുതുതായി ആരംഭിച്ചത് എന്നറിയിക്കുമോ;

(ബി) റീ-സർവ്വേ പ്രവർത്തനങ്ങളിൽ എത്രമാത്രം പുരോഗതിയുണ്ടായെന്ന് വ്യക്തമാക്കുമോ;

(സി) റീ-സർവ്വേ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കാസർഗോഡ്, ഇടുക്കി ജില്ലകളിലാണ് റീസർവ്വേ നടപടികൾ പുതുതായി ആരംഭിച്ചത്.

(ബി) സംസ്ഥാനത്ത് ആകെ 885 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. കൂടാതെ 55 വില്ലേജുകളുടെ സർവ്വെ അതിരടയാള ആക്ട് പ്രകാരമുള്ള സെക്ഷൻ 9(2)-ഉം, 14 വില്ലേജുകളുടെ സെക്ഷൻ (13)-ഉം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്.

(സി) സംസ്ഥാനത്ത് നടന്നുവരുന്ന റീസർവ്വേ പ്രവർത്തനങ്ങൾ കൃത്യമായ കർമ്മ പദ്ധതിയോടെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. റീസർവ്വേ പ്രവർത്തനങ്ങൾ ശേഷിക്കുന്ന വില്ലേജുകളിലും ഇതേ രീതിയിൽ കർമ്മപദ്ധതി തയ്യാറാക്കി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

**ഓച്ചിറ ദേശീയപാത കയ്യേറ്റം**

301 (1290) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറയിലെ പഴയ ദേശീയപാതയിലേക്ക് സ്വകാര്യ വ്യക്തികൾ നടത്തിയിട്ടുള്ള കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത പാതയുടെ സർവ്വേ സ്കെച്ചിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ ഭാഗത്ത് കയ്യേറ്റം നടത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയവരെ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ഭാഗം റീസർവ്വേ ചെയ്ത് കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് പഴയ ദേശീയപാത പുനരുദ്ധരിക്കുന്നതിന് സഹായകമായ നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഓച്ചിറ പഴയ ദേശീയ പാതയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് പാതയുടെ അതിർത്തി നിർണ്ണയിക്കുന്നതിനായി ഓച്ചിറ പി.ഡബ്ല്യൂ.ഡി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പാതയുടെ സർവെ സ്കെച്ചിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ദേശീയ പാതയുടെ അതിർത്തികൾ നിർണ്ണയിച്ച് പി.ഡബ്ല്യൂ.ഡി. അധികൃതരുടെ സാന്നിദ്ധ്യത്തിൽ കല്ലുകൾ പുനഃസ്ഥാപിക്കുന്ന നടപടി പൂർത്തിയായിട്ടുണ്ട്.

(ഡി) നിലവിൽ റീസർവെ കഴിഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചുവരുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൊരട്ടി വൈഗൈ ത്രെഡ്സ് കമ്പനിയുടെ ഭൂമി

302 (1291) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പാട്ടത്തിന് നൽകിയ സ്ഥലത്ത് പ്രവർത്തിച്ചുവന്നിരുന്ന കൊരട്ടിയിലെ വൈഗൈ ത്രെഡ്സ് (ആദ്യം മധുരാകോട്സ്) കമ്പനി അടച്ചുപൂട്ടി, പ്രവർത്തനം അവസാനിപ്പിച്ച്,ലിക്വിഡേറ്ററുടെ നടപടികൾക്കു കീഴിലായിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത സ്ഥലം തിരിച്ചുപിടിക്കുന്നതിനും, കൊരട്ടി ഗ്രാമ പഞ്ചായത്തിന്റെയടക്കം മറ്റു വികസനാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത കമ്പനിയുടെ പേരിൽ പട്ടയം ലഭിച്ചതും ചാലക്കുടി പുഴയോട് ചേർന്ന്, മുരിങ്ങൂർ-വടക്കുമുറി വില്ലേജിൽ സർവ്വേ 72/1ൽപ്പെട്ട 64 സെന്റ് വരുന്നതും കമ്പനിയിലേക്കുള്ള മോട്ടോർ പമ്പുസെറ്റുകൾ സ്ഥാപിച്ചിരുന്നതുമായ സ്ഥലം ഏറ്റെടുക്കുന്നതിനും, കൊരട്ടി പഞ്ചായത്തിനായി ഒരു കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിനായി പ്രസ്തുത സ്ഥലവും സൗകര്യങ്ങളും ഉപയോഗപ്പെടുത്തുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) കൊരട്ടി വൈഗൈ ത്രഡ്സ് പ്രോസസേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡിന്റെ കൈവശത്തിലിരിക്കുന്ന 30.57 ഏക്കർ പാട്ടഭൂമി തിരിച്ചുപിടിച്ചിട്ടുള്ളതാണ്. പ്രസ്തുത സ്ഥലം കൊരട്ടി ഗ്രാമ പഞ്ചായത്തിന്റെ അടക്കം മറ്റ് വികസന ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ജില്ലാ കളക്ടറിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് തീരുമാനം എടുക്കുന്നതാണ്.

(ബി) മുരിങ്ങൂർ വടക്കുമുറി വില്ലേജ് സർവ്വെ 72/1-ൽ 64 സെന്റ് (0.2590 ഹെക്ടർ) ഭൂമി ജെ & പി കോട്ട്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് കൊരട്ടി, പേരിൽ ഉള്ളതാണ്. സ്പെഷ്യൽ ഒന്നാം നമ്പർ പട്ടയ പ്രകാരം കൊടുത്ത ടി ഭൂമി സർക്കാർ പുറമ്പോക്കായിരുന്നു. ടി ഭൂമിക്ക് നികുതി അടച്ചുവരുന്നില്ല. വൈഗൈ ത്രഡ്സിന് പ്രസ്തുത ഭൂമി കൈമാറ്റം ചെയ്തിട്ടുള്ളതായി വില്ലേജ് രേഖകൾ പ്രകാരം കാണുന്നില്ല.

## അങ്കമാലി-ശബരി റെയിൽ പാതയുടെ സർവ്വെ നടപടികൾ

303 (1292) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി-ശബരി റെയിൽ പാതയുടെ സർവ്വേ നടപടികൾ ആരംഭിക്കുന്നതിനായി റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ആവശ്യത്തിനായി പുതുതായി അനുവദിച്ച ഓഫീസുകളും അതിലെ തസ്തികകളും ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഓഫീസുകൾ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്നും സർവ്വേ നടപടികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയും എന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) അങ്കമാലി-ശബരി റെയിൽ പാതയുടെ പൊന്നുംവില നടപടികൾ ത്വരിതപ്പെടുത്തുന്നതിന് പുതിയതായി രണ്ട് സ്പെഷ്യൽ തഹസിൽദാർ ഓഫീസുകൾ 30-5-2017 തീയതിയിലെ സ.ഉ (സാധ.)2457/17/റവ നമ്പർ ഉത്തരവു പ്രകാരം തുടങ്ങിയിട്ടുണ്ട്. കൂടാതെ, പൊന്നും വിലയ്ക്ക് വസ്തു എടുക്കുന്നതിനായി 9-2-2007-ലെ സ.ഉ (എം.എസ്) 47/2007/റവപൊന്നുവിലയ്ക്ക് നമ്പർ ഉത്തരവ് പ്രകാരം കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ പാലായിൽ 20 ജീവനക്കാരെ ഉൾപ്പെടുത്തി എൽ.എ റയിൽവെ സ്പെഷ്യൽ തഹസിൽദാർ ഓഫീസും പ്രവർത്തിച്ചുവരുന്നു. കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽപ്പെട്ട രാമപുരം, കടനാട്, വെള്ളിലാപ്പള്ളി എന്നീ വില്ലേജുകളിലായി 22.1980 ഹെക്ടർ സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിന് അർത്ഥനാപത്രം ലഭിച്ചിട്ടുള്ളതും, സംയുക്ത സ്ഥലപരിശോധന നടത്തുന്നതിനായി റയിൽവെ അധികാരികളെ അറിയിച്ചിട്ടുണ്ട്.

(ബി) പുതിയ ഓഫീസുകളുടെ വിവരം

1. സ്പെഷ്യൽ തഹസിൽദാർ (എൽ.എ) റയിൽവെ യൂണിറ്റ് 1, പെരുമ്പാവൂർ
2. സ്പെഷ്യൽ തഹസിൽദാർ (എൽ.എ) റയിൽവെ യൂണിറ്റ് 2, മൂവാറ്റുപുഴ

ഓരോ ഓഫീസിനും അനുവദിച്ച തസ്തിക ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | സ്പെഷ്യൽ തഹസിൽദാർ | - | 1 |
| 2. | വാല്യൂവേഷൻ അസിസ്റ്റന്റ് | - | 1 |
| 3. | ഹെഡ് ക്ലാർക്ക് | - | 1 |
| 4. | റവന്യൂ ഇൻസ്പെക്ടർ | - | 3 |
| 5. | സീനിയർ ക്ലാർക്ക് | - | 1 |
| 6. | ക്ലാർക്ക് | - | 2 |

| | | | |
|---|---|---|---|
| 7. | ടൈപ്പിസ്റ്റ് | - | 1 |
| 8. | വില്ലേജ് അസിസ്റ്റന്റ് | - | 1 |
| 9. | ഡ്രാഫ്റ്റ്സ്മാൻ | - | 1 |
| 10. | സർവേയർ | - | 2 |
| 11. | ചെയിൻമാൻ | - | 4 |
| 12. | ഓഫീസ് അറ്റൻഡന്റ് | - | 1 |
| 13. | സ്വീപ്പർ | - | 1 |
| | ആകെ | - | 20 (ഒരു യൂണിറ്റ്) |

രണ്ട് കാര്യാലയങ്ങൾക്കും കൂടി 40 തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(സി) രണ്ട് റെയിൽവെ യൂണിറ്റുകളും 1-7-2017-ൽ നിലവിൽവന്നിട്ടുണ്ട്. പ്രസ്തുത യൂണിറ്റിലേയ്ക്ക് ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ ലാന്റ് റവന്യൂ കമ്മീഷണർ സ്വീകരിച്ചുവരുന്നു. സർവെ നടപടികൾ പൂർത്തിയാക്കുന്നതിന് ഏകദേശം 6 മാസവും പൊന്നുംവില നടപടികൾ പൂർത്തിയാക്കുന്നതിന് ഏകദേശം 3 വർഷവും പ്രതീക്ഷിക്കുന്നു.

**റീ- സർവ്വേ ജോലികൾ സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്ന നടപടി**

304 (1293) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീസർവ്വേ ജോലികൾ സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്വകാര്യ കമ്പനികൾക്ക് റീസർവ്വേ നടത്തുവാൻ കരാർ നൽകുമ്പോൾ ഇതുമായി ബന്ധപ്പെട്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) റവന്യൂ,-സർവ്വേ വകുപ്പുകളിൽനിന്നും വിരമിച്ച പരിചയസമ്പന്നരായ ഉദ്യോഗസ്ഥരെ റീസർവ്വേ ജോലികൾക്ക് ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ച് സർവ്വേ ജോലികൾ കാര്യക്ഷമമായി നടത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്തെ റീസർവ്വേ ജോലികൾ സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. സർവ്വേ ജോലികൾ കേന്ദ്രസർക്കാർ അംഗീകരിച്ച ഏജൻസികളെക്കൊണ്ട് നടപ്പിലാക്കുന്ന വിഷയത്തിൽ സർവേ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിഗണനയിലുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**റീ- സർവ്വേ നടപടികൾ പൂർത്തിയാകാത്ത സാഹചര്യം**

305 (1294) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1965-ൽ ആരംഭിച്ച റീസർവ്വെ നടപടികൾ 52 വർഷം പിന്നിട്ടിട്ടും പൂർത്തിയാകാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പകുതി വില്ലേജുകളിൽപോലും ഇനിയും റീസർവ്വെ നടപടികൾ പൂർത്തിയായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റീസർവ്വേ പൂർത്തിയായവയിൽതന്നെ ഇതുസംബന്ധിച്ച് ലഭിച്ച പരാതികളുടെ ബാഹുല്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) കാലഹരണപ്പെട്ട സംവിധാനങ്ങളാണ് നടപടികളുടെ പൂർത്തീകരണത്തിന് തടസ്സമെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അന്തിമ തീരുമാനത്തിനുള്ള അധികാരം സർക്കാറിൽ നിലനിർത്തി ആധുനിക ഉപകരണങ്ങളുടെ സൗകര്യത്തോടെ ഓരോ പ്രദേശത്തും സർവ്വേ നടത്തുന്നതിന് സ്വകാര്യ ഏജൻസികളെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 885 വില്ലേജുകളിൽ റീ-സർവ്വേ പൂർത്തിയായിട്ടുണ്ട്.

(സി) റീസർവ്വേ പൂർത്തിയാകുന്നമുറയ്ക്ക് സർവ്വേ അതിരടയാള ആക്ട് സെക്ഷൻ 9(2) പ്രസിദ്ധപ്പെടുത്തി റിക്കാർഡുകൾ ഭൂവുടമകൾക്ക് പരിശോധനയ്ക്കായി പ്രദർശിപ്പിക്കുകയും ആക്ഷേപമുള്ളപക്ഷം അവർ നൽകുന്ന എ.എൽ.സി. അപേക്ഷകൾ പരിശോധിച്ച് നിയമാനുസൃതമായി നടപടികൾ പൂർത്തിയാക്കി പരാതിരഹിത റിക്കാർഡുകളാണ്

അന്തിമമാക്കി റവന്യൂ ഭരണത്തിന് കൈമാറുന്നത്. റിക്കാർഡ് പ്രദർശന വേളയിൽ പരിശോധിക്കാത്ത റിക്കാർഡുകളിൽ ചില അപാകതകൾ ഉണ്ടാകാറുണ്ട്. എന്നാൽ എൽ.ആർ.എം സംവിധാനത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ എല്ലാം റീസർവ്വേ അപാകതകൾ അല്ല. പുതിയ സബ്ഡിവിഷൻ, പേര് മാറ്റം, പോയിന്റിംഗ് ഔട്ട് ബൗണ്ടറി, കോർട്ട് കേസ് എന്നിവയും ഇവയിൽ ഉൾപ്പെടുന്നുണ്ട്.

(ഡി) നിലവിൽ ആധുനിക സർവ്വേ ഉപകരണങ്ങളുടെ സഹായത്താലാണ് റീസർവ്വേ നടപടികൾ നടത്തിവരുന്നത്. ഇതിനായി WGS 84 എന്ന കോർഡിനേറ്റ് സിസ്റ്റവും, ആധുനിക സർവ്വേ ഉപകരണങ്ങളായ GPS, ETS എന്നിവയും ഉപയോഗിച്ച് കൃത്യതയോടെ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

## റീ- സർവ്വേ പൂർത്തീകരിക്കുന്നതിനായി നടപടികൾ

306 (1295) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവ്വേ പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(സി) മൂവാറ്റുപുഴ താലൂക്കിന്റെ റീസർവ്വേ നടപടികൾ ആരംഭിക്കുന്നതിനായി ഒരു സർവ്വെ ഓഫീസ് പുതുതായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 24-1-2017-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീ-സർവ്വേ പ്രവർത്തനങ്ങൾ പുനഃസ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലും പ്രൈമറി&സെക്കന്ററി ഗ്രൗണ്ട് പോയിന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാസർഗോഡ് ജില്ലയിൽ ഒന്നാം ഘട്ടത്തിൽ 10 വില്ലേജുകളുടെയും, ഇടുക്കി ജില്ലയിൽ 5 വില്ലേജുകളുടെയും റീ-സർവ്വേ ആധുനിക സർവ്വേ ഉപകരണങ്ങളായ ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ, ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം എന്നിവ ഉപയോഗിച്ച് വ്യക്തമായ ആക്ഷൻ പ്ലാനോടെ പൂർണ്ണ പൊതുജന പങ്കാളിത്തത്തോടെ കുറ്റമറ്റ രീതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ മറ്റു ജില്ലകളിൽ പുരോഗതിയിലുള്ള 39 വില്ലേജുകളുടെ റീ-സർവ്വേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) റീ-സർവ്വേയുടെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലും ജി.പി.എസ്. ഗ്രൗണ്ട് കൺട്രോളുകൾ സ്ഥാപിക്കുന്ന ജോലികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. കാസർഗോഡ് ജില്ലയിൽ റീ-സർവ്വേ പൂർത്തിയാക്കിയ 10 വില്ലേജുകളുടെയും റിക്കാർഡുകളിൽ സർവ്വെ അതിരടയാള ആക്ടിലെ സെക്ഷൻ 9(2) പ്രസിദ്ധപ്പെടുത്തി റിക്കാർഡ് പ്രദർശന വേളയിൽ ലഭിച്ച എ.എൽ.സി. (അപ്പീൽ ലാന്റ് കംപ്ലയിന്റുകൾ) അപേക്ഷകളിൽ മേൽ നടപടി സ്വീകരിച്ചുവരുന്നു. ഇടുക്കി ജില്ലയിൽ 5 വില്ലേജുകളുടേയും ജി.പി.എസ്. ഗ്രൗണ്ട് കൺട്രോൾ പോയിന്റുകൾ സ്ഥാപിക്കുകയും 3 വില്ലേജുകളിൽ ഫീൽഡ് വർക്കുകൾ പുരോഗതിയിലുമാണ്. മറ്റ് ജില്ലകളിൽ പുരോഗതിയിലുള്ള 39 വില്ലേജുകളിൽ 15 വില്ലേജുകളിലെ റീസർവ്വേ അന്തിമ ഘട്ടത്തിലാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**സംസ്ഥാനത്ത് പട്ടയവിതരണം**

307 (1296) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മാസം മുതൽ 2017 ജൂലായ് വരെയുള്ള കാലയളവിൽ എത്രപേർക്ക് സർക്കാർ തീരുമാനപ്രകാരം പട്ടയം വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ പട്ടയം വിതരണം ചെയ്തതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2016 ജൂൺ മാസം മുതൽ 2017 ജൂലൈ വരെയുള്ള കാലയളവിൽ ആകെ 22923 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി)

| | |
|---|---|
| തിരുവനന്തപുരം | 76 (തിരുവനന്തപുരം ജില്ലയിൽ 2 പട്ടയങ്ങൾ യഥാക്രമം 19-8-2016- ലെ സ.ഉ.(കൈ) നമ്പർ 466/16/റവ പ്രകാരവും 10-4-2017-ലെ സ.ഉ.(കൈ) നമ്പർ 115/17/റവ.നമ്പർ ഉത്തരവ് പ്രകാരവും വിതരണം ചെയ്തിട്ടുണ്ട്. |
| കൊല്ലം | 95 |
| പത്തനംതിട്ട | 39 |
| കോട്ടയം | 182 |
| ആലപ്പുഴ | 52 |

| | |
|---|---|
| ഇടുക്കി | 5521 |
| എറണാകുളം | 1103 |
| തൃശ്ശൂർ | 2925 |
| മലപ്പുറം | 3744 |
| പാലക്കാട് | 2901 |
| കോഴിക്കോട് | 2424 |
| കണ്ണൂർ | 526 |
| കാസർഗോഡ് | 2982 |
| വയനാട് | 353 |

**നെടുമങ്ങാട് താലൂക്കിലെ റീസർവ്വേ നടപടികൾ**

308 (1297) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ റീ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) നെടുമങ്ങാട് താലൂക്കിലെ കരിപ്പൂർ വില്ലേജിൽ റീ സർവ്വേയുടെ ഭാഗമായി അവകാശ പോക്കുവരവ് ചെയ്യുന്നതിലേയ്ക്കുള്ള എത്ര അപേക്ഷകൾ കെട്ടിക്കിടപ്പുണ്ട്;

(സി) ഈ അപേക്ഷകൾ വർഷങ്ങളായി തീർപ്പാക്കാതിരിക്കുന്നതുമൂലം നികുതിയടച്ചുകൊണ്ടിരുന്നവർക്ക് ഇപ്പോൾ നികുതിയടയ്ക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി) കെട്ടിക്കിടക്കുന്ന അപേക്ഷകൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നെടുമങ്ങാട് താലൂക്കിൽ ആകെയുള്ള 25 വില്ലേജുകളിൽ 17 വില്ലേജുകളിൽ റീസർവ്വേ പൂർത്തിയായി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. 2 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി സർവ്വേ അതിരടയാള ആക്ട് സെക്ഷൻ (13) പ്രസിദ്ധപ്പെടുത്തി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ശേഷിക്കുന്ന 6 വില്ലേജുകളുടെ റീസർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ജോലികൾ പുരോഗതിയിലാണ്.

(ബി) റീസർവ്വേയുടെ ഭാഗമായി അവകാശ പോക്കുവരവ് ചെയ്യുന്നതിലേയ്ക്കുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നില്ല. എന്നാൽ റീസർവ്വേ സംബന്ധിച്ച് 1215 പരാതികൾ തീർപ്പ് കൽപ്പിക്കുവാൻ ബാക്കിയുണ്ട്.

(സി) ഉണ്ട്. 2013-ലാണ് കരിപ്പൂർ വില്ലേജിൽ റീ-സർവ്വേ നിലവിൽ വന്നത്. റീസർവ്വേയ്ക്കുശേഷം കരമടയ്ക്കാൻ സാധിക്കാത്തവരുടെ പരാതി തീർപ്പാക്കിവരുന്നു.

(ഡി) പരാതികളുടെ തീർപ്പാക്കൽ സംബന്ധിച്ച് അവലോകനം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യുന്നുണ്ട്. കൂടുതൽ സർവ്വേയർമാരുടെ സേവനം പ്രയോജനപ്പെടുത്തി അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കമ്പ്യൂട്ടർ ഡ്രാഫ്റ്റ്സ്മാൻ കോഴ്സ്

309 (1298) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേയും ഭൂരേഖയും വകുപ്പ്, കമ്പ്യൂട്ടർ ഡ്രാഫ്റ്റ്സ്മാൻ കോഴ്സ് നിലവിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത കോഴ്സിൽ ചേരുന്നതിനായി നിലവിൽ എത്ര അപേക്ഷകൾ വകുപ്പിൽ ലഭ്യമായിട്ടുണ്ടെന്നും അവയിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) നിലവിൽ കോഴ്സ് ആരംഭിക്കാത്തതിന്റെ കാരണവും എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) സർവ്വേയും ഭൂരേഖയും വകുപ്പ്, കമ്പ്യൂട്ടർ ഡ്രാഫ്റ്റ്സ്മാൻ കോഴ്സ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 23 അപേക്ഷകൾ കമ്പ്യൂട്ടർ ഡ്രാഫ്റ്റ്സ്മാൻ കോഴ്സിൽ ചേരുന്നതിന് ലഭിച്ചിട്ടുണ്ട്. സർവ്വേ വകുപ്പിനുകീഴിലുള്ള MGRTCS (Modern Government Research and Training Centre for Survey) എന്ന സ്ഥാപനത്തിലാണ് എല്ലാ പരിശീലനവും നടത്തുന്നത്. വനം - വന്യജീവി വകുപ്പിലെ BFO/SFO ജീവനക്കാർക്കായി നടത്തുന്ന സർവ്വേ ട്രെയിനിംഗ്, പ്രൈവറ്റ് വിദ്യാർത്ഥികൾക്കായി നടത്തുന്ന മോഡേൺ സർവ്വേ കോഴ്സ് എന്നിവ നിലവിൽ നടന്നുവരുന്നതിനാൽ ക്ലാസ് സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാലാണ് കമ്പ്യൂട്ടർ ഡ്രാഫ്റ്റ്സ്മാൻ കോഴ്സ് നടത്താൻ കാലതാമസം നേരിട്ടിട്ടുള്ളത്. ടി പരിശീലന പരിപാടികൾ പൂർത്തിയാകുന്നമുറയ്ക്ക് കമ്പ്യൂട്ടർ ഡ്രാഫ്റ്റ്സ്മാൻ കോഴ്സ് ആരംഭിക്കുന്നതാണ്.

## സർവ്വേയർമാരുടെ നിയമനം

310 (1299) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ ഭൂരേഖ വകുപ്പിൽ ആവശ്യത്തിന് സർവേയർമാർ ഇല്ലാത്തതിനാൽ റീ സർവ്വേ സംബന്ധിച്ചും വസ്തു തർക്കങ്ങൾക്കും പരിഹാരം കാണുന്നതിൽ കാലതാമസം വരുന്നുവെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സാഹചര്യം സാധാരണ ജനങ്ങളുടെ ജീവിതത്തെ ബാധിക്കുന്നുണ്ടെന്നത് ഗൗരവമായി കാണുമോ;

(ബി) സർവേയർ തസ്തികയിൽ നിയമനം നടത്തുന്നതിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ഈ തസ്തികയുടെ പരീക്ഷ നടന്നിട്ടുള്ളത്; റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് എന്താണ് കാരണം; നിലവിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; ഇത് എന്നാണ് റിപ്പോർട്ട് ചെയ്തത് എന്ന് വ്യക്തമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഒഴിവുകൾ ഈ തസ്തികയിൽ ഉണ്ടായിട്ടുണ്ട്; ഈ ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) സർവ്വേ ഭൂരേഖ വകുപ്പിൽ സർവേയർ തസ്തികയിൽ നിയമനം നടത്തുന്നതിന് അവസാനമായി പരീക്ഷ നടന്നിട്ടുള്ളത് എന്നാണ് ; അന്ന് എത്ര പേർക്ക് നിയമനം നൽകി;എത്ര പേരുടെ റാങ്ക് ലിസ്റ്റ് ആണ് പ്രസിദ്ധീകരിച്ചിരുന്നത്;

(ഡി) സർവ്വെ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് സർവേയർമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുമോ; ഇല്ലെങ്കിൽ മുൻ ഉത്തരവുകളിൽ വെട്ടിക്കുറച്ച് തസ്തികകൾ പുനഃസ്ഥാപിക്കുമോ;

(ഇ) സർവ്വേ സംബന്ധിച്ച ജോലികൾ സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; ഇത് സംബന്ധിച്ച പത്ര-ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വകാര്യ ഏജൻസികൾ മുഖേന ചെയ്യുന്ന ജോലികളിലെ സ്വീകാര്യതയെ കുറിച്ച് ഗൗരവമായി ആലോചിച്ചിട്ടുണ്ടോ; ഇങ്ങനെ തയ്യാറാക്കുന്ന രേഖകളിലെ അപാകതകളുടെ ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കുമോ; വിശദാംശം നൽകാമോ; ഇത്തരത്തിലുള്ള മുൻ സംരംഭങ്ങൾ വിജയകരമായിരുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) സർവ്വേ ജോലികൾ സ്വകാര്യ ഏജൻസികളെ ഏൽപ്പിച്ചാൽ സർവേയർ യോഗ്യതയുള്ള തൊഴിൽരഹിതരായവർക്ക് സർക്കാർ ജോലി സാധ്യത നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുമെന്ന കാര്യം ഗൗരവമായി കാണുമോ; എങ്കിൽ സർവ്വേ ജോലികൾ സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കുന്നത് പുനഃപരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ ജീവനക്കാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തി പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു. 14-1-2016-ൽ രണ്ടാംതരം സർവ്വേയർമാരുടെ 68 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2017 മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ ഉണ്ടായ 7 സർവ്വെയർ തസ്തികകളിലേയ്ക്ക് വകുപ്പിലെ രണ്ടാംതരം സർവ്വെയർമാർക്ക് സ്ഥാനക്കയറ്റം നൽകുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ&എഫ്) സർവ്വേ സംബന്ധിച്ച ജോലികൾ സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നതിന് തീരുമാനം എടുത്തിട്ടില്ല. ഇത് സംബന്ധിച്ച പത്ര-ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർവ്വേ ജോലികൾ കേന്ദ്രസർക്കാർ അംഗീകരിച്ച ഏജൻസികളെക്കൊണ്ട് നടപ്പിലാക്കുന്നതും അതുമൂലമുണ്ടായേയ്ക്കാമെന്ന് ആക്ഷേപമുള്ള വിഷയങ്ങൾ വിശകലനം ചെയ്തശേഷം മാത്രമേ ഈ വിഷയത്തിൽ തീരുമാനം എടുക്കുകയുള്ളൂ.

**സർവ്വേയർമാരുടെയും ഡ്രാഫ്റ്റ്സ്മാൻമാരുടേയും യോഗ്യതാ മാനദണ്ഡങ്ങൾ**

311 (1300) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ വകുപ്പിലെ സർവ്വേയർമാരുടേയും ഡ്രാഫ്റ്റ്സ്മാൻമാരുടേയും യോഗ്യതാ മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) ഇവരുടെ യോഗ്യതകൾ തുല്യമാണെങ്കിൽ രണ്ട് വിഭാഗങ്ങളേയും ഫീൽഡ് സർവ്വേയ്ക്ക് നിയോഗിക്കുന്നതിൽ തടസ്സമുണ്ടോ;

(സി) അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് സർവ്വേ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഫീൽഡ് സ്റ്റാഫ്, ഓഫീസ് സ്റ്റാഫ് എന്ന വേർതിരിവ് വകുപ്പിന്റെ കാര്യക്ഷമതയെ ബാധിക്കുന്നുണ്ടോ; ഇതൊഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) സർവ്വേയും ഭൂരേഖയും വകുപ്പിൽ ആധുനികവത്കരണം നടപ്പിലാക്കിയ സാഹചര്യത്തിൽ പരമ്പരാഗതമായി നിലനിന്നിരുന്ന ജോലികളിൽ മാറ്റംവരികയും കുറവു വരികയും ചെയ്ത സാഹചര്യത്തിൽ സർവ്വെയർ, ഡ്രാഫ്റ്റ്സ്മാൻ എന്നീ തസ്തികകളിൽ പ്രത്യേകം പ്രത്യേകം നിയമനം നടത്തേണ്ട ആവശ്യം വരുന്നില്ല. സർവ്വേ വകുപ്പിൽ ഫീൽഡ് സ്റ്റാഫ്, ഓഫീസ് സ്റ്റാഫ് എന്ന വേർതിരിവ് നിലവിൽ വകുപ്പിന്റെ കാര്യക്ഷമതയെ ബാധിക്കുന്നില്ല. സർവ്വെയർ ഡ്രാഫ്റ്റ്സ്മാൻ ഇന്റഗ്രേഷൻ സർക്കാരിന്റെ പരിഗണനയിലാണ്.

**ഭവനനിർമ്മാണ വായ്പകൾ**

312 (1301) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് ബോർഡിൽനിന്നും വിതരണംചെയ്ത ഭവന നിർമ്മാണ വായ്പകളിൽ ദീർഘകാലമായി തിരിച്ചടവ് മുടങ്ങിക്കിടക്കുന്നവ എഴുതിത്തള്ളാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(ബി) കടാശ്വാസത്തിലൂടെ അടച്ചുതീർത്ത ഭവനവായ്പകളിൽ പലതിനും ഈടായി നൽകിയ വസ്തുവിന്റെ പ്രമാണം തിരിച്ചുനൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ആയത് തിരിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽനിന്നും വിതരണംചെയ്ത ഭവന നിർമ്മാണ വായ്പകളിൽ കുടിശ്ശിക വരുത്തിയ ദുർബല വരുമാന വിഭാഗക്കാരായ മുഴുവൻ പേരുടേയും വായ്പാ ബാധ്യത 20-5-2009-ലെ സ.ഉ (എം.എസ്) നമ്പർ 21/ 2009/ഭവനം പ്രകാരം എഴുതിത്തള്ളി ഉത്തരവായിരുന്നു. അതുപോലെ തന്നെ മൈത്രീ ഭവന പദ്ധതിയിലെ കുടിശ്ശികക്കാരായി അവശേഷിക്കുന്ന വായ്പാക്കാരുടെയും വായ്പാ ബാധ്യത എഴുതിത്തള്ളി ഉത്തരാവായിട്ടുണ്ട്. കൂടാതെ വായ്പാ കുടിശ്ശികക്കാരെ സഹായിക്കുന്നതിന്റെ ഭാഗമായി ബോർഡിൽ 7-2-2004 മുതൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വന്നിരുന്നു. ടി പദ്ധതി പ്രകാരം താഴ്ന്ന, ഇടത്തരം ഉയർന്ന വരുമാന വിഭാഗക്കാരായ മുഴുവൻ ഗുണഭോക്താക്കളുടെയും പിഴപ്പലിശയിൽ പൂർണ്ണമായും ഇളവ് അനുവദിക്കുകയുണ്ടായി. ഇടത്തരം/ഉയർന്ന വരുമാന വിഭാഗക്കാരായ കുടിശ്ശികക്കാരുടെ മുടക്കപ്പലിശയിൽ യഥാക്രമം 70%-ഉം 50%-ഉം ഇളവ് അനുവദിച്ചിരുന്നു. ഒ.റ്റി.എസ്. പദ്ധതിയുൽടെ കാലാവധി 30-6-2017-ൽ അവസാനിച്ചതിനെ തുടർന്ന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആയത് ദീർഘിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ അവശേഷിക്കുന്ന കുടിശ്ശികക്കാരിൽ ഭൂരിഭാഗംപേരും തങ്ങൾക്ക് തിരിച്ചടവ് ശേഷി ഇല്ല എന്നും, സാമ്പത്തികമായി അവശത അനുഭവിക്കുന്നവരും രോഗഗ്രസ്ഥരാണെന്നും കാണിച്ച് നിരന്തരം നൽകുന്ന അപേക്ഷകൾ പരിഗണിച്ച് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഉതകുന്ന വിധത്തിലുള്ള ഒരു പാക്കേജ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. കടാശ്വാസ പദ്ധതി പ്രകാരമുള്ള ഇളവുകൾ ലഭിക്കാൻ ബോർഡിലെ വായ്പാ ഗുണഭോക്താക്കൾക്ക് അവസരമുണ്ടായിരുന്നു. മുതലും മുതലോളം പലിശയും അടക്കം 200% എങ്കിലും തിരിച്ചടവ് നടത്തിയ വായ്പാക്കാരുടെ കടബാധ്യത പൂർണ്ണമായും എഴുതിത്തള്ളാൻ ഉത്തരവായിരുന്നു. കൂടാതെ മുതലും പലിശയുമായി 150% തിരിച്ചടവ് നടത്തിയവർക്ക് അവർ 200% തിരിച്ചടവ് നടത്താൻ 24 മാസത്തവണയും അനുവദിക്കുകയുണ്ടായി. 200% തിരിച്ചടവ് നടത്തിയ 18 പേർക്ക് മാത്രമേ ടി പദ്ധതിയുടെ പ്രയോജനം ലഭിക്കുകയുണ്ടായുള്ളൂ. 49 പേർക്ക് 150% തിരിച്ചടവ് നടത്താൻ അനുമതി നൽകിയിട്ടുണ്ട്. 200% കടാശ്വാസം അനുവദിച്ചതിൽ ആകെയുള്ള 18 പേരിൽ 16 പേർക്കും പ്രമാണം മടക്കിനൽകിയിട്ടുണ്ട്. 150% ഒടുക്കിയവരിൽ 21 പേർ തിരിച്ചടവ് പൂർത്തിയാക്കി പ്രമാണം കൈപ്പറ്റിയിട്ടുണ്ട്. ബാക്കിയുള്ളവർ തിരിച്ചടവ് നടത്തിവരുന്നു. അത് പൂർത്തിയാകുന്നമുറയ്ക്ക് വസ്തുവിന്റെ പ്രമാണം മടക്കി നൽകുന്നതാണ്.

**മൂന്നാർ, ദേവികുളം എന്നിവിടങ്ങളിൽ ഭവന പദ്ധതിക്കായി സ്ഥലം**

313 (1303) ശ്രീ.അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൻദേവൻ ഭൂമി ഏറ്റെടുത്തതിന്റെ തുടർച്ചയായി നിയോഗിക്കപ്പെട്ട വിദഗ്ദ്ധ സമിതി റിപ്പോർട്ട് പ്രകാരം മൂന്നാർ, ദേവികുളം എന്നിവിടങ്ങളിൽ ഭവന പദ്ധതി നടപ്പാക്കാൻ ഭവന നിർമ്മാണ ബോർഡിന് എത്ര ഭൂമി നീക്കി വച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് ഏതൊക്കെ സർവേ നമ്പരുകളിലാണ്;

(സി) ഈ ഭൂമി ഇപ്പോൾ ആരുടെ കൈവശമാണ് എന്ന് വെളിപ്പെടുത്തുമോ;

(ഡി) മൂന്നാർ മേഖലയിൽ ഭവന നിർമ്മാണ ബോർഡ് ഭവന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ണൻദേവൻ ഭൂമി ഏറ്റെടുത്തതിന്റെ തുടർച്ചയായി നിയോഗിക്കപ്പെട്ട വിദഗ്ദ്ധ സമിതി റിപ്പോർട്ട് പ്രകാരം ഭവന പദ്ധതി നടപ്പാക്കാൻ ഭവനനിർമ്മാണ ബോർഡിന് ദേവികുളം താലൂക്കിന്റെ പരിധിയിൽ ഭൂമി നീക്കിവച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

## പ്രേതവലകൾ

314 (1304) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിന്റെ അടിത്തട്ടിലെ ആവാസയിടങ്ങൾ, പ്രേതവലകളാൽ നശിപ്പിക്കപ്പെടുന്നതായുള്ള പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തൻമൂലം മത്സ്യസമ്പത്തിൽ ക്രമാനുഗതമായ കുറവുണ്ടാകും എന്നത് കണക്കിലെടുത്ത് ആയത് നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രേതവലകളുടെ തുടർന്നുള്ള നിക്ഷേപം തടയുന്നതിനായി മത്സ്യബന്ധന മേഖലയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. കടലിൽ ഉപേക്ഷിക്കപ്പെട്ടിട്ടുള്ള മത്സ്യബന്ധന വലകളിൽപ്പെട്ട് (ghost fishing) മത്സ്യങ്ങളും മറ്റ് ജല ജന്തുക്കളും പക്ഷികളും ചത്തുപോകുന്നതായും ഇതുമൂലം മത്സ്യസമ്പത്തിന് നാശം സംഭവിക്കുന്നതായും റിപ്പോർട്ടുകൾ ഉണ്ട്.

(ബി) പ്രേതവലകളാലുള്ള മത്സ്യസമ്പത്തിന്റെ നാശം സംബന്ധിച്ച് മത്സ്യതൊഴിലാളികൾക്ക് ബോധവൽക്കരണ പരിപാടികളിൽ ഉൾപ്പെടുത്തി നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. കടൽ മലിനീകരണം തടയുന്നതിനും കടലിൽ വലകൾ ഉപേക്ഷിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനും, മത്സ്യബന്ധനത്തിനോടൊപ്പം ലഭിക്കുന്ന വലകൾ നീക്കംചെയ്യുന്നതിനുമുള്ള നിർദ്ദേശങ്ങളും നൽകിവരുന്നു.

(സി) ഉണ്ട്. ജില്ലകളിൽ മത്സ്യത്തൊഴിലാളികൾക്കായി നടത്തപ്പെട്ടിട്ടുള്ള ബോധവൽക്കരണ പരിപാടികളിൽ ഈ വിഷയം ഗൗരവമായി ചർച്ച ചെയ്യാറുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുമായി ചേർന്ന് തുടർന്നും ഇത്തരം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

## കടൽക്ഷോഭംമൂലം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് നടപടി

315 (1305) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ താലൂക്കിലെ വണ്ടാനം മുതൽ പുറക്കാട് വരെ തീരദേശ മേഖലയിലുള്ള ജനങ്ങൾ കടൽക്ഷോഭംമൂലം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശത്തെ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾ ദുരിതാശ്വാസ ക്യാമ്പുകളിലും റെയിൽവേ പുറമ്പോക്കിലും താമസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ദുരിതാശ്വാസ ക്യാമ്പുകളിലും പുറമ്പോക്കിലും താമസിക്കുന്ന ഈ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കടൽക്ഷോഭംമൂലം വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് നൽകുന്ന പദ്ധതിയിലുൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ പുനരധിവാസ ക്യാമ്പുകളിൽ കഴിയുന്ന 68 മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകാൻ 10 ലക്ഷം രൂപവീതം അനുവദിച്ചിട്ടുണ്ട്. നിരന്തരം കടൽക്ഷോഭത്തിനിരയാകുന്ന കടൽത്തീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയിലുൾപ്പെടുത്തി 10 ലക്ഷം രൂപവീതം നൽകി 120 ഗുണഭോക്താക്കൾക്ക് ഭൂമിയും വീടും നൽകുന്നതാണ്.

**ന്യൂ മാഹി ഗ്രാമപഞ്ചായത്തിൽ മത്സ്യമാർക്കറ്റ്**

316 (1306) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ന്യൂ മാഹി ഹാർബർ പരിസരത്ത് പുതിയ മത്സ്യമാർക്കറ്റ് പണിയുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായോ; ഇല്ലെങ്കിൽ അതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഇല്ല. ന്യൂ മാഹി ഹാർബർ പരിസരത്ത് സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒരേക്കർ സ്ഥലത്ത് 32 ഫിഷ് സ്റ്റാളുകൾ ഉൾപ്പെടുന്ന മത്സ്യമാർക്കറ്റ് നിർമ്മാണത്തിനായി 178.38 ലക്ഷം രൂപയുടെ പദ്ധതി KIIFB വഴി ഫണ്ട് ലഭ്യമാക്കി നടപ്പാക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം പരിശോധിച്ചുവരുന്നു.

**കേരള അക്വാ വേഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ**

317 (1307) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അലങ്കാര മത്സ്യങ്ങളുടെ ഉൽപ്പാദന,വിപണന മേഖലകളിൽ ഇടപെടുന്നതിന് വേണ്ടി രൂപീകൃതമായ കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡിന്റെ നിലവിലുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (KAVIL) പുനരുദ്ധരിക്കുന്നതിലേയ്ക്കായി കേരളത്തിലെ വിവിധ ജില്ലകളിലെ മത്സ്യകർഷക വികസന ഏജൻസിയുമായി സഹകരിച്ച് അലങ്കാര മത്സ്യകൃഷി വിപുലീകരിക്കുന്നതിനും ഉത്പാദിപ്പിക്കുന്ന അലങ്കാര മത്സ്യങ്ങൾ കാവിൽ മുഖേന വിപണനം നടത്തുന്നതിനുമാണ് ലക്ഷ്യമിടുന്നത്. 2017-18 supplementary demand for grant-വഴി 2 കോടി രൂപ കാവിൽ-ന്റെ പ്രവർത്തന ങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.

**ദേശീയ സമുദ്ര മത്സ്യബന്ധന നയം**

318 (1308) <u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമുദ്ര മത്സ്യബന്ധന നയം സംസ്ഥാനത്തെ പരമ്പരാഗത മത്സ്യമേഖലയ്ക്ക് കനത്ത ആഘാതം ഏല്പിക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ നയത്തിലെ ഏതൊക്കെ വ്യവസ്ഥകളാണ് സംസ്ഥാനത്തിന് ദോഷകരമാണെന്ന് കണ്ടെത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) കേന്ദ്രസർക്കാർ ഈ നയത്തിന്റെ നക്കൽ പ്രസിദ്ധീകരിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം തേടിയിരുന്നോ; എങ്കിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തണമെന്നാണ് സംസ്ഥാന സർക്കാർ കേന്ദ്രത്തെ അറിയിച്ചത് ; അതിന്മേലുള്ള കേന്ദ്ര പ്രതികരണം എന്തായിരുന്നു ;

(ഡി) പരമ്പരാഗത മത്സ്യമേഖലയ്ക്ക് ദോഷകരമായ നിബന്ധനകൾ നീക്കുവാൻ കേന്ദ്രവുമായി ഇതിനകം ചർച്ചകൾ നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി കൈക്കൊള്ളുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) 28-4-2017-ലെ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ദേശീയ സമുദ്ര മത്സ്യബന്ധന നയത്തിൽ മത്സ്യബന്ധന മേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്ന നിരവധി കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. എൽ.ഒ.പി. നിർത്തലാക്കുമെന്ന്

പുതിയ നയത്തിൽ പ്രഖ്യാപിച്ചിട്ടുങ്കിലും പി.പി.പി. മോഡലിൽ സമുദ്ര മത്സ്യബന്ധന മേഖലയിൽ സ്വകാര്യ മൂലധന നിക്ഷേപം പ്രോത്സാഹിപ്പിക്കുമെന്നും, അന്താരാഷ്ട്ര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള മത്സ്യബന്ധന യാനങ്ങൾ പ്രോത്സാഹിപ്പിക്കുമെന്നുള്ള നയത്തിലെ പ്രഖ്യാപനം മൾട്ടിനാഷണൽ കമ്പനികൾക്ക് മത്സ്യമേഖല തുറന്നുകൊടുക്കുന്നതിന് തുല്യമായിരിക്കും എന്ന് മത്സ്യത്തൊഴിലാളി മേഖലയിൽ ആശങ്കയുണ്ട്. സമുദ്ര മത്സ്യബന്ധന മേഖലയിൽ സ്വകാര്യ മൂലധന നിക്ഷേപവും വിദേശ സാങ്കേതികവിദ്യയും വൻതോതിൽ കടന്നുവന്നത് മത്സ്യസമ്പത്ത് കുറയുന്നതിന് കാരണമാകുകയും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗ്ഗത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യും എന്ന ആശങ്കയും നിലനിൽക്കുന്നു.

മത്സ്യ മേഖലയ്ക്ക് ഗുണകരമായി ഭവിക്കുമായിരുന്നതും, സംസ്ഥാന സർക്കാർ ചൂണ്ടിക്കാണിച്ചതുമായ പല കാര്യങ്ങളും കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടില്ല. സംസ്ഥാനങ്ങളുടെ തീരക്കടൽ അധികാരപരിധി നിലവിലെ 12 നോട്ടിക്കൽ മൈൽ എന്നത് 36 നോട്ടിക്കൽ മൈൽ എന്ന് പുനർക്രമീകരിക്കണമെന്നതും, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കത്തക്കവിധം നയരൂപീകരണം വേണമെന്നതും, മത്സ്യമേഖലയ്ക്ക് മാത്രമായി കേന്ദ്രസർക്കാരിനുകീഴിൽ ഒരു മന്ത്രാലയം വേണമെന്നുമുള്ള ദീർഘകാലമായി ഉന്നയിക്കുന്ന ആവശ്യങ്ങൾപോലും പുതിയ ദേശീയ മത്സ്യനയത്തിൽ ഉൾപ്പെട്ടിട്ടില്ല.

ചെറുമത്സ്യങ്ങളെ പിടിച്ച് (ജുവനൈൽ ഫിഷിംഗ്) വളത്തിനായും മറ്റും വിൽപ്പന നടത്തുന്നത് കേരള സംസ്ഥാനത്ത് MLS (Minimum Legal Size) നിശ്ചയിച്ച് നിയന്ത്രിച്ചുവരുന്നു. എന്നാൽ എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാകുംവിധം ദേശീയ തലത്തിൽ തീരുമാനമുണ്ടായാലേ ഇത്തരം അശാസ്ത്രീയ മത്സ്യബന്ധനം പൂർണ്ണമായി നിയന്ത്രിക്കാൻ കഴിയുകയുള്ളൂ. അക്കാര്യവും പുതിയ വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടില്ല. കരട് പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽവിവരിച്ച മുഴുവൻ വസ്തുതകളും ഉൾപ്പെടുത്തി നിവേദനം നൽകിയിരുന്നു. എന്നാൽ അതൊന്നും പരിഗണിക്കപ്പെട്ടിട്ടില്ല.

(ഡി) മത്സ്യബന്ധന മേഖലയുടെയും, മത്സ്യത്തൊഴിലാളികളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഇതിനകം കേന്ദ്രസർക്കാരിന് നിവേദനങ്ങൾ നൽകിയിട്ടുണ്ട്.

**വക്കം, കിളിമാനൂർ മത്സ്യ ചന്തകൾ**

319 (1309) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ വക്കം, കിളിമാനൂർ മത്സ്യ ചന്തകൾ നവീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ&ബി) ആറ്റിങ്ങൽ മണ്ഡലത്തിലെ വക്കം മത്സ്യചന്തയുടെ നവീകരണത്തിന് നിലവിൽ പദ്ധതിയില്ല. എന്നാൽ വക്കത്തിനടുത്തുള്ള നിലയ്ക്കാമുക്ക് ഫിഷ് മാർക്കറ്റ് 136.98 ലക്ഷം രൂപ അടങ്കലിൽ KIIFB പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു. ആറ്റിങ്ങൽ മണ്ഡലത്തിലുൾപ്പെട്ട പഴയ കുന്നമ്മേൽ ഗ്രാമപഞ്ചായത്തിലെ കിളിമാനൂർ മത്സ്യമാർക്കറ്റ് നിർമ്മാണത്തിനായി 2011-ൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന 50.00 ലക്ഷം രൂപയുടെ ഒരു പദ്ധതിയും 2012-ൽ ദേശീയ മത്സ്യവികസന ബോർഡിന്റെ ധനസഹായം ലഭിക്കുന്നതിനായി 137.55 ലക്ഷം രൂപയുടെ വിശദമായ ഡി.പി.ആർ.-ഉം സമർപ്പിച്ചിരുന്നു. ടി മാർക്കറ്റ് റീറ്റെയിൽ മാർക്കറ്റ് ശൃംഖലയിൽ ഉൾപ്പെടുത്തുന്നതിനായി പദ്ധതി അടങ്കൽ തുക 100 ലക്ഷത്തിനകത്താക്കി പുതുക്കി സമർപ്പിക്കുവാൻ ദേശീയ മത്സ്യവികസന ബോർഡ് 21-6-2012-ൽ ആവശ്യപ്പെട്ടതനുസരിച്ച് പുതുക്കിയ റിപ്പോർട്ട് 85.41 ലക്ഷം രൂപ അടങ്കൽ തുകയിൽ 18-3-2013-ൽ ദേശീയ മത്സ്യവികസന ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല.

**കേന്ദ്ര മത്സ്യ നയം**

320 (1310) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പുതുതായി പ്രഖ്യാപിച്ച മത്സ്യ നയത്തിലൂടെ സ്വകാര്യ കപ്പലുകൾക്ക് 12 നോട്ടിക്കൽ മൈൽ അകലെവരെ മത്സ്യബന്ധനത്തിന് അനുമതി നൽകുന്ന സാഹചര്യത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനായി സംസ്ഥാന സർക്കാരിന് എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കാമോ:

(ബി) മത്സ്യ നയത്തിൽ മാറ്റം വരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; പ്രതികരണം എന്തായിരുന്നു എന്ന് അറിയിക്കുമോ;

(സി) സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കാനെന്ന പേരിൽ വിദേശ സാങ്കേതിക വിദ്യയുടെ സഹായം തേടുമെന്നും പി.പി.പി. മോഡൽ പ്രോത്സാഹിപ്പിക്കുമെന്നുമുള്ള കേന്ദ്ര നയം മത്സ്യബന്ധന രംഗത്തെ കുത്തകവൽക്കരണത്തിന് കാരണമാകുന്നതിനാൽ പ്രസ്തുത നയങ്ങൾ തിരുത്തിക്കാൻ വേണ്ട ഇടപെടൽ നടത്താൻ സാധിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനങ്ങളുടെ തീരക്കടൽ അധികാര പരിധി നിലവിലെ 12 നോട്ടിക്കൽ മൈൽ എന്നത് 36 നോട്ടിക്കൽ മൈൽ എന്നാക്കി പുനർക്രമീകരിച്ച് പുതിയ ദേശീയ മത്സ്യനയത്തിൽ ഉൾപ്പെടുത്തണമെന്നുള്ളത് ദീർഘകാലമായി ഉന്നയിക്കുന്ന ആവശ്യമാണ്. ഈ ആവശ്യം പരിഗണിക്കപ്പെട്ടില്ല. ഈ സാഹചര്യത്തിൽ നയം പുനഃപരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിന് മത്സ്യത്തൊഴിലാളി സംഘങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള നടപടികൾ അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ കൂടുതൽ ശക്തമായ ഇടപെടൽ നടത്തുന്നതാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനായി സീറാഞ്ചിംഗ്, കൂടുകൃഷി പദ്ധതികൾ വിപുലീകരിക്കുന്നതാണ്. സീറാഞ്ചിംഗ് പദ്ധതി പ്രകാരം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ ഹാച്ചറികളിൽ ഉൽപ്പാദിപ്പിച്ച് കായലുകളിലും അഴിമുഖങ്ങളിലും നിക്ഷേപിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിലൂടെ മത്സ്യസമ്പത്ത് വർദ്ധിക്കുവാൻ സാധിക്കും. കൂടാതെ കൂടുകൃഷി പദ്ധതി ഉപയോഗപ്പെടുത്തി കടലിൽ കൂടുകൾ ഇറക്കി അതിൽ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് പിടിച്ചെടുക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നതാണ്. കൃത്രിമപ്പാര് നിക്ഷേപിച്ചുകൊണ്ട് മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനം തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ നടപ്പാക്കിവരുന്നു.

(ബി) 28-4-2017-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ദേശീയ സമുദ്ര മത്സ്യബന്ധന നയത്തിൽ ഗുണത്തെക്കാളേറെ മത്സ്യബന്ധന മേഖലയിൽ ദൂര വ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്ന നിരവധി കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. മത്സ്യമേഖലയ്ക്ക് ഗുണകരമായി ഭവിക്കുമായിരുന്ന നിരവധി നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിലും കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടില്ല. സംസ്ഥാനങ്ങളുടെ തീരക്കടൽ അധികാരപരിധി നിലവിലെ 12 നോട്ടിക്കൽ മൈൽ എന്നത് 36 നോട്ടിക്കൽ മൈൽ എന്ന് പുനർക്രമീകരിക്കണമെന്നുള്ളതും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ ആഴക്കടൽ മത്സ്യ ബന്ധനത്തിന് പ്രാപ്തരാക്കത്തക്ക വിധം നയരൂപീകരണം വേണമെന്നും മത്സ്യമേഖലയ്ക്ക് മാത്രമായി കേന്ദ്രസർക്കാരിന്റെ കീഴിൽ ഒരു മന്ത്രാലയം വേണമെന്നുമുള്ള ദീർഘകാലമായി ഉന്നയിക്കുന്ന ആവശ്യങ്ങൾ പോലും പുതിയ ദേശീയ മത്സ്യ നയത്തിൽ ഉൾപ്പെട്ടിട്ടില്ല. ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിക്കുന്നത് സംബന്ധിച്ച് ദേശീയ തലത്തിൽ തീരുമാനമുണ്ടാ കണമെന്നും, മത്സ്യബന്ധന യാനങ്ങൾക്ക് മിനിമം സ്റ്റാൻഡേർഡ്സ് നിശ്ചയിക്ക ണമെന്നുള്ളതും പുതിയ വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടില്ല. മേൽകാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനും ആഴക്കടൽ മത്സ്യബന്ധനം മത്സ്യത്തൊഴിലാളി സംഘങ്ങൾക്ക് സാമ്പത്തികമായ സാങ്കേതിക സഹായം നൽകി പ്രാപ്തരാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽനിന്നും പ്രതികരണം ഇതുവരെ ലഭിച്ചിട്ടില്ല.

(സി) ആവശ്യമായ ഇടപെടൽ നടത്താൻ ശ്രമിക്കുന്നതാണ്.

## അലങ്കാര മത്സ്യകൃഷിയും വിൽപ്പനയും പ്രദർശനവും വിലക്കിക്കൊണ്ട് വിജ്ഞാപനം

321 (1311) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലങ്കാര മത്സ്യകൃഷിയും വിൽപ്പനയും പ്രദർശനവും വിലക്കിക്കൊണ്ട് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എത്രതരം അലങ്കാര മത്സ്യങ്ങളുടെ പ്രദർശനവും വിൽപ്പനയുമാണ് കേന്ദ്രസർക്കാർ വിലക്കിയിട്ടുള്ളത്;

(സി) ഇതുമൂലം ഈ മേഖലകളിൽ ജോലിചെയ്യുന്ന ആയിരക്കണക്കിന് ആളുകൾക്ക് ഉണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ചില അലങ്കാര മത്സ്യങ്ങളുടെ വിൽപ്പനയും പ്രദർശനവും വിലക്കിക്കൊണ്ട് കേന്ദ്ര സർക്കാരിന്റെ കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ മന്ത്രാലയം 2017 മേയ് 23-ന് Prevention of Cruelty to Animals (Aquarium & Fish tank Animals Shop) എന്ന ഗസറ്റഡ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റുള്ളവയുടെ കാര്യത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) 141 കടൽ അലങ്കാര മത്സ്യങ്ങളുടെ വിൽപ്പനയും പ്രദർശനവും പൂർണ്ണമായും വിലക്കിയിട്ടുണ്ട്. ഇതിനുപുറമെ സ്രാവ്, തിരണ്ടി വർഗ്ഗത്തിൽപ്പെട്ട കടൽ മത്സ്യങ്ങളെയും വിലക്കിയിട്ടുണ്ട്. കൂടാതെ നീരാളി, കണവ, കൂന്തൽ, നോട്ടിലസ്, കടൽ ചേന, ഇന്ത്യൻ കോൺ സ്നൈൽ, മാന്റിസ് കൊഞ്ചുകൾ, ജെല്ലി ഫിഷ് എന്നിവയെയും ടി വിജ്ഞാപനത്തിൽ വിലക്കിയിട്ടുണ്ട്. (കേന്ദ്ര സർക്കാർ വിലക്കിയിട്ടുള്ള അലങ്കാര മത്സ്യങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു).*

(സി) അലങ്കാര മത്സ്യവിപണനവും നിയന്ത്രണവും ഏർപ്പെടുത്തിയ കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനം ഈ മേഖലയെ ആശ്രയിക്കുന്ന ലക്ഷക്കണക്കിന് ആളുകളെ തൊഴിൽരഹിതരാക്കുന്ന സാഹചര്യത്തിൽ ടി വിജ്ഞാപനം പുനഃപരിശോധന നടത്തുന്നതിനുവേണ്ടി കേരള സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഫിഷറീസ് സർവ്വകലാശാലയുടെ ഉത്തര മേഖലാ ഉപകേന്ദ്രം

322 (1312) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച ഫിഷറീസ് സർവ്വകലാശാലയുടെ ഉത്തരമേഖലാ ഉപകേന്ദ്രം പയ്യന്നൂരിൽ ആരംഭിക്കുന്നത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സെന്റർ തുടങ്ങുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് വകയിരുത്തിയിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) കണ്ണൂരിൽ അക്വാകൾച്ചർ ട്രെയിനിംഗ് ആന്റ് എക്സ്റ്റെൻഷൻ സെന്റർ ആരംഭിക്കുന്നതിനായി 2017-18 ബജറ്റിൽ ഒരു കോടി രൂപ അനുവദിക്കുകയും ടി തുക 2415-05-277-99 എന്ന് ഹെഡ് ഓഫ് അക്കൗണ്ടിൽ വകയിരുത്തിക്കൊണ്ട് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഭരണാനുമതി ലഭ്യമായതിനെത്തുടർന്ന് സർവ്വകലാശാല നിയമിച്ച ഒരു വിദഗ്ദ്ധ സമിതി പയ്യന്നൂരും പരിസര പ്രദേശങ്ങളും സന്ദർശിക്കുകയും ഗവേണിംഗ് കൗൺസിലിന് വിശദമായി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് പരിഗണനയിലാണ്.

## കായംകുളം അസംബ്ലി മണ്ഡലത്തിൽ ഫിഷറീസ് വകുപ്പുവഴി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

323 (1313) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ ഫിഷറീസ് വകുപ്പുവഴി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ മാസങ്ങൾ കഴിഞ്ഞിട്ടും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2013 മുതൽ നാളിതുവരെ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ എത്രയുംവേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2010-11 വർഷം ഫിഷറീസ് വകുപ്പിന്റെ സമഗ്ര തീരദേശ കുടിവെള്ള പദ്ധതി പ്രകാരം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ആലപ്പുഴ ജില്ലയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ കണ്ടല്ലൂർ കുടിവെള്ള പദ്ധതിയും, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പാക്കുന്ന പുല്ലുകുളങ്ങര, കൂട്ടുംവാതുക്കൽ റോഡ് പ്രവൃത്തിയും, റ്റി.എം. ചിറ ആയിരംതെങ്ങ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണ പ്രവർത്തനങ്ങളും ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ ഫിഷറീസ് വകുപ്പിന്റെ മത്സ്യ തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിലുൾപ്പെടുത്തി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന, കായംകുളം നിയോജക മണ്ഡലത്തിൽ 198.00 ലക്ഷം രൂപയുടെ കണ്ടല്ലൂർ പബ്ലിക് ഹെൽത്ത് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അംഗീകാരം നൽകി പദ്ധതി ടെണ്ടർ ചെയ്തുകഴിഞ്ഞു. കായംകുളം നിയോജക മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേന നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**സമ്പാദ്യ സമാശ്വാസ പദ്ധതി**

324 (1314) <u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. വി. ജോയി</u> :
<u>ശ്രീ. കെ.ജെ. മാക്സി</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനായി സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ നിലവിൽ എത്ര രൂപയാണ് പ്രസ്തുത പദ്ധതി പ്രകാരം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കൂടുതൽ കടലോര മത്സ്യത്തൊഴിലാളികൾക്കും ഉൾനാടൻ മത്സ്യ തൊഴിലാളികൾക്കും പ്രയോജനം ലഭിക്കുംവിധം പ്രസ്തുത പദ്ധതി വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ) ഉണ്ട്.

(ബി) സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം തീരദേശ മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളായ മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ 1500 രൂപവീതം മൊത്തം 4,500 രൂപ നൽകുന്നുണ്ട്. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഇതേ നിരക്കിൽ ആനുകൂല്യം നൽകുന്നുണ്ട്.

(സി) സമ്പാദ്യ സമാശ്വാസ പദ്ധതിയനുസരിച്ച് മത്സ്യബന്ധനം മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള സജീവ മത്സ്യത്തൊഴിലാളികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ളവരും 18-നും 60-നും മദ്ധ്യേ പ്രായമുള്ളവരും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുമായ എല്ലാ മത്സ്യത്തൊഴിലാളികളും ആനുകൂല്യത്തിന് അർഹരാണ്. മത്സ്യ വിപണനത്തിലും അനുബന്ധത്തൊഴിലിലും ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി വനിതകളും ആനുകൂല്യത്തിന് അർഹരാണ്. മത്സ്യ വിപണനത്തിലും അനുബന്ധത്തൊഴിലിലും ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി വനിതകളും ആനുകൂല്യത്തിന് അർഹരാണ്.

## ഉൾനാടൻ മത്സ്യകൃഷി

325 (1315) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് ഈ സർക്കാർ, നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ നിബന്ധനകൾ എന്തെല്ലാമാണ് ; എന്തെല്ലാം ആനുകൂല്യങ്ങളാണ് പദ്ധതിവഴി കൃഷിക്കാർക്ക് നൽകുവാൻ കഴിയുന്നത് ;

(സി) പദ്ധതി തുടങ്ങുന്നതിന് ഒരു കർഷകൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത് ; ഏത് ഉദ്യോഗസ്ഥനെയാണ് ഇതുമായി ബന്ധപ്പെട്ട നടപടികൾക്കായി സമീപിക്കേണ്ടത് ; വിശദവിവരം നൽകുമോ ?

## ഉത്തരം

(എ) ഉൾനാടൻ മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധം (എ) ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉൾനാടൻ മത്സ്യകൃഷി പദ്ധതി നടപ്പിലാക്കുന്നതിന്റെ നിബന്ധനകളുടെയും ആനുകൂല്യങ്ങളുടെയും വിശദാംശം അനുബന്ധം (ബി) ആയി ചേർക്കുന്നു.*

(സി) ഇതുസംബന്ധിച്ച വിവരങ്ങൾക്കായി അതത് ജില്ലാ ഫിഷറീസ് ഓഫീസർമാരെയാണ് സമീപിക്കേണ്ടത്. അഡാക്ക് വഴി നടപ്പിലാക്കുന്ന കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മൽസ്യ-നെൽകൃഷി പദ്ധതിക്കായി ബന്ധപ്പെട്ട റീജിയണൽ എക്സിക്യൂട്ടീവ്, അഡാക്ക്, (ആലപ്പുഴ/എറണാകുളം), ഫാം മാനേജർ, ഗവൺമെന്റ് ഫിഷ് ഫാം, എരഞ്ഞോളി എന്നിവരെ സമീപിക്കേണ്ടതാണ്.

**മത്സ്യവിത്ത് ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത**

326 (1316) ശ്രീ. എസ്. ശർമ്മ :

ശ്രീ. കെ. ആൻസലൻ :

ശ്രീ. കെ. കുഞ്ഞിരാമൻ :

ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യവിത്ത് ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഇതിന്റെ ഭാഗമായി നിലവിലുള്ള ഹാച്ചറികൾ നവീകരിക്കുന്നതിനും പുതിയ ഹാച്ചറികൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) തീരക്കടലിലെ മത്സ്യ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മത്സ്യവിത്ത് ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം വിവിധ മത്സ്യവിത്ത് ഉൽപ്പാദന കേന്ദ്രങ്ങളുടെ ഉൽപ്പാദനശേഷി 362 ലക്ഷം മത്സ്യക്കുഞ്ഞുങ്ങൾ ആയിരുന്നു. എന്നാൽ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മത്സ്യവിത്ത് ഫാമുകൾ പുനരുദ്ധരിച്ചുകൊണ്ട് നടപ്പ് സാമ്പത്തിക വർഷം 514 ലക്ഷം മത്സ്യ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കാർപ്പ് മത്സ്യവിത്ത് ഉൽപ്പാദന വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് ആലപ്പുഴ ജില്ലയിലെ എടത്വാ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മത്സ്യഫാമിൽ മത്സ്യങ്ങളുടെ ബ്രൂഡ് ബാങ്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മത്സ്യങ്ങളുടെ കൂടുകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കടൽ മത്സ്യങ്ങളായ പൊമ്പാനോ (വളവോടിവറ്റ), മോത, നരിമീൻ എന്നിവയുടെ വിത്ത് റീയറിംഗ് ഫാം, തൃശ്ശൂർ ജില്ലയിലെ അഴീക്കോട് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു മത്സ്യ ഉൽപ്പാദന കേന്ദ്രം വർക്കലയിലെ ഓടയത്ത് സ്ഥാപിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം 900 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കടൽ മത്സ്യ കുഞ്ഞുങ്ങളുടെ ഉൽപ്പാദനത്തിനായി ഒരു ഹാച്ചറി വിഴിഞ്ഞത്ത് സ്ഥാപിക്കുന്നതിന് 1350 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാറിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. മത്സ്യവിത്ത് ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി നിലവിലുള്ള ഹാച്ചറികൾ നവീകരിക്കുന്നതിനും പുതിയ ഹാച്ചറികൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യവികസനത്തിൽ ഉൾപ്പെടുത്തി നിലവിലുള്ള മത്സ്യവിത്ത് ഫാമുകളും ഹാച്ചറികളുടെ നവീകരണ പ്രവർത്തനങ്ങൾക്കുമായി 800 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ വർക്കലയിലെ ഓടയത്ത് ഓരുജല മത്സ്യ വിത്തുൽപ്പാദന കേന്ദ്രം സ്ഥാപിക്കുന്നതിന് 900 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇപ്രകാരം 2017-18 വർഷത്തിൽ ആകെ 1700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷത്തിൽ കൃത്രിമപ്പാര് സ്ഥാപിക്കുന്ന പദ്ധതിക്ക് 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിൻ പ്രകാരം തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിലെ പുതുക്കുറിച്ചി മത്സ്യഗ്രാമത്തിന് സമീപവും, കരിങ്കുളം ഗ്രാമപഞ്ചായത്തിലെ കൊച്ചുതുറ ഫിഷിംഗ് വില്ലേജിലുമാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. 120 കൃത്രിമപ്പാരും (Trapezodical RCC Module) 70 RCC പൈപ്പും ഉൾപ്പെടുന്ന യൂണിറ്റാണ് രണ്ട് സ്ഥലത്തും നിക്ഷേപിക്കുന്നത്. ആയതിനുവേണ്ടി 25 ലക്ഷം രൂപ ആദ്യ ഗഡുവായി തിരുവനന്തപുരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്.

## രാസവസ്തുക്കൾ കലർത്തിയ മത്സ്യം വിൽപ്പന

327 (1317) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മാർക്കറ്റുകളിലും ചില്ലറ വില്പന സ്ഥലങ്ങളിലും ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന രാസവസ്തുക്കൾ കലർത്തിയ മത്സ്യം വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ട്രോളിങ് നിരോധന കാലയളവിൽ ഇത്തരത്തിലുള്ള മത്സ്യം വിൽപ്പന നടത്തിയതു സംബന്ധിച്ച് ഏതെങ്കിലും പരാതികൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ചില രാസപദാർത്ഥങ്ങൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരാതികൾ ലഭ്യമായിട്ടില്ല. എന്നിരുന്നാലും കേരളത്തിലെ മത്സ്യമാർക്കറ്റുകളിലും ചില്ലറ വിൽപ്പന കേന്ദ്രങ്ങളിലും ഇത്തരത്തിൽ രാസവസ്തുക്കൾ കലർത്തിയുള്ള മത്സ്യവിപണനം തടയുന്നത് ലക്ഷ്യമാക്കി ഫിഷറീസ് വകുപ്പും ഭക്ഷ്യസുരക്ഷാ വിഭാഗവും സംയുക്തമായി 14 ജില്ലകളിലും സ്ക്വാഡ് രൂപീകരിക്കുകയും പ്രസ്തുത സ്ക്വാഡുകളുടെ സഹായത്താൽ പരിശോധന നടത്തിവരുന്നുണ്ട്.

**മത്സ്യമേഖലയിലെ ആധുനികവൽക്കരണം**

328 (1318) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയുടെ ആധുനികവൽക്കരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) മത്സ്യഫെഡിന്റെ നവീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മത്സ്യഫെഡ് കൈവരിച്ച പ്രവർത്തന ലാഭത്തിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) മത്സ്യമേഖലയുടെ ആധുനികവൽക്കരണത്തിനായി വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് നേരിട്ടും വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികൾ മുഖേനയും നടപ്പിലാക്കിവരുന്നു. മത്സ്യവകുപ്പ് മത്സ്യമേഖലയുടെ ആധുനികവൽക്കരണത്തിന് നിരവധി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഭൂരഹിതരും ഭവന രഹിതരുമായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകുന്ന പദ്ധതി, മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് കെട്ടിട സമുച്ചയം നിർമ്മിച്ച് വാസസ്ഥലം നൽകുന്ന പദ്ധതി, മത്സ്യത്തൊഴിലാളി ഭവനങ്ങൾക്ക് വൈദ്യുതീകരണത്തിന് ധനസഹായം, തീരപ്രദേശത്ത് അങ്കണവാടികൾ, ലൈബ്രറികൾ, ആശുപത്രികൾ എന്നിവയുടെ നിർമ്മാണം, മേഖലാ ഫിഷറീസ് സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ പ്രത്യേക പദ്ധതി, തീരപ്രദേശത്തെ 40 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്റൂം, അടുക്കള ഷെഡ്ഡ് നവീകരണം, 50 സർക്കാർ സ്കൂളുകളിൽ സ്പോർട്സ് കിറ്റും, 5 കേന്ദ്രങ്ങളിൽ കളി സ്ഥലവും, തീരപ്രദേശത്ത് സാക്ഷരത ഉറപ്പാക്കുന്നതിന് സംസ്ഥാന സാക്ഷരതാ

മിഷനുമായി ചേർന്ന് അക്ഷര സാഗരം പദ്ധതി തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിന് ഇ-ഗ്രാന്റ്സ് പദ്ധതി, കരിയർ ഗൈഡൻസ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ജോലി ഉറപ്പാക്കുന്നതിന് മെഡിക്കൽ എൻട്രൻസ്, ബാങ്ക് ടെസ്റ്റ്, സിവിൽ സർവ്വീസ്, പി.എസ്.സി പരീക്ഷാ പരിശീലനം, തീരപ്രദേശത്ത് ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതിന് 50 മെഡിക്കൽ ക്യാമ്പുകൾ, തീരനൈപുണ്യ പദ്ധതി എന്നിവയും നടപ്പിലാക്കുന്നു. ആധുനിക സൗകര്യങ്ങളോടുകൂടിയ ഫിഷ് മാർക്കറ്റുകൾ, ആധുനിക മത്സ്യ വിപണന യൂണിറ്റുകൾ, മത്സ്യഫെഡിന്റെ പ്രീ പ്രോസസ്സിംഗ് സെന്റർ നവീകരണം എന്നിവയും നടപ്പിലാക്കുന്നു. ഉൾനാടൻ മേഖലയിൽ കൂടുകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ, നൂതന മത്സ്യകൃഷി രീതികൾ, ഗിഫ്റ്റ് സാറ്റലൈറ്റ് ഫാമുകൾ, പൊതുമേഖലയിൽ മത്സ്യത്തീറ്റ നിർമ്മാണശാല, തദ്ദേശ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ ഹാച്ചറികൾ, മത്സ്യവിത്തുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ഹാച്ചറികളുടെ നവീകരണവും നിർമ്മാണവും, തീരക്കടലിൽ മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിന് കൃത്രിമ പാരുകൾ എന്നിവ നടപ്പിലാക്കുന്നു. മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനായി പുതിയ ഫിഷറീസ് നയം, കെ.എം.എഫ്.ആർ നിയമ ഭേദഗതി, മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും രക്ഷപ്പെടുത്തുന്നതിനും ഗുണമേന്മയുള്ള മത്സ്യം ഉറപ്പാക്കുന്നതിനും മാർക്കറ്റിംഗ് ബിൽ എന്നിവയും ഉടൻ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) മത്സ്യഫെഡിന്റെ നേതൃത്വത്തിൽ മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യം സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും ഹാർബർ, ലാന്റിംഗ് സെന്റർ കേന്ദ്രീകരിച്ച് അടിസ്ഥാനസൗകര്യ വികസനവും (ശീതീകരണ സംവിധാനങ്ങൾ, ഐസ് പ്ലാന്റ് മുതലായവ) വിപണനത്തിനുള്ള സജ്ജീകരണങ്ങളും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, മത്സ്യബന്ധന ഗ്രൂപ്പുകൾ എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ശുദ്ധമായ മത്സ്യം ശുചിത്വാന്തരീക്ഷത്തിൽ നൽകുന്നതിന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹൈടെക് ഫിഷ്മാർട്ട് (ബൂത്ത്) സ്ഥാപിച്ചുവരുന്നുണ്ട്. (നിലവിൽ 31 മാർട്ടുകൾ പ്രവർത്തിക്കുന്നുണ്ട്) ഇതിനായി മത്സ്യസംഭരണശാലകൾ (ബേസ് സ്റ്റേഷൻ) കോട്ടയം, എറണാകുളം, കൊല്ലം എന്നിവിടങ്ങൾക്കായി വിവിധ ജില്ലകളിൽ 13 മണ്ണെണ്ണ ബങ്കുകളും 9 ഡീസൽ ബങ്കുകളും സ്ഥാപിച്ച് പ്രവർത്തിക്കുന്നു. തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ഓരോ മണ്ണെണ്ണ ബങ്കും, പൊന്നാനിയിലും കണ്ണൂരിലും ഓരോ ഡീസൽ ബങ്കും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. മത്സ്യ മേഖലയുടെ ആധുനികവൽക്കരണത്തിനായി total automation നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള System Requirement Study (SRS) കെൽട്രോൺ മുഖാന്തരം നടത്തിക്കഴിഞ്ഞു.

(സി) 2016-17 സാമ്പത്തിക വർഷത്തിന്റെ ആഡിറ്റ് പുരോഗമിച്ചുവരുന്നു. എന്നാൽ താൽക്കാലികമായി തയ്യാറാക്കിയ കണക്കുകൾ പ്രകാരം 2016-17-ൽ പ്രവർത്തനലാഭം നേടിയിട്ടുണ്ട്.

## നെയ്യാറ്റിൻകര നഗരസഭാ മത്സ്യമാർക്കറ്റ്, പൊഴിയൂർ ആശുപത്രി എന്നിവിടങ്ങളിലെ ഫിഷറീസ് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ

329 (1319) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറിസ് വകുപ്പ് തയ്യാറാക്കിയ ഡി.പി.ആർ. അനുസരിച്ച് നെയ്യാറ്റിൻകര നഗരസഭാ മാർക്കറ്റ്, പൊഴിയൂർ ആശുപത്രി എന്നിവിടങ്ങളിലെ നിർമ്മാണ പ്രവൃത്തികൾക്ക് കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) മേൽപ്പറഞ്ഞ പദ്ധതികൾക്ക് ഡി.പി.ആർ. എന്നാണ് കിഫ്ബിയിൽ നല്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ഏതുതരം പ്രവൃത്തികളാണ് നെയ്യാറ്റിൻകര നഗരസഭാ മാർക്കറ്റ്, പൊഴിയൂർ ആശുപത്രി എന്നിവിടങ്ങളിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ&ബി) നെയ്യാറ്റിൻകര നഗരസഭാ മത്സ്യമാർക്കറ്റ്, പൊഴിയൂർ ആശുപത്രി എന്നിവയ്ക്ക് KIIFB-യിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടില്ല. പൊഴിയൂർ Public Health Centre-ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 376.02 ലക്ഷം രൂപയുടെ പദ്ധതി റിപ്പോർട്ടും നെയ്യാറ്റിൻകര നഗരസഭാ മത്സ്യമാർക്കറ്റ് പുനരുദ്ധരിക്കുന്നതിനായി 416.30 ലക്ഷം രൂപയുടെ പദ്ധതി റിപ്പോർട്ടും KIIFB-യിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിനായി ഫിഷറീസ് ഡയറക്ടർ 24-7-2017-ന് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) KIIFB-യിൽ ഉൾപ്പെടുത്തുന്നതിനായി നെയ്യാറ്റിൻകര നഗരസഭ മത്സ്യമാർക്കറ്റിൽ 1096.2 ച.മീറ്റർ വിസ്തൃതിയിൽ ഒരു ഇരുനില മാർക്കറ്റ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി റിപ്പോർട്ടാണ് ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത മാർക്കറ്റ് കെട്ടിടത്തിന്റെ താഴത്തെ നിലയിൽ 60 റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ, ഒരു ലേല ഹാൾ, ഫ്ളേക്ക് ഐസ് യൂണിറ്റ്, ചിൽ റൂം സംവിധാനം എന്നിവയും മുകളിലത്തെ നിലയിൽ 8 ഉണക്ക മത്സ്യ സ്റ്റാളുകൾ, ഓഫീസ് മുറി, 2 വിശ്രമമുറികൾ, ഒരു ഹാൾ, ടോയ്‌ലറ്റ് സംവിധാനം എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു. ഇതേ മണ്ഡലത്തിൽ തന്നെ സ്ഥിതിചെയ്യുന്ന പൊഴിയൂർ പബ്ലിക് ഹെൽത്ത് സെന്ററിന് 1215 ച. മീറ്റർ വിസ്തൃതിയിൽ മൂന്ന് നില കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി റിപ്പോർട്ടും കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ട്. താഴത്തെ നിലയിൽ ഡോക്ടർമാർക്കുള്ള മുറി, നഴ്സുമാരുടെ മുറി, ലബോറട്ടറി, സ്റ്റോർ, ഇഞ്ചക്ഷൻ മുറി, ഡോക്ടർമാരുടെ വിശ്രമമുറി, റിസപ്ഷൻ കൗണ്ടർ, വെയിറ്റിംഗ് ഏരിയ എന്നിവയും ഒന്നാമത്തെ നിലയിൽ പീഡിയാട്രിക് വാർഡ്, അമ്മമാരുടെ വിശ്രമ മുറി, നഴ്സുമാരുടെ വിശ്രമമുറി, ടോയ്‌ലെറ്റ് സംവിധാനം എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു. സ്ത്രീകൾക്കും പുരുഷൻമാർക്കും വെവ്വേറ വാർഡുകൾ, നഴ്സുമാരുടെ മുറി, സ്റ്റോക്ക് മുറി, ടോയ്‌ലെറ്റ് എന്നിവ മൂന്നാം നിലയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിക്കുന്ന തുക

330 (1320) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിൽ, കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഓരോ വർഷവും അനുവദിക്കുന്ന തുക സ്പിൽഓവർ ആയിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 2016-17-ൽ ഏതൊക്കെ പ്രോജക്ട് റിപ്പോർട്ടുകളാണ് കേന്ദ്രത്തിന് നൽകിയതെന്നും ഇവയുടെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിക്കുന്ന തുക സമയബന്ധിതമായി ചെലവഴിക്കുന്നതിന് കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകുകയും നിർവ്വഹണ പുരോഗതി വിലയിരുത്തുകയും ചെയ്തുവരുന്നു.

(ബി) 2016-17 സാമ്പത്തിക വർഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനായി നൽകിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.* കൂടാതെ ബ്ലൂറെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 7 ഘടകങ്ങളുടെ പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ആയതിന് അംഗീകാരം ലഭിക്കുകയും പദ്ധതി നടപ്പിലാക്കിവരികയും ചെയ്യുന്നു. വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു.*

## ഭൂതത്താൻകെട്ട് മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറി

331 (1321) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന മത്സ്യ ഹാച്ചറികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഭൂതത്താൻകെട്ട് മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വിശദീകരിക്കാമോ ;

(സി) ഭൂതത്താൻകെട്ട് മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനം ഏത് സ്റ്റേജിലാണെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കോതമംഗലം മണ്ഡലത്തിൽ കീരമ്പാറ വില്ലേജിൽ കൂരിക്കുളം എന്ന സ്ഥലത്ത് ഭൂതത്താൻകെട്ട് മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറി പ്രവർത്തിക്കുന്നു.

(ബി) ഭൂതത്താൻകെട്ട് മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറിയിൽ 355 ലക്ഷം രൂപ അടങ്കൽ തുകയിൽ ടാങ്കുകൾ, റെയറിംഗ്, ബ്രൂഡ് സ്റ്റോക്ക് പോണ്ടുകൾ, ഫീഡ് മിൽ, അപ്രോച്ച് റോഡ്, ഹാച്ചറി, ഓഫീസ് കെട്ടിടം എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ച് മത്സ്യവിത്തുൽപ്പാദനവും വിപണനവും നടത്തിവരുന്നു.

(സി) 2-ാം ഘട്ടത്തിൽ നിർമ്മാണം പൂർത്തീകരിക്കേണ്ട മൺകുളങ്ങൾ, ഓവർഹെഡ് ടാങ്ക്, പമ്പ് ഹൗസ് എന്നിവ പൂർത്തീകരിക്കുന്നതിനും ഫീഡ് മിൽ പ്രവർത്തിപ്പിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതു പൂർത്തീകരിക്കുന്നമുറയ്ക്ക് ഹാച്ചറിയിൽ പൂർണ്ണതോതിൽ മത്സ്യോൽപ്പാദനം നടത്താനാകും.

**മത്സ്യത്തൊഴിലാളി മേഖലയിലെ ജലപരിഷ്കരണ നിയമം**

332 (1322) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമകളാക്കി മാറ്റുന്നതിന് സമഗ്രമായ ജലപരിഷ്ക്കരണനിയമം നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(ബി) എങ്കിൽ അതിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് കരട് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യതൊഴിലാളികൾക്കായി മാത്രം പരിമിതപ്പെടുത്തുന്നതിനായി "കേരള അക്വേറിയൻ റിഫോംസ് ബിൽ" എന്ന ഒരു ബിൽ തയ്യാറാക്കി മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് രാഷ്ട്രപതിയുടെ അനുമതിക്കായി അയച്ചുവെങ്കിലും അനുമതി നൽകാതെ തിരിച്ചയയ്ക്കുകയുണ്ടായി. ടി ബിൽ തിരിച്ചയച്ചുകൊണ്ട് രാഷ്ട്രപതി നടത്തിയ നിരീക്ഷണങ്ങൾകൂടി പഠിച്ച് പുതുക്കിയ ഒരു ബിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനം ഉറപ്പുവരുത്തുന്നതിനുവേണ്ടി തീരക്കടലിലെ പരമ്പരാഗത മേഖലയിലെ മത്സ്യബന്ധന അവകാശത്തിന്റെയും മത്സ്യബന്ധന ഉപകരണങ്ങളുടെ അവകാശത്തിന്റെയും പരിരക്ഷ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്തുകയും ബന്ധപ്പെട്ട കാര്യങ്ങൾ വ്യവസ്ഥ ചെയ്യുകയെന്നുമുള്ളതാണ് ഈ ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യം.

**പൊതുജലാശയങ്ങൾ മൽസ്യക്കൃഷിക്ക് പാട്ടത്തിന് നൽകാൻ നടപടി**

333 (1323) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഫിഷറീസ് നയം രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ നയത്തിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ വ്യക്തമാക്കുമോ;

(സി) പൊതുജലാശയങ്ങൾ മൽസ്യകൃഷിക്ക് പാട്ടത്തിന് എടുക്കാൻ ആലോചനയുണ്ടോ; എത്ര വർഷത്തേയ്ക്കാണ് ജലാശയങ്ങൾ പാട്ടത്തിനു എടുക്കുക എന്നും ആയതിന് നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഡി) ഓരുജല മൽസ്യകൃഷിയുടെയും ശുദ്ധജല മൽസ്യകൃഷിയുടെയും വിളവെടുപ്പ് ഇരട്ടിയാക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഫിഷറീസ് പോളിസി 2016-ന്റെ രൂപീകരണത്തിനായി പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായും ഫിഷറീസ് ഡയറക്ടർ വൈസ്ചെയർമാനായും ഫിഷറീസ് അഡീഷണൽ ഡയറക്ടർ കൺവീനറായും ഒരു കമ്മിറ്റി 30-9-2016-ലെ സ.ഉ. (സാ.ധാ.) നമ്പർ 648/16/മ.ഉ.വ പ്രകാരം രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയിൽ ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ കൂടാതെ സി.എം.എഫ്.ആർ.ഐ, സി.ഐ.എഫ്.ടി, സി.ഐ.ബി.എ., എം.പി.ഇ.ഡി.എ എന്നിവയിലെ ഉദ്യോഗസ്ഥരും ട്രേഡ് യൂണിയൻ പ്രതിനിധികളും ഉൾപ്പെടുന്നു. കമ്മിറ്റിയുടെ ആദ്യയോഗം 15-11-2016-നും രണ്ടാമത്തെ യോഗം 15-12-2016-നും ചേരുകയുണ്ടായി. ഫിഷറീസ് പോളിസി രൂപീകരണത്തിനുള്ള നടപടി ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു.

(സി) 11-1-1995-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 17/1995/മഉവ. പ്രകാരം പൊതുജലാശയങ്ങൾ പാട്ടത്തിന് നൽകാം. പ്രസ്തുത ഉത്തരവ് പ്രകാരം വ്യക്തികൾക്ക് 5 വർഷം വരെയും സഹകരണ സംഘങ്ങൾക്കും സർക്കാർ ഏജൻസികൾക്കും 10 വർഷം വരെയും പൊതുജലാശയങ്ങൾ പാട്ടത്തിന് നൽകാവുന്നതാണ്. ഇപ്രകാരം പാട്ടത്തിന് നൽകുന്നതിന് മുൻഗണനാർഹതയുള്ളവർക്കും സഹകരണ സ്ഥാപനങ്ങൾക്കും ഹെക്ടറിന് പ്രതിവർഷം 100 രൂപയും ചെറുകിട സൂക്ഷ്മതല സംരംഭകർ, സംയുക്ത സംരംഭങ്ങൾ എന്നിവയ്ക്ക് ഹെക്ടറിന് പ്രതിവർഷം 150 രൂപയുമാണ് പാട്ടനിരക്ക് നിശ്ചയിച്ചിരിക്കുന്നത്. പൊതുജലാശയങ്ങൾ പാട്ടത്തിനെടുക്കുന്നതിനുള്ള ലീസിംഗ് പോളിസി പുതുതായി രൂപീകരിക്കുന്ന ഫിഷറീസ് പോളിസിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഓരുജല മത്സ്യകൃഷിയിലൂടെയും ശുദ്ധജല മത്സ്യകൃഷിയിലൂടെയുമുള്ള ഉൽപ്പാദനം നിലവിലുള്ളതിന്റെ ഇരട്ടിയാക്കുന്നതിനുവേണ്ടി സർക്കാർ ജനകീയ മത്സ്യകൃഷി 2-ാം ഘട്ടം എന്ന പദ്ധതി ആവിഷ്കരിച്ച് 2017-18 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്.

## മത്സ്യത്തൊഴിലാളി വനിതാ ഗ്രൂപ്പുകൾക്ക് മത്സ്യബന്ധന പരിശീലനം

334 (1324) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളി വനിതാ ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള പരിശീലനവും, യാനങ്ങളും നൽകുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

മത്സ്യത്തൊഴിലാളി വനിതാ ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള പരിശീലനവും യാനങ്ങളും നൽകുന്നതിന് നിലവിൽ ഒരു പദ്ധതിയും ആവിഷ്കരിച്ചിട്ടില്ല.

## മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

335 (1325) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. എം. നൗഷാദ് :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണ മേഖലയിൽ വസിക്കുന്ന മത്സ്യതൊഴിലാളികളെ പുനരധി വസിപ്പിക്കാനായി ആവിഷ്കരിച്ച പദ്ധതിയുടെ വിശദാംശം അറിയിക്കുമോ; പ്രാരംഭ നടപടികൾ ആയിട്ടുണ്ടോ; പദ്ധതി എന്നത്തേക്ക് തുടങ്ങാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) എല്ലാ മത്സ്യത്തൊഴിലാളികൾക്കും വീടും ഭൂമിയും നൽകാനുള്ള പദ്ധതി അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) മുഴുവൻ മത്സ്യത്തൊഴിലാളി ഭവനങ്ങളിലും ശൗചാലയം ഉറപ്പാക്കുന്നതിനുള്ള പദ്ധതി പൂർത്തിയായിട്ടുണ്ടോ; നിലവിലെ സ്ഥിതി അറിയിക്കാമോ?

ഉത്തരം

(എ) കടലാക്രമണം രൂക്ഷമായനുഭവപ്പെടുന്ന തീരപ്രദേശത്ത് വേലിയേറ്റരേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ വസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുരധിവസിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ "അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും" എന്നതിൽപ്പെടുത്തി 150 കോടി രൂപയുടെ ഭവന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നമ്പർ | പദ്ധതി ഘടകങ്ങൾ | വകയിരുത്തിയ തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും CRZ അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ളവരുമായ 1200 മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം @ 4 ലക്ഷം രൂപ | 4800.00 |
| 2 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരെ പുനരധിവസിപ്പി ക്കുന്നതിന്റെ ഭാഗമായി 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലംവാങ്ങി വീടുവയ്ക്കുന്നതിന് ധനസഹായം @ 10 ലക്ഷം രൂപ | 7500.00 |
| 3 | തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യ തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് | 700.00 |
| 4 | 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസി പ്പിക്കുന്നതിന് 25 ഫ്ളാറ്റ് അപ്പാർട്ടുമെന്റുകളുടെ നിർമ്മാണം | 2000.00 |
| | ആകെ | 15000.00 |

പദ്ധതി പ്രകാരം ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ജില്ലാ ഓഫീസുകൾ മുഖേന അപേക്ഷകൾ ക്ഷണിക്കുകയും ഇതിന്റെ ഫീൽഡ്‌ലെവൽ പരിശോധന നടന്നുകൊണ്ടിരിക്കുകയുമാണ്.

(ബി) പദ്ധതി അവലോകനം നടത്തിയിട്ടുണ്ട്. അപേക്ഷ ക്ഷണിച്ച് അർഹതപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തി ധനസഹായം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ നൽകിയിട്ടുണ്ട്.

(സി) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്‌മെന്റിന്റെ (എൻ.ഐ.ആർ.ഡി.) 2010-ലെ പഠന റിപ്പോർട്ട് പ്രകാരം ഏകദേശം 23530 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സാനിട്ടേഷൻ സൗകര്യം ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വ്യക്തിഗത സാനിട്ടേഷൻ നിർമ്മാണത്തിനായി മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനായി 2012-13 മുതൽ 2016-17 വരെയുള്ള കാലയളവിൽ ഫിഷറീസ് വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇത് പ്രകാരം 22110 മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുന്നതിനാണ് പദ്ധതികൾ ആവിഷ്കരിക്കരിച്ചിരുന്നത്. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ 15853 പേർ

വകുപ്പുമായി എഗ്രിമെന്റിൽ ഏർപ്പെട്ട് ധനസഹായം കൈപ്പറ്റുകയും 14852 പേർ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷന്റെ ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ (ഒ.ഡി.എഫ്) ക്യാമ്പയിൽ പ്രകാരം 3777 മത്സ്യത്തൊഴിലാളികളെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുകയുണ്ടായി. തെരഞ്ഞെടുക്കപ്പെട്ട മത്സ്യത്തൊഴിലാളി കൾക്ക് ശുചിത്വ മിഷൻ നൽകുന്ന 15,400 രൂപയ്ക്ക് പുറമേ 10,000 രൂപ വീതം അധിക ധനസഹായം നൽകുന്നതിനായി ആകെ 377.70 ലക്ഷം രൂപ ഫിഷറീസ് വകുപ്പിൽനിന്നും നൽകുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. ടി അധിക ധനസഹായം നൽകുന്നതിന് ആവശ്യമായ തുക അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ചൂഷണം

336 (1326) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾ ഇടനിലക്കാരുടെ ചൂഷണത്തിനിരയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളിൽനിന്നും മത്സ്യങ്ങൾ തുച്ഛവിലയ്ക്ക് വാങ്ങി ഇടനിലക്കാർ അമിത വിലയ്ക്ക് ജനങ്ങൾക്ക് വിൽക്കുന്നത് ഒഴിവാക്കാൻ മത്സ്യത്തൊഴിലാളികളുടെ മത്സ്യങ്ങൾ മത്സ്യഫെഡ്, സഹകരണ സംഘങ്ങൾ എന്നിവ നേരിട്ടുവാങ്ങി ഇവർക്കും പൊതുജനങ്ങൾക്കും മത്സ്യം ന്യായവിലയ്ക്ക് നൽകാൻ പദ്ധതി തയ്യാറാക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതുമൂലം ഒരു പരിധിവരെ ഇടനിലക്കാരുടെ ചൂഷണം തടയുവാൻ കഴിയുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മത്സ്യഫെഡ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം കേരളത്തിലെമ്പാടും ഊർജ്ജിതമാക്കാൻ പ്രത്യേക പദ്ധതി നടപ്പിലാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. മത്സ്യവിപണന രംഗത്ത് ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിന് ആദ്യപടിയായി തീരദേശ ലേലം വഴി ആദ്യ വിൽപ്പനയിൽ സഹകരണ സംഘങ്ങൾ ഇടപെടുന്നു. ഇതുവഴി സംസ്ഥാനത്ത് ഒരു പരിധിവരെ ഏകീകരിച്ച ലേല സംവിധാനം നടപ്പിൽ വരുത്താനും മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട വില ഉറപ്പുവരുത്താനും കഴിഞ്ഞിട്ടുണ്ട്. മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനും ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ധനസഹായം നൽകുന്നുണ്ട്. മത്സ്യത്തൊഴിലാളി പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിനും ചൂഷണം ഒഴിവാക്കുന്നതിനുമായി ഫിഷ് മാർക്കറ്റിംഗ് രംഗത്ത് മത്സ്യഫെഡിന്റെ

ഇടപെടൽ വർദ്ധിപ്പിക്കുന്നതിനും ലേലത്തിൽ ഇടപെട്ട് ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ എന്നിവയിൽനിന്നും മത്സ്യഫെഡ് മത്സ്യം ശേഖരിച്ച് സുരക്ഷിതമായി മാർക്കറ്റിലെത്തിച്ച് അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന സംവിധാനം നിലവിൽ വരുന്നതിനും മാർക്കറ്റിംഗ് ബിൽ കൊണ്ടുവരുന്നതിനായുള്ള കരട് ബിൽ പരിശോധിച്ചുവരുന്നു.

(ബി) തീരദേശ ലേലം വഴി മത്സ്യസഹകരണ സംഘങ്ങൾ ശേഖരിക്കുന്ന മത്സ്യം മത്സ്യഫെഡ് നേരിട്ട് വാങ്ങുകയും മത്സ്യത്തിന്റെ ചില്ലറ വിൽപ്പനയിൽ ഇടപെടുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് 31 ഫിഷ് മാർട്ടുകൾ ആരംഭിച്ചിട്ടുള്ളത്. ഇതിനു പുറമേ കടലോര പ്രദേശങ്ങളിൽനിന്നും മത്സ്യം സംഘങ്ങൾ വഴി സംഭരിച്ച് വിപണിയിൽ എത്തിക്കുന്നതിന് ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് ഐസ് പ്ലാന്റുകൾ, ചിൽ റൂമുകൾ എന്നിവ സ്ഥാപിക്കുന്നതിനും പദ്ധതിയുണ്ട്. ഇതിലൂടെ മത്സ്യത്തിന്റെ വില നിയന്ത്രിക്കാനും ശുദ്ധമായ മത്സ്യം ന്യായവിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി കേരളത്തിലെ കടലോരത്ത് ഘട്ടംഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്.

(ഡി) സംഘങ്ങളുടെ ലേലം ശക്തിപ്പെടുത്തുന്നതിന് ലേലത്തിൽ പങ്കെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദന ബോണസ് പദ്ധതി നടപ്പിലാക്കിവരുന്നു. സംഘാംഗങ്ങൾക്ക് മത്സ്യബന്ധനോപകരണങ്ങൾ, ചെറുകിട വായ്പകൾ, സ്വയം സഹായ ഗ്രൂപ്പുകൾക്ക് മൈക്രോ ക്രെഡിറ്റ് പ്രവർത്തന മൂലധനം എന്നിവയും മത്സ്യഫെഡ് മുഖേന നൽകിവരുന്നു. ഈ വായ്പയുടെ തോത് വർദ്ധിപ്പിക്കുന്നതിനും കൂടുതൽ മത്സ്യത്തൊഴിലാളികളെ സഹകരണ സംഘങ്ങളുടെ പ്രവർത്തനപരിധിയിൽ കൊണ്ടുവരുന്നതിനും വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ധനസമാഹരണം നടത്തുന്നതിനും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇവയിലൂടെ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## മത്സ്യത്തൊഴിലാളികളുടെ ഉന്നമനം

337 (1327) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് പുതിയ രീതികളിൽ മത്സ്യബന്ധനം നടത്തുന്നതിന് ആവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും മറ്റും സർക്കാർ പലിശരഹിത വായ്പ നൽകുന്നതിനായി എന്തെങ്കിലും പുതിയ പദ്ധതി തയ്യാറാക്കാൻ നടപടിയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ പുതിയ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി കേരളത്തിലെ പ്രധാന മത്സ്യമേഖലകളിൽ വിവിധതരം ഫ്ലാറ്റ് സമുച്ചയങ്ങൾ ന്യായമായ നിരക്കിൽ, സർക്കാർ സബ്സിഡിയോടെ പണിതുകൊടുക്കാൻ നടപടി സ്വീകരിക്കുമോ:

(ഡി) കേരളത്തിൽ എവിടെയെങ്കിലും ഇവർക്കായി ഫ്ലാറ്റ് സമുച്ചയത്തിന്റെ പണി നടക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്തുന്നതിന് ആവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് മത്സ്യഫെഡ് നബാർഡുമായി ചേർന്ന് ഒരു വായ്പ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പദ്ധതി നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്. പലിശരഹിതമായി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് വായ്പ നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫ്ളാറ്റ് പോലെയുള്ള സുരക്ഷിത പാർപ്പിടം നിർമ്മിച്ചു നൽകുന്നതിനുള്ള നടപടികൾ ഫിഷറീസ് വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നു. ഫ്ളാറ്റുകളെല്ലാം തന്നെ തികച്ചും സൗജന്യമായാണ് ഗുണഭോക്താക്കൾക്ക് പണിത് കൈമാറ്റം ചെയ്യുന്നത്.

ഭൂരഹിതരും ഭവനരഹിതരുമായ തെരഞ്ഞെടുക്കപ്പെടുന്ന 275 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ളാറ്റ് നിർമ്മിച്ചുനൽകുന്ന "ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന പദ്ധതി"ക്ക് 2014-15 സാമ്പത്തിക വർഷത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ അടങ്കൽ തുക 48.75 കോടി രൂപയാണ്. ഈ പദ്ധതിയിലുൾപ്പെടുത്തി വലിയതുറ മത്സ്യഗ്രാമത്തിൽ 8 ഫ്ളാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറ്റം ചെയ്തുകഴിഞ്ഞു. ഇതോടൊപ്പം തന്നെ മുട്ടത്തറ വില്ലേജിൽ 192 ഫ്ളാറ്റുകളുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. കൂടാതെ 4.70 കോടി രൂപ അടങ്കൽ തുകയിൽ അടിമലത്തുറ മത്സ്യഗ്രാമത്തിൽ 100 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്ന പദ്ധതിക്ക് 2013-14 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിരുന്നു.

(ഡി) തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ വില്ലേജിൽ സ്വീവേജ് ഫാമിനോട് ചേർന്നുകിടക്കുന്ന 3.5 ഏക്കർ സർക്കാർ ഭൂമിയിൽ 192 വ്യക്തിഗത ഫ്ളാറ്റുകളുടെ നിർമ്മാണം തീരദേശ വികസന കോർപ്പറേഷൻ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു.

## മത്സ്യത്തൊഴിലാളികൾക്കുള്ള വായ്പകൾ

338 (1328) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ഇപ്പോൾ ഏതെല്ലാം വായ്പകളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വായ്പകൾ ലഭിക്കുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം വായ്പകൾ എടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) വായ്പകുടിശ്ശികയുള്ള മത്സ്യത്തൊഴിലാളികളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) മത്സ്യത്തൊഴിലാളികളുടെ വായ്പകൾ എഴുതിത്തള്ളാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഏത് തരത്തിലുള്ള വായ്പകൾ ഏതെല്ലാം നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് എഴുതിത്തള്ളുക എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പരമ്പരാഗത മേഖലയിലെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് ചുവടെപ്പറയുന്ന വായ്പകൾ വിതരണം ചെയ്തുവരുന്നു:

(1) എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി:

എൻ.സി.ഡി.സി ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി വഴി മത്സ്യഫെഡുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗമായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും പ്രവർത്തനമൂലധനത്തിനുമുള്ള വായ്പകൾ.

(2) എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി. എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടിയുള്ള ടേം വായ്പകൾ:

മത്സ്യത്തൊഴി മേഖലയിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ടേം വായ്പകൾ.

(3) മൈക്രോഫിനാൻസ് വായ്പ:

മത്സ്യഫെഡുമായി അഫിലിയേറ്റ് ചെയ്ത പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള സ്വയം സഹായ ഗ്രൂപ്പുകൾവഴി മൈക്രോഫിനാൻസ് വായ്പകൾ.

(4) മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി:

മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽപ്പെടുന്ന മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്യുന്ന പലിശരഹിത വായ്പ.

(ബി) 1. എൻ.സി.ഡി.സി. ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന സംയോജിത മത്സ്യ വികസന പദ്ധതി:

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുന്ന തീരദേശലേലത്തിൽ പങ്കെടുക്കുന്ന മത്സ്യബന്ധന ഗ്രൂപ്പുകൾക്കും മുൻ വായ്പകളിൽ 75% കുറയാത്ത തിരിച്ചടവുള്ള മത്സ്യബന്ധന ഗ്രൂപ്പുകൾക്കും പരമാവധി 25 ലക്ഷം രൂപ മത്സ്യബന്ധന ഉപകരണ വായ്പ നൽകിവരുന്നു.

2. എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി. ധനസഹായത്തോടുകൂടിയുള്ള ടേം വായ്പകൾ:

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള ദാരിദ്രരേഖയ്ക്ക് താഴെയുള്ള മുൻ ബാദ്ധ്യതകളില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾക്ക് 3 ലക്ഷം രൂപ വരെയും സ്വയംതൊഴിൽ സംരംഭകർക്ക് ഒരു ലക്ഷം രൂപ വരെയും ഈടിന്റെ അടിസ്ഥാനത്തിൽ 6% പലിശ നിരക്കിൽ ടേം വായ്പകൾ വിതരണം ചെയ്തുവരുന്നു.

3. മൈക്രോഫിനാൻസ് വായ്പ:

പ്രാഥമിക മത്സ്യത്തൊഴിലാളി വികസന സഹകരണ സംഘങ്ങളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി മേഖലയിലുള്ള സ്വയം സഹായ ഗ്രൂപ്പുകൾക്ക് ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ പുതിയ ഗ്രൂപ്പുകൾക്ക് മുൻവായ്പകളിൽ 100% തിരിച്ചടവുള്ള സ്വയം സഹായ ഗ്രൂപ്പുകൾക്ക് പരമാവധി 5 ലക്ഷം രൂപ വരെ 2 വർഷം കാലാവധിയിൽ 6% പലിശ നിരക്കിൽ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തുവരുന്നു.

4. മത്സ്യത്തൊഴിലാളി വനിതകൾക്കുള്ള പലിശരഹിത വായ്പ:

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് വ്യക്തികൾക്ക് പരമാവധി 20,000 രൂപ വരെ ഒരു വർഷം കാലാവധിയിൽ പലിശ രഹിത വായ്പയായി വിതരണം ചെയ്തുവരുന്നു. ഈ വായ്പകൾ തിരിച്ചടയ്ക്കുന്നമുറയ്ക്ക് പുനർ വായ്പകൾ നൽകുന്നതാണ്.

(സി) വായ്പകൾ എടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം അനുബന്ധം 1 ആയി ചേർക്കുന്നു.*

(ഡി) വായ്പ കുടിശ്ശികയുള്ള ഗുണഭോക്തക്കളുടെ എണ്ണം അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഇ) വാണിജ്യ ആവശ്യങ്ങൾക്കും ആഡംബരത്തിനും അല്ലാതെ മത്സ്യ തൊഴിലാളികൾ 31-12-2007-ന് മുമ്പ് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സാ ചെലവുകൾ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകൾ, സഹകരണ സംഘങ്ങൾ, നാഷണലൈസ്ഡ് ഷെഡ്യൂൾഡ് ബാങ്കുകൾ, മത്സ്യഫെഡ്, മറ്റ് സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ളതും കുടിശ്ശികയായിട്ടുള്ളതുമായ വായ്പകളിൽ മുതൽഇനത്തിൽ പരമാവധി 75,000 രൂപയും പലിശയുടെ 25%-വും കടാശ്വാസം അനുവദിക്കുന്നുണ്ട്. ഇതിനായി അപേക്ഷകൾ 30-6-2013 വരെ സ്വീകരിച്ചിരുന്നു. അപേക്ഷകർ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ളവരായിരിക്കണം. ഇതിനായി ക്ഷേമനിധി ബോർഡ് അംഗത്വ കാർഡ്, റേഷൻ കാർഡ് എന്നിവ ഹാജരാക്കണം. വ്യക്തിഗത വാർഷിക വരുമാനം 60,000 രൂപയും, കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപയിലും അധികരിക്കാത്തതാണെന്ന് ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, വായ്പ എടുത്ത സ്ഥാപനത്തിൽ നിന്നും വായ്പ വിവരങ്ങളുടെ സാക്ഷ്യപത്രം എന്നിവയും കടാശ്വാസം അനുവദിക്കുന്നതിന് നിബന്ധനകളാണ്.

(എഫ്) വാണിജ്യ ആവശ്യങ്ങൾക്കും ആഡംബരത്തിനും അല്ലാതെ മത്സ്യ തൊഴിലാളികൾ 31-12-2007-ന് മുമ്പ് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സാ ചെലവുകൾ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകൾ, സഹകരണ സംഘങ്ങൾ,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നാഷണലൈസ്ഡ് ഷെഡ്യൂൾഡ് ബാങ്കുകൾ, മറ്റ് സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും എടുക്കുന്ന വായ്പകൾ, മത്സ്യഫെഡ് വഴി ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ നൽകുന്ന മത്സ്യബന്ധനോപകരണ വായ്പകൾ, ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ നൽകുന്ന ടേം വായ്പകൾ, പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ സ്വന്തം ഫണ്ടിൽ നിന്നും നൽകുന്ന ടേം വായ്പകൾ എന്നിവയാണ് മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 31-12-2007-ന് മുമ്പ് എടുത്തിട്ടുള്ള ഇത്തരം വായ്പകൾ മാത്രമേ കടാശ്വാസത്തിനായി പരിഗണിക്കുകയുള്ളൂ.

**ആലപ്പുഴ ജില്ലയിലെ തീരദേശമേഖലയിലെ ജനങ്ങളുടെ ദുരിതങ്ങൾ**

339 (1329) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിൽ ഉൾപ്പെടുന്ന വണ്ടാനം മുതൽ പുറക്കാട് വരെയുള്ള തീരദേശ മേഖലയിലെ ജനങ്ങൾ കടൽ ക്ഷോഭംമൂലം ദുരിതമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദുരിതാശ്വാസ ക്യാമ്പുകളിലും റെയിൽവേ പുറമ്പോക്കിലും കഴിയുന്ന ദുരിതബാധിതരെ പുനരധിവസിപ്പിക്കുവാൻ എന്തെല്ലാം ത്വരിത നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കടൽക്ഷോഭംമൂലം വീടും സ്ഥലവും നഷ്ടപ്പെട്ട 248 മത്സ്യത്തൊഴിലാളികൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിനായി 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിക്ക് 2016-17 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ 36 മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് ധനസഹായത്തിന് പരിഗണിച്ചിട്ടുള്ളത്. ഇവർ അമ്പലപ്പുഴ താലൂക്കിൽ ഉൾപ്പെടുന്നവരാണ്. 36 അപേക്ഷകരും വാസയോഗ്യമായ 3 സെന്റ് സ്ഥലം വീതം സ്വന്തമായി കണ്ടുപിടിച്ചിട്ടുണ്ട്. ടി സ്ഥലം വാസയോഗ്യമാണെന്ന് ജില്ലാതല ടീം സന്ദർശിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. ടി സ്ഥലത്തിന്റെ ഉടമകളിൽനിന്നും പ്രമാണവും മറ്റും ബന്ധപ്പെട്ട രേഖകളും ശേഖരിച്ച് ഗുണഭോക്താക്കൾ ഗവൺമെന്റ് പ്ലീഡറിൽനിന്നും സൂക്ഷ്മ പരിശോധനാ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. ടി സ്ഥലത്തിന്റെ വില നിർണ്ണയിക്കുന്നതിന് തഹസീൽദാർക്ക് നിർദ്ദേശം നൽകുകയും സ്ഥലം രജിസ്റ്റർ ചെയ്യുന്നതിന് വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്.

ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട സൗകര്യത്തിനായി 2-3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിക്ക് 2016-17 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയിരുന്നു. സംസ്ഥാനത്ത് ആകെ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കാണ് പദ്ധതി പ്രയോജനം ലഭിക്കുന്നത്. ആലപ്പുഴ ജില്ലയിൽ 32 യൂണിറ്റുകളാണ് അനുവദിച്ചിട്ടുള്ളത്.

കടൽക്ഷോഭം രൂക്ഷമായതും തീരത്തുനിന്നും 50 മീ. പരിധിക്കുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ ബി.ഐ.എഫ് & എച്ച്.ഡി.എഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 750 മത്സ്യത്തൊഴിലാളികൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിന് 10 ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നു. ആയത് പ്രകാരം ആലപ്പുഴ ജില്ലയ്ക്ക് 120 യൂണിറ്റുകളാണ് അനുവദിച്ചിട്ടുള്ളത്. പാർപ്പിട സൗകര്യത്തിനായി 2 മുതൽ 3 സെന്റ് വരെ സ്ഥലം വാങ്ങുന്നതിന് പരമാവധി 6 ലക്ഷം രൂപ വീതവും ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ വീതവുമാണ് ആനുകൂല്യമായി നൽകുന്നത്. 2017-18-ലെ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗുണഭോക്തൃ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ സ്വന്തമായി സ്ഥലം കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സ്ഥലം ഉടമയിൽനിന്നും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ചെല്ലാനം ഫിഷിംഗ് ഹാർബർ നിർമ്മാണം**

340 (1330) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെല്ലാനം ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനായി നാളിതുവരെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ചിട്ടുള്ളതും പൂർത്തീകരിക്കേണ്ടതുമായ പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) 4-1-2010-ലെ ഫിഷറീസ് വകുപ്പിന്റെ 13/2012 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച 2990 ലക്ഷം രൂപ എന്തെല്ലാം പ്രവൃത്തികൾക്കായാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) 12-3-2012-ലെ ഫിഷറീസ് വകുപ്പിന്റെ 205/2012 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച 208 ലക്ഷം രൂപ വിനിയോഗിച്ച് 1.713 ഹെക്ടർ ഭൂമി ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടുണ്ടോ; ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) 4-9-2013-ൽ റവന്യൂ വകുപ്പിന്റെ 5371/2013 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനുബന്ധഘടകങ്ങളുടെ നിർമ്മാണത്തിനായി,ഫിഷറീസ് വകുപ്പിന്റെ 11-9-2015 ലെ 750/2015 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച 10 കോടി രൂപ അനുവദിച്ചുകിട്ടുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(എഫ്) ഈ തുക അനുവദിച്ച് കിട്ടുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇനി സ്വീകരിക്കേണ്ടതെന്നും വിശദമാക്കാമോ;

(ജി) മേൽ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് സുനാമി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി 500 ലക്ഷം രൂപയുടെയും രണ്ടാം ഘട്ട പ്രവൃത്തികൾക്ക് നബാർഡ് ഗ്രാമീണ അടിസ്ഥാന സൗകര്യവികസന പദ്ധതി XV-ൽ 29.90 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(ബി) ഒന്നും രണ്ടും ഘട്ടങ്ങളിലായി തെക്കേ പുലിമുട്ട് 570 മീറ്റർ നീളവും വടക്കേ പുലിമുട്ട് 150 മീറ്ററും പൂർത്തീകരിച്ചിട്ടുണ്ട്. വാർഫ്, ഓക്ഷൻ ഹാൾ, ലോക്കർ റൂം, നെറ്റ് മെന്റിംഗ് ഷെഡ്, ടോയ്‌ലറ്റ് ബ്ലോക്ക്, കാന്റീൻ, ഡോർമിറ്ററി, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് തുടങ്ങിയ അനുബന്ധഘടകങ്ങളും, ഡ്രഡ്ജിംഗ് പ്രവൃത്തിയും പൂർത്തീകരിക്കേണ്ടതുണ്ട്.

(സി) 4-1-2010-ലെ ജി.ഒ(ആർ.റ്റി) നമ്പർ 13/2010/മതുവ. ഉത്തരവ് പ്രകാരം അനുവദിച്ച 2990 ലക്ഷം രൂപയിൽ 2001.933 ലക്ഷം രൂപ ചെലവിൽ പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. RIDF XV പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തിക്കുള്ള സാമ്പത്തിക സഹായം 31-3-2016-ൽ നബാർഡ് നിർത്തുകയുണ്ടായി. ചെല്ലാനം ഫിഷറി ഹാർബറിന്റെ സ്ഥലമെടുപ്പ് നടപടി വൈകുന്നതിനാലാണ് ശേഷിക്കുന്ന തുകയുടെ നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത് ചെയ്യാൻ സാധിക്കാതിരുന്നത്.

(ഡി) 12-3-2012-ലെ ജി.ഒ(ആർ.റ്റി) നമ്പർ 205/2012/മതുവ. നമ്പർ ഉത്തരവിലൂടെ 1.713 ഹെക്ടർ ഭൂമി പൊന്നുംവില നടപടി പ്രകാരം ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുണ്ടെങ്കിലും ഭൂമി ഏറ്റെടുത്തിട്ടില്ല.

(ഇ) 11-9-2015-ലെ സ.ഉ.(സാധാ.) നമ്പർ 750/15/മതുവ. ഉത്തരവ് പ്രകാരം 130.23 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. നെഗോഷ്യബിൾ പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്ക് സ്ഥലം ഉടമകളുമായി ജില്ലാ കളക്ടറേറ്റിൽവച്ച് നിരവധി തവണ ചർച്ചകൾ നടന്നുവെങ്കിലും വിലയെ സംബന്ധിച്ച് ധാരണയിലെത്താത്തതിനാൽ അക്വിസിഷൻ നടപടി പൂർത്തിയാക്കാൻ സാധിച്ചില്ല.

(എഫ്) ചെല്ലാനം ഫിഷറി ഹാർബർ നിർമ്മാണത്തിനാവശ്യമായ സ്ഥലം നെഗോഷ്യബിൾ പർച്ചേസുവഴി വാങ്ങുന്നതിനുള്ള നടപടികൾ റവന്യൂ അധികാരികളുടെ സഹകരണത്തോടെ പുരോഗമിക്കുകയാണ്. ഭൂവുടമകളുമായി ഒരു യോഗം 1-10-2016-ൽ ബഹു. എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ വിളിച്ചുവെങ്കിലും എൻ.ഒ.സി. നൽകാത്തവർ ടി യോഗത്തിൽ പങ്കെടുത്തില്ല. തുടർന്ന് ഹാർബറിന്റെ തെക്ക് ഭാഗത്ത് കൂടിയുള്ള പുതിയ റോഡിന്റെ നിർമ്മാണത്തിന് 20.23 ആർ സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്ക് എല്ലാ ഭൂവുടമകളുടെ പക്കൽ നിന്നും സമ്മതപത്രം വാങ്ങുന്നതിനുള്ള നടപടി പഞ്ചായത്ത് അധികൃതർ സ്വീകരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഫിഷറീസ് വകുപ്പിന്റെ ഉപധനാഭ്യർത്ഥനയിൽ ടി ഫിഷിംഗ് ഹാർബറിന്റെ ഭൂമി ഏറ്റെടുക്കുന്നതുൾപ്പെടെ 10 കോടി രൂപ ആവശ്യപ്പെട്ട് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ജി) പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തൃപ്പൂണിത്തുറ മണ്ഡലത്തിൽ നടത്തുന്ന പ്രവൃത്തികൾ

341 (1331) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തൃപ്പൂണിത്തുറ മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേന തീരദേശറോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി തൃപ്പൂണിത്തുറ മണ്ഡലത്തിൽ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|
| 1. കുമ്പളം പഞ്ചായത്ത് വാർഡ് 6-ലെ ചേപ്പനം കോനാട്ട് റോഡ് ടാറിംഗും കാന നിർമ്മാണവും | 20.00 ലക്ഷം രൂപ | കരാറിലേർപ്പെട്ടു പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 2. കുമ്പളം പഞ്ചായത്ത് വാർഡ് - 6-ലെ പാനപ്പറമ്പ് പ്രദേശത്ത് കാന നിർമ്മാണം. | 30.40 ലക്ഷം രൂപ | കരാറിലേർപ്പെട്ടു പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച വരുന്നു. |
| 3. കുമ്പളം പഞ്ചായത്ത് വാർഡ് 11-ലെ യംഗ് സ്പോർട്സ് റോഡ് ടാറിംഗ് | 25.00 ലക്ഷം രൂപ | കരാറിലേർപ്പെട്ടു പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച വരുന്നു. |
| 4. മരട് മുനിസിപ്പാലിറ്റിയിലെ നെല്ലിക്കൽ റോഡ് ടാറിംഗും ഡ്രയിനേജും | 23.00 ലക്ഷം രൂപ | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

(സി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തങ്കശ്ശേരി ഹാർബറിന്റെ മൂന്നാംഘട്ട വികസന പ്രവർത്തനം**

342 (1332) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്കശ്ശേരി ഹാർബറിന്റെ മൂന്നാംഘട്ട വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള ലേലഹാളിന്റെ നീളം വർദ്ധിപ്പിക്കൽ, കവേർഡ് ഫിഷ് ലോഡിംഗ് ഏരിയ, ലോക്കർ മുറികൾ, സ്ലിപ്പ് വേ, മോഡേൺ ഫിഷ് മാർക്കറ്റ്, ചുറ്റുമതിൽ, ആന്തരിക റോഡ്, പാർക്കിംഗ് ഏരിയ, ഫിംഗർ ജെട്ടി, കടകൾ, നിലവിലുള്ള ഡ്രെയിനേജ് സംവിധാനത്തിന്റെ മെച്ചപ്പെടുത്തൽ എന്നിവ നടപ്പാക്കും.

## കല്ല്യാശ്ശേരി മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേനയുള്ള പ്രവൃത്തികൾ

343 (1333) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ മുഖേന പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ പ്രവൃത്തികളുടെ പ്രൊപ്പോസലുകളാണ് സമർപ്പിച്ചിട്ടുള്ളതെന്നറിയിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീരദേശ വികസന കോർപ്പറേഷൻ മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

2016-17 സാമ്പത്തിക വർഷം:

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവും മാനവശേഷി വികസനവും പദ്ധതി

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1 | ഗവൺമെന്റ് മോഡൽ അപ്പർ പ്രൈമറി സ്കൂൾ, പുതിയങ്ങാടി | 121.00 | പദ്ധതി ആരംഭഘട്ടത്തിലാണ് |
| 2 | സബ് സെന്റർ, മാട്ടൂൽ പുതിയ കെട്ടിട നിർമ്മാണം | 33.00 | പദ്ധതി പുരോഗമിക്കുന്നു. |

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ മുഖേന പ്രസ്തുത മണ്ഡലത്തിലെ താഴെപ്പറയുന്ന പ്രൊപ്പോസലുകളാണ് ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ളത്. ടി പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | മാടായി ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ - പുതിയ കെട്ടിട നിർമ്മാണം | 515.85 |
| 2 | ഫിഷറീസ് ഡിസ്പെൻസറി പുതിയങ്ങാടി - പുതിയ കെട്ടിട നിർമ്മാണം | 46.00 |
| 3 | പഴയങ്ങാടി മത്സ്യമാർക്കറ്റ് നിർമ്മാണം | 82.82 |

## കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാൻ നടപടി

344 (1334) ശ്രീ. ബി. സത്യൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എം. മുകേഷ് :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉടമസ്ഥതയിലുള്ള പൂട്ടിക്കിടന്ന കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; ഇപ്രകാരം എത്ര ഫാക്ടറികളാണ് തുറന്ന് പ്രവർത്തിപ്പിച്ചത്;

(ബി) പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കശുവണ്ടി ഫാക്ടറികളുടെ സുഗമമായ പ്രവർത്തനത്തിന് തദ്ദേശീയമായി ഉത്പാദിപ്പിക്കുന്ന തോട്ടണ്ടി സമാഹരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പൂട്ടിക്കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഇതുസംബന്ധിച്ച് സ്വകാര്യ കശുവണ്ടി വ്യവസായികൾ, ബാങ്ക് പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തിയിട്ടുണ്ടോ;വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ നിരന്തര ഇടപെടലുകളിലൂടെയും വിവിധ ഗവൺമെന്റ് ഉത്തരവുകൾവഴി ടെണ്ടർ കണ്ടീഷനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി താൽക്കാലികമായി കൂടുതൽ വ്യാപാരികൾ പങ്കെടുക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചതുവഴി തോട്ടണ്ടി വാങ്ങി കോർപ്പറേഷൻ ഫാക്ടറികൾ 17-8-2016 മുതൽ തുറന്നുപ്രവർത്തനം ആരംഭിച്ചു. കൂടാതെ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റേയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റേയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ് ജില്ലയിലെ രാജപുരം, ചീമേനി, കണ്ണൂർ ജില്ലയിലെ നാട്ടുകാണി എന്നീ എസ്റ്റേറ്റുകൾ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (RPL), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ (SFCK), കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകളിൽ ഉൽപ്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നടപടികൾ സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനും കാപ്പെക്സും സംയുക്തമായി ഏറ്റെടുത്തിട്ടുള്ളതും കശുവണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരികയുമാണ്. കൂടാതെ വിദേശ രാജ്യങ്ങളിൽ നിന്നും ഇ-ടെണ്ടർ മുഖേന തോട്ടണ്ടി ഇറക്കുമതിചെയ്ത് തൊഴിലാളികൾക്ക് പരമാവധി തൊഴിൽ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ചെറുകിട കർഷകരിൽ നിന്നും സംഭരിക്കുന്ന തോട്ടണ്ടിക്ക് വില നിശ്ചയിക്കുന്നതിന് 30-1-2017-ൽ സ.ഉ.(കൈയ്യെഴുത്ത്) നമ്പർ 07/2017/വ്യവ. പ്രകാരം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, ധനകാര്യ വകുപ്പ് പ്രതിനിധി, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ അതതു ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ, ബന്ധപ്പെട്ട ജില്ലാ കളക്ടർ, കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റേയും മാനേജിംഗ് ഡയറക്ടർമാർ എന്നിവർ അംഗങ്ങളായിട്ടുള്ള ഒരു വില നിർണ്ണയസമിതി രൂപീകരിച്ചിട്ടുമുണ്ട്. അടച്ചിട്ട സ്വകാര്യ ഫാക്ടറികൾ തുറക്കുന്നതിനായി കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ബന്ധപ്പെട്ടവരുമായി പ്രത്യേക യോഗങ്ങൾ വിളിച്ചുചേർത്ത് ചർച്ച നടത്തുകയും ചർച്ചയിലെ തീരുമാനത്തെ തുടർന്ന് ഈ രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും തോട്ടണ്ടി ലഭ്യമാക്കുന്നതിനും ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കാൻ തീരുമാനിച്ചു. രൂപീകരിക്കുന്ന കേരള കാഷ്യൂ ബോർഡ് ലിമിറ്റഡിന്റെ സ്പെഷ്യൽ ഓഫീസറായി ശ്രീ.മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട)-നെ നിയമിച്ച് കമ്പനി രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) കൃഷി വകുപ്പിന്റെയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ എസ്റ്റേറ്റുകൾ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (RPL), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ (SFCK), കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ ആറളം ഫാം എന്നിവിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ കശുവണ്ടി

വികസന കോർപ്പറേഷനും കാപ്പെക്സും സംയുക്തമായി ഏറ്റെടുത്തിട്ടുണ്ട്. ഇത് പ്രകാരം ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ നിന്നുള്ള 770 മെട്രിക് ടണ്ണും വില കൊടുത്തുവാങ്ങിയ 910 മെട്രിക് ടണ്ണും ഉൾപ്പെടെ ആകെ 1680 മെട്രിക് ടൺ തദ്ദേശീയ തോട്ടണ്ടി ഇതിനകം സംഭരിച്ചിട്ടുണ്ട്. കൂടാതെ ഇ-ടെണ്ടർ വഴി നാടൻ തോട്ടണ്ടി പർച്ചേസ് ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(സി) സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കാൻ ബഹു.ഫിഷറീസ്&കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രിയും, ബഹു. മുഖ്യമന്ത്രിയും യോഗങ്ങൾ വിളിച്ചുചേർക്കുകയും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വ്യവസായികളിൽനിന്നുംതന്നെ മനസ്സിലാക്കി പരിഹാരമാർഗ്ഗങ്ങൾ സ്വീകരിച്ചുവരികയാണ്. അടച്ചിട്ടിരിക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി വ്യവസായബന്ധ സമിതി യോഗം ചേർന്നിരുന്നു. നിലവിലുള്ള സാഹചര്യത്തിൽ നഷ്ടമില്ലാതെ ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാൻ സാധിക്കില്ലെന്ന നിലപാട് മാനേജ്മെന്റ് പ്രതിനിധികൾ യോഗത്തിൽ വ്യക്തമാക്കുകയും ചെയ്തിരുന്നു. സംസ്ഥാനത്ത് വ്യവസായം നടത്തുന്നവരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനായി ഇംപോർട്ട് ഡ്യൂട്ടി പിൻവലിക്കുന്ന വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ പ്പെടുത്തിയെങ്കിലും മറുപടി അനുകൂലമായിരുന്നില്ല. ബാങ്ക് ലോൺ റീ-സ്ട്രക്ച്ചർ ചെയ്യുക, പുതിയ ലോൺ അനുവദിക്കുക, നിലവിലുള്ള ലോണിന് ആറുമാസത്തേയ്ക്ക് മൊറട്ടോറിയം ഏർപ്പെടുത്തുക എന്നീ വിഷയങ്ങൾ റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽ പ്പെടുത്തുകയും ബാങ്ക് പ്രതിനിധികളുടേയും സർക്കാർ പ്രതിനിധികളുടേയും എംപവേർഡ് കമ്മിറ്റി ഈ വിഷയം പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ കശുവണ്ടി വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ഒരു പ്രത്യേക ഉദ്ദേശ വെഹിക്കിൾ രൂപീകരിച്ച് ഈ മേഖലയിൽ പരിഹാരങ്ങൾ നിർദ്ദേശിക്കാൻ തീരുമാനിച്ചിരുന്നു. ഇതിനെത്തുടർന്ന് സാമ്പത്തിക പ്രയാസം കാരണവും തോട്ടണ്ടി ലഭ്യതക്കുറവുമൂലവും ഈ മേഖലയിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കാൻ സർക്കാർ തീരുമാനിക്കുകയും സ്പെഷ്യൽ ഓഫീസറായി ശ്രീ.മാരപാണ്ഡ്യൻ ഐ.എ.എസ്.(റിട്ട)-നെ നിയമിച്ച് പ്രവർത്തനം നടത്തിവരുകയുമാണ്.

അനധികൃതമായി അടച്ചിട്ടിരിക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നിയമപരമായ മാർഗ്ഗങ്ങളും സർക്കാർ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ ഫാക്ടറികളിൽ പരിശോധന നടത്തുകയും തോട്ടണ്ടി ലഭ്യമായിട്ടും തുറന്നുപ്രവർത്തിപ്പിക്കാത്ത ഫാക്ടറികൾ തുറക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) ബഹു. കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28-4-2017-ൽ തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കുന്നതിന് ബാങ്ക് പ്രതിനിധികളോട് ആവശ്യപ്പെടുകയും സ്വകാര്യ കശുവണ്ടി മേഖല നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്നും നേരിട്ട് തോട്ടണ്ടി സംഭരിക്കുന്നതിനും സർക്കാർ സർക്കാരിതര ഫാക്ടറികൾക്ക്/ കമ്പനികൾക്ക് നേരിട്ട് വിതരണം ചെയ്യുന്നതിനുമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് നിലവിൽ വരുന്നതുവരെ ചെറുകിട വ്യവസായികൾക്ക് എതിരെയുള്ള ജപ്തി നടപടികൾ നിർത്തിവയ്ക്കണമെന്ന് ബാങ്കുകളോട് ആവശ്യപ്പെടുകയും ചെയ്തു.

## കശുവണ്ടി വ്യവസായ സംരക്ഷണം

345 (1335) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. റോജി എം. ജോൺ :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിനായി 15 ആഫ്രിക്കൻ രാഷ്ട്രങ്ങളുടെ നയതന്ത്ര പ്രതിനിധികളുടെ ഒരു സമ്മേളനം തിരുവനന്തപുരത്ത് വിളിച്ച് ചേർത്തിരുന്നോ; വിശദമാക്കാമോ ;

(ബി) ആഫ്രിക്കയിൽനിന്നും ഇടനിലക്കാരില്ലാതെ നേരിട്ട് ഗുണനിലവാരമുള്ള തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ;

(സി) കേരളത്തിൽ കശുമാവ് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് ആഫ്രിക്കൻ രാജ്യങ്ങളുടെ സാങ്കേതിക സഹായം പ്രയോജനപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) തിരുവനന്തപുരത്ത് ചേർന്ന സമ്മേളനത്തിൽ ആകെ എത്ര പ്രതിനിധികൾ പങ്കെടുത്തുവെന്നും പ്രസ്തുത സമ്മേളനത്തിന് എന്ത് തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിനായി ഉൽപ്പാദക രാജ്യങ്ങളിൽ നിന്നും കശുവണ്ടി സംഭരിക്കുന്നതിന്റെ ഭാഗമായി നയതന്ത്ര പ്രതിനിധികൾ ഉൾപ്പെടെ 15 ആഫ്രിക്കൻ രാഷ്ട്രങ്ങളുടെ പ്രതിനിധികൾ പങ്കെടുത്ത ഒരു സമ്മേളനം 'കാഷ്യൂ കോൺക്ലേവ്' തിരുവനന്തപുരത്ത് വിളിച്ചുചേർത്തിരുന്നു. ഇടനിലക്കാരില്ലാതെ തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിന്റെ സാധ്യതകൾ യോഗത്തിൽ ചർച്ചചെയ്തു.

(ബി) ഉണ്ട്.

(സി) കാഷ്യൂ കോൺക്ലേവിൽ ഇക്കാര്യം ചർച്ച ചെയ്തിരുന്നു. തീരുമാനമായിട്ടില്ല.

(ഡി) 15 ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും നയതന്ത്ര പ്രതിനിധികൾ ഉൾപ്പെടെ 22 പേരും ഇന്ത്യയുടെ വിദേശ മന്ത്രാലയത്തിൽ നിന്നും 6 പേരും കൂടാതെ കേരളത്തിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്തു. ഇതുവരെ ലഭിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ ആകെ - 28,05,669 രൂപ ചെലവായിട്ടുണ്ട്.

**കശുവണ്ടി വ്യവസായം**

346 (1336) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കശുവണ്ടി വ്യവസായ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ ഇപ്പോൾ എത്രയാണ് ;

(ബി) കേരളത്തിൽ പ്രതിവർഷം എത്ര ടൺ കശുവണ്ടി ഉത്പ്പാദിപ്പിക്കുന്നു ; എത്ര ടൺ കശുവണ്ടി ഇറക്കുമതി ചെയ്യുന്നു ;

(സി) കശുവണ്ടി മേഖലയിലെ പ്രതിസന്ധിക്ക് കാരണം എന്താണ് ; ഇത് സംബന്ധിച്ച പഠനങ്ങൾ നടത്തിയിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) കശുവണ്ടി വികസന കോർപ്പറേഷനിൽ 10626 പേർക്കും കാപ്പെക്സിൽ 3893 പേർക്കും 215 സ്റ്റാഫംഗങ്ങൾക്കും തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷനിൽ ഓണത്തിനു മുമ്പ് 1050 തൊഴിലാളികളെ നിയമിക്കുന്നതുമാണ്.

(ബി) കേരളത്തിൽ ഏകദേശം 75000-ത്തോളം മെട്രിക് ടൺ തോട്ടണ്ടി ഉൽപ്പാദിപ്പിക്കുന്നു. കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ കണക്കനുസരിച്ച് 2016-17-ൽ 770446 മെട്രിക് ടൺ തോട്ടണ്ടിയും 2017-18 ഏപ്രിൽ മുതൽ ജൂൺ വരെ 206535 മെട്രിക് ടൺ തോട്ടണ്ടിയും ഇറക്കുമതി ചെയ്തിട്ടുണ്ട്.

(സി) പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖല ഇന്നനുഭവിക്കുന്ന പ്രതിസന്ധിക്ക് കാരണം തോട്ടണ്ടിയുടെ ലഭ്യതക്കുറവും കയറ്റുമതിയിൽ മറ്റ് രാജ്യങ്ങളിൽ നിന്ന് നേരിടുന്ന കടുത്ത മത്സരവുമാണ്. തന്മൂലം തൊഴിൽ ദിനങ്ങൾ കുറയുന്ന സാഹചര്യങ്ങൾ ഉണ്ടാകുന്നു. മറ്റ് രാജ്യങ്ങളേയും ഇതര സംസ്ഥാനങ്ങളേയും അപേക്ഷിച്ച് കേരളത്തിൽ ഉൽപ്പാദന ചെലവ് കൂടുതലാണ്. ഇതുമൂലം മത്സരാധിഷ്ഠിതമായി ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാൻ ബുദ്ധിമുട്ട് നേരിടുന്നു. കേരളാ കാഷ്യൂ ബോർഡ് ലിമിറ്റഡ് രൂപീകരിക്കുന്നതോടുകൂടി ഈ മേഖലയിലെ പ്രതിസന്ധിയുടെ കാരണങ്ങൾ പഠിച്ച് പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്താൻ കഴിയുന്നതാണ്.

### കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി

347 (1337) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. അനൂപ് ജേക്കബ് :

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി ക്യാഷ്യൂ ബോർഡ് രൂപീകരിക്കുന്ന കാര്യം തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തുനിന്നും പുറത്തുനിന്നും കശുവണ്ടി സംഭരിക്കുന്നതിനും ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും നേരിട്ട് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനും ബോർഡ് രൂപീകരിക്കുന്നത് സഹായകമാകുമോ;

(സി) കശുവണ്ടി ലഭ്യത വർദ്ധിപ്പിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; മറ്റ് സംസ്ഥാനങ്ങളിൽ സ്ഥലം പാട്ടത്തിന് എടുത്ത് കശുവണ്ടി കൃഷി ചെയ്യുന്നതിന് എടുത്ത തീരുമാനം നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) കശുവണ്ടി ബോർഡുവഴി നേരിട്ട് വിദേശ വ്യാപാര കരാർ ഉറപ്പിക്കുന്നതിലൂടെ കശുവണ്ടി മേഖലയിലെ ഇടത്തട്ടുകാരുടെ കുത്തക അവസാനിപ്പിക്കുന്നതിനും ഈ മേഖലയിലെ ചൂഷണം തടയുന്നതിനും സാധ്യമാകുമോ?

<u>ഉത്തരം</u>

(എ) തീരുമാനിച്ചിട്ടുണ്ട്. തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽനിന്നും നേരിട്ട് തോട്ടണ്ടി സംഭരിക്കുന്നതിനും സർക്കാർ സർക്കാരിതര ഫാക്ടറികൾക്ക്/കമ്പനികൾക്ക് നേരിട്ട് വിതരണം ചെയ്യുന്നതിനുമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് രൂപീകരിക്കാൻ തീരുമാനിച്ചു. കമ്പനി രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) സംസ്ഥാനത്തിന് പുറത്തുനിന്നും തോട്ടണ്ടി ഉൽപ്പാദകരായ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് ബോർഡ് രൂപീകരണം സഹായിക്കും.

(സി) സംസ്ഥാനത്തിനകത്ത് കശുമാവ് കൃഷിയിൽ താൽപ്പര്യമുള്ള കർഷകരെ കണ്ടെത്തി കശുമാവ് കൃഷി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കശുമാവ് കൃഷി വികസന ഏജൻസി 'കശുമാവ് പുതുകൃഷി' എന്ന പദ്ധതി വഴിയും സന്നദ്ധ സംഘടനകൾ റസിഡന്റ്സ് അസോസിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കശുവണ്ടി തൊഴിലാളികൾ എന്നിവർ വഴി കശുമാവ് കൃഷിയിൽ അവബോധം സൃഷ്ടിച്ചുകൊണ്ട് 'മുറ്റത്തൊരു കശുമാവ് ' എന്ന പദ്ധതി പ്രകാരവും കശുമാവിൻ തൈകൾ നൽകി കൃഷി വ്യാപിപ്പിക്കുന്നുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5 ഏക്കറിൽ കൂടുതൽ സ്ഥലമുള്ള കർഷകർക്ക് കശുമാവിൻതോട്ടം ഉണ്ടാക്കുന്നതിനായി കശുമാവിൻതൈകളും സ്ഥലം ഒരുക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുൽപ്പാദന ശേഷിയുള്ള 2 ലക്ഷം കശുമാവ് ഗ്രാഫ്റ്റുകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോർപ്പറേഷന്റെ 30 ഫാക്ടറികളിലായുള്ള 90 ഏക്കർ സ്ഥലത്ത് 3500 ഓളം കശുമാവ് തൈകൾ പുതുതായി നടുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

കൃഷി, വനം, പട്ടികജാതി പട്ടികവർഗ്ഗക്ഷേമം, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് തരിശായ സ്ഥലങ്ങളിലും നിലവിൽ അക്കേഷ്യ ഉൾപ്പെടെ പ്രകൃതിക്കിണങ്ങാത്ത മരങ്ങൾ വെച്ചുപിടിപ്പിച്ച സ്ഥലങ്ങളിലും നിയമാനുസൃതമായി കശുമാവ് കൃഷി ചെയ്യുന്ന കാര്യം പരിശോധിച്ചുവരികയാണ്. വനം വകുപ്പിന്റെ നേതൃത്വത്തിൽ കണ്ടെത്തിയ 300 ഏക്കർ സ്ഥലത്ത് 2017-18-ൽ തന്നെ കശുമാവ്

കൃഷി ചെയ്യാൻ തീരുമാനിക്കുകയും അടുത്ത വർഷം അത് 5000 ഏക്കർ ആയി ഉയർത്താനും തീരുമാനിച്ചിട്ടുണ്ട്. നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കശുമാവ് കൃഷി ചെയ്യാൻ അനുയോജ്യമായ സ്ഥലങ്ങൾ ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന് 2017-18-ൽ തന്നെ അവർക്ക് സംസ്ഥാന കശുമാവ് കൃഷി ഏജൻസി മുഖാന്തിരം കശുമാവ് തൈകൾ ലഭ്യമാക്കിയും സാങ്കേതിക സഹായങ്ങൾ നൽകിവരുന്നുണ്ട്.

കശുമാവ് എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് നിലവിൽ നിയമപരമായ തടസ്സങ്ങളില്ലാത്തതിനാൽ അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള (APK)-യുമായി ഇക്കാര്യം ചർച്ച ചെയ്യുകയും അവർ കാഷ്യൂ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. എ.പി.കെ.-യിൽനിന്നും പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് കാഷ്യൂ പ്ലാന്റേഷനുവേണ്ടിയുള്ള നടപടികൾ കേരളത്തിൽ വിപുലമായ തോതിൽ നടപ്പാക്കാൻ കഴിയുന്നതാണ്. റവന്യൂ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എസ്റ്റേറ്റ് ഉടമകളുടെ പ്രതിനിധികളുമായി ഇക്കാര്യം വിശദമായി ചർച്ച ചെയ്ത് തുടർ നടപടി സ്വീകരിക്കുന്നതാണ്.

ആന്ധ്രാപ്രദേശിൽ സ്ഥലം പാട്ടത്തിന് എടുത്ത് കശുമാവ് കൃഷി ചെയ്യുന്ന കാര്യം ആലോചിച്ചിരുന്നെങ്കിലും അവർ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ സ്വീകരിക്കാൻ സാധിക്കാത്തതിനാൽ ടി പദ്ധതി ഉപേക്ഷിച്ചിരിക്കുകയാണ്.

(ഡി) കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് മുഖാന്തരം ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിലൂടെ കശുവണ്ടി മേഖലയിലെ ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനും മിതമായ നിരക്കിൽ തോട്ടണ്ടി ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്.

### കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി

348 (1338) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശനാണ്യം നേടിത്തരുന്ന പ്രധാന വിളയായ കശുവണ്ടി വ്യവസായം തകർച്ചയെ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കശുമാവുകളുടെ എണ്ണത്തിൽ വൻകുറവ് ഉണ്ടായതുമൂലം ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന നിരവധി കുടുംബങ്ങൾ പട്ടിണിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കശുവണ്ടി തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരം ലഭിക്കുന്നതിനായി തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എത്ര ടൺ ഇറക്കുമതി ചെയ്തു; ഇതുവഴി എത്ര തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കശുവണ്ടി വ്യവസായത്തെ തകർച്ചയിൽനിന്നും സംരക്ഷിക്കുന്നതിനായി സർക്കാർ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല.

(സി) ഉണ്ട്. കശുവണ്ടി വികസന കോർപ്പറേഷനിൽ 2017-18 വർഷത്തിൽ ഹൈസീ സെയിൽ അടിസ്ഥാനത്തിൽ 3000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്. കൂടാതെ സീസൺ അനുസരിച്ച് 1500 മെട്രിക് ടൺ കേരളാ ഒറിജിൻ തോട്ടണ്ടിയും ഇംപോർട്ട് ചെയ്തുവച്ച ആഫ്രിക്കൻ തോട്ടണ്ടിയും (1000 മെട്രിക് ടൺ) ഫാക്ടറിയിൽ എത്തുന്നുണ്ട്. കാപ്പെക്സിൽ ഇ-ടെണ്ടർ വ്യവസ്ഥയിൽ 1700 മെട്രിക് ടണ്ണും സംഭരിച്ചിട്ടുണ്ട്. കൂടാതെ കാപ്പെക്സിൽ ഇപ്പോൾ 2000 മെട്രിക് ടൺ ഇറക്കുമതി ചെയ്യുവാനുള്ള കോൺട്രാക്ട് നൽകിയിട്ടുണ്ട്. തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്നും നേരിട്ട് തോട്ടണ്ടി സംഭരിക്കുന്നതിനും സർക്കാർ സർക്കാരിതര ഫാക്ടറികൾക്ക്/ കമ്പനികൾക്ക് നേരിട്ട് വിതരണം ചെയ്യുന്നതിനുമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് രൂപീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. കമ്പനിയുടെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 128 തൊഴിൽ ദിനങ്ങളും കാപ്പെക്സിലെ തൊഴിലാളികൾക്ക് 141 തൊഴിൽ ദിനങ്ങളും നൽകിയിട്ടുണ്ട്.

## കശുവണ്ടിപ്പരിപ്പിന്റേയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടേയും വിൽപ്പന

349 (1339) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വിപണിയിൽ കശുവണ്ടിപ്പരിപ്പിന്റെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും വിൽപ്പന വിപുലമാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കശുവണ്ടിപ്പരിപ്പിന്റെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്;

(സി) ഗുണനിലവാരമില്ലാത്ത കശുവണ്ടിപ്പരിപ്പ് കേരളത്തിലേക്ക് വരുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവിധ ഗ്രേഡിലുള്ള പ്ലെയിനും, റോസ്റ്റഡ് പരിപ്പുകളും കൂടാതെ മൂല്യ വർദ്ധിത ഉല്പന്നങ്ങളായ കാഷ്യൂ പൗഡർ, ബിറ്റ്സ്, സൂപ്പ്, കാഷ്യൂ വിറ്റ, ചോക്കോ കാജു, മിൽക്കികാജു തുടങ്ങിയ സി.ഡി.സി. ബ്രാൻഡുകൾ വിതരണക്കാർ വഴിയും ഫ്രാഞ്ചൈസി വഴിയും കച്ചവടം നടത്തിവരുന്നു.

(ബി) അന്താരാഷ്ട്ര മാർക്കറ്റുമായി താരതമ്യം ചെയ്യുമ്പോൾ എക്സ്പോർട്ട് വില ആഭ്യന്തര വിലയേക്കാൾ കുറവാണ്. എന്നിരുന്നാലും ജപ്പാനിലേയ്ക്കും യു.എ.ഇ.-യിലേയ്ക്കും എക്സ്പോർട്ട് ഓർഡറുകൾ ലഭിച്ചിട്ടുണ്ട്. ഇതിനകം 30 മെട്രിക് ടൺ കശുവണ്ടിപ്പരിപ്പ് കയറ്റി അയച്ചിട്ടുണ്ട്. കാപ്പെക്സ് തുടർച്ചയായി കശുവണ്ടിപ്പരിപ്പ് കയറ്റുമതി ചെയ്തു വരുന്നു. തുടർച്ചയായി പരിപ്പ് കയറ്റുമതി ചെയ്യുന്നതിനുള്ള അംഗീകാരമായി കാപ്പെക്സിന് " One Star Export House " എന്ന പദവി ലഭിച്ചിട്ടുണ്ട്.

(സി) ഗുണനിലവാരമില്ലാത്ത കശുവണ്ടിപ്പരിപ്പ് കേരളത്തിലേയ്ക്ക് വരുന്നത് തടയുന്നതിനായി കസ്റ്റംസ് & സെൻട്രൽ എക്സൈസ് ഡിപ്പാർട്ട്മെന്റിന് അറിയിപ്പ് നൽകിയിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1302-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അടിയന്തരപ്രമേയം

### പകർച്ചപ്പനി

മി. സ്പീക്കർ: സംസ്ഥാനത്ത് ഷിഗെല്ലാ ബാക്ടീരിയ ബാധയും കോളറയും വ്യാപകമാകുകയും അഞ്ഞൂറിലധികം ആളുകൾ മരിക്കുകയും പതിനായിരത്തിലധികം ആളുകൾക്ക് എച്ച്1 എൻ1 ബാധിക്കുകയുംചെയ്ത സാഹചര്യത്തിൽ ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുവാനോ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനോ ഗവൺമെന്റിന് കഴിയാത്തതുമൂലം ആതുരസേവന രംഗം നേരിടുന്നതായി പറയപ്പെടുന്ന അടിയന്തര സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സംസ്ഥാനത്തെ പനിബാധയും മറ്റ് അസുഖബാധയും സംബന്ധിച്ച് കഴിഞ്ഞ ദിവസം സഭാതലത്തിൽ വന്ന ഒരു ചോദ്യത്തിനുത്തരമായി വളരെ വ്യക്തമായി കാര്യങ്ങൾ പറഞ്ഞതാണ്. ഷിഗെല്ലാ ബാക്ടീരിയ ബാധിച്ച 16 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ കൺഫേംഡ് ഡെത്ത് എന്ന് പറയുന്നത് ഇല്ല. സസ്പെക്ടഡിന്റെ ഭാഗമായി 2 മരണങ്ങളുണ്ടായിട്ടുണ്ട്. ബാക്കി എല്ലാ കാര്യങ്ങളും സഭയിൽ കൃത്യമായി പറഞ്ഞതാണ്. ഇത്തവണ ദക്ഷിണേന്ത്യയിലാകമാനം പകർച്ചവ്യാധികൾ വ്യാപകമായതിന്റെ ഭാഗമായി കേരളത്തിലും പനിയുടെ എണ്ണത്തിൽ അൽപ്പം വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ അതിനെ ഫലപ്രദമായി നേരിടുന്നതിനാവശ്യമായിട്ടുള്ള എല്ലാ നടപടികളും ആരോഗ്യ വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. കഴിഞ്ഞ സഭയിൽ ഞാൻ പറഞ്ഞതുകൊണ്ട് ആവർത്തിക്കുന്നില്ല. കഴിഞ്ഞ ജനുവരി മാസം മുതൽ ആഗസ്റ്റ് മാസം വരെ തുടർച്ചയായി നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി പകർച്ചപ്പനി നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. അയൽസംസ്ഥാനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ പകർച്ചവ്യാധികൾ ഒരു പരിധിവരെ തടഞ്ഞുനിർത്താൻ കേരളത്തിന് കഴിഞ്ഞുവെന്നത് എടുത്തു പറയത്തക്ക നേട്ടം തന്നെയാണ്. ഇവിടെ കോളറ ബാധിച്ച 4 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നാലും ഇതരസംസ്ഥാന തൊഴിലാളികൾ വെളിയിൽ നിന്നും ഇവിടെ വന്നപ്പോഴുണ്ടായിട്ടുള്ളതാണ്. പത്തനംതിട്ടയിൽ ഒരാൾ മരണപ്പെടാനിടയായത് രോഗി ആശുപത്രിയിൽ എത്തിയപ്പോൾത്തന്നെ സ്ഥിതി വളരെ മോശമായിരുന്നതിനാലാണ്. കോഴിക്കോട് റിപ്പോർട്ട് ചെയ്ത കേസിൽ വളരെ പെട്ടെന്ന് ചികിത്സ ലഭ്യമാക്കിയതിന്റെ ഭാഗമായി അവരെല്ലാം സുഖം പ്രാപിക്കുകയുണ്ടായി. സർക്കാരിന്റെ സമയോചിതമായ ഇടപെടലിന്റെ ഫലമായി സാധാരണഗതിയിൽ വ്യാപിക്കാമായിരുന്ന കോളറ വ്യാപിച്ചിട്ടില്ലെന്നുള്ളത് ആരോഗ്യ വകുപ്പിന്റെ മാതൃകാപരമായ പ്രവർത്തനത്തെയാണ് കാണിക്കുന്നത്. ക്ലോറിനേഷൻ, ബോധവത്കരണം, ജാഗ്രതാ നിർദ്ദേശം, സൂക്ഷ്മ

നിരീക്ഷണം, സ്റ്റേറ്റ് ടീമിന്റെ സന്ദർശനം തുടങ്ങി എല്ലാ കാര്യങ്ങളും കൃത്യമായി നടത്തിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലം നേരത്തെ തന്നെ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നു. അവരുടെ ക്യാമ്പുകൾ സന്ദർശിച്ചിട്ടുണ്ട്. 1582 പ്രദേശങ്ങളാണ് സന്ദർശിച്ചത്. വേണ്ടത്ര ശുചിത്വമില്ലെന്നു ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 119 വാസസ്ഥലങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. ചില ക്യാമ്പുകളിലുള്ളവർ തുറസ്സായ സ്ഥലത്ത് മലവിസർജ്ജനം നടത്തുന്നതായും ഇവരെ ജോലിക്ക് കൊണ്ടുവരുന്ന മുതലാളിമാർ ശുചിത്വ പൂർണ്ണമായിട്ടുള്ള താമസ സൗകര്യം ഒരുക്കാത്തതുമായ പ്രശ്നങ്ങൾ ചില മേഖലകളിലുണ്ട്. ചിലയിടങ്ങളിൽ തൊഴിലാളികളെ തീരെ സൗകര്യങ്ങളില്ലാത്ത മുറികളിൽ തിങ്ങിപ്പാർപ്പിച്ചിരിക്കുന്നതായി കണ്ടു. ഇത്തരം വാസസ്ഥലങ്ങൾക്ക് ആരോഗ്യ വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്. അത്തരം പ്രദേശങ്ങളിൽ മെഡിക്കൽ ക്യാമ്പ് നടത്തിയും ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയും കോളറപോലുള്ള പകർച്ചാവ്യാധികൾ വ്യാപിക്കാതിരിക്കാനുള്ള ഇടപെടലുകൾ ആരോഗ്യ വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. അതുവഴി മരണനിരക്ക് കുറച്ചു കൊണ്ടുവരാനും സാധിച്ചിട്ടുണ്ട്. മരണത്തിന്റെ കണക്കും മറ്റും കഴിഞ്ഞ അസംബ്ലിയിൽ പറഞ്ഞതുകൊണ്ട് ഇവിടെ ആവർത്തിക്കുന്നില്ല. അതെല്ലാം ഇപ്പോൾ നിയന്ത്രണ വിധേയമായി എന്നതാണ് വസ്തുത.

ശ്രീ. പി. ടി. തോമസ്: അതിനുശേഷം മൂന്ന് മരണമുണ്ടായി.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ഇപ്പോൾ കുറവാണ്. ഇത് എല്ലാ മഴക്കാലത്തും കേരളത്തിലുണ്ടാകുന്നതാണ്. പകർച്ചവ്യാധികൾ ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ തുടങ്ങി മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ വളരെ കൂടുതലാകും. എന്നാൽ ഇത്തവണ മേയ് മാസം നന്നായി കൂടി, ജൂലൈ മാസത്തിൽ അല്പം കുറഞ്ഞു. ഓഗസ്റ്റ് മാസത്തിൽ നന്നായി കുറഞ്ഞിട്ടുണ്ട്, ഈ മാസം പുതിയതായി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. കഴിഞ്ഞ തവണ ഞാൻ പറഞ്ഞ കണക്കിൽ നിന്ന് വ്യത്യസ്തമായി രണ്ട് മരണം മാത്രമാണ് കൂടുതലായി ഡെങ്കിപ്പനിയുടെ ഭാഗമായി ഉണ്ടായിട്ടുള്ളത്. എച്ച്1 എൻ1-ന്റെ ഭാഗമായും ബാക്കി പനികളിലൊന്നും കൂടുതൽ മരണങ്ങൾ പിന്നീടുണ്ടായിട്ടില്ല. കഴിഞ്ഞ ദിവസമാണ് അസംബ്ലിയിൽ ഇതിന്റെ ഉത്തരം പറഞ്ഞത്. അതിന്റെ വിശദാംശങ്ങൾ എന്റെ കയ്യിൽ ഇപ്പോഴുമുണ്ട്. സമയമില്ലാത്തതുകൊണ്ട് വായിക്കുന്നില്ല. വളരെ നല്ല ഇടപെടൽ നടത്തിയതിന്റെ ഭാഗമായി പകർച്ചവ്യാധികൾ നിയന്ത്രണവിധേയമായിട്ടുണ്ട്.

ചികിത്സ ലഭ്യമാകാതെ തമിഴ്നാട് സ്വദേശിയായ മുരുകൻ മരിച്ചതിനെ കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഖേദകരമായ ഒരു സംഭവമാണ്. കൊല്ലം ചാത്തന്നൂർ പോലീസ് സ്റ്റേഷന്റെ പരിധിയിലുള്ള ഇത്തിക്കര പാലത്തിന് സമീപത്താണ് മുരുകന് അപകടമുണ്ടായത്. പരിസര പ്രദേശത്തുള്ള കുറേ സ്വകാര്യ ആശുപത്രികളിലാണ് ആദ്യം പ്രവേശിപ്പിച്ചത്. പ്രാഥമിക ശുശ്രൂഷ ലഭിക്കാത്തതിന്റെ ഭാഗമായാണ് മുരുകൻ മരണപ്പെടാനിടയായതെന്നാണ് മനസ്സിലായിട്ടുള്ളത്. മുരുകനെ ആദ്യം കൊണ്ടുപോയത് കൊട്ടിയം കിംസ് ആശുപത്രിയിലായിരുന്നു. അവിടെ പ്രാഥമിക

ശുശ്രൂഷ ലഭിക്കാത്തതിനാൽ പിന്നീട് അയത്തിൽ മെഡിട്രീന ഹോസ്പിറ്റലിൽ കൊണ്ടുപോയി. അവിടെയും മുരുകനെ പ്രവേശിപ്പിച്ചില്ല. പിന്നീട് കൊല്ലം മെഡിസിറ്റി ആശുപത്രിയിലാണ് കൊണ്ടുപോയത്. അവിടെയും പ്രാഥമിക ചികിത്സ ലഭ്യമായില്ല. അവസാനം രാത്രിയോടുകൂടി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്തിച്ചപ്പോഴേയ്ക്കും ക്രിട്ടിക്കലായിട്ടുള്ള ഒരു സ്റ്റേജിലായിരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡോക്ടർമാർ ആംബുലൻസിൽ വന്ന് പേഷ്യന്റിനെ നോക്കി, അഡ്മിറ്റ് ചെയ്യാൻ നല്ല രീതിയിലുള്ള ഐ.സി.യു. വേണം. സാധാരണ ഐ.സി.യു. പോരാ, അത്രയും ക്രിട്ടിക്കൽ സ്റ്റേജിലായിരുന്നു. എന്നാൽ അവിടത്തെ ഐ.സി.യു. വെന്റിലേറ്ററിലുണ്ടായിരുന്ന പേഷ്യന്റ്സിനെ യാതൊരു കാരണവശാലും മാറ്റാൻ കഴിയുമായിരുന്നില്ല. രോഗിയുടെ കണ്ടീഷൻ അനുസരിച്ച് ആംബുലൻസിലുള്ള വെന്റിലേറ്ററിനെക്കാൾ മികച്ച ഒരു ചികിത്സാ സംവിധാനം കൊടുക്കാൻ സാധിക്കുമായിരുന്നില്ല. അതിനെക്കാൾ ഉയർന്ന രീതിയിലുള്ള വെന്റിലേറ്റർ സംവിധാനം കൊടുക്കാൻ കഴിയാത്തത് ആ വെന്റിലേറ്ററിലെല്ലാം ഗുരുതരാവസ്ഥയിലുള്ള പേഷ്യന്റ്സുണ്ടായിരുന്നു എന്നുള്ളതു കൊണ്ടാണ്. കൂടെ വന്ന ആളുകളോട് അക്കാര്യം ഡോക്ടർമാർ പറയുകയും ചെയ്തു. ഒ.പി. ടിക്കറ്റ് എടുത്ത് അഡ്മിറ്റ് ചെയ്യാൻ കാത്തുനിൽക്കാതെ അവർ ഉടൻ തന്നെ മറ്റ് ആശുപത്രികളിലേയ്ക്ക് കൊണ്ടുപോകുന്ന അവസ്ഥയാണുണ്ടായത്. പ്രാഥമികമായി എത്തിച്ചേർന്ന ആശുപത്രികളിൽ ഗുരുതരമായ വീഴ്ചയുണ്ടായിട്ടുള്ളതായിട്ടാണ് കാണുന്നത്. 1988-ലെ പ്രത്യേക കോടതി വിധിയും നമ്മുടെ നാട്ടിലെ നിയമവുമെല്ലാം വച്ച് ഗുരുതരാവസ്ഥയിൽ വരുന്ന ഒരു രോഗിക്ക് പ്രാഥമിക ശുശ്രൂഷ നൽകാൻ ആശുപത്രികൾക്ക് ഉത്തരവാദിത്വമുണ്ട്. ആ ഉത്തരവാദിത്വം നിർവ്വഹിച്ചില്ല എന്ന് കാണുന്നുണ്ട്. കൊല്ലം ചാത്തന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ ഇത്തിക്കര പാലത്തിന് സമീപം വച്ച് 6-8-2017-ന് രാത്രിയിലുണ്ടായ റോഡപകടത്തിൽ പരിക്കേറ്റ തിരുനെൽവേലി സ്വദേശി മുരുകന് ചികിത്സ നിഷേധിച്ചതുമായി ബന്ധപ്പെട്ട് ആശുപത്രി അധികൃതർക്കെതിരെ കൊട്ടിയം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതായി ആഭ്യന്തര വകുപ്പിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. പരിക്കേറ്റ് മുരുകൻ മരിക്കാനിടയായ സംഭവത്തിൽ ചാത്തന്നൂർ പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 279, 337, 338, 304(A) വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് മെഡിക്കൽ ഭാഗത്തുനിന്നുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിശോധിക്കുന്നതിന് ഒരു മെഡിക്കൽ ടീമിനെ നിശ്ചയിച്ച് വകുപ്പുതലത്തിലും അന്വേഷണം നടത്തിവരുന്നുണ്ട്. ഇതെല്ലാം വ്യക്തമാകയാൽ അടിയന്തരപ്രമേയം ആയതിനാൽ ഈ വിഷയം സഭ നിറുത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്ന് സൂചിപ്പിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇവിടെ പറഞ്ഞത് വസ്തുതകൾക്ക് വിരുദ്ധമാണെന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്. അങ്ങ് ഇവിടെ പറഞ്ഞത് എല്ലാ കാര്യങ്ങളും നിയമസഭാ ചോദ്യത്തിന് മറുപടിയായി പറഞ്ഞിട്ടുണ്ടെന്നാണ്. 7-8-2017-ന് ശ്രീ. സി. മമ്മൂട്ടി, ശ്രീ. കെ. എം. ഷാജി, ശ്രീ. റ്റി. എ. അഹമ്മദ് കബീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നിവരുടെ ചോദ്യത്തിന് അങ്ങ് പറഞ്ഞ മറുപടി

കാലാവസ്ഥാ വ്യതിയാനം, താപനിലയിലുണ്ടാകുന്ന വർദ്ധനവ് എന്നിവയാണ് പനി പടരാനുള്ള പ്രധാനപ്പെട്ട കാരണമെന്നാണ്. കേരളത്തിലെ ജനങ്ങളോടല്ലേ നമ്മൾ പറയുന്നത്. താപനിലയിലുണ്ടാകുന്ന വ്യതിയാനവും കാലാവസ്ഥ വ്യതിയാനവുമാണ് കേരളത്തിലെ പനി മരണത്തിന്റെ കാരണമെന്നും അതുകൊണ്ടാണ് പകർച്ചവ്യാധികൾ വന്നതെന്നും പറയുമ്പോൾ തമിഴ്നാട്ടുകാർ നമ്മളെ കളിയാക്കില്ലേ. ഇതേ താപനിലയും കാലാവസ്ഥയുമല്ലേ അവിടെയുമുള്ളത്. കാലാവസ്ഥ വ്യതിയാനമെന്ന് പറയുന്നത് തിരുവനന്തപുരം പട്ടണത്തിൽ മാത്രമായി ഉണ്ടാകുന്നതാണെന്ന രൂപത്തിൽ അങ്ങ് പറഞ്ഞത് ശരിയായില്ല. പനി മരണം എത്രയുണ്ടായി എന്നുള്ള ശ്രീ. വി. എസ്. ശിവകുമാർ, കെ.എസ്. ശബരീനാഥൻ, കെ. മുരളീധരൻ, അൻവർ സാദത്ത് എന്നീ അംഗങ്ങളുടെ ചോദ്യത്തിന് ഉത്തരമില്ല. 190-ാം നമ്പർ ചോദ്യത്തിനും ഉത്തരമില്ല. ഇതേ രൂപത്തിലുള്ള ശ്രീ. പാറക്കൽ അബ്ദുല്ലയുടെ 191-ാം നമ്പർ ചോദ്യത്തിനും ശ്രീമതി വീണാ ജോർജ്ജിന്റെ 192-ാം നമ്പർ ചോദ്യത്തിനും മറുപടിയില്ല. അങ്ങ് ഇവിടെ ഉത്തരം പറഞ്ഞുവെന്ന് സൂചിപ്പിച്ചു. ആ വസ്തുത മറച്ചുവച്ചത് ശരിയായില്ല, അങ്ങ് ഇവിടെ ഉത്തരം പറഞ്ഞിട്ടില്ല. ഒന്നുകിൽ നിയമസഭയിൽ ഉത്തരം കൊടുക്കുന്ന കാര്യത്തിൽ വളരെ തന്ത്രപൂർവ്വമായ സമീപനം എടുത്തു. അല്ലെങ്കിൽ ഇക്കാര്യം ഓർത്തില്ലായെന്ന് പറഞ്ഞു നിയമസഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചുവെന്ന പ്രിവിലേജും മറുഭാഗത്ത് നിൽക്കുകയാണ്. ഇന്നലെ നിയമസഭയിൽ സമർപ്പിച്ച നിയമസഭാ കമ്മിറ്റിയുടെ ആദ്യ റിപ്പോർട്ടിൽ പറയുന്നത് ഈ വർഷം ജനുവരി മുതൽ 14,00,000-ത്തോളം പേർ ആശുപത്രിയിൽ പനിക്കോ അനുബന്ധ രോഗങ്ങൾക്കോ ആയി ചികിത്സ തേടി വന്നിട്ടുണ്ടെങ്കിലും അതിൽ നല്ലൊരു ശതമാനം വൈറൽ ഫിവറാണ്. Vector-borne diseases-ൽ ഏറ്റവും ബുദ്ധിമുട്ട് ഉണ്ടാക്കിയത് ഡെങ്കിപ്പനിയാണെന്നും ഡെങ്കിപ്പനി ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്തത് തിരുവനന്തപുരം ജില്ലയിലാണെന്നുമാണ് ആരോഗ്യ വകുപ്പ് അധികൃതർ അറിയിച്ചത്. ആരോഗ്യ വകുപ്പിന്റെ കെടുകാര്യസ്ഥതയാണ് പനി പടരാനുള്ള പ്രധാനപ്പെട്ട കാരണമായി പറയുന്നത്. ആരോഗ്യ വകുപ്പിനെ തന്നെ കുറ്റപ്പെടുത്തിക്കൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്.

ഡെങ്കിപ്പനി, എച്ച്1 എൻ1, എലിപ്പനി, മഞ്ഞപ്പിത്തം, ടൈഫോയിഡ്, ഡിഫ്ത്തീരിയയും മറ്റ് പകർച്ചവ്യാധികൾ സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങളും അവമൂലം ഉണ്ടാകുന്ന മരണകാരണങ്ങളും കേരള ജനതയുടെ മനസ്സിൽ ഭീതിയുടെ വിത്ത് വിതറിയിരിക്കുന്നുവെന്നാണ് ഇന്നലെ ഇവിടെ സമർപ്പിച്ച റിപ്പോർട്ടിനകത്തുള്ളത്. ഇതെല്ലാം രാഷ്ട്രീയമായി പറയുന്നതാണെന്ന് അങ്ങ് ഇവിടെ പറഞ്ഞു. അതല്ലെന്നാണ് ഞങ്ങളുടെ വിമർശനം. പ്രതിപക്ഷത്താണെന്നുള്ള രൂപത്തിൽ നേരത്തെയും പറഞ്ഞു. ഇപ്പോഴും അതിന്റെ ചുവടുപിടിച്ചുകൊണ്ട് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. മാതൃഭൂമിയുടെ 'ആരോഗ്യ മാസികയിൽ' മുൻ വൈസ് ചാൻസലർ ഡോ. ബി. ഇക്ബാൽ എഴുതിയ ലേഖനമുണ്ട്. പകർച്ചവ്യാധി നിയന്ത്രണത്തിൽ കേരളത്തിന് മൈനസ് മാർക്കെന്നാണ്

അദ്ദേഹം ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. ഡോ. ബി. ഇക്ബാലിനെ അങ്ങേയ്ക്ക് അറിയില്ലേ. അദ്ദേഹത്തിന്റെ രാഷ്ട്രീയ ചായ്‌വ് ഞാൻ പറയുന്നതേയില്ല. അങ്ങേയ്ക്ക് എല്ലാ കാര്യങ്ങളും അറിയാവുന്നതാണല്ലോ. എന്നിട്ടും അദ്ദേഹത്തിന് പോലും സഹിക്കാൻ കഴിയാത്ത രൂപത്തിലാണ് പകർച്ചവ്യാധികൾ ഇവിടെ പെരുകുന്നത്. അത് നിയന്ത്രിക്കുന്നതിനുവേണ്ടി നടപടിയെടുത്തിട്ടില്ലായെന്നുള്ളത് വളരെ പ്രതിഷേധാർഹമാണെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഡെങ്കിപ്പനി, മലേറിയ, എലിപ്പനി, കോളറ, മഞ്ഞപ്പിത്തം, എച്ച്1 എൻ1 എന്നിവയുൾപ്പെടെ കേരളം ഒരുകാലത്ത് പടിയിറക്കിവിട്ട എല്ലാ അസുഖങ്ങളും മടങ്ങിവരികയാണ്. ഡെങ്കിപ്പനിക്ക് കൊടുക്കുന്ന മരുന്ന് ഐ.വി. ഫ്ലൂയിഡ് മാത്രമാണ്. ഐ.വി. ഫ്ലൂയിഡ് കുത്തിവച്ചാൽ അസുഖം ഭേദമാകുമോ? അതിനുവേണ്ടിയുള്ള എന്തെങ്കിലും മരുന്ന് ഈ സർക്കാർ നിഷ്കർഷിക്കണ്ടേ; എന്തെങ്കിലും നടപടിയുണ്ടായിട്ടുണ്ടോ? കോളറ കേരളത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. കോളറയെ പ്രതിരോധിക്കാൻ അങ്ങ് ചെയ്തിട്ടുള്ള ഏക നടപടിയെന്ന് പറയുന്നത് പരസ്യം കൊടുക്കുക മാത്രമാണ്. 'കോളറ മുൻകരുതൽ ജാഗ്രത' എന്ന് പറയുന്ന പരസ്യം ഇന്നത്തെ പത്രത്തിൽ കൊടുത്തിട്ടുണ്ട്. പരസ്യം വായിച്ചാൽ കോളറ പോകുമോ? കോളറ പിടിപ്പെട്ടാൽ മരുന്ന് കൊടുക്കാനുള്ള നടപടി വേണ്ടേ; അങ്ങ് ഇപ്പോൾ പറഞ്ഞുവന്നത് എന്താണ്?

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് ഇങ്ങോട്ട് നോക്കി പറയുന്നതല്ലേ ഉചിതം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എനിക്ക് അങ്ങയോട് സ്നേഹമുള്ളതുകൊണ്ട് അങ്ങോട്ട് നോക്കി പറയണ്ടായെന്ന് വിചാരിച്ചതാണ്. അങ്ങ് നിർബന്ധിക്കുകയാണെങ്കിൽ അങ്ങോട്ട് നോക്കി പറയാം. കാരണം അങ്ങയുടെ മുഖത്തുനോക്കി പറയാനുള്ള ത്രാണി എനിക്കില്ല. എന്നാലും നമുക്ക് ഇത് പറയാതിരിക്കാൻ പറ്റുമോ?

കോളറയ്ക്ക് പരസ്യം നൽകുന്നതിനായി വിനിയോഗിച്ച പണം ഉപയോഗിച്ച് പാവങ്ങൾക്ക് മരുന്ന് കൊടുത്തിരുന്നെങ്കിൽ അസുഖം മാറുമായിരുന്നില്ലേ; അതിന് എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ; ഒരു നടപടിയും എടുത്തിട്ടില്ല. സംസ്ഥാനത്ത് പനി പടർന്നതുമൂലം വ്യാപകമായി മരണമുണ്ടായി. മരണത്തിന്റെ കണക്ക് എന്തിനാണ് മറച്ചുവയ്ക്കുന്നത്. ഡെങ്കിപ്പനി - 222, എച്ച്1 എൻ1 - 80, വൈറൽ ഫിവർ - 72, കോളറ -3 ഉൾപ്പെടെ 700 പേർ മരിച്ചുവെന്ന് ഗവൺമെന്റ് ഭംഗ്യന്തരേണ പറയുന്നുണ്ട്. ഗവൺമെന്റ് ആശുപത്രിയിലെ കണക്കാണ് പറഞ്ഞത്. സ്വകാര്യ ആശുപത്രികളുടെ കണക്ക് ഇതിനപ്പുറത്താണ്. ആശുപത്രികളിൽ പോകാതെ വീട്ടിൽ കിടന്ന് മരിച്ചവരുടെ എണ്ണം വേറെയാണ്. ഇതെല്ലാംകൂടി ചേർന്നാൽ കേരളത്തിൽ 1000-ൽ അധികം ആളുകൾ പനിമൂലം മരിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിൽ നടന്ന മരണം റിപ്പോർട്ട്

ചെയ്യുണ്ടായെന്ന് ഡി.എം.ഒ.-മാരെ വിളിച്ച് പ്രത്യേകം പറഞ്ഞിരിക്കുകയാണ്. നിയമസഭ കഴിയുന്നതുവരെയെങ്കിലും മരണം റിപ്പോർട്ട് ചെയ്യുണ്ടായെന്നുള്ള നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ഡെങ്കിപ്പനി, മലേറിയ, കോളറ തുടങ്ങിയ സാംക്രമിക രോഗങ്ങളിൽപ്പെട്ടവരുടെ ഔദ്യോഗിക കണക്കെന്ന് പറയുന്നത് 26,49,773 ആണ്. സ്വകാര്യ ആശുപത്രികളിൽ നടന്ന മരണങ്ങളുംകൂടി ചേർത്താൽ കേരളത്തിൽ മൊത്തം 50 ലക്ഷത്തിലധികം ആളുകൾക്ക് പനിബാധിച്ചിട്ടുണ്ട്. പനിക്കെതിരെ ഒരു നടപടിയും ഉണ്ടായിട്ടില്ല. പനിമരണം രൂക്ഷമായ സമയത്ത് ഗവൺമെന്റിന് ചെയ്യാവുന്ന നടപടിയുണ്ടായിരുന്നു. നഴ്സുമാർ സമരം നടത്തിയപ്പോൾ ഹൈക്കോടതി ഇടപെട്ടില്ലേ; ഗവൺമെന്റ് പ്രോപ്പറായി നടപടിയെടുത്തിരുന്നുവെങ്കിൽ അവരെ ചികിത്സയ്ക്കുവേണ്ടി വിനിയോഗിക്കാൻ കഴിയുമായിരുന്നില്ലേ; ഗവൺമെന്റ് കയ്യുംകെട്ടി നിന്നു. അതിനുശേഷം അവർ പ്രസ്താവനയിറക്കി. സമരം നടത്തിക്കൊണ്ടിരിക്കുന്ന നഴ്സുമാർക്ക് അനുകൂലമാണ് ഞങ്ങളുടെ മനസ്സെന്ന് പറഞ്ഞുകൊണ്ട് ആ മനസ്സിലിരുപ്പ് പ്രകടിപ്പിച്ചു. പക്ഷെ സമരം തീർക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടായില്ല. ഏത് പ്രശ്നത്തിനും അതിന്റേതായൊരു പരിഹാരമുണ്ടാകും. അതിനുവേണ്ടി കാത്തുനിന്നു. ആ പരിഹാരത്തിലേയ്ക്ക് എത്തുന്നതുവരെ ഗവൺമെന്റ് അനങ്ങാതെ നിന്നു എന്നുള്ളതല്ലേ യഥാർത്ഥ വിഷയം. ഒരു ദിവസം 25000-30000 വരെ രോഗികൾ ആശുപത്രികളിൽ ചികിത്സ തേടി എത്തുകയാണ്. പതിനായിരത്തിലധികം ആളുകൾക്ക് എച്ച്1 എൻ1 ബാധിച്ചിട്ടുണ്ട്. ഇതിൽ 80-ഓളം പേർ മരിച്ചുവെന്ന് പറഞ്ഞിട്ടും നമ്മുടെ മനസ്സ് തുറക്കുന്നില്ലായെന്നുള്ളത് വളരെ ദുഃഖകരമാണ്.

ആലപ്പുഴ കഞ്ഞിക്കുഴി പഞ്ചായത്തിൽ താമസിച്ചിരുന്ന ലോറി ഡ്രൈവറായിരുന്ന ജയപ്രസാദ് മരണപ്പെട്ടു. അതിനെത്തുടർന്ന് പാർട്ടി പത്രമായ ദേശാഭിമാനിയിൽ വന്ന വാർത്ത 'ജയപ്രസാദ് മരിച്ചത് പനി കൊണ്ടല്ല, മദ്യപാനം അവസാനിപ്പിച്ചതു കൊണ്ടുണ്ടായ withdrawal syndrome കൊണ്ടാണ്' എന്നാണ്. അദ്ദേഹത്തിന്റേത് പാർട്ടി കുടുംബമായിരുന്നു. ദേശാഭിമാനി പത്രത്തിൽവന്ന ഈ നീചമായ വാർത്തയോട് ഞങ്ങൾ യോജിക്കുന്നതേയില്ലെന്നാണ് അദ്ദേഹത്തിന്റെ കുടുംബക്കാർ പറഞ്ഞത്. ലോക്കൽ കമ്മിറ്റി സെക്രട്ടറി പാർട്ടി വിട്ടുപോകുന്ന സാഹചര്യമുണ്ടായി. എന്തിനാണ് ഈ വ്യാജ പ്രചരണം? നാട്ടിൽ പനി വന്നുകഴിഞ്ഞാൽ അത് അവസാനിപ്പിക്കുന്നതിനുള്ള നടപടിയെടുക്കണ്ടേ? ഈ മരിച്ച വ്യക്തിയുടെ ജ്യേഷ്ഠൻ ബിബിൻ ബ്രാഞ്ച് സെക്രട്ടറിയായിരുന്നു. അദ്ദേഹം പാർട്ടിയുമായുള്ള ബന്ധവും വിച്ഛേദിച്ചു. ബഹുമാനപ്പെട്ട മന്ത്രി ഞങ്ങൾക്ക് തന്ന ഒരു കത്തുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത്, പനി മരണം ഒഴിവാക്കുന്നതിനുവേണ്ടി സ്കൂളുകൾക്കും ആശുപത്രികൾക്കും കത്തെഴുതി എന്നാണ്. കത്തെഴുതിയാൽ പനി മാറുമോ? ഈ വിഷയം കൈകാര്യം ചെയ്യുന്ന രീതിയിൽ മുഖ്യമന്ത്രിതന്നെ അസംതൃപ്തി രേഖപ്പെടുത്തിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

പനി മാറുന്നതുവരെയെങ്കിലും നമ്മുടെ നാട്ടിലെ ജീവനക്കാരുടെ സ്ഥലംമാറ്റം ഒഴിവാക്കിക്കൂടേ? എഴുന്നൂറിലധികം ആളുകളെയാണ് ഒറ്റയടിക്ക് മാറ്റിയത്. പനി വ്യാപകമാകുന്നതിന്റെ ഇടയിലാണ് ഈ അത്യാഹിതമുണ്ടാക്കുന്നത്. പനിയെ നേരിടുന്നതിനുപകരം രാഷ്ട്രീയ വൈരാഗ്യം തീർക്കുന്നതിനുവേണ്ടി ഈ സമയത്ത് നടപടിയെടുക്കുന്നത് ശരിയാണോ? അതുകൊണ്ട് ജീവനക്കാർ അവരുടേതായ മാർഗ്ഗത്തിൽ പോയിട്ടുണ്ടാകാം. ഗവൺമെന്റ് എടുത്ത ഈ നടപടി ശരിയല്ല. യഥാർത്ഥത്തിൽ ഈ പ്രശ്നം ലഘൂകരിക്കുന്നതിനുവേണ്ടിയാണ് ശ്രമിക്കുന്നത്.

ചിക്കൻഗുനിയ വന്നപ്പോൾ ഒരുകാലത്ത് അങ്ങ് പറഞ്ഞത് ഞാൻ ഓർക്കുകയാണ്. 'ചിക്കൻഗുനിയ വന്നത് പഴയ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഈച്ച വന്ന് കുത്തിയതാണ്. ആ ഈച്ചയാണ് ഈ കുഴപ്പമുണ്ടാക്കിയത്' എന്നുപറഞ്ഞ പഴയ ഒരു തമാശ ഞാൻ ഓർക്കുകയാണ്. ഏതായാലും അങ്ങ് ഇപ്പോൾ ഇതു പറയാത്തത് നന്നായി. അതുകൂടി പറയാനായിരിക്കും എഴുന്നേൽക്കുന്നത്. ഏതായാലും അതെങ്കിലും പറയാതെ വിട്ടാൽ മതി. യു.ഡി.എഫ്. ഭരണ കാലത്തെ മരണം, ഈ ഭരണ കാലത്തെ മരണം എന്ന രണ്ട് ആർഗ്യുമെന്റാണ് ഇവിടെയുള്ളത്. മരണത്തിന്റെ കണക്ക് കാലൻ എടുക്കും. നമ്മൾ അതിന് പോകണ്ട.

മുരുകന്റെ മരണത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. മുരുകന്റെ മരണം ദാരുണമാണ്. അങ്ങ് ഇവിടെ പറഞ്ഞ കാര്യം ശരിയാണെങ്കിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമായി ശ്രീമതി അജിതാ ബീഗത്തെ ചുമതലപ്പെടുത്തി കേസ് അന്വേഷണം നടത്തുകയും തിരുവനന്തപുരം മെഡിക്കൽ കോളേജിനെതിരെ കേസ്സെടുക്കുകയും ചെയ്തില്ലേ? തിരുവനന്തപുരം മെഡിക്കൽ കോളേജ് അങ്ങയുടെ മൂക്കിന് താഴെയല്ലേ; അങ്ങനെ കേസെടുത്തപ്പോൾ vicarious liability ആർക്കാണ്. അവിടെ വെന്റിലേറ്റർ ഇല്ലായെന്ന് പറഞ്ഞു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 81 വെന്റിലേറ്ററുകളാണുള്ളത്. അതിൽ മെഡിക്കൽ കോളേജ് പഴയ വിംഗിൽ 52 വെന്റിലേറ്ററും സൂപ്പർ സ്പെഷ്യാലിറ്റിയിൽ 20 വെന്റിലേറ്ററും പോർട്ടബിൾ വെന്റിലേറ്റർ 9 എണ്ണവുമുണ്ട്. ഇതിൽ 26 എണ്ണം പ്രവർത്തിക്കുന്നില്ല. യുദ്ധകാലാടിസ്ഥാനത്തിൽ ഇവിടെ എല്ലാ കാര്യങ്ങളും നോക്കുന്നുവെന്ന് അങ്ങ് പറഞ്ഞു. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പ്രവർത്തിക്കാത്ത 26 വെന്റിലേറ്റർ എന്തുകൊണ്ട് പ്രവർത്തിക്കുന്നില്ലെന്നും എന്തുകൊണ്ട് അതിനുള്ള നടപടി എടുത്തില്ലെന്നുമുള്ള ചോദ്യം ഈ നിമിഷംവരെ അവിടത്തെ സൂപ്രണ്ടിനോട് ചോദിച്ചിട്ടുണ്ടോ? എന്നിട്ടും യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടിയെന്ന് പറയുന്നു. പനികൊണ്ട് വിറങ്ങലിച്ച് നിൽക്കുന്ന ജനങ്ങൾക്ക് ആശ്വാസം പകരുന്നതിനു പകരം അത് കൂടുതൽ അധികരിക്കുന്നതിനുവേണ്ടിയുള്ള സമീപനമാണ് ഈ ഗവൺമെന്റ് എടുക്കുന്നത്. ഇന്ന് രാവിലെ ഏഷ്യാനെറ്റിൽ ഒരു വാർത്തയുണ്ടായിരുന്നു. നിങ്ങൾ അത് കണ്ടിട്ടുണ്ടാകും.

മി. സ്പീക്കർ: ചർച്ച ചെയ്യണമെന്ന് പറഞ്ഞ് അവസാനിപ്പിക്കു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ചർച്ച ചെയ്യുകയാണെങ്കിൽ സന്തോഷമായി. ചർച്ച വേണ്ടെന്ന് പറഞ്ഞതുകൊണ്ടാണ് ഞാൻ ഇത് പറയാനിടയായത്. അല്ലെങ്കിൽ 12.00 മണി വരെ ഞങ്ങൾ കാത്തിരിക്കുമായിരുന്നു. ചർച്ചയുണ്ടെങ്കിൽ ഇപ്പോൾ ഞാൻ നിർത്താം.

മി. സ്പീക്കർ: ദയവായി കൺക്ലൂഡ് ചെയ്യൂ. 13 മിനിട്ട് ആയി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ജീവൻ തന്നെ നഷ്ടപ്പെട്ട പാവപ്പെട്ടവരുടെ കാര്യത്തിൽ 13 മിനിട്ട് ഒരു പ്രശ്നമാണോ? അല്ലെങ്കിൽതന്നെ 13 എന്നുള്ളത് ശരിയായ നമ്പരുമല്ല. ആ നമ്പർ അശുഭ ലക്ഷണമാണ്. ഞാൻ പറഞ്ഞുവന്നത് വളരെ തെറ്റായതും നിഷ്ക്രിയവുമായ രൂപത്തിൽ കേരളത്തിലെ ആരോഗ്യ വകുപ്പിനെ പിടിച്ച് താഴ്ത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്കൊരു അഭ്യർത്ഥനയുണ്ട്. ചില നടപടികളോട് അങ്ങ് വിയോജിച്ചുവെന്ന് പറഞ്ഞു കൊണ്ടാണ് ഞാൻ ഈ അഭ്യർത്ഥന വയ്ക്കുന്നത്. പനി മാറുന്നതുവരെയെങ്കിലും ദയവായി അങ്ങ് ഈ വകുപ്പ് ഏറ്റെടുത്ത് കേരളീയരെ രക്ഷിക്കണം. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഒരു കാര്യവുമില്ലാതെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എത്ര ആളുകളെയാണ് ഈ സഭാതലത്തിൽ കൊന്നുകളഞ്ഞത് എന്നതിലാണ് എനിക്ക് ഖേദം. ആയിരത്തിലേറെ മരണമെന്നാണ് അദ്ദേഹം പറഞ്ഞത്. കേരളത്തിൽ ഈ പനിക്കാലത്ത് അങ്ങനെ ഉണ്ടായിട്ടില്ല. എല്ലാ വർഷവും സാധാരണ മരിക്കുന്നതെല്ലാംകൂടി കൂട്ടിച്ചേർത്താലും 420 മരണങ്ങളാണ് ഉണ്ടായിട്ടുള്ളത്. എച്ച് 1 എൻ 1 പനി ബാധിച്ച് 74 ആളുകളും ഡെങ്കു ഫിവറിന്റെ ഭാഗമായി 24 ആളുകളും മരണപ്പെട്ടിട്ടുണ്ട്. എന്നാൽ കുരങ്ങുപനി പോലെയുള്ള പനികൾ ഇത്തവണ ഉണ്ടായിട്ടില്ല. തിരുവനന്തപുരത്തും ചില ജില്ലകളിലും കുറച്ച് കൂടുതലായി ഡെങ്കു ഫിവർ ഉണ്ടായിട്ടുണ്ടെങ്കിലും പല ജില്ലകളിലും ഇത്തവണ ഡെങ്കു ഫിവർ ഉണ്ടായിട്ടില്ല. പല ജില്ലകളിലും ഇതു നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആയിരത്തിലേറെ മരണമെന്ന് മാത്രമല്ല ആരോഗ്യ വകുപ്പിന് യാതൊരു കണക്കുമില്ലെന്നാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്. കൃത്യമായി എല്ലാ ചോദ്യത്തിനും ഈ സഭാതലത്തിൽ തന്നെ മറുപടി കൊടുത്തിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എല്ലാത്തിനും മറുപടി കിട്ടിയിട്ടില്ല.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, നിങ്ങളുടെ പ്രിവിലേജ് എല്ലാം മൂവ് ചെയ്തോ. അത് എന്റെ കയ്യിൽ കിട്ടിയാൽ ഞാൻ അതിന് മറുപടി പറയാം. യാതൊരു കണക്കിനും അടിസ്ഥാനമില്ലാതായിട്ടില്ല. ഈ പനിക്കാലത്തെ കണക്ക് ശേഖരിക്കുന്നതിൽ ഇതുവരെയില്ലാത്ത രീതിയിൽ കാര്യക്ഷമമായി പ്രവർത്തിച്ചു. അന്നന്നുള്ള പനിയുടെ കണക്ക് റിപ്പോർട്ട് ചെയ്യാൻവേണ്ടി മന്ത്രിയുടെ ഓഫീസിൽ ഒരു പ്രത്യേക സെൽ ഉണ്ടായിരുന്നു. ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ ഓഫീസുമായി ബന്ധപ്പെട്ട്

സൗകര്യമുണ്ടായിരുന്നു. ഹെൽത്ത് ഡയറക്ടറുടെ ഓഫീസിൽ എല്ലാ ജില്ലകളിൽ നിന്നും അതത് ദിവസത്തെ പനിയും പനിമരണങ്ങളും റിപ്പോർട്ട് ചെയ്ത് കിട്ടാറുണ്ടായിരുന്നു. അതാത് ദിവസം തന്നെ ഈ കണക്കുകൾ പ്രസിദ്ധപ്പെടുത്തുകയാണ്. ഈ കണക്കുകളെല്ലാം മാധ്യമങ്ങൾക്കും കൊടുത്തിട്ടുണ്ട്. 2016 ആഗസ്റ്റ് മാസം 3 വരെയുള്ള കണക്കും അവസാനത്തെ കണക്കും എന്റെ കയ്യിലുണ്ട്. കഴിഞ്ഞ തവണ ഈ സഭയിൽ പറഞ്ഞ ഉത്തരമാണിത്. 2207320 (ഇരുപത്തിരണ്ട് ലക്ഷത്തി ഏഴായിരത്തി മൂന്നൂറ്റി ഇരുപത്) പേർക്ക് വൈറൽ പനി ബാധിച്ചിരുന്നു എന്നുള്ളത് വസ്തുതയാണ്. ഇത് ആദ്യമായിട്ടൊന്നുമല്ല. കണക്കുപറഞ്ഞ് യു.ഡി.എഫ്.-നെ തോൽപ്പിക്കാനൊന്നുമല്ല ഞാൻ ഇത് പറയുന്നത്. 'ഒരു മാസത്തിൽ രണ്ട് ലക്ഷത്തിലധികം പേർക്ക് പനി, ഡോക്ടർമാരുടെ ഒഴിവ് ആയിരത്തോളം' ഇത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുള്ളതാണ്. ദയവായി ക്ഷമിക്കണം. നിങ്ങളെ പറഞ്ഞ് തോൽപ്പിക്കാൻവേണ്ടി പറയുന്നതല്ല. പനിക്കാലത്തുവന്ന വാർത്തകൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മറന്നുപോയതുകൊണ്ട് ഓർമ്മിപ്പിച്ചു എന്നേയുള്ളൂ. 'ഈ മാസം പനിയിൽ വിറച്ച് കേരളം, ഡെങ്കിക്കും മലേറിയയ്ക്കും ശമനമില്ല' - ഇത് 2014-ലെ വാർത്തയാണ്. 'ഈ മാസം രണ്ടര ലക്ഷത്തിലധികം ആളുകൾക്ക് പനി ബാധിച്ചു'. .....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്....... പ്ലീസ്

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ ഇത് പറയുമ്പോൾ കേൾക്കാൻ തയ്യാറാകണം. എന്നോട് ഇത്രയുംനേരം പറഞ്ഞപ്പോൾ ക്ഷമയോടെ ഞാൻ കേട്ടല്ലോ. 'പനിക്ക് പിന്നാലെ കോളറയും. കുത്തഴിഞ്ഞ് ആരോഗ്യ കേരളം' - ഇതും 2014-ലെ വാർത്തയാണ്. ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ ഈ പേപ്പർ എടുത്ത് പരിശോധിക്കാം. 'പകർച്ചവ്യാധി ബാധിതരുടെ എണ്ണം സർവ്വകാല റെക്കോർഡിലേയ്ക്ക് ' - ഇത് 2013-ലെ പത്രവാർത്തയാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇതൊന്നും മറന്നു പോകരുത്. 'ഇടുക്കിയിൽ 101 പേർക്ക് ഡെങ്കിപ്പനി-ഇത് 2015-ലെ പത്രവാർത്തയാണ്. നല്ല ഇടപെടലിന്റെ ഭാഗമായി ഇത്തവണ ഇടുക്കിയിൽ ആർക്കും ഡെങ്കിപ്പനിയും, ഡെങ്കിപ്പനി മരണങ്ങളുമുണ്ടായിട്ടില്ല. അതിൽ ആരോഗ്യ വകുപ്പ് അഭിമാനിക്കുന്നു. 'ഗവൺമെന്റ് ആശുപത്രിയിൽ 800 ഡോക്ടർമാരുടെ ഒഴിവ്. പി.എസ്.സി. ലിസ്റ്റ് നിലനിൽക്കവെയാണ് ഈ ഒഴിവുകൾ'. ബഹുമാനപ്പെട്ട എം.എൽ.എ. ഇതെടുത്ത് വായിച്ച് പഠിക്കണം. 'ഡോക്ടർമാരുടെ കുറവ്, തളർന്നു പ്രാഥമികാരോഗ്യ മേഖല' - ഇത് 2015-ലെ വാർത്തയാണ്. 'പനി ബാധിതർ 10 ലക്ഷം. കാരണം കണ്ടെത്താനാകാതെ ആരോഗ്യ വകുപ്പ് '-ഇത് 2015-ലെ വാർത്തയാണ്. എന്റെ കയ്യിലുള്ള എല്ലാ പത്ര കട്ടിംഗ്സും ഞാൻ വായിക്കുന്നില്ല. ഇതെല്ലാം വച്ചുകൊണ്ട് ആരോഗ്യ വകുപ്പ് ഇത്തവണ സമൂദ്ധമായ ഇടപെടൽ നടത്തി. ജനുവരി മാസം മുതൽ ആരോഗ്യ വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച് വായിക്കാനുള്ള സമയം ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കാത്തതുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റെല്ലാ എം.എൽ.എ.-മാർക്കും വായിക്കാൻവേണ്ടി ഞാൻ ഇത് മേശപ്പുറത്ത് വയ്ക്കുന്നു. തുടർച്ചയായി കൃത്യനിഷ്ഠയോടെ ആരോഗ്യ വകുപ്പ് നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് ഇത്തവണ പനി നിയന്ത്രിച്ച് നിർത്താൻ കഴിഞ്ഞത്.

10.00 AM]

തൊട്ടടുത്ത സംസ്ഥാനങ്ങളിൽ പനി ബാധിച്ചതിനെപ്പറ്റി പറഞ്ഞു. ടി.വി. കാണുന്നവർക്കും പത്രം വായിക്കുന്നവർക്കും ഇന്റർനെറ്റ് ഉപയോഗിക്കുന്നവർക്കുമൊക്കെ ഇതിനെക്കുറിച്ച് നന്നായിട്ട് അറിയാം. ദക്ഷിണേന്ത്യയിൽ ആകമാനം അന്തരീക്ഷ താപനം, കാലാവസ്ഥയിലുള്ള വ്യതിയാനം എന്നിവ കൊണ്ടാണ് പനി ബാധിച്ചതെന്ന് പറയാമോ എന്നതാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ സംശയം. പനി ബാധിക്കാൻ കാരണം എന്താണ്; എങ്ങനെയാണ് പകർച്ചപ്പനി പടരുന്നത് എന്നതിനെക്കുറിച്ച് ആരോഗ്യ വകുപ്പിലെ വിദഗ്ദ്ധർ പഠിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങളാണത്. ഇത് ശൈലജ ടീച്ചർ മാത്രം പറയുന്ന കാര്യങ്ങളല്ല. ദക്ഷിണേന്ത്യയിൽ പകർച്ചപ്പനി പൊട്ടിപ്പുറപ്പെടാനിടയായ സാഹചര്യത്തെ സംബന്ധിച്ച് ഡബ്ല്യു.എച്ച്.ഒ. നൽകിയ വിശദമായ റിപ്പോർട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. അത് വായിച്ച് പഠിച്ചാൽ തരക്കേടില്ല. അന്തരീക്ഷ താപനത്തിലുള്ള വ്യതിയാനം പകർച്ചപ്പനി പടർത്തുന്നതിനുള്ള കൊതുക് പെരുകുന്നതിന് കാരണമാകുന്നു. ഇന്റർനെറ്റിലൊക്കെ പകർച്ചവ്യാധി പിടിപ്പെട്ട് മരണപ്പെടുന്നവരുടെ കണക്കുണ്ട്. ശ്രീലങ്കയിൽ 215 മരണങ്ങളാണ് ഡെങ്കിപ്പനി കാരണം ഉണ്ടായത്. നമുക്ക് കിട്ടിയ കണക്ക് മാത്രമാണത്. ഉള്ളിലേയ്ക്ക് ചെന്നാൽ ഇതിനെക്കാളും മരണമുണ്ട്. മലേഷ്യയിൽ 83 മരണമാണുണ്ടായത്. വിയറ്റ്നാമിലും മരണമുണ്ടായി. തമിഴ്നാടിന്റെ കാര്യം പറഞ്ഞല്ലോ; എച്ച്1 എൻ1 ബാധിച്ച് കേരളത്തിൽ 40 ആളുകൾ മരിക്കുന്ന സമയത്ത് തമിഴ്നാട്ടിൽ ആയിരത്തിനടുത്ത് ആളുകൾ മരിച്ചിരിക്കുന്നു. പക്ഷെ നമ്മളെപ്പോലെ കണക്ക് ശേഖരിക്കാനുള്ള വ്യക്തമായിട്ടുള്ള സംവിധാനമുണ്ടെങ്കിലും റിപ്പോർട്ട് ചെയ്യാറില്ല. സ്വകാര്യ ആശുപത്രിയിലെ കണക്കുംകൂടി വന്നാൽ പനിയുടെ മരണം വല്ലാതെ കൂടിയിട്ട് പേടിയായിപ്പോകുമെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞല്ലോ. എന്നാൽ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ അറിയണം, ഗവൺമെന്റ് ആശുപത്രിയിലെ കണക്കുമാത്രമല്ല ഈ പറഞ്ഞ 22 ലക്ഷം. ഇത്തവണ ഞങ്ങൾ ഒരു തീരുമാനമെടുത്ത് എല്ലാ സ്വകാര്യ ആശുപത്രികൾക്കും നോട്ടീസ് അയച്ചു. നിങ്ങൾ പനി കൃത്യമായി ഞങ്ങൾക്ക് റിപ്പോർട്ട് ചെയ്യണമെന്ന് പറഞ്ഞു. ഈ സംസ്ഥാനത്ത് ഇതുവരെയില്ലാത്തവിധം സ്വകാര്യ ആശുപത്രിയിൽ പനി ബാധിച്ചെത്തുന്നവരുടെ എണ്ണവും അവിടെ നടക്കുന്ന മരണങ്ങളുംകൂടി റിപ്പോർട്ട് ചെയ്യിപ്പിച്ചാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഈ പറയുന്ന നമ്പർ ഉണ്ടായിട്ടുള്ളത്. ഞങ്ങൾക്ക് എണ്ണം പറയുന്നതിൽ വിരോധമില്ല. ഈ സംസ്ഥാനത്ത് എത്ര പനിയുണ്ടെന്നും എത്ര പനി മരണങ്ങൾ നടക്കുന്നുവെന്നുമുള്ള വ്യക്തമായ കണക്ക് ശാസ്ത്രീയമായി ആരോഗ്യ വകുപ്പിന് അറിയണം. ഇതൊക്കെ പരിഹരിക്കുന്നതിനാണ്

ആർദ്രം മിഷൻ ആരംഭിച്ചിട്ടുള്ളത്. ആരോഗ്യ വകുപ്പിൽ ഇതുവരെയില്ലാത്ത പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് കാണുന്നതിൽ ചെറിയൊരു ബേജാറുണ്ടോയെന്ന് അറിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആരോഗ്യ വകുപ്പിനെ ശാസിച്ചുവെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അതിന് മറുപടി പറഞ്ഞുകൊള്ളും. ആരോഗ്യ വകുപ്പിന് അങ്ങനെയുള്ള ശാസനകളൊന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും കിട്ടിയിട്ടില്ലെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ്, പ്ലീസ് മിനിസ്റ്റർ, ശ്രീ. തിരുവഞ്ചൂരിന്റെ ഭാഷയിൽ അങ്ങ് അങ്ങോട്ട് നോക്കുകയേ വേണ്ട.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: അങ്ങോട്ട് നോക്കുന്നില്ല. അങ്ങയെ നോക്കി പറയാം. യാതൊരു തരത്തിലുള്ള വീഴ്ചയും ഉണ്ടായിട്ടില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ വെന്റിലേറ്ററിന്റെ എണ്ണം നിങ്ങൾ പറഞ്ഞല്ലോ; ആരംഭകാലത്തടക്കം വാങ്ങിയ ചില വെന്റിലേറ്ററിന്റെ കണക്കൊക്കെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറയുകയുണ്ടായി. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇപ്പോൾ 54 വെന്റിലേറ്ററുകളാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. നേരത്തെ വാങ്ങിയിട്ട് ഉപയോഗ ശൂന്യമായതിന്റെ കണക്കൊന്നും പറയുന്നില്ല. ആർദ്രം മിഷന്റെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജ് മാത്രമല്ല പ്രൈമറി ഹെൽത്ത് സെന്റർ മുതൽ പരിഷ്കരിക്കുകയാണ്. ആഗസ്റ്റ് 17-ാം തീയതി 34 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രമായി മാറുകയാണ്. ഡിസംബർ ആകുമ്പോൾ ഉച്ചവരെ ഒരു ഡോക്ടർ മാത്രമുണ്ടായിരുന്ന 170 പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 3 ഡോക്ടർമാരും അതിനാവശ്യമുള്ള പാരാമെഡിക്കൽ സ്റ്റാഫും ലബോറട്ടറിയും ഒബ്സർവേഷൻ റൂമും ഉണ്ടാകാൻ പോകുകയാണ്. 75 താലൂക്ക് ആശുപത്രികളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. അതിൽ 44 എണ്ണത്തിൽ ഡിസംബറോടുകൂടി ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുകയാണ്. 8 ജില്ലാ ആശുപത്രികൾക്ക് കാത്ത്‌ലാബ് അനുവദിച്ചിരിക്കുന്നു. കണ്ണൂർ ജില്ലാ ആശുപത്രിക്കും എറണാകുളം ജനറൽ ആശുപത്രിക്കും 76 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുകയാണ്. പുനലൂർ താലൂക്ക് ആശുപത്രിക്ക് 61 കോടി രൂപയും താനൂർ താലൂക്ക് ആശുപത്രിക്ക് 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മാസ്റ്റർപ്ലാൻ കിട്ടുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുകയാണ്. 8 കാത്ത്‌ലാബ് വന്നാൽ ഹൃദയ ശസ്ത്രക്രിയ രണ്ടുമൂന്ന് കൊല്ലം കഴിയുമ്പോൾ ജില്ലാ ആശുപത്രികളിലേയ്ക്ക് പോകുകയാണ്. അപ്പോൾ വെന്റിലേറ്റർ ഒഴിയാതെ രോഗികൾ മടങ്ങിപോകേണ്ട സ്ഥിതി ഉണ്ടാകില്ല. ഒരു ദിവസംകൊണ്ട് പരിഹരിക്കാൻ കഴിയുന്നൊരു പ്രശ്നമല്ല ഇത്. എന്നാൽ കേരളത്തിന്റെ അടിസ്ഥാനപരമായ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് കഴിഞ്ഞ ഗവൺമെന്റ് ചിന്തിച്ചിരുന്നില്ലെന്നതാണ് നിങ്ങൾ മനസ്സിലാക്കേണ്ടത്. അടിസ്ഥാനപരമായി എന്താണ് പ്രശ്നം; എങ്ങനെ എൻ.സി.ഡി. കൺട്രോൾ സാധ്യമാകും; എങ്ങനെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽവച്ച് രോഗത്തിന്റെ പ്രിവൻഷൻ സാധ്യമാകും എന്നിവയെക്കുറിച്ചൊക്കെയാണ് ഞങ്ങൾ ആലോചിച്ചത്. രോഗപ്രതിരോധത്തി

ലൂന്നിയുള്ള നടപടികളാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സ്വീകരിക്കേണ്ടത്. കുടുംബാരോഗ്യ കേന്ദ്രത്തിലൂടെ മുഴുവൻ കുടുംബങ്ങളെയും രജിസ്റ്റർചെയ്ത് തുടർ ചികിത്സ ഉറപ്പുവരുത്തി എൻ.സി.ഡി. കൺട്രോൾ സാധ്യമാക്കി പകർച്ചവ്യാധി നിയന്ത്രണം സാധ്യമാക്കുകയാണ് ചെയ്യുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ആ രീതിയിലേയ്ക്ക് മാറുകയാണ്. കേരളത്തിൽ പുതിയതായി 3400 പോസ്റ്റാണ് ക്രിയേറ്റ് ചെയ്തത്. അത് മുഴുവൻ വിന്യസിച്ചിരിക്കുകയാണ്. ഞാൻ ആരോഗ്യ വകുപ്പുമന്ത്രിയായി ഉത്തരവാദിത്വം ഏറ്റെടുത്ത ഉടനെ ഒരു ഡോക്ടർ പോലുമില്ലാത്ത ആശുപത്രികൾ ചില മണ്ഡലങ്ങളിൽ ഉണ്ടെന്നാണ് 140 എം.എൽ.എ.മാരും പരാതിയായി പറഞ്ഞത്. ഇന്ന് അത് കാണാൻ സാധിക്കില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വയനാട് ജില്ലാ ആശുപത്രിയിൽ 31 ഡോക്ടർമാരാണ് ഉണ്ടായിരുന്നത്. ആവശ്യമായ സ്പെഷ്യാലിറ്റിയൊന്നും അവിടെ പ്രവർത്തിച്ചിരുന്നില്ല. എന്നാൽ ഇപ്പോൾ 58 ഡോക്ടർമാരാണുള്ളത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അന്വേഷിച്ച് നോക്കൂ. തിരുവനന്തപുരം മെഡിക്കൽ കോളേജിനെക്കുറിച്ച് പറഞ്ഞു. എസ്.എ.ടി. ആശുപത്രിയിൽ ആർദ്രം മിഷന്റെ ഭാഗമായ ഒ.പി. ട്രാൻസ്ഫർമേഷന്റെ ഭാഗമായി ക്യൂ സിസ്റ്റം പൂർണ്ണമായും ഒഴിവായിരിക്കുയാണ്. ഇലക്ട്രോണിക്സ് സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്യാനും ഏറ്റവും നല്ല റിസപ്ഷൻ; എയർപോർട്ട് ചെയറൊക്കെയിട്ട് ടി.വി.യൊക്കെ കണ്ട് ആളുകൾക്ക് ഇരിക്കാനും വളരെ പെട്ടെന്ന് രജിസ്ട്രേഷൻ സാധ്യമാക്കി ഓരോ സ്പെഷ്യാലിറ്റി വിഭാഗത്തിലേയ്ക്ക് പോകാനും സാധിക്കും. 3000 കോടി രൂപയുടെ പ്രവർത്തനമാണ് മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ട് നടന്നുകൊണ്ടിരിക്കുന്നത്. 355 കോടി രൂപ കളമശ്ശേരി മെഡിക്കൽ കോളേജിനും 310 കോടി രൂപ കൊച്ചിൻ ക്യാൻസർ സെന്ററിന്റെ നിർമ്മാണത്തിനും അനുവദിച്ചിട്ടുണ്ട്; നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ കാര്യം പറയാൻ തുടങ്ങിയാൽ ധാരാളമുണ്ട്. പക്ഷെ മുഴുവൻ പറഞ്ഞുതീർക്കാൻ സാധിക്കുകയില്ല. ഇ-ഹെൽത്തുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒ.പി. ട്രാൻസ്ഫർമേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. അതോടൊപ്പംതന്നെ അത്യാഹിത വിഭാഗത്തിന്റെയും ഫാർമസി വിഭാഗത്തിന്റെയും പ്രവർത്തനസമയം 24 മണിക്കൂറാക്കി മാറ്റി. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ അവിടെ ചെന്ന് നോക്കണം. അവിടെ നിരവധി പരിശീലനങ്ങൾ നടത്തുന്നുണ്ട്. പരിശീലനം നടത്തേണ്ടതുണ്ടോ; കോളറയ്ക്കെതിരായി എന്ത് പ്രതിവിധി സ്വീകരിക്കണം, ജനങ്ങൾ എങ്ങനെ പെരുമാറണമെന്ന് പത്രത്തിൽ പരസ്യം കൊടുത്താൽ മതിയോയെന്നാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിച്ചത്. പിന്നെ എങ്ങനെയാണ് ജനങ്ങളെ ബോധവൽക്കരിക്കുന്നത്. അതെല്ലാം പത്രത്തിൽ കൃത്യമായി കൊടുത്തിട്ടുണ്ട്.

<u>മി. സ്പീക്കർ:</u> പ്ലീസ് കൺക്ലൂഡ്, പ്ലീസ്.....

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> രക്തം ശേഖരിച്ച് റിപ്പോർട്ട് നൽകുന്നതിന് പ്രത്യേക ആരോഗ്യസേനയെ തന്നെ രൂപീകരിച്ചുകൊണ്ട് വാർഡുകളിലേയ്ക്ക് റിസൾട്ട് എത്തിക്കുന്നതിനുള്ള സംവിധാനം അവിടെയുണ്ട്. ശരീരത്തിൽനിന്നും രക്തം വേർതിരിക്കുമ്പോൾ അതിനാവശ്യമുള്ള ഘടകങ്ങൾ മാത്രം വേർതിരിച്ചെടുക്കാനുള്ള ഒരു പ്രത്യേക ഉപകരണം ഇപ്പോൾ 30 ലക്ഷം രൂപ ചെലവിൽ തിരുവനന്തപുരം

മെഡിക്കൽ കോളേജിൽ സ്ഥാപിച്ചു. അവിടെയൊരു സ്കൈ വേ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പുതിയ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായാൽ 50 പുതിയ വെന്റിലേറ്റർ അവിടെ കിട്ടും. 152 പുതിയ ഐ.സി.യു. വാർഡുകൾ അടുത്ത മാസം കൊണ്ട് പൂർത്തിയാകും. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാത്രം 400 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടക്കുകയാണ്. അടുത്ത രണ്ട് വർഷം കഴിയുമ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ മുഖച്ഛായ മാറും. എം.ആർ.ഐ, സി.റ്റി. സ്കാൻ, എക്സ്റേ 24 മണിക്കൂറാക്കി അതിന്റെ പ്രവർത്തനം മാറ്റി. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇതുവരെ ക്യാൻസർ ചികിത്സയ്ക്ക് ആവശ്യമായ ലീനിയർ ആക്സിലറേറ്റർ ഉണ്ടായിരുന്നില്ല. അത് അനുവദിച്ചു. ഇവിടെ മാത്രമല്ല തൃശ്ശൂർ മെഡിക്കൽ കോളേജിലുള്ള ഒരു കൊബാൾട്ട് മെഷീൻ കേടായതിൽ പിന്നെ റേഡിയേഷൻ നടന്നിരുന്നില്ല. അവിടെ കൊബാൾട്ട് മെഷീൻ നന്നാക്കി; രണ്ടരക്കോടി രൂപയ്ക്ക് പുതിയ കൊബാൾട്ട് മെഷീൻ വാങ്ങിച്ചുകൊടുത്തു. അവിടെ ആധുനിക ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കാൻ പത്ത് ഇരുപത് കോടി രൂപ ചെലവാകും. കഴിഞ്ഞ ഒരു വർഷക്കാലം ആരോഗ്യ വകുപ്പിൽ നടത്തിയ കാര്യങ്ങളെ കുറിച്ച് ഞാൻ പ്രസംഗിക്കാൻ നിന്നാൽ സഭാസമയം മുഴുവൻ ഇതിനുവേണ്ടി ഉപയോഗിക്കേണ്ടിവരും. അത്രയധികം വികസന പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പിൽ നടത്തിയിട്ടുള്ളത്. എനിക്ക് നല്ല ഉറച്ച ആത്മവിശ്വാസമുണ്ട്. ആരോഗ്യ വകുപ്പ് അതിന്റെ ലക്ഷ്യത്തിലേയ്ക്ക് നീങ്ങുകയാണ്. നമുക്ക് എല്ലാവർക്കും ഒരുമിച്ച് ചേർന്ന് മഴക്കാലത്തുള്ള പകർച്ചപ്പനി വ്യാപനം അവസാനിപ്പിക്കണം. അതിന് പ്രതിപക്ഷത്തിന്റെ സഹകരണം ആവശ്യമാണ്. എല്ലാ മഴക്കാലത്തും ഇങ്ങനെ വന്നുകൊണ്ടിരിക്കുകയാണ്. അത് എന്തുകൊണ്ടാണെന്നുള്ളത് നമുക്ക് ഒരുമിച്ച് ആലോചിക്കാം. ആരോഗ്യ വകുപ്പ് വലിയ മാറ്റത്തിന് നാന്ദികുറിക്കുകയാണ്. വരുന്ന നാല് വർഷത്തിനിടയിൽ ചരിത്രപരമായ മാറ്റം കേരളത്തിന്റെ ആരോഗ്യ വകുപ്പിൽ ഉണ്ടാകുമെന്നും വമ്പിച്ച പുരോഗതി ആരോഗ്യ വകുപ്പിൽ ഞങ്ങൾ നടത്തിക്കാണിക്കുമെന്ന ഉറപ്പ് സഭാതലത്തിന് മുമ്പിൽ നൽകാൻ സാധിക്കും. ഞാൻ ആരോഗ്യ വകുപ്പിന്റെ നേതൃത്വം വഹിച്ചുകൊണ്ട് ഇ-ഹെൽത്ത് പദ്ധതി, ആർദ്രം പ്രോജക്ട്, എസ്.ഡി.ജി. ഗോൾ ഇതെല്ലാം പൂർവ്വാധികം ശക്തിയോടെ മുന്നോട്ടുകൊണ്ടുപോകും. ഡീമോറലൈസ് ചെയ്യാനുള്ള താങ്കളുടെ ശ്രമമൊന്നും ഞങ്ങളുടെ അടുത്ത് വിജയിക്കില്ലെന്നുകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ആരോഗ്യ രംഗത്ത് വലിയ പുരോഗതി കൈവരിച്ച നമ്മുടെ നാട്ടിൽവച്ച് ഹതഭാഗ്യനായ മുരുകൻ, ആശുപത്രികളുടെ വാതിൽക്കൽ മുട്ടിയിട്ടും ചികിത്സ ലഭിക്കാതെ മരണപ്പെട്ടത് നാടിനാകെ അപമാനമുണ്ടായിരിക്കുകയാണ്. ആ കുടുംബത്തോട് ഈ സംസ്ഥാനത്തിനുവേണ്ടി മാപ്പ് പറയാൻ ഞാൻ തയ്യാറാണ്. ആരോഗ്യ രംഗത്ത് പ്രഗത്ഭ നേട്ടങ്ങൾ കൈവരിച്ച ദൈവത്തിന്റെ സ്വന്തം നാട്ടിൽ, അങ്ങനെയാണല്ലോ കേരളത്തിന്റെ വിളിപ്പേര്, ചികിത്സാ സൗകര്യങ്ങൾ എല്ലായിടത്തും ലഭിക്കും. ഈ ഹതഭാഗ്യന്റെ കൂടെ ആളുണ്ടായില്ല. ആശുപത്രികൾക്ക് ചികിത്സയ്ക്കുള്ള പണം ലഭിച്ചില്ലെങ്കിലോ എന്ന ശങ്കകൊണ്ട് പ്രവേശനം നിഷേധിച്ചുവെന്നാണ് വാർത്തകൾ. ഈ സംഭവം

അതിക്രൂരമായിപ്പോയി. ഇത്തരം സംഭവങ്ങൾ നമ്മുടെ നാട്ടിൽ ആവർത്തിക്കാതിരിക്കട്ടെ. പോലീസ് കേസ് ഒരു ഭാഗത്തുണ്ട്, അതുമാത്രം പോര, ആശുപത്രികളുമായി ബന്ധപ്പെട്ട് എന്താണ് സംഭവിച്ചതെന്ന് ഒരു മെഡിക്കൽ ടീം പരിശോധിക്കണം. ഇനി ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും. ഇക്കാര്യത്തിൽ നിയമനിർമ്മാണമോ നിയമഭേദഗതികളോ വേണമെങ്കിൽ അതിനും ഈ ഗവൺമെന്റ് തയ്യാറാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ആരോഗ്യ വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) സർ, മുരുകന്റെ ദാരുണമായ അന്ത്യം സംബന്ധിച്ച് ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ പ്രകടിപ്പിച്ച അഭിപ്രായത്തോട് പ്രതിപക്ഷം പൂർണ്ണമായി യോജിക്കുകയാണ്. ഇങ്ങനെയൊരു സംഭവം നമ്മുടെ നാട്ടിൽ ഉണ്ടായത് വളരെയേറെ ഖേദകരമായിപ്പോയി. സ്വകാര്യ ആശുപത്രികളും മറ്റ് ഡോക്ടർമാരും ഇക്കാര്യത്തിൽ അനാസ്ഥ കാണിച്ചിട്ടുണ്ടെങ്കിൽ ശക്തമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ഇവിടെ വിവരിച്ചത് കേരളത്തിലെ ഇന്നത്തെ പനിയുമായി ബന്ധപ്പെട്ട ഗുരുതരാവസ്ഥയാണ്. എന്നാൽ ബഹുമാന്യയായ മന്ത്രി മറുപടി പറഞ്ഞത് ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ ഡിമാന്റ് ചർച്ചയ്ക്കുള്ള മറുപടിയായിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്. ഏത് ഗവൺമെന്റ് ഭരിച്ചാലും ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ കാലാകാലങ്ങളായി നടന്നുവരുന്ന കുറേ പരിഷ്കാരങ്ങളുണ്ടാകും. അതല്ലല്ലോ ഇവിടെ പ്രശ്നം, 'കേരള മോഡൽ' എന്നപേരിൽ എല്ലാ കാലത്തും അഭിമാനിക്കുന്നത് വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും നാം കൈവരിച്ച പുരോഗതിയാണ്. ആ രംഗത്ത് തിരിച്ചടികളുണ്ടാകുമ്പോൾ അത് വേദനാജനകമാണ്. ആരോഗ്യ രംഗത്തുണ്ടായിരിക്കുന്ന ഈ പ്രതിസന്ധി ചെറുതായി കാണരുത്. ഇത് യു.ഡി.എഫ്., എൽ.ഡി.എഫ്., എന്ന നിലയിൽ മാത്രം കാണുന്നത് ശരിയല്ല. ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞു യു.ഡി.എഫ്.-ന്റെ കാലത്ത് ആശുപത്രിയിൽ പോയി ഇത്രപേർ മരിച്ചു, അതിനേക്കാൾ കുറവാണ്, അതിനേക്കാൾ കൂടുതലാണ് എന്നൊക്കെ. അങ്ങനെയൊരു വിവാദത്തിന് ഞാൻ തയ്യാറാകുന്നില്ല. ആരോഗ്യ രംഗത്ത് ഉന്നതമായ മാനദണ്ഡങ്ങൾ വച്ചുപുലർത്തുന്ന സംസ്ഥാനമാണ് കേരളം. ലൈഫ് എക്സ്പെക്റ്റൻസിയുടെ കാര്യത്തിൽ കേരളം യൂറോപ്യൻ സ്റ്റാന്റേർഡിലാണ്. ആരോഗ്യ രംഗത്ത് നമ്മുടെ നാട് കൈവരിച്ച

പുരോഗതി കാലാകാലങ്ങളിൽ വന്ന ഗവൺമെന്റിന്റെ സംഭാവനയാണ്. അതിന് തിരിച്ചടിയുണ്ടാകുന്നുവെന്നത് ഗൗരവതരമായി കാണേണ്ട വിഷയമാണ്. ശ്രീമൂലം തിരുനാൾ മഹാരാജാവ് തിരുവിതാംകൂർ ഭരിച്ചിരുന്ന കാലത്ത് കൊല്ലത്ത് വസൂരി പടർന്നുപിടിച്ച് നിരവധിപേർ മരിച്ചു. ഇതറിഞ്ഞ രാജാവ് വളരെ ക്ഷുഭിതനായി. പ്രജാക്ഷേമ തത്പരനായ അദ്ദേഹം ഡോക്ടർമാരെ വിദേശത്തയച്ച് പഠിപ്പിച്ച് ചികിത്സിക്കാനുള്ള സംവിധാനം 1885-ലും 1924-ലും നടത്തി. ആരോഗ്യ രംഗത്തെ മേധാവിയെ കൊട്ടാരത്തിലേയ്ക്ക് വിളിച്ചുവരുത്തി അദ്ദേഹം പറഞ്ഞു, "എന്താണ് ഞാൻ കേൾക്കുന്നത്, ഡോക്ടർമാരുടെയും ആരോഗ്യ പ്രവർത്തകരുടെയും ഉദ്യോഗസ്ഥരുടെയും ഒരു സംഘം ഉടനടി കൊല്ലത്ത് പോകണം. ആ റിപ്പോർട്ട് കിട്ടി നടപടി സ്വീകരിക്കുന്നതുവരെ ഞാൻ ഭക്ഷണം കഴിക്കില്ല". അത്തരത്തിൽ പ്രജാക്ഷേമ തത്പരനായ ഒരു രാജാവ് ഭരിച്ചിരുന്ന നാടാണ് കേരളം എന്ന ഒരു ചരിത്രം കൂടി നമ്മുടെ നാട്ടിനുണ്ട്. ബഹുമാന്യയായ മന്ത്രി ഉപവസിക്കണമെന്നല്ല ഞാൻ പറഞ്ഞത്, ഈ നാട്ടിനുണ്ടായിരിക്കുന്ന അവസ്ഥ അങ്ങ് മനസ്സിലാക്കണം. ഈ സഭയിലെ എത്ര മന്ത്രിമാർക്കും അംഗങ്ങൾക്കും പനിപിടിച്ചു; എത്ര പൊതുപ്രവർത്തകർക്ക് പനിപിടിച്ചു; ഇതൊന്നും സർക്കാരിന്റെ കുറ്റമെന്നല്ല ഞാൻ പറയുന്നത്. പനിയുണ്ടാകാതിരിക്കാൻ സർക്കാർ ശ്രമിക്കണം, പനിയുണ്ടായവർക്ക് ചികിത്സ നൽകണം. ഈ രണ്ട് കാര്യങ്ങളിലും സർക്കാർ പരാജയപ്പെട്ടുവെന്ന് പറയാതിരിക്കാൻ എനിക്ക് കഴിയില്ല. ജനുവരി മാസം മുതൽ നടത്തേണ്ട മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടക്കാതെപോയി, ശുചീകരണമുണ്ടായില്ല, ശുചീകരണ തൊഴിലാളികളെ പിരിച്ചുവിട്ടു, ബദൽ സംവിധാനമുണ്ടാക്കിയില്ല. നമ്മുടെ നാട്ടിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളെയും വിവിധ വകുപ്പുകളെയും യോജിപ്പിച്ച് നടത്തേണ്ട ശുചീകരണ പ്രവർത്തനങ്ങൾ നടക്കാതെ വന്നപ്പോഴാണ് ബഹുമാന്യനായ മുഖ്യമന്ത്രിയെ ഞാൻ ക്ലിഫ് ഹൗസിൽ പോയി കണ്ടത്. ഈ വിഷയം അദ്ദേഹത്തോട് പറഞ്ഞു. അദ്ദേഹത്തിന് കാര്യം മനസ്സിലായി. ഞാൻ 11 നിർദ്ദേശങ്ങൾ വച്ചു. അദ്ദേഹം അത് അംഗീകരിച്ചു. സർവ്വകക്ഷിയോഗം വിളിച്ചു. അതിൽ ചില തീരുമാനങ്ങളെടുത്തു. ആ തീരുമാനങ്ങൾ നടപ്പാക്കുന്നതിനുമുമ്പ് മഴ വന്നു. മൂന്ന് ദിവസത്തെ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. അത് വിജയകരമല്ലായിരുന്നുവെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു, കാരണം മഴയായിരുന്നു. ഇത് ആരംഭിക്കേണ്ടിയിരുന്നത് ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലായിരുന്നു. അത് ആരോഗ്യ വകുപ്പിന്റെ കുറ്റമല്ലേ; ആരോഗ്യ വകുപ്പ് നന്നായി പ്രവർത്തിക്കാത്തതുകൊണ്ടല്ലേ ഇത് സംഭവിച്ചത്. കഴിഞ്ഞ കാലത്ത് പ്രവർത്തിച്ച അതേ ഉദ്യോഗസ്ഥർ തന്നെയല്ലേ; വേറെ ഉദ്യോഗസ്ഥർ ആരും വന്നില്ലല്ലോ? ബഹുമാന്യയായ മന്ത്രി പറഞ്ഞു, തമിഴ്നാട്ടിലുണ്ടായി, മലേഷ്യയിലുണ്ടായി എന്ന്. സൊമാലിയായിൽ നടന്ന മരണത്തെക്കുറിച്ച് പറയാതിരുന്നത്

വളരെ നന്നായി എന്നാണ് എനിക്ക് പറയാനുള്ളത്. രാജ്യത്തൊട്ടാകെ പകർച്ച വ്യാധികളുണ്ടാകും. അത് ഉണ്ടാകുമ്പോൾ തടയാനുള്ള നടപടികളല്ലേ എടുക്കേണ്ടത്? അത്തരം നടപടികളൊന്നുമുണ്ടായില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറഞ്ഞു പ്രതിദിനം 30,000 ആളുകളാണ് ആശുപത്രിയിലെത്തുന്നതെന്ന്. ദിവസംതോറും പത്തും പതിനഞ്ചും ആളുകൾ മരിച്ചു, ഇപ്പോഴും ആളുകൾ മരിക്കാതിരിക്കുന്നില്ല. പത്രങ്ങൾക്ക് ഇത് ഒരു വാർത്ത അല്ലാതായി തീർന്നു. ബഹുമാന്യയായ മന്ത്രി ഇവിടെ പറഞ്ഞു, എണ്ണം കുറഞ്ഞെന്ന്. മനോരമയിൽ വന്ന ഒരു വാർത്തയാണ്- "ഡെങ്കിപ്പനിയുടെ കണക്ക് കുറച്ച് കാട്ടാൻ ശ്രമം" -തിരുവനന്തപുരം. ആരോഗ്യ വകുപ്പുമന്ത്രിയുടെ ജില്ലയായ കണ്ണൂരിൽ പനിക്കണക്ക് പരമാവധി കുറച്ചുകാണിക്കാനാണ് ആരോഗ്യ വകുപ്പ് ജീവനക്കാരുടെ ശ്രമം. ഡെങ്കിപ്പനി ബാധിച്ച് ജില്ലയിൽ പത്തുപേർ മരിച്ചെങ്കിലും അധികൃതർ അത് സമ്മതിക്കുന്നില്ല. ഡെങ്കിബാധയെന്ന് സംശയിക്കുന്ന അഞ്ചുപേർ മരിച്ചിട്ടുണ്ടെന്ന് ആരോഗ്യവകുപ്പ്. കൂടുതലുണ്ട്. ഞാൻ വായിക്കുന്നില്ല. യഥാർത്ഥ കണക്കുപോലും കൊടുക്കരുതെന്നുള്ള നിർദ്ദേശമാണ് വന്നിട്ടുള്ളത്. വെബ്സൈറ്റിൽ പറഞ്ഞത് 485 പേർ മരിച്ചുവെന്നാണ്. സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടി മരിച്ച ആളുകളുടെ കണക്ക് ഇവിടെയില്ല. അയ്യായിരത്തോളം സ്വകാര്യ ആശുപത്രികൾ നമ്മുടെ നാട്ടിലുണ്ടെന്ന് ബഹുമാന്യയായ മന്ത്രി പറഞ്ഞു. സ്വകാര്യ ആശുപത്രികൾ പനി ബാധിച്ചവരുടെ കണക്ക് കൊടുക്കണമെന്ന് സർവ്വകക്ഷി യോഗത്തിൽ ബഹുമാന്യനായ മുഖ്യമന്ത്രി നിർദ്ദേശിച്ചതാണ്. കണക്ക് കൊടുക്കാത്ത എത്രയോ ആശുപത്രികൾ നമ്മുടെ നാട്ടിലുണ്ട്. ആ ആശുപത്രികളുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചോ? ഇല്ല. നിരവധി ആളുകൾ വീട്ടിലിരുന്ന് ചികിത്സ ചെയ്യുന്നുണ്ട്. അവസാനം ബ്ലഡ് കൗണ്ട് കുറയുമ്പോഴാണ് അവർ ആശുപത്രിയിൽ പോകുന്നത്. ഉദാഹരണത്തിന് ഡി.സി.സി. പ്രസിഡന്റും മുൻ എം.എൽ.എ.-യുമായ ശ്രീ. ടി. എൻ. പ്രതാപന് പനി ബാധിച്ചുവെങ്കിലും അദ്ദേഹം ആശുപത്രിയിൽ പോയില്ല. തൃശ്ശൂർ ജൂബിലി ആശുപത്രിയിൽ നിന്നും എന്നെ വിളിച്ചുപറയുമ്പോഴാണ് ഞാൻ വിവരം അറിയുന്നത്. അവസാനം അമൃത ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. അദ്ദേഹത്തിന്റെ ബ്ലഡ് കൗണ്ട് പതിനായിരമായി കുറഞ്ഞപ്പോഴാണ് നിർബന്ധമായി അവിടെ കൊണ്ടുപോയി ചികിത്സ നൽകിയത്. ഇങ്ങനെ എത്രയോ ആളുകളുണ്ട്. വിമൻസ് കോളേജിൽ ബി.എ. ഫിലോസഫിക്ക് പഠിച്ചിരുന്ന വിതുര, മുസാവരി ഗോകുലത്തിൽ രാജേന്ദ്രന്റെ മകൾ ജയശ്രീയും പെരുമാതുറയിലെ പതിനാല് വയസ്സുള്ള ഇർഫാനയും നെയ്യാറ്റിൻകരയിലെ സതീഷും ചികിത്സ ലഭിക്കാതെ മരിച്ചവരാണ്. കോഴിക്കോട് ഡി.സി.സി. സെക്രട്ടറിയും ഒരു നല്ല പൊതുപ്രവർത്തകനുമായിരുന്ന നാദാപുരത്തുള്ള ശ്രീനിവാസൻ മരിച്ചതും പനിമൂലമാണ്. രണ്ടാഴ്ചമുമ്പ് ഞാൻ പങ്കെടുത്ത

പരിപാടിയിൽ അദ്ദേഹമുണ്ടായിരുന്നു. അങ്ങനെ എത്രയോ പൊതുപ്രവർത്തകർ, ബഹുമാന്യയായ മന്ത്രിയും ആരോഗ്യവകുപ്പും ഇതിനെയെല്ലാം നിസ്സാരമായിട്ടാണ് കാണുന്നത്. ഈ സഭയിൽ ഇരിക്കുന്ന എത്രയോ പേർക്ക് പനി ബാധിച്ചു, ഞാൻ പേരൊന്നും പറയുന്നില്ല. ബഹുമാന്യയായ മന്ത്രി ഇതിനെ ഗൗരവമായി കാണാൻ തയ്യാറാകുന്നില്ല. ഇതിന്റെ പഠന റിപ്പോർട്ടിൽ വന്നതെന്താണ്; ശരാശരി വയസ്സ് - മരിച്ചവർ 41 ആണ്. 10 വയസ്സിന് താഴെയുള്ളവർ മരിച്ചത് 10 ശതമാനമാണ്. 20 വയസ്സിന് താഴെയുള്ളവർ മരിച്ചത് 18 ശതമാനമാണ്. ഇതിനെ ഗൗരവമായി കാണാൻ തയ്യാറാകണം. ഇവിടെ ഒരു കാര്യം നടന്നു. സ്വകാര്യ ലബോറട്ടറികളുടെ കൊയ്ത്ത് കാലമായിരുന്നു. 30 രൂപയുടെ ടെസ്റ്റിന് 300 രൂപ. 100 രൂപയുടെ ടെസ്റ്റിന് 800 രൂപ. നാല് തരം വൈറസുകൾ കേരളത്തിൽ ബാധിച്ചു. പിന്നീടത് 5 തരം വൈറസുകളായി. പനി പ്രതിരോധിക്കാനുള്ള മരുന്ന് നമ്മുടെ കയ്യിൽ ഇല്ലായിരുന്നു. മെക്സിക്കോ, ബ്രസീൽ, സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിൽ പ്രയോഗിച്ച Dengvaxia എന്നുപറയുന്ന ഒരു മരുന്നുണ്ടായിരുന്നു. പരീക്ഷണാർത്ഥം ഇവിടെ പ്രയോഗിക്കാമായിരുന്നുവെങ്കിലും ഇവിടെ പ്രയോഗിച്ചില്ല. മാത്രമല്ല, കൊതുകിന്റെ ജനിതക വൈകല്യമാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിന്റെ വംശവർദ്ധന തടയാനുള്ള സാങ്കേതിക വിദ്യ പല രാജ്യങ്ങളിലുമുണ്ട്. നമ്മൾ അത് പ്രയോഗിച്ചില്ല. കേന്ദ്രത്തിൽ നിന്നൊരു ടീമിനെ വിളിക്കണമെന്ന് ഞാൻ ബഹുമാന്യയായ മന്ത്രിയോട് പറഞ്ഞു. കേന്ദ്രമന്ത്രിയോടും ആവശ്യപ്പെട്ടു. കേന്ദ്രമന്ത്രി വിളിച്ച് നമ്മുടെ മന്ത്രിയോട് ചോദിച്ചപ്പോൾ അതിന്റെ ആവശ്യമില്ല എന്നാണ് ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞത്. കേന്ദ്ര ഗവൺമെന്റിന്റെ ടീം ഇവിടെ വരുന്നത് നമ്മളെ കൊച്ചാക്കാനല്ല. കൊതുകുകളുടെ ജനിതകമാറ്റം മറ്റ് പല രാജ്യങ്ങളിലും സംസ്ഥാനങ്ങളിലും പുതിയ മരുന്നുകൾ പ്രയോഗിച്ച് തടയുന്നുണ്ട്. അതിന് കേന്ദ്രസംഘം വരണമെന്നാണ് ശ്രീ. ജെ. പി. നദ്ദയോട് ഞാൻ ഫോണിൽ ആവശ്യപ്പെട്ടതും കത്തയച്ചതും. നമ്മുടെ മന്ത്രിയോട് ചോദിച്ചപ്പോൾ ആവശ്യമില്ല എന്നുപറഞ്ഞു. ഇതിനകത്ത് ഒരു ഫാൾസ് പ്രസ്റ്റീജിന്റെ ആവശ്യമില്ല. ജനിതകമാറ്റം ഉണ്ടാകുന്ന സാഹചര്യങ്ങളിൽ ആധുനികമായ പരീക്ഷണങ്ങൾ നടത്തി അതിനാവശ്യമായ വൈറസുകളെ ഇല്ലാതാക്കാനുള്ള നടപടികൾ സ്വീകരിക്കാനുള്ള ബാധ്യത കേന്ദ്ര ഗവൺമെന്റിനും ഡബ്ല്യു.എച്ച്.ഒ.-യ്ക്കും ഉള്ളതാണ്. അത് നടത്തണമെന്നാണ് ഞാൻ പറഞ്ഞത്. അതിന്റെയൊന്നും ആവശ്യമില്ല എന്നാണ് ബഹുമാന്യയായ മന്ത്രി പറഞ്ഞത്. കേരളത്തിലെ ആരോഗ്യ രംഗത്തെ ഞാൻ കുറച്ച് കാണുകയല്ല; നല്ല ഭിഷഗ്വരന്മാരും നല്ല ഡോക്ടർമാരും ശാസ്ത്രജ്ഞന്മാരുമുണ്ട്. പക്ഷേ നമ്മുടെ ശക്തിക്കതീതമായ തരത്തിൽ വൈറസുകൾ ബാധിച്ചാൽ അവയെ നിയന്ത്രിക്കാനാവശ്യമായ കേന്ദ്രസഹായം തേടിയാൽ എന്ത് കുറ്റമാണുള്ളത്? ഇവിടെ ഹെൽത്ത് എമർജൻസി പ്രഖ്യാപിക്കണമെന്ന്

ഞാൻ പറഞ്ഞു. അടിയന്തര സാഹചര്യമാണ്. ആയിരക്കണക്കിനാളുകൾ പനി ബാധിച്ച് ആശുപത്രികളിലെത്തുന്നു. നിസ്സാരവൽക്കരിക്കാൻ കഴിയുമോ? ഒരു ഹെൽത്ത് എമർജൻസിയുടെ ആവശ്യമുണ്ടായിരുന്നു. അടിയന്തരമായി കേന്ദ്രഗവൺമെന്റിന്റെ ആരോഗ്യ ടീമിനെ ഇവിടെ കൊണ്ടുവന്ന് പരിശോധിപ്പിക്കാൻ ഞങ്ങൾ പറഞ്ഞു. ഞങ്ങൾ പറഞ്ഞത് തെറ്റാണോ? സംസ്ഥാനത്തെ ജനങ്ങൾ അനുഭവിക്കുന്ന ഗുരുതരമായ ബുദ്ധിമുട്ടുകളും മരണങ്ങളും നിസ്സാരവൽക്കരിച്ച് കാണുന്നത് ഒരിക്കലും ശരിയല്ല. അതുപോലെയാണ് മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് ധനസഹായം കൊടുക്കണമെന്നുള്ളത്. എത്രയോ ധനസഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കൊടുക്കുന്നുണ്ട്; എത്രയോ സഹായങ്ങൾ എത്തുന്നുണ്ട്. അവരുടെ കാരണത്താലല്ലാതെ എത്രയോ പാവപ്പെട്ട ആളുകൾ ഡെങ്കിപ്പനി ബാധിച്ചു മരിച്ചു. കോളറ വ്യാപകമാകുന്നുവെന്ന് പറഞ്ഞ് കോഴിക്കോട് ജില്ലയിലെ ചെറുപ്പയിൽ നിന്നും രണ്ട് പേർ എന്നെ വിളിച്ചു. ചെറുപ്പ എന്നുപറയുന്ന സ്ഥലത്ത് കോളറ വ്യാപകമാകുന്നു. അത് ഇതര സംസ്ഥാന തൊഴിലാളികളാണോ അല്ലയോ എന്നെനിക്കറിയില്ല. ആരോഗ്യ രംഗത്തുണ്ടായിരിക്കുന്ന ഗുരുതരമായ അവസ്ഥ, പകർച്ചവ്യാധിമൂലം കേരളത്തിലെ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസം നേരിടുന്ന കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു, ആരോഗ്യവകുപ്പ് പരാജയപ്പെട്ടിരിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ഞാൻ മെഡിക്കൽ കോളേജിൽ പഠിക്കുന്ന സമയത്ത് ധാരാളം പനികളെക്കുറിച്ച് പഠിച്ചിട്ടുണ്ട്. Dengu fever, Yellow Fever, Kyasanur Forest Disease, Chikungunya, Eales Disease എന്നിവയാണവ. അന്ന് ഈ പനികളൊക്കെ നമ്മുടെ കാലഘട്ടത്തിൽ തന്നെ കാണേണ്ടി വരുമോ എന്ന് ഞാൻ സംശയിച്ചിരുന്നു. കാരണം പലതും കേൾക്കാത്ത പനികളാണ്. എന്നാൽ ഇവിടെ പറഞ്ഞ എല്ലാ പനികളും ഇക്കഴിഞ്ഞ രണ്ടുമൂന്ന് മാസത്തിനുള്ളിൽ കേരളത്തിൽ വന്നുകഴിഞ്ഞു. ഞാൻ ആരോഗ്യ വകുപ്പുമന്ത്രിയോട് പറയുന്നത് ഇത് വൈകാരികമായി എടുക്കേണ്ട വിഷയമല്ല. മുഖ്യമന്ത്രി മുരുകന്റെ കുടുംബത്തോട് മാപ്പ് പറഞ്ഞു. അനാസ്ഥ കാരണം മരിച്ചവരുടെ കുടുംബങ്ങളോട് മാപ്പ് പറയേണ്ട ഒരവസ്ഥ കേരളത്തിന്റെ മുഖ്യമന്ത്രിക്ക് ഇനിയുണ്ടാകാൻ പാടില്ല എന്നുള്ളതുകൊണ്ടാണ് ഞങ്ങൾ ഈ അടിയന്തരപ്രമേയം കൊണ്ടുവന്നത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ 11-5-2017-ലും 22-5-2017-ലും രണ്ട് അടിയന്തര പ്രമേയങ്ങൾ കൊണ്ടുവന്നു. അന്ന് വ്യക്തമായി ഞങ്ങൾ പറഞ്ഞിരുന്ന ജൂൺ-ജൂലൈ മാസത്തിൽ ഇത് അധികമാകും, മരണം കൂടാനുള്ള സാധ്യതയുണ്ട്, അതിനുള്ള മുൻകരുതൽ ആവശ്യമാണ് എന്ന്.

മുന്നറിയിപ്പ് നൽകിയിട്ടും ഈ വിഷയം കൈകാര്യം ചെയ്യാൻ പറ്റിയില്ല. IMA-യുടെ സെക്രട്ടറി ഡോ. എൻ. സുൾഫി പറഞ്ഞത് 'We could have prevented this and reduced the scale of problem if you had started our preventive efforts well in advance. When the Government knows that fever and vector borne diseases will inevitably come with rain, it is difficult for us to believe that no one moved a finger till the month of May, which is just a few days before the monsoon start. Unless we start preparing as early as February we cannot do anything to salvage this situation'. IMA-യുടെ സെക്രട്ടറി പറഞ്ഞിട്ടും കൃത്യസമയത്ത് നമ്മൾ പ്രവർത്തിക്കാത്തതിന്റെ ഫലമായിട്ടാണ് ഈ അപകടം സംഭവിച്ചിട്ടുള്ളത്. ഇപ്പോൾ ഇവിടെ കോളറ എന്നുപറയുന്ന രോഗംകൂടി വന്നിരിക്കുന്നു. DHS പറഞ്ഞ കണക്കനുസരിച്ച് ഏകദേശം 2,87,284 ഡയേറിയ കേസ്സുകൾ റിപ്പോർട്ട് ചെയ്യുകയും നാല് മരണം സംഭവിക്കുകയും ചെയ്തിട്ടുണ്ട് എന്നാണ്. ഇതിൽ ലോക്കൽ സെൽഫ് ഗവൺമെന്റിന് വലിയ പങ്കുണ്ട്. Open Defecation ഇല്ലാത്ത സംസ്ഥാനമായി പ്രഖ്യാപിച്ചുവെന്ന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പറയുകയുണ്ടായി. പക്ഷേ DHS പറയുന്നതെന്താണ്; She said that 'the people should avoid open defecation'..... കംപ്ലീറ്റായി കേരളം open defecation-ൽ നിന്ന് രക്ഷപ്പെട്ടുവെന്ന് പറയുമ്പോഴും DHS ആഗസ്റ്റ് 3-ാം തീയതി കൊടുത്തിട്ടുള്ള റിപ്പോർട്ടിൽ പറയുന്ന open defecation ഇല്ലാതാക്കാൻവേണ്ടി 'respective departments to ensure the water body's are kept clean.' അതിനർത്ഥം open defecation പ്രഖ്യാപനം മാത്രമായിരുന്നു. Open defecation ഇപ്പോഴും നടക്കുന്നുണ്ടെന്ന് DHS പറയുന്നു. ഇതിനെയൊക്കെ തരണം ചെയ്യുന്നതിനു വേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇപ്പോൾത്തന്നെ ഈഡിസ് ഈജിപ്തി എന്നുപറയുന്ന കൊതുക് കാരണമുണ്ടാകുന്ന മറ്റൊരു വൈറസാണ് Zika virus. Zika virus ഉണ്ടോ ഇല്ലയോ എന്ന് പരിശോധിക്കേണ്ടത് പൂനെയിലെ NIV ഇൻസ്റ്റിറ്റ്യൂട്ടും ഡെൽഹിയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുമാണ്. ഡെങ്കു പരത്തുന്ന അതേ കൊതുക് തന്നെയാണ് Zika virus-ഉം പരത്തുന്നത്. തമിഴ്നാട്ടിൽ പരിശോധിച്ച് Zika virus ചില സ്ഥലത്ത് കണ്ടെത്തി. നമ്മൾ എത്ര കേസ്സുകൾ NIV-ലേക്ക് അയച്ച് Zika virus ഉണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ നിന്നും ആളുകൾ വരുമ്പോൾ Zika virus-ഉം ഇവിടെ വരാനുള്ള സാധ്യത നമുക്ക് തള്ളിക്കളയാൻ സാധിക്കില്ല. മരണത്തിന്റെ കണക്ക് - കഴിഞ്ഞ വർഷങ്ങളിൽ ഇത്ര മരണം, ഈ വർഷം അത്രയേയുള്ളൂ എന്നുള്ള ചർച്ചയല്ല ഇപ്പോൾ പ്രാധാന്യം. എങ്ങനെ ഈ അപകടകരമായ അവസ്ഥ നമുക്ക് നേരിടാൻ സാധിക്കും? ചിക്കൻപോക്സ് വന്ന് ആളുകൾ മരിക്കാൻ തുടങ്ങിയിരിക്കുന്നു. എച്ച്1 എൻ1 കാരണം എത്രയോ മരണങ്ങൾ സംഭവിച്ചുകഴിഞ്ഞു. ഇതൊന്നും തടയാൻ നമുക്ക് സാധിക്കുന്നില്ല. Zika virus കൂടിയുണ്ടെന്ന് അറിഞ്ഞുകഴിഞ്ഞാൽ, അങ്ങനെയൊരു ഭയപ്പാടുണ്ടാക്കാൻ പാടില്ല. ഗർഭിണിയായ സ്ത്രീകൾക്ക് Zika virus പിടിപെട്ടാൽ പ്രസവിക്കുന്ന കുട്ടിക്കുവരെ അപകടകരമായ അവസ്ഥയുണ്ടാകും. ഇങ്ങനെയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി നമുക്ക് എന്തെങ്കിലും ചെയ്യാൻ സാധിച്ചോ? ഈ

മാസം മരിച്ച ആളുകളുടെ കണക്ക് ഞാൻ ഇവിടെ പറയുന്നില്ല. കാരണം 2012-ൽ എത്ര പേർ മരിച്ചു, ഇപ്പോൾ ആഗസ്റ്റ് ആയിട്ടേയുള്ളൂ; ഈ വർഷം തീരുമ്പോഴേയ്ക്കും എന്ത് സംഭവിക്കുമെന്ന് നമുക്ക് പറയാൻ കഴിയില്ല. ഒന്നും സംഭവിക്കാതിരിക്കട്ടെ. എങ്കിലും ഈ ഗവൺമെന്റ് ഇപ്പോൾ എടുത്തുകൊണ്ടിരിക്കുന്ന നടപടികൾ സംതൃപ്തമല്ല. മുരുകൻ എന്ന ആളോട് ഇവിടത്തെ ആശുപത്രികൾ കാണിച്ചത് അങ്ങേയറ്റം ക്രൂരമായ നിലപാടാണ്. അതിൽ മെഡിക്കൽ കോളേജും ഉൾപ്പെടുന്നു. നമ്മൾ കിഫ്ബിയെ കുറിച്ചും വലിയ പദ്ധതികളെക്കുറിച്ചും പറയുന്നു. നമ്മൾ ആദ്യം ചെയ്യേണ്ട പ്രോജക്ട് എന്നുപറയുന്നത് പ്രധാന മെഡിക്കൽ കോളേജുകളിൽ വെന്റിലേറ്റർ വാങ്ങുന്നതിനുള്ള പണം ചെലവഴിക്കുക എന്നതാണ്. കോഴിക്കോട് ജില്ലയിലെ എല്ലാ എം.എൽ.എ-.മാരും ഓരോ വെന്റിലേറ്റർ വച്ച് 13 വെന്റിലേറ്ററുകൾ കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. വെന്റിലേറ്റർ സ്ഥാപിക്കാനെങ്കിലും ഗവൺമെന്റ് പ്രയോറിറ്റി കൊടുക്കുക. വെന്റിലേറ്റർ ഇല്ല എന്നുപറഞ്ഞ് രോഗിയെ തിരിച്ചയയ്ക്കുകയാണ്. ഡെങ്കിപ്പനി ബാധിച്ചയാളെ വെന്റിലേറ്റർ ഇല്ല എന്നുപറഞ്ഞ് കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും മടക്കി അയച്ച് ബേബി മെമ്മോറിയൽ ആശുപത്രിയിലേയ്ക്ക് പോകുന്നതിനിടെ വഴിയിൽ വച്ച് മരിച്ചു. അത് ഞങ്ങളുടെ ഒരു കൗൺസിലറുടെ സഹോദരിയാണ്. അങ്ങനെ എത്രയെത്ര മരണങ്ങൾ ഉണ്ടായിരിക്കുന്നു. വേണ്ടപ്പെട്ട എത്രയാളുകൾ മരിക്കുന്നു. ആ മരണങ്ങളെപ്പോലും നിസ്സാരവൽക്കരിച്ചുകൊണ്ട് നമ്മൾ ചെയ്യാൻ പോകുന്ന മറ്റ് വികസനങ്ങളെക്കുറിച്ച് സംസാരിച്ചിട്ട് കാര്യമില്ല. ഒരു തരത്തിലും ന്യായീകരിക്കാൻ പറ്റാത്ത സാഹചര്യമുള്ളതുകൊണ്ടാണ് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടേണ്ടി വന്നത്. സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. അനൂപ് ജേക്കബ്: സർ, വളരെ നിർഭാഗ്യകരമായ സാഹചര്യത്തിൽ മുരുകൻ മരണപ്പെട്ടതിലുള്ള ഗവൺമെന്റിന്റെ ദുഃഖവും സമീപനവും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ രേഖപ്പെടുത്തുകയുണ്ടായി. തീർച്ചയായും അത് ഞങ്ങൾ ഉൾക്കൊള്ളുകയും സ്വാഗതം ചെയ്യുകയും ചെയ്യുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അത്തരത്തിൽ ഒരു പ്രസ്താവന ഈ സഭയിൽ നടത്തേണ്ടിവന്ന സാഹചര്യത്തിന് ഇടയാക്കിയ ആശുപത്രികളെയും ബന്ധപ്പെട്ട ഡോക്ടർമാരെയും നിയമത്തിനു മുന്നിൽ കൊണ്ടുവരണം. മനുഷ്യ ശരീരത്തെ പണം കൊയ്യാനുള്ള ഉപകരണമായി മാത്രം കാണുന്ന തെറ്റായ പ്രവണത ഉയർന്നുവരികയാണ്. ആ പ്രവണതയ്ക്ക് നിയമനിർമ്മാണം ആവശ്യമാണെങ്കിൽ അതിലേയ്ക്ക് ഗവൺമെന്റ് കടക്കണമെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. പനി മരണവുമായി ബന്ധപ്പെട്ട് അടിയന്തരപ്രമേയം ഉന്നയിക്കുമ്പോൾ സാധാരണയുള്ളതുപോലെ 2012 മുതൽ എത്ര പനി മരണങ്ങൾ ഉണ്ടെന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്ത് അതിനെ ന്യായീകരിക്കാൻ ശ്രമിക്കുന്ന നിർഭാഗ്യകരമായ ഒരു ആവർത്തന കാഴ്ചയാണ് ഈ സഭയിലുണ്ടായത്. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ കാലങ്ങളിലെ പത്രങ്ങൾ

വായിക്കുമ്പോൾ ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള പത്രങ്ങൾകൂടി വായിക്കണം. എന്റെ കയ്യിൽ അതെല്ലാം ഉണ്ട്. 6-ാം മാസത്തിൽ വന്ന ഒരു വാർത്ത - പനി - ഇന്ന് മരിച്ചത് 14 പേർ എന്നും 7-ാം മാസത്തിൽ - പനി ഇന്നലെ സംസ്ഥാനത്ത് മരിച്ചത് 12 പേർ എന്നും 8-ാം മാസം - പനി കഴിഞ്ഞ മൂന്ന് മാസത്തിനിടയിൽ മരണം 400 കടന്നു എന്നുമാണ്. പനി മരണങ്ങൾ പത്രങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടുവരുന്നു. അത് കഴിഞ്ഞ കാലങ്ങളിലുമുണ്ടായിരുന്നു. ഈ കാലത്തുമുണ്ട്. കഴിഞ്ഞ കാലങ്ങളിലെ പനി മരണങ്ങൾ വായിച്ചു കഴിഞ്ഞാൽ ഇപ്പോഴുണ്ടാകുന്ന പനിക്കോ മരണങ്ങൾക്കോ കുറവുണ്ടാകുമെന്ന് നമ്മളാരും കരുതേണ്ട. ഗവൺമെന്റിന്റെ ശക്തമായ ഇടപെടലുകൾ ഈ കാര്യത്തിലുണ്ടാകണം. കൊതുക് നശീകരണം പാളിയതുൾപ്പെടെ അനവധി കാര്യങ്ങൾ ആവർത്തിക്കപ്പെടാനോ ഭീകരതയിലേയ്ക്ക് കടന്നുവരാനോ കാരണമായിട്ടുണ്ട്. എന്തായാലും ഗവൺമെന്റിന്റെ ശ്രദ്ധക്കുറവ് ആ മേഖലയിൽ ഉണ്ടായിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന് വീഴ്ച സംഭവിച്ചിരിക്കുന്നു. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ടിൽ പങ്കുചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, മാലിന്യനിർമ്മാർജ്ജനത്തിൽ നമ്മുടെ സംസ്ഥാനം അമ്പേ പരാജയപ്പെട്ടിരിക്കുകയാണ്. ഇപ്പോൾ കൊതുകുജന്യ രോഗങ്ങൾ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. പ്രിവന്റീവ് മെഷേഴ്സ് ജനുവരി മാസത്തിൽതന്നെ ആരംഭി ക്കേണ്ടതായിരുന്നു. അത് മേയ് മാസത്തിലാണ് ആരംഭിച്ചതെന്ന് മനസ്സിലാക്കുന്നു. പനിയുമായി ബന്ധപ്പെട്ട് ആശുപത്രിയിൽ വരുന്ന ആളുകളെ ചികിത്സിക്കുന്നതിന് മതിയായ സംവിധാനങ്ങൾ നമുക്കില്ല. ഈ വിഷയത്തിൽ വളരെ ഗൗരവതരവും തുടർച്ചയുമായ ഇടപെടൽ ആവശ്യമാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, ഏത് പ്രശ്നവും കേവലം യു.ഡി.എഫ്.-എൽ.ഡി.എഫ്. തർക്കമെന്നുള്ള കാഴ്ചപ്പാടിൽക്കൂടി കാണുന്നത് നിർഭാഗ്യകരമാണ്. ഇത് ജനങ്ങളെ മുഴുവനും ബാധിക്കുന്ന വളരെ ഗൗരവതരമായ വിഷയമാണ്. ഇന്ത്യയിൽ ഈ വർഷം ഡെങ്കിപ്പനി ബാധിച്ച് ഏറ്റവും കൂടുതൽ ആളുകൾ മരിച്ചത് കേരളത്തിലാണെന്ന് ഞാൻ ഒരു റിപ്പോർട്ടിൽ വായിക്കുകയുണ്ടായി. പ്രത്യേകിച്ച് തിരുവനന്തപുരത്താണ്. ഇതാണ് വസ്തുത. ഈ സാഹചര്യത്തിൽ പ്രശ്നത്തെ വളരെ ഗൗരവമായി കാണുന്നതിനുപകരം പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും കുറ്റം പറഞ്ഞ് രക്ഷപ്പെടാൻ ശ്രമിക്കുന്നത് നിർഭാഗ്യകരമാണ്. ഗവൺമെന്റിന്റെ ഈ സമീപനത്തിൽ ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

# III ശ്രദ്ധ ക്ഷണിക്കൽ

## (1) കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. രാജൻ: സർ, കേരളത്തിന്റെ കർഷക ചരിത്രത്തിൽ അഭിമാനകരവും സന്തോഷകരവുമായ ഒരു കാര്യത്തിന് കഴിഞ്ഞ ജൂലൈ 1-ാം തീയതി കേരളാ ഗവൺമെന്റ് തുടക്കംകുറിച്ചിരിക്കുകയാണ്. കേരളത്തിലെ വിള ഇൻഷ്വറൻസ് 21 വർഷക്കാലത്തിനുശേഷം 2 ഇരട്ടി മുതൽ 13 ഇരട്ടിവരെ വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയാണ് 2017 ജൂലൈ 1-ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി സർക്കാരിന് വേണ്ടി പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് കേരളത്തെ തരിശുരഹിതമാക്കാനുള്ള നീക്കങ്ങൾ വളരെ സജീവമായി ആരംഭിച്ചതിന്റെ ഗുണകരമായ ഫലങ്ങൾ നമുക്ക് ലഭ്യമായിക്കഴിഞ്ഞു. കേരളത്തിൽ പുതുക്കിയ വിള ഇൻഷ്വറൻസ് പ്രകാരം നെല്ല്, പച്ചക്കറി, തെങ്ങ് എന്നിവയുടെ പ്രീമിയത്തിൽ ഒരു മാറ്റവുമില്ല. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ എന്നിവയ്ക്കുപുറമെ കാട്ടുതീയും വന്യജീവി ആക്രമണവും ഉൾപ്പെടെയുള്ള പ്രശ്നങ്ങളെ വിള ഇൻഷ്വറൻസിന്റെ ഭാഗമായി ഉൾപ്പെടുത്തിക്കൊണ്ട് വളരെ സജീവമായി കർഷകരെ സഹായിക്കാനുള്ള നടപടി സ്വാഗതാർഹമാണ്. ഇക്കാര്യത്തിൽ കേരളത്തിലെ കൃഷി വകുപ്പുമന്ത്രി പ്രത്യേക അഭിനന്ദനമർഹിക്കുകയാണ്. 3 രൂപ മാത്രം പ്രീമിയം അടച്ചാൽ റബ്ബർ മരത്തിന് ഏതെങ്കിലും തരത്തിൽ പൂർണ്ണമായി നഷ്ടം ഉണ്ടായാൽ 1,00 രൂപ വരെ നഷ്ട പരിഹാരം കൊടുക്കുന്ന സംവിധാനം ഈ നിലപാടിന്റെ ഭാഗമായി നമുക്കുണ്ടാകും. 3 രൂപ മാത്രം പ്രീമിയം അടയ്ക്കുന്ന ഒരു കുലച്ച നേന്ത്രവാഴയ്ക്ക് 300 രൂപയും കപ്പ വാഴയ്ക്ക് 200 രൂപയും ഞാലിപ്പൂവന് 75 രൂപയും നഷ്ടപരിഹാരം ലഭിക്കും. വാഴ കുലച്ചില്ലെങ്കിലും നഷ്ടപരിഹാരം കൊടുക്കാനുള്ള സംവിധാനമുണ്ട്. ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരിച്ച സംസ്ഥാന വിള ഇൻഷ്വൻസിന് ഗവൺമെന്റിനുവേണ്ടി മന്ത്രി കൊടുത്തിട്ടുള്ള സന്ദേശത്തിൽ കർഷകർക്ക് ആ മേഖലയിൽ തുടരുന്നതിന് പ്രചോദനം നൽകുക, പുതുസംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുക എന്നീ രണ്ട് ലക്ഷ്യങ്ങളാണ് കാർഷിക വിള ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് കേരളത്തിലെ ഗവൺമെന്റ് ഉയർത്തിപ്പിടിക്കുന്നതെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ ആനുകൂല്യം ലഭ്യമല്ലാത്ത വലിയ ഒരു വിഭാഗം കർഷകർ നമ്മുടെ നാട്ടിലുണ്ട്. അവരുടെ പ്രശ്നങ്ങൾ കേരളാ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. എൻ.ആർ.എഫ്. ഭൂമി എന്താണെന്ന് ചോദിച്ചാൽ പല ആളുകൾക്കും അറിയില്ല. 1948 ജൂലൈ മാസത്തിൽ കൊച്ചി സർക്കാരിന്റെ ഉത്തരവനുസരിച്ചാണ് തൃശ്ശൂർ ജില്ലയിലെ കൃഷിയുക്ത ഫോറസ്റ്റ് ഭൂമിയിൽ കൃഷി

ചെയ്യുന്നതിനുവേണ്ടി തദ്ദേശീയരായ കർഷകർ കുടിയേറ്റം ആരംഭിച്ചതെന്നാണ് ചരിത്രം. ഐക്യ കേരളം നിലവിൽ വന്നതിനുശേഷം 1960-ൽ മാത്യു മണിയൻകാടൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൃഷിഭൂമിയും വനഭൂമിയും ജണ്ടതിരിച്ച് വേർപെടുത്തി ഡീമാർക്ക് ചെയ്ത് ഒരു പ്രദേശമുണ്ടാക്കി. അതാണ് Non-Revertible Forest എന്ന പേരിൽ അറിയപ്പെടുന്ന എൻ.ആർ.എഫ്. ഭൂമി. വനഭൂമിയല്ലെന്ന് ഉറപ്പിക്കുകയും എന്നാൽ സാങ്കേതിക പ്രശ്നങ്ങളാൽ പട്ടയം കൊടുക്കാതിരിക്കുകയും ചെയ്യുന്ന വിപുലമായ ആ മേഖലയിൽ കൃഷി ചെയ്യുന്ന വലിയ വിഭാഗം കർഷകർ നമ്മുടെ നാട്ടിലുണ്ട്. ഇവരെല്ലാം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ പട്ടയം കൊടുക്കാൻ അർഹതപ്പെട്ട 1977-നുമുമ്പ് കൃഷി ചെയ്യുന്ന ആളുകളാണ്. പക്ഷെ ഇവർക്ക് വിള ഇൻഷ്വൻസിന്റെ പരിധിയിൽപ്പെടാനോ കൃഷി വകുപ്പ് നാശനഷ്ടങ്ങൾക്ക് പ്രഖ്യാപിച്ചിട്ടുള്ള നഷ്ടപരിഹാരം ലഭ്യമാകാനോ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള സബ്സിഡി ഈടാക്കാനോ പല കാരണങ്ങളാൽ കഴിയുന്നില്ലെന്ന പ്രശ്നമുണ്ട്. സാധാരണ പ്രകൃതിക്ഷോഭമുണ്ടായാൽ കൃഷി ഓഫീസർ വന്ന് പരിശോധിക്കുകയും അത് റിപ്പോർട്ട് ചെയ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് അർഹമായ പരിഹാരം അനുവദിക്കുകയും ചെയ്യുന്ന നിലപാടാണ് ഉണ്ടായിരുന്നത്. എന്റെ മണ്ഡലത്തിൽ പ്രധാനമായും മാടക്കൽതറ, പാണഞ്ചേരി, പുത്തൂർ, നടത്തറ പ്രദേശങ്ങളിൽ നല്ലൊരു വിഭാഗം ആളുകൾ പാട്ടത്തിന് കൃഷി ചെയ്യുന്നവരും എൻ.ആർ.എഫ്. ഭൂമിയിൽ കൃഷി ചെയ്യുന്നവരുമായുണ്ട്. എന്നാൽ വനഭൂമിയായതിനാൽ ഇവർക്കാർക്കും പട്ടയമോ കൈവശരേഖയോ കൊടുക്കുന്നില്ല. ഇവർ അടിസ്ഥാനപരമായി ഭൂമിയുടെ ഉടമകളാണെങ്കിലും ഇവർക്ക് ചില മേഖലകളിൽ വില്ലേജ് ഓഫീസർ കൈവശാവകാശ രേഖ കൊടുത്താൽപ്പോലും കൃഷി വകുപ്പിൽ നിന്നും അതിനാവശ്യമായുള്ള സംവിധാനം കൊടുക്കാൻ കഴിയുന്നില്ലെന്ന സാങ്കേതിക പ്രശ്നംകൊണ്ട് ഓഡിറ്റ് കമ്മിറ്റി ഇത് വലിയ അളവിൽ ഒബ്ജക്ട് ചെയ്യുകയാണ്. 9-8-2016-ൽ അവസാനമായി ഒബ്ജക്ട് ചെയ്തതിന്റെ രേഖകൾ ഞാൻ ഇവിടെ ഹാജരാക്കുന്നുണ്ട്. പക്ഷെ ഈ സർക്കാർരേഖ ഭൂമിയുടെ ഉടമസ്ഥനാണെന്ന് തെളിയിക്കാനുള്ള രേഖയായി മാറാൻ കഴിയുന്നില്ല. കേരള കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയിൽ പച്ചക്കറി കർഷകർക്ക് സാമ്പത്തിക സഹായമുൾപ്പേടെ നിരവധി ആനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. എന്നാൽ മേൽപ്പറഞ്ഞ പ്രദേശങ്ങളിലെ ഭൂരിഭാഗം പച്ചക്കറി കർഷകരും എൻ.ആർ.എഫ്. ഭൂമിയിൽ കൃഷി ചെയ്യുന്നവരാണ്. ഭൂമിയുടെ ഉടമസ്ഥത തെളിയിക്കുന്ന കരമടച്ച രസീതോ മറ്റ് റവന്യൂ രേഖകളോ ഇല്ലാത്തതിനാലും വനഭൂമിയിൽചെയ്ത കാർഷിക പ്രവർത്തനത്തിന് സർക്കാർ ആനുകൂല്യം ലഭിച്ചാൽ അത് ഭൂമിയുടെ അവകാശത്തിന് ഇടയാക്കുമെന്ന പേടിയാലും ഇവർക്ക് ആനുകൂല്യങ്ങൾ ലഭിക്കാത്ത പ്രശ്നമുണ്ട്. പച്ചക്കറി വിളകളെല്ലാം

വാർഷിക വിളകളാണ്. കുറഞ്ഞ കാലംകൊണ്ട് കൃഷി ചെയ്യുകയും അതുകഴിഞ്ഞാൽ മാറ്റിയെടുക്കാൻ പറ്റുന്ന കൃഷിയുമാണ്. ഈ കൃഷി ഏതാനും മാസങ്ങൾകൊണ്ട് അവസാനിക്കുകയാണെന്നുള്ളതുകൊണ്ട് കൃഷിക്ക് ധനസഹായം ചെയ്താൽ കർഷകർക്ക് ഭൂമിയുടെമേൽ ധനസഹായം ലഭിച്ചതിന്റെ പേരിൽ യാതൊരു അവകാശവാദവും ഉന്നയിക്കാൻ കഴിയില്ലെന്നതാണ് യാഥാർത്ഥ്യം. പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നവർക്കും ഇതേ പ്രശ്നമുണ്ട്. കരമടച്ച രസീത് സബ്സിഡിക്കും നഷ്ടപരിഹാരത്തിനും അനുബന്ധമായി ചോദിക്കുകയാണ്. രസീത് മിക്കതും ഭൂമി പാട്ടത്തിന് കൊടുത്തയാളിന് കൊടുക്കാത്തതു കൊണ്ട് പാട്ടത്തിനെടുത്തയാളുകൾക്ക് ഇതിന്റെ പണം ലഭ്യമാകാൻ കഴിയാത്ത സ്ഥിതി വളരെ ഗൗരവമായി നിലനിൽക്കുകയാണ്. പ്രകൃതിക്ഷോഭത്തിന്റെയും പ്രശ്നം ഇതുതന്നെയാണ്. പാട്ടത്തിനെടുത്തവർക്കും എൻ.ആർ.എഫ്. ഭൂമിയിൽ കൃഷി ചെയ്തവർക്കും ആവശ്യമായ രേഖയില്ലാത്തതിന്റെ പേരിൽ യാതൊരു സഹായവും ലഭ്യമല്ല. നേരത്തെ പാടശേഖര സമിതിക്ക് ഒരു പ്രശ്നമുണ്ടായിരുന്നത്, വാർഡ് മെമ്പർ സാങ്ഷൻ ചെയ്തുകൊടുത്താൽ തരിശിടാനുള്ള ഭൂമി ഇന്നയാൾക്ക് കൃഷി ചെയ്യാൻ പറ്റുമെന്നുള്ള രേഖയുണ്ടാക്കാൻ കഴിയുമായിരുന്നു. എന്നാൽ ഇപ്പോൾ ആ സൗകര്യമില്ല. ഏതെങ്കിലും വില്ലേജ് ആഫീസർ ഇതിന് കൈവശാവകാശ രേഖ കൊടുത്താൽ അത് അംഗീകരിക്കാൻ കഴിയില്ലെന്നാണ് കൃഷി വകുപ്പ് ഒബ്ജക്ഷനായി പറയുന്നത്. ഈ സാങ്കേതിക പ്രശ്നത്തിൽ വളരെ ഗൗരവതരമായ ഒരു ചിന്താക്കുഴപ്പം നിലനിൽക്കുകയാണ്. എൻ.ആർ.എഫ്. ഭൂമിയിൽ കൃഷി ചെയ്യുന്നവർ അടിസ്ഥാനപരമായി കൃഷിക്കാരാണ്, ഏക്കർ കണക്കിന് ഭൂമിയിൽ അവർ കൃഷിചെയ്യുന്നുണ്ട്. വനം വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും സാങ്കേതിക പ്രശ്നങ്ങൾ കൊണ്ടാണ് ഇവർക്ക് പട്ടയം ലഭ്യമാകാതെ പോകുന്നത്. എന്നാൽ ജണ്ടയിട്ട് തിരിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഇവർക്ക് കൃഷി ചെയ്യാൻ യാതൊരു തടസ്സവും വനം വകുപ്പ് ഇപ്പോൾ ഉന്നയിക്കുന്നില്ലെന്നുള്ളതുകൊണ്ടും ഇവർ ഈ ഭൂമിയിൽ വർഷങ്ങളായി കൃഷി ചെയ്തുകൊണ്ടിരിക്കുകയാണ് എന്നുള്ളതുകൊണ്ടും എൻ.ആർ.എഫ്. ഭൂമിയിലും പാട്ടത്തിനെടുത്ത ഭൂമിയിലും കേവലം റവന്യൂ വകുപ്പിന്റെ മാത്രം ഒബ്ജക്ഷൻ ഉള്ളതുകൊണ്ട് നഷ്ടപരിഹാരം കൊടുക്കാൻ കഴിയാത്ത സ്ഥിതിമാറ്റി ഈ കാര്യത്തിൽ കൃഷി വകുപ്പ്, കൃഷി ആഫീസർ സർട്ടിഫൈ ചെയ്താൽ അവർക്ക് വിള ഇൻഷ്വറൻസിൽ അംഗമാകാനും നഷ്ടപരിഹാരം കൊടുക്കാമെന്നുമുള്ള ഒരു പൊതുവായ നിർദ്ദേശം നൽകിയാൽ അത് ഈ മേഖലയിൽ പ്രവർത്തിക്കുന്ന പതിനായിരക്കണക്കിന് കർഷകർക്ക് ഗുണകരമാകും എന്നുള്ളതുകൊണ്ട് ആ നിലവാരത്തിലുള്ള ഒരു നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. രാജൻ ഇവിടെ ഉന്നയിച്ച കാര്യം വളരെ പ്രധാനപ്പെട്ട വിഷയമാണ്. പ്രത്യേകിച്ച് അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന ഒല്ലൂർ നിയോജകമണ്ഡലം അടക്കമുള്ള

പ്രദേശത്ത് Non-Revertible Forest Land-ൽ കൃഷി ചെയ്ത് നല്ല വിള ഉൽപ്പാദിപ്പിക്കുന്ന ധാരാളം കർഷകരുണ്ട്. നിർഭാഗ്യവശാൽ കൃഷി ചെയ്യുന്ന ഭൂമി സംബന്ധിച്ച റവന്യൂ രേഖകൾ അവരുടെ കയ്യിൽ ലഭ്യമല്ലാത്തതുമൂലമുണ്ടാകുന്ന സാങ്കേതിക പ്രയാസങ്ങൾ കാരണം കൃഷി വകുപ്പ് പ്രഖ്യാപിക്കുന്ന പല ആനുകൂല്യങ്ങളും യഥാർത്ഥ കർഷകർക്ക് കൊടുക്കാൻ കഴിയാത്ത സ്ഥിതിയാണ് ഇപ്പോൾ നിലവിലുള്ളത്. കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് നഷ്ടത്തിന് ആനുപാതികമായ നഷ്ടപരിഹാരം നൽകുന്നതിന് പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം 22-3-2017-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട കാർഷിക വിളകളായ തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരിച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് എന്നിവയ്ക്കാണ് ഇപ്പോൾ ആനുകൂല്യങ്ങൾ ലഭിക്കുന്നത്. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന ചെറുകിട നാമമാത്ര കർഷകർക്കാണ് ഈ പദ്ധതിയിൽ അംഗമാകുന്നതിനും ആനുകൂല്യത്തിനും അർഹതയുള്ളത്. സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായാണ് നഷ്ടപരിഹാരത്തുക നൽകുന്നത്. പ്രകൃതി ക്ഷോഭങ്ങൾ, വന്യ മൃഗങ്ങളുടെ ആക്രമണം എന്നിവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഈ പദ്ധതിയുടെ സംരക്ഷണം ലഭിക്കുന്നതാണ്. മതിയായ റവന്യൂ രേഖകളില്ലാതെ കൃഷി ചെയ്യുന്നവർക്ക് ഈ ആനുകൂല്യങ്ങൾ ലഭിക്കുവാൻ നിലവിൽ വ്യവസ്ഥയില്ല. സംസ്ഥാനത്തെ കർഷകർ പതിറ്റാണ്ടുകളായി കൃഷി ചെയ്തുവരുന്ന കൃഷി ഭൂമിയാണ് Non-Revertible Forest Land. പ്രസ്തുത ഭൂമിക്ക് കൈവശാവകാശമോ ഉടമസ്ഥാവകാശമോ ഇതുവരെ ആരും നൽകിയിട്ടില്ല. കൃഷി ചെയ്യുന്നതിനുള്ള അവകാശം മാത്രമാണ് നൽകിയിട്ടുള്ളത്. Non-Revertible Forest Land-ൽ കൃഷി ചെയ്യുന്ന കർഷകരെ കൂടി വിള ഇൻഷ്വറൻസ് പദ്ധതി ഉൾപ്പെടെയുള്ള മറ്റെല്ലാ കൃഷിയുമായി ബന്ധപ്പെട്ട അനുബന്ധ സഹായങ്ങൾ ലഭ്യമാകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം റവന്യൂ-വനം എന്നീ വകുപ്പുകളുമായി ആലോചിച്ച് തീരുമാനിക്കേണ്ട കാര്യമാണ്. അതുകൊണ്ട് അടിയന്തരമായി ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു സംയുക്തയോഗം വിളിച്ചുകൂട്ടി കർഷകർക്ക് ലഭ്യമാകേണ്ട ആനുകൂല്യം ലഭിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് ചർച്ച ചെയ്ത് തീരുമാനമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. കെ. രാജൻ: സർ, ചരിത്രപരമായ ഒരു പ്രശ്നത്തിനാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇപ്പോൾ സഭയിൽ മറുപടി നൽകിയിട്ടുള്ളത്. അതുകൊണ്ട് ഈ സഭാകാലയളവിൽതന്നെ ഇതുമായി ബന്ധപ്പെട്ട ഒരു യോഗം വിളിച്ചുചേർക്കാൻ കൃഷി വകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധ കാണിക്കണമെന്ന് ഞാൻ സവിനയം അഭ്യർത്ഥിക്കുകയാണ്. രണ്ടാമതായി ചോദിക്കാനുള്ളത്, തരിശുരഹിത കേരള മുണ്ടാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ തരിശുരഹിത തൃശ്ശൂർ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ അങ്ങ് ആരംഭിച്ചു. ജില്ലയിലെ എം.എൽ.എ.-മാർ അതുമായി ബന്ധപ്പെട്ട് അവരവരുടെ മണ്ഡലങ്ങളിൽ വിപുലങ്ങളായ പരിപാടികൾ ആലോചിച്ചു

വരികയാണ്. 'ഒല്ലൂരിന്റെ കൃഷി സമൃദ്ധി'-എന്ന പേരിൽ എന്റെ മണ്ഡലത്തിലും ഇതുമായി ബന്ധപ്പെട്ട പരിപാടികളെപ്പറ്റി ആലോചിച്ചിട്ടുണ്ട്. പക്ഷെ ഞാൻ എന്റെ മണ്ഡലത്തിലെ ഏഴ് കൃഷി ഭവനുകളിലും മണിക്കൂറുകൾ എടുത്ത് യോഗം ചേർന്ന് കർഷകരെ സമീപിച്ചപ്പോൾ അത്തരം ഒരുപാട് ഏക്കർ സ്ഥലങ്ങൾ ലഭിക്കുന്നുണ്ട്. പക്ഷെ ഒരു പ്രധാനപ്പെട്ട പ്രശ്നം, പലയിടത്തും തരിശിട്ട ഭൂമിക്ക് റവന്യൂ രേഖയില്ല. എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത് റവന്യൂ രേഖയില്ലാതെ, തരിശിട്ട ഭൂമിയുടെ ഉടമസ്ഥൻ ആരാണെന്നുപോലും അറിയാതെ, ആണ്ടുകൾക്ക് മുമ്പ് രജിസ്റ്റർ ചെയ്ത ആയിരക്കണക്കിന് ഏക്കർ ഭൂമി നമ്മുടെ ജില്ലയിലും കേരളത്തിൽ ആകമാനവും കിടക്കുന്നുണ്ട്. വേണ്ടത്ര റവന്യൂ രേഖകളില്ലാത്ത തരിശ് ഭൂമി പിടിച്ചെടുക്കാനോ അഥവാ തരിശിട്ട ഭൂമിക്ക് പിഴ ഈടാക്കാനോ ഉള്ള നടപടിക്ക് കേരളത്തിലെ ഗവൺമെന്റ് ഔപചാരികമായി ഒരു പ്രഖ്യാപനം നടത്താമോ? തരിശ് രഹിത കേരളത്തെ സൃഷ്ടിക്കാൻ അങ്ങ് സ്വീകരിക്കുന്ന എല്ലാ നടപടികളേയും ശ്ലാഘിച്ചുകൊണ്ട്, ആ നടപടിക്ക് വേണമെങ്കിൽ കടുത്ത ഒരു തീരുമാനം എടുക്കേണ്ടതായിവരും. ഒന്നുകിൽ തരിശിട്ടിരിക്കുന്ന ഭൂമി പിടിച്ചെടുക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള പിഴ ഈടാക്കാനോ ഉള്ള നടപടികൾ ഇതിന്റെ ഭാഗമായി ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നെൽവയൽ തരിശിടുന്ന ഉടമസ്ഥർക്കെതിരായി നടപടി സ്വീകരിക്കാൻ 2008-ലെ തണ്ണീർത്തട നിയമത്തിലെ 14, 15, 16, 17 വകുപ്പുപ്രകാരം നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് അധികാരമുണ്ട്. എന്നാൽ ഉടമസ്ഥാവകാശമില്ലാത്ത ഭൂമിക്കുമേൽ ആ ഭൂമി സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കാനുള്ള നിയമവും നിലവിലുണ്ട്. പക്ഷെ പല സ്ഥലത്തും സ്വന്തമായി ഭൂമിയുള്ള ആളുകൾ, മറ്റ് കൃഷികൾ ചെയ്യാൻ ആഗ്രഹമുള്ള ആളുകൾക്ക് കൃഷിയിറക്കുന്നതിനുവേണ്ടി കൊടുക്കാൻ വിസമ്മതം കാണിക്കുന്ന സാഹചര്യം നമ്മുടെ കേരളത്തിൽ നിലനിൽക്കുന്നുണ്ട്. തരിശ് കിടക്കുന്ന ഭൂമിയിൽ കൃഷി ചെയ്യാൻ വേണ്ടി സന്നദ്ധ സംഘടനകൾ, കർഷകരുടെ കൂട്ടായ്മ, സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ, പഞ്ചായത്തുകളിൽ കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങി ധാരാളംപേർ തയ്യാറായി വരുമ്പോൾ സാങ്കേതികമായ തടസ്സങ്ങൾ പറഞ്ഞുകൊണ്ട് അവർക്ക് കൃഷി ചെയ്യുവാൻ പറ്റാത്ത സാഹചര്യമുണ്ട്. ഇതൊഴിവാക്കാൻ ഒരു നിയമ ഭേദഗതി ആവശ്യമായി വരുന്നതാണ്. ഇത് റവന്യൂ വകുപ്പുമായി ആലോചിച്ച് തീരുമാനമെടുക്കേണ്ട കാര്യമാണ്. ആ രീതിയിൽ തരിശ് കിടക്കുന്ന ഭൂമി പിടിച്ചെടുക്കൽ അല്ല അവിടെ കൃഷി ചെയ്യാൻ ആവശ്യമായ നടപടികളിലേയ്ക്ക് അവരെ കൊണ്ടുവരിക എന്നുള്ളതാണ്. ഉടമസ്ഥരെ കൊണ്ട് കൃഷി ചെയ്യുവാൻ കഴിയുന്നില്ലെങ്കിൽ കർഷക കൂട്ടായ്മകളെക്കൊണ്ട് കൃഷി ചെയ്യുവാൻ ആവശ്യമായ നിയമപരമായ പരിരക്ഷ, ഉടമസ്ഥന് ഉടമയുടെ ഭൂമി നഷ്ടപ്പെടില്ലെന്നുള്ള ഒരു പരിരക്ഷ നൽകുകയും അതേസമയം അവിടെ കൃഷി

നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്ന ഒരു സംവിധാനത്തിലേയ്ക്ക് കൊണ്ടു വരുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അതോടൊപ്പം ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ഇന്ന് അവതരിപ്പിച്ച വിഷയവുമായി ബന്ധപ്പെട്ട മീറ്റിംഗ് കൂട്ടുന്നതിന് ഈ നിയമസഭാ കാലയളവിൽതന്നെ ബന്ധപ്പെട്ടവരുമായി ആലോചിച്ചുകൊണ്ട് തീരുമാനിക്കുന്നതാണ്.

## (2) സേവനാവകാശ നിയമം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, "ഓരോ ഫയലും ഓരോ ജീവിതമാണ്"- ബഹുമാനപ്പെട്ട മുഖ്യമന്ത്രി അധികാരമേറ്റയുടൻ സെക്രട്ടേറിയറ്റ് ജീവനക്കാരെ അഭിസംബോധന ചെയ്തുകൊണ്ട് നടത്തിയ പ്രസംഗത്തിലെ വാചകമാണിത്. അത് ഞങ്ങളെപ്പോലുള്ള ആളുകൾക്ക് വളരെ ആശയും ആവേശവും പ്രതീക്ഷയും നൽകിയ വാക്കുകളാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു ചെറിയ ആവശ്യത്തിന് പലതവണ സർക്കാർ ആഫീസുകൾ കയറിയിറങ്ങി നിരാശരാകുന്ന ഹതഭാഗ്യരെപ്പറ്റി നമുക്കറിയാം. അവരുടെ ദയനീയ ചിത്രം മുഖ്യമന്ത്രിയുടെ മനസ്സിലുണ്ടാക്കിയ ചലനമാണ് ആ പ്രസംഗം എന്ന് ഞാൻ കരുതുകയാണ്. നാം ഉണ്ടാക്കുന്ന നിയമവും ഭരണാധികാരികളുടെ ആത്മാർത്ഥതയും സമൂഹം ആഗ്രഹിക്കുന്ന മാറ്റങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കുന്നില്ല എന്നത് വളരെ ഗൗരവമായി എടുക്കേണ്ട വിഷയമാണ്. സർക്കാർ ആഫീസുകളുടെ പിടിപ്പുകേട് കാരണം ജനം അപകടകരമായ പരിഹാര മാർഗ്ഗങ്ങൾ തേടാൻ നിർബന്ധിതരാകുന്ന സാഹചര്യം നമ്മുടെ സംസ്ഥാനത്ത് ആവർത്തിച്ചുവരികയാണ്. സാംകുട്ടി എന്നൊരാൾ പെട്രോൾ ഒഴിച്ച് വെള്ളറട വില്ലേജ് ആഫീസിന് തീയിടാൻ ശ്രമിച്ച സംഭവം രാജ്യത്തുതന്നെ വലിയ ചർച്ചയായി. വർഷങ്ങളോളം വില്ലേജ് ഓഫീസിൽ കയറിയിറങ്ങിയിട്ടും വസ്തുവിന്റെ പോക്കുവരവ് നടക്കാത്തതിൽ പ്രതിഷേധിച്ചായിരുന്നു ആ കടുംകൈ ചെയ്തത്. ചികിത്സാ ചെലവ് വൈകുന്നതിൽ പ്രതിഷേധിച്ച് നെയ്യാറ്റിൻകര താലൂക്ക് ഓഫീസിലും സമാനമായ ആക്രമണത്തിന് ശ്രമം ഉണ്ടായിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ചെമ്പനോട് വില്ലേജ് ഓഫീസിൽ നാടിനെ നടുക്കിയ കർഷകന്റെ ആത്മഹത്യ ഈ അടുത്ത കാലത്താണ് ഉണ്ടായത്. പ്രതിഷേധിക്കുന്നവരുടെ മാനസികാവസ്ഥയെ പരിഹസിച്ച് രക്ഷപ്പെടാൻ ശ്രമിക്കുമ്പോഴും നമ്മുടെ സർക്കാർ ആഫീസുകൾ ജനങ്ങളുടെ ക്ഷമയെ അങ്ങേയറ്റം പരീക്ഷിക്കുന്നുവെന്ന വസ്തുത നമുക്ക് ഒരിക്കലും മറച്ചുവയ്ക്കുവാൻ സാധിക്കില്ല. നമ്മുടെ സംസ്ഥാനത്തെ എല്ലാ ആളുകളും ക്ഷമയില്ലാത്തവരാണെങ്കിൽ ഓരോ ദിവസവും നിരവധി സർക്കാർ ആഫീസുകളുടെ മുമ്പിൽ കൂട്ടആത്മഹത്യ ഉണ്ടാവുകയും കേരളം ജനവാസമില്ലാത്ത ഒരു നാടായി മാറുകയും ചെയ്യുമായിരുന്നു. 2012 നവംബർ 1-നാണ് കേരളത്തിൽ സേവനാവകാശ നിയമം നിലവിൽ വന്നത്. ഇതോടെ കേരളം സദ്ഭരണത്തിന്റെ പറുദീസയായി മാറുമെന്ന് നമ്മളെല്ലാം ആഗ്രഹിച്ചു. പക്ഷെ ഈ നിയമം ഇതുവരെയും

ഫലപ്രദമായി നടപ്പാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. നിശ്ചിത സമയത്തിനുള്ളിൽ സേവനം നൽകിയില്ലെങ്കിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും പിഴ ഈടാക്കാനും അച്ചടക്ക നടപടിക്ക് വിധേയനാക്കാനും വ്യവസ്ഥയുള്ള നിയമമാണിത്. ഈ നിയമം നിലവിൽ വന്നതിനുശേഷം എത്ര ഉദ്യോഗസ്ഥർ നടപടിക്ക് വിധേയമായിട്ടുണ്ട്; ഒരു ഉദ്യോഗസ്ഥൻപോലും ഈ നിയമപ്രകാരം നടപടിക്ക് വിധേയമായിട്ടില്ലെങ്കിൽ അത് ഈ സേവനത്തിന്റെ മഹിമ കൊണ്ടാണോ'; എന്ന എന്റെ 24-10-2016-ലെ നിയമസഭയിലെ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ ഉത്തരം 'ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുത്തതായി റിപ്പോർട്ട് ഉണ്ടായിട്ടില്ല' എന്നാണ്. അതുപോലെ 'ഒരു ഉദ്യോഗസ്ഥൻപോലും പ്രസ്തുത നിയമപ്രകാരം നടപടിക്ക് വിധേയമായിട്ടില്ലെങ്കിൽ അത് സേവനത്തിന്റ ഗുണമാണെന്ന് കരുതാമോ' എന്ന എന്റെ 25-4-2017-ലെ ചോദ്യത്തിന് കിട്ടിയ ഉത്തരം 'അതെ' എന്നായിരുന്നു. അതിന്റെ അർത്ഥം സേവനാവകാശ നിയമത്തിന്റെ ഗുണം കേരളത്തിലെ ജനങ്ങൾക്ക് അനുഭവിക്കാൻ കഴിയുന്നു എന്നാണ്. പക്ഷേ ആനുകാലിക സംഭവ വികാസങ്ങൾ തെളിയിക്കുന്നത് സേവനാവകാശ നിയമം കൊണ്ട് ജനങ്ങൾക്ക് ഒരു ഗുണവും ലഭിക്കുന്നില്ല എന്നാണ്. കർണ്ണാടകയിൽ 2014-ൽ ആണ് സേവനാവകാശ നിയമം കൊണ്ടുവന്നത്. സേവനം ലഭിക്കാൻ താമസിച്ചതിന് ആ സംസ്ഥാനത്ത് 400-ൽ അധികം ആളുകൾക്ക് നഷ്ടപരിഹാരം കൊടുത്തു. കർണ്ണാടകയും രാജസ്ഥാനും വിജയകരമായി നടപ്പാക്കിയ നിയമം കേരളത്തിൽ ഫലപ്രദമാകാത്തതിന് കാരണം നിയമം ലംഘിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാൻ സാധിക്കാത്തതു കൊണ്ടാണെന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. സെക്രട്ടേറിയറ്റിൽ തീരുമാനമാകാതെ കെട്ടിക്കിടക്കുന്ന ഫയലുകളെക്കുറിച്ച് 29-5-2017-ന് ഞാൻ നിയമസഭയിൽ ഒരു ചോദ്യം ഉന്നയിച്ചിരുന്നു. ആ ചോദ്യത്തിന് എനിക്ക് കിട്ടിയ മറുപടി വളരെ ഞെട്ടിപ്പിക്കുന്നതായിരുന്നു. ഓരോ വകുപ്പിലും തീർപ്പ് കൽപ്പിക്കാതെ കിടക്കുന്ന ഫയലുകളുടെ എണ്ണം കേട്ടാൽ ഞെട്ടിപ്പോകും. കൃഷി വകുപ്പിൽ 5,159 ഫയലുകളാണ് തീർപ്പാകാതെ കെട്ടിക്കിടക്കുന്നത്. ഓരോ വകുപ്പിലും അയ്യായിരത്തിലധികം ഫയലുകൾ ഇങ്ങനെ കെട്ടിക്കിടക്കുന്നു. അയ്യായിരം, രണ്ടായിരം, ആയിരം എന്നിങ്ങനെ ധനകാര്യ വകുപ്പിൽ 19000 ഫയലുകളാണ് തീർപ്പാകാതെ കിടക്കുന്നത്. 'ഒരു ഉദ്യോഗസ്ഥൻപോലും പ്രസ്തുത നിയമപ്രകാരം നടപടിക്ക് വിധേയമായിട്ടില്ലെങ്കിൽ അത് സേവനത്തിന്റെ ഗുണമാണോ എന്ന് കരുതാമോ' എന്നതിന് എനിക്ക് കിട്ടിയ ഉത്തരം 'അതെ' എന്നാണെങ്കിൽ സെക്രട്ടേറിയറ്റിൽ തീർപ്പാകാതെ കെട്ടിക്കിടക്കുന്ന ഫയലുകളുടെ എണ്ണം കാണുമ്പോൾ ആ ഉത്തരം ശരിയല്ലെന്ന് പറയേണ്ടി വന്നതിൽ എനിക്ക് വളരെ ഖേദമുണ്ട്. സർക്കാർ ആഫീസുകളുടെ കാര്യക്ഷമത ഉറപ്പുവരുത്തുമെന്ന വാഗ്ദാനം നിരന്തരം പുതുക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി സേവനാവകാശ നിയമത്തിന് പല്ലും നഖവും നൽകാനുള്ള ഭേദഗതികൾക്ക് തയ്യാറാകണമെന്നാണ് എനിക്ക് ബഹുമാനപുരസ്സരം അഭ്യർത്ഥിക്കുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സേവനാവകാശത്തെക്കുറിച്ച് ബഹുമാന്യനായ അംഗം പ്രകടിപ്പിച്ച ഉത്കണ്ഠ പൂർണ്ണമായി നിരാകരിക്കേണ്ട ഒന്നല്ല. ഔദ്യോഗികമായി ലഭിക്കുന്ന മറുപടികളും നമ്മുടെ അനുഭവങ്ങളും തമ്മിലുള്ള വ്യത്യാസമാണ് ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചത്. നമ്മുടെ സംസ്ഥാനത്ത് സേവനാവകാശ നിയമം നിലവിൽവന്നത് സേവനം ലഭിക്കേണ്ടവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ്. അതുമായി ബന്ധപ്പെട്ട് പൂർണ്ണതയിലേയ്ക്ക് എത്തിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തി കൊണ്ടിരിക്കുന്നത്. സേവനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം നടപ്പാക്കുന്നതിന് ഐ.എം.ജി. ഡയറക്ടറെ ചുമതല പ്പെടുത്തിയിട്ടുണ്ട്. സേവനാവകാശ നിയമം പൊതുസമൂഹത്തിന് ഗുണകരമാകുന്ന വിധത്തിൽ നടപ്പാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുക. എല്ലാ പരാതികൾക്കും പ്രശ്നങ്ങൾക്കും 30 ദിവസത്തിനകം സർക്കാർ തലത്തിൽ തീർപ്പുണ്ടാക്കുക എന്നതാണ് സർക്കാർ നയം. ഇത് അക്ഷരാർത്ഥത്തിൽ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ തുടർന്ന് സ്വീകരിക്കാൻ തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് കൂടുതൽ കർക്കശമായ സമീപനം ഉണ്ടാകണം എന്നതാണ് ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതിൽ ഏറ്റവും പ്രധാന കാര്യം. അതിനോടും സർക്കാരിന് വിയോജിപ്പില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സേവനം ലഭിക്കേണ്ട ആളുകളുടെ അവകാശം സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഈ നിയമമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അത് നൂറ് ശതമാനം ശരിയാണ്. ഇന്നലെ സഭയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തെ സംബന്ധിച്ച് ഒരു ചോദ്യമുണ്ടായിരുന്നു. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ മണ്ഡലത്തിൽ കാസർഗോഡ് കാഞ്ഞങ്ങാട് കോളിച്ചാലിൽ മാവിലൻ സമുദായത്തിൽപ്പെട്ട ബിനേഷ് ബാലന്റെ കഥ നമുക്കെല്ലാവർക്കും അറിയാം. ആ വിദ്യാർത്ഥിക്ക് ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ പ്രവേശനം ലഭിച്ചപ്പോൾ ധനസഹായം നൽകുന്ന കാര്യത്തിൽ ഉദ്യോഗസ്ഥർ വളരെയധികം കുരുക്കിട്ടു. ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി താൽപ്പര്യമെടുത്ത് ആ കുട്ടിക്ക് ഒന്നര ലക്ഷം രൂപ അനുവദിച്ചു. അതിന് ഞാൻ മന്ത്രിയെ അഭിനന്ദിക്കുകയാണ്. ഈ പണവും കൂട്ടുകാരും അഭ്യുദയകാംക്ഷികളും നൽകിയ പണവും ഉപയോഗിച്ചാണ് ബിനേഷ് ലണ്ടനിലെത്തിയത്. ഏതാണ്ട് 5 ലക്ഷം രൂപയോളം കടമായും വാങ്ങി. വയനാട്ടിലെ ഒരു ബാങ്ക് ഉദ്യോഗസ്ഥനാണ് ലണ്ടനിലേയ്ക്കുള്ള വിമാന ടിക്കറ്റ് നൽകിയത്. നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം, കഴിഞ്ഞ സർക്കാരിന്റെ മന്ത്രിസഭ 27 ലക്ഷം രൂപ ഈ കുട്ടിക്ക് അനുവദിക്കണമെന്ന തീരുമാനമെടുത്തിരുന്നു. ആ തുക ഇതുവരെ നൽകാൻ സാധിക്കാത്തത് ഉദ്യോഗസ്ഥരുടെ ക്രൂരത കൊണ്ടാണെന്ന് ഈ സഭയെ

അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങനെയുള്ള ഉദ്യോഗസ്ഥരെ ശിക്ഷിക്കാൻ സേവനാവകാശ നിയമംകൊണ്ട് നമുക്ക് സാധിക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അതുപോലെതന്നെ വിവരാവകാശ നിയമം നടപ്പാക്കുന്നത് നിരീക്ഷിക്കാൻ വിവരാവകാശ കമ്മീഷണറേറ്റുണ്ട്. എന്നാൽ സേവനാവകാശ നിയമം നടപ്പാക്കുന്നത് നിരീക്ഷിക്കാൻ നമ്മുടെ സംസ്ഥാനത്ത് ഒരു സംവിധാനവുമില്ല. ഇ-ഭരണത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി കർണ്ണാടകയിൽ ഈ നിയമം കാര്യക്ഷമമായി നടപ്പിലാക്കിവരികയാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കുവാനുള്ള മറ്റൊരു കാര്യം, അങ്ങയുടെ സർക്കാർ അധികാരത്തിൽ വന്നിട്ട് ഇപ്പോൾ ഒരു വർഷത്തിലധികമായി. വളരെ ഖേദപൂർവ്വം അങ്ങയെ അറിയിക്കാനുള്ളത്, കാസർഗോഡ് ജില്ലയിൽ ഇതുവരെയും വരാത്ത കുറേ മന്ത്രിമാരുണ്ട്. കാസർഗോഡെന്നല്ല ഓരോ ജില്ലയിലും ഓരോ മന്ത്രിയും ഒരു മാസം ഒരു സിറ്റിംഗ് നടത്തിയാൽ അവിടെ തീർപ്പാക്കാതെ കിടക്കുന്ന ഫയലുകൾ എത്രയാണെന്ന് മനസ്സിലാക്കാനും ആ ഫയലുകൾ വളരെ പെട്ടെന്ന് തീർപ്പാക്കാനും സഹായകമാകും. അതുകൊണ്ട് ഓരോ മന്ത്രിയും ഒരു ജില്ലയിൽ ഒരു പ്രാവശ്യം സിറ്റിംഗ് നടത്താനുള്ള സംവിധാനം ഉണ്ടാക്കണമെന്നാണ് എനിക്ക് വളരെ വിനയപൂർവ്വം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിക്കാനുള്ളത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഒരുപാട് ചോദ്യങ്ങൾ ഒന്നിച്ച് ബഹുമാന്യനായ അംഗം ചോദിച്ചിരിക്കുകയാണ്. ലണ്ടനിൽപ്പോയ വിദ്യാർത്ഥിയുടെ കാര്യത്തിൽ അദ്ദേഹം പറഞ്ഞതുവച്ച് പരിശോധിക്കാം. പക്ഷേ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അദ്ദേഹം തന്നെ എഴുതിത്തരുന്നതാണ് പരിശോധനയ്ക്ക് കൂടുതൽ സഹായകരമാവുക. സേവനാവകാശ നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൃത്യമായി നടപ്പാകുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള ഒരു സംവിധാനം വേണമെന്നാണ് പറയുന്നത്. അതും ആലോചിക്കാവുന്ന കാര്യമാണ്. മന്ത്രിമാർ ഓരോ ജില്ലയിലും പോയി ഫയൽ തീർക്കുക എന്നുപറയുന്നതിനോട് പൊതുവിൽ സർക്കാരിന് യോജിപ്പില്ല. അതിന് ബന്ധപ്പെട്ട ജില്ലാ ഭരണ വ്യവസ്ഥയുണ്ട്. കളക്ടർമാർ എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും സിറ്റിംഗ് നടത്തി ബന്ധപ്പെട്ട ഫയലുകൾ തീർപ്പാക്കുന്ന ഒരു നടപടി പലയിടത്തും ആരംഭിച്ചിട്ടുണ്ട്. അത് എല്ലായിടങ്ങളിലും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

11.00 AM]

## IV സബ്മിഷൻ

### (1) ആദിവാസികളുടെ ആത്മഹത്യ

പ്രതിപക്ഷനേതാവ് <u>(ശ്രീ. രമേശ് ചെന്നിത്തല)</u>: സർ, വളരെ ഗൗരവമുള്ള ഒരു വിഷയം ഇന്നലെ സന്ദർഭവശാൽ സഭയുടെ ശ്രദ്ധയിൽ വന്നെങ്കിലും ഇന്ന് വീണ്ടും അത് ആവർത്തിക്കാൻ ഞാൻ നിർബന്ധിതനാവുകയാണ്. തിരുവനന്തപുരം ജില്ലയിൽ പാലോട് പോലീസ് സ്റ്റേഷൻ അതിർത്തിയിലുണ്ടായ ദാരുണമായ സംഭവങ്ങളാണ് എനിക്ക് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്. ഇവിടെ പെരിങ്ങമല പഞ്ചായത്തിൽപ്പെട്ട

ഞാറനീലി പട്ടികവർഗ്ഗ കോളനിയിലും തൊട്ടടുത്ത ഇലഞ്ചിയം, ചെമ്പൻകോട്, പന്നിയോട്ടുകടവ്, സൂര്യകാന്തി, ഈയ്യംകോട് എന്നീ ആദിവാസി മേഖലകളിലും കഴിഞ്ഞ 2012 മുതൽ 2017 വരെയുള്ള കാലയളവിൽ നാൽപ്പതോളം ആദിവാസി ചെറുപ്പക്കാരായ യുവതികളും യുവാക്കളും ആത്മഹത്യ ചെയ്യുകയുണ്ടായി. ഈ വിവരം ഇന്നലെ ബഹുമാന്യനായ അംഗം ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ ഉന്നയിച്ചു. ബഹുമാന്യനായ മുഖ്യമന്ത്രിയും പട്ടികവർഗ്ഗ വകുപ്പുമന്ത്രിയും മറുപടിയും പറഞ്ഞു. വൈകുന്നേരം ഞാനും ശ്രീ. എ. പി. അനിൽ കുമാറും ശ്രീ. കെ. എസ്. ശബരീനാഥനും ഡി.സി.സി. പ്രസിഡന്റ് ശ്രീ. നെയ്യാറ്റിൻകര സനലും ആ പ്രദേശം സന്ദർശിക്കു കയുണ്ടായി. ഞെട്ടിപ്പിക്കുന്ന വാർത്തകളാണ് ഞങ്ങൾക്ക് കേൾക്കാൻ കഴിഞ്ഞത്. 192 പേരാണ് പാലോട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ 2012 മുതൽ ആത്മഹത്യ ചെയ്തിട്ടുള്ളത്. 2012-ൽ 36 പുരുഷൻമാരും 4 സ്ത്രീകളുമടക്കം 40 പേർ ആത്മഹത്യ ചെയ്തു. 2013-ൽ 27 പുരുഷൻമാരും ഒരു സ്ത്രീയുമടക്കം 28 പേർ. 2014-ൽ 35 പുരുഷൻമാരും 4 സ്ത്രീകളുമടക്കം 39 പേർ. 2015-ൽ 37 പുരുഷൻമാരും 2 സ്ത്രീകളുമടക്കം 39 പേർ. 2016-ൽ 22 പുരുഷൻമാരും 3 സ്ത്രീകളുമടക്കം 25 പേർ. 2017-ൽ 19 പുരുഷൻമാരും 2 സ്ത്രീകളുമടക്കം 21 പേർ ആത്മഹത്യ ചെയ്യുകയുണ്ടായി. 191 പേർ പാലോട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ വിവിധ കാരണങ്ങൾ കൊണ്ട് ആത്മഹത്യ നടത്തിയിട്ടുണ്ട്. അതിനേക്കാൾ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു കാര്യം പട്ടികവർഗ്ഗ വിഭാഗത്തിലെ ആദിവാസികളായ 43 പേർ ആത്മഹത്യ ചെയ്തുവെന്നാണ് പറയപ്പെടുന്നത്. 33 പേരുടെ പേരുവിവരം എന്റെ കൈവശമുണ്ട്. Due to illness, drunkard, debt, frustration, family matter ഇങ്ങനെ പല കാരണങ്ങളാണ് പോലീസ് ചൂണ്ടിക്കാണിക്കുന്നത്. ഇതെല്ലാം കാണുമ്പോൾ നമ്മുടെയെല്ലാം തല കുനിയേണ്ട സാഹചര്യമാണുള്ളത്. യു.ഡി.എഫ്. ഭരിച്ചപ്പോഴും, ഇപ്പോഴും തിരുവനന്തപുരം ജില്ലയിലെ ഈ ഒരു സംഭവം നമ്മളാരും അറിയാതെപോയി. ഒരു പ്രദേശത്ത് ഇത്രയും കൂടുതൽ ആളുകൾ വിവിധ കാരണങ്ങളാൽ ആത്മഹത്യ ചെയ്യുന്നു. അതിൽ തന്നെ 43-ഓളം പേർ ആദിവാസികളാണ്. ഈ സംഭവത്തെ ഗൗരവത്തോടുകൂടി കാണണം. ആദിവാസി സമൂഹം വളരെ വൾനറബിളായിട്ടുള്ള ഒരു സമൂഹമാണ്. മറ്റു ജനവിഭാഗങ്ങൾക്കിടയിലെ ആളുകൾ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതുപോലെ ഈ സമൂഹത്തിന് പ്രശ്നങ്ങൾ നേരിടാൻ കഴിയുകയില്ല. വെല്ലുവിളികളും പ്രശ്നങ്ങളും അവരെ പലപ്പോഴും ആത്മഹത്യയിലേയ്ക്കും പ്രശ്നങ്ങളിലേയ്ക്കും നയിക്കുകയാണ്. അതുകൊണ്ട് ബഹുമാന്യനായ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ അവിടം സന്ദർശിക്കണമെന്നാണ് എന്റെ അഭിപ്രായം. ഏതാണ്ട് 8-9 ഊരുകളിലെ ആളുകൾക്ക് ഉണ്ടാകുന്ന പ്രശ്നങ്ങളെ കുറിച്ച് കൃഷ്ണൻകാണി എന്നുപറയുന്ന ഏറ്റവും മുതിർന്ന വ്യക്തി എന്നോട് വിശദീകരിച്ചു. അവിടെ മദ്യം മൂലമുണ്ടാകുന്ന പ്രശ്നമുണ്ട്, നിരാശയുടെ പ്രശ്നമുണ്ട്, കടമുണ്ട്, അങ്ങനെ പലതരത്തിലുള്ള സാമൂഹ്യ പ്രശ്നങ്ങൾ കാരണമാണ് ആളുകൾ മരിക്കുന്നത്. ഒരേ രീതിയിലുള്ള ആത്മഹത്യയാണ് അവിടെ നടക്കുന്നത്. കൂടുതലും തൂങ്ങിമരണമാണ്. ഒരു മരണം പൊള്ളലേറ്റാണ് ഉണ്ടായത്, ഒരാൾ വിഷം കഴിച്ചതാണ്, ബാക്കിയെല്ലാം തൂങ്ങിമരണങ്ങളാണ്. ഇതിനെ പോലീസ് വളരെ ലാഘവത്തോടെയാണ് കണ്ടത്.

ഇന്നലെ ഞങ്ങൾ അവിടെ ചെല്ലുന്നതിനുമുമ്പ് പട്ടികജാതി കമ്മീഷൻ മുൻ ജഡ്ജിയായ വിജയകുമാർ ഉൾപ്പെടെയുള്ളവർ അവിടെ എത്തിയിരുന്നു. തിരുവനന്തപുരം സബ് കളക്ടർ ദിവ്യാ എസ്. അയ്യരുമുണ്ടായിരുന്നു. അവരും ഈ കാര്യം പരിശോധിച്ചതാണ്. ഇത്രയും ഉദ്യോഗസ്ഥർ ചെന്നപ്പോഴും ഞാൻ പോയപ്പോഴും അവിടെ ആകെ ഉണ്ടായിരുന്നത് ഒരു എ.എസ്.ഐ. മാത്രമാണ്. ഈ ഹാംഗിംഗ് ഉണ്ടായതിന്റെ പോലീസ് റിപ്പോർട്ട് പരിശോധിച്ചപ്പോൾ മനസ്സിലായത് വളരെ shabby ആയിട്ടാണ് പോലീസ് ഇത് കൈകാര്യം ചെയ്തത് എന്നാണ്. സാധാരണഗതിയിൽ ഒരു ഹാംഗിംഗ് ഉണ്ടായാൽ ബോഡി താഴെ ഇറക്കിയശേഷമോ മോർച്ചറിയിൽ വച്ചോ ഫോട്ടോ എടുത്ത് സൂക്ഷിക്കും. ഞാൻ അതേക്കുറിച്ച് പോലീസിനോട് ചോദിച്ചപ്പോൾ ഫോട്ടോ ഇല്ലെന്ന മറുപടിയാണ് ലഭിച്ചത്. റവന്യൂ ഉദ്യോഗസ്ഥരുടെയോ എസ്.സി./ എസ്.ടി. കമ്മീഷന്റെയോ വിസിറ്റ് പരിഗണിച്ച് പ്രധാനപ്പെട്ട ഒരു പോലീസ് ഉദ്യോഗസ്ഥൻ പോലും അവിടെ വന്നില്ല. ആ പ്രദേശത്തെ സ്ത്രീകളുടെ ഏറ്റവും വലിയ പരാതി പോലീസ് പട്രോളിംഗ് ഇല്ല, എക്സൈസ് വകുപ്പിന്റെ പ്രവർത്തനമില്ല സാമൂഹ്യവിരുദ്ധ ശക്തികൾ പലതരത്തിൽ ആദിവാസികളെ ഉപദ്രവിക്കുന്നുണ്ട്, അത് ശ്രദ്ധിക്കാൻ ആളില്ല എന്നൊക്കെയാണ്. തമിഴ്നാട് ബോർഡറിനോട് ചേർന്നുകിടക്കുന്ന സ്ഥലമാണ്. മാനസിക പ്രശ്നങ്ങളാണ് കൂടുതലെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. സാമൂഹ്യമായ വശങ്ങളും ഉണ്ട്. അതുകൊണ്ട് ബഹുമാന്യനായ മന്ത്രിയോട് എനിക്ക് പറയാനുള്ളത്, ഇതിനെപ്പറ്റി ഒരു പഠനം നടത്തി അവിടത്തെ പ്രശ്നങ്ങൾ എന്താണെന്ന് കണ്ടെത്തി, ആവശ്യമാണെങ്കിൽ അവർക്ക് കൗൺസിലിംഗ് കൊടുക്കണം, അവരെ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തണം. ഞങ്ങൾ ഇന്നലെ പോയത് വീണ എന്നുപറയുന്ന കുട്ടിയുടെ വീട്ടിലാണ്. പെരിങ്ങമ്മല ഇക്ബാൽ കോളേജിൽ ഫസ്റ്റ് ഇയർ ബി.എ.-യ്ക്ക് പഠിച്ചിരുന്ന കുട്ടിയാണ്. അതിന് തൊട്ടടുത്താണ് ആദിവാസി ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ഞാറനീലി സ്കൂൾ. പണ്ട് ഞാൻ വിസിറ്റു നടത്തിയിട്ടുള്ളതാണ്. ഏറ്റവും നല്ലനിലയിൽ പോകുന്ന ഒരു സ്കൂളാണ് അത്. ഇവിടെ ഉണ്ടായിരിക്കുന്ന ഈ പ്രശ്നത്തിന്റെ സാമൂഹ്യ പശ്ചാത്തലവും കാരണങ്ങളും മനസ്സിലാക്കി അടിയന്തരമായി ഇടപെടണം. ഇന്ന് എല്ലാ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തിട്ടുള്ള കാര്യമാണ്. ബഹുമാന്യനായ മന്ത്രി അവിടെ വിസിറ്റ് ചെയ്യണം. ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ പൂർണ്ണമായും സഹകരിക്കാൻ ഞങ്ങളും തയ്യാറാണ്. കൂട്ടായി ഒരു പരിഹാരം കാണണം എന്നാണ് എന്റെ അഭ്യർത്ഥന.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇന്നലെ സന്ദർശിച്ച പ്രദേശം എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ടതാണ്. അദ്ദേഹം അവിടെ എത്തിയതിന് ഞാൻ നന്ദി പ്രകാശിപ്പിക്കുകയാണ്. അദ്ദേഹം എത്തുന്ന വിവരം എന്നെക്കൂടി അറിയിച്ചിരുന്നുവെങ്കിൽ തീർച്ചയായും ആ സമയത്ത് ഞാനും അവിടെ ഉണ്ടാകുമായിരുന്നു. അദ്ദേഹം പോയ ഈ മരണവീട്ടിൽ ഞാൻ നേരത്തെ പോകുകയുണ്ടായി. രക്ഷകർത്താക്കളുടേയും, നാട്ടുകാരുടേയും ആശങ്കകൾ ട്രൈബൽ ഡിപ്പാർട്ട്മെന്റിനേയും പോലീസിനേയുമെല്ലാം അറിയിക്കുകയും അതിൽ അവർ ശ്രദ്ധിക്കുകയും ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മനസ്സിലാക്കിയിരിക്കുന്ന കണക്കുകളിൽ ചില

വ്യത്യാസങ്ങളുണ്ട്. മരണപ്പെട്ട 33 പേരിൽ മുഴുവൻപേരും ആദിവാസികളല്ല. അതിൽ 27 ആദിവാസികൾ മാത്രമേയുള്ളൂ, കുറച്ച് എസ്.സി. വിഭാഗക്കാരുമുണ്ട്. രണ്ട് പഞ്ചായത്തുകൾ ചേർന്നതാണ് പാലോട് പോലീസ് സ്റ്റേഷൻ പ്രദേശം. ഈ പ്രദേശത്ത് ആത്മഹത്യാ പ്രവണത വർഷങ്ങളായി നിലനിൽക്കുന്നുണ്ട് എന്നുള്ള സത്യം അംഗീകരിക്കേണ്ടതു തന്നെയാണ്. ആദിവാസികളും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുമായി 2012-ൽ 40 പേരാണ് അവിടെ ആത്മഹത്യ ചെയ്തത്. അഞ്ച് വർഷത്തിനിടയ്ക്ക് രണ്ടു പഞ്ചായത്തുകളിലായി പ്രസ്തുത പോലീസ് സ്റ്റേഷൻപരിധിയിൽ 192 പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്. മദ്യപാനശീലം ഒരു പ്രധാന മരണകാരണമായി വരുന്നുണ്ട്. 2012-ൽ മരണപ്പെട്ടവരുടെ ലിസ്റ്റിൽ ബഹുഭൂരിപക്ഷം പേരും മദ്യപാനത്തിന്റെ അടിസ്ഥാനത്തിൽ മരണപ്പെട്ടവരാണ്. പ്രത്യേകിച്ച് വനമേഖലയായതിനാൽ ലഹരിമരുന്നിന്റെ വ്യാപാരവും അവിടെയുണ്ടെന്നുള്ളത് സത്യമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ചില നടപടികൾ ഫലപ്രദമായി എടുക്കുന്നുണ്ട്. ഞാറനീലിക്ക് തൊട്ടടുത്ത് വിട്ടിക്കാവ് എന്നുപറയുന്ന ഒരു ഊരുക്കൂട്ടമുണ്ട്. യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ അവിടെ ഒരു സ്പോർട്സ് ക്ലബ് ആരംഭിക്കുകയും ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ.സി. മൊയ്തീൻ അവിടം സന്ദർശിച്ച് അത് ഉദ്ഘാടനം നടത്തുകയും ചെയ്തു. ഫലപ്രദമായി അതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നുമുണ്ട്. ഇന്നലെ ട്രൈബൽ ഡേ ആയതിനാൽ ട്രൈബൽ മേഖലയായ ഞാറനീലിയിൽ സംഘടിപ്പിച്ച ബോധവൽക്കരണ ക്യാമ്പ് ഞാൻ ഉദ്ഘാടനം ചെയ്തു. ഇത്തരം ചില നടപടികൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടത് അത്യാവശ്യമാണ്. പൊതുവിൽ ആദിവാസി മേഖലകൾ എന്നതുപോലെതന്നെ ഇവിടേയും രണ്ടുമൂന്ന് പഞ്ചായത്തുകളിലായി നടക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു ജാഗ്രവത്തായ പഠനവും ഇടപെടലും ആവശ്യമാണ്. ലഹരി വ്യാപാരത്തെ തടസ്സപ്പെടുത്തുന്നതിന് ചില പ്രയാസങ്ങൾ ഇപ്പോൾ നേരിടേണ്ടിവരുന്നുണ്ട്. വാമനപുരം എക്സൈസ് റേഞ്ചിന്റെ ഭാഗമായുള്ളതാണ് പെരിങ്ങമ്മല, പാലോട്, ഞാറനീലി ഉൾപ്പെടെയുള്ള പ്രദേശങ്ങൾ. ഏകദേശം 35-40 കിലോമീറ്റർ സഞ്ചരിച്ചാൽ മാത്രമേ ഈ പ്രദേശത്ത് എത്താൻ കഴിയുകയുള്ളൂ. ആ എക്സൈസ് റേഞ്ച് ബൈഫർക്കേറ്റ്ചെയ്ത് പാലോട് കേന്ദ്രമാക്കി ഒരു റേഞ്ച് വരേണ്ട ആവശ്യകതയുണ്ട്. അത് ഡിപ്പാർട്ടുമെന്റിന്റെ സജീവ പരിഗണനയിലാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുസംബന്ധിച്ച് തീരുമാനം എടുക്കേണ്ടതുണ്ട്. പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പ്രസ്തുത സ്ഥലം സന്ദർശിക്കുന്നത് ഉചിതമായിരിക്കും. അതിനുവേണ്ട ശ്രദ്ധയുണ്ടാകണം എന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, തിരുവനന്തപുരം ജില്ലയിലെ മലയോര മേഖലയായ വാമനപുരം അസംബ്ലി നിയോജകമണ്ഡലത്തിൽപ്പെട്ട ഞാറനീലി, പെരിങ്ങമ്മല പ്രദേശങ്ങളിലെ ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ ആത്മഹത്യ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും വാമനപുരം എം.എൽ.എ. ശ്രീ. ഡി. കെ. മുരളിയും ഉന്നയിച്ച സബ്മിഷൻ വളരെ പ്രധാനപ്പെട്ടതാണ്.

പ്രതിപക്ഷത്തിന് ഇത് ഒരു അടിയന്തരപ്രമേയമായി കൊണ്ടുവരാൻ നല്ല സാധ്യതയുള്ള ഒരു വിഷയമായിരുന്നു. ഇപ്പോൾ മാത്രമല്ല അഞ്ചുവർഷം മുമ്പുതന്നെ ഇത് അടിയന്തര പ്രമേയമായി വരേണ്ടതായിരുന്നു. അട്ടപ്പാടി പ്രദേശത്ത് ഇതേ രൂപത്തിലുള്ള പ്രശ്നങ്ങൾ ഉള്ള സമയത്ത് ഭരണകക്ഷിയും പ്രതിപക്ഷവും ശക്തമായി പ്രതികരിക്കാനും ഏറെക്കുറെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സഹായിച്ചത് നിയമസഭയാണ്. നിയമസഭയുടെ മുമ്പിൽ ആ പ്രശ്നം വന്നതിന്റെ ഭാഗമായാണ് ഫലപ്രദമായ നടപടി സ്വീകരിക്കാനും ആദിവാസി മേഖലയിൽ ഇന്നുകാണുന്ന പുരോഗതി കൈവരിക്കാനും സാധിച്ചത്. ഈ പ്രശ്നം നിയമസഭയുടെ മുമ്പിൽ കൊണ്ടുവരാൻ കഴിഞ്ഞില്ലായെന്നുള്ളത് എല്ലാപേരുടേയും വീഴ്ചയാണെന്ന ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പരാമർശത്തോട് പരിപൂർണ്ണമായും യോജിക്കുകയാണ്. ഇന്നലെ ചോദ്യോത്തരവേളയിൽ ശ്രീ. എ.പി. അനിൽകുമാർ, എം.എൽ.എ. ആണ് ഈ വിഷയം കൊണ്ടുവന്നത്. യഥാർത്ഥത്തിൽ ആദിവാസി പട്ടികജാതി വിഭാഗങ്ങളുടെ വിദ്യാഭ്യാസ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടായിരുന്നു ഉപചോദ്യം. ആ സമയത്ത് സാങ്കേതിക കാരണങ്ങൾ പറഞ്ഞുകൊണ്ട് മാറിനിന്നില്ല. പകരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും പ്രതികരിച്ചു. അതിനെത്തുടർന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ശ്രീ. കെ. എസ്. ശബരിനാഥൻ, ശ്രീ. എ. പി. അനിൽകുമാർ എന്നീ എം.എൽ.എ.-മാരും അവിടെപോയി കാര്യങ്ങളൊക്കെ മനസ്സിലാക്കി. അതിന്റെ ഭാഗമായിട്ടാണ് പ്രതിപക്ഷനേതാവ് സബ്മിഷൻ കൊണ്ടുവന്നത്. വസ്തുതാ അന്വേഷണത്തിൽ നെടുമങ്ങാട് ടി.ഡി.ഒ. പരിധിയിൽ വരുന്ന പാലോട് പഞ്ചായത്തിൽ ഉൾപ്പെട്ട പ്രസ്തുത പ്രദേശങ്ങളിൽ ആത്മഹത്യ ചെയ്തവർ 2012 -7, 2013 -4, 2014 -4, 2015 -6, 2016 -6, 2017 -6 എന്നിങ്ങനെ ആകെ 33 ആത്മഹത്യകളാണ് സംഭവിച്ചതായി റിപ്പോർട്ട് ചെയ്തത്. ഇതിൽ 26 പേർ പട്ടികവർഗ്ഗ വിഭാഗത്തിലും 7 പേർ പട്ടികജാതി വിഭാഗത്തിലുംപ്പെട്ടവരാണ്. 189 ആത്മഹത്യകൾ ഇക്കാലയളവിൽ ഉണ്ടായി എന്ന കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് ഇതോടൊപ്പംതന്നെ നമ്മൾ മനസ്സിലാക്കേണ്ടതാണ്. ഇതിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ആത്മഹത്യകൾ 36 എണ്ണമാണ്. അപ്പോൾ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളെയും ഇതര വിഭാഗങ്ങളെയും ബാധിക്കുന്ന പ്രശ്നങ്ങൾ അവിടെയുണ്ട് എന്ന വസ്തുത നമ്മൾ മനസ്സിലാക്കണം. ഏറ്റവും ഒടുവിൽ ആത്മഹത്യചെയ്ത വീണ കൃഷ്ണൻ എന്ന വിദ്യാർത്ഥിനി ഞാറനീലി എം.ആർ.എസ്.-ൽനിന്നും പ്ലസ്ടു വിദ്യാഭ്യാസം പൂർത്തിയാക്കി പെരിങ്ങമല കോളേജിൽ ഡിഗ്രിക്ക് പഠിക്കുകയായിരുന്നു. ഈ കുട്ടിയുടെ ആത്മഹത്യയിലേയ്ക്ക് നയിച്ചതിന്റെ കാരണം പട്ടികജാതി/ പട്ടികവർഗ്ഗ കമ്മീഷൻ ഇന്നലെ സ്ഥലം സന്ദർശിച്ച് സ്ഥിരീകരിച്ചിട്ടുണ്ട്. അതിന്റെ

ഉള്ളടക്കം ഇപ്പോൾ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. വ്യക്തിഗതവും കുടുംബപരവും മദ്യപാനം പോലുള്ള സാമൂഹ്യപരവുമായ വ്യത്യസ്തങ്ങളായ വിഷയങ്ങളെ തുടർന്നാണ് ഈ ആത്മഹത്യകൾ എന്ന് വിലയിരുത്താവുന്നതാണ്. എങ്കിലും ഒരു പ്രദേശത്ത് വലിയ തോതിലുള്ള ആത്മഹത്യ വർഷങ്ങളായി സംഭവിച്ച കൊണ്ടിരിക്കുന്നു എന്ന കാര്യം നിസ്സാരമായി കാണാൻ നമുക്ക് സാധിക്കില്ല. സർക്കാരിന്റെ ശ്രദ്ധയിൽ ഇത്തരം ഗൗരവകരമായ ഒരു കാര്യം കൊണ്ടുവരുന്നതിൽ 2012 മുതൽ മുൻസർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും ഉദ്യോഗസ്ഥ-പൊതുപ്രവർത്തക-മാധ്യമ തലങ്ങളിൽ വന്ന ഒരു വീഴ്ചയാണ് ഇക്കാര്യത്തിൽ സജീവമാകാൻ നമ്മളെ പ്രേരിപ്പിച്ചത്. അസ്വാഭാവികവും ദു:ഖകരവുമായ ഈ ആത്മഹത്യകളിൽ ഒരു തരത്തിലും രാഷ്ട്രീയം കാണാതെ മേലിൽ ആവർത്തിക്കാതിരിക്കാനുള്ള കർശന നടപടികൾ ഉണ്ടാകണമെന്നാണ് സർക്കാരിന്റെ നിലപാട്. അതിനായി ഭരണ പ്രതിപക്ഷ ഭേദമെന്യേ എല്ലാവരും ഒന്നിച്ച നിൽക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബഹുമാനപ്പെട്ട എം.എൽ.എ.-യും സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വിഷയത്തിന്റെ ഗൗരവം സർക്കാർ ഉൾക്കൊള്ളുകയാണ്. വകുപ്പുമന്ത്രി എന്ന നിലയിൽ മന്ത്രിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥ സംഘം സ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കും. ആരോഗ്യ വകുപ്പ്, എൻ.ആർ.എച്ച്.എം., സാമൂഹ്യക്ഷേമ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ സംയുക്തമായി ഈ പ്രദേശത്തെ പ്രത്യേക കേസ്സായി പരിഗണിച്ച് പഠനം നടത്തുന്നതാണ്. ഈ പ്രദേശത്തെ പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ മാനസികവും ശാരീരികവും ആയ ആരോഗ്യ സ്ഥിതിയെ സംബന്ധിച്ച് വിശദമായ ഒരു സർവ്വേയും ഇതിന്റെ ഭാഗമായി നടത്തും. സംസ്ഥാന സർക്കാരിന്റെ ലഹരി വിരുദ്ധ ക്യാമ്പെയിനിന്റെ ഭാഗമായി നടക്കുന്ന വിമുക്തി ക്യാമ്പെയിനും ഡീ-അഡിക്ഷൻ ക്യാമ്പെയിനുകളും ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സമീപ പ്രദേശങ്ങളിലെ പഞ്ചായത്തുകളിലും നടത്തുന്നതാണ്. പാലോട് പഞ്ചായത്തിലെ എല്ലാ ഊരുകളും വീടുകളും സന്ദർശിച്ച് ലഹരി വിരുദ്ധ പ്രചരണവും ബോധവത്കരണവും സംഘടിപ്പിക്കുന്നതാണ്. പ്രദേശത്തെ ത്രിതല പഞ്ചായത്തുകളുടെ സഹകരണവും ഇക്കാര്യങ്ങളിൽ ഉറപ്പുവരുത്തും. പ്രദേശത്തെ പി.എച്ച്.സി.-യിൽ ഒരു ഡീ-അഡിക്ഷൻ സെന്റർ പ്രവർത്തനക്ഷമമാക്കും. ഈ പ്രവർത്തനങ്ങളുടെ ഏകോപനം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ നേരിട്ട് നടത്തും. 2012-ൽ കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി പബ്ലിഷ് ചെയ്തിട്ടുള്ള സൂയിസൈഡിനെക്കുറിച്ചുള്ള ഒരു കണക്കുണ്ട്. അതിൽ ഏറ്റവും കൂടുതൽ സൂയിസൈഡ് നടന്നത് കൊല്ലത്താണ്. ഒരു ലക്ഷത്തിൽ 49 പേരാണ് അവിടെ ആത്മഹത്യ

ചെയ്തത്. തിരുവനന്തപുരത്ത് ഇത് 41 ആണ്. ആത്മഹത്യയുടെ കാര്യത്തിൽ കൊല്ലവും തിരുവനന്തപുരവും ഒരേ നിരക്കിലാണ്. പക്ഷേ തിരുവനന്തപുരത്തിന്റെ പ്രത്യേകത ആത്മഹത്യാനിരക്ക് കൂടി വരുന്നു എന്നുള്ളതാണ്. 1995-ൽ ഇത് ഒരു ലക്ഷത്തിൽ 17 ആയിരുന്നുവെങ്കിൽ 2012-ൽ അത് 42-ൽ എത്തിനിൽക്കുന്നു. ആത്മഹത്യാ നിരക്ക് കേരളത്തിൽ ഏറ്റവും കൂടുന്നത് ഈ ജില്ലകളിലാണ്. കൊല്ലത്തും നേരത്തേ സൂചിപ്പിച്ച പോലുള്ള പ്രശ്നങ്ങളുണ്ടാകാം. അതൊന്നും നമ്മുടെ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. തിരുവനന്തപുരത്തെ കാര്യങ്ങൾ മാത്രമാണ് നമ്മുടെ ശ്രദ്ധയിൽപ്പെട്ടത്. ഇത് വളരെ ഗൗരവമായ പ്രശ്നമാണ്. ഈ സംഭവങ്ങൾ നടന്ന സ്ഥലങ്ങളിൽ പോയതിന് ബഹുമാന്യരായ പ്രതിപക്ഷനേതാവിനേയും എം.എൽ.എ.മാരേയും ഈ പ്രശ്നം ഗവൺമെന്റിന്റെ സജീവ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സഹായിച്ച ആ പ്രദേശത്തെ എം.എൽ.എ.-യേയും അഭിനന്ദിക്കുന്നു. സമയബന്ധിതമായി ഈ കാര്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള ശക്തമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും എന്ന് ഞാൻ സഭയെ അറിയിക്കുകയാണ്.

## (2) തൊണ്ടിമുതലായി പിടിച്ചെടുത്ത വാഹനങ്ങൾ നീക്കം ചെയ്യൽ

ശ്രീ. എ. എൻ. ഷംസീർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേരളത്തിൽ വലിയ രീതിയിലുള്ള വികസന പ്രവർത്തനങ്ങൾക്കാണ് നേതൃത്വം കൊടുക്കുന്നത്. നവകേരള മിഷൻ അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കർമ്മ പദ്ധതിയാണ്. ആ നവകേരള മിഷനിൽ തന്നെയുള്ള ഹരിത കേരള മിഷൻ ഊന്നൽ കൊടുക്കുന്നത് ജൈവ കൃഷിയോടൊപ്പം മാലിന്യ സംസ്കരണത്തെ കുറിച്ചുകൂടിയാണ്. ഇന്നലത്തെ മുഖ്യധാരാ പത്രം റിപ്പോർട്ട് ചെയ്തത് നമ്മുടെ രാജ്യത്ത് സാനിട്ടേഷനിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനം കേരളമാണെന്നാണ്. എന്നാൽ ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഒരു പോലീസ് സ്റ്റേഷൻ ഉണ്ട്, താലൂക്ക് ഓഫീസ് ഉണ്ട് എന്ന് കണ്ടെത്താൻ ലാന്റ് മാർക്കായി നമ്മൾ പറയുന്നത് നിങ്ങൾ ഏതെങ്കിലും ഒരു ടൗണിലേയ്ക്ക് പ്രവേശിച്ചാൽ തുരുമ്പിച്ച, വീലില്ലാത്ത കുറേ വാഹനങ്ങളെ ഒരുമിച്ച് കണ്ടാൽ നിങ്ങൾ മനസ്സിലാക്കണം അവിടെ ഒരു പോലീസ് സ്റ്റേഷനും താലൂക്ക് ഓഫീസും ഉണ്ട് എന്നാണ്. ഇന്ന് സംസ്ഥാനത്ത് തൊണ്ടി മുതലായും അല്ലാതെയും ധാരാളം വാഹനങ്ങൾ പോലീസും റവന്യൂ അധികാരികളും മറ്റ് ഉദ്യോഗസ്ഥരും പിടിച്ചെടുക്കുന്നുണ്ട്. ഇത്തരത്തിൽ പിടിച്ചെടുത്ത വാഹനങ്ങൾ പലപ്പോഴും പോലീസ് സ്റ്റേഷനിലും പരിസരത്തുമാണ് സൂക്ഷിക്കുന്നത്. പോലീസ് സ്റ്റേഷൻ പരിസരത്ത് സൂക്ഷിച്ചത് പിന്നീട് പോലീസ് സ്റ്റേഷന്റെ മെയിൻ റോഡിലേയ്ക്ക് മാറും. ഇങ്ങനെ വർഷങ്ങളായി സൂക്ഷിക്കുന്ന ഈ തൊണ്ടിമുതലുകൾ തുരുമ്പിച്ച് ഉപയോഗശൂന്യമായിമാറി അത് ചിലയിടങ്ങളിൽ പോലീസ് സ്റ്റേഷൻപോലും കാണാൻ പറ്റാത്ത സാഹചര്യം സൃഷ്ടിച്ചിരിക്കുകയാണ്. പോലീസ് സ്റ്റേഷൻ ജനകീയ പോലീസ് സ്റ്റേഷനായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. പോലീസ്

സ്റ്റേഷനിൽ ആവലാതി പറയാൻ ചെല്ലുന്നയാൾക്ക് ഇത് പെട്ടെന്ന് കാണുമ്പോൾ തന്നെ പ്രയാസം അനുഭവപ്പെടും, അവിടെ ഒരു ഭീതിജനകമായ സാഹചര്യം സൃഷ്ടിക്കപ്പെടുകയാണ്. ആ ഭീതിയോടെയാണ് അയാൾ അവിടെ പ്രവേശിക്കുന്നത്. പോലീസ് സ്റ്റേഷന് മുമ്പിലുള്ള ഈ വാഹനക്കൂട്ടം ഒരു ഭാഗത്ത് റവന്യൂ ലോസ് ഉണ്ടാക്കുന്നു, മറ്റൊരു ഭാഗത്ത് സാമ്പത്തിക നഷ്ടം വ്യക്തിക്കും ഉണ്ടാക്കുന്നുണ്ട്. ഇതിന് സർക്കാർ ഒരു പ്രതിവിധി കണ്ടെത്തണം. താലൂക്ക് ഓഫീസിന് മുമ്പിലാണെങ്കിൽ പൂഴിയടങ്ങിയിരിക്കുന്ന ലോറി ഉൾപ്പെടെ ഇങ്ങനെ സൂക്ഷിക്കുന്നു. പോലീസ് സ്റ്റേഷന് മുമ്പിലും താലൂക്ക് ഓഫീസിന് മുമ്പിലും ഇങ്ങനെ പിടിക്കപ്പെട്ട വാഹനങ്ങളും അപകടത്തിൽപ്പെട്ട വാഹനങ്ങളും ഉപേക്ഷിച്ച് പോകുന്ന വാഹനങ്ങളും കിടക്കുകയാണ്. പോലീസ് സ്റ്റേഷനു മുമ്പിലുള്ള വാഹനങ്ങൾ കൊതുക് ഉൾപ്പെടെയുള്ള ജീവികൾക്ക് വളരാനുള്ള അവസരം ഒരുക്കിക്കൊടുക്കുകയാണെങ്കിൽ താലൂക്ക് ഓഫീസിന് മുമ്പിലുള്ള വാഹനങ്ങൾ പലപ്പോഴും ആന്റി-സോഷ്യൽ എലമെന്റ്സിന്റെ കേന്ദ്രമായി മാറുകയാണ്. ഇവിടങ്ങളിൽ സന്ധ്യയാകുമ്പോൾ മദ്യപാനം തുടങ്ങിയ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഇതിനൊരു പരിഹാരം കണ്ടെത്തണം. ഇത് ഏതെങ്കിലും ഒരു സ്ഥലത്ത് മാത്രമുള്ള വിഷയമല്ല. സംസ്ഥാനത്തെമ്പാടുമുള്ള വിഷയമാണ്. തൊണ്ടിമുതലായി പിടിച്ച വാഹനങ്ങൾ തുരുമ്പിച്ച് പോകുന്നു, അങ്ങനെയാകാതെ തന്നെ സർക്കാരിന് പിടിച്ചെടുത്ത് ഉപയോഗിച്ചുകൂടേ? ഇതിനായി എന്ത് മാർഗ്ഗമാണുള്ളത് എന്ന് വളരെ ഗൗരവമായി ഈ സഭ ചർച്ച ചെയ്യണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ലേലം വിളിക്കാൻ പറ്റുമോ, വാഹനങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക പ്രതിസന്ധിയുള്ളപ്പോൾ സർക്കാരിന് ഇത് പിടിച്ചെടുത്ത് സർക്കാർ ഡിപ്പാർട്ട്മെന്റുകൾക്ക് കൊടുക്കാൻ സാധിക്കുമോ എന്നെല്ലാമുള്ള കാര്യങ്ങൾ ചിന്തിക്കണം. ഇതിനായി നിയമനിർമ്മാണം അനിവാര്യമെങ്കിൽ അങ്ങനെ ചെയ്യണം. അല്ലെങ്കിൽ സ്ക്രാപ്പ് മെറ്റലായി ഇത് വിൽക്കാൻ കഴിയുമെങ്കിൽ അങ്ങനെ ചെയ്യണം. സ്ക്രാപ്പ് മെറ്റലിന് ഇന്ത്യയ്ക്കകത്തും പുറത്തും നല്ല വിലയുണ്ട്. ഇങ്ങനെ പിടിച്ചെടുത്ത് പോലീസ് സ്റ്റേഷനിലും താലൂക്ക് ഓഫീസിലും സൂക്ഷിച്ച വാഹനങ്ങളുടെ വീൽ ഉൾപ്പെടെ പല സ്പെയർപാർട്സുകളും മോഷ്ടിച്ച് വിൽക്കുന്ന ഗ്രൂപ്പുകളും കേരളത്തിൽ സജീവമാകുകയാണ്. നിയമനിർമ്മാണം ഉൾപ്പെടെയുള്ള കാര്യങ്ങളിലൂടെ ഇത് പരിഹരിക്കാൻ കഴിയുമോ എന്ന് ചിന്തിക്കണം. ഇതിനുള്ള അടിയന്തര പരിഹാരം സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന ഗൗരവമായൊരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. സംസ്ഥാനത്ത് വിവിധ കുറ്റകൃത്യങ്ങളിലും അബ്കാരി കേസ്സുകൾ, Protection of River Banks and Regulation of Removal of Sand Act, Essential Commodities Act എന്നിവ പ്രകാരവും പിടിച്ചെടുക്കുന്ന വാഹനങ്ങളും ഏറ്റെടുക്കാൻ ആളില്ലാതെ ഉപേക്ഷിച്ചനിലയിൽ കാണപ്പെടുന്ന വാഹനങ്ങളും കേസ് തീർപ്പ് കൽപ്പിക്കുന്നതുവരെയും ചിലപ്പോൾ അതിനുശേഷവും വിവിധ പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും റോഡ് അരികിലും സൂക്ഷിച്ചുവരുന്നു. പോലീസ് സ്റ്റേഷനുകളിൽ

ക്രൈം കേസ്സുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ കോടതിയുടെ ഉത്തരവിനുശേഷം മാത്രമേ ഉടമസ്ഥർക്ക് വിട്ടുനൽകാൻ കഴിയുകയുള്ളൂ. അവകാശികൾ ഇല്ലാത്തവ കേരള പോലീസ് ആക്ട് പ്രകാരം ലേലം നടത്തുന്നതിന് പുറമേ Metal Scrap Trade Corporation Limited ഇ-ഓക്ഷൻ, ഓൺലൈൻ എന്നിവ വഴി ലേലം ചെയ്തുവരുന്നു. മണൽക്കടത്തുമായി ബന്ധപ്പെട്ട വാഹനങ്ങൾ ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥന് കൈമാറിയശേഷം ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള റവന്യൂ അധികാരികളിൽനിന്ന് ഉത്തരവ് ലഭിച്ചാൽ മാത്രമേ പോലീസിന് മറ്റ് നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളു. ഇത്തരം വാഹനങ്ങൾ കഴിയുന്നിടത്തോളം പോലീസ് വകുപ്പിന് കീഴിലുള്ള മറ്റ് സ്ഥലങ്ങളിലേയ്ക്ക് മാറ്റിയിടുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് നടന്നുവരുന്നതുമാകുന്നു. ഇങ്ങനെയുള്ള വാഹനങ്ങൾക്കായി പാർക്കിംഗ് യാർഡുകൾ സ്ഥാപിക്കുന്നതിനുള്ള സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്നതിൽ അതത് ജില്ലാഭരണകൂടം ശ്രമിച്ചുവരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി 2-12-2008-ൽ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണൽ അപ്പീൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഇത്തരത്തിൽ സൂക്ഷിച്ചുവരുന്ന വാഹനങ്ങൾ കാലതാമസം കൂടാതെ ഡിസ്പോസ് ചെയ്യാൻ എല്ലാ വകുപ്പുകൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം ഇക്കാര്യം ഫലപ്രദമായി നടപ്പാക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായും സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ അംഗങ്ങളായുമുള്ള കമ്മിറ്റി യോഗം ചേർന്ന് പുരോഗതി വിലയിരുത്തിവരുന്നു. അതോടൊപ്പം ഇതിന് ശാശ്വത പരിഹാരം കാണാൻ ഉതകുംവിധമുള്ള നിയമനിർമ്മാണം നടത്താനുള്ള സാധ്യതയും പരിശോധിക്കുന്നതാണ്.

### (3) പ്രതികളുടെ അറസ്റ്റ്

ശ്രീ. കെ. സി. ജോസഫ്: സർ, ആഗസ്റ്റ് 3-ാം തീയതി രാത്രി 8.30-ഓടു കൂടി കല്ല്യാട് വച്ച് യൂത്ത് കോൺഗ്രസ്സ് മണ്ഡലം പ്രസിഡന്റ് ജിനേഷിനെ ഒരു സംഘം ഡിവൈ.എഫ്.ഐ. പ്രവർത്തകർ ആക്രമിച്ച് പരിക്കേൽപ്പിച്ചു. ലഹരി മരുന്ന് വിൽപ്പന സംബന്ധിച്ച് എക്സൈസ് വകുപ്പിന് പരാതി നൽകിയതിനാലാണ് ജിനേഷിനെ ആക്രമിച്ചത്. ഇതേത്തുടർന്ന് അവിടെ എത്തിയ ജില്ലാ കോൺഗ്രസ്സ് കമ്മിറ്റി വൈസ് പ്രസിഡന്റ് മുഹമ്മദ് ബ്ലാത്തൂറിന്റെ നേതൃത്വത്തിൽ രാത്രി കല്ല്യാട് ടൗണിൽ പ്രകടനം നടത്തുകയുണ്ടായി. ആ പ്രകടനത്തെ സി.പി.ഐ(എം) ലോക്കൽ കമ്മിറ്റി സെക്രട്ടറിയുടെ നേതൃത്വത്തിൽ ആക്രമിച്ചു. അതിനാൽ ആ പ്രകടനം പൂർത്തിയാക്കാൻ സാധിച്ചില്ല. അതിനുശേഷം രാത്രി 10.30-ഓടുകൂടി മുഹമ്മദ് ബ്ലാത്തൂർ മടങ്ങിപ്പോകുമ്പോൾ അദ്ദേഹത്തെ വഴിക്കുവച്ച് 40-ഓളം ആളുകൾ തടഞ്ഞുവച്ചു. അവിടെയും സി.പി.ഐ(എം) ലോക്കൽ കമ്മിറ്റി സെക്രട്ടറി ഉണ്ടായിരുന്നു. അവിടെ വച്ചും ജിനേഷിനെ ആക്രമിക്കുകയും കാറിൽനിന്നും വലിച്ച് പുറത്തിടുകയും കാർ തകർക്കുകയും ചെയ്തു. ഈ സംഭവങ്ങൾ കഴിഞ്ഞ് ഒരാഴ്ചയായിട്ടും പോലീസിന്റെ ഭാഗത്തുനിന്ന് നടപടി ഉണ്ടാകുന്നില്ല. അങ്ങ് എപ്പോഴും പറയുന്നത് നിയമം നിയമത്തിന്റെ വഴിക്ക് പോകുമെന്നും അക്രമങ്ങൾക്കെതിരെ മുഖംനോക്കാതെ നടപടി സ്വീകരിക്കുമെന്നുമാണ്. പക്ഷേ

കണ്ണൂർ ജില്ലയിൽ അക്രമസ്വഭാവമുള്ള പ്രതികൾ സി.പി.ഐ(എം) പ്രവർത്തകരാണെങ്കിൽ പോലീസ് മടിച്ചുനിൽക്കുകയാണ്. ദയവായി ഈ നയം തുടരരുത്. ഈ സംഭവം 3-ാം തീയതി നടന്നതാണ്. ഇന്ന് 10-ാം തീയതിയായി. ഒരാഴ്ച കഴിഞ്ഞു. പോലീസിന്റെ ഭാഗത്തുനിന്ന് നടപടി ഉണ്ടാകാത്തതിന് കാരണം കണ്ണൂർ ജില്ലയിലെ പോലീസ് പ്രവർത്തിക്കുന്നത് സി.പി.ഐ(എം) പ്രാദേശിക നേതൃത്വത്തിന്റെ ഒത്താശയോടുകൂടിയാണ്. ഈ നടപടി ശരിയല്ല. അക്രമങ്ങളെ നുള്ളിക്കളയണം. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കണ്ണൂർ ഇരിക്കൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ 3-8-2017-ന് രാത്രിയിലുണ്ടായ അക്രമസംഭവത്തിൽ പോലീസ് നാല് കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കോൺഗ്രസ്സ് പ്രവർത്തകനായ ജിനേഷിനെ ദേഹോപദ്രവം ഏൽപ്പിച്ചുവെന്ന പരാതിയിൽ IPC 341, 323, 324, 34 എന്നീ വകുപ്പുകൾ പ്രകാരം കേസ്സെടുത്തിട്ടുണ്ട്. കോൺഗ്രസ്സ് പ്രവർത്തകർ പ്രകടനം നടത്തി പ്രകോപനപരമായ മുദ്രാവാക്യം വിളിച്ചതിനും ഗതാഗത തടസ്സം സൃഷ്ടിച്ചതിനും IPC 143, 145, 283, 149 എന്നീ വകുപ്പുകൾ പ്രകാരവും കേസ്സെടുത്തിട്ടുണ്ട്. സി.പി.ഐ.(എം) പ്രവർത്തകനായ ഷിബിനെ ദേഹോപദ്രവം ഏൽപ്പിച്ചുവെന്ന പരാതിയിൽ IPC 143, 147, 148, 341, 323, 324, 149 എന്നീ വകുപ്പുകൾ പ്രകാരവും കേസ്സെടുത്തു. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച, മുഹമ്മദ് ബ്ലാത്തൂരിനെ ദേഹോപദ്രവം ഏൽപ്പിച്ചതിനും സഞ്ചരിച്ചിരുന്ന കാർ കേടുവരുത്തിയതിനും IPC 143, 147, 148, 341, 324, 427 308, 149 എന്നീ വകുപ്പുകൾ പ്രകാരവും ഇരിക്കൂർ പോലീസ് കേസ്സുകളെടുത്തിട്ടുണ്ട്. രണ്ട് കേസ്സുകളിൽപ്പെട്ട ഏഴ് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മറ്റ് കേസ്സുകളിലെ പ്രതികളെ കണ്ടെത്തുന്നതിന് അന്വേഷണം ഊർജ്ജിതമായി നടന്നുവരികയാണ്. കേസ്സുകളിൽപ്പെട്ട പ്രതികൾക്കുനേരെ കർശനമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. അക്രമങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് സ്ഥലത്തും പരിസരത്തും നിരന്തരമായി പോലീസ് പട്രോളിംഗ് നടത്തിവരുന്നുണ്ട്. പോലീസ് ഒരു രാഷ്ട്രീയ പാർട്ടിയുടെയും നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കില്ല. പോലീസ് പോലീസിന്റേതായ രീതിയിൽ തന്നെയാണ് പ്രവർത്തിക്കുക.

## (4) കൊച്ചി മെട്രോ

ശ്രീ. അൻവർ സാദത്ത്: സർ, നമ്മുടെ സ്വപ്ന പദ്ധതിയായിരുന്ന കൊച്ചി മെട്രോ യാഥാർത്ഥ്യമായതോടുകൂടി എറണാകുളം ജില്ലയിൽനിന്ന് മാത്രമല്ല കേരളത്തിന്റെ പല ഭാഗത്തുനിന്നും ആളുകൾ വന്ന് കൊച്ചി മെട്രോയിൽ യാത്ര ചെയ്തും ആസ്വദിച്ചും നല്ല അഭിപ്രായങ്ങളാണ് പറയുന്നത്. കൊച്ചി മെട്രോയിൽ ആലുവ മുതൽ പാലാരിവട്ടം വരെ 40 രൂപയാണ് ചാർജ് ഈടാക്കുന്നത്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ചാർജ്ജ് തുല്യമാണെന്നുള്ള അഭിപ്രായങ്ങൾ പറയുന്നുണ്ടെങ്കിലും ചാർജ്ജ് കൂടുതലാണെന്നും അത് കുറച്ചാൽ മെട്രോയിലെ യാത്രക്കാരുടെ എണ്ണം വർദ്ധിക്കുമെന്നും കൊച്ചി മെട്രോമാൻ ശ്രീ. ഇ. ശ്രീധരൻ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. മെട്രോ കാണാനുള്ള കൗതുകത്തോടെ, ടൂറിസ്റ്റുകൾ വരുന്നതുപോലെ ധാരാളം ആളുകൾ മെട്രോയിൽ കയറി യാത്ര ചെയ്തുപോകുന്നുണ്ട്. സ്ഥിരമായി മെട്രോയിൽ

യാത്രക്കാരെ ലഭിക്കണമെങ്കിൽ ചാർജ്ജ് കുറയ്ക്കണം, അങ്ങനെ ചാർജ്ജ് കുറച്ചാൽ സ്വാഭാവികമായും ദീർഘകാലത്തേയ്ക്ക് നിശ്ചിത വരുമാനമുണ്ടാവുകയും മെട്രോ കൂടുതൽ ലാഭത്തിലാക്കാൻ സാധിക്കുകയും ചെയ്യുമെന്നാണ് പൊതുവേയുള്ള നിഗമനം. അതിനുള്ള നടപടി സ്വീകരിക്കണം. രാജ്യത്ത് ഒരു മെട്രോയിലും വിദ്യാർത്ഥികൾക്ക് കൺസെഷൻ സംവിധാനം നിലവിലില്ല. വിദ്യാർത്ഥികളും വിദ്യാർത്ഥി സംഘടനകളും ആവശ്യപ്പെടുന്നതുപോലെ അവർക്ക് കൺസെഷൻ സംവിധാനം ഏർപ്പെടുത്തിയാൽ മെട്രോയിൽ ആളുകളുടെ എണ്ണം വർദ്ധിക്കുകയും കൂടുതൽ ലാഭത്തിലാക്കാൻ സാധിക്കുകയും ചെയ്യും. ആലുവ മുതൽ പാലാരിവട്ടം വരെയാണ് നിലവിൽ മെട്രോ ഓടുന്നത്. ആലുവയിൽനിന്ന് അല്ലെങ്കിൽ ഇടയ്ക്കുനിന്ന് ഒരാൾ വാഹനം ഉപേക്ഷിച്ച് മെട്രോയിൽ കയറി പാലാരിവട്ടത്ത് വരുമ്പോൾ വീണ്ടും സിറ്റിയിലേയ്ക്ക് പോകാൻ മറ്റൊരു വാഹനത്തെ ആശ്രയിക്കേണ്ട സാഹചര്യമാണ് ഇന്നുള്ളത്. അതുകൊണ്ട് എത്രയും പെട്ടെന്ന് പാലാരിവട്ടത്തുനിന്നും മഹാരാജാസ് വരെയുള്ള പണി പൂർത്തിയാക്കുകയും അതുവരെ മെട്രോ ഓടിത്തുടങ്ങാനുള്ള സാഹചര്യമൊരുക്കുകയും വേണം. അതിന്റെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കും; മഹാരാജാസ് മുതൽ പേട്ട വരെയുള്ള ഭാഗത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; രണ്ടാം ഘട്ടത്തിൽ ആലുവ-നെടുമ്പാശ്ശേരി എയർപോർട്ട്-അങ്കമാലി വരെയുള്ള ലൈൻ നീട്ടാനുള്ള സാഹചര്യം ഉണ്ടാക്കണമെന്നും ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുന്നു. ബഹുമാനപ്പെട്ട അങ്കമാലി എം.എൽ.എ. ശ്രീ. റോജി എം. ജോണും നിരന്തരമായി ഇക്കാര്യം ആവശ്യപ്പെടുന്നുണ്ട്. ഇതിന്റെ ഡി.പി.ആർ. തയ്യാറായി എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അടുത്ത ഘട്ടത്തിൽ അതിന്റെ പണി പൂർത്തീകരിച്ചാൽ മെട്രോ കൂടുതൽ ലാഭകരമാക്കാനുള്ള സാഹചര്യമുണ്ട്. ഇക്കാര്യത്തിൽ സർക്കാർ ഇച്ഛാശക്തി കാണിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി initiative എടുത്തുകൊണ്ട് തീരുമാനമുണ്ടാക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ സമഗ്രമായ പഠനത്തിനുശേഷമാണ് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിലെ യാത്രാ നിരക്കുകൾ തീരുമാനിച്ചത്. നമ്മുടെ രാജ്യത്ത് ഒരു മെട്രോയിലും വിദ്യാർത്ഥികൾക്കായി കൺസെഷൻ സംവിധാനം നിലവിലില്ലെന്ന് ബഹുമാനപ്പെട്ട അംഗം തന്നെ പറയുകയുണ്ടായി. ആ സാഹചര്യത്തിൽ കൊച്ചി മെട്രോയിൽ സ്പെഷ്യൽ കൺസെഷൻ അനുവദിക്കുന്ന കാര്യം പരിഗണിച്ചിരുന്നില്ല. ഒന്നാം ഘട്ടമായി ആലുവയിൽനിന്നും പാലാരിവട്ടം വരെ സർവ്വീസ് ആരംഭിച്ച മെട്രോയുടെ പാലാരിവട്ടം മുതൽ മഹാരാജാസ് വരെയുള്ള നിർമ്മാണപ്രവൃത്തികൾ ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. ഒക്ടോബർ മാസത്തിൽ ഇത് പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാൻ കഴിയുമെന്നാണ് അവർ വ്യക്തമാക്കിയിട്ടുള്ളത്. മഹാരാജാസ് മുതൽ പേട്ട വരെയുള്ള നിർമ്മാണപ്രവൃത്തികൾ 2019 അവസാനത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ആലുവ മുതൽ അങ്കമാലി വരെ മെട്രോ ദീർഘിപ്പിക്കാനുള്ള മൂന്നാം ഘട്ട പദ്ധതിയുടെ സാധ്യതാ പഠനം കെ.എം.ആർ.എൽ. പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിനുള്ള കേന്ദ്രാനുമതി ലഭ്യമായതിനുശേഷം മാത്രമേ അങ്കമാലി വരെ മെട്രോ ദീർഘിപ്പിക്കുന്നത് പരിഗണിക്കാനാകൂ.

## (5) കടൽഭിത്തി നിർമ്മാണം

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ തീരദേശ പഞ്ചായത്തായ ഉദുമയിലെ ജനങ്ങൾ അനുഭവിക്കുന്ന ഒരു പ്രധാനപ്പെട്ട ബുദ്ധിമുട്ട് സഭയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഉദുമയിലെ കാപ്പിൽ-കൊപ്പൽ കടപ്പുറത്ത് രൂക്ഷമായ കടലാക്രമണമാണ് ജനങ്ങൾ അനുഭവിക്കുന്നത്. അവർ ഉപയോഗിക്കുന്ന റോഡ് ഏതാണ്ട് കടലെടുത്ത അവസ്ഥയാണ്. വീടുകൾ ഭീഷണിയിലാണ്. കടൽഭിത്തി നിർമ്മിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് നിരവധി നിവേദനങ്ങൾ കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ഞാൻ ബന്ധപ്പെട്ട വകുപ്പിന് നൽകിയിരുന്നതാണ്. കടപ്പുറത്ത് ഏതാണ്ട് 1240 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് 8 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിരിക്കുകയാണ്. എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സമർപ്പിക്കുകയും അവർ പരിശോധിച്ച് ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തുവെന്നാണ് മനസ്സിലാക്കുന്നത്. ചില സാങ്കേതികത്വം പറഞ്ഞ് അനുമതി നൽകാതിരിക്കുകയാണ്. കഴിഞ്ഞ ബജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി 5 കോടി രൂപ ഇതിനായി നീക്കിവച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 8 കോടി രൂപയിലധികമായി എന്നാണ് പറയുന്നത്. അത് അംഗീകരിക്കാതെ തിരിച്ച് അയച്ചതായാണ് മനസ്സിലാകുന്നത്. ആ നാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പറഞ്ഞാൽ മനസ്സിലാകില്ല, കണ്ടാൽ മാത്രമേ മനസ്സിലാകൂ. ഒരു ഗ്രാമത്തിലെ ജനങ്ങൾ മുഴുവൻ ഒഴിഞ്ഞുപോകേണ്ട സ്ഥിതി വന്നിരിക്കുകയാണ്. അടിയന്തരമായി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇടപെട്ട് ആ നാട്ടിലെ ജനങ്ങളെ രക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഉദുമ പഞ്ചായത്തിൽ കാപ്പിൽ-കൊപ്പൽ കടപ്പുറത്ത് സി.പി. സ്റ്റോൺ നമ്പർ 2685-ന് 40 മീറ്റർ തെക്കുമുതൽ 1140 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനായി 8 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ പ്രസ്തുത എസ്റ്റിമേറ്റ് വിശദമായി പഠിച്ചപ്പോൾ ചില പോരായ്മകൾ കണ്ടെത്തുകയുണ്ടായി. സൈറ്റിനനുസരിച്ചുള്ള ഡിസൈനായിരുന്നില്ലെന്നാണ് കണ്ടെത്തിയത്. കേരള തീരപ്രദേശങ്ങളിൽ കടൽഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ മുഖേന പഠനം നടത്തി ഡിസൈൻ ലഭ്യമാക്കുന്നതിന് ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ ചില അധിക വിവരങ്ങൾ 12-6-2017-ൽ ചോദിച്ചിട്ടുണ്ട്. ആയത് ഉടൻ നൽകി പഠന റിപ്പോർട്ട്, ഡിസൈൻ എന്നിവ ലഭ്യമാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. കേരളത്തിലെ തീരപ്രദേശങ്ങളിൽ

നിരന്തരമുണ്ടാകുന്ന കടലാക്രമണം പ്രതിരോധിക്കുന്ന മാർഗ്ഗങ്ങൾ സംബന്ധിച്ച് നൂതന കാഴ്ചപ്പാട് ആവശ്യമാണെന്ന ധാരണയുണ്ട്. കടലിൽ കല്ല് ഇടുക, കടൽഭിത്തി, പുലിമുട്ട് തുടങ്ങിയവ പരമ്പരാഗതരീതിയിൽ ചെയ്യാതെ ശാസ്ത്രീയമായി പരിഷ്ക്കരിക്കണമെന്നും പ്രത്യേകിച്ച് പരിസ്ഥിതിയുമായി ഇണങ്ങുന്ന തരത്തിലാകണമെന്നും നിർദ്ദേശം വന്നിട്ടുണ്ട്. അനുയോജ്യമായ കടലാക്രമണ പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ഗവൺമെന്റ്തലത്തിൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആ കമ്മിറ്റിയുടെ നിർദ്ദേശവും കണക്കിലെടുക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിഷയത്തിൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടി വേഗത്തിലാക്കുന്നതാണ്.

## (6) ഐ ആന്റ് ഇ.എൻ.ടി.ആശുപത്രി

ശ്രീ. റ്റി. വി. രാജേഷ്: സർ, പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജ് ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ഒഫ്ത്താൽമോളജിക്കും ഇ.എൻ.ടി.-ക്കും അനുവദിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. ആയുർവ്വേദം ലോകാരോഗ്യ മേഖലയ്ക്ക് ഭാരതം നൽകിയ മഹത്തായ സംഭാവനയാണ്. ആയുർവ്വേദ ശാസ്ത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ട വിഭാഗമാണ് ശാലക്യതന്ത്ര. ശിരസ്സ്, കണ്ണ്, ചെവി, മൂക്ക്, തൊണ്ട തുടങ്ങിയ അവയങ്ങൾക്കുണ്ടാകുന്ന രോഗങ്ങൾക്ക് ഏറ്റവും ഫലപ്രദമായ ചികിത്സാ രീതിയാണ് ആയുർവ്വേദത്തിലുള്ളത്. ശിരോ രോഗങ്ങളുടെയും നേത്ര രോഗങ്ങളുടെയും ചികിത്സ വളരെ പ്രാധാന്യമർഹിക്കുന്നതാണ്. തിമിരം മുതൽ പ്രമേഹജന്യ നേത്രരോഗങ്ങൾക്കു വരെ അത്ഭുതാവഹമായ ഫലം ഉളവാക്കുന്ന ചികിത്സാ രീതിയാണ് ആയുർവ്വേദം. ആധുനിക ചികിത്സാ രംഗവും ശസ്ത്രക്രിയകൾ അനായാസേന ചെയ്യാനുതകുന്ന തരത്തിൽ സാങ്കേതിക സാഹചര്യങ്ങളും വളർന്നപ്പോൾ ഒരു പരിധിവരെ ആയുർവ്വേദ മേഖല പാർശ്വവൽക്കരിക്കപ്പെട്ടു. എന്നാൽ ഈ സർക്കാർ ആയുർവ്വേദത്തിന് പ്രത്യേക പരിഗണന നൽകുന്നുവെന്നത് വളരെയേറെ പ്രതീക്ഷ നൽകുന്നതാണ്. മലബാറിൽ ഗവൺമെന്റ് തലത്തിൽ ആയുർവ്വേദ സ്പെഷ്യാലിറ്റി ആശുപത്രികളില്ല. പരിയാരം ആയുർവ്വേദ കോളേജാണ് ഇത്തരത്തിലുള്ള ഒരു ആശുപത്രി. പരിയാരത്ത് കഴിഞ്ഞ 12 മാസം ചികിത്സ തേടിയെത്തിയവരുടെ എണ്ണം 111897 ആണ്. അതിൽ 24968 പേർ ചികിത്സയ്ക്കെത്തിയത് ശാലക്യതന്ത്ര വകുപ്പിലാണ്. ആകെ എത്തുന്ന രോഗികളിൽ 23 ശതമാനവും ശാലക്യതന്ത്ര വകുപ്പിലാണ് വരുന്നത്. ഗവൺമെന്റ് തലത്തിൽ ആയുർവ്വേദ മേഖലയിൽ ഇത്തരത്തിലൊരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി കേരളത്തിലില്ല. ഉള്ളത് മധ്യകേരളത്തിൽ സ്വകാര്യ മേഖലയിലാണ്. പല സ്ഥലത്തും ചികിത്സയ്ക്ക് ഭാരിച്ച ചെലവ് വരുന്നതുകൊണ്ട് സാധാരണക്കാർക്ക് താങ്ങാൻ കഴിയുന്നില്ല. മാത്രമല്ല ബിസിനസ്സായി മാത്രംകണ്ട് അശാസ്ത്രീയമായ ചികിത്സാരീതികളും സ്വീകരിക്കുന്നുണ്ട്.

ഇത്തരം സാഹചര്യത്തിൽ ചെവി, മൂക്ക്, തൊണ്ട, ശിരസ്സ് തുടങ്ങിയ അവയവങ്ങൾക്കുള്ള ഏറ്റവും ശാസ്ത്രീയവും നിലവാരം ഉറപ്പുവരുത്തുന്നതുമായ ചികിത്സാരീതി എന്ന നിലയിൽ ആയുർവ്വേദ ചികിത്സ പ്രോത്സാഹിപ്പിക്കപ്പെടണം. മലബാറിലെ ജനങ്ങൾക്ക് അത്തരമൊരു ചികിത്സ ഉറപ്പുവരുത്താൻ പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ ഇത്തരമൊരു ആശുപത്രി ആരംഭിക്കണം. അതിനുള്ള സ്ഥല സൗകര്യം അവിടെ ലഭ്യമാണ്. ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാന്യയായ മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വടക്കൻ കേരളത്തിലെ ഒരേ ഒരു ഗവൺമെന്റ് ആയുർവ്വേദ മെഡിക്കൽ കോളേജാണ് കണ്ണൂർ ജില്ലയിലെ പരിയാരത്ത് 1998-ൽ പ്രവർത്തനമാരംഭിച്ച ഗവൺമെന്റ് ആയുർവ്വേദ മെഡിക്കൽ കോളേജ്. പ്രസ്തുത കോളേജിന് കീഴിലെ ആശുപത്രിയിൽ കണ്ണൂർ ജില്ല കൂടാതെ സമീപ ജില്ലകളായ കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിൽ നിന്നുപോലും രോഗികൾ വിദഗ്ദ്ധ ആയുർവ്വേദ ചികിത്സയ്ക്കായി എത്തിച്ചേരുന്നുണ്ട്. പ്രസ്തുത ആശുപത്രിയിലെ ശാലക്യതന്ത്ര വകുപ്പിനുകീഴിൽ കൂടുതൽ രോഗികൾ ചികിത്സ തേടിവരുന്നുണ്ട്. കേരളത്തിൽ ശാലക്യതന്ത്ര വിഭാഗത്തിനു മാത്രമായി പ്രത്യേക ആശുപത്രികൾ സർക്കാർ തലത്തിൽ നിലവിലില്ല. കണ്ണൂർ ആയുർവ്വേദ കോളേജിൽ 14-7-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം മൂന്ന് പുതിയ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ശാലക്യതന്ത്ര വിഭാഗത്തിൽ പുതിയ പി.ജി. കോഴ്സ് ആരംഭിക്കുമ്പോൾ കണ്ണ്, ചെവി, മൂക്ക്, തൊണ്ട, ശിരോരോഗങ്ങൾ എന്നിവയുടെ പ്രത്യേക ചികിത്സയ്ക്കായി നിലവിലുള്ള സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതാണ്. കണ്ണൂർ ആയുർവ്വേദ കോളേജിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്. പ്രസ്തുത ആശുപത്രി പൂർത്തിയാകുമ്പോൾ നിലവിലുള്ള ആശുപത്രിയിൽ കൂടുതൽ സൗകര്യം ഐ ആന്റ് ഇ.എൻ.ടി. വിഭാഗത്തിന് ഏർപ്പെടുത്തുന്നതാണെന്ന് അറിയിക്കുന്നു.

## (7) ലബോറട്ടറികൾ ആരംഭിക്കുന്നത് സംബന്ധിച്ച്

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, നമ്മുടെ നാട്ടിൽ ചെറിയ രോഗമുള്ളവർ പോലും ലാബ് സൗകര്യങ്ങളുടെ പരീക്ഷണങ്ങൾക്ക് വിധേയരാകേണ്ടതുണ്ട്. കഴിഞ്ഞ പനിക്കാലത്ത് ഓരോ ലാബും പരിശോധനകൾക്ക് അവർക്ക് ഇഷ്ടപ്പെട്ട ലാഭത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിക്കുകയായിരുന്നു. 'ആർദ്രം' പദ്ധതി വന്നതോടുകൂടി ആരോഗ്യമേഖല ശക്തിപ്പെടുകയും ജനകീയമാവുകയും ചെയ്യുകയാണ്. ഇതിൽ രണ്ട് പ്രശ്നങ്ങളാണുള്ളത്. ഒന്ന്, ലാബുകൾ നിശ്ചിത രീതിയിലല്ലാത്ത ഫീസ് നിശ്ചയിക്കുന്നു, രണ്ട്, പല ലാബുകളിൽ പരിശോധിക്കുമ്പോൾ പല തരത്തിലുള്ള

റിസൾട്ട് കിട്ടുന്നു. കൃത്യമായ പരിശോധനാ ഫലമുണ്ടെങ്കിൽ മാത്രമേ കൃത്യമായ ചികിത്സ നിശ്ചയിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് കിടത്തി ചികിത്സയുള്ള എല്ലാ ആശുപത്രികളിലും ആധുനിക ലാബ് സൗകര്യവും കൃത്യമായ പരിശോധനാ ഫലം ലഭിക്കുന്ന സാഹചര്യവും ഉണ്ടാകണം. അതിന്റെ അടിസ്ഥാനത്തിൽ കൃത്യമായ ചികിത്സ നിശ്ചയിക്കാനുള്ള സംവിധാനമുണ്ടാകണം. ഇത്തരം ആവശ്യങ്ങൾക്ക് പോകുന്ന രോഗികൾ കൊള്ളയടിക്കപ്പെടാതിരിക്കുന്നുവെന്ന് ഉറപ്പുവരുത്തുക. ഈ സംവിധാനത്തിനുവേണ്ടി പൊതുജനാരോഗ്യ മേഖലയിൽ പി.എച്ച്.സി. മുതലുള്ള സംവിധാനം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബക്ഷേമ ആരോഗ്യ കേന്ദ്രങ്ങളാക്കുമ്പോൾ അവിടെ ആധുനികവൽക്കരിച്ച എല്ലാ സൗകര്യങ്ങളുമുള്ള ലാബ് സൗകര്യവും ശരിയായതും ശാസ്ത്രീയവുമായ പരിശോധനാ ഫലവും അതിന്റെ അടിസ്ഥാനത്തിൽ കൃത്യമായ ചികിത്സാ രീതികളും ഉണ്ടാകുന്നുവെന്ന് ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. കേരളത്തിൽ നിലവിൽ കിടത്തി ചികിത്സയുള്ള താലൂക്ക്-ജില്ലാ-ജനറൽ ആശുപത്രികളിൽ ലബോറട്ടറി സംവിധാനം നിലവിലുണ്ട്. പ്രസ്തുത ആശുപത്രികളിലെ ലബോറട്ടറി സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2016-ൽ പുതിയ 204 ലാബ് ടെക്നീഷ്യൻ തസ്തിക സൃഷ്ടിച്ചു. അതുകൂടാതെ, 'ആർദ്രം' പദ്ധതിയുടെ ഭാഗമായി കൂടുതൽ ലാബ് ടെക്നീഷ്യൻ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. എല്ലാംകൂടി 350 ലാബ് ടെക്നീഷ്യൻ തസ്തിക ഈ ഗവൺമെന്റ് വന്നതിനുശേഷം പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. 'ആർദ്രം' പദ്ധതിയുടെ ഭാഗമായി പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലബോറട്ടറി സൗകര്യം ലഭിക്കുന്നതിന് 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അപൂർവ്വം ചില പ്രൈമറി ഹെൽത്ത് സെന്ററുകളിൽ മാത്രമാണ് ലാബ് സൗകര്യമുണ്ടായിരുന്നത്. 'ആർദ്രം' പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമായി മാറുമ്പോൾ കേരളത്തിലെ മുഴുവൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ലാബ് സൗകര്യം നിലവിൽ വരികയാണ്. നാല് വർഷക്കാലംകൊണ്ട് 941 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ലാബ് സൗകര്യം നിലവിൽ വരും. 170 സ്ഥലങ്ങളിൽ ഈ ഡിസംബറോടുകൂടി പൂർണ്ണമായും ലബോറട്ടറി സൗകര്യം നിലവിൽ വരികയാണ്. കേരളത്തിൽ മൂന്ന് പബ്ലിക് ഹെൽത്ത് ലാബുകളാണുള്ളത്. ഇതിനാവശ്യമായ തസ്തികയുണ്ടായിരുന്നില്ല. ഇതിൽ രണ്ട് പബ്ലിക് ഹെൽത്ത് ലാബുകൾക്ക് ഇപ്പോൾത്തന്നെ 27 തസ്തികകൾ സൃഷ്ടിച്ചു കഴിഞ്ഞു. ഇനി ഒരു പബ്ലിക് ഹെൽത്ത് ലാബിനുകൂടി മലപ്പുറത്ത് തസ്തിക സൃഷ്ടിക്കേണ്ടതുണ്ട്. മറ്റ് രണ്ട് പബ്ലിക് ഹെൽത്ത് ലാബുകളിലും ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് 27 തസ്തികകൾ സൃഷ്ടിച്ചത്. മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിന് തസ്തിക സൃഷ്ടിക്കുന്നതിനുള്ള ഫയലുകൾ ഉടൻതന്നെ നീക്കുന്നതാണ്.

ശ്രീ. പി. ഉബൈദുള്ള: (മൈക്ക് ഓഫ്). തസ്തികകൾ സൃഷ്ടിക്കുന്നതോടൊപ്പം ഉപകരണങ്ങൾ സ്ഥാപിക്കാനുള്ള നടപടിയുമുണ്ടാകണം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിൽ വളരെ പരിമിതമായ തസ്തികകൾ മാത്രമേയുള്ളൂ. അതാണ് പരിഗണിക്കുമെന്ന് പറഞ്ഞത്. ഉപകരണങ്ങളും സ്ഥാപിക്കുന്നതാണ്. നമ്മുടെ ആരോഗ്യ മേഖലയിലുള്ള അപര്യാപ്തതകൾ എത്ര വലുതാണെന്നുള്ളതാണ് ബഹുമാനപ്പെട്ട മെമ്പറും താങ്കളുമടക്കം സൂചിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതിനാണ് രാവിലെ മുതൽ ഞാൻ മറുപടിയും പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇതെല്ലാം മെച്ചപ്പെടുത്താൻ ദ്രുതഗതിയിലുള്ള നടപടിയെടുക്കാം. ഉപകരണങ്ങളും സ്ഥാപിക്കാം. ഇതാണ് പൊതുവെയുള്ള സ്ഥിതി. ഇത്തവണ പനി ബാധിച്ചപ്പോൾ ഏറ്റവും കൂടുതൽ ആവശ്യമായി വന്നത് തൊട്ടടുത്ത് പരിശോധനാ സൗകര്യം കിട്ടുക എന്നതായിരുന്നു. അത് വേണ്ടത്ര കിട്ടാത്തതിന്റെ ഭാഗമായുള്ള ബുദ്ധിമുട്ടുകളുണ്ടായിരുന്നു. ഏതായാലും അടുത്ത നാല് വർഷംകൊണ്ട് 'ആർദ്രം' പദ്ധതി പൂർണ്ണതോതിൽ നടപ്പിലാകുന്നതോടെ നിലവിലുള്ള മുഴുവൻ ലാബുകളെയും ഏറ്റവും മികച്ച ലാബുകളാക്കി മാറ്റാനും പ്രത്യേകം കിടത്തി ചികിത്സ നിലവിലുള്ള ആശുപത്രികളിൽ ലബോറട്ടറികൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഗവൺമെന്റ് സംവിധാനമുണ്ടാക്കുന്നതാണ്. 204 ലാബ് ടെക്നീഷ്യൻ തസ്തികകൾ ആദ്യമായി ക്രിയേറ്റ് ചെയ്തപ്പോൾ റാങ്ക് ലിസ്റ്റിലുള്ള ആളുകൾ പറഞ്ഞത് 25 വർഷത്തിനുശേഷം കേരളത്തിലാദ്യമായിട്ടാണ് ലാബ് ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കപ്പെടുന്നത് എന്നാണ്. അതാണ് ഈ ഗവൺമെന്റ് ആരോഗ്യ മേഖലയിലുണ്ടാക്കിക്കൊണ്ടിരിക്കുന്ന നേട്ടം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ലാബ് സൗകര്യം മെച്ചപ്പെടുത്തുന്നതും നിലവിലുള്ളവയെ മികച്ച ലാബാക്കി മാറ്റുന്നതിനുള്ള പരിശ്രമം നടത്തുന്നതുമാണ്.

## (8) സ്റ്റാഫ് പാറ്റേൺ

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഈ വിഷയത്തിൽ രണ്ടാം തവണയാണ് ഞാൻ സബ്മിഷൻ അവതരിപ്പിക്കുന്നത്. രണ്ടാം സമ്മേളനത്തിലും ഇതേ സബ്മിഷൻ അവതരിപ്പിച്ചിരുന്നു. രണ്ട് മൂന്ന് കത്തുകളും ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകിയിരുന്നു. എന്റെ നിയോജകമണ്ഡലത്തിൽ താലൂക്ക് ആശുപത്രിയായി പ്രവർത്തിച്ചിരുന്ന പെരിന്തൽമണ്ണ താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിക്കൊണ്ട് 4-1-2014-ൽ കഴിഞ്ഞ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രതിദിനം ഏകദേശം 2000-ത്തിലധികം രോഗികൾ ചികിത്സ തേടിയെത്തുന്നതും 179-ഓളം പേരെ കിടത്തി ചികിത്സിക്കുന്നതുമായ ആശുപത്രിയാണിത്. പ്രതിമാസം 200-ഓളം പ്രസവങ്ങളും ഈ ആശുപത്രിയിൽ നടക്കുന്നുണ്ട്. ജില്ലാ ആശുപത്രിയായി ഉയർത്തിയ സാഹചര്യത്തിൽ 15 ജീവനക്കാരുടെ അധിക തസ്തിക അനുവദിച്ചിരുന്നു. എന്നാൽ ഇത് ജില്ലാ ആശുപത്രിക്ക് ആനുപാതികമായ സ്ട്രെങ്ത്തല്ല. സ്റ്റാഫ് പാറ്റേൺ ജില്ലാ

ആശുപത്രിക്ക് ആനുപാതികമായി പുതുക്കുന്നതിന് സർക്കാരിനോട് നിരവധി തവണ ആവശ്യപ്പെട്ടിരുന്നുവെങ്കിലും അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാരിന് ബാധ്യതയുണ്ടാക്കുമെന്ന് പറഞ്ഞ് ധനകാര്യ വകുപ്പ് 30-7-2016-ൽ നിരസിക്കുകയാണുണ്ടായത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യം ശ്രദ്ധിക്കണം. താലൂക്ക് ആശുപത്രിയായി പ്രവർത്തിച്ചിരുന്നപ്പോൾ 177 പേരെയാണ് കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ടായിരുന്നതെങ്കിൽ ഇപ്പോൾ 250-ൽ അധികം രോഗികളെയാണ് ഇത്തരത്തിൽ ചികിത്സിക്കുന്നത്. പനി പടർന്നുപിടിച്ച സാഹചര്യത്തിൽ കിടത്തി ചികിത്സിക്കേണ്ട രോഗികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. മാത്രമല്ല, ഒ.പി. വിഭാഗത്തിലെത്തുന്നവരുടെ എണ്ണത്തിലും ക്രമാതീതമായ വർദ്ധനവുണ്ടായിട്ടുണ്ട്. തൊട്ടടുത്ത പാലക്കാട് ജില്ലയിൽ നിന്നുപോലും ധാരാളം രോഗികൾ ഇവിടെ ചികിത്സയ്ക്കെത്തുന്നുണ്ട്. കേവലം 24 സ്റ്റാഫ് നഴ്സുമാരാണ് 250-ൽ അധികംവരുന്ന രോഗികളെയും അത്യാഹിത വിഭാഗത്തിലും ഐ.സി.യു.-വിലും വരുന്ന രോഗികളെയും ശുശ്രൂഷിക്കുന്നതിന് നിലവിലുള്ളത്. ഏറ്റവും പ്രധാനപ്പെട്ട അനസ്തേഷ്യ ഡോക്ടറുടെ തസ്തികപോലും ഒഴിഞ്ഞുകിടക്കുകയാണ്. സ്റ്റാഫ് നഴ്സുമാരുടെ തസ്തികയും ഒഴിഞ്ഞു കിടക്കുകയാണ്. എൻ.ആർ.എച്ച്.എം.-ന്റെ സഹായത്തോടെ 425 ലക്ഷം രൂപ ചെലവഴിച്ച് പുതുതായി പണികഴിപ്പിച്ച മാതൃ-ശിശു വാർഡിന്റെ പ്രവർത്തനവും ആവശ്യത്തിന് സ്റ്റാഫുകളില്ലാത്തതിനാൽ പൂർണ്ണമായും പ്രവർത്തനസജ്ജമായിട്ടില്ല. പുതിയ ബ്ലോക്കിന്റെ പ്രവർത്തനംകൂടി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമ്പോൾ ഏകദേശം 150 രോഗികളെക്കൂടി കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ സാഹചര്യത്തിൽ ജില്ലാ ആശുപത്രിക്ക് ആവശ്യമായ രീതിയിലും പുതിയ ബ്ലോക്കിന്റെ പ്രവർത്തനത്തിനാവശ്യമായ രീതിയിലും ഡോക്ടർമാരും നഴ്സുമാരും ഉൾപ്പെടെ 123 ജീവനക്കാരുടെ അധിക തസ്തിക ആവശ്യമുണ്ട്. കേവലം 1200-ഓളം രോഗികൾ മാത്രം ചികിത്സ തേടിയെത്തുന്ന പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്ക് 85-ഓളം തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഇത് വളരെ നല്ല കാര്യമാണ്. പക്ഷെ ദീർഘനാളായി ഇതേ ആവശ്യമുന്നയിക്കുന്ന പെരിന്തൽമണ്ണ ജില്ലാ ആശുപത്രിക്ക്, 2000-ൽ അധികം വരുന്ന രോഗികളുള്ള 250-ഓളം ആളുകളെ കിടത്തി ചികിത്സിക്കുന്ന 200-ഓളം പ്രസവങ്ങൾ പ്രതിമാസം നടക്കുന്ന ആ ആശുപത്രിയിൽ ആനുപാതികമായ സ്റ്റാഫ് പാറ്റേൺ പുതുക്കി നൽകാത്തത് തികച്ചും വിവേചനപരമാണ്. അത് ന്യായീകരിക്കാൻ കഴിയില്ല. ഈ ആശുപത്രിയെ 'ആർദ്രം മിഷൻ' പദ്ധതിയിലുൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ ഒരു തസ്തികപോലും അനുവദിച്ചിട്ടില്ല. അതുകൊണ്ട് ഈ ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനായി ഡോക്ടർമാരും നഴ്സുമാരുമുൾപ്പെടെ 123 പേരുടെ അധിക തസ്തിക അനുവദിക്കുന്ന കാര്യം പുനഃപരിശോധിച്ച് അനുകൂല തീരുമാനം കൈക്കൊള്ളുന്നതിന് നടപടി സ്വീകരിക്കണമെന്നും ജില്ലാ പഞ്ചായത്ത് അധികാരികളുടെയും ഡി.എം.ഒ., ഡയറക്ടർ തുടങ്ങിയ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെയും ഒരു യോഗം അടിയന്തരമായി വിളിച്ചുചേർക്കണമെന്നും ആവശ്യപ്പെടുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പെരിന്തൽമണ്ണ താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയതോടനുബന്ധിച്ച് 9 തസ്തികകളാണ് അന്ന് സൃഷ്ടിച്ചത്. നേരത്തെ നിലവിലുണ്ടായിരുന്ന ഡോക്ടർമാരുടെ കൂടെ 9 തസ്തികകൾ ചേർന്നാൽ ഒരു ജില്ലാ ആശുപത്രിയായി പ്രവർത്തിക്കാൻ ഒരു കാരണവശാലും സാധിക്കുമായിരുന്നില്ല. ഇത് സംസ്ഥാനത്തെ മിക്കവാറും ആശുപത്രികളുടെ സ്ഥിതിയാണ്. ഓരോരുത്തരായി ഇങ്ങനെ സബ്മിഷൻ ഉന്നയിക്കുമ്പോഴാണ് വിവരങ്ങളെല്ലാം പുറത്തുവരുന്നത്. ഇങ്ങനെ അപ്ഗ്രേഡ് ചെയ്യപ്പെട്ട ആശുപത്രികളുടെ അവസ്ഥ പരിതാപകരമാണ്. വെറുതെ ആശുപത്രിയുടെ ബോർഡ് മാറ്റി ഉത്ഘാടനം നിർവ്വഹിച്ചു, എന്നാൽ വേണ്ടത്ര സൗകര്യങ്ങളൊന്നും ഒരുക്കിയിട്ടില്ല. അതാണ് കേരളത്തിലെ ആരോഗ്യ മേഖലയുടെ ദുഃസ്ഥിതി. ഇത് പരിഹരിക്കാനാണ് ഗവൺമെന്റ് ഒരു വർഷക്കാലമായി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. വമ്പിച്ച നേട്ടമാണ് ഒരുവർഷം കൊണ്ടുണ്ടായത്. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്കുവേണ്ടി 85 തസ്തിക സൃഷ്ടിച്ചുവെന്ന് താങ്കൾ ഇപ്പോൾ പറഞ്ഞല്ലോ. അത് മലപ്പുറം ജില്ലയ്ക്കാകെ വേണ്ടിയാണ്. ഏതെങ്കിലുമൊരു മണ്ഡലത്തിനുവേണ്ടി മാത്രമല്ല മലപ്പുറം ജില്ലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ 85 തസ്തികകൾ അനുവദിച്ചതിൽ മലപ്പുറം ജില്ലക്കാർ മാത്രമല്ല എല്ലാവരും സന്തോഷം രേഖപ്പെടുത്തേണ്ടതാണ്. മാത്രമല്ല 3400 തസ്തികകൾ പുതുതായി ധനകാര്യ വകുപ്പ് ഇപ്പോൾ സൃഷ്ടിച്ചു. കേരളത്തിലെ ആരോഗ്യ മേഖലയെ സംബന്ധിച്ചിടത്തോളം അതൊരു റിക്കോർഡ് നേട്ടമാണ്. എന്നിട്ടും ഇങ്ങനെയുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. വയനാടിന്റെ സ്ഥിതി ഞാൻ രാവിലെ പറഞ്ഞു, എല്ലാം ജില്ലാ ആശുപത്രികളാണ്. സർക്കാരിന്റെ സ്റ്റാൻഡേർഡൈസേഷനനുസരിച്ച് 'ആർദ്രം' പദ്ധതിയിൽ ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റിയായി ഉയർത്തുക എന്നുള്ളതാണ്. അതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കാനുള്ള ഫയൽ ധനകാര്യ വകുപ്പിന്റെ മുന്നിലുണ്ട്. അത് അനുവദിച്ചുകിട്ടുമെന്ന് തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നിഷേധിക്കേണ്ടതല്ല. പെരിന്തൽമണ്ണ ആശുപത്രി ജില്ലാ ആശുപത്രിയായി പ്രഖ്യാപിച്ചു, ഏറ്റവും കൂടുതൽ രോഗികൾ വരുന്ന ആശുപത്രി തന്നെയാണ്. മലപ്പുറം ജില്ലയിൽ നാല് ജില്ലാ ആശുപത്രികളുണ്ട്. അതിന്റെ ആവശ്യമുണ്ടായിരുന്നില്ല. ഒരു ജില്ലാ ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റിയായി മാറ്റുകയും ബാക്കി താലൂക്കാശുപത്രികളെ താലൂക്കാശുപത്രിക്കാവശ്യമായ സ്പെഷ്യാലിറ്റിയിലേയ്ക്ക് ഉയർത്തുകയും ചെയ്തിരുന്നുവെങ്കിൽ ഈ പ്രശ്നം വരില്ലായിരുന്നു. ശരിയല്ലാത്ത കാര്യങ്ങളാണ് കഴിഞ്ഞ അഞ്ചു വർഷ കാലം ആരോഗ്യ വകുപ്പിൽ നടന്നത്. അതിന്റെ ഭാഗമായാണ് ഈ പ്രയാസങ്ങൾ വരുന്നത്. ഇനി ഏതായാലും ജില്ലാ ആശുപത്രിയായി പ്രഖ്യാപിച്ചതിനെ തരംതാഴ്ത്താൻ ഞങ്ങൾ ശ്രമിക്കുന്നില്ല. പെരിന്തൽമണ്ണ ആശുപത്രിയിലെ രോഗികളുടെ ബാഹുല്യം

കണക്കിലെടുത്ത് ആർ.എസ്.ബി.വൈ., എച്ച്.എം.സി. ഫണ്ട് എന്നിവ ഉപയോഗിച്ചു കൊണ്ട് താൽക്കാലിക ജീവനക്കാരെ കുറച്ചുകൂടി നിശ്ചയിക്കാൻ സാധിക്കും. എന്നാൽ അതുമാത്രം പോരാ. താങ്കൾ പറഞ്ഞതുപോലെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള ഫയൽ നീക്കാവുന്നതാണ്. ഇത് 'ആർദ്രം' പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. താലൂക്കാശുപത്രിയിലും ജില്ലാ ആശുപത്രിയിലും തസ്തികകൾ സൃഷ്ടിക്കാനാവശ്യമായ ഫയൽ ധനകാര്യ വകുപ്പിലുണ്ട്. അത് അനുവദിച്ചുകിട്ടുന്ന മുറയ്ക്ക് പെരിന്തൽമണ്ണ ആശുപത്രിയെ ഏറ്റവും കൂടുതൽ രോഗികൾ വരുന്ന, ഏറ്റവും കൂടുതൽ പ്രസവങ്ങൾ നടക്കുന്ന ആശുപത്രി എന്ന നിലയിൽ പരിഗണിക്കുന്നതാണ്. വനിതാ-ശിശു വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ അതിനുമുമ്പുതന്നെ നടപടി സ്വീകരിക്കുന്നതാണ്.

## (9) സാങ്കേതിക കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ആയിരക്കണക്കിന് മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്ന പ്രദേശമാണ് മലപ്പുറം ജില്ലയിലെ തീരപ്രദേശങ്ങൾ. അടിസ്ഥാന സാങ്കേതിക രംഗത്ത് ഏറെ കഴിവുള്ളവരാണ് ഇവരുടെ കുട്ടികളിലേറെയും. എന്നാൽ ഇവരുടെ കഴിവുകൾ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ അക്കാഡമിക് വിദ്യാഭ്യാസം ഇവർക്ക് ലഭിക്കുന്നില്ല. താനൂരിലെ മത്സ്യ തൊഴിലാളികളുടെ കുട്ടികൾ, പ്രത്യേകിച്ച് മലപ്പുറം ജില്ലയിലെ തീരപ്രദേശങ്ങളിലെ കുട്ടികൾ ഏറെ കഴിവുള്ളവരായിട്ടും അവർക്ക് എഞ്ചിനീയറിംഗ് വിദ്യാഭ്യാസം അപ്രാപ്യമാണ്. ഇതിന് പ്രധാന കാരണം വൻസാമ്പത്തിക ചെലവും അകലങ്ങളിൽ പോയി പഠിക്കാനാകാത്ത അവരുടെ സാമൂഹിക പശ്ചാത്തലവുമാണ്. ആയതിനാൽ ഇവരുടെ പഠനത്തിന് ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം താനൂരിൽ അനിവാര്യമാണ്. ഈ മേഖലയിൽ നിലവിൽ സർക്കാർ പോളിടെക്നിക്കുകൾ ഒന്നുംതന്നെയില്ല. ഇതിനായി താനൂർ ഫിഷറീസ് ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിനോടനുബന്ധിച്ച് പോളിടെക്നിക്കോ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും കോഴ്സുകൾ നടത്താനുള്ള ഔട്ട്ലെറ്റോ ആരംഭിക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് വിനീതമായി അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, മലപ്പുറം ജില്ലയിലെ തീരദേശ നിയോജകമണ്ഡലമായ താനൂർ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശമാണ്. ഈ നിയോജകമണ്ഡലത്തിലാണ് ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള താനൂർ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂൾ, അതിനോടുചേർന്ന് വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിന്റെ കീഴിലുള്ള വി.എച്ച്.എസ്.ഇ. എന്നീ സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നത്. മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഈ മേഖലയിൽനിന്നും കഴിവും പ്രാപ്തിയുമുള്ള വിദ്യാർത്ഥികൾക്ക് ഉന്നത

വിദ്യാഭ്യാസത്തിന് വിദൂര സ്ഥലങ്ങളിൽ പോകേണ്ട അവസ്ഥയാണുള്ളത്. ആയതിനാൽ ഇവിടെ ഫിഷറീസ് മേഖലയിലെ വിഷയങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പോളിടെക്നിക്ക് കോഴ്സ് ആരംഭിക്കേണ്ടത് അനിവാര്യമാണ്. എഞ്ചിനീയറിംഗ് കോളേജും പോളിടെക്നിക്കും ആരംഭിക്കാൻ A.I.C.T.E (All India Council for Technical Education)-യുടെ അംഗീകാരം ആവശ്യമാണ്. നിലവിൽ സംസ്ഥാനമൊട്ടാകെ ആറ് പുതിയ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് ഭരണാനുമതി നൽകിയെങ്കിലും രണ്ട് പോളിടെക്നിക്കുകൾക്ക് മാത്രമാണ് എ.ഐ.സി.റ്റി.ഇ.യുടെ അംഗീകാരം ലഭിച്ചത്. താനൂരിൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിനോട് അനുബന്ധിച്ച് ഒരു പോളിടെക്നിക്കോ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും കോഴ്സുകൾ നടത്തുന്നതിനുള്ള ഒരു സംവിധാനമോ ഉണ്ടാകേണ്ടതുണ്ട്. അതുസംബന്ധിച്ച സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ വിദ്യാഭ്യാസ വകുപ്പ് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. പ്രാഥമിക റിപ്പോർട്ട് പ്രകാരം താനൂരിൽ ഒരു പോളിടെക്നിക്ക് ആരംഭിക്കുന്നതിന് രണ്ടര ഏക്കറിൽ കുറയാത്ത സ്ഥലവും കെട്ടിടങ്ങളും ആവശ്യമാണ്. കെട്ടിടത്തിന് ഏകദേശം പത്തുകോടി രൂപയും പോളിടെക്നിക്ക് പൂർണ്ണമായും സജ്ജമാക്കി പ്രവർത്തനക്ഷമമാക്കുന്നതിന് ഏകദേശം ഇരുപത്തിയഞ്ച് കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നു. ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ഹൈസ്കൂളിന് മുന്നിലായി ഒഴിഞ്ഞുകിടക്കുന്ന റവന്യൂ വകുപ്പ് വക ഭൂമി പോളിടെക്നിക്കിനായി ഉപയോഗിക്കാവുന്നതാണ്. സ്ഥല സൗകര്യവും കെട്ടിടവും സജ്ജമാക്കിയതിനുശേഷം എ.ഐ.സി.ടി.ഇ. അംഗീകാരം ലഭിച്ചാൽ പോളിടെക്നിക്ക് ആരംഭിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## (10) എം.ജി.എൽ.സി. സ്കൂളുകൾ എൽ.പി.സ്കൂളുകളാക്കി ഉയർത്തൽ

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിന് സൗകര്യമില്ലാത്ത വിദൂരമായിട്ടുള്ള സ്ഥലങ്ങളിൽ മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റർ (എം.ജി.എൽ.സി.) കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ സഹായത്തോടു കൂടി വർഷങ്ങൾക്കുമുമ്പ് ആരംഭിക്കുകയുണ്ടായി. അധ്യാപക-അനധ്യാപകരുടെ ശമ്പളവും മറ്റുമായി തുച്ഛമായ തുകയാണ് എം.എച്ച്.ആർ.ഡി. നൽകിയിരുന്നത്. അത് 2010-ൽ കേന്ദ്രം നിർത്തലാക്കുകയും ചെയ്തു. ഈ കേന്ദ്രങ്ങൾ തുടർന്നുകൊണ്ടു പോകാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇപ്പോൾ മുന്നൂറിൽപ്പരം എം.ജി.എൽ.സി.-കൾ പ്രവർത്തിച്ചുവരുന്നുണ്ട്. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം പ്രാബല്യത്തിൽ വന്നതോടുകൂടി 6 മുതൽ 14 വയസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത്

പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മുന്നൂറിൽപ്പരം എം.ജി.എൽ.സി.-കളിൽ നൂറ്റിപ്പതിനൊന്നോളം എം.ജി.എൽ.സി.കൾ എൽ.പി. സ്കൂളാക്കി ഉയർത്താൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2014 മാർച്ച് 1- ലെ ജി.ഒ.(എം.എസ്) നമ്പർ 44/2014/പൊ.വി.വ. ഉത്തരവ് പ്രകാരം അന്നത്തെ സർക്കാർ തീരുമാനിക്കുകയുണ്ടായി. അതിൽ 48, 68 നമ്പരുകളായിട്ടുള്ള സ്കൂളുകൾ എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ടതാണ്. 48-ാം നമ്പർ സ്കൂൾ എന്റെ മണ്ഡലത്തിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിലെ കാളംതുരുത്തിയിലാണ്. സ്ഥലത്തിന്റെ പേര് സൂചിപ്പിക്കുന്നതുപോലതന്നെ വെള്ളത്താൽ ചുറ്റപ്പെട്ടൊരു പ്രദേശമാണിത്. മൂന്നും നാലും അഞ്ചും കിലോമീറ്ററുകൾ ദൂരെയാണ് തൊട്ടടുത്തുള്ള സ്കൂളുകൾ സ്ഥിതിചെയ്യുന്നത്. ഈ സ്കൂളിനുവേണ്ടി ഇറിഗേഷൻ വകുപ്പ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരേക്കർ സ്ഥലം വിദ്യാഭ്യാസ വകുപ്പിന് വിട്ടുനൽകുകയും ആസ്തി ഫണ്ടുപയോഗിച്ച് 30 ലക്ഷം രൂപ ചെലവിൽ പുതിയ കെട്ടിടം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. അവിടെയാണ് ഇപ്പോൾ എം.ജി.എൽ.സി. പ്രവർത്തിക്കുന്നത്. ധാരാളം കുട്ടികൾ വരുന്ന ഒരു സ്കൂളാണിത്. മറ്റ് സ്ഥലങ്ങളിലേയ്ക്ക് പോകാൻ കുട്ടികൾക്ക് ബുദ്ധിമുട്ടുള്ള സാഹചര്യമാണ്. വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് അവിടെയൊരു സ്കൂൾ ആവശ്യമാണെന്നത് കണക്കിലെടുത്ത് ആ സ്കൂൾ എൽ.പി.സ്കൂളായി ഉയർത്താൻ വേണ്ടി നേരത്തെ പുറപ്പെടുവിച്ച ഉത്തരവ് എത്രയുംവേഗം പ്രാവർത്തികമാക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സംസ്ഥാനത്തെ ഏകാധ്യാപക വിദ്യാലയങ്ങൾ ലോവർ പ്രൈമറി സ്കൂളുകളായി ഉയർത്തുന്നതുമായി ബന്ധപ്പെട്ട 1-3-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള 111 ഏകാധ്യാപക വിദ്യാലയങ്ങൾ ലോവർ പ്രൈമറി സ്കൂളുകളായി ഉയർത്തിയിരുന്നു. സർക്കാരിന്റെ ഈ ഉത്തരവ് നിബന്ധനകൾക്ക് വിധേയമായിട്ടാണ്. പ്രസ്തുത നിബന്ധനകൾക്കനുസൃതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി സ്കൂളുകൾ ആരംഭിക്കാനും ഭൗതിക സാഹചര്യങ്ങളൊരുക്കേണ്ട ചുമതല സർവ്വശിക്ഷാ അഭിയാനുമാണ് നൽകിയിരുന്നത്. സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നിബന്ധനകൾ പാലിക്കാൻ സാധിക്കാത്തതിനാൽ പ്രസ്തുത ഏകാധ്യാപക വിദ്യാലയങ്ങൾ ലോവർ പ്രൈമറി സ്കൂളുകളായി ഉയർത്തിയിട്ടില്ല. അതിനാൽ സബ്മിഷനിൽ ഉന്നയിച്ചിരിക്കുന്ന 48, 68 എന്നീ ക്രമനമ്പരിലെ ഏകാധ്യാപക വിദ്യാലയങ്ങളും ലോവർ പ്രൈമറി സ്കൂളുകളായി ഉയർത്താൻ സാധിച്ചിട്ടില്ല. ഈ വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും വസ്തുനിഷ്ഠമായ റിപ്പോർട്ട് ലഭിച്ചശേഷം തുടർ നടപടികൾ കൈക്കൊള്ളുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഏകാധ്യാപക വിദ്യാലയങ്ങളും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന ഒരു ടീം പരിശോധന നടത്തി ഉടൻ റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. ടി റിപ്പോർട്ട് ലഭ്യമായശേഷം ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

## V റിപ്പോർട്ട് സമർപ്പണം

### (1) 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

### (2) സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കുന്നു.

### (3)2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച XII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർപേഴ്സണായ ഞാൻ 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

### (4) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട്

ശ്രീ. എ. എം. ആരിഫ്: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VI അറിയിപ്പ്

### പി. സി. ജോർജ് എം.എൽ.എ.-യുടെ പരാമർശം സംബന്ധിച്ച്

മി. സ്പീക്കർ: ഇന്നലെ 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിന്റെ പരിഗണനാവേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പ്രസംഗം നടത്തുന്നതിനിടയിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഭരണഘടനാ പദവിയെ

സംബന്ധിച്ച് ചെയറിൽനിന്നുണ്ടായ ഒരു പരാമർശത്തെ വ്യാഖ്യാനിച്ചുകൊണ്ട് പി.എസ്.സി. നിയമസഭയുടെയും ഗവൺമെന്റിന്റെയും മുകളിലാണെന്ന് ചെയർ അഭിപ്രായപ്പെട്ടതായി ശ്രീ. പി. സി. ജോർജ് തന്റെ പ്രസംഗമദ്ധ്യേ ആരോപിക്കുകയുണ്ടായി. ഇത് അങ്ങേയറ്റം ഖേദകരമാണെന്ന് ചെയർ അറിയിക്കുന്നു. ഇക്കാര്യത്തിൽ ചെയറിൽനിന്നുമുണ്ടായ പരാമർശം വളരെ വ്യക്തമായിരുന്നു. ഭരണഘടനാ സ്ഥാപനങ്ങൾക്ക് സാധ്യതയുണ്ട്, പരിമിതിയുമുണ്ട്. പി.എസ്.സി.-യുടെ പ്രവർത്തനത്തെ സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങളിൽ നിന്നും ഉയർന്നുവന്ന വേളയിൽ ഭരണഘടനാ സ്ഥാപനമായ പി.എസ്.സി.-യുടെ സ്വതന്ത്ര പദവിയെക്കുറിച്ച് സൂചിപ്പിക്കുക മാത്രമാണ് ചെയർ ചെയ്തത്. നിയമസഭയുടെയും ഗവൺമെന്റിന്റെയും മറ്റ് ഭരണഘടനാ സ്ഥാപനങ്ങളുടെയും അധികാരങ്ങളെയും അവകാശങ്ങളെയും സംബന്ധിച്ചുള്ള സാമാന്യമായ പരിജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ചെയർ പരാമർശം നടത്തിയത്. അതിന് തെറ്റായ വ്യാഖ്യാനങ്ങൾ നൽകി അനുചിതമായ പരാമർശങ്ങൾ സഭയിൽ നടത്തുന്നത് സഭയുടെ അന്തസ്സിന് ചേർന്ന നടപടിയല്ലെന്ന് ഖേദപൂർവ്വം അറിയിക്കുന്നു. ഇക്കാര്യത്തിലുള്ള ചെയറിന്റെ അസന്തുഷ്ടി രേഖപ്പെടുത്തുന്നു.

12.00 Noon]

## VII നിയമനിർമ്മാണകാര്യം

### (i) 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

## VIII ക്രമപ്രശ്നം

### ഭരണഘടനാപരമായ വ്യവസ്ഥകൾ

ശ്രീ. വി. ഡി. സതീശൻ: സർ, ഈ ബില്ലിലെ കണ്ടന്റ് യഥാർത്ഥത്തിൽ ഒരു സ്റ്റേറ്റ് സബ്ജക്ടാണ്. അത് എൻട്രി 6-ൽ ഭരണഘടനയിൽ ഉള്ള ഒരു വിഷയമാണ്. ആർട്ടിക്കിൾ 249 അനുസരിച്ച് ദേശീയ താത്പര്യമുള്ള ഒരു വിഷയമെന്നതിന്റെ അടിസ്ഥാനത്തിലാണ് പാർലമെന്റ് ഈ നിയമം പാസ്സാക്കിയത്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പാർലമെന്റ് 2010-ൽ പാസ്സാക്കിയ നിയമമാണ്. ഈ നിയമം പിന്നീട് ഇന്ത്യയിലെ മിക്കവാറും സംസ്ഥാനങ്ങൾ ആർട്ടിക്കിൾ 252 (1) അനുസരിച്ച് റെസല്യൂഷൻകൊണ്ടുവന്ന് അഡോപ്റ്റ് ചെയ്യുകയാണ് ചെയ്തത്. അതായത് കേന്ദ്ര നിയമവും സംസ്ഥാന നിയമവും തമ്മിൽ കാതലായ ഒരു വ്യത്യാസവുമില്ല. ഒന്നുരണ്ട് കൗൺസിൽ അംഗങ്ങളുടെയും ആ കൗൺസിൽ

രൂപീകരിച്ചിരിക്കുന്നതിലുള്ള ഒന്നുരണ്ട് മാറ്റങ്ങളുമേയുള്ളൂ. പാർലമെന്റ് പാസ്സാക്കിയ നിയമം അതുപോലെ തന്നെയാണ് ബിൽ ആയി കേരളത്തിൽ വന്നിരിക്കുന്നത്. അത്തരം ഘട്ടങ്ങളിൽ ആർട്ടിക്കിൾ 252(1) അനുസരിച്ച് സംസ്ഥാന നിയമസഭകൾ റെസല്യൂഷൻ അഡോപ്റ്റ് ചെയ്താൽ മാത്രം മതി. ഇന്ത്യയിലെ ഏകദേശം എല്ലാ സംസ്ഥാനങ്ങളും ചെയ്തിരിക്കുന്നത് അത് തന്നെയാണ്. ആസ്സാം, ബീഹാർ, ഝാർഖണ്ഡ്, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, രാജസ്ഥാൻ തുടങ്ങിയ നിരവധി സംസ്ഥാനങ്ങൾ ആർട്ടിക്കിൾ 252 (1) അനുസരിച്ച് ഇത് അഡോപ്റ്റ് ചെയ്തിരിക്കുകയാണ്. മാത്രമല്ല നമ്മുടെ നിയമസഭയ്ക്കും ധാരാളം പ്രീസിഡന്റ്സ് ഇതുസംബന്ധിച്ചുണ്ട്. 1968-ലെ Adoption of Estate Duty Act in respect of Agricultural Land in State of Kerala, 1972-ലെ Wild Life Protection Act എന്നിങ്ങനെ ഒരു ഡസനിലധികം പാർലമെന്റ് പാസ്സാക്കിയ നിയമങ്ങൾ ആർട്ടിക്കിൾ 252(1) അനുസരിച്ച് സ്റ്റേറ്റ് ലെജിസ്ലേച്ചർ പ്രമേയം അഡോപ്ട് ചെയ്ത് പാസ്സാക്കിയിട്ടുണ്ട്. സംസ്ഥാന നിയമസഭയ്ക്കുള്ള അധികാരത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. നമുക്ക് ലെജിസ്ലേറ്റീവ് കോംപീറ്റൻസിയുണ്ട്. പക്ഷേ യഥാർത്ഥത്തിൽ അതിന്റെ ആവശ്യമില്ല. അടിസ്ഥാനപരമായ വ്യത്യാസങ്ങളൊന്നും കേന്ദ്രനിയമവും ഇപ്പോൾ സംസ്ഥാനത്ത് അവതരിപ്പിച്ചിരിക്കുന്ന ബില്ലും തമ്മിൽ ഇല്ലാത്തതുകൊണ്ട് ഈ റെസല്യൂഷൻ അഡോപ്റ്റ് ചെയ്താൽ മാത്രം മതിയെന്ന കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഇന്ത്യൻ ഭരണഘടനയുടെ 249-ാം അനുച്ഛേദ പ്രകാരം സംസ്ഥാന ലിസ്റ്റിലെ വിഷയത്തിൽ പാർലമെന്റ് പാസ്സാക്കിയിട്ടുള്ള നിയമമാണെന്നത് ശരിയാണ്. എന്നാൽ ഭരണഘടനയുടെ 251-ാം അനുച്ഛേദ പ്രകാരം 249-ഉം 250-ഉം അനുച്ഛേദങ്ങളിലെ യാതൊന്നും ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലത്തിന് ഭരണഘടന പ്രകാരമുണ്ടാക്കാൻ അധികാരമുള്ള ഏതെങ്കിലും നിയമമുണ്ടാക്കാനുള്ള അധികാരത്തെ നിയന്ത്രിക്കുന്നില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 249-ാം അനുച്ഛേദ പ്രകാരമുണ്ടാക്കിയിട്ടുള്ള നിയമം അതിനായി പ്രമേയം പാസ്സാക്കിയിട്ടുള്ള സംസ്ഥാനങ്ങൾക്കും പാർലമെന്റ് ഉണ്ടാക്കിയ നിയമം പ്രമേയം വഴി സ്വീകരിക്കുന്ന സംസ്ഥാനങ്ങൾക്കും മാത്രം ബാധകമായിരിക്കുന്നതാണെന്നും 251-ാം അനുച്ഛേദത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കേരളം ഈ രണ്ട് വിധത്തിലും പാർലമെന്റുണ്ടാക്കിയ പ്രസ്തുത ആക്ട് സംസ്ഥാനത്ത് ബാധകമാക്കിയിട്ടില്ല. കൂടാതെ ഈ കാര്യങ്ങൾ പ്രസ്തുത കേന്ദ്ര ആക്ടിന്റെ ഒന്നാം വകുപ്പ് മൂന്നാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുമുണ്ട്. പ്രസ്തുത ആക്ട് കേരളത്തിൽ ബാധകമാക്കിയിട്ടില്ല. ഭരണഘടനയുടെ 252-ാം അനുച്ഛേദത്തിന് ഈ വിഷയത്തിൽ പ്രസക്തിയില്ല. ഈ അനുച്ഛേദ പ്രകാരമല്ല പാർലമെന്റ് നിയമം പാസ്സാക്കിയിട്ടുള്ളതും. ഭരണഘടനയുടെ ഏഴാം പട്ടികയിലെ ലിസ്റ്റ് 2 സംസ്ഥാന ലിസ്റ്റിലെ 6-ാം ഉൾക്കുറിപ്പ് പ്രകാരം പൊതുജനാരോഗ്യവും ശുചീകരണവും ആശുപത്രികളും വൈദ്യശാലകളും എന്ന വിഷയത്തിൽ നിയമമുണ്ടാക്കാൻ സംസ്ഥാന നിയമസഭയ്ക്ക് അധികാരമുണ്ട്.

മാത്രമല്ല കേന്ദ്ര നിയമത്തിൽ നിന്ന് ചില പ്രകടമായ വ്യത്യാസങ്ങൾ സംസ്ഥാനത്തിന്റെ സാഹചര്യത്തിനനുസരിച്ച് പുതിയ ബില്ലിൽ ചേർത്തിട്ടുമുണ്ട്. ബില്ലിന്റെ ചർച്ചാ വേളയിൽ അത് സൂചിപ്പിക്കാം. എല്ലാ സംസ്ഥാനങ്ങളും നിയമം അഡോപ്റ്റ് ചെയ്യുകയോ പ്രമേയം പാസ്സാക്കുകയോ ചെയ്തിട്ടില്ല. ചില സംസ്ഥാനങ്ങൾ സ്വന്തമായി നിയമം പാസ്സാക്കിയിട്ടുണ്ട്. ചില സംസ്ഥാനങ്ങൾ പ്രമേയം വഴി അംഗീകരിച്ചിട്ടുണ്ട്. നമ്മൾ സ്വന്തമായി നിയമം പാസ്സാക്കാൻ പോകുന്നുവെന്നതാണ് വസ്തുത. അതുകൊണ്ട് മേൽ പ്രസ്താവിച്ച കാരണങ്ങളാൽ പ്രസ്തുത ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, സ്വന്തമായി നിയമങ്ങൾ പാസ്സാക്കിയിട്ടുണ്ടെന്ന് പറയുന്നത് ശരിയല്ല. 2010-ൽ പാർലമെന്റ് ഈ നിയമം പാസ്സാക്കുന്നതിന് മുമ്പ് ആ സംസ്ഥാനങ്ങളിൽ ഇത്തരം കാര്യങ്ങളെ റെഗുലേറ്റ് ചെയ്യാനുള്ള നിയമമുണ്ട്. അത്തരം നിയമങ്ങൾ റിപ്പീൽ ചെയ്താൽ മാത്രമേ പാർലമെന്റ് പാസ്സാക്കിയ നിയമം അഡോപ്റ്റ് ചെയ്യാൻ സാധിക്കുകയുള്ളൂവെന്ന് പാർലമെന്റ് പാസ്സാക്കിയ നിയമത്തിൽ തന്നെ പറയുന്നുണ്ട്. അതുവരെ ആ നിയമമാണ് അവിടെ തുടരുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കാര്യങ്ങൾ ശരിയാണെങ്കിലും ആർട്ടിക്കിൾ പലതും മാറ്റിയാണ് വായിച്ചത്. സഭയുടെ റെക്കോർഡിലുണ്ടാവുന്നതുകൊണ്ട് അത് ശ്രദ്ധിക്കുന്നത് നല്ലതായിരിക്കും. ആർട്ടിക്കിൾ 251-ൽ പറഞ്ഞിരിക്കുന്നത് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കാര്യങ്ങളല്ല. അതിൽ പാർലമെന്റ് പാസ്സാക്കിയ നിയമത്തിന് repugnant ആയ ഒന്നും സംസ്ഥാന നിയമസഭ പാസ്സാക്കുന്നതിലുണ്ടാകാൻ പാടില്ലെന്നാണ് പറഞ്ഞിട്ടുള്ളത്. സഭാ റെക്കോർഡിലുണ്ടാകുമെന്നതുകൊണ്ട് പറയുകയാണ്. പാർലമെന്റ് പാസ്സാക്കിയ നിയമത്തിന്, പ്രൊവിഷന് ഇൻകൺസിസ്റ്റന്റായ ഒന്നും പാസ്സാക്കാനുള്ള കോമ്പീറ്റൻസി നമുക്കില്ല. എന്നാൽ നമുക്ക് നിയമം പാസ്സാക്കാനുള്ള അധികാരമുണ്ട്. അത് ഞാൻ ആദ്യം തന്നെ എഗ്രി ചെയ്തതാണ്. എന്നാൽ മന്ത്രി പറയുന്ന വാദമുഖങ്ങൾ ഞാൻ പറഞ്ഞ കാര്യങ്ങൾക്ക് നിരക്കുന്നതല്ല.

## റൂളിംഗ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. വി. ഡി. സതീശൻ തന്നെ ക്രമപ്രശ്നം ഉന്നയിക്കുന്ന സമയത്ത് പറയുകയുണ്ടായി ഇത്തരമൊരു നിയമം നിർമ്മിക്കുന്നതിനുള്ള നിയമസഭയുടെ അവകാശത്തെ അദ്ദേഹം ചോദ്യംചെയ്യുന്നില്ലെന്ന്. എന്നാൽ പാർലമെന്റ് പാസ്സാക്കിയ നിയമത്തിന്റെ പശ്ചാത്തലത്തിൽ ഇത് ആവശ്യമാണോയെന്ന പ്രശ്നമാണ് അദ്ദേഹം ഉന്നയിച്ചത്. സംസ്ഥാനത്തിന്റെ സഹജമായ ചില കാര്യങ്ങൾ കൂടി ഈ ബില്ലിൽ ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞു. അതുകൊണ്ട് നിയമനിർമ്മാണം നടത്തുന്നതിൽ അപാകതയില്ലെന്നാണ് ഇവിടെ വിശദീകരിച്ചത്. മാത്രവുമല്ല ഭരണഘടനാപരമായ തടസ്സങ്ങളൊന്നും ഇക്കാര്യത്തിലില്ലെന്നും വ്യക്തമാണ്. ഈ സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## നിയമനിർമ്മാണകാര്യം (തുടർച്ച)

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ പ്രത്യേക വകുപ്പ് ചൂണ്ടിക്കാണിച്ചതിൽ തെറ്റ് വന്നിട്ടുണ്ടെങ്കിൽ അത് തിരുത്താവുന്നതാണ്.

2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ക്ലിനിക്കൽ സ്ഥാപനങ്ങളെക്കുറിച്ച് വളരെയധികം പരാതികൾ ഉയർന്നുവരുന്നുണ്ട്. സ്വകാര്യ മേഖലയിൽ കൂണുകൾ പോലെ പലയിടങ്ങളിലും ക്ലിനിക്കൽ സ്ഥാപനങ്ങൾ ഉയർന്നുവരാറുണ്ടെന്നുള്ളത് അനുഭവത്തിലുള്ളതാണ്. ഇത്തരം സ്ഥാപനങ്ങളുടെമേൽ പ്രകടമായിട്ടുള്ള നിയന്ത്രണങ്ങൾ ഇപ്പോൾ നമുക്കില്ല. അതുകൊണ്ട് ഒരു നിയമം വഴി ഇത്തരം സ്ഥാപനങ്ങളുടെ കൃത്യമായ കണക്ക്, അവയുടെ പ്രവർത്തനരീതി ഇവയെല്ലാം മനസ്സിലാക്കാൻ കഴിയുക എന്നത് ഇന്നത്തെ സാഹചര്യത്തിൽ ഏറ്റവും ഗുണകരമായ ചികിത്സയും വിശ്വാസ്യതയുള്ള പരിശോധനയുമെല്ലാം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഒഴിച്ചുകൂടാൻ കഴിയാത്ത സംഗതിയാണ്. അതുകൊണ്ടുതന്നെ നിയമനിർമ്മാണത്തിലൂടെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റുകളെ മുഴുവൻ രജിസ്റ്റർ ചെയ്യുകയും അവയ്ക്ക് ചില മാനദണ്ഡങ്ങൾ കൽപ്പിച്ചുകൊണ്ട് രജിസ്ട്രേഷന് വിധേയമാക്കുകയും ഏറ്റവും പരിമിതമായ സൗകര്യമെങ്കിലുമുണ്ടാകണമെന്ന് നിഷ്കർഷിക്കുന്നതും വളരെ അത്യാവശ്യമാണ്. ആശുപത്രികളെക്കുറിച്ചും ലബോറട്ടറികളെക്കുറിച്ചുമെല്ലാം ധാരാളം പരാതികളാണ് ഉയർന്നുവരുന്നത്. അടിസ്ഥാനസൗകര്യങ്ങളില്ലാതെ ലബോറട്ടറികളും ആശുപത്രികളും ആരംഭിക്കുന്ന രീതിയുണ്ട്. എന്നാൽ ഇത്തരമൊരു ലെജിസ്ലേഷൻ വഴി രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതോടുകൂടി അത്യാവശ്യമായ സൗകര്യങ്ങൾ ഉറപ്പുവരുത്താൻ നമുക്ക് സാധിക്കും. മാത്രമല്ല, സംസ്ഥാനത്താകെ ആശുപത്രികളും ക്ലിനിക്കുകളുമെല്ലാം ചേർന്ന് എത്ര ആരോഗ്യ സ്ഥാപനങ്ങളുണ്ടെന്നതിന്റെ കൃത്യമായ രജിസ്ട്രി നമുക്ക് ലഭ്യമാകുകയും ചെയ്യും. ഈ സ്ഥാപനങ്ങളെയെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവന്ന് കൃത്യമായ പരിശോധന നടത്താൻ നമുക്ക് കഴിയുമെന്നുള്ളത് ഒരു പ്രത്യേകതയാണ്. അതുവഴി ഇത്തരം സ്ഥാപനങ്ങളുടെ സ്റ്റാന്റേർഡ് മെച്ചപ്പെടുത്തുന്നതിന് നിർദ്ദേശിക്കാനും സാധിക്കും. നിശ്ചിത കാലയളവിനുള്ളിൽ ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കിയെടുത്താൽ മാത്രമേ രജിസ്ട്രേഷൻ നിലനിൽക്കുകയുള്ളൂവെന്ന് നിയമത്തിൽ നിഷ്കർഷിക്കാൻ

സാധിച്ചാൽ ഇന്ന് നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സ്ഥാപനയുടമകൾ തയ്യാറാകും. അതുകൊണ്ടുതന്നെ ഇന്ന് സംഭവിക്കുന്ന ഒട്ടേറെ അപകടങ്ങൾ, ഇന്ന് രാവിലെ സഭയിൽ പരാമർശിച്ച മുരുകന്റെ ദാരുണ സംഭവമടക്കമുള്ള കാര്യങ്ങൾ ഒഴിവാക്കുന്നതിനും ഒരുപാട് ജീവൻ രക്ഷിക്കുന്നതിനും സാധിക്കുമെന്നതാണ് ഈ നിയമനിർമ്മാണത്തിലൂടെ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. രജിസ്ട്രേഷനിലൂടെ ഇത്തരം സ്ഥാപനങ്ങളുടെ ഒരു ഡാറ്റാബേസ് നമുക്ക് കിട്ടും. കൂടാതെ രജിസ്ട്രേഷന് അവരെ പ്രാപ്തരാക്കുക വഴി ഗവൺമെന്റിന് ഇത്തരം സ്ഥാപനങ്ങളുടെ മേൽ നിയന്ത്രണം കൊണ്ടുവരാനും കഴിയും. ഓരോ ആശുപത്രികളും ഈടാക്കുന്ന ചികിത്സാ നിരക്കിനെക്കുറിച്ച് വലിയ പരാതികളാണ് ഉയർന്നുവരുന്നത്. പ്രത്യേകിച്ച് സ്വകാര്യ ആശുപത്രികളിൽ ഓപ്പറേഷനുകളും മറ്റും നടക്കുമ്പോൾ വ്യത്യസ്തമായ ചികിത്സാ രീതികളും വ്യത്യസ്തമായ ചെലവുകളുമാണ് നിർദ്ദേശിക്കപ്പെടുന്നത്. എന്നാൽ ഈ ബില്ലിൽ ചെലവുകൾ പ്രദർശിപ്പിക്കണമെന്ന നിബന്ധനയുള്ളതിനാൽ ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റിന് നിയന്ത്രണം കൊണ്ടുവരാൻ സാധിക്കുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. അതിലൂടെ പൊതുജനങ്ങൾക്കുണ്ടാകുന്ന ഒട്ടേറെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. ഇത്തരം സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക, പൊതുജനങ്ങൾക്ക് ഏറ്റവും സഹായകമായ രീതിയിൽ അവർ വഞ്ചിക്കപ്പെടാതെ ചികിത്സയ്ക്ക് അവരെ പ്രേരിപ്പിക്കുക, ഏതെങ്കിലും സ്ഥാപനങ്ങൾ ഗവൺമെന്റ് നിർദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താതിരുന്നാൽ അവരുടെ രജിസ്ട്രേഷൻ പിൻവലിക്കുന്നതുൾപ്പെടെയുള്ള ശിക്ഷ ഉറപ്പുവരുത്തുക തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ഈ ബിൽവഴി ചെയ്യാൻ സാധിക്കും. കേരളത്തിലെ ജനങ്ങൾ ഏറെ ആഗ്രഹിച്ച ഒരു കാര്യമാണിത്. അനിയന്ത്രിതമായ ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും പൊതുജനതാൽപ്പര്യം മുൻനിർത്തിയുള്ള കാര്യങ്ങൾ ചെയ്യാൻ അവരെ പ്രേരിപ്പിക്കുന്നതിനും ഇത് സഹായകരമാകും. ആ അർത്ഥത്തിൽ ഇങ്ങനെയൊരു ബിൽ നമുക്ക് കൊണ്ടുവരാൻ കഴിയുന്നതും അത് നിയമമാക്കി മാറ്റാൻ സാധിക്കുന്നതും കേരളത്തിലെ പൊതുജനാരോഗ്യത്തെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ച് ആർദ്രം മിഷനെല്ലാം നടപ്പിലാകുന്ന ഈ ഘട്ടത്തിൽ നമ്മൾ ഉദ്ദേശിക്കുന്ന രീതിയിൽ ആരോഗ്യ മേഖലയെ ജനകീയവും രോഗീസൗഹൃദവുമാക്കുന്നതിനും ചികിത്സാ ചെലവ് കുറയ്ക്കുന്നതിനും ഏറ്റവും മെച്ചപ്പെട്ട പരിശോധനയും ചികിത്സയും ലഭ്യമാക്കുന്നതിനും സഹായകമായവിധത്തിൽ ഈ ബിൽ നിയമമാക്കുമ്പോൾ അത് ഇത്തരം മിഷനു കൂടി സഹായമായിരിക്കും. ഏറ്റവും എളുപ്പത്തിൽ ഇത്തരം കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമായിട്ടുള്ള ഒരു നിയമമാണ് ഇതിലൂടെ കേരള നിയമസഭയിൽ പാസ്സാക്കുന്നത് എന്ന് ഞാൻ പറയുകയാണ്.

ശ്രീ. എം. ഉമ്മർ: ഈ ബില്ലിന്റെ ഇംഗ്ലീഷ് കോപ്പി മാത്രമേ കിട്ടിയിട്ടുള്ളൂ, മലയാളം കോപ്പി ഇതുവരെ ലഭിച്ചിട്ടില്ല.

മി. സ്പീക്കർ: അത് അംഗങ്ങൾക്ക് ഇന്നലെത്തന്നെ ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിലെ ആതുരശുശ്രൂഷാ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുന്ന വലിയ വിതാനങ്ങളുള്ള ഒരു ബിൽ ആണ് വരുന്നത്. ഇതുമായി ബന്ധപ്പെട്ട് അംഗങ്ങൾക്ക് ധാരാളം കാര്യങ്ങൾ പറയാനുണ്ടായിരിക്കും എന്നുള്ളത് തീർച്ചയാണ്. എങ്കിലും സമയബന്ധിതമായി പറയാൻ ശ്രമിക്കണം. പോയിന്റുകളെല്ലാം വരണമെന്ന കാര്യത്തിൽ തർക്കമില്ല. ആ നിലയിൽ ചർച്ചയിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-8-2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ ഈ ബിൽ കൊണ്ടുവരുന്നതിന് തീരുമാനമെടുത്തതിനെ ഞാൻ അഭിനന്ദിക്കുകയാണ്. ആരോഗ്യപരമായ കാര്യത്തിൽ വളരെ കോൺഷ്യസ് ആയ ഒരു സംസ്ഥാനമാണ് കേരളം. പക്ഷേ നമ്മുടെ റേറ്റിംഗ് താഴേയ്ക്ക് പോകുന്നു എന്നുള്ള ആശങ്ക ജനങ്ങൾക്കുണ്ട്. ഒരുകാലത്ത് ജനങ്ങളുടെ ജീവിതദൈർഘ്യം പ്രത്യേകിച്ച് സ്ത്രീകളുടേത് അമേരിക്കൻ സ്റ്റാന്റേർഡിനോട് താരതമ്യപ്പെടുത്തത്തക്ക വിധത്തിൽ നിലനിന്നിരുന്നു. അതൊരു പഴയകാല അനുഭവമാണ്. ഇന്ന് നമ്മുടെ ആരോഗ്യരംഗം സാവകാശം താഴോട്ടുപോകുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ഇക്കാര്യത്തിൽ ഒരു സ്റ്റാന്റേർഡൈസേഷൻ ഉണ്ടാകണം. അതിനുവേണ്ടിയുള്ള നടപടിയുണ്ടാകണമെന്നത് സമൂഹത്തിന്റെ പൊതുആവശ്യമാണ്. ആ ആവശ്യത്തിനായി പരമാവധി നമുക്ക് ഒരുമിച്ച് നിൽക്കാൻ കഴിയണമെന്ന് തന്നെയാണ് എന്റെ അഭിപ്രായം. ഇവിടെ രണ്ടുമൂന്ന് പ്രധാനപ്പെട്ട ചികിത്സാവിധികളുണ്ട് - ആയുർവ്വേദം, അലോപ്പതി, ഹോമിയോ; യുനാനി പോലെ മറ്റ് ഉപചികിത്സാ വിധികളുമുണ്ട്. ഇവയെല്ലാം നമ്മുടെ നാട്ടിൽ പ്രചുരപ്രചാരത്തിലിരിക്കുന്നതാണ്. ആരോഗ്യ രംഗത്തുള്ള സ്ഥാപനങ്ങൾക്ക് പൊതുവായ ഒരു സ്റ്റാന്റേഡുണ്ടാക്കാനുള്ള ശ്രമമുണ്ടായേ മതിയാകൂ. പൊതുവായ സ്റ്റാന്റേർഡുണ്ടാക്കുന്നതിനായി ഈ ബില്ലിൽ അപാകതകളുണ്ടെങ്കിൽ അതുകൂടി നികത്തുന്നതിന് ഈ ചർച്ച ഉപകരിക്കണമെന്നതാണ് എന്റെ അഭിപ്രായം. അങ്ങ് ഇവിടെ അവതരിപ്പിച്ച ബില്ലിൽ സംസ്ഥാന കൗൺസിലിന്റെ രൂപീകരണത്തെക്കുറിച്ചും അതിന്റെ ചുമതലകളെക്കുറിച്ചും പറയുന്നുണ്ട്. ഇതിൽ ജനപ്രതിനിധികൾകൂടി ഉൾപ്പെടണം. ജനങ്ങളുടെ പൊതുവികാരം അറിയിക്കാൻ സാധിക്കണമെങ്കിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഈ സമിതികളിൽ ഉറപ്പുവരുത്തിയേ മതിയാകൂ. ഇപ്പോൾ പ്രൊപ്പോസ് ചെയ്തിരിക്കുന്ന ബില്ലിൽ കേവലം ഉദ്യോഗസ്ഥരുടേത് മാത്രമായ ഒരു സമിതിയായാണ് നിൽക്കുന്നത്.

ഫിസിയോ തെറാപ്പി ഈ രംഗത്തെ വളരെ പ്രധാനപ്പെട്ട ഒരു ഇനമാണ്. അവരുടെ സംഘടന നിവേദനം കൊടുത്തിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. അവർക്കുകൂടി ഒരു റെപ്രസന്റേഷൻ വേണമെന്നുള്ളത് ഈ കാലഘട്ടത്തിന്റെ ശബ്ദമായി നിൽക്കുകയാണ്. അങ്ങനെ അൺറെപ്രസന്റേറ്റീവായി നിൽക്കുന്ന മേജറായ സ്റ്റേക്ഹോൾഡേഴ്സിനെക്കൂടി ഈ രംഗത്തേയ്ക്ക് കൊണ്ടുവരാനും അവർക്കുകൂടി പ്രാതിനിധ്യം കൊടുക്കാനും കഴിയണം.

ശ്രീ. ഷാഫി പറമ്പിൽ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച ഫിസിയോ തെറാപ്പിയെ സംബന്ധിച്ചാണ് പറയാനുള്ളത്. സർക്കാർതലത്തിൽ വെറും 50 പോസ്റ്റുകളാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കായി മാറ്റിവയ്ക്കാൻ സാധിച്ചിട്ടുള്ളത്. കേരളത്തിലെ നിരവധി സ്ഥാപനങ്ങളിൽ പഠിച്ചുവരുന്ന വിദ്യാർത്ഥികളും, ഇന്ന് നമ്മുടെ ചികിത്സാ രീതികളിൽ പ്രായഭേദമന്യേ ആളുകൾ ഉപയോഗപ്പെടുത്തി കൊണ്ടിരിക്കുന്ന ഒരു മേഖലയാണിത്. ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ തൊഴിലവസരം, ജനങ്ങളുടെ ആരോഗ്യത്തെ സംബന്ധിച്ചുള്ള കൺസേൺ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ അവരുടെ പ്രതിനിധിയെ ഈ കൗൺസിലിൽ ഉൾപ്പെടുത്തണമെന്നത് വളരെ അത്യാവശ്യമാണെന്ന ഒരു പൊതു വികാരമുണ്ട്. തീർച്ചയായും ഗവൺമെന്റ് അത് പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ ചെയർപേഴ്സൺ ശ്രീമതി പി. അയിഷാ പോറ്റി)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പറയാൻ ആരംഭിച്ചതുതന്നെയാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. അൺറെപ്രസന്റേറ്റീവായി മറ്റ് രംഗങ്ങളിൽ പ്രവർത്തിക്കുന്നവരെക്കൂടി ഈ നെറ്റ്വർക്കിനകത്ത് ചേർക്കാൻ കഴിയണം. ഈ നെറ്റ്വർക്കിനകത്ത് എല്ലാ ആളുകളുമുണ്ടാകണം. ഈ കുടക്കീഴിൽ പ്രാതിനിധ്യമില്ലാതെ പോകുന്ന സമിതികളോ ചികിത്സാവിധികളോ ഉണ്ടാകരുത്. ഇതിനെ ടോട്ടലായി റെപ്രസന്റ് ചെയ്യാൻ കഴിയണം. ആരോഗ്യ സംരക്ഷണത്തിന്റെ നിലവാരം ഉയർത്തിയേ മതിയാകൂ. അങ്ങ് ഇന്ന് രാവിലെ അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞപ്പോൾ അയ്യായിരത്തോളം സ്വകാര്യ സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടെന്ന് പറഞ്ഞു. അയ്യായിരത്തോളം വരുന്ന സ്വകാര്യ സ്ഥാപനങ്ങൾക്ക് പൊതുവായ ഗുണനിലവാരം അയ്യായിരം തരത്തിലായിരിക്കാം. അവർ രോഗികൾക്ക് കൊടുക്കുന്ന ബില്ലുകൾ അയ്യായിരം രൂപത്തിലുള്ളതായിരിക്കും. ഇതിനൊക്കെ റേറ്റിംഗോ, സിസ്റ്റമോ ഇല്ല. അതത് മാനേജ്മെന്റുകൾക്ക് തോന്നുന്ന രൂപത്തിലുള്ള ബില്ലുകളാകും ഇതിനകത്ത് വരാൻ സാധ്യത. അതുകൊണ്ട് standardisation ഈ രംഗത്തുണ്ടാകണം എന്നുള്ളത് ജനങ്ങളുടെ പൊതുവായ ആഗ്രഹമാണ്. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ ഇനം തിരിക്കുന്നതിനുവേണ്ടിയുള്ള പ്രൊവിഷൻ ഉണ്ടായേ മതിയാകൂ. അങ്ങനെ ഇനം

തിരിക്കുകയും ഗുണനിലവാരം ഉറപ്പാക്കുകയും ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികളുണ്ടാകണം. ഗുണനിലവാരമില്ലാത്ത ക്ലിനിക്കൽ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി സമയം അനുവദിച്ചുകൊടുക്കണം. അതേസമയം നിശ്ചിത സമയത്തിനുള്ളിൽ ഈ സ്റ്റാന്റേർഡിലേയ്ക്ക് അവർക്ക് ഉയരാൻ കഴിയുന്നില്ലെന്ന് വരികയാണെങ്കിൽ അങ്ങനെയുള്ള സ്ഥാപനങ്ങളെ പ്രവർത്തിക്കാൻ അനുവദിക്കുന്നത് കേരളത്തിലെ ജനങ്ങളുടെ ആരോഗ്യത്തിന് വലിയ ഭീഷണിയാകുമെന്നാണ് ഞാൻ കണക്കാക്കുന്നത്. എനിക്ക് അറിയാവുന്ന ഒരു സംഭവമുണ്ട്. ആശുപത്രിയിൽ വലതുകാലിന് ഒടിവ് പറ്റി രോഗി ചെന്നപ്പോൾ ഇടതുകാലിന് പ്ലാസ്റ്ററിട്ട് പറഞ്ഞുവിട്ട സംഭവം. രോഗിക്ക് ഉണ്ടാകുന്ന മാനസികമായ ബുദ്ധിമുട്ട് മാത്രമല്ല കേരളത്തിനാകെ അപമാനകരമായ സംഭവമാണിത്. പ്രമുഖമായ മെഡിക്കൽ കോളേജിൽ ഓപ്പറേഷൻ നടത്തുന്നതിനു വേണ്ടി 51 രോഗികളാണ് അവസരം കാത്തുനിൽക്കുന്നത്. അത്രയും ചെയ്തു വരുമ്പോൾ ഈ വർഷം തന്നെ കഴിഞ്ഞുപോകും. ആശുപത്രിയിൽ രോഗികൾ വന്നാൽ ക്വിക്ക് റെസ്പോൺസുണ്ടാവുകയും അതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണം. എല്ലാ ആശുപത്രികളിലും ഡോക്ടർമാരുണ്ടെന്ന് രാവിലെ അങ്ങ് പറഞ്ഞു. ഇക്കാര്യം ഒന്നുകൂടി പരിശോധിക്കണമെന്നാണ് എന്റെ അഭിപ്രായം. അങ്ങ് പറയുന്നതുപോലെ പോസ്റ്റ് നികത്തിയിട്ടുണ്ടായിരിക്കും, പക്ഷെ ഡോക്ടർ ഡെപ്യൂട്ടേഷനിലോ, വർക്കിംഗ് അറേഞ്ച്മെന്റിലോ മറ്റൊരു സ്ഥലത്തായിരിക്കും. റെക്കോർഡ് പ്രകാരം ഇന്ന സ്ഥലത്ത് ഡോക്ടർമാരുണ്ട് എന്നുള്ളതാണ്. യഥാർത്ഥത്തിൽ ജനങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നില്ല. ഇതിനകത്ത് നമ്മൾ സ്ക്രൂട്ടണൈസ് ചെയ്യണം. രാഷ്ട്രീയത്തിനപ്പുറമായി ഗുണനിലവാര വർദ്ധനവിനുവേണ്ടി നമ്മൾ നടത്തുന്ന പൊതുവായ പരിശ്രമം എന്നുള്ള നിലയിൽ ഉയർന്ന തലത്തിൽ നമുക്ക് ഇതിനെ കാണാൻ കഴിയണം. അതുകൊണ്ട് ഈ തെറ്റുകുറ്റങ്ങൾ കുറയ്ക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുത്തേ മതിയാകൂ. ആരോഗ്യസംരക്ഷണ നിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടികളുണ്ടാകണം.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ക്ലിനിക്കൽ സ്ഥാപനം എന്നുള്ളതിന് വിശാലമായിട്ടുള്ള നിർവ്വചനമാണ് കൊടുത്തിട്ടുള്ളത്. ഇപ്പോൾ ക്ലിനിക്ക് എന്ന് പറഞ്ഞാൽ ഹോസ്പിറ്റൽ, വലിയ ഹോസ്പിറ്റൽ വരും, ഒരാൾ ഇരുന്ന് പരിശോധിക്കുന്ന സ്ഥലം വരും, ലബോറട്ടറിയും ഇതിനകത്ത് ഉൾപ്പെടുകയാണ്. ക്ലിനിക്ക് എന്ന നിർവ്വചനത്തിൽ ലാബ് ടെക്നീഷ്യൻ മാത്രം ഇരുന്ന് പരിശോധിക്കുന്ന ആ ലാബുപോലും " a place established as an independent entity or part of an establishment referred to in sub-clause (i), in connection with the diagnosis or treatment of diseases where pathological, bacteriological, genetic......" എന്നുപറഞ്ഞ് ക്ലിനിക്കൽ ലാബും ഇതിനകത്താണ് ഉൾപ്പെടുന്നത്. എല്ലാത്തിനും രജിസ്റ്റർ ചെയ്യാൻ ഒരു

ഫീസാണ്, അതിന്റെ പരിശോധനയ്ക്കും ഫീസാണ്. അത് പുതുക്കാനുള്ള സമയം കഴിഞ്ഞിട്ടുണ്ടെങ്കിൽ അമ്പതിനായിരം രൂപ മുതൽ ലക്ഷം രൂപ വരെ ഫൈൻ ഈടാക്കുന്നുണ്ട്. ഒരേ ഫൈനും മാനദണ്ഡവുമാണ് ലാബിനും ആശുപത്രികൾക്കുമുള്ളത്. മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളും ഒരു ടെക്നീഷ്യൻ മാത്രം ഇരുന്ന് പരിശോധിക്കുന്ന ലാബുകളും ഇതിന്റെ പരിധിയിൽ വരുമെന്നുള്ളത് വലിയ ഒരു കുറവായി തോന്നുന്നുണ്ട്. അത് പരിഹരിക്കുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞത് ശരിയായ കാര്യമാണ്. ഇനം തിരിക്കുക മാത്രമല്ല ഗുണനിലവാരം അനുസരിച്ച് സ്റ്റാന്റേർഡൈസ് ചെയ്യണം. അങ്ങ് പറഞ്ഞതുപോലുള്ള നിർദ്ദേശങ്ങൾകൂടി പരിഗണിക്കുകയും വേണം. മേജർ ഹോസ്പിറ്റലുകളെല്ലാം ഒരേ രൂപത്തിലാകണമെന്നില്ല. ബെഡ്ഡുകളുടെ അടിസ്ഥാനത്തിൽ സ്റ്റാന്റേർഡൈസേഷൻ വേണം. 500 ബെഡ്ഡുള്ള ആശുപത്രിയും 50 ബെഡ്ഡുള്ള ആശുപത്രിയും ഒരേ രൂപത്തിൽ നമുക്ക് എങ്ങനെ അളക്കാൻ കഴിയും. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നിർദ്ദേശമനുസരിച്ച് 50, 100, 150, 200, അതിനുമുകളിൽ ബെഡ്ഡുകൾ, ഈ നിലയിൽ വരുമ്പോൾ അതിന്റെ ക്വാളിറ്റി കൺട്രോളും ഉണ്ടാകണം. ആ ആശുപത്രികളിൽ ഉണ്ടാകേണ്ട മിനിമം ഡിപ്പാർട്ട്മെന്റുകൾ, അവിടെയുള്ള ഡോക്ടേഴ്സ് ആരൊക്കെ ആയിരിക്കണം, ഏത് രൂപത്തിലുള്ളവരായിരിക്കണം, യോഗ്യത എന്തായിരിക്കണം, അവർക്ക് കൊടുക്കുന്ന ശമ്പളം എന്തായിരിക്കണം ഈ രൂപത്തിലുള്ള നടപടികളിലേയ്ക്ക് പോകണം. സ്വകാര്യ പ്രാക്ടീസ് ആശുപത്രിയിൽ നടത്തുന്ന സംവിധാനമുണ്ടാകരുത്. രോഗീസൗഹൃദം എന്ന് മാത്രമല്ല, കേരളത്തിലെ രോഗികൾക്ക് സ്വാതന്ത്ര്യം കിട്ടുന്ന നിയമമാക്കി ഇതിനെ മാറ്റാൻ കഴിയണം. ഇപ്പോൾ രോഗികളെ കൂച്ചുവിലങ്ങിട്ട് നിർത്തിയിരിക്കുകയാണ്. അങ്ങനെയല്ലാതെ രോഗികൾക്ക് സ്വാതന്ത്ര്യത്തോടുകൂടി പോകാൻ കഴിയത്തക്കവിധത്തിൽ വിപുലമായ അർത്ഥത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുപോകണം. ഹോസ്പിറ്റലിനെ ക്വാളിറ്റിവൈസായി തരം തിരിക്കുന്നതിന് കഴിയണം. അങ്ങനെ തരംതിരിച്ചാൽ രോഗികൾക്ക് വളരെ ഗുണമായിരിക്കും. അങ്ങ് പറഞ്ഞ ഒരു കാര്യം ശരിയാണ്. ചെറിയ ക്ലിനിക്കിന് ഫൈൻ ഈടാക്കാം.

ശ്രീ. എം. ഉമ്മർ : സർ, ലബോറട്ടറികൾ ഇതിനകത്ത് വരുന്നുവെന്നുള്ളതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ചെറിയ ക്ലിനിക്കുകളുടെയും ലാബുകളുടെയും ഫൈനിന്റെ പൊസിഷനാണ് ഞാൻ പറയുന്നത്. അതെല്ലാം ഒരേ രീതിയിലാണ്. ഒരു ലക്ഷം രൂപ ഫൈൻ ഈടാക്കിയാൽ ഒരു വർഷംകൊണ്ടുപോലും ലഭിക്കില്ല. എന്നാലും അത്രയും തുക അവരിൽ നിന്ന് ഈടാക്കിയാൽ അടയ്ക്കാൻ കഴിയാത്ത രൂപത്തിൽ വരും. അവസാനം ഇതെല്ലാംകൂടി വർദ്ധിച്ച് ആശുപത്രികൾക്ക് ഫൈൻ അടയ്ക്കുണ്ടായെന്ന രൂപത്തിൽ വേറൊരു കാലഘട്ടത്തിൽ സഭയ്ക്ക് തീരുമാനിക്കേണ്ടി

വരും. അതുവരാതെ പ്രാക്ടിക്കലായി കാര്യങ്ങൾ കൊണ്ടുപോകുന്നതിനുള്ള നടപടിയെടുക്കണമെന്ന് തന്നെയാണ് എന്റെ അഭിപ്രായം. ഹെൽത്ത് സർവ്വീസസ് ഡയറക്ടർ നിർവ്വാഹക സമിതിയുടെ അദ്ധ്യക്ഷനാകാതെ, ഹെൽത്ത് മിനിസ്റ്റർ തന്നെ ഇതിന്റെ അദ്ധ്യക്ഷയായി വരണം. ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, അലോപ്പതി, ഹോമിയോപ്പതി തുടങ്ങി ഒരേ പ്രാധാന്യമുള്ള മൂന്ന് മെഡിക്കൽ സിസ്റ്റത്തിലാണ് നമ്മൾ നിൽക്കുന്നത്. ഇവർ തമ്മിലും പരസ്പരം വൈരുദ്ധ്യമുണ്ട്. അത് വരാതിരിക്കണമെങ്കിൽ ആരോഗ്യ വകുപ്പുമന്ത്രിതന്നെ അദ്ധ്യക്ഷയായി നിർവ്വാഹകസമിതി പുനഃസംഘടിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടിയുണ്ടാകണം. കൗൺസിലിൽ അംഗമായി നിയമിക്കപ്പെടുന്നതിനുള്ള അയോഗ്യത പറയുന്ന വകുപ്പുകളുണ്ട്. അയോഗ്യത-സദാചാരദൂഷ്യത്തിന് തടവുശിക്ഷ അനുഭവിക്കുന്ന ആൾ എന്നുപറഞ്ഞാൽ, അവർക്ക് കോടതിയിൽ പോകാനും, കോടതി നടപടിയെടുക്കുന്നതുവരെ കാത്തുനിൽക്കാനും ആ നടപടിക്കകത്ത് ഏതെങ്കിലും സംശയത്തിന്റെ ആനുകൂല്യം കൊടുത്ത് സദാചാര വിരുദ്ധനായി ഒരാൾ രക്ഷപ്പെട്ടുവരികയാണെങ്കിൽ അയാൾക്ക് ഇവിടെ തുടർന്നുപോകാമെന്നാണ് അർത്ഥം. സദാചാരവിരുദ്ധ പ്രവർത്തനത്തിൽ പ്രതിയായി വരുന്ന ആളിനെ കമ്മിറ്റിയിൽ വയ്ക്കേണ്ട ആവശ്യമില്ല. Morally theftitude ആയിട്ടുള്ള ആളുകളെ നിർവ്വാഹക സമിതിയിൽനിന്ന് ഒഴിവാക്കണം. കേന്ദ്ര സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്ന് നീക്കംചെയ്ത ആൾ കമ്മിറ്റിയിൽ ഇരിക്കാൻ അയോഗ്യനാണെന്ന് കരുതേണ്ട. സ്വാഭാവ ദൂഷ്യത്തിന്റെ കാര്യത്തിൽ സർവ്വീസിൽ നിന്ന് നീക്കം ചെയ്താൽ, അയാൾ ഈ കമ്മിറ്റിയിൽ ഇരിക്കാൻ പറ്റില്ല. ചിലപ്പോൾ politically motivated ആയിട്ടുള്ള നടപടികൾമൂലം സർവ്വീസിൽ നിന്ന് നീക്കം ചെയ്യാൻ സാധ്യതയില്ലേ? സ്വഭാവദൂഷ്യത്തിന് ശിക്ഷിക്കപ്പെട്ട ആളുകളുണ്ടെങ്കിൽ അവരെ ഒഴിവാക്കി പുനഃസംഘടിപ്പിക്കുന്നതിന് തയ്യാറാകണം. രജിസ്ട്രേഷൻ വളരെ അത്യന്താപേക്ഷിതമാണ്. അതിനുവേണ്ടി ഞാൻ നേരത്തെ പറഞ്ഞ പോയിന്റിനോട് യോജിക്കുകയാണ്. ഒരു രജിസ്ട്രേഷന്റെ കാലാവധി താൽക്കാലികമാണെങ്കിൽ ഒരു വർഷവും സ്ഥിരമാണെങ്കിൽ മൂന്നുവർഷവുമാണ്. അതിനുശേഷം ഇതെല്ലാം ഓൾ പ്രൊമോഷൻ എന്ന മട്ടിലാണ്. Frequent ആയിട്ടുള്ള ഇൻസ്പെക്ഷൻ നടന്നേ മതിയാകൂ. നമ്മൾ ഉദ്ദേശിക്കുന്ന രൂപത്തിലുള്ള ക്വാളിറ്റി മെയിന്റെയിൻ ചെയ്യുന്നുണ്ടോ; ആ ക്വാളിറ്റിയിൽനിന്നും താഴോട്ട് പോകുന്നുണ്ടെങ്കിൽ നിശ്ചയമായും അതിന്റെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുമെന്നുള്ള രൂപത്തിൽ അവർക്ക് നോട്ടീസ് കൊടുക്കാനും തൃപ്തികരമായ രൂപത്തിൽ മറുപടി വരുന്നില്ലെങ്കിൽ ആ നടപടികളുമായി മുന്നോട്ടുപോകാനുള്ള അധികാരം ഈ നിയമത്തിലൂടെ നമുക്കുണ്ടാകണം. ഉന്നതനിലവാരമുള്ള സ്ഥാപനങ്ങളെന്ന നിലയിൽ ക്രമീകരിച്ചുപോകത്തക്കവിധത്തിലുള്ള നടപടിയുണ്ടാകണമെന്നാണ് എന്റെ അഭിപ്രായം.

നമ്മുടെ നാട്ടിൽ ധാരാളം ലാബുകളുണ്ട്. മെഡിക്കൽ കോളേജിന്റെ സമീപത്തുള്ള രണ്ട് ലാബിൽ കയറി ടെസ്റ്റ് ചെയ്താൽ രണ്ട് തരത്തിലുള്ള റിസൾട്ടായിരിക്കും കിട്ടുക. പലതും പല റീഡിംഗാണ് കാണിക്കുന്നത്. പല ലാബുകളും പല രൂപത്തിലാണ് ഫീസ് ഈടാക്കുന്നത്. വ്യാജ ലാബുകളുടെ പ്രവർത്തനം തടയാൻ കഴിയണം. അതിന് ശക്തമായിട്ടുള്ള പ്രൊവിഷൻസ് ഈ നിയമത്തിനകത്തുണ്ടാകണമെന്ന് ഓർമ്മിപ്പിക്കുകയാണ്. രജിസ്ട്രേഷൻ അതോറിറ്റിയിൽ ചെയർമാനായി ജില്ലാ കളക്ടറെയാണ് കമ്മിറ്റി തെരഞ്ഞെടുത്തിരിക്കുന്നത്. അതൊന്നും പ്രാവർത്തികമല്ല. ജില്ലാ കളക്ടറെന്ന് പറയുന്നത് 104 കമ്മിറ്റികളുടെ അദ്ധ്യക്ഷനാണ്. ജില്ലാ കളക്ടറെ തന്നെ രജിസ്ട്രേഷൻ അതോറിറ്റിയുടെ ചെയർമാനാക്കിയാൽ ഒരു ജോലിയും നടക്കില്ലെന്നല്ലാതെ ഗുണപരമായി ഒരു മെച്ചവും ഉണ്ടാകില്ല. ഇതെല്ലാംകൂടി കാച്ചികുറുക്കി ഉണ്ടാക്കി വലിയ കയത്തിലേയ്ക്കിട്ടു കൊടുക്കുന്നതുപോലെ അത് കിടന്നു പോകും. എക്സ്പെർട്ടൈസായിട്ടുള്ള കമ്മിറ്റിയെവച്ച് രജിസ്ട്രേഷൻ നടത്തുന്നതിനു വേണ്ട നടപടിയുണ്ടാകണം. പ്രസ്തുത കമ്മിറ്റിയിൽ ഡി.എം.ഒ.-യും മെഡിക്കൽ എക്സ്പെർട്ട്സുമില്ല. ഇവരാരും ഇല്ലാതെ രജിസ്ട്രേഷൻ നടത്തിയാൽ ശരിയാകില്ല. മാത്രമല്ല വ്യാജ രജിസ്ട്രേഷനുള്ള സാധ്യതകൾ കൂടുമെന്നുള്ളതുകൊണ്ട് ഇത് പരിശോധിക്കണമെന്നാണ് എന്റെ മറ്റൊരു നിർദ്ദേശം.

രജിസ്ട്രേഷനില്ലാത്ത ഒരു സ്ഥാപനവും നമ്മുടെ സമൂഹത്തിൽ ഉണ്ടാകാൻ പാടില്ല. കാരണം ജനങ്ങളുടെ ജീവൻ വച്ചാണ് ഇവർ കളിക്കുന്നത്. ആ ജീവന്റെ വിലയുടെ രൂപത്തിൽ ഉയർന്ന തലത്തിൽ അതിനെ കാണാൻ കഴിയണം. താൽക്കാലിക രജിസ്ട്രേഷനിലെ ചില പ്രൊവിഷൻസ് ഇവിടെ പറയുന്നുണ്ട്. താൽക്കാലിക രജിസ്ട്രേഷനിലെ 18 (എ)-യിൽ രജിസ്ട്രേഷന്റെ ഉപാധികളെക്കുറിച്ചാണ് സൂചിപ്പിച്ചിട്ടുള്ളത്. ഇതിലെ 18 (എ)-യും അതിന്റെ subsequent ആയ വകുപ്പും contradiction ആണ്. ഒരിടത്ത് 18(എ) എന്നുപറയുന്നത് രജിസ്ട്രേഷനുള്ള ഉപാധികൾ ആണ്. 'ക്ലിനിക്കൽ സ്ഥാപനത്തിന്റെ വിഭാഗത്തിനനുസൃതമായി സർക്കാർ വിജ്ഞാപനം ചെയ്തേയ്ക്കാവുന്ന ഏറ്റവും കുറഞ്ഞ നിലവാരമുണ്ടായിരിക്കേണ്ടതാണ്'. 'വിജ്ഞാപനം ചെയ്യുന്ന ഏറ്റവും കുറഞ്ഞ' എന്നുപറഞ്ഞാൽ എന്തിനാണ് നമ്മൾ മിനിമത്തിൽ നിൽക്കുന്നത്. ഏറ്റവും നല്ല നിലവാരം വേണമെന്നുള്ളതാണ് ഈ ബില്ലിന്റെ ഉദ്ദേശ്യം. ക്ലിനിക്കൽ സ്ഥാപനത്തിന്റെ വിഭാഗത്തിനനുസൃതമായി സർക്കാർ വിജ്ഞാപനം ചെയ്തേയ്ക്കാവുന്ന ഏറ്റവും കുറഞ്ഞ നിലവാരമുണ്ടായിരിക്കണമെന്നാണ് ഇതിൽ പറയുന്നത്. നമ്മൾ എന്തിനാണ് താഴോട്ട് പിടിച്ചുവലിക്കുന്നത്. ഏറ്റവും നല്ല നിലവാരം വേണമെന്നുള്ളതാണ് ഈ ബില്ലിന്റെ ഉദ്ദേശ്യമെന്നുള്ളതുകൊണ്ട് ആ അപ്രോച്ച് പോസിറ്റീവാകണം. ഏറ്റവും നല്ല നിലവാരം അവർക്കുണ്ടാകണം.

'അംഗീകരിക്കപ്പെട്ട വൈദ്യശാസ്ത്ര ശാഖയിൽ നിന്നുള്ള ഡോക്ടർമാർ കൺസൾട്ടേഷൻ സർവ്വീസുകൾ മാത്രം നൽകുന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്താൽ മാത്രം മതിയാകുമെന്നും ആക്ടിന്റെ 18-ാം വകുപ്പ് (എ) ഖണ്ഡം അങ്ങനെ ക്ലിനിക്കുകൾക്ക് ബാധകമല്ലാത്തതുമാണ്' എന്നാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. അങ്ങ് ഇത് പരിശോധിക്കണം. ഇത് രണ്ടും തമ്മിൽ വളരെ contradiction ഉണ്ട്. ഈ ബില്ലിന്റെ ക്ലോസ് ബൈ ക്ലോസ് ചർച്ച വരുന്ന സമയത്ത് ഇത് പരിശോധിച്ച് ഈ contradiction ഒഴിവാക്കണം. ഇതിന് ഏറ്റവും നല്ല സർവ്വീസ് കിട്ടുകയും നല്ല സ്ഥാപനങ്ങൾ ഉയർന്നുവരികയും വേണം. ആ സ്ഥാപനങ്ങൾക്ക് നല്ല പ്രോത്സാഹനം കൊടുത്ത് നന്നായി കൊണ്ടു പോകാൻ കഴിയണമെന്നതാണ് എന്റെ അഭിപ്രായം.

അപേക്ഷ നൽകി 30 ദിവസത്തിനകം അംഗീകാരം നൽകണം. 30 ദിവസത്തിനകം അംഗീകാരം നൽകിയില്ലെങ്കിൽ രജിസ്ട്രേഷൻ ലഭിച്ചതായി പരിഗണിച്ചുകൊണ്ട് അവർക്ക് മൂവ് ചെയ്യാം എന്നുള്ള ഒരു പ്രൊവിഷൻ ഇതിനകത്തുണ്ട്. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനുമായി അഡ്ജസ്റ്റ് ചെയ്ത് ആ ഉദ്യോഗസ്ഥന്റെ മുമ്പിൽ രജിസ്ട്രേഷനുള്ള അപേക്ഷ കൊടുത്താൽ അദ്ദേഹം 30 ദിവസത്തേയ്ക്ക് ഈ ഫയൽ തുറക്കാതിരുന്നാൽ it is presumed that they have got registration. അതൊരു കുറുക്കുവഴിയാണ്. സ്റ്റാന്റേർഡില്ലാത്ത സ്ഥാപനങ്ങളെ രക്ഷിക്കുന്നതിനുള്ള ഒരു നടപടിയായി വരുമെന്നുള്ളതുകൊണ്ട് ഒരു കാരണവശാലും അത് സമ്മതിക്കരുത്. രജിസ്ട്രേഷന് അപേക്ഷ കൊടുത്ത് 30 ദിവസമായിട്ടും അവർക്ക് രജിസ്ട്രേഷൻ കൊടുക്കാത്തതെന്ത് എന്നുള്ളത് സംബന്ധിച്ച് സർക്കാർ പരിശോധിക്കണം. അങ്ങനെ ഏതെങ്കിലുമൊരു സ്ഥാപനം മനഃപൂർവ്വം അതിന്റെ രജിസ്ട്രേഷൻ തടഞ്ഞുവച്ചിട്ടുണ്ടെങ്കിൽ ആ തടഞ്ഞുവച്ച ഉദ്യോഗസ്ഥനെതിരെ നടപടി എടുക്കുകയാണ് വേണ്ടത്. ആ ഉദ്യോഗസ്ഥൻ എന്തുകൊണ്ട് അങ്ങനെ ചെയ്തുവെന്ന് ചോദിക്കണം.

ഇപ്പോൾ പല സ്ഥലങ്ങളിലും കുടിവറുപ്പ് നടക്കുന്നുണ്ട്. കോടതിയുടെ ഒരു വിധിയുണ്ട്. അപേക്ഷ കൊടുത്ത് 90 ദിവസത്തിനുള്ളിൽ ഫാക്ടറി നടത്താൻ പെർമിഷൻ കിട്ടുന്നില്ലെങ്കിൽ 90 ദിവസം കഴിഞ്ഞാൽ ഫാക്ടറിക്ക് പെർമിഷൻ കിട്ടിയെന്ന് presume ചെയ്തുകൊണ്ട് അവർക്ക് ഫാക്ടറി തുറക്കാമെന്ന രൂപത്തിൽ നിയമം വന്നാൽ ആ നിയമത്തിന് ശക്തിയുണ്ടാവില്ല. ആ നിയമത്തിന് പല്ലും നഖവും മൂർച്ചയുമുണ്ടാവില്ല. അതുകൊണ്ട് ഈ നിയമത്തിനെ മൂർച്ചയുള്ള നിയമമാക്കി മാറ്റുന്നതിനുള്ള നടപടിയെടുക്കണം.

സ്ഥിരം രജിസ്ട്രേഷന് മൂന്ന് വർഷ കാലാവധിയാണ്. കാലാവധി പിന്നീട് ഒരു വർഷംകൂടി എക്സ്റ്റന്റ് ചെയ്യാം. പിന്നീട് പുതുക്കുന്നതിനുള്ള അധികാരവുമുണ്ട്. പക്ഷേ അത് പുതുക്കുന്ന സന്ദർഭത്തിൽ മിനിമം റിക്വയർമെന്റുണ്ടോ എന്ന് പരിശോധിക്കുന്നതിന് മറ്റ് മാർഗ്ഗങ്ങൾകൂടി നോക്കണം. നേരത്തെ ശ്രീ. എം. ഉമ്മർ

സംസാരിച്ചപ്പോൾ ശിക്ഷയുടെ കാര്യം സൂചിപ്പിച്ചിരുന്നു. ഫസ്റ്റ് ഒഫൻസിന് 10,000 രൂപയും സെക്കന്റ് ഒഫൻസിന് 50,000 രൂപയും തേർഡ് ഒഫൻസോ അതിനേക്കാൾ കൂടുതലോ ആണെങ്കിൽ 5 ലക്ഷം രൂപയുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ചെറിയ സ്ഥാപനങ്ങളെ വലിയ ഫീസിന് വിധേയമാക്കിയാൽ അത് ചിലപ്പോൾ പ്രായോഗികമായി നടപ്പാക്കാൻ കഴിയാതെ വരും. അതുകൊണ്ട് ഇതിനെ പല രൂപത്തിൽ ഗ്രേഡ് ചെയ്യണം. ഇന്ന ഒഫൻസിന് ഇത്ര രൂപ എന്നുള്ള രീതിയിൽ മാറ്റുന്നതിനുള്ള പുനരാലോചനയും നടപടിയും ഉണ്ടാകണമെന്നതാണ് എന്റെ അഭിപ്രായം. മൂന്ന് പ്രാവശ്യം വരെ ഒരു ഒഫൻസ് ആവർത്തിച്ചുകൊണ്ടിരുന്നാൽ അതിന് പിഴ അടയ്ക്കുക മാത്രമല്ല അങ്ങനെയുള്ള സ്ഥാപനങ്ങൾ പൂട്ടിയിടാനുള്ള അധികാരംകൂടി സർക്കാരിനുണ്ടാകണം അല്ലെങ്കിൽ ഇത് വീണ്ടും വീണ്ടും ആവർത്തിച്ചു കൊണ്ടിരിക്കും. അതുകൊണ്ട് ആ രൂപത്തിൽ ഇതിനെ കർക്കശമാക്കുന്നതിനുള്ള നടപടിയെടുക്കണമെന്നതാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ സൂചിപ്പിച്ചതുപോലെ ഈ ബിൽ വരുന്നതോടുകൂടി കേരളത്തിലെ ചികിത്സാ രംഗത്ത് വിപ്ലവകരമായ മാറ്റമുണ്ടാകണമെന്നാണ് നമ്മുടെയെല്ലാം ആഗ്രഹം.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, കഴിഞ്ഞ ദിവസം ഒരു തമിഴ്നാട് സ്വദേശി സ്വകാര്യ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ ലഭിക്കാതെ മരണപ്പെട്ട വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടുകാണും. അതൊരു സമ്പന്നനായിരുന്നെങ്കിൽ ആശുപത്രിയിൽ വെന്റിലേറ്റർ ഇല്ലെങ്കിൽ അത് എത്തുകയും ന്യൂറോ സർജൻ ഇല്ലെങ്കിൽ അദ്ദേഹത്തെ എത്തിക്കുകയും ചെയ്യുമായിരുന്നു. തമിഴ്നാട് സ്വദേശി എന്ന ഒറ്റ കാരണംകൊണ്ടാണ് സ്വകാര്യ മെഡിക്കൽ കോളേജിൽ വേണ്ട ചികിത്സ ലഭിക്കാതിരുന്നത്.

അതുപോലെ സ്കാനിംഗ് സെന്ററുകളിൽ പലവിധത്തിലുള്ള ഫീസാണ് ഈടാക്കുന്നത്. ഒരു സ്കാനിംഗിന് 5,000 രൂപയാണ് ഫീസ് എങ്കിൽ അതിൽ 3,000 രൂപയും ഡോക്ടറുടെ കമ്മീഷനാണെന്നാണ് പലപ്പോഴും പറയപ്പെടുന്നത്. ഡോക്ടർമാർ നിർദ്ദേശിക്കുന്ന സ്കാനിംഗ് സെന്ററിൽത്തന്നെ സ്കാനിംഗ് എടുത്തില്ലെങ്കിൽ ഡോക്ടർമാർ ചികിത്സിക്കാൻ വിസമ്മതിക്കുകയാണ്. ഇത്തരക്കാരെ നിയന്ത്രിക്കാൻ ഈ ബില്ലിൽ വ്യവസ്ഥയുണ്ടാകണമെന്ന കാര്യത്തിൽ അങ്ങയുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ അങ്ങയുടെ അഭിപ്രായത്തോട് യോജിക്കുകയാണ്. ആ സംഭവത്തിൽ ഇന്ന് രാവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മാപ്പ് പറഞ്ഞു. അങ്ങനെയൊരു സംഭവമുണ്ടായതിൽ കേരളത്തിലെ ജനങ്ങൾക്കു വേണ്ടി ഞാൻ മാപ്പ് ചോദിക്കുന്നുവെന്ന് പറഞ്ഞു. അതോടെ ആ അദ്ധ്യായം അവിടെ അവസാനിച്ചിരിക്കുകയാണ്. നമ്മുടെ മെഡിക്കൽ കോളേജുകളിൽ ധാരാളം എക്യുപ്മെന്റ്സുണ്ട്. ആ എക്യുപ്മെന്റ്സ് വിനിയോഗിക്കാതെ കിടക്കുകയാണ്. അത് വിനിയോഗിക്കത്തക്കവിധത്തിൽ നടപടികൾ എടുത്തേ മതിയാകൂ.

വണ്ടികൾ കേടാകുമ്പോൾ അതെല്ലാം ലേലം ചെയ്യണമെന്ന് ഇന്നത്തെ ഒരു സബ്മിഷനിൽ ശ്രീ. എ. എൻ. ഷംസീർ പറയുകയുണ്ടായി. പഴയ ഗവൺമെന്റിന്റെ തീരുമാനമായിരുന്നു, ഞാൻ അതിനോട് യോജിക്കുകയാണ്. ജനങ്ങൾ നോക്കുമ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 81 വെന്റിലേറ്ററുകളുണ്ട്. അതിൽ 9 പോർട്ടബിൾ വെന്റിലേറ്ററാണ് അതിൽ ഏഴും കേടാണ്. പിന്നെ എന്ത് ചികിത്സയാണ് അവിടെ കൊടുക്കാൻ കഴിയുക? ആദ്യം വെന്റിലേറ്ററിന് ചികിത്സ കൊടുത്തിട്ടല്ലേ രോഗിയെ അകത്തോട്ട് കയറ്റാൻ കഴിയൂ. കേരളത്തിന് അപമാനമാണിത്. അതുകൊണ്ട് ഈ സാഹചര്യം മാറണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, അങ്ങ് പറഞ്ഞ ഈ പ്രശ്നം, വെന്റിലേറ്ററുകൾ കേടാകുകയല്ല, ഭൂരിപക്ഷവും കേടാക്കുകയാണ്. ഗവൺമെന്റാശുപത്രികളിൽ പുതിയ അൾട്രാ മോഡേൺ മെഷീനുകൾ വച്ചാൽ പെട്ടെന്ന് കേടാക്കുകയാണ്. പ്രൈവറ്റ് ഹോസ്പിറ്റലുകൾക്കുവേണ്ടി ഇങ്ങനെ ചെയ്തു കൊണ്ടിരിക്കുകയാണ്. ഇത് ഓപ്പറേറ്റ് ചെയ്യുന്നവരുടെ മാത്രം താൽപ്പര്യമല്ല. എന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് പറയുന്നത്. സ്വകാര്യ ആശുപത്രികളിൽ സ്വയം കേടാകുന്നില്ല. മൊത്തത്തിൽ വിറ്റ് കാശുണ്ടാക്കുകയെന്ന ടെന്റൻസിയാണ് വന്നിരിക്കുന്നത്. എല്ലാം സ്വയം കേടാകുകയല്ല എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഇത് സൂചിപ്പിച്ചത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് പറഞ്ഞ കാര്യത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. വെന്റിലേറ്ററിന്റെ കാര്യം മാത്രമല്ല വെറുതെ ചെല്ലുന്ന ഒരു രോഗിക്കും എം.ആർ.ഐ. സ്കാൻ ചെയ്യുന്നതിന് എഴുതിക്കൊടുക്കുകയാണ്. എന്നിട്ട് പറയും ഇവിടെ മെഷീൻ കേടാണ്. അതുകൊണ്ട് ഇന്ന സ്ഥലത്തുപോയി എടുക്കണമെന്ന്. അവിടെ കിട്ടുന്നതിന്റെ കമ്മീഷൻ നേരെ ഇവിടെ വരികയാണ്. വലിയൊരു ദൂഷിത വലയം ഇവിടെ നിലനിൽക്കുന്നുണ്ട്. ഈ വലയം പൊട്ടിക്കാൻ കഴിഞ്ഞില്ലെങ്കിൽ കേരളത്തിലെ ആരോഗ്യരംഗം തകർന്നുതരിപ്പണമാകും. നമുക്ക് അപ്പുറത്തും ഇപ്പുറത്തും നിന്ന് വാദിക്കാം. പക്ഷേ ആ വാദം കൊണ്ടൊന്നും നീക്കുപോക്കുണ്ടാവില്ല. ഈ മന്ത്രിസഭയിലെ വളരെ പ്രസിദ്ധനും പ്രസക്തമായ രൂപത്തിൽ കാര്യങ്ങളെ കാണുന്ന, വ്യക്തിപരമായി എന്റെകൂടെ പഠിച്ച ആളെന്ന നിലയ്ക്ക് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. ഈ കാര്യത്തെക്കുറിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകണമെന്നതാണ് എന്റെ ആവശ്യം.

ഗവൺമെന്റ് അതിനെക്കുറിച്ച് അന്വേഷിക്കട്ടെ. ഇതുപോലുള്ള കള്ളക്കളി കേരളത്തിൽ അനുവദിക്കാൻ പാടുണ്ടോ? ആദ്യം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നുതന്നെ അന്വേഷണം ആരംഭിക്കണം. വെന്റിലേറ്റർ എങ്ങനെ

കേടായി; ആര് കേടാക്കി തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കണം. അനാവശ്യമായി രോഗികളെ പീഡിപ്പിക്കുന്നവർ എവിടെയെങ്കിലും ഉണ്ടോയെന്നും പരിശോധിക്കണം. ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ ഗവൺമെന്റിന്റെ അധികാരത്തിൽ വരുന്നതാണ്. അതുകൊണ്ട് മെഡിക്കൽ കോളേജുകളിലെങ്കിലും ഇക്കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്താൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി തയ്യാറാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുകയും ചെയ്യുകയാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ജി. സുധാകരൻ സൂചിപ്പിച്ച കാര്യവും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിച്ചുകൊണ്ടിരിക്കുന്ന കാര്യവും വളരെ പ്രസക്തമാണ്. ഇവിടെയൊരു അൺഹോളി നെക്സസ് വർക്ക് ചെയ്യുന്നുണ്ട്. ജനറൽ ആശുപത്രികളിൽ സ്കാനിംഗ് സെന്ററുകളും സ്കാനിംഗ് മെഷീനുകളും ഉണ്ട്. യു.എസ്.ജി.യും എം.ആർ.ഐ.യും എടുക്കാം. ഇവിടെ സൂചിപ്പിച്ചതുപോലെ ബോധപൂർവ്വം വളരെ പെട്ടെന്ന് ഇത് കേടാക്കുന്നു. ജീവനക്കാർ മാത്രമല്ല നമ്മൾ റെസ്പെക്ട് ചെയ്യുന്ന ഡോക്ടേഴ്സ് ഉൾപ്പെടെയുള്ളവർ ഇതിനകത്തുണ്ടെന്ന ആരോപണമാണ് എനിക്കുള്ളത്. ഗവൺമെന്റ് ചർച്ച ചെയ്യുമ്പോൾ ഇക്കാര്യങ്ങളെല്ലാം മുഖവിലയ്ക്കെടുത്ത് വളരെ സോളിഡായിട്ടുള്ള സൊല്യൂഷനാണ് ഉണ്ടാക്കേണ്ടത്. അല്ലെങ്കിൽ നമ്മുടെ പൊതുജനാരോഗ്യ സംവിധാനം എത്ര മെച്ചപ്പെടുത്താൻ ശ്രമിച്ചാലും അതിന്റെ റിസൾട്ട് ലഭിക്കില്ല എന്ന അഭിപ്രായമാണ് എനിക്കുള്ളത്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ശ്രീ. എ. എൻ. ഷംസീർ പറഞ്ഞത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. അൾട്രാസൗണ്ട് സ്കാനിംഗ് വേണ്ടാത്ത രോഗികളെ വരെ അൾട്രാസൗണ്ട് സ്കാൻ ചെയ്യിക്കുന്നു. ഇങ്ങനെ കുറെ സ്ഥാപനങ്ങൾ ഈ നാട്ടിലുണ്ട്. ഡോക്ടർമാർ ഒരു രോഗിയെ കണ്ടാൽ ആദ്യം എഴുതി കൊടുക്കുന്നത് സ്കാനിംഗിനാണ്. ഇതൊരു അൺഹോളി നെക്സസാണെന്നു പറഞ്ഞത് നൂറുശതമാനവും ശരിയാണ്. ഇങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് ബെനിഫിറ്റ് ഉണ്ടാകാൻ വേണ്ടി രോഗികളെ ചൂഷണം ചെയ്യുന്ന സ്ഥിതി അങ്ങയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തടയാനുള്ള നടപടി സ്വീകരിക്കണ്ടേ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നിശ്ചയമായിട്ടും. ഞാൻ അക്കാര്യത്തിൽ കർക്കശമായ നിലപാടുള്ള ആളാണ്. അത് ഉണ്ടായേ മതിയാകൂ. പക്ഷെ ഇത് ഇവിടം കൊണ്ടുമാത്രം തീരുന്ന പ്രശ്നമല്ല. സ്കാൻ ചെയ്യേണ്ട രോഗികളെ വേറെ വഴിക്ക് വിടുക, സ്കാനിന്റെ ആവശ്യമില്ലാത്ത രോഗികളെ അതിന് വിധേയമാക്കുക, ബി.പി.എൽ. ലിസ്റ്റിൽപ്പെട്ട രോഗികളെപ്പോലും ചിറ്റ് കൊടുത്ത് സ്വകാര്യ സ്ഥലങ്ങളിലേയ്ക്ക് വിടുകയാണ്. അവിടെച്ചെന്ന് ഈ പാവങ്ങൾ വിഷമിച്ചിരിക്കുകയാണ്. ഇവർ രോഗികളെ സ്വകാര്യ സ്ഥലങ്ങളിലേയ്ക്ക് വിടുന്നുവെന്ന് മാത്രമല്ല ഇന്ന സ്ഥലത്ത് പോകണമെന്ന് പ്രത്യേകമായി നിർദ്ദേശിച്ച് വിടുകയാണ്. അതാണ് പ്രധാനപ്പെട്ട പ്രശ്നം. അതുകൊണ്ട് അങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് സമഗ്രമായ പരിശോധന നടത്തുന്നതിന് തയ്യാറാകണമെന്ന് തന്നെയാണ് ഞാൻ പറയുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, കേരളത്തിൽ സർക്കാർ ഉടമസ്ഥതയിലുള്ള റീജിയണൽ ഹെൽത്ത് ലബോറട്ടികളുടെ സ്ഥിതി വളരെ ദയനീയമാണ്. കേരളത്തിലെ എല്ലാ ജില്ലകളിലും റീജിയണൽ ഹെൽത്ത് ലബോറട്ടികൾ ഇല്ല. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ സ്ഥിതി വളരെ ദയനീയമാണ്. എറണാകുളത്തുള്ള റീജിയണൽ ഹെൽത്ത് ലബോറട്ടി എറണാകുളം സെന്റ് തെരേസാസ് കോളേജിനടുത്താണ് സ്ഥിതിചെയ്യുന്നത്. ധാരാളം സ്ഥലവും വലിയ കെട്ടിടവും എല്ലാ സംവിധാനവും ഉണ്ട്. രാവിലെ എട്ട് മണി കഴിഞ്ഞേ ലാബ് തുറക്കുകയുള്ളൂ. രാവിലെ ഭക്ഷണം കഴിക്കാതെ രക്തം പരിശോധിക്കാൻ പോകുന്നവർ എട്ട് മണി വരെ കാത്തിരിക്കുമോ? അതേസമയം വെളുപ്പിന് നാലര മണി മുതൽ സ്വകാര്യ ലാബുകളുടെ പ്രവർത്തനം തുടങ്ങുകയാണ്. അഞ്ച് മണിക്കുതന്നെ രക്തം പരിശോധിക്കുന്നതിനുള്ള സംവിധാനം സ്വകാര്യ ലാബുകളിൽ ഉണ്ട്. ലാബുകളുടെ സമയക്രമം മാറ്റേണ്ടതുണ്ട്. രണ്ടാമത്തെ കാര്യം, സർക്കാർ ഉടമസ്ഥതയിലുള്ള റീജിയണൽ ഹെൽത്ത് ലബോറട്ടികൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ ഇല്ല. ഇപ്പോഴും ഭാർഗ്ഗവീ നിലയം പോലെയാണ് കെട്ടിടങ്ങൾ ഇരിക്കുന്നത്. പണം കൊടുക്കാനുള്ളതെല്ലാം കൊടുക്കുന്നുണ്ട്, എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ട്. ഏറ്റവും നല്ല റിസൾട്ടാണ് അവിടെനിന്നും ലഭിക്കുന്നത്. നിർഭാഗ്യവശാൽ പത്തുശതമാനം പോലും പൊതുജനങ്ങൾ അങ്ങോട്ട് ചെല്ലുന്നില്ല. ഇക്കാര്യങ്ങളിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മുൻകയ്യെടുക്കുമെന്ന് വിചാരിച്ചുകൊണ്ടു തന്നെ ചോദിക്കുന്നു, അത്തരം ലാബുകളുടെ പോരായ്മ കേരളത്തിലെ മറ്റ് സ്വകാര്യ ലാബുകൾ തടിച്ചുകൊഴുക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അക്കാര്യം ശ്രദ്ധയിൽപ്പെട്ടതു കൊണ്ടു തന്നെയാണ് ഞാൻ പറഞ്ഞത്. ഇക്കൂട്ടത്തിൽ വേറൊരു ചെറിയ കള്ളക്കളികൂടി നടക്കുന്നുണ്ട്. ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ഏറ്റവും സ്ട്രോങ് ആയി നിൽക്കുന്ന കെട്ടിടം ഇടിച്ചുപൊളിച്ചിട്ട് അവിടെ വേറൊരു കെട്ടിടം അതേ രൂപത്തിൽ തന്നെ പണിയുകയാണ്. അങ്ങ് പരിശോധിച്ചാൽ മതി. കോൺട്രാക്ടർക്കല്ലാതെ വേറെ ആർക്കാണ് അതിന്റെ പ്രയോജനം? ഞാൻ പറഞ്ഞത് അങ്ങേയ്ക്ക് പിടികിട്ടി കാണുമെന്ന് കണക്കാക്കുകയാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞപ്പോൾ അങ്ങ് എന്നെ നോക്കി ചിരിക്കുന്നത്. മനുഷ്യന്റെ എല്ലും പൊളിക്കുന്ന ഇവിടെ കല്ലും പൊളിക്കുന്നു. സാമ്പത്തികമോഹം മാത്രമാണ് ഇതിന്റെ ലക്ഷ്യം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, സൗകര്യത്തിനനുസരിച്ച് ലാബുകളെ ഗ്രേഡ് ചെയ്യുന്നത് ഉണ്ടാകുന്നില്ലല്ലോ. അതുസംബന്ധിച്ച് എന്താണ് പറയാനുള്ളത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതാണ് ഞാൻ സ്റ്റാൻഡേർഡൈസേഷൻ വേണമെന്ന് പറഞ്ഞത്. ലാബുകളെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ എ, ബി, സി. എന്നിങ്ങനെ ഗ്രേഡ് ചെയ്യണം. ഒരു ലാബിന് 'സി' ഗ്രേഡ് ആണെങ്കിൽ ഇതിന് 'സി' ഗ്രേഡേ ഉള്ളൂവെന്ന് ജനങ്ങൾ അറിഞ്ഞോട്ടെ. ആ രൂപത്തിൽ തന്നെ മനുഷ്യർ അത് മനസ്സിലാക്കി പോകട്ടെ. ബോർഡിന്റെ വലിപ്പം കണ്ട് സ്ഥാപനത്തിന്റെ ഗുണം തീരുമാനിക്കാൻ സാധിക്കുമോ? അതുകൊണ്ട് അതില്ലാതെ ഇത് പ്രോപ്പറായി പോകത്തക്ക രൂപത്തിലുള്ള നടപടി ഉണ്ടാകണമെന്നതാണ് എന്റെ അഭിപ്രായം.

ശ്രീ. സി. മമ്മൂട്ടി: സർ, കഴിഞ്ഞ ദിവസം വെന്റിലേറ്റർ കിട്ടാതെ ഒരാൾ മരിച്ചുവെന്ന് പറഞ്ഞു. ഇപ്പോൾ പുതിയൊരു കച്ചവടം തുടങ്ങിയിരിക്കുകയാണ്, മൃതദേഹം കൊണ്ടുപോയാൽ രക്ഷപ്പെടാൻ സാധ്യതയുണ്ടെന്ന് പറഞ്ഞ് നേരെ സ്വകാര്യ ആശുപത്രികളിലേയ്ക്ക് വിടുന്നു. അവർ നോക്കിയിട്ട് കുഴപ്പമില്ലെന്ന് പറഞ്ഞ് വെന്റിലേറ്ററിൽ കയറ്റുന്നു. പത്തു ദിവസം കഴിയുമ്പോൾ നാലര ലക്ഷം രൂപ ബിൽ എന്നുപറയും. അപ്പോഴാണ് മരിച്ചുവെന്ന് സ്ഥിരീകരിക്കുന്നത്. അതുവരെ മരിച്ചുവെന്ന് ഉറപ്പിച്ചുകൊണ്ടുതന്നെ വെന്റിലേറ്ററിൽ ഇടുകയാണ്. വ്യാപകമായി നടക്കുന്ന ഒരു കച്ചവടമാണ്. അങ്ങനെ നിരവധി പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. മാത്രമല്ല കോഴിക്കോട് ഒരു അനുഭവം ഉണ്ടായി. പാവപ്പെട്ട കുടുംബം, അഞ്ച് ലക്ഷം രൂപ ഇല്ലാതെ ബോഡി വിട്ടുതരില്ലെന്ന് പറഞ്ഞു. അവസാനം നിങ്ങൾ ബോഡി എടുത്തോളൂ, ഞങ്ങൾക്ക് ബോഡി വേണ്ട വീട്ടിലേയ്ക്ക് പോകുകയാണെന്ന് പറഞ്ഞപ്പോൾ, എന്നാൽ നിങ്ങൾ പിന്നീട് വരുമ്പോൾ കൊണ്ടുതന്നാൽ മതിയെന്നുപറഞ്ഞ് ബോഡി വിട്ടുകൊടുത്തു. ഇങ്ങനെയുള്ള സംഭവങ്ങൾ ഇപ്പോൾ വ്യാപകമായി നടക്കുകയാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മനുഷ്യന്റെ ബോഡി വച്ച് വില പറയുന്നത് ഏറ്റവും മനുഷ്യത്വഹീനമായ നടപടിയല്ലേ? ബോഡി വച്ച് വില പറയുകയും ബിൽ അടയ്ക്കാതെ കൊണ്ടുപോകാൻ സാധിക്കുകയില്ലെന്ന് പറയുകയും ചെയ്യുക, നമ്മൾ ഏത് ലോകത്താണ് ജീവിക്കുന്നത്. ഇതിനെക്കാൾ മനുഷ്യത്വഹീനമായ ഒരു നടപടിയില്ലെന്നുതന്നെയാണ് എന്റെ അഭിപ്രായം.

ശ്രീ. എ. എം. ആരിഫ്: സർ, ഡോക്ടർമാർ പ്രാക്ടീസ് ചെയ്യുന്ന സ്ഥലത്ത് ലാബ് പ്രവർത്തിക്കാൻ പാടില്ല, അല്ലെങ്കിൽ ലാബിനോടനുബന്ധിച്ച് ഡോക്ടർമാരുടെ പ്രാക്ടീസ് പാടില്ല എന്നാണ് വ്യവസ്ഥ. എന്നാൽ കടയ്ക്കൽ പ്രദേശത്ത് വ്യാപകമായി ഡോക്ടർമാർ ലാബിനോട് ചേർന്ന് പ്രവർത്തിക്കുന്ന സമ്പ്രദായമുണ്ട്. ഇത് തടയുന്നതിന് ഫലപ്രദമായ നടപടികൾ ഒന്നുംതന്നെയില്ല. ഇത് രോഗികളെ ചൂഷണം ചെയ്യുന്ന രൂപത്തിലേയ്ക്ക് മാറുന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, രോഗികളെ ചൂഷണംചെയ്യുന്ന ഒരു സമീപനവും സ്വീകരിക്കാൻ പാടില്ല. രോഗികളെ ചൂഷണം ചെയ്യരുത് എന്ന മഹത്വം നമുക്ക് കുടുംബത്തിൽനിന്നും ആരംഭിക്കാം.

ചെയർപേഴ്സൺ: അങ്ങേയ്ക്ക് ഇനി എത്ര സമയം വേണ്ടിവരും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ചോദ്യം തീരുന്നതുവരെ.

ശ്രീ. പി. ടി. തോമസ്: സർ, എന്റെ സ്നേഹിതൻ ശ്രീ. സി. മമ്മൂട്ടി വളരെ ഗുരുതരമായ വിഷയമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. കേരളത്തിലെ മഹാനായ കേന്ദ്രമന്ത്രി കൂടിയായിരുന്ന ഇ. അഹമ്മദ് സാഹിബിന് ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ആശുപത്രിയിൽ നിന്നുണ്ടായ സംഭവം നമ്മുടെ എല്ലാവരുടെയും മനസ്സിലുണ്ട്. എല്ലാവരെയും വേദനിപ്പിച്ചതാണ്. അതുമാത്രമല്ല കളമശ്ശേരി മെഡിക്കൽ കോളേജിൽ ഡോക്ടറാകാൻ പഠിച്ചുകൊണ്ടിരുന്ന ഷംന എന്ന പെൺകുട്ടി മരിച്ച സംഭവത്തിൽ ഇതേ ആരോപണം നിലനിൽക്കുന്നുണ്ട്. ശ്രീ. സി. മമ്മൂട്ടി പറഞ്ഞത് വളരെ ഗൗരവതരമായ ഒരു കാര്യമാണെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സത്യമാണ്. അതുകൊണ്ടാണ് ഞാൻ ശ്രീ. സി. മമ്മൂട്ടിയോടുതന്നെ പറഞ്ഞത് മനുഷ്യത്വരഹിതമാണ്, അത് തടയുന്നതിനുള്ള നടപടി ഉണ്ടാകണമെന്ന്. അതിന് നിയമത്തിലൂടെ നമുക്കൊരു പ്രതിവിധി കണ്ടെത്താൻ കഴിയണം. ശ്രീ. പി. ടി. തോമസ് അത് ആവർത്തിച്ചതിൽ ഒരിക്കൽക്കൂടി ഞാൻ സമ്മതിക്കുകയാണ്.

ശ്രീ. എം. ഉമ്മർ: സർ, ഇവിടെ പറഞ്ഞത് സ്വകാര്യ ആശുപത്രികളിലെ കാര്യമാണ്. ഗവൺമെന്റ് ആശുപത്രികളിൽ നടക്കുന്ന, പ്രത്യേകിച്ച് മഞ്ചേരി മെഡിക്കൽ കോളേജിൽ ഈ അടുത്തകാലത്തുണ്ടായ സംഭവങ്ങൾ ഇതിലേറെ പ്രയാസമുണ്ടാക്കുന്നതാണ്. ആശുപത്രികളിൽ ചികിത്സയിലിരിക്കുന്ന ആൾ മരിച്ചിട്ടുണ്ടെങ്കിൽ അവരെ പോസ്റ്റുമോർട്ടം ചെയ്യണമെന്ന് ആവശ്യപ്പെടുന്ന പ്രവണതയുണ്ട്. ആശുപത്രിയിൽ ക്യൂവിൽ നിൽക്കുന്ന ആൾ അവിടെത്തന്നെ വീണ് മരിച്ചാൽ അത് പോസ്റ്റ്മോർട്ടം ചെയ്യുക. എന്നിട്ട് അതിന്റെ പേരിൽ പ്രശ്നം, എം.എൽ.എ. ഇടപെടുക, നാട്ടുകാർ ഇടപെടുക, ബോഡിക്കുവേണ്ടി തർക്കം. ഇത് നമ്മുടെ ഗവൺമെന്റ് ആശുപത്രികളിലെ വേറൊരു സംഗതിയാണ്. ഇത് ഡോക്ടർമാർ, അവർ ചികിത്സിച്ചുകൊണ്ടിരിക്കുന്ന രോഗി അവിടെ ക്യൂവിൽ നിന്നും വീണ് മരിച്ചാൽ അവരുടെ മരണകാരണം ഇന്നതാണെന്ന് ബോദ്ധ്യമായാൽപോലും നിങ്ങൾ നേരെ പോലീസുമായി ബന്ധപ്പെടണം എന്നുപറഞ്ഞുകൊണ്ട് അവർക്ക് ഇന്റിമേഷൻ കൊടുക്കുകയാണ്. പോലീസ് വരുമ്പോൾ നമുക്കൊന്നും തീരുമാനിക്കാനില്ല, ഡോക്ടറാണ് തീരുമാനിക്കേണ്ടതെന്ന് പറയും. ഇങ്ങനെ വലിയൊരു പ്രശ്നം ഇതിനകത്ത് നിലനിൽക്കുന്നുണ്ട്. അത് പണത്തിന്റെയല്ല, ഗവൺമെന്റ് ആശുപത്രികളിൽ ഉത്തരവാദിത്വം ഏറ്റെടുക്കാൻ സാധിക്കുകയില്ല എന്നതാണ് വേറൊരു പ്രശ്നം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആവശ്യമില്ലാതെ ഇത്തരം കേസ്സുകളിൽ 'brought dead' എന്നെഴുതുകയും അതിനുശേഷം പോലീസിൽ പറയാനും ആവശ്യപ്പെടും. പോലീസുകാർക്ക് ഇതെന്താണെന്ന് അറിയില്ല. അതുകൊണ്ട് അവർ പോസ്റ്റ്മോർട്ടത്തിനായി എഴുതും. മരിച്ച ആളുകളുടെ ബന്ധുക്കൾ ഇതിനുപിന്നാലെ നടക്കും. അവസാനം എം.എൽ.എ.യെയും ബന്ധപ്പെട്ട ആളുകളെയും വിളിക്കും. നമുക്കും ഇതിന്റെ കൃത്യമായ വിവരം എന്താണെന്ന് അറിയില്ലല്ലോ? പക്ഷേ ഇത് കൺഫ്യൂഷൻ ഉണ്ടാക്കുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് നിർദ്ദേശം നൽകണം. ഒരു ഡോക്ടറുടെ ചികിത്സാവിധി അനുസരിച്ച് ഒരു രോഗത്തിന് മരുന്നു കഴിച്ചുകൊണ്ടിരിക്കുന്ന ആൾ, ആ രോഗം അധികമായി മരിച്ചുപോയാൽ, സ്വാഭാവികമായും മരിച്ച വ്യക്തി കഴിച്ച മരുന്ന് കണ്ടാൽ അറിയില്ലേ, ഡോക്ടറോട് ചോദിച്ചാൽ അറിയില്ലേ ഈ രോഗിയുടെ രോഗാവസ്ഥ എന്താണെന്നുള്ളത്. അതിനുപകരം ഇതെല്ലാംകൂടി ആ കുടുംബത്തിന്റെ തലയിലേയ്ക്ക് വയ്ക്കുകയാണ്. അവർ ഇതിന്റെ പിന്നാലെ നടക്കുകയാണ്. അത് mental agony ആണ്.

വെള്ളത്തിൽ വീഴുകയോ മറ്റേതെങ്കിലും തരത്തിലോ മരണം സംഭവിച്ചാൽ, ആറ് മണി കഴിഞ്ഞാൽ ഇനി പോസ്റ്റ്മോർട്ടം ചെയ്യില്ല എന്നുപറഞ്ഞാൽ ഈ വീട്ടുകാർ എന്തുചെയ്യും? മൂന്നര മണിക്ക് അതിന്റെ ഇൻക്വസ്റ്റ് തയ്യാറാക്കണം. ഒരു മണിക്കൂർ ഇൻക്വസ്റ്റിനുവേണ്ടി മാറ്റിവയ്ക്കുകയാണ്. അഞ്ചുമണിക്ക് മുമ്പ് പോസ്റ്റ്മോർട്ടം പൂർത്തിയാക്കണം. നിയമപരമായി day light എന്നുപറയുന്നത് അഞ്ച് മണി വരെയാണ്. Day light-ൽ പോസ്റ്റ്മോർട്ടം ചെയ്യണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രി ആയിരുന്നപ്പോഴും അല്ലാതെയുമായി ഈ വിഷയത്തിൽ ഏഴ് പ്രാവശ്യം സബ്മിഷൻ ഉന്നയിച്ച ആളാണ് ഞാൻ. അവസാനം കഴിഞ്ഞ ഗവൺമെന്റ് അനുകൂലമായി ഒരു ഓർഡർ പുറപ്പെടുവിച്ചു. പക്ഷേ ചില ഡോക്ടർമാരുടെ സംഘടനകൾ അതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്. ഞാനും ആ കേസ്സിൽ implead ആയിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ അങ്ങ് എനിക്ക് നിവേദനം തന്നു. ഞാൻ ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ അങ്ങേയ്ക്ക് ഓർഡർ കിട്ടി. അങ്ങേയ്ക്ക് അത് ഇംപ്ലിമെന്റ് ചെയ്യാൻ കാലതാമസം വന്നു. ആ വിഷയം അങ്ങ് അവിടെ തീർക്കണം; എന്നോട് ചോദിക്കരുത്. എന്നാൽ വേറെ ചില സംഭവങ്ങളുണ്ട്. ശബരിമലയിൽ 103 പേർ മരിച്ചപ്പോൾ പാതിരാത്രിയിൽ പോസ്റ്റ്മോർട്ടം നടത്തി ആ മൃതദേഹങ്ങൾ ആന്ധ്രാപ്രദേശിലും തമിഴ്നാട്ടിലുമെല്ലാം പോയി. അതിന് ഒരു കുഴപ്പവുമുണ്ടായില്ല. വെള്ളത്തിൽ വീണ് കൊച്ചുകുഞ്ഞുങ്ങൾ മരിക്കുമ്പോൾ പോസ്റ്റ്മോർട്ടം

നടക്കാത്തതുകൊണ്ട് ആ മൃതദേഹവും വച്ച് വീട്ടുകാർ എത്രനേരം കാത്തുനിൽക്കണം? ഇതിൽ ഒരു പ്രധാന പ്രശ്നമുണ്ട്. ഇത് പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി സമ്മതിക്കണമെന്ന് എനിക്ക് നിർബന്ധമില്ല. ഇവിടെ പോസ്റ്റ്മോർട്ടം നടത്തേണ്ടി വരുന്ന ഫോറൻസിക് ഡോക്ടർമാർ പറയുന്നത് അവർക്ക് 24 മണിക്കൂറും ജോലി ചെയ്യാൻ സാധിക്കില്ലെന്നും അതിന് കൂടുതൽ ഡോക്ടർമാരുടെ സേവനം ആവശ്യമാണെന്നുമാണ്. സാമ്പത്തികമായി ശക്തിയില്ലാത്തതിനാൽ ഇത് നടപ്പാക്കാൻ കഴിയാതെ വരികയാണ്. അങ്ങ് അനുഭവിച്ച വിഷമവും അതുതന്നെയാണ്. ഇതിന് പരിഹാരം കാണണം. ഒരു അവശ്യസന്ദർഭം വന്നാൽ മോർച്ചറിയിൽ ഫോറൻസിക് ഡോക്ടർമാരുടെ സേവനമുണ്ടാകുമെന്ന് ഉറപ്പാക്കുന്ന വിധത്തിൽ നടപടിക്രമം വന്നേ മതിയാകൂ. അല്ലെങ്കിൽ അത്യാഹിതത്തിൽപ്പെട്ട ആളുകൾക്ക് മരിച്ചുപോയവരുടെ മൃതദേഹം കിട്ടാതെ അതിനായി കാത്തിരിക്കേണ്ടിവരും. അതിന് പരിഹാരമുണ്ടാക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം. ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുകയാണ്. ബില്ലിന് കുറച്ചുകൂടി പ്രായോഗികതയുണ്ടാകാൻ സാധിക്കുന്ന വിധത്തിൽ വിപുലപ്പെടുത്തണം. ബിൽ സബ്ജക്ട് കമ്മിറ്റിയിൽ പോയി മടങ്ങിവരുമ്പോൾ അതിന് അവസരമുണ്ടാകും. അതോടൊപ്പം ക്ലോസ് ബൈ ക്ലോസ് ചർച്ച വരുമ്പോൾ ലഭിക്കുന്ന സന്ദർഭം പ്രയോജനപ്പെടുത്തി ഈ ബിൽ വിപുലപ്പെടുത്തിയെടുക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് മാത്രം ഓർമ്മിപ്പിക്കുന്നു. ഈ ചർച്ച വന്നത് നന്നായി എന്നുള്ളതാണ് എന്റെ അഭിപ്രായം. കാരണം ഭരണപക്ഷ പ്രതിപക്ഷാംഗങ്ങളുടെ മനസ്സിൽ നിന്ന ഒരു പൊതുവികാരം പുറത്തുവന്നു. വൈദ്യശാസ്ത്ര രംഗത്തുണ്ടാകുന്ന പോരായ്മകൾ നികത്താൻ ഇത് ഒരു ഉപാധിയായി മാറട്ടെയെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാന്യനായ സ്പീക്കർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിൽ ഏറ്റവും വിപ്ലവകരമായ തീരുമാനമായി ഈ ബിൽ മാറുകയാണ്. കേരളത്തിന്റെ ആരോഗ്യ മേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ കഴിയുന്ന ഒരു നിയമമായി ഇത് മാറും. 2010-ൽ കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ ഈ നിയമം സംസ്ഥാനത്തിന്റെ ആരോഗ്യ മേഖലയെ പൂർണ്ണമായി സംരക്ഷിക്കുക എന്ന താൽപ്പര്യംകൂടി മുൻനിർത്തി, ആ നിയമത്തിൽ ചില കൂട്ടിച്ചേർക്കലുകൾ വരുത്തി, നമ്മുടെ സംസ്ഥാനത്തിന് അനുയോജ്യമാകുന്ന നിലയിൽ ഒരു നിയമനിർമ്മാണം കൊണ്ടുവരാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. എനിക്ക് മുമ്പ് ഇവിടെ സംസാരിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ഈ ചർച്ചയുടെ ഭാഗമായി പങ്കെടുത്ത എല്ലാവരും ഈ ബില്ലിനെ പരിപൂർണ്ണമായി സ്വാഗതം ചെയ്യുകയാണ്. അതുകൊണ്ടുതന്നെ ഈ ബിൽ നിയമനിർമ്മാണ സഭയിൽ

unanimous ആയി പാസ്സാക്കിയെടുക്കാൻ സാധിക്കും. കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ നിയമത്തിന്റെ ചുവടുപിടിച്ച് സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ കൂടി സംരക്ഷിക്കുന്ന നിയമമായി ഇതിനെ മാറ്റിയെടുക്കാനാവണം. പ്രതിപക്ഷം ചൂണ്ടിക്കാണിച്ച ഒരു വിഷയം ഞാനും ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ക്ലിനിക്ക് എന്നതിൽ മോഡേൺ മെഡിസിനും ഹോമിയോപ്പതിയും ആയുഷും കടന്നുവരുമ്പോൾ ഒരു professional jealousy-യുടെ ഭാഗമാണെന്ന് തോന്നുന്ന, ഫിസിയോ തെറാപ്പിസ്റ്റുകളെ കുറിച്ച് അതിനകത്ത് പരാമർശിച്ചിട്ടില്ല. പ്രത്യേകിച്ച് ചില സംഘടനകൾ തമ്മിലുള്ള professional jealousy ആരോഗ്യമേഖലയിൽ നടക്കുന്നുണ്ട്. ക്ലിനിക്ക് എന്ന പരാമർശത്തിൽ ഫിസിയോതെറാപ്പി സെന്ററുകളെക്കൂടി ഉൾപ്പെടുത്തണം. അവരും അഞ്ച് വർഷം ഗവൺമെന്റ് മേഖലയിൽ പഠനം പൂർത്തിയാക്കുന്നവരും ഇത്തരം തെറാപ്പി സെന്ററുകൾ ആരംഭിക്കാൻ സ്വാതന്ത്ര്യമുള്ളവരുമാണ്. അവരെ പാരാമെഡിക്കൽ വിഭാഗമായി മാത്രമേ കാണാനാവൂ എന്നത് മാറ്റി ഒരു കൗൺസിൽ രൂപീകരിക്കുകയും ഫിസിയോതെറാപ്പി സെന്ററുകളെക്കൂടി ക്ലിനിക്കിന്റെ ഭാഗമായി ഉൾപ്പെടുത്തണമെന്ന നിർദ്ദേശം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

കേരളത്തിന്റെ ആരോഗ്യ മേഖലയിൽ നമുക്ക് അഭിമാനകരമായ നേട്ടങ്ങളുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അത് താഴേയ്ക്ക് പോകുകയാണെന്നാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചത്. എങ്ങനെയാണ് അത്തരമൊരു പരാമർശം നടത്തിയതെന്ന് എനിക്കറിയില്ല. 1957-ൽ കേരള സംസ്ഥാനം രൂപീകരിക്കുമ്പോൾ നമ്മുടെ ആയുർദൈർഘ്യം 45 വയസ്സായിരുന്നു. 2017-ൽ എത്തിനിൽക്കുമ്പോൾ പുരുഷന്മാരുടെ ആയുർദൈർഘ്യം 72 വയസ്സും സ്ത്രീകളുടേത് 76 വയസ്സുമാക്കി മാറ്റാൻ കഴിഞ്ഞത് നമ്മുടെ സംസ്ഥാനത്തെ ആരോഗ്യ മേഖലയിലുണ്ടായ മാറ്റത്തിന്റെ ഭാഗമാണ്. അതിന് കാരണക്കാർ നമ്മൾ മാത്രമാണെന്ന് പറയുന്നില്ല. എന്നാൽ വലിയ സംഭാവന നൽകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. 45 വയസ്സ് മാത്രമായിരുന്ന കേരളത്തിന്റെ ആയുർദൈർഘ്യത്തെ 60 വർഷക്കാലം പിന്നിടുമ്പോൾ 72-ലേയ്ക്കും 76-ലേയ്ക്കും മാറ്റാൻ കഴിഞ്ഞത് ചെറിയ കാര്യമല്ല. നിലവിൽ 67.5 എന്നതാണ് രാജ്യത്തെ ആയുർദൈർഘ്യം. ഇന്ത്യയിൽ നാഷണൽ ഹെൽത്ത് പോളിസിയുടെ ഭാഗമായി 2025 ആകുമ്പോൾ അത് 75-ലേയ്ക്ക് മാറ്റണമെന്നാണ് കേന്ദ്ര സർക്കാർ ആലോചിക്കുന്നത്. പക്ഷേ അതിന് വിരുദ്ധമായ നിലപാട് തന്നെയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. നാഷണൽ ഹെൽത്ത് പോളിസിയുടെ ഭാഗമായതുകൊണ്ട് അവർക്ക് താൽപ്പര്യമുണ്ട്, പക്ഷേ അതിന് വിരുദ്ധമായ നിലപാട് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നുമുണ്ട്. കേരളത്തിന്റെ ആരോഗ്യ മേഖലയിൽ വലിയ മാറ്റമുണ്ടാകുമ്പോഴും 65 ശതമാനത്തോളം വരുന്നത് സ്വകാര്യ സ്ഥാപനങ്ങളാണ്. അത്തരം സ്വകാര്യ സ്ഥാപനങ്ങളെക്കൂടി നിയന്ത്രിക്കാൻ ആവശ്യമായ നിയമമാണ് ഈ ബില്ലിന്റെ ഭാഗമായി കൊണ്ടുവരുന്നത്. അവരെ നിയന്ത്രിച്ച് സർക്കാരിന്റെ ഭാഗമാക്കി മാറ്റിയാൽ മാത്രമേ നമ്മുടെ നാടിന്റെ ആരോഗ്യ മേഖലയെ സംരക്ഷിക്കാനാവുകയുള്ളൂ.

1.00 PM]

ഇവിടെ പറഞ്ഞ വളരെ പ്രധാനപ്പെട്ട പ്രശ്നമുണ്ട്. ഇന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് കോളറയെക്കുറിച്ച് ചൂണ്ടിക്കാണിച്ചു. ഒരുകാലത്ത് ഇല്ലാതായിരുന്ന ഒരു കാര്യമാണ്. തിരികെവന്നുവെന്ന അഭിപ്രായമില്ല. പക്ഷേ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്; മാലിന്യനിർമ്മാർജ്ജനം ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. മാലിന്യനിർമ്മാർജ്ജനത്തിൽ ഏറ്റവും വലിയ പങ്ക് വഹിക്കേണ്ടവയാണ് കേരളത്തിലെ ആശുപത്രികൾ. ഈ അടുത്തകാലത്ത് സോഷ്യൽ മീഡിയയിൽ ഒരു വാർത്ത നമ്മൾ കണ്ടു. ഏത് ആശുപത്രിയാണെന്നറിയില്ല. ഒരു ചെറുപ്പക്കാരൻ ആ ആശുപത്രിയിൽ നിന്നും പുറന്തള്ളിയ മെഡിക്കൽ വേസ്റ്റടക്കം വാഹനത്തിൽ കൊണ്ടുവന്ന് ആശുപത്രിയുടെ മുമ്പിലേയ്ക്ക് ഇടുകയാണ്. നമ്മുടെ ആശുപത്രികളിൽ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്; മാലിന്യ നിർമ്മാർജ്ജനത്തിനും തെരുവിൽ കിടക്കുന്ന മാലിന്യം സംസ്കരിക്കുന്നതിനും വലിയ നിലയിൽ നമ്മളെല്ലാവരും താൽപ്പര്യം പ്രകടിപ്പിക്കുമ്പോൾ സർക്കാർ സംവിധാനത്തിന്റെ ഭാഗമായി വിപുലമായ പരിശോധനകളും അതിനാവശ്യമായ നൂതനമായ സംവിധാനങ്ങളുമുണ്ടെന്ന് അവകാശപ്പെടുന്ന കേരളത്തിലെ സ്വകാര്യ ആശുപത്രികൾ അത് ഫലപ്രദമായി ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കാൻ ഇതിന്റെ ഭാഗമായി കഴിയണം, പക്ഷേ കഴിയുന്നില്ല. ഇവന്റ് മാനേജ്മെന്റ് സംഘമെന്ന് നല്ല വാചകത്തിൽ പറയാമെങ്കിലും രാത്രികാലത്തിൽ പ്രവർത്തിക്കുന്ന ചില ഇവന്റ് മാനേജ്മെന്റ് സംഘങ്ങളെയാണ് ഇക്കാര്യത്തിൽ സ്വകാര്യ ആശുപത്രികൾ ഉപയോഗിക്കുന്നത്. കേരളത്തിലെ ഏത് മൾട്ടി സ്പെഷ്യാലിറ്റി സ്വകാര്യ ആശുപത്രി കളാണെങ്കിലും സർജിക്കൽ വേസ്റ്റുകളും മെഡിക്കൽ വേസ്റ്റുകളും ഫലപ്രദമായി സംസ്കരിക്കാനുള്ള സംവിധാനങ്ങളുണ്ടാകണം. ഫലപ്രദമായി സംസ്കരിക്കുന്ന ആശുപത്രികളാണോ കേരളത്തിലുള്ളതെന്ന് പരിശോധിക്കാൻ ഈ സംവിധാനത്തിന്റെ ഭാഗമായി നമുക്ക് കഴിയണം. അതിന് കഴിയുന്നില്ല. സ്വകാര്യ ആശുപത്രികളിൽ ലോക്കൽ ബോഡീസോ ഗവൺമെന്റ് ഉദ്യോഗസ്ഥരോ പരിശോധന നടത്തുമ്പോൾ മാത്രം ഞങ്ങൾക്ക് ഇത്തരം സംവിധാനങ്ങളുണ്ടെന്ന് കാണിക്കുകയും പിന്നീട് ആ സംവിധാനങ്ങൾ പ്രവർത്തിക്കാത്തവയായി മാറുകയും ചെയ്യുന്ന സാഹചര്യമുണ്ടെന്ന് കാണാൻ കഴിയും. അത്തരം സ്വകാര്യ ആശുപത്രികൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കാൻ ഈ ബില്ലിന്റെ ഭാഗമായി നമുക്ക് കഴിയണം.

ഹരിതകേരളം പദ്ധതി പ്രഖ്യാപിച്ച് അതിന്റെ ഭാഗമായി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ജലാശയങ്ങൾ വൃത്തിയാക്കുമ്പോൾ, പണം കൊടുത്ത് രാത്രി കാലങ്ങളിൽ ജലാശയങ്ങളിലേയ്ക്ക് വേസ്റ്റ് കൊണ്ടുപോയി നിക്ഷേപിക്കുന്ന സ്വകാര്യ ആശുപത്രികൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ കഴിയണം. ഇത്തരമൊരു നിയമനിർമ്മാണത്തെക്കുറിച്ച് ഒരുപാട് കാലമായി സാധാരണക്കാർ ആഗ്രഹിക്കുന്നതാണ്.

ആ നിയമനിർമ്മാണം സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ഫലപ്രദമായ സംവിധാനത്തിന്റെ അടിത്തറയിലാണ്. അതാണ് ആർദ്രം പദ്ധതി. നഷ്ടപ്പെട്ടു പോയ ആരോഗ്യ മേഖലയുടെ സമ്പത്തിനെ തിരികെ പിടിക്കാൻ വേണ്ടിയുള്ള പരിശ്രമത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ടാണ് ഇത്തരമൊരു നിയമനിർമ്മാണം നടത്തുന്നത്. ആർദ്രം പദ്ധതി പ്രഖ്യാപിച്ചു. മെഡിക്കൽ കോളേജുകൾ മുതൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വരെ ശക്തിപ്പെടുത്തുന്ന കാലത്താണ് ഈ നിയമം കൊണ്ടുവരുന്നത്. നമ്മുടെ ആരോഗ്യ മേഖലയെക്കുറിച്ച് സർക്കാർ അധികാരത്തിൽ വന്നപ്പോഴുണ്ടായിരുന്ന ആശങ്കകൾക്ക് പരിഹാരമാകുന്ന ഒരു വർഷമാണ് പിന്നിടുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നില്ല. എങ്കിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ സാധാരണ മനുഷ്യർക്ക് പ്രാപ്യമാകുന്ന നിലയിലേയ്ക്കും അവർക്ക് ആധുനിക ചികിത്സാ സംവിധാനങ്ങൾ കൊടുക്കുന്ന നിലയിലേയ്ക്കും നമ്മുടെ ആശുപത്രികളെ മാറ്റാൻ വളരെ ക്രിയാത്മകമായി സംസ്ഥാന സർക്കാർ ഇടപെടുകയാണ്. അവിടെ ഭരണ പ്രതിപക്ഷ വ്യത്യാസമില്ല. ഓരോ നിയോജകമണ്ഡലത്തിലെയും പ്രൈമറി ഹെൽത്ത് സെന്ററുകളെ ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റാനും താലൂക്കാശുപത്രികൾക്കാവശ്യമായ സൗകര്യങ്ങൾ കൊടുക്കാനും കൂടുതൽ കാത്ത് ലാബുകൾ ആരംഭിക്കാനും 44-ഓളം വരുന്ന ജില്ലാ ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കാനും ആരോഗ്യ സംവിധാനത്തിന്റെ ഭാഗമായി 1964-ലെ സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ഡോക്ടർമാർ നിലനിന്ന നമ്മുടെ സംസ്ഥാനത്ത് കൂടുതൽ ഡോക്ടർമാരെ നിയമിക്കാനും ആവശ്യമായ സംവിധാനമൊരുക്കുന്ന രീതിയിൽ ആരോഗ്യമേഖല അടിത്തറ ഇടുന്ന കാലത്താണ് ഇത്തരമൊരു നിയമം കൊണ്ടുവന്നിരിക്കുന്നത്. ബില്ലിന്റെ ഭാഗമായി ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

ഒന്ന്, രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കാര്യമാണ്. അക്കാര്യം പരിശോധിച്ചപ്പോൾ അതിനകത്ത് ഒരു കട്ട് ഓഫ് ഡേറ്റ് കാണുന്നില്ല. പിഴയടച്ച് പോകാൻ കഴിയും. നല്ല പിഴ ചുമത്തുന്നതായി കാണുന്നുണ്ട്. ആ പിഴ ശിക്ഷ പോലും പ്രാദേശികമായ ഒരു സ്ഥിതിയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കണമെന്നാണ് ബില്ലിൽ പറയുന്നത്. ഒരു ആശുപത്രിയുടെ രജിസ്ട്രേഷൻ സമയത്ത് നടന്നില്ലെങ്കിൽ അവിടെ പ്രാദേശികമായ ഒരു പരിഗണന കൊടുക്കേണ്ട കാര്യം എന്താണ്? സെൻട്രൽ നിയമത്തിന്റെ ഭാഗമായി സ്റ്റേറ്റിന്റെ കൂടി താല്പര്യങ്ങൾ മാനിക്കുന്ന നിയമനിർമ്മാണം സംസ്ഥാനം നടത്തുമ്പോൾ ഒരു ആശുപത്രിക്ക് മതിയായ സൗകര്യങ്ങളുണ്ടോ എന്ന് പരിശോധിക്കുന്നതിന് സമയം കൊടുക്കുന്നുണ്ട്. അതിന് രണ്ട് വർഷം സമയം കൊടുക്കുകയാണ്. എന്റെ അഭിപ്രായത്തിൽ രണ്ട് വർഷം കൊടുക്കേണ്ടതില്ല. നമ്മുടെ നാട്ടിൽ ഇനി ആരംഭിക്കാൻ പോകുന്ന

ആശുപത്രികളെ സംബന്ധിച്ചല്ല, നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആശുപത്രികൾക്ക് ചില മാനദണ്ഡങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ആ മാനദണ്ഡങ്ങളുടെ ഭാഗമായി നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആശുപത്രികളിൽ കൗൺസിലിന് പരിശോധിക്കാൻ 2 വർഷം കൂടി സമയം കൊടുക്കാനും അതിനാവശ്യമായ സൗകര്യങ്ങളും പരിശോധിക്കാൻ ആവശ്യമായ സമയമുണ്ട്. ആ ആശുപത്രികളുടെ രജിസ്ട്രേഷന് എന്തിനാണ് ഇത്രയും അനന്തമായ സമയം കൊടുക്കുന്നത്? അവർക്ക് പിഴയടയ്ക്കണം. പിഴ ചെറിയതാണെന്ന അഭിപ്രായം എനിക്കില്ല. ആദ്യ ലംഘനത്തിന് 50,000 രൂപയും നിയമലംഘനമുണ്ടായാൽ 2 ലക്ഷം രൂപയും തുടർ ലംഘനങ്ങൾക്ക് 5 ലക്ഷം രൂപയും പിന്നീടുള്ള ഓരോ ദിവസവും പതിനായിരം രൂപയുമാണ് പിഴ. പിഴയുടെ അളവ് കുറവാണെന്ന അഭിപ്രായമല്ല ചൂണ്ടിക്കാണിക്കുന്നത്. പക്ഷേ ഒരിക്കലും രജിസ്റ്റർ ചെയ്യാതിരിക്കാനുള്ള നിലയിലേയ്ക്ക് മാറാനുള്ള അധികാരം കൂടിയാണത്. അത്തരമൊരു കട്ട് ഓഫ് ഡേറ്റ് കൊടുക്കേണ്ടതുണ്ടോ; അവർക്ക് രജിസ്റ്റർ ചെയ്യാൻ നിശ്ചിത സമയം കൊടുക്കുക എന്നതുകൂടി ഈ ബില്ലിന്റെ ഭാഗമായി ഉൾപ്പെടുത്തേണ്ടതുണ്ട്. പ്രാദേശികമായ ഒരു സ്ഥിതിവിവര കണക്കിന്റെ അടിസ്ഥാനത്തിൽ അങ്ങനെയൊരു പിഴ ശിക്ഷയിൽനിന്ന് ഒഴിവാക്കിക്കൊടുക്കേണ്ട കാര്യമില്ല. അത് ബില്ലിൽ പരിശോധിക്കുകയും അത്തരം കാര്യങ്ങൾ മാറ്റുകയും ചെയ്യണമെന്നുകൂടി ഇതിന്റെ ഭാഗമായി ചൂണ്ടി കാണിക്കുകയാണ്.

ഇവിടെ ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചത് വളരെ പ്രസക്തമായൊരു കാര്യമാണ്. അക്കാര്യം സെൻട്രൽ നിയമത്തിലും പറയുന്നുണ്ട്. ജില്ലാതല കൗൺസിലിന്റെ ഏറ്റവും പ്രധാനപ്പെട്ട ചുമതലക്കാർ എന്നുപറയുന്നത് ജില്ലാ കളക്ടറാണ്. ജില്ലാ കളക്ടർ എന്നത് മോശപ്പെട്ട സ്ഥാനമല്ല. പക്ഷേ നൂറുകണക്കിന് കമ്മിറ്റികളുടെ ചുമതലയുള്ള ഒരാളാണ് അദ്ദേഹം. ആ കമ്മിറ്റികൾ പോലും എത്ര ദിവസത്തിനുള്ളിൽ കൂടണമെന്നൊരു വ്യവസ്ഥയില്ല. അപ്പോൾ കമ്മിറ്റി കൂടുന്നത് അനിശ്ചിതമായി നീണ്ടുപോകാം. അവർക്ക് മൂന്ന് മാസത്തിനുള്ളിലോ ആറ് മാസത്തിനുള്ളിലോ ഒരു വർഷത്തിനുള്ളിലോ എപ്പോൾ വേണമെങ്കിലോ കൂടാൻ കഴിയുന്ന സ്ഥിതിയാണുള്ളത്. എക്സൈസ് കമ്മിറ്റിയുടെ മണ്ഡലാടിസ്ഥാനത്തിലുള്ള മീറ്റിംഗുകളിൽ പലപ്പോഴും എം.എൽ.എ.-മാർ പങ്കെടുക്കുകയും ആവശ്യമായ കാര്യങ്ങൾ നിർദ്ദേശിക്കുകയും ചെയ്യാറുണ്ട്. പക്ഷേ നമ്മൾ ആഗ്രഹിക്കുന്ന നിലയിൽ പ്രാദേശികമായ മീറ്റിംഗുകൾ ചേരുന്നില്ല. അങ്ങനെ വെറുതെ കൂടാൻവേണ്ടിയുള്ള ഒരു മീറ്റിംഗായി നമുക്ക് ഇതിനെ മാറ്റാൻ പാടില്ല. ജില്ലാ കളക്ടർ എന്നുപറയുന്ന പോസ്റ്റ് ജില്ലാ ഭരണകൂടത്തിന്റെ ഭാഗമായി ഏറ്റവും പ്രധാനപ്പെട്ടതാണ്. പക്ഷേ അവർക്ക് ഒരുപാട് ചുമതലകളുണ്ടായിരിക്കെ അതിനകത്ത് കറെക്കൂടി എക്സ്പെർട്ട്സിനെവച്ച് കൃത്യസമയം വച്ച് രജിസ്റ്റർ ചെയ്യാനും രജിസ്റ്റർചെയ്ത ക്ലിനിക്കുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ;

അവർക്ക് ഗവൺമെന്റ് നിർദ്ദേശിക്കുന്ന സൗകര്യങ്ങളുണ്ടോ; അവരുടെ രജിസ്ട്രേഷൻ കട്ട് ചെയ്യണമോ തുടങ്ങിയ കാര്യങ്ങളെല്ലാം സൂക്ഷ്മമായി പരിശോധിക്കേണ്ട ഒരു ജില്ലാതല ബോഡി ഇത്ര നാളുകൾക്കുള്ളിൽ കൂടിയിരിക്കണമെന്നുള്ള വ്യവസ്ഥകൂടി ബില്ലിന്റെ ഭാഗമായി കൂട്ടിച്ചേർക്കണമെന്ന അഭിപ്രായം ഇതിന്റെ ഭാഗമായി വയ്ക്കുകയാണ്. എങ്കിൽ മാത്രമേ ഗവൺമെന്റ് ആഗ്രഹിക്കുന്ന രീതിയിൽ നന്നായി ഫങ്ഷൻ ചെയ്യാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ നമ്മൾ ഒരു സെൻട്രൽ കൗൺസിലോ സ്റ്റേറ്റ് കൗൺസിലോ ജില്ലാതല കൗൺസിലോ കേവലമായൊരു കൗൺസിലോ എന്ന നിലയിലേയ്ക്ക് മാത്രം നിന്ന് എപ്പോഴെങ്കിലും കൂടുന്നതായി മാറാതെ ഏറ്റവും ഫലപ്രദമായി, ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അയ്യായിരത്തോളം വരുന്ന സ്വകാര്യ ആശുപത്രികളെയും സർക്കാർ ആശുപത്രികളെയും ഫലപ്രദമായി നിയന്ത്രിക്കുന്ന, ഏറ്റവും നന്നായി ഫങ്ഷൻ ചെയ്യുന്ന ഒരു കേന്ദ്രമായി, സംവിധാനമായി നമുക്ക് ഇതിനെ മാറ്റിത്തീർക്കേണ്ടതുണ്ട്. അതിന് ഒരു സമയം തീരുമാനിക്കണമെന്ന ഭേദഗതി നിർദ്ദേശിക്കുകയാണ്.

നമ്മുടെ നാട്ടിൽ ചില സ്ഥാപനങ്ങളുണ്ട്. മോഡേൺ മെഡിസിനല്ല. അവിടെ വിസിറ്റേഴ്സായി വന്നുപോകുന്ന പ്രൊഫസർമാരുണ്ട്. വിദേശത്തുനിന്ന് വരുന്ന പ്രൊഫസർമാരല്ല. നമ്മുടെ പ്രാദേശിക ക്ലിനിക്കുകളിലെ ചില വൈദ്യന്മാരാണ്. ഒരു മനുഷ്യന്റെ ശരീരത്തിലെ രോഗം നിർണ്ണയിക്കുകയും ചികിത്സിക്കുകയും ചെയ്യുന്ന എല്ലാ ആളുകളുടേയും പ്രവർത്തനങ്ങളെ ഇതിലേയ്ക്ക് കൊണ്ടുവരണം. അങ്ങനെയുള്ള ആളുകൾക്കിടയിലേയ്ക്ക് വലിയ നിലയിൽ ആളുകൾ പോകുന്നുണ്ട്. അവരോട് താൽപ്പര്യമുള്ള രോഗികളാണ് പോകുന്നത്. അത്തരം ആളുകളെ എങ്ങനെയാണ് ഈ നിയമത്തിന്റെ ഭാഗമായി കൊണ്ടുവരാൻ കഴിയുക എന്നത് സംബന്ധിച്ച് പരിശോധിക്കണം. അവർ പോകുന്ന ആശുപത്രികളെയും അത്തരം വ്യക്തികളെയും നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്ന് സൂക്ഷ്മമായി പരിശോധിക്കാനാവശ്യമായ സംവിധാനം ഈ ബില്ലിനകത്തുണ്ടാകണം.

ശ്രീ. റ്റി. വി. രാജേഷ്: സർ, വ്യാജ ചികിത്സ നടക്കുന്നത് ആയുർവ്വേദത്തിന്റെ പേരിലാണ്. ഇത്തരം വ്യാജ ചികിത്സ നടത്തുന്നവരെ യഥാർത്ഥത്തിൽ നിയന്ത്രിക്കാൻ ഫലപ്രദമായ ഒരു സംവിധാനവും ഇപ്പോൾ നിലവിലില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പഴയ കാലത്ത് ആയുർവ്വേദ കോഴ്സുകളും ഡിഗ്രി, പി.ജി. എന്നിവയൊന്നും കേരളത്തിലുണ്ടായിരുന്നില്ല. പക്ഷേ ഇപ്പോൾ ആ സ്ഥിതി മാറി. ഇപ്പോൾ ആർക്കും വൈദ്യരാകാം, ചികിത്സിക്കാം, മരുന്നുണ്ടാക്കാം, മരുന്ന് കൊടുക്കാം എന്നൊരു നില ഇവിടെയുണ്ട്. കേരളത്തിൽ ഇത്തരത്തിലുള്ള നിരവധി ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. അവർക്ക് രജിസ്ട്രേഷനില്ല, അവർ കൊടുക്കുന്ന മരുന്നിന് ആധികാരികത ഇല്ല, അവയുടെ ഗുണമേന്മ പരിശോധിക്കാനുള്ള സംവിധാനങ്ങളില്ല. ഇക്കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ആർ. രാജേഷ്</u>: സർ, അങ്ങ് വളരെ പ്രധാനപ്പെട്ട പോയിന്റാണ് പറഞ്ഞത്. അക്കാര്യങ്ങളൊക്കെ പരിശോധനയ്ക്ക് വിധേയമാക്കുന്ന ബില്ലാണിത്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, പാരമ്പര്യ വൈദ്യന്മാർക്ക് ഡിഗ്രിയും മറ്റ് സൗകര്യങ്ങളുമുണ്ടാകില്ല. പക്ഷേ പാരമ്പര്യ വൈദ്യന്മാരായ പ്രാമാണികരായിട്ടുള്ള നിരവധി ആളുകൾ വേറെയുണ്ട്. അവരുടെ കാര്യം എങ്ങനെ കൈകാര്യം ചെയ്യുമെന്നു കൂടി പറയണം.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, പ്രശസ്തരായ പല കുടുംബങ്ങളും തലമുറയായി വൈദ്യം ചെയ്യുന്നുണ്ട്. പഴയകാലം പോലെയല്ല. അവർക്ക് ഡിഗ്രി എടുക്കാനുള്ള സംവിധാനം ഇപ്പോഴുണ്ട്. ഞാൻ അവരെ കുറച്ച് കാണുകയല്ല ചെയ്യുന്നത്. പക്ഷേ നമ്മുടെ നാട്ടിൽ ഇപ്പോൾ ആർക്കും വൈദ്യരാകാം, ആർക്കും ചികിത്സ നടത്താം, ആർക്കും മരുന്ന് കൊടുക്കാം എന്നൊരവസ്ഥ വന്നിരിക്കുകയാണ്. ഇത് കർശനമായി നിയന്ത്രിക്കാനും നിരോധിക്കാനും കഴിയണമെന്നാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, അലോപ്പതി മരുന്നുകൾ പരസ്യം ചെയ്യാൻ പാടില്ല. പക്ഷെ പത്രത്തിന്റെ പരസ്യ പേജുകളിലെല്ലാം ആയുർവ്വേദ മരുന്നുകളുടെ പരസ്യങ്ങളാണ് കാണുന്നത്. തലമുടി വളരാനും തല നരയ്ക്കാതിരിക്കാനും ഒക്കെ പരസ്യങ്ങളാണ്. ഇതിനൊക്കെ എന്തെങ്കിലും മരുന്നുണ്ടോ; ഒരു മരുന്നുമില്ല. ഇതെല്ലാം പറഞ്ഞ് വലിയ തട്ടിപ്പ് ആയുർവ്വേദത്തിന്റെ പേരിൽ നടക്കുകയാണ്. അത് നിയന്ത്രിക്കുകയെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഈ സഭയിൽ പറയാൻ കൊള്ളാത്ത ഒട്ടനവധി കാര്യങ്ങൾക്ക് മരുന്നുണ്ടെന്ന് പറഞ്ഞ് പരസ്യം വരികയാണ്. ഇത് നിയന്ത്രിക്കണ്ടേ; ഇത് നിയന്ത്രിക്കാൻ ഇവിടെ നിയമം വേണ്ടേ?

<u>ശ്രീ. ആർ. രാജേഷ്</u>: സർ, ഇത്തരം കാര്യങ്ങൾ പരിശോധിക്കേണ്ടതാണ്. അത് ഗ്ലോബലൈസേഷന്റെ ഒരു ഭാഗമാണ്. നമ്മൾ എന്ത് ഉപയോഗിക്കണമെന്ന് നമ്മൾ തീരുമാനിക്കാത്ത ഒരു കാലമാണ്. അത് തീരുമാനിക്കുന്നത് ഗ്ലോബൽ മാർക്കറ്റിൽ ഇടപെടുന്ന കമ്പനികളാണ്. അവർ നമ്മളെ ചൂഷണം ചെയ്യുന്നു. നമ്മുടെ മനസ്സിനെക്കൂടി കീഴ്പ്പെടുത്തുകയാണ്. നമുക്ക് ഇഷ്ടമുള്ള, നമുക്ക് അനുയോജ്യമായത് ഉപയോഗിക്കാനുള്ള അനുവാദം നമുക്കില്ല. ഉമിക്കരി ഉപയോഗിച്ചായിരുന്നല്ലോ ഒരു കാലത്ത് പല്ല് തേച്ചിരുന്നത്. പക്ഷെ ഇപ്പോൾ 3-4 വയസ്സുള്ള കുട്ടി ഉൾപ്പെടെ ഏത് പേസ്റ്റ് ഉപയോഗിക്കണമെന്ന് തീരുമാനിക്കുന്നത് ഇത്തരം പരസ്യത്തിന് ആകൃഷ്ടരാകുന്നതുകൊണ്ടാണ്. നമ്മൾ എന്ത് ഉപയോഗിക്കണമെന്നും നമ്മുടെ അഭിരുചികളും മാറ്റുന്ന നിലയിലേയ്ക്ക് ഗ്ലോബലൈസേഷനും പുതിയകാലത്തെ കമ്പനികളും മാറുമ്പോൾ തീർച്ചയായും നമ്മളും അതിന്റെ പാതയിലേയ്ക്ക് മാറുകയാണ്.

<u>ശ്രീമതി സി. കെ. ആശ</u>: സർ, ഇവിടെ സൂചിപ്പിച്ച കാര്യം തന്നെയാണ് എനിക്ക് പറയാനുള്ളത്. ഇന്ത്യൻ ഫാർമസി കൗൺസിലിന്റെ രേഖ പ്രകാരം 35% ആളുകളും കഴിക്കുന്ന മരുന്നിന്റെ റിയാക്ഷൻമൂലമാണ് കൂടുതൽ രോഗങ്ങളിലേയ്ക്ക് കടക്കുന്നതെന്ന റിപ്പോർട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ ക്ലിനിക്കൽ ഫാർമസിസ്റ്റുകളുടെ ഒരു പോസ്റ്റുണ്ട്. ആ രീതിയിൽ ശരിയായ രോഗനിർണ്ണയത്തിനും മരുന്നിനും മരുന്നിന്റെ ശരിയായ അളവും അത് എത്ര നാൾ കഴിക്കണമെന്നുള്ള കാര്യങ്ങൾ നിശ്ചയിക്കുന്നതിനുമുള്ള സേവനം ലഭ്യമാക്കുന്നതിന് ഈ ബില്ലിലൂടെ സാധിക്കുമോ?

<u>ശ്രീ. ആർ. രാജേഷ്</u>: സർ, മരുന്ന് കഴിക്കുന്നതിന്റെ ഭാഗമായി കൂടുതൽ രോഗങ്ങൾ ഉണ്ടാകുന്നുവെന്ന് പറയുന്നത് പരിശോധിക്കേണ്ടതും പ്രധാനപ്പെട്ടതുമായ കാര്യമാണ്. ഡയബറ്റിക് പേഷ്യന്റ്സ് ഒരു ഘട്ടം കഴിഞ്ഞാൽ ഡയാലിസിസിന് വിധേയരാകുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നത്തിലേയ്ക്ക് മാറുകയാണ്. ഡയബറ്റിക്കിനുള്ള മരുന്ന് കഴിക്കുമ്പോൾ അത് അവരുടെ കിഡ്നിയെ ബാധിക്കുകയാണ്. ഏതെങ്കിലും ഒരു രോഗത്തിന് മരുന്ന് കഴിക്കുന്നതിന്റെ ഭാഗമായി കരളിനെ ബാധിക്കുന്ന ലിവർ സിറോസിസ് വരുന്നു. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് ചോദിച്ചാൽ നമ്മുടെ ആരോഗ്യ സംവിധാനത്തിന്റെ പ്രധാന ഭാഗമായ ആളുകൾ ഡോക്ടർമാരാണ്. ആ ഡോക്ടർമാരെ സ്വാധീനിക്കുന്ന നിലയിലേയ്ക്ക് ചില മെഡിക്കൽ റെപ്രസെന്റേറ്റീവുകൾ ഇടപെടുകയാണ്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ലോകത്തിലെ പല രാജ്യങ്ങളിലും ഡോക്ടർ രോഗിയെ പരിശോധിച്ചുകഴിഞ്ഞാൽ അവരുടെ രോഗലക്ഷണങ്ങളെക്കുറിച്ചും രോഗത്തെക്കുറിച്ചുമാണ് ഡോക്ടർമാർ എഴുതുന്നത്. മരുന്ന് ശിപാർശ ചെയ്യുന്നത് ഫാം.ഡി. കഴിഞ്ഞവരാണ്. നമ്മുടെ രാജ്യത്ത് ഫാം.ഡി. കോഴ്സുകളുണ്ട്. പക്ഷെ ഇവിടെ ഫാം.ഡി. കോഴ്സ് കഴിഞ്ഞവർക്ക് യാതൊരു അവസരവുമില്ല. അവരുടെ ഭാവി ത്രിശങ്കുവിലാണ്. നമ്മുടെ സിസ്റ്റത്തിൽ കാര്യമായ മാറ്റം വരണം. ഫാർമക്കോളജി പഠിച്ചിറങ്ങുന്നവരുണ്ടാകണം. അവർ മരുന്ന് കുറിച്ചുകൊടുക്കുന്ന പാശ്ചാത്യ രാജ്യങ്ങളിലെ രീതി നമ്മുടെ രാജ്യത്തും കൊണ്ടുവരാൻ കഴിയേണ്ടതാണ്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഫാം.ഡി. കോഴ്സിന് കേരളത്തിൽ ഇതുവരെയും അംഗീകാരം കൊടുത്തിട്ടില്ല. നമ്മുടെ രാജ്യത്ത് ഫാം.ഡി. കഴിഞ്ഞവർക്ക് പ്രാക്ടീസ് ചെയ്യാനുള്ള അവസരമില്ല. അതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ആർ. രാജേഷ് ഈ കാലഘട്ടത്തിലെ പ്രധാനപ്പെട്ട എല്ലാ വിഷയവും അദ്ദേഹത്തിന്റെ പ്രസംഗത്തിലൂടെ കൊണ്ടുവന്നിട്ടുണ്ട്. പക്ഷെ, നമ്മുടെ പത്രമാധ്യമങ്ങളിൽ പല പ്രശസ്തരായ മനുഷ്യർ ആശുപത്രിയിലാകുന്നതും അവസാനം അവർ മരിക്കുന്നതിന്റെ

റിപ്പോർട്ട് വരുമ്പോൾ എന്നെ അതിശയിപ്പിച്ചിട്ടുള്ള ഒരു കാര്യം, ഇവരെല്ലാവരും ഹൃദയാഘാതംമൂലമാണ് മരിച്ചിട്ടുള്ളതെന്നതാണ്. ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീമതി സി. കെ. ആശ സൂചിപ്പിച്ചതുപോലെ പലപ്പോഴും മരുന്നിന്റെ സൈഡ് എഫക്ടുകൾ വലുതാണ്. എന്നാൽ ട്രീറ്റ്മെന്റ് സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്കെല്ലാവർക്കും അറിയാവുന്ന രൂപത്തിലേയ്ക്ക് ഒരു ഇ-ഫയലിംഗ് സിസ്റ്റംകൂടി കൊണ്ടുവരാൻ കഴിയുമോ; ഒരുപാട് ഡോക്ടർമാരുടെ പരിശോധനയാൽ മരണപ്പെട്ടയാളാണ് അലക്സാണ്ടർ ദി ഗ്രേറ്റ് എന്ന് കേൾക്കുകയും വായിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ ഇപ്പോഴും ഒരുപാട് ഡോക്ടർമാർ പരിശോധിച്ച് പലരും മരിക്കുന്നതായി അറിയുന്നുണ്ട്. അപ്പോൾ കൃത്യമായി ആരാണ് ഡയഗ്നോസ് ചെയ്യുന്നത്, എന്ത് മരുന്നാണ് കൊടുക്കുന്നത്, എന്തൊക്കെ ചികിത്സകൾക്കാണ് വിധേയമാക്കിയത് തുടങ്ങിയ എല്ലാ കാര്യങ്ങളും ഇ-ഫയലിംഗിലൂടെ എവിടെനിന്ന് നോക്കിയാലും അറിയാൻ കഴിയുന്ന രീതി ഉണ്ടാകേണ്ടതാണ്. പ്രസവസമയത്ത് യുവതികൾ മരിക്കുന്ന ഒരുപാട് വാർത്തകൾ വരുന്നതായി ബഹുമാനപ്പെട്ട അംഗങ്ങൾക്കെല്ലാം അറിയാവുന്നതാണ്. വളരെ വേദനയോടുകൂടിയാണ് നമ്മൾ അത് വായിക്കുന്നത്. എന്നാൽ പിന്നീട് ആ കേസുകളിൽ കുറ്റാരോപണവിധേയരായ ഡോക്ടർമാർ പലരും രക്ഷപ്പെടുന്നതായാണ് കണ്ടിട്ടുള്ളത്. അതിന് പരിശോധനാമാർഗ്ഗങ്ങൾ ഒന്നുംതന്നെയില്ല. അവർക്ക് എന്ത് മെഡിസിനാണ് കൊടുത്തത്; എപ്പോഴാണ് അനസ്തേഷ്യ കൊടുത്തത്; എന്താണ് സംഭവിച്ചത്; എന്നൊക്കെ അറിയാൻ കഴിയുന്ന തരത്തിലേയ്ക്കുകൂടി ഈ ബില്ലിന്റെ ഇലാബറേറ്റഡ് രൂപം ആരോഗ്യ രംഗത്ത് വലിയ സംഭാവന നൽകാൻ പരിശ്രമിച്ചു കൊണ്ടിരിക്കുന്ന കേരളം പോലൊരു സംസ്ഥാനത്ത് കൊണ്ടുവരാനുള്ള നിർദ്ദേശം വയ്ക്കുമോ?

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീമതി വീണാ ജോർജ്ജ്: സർ, വളരെ പ്രധാനപ്പെട്ട ഒരു ചർച്ചയായതു കൊണ്ട് അതിൽ ഒരു പോയിന്റുകൂടി ആഡ് ചെയ്യണമെന്ന് ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ, അങ്ങ് പറഞ്ഞ കാര്യങ്ങളും മറ്റ് മെമ്പർമാർ പറഞ്ഞ കാര്യങ്ങളും വളരെ പ്രധാനപ്പെട്ടവയാണ്. അതിൽ വെളിച്ചംവീശുന്ന, വ്യക്തതയുണ്ടാകുന്ന രീതിയിലുള്ള നിയമനിർമ്മാണം ഉണ്ടാകണം. നമ്മുടെ മാധ്യമങ്ങൾ ഒരുകാലത്ത് വളരെ ഗൗരവത്തോടെ റിപ്പോർട്ട്ചെയ്ത ഒരു കാര്യമുണ്ട്. മരുന്നുപരീക്ഷണം. രോഗികളുടെ അനുവാദമില്ലാതെ അല്ലെങ്കിൽ ബൈസ്റ്റാന്റേഴ്സിന്റെ അനുവാദമില്ലാതെ കേരളത്തിലെ പ്രമുഖ ആശുപത്രികളിൽ നമുക്ക് ഊഹിക്കാൻ കഴിയുന്നതിനപ്പുറമായി മരുന്നുപരീക്ഷണം നടക്കുന്നുണ്ട്. ഞാൻ പേരുകൾ പറയുന്നില്ല. മാധ്യമങ്ങൾ പല കാലഘട്ടങ്ങളിൽ റിപ്പോർട്ട് ചെയ്തതാണ്. ഇവിടെ രോഗിയുടെ അവകാശം

സംരക്ഷിക്കപ്പെടുന്നില്ല. രോഗി അബോധാവസ്ഥയിലാണെങ്കിൽ രോഗിയുടെ ബന്ധുവിന്റെ അറിവില്ലാതെ മരുന്നുപരീക്ഷണം നടത്തുകയാണ്. നല്ലൊരു ശതമാനം ആളുകളും ഈ മരുന്നുപരീക്ഷണത്തിലൂടെ പ്രമുഖമായ മെഡിക്കൽ കോളേജുകളിൽ മരിക്കുന്നുവെന്ന വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആർ. രാജേഷ്: സർ, അത് പഠനാർഹമായ കാര്യമാണ്, പരിശോധിക്കേണ്ടതാണ്. ഒരു പേഷ്യന്റിനെയുംകൊണ്ട് ഒരാൾ ചെല്ലുമ്പോൾ ആ പേഷ്യന്റിന്റെ ബൈസ്റ്റാന്റേഴ്സിന്റെ മനസ്സിലുണ്ടാകുന്ന ഏറ്റവും പ്രധാനപ്പെട്ട വികാരം അവർക്ക് എത്രയുംവേഗത്തിൽ മരുന്നുകൊടുക്കുക, ഗുരുതരാവസ്ഥയിലാണെങ്കിൽ എത്രയും വേഗത്തിൽ റിക്കവർചെയ്ത് ജീവിതത്തിലേയ്ക്ക് തിരിച്ചുവരിക എന്നുള്ളതാണ്. ആ സമയത്ത് എന്ത് മരുന്നാണ് കൊടുക്കേണ്ടതെന്ന് തീരുമാനിക്കാനുള്ള അവകാശം ബൈസ്റ്റാന്റേഴ്സിനോ പേഷ്യന്റിനോ ഇല്ല. അവിടെ വിവേചനപരമായി ചിന്തിക്കേണ്ടതും ഉത്തരവാദിത്വബോധത്തോടുകൂടി പ്രവർത്തിക്കേണ്ടതും ഡോക്ടർമാരാണ്. അത്തരം ഡോക്ടർമാർ മനുഷ്യത്വരഹിതമായ സമീപനങ്ങളും മരുന്നുപരീക്ഷണങ്ങളും രോഗികളുടെമേൽ സ്വീകരിക്കുന്നുവെന്നത് മെഡിക്കൽ എഥിക്സിന് വിരുദ്ധമായ കാര്യമാണ്. അത് ബൈസ്റ്റാന്റേഴ്സിനോ രോഗിക്കോ അപ്പോഴത്തെ സാഹചര്യത്തിൽ തീരുമാനിക്കാൻ കഴിയുന്നതിനേക്കാൾ അപ്പുറത്താണ്.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ക്യാൻസർപോലുള്ള രോഗത്തിന് കീമോ പോലുള്ള മരുന്ന് കൊടുക്കുക മാത്രമേ നിർവ്വാഹമുള്ളൂ. ഇതിനൊക്കെ അപ്പുറത്ത് നാട്ടിൽ നടക്കുന്ന ഒരു വിഷയമുണ്ട്. ഷുഗർ, പ്രഷർ പോലുള്ള രോഗങ്ങൾക്കൊക്കെ ഇന്ന മരുന്ന് കഴിച്ചാൽ ഇത്ര ദിവസംകൊണ്ട് രോഗം മാറുമെന്ന് പറഞ്ഞുകൊണ്ട് പത്രങ്ങളിലും ചാനലുകളിലുമൊക്കെ പരസ്യം വരികയാണ്. അത് കഴിച്ച് പലയാളുകളും വൃക്ക രോഗികളാവുകയും മരണത്തിലെത്തപ്പെടുകയും ചെയ്യുന്ന സാഹചര്യം ഇന്ന് നാട്ടിൽ പരക്കെയുണ്ട്. ഇതിന്റെയൊക്കെ കാരണം പത്രങ്ങളിലും ചാനലുകളിലും കാണുന്ന പരസ്യമാണ്. ഈ പരസ്യമാണ് പലപ്പോഴും ആളുകളെ ആകർഷിക്കുന്നത്. അതുകൊണ്ട് ഇങ്ങനെയുള്ള പരസ്യങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്താൻ അല്ലെങ്കിൽ അതിന്റെ ആധികാരികത പരിശോധിക്കാൻ സംവിധാനമുണ്ടോ; അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആർ. രാജേഷ്: സർ, കഴിഞ്ഞ നിയമസഭയുടെകാലത്ത് ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് ഇത്തരമൊരു ചർച്ചയുണ്ടായപ്പോൾ നിയമസഭ പൊതുവിൽ, മുൻ സ്പീക്കർ അത്തരത്തിൽ ഒരു നിർദ്ദേശം മാധ്യമ പ്രവർത്തകർക്ക് കൊടുത്തിരുന്നു എന്നാണ് എന്റെ ഓർമ്മ. മെഡിക്കൽ ഫീൽഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കകത്ത് ഇത്തരം മരുന്നുകളെ കുറിച്ചുള്ള പരസ്യങ്ങൾ സ്പോൺസർഷിപ്പിന്റെ ഭാഗമായി കൊടുക്കാൻ പാടില്ല. അല്ലെങ്കിൽ കൊടുക്കുന്നതിനെ സംബന്ധിച്ച് മാധ്യമങ്ങൾകൂടി പരിശോധിക്കണമെന്ന അഭിപ്രായം നിയമസഭ അന്ന് ഏകകണ്ഠമായി മാധ്യമങ്ങളോട്

പറഞ്ഞിരുന്നു. അത് തീരുമാനിക്കേണ്ടത് തീർച്ചയായും മാധ്യമങ്ങളാണ്. അത് മാധ്യമ ധർമ്മത്തിന്റെ ഭാഗമാണ്. ഇത്തരം കാര്യങ്ങൾ ശരിയാണോയെന്ന് പരിശോധിക്കാതെ, മാധ്യമങ്ങളിൽ വരുന്ന കാര്യങ്ങൾ കുറെയൊക്കെ വിശ്വസിക്കുന്ന സമൂഹമാണല്ലോ നമ്മുടേത്. അതിന്റെ അടിസ്ഥാനത്തിൽ ഇത്തരം കാര്യങ്ങൾ വരുമ്പോൾ സ്വാഭാവികമായും ആളുകൾ ചൂഷണത്തിന് വിധേയരായി മാറും. റിസൽട്ട് ഉണ്ടെന്ന് ബോദ്ധ്യമാകാത്ത കാര്യങ്ങൾ അല്ലെങ്കിൽ ഇത്തരം മരുന്നുകളെക്കുറിച്ചുള്ള കാര്യങ്ങൾ പരസ്യമായി മാധ്യമങ്ങളിൽ വരുന്നത് ശരിയാണോയെന്ന് പരിശോധിക്കേണ്ടത് മാധ്യമങ്ങളാണ്. തീർച്ചയായും അത്തരം കാര്യങ്ങൾകൂടി അവരുമായി ഡിസ്കസ് ചെയ്യേണ്ടതായി വരും. അത് ബില്ലിന്റെ ഭാഗമല്ലെങ്കിൽക്കൂടി ഗവൺമെന്റ് അത്തരം കാര്യങ്ങൾ അവരുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരേണ്ടതാണ്.

ബില്ലിലേയ്ക്ക് വരുമ്പോൾ, ഇത്തരം ക്ലിനിക്കുകളിൽ വിലനിയന്ത്രണത്തിന്റെ കാര്യത്തിൽ താരിഫ് ഉണ്ട്. പലപ്പോഴും കാലാകാലങ്ങളിൽ താരിഫ് റിവൈസ് ചെയ്യാറുണ്ടെങ്കിലും ജനങ്ങൾ അറിയാറില്ല. അതുകൊണ്ട് ഇത്തരം ക്ലിനിക്കുകളെ കൂടി ബില്ലിന്റെ പരിധിയിലേയ്ക്ക് കൊണ്ടുവരുമ്പോൾ താരിഫുകൾ ഓൺലൈൻ ആയി പൊതുജനങ്ങൾക്കുകൂടി ലഭ്യമാകുന്നതിനുള്ള വ്യവസ്ഥകൾ ബില്ലിന്റെ ഭാഗമായി ഉൾപ്പെടുത്തണമെന്നുകൂടി നിർദ്ദേശിക്കുകയാണ്. ലാബുകൾ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയണം. ജില്ലാ ആശുപത്രികളിൽപ്പോലും ലാബുകൾ അഞ്ചുമണിക്ക് അടയ്ക്കുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. പല ആശുപത്രികളുടെയും സ്ഥിതി ഇതാണ്. പത്തുമണിക്കും അഞ്ചുമണിക്കും ഇടയ്ക്ക് എത്തുന്ന രോഗികളെ പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ പ്രിസ്ക്രൈബ് ചെയ്തശേഷം തൊട്ടടുത്ത ഏതെങ്കിലും സ്വകാര്യ ലാബുകളിലേയ്ക്ക് വിടുകയാണ്. പലപ്പോഴും പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിൽക്കൂടി ഔദ്യോഗിക സമയത്ത് രോഗികളെ പുറത്തേയ്ക്ക് പറഞ്ഞു വിടുന്ന സ്ഥിതിവിശേഷമുണ്ട്. അത്തരം സ്ഥിതിവിശേഷം അവസാനിപ്പിക്കേണ്ടതാണ്. വ്യത്യസ്തമായ ലാബുകളിൽ വ്യത്യസ്തമായ റിസൾട്ടുകൾ ഉണ്ടാകുന്നു. ഏത് ലാബിലാണ് മെച്ചപ്പെട്ട റിസൾട്ട് ലഭിക്കുന്നതെന്ന് നമുക്ക് പറയാൻ കഴിയില്ല. കാരണം നമ്മളും രോഗികളുമായി വരുമ്പോൾ ഒരേ ലാബിലായിരിക്കും പരിശോധിക്കുന്നത്. ആ ലാബ് ശരിയെന്ന നിലയിലാണ് കാണുന്നത്. സമയത്തിനുമുമ്പ് ലാബുകൾ ക്ലോസ് ചെയ്യുമ്പോൾ അവിടെയുള്ള ഇൻപേഷ്യന്റ്സിന് ബ്ലഡ് ടെസ്റ്റ്, സ്കാനിംഗ്, എക്സ്റേ എന്നിങ്ങനെ പെട്ടെന്ന് എന്തെങ്കിലും ആവശ്യമുണ്ടായാൽ പുറത്തുള്ള ലാബുകളിലേയ്ക്ക് പോകുകയല്ലാതെ മറ്റ് മാർഗ്ഗമില്ലാത്ത സ്ഥിതിയാണ്. അപ്പോൾ അത്തരം ക്ലിനിക്കുകളെ കൂടി ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തി അവിടത്തെ സ്കാനിംഗ്, എക്സ്റേ, ബ്ലഡ് ടെസ്റ്റ് എന്നിവയെക്കുറിച്ച് പരിശോധിക്കുകയും നമ്മുടെ സർക്കാർ ആശുപത്രികളിൽ ഈ സംവിധാനങ്ങൾ ദുരുപയോഗം ചെയ്യുന്നുണ്ടോ, ആശുപത്രികളുടെ മിസ് മാനേജ്മെന്റ് നടക്കുന്നുണ്ടോ എന്നതുകൂടി ഈ ബില്ലിനോട് ചേർത്തുവച്ചുകൊണ്ട് പരിശോധി ക്കേണ്ടതായുണ്ട്.

<u>ശ്രീ. എൽദോ എബ്രഹാം</u>: സർ, നമ്മുടെ നഗരങ്ങളിൽ പല സ്ഥലത്തും പ്രവർത്തിക്കുന്ന ലാബുകളിൽ എസ്.എസ്.എൽ.സി. വിദ്യാഭ്യാസ യോഗ്യതപോലും ഇല്ലാത്തവർ പരിശോധനകൾ നടത്തുന്നുണ്ടെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഭാര്യയുടെ പേരിൽ ലൈസൻസ് ഉണ്ടാകും. അവിടെ ലാബിന്റെ നടത്തിപ്പുകാരനായി ഇദ്ദേഹം മാറുകയും ക്രമേണ ലാബിലെ എല്ലാവിധ ടെസ്റ്റുകളും നടത്തുന്ന ആളായി എസ്.എസ്.എൽ.സി.-യോ പഴയ പ്രീ-ഡിഗ്രിയോ മാത്രം യോഗ്യതയുള്ള ഇവർ മാറുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. പല ലാബുകളുടെയും പരിപൂർണ്ണ നിയന്ത്രണം അവരുടെ കീഴിലായിരിക്കും. വീണ്ടും ലാബുകളുടെ ബ്രാഞ്ചുകൾ പല സ്ഥലങ്ങളിലും ആരംഭിക്കും. ജനറൽ ആശുപത്രികളിലേയും താലൂക്കാശുപത്രികളിലേയും പല ഡോക്ടർമാരും ഇത്തരം സ്വകാര്യ ലാബുകാരുമായി പരസ്പര ധാരണയിൽ എത്തിച്ചേരുകയും കമ്മീഷന്റെ അടിസ്ഥാനത്തിൽ ഇന്ന ലാബിൽ പോയി പരിശോധന നടത്തണമെന്ന് കുറിച്ചുകൊടുക്കുന്ന ഒരു സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്ത് വിവിധയിടങ്ങളിൽ ഉണ്ടെന്ന് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ആർ. രാജേഷ്</u>: ക്ലിനിക്കുകളെക്കൂടി ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരുമ്പോൾ സർക്കാർ ആശുപത്രികളിൽ ഇത്തരം തെറ്റായ നടപടികൾ നടക്കുന്നുണ്ടോയെന്നുകൂടി പരിശോധിക്കേണ്ടതുണ്ട്. നമ്മുടെ ലാബുകൾ കാറ്റഗറൈസ് ചെയ്യേണ്ടതുണ്ട്. മുമ്പ് പ്രതിപക്ഷത്തുനിന്നും അത്തരമൊരു നിർദ്ദേശം വന്നിരുന്നു. ലാബുകളുടെ ക്വാളിറ്റി സംബന്ധിച്ച് ഗൗരവതരമായ പരിശോധനയുണ്ടാകുകയും അത്തരത്തിൽ പരിശോധന നടത്താൻ കഴിയുന്ന ഒരു അതോറിറ്റി ഈ ബില്ലിന്റെ ഭാഗമായി വരികയും വേണം. ലാബുകളേയും ക്ലിനിക്കുകളേയും ഇതിന്റെ പരിധിയിലേയ്ക്ക് കൊണ്ടുവരുമ്പോൾ ആ ലാബിൽ നടക്കുന്ന ടെസ്റ്റുകളെ സംബന്ധിച്ച് പരിശോധി ക്കാനാവശ്യമായ ഒരു അതോറിറ്റി ഈ ബില്ലിന്റെ ഭാഗമായി ഉൾപ്പെടുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന വലിയ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ വലിയ ചൂഷണമാണ് നടത്തുന്നത്. ഇവിടങ്ങളിൽ ഇരട്ട ചൂഷണമാണ് നടക്കുന്നത്. ഒന്ന്, അവിടെ എത്തുന്ന രോഗികളെ ചൂഷണം ചെയ്യുന്നു. രണ്ട്, അവിടെ പണിയെടുക്കുന്ന ജീവനക്കാരെ ചൂഷണം ചെയ്യുന്നു. ആദ്യമായി രോഗികളെയാണ് ചൂഷണം ചെയ്യുന്നത്. മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളിൽ, ആശുപത്രി കെട്ടിടങ്ങളും അതിന്റെ സൗകര്യങ്ങളും വർദ്ധിക്കുമ്പോൾ ചികിത്സാ ചെലവിലും ഭീമമായ വർദ്ധനവാണ് ഉണ്ടാകുന്നത്. സ്വാഭാവികമായ വർദ്ധനയുണ്ടായേയ്ക്കാം. സിസേറിയന്റെ കാര്യം പരിശോധിച്ചാൽ, വലിയ ആശുപത്രികളിൽ സിസേറിയൻ പോലുള്ള സർജറികൾ നടക്കുമ്പോൾ അൻപതിനായിരം രൂപ മുതൽ ഒരു ലക്ഷം രൂപവരെ ഈടാക്കുകയാണ്. ആശുപത്രി കെട്ടിടത്തിന്റെ വലിപ്പം

കുറഞ്ഞാൽ അത് ഇരുപത്തിയയ്യായിരം രൂപ മുതൽ അൻപതിനായിരം രൂപ വരെയാകും. സാധാരണ ആശുപത്രികളിൽ ചെറിയ നിരക്കിൽ ചെയ്യാൻ കഴിയുന്ന ഇത്തരം കാര്യങ്ങൾ വലിയ നിരക്കിലേയ്ക്ക് മാറുകയാണ്. അപ്പോൾ ഇരട്ട ചൂഷണം നടക്കുകയാണ്. ആശുപത്രികളിൽ എത്തുന്ന രോഗികളിൽനിന്നും അമിതമായ ഫീസ് ഈടാക്കുന്ന ആശുപത്രികൾ ഒരു ഭാഗത്തും, പണം ഈടാക്കുന്നതിനനുസരിച്ച് ജോലി ചെയ്യുന്ന ജീവനക്കാർക്ക് മതിയായ ശമ്പളം കൊടുക്കാതിരിക്കുകയും ചെയ്യുക. ഇതൊക്കെയാണ് നേഴ്സിംഗ് സമരങ്ങൾ ഉണ്ടാകാൻ കാരണം. ഇരട്ട ചൂഷണം നടത്തുന്ന നിലയിൽ നമ്മുടെ നാട്ടിലെ സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നു. ആ ചൂഷണം അവസാനിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. സർജറിയെപ്പറ്റി ബഹുമാന്യയായ ആറന്മുള എം.എൽ.എ. ശ്രീമതി വീണാ ജോർജ്ജ് ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം വളരെ പ്രസക്തമാണ്. ഒരു ഹൃദ്രോഗി നെഞ്ചുവേദനയുമായി ആശുപത്രിയിലേയ്ക്ക് ചെന്നാൽ സ്വകാര്യ ആശുപത്രിക്കാർ പറയുന്നത് ഇദ്ദേഹത്തിന് സർജറി ചെയ്യേണ്ടതുണ്ട് അല്ലെങ്കിൽ സ്റ്റെന്റ് മാറ്റി വയ്ക്കേണ്ടതുണ്ട് എന്നാണ്. മാറ്റിവയ്ക്കേണ്ടെന്ന് പറയാൻ രോഗിക്ക് അവകാശമില്ല, ബൈസ്റ്റാൻഡർക്കും അവകാശമില്ല. ഹൃദ്രോഗവുമായി ചെല്ലുന്ന രോഗിയെ എത്രയും പെട്ടെന്ന് സുഖപ്പെടുത്തിയെടുക്കുകയെന്ന ആഗ്രഹം മാത്രമാണ് നമുക്കുള്ളത്. ചില മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളിൽ നടക്കുന്ന കൊടിയ ചൂഷണമാണിത്. ഹൃദ്രോഗത്തിന്റെ ഭാഗമായി ഘടിപ്പിച്ചിരിക്കുന്ന സ്റ്റെന്റുകൾ മാറ്റിയിടേണ്ടതുണ്ടോ? കാരണം പലപ്പോഴും നമ്മുടെ ശരീരത്തിനുള്ളിലേയ്ക്ക് സ്റ്റെന്റുകൾ ഘടിപ്പിച്ചാൽ അത് മാറ്റിയിടേണ്ടതാണോയെന്ന് പരിശോധിക്കാൻ നമുക്ക് അവകാശമില്ല. അത് മാറ്റിയിടാൻ ഡോക്ടർ നിർദ്ദേശിച്ചാൽ അത് മാറ്റുവാൻ നമ്മൾ നിർബന്ധിതരാകും. അതിനുള്ള പണം കൊടുക്കുകയാണ്. അതിന് സെൻട്രൽ പോളിസിയുടെ ഭാഗമായി ഫീസ് സംബന്ധിച്ച് ചില നിബന്ധനകൾ പറയുന്നുണ്ട്. ആ നിബന്ധനകളെല്ലാം പാലിക്കപ്പെടുന്ന നിലയിലേയ്ക്ക് നമ്മുടെ ആശുപത്രികളെ മാറ്റണം. അതിൽ പറയുന്ന പ്രകാരം ബയോ റിസർവ്വബിൾ സ്റ്റെന്റിന് 29,600 രൂപയും മെറ്റൽ സ്റ്റെന്റാണെങ്കിൽ 7260 രൂപയുമാണ്. ഇത്തരം ആശുപത്രികളിൽനിന്നും ബിൽ വാങ്ങുമ്പോൾ ഈ നിരക്ക് ബില്ലിൽ രേഖപ്പെടുത്തുന്നുണ്ടോയെന്ന് പരിശോധിക്കാൻ നമുക്ക് കഴിയണം. ഇതുവരെ പരിശോധിക്കപ്പെടുന്നില്ലെങ്കിൽ ഭാവിയിൽ പരിശോധിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ദേശീയ ഔഷധ വില നിർണ്ണയ അതോറിറ്റി പറയുന്നത് സ്റ്റെന്റിന്റെ വില ആ ബില്ലിൽ രേഖപ്പെടുത്തിയിരിക്കണം എന്നാണ്. ഉൽപ്പാദകരുടെ വിവരങ്ങൾ അതിൽ പറഞ്ഞിരിക്കണം. ഇറക്കുമതി ചെയ്തതാണെങ്കിൽ ഇറക്കുമതി ചെയ്ത ആളിന്റെ വിവരങ്ങൾ രേഖപ്പെടുത്താൻ ബാധ്യസ്ഥമാണ്. ആ സ്റ്റെന്റിന്റെ ബാച്ച് നമ്പർ കൊടുക്കാൻ ബാധ്യസ്ഥരാണ്. അങ്ങനെ കൃത്യമായി വ്യക്തമാക്കാൻ

ബാധ്യസ്ഥമാണെന്നിരിക്കെ നമ്മൾ ആരും തന്നെ അത്തരം കാര്യങ്ങൾ പരിശോധിക്കുന്നില്ല. ഒരു രോഗിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ച് ഒരു സ്റ്റെന്റ് മാറ്റിവയ്ക്കുകയോ ഒരു ഓപ്പറേഷൻ നടത്തിക്കഴിഞ്ഞ് ബിൽ രണ്ട് ലക്ഷം രൂപയാണെന്ന് പറയുകയോ ചെയ്താൽ ആ ബില്ലടച്ച് രോഗിയേയുംകൊണ്ട് തിരികെ പോരുകയാണ് നമ്മൾ ചെയ്യുന്നത്. ഇത്തരം കാര്യങ്ങൾ ഉൾപ്പെടുത്തുന്നുണ്ടോയെന്ന് അറിയാനുള്ള അജ്ഞത ഇപ്പോഴും ജനങ്ങൾക്കുണ്ട്. അത് ജനങ്ങളിലേയ്ക്ക് എത്തിച്ച് കൊടുക്കാനുള്ള ഉത്തരവാദിത്തംകൂടി നമുക്കുണ്ട്. ഏത് ആശുപത്രികളിലും ഇത്തരം സർജറി നടത്തിയാൽ സ്ഥാപിക്കപ്പെടുന്ന ഉപകരണങ്ങളുടെ വില, ഗുണനിലവാരം അതെല്ലാം രോഗിയേയൊ ബൈസ്റ്റാൻഡറെയോ അറിയിക്കാൻ കഴിയുന്ന നിലയിലുള്ള പ്രദർശനംകൂടി ആശുപത്രികളിൽ ഉണ്ടാകണം.

ശ്രീ. മോൻസ് ജോസഫ്: സർ, ഫിസിയോ തെറാപ്പിയെപ്പോലെ മറ്റൊരു പ്രധാനപ്പെട്ട തെറാപ്പിയാണ് ഒക്കുപ്പേഷണൽ തെറാപ്പി. ഏറ്റവും പ്രധാനപ്പെട്ട ഈ ബില്ലിനെപ്പറ്റി ചർച്ച ചെയ്യുമ്പോൾ ഇത് പറയാതിരിക്കാനാവില്ല. കേരളത്തിൽ ഓട്ടിസം ബാധിച്ച കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ഇത് നമ്മുടെ ഒരു സാമൂഹിക പ്രശ്നം തന്നെയാണ്. അധികം പേരും അറിയാതെ പോകുകയാണ്. കുഞ്ഞുങ്ങളെ കണ്ടാൽ പെട്ടെന്ന് അത് മനസ്സിലാകണമെന്നില്ല. ഓട്ടിസം ബാധിച്ച കുട്ടികളുടെ കാര്യത്തിൽ ഒക്കുപ്പേഷണൽ തെറാപ്പിയാണ് ഇപ്പോൾ വ്യാപകമായി പ്രചരിപ്പിക്കേണ്ടത്. നിർഭാഗ്യവശാൽ ഇതിന്റെ രജിസ്ട്രേഷനിലേയ്ക്കും കാര്യങ്ങളിലേയ്ക്കും കടക്കുന്നതിന് ഒരുപാട് തടസ്സങ്ങളുണ്ടാകുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കേണ്ട ഒരു വിഷയമായി ഇത് നിൽക്കുകയാണ്. ശ്രീ. ആർ. രാജേഷ് സൂചിപ്പിച്ചതുപോലെ ഫിസിയോ തെറാപ്പിയുടെ കാര്യത്തിലും ഒക്കുപ്പേഷണൽ തെറാപ്പിയുടെ കാര്യത്തിലും ഇത്തരം കാര്യങ്ങൾ ഈ ബില്ലിന്റെ ഭാഗമാക്കിക്കൊണ്ടുവന്ന് വ്യവസ്ഥാപിതമാക്കി മാറ്റാനുള്ള ഇടപെടൽ അത്യാവശ്യമല്ലേ? ഈ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, ലാബിൽ പരിശോധന നടത്തുമ്പോൾ ലഭിക്കുന്ന തെറ്റായ റിപ്പോർട്ടിന്റെ ഫലമായി ഒരു രോഗിക്ക് മരണംവരെ സംഭവിച്ചേക്കാം, അല്ലെങ്കിൽ ആ കുടുംബത്തിന് വലിയ നഷ്ടമുണ്ടാകാം. ഷുഗർ പോലുള്ള അസുഖത്തിന് ലാബുകളിലെ ബ്ലഡ് പരിശോധനയുടെ അടിസ്ഥാനത്തിലാണ് മരുന്ന് നൽകുന്നത്. തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചികിത്സ നടത്തി അതിന്റെ ഫലമായി ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് ആ സ്ഥാപനത്തിൽ നിന്നുതന്നെ ആ കുടുംബത്തിന് നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള വ്യവസ്ഥ ഈ ബില്ലിന്റെ ഭാഗമായി വരേണ്ടതാണെന്ന് തോന്നുന്നുണ്ടോ?

<u>ശ്രീ. ആർ. രാജേഷ്</u>: സർ, തെറ്റായ വിവരങ്ങൾ കൊടുക്കുന്ന ലാബുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുകയും അത്തരം സ്ഥാപനങ്ങളിൽനിന്ന് നഷ്ടപരിഹാര മുൾപ്പെടെ ഈടാക്കി കൊടുക്കുന്നതിനുള്ള വ്യവസ്ഥകൾകൂടി ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തേണ്ടതുണ്ട്. വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഇപ്പോൾ വ്യാപകമാവുകയാണ്. വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ ചെയ്യണോ വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത് നമ്മളല്ല. രോഗിയുടെ വൃക്ക മാറ്റിവയ്ക്കേണ്ടതാണെന്ന് ഡോക്ടർ പറഞ്ഞാൽ അവർ ചിലപ്പോൾ മറ്റൊരു ആശുപത്രിയിൽകൂടി പോയി ചോദിച്ചേക്കാം. ചെയ്യേണ്ടതാണെന്നു പറഞ്ഞാൽ ചെയ്യേണ്ടി വരും. പക്ഷേ ഇത്തരം ആശുപത്രികൾക്ക് ഒരു സോഷ്യൽ കമ്മിറ്റ്മെന്റുകൂടി ഉണ്ടാവണം. ജനപ്രതിനിധികളും രാഷ്ട്രീയ പ്രവർത്തകരുമെല്ലാം വിപുലമായ കളക്ഷൻ നടത്തി ഇത്തരം രോഗികൾക്ക് ആവശ്യമായ പണം കണ്ടെത്താറുള്ളത് നമ്മുടെ നാട്ടിൽ പലപ്പോഴും കണ്ടുവരാറുള്ളതാണ്. വലിയ തുകയാണ് ഇത്തരം ശസ്ത്രക്രിയകൾക്ക് ആവശ്യമായി വരുന്നത്. ഏറ്റക്കുറച്ചിലുകളുണ്ട്. ഇത് ഏകീകരി ക്കാനാവശ്യമായ വ്യവസ്ഥ ബില്ലിൽ കൊണ്ടുവരണം. പല സർജറികൾക്കും പല റേറ്റാണ് ആശുപത്രികൾ ഈടാക്കുന്നത്. ആശുപത്രികളിൽ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ പോലെയുള്ള സർജറികൾക്ക് കൃത്യമായ റേറ്റ് തീരുമാനിച്ച് കൊടുക്കാനാകണം. ഒരു ആശുപത്രി 15 ലക്ഷം രൂപ വാങ്ങിയാൽ മറ്റൊരു ആശുപത്രി 25 ലക്ഷം രൂപയായിരിക്കും വാങ്ങുന്നത്. നമ്മളെല്ലാം അനുഭവങ്ങൾ ഉള്ളവരാണ്. സാധാരണക്കാരനായ മനുഷ്യന് വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആവശ്യമായി വന്നാൽ നാട്ടിലാകെ പണം പിരിച്ച്, ചോദിക്കുന്ന മുഴുവൻ തുകയും ആശുപത്രിയിലേയ്ക്ക് കൊടുക്കാറുണ്ട്. പക്ഷേ ആശുപത്രികൾ സോഷ്യൽ കമ്മിറ്റ്മെന്റിന്റെ ഭാഗമായി ഒരു രൂപപോലും കുറയ്ക്കുന്നില്ല. അതുകൊണ്ട് എക്സ്പെർട്ടായ ആളുകളെക്കൊണ്ട് പരിശോധിപ്പിച്ച് ഇത്തരം സർജറികൾക്കുള്ള ഫീസ് ഏകീകരിക്കാനാവശ്യമായ നടപടി ഈ ബില്ലിന്റെ ഭാഗമായി സ്വീകരിക്കണം. അത് സാധാരണ ആളുകൾക്ക് തീർച്ചയായും വലിയ ഗുണകരമായി മാറും. അതോടൊപ്പംതന്നെ ഇത്തരം ശസ്ത്രക്രിയാ ഉപകരണങ്ങളുടെയും മരുന്നുകളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കണം. പ്രതിവർഷം ഏതാണ്ട് 7,200 കോടി രൂപയുടെ മരുന്ന് ഇവിടെ ചെലവഴിക്കപ്പെടുന്നതായിട്ടാണ് കാണുന്നത്. ആലപ്പുഴ ജില്ലയിലെ കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് പോലെയുള്ള സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനും അവിടെ കൂടുതൽ മരുന്ന് ഉൽപ്പാദിപ്പിക്കാനും ആവശ്യമായ ഫലപ്രദമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. സർക്കാർ പ്രഖ്യാപിച്ച ഫാർമാ പാർക്ക് പോലെയുള്ളവ വളരെ വേഗത്തിൽ നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ ഇതിന്റെ ഭാഗമായി സ്വീകരിക്കേണ്ടതുണ്ട്. കെ.എം.എസ്.സി.എൽ. വഴി മരുന്നുകൾ സംഭരിക്കാനും സുതാര്യമായി വിതരണം ചെയ്യാനും ആവശ്യമായ നടപടികൾ ഇതിന്റെ ഭാഗമായി സ്വീകരിക്കണം. കേരളത്തിൽ 19000 മെഡിക്കൽ സ്റ്റോറുകൾ ഉണ്ടെന്നാണ് കണക്ക്. ആ

മെഡിക്കൽ സ്റ്റോറുകൾ വഴി വിറ്റഴിക്കുന്ന മരുന്നുകൾ ശരിയായിട്ടുള്ളവയാണോ എന്ന് പരിശോധിക്കാൻ ഫലപ്രദമായ സംവിധാനം എന്റെ അറിവിലില്ല. വളരെ പരിമിതമായ ഡ്രഗ് ഇൻസ്പെക്ടർമാരാണ് കേരളത്തിലുള്ളത് എന്നത് വലിയൊരു പോരായ്മയാണ്. കൂടുതൽ ഡ്രഗ് ഇൻസ്പെക്ടർമാരുടെ സേവനം കിട്ടുന്ന നിലയിലേയ്ക്കുള്ള സംവിധാനം ഉണ്ടായെങ്കിൽ മാത്രമേ നമുക്ക് കാര്യക്ഷമമായി പരിശോധന നടത്താൻ കഴിയുകയുള്ളൂ.

നാഷണൽ ഹെൽത്ത് പോളിസിയൊക്കെ പ്രഖ്യാപിക്കുമ്പോഴും ആരോഗ്യ മേഖലയിൽനിന്ന് സർക്കാർ സാവധാനം പിൻവാങ്ങുക എന്നതാണ് കേന്ദ്ര സർക്കാരിന്റെ ആത്യന്തികമായ പോളിസി. ആരോഗ്യ മേഖലയിൽ പതുക്കെ സ്വകാര്യവൽക്കരണം ഏർപ്പെടുത്തുന്ന നയമാണ് ഇപ്പോൾ കേന്ദ്ര സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 2017 മാർച്ച് മാസം 16-ാം തീയതി എൻ.ഡി.എ. സർക്കാർ പ്രഖ്യാപിച്ച നാഷണൽ ഹെൽത്ത് പോളിസിയുടെ 2015-ൽ പുറത്തിറക്കിയ കരടുനയത്തിന്റെ തുടർച്ചയാണ് 2017-ലെ നിയമം. 2002-ലെ നിയമംതന്നെ പറയുന്നത് മറ്റെവിടെയും പോലെ സ്വകാര്യ മേഖലയ്ക്ക് ഇവിടേയ്ക്ക് കടന്നുവരാനാവശ്യമായ സംവിധാനമാണ് ഇതിന്റെ ഭാഗമായി ഒരുക്കുന്നത്. കേന്ദ്ര സർക്കാർ അതിതീവ്രമായ ഫാസിസ്റ്റ് സ്വഭാവത്തോടു കൂടി നമ്മുടെ ആരോഗ്യ മേഖലയെക്കൂടി സ്വകാര്യവൽക്കരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയാണ്. അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് ഇന്ത്യയിലെ ജില്ലാ ആശുപത്രികൾ. 8 മെട്രോപൊളിറ്റൻ സിറ്റികളിലൊഴികെ നഗരങ്ങളിലും ഗ്രാമങ്ങളിലുമൊക്കെ പ്രവർത്തിക്കുന്ന ജില്ലാ ആശുപത്രികളുടെ സ്ഥലം സ്വകാര്യ ആശുപത്രിക്ക് കൊടുക്കാനാവശ്യമായ തീരുമാനം എടുത്തു. ബി.ജെ.പി. ഭരിക്കുന്ന ചില സംസ്ഥാനങ്ങൾ അത് അഡോപ്റ്റ് ചെയ്തു. ആരോഗ്യ മേഖലയിലെ അത്തരം ആശുപത്രികൾ നമ്മുടെ പൊതുസ്വത്താണ്. ആ ആശുപത്രികളുടെ സ്ഥലം 30 വർഷത്തെ പാട്ടത്തിന് സ്വകാര്യ മേഖലയ്ക്ക് കൊടുക്കാനാവശ്യമായൊരു പോളിസി. ഒരു ഭാഗത്ത് ആരോഗ്യ മേഖലയിൽ ഞങ്ങളുടെ ലക്ഷ്യമിതാണെന്ന് പ്രഖ്യാപിക്കുമ്പോൾ മറുഭാഗത്ത് നമ്മുടെ ഇത്തരം സമ്പത്തിനെക്കൂടി സ്വകാര്യ മേഖലയ്ക്ക് തീറെഴുതി കൊടുക്കാനാവശ്യമായ നടപടിയാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി 2012-2017 വരെയുള്ള കാലത്ത് ആഭ്യന്തര ഉൽപ്പാദനത്തിന്റെ രണ്ടര ശതമാനം തുകയാണ് കേന്ദ്ര സർക്കാർ മാറ്റിവയ്ക്കാൻ തീരുമാനിച്ചിട്ടുള്ളത്. അത്രയും തുക മാറ്റിവച്ചില്ലെന്നു മാത്രമല്ല മാറ്റിവയ്ക്കേണ്ട കാലാവധിയുടെ ദൈർഘ്യം വർദ്ധിപ്പിച്ച് 2025-ലേയ്ക്ക് മാറ്റുകയാണുണ്ടായത്. വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ പറയുന്നത് 5 ശതമാനം തുക മാറ്റിവയ്ക്കണമെന്നാണ്. അതിന്റെ പകുതിയായ രണ്ടര ശതമാനം തുക മാത്രം മാറ്റിവയ്ക്കുകയും അത് ഉപയോഗിക്കേണ്ടതിന്റെ കാലാവധി

വീണ്ടും വർദ്ധിപ്പിച്ചു കൊടുക്കുകയും ചെയ്യുന്നൊരു സ്ഥിതിയിലേയ്ക്ക് കേന്ദ്ര സർക്കാർ മാറുന്നത് ആരോഗ്യ മേഖലയിൽനിന്ന് പിന്തിരിയുന്നതിന്റെ ഭാഗമായാണ്. ആരോഗ്യ പരിരക്ഷാ ചെലവ് ഉയർത്താൻ രാജ്യത്തെ ജി.ഡി.പി.യുടെ 1.87 ശതമാനം മാറ്റി വയ്ക്കാൻ തീരുമാനിക്കേണ്ടിടത്ത് 1.4 ശതമാനത്തിലേയ്ക്ക്, 0.4 ശതമാനംകൂടി കുറയ്ക്കാനാവശ്യമായ നടപടിയാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതുവഴി രാജ്യത്തിന്റെ ആരോഗ്യ മേഖലയിൽനിന്ന് സർക്കാർ സംവിധാനങ്ങളെ പിൻവലിച്ച് അവിടെ സ്വകാര്യവൽക്കരിക്കാൻ ആവശ്യമായ നടപടികളിലേയ്ക്കാണ് കേന്ദ്ര സർക്കാർ പോകുന്നത്.

ശ്രീ. നരേന്ദ്ര മോദി പ്രധാനമന്ത്രി ആയതിനുശേഷം ആദ്യം അമേരിക്കയിലേയ്ക്ക് പോയപ്പോൾ ഇന്ത്യയിലെ മാധ്യമങ്ങളൊക്കെ പാടിപ്പുകഴ്ത്തിയത് അദ്ദേഹം മാഡിസൻ സ്ക്വയറിൽ നടത്തിയ വിശ്വവിഖ്യാതമായ പ്രസംഗത്തെക്കുറിച്ചാണ്. മാധ്യമങ്ങളിൽ അത് ഏഴ് കോളം വാർത്തയായിരുന്നു. എട്ടാമത്തെ കോളത്തിൽവന്ന വാർത്ത, ഇന്ത്യയിലെ മരുന്നുകളുടെ വില നിശ്ചയിക്കാനുള്ള അധികാരം മരുന്നു കമ്പനികൾക്ക് കൊടുത്തു എന്നുള്ളതാണ്. ഏഴ് കോളം വാർത്ത അമേരിക്കയിൽ ശ്രീ. നരേന്ദ്ര മോദി നടത്തിയ വലിയ പ്രസംഗത്തെക്കുറിച്ചും തൊട്ടപ്പുറത്തെ കോളത്തിൽ ഇന്ത്യയിലെ മരുന്നിന്റെ വില നിശ്ചയിക്കാനുള്ള അധികാരം മരുന്നുകമ്പനികൾക്ക് കൊടുക്കുന്ന പോളിസിയെക്കുറിച്ചുമാണ്. ഒരു ഭാഗത്ത് ദേശസ്നേഹം പറയുകയും മറുഭാഗത്ത് നാടിന്റെ എല്ലാ താൽപ്പര്യങ്ങളെയും ബലികഴിക്കുകയും ചെയ്യുന്ന ഒരു സെൻട്രൽ പോളിസി. അവരാണ് ഇപ്പോൾ ഇത്തരമൊരു നയം ആവിഷ്കരിച്ചിട്ടുള്ളത്. ആ സെൻട്രൽ പോളിസിയുടെ ഭാഗമായി വന്ന നിയമത്തിൽ കേരളത്തിന്റെ ആരോഗ്യ സംവിധാനത്തെ ശക്തിപ്പെടുത്താനാവശ്യമായ ഫലപ്രദമായ നിർദ്ദേശങ്ങൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഇത്തരമൊരു ബിൽ.

ശ്രീ. എം. രാജഗോപാലൻ: സർ, കേന്ദ്ര സർക്കാരിന്റെ സ്വകാര്യവൽക്കരണ നീക്കങ്ങളെ പ്രതിരോധിക്കാൻ ഒരു സംസ്ഥാനത്തിന് പരിമിതികൾ ഏറെയുണ്ടാകും. എങ്കിൽപ്പോലും പല നല്ല കാര്യങ്ങൾക്കും മാതൃക വച്ചു പുലർത്തിയ നമ്മുടെ സംസ്ഥാനത്ത് ഇതിനൊരു പ്രായോഗിക ബദലായിട്ട് നമ്മുടെ 'ആർദ്രം മിഷനെ' വിപുലീകരിക്കാനുള്ള സാധ്യതകൾ അങ്ങ് കാണുന്നുണ്ടോ?

ശ്രീ. ആർ. രാജേഷ്: സർ, തീർച്ചയായും. കേരളം പ്രതിരോധത്തിന്റെ ഒരു കേന്ദ്രമാണല്ലോ. ദേശീയ രംഗത്ത് ഉയർത്തിവിടുന്ന എല്ലാ നവലിബറൽ പോളിസികൾക്കുമെതിരായ പ്രതിരോധത്തിന്റെയും വർഗ്ഗീയതയ്ക്കെതിരായ പ്രതിരോധത്തിന്റെയും കേന്ദ്രമാണ് കേരളം. കേന്ദ്രം ആരോഗ്യ മേഖലയിൽ അത്തരം സ്വകാര്യവൽക്കരണ നിലപാടുകൾ സ്വീകരിക്കുമ്പോൾ കേരളം ഇന്ത്യയ്ക്ക് കാണിച്ചു കൊടുക്കുന്ന ബദലാണ്.

അതുകൊണ്ടാണ് കണക്കുകളുടെ അടിസ്ഥാനത്തിൽ കേരളം ഇന്ത്യയിലെ ഒന്നാം നമ്പർ സംസ്ഥാനമാണെന്ന് നമ്മളെല്ലാവരും പറയുന്നത്. കേന്ദ്രത്തിന്റെ തെറ്റായ പോളിസികൾക്കെതിരെ രാജ്യത്ത് ഉയർന്നുവരുന്നൊരു മാതൃകയാണ് കേരളം. ആ മാതൃകയുടെ അടിത്തറയാണ് ഈ സർക്കാർ പ്രഖ്യാപിച്ച 'ആർദ്രം മിഷൻ'. അതിന്റെ അടിത്തറയിൽ നിന്നുകൊണ്ടാണ് സെൻട്രൽ പോളിസിയുടെ ഭാഗമായ ഈ നിയമത്തിൽ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾകൂടി മുൻനിർത്തിക്കൊണ്ട്, ബഹുമാനപ്പെട്ട സ്പീക്കർ ചൂണ്ടിക്കാണിച്ചതുപോലെ വിപ്ലവകരമായ ബിൽ അവതരിപ്പിക്കാൻ സർക്കാർ ശ്രമിക്കുന്നത്. ഈ ബിൽ അവതരിപ്പിച്ച ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെയും സർക്കാരിനെയും ഞാൻ അഭിനന്ദിക്കുന്നു. ബില്ലിനെ സ്വാഗതം ചെയ്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസിനുവേണ്ടി ശ്രീ. വി. ഡി. സതീശൻ: സർ, ഈ ബിൽ കൊണ്ടുവരാൻ തയ്യാറായ ബഹുമാനപ്പെട്ട മന്ത്രിയെയും സർക്കാരിനെയും ഞാൻ അഭിനന്ദിക്കുകയാണ്. പക്ഷെ അവസാനം ഈ ബിൽ സെലക്ട് കമ്മിറ്റിയിലേയ്ക്ക് അയയ്ക്കാൻ തീരുമാനിച്ചാൽ ആ അഭിനന്ദനം പിൻവലിക്കും എന്നുകൂടി മുൻകൂറായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയിലേയ്ക്കു തന്നെ പോകണം. കാരണം സാധാരണ സെലക്ട് കമ്മിറ്റിയിലേയ്ക്ക് പോയാൽ പിന്നെ അത് യാഥാർത്ഥ്യമാകാനുള്ള പ്രായോഗികമായ പ്രയാസങ്ങളുണ്ട്. ഇത് 2010-ൽ യുപി.എ. ഗവൺമെന്റ് കൊണ്ടുവന്ന, ഒരുപക്ഷേ സ്വാതന്ത്ര്യത്തിനുശേഷം നമ്മുടെ ആരോഗ്യ രംഗത്തുള്ള വിപ്ലവകരമായ ഒരു മാറ്റത്തിനുവേണ്ടി കൊണ്ടുവന്ന സുപ്രധാനമായൊരു നിയമമാണ്. ഹെൽത്ത് ഒരു സംസ്ഥാന വിഷയമാണ്. പക്ഷേ ആർട്ടിക്കിൾ 249 അനുസരിച്ച് ദേശീയ പ്രാധാന്യമുള്ള വിഷയങ്ങളിൽ നിയമനിർമ്മാണം നടത്താനുള്ള പാർലമെന്റിന്റെ പ്രത്യേക അധികാരം ഉപയോഗിച്ചുകൊണ്ടാണ് ഈ നിയമനിർമ്മാണം നടത്തിയത്. അതിന്റെ പ്രധാനപ്പെട്ട പിൻബലം എന്നത് ഡയറക്ടീവ് പ്രിൻസിപ്പിൾസിൽ, ആർട്ടിക്കിൾ 47-ൽ, പബ്ലിക് ഹെൽത്ത് ഇംപ്രൂവ് ചെയ്യാനുള്ള സംസ്ഥാനത്തിന്റെ കടമയെക്കുറിച്ചും ഉത്തരവാദിത്വത്തെക്കുറിച്ചും ബോധ്യപ്പെടുത്തുന്നുണ്ട്. ഇന്ത്യയിലെ സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലുമുള്ള എല്ലാ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റുകളെയും, അലോപ്പതി, ആയൂർവേദം, ഹോമിയോപ്പതി, ഡയഗ്നോസ്റ്റിക് ലാബുകൾ തുടങ്ങി വിവിധ മെഡിക്കൽ ബ്രാഞ്ചുകളിൽപ്പെട്ട ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഈ നിയമത്തിന്റെ കീഴിൽ കൊണ്ടുവരാൻ കഴിയുന്നു എന്നുള്ളതാണ് ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത. ഇത് ഡിജിറ്റലായി രജിസ്റ്റർ ചെയ്യുകയാണ്. ഇന്ത്യയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടേയും വളരെ ഡീറ്റെയിൽഡായിട്ടുള്ള ഒരു റെക്കോർഡ്, ഒരു ഡാറ്റാ നമുക്ക് കിട്ടുമെന്നുള്ളത് വളരെ പ്രയോജനകരമാണ്. സംസ്ഥാനത്തിന് ആ

ഡിജിറ്റൽ രജിസ്റ്റർ പ്രധാനപ്പെട്ട കാര്യമാണ്. നമുക്ക് ഭാവിയിൽ ദേശീയതലത്തിലോ, സംസ്ഥാനതലത്തിലോ ആരോഗ്യ നയം രൂപീകരിക്കുന്നതിനാവശ്യമായ ഡാറ്റകളായി അതുമാറും. പുതിയ പദ്ധതികൾ ആരോഗ്യ രംഗത്ത് രൂപീകരിക്കുമ്പോൾ ആ പദ്ധതികൾക്കുള്ള കണ്ടന്റ് തയ്യാറാക്കുന്നതിനുള്ള പിൻബലമായും ആ ഡാറ്റകൾ മാറും. അതുവഴി ഈ സ്ഥാപനങ്ങളിലെല്ലാം മിനിമം സ്റ്റാൻഡേർഡ് ഉറപ്പുവരുത്താം. പൊതുജനാരോഗ്യത്തിന്റെ നിലവാരം, ചികിത്സയുടെ ഗുണനിലവാരം എന്നിവ വർദ്ധിപ്പിക്കാൻ കഴിയും. രാജ്യത്ത് വ്യാജവൈദ്യം വ്യാപകമാകുകയാണ്. വിദ്യാഭ്യാസമില്ലാതെ, ആവശ്യമായ പശ്ചാത്തലമില്ലാതെ, യോഗ്യതകളില്ലാതെ കളവായി പ്രാക്ടീസ് ചെയ്യുന്ന ധാരാളം വ്യാജ വൈദ്യൻമാരും, വ്യാജ ഡോക്ടർമാരുമുള്ള നാടാണ് ഇന്ത്യ. അത്തരം ആളുകളെയെല്ലാം പൂർണ്ണമായി നിയന്ത്രിക്കാൻ കഴിയും. കാരണം ഏതു സ്ഥാപനത്തിലും പ്രവർത്തിക്കുന്ന ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് തുടങ്ങി എല്ലാപേരുടെയും ഡീറ്റെയിൽസ് റെക്കോർഡ്സ് ആണ്. ഒരു അതോറിറ്റിക്കോ, കൗൺസിലിനോ ഏതുസമയത്തും പരിശോധിച്ച് അത് ഉറപ്പുവരുത്താൻ വേണ്ടിയുള്ള അധികാരം നൽകുന്നുണ്ട്. വ്യാജവൈദ്യവും, ക്വാളിറ്റിയില്ലാത്ത പ്രാക്ടീസും, ആശുപത്രികൾ, ക്ലിനിക്കൽ ലാബുകൾ തുടങ്ങി എല്ലാ രംഗങ്ങളിലും പൂർണ്ണമായി നിയന്ത്രിക്കാൻ കഴിയുമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത. നമ്മുടെ രാജ്യത്തും നമ്മുടെ സംസ്ഥാനത്തും യഥാർത്ഥത്തിൽ 70-75 ശതമാനത്തോളം രോഗികൾ ആശ്രയിക്കുന്നത് പ്രൈവറ്റ് സെക്ടറിനെയാണ്. 40 ശതമാനത്തോളം പ്രൈവറ്റ് സെക്ടറും അനൗദ്യോഗികമായി കണക്കാക്കപ്പെട്ടിട്ടുള്ളത് ഗുണനിലവാരം ഇല്ലാത്തവയായിട്ടാണ്. എത്രമാത്രം ചൂഷണത്തിനാണ് രോഗികൾ വിധേയമാകുന്നതെന്ന് ഇതിൽനിന്ന് വ്യക്തമാകും. ദേശീയാടിസ്ഥാനത്തിൽ പരിശോധിച്ചാൽ 80 ശതമാനത്തോളം ആളുകൾ പ്രൈവറ്റ് സെക്ടറിലേയ്ക്കാണ് പോകുന്നത്. വളരെ മോശമായ ഒരു അവസ്ഥയാണുള്ളത്. ഗവൺമെന്റ് സെക്ടറിലുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ദേശീയതലത്തിൽ സർക്കാർ ചെലവാക്കുന്ന പണത്തിന്റെ 30% മാത്രമേ റിസൽറ്റുണ്ടാക്കുന്നുള്ളൂ. മൊത്തമായി ചെലവാക്കപ്പെടുന്ന പണത്തിന്റെ 30%-ത്തിന് മാത്രമാണ് വാല്യൂ കിട്ടുന്നത്. രാജ്യത്തും പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനത്തും കഴിഞ്ഞ കുറേ വർഷങ്ങൾക്കുള്ളിൽ ആരോഗ്യ രംഗത്ത് പ്രൈവറ്റ് സെക്ടറിന് അത്ഭുതപൂർവ്വമായ വളർച്ചയാണ് ഉണ്ടായിരിക്കുന്നത്. ദേശീയ തലത്തിലോ, സംസ്ഥാന തലത്തിലോ ആരോഗ്യ രംഗത്തെ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ, ഗവൺമെന്റ് ആശുപത്രികളാണെങ്കിലും, സ്വകാര്യ ആശുപത്രികളാണെങ്കിലും നിയന്ത്രിക്കാനോ പരിശോധിക്കാനോ ഉള്ള നിയമപരമായ സംവിധാനങ്ങൾ ഒന്നും നിലവിലില്ല. മെഡിക്കൽ എഡ്യൂക്കേഷൻ ഉണ്ട്, മെഡിക്കൽ കൗൺസിൽ ആക്ട് ഉണ്ട്, മറ്റ് സംവിധാനങ്ങളുണ്ട്. പക്ഷെ ആശുപത്രികളുടെ ഗുണനിലവാരമോ അവരുടെ പ്രവർത്തനങ്ങളോ പരിശോധിക്കാൻ നിലവിൽ യാതൊരു സംവിധാനവും രാജ്യത്ത് ഇല്ലാത്തതിന്റെ പശ്ചാത്തലത്തിലാണ്

ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പാർലമെന്റ് പാസ്സാക്കിയത്. ഈ രജിസ്ട്രേഷൻ ഏറ്റവും ഫലപ്രദമായ രീതിയിൽ രൂപീകരിക്കുന്നതിന് വേണ്ടിയാണ് രജിസ്റ്ററിംഗ് അതോറിറ്റിയെ ഉൾക്കൊള്ളിച്ചിരിക്കുന്നത്. മിനിമം standard of treatment ഉറപ്പുവരുത്തുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ആ സൗകര്യങ്ങൾക്ക് ആശുപത്രിയിലോ, ലാബുകളിലോ ഉള്ള സേവനങ്ങൾക്ക് മിനിമം സ്റ്റാൻഡേർഡ് പ്രിസ്ക്രൈബ് ചെയ്യണം. ഡോക്ടർമാരുടേയും, സ്റ്റാഫിന്റേയും റിക്വയർമെന്റ് എന്താണ്; ഒരു ആശുപത്രിയിൽ രോഗികളുടെ എണ്ണമനുസരിച്ച്, അതിന്റെ റേഷ്യോ അനുസരിച്ച് എത്ര ഡോക്ടർമാരെ വേണം; എത്ര നഴ്സുമാരെ വേണം; എത്ര പാരാമെഡിക്കൽ സ്റ്റാഫ് വേണം എന്നതിന് ഒരു കൃത്യത വരികയാണ്. ക്ലിനിക്കൽ പ്രോട്ടോക്കോളിനെയും സ്റ്റാൻഡേർഡ് ഓഫ് ട്രീറ്റ്മെന്റിനെയും സംബന്ധിച്ചുള്ള മുഴുവൻ റെക്കോർഡുകളും കൃത്യമായി ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുക, അവർക്കു കൊടുത്ത മരുന്നുകളുടെ അളവുകൾ കൃത്യമായി സൂക്ഷിക്കുക, എമർജൻസി മെഡിക്കൽ കണ്ടീഷനിൽ ഒരാൾ വന്നുകഴിഞ്ഞാൽ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് കൃത്യമായി ഇതിൽ പറയുന്നുണ്ട്. ഇപ്രാവശ്യം മുരുകന് സംഭവിച്ചത് സംഭവിക്കാൻ പാടില്ലാത്ത കാര്യങ്ങളാണ്. ഈ നിയമം ഫലപ്രദമായി നടപ്പിലാക്കിയാൽ ഒരു കാരണവശാലും ഒരു സ്ഥലത്തും ഇത് ഉണ്ടാകുകയില്ല. അതെല്ലാം ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങളാണ് സ്റ്റാൻഡേർഡുമായി ബന്ധപ്പെട്ടുള്ളത്. ടെസ്റ്റുകൾ, ചികിത്സ, കൺസൾട്ടേഷൻ ഫീ അങ്ങനെ ഓരോ കാര്യത്തിനുംവേണ്ടി എത്ര രൂപയാണ് പ്രത്യേകമായി ചെലവാകുന്നതെന്ന് എല്ലാ ആശുപത്രികളിലും, ലാബുകളിലും കൃത്യമായി എക്സിബിറ്റ് ചെയ്യുക, ഒരാൾ ആശുപത്രിയിൽ ചെല്ലുമ്പോൾ അറിയണം നമുക്ക് എത്രരൂപ ചെലവാകുമെന്ന്. ഹോട്ടലിൽ നമ്മൾ ഭക്ഷണം കഴിക്കാൻ പോകുമ്പോൾ അറിയാതെ നോക്കും, നമ്മൾ ഈ സാധനങ്ങളെല്ലാം ഓർഡർ ചെയ്താൽ അവസാനം എത്ര രൂപയാകും, നമ്മുടെ പോക്കറ്റിലുള്ള കാശ് മതിയാകുമോ എന്നുനോക്കും. അതുപോലെ തന്നെയാണ് ആശുപത്രിയിലും. ആർക്കും യാതൊരു ഐഡിയയുമില്ല. ആശുപത്രിയിൽ പോകുന്ന ആൾക്ക് തിരിച്ചിറങ്ങുമ്പോൾ വീട് പണയം വയ്ക്കണമോ, സ്വർണ്ണാഭരണങ്ങൾ പണയം വയ്ക്കണമോ, അല്ലെങ്കിൽ വീടു വിൽക്കണമോ എന്ന ഒരു ബോധ്യവുമില്ലാതെയാണ് ആശുപത്രിയിലേയ്ക്ക് പോകുന്നത്. ആശുപത്രിയിൽ ചെല്ലുമ്പോൾ കൃത്യമായ വിവരങ്ങൾ ഓരോ ടെസ്റ്റിനും, ഓരോ ചികിത്സയ്ക്കുമുള്ള പ്രത്യേകമായ സംവിധാനങ്ങൾ എക്സിബിറ്റ് ചെയ്യപ്പെടണമെന്ന് നിർബന്ധിക്കുന്നു. ഡിജിറ്റലായിട്ടുള്ള ഹെൽത്ത് റിക്കാർഡ്സ് ഉറപ്പുവരുത്തുന്നു എന്നുള്ളത് ഈ നിയമത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകതയാണ്. ടെക്നിക്കൽ ക്വാളിറ്റി, പബ്ലിക് ഹെൽത്ത്, സ്റ്റാൻഡേർഡിനനുസരിച്ചുള്ള സംവിധാനങ്ങൾ, അവിടെയുള്ള സ്റ്റാഫിന്റെ, ഡോക്ടർമാരുടെ, ടെസ്റ്റുകൾ നടത്തുന്ന ആളുകളുടെ കോംപിറ്റൻസ്, ക്ലിനിക്കൽ പ്രോട്ടോക്കോളും, സ്റ്റാൻഡേർഡ് ഓഫ് ട്രീറ്റ്മെന്റും ഉൾപ്പെടെയുള്ള സാങ്കേതികമായിട്ടുള്ള കാര്യങ്ങൾ ഉറപ്പുവരുത്തുക. ക്യാൻസർ

ട്രീറ്റ്മെന്റിന് രോഗി ചെന്നുകഴിഞ്ഞാൽ ആ രോഗിയെ ചികിത്സിക്കുന്നതിന് ഒരു ക്ലിനിക്കൽ പ്രോട്ടോക്കോളുണ്ട്. ആ ക്ലിനിക്കൽ പ്രോട്ടോക്കോൾ കൃത്യമായി പാലിച്ചാണോ ചികിത്സ നടത്തിയതെന്ന ഇൻഫർമേഷൻ നമ്മുടെ ഫിംഗർ ടിപ്പിൽ കിട്ടണമെങ്കിൽ ക്ലിനിക്കൽ പ്രോട്ടോക്കോളിനെ സംബന്ധിച്ച് ഡിജിറ്റൽ റിക്കോർഡുണ്ടായിരിക്കണം. ഓരോ സമയത്തും കൊടുത്തിരിക്കുന്ന ട്രീറ്റ്മെന്റ്, ആ സ്റ്റാൻഡേർഡ്, ആ ട്രീറ്റ്മെന്റിന്റെ നിലവാരം, കൊടുത്ത മരുന്നുകൾ, കൊടുത്ത മരുന്നുകളുടെ ബ്രാന്റ് തുടങ്ങിയ എല്ലാ വിവരങ്ങളും ഒരു ആശുപത്രിയിൽ ലഭ്യമാകണമെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം.

നമ്മുടെ സംസ്ഥാനത്തും രാജ്യത്തും ഏറ്റവും കൂടുതൽ ചൂഷണത്തിന് വിധേയമാകുന്നത് രോഗികളായ ആളുകളാണ്. ആശുപത്രികൾ വലിയ ഇൻഡസ്ട്രിയായി മാറിയിരിക്കുകയാണ്. ഈ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടുമായി ബന്ധപ്പെട്ട് ചില ഡോക്ടർമാരുടെ സംഘടനകൾ, ചില സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ അവരെല്ലാം ചില നിവേദനങ്ങൾ തന്നിട്ടുണ്ട്. ഞാൻ ഒന്നുരണ്ട് നിവേദനങ്ങളിൽ ശ്രദ്ധിച്ച പ്രധാനപ്പെട്ട കാര്യം, അവർ അവകാശപ്പെടുന്നത് ഇത് വലിയൊരു സർവ്വീസാണ്, നാട്ടിൻപുറങ്ങളിൽപോയി, ഉൾനാടൻ ഗ്രാമങ്ങളിൽ പോയി ഞങ്ങൾ ജനങ്ങളെ സഹായിക്കാൻ വേണ്ടി നടത്തുന്ന സർവ്വീസാണ് എന്നാണ്. എന്തായാലും കേരളത്തിൽ ഇന്ന് ഇത് ഒരു സർവ്വീസല്ല, അത് നമുക്ക് പറയാൻ പറ്റും. സർവ്വീസല്ല എന്നുമാത്രമല്ല അതൊരു ചൂഷണത്തിന്റെ നിലയിലേയ്ക്ക് ഉയർന്നിരിക്കുന്നു. Lucrative business ആണ് ഇതിൽ നടക്കുന്നത്. ഇത് വലിയ ഇൻഡസ്ട്രിയാണ്. ഇത്രയും പണം ഞങ്ങളുണ്ടാക്കി ഇനി കേരളത്തിലെ പാവപ്പെട്ട രോഗികളെ സഹായിച്ചുകളയാം എന്ന ചിന്തയോടുകൂടി വന്ന് ആശുപത്രി തുടങ്ങിയ ആരും കേരളത്തിലുണ്ടെന്ന് ഞാൻ കരുതുന്നില്ല. അവർ പ്രസംഗിക്കുമ്പോഴും, യോഗങ്ങളിൽ സംസാരിക്കുമ്പോഴും, അവർക്ക് ചില ആളുകൾ വിളിച്ച് അവാർഡ് കൊടുക്കുമ്പോഴുമൊക്കെ ആ അവാർഡുകൾ സ്വീകരിച്ചുകൊണ്ട് അവർ നടത്തുന്ന പ്രസംഗം കേട്ടാലറിയാം. ഒരാൾ എറണാകുളത്തെ ഒരു ഫൈവ്സ്റ്റാർ ആശുപത്രിയുടെ ഉടമയ്ക്ക് ഒരു അവാർഡ് കൊടുത്തു. ആര് കൊടുത്തതാണെന്ന് എനിക്കറിയില്ല. പക്ഷെ അവാർഡ് വാങ്ങിച്ചുകൊണ്ട് അയാൾ നടത്തിയ പ്രസംഗം കേട്ട് എന്റെ ബോധം പോയി. കാരണം എല്ലാ ദിവസവും ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ്ജ് ചെയ്യപ്പെടുന്ന നാലഞ്ച് രോഗികളെയെങ്കിലും തൊട്ടടുത്തുള്ള ജനപ്രതിനിധിയെന്നുള്ള നിലയിൽ വിളിക്കുന്ന ഒരാളാണ് ഞാൻ. അവിടെ നടക്കുന്ന സർവ്വീസ് എന്താണെന്ന് കൃത്യമായിട്ട് അറിയാം. ഞാൻ ഏതെങ്കിലും ഒരു പർട്ടിക്കുലർ ആശുപത്രിയെക്കുറിച്ചല്ല പറഞ്ഞത്. കേരളത്തിൽ സ്വകാര്യ ആശുപത്രികൾ വരികയാണ്. ഇതിന്റെ പ്രശ്നമെന്താണ്, കേരളത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ യാത്രചെയ്താൽ

മലയാളിയല്ലാത്ത ഒരാൾ വിചാരിക്കും കേരളം മുഴുവൻ രോഗികളെക്കൊണ്ട് തിങ്ങി നിറഞ്ഞിരിക്കുകയാണെന്ന്. ഇത്രയും ചെറിയൊരു ജ്യോഗ്രഫിക് ഏരിയയിൽ ഇത്രമാത്രം ആശുപത്രികൾ ലോകത്തെവിടെയും ഉണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. മെഡിക്കൽ കോളേജ്, ജനറൽ ഹോസ്പിറ്റൽ, ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി, പബ്ലിക് ഹെൽത്ത്, സബ് സെന്റർ എന്നിങ്ങനെയുള്ള സർക്കാരിന്റെ സംവിധാനങ്ങൾ, മറ്റ് ആയുർവേദ ആശുപത്രികൾ, ഹോമിയോ ആശുപത്രികൾ ഇതെല്ലാം കേരളത്തിൽ എല്ലാ പഞ്ചായത്തുകളിലും ഉണ്ട്. അതുകൂടാതെ 70% മാർക്കറ്റ് ഷെയറുള്ളത് സ്വകാര്യമേഖലയ്ക്കാണ്. മൾട്ടി സ്പെഷ്യാലിറ്റി ഫൈവ് സ്റ്റാർ ആശുപത്രികൾ തുടങ്ങി നാട്ടിൻപുറത്തെ ചെറിയ ഡിസ്പെൻസറികൾ, ചെറിയ മുറിയിൽ ഇരുന്ന് ഡോക്ടർമാർ പരിശോധിക്കുന്ന സംവിധാനം വരെ സ്വകാര്യ മേഖലയിലുണ്ട്. ഇത്രമാത്രം രോഗികളാണോ കേരളത്തിലുള്ളത് എന്ന് നമുക്ക് സംശയം തോന്നും. ഏറ്റവും എക്സ്പെൻസീവായ ട്രീറ്റ്മെന്റാണുള്ളത്. പാശ്ചാത്യ നാടുകളിൽ 98 ശതമാനം ആളുകളുകൾക്കും മെഡിക്കൽ ഇൻഷ്വറൻസ് കവറേജ് ഉണ്ട്. വളരെ അപൂർവ്വം ആളുകൾക്കുമാത്രമേ ഇൻഷ്വറൻസ് കവറേജ് ലഭിക്കാതെയുള്ളൂ, അവർ ഏറ്റവുമധികം സങ്കടപ്പെടുന്നതും ഭയപ്പെടുന്നതും ഇൻഷ്വറൻസ് കവറേജ് ഇല്ല എന്നുള്ളതുകൊണ്ടാണ്. കാരണം ആശുപത്രിയിൽ പോയാൽ അത്ര ഭീമമായ ഫീസാണ് ഈടാക്കുന്നത്. എന്നാൽ കേരളത്തിൽ മെഡിക്കൽ ഇൻഷ്വറൻസ് കവറേജുള്ള ആളുകൾ 10-12 ശതമാനമാണ്. വിദേശ രാജ്യങ്ങളിലെ അതേ റേറ്റാണ് ചികിത്സയ്ക്ക് ഇവിടെ ആയിക്കൊണ്ടിരിക്കുന്നത്. ഗൾഫ് നാടുകളിലോ യൂറോപ്യൻ സ്റ്റേറ്റുകളിലോ പോയിക്കഴിഞ്ഞാൽ ആശുപത്രി ചികിത്സയ്ക്കുവേണ്ടി വരുന്ന പണം ഇപ്പോൾ കേരളത്തിലും വേണമെന്ന അവസ്ഥ വന്നിരിക്കുന്നു. എന്നാൽ ചികിത്സ ഇവിടെ ഇൻഷ്വറൻസ് കവേർഡ് അല്ല. ഇൻഷ്വറൻസ് കവേർഡ് ആണെങ്കിൽ ഇവിടെ പിടിച്ചു നിൽക്കാൻ പറ്റും. മെഡിക്കൽ ഇൻഷ്വറൻസ് തീരെയില്ലാത്ത ഒരു ദൗർഭാഗ്യകരമായ രംഗമാണ് ഇവിടെയുള്ളത്. ഈ അവസ്ഥയെ ക്രൂരമായി മുതലെടുക്കുന്ന രീതിയാണ് ഇവരെല്ലാവരും ചെയ്തുകൊണ്ടിരിക്കുന്നത്. അനാവശ്യമായ ടെസ്റ്റുകൾ നിർദ്ദേശിക്കുകയാണ്. ഒരാൾ വരുമ്പോൾത്തന്നെ തനിക്ക് ഗുരുതരമായ കുഴപ്പമുണ്ടെന്ന് പറയുകയും, ഇല്ല എന്ന് പറഞ്ഞാലും ഹൃദയസംബന്ധമായ കുഴപ്പമുണ്ട്, ബൈപ്പാസ് സർജറി ചെയ്യണം അല്ലെങ്കിൽ ആൻജിയോപ്ലാസ്റ്റി ചെയ്യണം, ആൻജിയോഗ്രാം, എം.ആർ.ഐ. സ്കാൻ, സി.ടി. സ്കാൻ തുടങ്ങി ആ ആശുപത്രിയിലുള്ള എല്ലാ ടെസ്റ്റുകളും ചികിത്സാ രീതികളും ഈ രോഗികളെക്കൊണ്ട് നിർബന്ധമായി ചെയ്യിക്കുകയാണ്. ഇതിനെല്ലാം കൃത്യമായ കമ്മീഷൻ വ്യവസ്ഥകളുണ്ട്. സ്റ്റെന്റിന്റെ കേസ് നമുക്കറിയാം, ഒരു സ്റ്റെന്റ് ഉപയോഗിച്ചാൽ ആ ഡോക്ടർക്ക് 20,000 രൂപ മുതൽ 40,000 രൂപ വരെ കമ്മീഷൻ കിട്ടുന്നുണ്ട്. ഏത് സ്റ്റെന്റാണ് ഉപയോഗിക്കുന്നത് എന്നറിയില്ല. വിദേശത്തുനിന്നു ഇറക്കുമതി ചെയ്തതാണെന്നാണ് പറയുക.

പതിനായിരം-പതിനഞ്ചായിരം രൂപ മാത്രം വിലയുള്ള സ്റ്റെന്റുകൾ ഉപയോഗിക്കുകയും ഒന്നേകാൽ ലക്ഷം രൂപ മുതൽ ഒന്നര ലക്ഷം രൂപവരെ ആളുകളുടെ കയ്യിൽ നിന്നും ചാർജ് ഈടാക്കുകയും ചെയ്യുന്നുണ്ട്. ആളുടെ ഹൃദയം തുറന്ന് ഏത് സ്റ്റെന്റാണെന്നും ഏത് രാജ്യത്തുനിന്നും ഇറക്കുമതി ചെയ്ത സ്റ്റെന്റാണ് ഇട്ടിരിക്കുന്നതെന്നും നമുക്ക് നോക്കാൻ കഴിയില്ലല്ലോ. ഡോക്ടറുടെ മുന്നിലെത്തുന്ന എല്ലാ കേസ്സുകളും ആൻജിയോപ്ലാസ്റ്റിക്ക് വിടുകയാണ്. നമ്മൾ ഡോക്ടറെ കാണാൻ ചെല്ലുന്ന സമയത്ത് ഇതെല്ലാം അടിയന്തരമായി ചെയ്യണമെന്ന് നമ്മളെ നിർബന്ധിക്കുകയാണ്. ഞാനൊന്ന് വീട്ടിൽ പോയി പണം സംഘടിപ്പിച്ച് വരാമെന്ന് പാവപ്പെട്ട രോഗി പറഞ്ഞാൽ അതൊക്കെ നിങ്ങളുടെ റിസ്കിലാണെന്നും ഉടനെ തന്നെ ചെയ്യണമെന്നുമായിരിക്കും ഉടനെയുള്ള മറുപടി. ഇങ്ങനെ കേട്ടാൽ രോഗിയോ അല്ലെങ്കിൽ കൂടെ വന്ന അച്ഛനോ മക്കളോ ബന്ധുക്കളോ ആരാണ് ഡോക്ടർ പറഞ്ഞതുപോലെ ചെയ്യാതിരിക്കുക! ആവശ്യമുള്ളതും ഇല്ലാത്തതുമായ എല്ലാ ടെസ്റ്റുകളും രോഗിയുടെ തലയിലേയ്ക്ക് കെട്ടിവയ്ക്കുകയാണ്.

സ്വകാര്യ ആശുപത്രികളിൽ നടക്കുന്ന മറ്റൊരു വലിയ ക്രമക്കേടുണ്ട്, ഒരാൾ ഐ.സി.യു.വിൽ കോമ സ്റ്റേജിൽ കിടക്കുമ്പോഴും 10,000 രൂപ മുതൽ 25,000 രൂപ വരെയുള്ള മരുന്നുകൾ വാങ്ങിപ്പിക്കുകയാണ്. ഈ മരുന്നുകൾ ഐ.സി. യൂണിറ്റിലേയ്ക്ക് പോവുകയും തിരിച്ച് ഫാർമസിയിലേയ്ക്ക് വരികയും ചെയ്യുന്ന ഒരു സംവിധാനം കേരളത്തിലെ പ്രധാന സ്വകാര്യ ആശുപത്രികളിലെല്ലാമുണ്ട്. കോമയിൽ കിടക്കുന്ന രോഗിയുടെ ശരീരത്തിലേയ്ക്ക് ഒരു ഐ.വി. ട്യൂബ് വഴി പോലും ഇത്രയും മരുന്നുകൾ കയറ്റാൻ പറ്റില്ല എന്ന് കോമൺസെൻസ് കൊണ്ടുമാത്രം മനസ്സിലാകും. ഫാർമസിയിൽ നിന്ന് രണ്ട് വലിയ കിറ്റിൽ മരുന്നുവാങ്ങി ഐ.സി.യു.-വിന്റെ വാതിൽക്കലിൽ കൊടുക്കുന്നു. പിന്നീട് ഈ മരുന്നുകളൊന്നും നമ്മൾ കാണുന്നില്ല. വൈകുന്നേരത്തെ സന്ദർശന സമയത്ത് ഏതെങ്കിലും ഒരു ഐ.വി. ട്യൂബ് ഇട്ടിരിക്കുന്നതാണ് കാണുന്നത്. ഈ മരുന്നുകൾ തിരിച്ച് ഫാർമസിയിൽ എത്തിയിട്ടുണ്ടാകും. എല്ലാ ആശുപത്രികളിലേയും അതിനോടനുബന്ധിച്ചുള്ള ഫാർമസിയിലേയും സോഫ്റ്റ്‌വെയർ തന്നെ തട്ടിപ്പാണ്. ഇങ്ങനെയുള്ള തട്ടിപ്പ് സോഫ്റ്റ്‌വെയർ ചെയ്തുകൊടുക്കുന്ന ഒരു മാഫിയ തന്നെ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ആശുപത്രികളുമായും ഫാർമസികളുമായും ബന്ധപ്പെട്ട മറ്റുള്ളവർക്ക് ചെക്ക് ചെയ്യാൻ കഴിയാത്ത രീതിയിലുള്ള വ്യാജ സോഫ്റ്റ്‌വെയർ തയ്യാറാക്കിക്കൊടുക്കുന്ന ഒരു സംഘം പ്രവർത്തിക്കുന്നുണ്ട്. വ്യാജ ഐ.ടി. സോഫ്റ്റ്‌വെയറുകൾ ഉണ്ടാക്കുന്ന സംഘങ്ങളും പണ്ടുണ്ടായിരുന്ന കള്ളിൽ മായം ചേർക്കുന്ന സംഘങ്ങളും ഒരുപോലെ തന്നെയാണ്.

ശ്രീ. എൽദോ എബ്രഹാം: സർ, കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ ലാഭേച്ഛയാണ് പ്രധാനപ്പെട്ട കാര്യം എന്നത് വസ്തുതയാണ്. എന്നാൽ ഡോക്ടർമാരുടെ നിലവാരത്തിന്റെ കാര്യത്തിൽ ഇത് ബാധിക്കുന്നുണ്ട് എന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, തീർച്ചയായും അങ്ങനെയൊരു പ്രശ്നമുണ്ടല്ലോ! അത്യാർത്തിയാണ് ഇപ്പോഴുള്ളത്. വളരെ നല്ല ഡോക്ടർമാർപോലും അങ്ങനെയുള്ള ടീമിൽ പെടുകയാണ്. ഇപ്പോൾ തന്നെ ഫൈവ് സ്റ്റാർ ആശുപത്രികൾ ഇവിടെ തുടങ്ങിയിട്ടുണ്ട്. സാധാരണ ചോദിക്കുന്നത് നിങ്ങൾ എന്തിനാണ് അവിടെ പോയത്, വേറെ ആശുപത്രി ഇവിടെ ഉണ്ടല്ലോ, അത് പണക്കാർക്ക് പോകാനുള്ള ആശുപത്രിയല്ലേ എന്നൊക്കെയാണ്. എന്നാൽ എന്താണ് സംഭവിക്കുന്നത്? ഒരു നഗരത്തിലെ ഏറ്റവും നല്ല ഡോക്ടർമാരുടെ ടീമിനെ അവർ അബ്സോർബ് ചെയ്യുകയാണ്. എറണാകുളത്തെ ഒരു ആശുപത്രി അവിടെയുള്ള എല്ലാ ഡോക്ടർമാർക്കും ബി.എം.ഡബ്ല്യൂ. കാറാണ് കൊടുത്തിരിക്കുന്നത്. പതിനഞ്ചും ഇരുപതും ലക്ഷം രൂപ വരെയൊക്കെ ശമ്പളം കൊടുക്കുന്നുണ്ട്. പ്രധാന ആശുപത്രികളിലെ കാർഡിയോളജിയിലോ, നെഫ്രോളജിയിലോ, ഗ്യാസ്ട്രോഎന്ററോളജിയിലോ ഏതിലാണ് നല്ല ഡോക്ടർമാരുള്ളത്, നല്ല ടീമുള്ളത്, അവരെ അങ്ങനെ തന്നെ അബ്സോർബ് ചെയ്യും. ആളുകൾ അസുഖം വന്നാൽ ഏറ്റവും നല്ല ഡോക്ടർ ഏതാണ്? പ്രശസ്തനായ ഡോക്ടർ ഏതാണ് എന്നന്വേഷിക്കുമ്പോൾ അറിഞ്ഞോ അറിയാതെയോ പാവങ്ങളും സാധാരണക്കാരും ഇടത്തട്ടുകാരും അവിടെ എത്തിപ്പെടുകയാണ്. ചില ആക്സിഡന്റുകളിൽ ഏറ്റവും അടുത്ത ആശുപത്രികളിൽ കൊണ്ടുചെന്നാക്കുകയാണ് പതിവ്. ഏത് ആശുപത്രി എന്ന് കൊണ്ടുപോകുമ്പോൾ അറിയില്ല, ചിലപ്പോൾ കാലൊടിഞ്ഞിട്ടുണ്ടാവും, കൈ ഒടിഞ്ഞിട്ടുണ്ടാവും, ഒരാഴ്ച കഴിയുമ്പോൾ പത്ത് ലക്ഷം രൂപയുടെ ബിൽ വരികയാണ്. ഇവർക്ക് പിന്നെ ബില്ലടയ്ക്കാൻ വീട് വിൽക്കാതെ യാതൊരു മാർഗ്ഗവുമി ല്ലാതാവുകയാണ്. ഇങ്ങനെ യാതൊരു മര്യാദയുമില്ലാതെ ക്രൂരമായി രോഗികളെ ചൂഷണം ചെയ്ത് കൊള്ള നടത്തിക്കൊണ്ടിരിക്കുന്ന ആശുപത്രികൾ കേരളത്തിൽ വർദ്ധിച്ചുവരികയാണ്.

ശ്രീമതി വീണാ ജേർജ്ജ്: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കേരളത്തിലെ പ്രമുഖമായ എല്ലാ സ്വകാര്യ ആശുപത്രികളിലും നമ്മൾ പോയി നോക്കിയാൽ കാണുന്നത് ഐ.സി.യു.-വിന് മുമ്പിൽ കലഹിക്കുന്ന രോഗികളുടെ ബന്ധുക്കളെയാണ്. കാരണം പതിനെട്ടും ഇരുപത്തിനാലും മണിക്കൂറുകൾ കഴിഞ്ഞാണ് രണ്ട് മിനിറ്റ് രോഗിയെ കാണാനുള്ള അവസരം ലഭിക്കുന്നത്. ഇവിടെ പറഞ്ഞതുപോലെ ആയിരക്കണക്കിനും പതിനാ യിരക്കണക്കിനും രൂപയുടെ മരുന്ന് വാങ്ങിച്ച് കൊടുക്കും. അത് രോഗിക്ക് കൊടുക്കുകയേയില്ല. മരിച്ചശേഷമായിരിക്കും മിക്കവാറും ഈ രോഗിയെ ബന്ധുക്കൾക്ക് കാണാൻ കഴിയുന്നത്. മരിക്കുന്ന ഒരാൾക്കുള്ള അവകാശം സംരക്ഷിക്കപ്പെടാത്ത ഒരു സംസ്ഥാനമായി കേരളം മാറുകയാണ്. ബോധാവസ്ഥയിൽ ഐ.സി.യു.-വിലേയ്ക്ക് പ്രവേശിപ്പിക്കുന്നു, അവിടെ എന്തൊക്കെയോ നടക്കുന്നു, മെഡിക്കൽ ബില്ലുകൾ കൊടുക്കുന്നു, മരുന്ന് വാങ്ങിച്ച് കൊടുക്കുന്നു, കാന്റീൻ ബിൽ വരെ കൊടുക്കുന്നു.

രോഗിക്ക് ഇന്നയിന്ന ലിക്വിഡ് ഫുഡുകൾ കൊടുത്തുവെന്ന് പറയുന്നു, അബോധാവസ്ഥയിലാകുന്ന ഒരു രോഗിക്ക് ഇതൊന്നും കൊടുക്കുന്ന സാഹചര്യമില്ല. കേരളത്തിലെ ആശുപത്രികളിൽ മെഡിക്കൽ റിപ്പോർട്ടിംഗും രോഗിയുടെ അവകാശം സംരക്ഷിക്കപ്പെടാനുള്ള വ്യവസ്ഥ കൂടിയും ഈ ബില്ലിൽ കൃത്യമായി ഉണ്ടാകണം. ഇവിടെ ക്ലിനിക്കൽ പ്രോട്ടോക്കോളിനെക്കുറിച്ചെല്ലാം പറഞ്ഞു. സാധാരണ ഒരു ഔട്ട്പേഷ്യന്റിന് പോലും മെഡിക്കൽ റിപ്പോർട്ടിംഗ് ഉണ്ടാവണം, ഇൻപേഷ്യന്റിനും അതുണ്ടാകണം. ഐ.സി.യു.വിൽ കിടക്കുന്ന രോഗികൾക്കൊപ്പം കൃത്യമായും ഒരു ബൈസ്റ്റാന്ററെ നിർത്തുവാനുള്ള വ്യവസ്ഥ നമ്മുടെ നാട്ടിലെ ആശുപത്രികളിലുണ്ടാകണം. ഒരു ദിവസത്തേയ്ക്ക് 25,000 രൂപയ്ക്ക് മുകളിൽ പണം വാങ്ങുന്ന ഈ ഐ.സി.യു.-വിൽ കിടക്കുന്ന രോഗികൾക്ക് അവരുടെ അവകാശം സംരക്ഷിക്കപ്പെടണം. മരണ സമയത്ത് ബന്ധുക്കൾക്ക് ഈ രോഗിക്ക് ഒപ്പം അവസാന നിമിഷമെങ്കിലും നിൽക്കാനുള്ള സാഹചര്യം ഇവിടത്തെ ആശുപത്രികൾ ഉണ്ടാക്കിക്കൊടുക്കണം. ഇക്കാര്യങ്ങളെല്ലാം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, തീർച്ചയായും വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. ഇതിലെ എല്ലാ കാര്യങ്ങളും ഉൾപ്പെടുത്താൻ കഴിയില്ലെങ്കിലും ഇതിന്റെ റൂൾസ് ഫ്രെയിം ചെയ്യുമ്പോൾ കുറേക്കൂടി കാര്യങ്ങൾ നമുക്ക് ഉൾപ്പെടുത്താൻ പറ്റും. ഇപ്പോൾ റിപ്പോർട്ട് വേണമെന്നും ആ റിപ്പോർട്ട് ഡിജിറ്റലൈസ് ചെയ്യണമെന്നും ക്ലിനിക്കൽ പ്രോട്ടോക്കോളിന്റെ കാര്യവും ആക്ടിൽ പറയുന്നുണ്ട്. റൂൾസ് വരുമ്പോൾ ആ ആക്ടിന്റെ പ്രൊവിഷൻ വച്ചുകൊണ്ട് കുറേക്കൂടി ഡീറ്റെയിലായി നല്ല രീതിയിൽ ചെയ്യാൻ കഴിയും. ഒരു പരിധി വരെ നല്ല രീതിയിൽ അത് സാധിക്കും. ഇപ്പോൾ വെന്റിലേറ്ററിന്റെ കാര്യം ഇവിടെ സംസാരിച്ചു. സ്വകാര്യ ആശുപത്രികളിൽ വെന്റിലേറ്റർ എപ്പോഴും ഫുള്ളായിരിക്കും. അതിന് കാരണം ഒരാളെ വെന്റിലേറ്ററിൽ കിടത്തിയാൽ അടുത്ത ആൾ വെന്റിലേറ്ററിൽ കിടക്കാൻ എത്തിയാൽ മാത്രമേ ആദ്യത്തെ ആളെ മാറ്റുകയുള്ളൂ. അല്ലാതെ ഇയാളുടെ രോഗാവസ്ഥയും സ്ഥിതിയും നോക്കുന്നില്ല, ഏകദേശം വെന്റിലേറ്ററിൽ കിടക്കാൻ പാകത്തിലുള്ള മറ്റൊരു മഹാപാപം വരുമ്പോൾ മാത്രമേ ആദ്യത്തെയാളെ വെന്റിലേറ്ററിൽ നിന്ന് മാറ്റുന്നുള്ളൂ. ഇതുപോലെ ക്രൂരതയും വൃത്തികേടും നടക്കുന്ന, ഹീനമായ തരത്തിൽ പണമുണ്ടാക്കാൻ എന്തും ചെയ്യുന്ന രീതിയിൽ കേരളത്തിലെ പല ആശുപത്രികളും താഴ്ന്നപോയിരിക്കുന്നു എന്നാണ് പറയാനുള്ളത്.

ഫാർമസിയിലാണ് ഏറ്റവും കൂടുതൽ ബിസിനസ്സ് നടക്കുന്നത്. ഞാൻ ഇത് നേരത്തെ നിയമസഭയിൽ ഉന്നയിച്ചതാണ്. പ്രധാനപ്പെട്ട ആശുപത്രികളിലെ ഫാർമസിയിലെ മരുന്നുകൾ പരിശോധിക്കണം. വ്യാജ മരുന്നുകളാണ് പല സ്ഥലത്തും വിൽക്കുന്നത്. കേരളത്തിൽ വ്യാജ മരുന്നുകൾ കൊണ്ടുവരുന്ന ഒരു ലോബിയുണ്ട്. ഞാൻ അന്ന് അത് പോലീസിനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് പറഞ്ഞതാണ്. മൈസൂരിലും തമിഴ്നാട്ടിലും മറ്റ് പ്രദേശങ്ങളിലുമൊക്കെ കുടിൽ

വ്യവസായം പോലെ നിർമ്മിക്കുന്ന വ്യാജമായ മരുന്ന് കൊണ്ടുവരും. അവർ വളരെ സമർത്ഥമായി ലോകത്തിലെ ഏറ്റവും പ്രശസ്തമായ മൾട്ടി നാഷണൽ ഫാർമസ്യൂട്ടിക്കൽ കമ്പനികളുടെ പാക്കേജിൽ ആ മരുന്ന് കൊണ്ടുവന്നുതരും. ശരിയായിട്ടുള്ള മരുന്ന് വാങ്ങുന്നതിന്റെ 20-25 ശതമാനം മാത്രമേ ഈ മരുന്നിന് വിലയുള്ളൂ. ഇത് ഏറ്റവും കൂടുതൽ വിറ്റഴിക്കുന്നത് കേരളത്തിലെ ആശുപത്രികളിലെ ഫാർമസികളിലാണ്. എന്ത് ധൈര്യത്തിലാണ് നമ്മൾ ഈ ആശുപത്രികളിൽ പോകുന്നത്?

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ചികിത്സയുമായി ബന്ധപ്പെട്ട് പോയപ്പോൾ എന്നോട് അവിടെയുള്ള ഉത്തരവാദപ്പെട്ട മെഡിക്കൽ ഷോപ്പിന്റെ ആളുകൾ പറഞ്ഞു ഇന്നയിന്ന മെഡിക്കൽ ഷോപ്പുകളിൽ നിന്ന് നിങ്ങൾ മരുന്ന് വാങ്ങരുതെന്ന്. പേരെഴുതിത്തന്നു. അതെല്ലാം പൂർണ്ണമായും ഡ്യൂപ്ലിക്കേറ്റാണ്. അതിന് ഒരു ലോബി തന്നെ തമിഴ്നാട്ടിലുണ്ട്. കേരളത്തിലും ആ സംവിധാനമുണ്ട് എന്ന് ശ്രദ്ധയിൽ പ്പെടുത്തുകയാണ്.

ശ്രീ. അൻവർ സാദത്ത്: സർ, മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻവേണ്ടി പറയുകയാണ്, ഒരു പ്രൈവറ്റ് ഹോസ്പിറ്റലിൽ രോഗി വളരെ സീരിയസ്സാണ്, മരണം ഉറപ്പായി. അവരുടെ ബന്ധുക്കൾ തന്നെ രോഗിയെ വെന്റിലേറ്ററിൽനിന്നും റൂമിലേയ്ക്ക് മാറ്റാൻ ആവശ്യപ്പെട്ടു. അവർക്ക് മതപരമായ കാര്യങ്ങൾക്കും അവസാനമായി കാണാനുമുള്ള അവസരവും ഉണ്ടാകണമെന്ന് പറഞ്ഞു. അവർ ഇതിനായി എന്നോട് ശിപാർശയ്ക്ക് ആവശ്യപ്പെട്ടതാണ്. ഞാൻ ഹോസ്പിറ്റലിലേയ്ക്ക് വിളിച്ചപ്പോൾ ഞങ്ങൾക്ക് അങ്ങനെ വെന്റിലേറ്ററിൽ നിന്നും മാറ്റാൻ സാധിക്കില്ലെന്നും നിയമപരമായ പ്രശ്നമുണ്ടെന്നും പറഞ്ഞു. ആ രോഗിയുടെ വീട്ടുകാർ എഴുതിക്കൊടുക്കാമെന്ന് പറഞ്ഞിട്ടും വെന്റിലേറ്ററിൽ തന്നെ കിടത്തുന്ന സാഹചര്യമുണ്ടായി. അങ്ങനെ എന്തെങ്കിലും നിയമം നമ്മുടെ രാജ്യത്ത് നിലവിലുണ്ടോ?

2.00 PM]

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു രോഗിയെ എപ്പോഴാണ് വെന്റിലേറ്ററിൽ കിടത്തേണ്ടത് എന്നുള്ളതിന് കൃത്യമായ ക്ലിനിക്കൽ പ്രോട്ടോകോളുണ്ട്. രോഗി രക്ഷപെട്ട് ഒരു വല്ലാത്ത അവസ്ഥയിലെത്തി, അപകടനില തരണം ചെയ്തു കഴിഞ്ഞാൽ റിക്കവറിക്കുള്ള സാധ്യതയുണ്ട്. ആ സ്റ്റേജിലാണ് ഒരാളെ വെന്റിലേറ്ററിൽ കിടത്തുന്നത്. ഒന്നോ രണ്ടോ ദിവസത്തെ പർട്ടിക്കുലറായിട്ടുള്ള ഒരവസ്ഥ മാറിക്കഴിഞ്ഞാൽ അയാൾ ജീവിതത്തിലേയ്ക്ക് തിരിച്ചുവരുമെന്ന് ധാരണയുള്ളതുകൊണ്ടാണ് വെന്റിലേറ്റർ ഉപയോഗിക്കുന്നത്. എന്നാൽ ടെർമിനൽ കേസിനും (മരണം ഉറപ്പായ കേസ്) ഒരു സാധ്യതയുമില്ലാത്ത കേസിനും വെന്റിലേറ്ററിൽ കിടത്തുകയാണ്. അമേരിക്കൻ

ബേസ്ഡായ മഹാരാഷ്ട്രക്കാരനായ Dr. Atul Gawande-യുടെ 'Being Mortal' എന്ന വളരെ പ്രസിദ്ധമായ ഒരു പുസ്തകമുണ്ട്. അവസാന കാലഘട്ടത്തിൽ, ടെർമിനൽ സ്റ്റേജിൽ എങ്ങനെ വേണമെന്നുള്ളതിനെക്കുറിച്ചാണ് അതിൽ പറയുന്നത്. ചിലപ്പോൾ അനാവശ്യമായി ഓപ്പറേഷനുകൾ നടത്തുകയും ഐ.സി. യൂണിറ്റിൽ കിടത്തുകയുമാണ്. അയാളുടെ മരണം വേഗത്തിലാക്കുന്നതിനുപകരം വീട്ടിലേയ്ക്ക് തിരിച്ചുകൊണ്ടുവന്ന് മക്കളുടെയും കൊച്ചുമക്കളുടെയും കൂടെ ജീവിതത്തിന്റെ അവസാന സായാഹ്നം കുറേക്കൂടി സന്തോഷത്തോടുകൂടി ചെലവഴിക്കാൻ കഴിയണം. ശ്രീമതി വീണാ ജോർജ് സൂചിപ്പിച്ചതുപോലെ വെന്റിലേറ്ററിൽ കിടത്തിയാൽ ആർക്കെങ്കിലും കാണാൻ സാധിക്കുമോ? രോഗിയെ വീട്ടിലേയ്ക്ക് തിരിച്ചുകൊണ്ടുവന്നിട്ട് അത്യാവശ്യ കാര്യങ്ങൾക്ക മാത്രം ആശുപത്രികളിൽ കൊണ്ടുപോകണം. ഇന്ത്യ നേരിടാൻ പോകുന്ന വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമുണ്ട്. കേരളത്തിലെ ആകെ ജനസംഖ്യയിലെ 14 ശതമാനം രോഗികളും പ്രായമായ ആളുകളാണ്. 2050 ആകുമ്പോൾ അത് മൂന്നിരട്ടിയായി വർദ്ധിക്കും. കാരണം കേരളത്തിൽ life expectancy വർദ്ധിച്ചു. 60 വയസ്സിന് മുകളിലുള്ള ആളുകൾ കേരളത്തിലെ ജനസംഖ്യയുടെ മൂന്നിലൊന്നായി കൂടാൻ പോകുകയാണ്. സ്വാഭാവികമായും വാർദ്ധക്യസഹജമായ അസുഖങ്ങളൊക്കെയുണ്ടാകും. അവസാനം ഇവരെ ഐ.സി. യൂണിറ്റിൽ കിടത്തുകയും മക്കളെല്ലാവരും അതിന്റെ വാതിലിൽ നിൽക്കുകയും ചെയ്യുന്ന വല്ലാത്തൊരു സ്ഥിതിയാണുള്ളത്. ഇതിലെ പ്രധാനപ്പെട്ട പ്രശ്നം ക്ലിനിക്കൽ പ്രോട്ടോകോൾ സംബന്ധിച്ച വിഷയം തന്നെയാണ്. ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡ്സ് (ഐ.പി.എച്ച്.എസ്.) ആണ് ഈ ആശുപത്രികളിൽ നിർബന്ധമായും നടപ്പിലാക്കേണ്ടത്. ഇങ്ങനെയുള്ള ചൂഷണങ്ങൾ പരിശോധിക്കാനുള്ള സംവിധാനങ്ങളുണ്ടാകണം. അത് എന്തെല്ലാമാണെന്ന് പരിശോധിക്കുകയും ഏതെല്ലാം തരത്തിൽ അതിനെ നിയന്ത്രിക്കാൻ കഴിയുമെന്നുമുള്ള കാര്യങ്ങൾ കൊണ്ടുവരണം. ആരോ ഒരാൾ തമാശയായി പറഞ്ഞ കാര്യം ഞാൻ ഓർക്കുകയാണ്. ഒരാളുടെ കണ്ണിൽ കരട് പോയപ്പോൾ അയാൾ കണ്ണ് ഡോക്ടറെ കാണിക്കാൻ പോയി. അപ്പോൾ ഡോക്ടർ പറഞ്ഞു, ഇപ്പോൾ ഓപ്പറേഷൻ നടത്തണമെന്ന്. ഓപ്പറേഷന് അയ്യായിരം രൂപ വേണം. കണ്ണിൽ കരട് പോയതിന് എന്തിനാണ് ഓപ്പറേഷൻ എന്ന് അയാൾ ചോദിച്ചപ്പോൾ, എനിക്ക് അയ്യായിരം രൂപയുടെ ആവശ്യമുള്ളതുകൊണ്ട് ഓപ്പറേഷൻ നടത്തണമെന്നാണ് ഡോക്ടർ പറഞ്ഞത്. ഈ സ്ഥിതിയാണ് ഇപ്പോഴുള്ളത്. എം.ആർ.ഐ. സ്കാനിന് അല്ലെങ്കിൽ സി.ടി. സ്കാനിന് അയച്ചേയ്ക്കാമെന്നാണ് അവർ പറയുന്നത്. ആശുപത്രി മാനേജ്മെന്റ് ഡോക്ടർമാരെ നിയമിക്കുമ്പോൾ പറയുന്നത്, ഒരു എക്യുപ്മെന്റ് വാങ്ങിവച്ചിട്ടുണ്ട്, ഇതിന് 5 കോടി രൂപയാണ്, ഈ തുകയുടെ പ്രിൻസിപ്പൽ എമൗണ്ടും ബാങ്കിന് നൽകുന്ന ഇന്ററസ്റ്റും ലാഭവും കൂടി കണക്കാക്കി ഒരു മാസത്തിൽ 5 ലക്ഷം രൂപ അല്ലെങ്കിൽ

10 ലക്ഷം രൂപ വേണം. ഒരു പർട്ടിക്കുലർ ഡിപ്പാർട്ട്മെന്റിലേയ്ക്ക് ഒരു ഡോക്ടറെ നിയോഗിച്ചാൽ ആ ഡോക്ടറിന് ടാർജറ്റ് ഫിക്സ് ചെയ്തുകൊടുക്കുകയാണ്. ഈ മെഷിനറിയിലൂടെ പരിശോധന ആവശ്യമുള്ള രോഗികളെയല്ല അങ്ങോട്ട് വിടാൻ പറയുന്നത്. ഡോക്ടർക്ക് കൊടുക്കുന്ന സാലറിയും അതിന്റെ ശതമാനവും കണ്ടീഷണലാണ്. ഒരു മാസം കൊണ്ട് അങ്ങ് 30 പേരെയെങ്കിലും ഈ മെഷിനറി ഉപയോഗിച്ചുള്ള ടെസ്റ്റിന് വിടണമെന്ന് ആശുപത്രി മാനേജ്മെന്റും ഡോക്ടറും തമ്മിൽ എഗ്രിമെന്റ് വയ്ക്കുകയാണ്. അപ്പോൾ അസുഖമുള്ളവനെയും ഇല്ലാത്തവനെയും ടെസ്റ്റ് വേണ്ടവനെയും വേണ്ടാത്തവനെയുമെല്ലാം ഡോക്ടർക്ക് അങ്ങോട്ട് അയയ്ക്കേണ്ടി വരും. അല്ലെങ്കിൽ മാനേജ്മെന്റ് മീറ്റിംഗ് കൂടുമ്പോൾ ഇയാളെ വിളിച്ചുവരുത്തുകയും അദ്ദേഹം എഗ്രിമെന്റിന് വിരുദ്ധമായാണ് പ്രവർത്തിക്കുന്നതെന്ന് പറഞ്ഞ് ശാസിക്കുന്ന സ്ഥിതിയുമാണ് ഇപ്പോൾ നടക്കുന്നത്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാനപ്പെട്ട മെമ്പർമാരുടെ ചോദ്യങ്ങളും ശ്രീ. വി. ഡി. സതീശന്റെ മറുപടിയും ഭീതിജനകമാണ്. ഞാൻ ഒരു ആശുപത്രിയുമായി വളരെ അടുത്ത ബന്ധമുള്ള ആളാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. പ്രമുഖ ആശുപത്രികളിലെ ഡോക്ടർമാർ വിദേശയാത്ര നടത്തുന്നത് മരുന്ന് കമ്പനിക്കാരുടെ ചെലവിലാണ്. എനിക്ക് നേരിട്ട് അറിയാവുന്ന കാര്യമാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇതൊരു വല്ലാത്ത അവസ്ഥയാണ്. പണ്ടൊക്കെ വീടുകളിൽ, അസുഖം വരുമ്പോൾ ഒന്നോ രണ്ടോ പേർക്ക് മാത്രമാണ് മരുന്ന് വാങ്ങിയിരുന്നത്. ഇപ്പോൾ എല്ലാ വീടുകളിലും ഒരു ടിന്നിലാണ് മരുന്ന് വച്ചിരിക്കുന്നത്. ഇപ്പോൾ എല്ലാവരുടെയും വീട് ഒരു ചെറിയ മെഡിക്കൽ ഷോപ്പാണ്. ഇനിയുള്ള കാലങ്ങളിൽ മരുന്ന് ശേഖരിക്കാൻ ബക്കറ്റ് വാങ്ങി വയ്ക്കേണ്ടിവരും. പിന്നെ ഭക്ഷണം കഴിക്കേണ്ടി വരില്ല. കാരണം ധാരാളം ഗുളികകളും മരുന്നുകളുമാണ് ഇപ്പോൾ ആളുകൾ കഴിക്കുന്നത്. മരുന്നുകളുടെ ഉപയോഗം കൂടി. ഫാർമസ്യൂട്ടിക്കൽ കമ്പനികളാണ് ഇതെല്ലാം ഫിക്സ് ചെയ്യുന്നത്. പ്രമേഹം, ബ്ലഡ് പ്രഷർ തുടങ്ങിയ ജീവിതശൈലീ രോഗങ്ങളുടെ സ്റ്റാൻഡേർഡ് ആരാണ് ഫിക്സ് ചെയ്യുന്നത്? പത്ത് കൊല്ലം മുമ്പുള്ള സ്റ്റാൻഡേർഡല്ല ഇപ്പോഴുള്ളത്. കാർഡിയാക് സർജൻസിന്റെയും കാർഡിയോളജിസ്റ്റുകളുടെയും ഫിസിഷ്യന്മാരുടെയുമൊക്കെ ഇന്റർനാഷണൽ കോൺഫറൻസുകളിലാണ് ഇതിന്റെയൊക്കെ സ്റ്റാൻഡേർഡ് റേറ്റ് ഫിക്സ് ചെയ്യുന്നത്. ഫാസ്റ്റിംഗിൽ ഡയബറ്റിക് 110 ആകാം. 115 ആയാൽ ഇൻസുലിൻ എടുത്ത് തുടങ്ങണം. പണ്ടൊക്കെ ഡയബറ്റിക് 150-ഉം 200-ഉം ആയപ്പോഴും ഇൻസുലിൻ എടുത്തിരുന്നില്ല. ഇത്തരം കോൺഫറൻസുകളെ സ്പോൺസർ ചെയ്യുന്നത് ഫാർമസ്യൂട്ടിക്കൽ കമ്പനികളാണ്. ന്യൂയോർക്കിൽ വച്ചുനടന്ന കാർഡിയാക് കോൺഫറൻസിൽ കൊളസ്ട്രോളിന്റെ റേറ്റ് തീരുമാനിച്ചത് രാത്രിക്കുരാത്രി മാറ്റി. കൂടിയ റേറ്റാണ് അവർ വച്ചത്. ഇത്രയും

വന്നാൽ മാത്രമേ കൊളസ്ട്രോൾ ആകുകയുള്ളുവെന്ന് പറഞ്ഞു. അതിൽ കമ്പനി രാത്രി ഇടപെട്ട് influence ചെയ്ത് കോൺഫറൻസ് നടത്തുന്ന ആളുകളെ സ്വാധീനിച്ച് പിറ്റേ ദിവസം അതിന്റെ സ്റ്റാൻഡേർഡ് കുറച്ചുകൊണ്ടുവന്നു. കൊളസ്ട്രോൾ 200 ആകാമെന്ന് പറയുമ്പോൾ 200-ൽത്താഴെയുള്ളവരാരും ഈ മരുന്ന് വാങ്ങില്ല. 150 ആണെന്ന് പറഞ്ഞാൽ കൊളസ്ട്രോൾ 150-നും 200-നും ഇടയിലുള്ള കോടിക്കണക്കിന് ആളുകൾ ലോകത്തുണ്ട്. അപ്പോൾ അത്രയും ആളുകളുടെ മരുന്ന് വിപണിയാണ് ഇവർക്ക് കിട്ടുന്നത്. അവരാണ് ഇതെല്ലാം ഫിക്സ് ചെയ്യുന്നത്. ആശുപത്രിയിൽ കിടന്നാലുണ്ടാകുന്ന രോഗങ്ങളുണ്ട്, മരുന്ന് കഴിച്ചാലുണ്ടാകുന്ന രോഗങ്ങളുണ്ട്. കൂടാതെ, വ്യാജമരുന്നുകൂടി കഴിച്ചാലുണ്ടാകുന്ന സ്ഥിതിയാണ് ഇന്നുള്ളത്. വ്യാജ മരുന്നുകളുടെ ലോബികളെ സംബന്ധിച്ച് നേരത്തെ സൂചിപ്പിക്കുകയുണ്ടായി. ചെന്നൈയിലെ ആശുപത്രിയെ സംബന്ധിച്ച് ശ്രീ. പാറക്കൽ അബ്ദുല്ല സൂചിപ്പിക്കുകയുണ്ടായി. അവിടെ നല്ല ആശുപത്രിയും നല്ല ഡോക്ടറും ഉള്ളതുകൊണ്ടാണ് ക്വാളിറ്റിയുള്ള ആശുപത്രിയിൽപോയി കിടന്നത്. അദ്ദേഹം പോയി കിടന്നതുപോലെ എല്ലാവർക്കും കിടക്കാൻ സാധിക്കുമോ? നമ്മുടെ നാട്ടിൽ ഏറ്റവും പരിമിതമായ സൗകര്യത്തിൽ പോകുന്ന ആളുകളൊടെല്ലാം എന്തായിരിക്കും പറയുന്നത്; ഏത് മരുന്നാണ് വാങ്ങാൻ പറയുന്നത്? ഇവർ ഒരു ടീമായി വന്നാണ് ഇതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നത്. ജീവിതശൈലീ രോഗങ്ങളുള്ളവർ പോലും സൂപ്പർ സ്പെഷ്യാലിറ്റി പാക്കേജിനാണ് പോകുന്നത്. കാരണം സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിലേയ്ക്ക് പോകാൻ ഫിസിഷ്യൻസ് നിർബന്ധിക്കുകയാണ്. മാറിയ ഭക്ഷണ രീതിയും വ്യായാമരഹിതമായ ജീവിതവും ടെൻഷനും പിരിമുറുക്കവുമൊക്കെ നമുക്കുണ്ട്. അതാണ് ജീവിതശൈലീരോഗങ്ങൾ വർദ്ധിക്കാൻ കാരണം. സൂപ്പർ സ്പെഷ്യാലിറ്റി പാക്കേജിനും ട്രീറ്റ്മെന്റിനും പോകുന്നതിനു മുമ്പ് നല്ല രോഗപ്രതിരോധത്തിനും ആരോഗ്യ വിദ്യാഭ്യാസത്തിനും ഊന്നൽ നൽകിക്കൊണ്ട് ആ രോഗങ്ങളെ നിയന്ത്രിക്കാൻ കഴിയണം. അതിനുവേണ്ടിയുള്ള ശ്രമം സ്കൂളുകളിൽ നിന്നാണ് ആദ്യം ആരംഭിക്കേണ്ടത്. നമ്മുടെ ഭക്ഷണരീതി നന്നായി നിയന്ത്രിക്കാനും വ്യായാമം ജീവിതത്തിന്റെ ഭാഗമാക്കി മാറ്റാനും സാധിക്കും. അതുപോലെ മനസ്സിന്റെ പിരിമുറുക്കം കുറയ്ക്കുന്നതിനായി എന്തൊക്കെ ചെയ്യണമെന്ന് ഇന്നത്തെ തലമുറയിൽപ്പെട്ട കുട്ടികൾക്ക് പഠിപ്പിച്ച് കൊടുക്കണം. നമ്മൾ എത്തിനിൽക്കുന്ന ഈ കെണിയിൽ ഇനിവരുന്ന പുതുതലമുറയിൽപ്പെട്ട കുട്ടികളെങ്കിലും എത്താതിരിക്കാൻ വേണ്ടിയുള്ള സംവിധാനങ്ങൾ ചെയ്യണം. ഇതുമായി ബന്ധപ്പെട്ട് പല വിഷയങ്ങളുമുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിച്ചപ്പോൾ പീനൽ പ്രൊവിഷൻ തുകയെ കുറിച്ച് പറയുകയുണ്ടായി. അതിൽ സ്ലാബിന്റെ ആവശ്യം വരുന്നില്ല. നിയമത്തിൽ പീനൽ പ്രൊവിഷൻ പറഞ്ഞിരിക്കുന്നത് 2 മുതൽ 5 ലക്ഷം രൂപ വരെ ആകാമെന്നാണ്. അതിന് മറ്റൊരു പ്രൊവിഷൻ കൃത്യമായി പറഞ്ഞിട്ടുണ്ട്. ഓരോ പ്രദേശത്തിന്റെ പ്രത്യേകതകളും ആശുപത്രികളുടെ സാധ്യതകളും പരിശോധിച്ചുവേണം പീനൽ പ്രൊവിഷൻ നിശ്ചയിക്കാനെന്നാണ് പറഞ്ഞിരിക്കുന്നത്. ഫൈൻ എത്രയാണ്

നിശ്ചയിക്കുന്നതെന്നുള്ളതിന്റെ ഒരു ഡിസ്ക്രീഷൻ കൗൺസിലിന് പോകുന്നുണ്ട്. അതങ്ങനെ തന്നെ നിൽക്കുന്നതാണ് കുറച്ചുകൂടി ഭംഗിയെന്നാണ് എനിക്ക് തോന്നുന്നത്. സർക്കാർ ആശുപത്രികളും ഇതിൽ ഉൾപ്പെടുമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. സർക്കാർ ആശുപത്രികളിലും മിനിമം സ്റ്റാൻഡേർഡും മിനിമം ഡോക്ടർമാരും മിനിമം പാരാമെഡിക്കൽ സ്റ്റാഫും നിയമത്തിൽപ്പറയുന്ന മറ്റ് സൗകര്യങ്ങളും ഇല്ലെങ്കിൽ താലൂക്ക് ആശുപത്രിയാണെങ്കിൽ നിയമമനുസരിച്ച് ആശുപത്രി സൂപ്രണ്ട് ഫൈൻ അടയ്ക്കേണ്ടി വരും. ഗവൺമെന്റ് അക്കാര്യത്തിൽ വളരെയധികം ശ്രദ്ധിക്കണം. സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഏതെങ്കിലും ഒരു ക്ലിനിക്കൽ സ്ഥാപനം കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ ആ ക്ലിനിക്കൽ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥൻ ആ കുറ്റത്തിന് അപരാധിയായി കരുതപ്പെടേണ്ടതും അതനുസരിച്ച് നടപടി സ്വീകരിച്ച് ശിക്ഷിക്കപ്പെടുന്നതിന് വിധേയനാക്കേണ്ടതു മാണെന്നാണ് പറഞ്ഞിട്ടുള്ളത്. ഗവൺമെന്റ് ആശുപത്രികളുടെ നിലവാരം ഉയർത്തണം. എല്ലാ സർക്കാർ ആശുപത്രികളും നിലവാരം കുറഞ്ഞവയാണെന്ന അഭിപ്രായം എനിക്കില്ല. നല്ല നിലവാരമുള്ള ധാരാളം ആശുപത്രികളുണ്ട്. 14 വർഷംമുമ്പ് ഞാൻ എം.എൽ.എ. ആകുന്ന സമയത്ത് പറവൂർ നിയോജകമണ്ഡലത്തിലെ താലൂക്ക് ആശുപത്രിയിൽ 300-350 പേരാണ് ഒ.പി.-യിൽ വന്നുകൊണ്ടിരുന്നത്. ഇന്ന് 2000 രോഗികളാണ് ഒ.പി.-യിൽ വരുന്നത്. അത് രോഗികളുടെ എണ്ണം വർദ്ധിച്ചതു കൊണ്ടുമാത്രമല്ല, കഴിഞ്ഞ കുറച്ച് വർഷങ്ങൾക്കിടയിലാണ് താലൂക്ക് ആശുപത്രിയിൽ 45000 ചതുരശ്ര അടി കെട്ടിടവും മറ്റ് സൗകര്യങ്ങളുമുണ്ടായത്. ഡോക്ടർമാരുടെ എണ്ണം 13-ൽ നിന്നും 21-ആയി വർദ്ധിച്ചു. കൂടാതെ അവിടെ ഒരു ഡെന്റൽ ക്ലിനിക്കും പ്രവർത്തിക്കുന്നുണ്ട്. ഒരു പല്ല് എടുക്കാൻ 10 രൂപ മാത്രമാണ് താലൂക്ക് ആശുപത്രിയിൽ വാങ്ങുന്നത്. പ്രൈവറ്റ് ആശുപത്രികളിൽ ഒരു പല്ലെടുക്കാൻ എത്ര രൂപ വാങ്ങുമെന്ന് നമുക്കെല്ലാമറിയാം. തീരെ നിവൃത്തിയില്ലാത്ത ആളുകൾ മാത്രമാണ് ആദ്യം വന്നിരുന്നതെങ്കിൽ ഇപ്പോൾ ലോവർ മിഡിൽ ക്ലാസും മിഡിൽ ക്ലാസും വരാൻ തുടങ്ങിയിട്ടുണ്ട്. ആളുകൾക്ക് ആ ആശുപത്രിയെയും അവിടെയുള്ള ഡോക്ടർമാരെയും വിശ്വാസം വന്നുതുടങ്ങിയിട്ടുണ്ട്. സർക്കാർ ആശുപത്രികൾ നിലവാരത്തോടെ നിന്നാൽ മാത്രമേ വലിയ ചൂഷണങ്ങളിൽനിന്നും ജനങ്ങളെ രക്ഷിക്കാൻ കഴിയുകയുള്ളൂ. 2 രൂപയുടെ ടിക്കറ്റെടുത്താൽ ചികിത്സ നേടാം. സപ്ലൈകോ, കാരുണ്യ, ജൻ ഔഷധി എന്നീ മെഡിക്കൽ സ്റ്റോറുകൾ വഴി വിലകുറച്ചും മരുന്നുകൾ ലഭിക്കും. ആളുകൾക്ക് വളരെ സൗകര്യമാണിത്. ഒരു പനി വന്ന് സ്വകാര്യ ആശുപത്രിയിൽ പോയാൽ വരുന്ന ബിൽ എത്രയാണെന്ന് നമുക്കറിയാം. നമ്മൾ എല്ലാവരും ശ്രദ്ധിച്ചാൽ അതത് മേഖലയിലുള്ള സർക്കാർ ആശുപത്രികളെ എക്യുപ് ചെയ്യാനും അവയുടെ

നിലവാരം കുറച്ചുകൂടി ഉയർത്താനും ആളുകളുടെ ഇടയിൽ ഒരു ആത്മവിശ്വാസം ഉണ്ടാക്കാനും കഴിയും. അങ്ങനെയാകുമ്പോൾ ചൂഷണത്തിന്റെ പരിധി നിയന്ത്രിക്കാൻ കഴിയും. പൊതുമേഖലയിൽനിന്നും പിന്മാറ്റമല്ല നമുക്കാവശ്യം. ഈ നിയമത്തിൽ എല്ലാവരും ഉൾപ്പെടണം. പാർലമെന്റ് പാസ്സാക്കിയ ആക്ടിൽ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിന്റെ ഡെഫനിഷൻ കൊടുത്തിരിക്കുന്നതിൽ എല്ലാവരും ഉൾപ്പെടുന്നുണ്ട്. അതിൽ ഉൾപ്പെടാത്ത ഫിസിയോതെറാപ്പിസ്റ്റുകളെക്കൂടി നമുക്ക് ഉൾപ്പെടുത്താം. കേരളത്തിൽ ആയുർവ്വേദവുമായി ബന്ധപ്പെട്ടും അല്ലാതെയും ഫിസിയോതെറാപ്പിസ്റ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ക്വാളിഫൈഡായ ഫിസിയോ തെറാപ്പിസ്റ്റുകളെക്കൂടി ഡെഫനിഷനിൽ ഉൾപ്പെടുത്തണം. റൂൾസിൽ മറ്റ് സ്ഥാപനങ്ങൾക്ക് വയ്ക്കുന്നതുപോലെ, ഫിസിയോതെറാപ്പി സ്ഥാപനം എങ്ങനെ വേണമെന്നും എന്തെല്ലാം സൗകര്യങ്ങൾ വേണമെന്നും ഫിസിയോ തെറാപ്പിസ്റ്റിന്റെ മിനിമം യോഗ്യത എന്തായിരിക്കണമെന്നും പ്രിസ്ക്രിപ്ഷൻസ് വച്ചാൽ മതി. ഫിസിയോതെറാപ്പി കേരളത്തിൽ പ്രധാനപ്പെട്ട ബ്രാഞ്ചായി മാറിയിരിക്കുകയാണ്. അവരെക്കൂടി അംഗീകരിക്കണം. ആയുർവ്വേദത്തിൽ മാത്രമല്ല, അപകടങ്ങൾ പറ്റി അലോപ്പതിയിൽ ചികിത്സയിൽ കഴിയുന്നവരെപ്പോലും ഡോക്ടർമാർ ഫിസിയോതെറാപ്പി ചെയ്യാനാണ് നിർദ്ദേശിക്കുന്നത്. അതിനാൽ ഫിസിയോ തെറാപ്പിസ്റ്റുകളെക്കൂടി നിയമത്തിൽ ഉൾപ്പെടുത്താൻ കഴിയണം.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഗവൺമെന്റ് സെക്ടറിൽ എക്യുപ്മെന്റിന്റെ അപര്യാപ്തത വലിയ പ്രശ്നമാണ്. പ്രഗത്ഭരായ ഡോക്ടർമാർ ഉണ്ടാകുമെങ്കിലും അവർക്ക് അനുബന്ധമായ ഉപകരണങ്ങൾ ഉണ്ടാകണമെന്നില്ല. അതൊക്കെ ചെയ്യാൻ കഴിയത്തക്കവിധത്തിൽ ഗവൺമെന്റ് പൂർണ്ണമായും എല്ലാ ആശുപത്രികളും ഒരേ സമയം നവീകരിക്കാൻ കഴിയുമെന്ന പ്രതീക്ഷ വച്ചുപുലർത്തുന്നതിൽ കഥയുണ്ടെന്ന് തോന്നുന്നില്ല. അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽ നിന്നാണെങ്കിൽപ്പോലും ഇത്തരം കാര്യങ്ങൾ വാങ്ങാനുള്ള പണം അനുവദിക്കാനുള്ള പെർമിഷൻ കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. അതിനെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?

ശ്രീ. വി. ഡി. സതീശൻ: സർ, അസറ്റ് ഡവലപ്മെന്റ് ഫണ്ട് ഏറ്റവും കൂടുതൽ ചെലവാക്കേണ്ടത് ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലാണ്. ആരോഗ്യവും വിദ്യാഭ്യാസവുമാണ് ഏറ്റവും അടിസ്ഥാനപരമായ കാര്യം. കഴിഞ്ഞ 5 വർഷമായി എല്ലാവരും അസറ്റ് ഡെവലപ്മെന്റ് ഫണ്ടിന്റെ 70 ശതമാനവും കൊടുത്തത് വിദ്യാഭ്യാസ മേഖലയിലാണ്. ധനകാര്യ വകുപ്പ് ഒരു ഓർഡർ ഇറക്കി ആരോഗ്യ വകുപ്പുകൂടി ശ്രദ്ധിച്ചാൽ പ്രാദേശിക ആശുപത്രികളെ സഹായിക്കാൻ കഴിയും. എന്തെല്ലാം കാര്യങ്ങളാണ് ഗവൺമെന്റിന് ചെയ്യാൻ കഴിയാത്തതെന്നും ഗവൺമെന്റിന് പണം കൊടുക്കാൻ കഴിയാത്ത സ്ഥലങ്ങൾ ഏതൊക്കെയാണെന്നും കണ്ടെത്തി

എം.എൽ.എ.-മാരുടെ അസറ്റ് ഡവലപ്മെന്റ് ഫണ്ടിൽനിന്ന് സഹായം നൽകണമെന്ന് തീരുമാനിച്ചാൽ ഒന്നോ രണ്ടോ കോടി രൂപ ഓരോ വർഷവും ആരോഗ്യ മേഖലയ്ക്ക് കൊടുക്കുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. ആരോഗ്യ വകുപ്പുമന്ത്രിതന്നെ മുൻകയ്യെടുത്ത് അക്കാര്യം ചെയ്യണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. ഇപ്പോൾ രജിസ്റ്റർ ചെയ്യുകയും സ്റ്റാൻഡേർഡ് ഫിക്സ് ചെയ്യുകയും ക്വാളിറ്റി ഇംപ്രൂവ് ചെയ്യാനുള്ള സംവിധാനങ്ങൾ ചെയ്യുകയും റേറ്റ് എക്സിബിറ്റ് ചെയ്യുകയും ചെയ്യുന്നുണ്ട്. റേറ്റ് എന്താണെന്നുള്ള പ്രധാനപ്പെട്ട വിഷയംകൂടി അഡ്രസ് ചെയ്യപ്പെടണം. സംസ്ഥാനവും കേന്ദ്രവുംകൂടി ആലോചിച്ച് ഇത്തരം കാര്യങ്ങൾക്ക് ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡ്സ് (ഐ.പി.എച്ച്.എസ്.) അനുസരിച്ചുള്ള റേറ്റ് ഫിക്സ് ചെയ്തുകൊടുക്കണമെന്നാണ് സെൻട്രൽ ആക്ട് പാർലമെന്റിൽ ചർച്ച ചെയ്തത്. ഓരോ ഡിപ്പാർട്ട്മെന്റിലേയും കൺസൾട്ടിംഗ് ഫീ, ടെസ്റ്റുകളുടെ ഫീ എന്നിവ നിശ്ചയിക്കണം. ലാബുകളെക്കുറിച്ച് ഇവിടെ സംസാരിക്കുകയുണ്ടായി. നിലവാരമില്ലാത്തതും ഉള്ളതുമായ ധാരാളം ലാബുകളുണ്ട്. ഒരാളുടെ ബ്ലഡ് മൂന്ന് ലാബിൽ ടെസ്റ്റ് ചെയ്താൽ മൂന്ന് റിസൾട്ടായിരിക്കും ലഭിക്കുക. അതിനാൽ ആക്യുറസി, പ്രിസിഷൻ, ഉപയോഗിക്കുന്ന എക്യുപ്മെന്റുകളുടെ സ്റ്റാൻഡേർഡ്, ടെസ്റ്റ് നടത്തുന്നവരുടെ യോഗ്യത എന്നിവ ശ്രദ്ധിക്കണം. നന്നായി പ്രവർത്തിക്കുന്ന ധാരാളം ലാബുകളുണ്ട്. ആരോഗ്യ മേഖല വളരെ അപകടകരമായ രീതിയിലാണ് പോകുന്നത്. ഒരുവശത്ത് ധാരാളം മാറ്റങ്ങളും നേട്ടങ്ങളും ഉണ്ടാക്കാൻ കഴിഞ്ഞു. എന്നാൽ സാധാരണക്കാരെയും ഇടത്തരക്കാരെയും സംബന്ധിച്ചിടത്തോളം ചികിത്സ അപ്രാപ്യമായിക്കൊണ്ടിരിക്കുകയാണ്. ഓരോരുത്തർക്കും ഓരോ സ്വപ്നങ്ങളുണ്ട്. സ്ഥലമില്ലാത്തവന് ഈ ഭൂമിയിൽ ഒരു തുണ്ട് ഭൂമി ലഭിക്കാൻ ആഗ്രഹമുണ്ടാകും. ഭൂമി ലഭിക്കുമ്പോൾ നാല് ചുമരും മേൽക്കൂരയുമുള്ള അടച്ചുറപ്പുള്ള വീട് വേണമെന്ന ആഗ്രഹമുണ്ടാകും. എല്ലാം ശരിയാകുമ്പോഴായിരിക്കും വില്ലനെപ്പോലെ ക്ഷണിക്കപ്പെടാത്ത അതിഥിയായി മാരകരോഗം ആ കുടുംബത്തിലേയ്ക്ക് വരുന്നത്. ആ തലമുറ മാത്രമല്ല അടുത്ത തലമുറകൂടി കടക്കെണിയിലാകുന്ന വിധത്തിലാണ് പല രോഗങ്ങളും എത്തിച്ചേരുന്നത്. അതോടെ കുടുംബമാകെ പ്രതിസന്ധിയിലാകും. നമുക്കെന്ത് സഹായം ചെയ്യാൻ കഴിയുമെന്നും അവരെ എങ്ങനെ താങ്ങിനിർത്താൻ കഴിയുമെന്നും അവരെ എങ്ങനെ ചൂഷണം ചെയ്യാതിരിക്കാൻ കഴിയുമെന്നും ചിന്തിക്കണം. ഒരാൾ മരണത്തെ മുഖാമുഖം കാണുന്ന ദയനീയ അവസ്ഥയിൽ അവരുമായി പ്രവർത്തിക്കുന്നവരെ നിയന്ത്രിക്കാൻ ഒരു വെൽഫെയർ സ്റ്റേറ്റിന് എങ്ങനെ കഴിയുമെന്ന പ്രധാനപ്പെട്ട ചോദ്യംകൂടി നമ്മുടെ മുന്നിലുണ്ട്. നമുക്ക് ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്യുകയും കർക്കശമായ നിലപാടുകൾ സ്വീകരിക്കുകയും വേണം. നല്ല രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മുന്നോട്ടുപോകാൻ കഴിയുന്നതോടൊപ്പം അനിയന്ത്രിതമായി ചൂഷണം നടത്തുന്നവരെ നിലയ്ക്കുനിർത്താൻ ഗവൺമെന്റും ജനപ്രതിനിധികളുമുണ്ടെന്ന് ബോധ്യപ്പെടുത്തുന്ന മഹത്തായ ലക്ഷ്യം ഈ നിയമം നടപ്പിലാക്കുമ്പോൾ നമ്മുടെ മനസ്സിലുണ്ടാകണമെന്ന് പറഞ്ഞുകൊണ്ടും ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ടും നിർത്തുന്നു.

ശ്രീമതി ഗീതാ ഗോപിക്കുവേണ്ടി ശ്രീ. ഇ. കെ. വിജയൻ: സർ, ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ള 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ കേരളത്തിലെ ചികിത്സാരംഗത്ത് വിപ്ലവകരമായ ഒരു മാറ്റം സൃഷ്ടിക്കാനുതകുന്നതാണ്. ഈ സർക്കാർ നാല് മിഷൻ പ്രഖ്യാപിച്ച് അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നതിൽ ഏറ്റവും ഊന്നൽ നൽകിയിട്ടുള്ള ഒരു രംഗമാണ് ആരോഗ്യ രംഗത്തെ 'ആർദ്രം' പദ്ധതി. ഇവിടെ സംസാരിച്ചവരൊക്കെ സൂചിപ്പിച്ചതുപോലെ നമുക്കേറ്റവും നല്ല ചികിത്സ ലഭിക്കുന്നത് സർക്കാർ ആശുപത്രികളിൽ നിന്നാണെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. മെഡിക്കൽ കോളേജ് മുതൽ താഴെയുള്ള ആശുപത്രി സംവിധാനങ്ങൾവരെ പരിശോധിച്ചാൽ നമുക്ക് അത് കാണാൻ സാധിക്കും. താഴെത്തട്ടിലെ ആശുപത്രികൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക ആശുപത്രികൾക്ക് ആ പ്രദേശത്തെ കുടുംബങ്ങൾ, രോഗികൾ എന്നിവരെ അറിയാവുന്ന രീതിയിലേയ്ക്ക് മാറുകയും പാരമ്പര്യമായി ആ കുടുംബവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ട് അവരെ ചികിത്സിക്കുന്ന ഒരു സംവിധാനത്തിലേയ്ക്ക് വരികയുമാണ്. നേരത്തെ നമ്മുടെ നാട്ടിലൊക്കെ ഫിസിഷ്യൻമാരുണ്ടായിരുന്നു. ഇതുപോലെ സ്പെഷ്യലിസ്റ്റുകളൊന്നും തന്നെ ഉണ്ടായിരുന്നില്ല. അവർ രോഗിയെ പരിശോധിച്ച് ചികിത്സിക്കുകവഴി ഫലപ്രദമായ ചികിത്സാ സംവിധാനം ലഭിച്ചു. കാലം മാറി, എല്ലാ രോഗത്തിനും വിവിധ സ്പെഷ്യലിസ്റ്റ് സംവിധാനം വരികയും ചികിത്സാ സംവിധാനങ്ങൾ മാറുകയും ചെയ്തപ്പോൾ കൂണുപോലെ ആശുപത്രികളും ക്ലിനിക്കൽ സംവിധാനങ്ങളും ഉയരുന്ന സാഹചര്യം വന്നു. ഏറ്റവും കൂടുതൽ ലാഭമുണ്ടാക്കാൻ കഴിയുന്നത് മനുഷ്യരിലൂടെയാണെന്ന് കണ്ടുകൊണ്ട് കേരളത്തിലെ പണമുള്ള വലിയ മുതലാളിമാരാണ് ഇന്ന് ചികിത്സാ രംഗത്തേയ്ക്ക് കടന്നുവന്നിട്ടുള്ളത്. നേരത്തെ ഒരു സേവന മാർഗ്ഗമെന്ന നിലയ്ക്കാണ് അലോപ്പതി, ആയുർവ്വേദ, ഹോമിയോ മേഖലകളും ആ രംഗത്തെ ഡോക്ടർമാരും ഇതിനെ കണ്ടിരുന്നത്. എന്നാൽ ഇന്ന് അതുമാറി, ഏറ്റവും കൂടുതൽ ലാഭമുണ്ടാക്കാൻ കഴിയുന്ന ഒരു വ്യാവസായിക മേഖലയാക്കി ഇതിനെ മാറ്റുകയാണ് ചെയ്തിട്ടുള്ളത്. ഇവിടെ നേരത്തെ ബഹുമാന്യനായ വി. ഡി. സതീശൻ സൂചിപ്പിച്ചതു പോലെ ഒരു വലിയ മാറ്റമാണ് സമൂഹത്തിലുണ്ടായത്. കോഴിക്കോട് നഗരത്തിൽ കൊടുവള്ളിയിലാണ് നേരത്തെ ഏറ്റവും കൂടുതൽ സ്വർണ്ണക്കടകളുണ്ടായിരുന്നതെങ്കിൽ ഇന്ന് കോഴിക്കോട് നഗരത്തിൽ ഏറ്റവും വലിയ ലോഡ്ജ് സംവിധാനം കഴിഞ്ഞാൽ കാണാവുന്നത് ആശുപത്രി കെട്ടിടങ്ങളാണ്. 'കല്ല്യാണം കഴിഞ്ഞ് ഗർഭിണിയായാൽ 9 മാസം കഴിഞ്ഞ് കുട്ടിയേയും കൊണ്ട് തിരിച്ചുപോകാം' എന്ന നിലയിലുള്ള ആശുപത്രി അവിടെ വന്നിരിക്കുകയാണ്. മനുഷ്യരുടെ മനസ്സിലും കുടുംബ ജീവിതത്തിലും വ്യക്തികളിലും സമൂഹത്തിലും വരുത്തേണ്ട ഒരു മാറ്റമാണ് ഗർഭം ഒരു രോഗമല്ല എന്നുള്ളത്. പക്ഷെ നമ്മൾ ആശുപത്രിയിലേയ്ക്ക് എത്തുകയാണ്. അതിന് ഇത്ര രൂപയാണെന്ന് അവർ പരസ്യം ചെയ്തിട്ടുണ്ട്. സാംസ്കാരിക പാരമ്പര്യമുള്ള കേരളത്തിൽ

വന്ന ഒരു മാറ്റമാണിത്. ഇതെങ്ങനെ തടയാൻ കഴിയും; ആദ്യം നമ്മുടെ മനസ്സിനെ മാറ്റിയെടുക്കാനുള്ള ശ്രമം ഇതിന്റെ ഭാഗമായി നടത്തണം. 'ഗർഭം' അല്ലെങ്കിൽ 'പ്രസവം' എന്നുപറയുന്നത് ഒരു രോഗമല്ല. പക്ഷെ അതൊരു രോഗമാണെന്ന് തോന്നിക്കുന്ന പരസ്യം ചെയ്ത് ഇത്തരം ആശുപത്രി സംവിധാനങ്ങളുണ്ടാക്കി, പഞ്ചനക്ഷത്ര സൗകര്യങ്ങൾ സൃഷ്ടിച്ച് അവിടെ കിടക്കാനുള്ള സൗകര്യമൊരുക്കിയിരിക്കുകയാണ്. ഒരു കുട്ടി വീട്ടിലും നാട്ടിൻപുറങ്ങളിലുള്ള യാത്രാവഴികളിലൂടെയും അമ്മയുടെ വയറ്റിൽ വളർന്നുവരുമ്പോഴുണ്ടാകുന്ന ഒരു മാനസിക നിലയല്ല, നാല് ചുവരുകൾക്കുള്ളിൽനിന്ന് ആ കുട്ടിക്ക് ലഭിക്കുന്നത് എന്നത് ഒരു വസ്തുതയാണ്. ഇതുപോലെയാണ് എല്ലാ ചികിത്സാ മേഖലകളും ഇന്ന് ഉയർന്നുവന്നിട്ടുള്ളത്. കാൻസർ രോഗവുമായി ബന്ധപ്പെട്ട് മെഡിക്കൽ എഥിക്സ് ഇല്ലാത്ത ഒരു സാഹചര്യത്തിലേയ്ക്ക് വരികയാണ്. ബഹുമാന്യനായ ഡെപ്യൂട്ടി സ്പീക്കർ വി. ശശി, കഴിഞ്ഞ നിയമസഭയിൽ അന്നത്തെ മുഖ്യമന്ത്രിയുടെയും ആരോഗ്യ വകുപ്പുമന്ത്രിയുടെയും മുമ്പിൽ തിരുവനന്തപുരത്ത് ഒരു ആശുപത്രിയിൽ മരിക്കുമെന്ന് നിർണ്ണയിക്കപ്പെട്ട ഒരു രോഗിക്ക് 2.5 ലക്ഷം രൂപയുടെ മരുന്ന് എഴുതിക്കൊടുത്ത വിഷയം സൂചിപ്പിച്ചു. രണ്ട് ദിവസം കഴിഞ്ഞ് രോഗി മരിച്ചു. 2.5 ലക്ഷം രൂപയുടെ മരുന്നാണ് എഴുതിക്കൊടുത്തത്. പല ആശുപത്രികളിലും ചികിത്സകളുമായി ബന്ധപ്പെട്ട് ഡോക്ടർമാർ ഇങ്ങനെ ചെയ്യുകയാണ്. ഇവരെ ക്യാൻവാസ് ചെയ്യുന്നത് മരുന്ന് കമ്പനികളാണ്. അതിന്റെ അടിസ്ഥാനത്തിൽ പുതിയ മരുന്നുകൾ രോഗികളുടെമേൽ പരീക്ഷിക്കുന്ന സ്ഥിതി സംസ്ഥാനത്ത് വന്നിരിക്കുകയാണ്. രോഗിയുടെ മകനോടോ മകളോടോ അടുത്ത ബന്ധുക്കളോടോ ആ മരുന്നുകൂടി നൽകിയാൽ എങ്ങനെയെങ്കിലും അച്ഛനേയോ അമ്മയേയോ ബന്ധുവിനേയോ രക്ഷപ്പെടുത്താൻ കഴിയുമെന്ന് പറഞ്ഞാൽ അവരത് ചെയ്യാൻ നിർബന്ധിതരാകുകയാണ്. ഇതിനായി നാട്ടിൽ ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് പണം സ്വരൂപിച്ച് എങ്ങനെയെങ്കിലും എത്തിച്ചുകൊടുക്കാനുള്ള പരിശ്രമം നടത്തുന്നു. ഇത്തരം പരീക്ഷണങ്ങൾ നടത്തുന്നത് മെഡിക്കൽ എഥിക്സിനെതിരായുള്ള ഒരു പ്രവർത്തനം നമ്മുടെ നാട്ടിൽ നടക്കുന്നുവെന്നുള്ളതിന്റെ തെളിവാണത്. ശ്രീ. വി. ശശി അവതരിപ്പിച്ച വിഷയത്തിൻമേൽ എന്ത് തീരുമാനമായി എന്ന് എനിക്കറിയില്ല, മരുന്നിന്റെ തുക റീ-ഇംബേഴ്സ് ചെയ്ത് കൊടുക്കണമെന്നായിരുന്നു അന്ന് ആവശ്യപ്പെട്ടിരുന്നത്. സാന്ദർഭികമായി ഞാൻ അത് ഓർത്തുപോയതാണ്. വിവിധങ്ങളായ മേഖലകളുമായി ബന്ധപ്പെട്ട് ഇവിടെ സൂചിപ്പിക്കുമ്പോൾ വിട്ടുപോയ ഒന്ന് ഫിസിയോ തെറാപ്പിയാണ്. ഫിസിയോ തെറാപ്പി വിവിധ മേഖലകളിലുണ്ട്. നേരത്തെ ഇവിടെ പറഞ്ഞ ഒക്യുപേഷണൽ തെറാപ്പിയുൾപ്പെടെ കളരി, യോഗ അതോടൊപ്പം പാരമ്പര്യ ചികിത്സയുമായി ബന്ധപ്പെട്ടുള്ള ചികിത്സകളിലെല്ലാംത്തന്നെ പുതിയ കള്ളനാണയങ്ങൾ കടന്നുവന്നിരിക്കുകയാണ്. ആയുർവ്വേദ രംഗത്ത് ഫിസിയോ തെറാപ്പിയുമായി ബന്ധപ്പെട്ട് പുതിയ പരസ്യങ്ങൾ ടി.വി.-യിൽ കാണുകയാണ്. ചില യന്ത്രങ്ങൾ വാങ്ങി കറക്കിയാൽ വേദന മാറും എന്നുപറയുന്ന ചികിത്സ ഇന്ന് ആയുർവ്വേദത്തിന്റെ പേരിൽ നടത്താൻ സന്നദ്ധരായി വരുന്ന ഒരു സാഹചര്യമുണ്ട്.

ഡോ. എൻ. ജയരാജ്: സർ, ഇവിടെ സൂചിപ്പിച്ച ഒരു പ്രധാനപ്പെട്ട കാര്യം, എന്റെ നാട് ഫിസിയോ തെറാപ്പിയുമായി ബന്ധപ്പെട്ട് കളരി ചികിത്സയുള്ള സ്ഥലമാണ്. അവിടെ ഒട്ടേറെ കളരികളുണ്ട്. പക്ഷെ പല സ്ഥലങ്ങളിലും കളരി ഗുരുക്കൾ എന്നുപറഞ്ഞുകൊണ്ട് പുതിയ ബോർഡുകൾ വരികയാണ്. കളരി ചികിത്സ ദീർഘകാലംകൊണ്ട് അടിസ്ഥാനപരമായി പഠിച്ചെടുക്കേണ്ട പാരമ്പര്യമായി സിദ്ധിച്ചിട്ടുള്ള അറിവിന്റെ ഭാഗമാണ്. ഇപ്പോൾ 'ക്രിക്കറ്റ് എൽബോ' എന്ന ഒരു അസുഖമുണ്ട്. ഞങ്ങളുടെ നാട്ടിൽ ചികിത്സിച്ച് ഭേദമാക്കാൻ കഴിയുന്ന ഒരു രോഗമാണത്. അലോപ്പതിയിൽപ്പോലും ഇതിന് കൃത്യമായ ട്രീറ്റ്മെന്റുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. പക്ഷെ അത് പലപ്പോഴും അലോപ്പതി അംഗീകരിക്കാറില്ല. ഞാൻ സൂചിപ്പിച്ചത്, നിയന്ത്രണം വരുമ്പോൾ വലയ്ക്കകത്തുള്ള വലിയ മീനുകളെല്ലാം ചാടിപ്പോകും. പരമ്പരാഗതമായി കളരി ചികിത്സപോലുള്ള പാരമ്പര്യ അറിവുകൾ വച്ചുപുലർത്തി അതിനെ വളരെ ആത്മസമർപ്പണത്തോടെ കാണുന്ന ഒരു വലിയ വിഭാഗം ആളുകളുണ്ട്, അങ്ങനെയുള്ളവർ വടകരയിലൊക്കെത്തന്നെയുണ്ടെന്ന് എനിക്ക് തോന്നുന്നു. തീർച്ചയായും അവരെ സംരക്ഷിച്ചുകൊണ്ടുള്ള ഒരു സംവിധാനം ഇക്കാര്യത്തിലുണ്ടാകണം. നമ്മുടെ പാരമ്പര്യമായ അറിവുകൾ ചികിത്സാ രംഗത്താണെങ്കിലും നിലനിർത്തിക്കൊണ്ട് പോകുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമ്മൾ നേരിടുന്ന ഏറ്റവും വലിയ ദുരന്തങ്ങളിലൊന്ന് അത്തരം പാരമ്പര്യ അറിവുകളെ വിസ്മരിച്ചുവെന്നതാണ്. വടകരപോലുള്ള ഒരു പ്രദേശത്തുനിന്ന് കടന്നുവരുന്ന ഒരു ജനപ്രതിനിധി എന്നുള്ള നിലയിൽ കളരി ചികിത്സയെ നിലനിർത്തിക്കൊണ്ടുപോകാനുള്ള ഒരു ശ്രമംകൂടി ഇതിന്റെ ഭാഗമായി ഉണ്ടാകേണ്ടതല്ലേ എന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. ഇ. കെ. വിജയൻ: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ കോഴിക്കോട് ജില്ലയിൽ, പൊതുവേ മലബാർ മേഖലയിൽ ആരോഗ്യ സംരക്ഷണത്തിന് കളരിയിൽ ചികിത്സയുണ്ട്. ഇവിടത്തെ പ്രശ്നം, രോഗികളുടെ എണ്ണം കൂടുമ്പോൾ ആരോഗ്യം നിലനിർത്തുക എന്നതിന്റെ അടിസ്ഥാനത്തിലാണ് പാരമ്പര്യമായി എല്ലാ വർഷവും കളരി അഭ്യസിച്ചിരുന്നത്. അതിന്റെ ഭാഗമായി ഉണ്ടാകുന്ന ഒടിവുകളും ചതവുകളും എണ്ണ, കുഴമ്പ് എന്നിവയൊക്കെ ഉപയോഗിച്ച് പരിഹരിക്കാനുള്ള സംവിധാനങ്ങളും അവർക്കറിയാമായിരുന്നു.

ശ്രീ. സി. കെ. നാണു: സർ, കോഴിക്കോട് പണ്ട് നാഗ്ജി ഫുട്ബോൾ ഉണ്ടായിരുന്ന കാലത്ത് കൽക്കട്ടയിൽനിന്ന് വരുന്ന പ്രധാനപ്പെട്ട കളിക്കാരടക്കം കളിച്ച് എല്ല് പൊട്ടിയാൽ മെഡിക്കൽ കോളേജിൽ പോയി ശസ്ത്രക്രിയ നടത്തി ശരിയാക്കുന്നതിനേക്കാളും കോഴിക്കോട്ടുള്ള പ്രധാനപ്പെട്ട കളരി ഗുരുക്കന്മാരുടെ അടുത്തായിരുന്നു ചികിത്സ തേടിയിരുന്നത് എന്നുള്ള കാര്യം നമ്മൾ മറന്നു. അലോപ്പതി വളരെ ചുരുക്കമായിരുന്ന സമയത്ത് പനി വന്നാൽ ചികിത്സിച്ചിരുന്നത്

നാട്ടിലെ വിവിധ ഭാഗങ്ങളിലുണ്ടായിരുന്ന ആയുർവ്വേദ നാട്ടുവൈദ്യന്മാരായിരുന്നു. ഇന്ന് നമ്മൾ ആയുർവ്വേദത്തെ മറന്നു. ഇവിടെ ലക്ഷകണക്കിന് രൂപ ചെലവാക്കുന്നത് സംബന്ധിച്ച് പറഞ്ഞു. പഴയ നാട്ടുവൈദ്യവും ഡോ. എൻ. ജയരാജ് പറഞ്ഞതു പോലെ കളരിയിലൂടെ ശരീരം മെച്ചപ്പെടുത്തുന്നതുമെല്ലാം നമ്മുടെ നാട്ടിലുണ്ടായിരുന്നു. ഇതെല്ലാം മറന്നിട്ട് അലോപ്പതിയുടെ പേരിൽ കോടിക്കണക്കിന് രൂപ കൊള്ള ലാഭം എടുക്കുന്നതിനെ സംബന്ധിച്ചാണ് ഇവിടെ പ്രധാനമായും ചർച്ച ചെയ്യുന്നത്. കേരളത്തിന്റെ തനതായ ആയുർവ്വേദത്തെ ഫലപ്രദമായി ഈ കാലഘട്ടത്തിൽ ഉപയോഗിക്കുന്നത് സംബന്ധിച്ച് നമ്മളെന്തുകൊണ്ട് ഗൗരവമായി ആലോചിക്കുന്നില്ലെന്ന പ്രശ്നം ബഹുമാനപ്പെട്ട അംഗം പരിശോധിക്കുമോ?

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ബഹുമാന്യനായ സി. കെ. നാണു സൂചിപ്പിച്ചത് നമ്മുടെ നാട്ടിലെ പരമ്പരാഗതമായ ഇത്തരം ചികിത്സാ സംവിധാനങ്ങൾ രോഗത്തെ അല്ല ചികിത്സിച്ചിരുന്നത്, പകരം ശരീരത്തിലെ രോഗത്തിന്റെ അവസ്ഥയെ തടയുകയെന്ന ലക്ഷ്യംവച്ചുകൊണ്ടാണ് ശരീരത്തിന്റെ ആരോഗ്യം സംരക്ഷിക്കാൻവേണ്ടി കഴിഞ്ഞകാല വൈദ്യശാസ്ത്ര രംഗത്ത് ആയുർവ്വേദവും കളരിയുമൊക്കെ ചെയ്തിരുന്നത് എന്നതാണ് യാഥാർത്ഥ്യം. അതിനനുസൃതമായി ഒരുവർഷത്തിൽ 30 അല്ലെങ്കിൽ 40 ദിവസം ശരീരത്തെ ചിട്ടപ്പെടുത്തുകയും ഒരു വർഷത്തേയ്ക്കുള്ള ആയോധനകലയിലൂടെ ആരോഗ്യം സംരക്ഷിക്കാനുള്ള സംവിധാനങ്ങളാണ് കളരിയിലൂടെ ഉണ്ടായിരുന്നത്. അലോപ്പതി ചികിത്സയുമായി ബന്ധപ്പെട്ട് ഓർത്തോ ഡോക്ടറെ കണ്ട് പ്ലാസ്റ്ററിട്ട് അതിനുശേഷം കൈ വളഞ്ഞ ഒരു രോഗി കളരി ഗുരുക്കളുടെ അടുത്തെത്തിക്കഴിഞ്ഞാൽ അദ്ദേഹം ആ കയ്യുടെ എല്ല് പൊട്ടിക്കുകയും എന്നിട്ട് കൈ നേരെയാക്കുകയും ചെയ്യുന്ന സംവിധാനങ്ങളും കാണാൻ കഴിയും. ഒരു എക്സ്റേ പോലും എടുക്കാതെ അത് ചെയ്യാൻ കഴിയുമെന്ന് അത്രയേറെ പ്രാഗത്ഭ്യം തെളിയിച്ചവരാണ് അവർ. എന്നാൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ വർത്തമാനകാല സാഹചര്യത്തിലെ പണത്തിനോടുള്ള അമിതമായ താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിൽ ഈ രംഗത്തേയ്ക്ക് മുതലാളിമാർ കടന്നുവന്നപ്പോൾ മനുഷ്യജീവനും മനുഷ്യനോടുള്ള സ്നേഹത്തിനുമല്ല അവർക്ക് താൽപ്പര്യം. ഒരാളെ കിട്ടിയാൽ എത്ര പണം അവരിൽനിന്ന് കവർന്നെടുക്കാമെന്നതിന്റെ അടിസ്ഥാനത്തിലാണ് ഐ.സി.യു. ആയാലും വെന്റിലേറ്ററായാലും ഇത്തരം ടെസ്റ്റുകളിലേയ്ക്കും മറ്റും കടന്നുപോയിട്ടുള്ളത്. നേരത്തെ ഇതൊക്കെ ഡോക്ടർമാർ ഫിസിഷ്യൻ എന്ന നിലയ്ക്ക് ചികിത്സിക്കാനുള്ള സംവിധാനങ്ങളാണ് ഉണ്ടായിരുന്നതെങ്കിൽ അതിൽനിന്നും നേരെ തിരിച്ചുപോക്കാണ് ഇതിന്റെ ഭാഗമായി ഉണ്ടായത്. ആർദ്രം പദ്ധതിയിലൂടെ നമ്മുടെ കുടുംബാരോഗ്യ കേന്ദ്രം എന്ന നിലയ്ക്ക് അതിനൊരു മാറ്റം ഉണ്ടാക്കിയെടുക്കാൻ കഴിയുമെന്നാണ് എന്റെ പ്രതീക്ഷ. ചികിത്സാരംഗം ഇന്ന് മരുന്ന് കമ്പനികൾക്ക് വിധേയപ്പെടുന്ന നിലയിലേയ്ക്കാണ് മാറുന്നത്. നേരത്തെ ഇവിടെ 'ഫാം ഡി'-യെ കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഒരാൾക്ക് എന്തെല്ലാം രോഗങ്ങളുണ്ടെന്ന് കാണാതെ

മരുന്നുകൾ കുറിച്ചുകൊടുക്കുമ്പോൾ ഉണ്ടാകുന്ന ഒട്ടേറെ അസുഖങ്ങളാണ് ഇന്ന് നമുക്ക് വെല്ലുവിളിയായി ഉയർന്നുവരുന്നത്. അതിന് 'ഫാം ഡി' അംഗീകരിക്കുന്ന നില വരണം. അത് അംഗീകരിക്കാത്ത നില വരുന്നതിന് കാരണം വിവിധങ്ങളായ വലിയ മരുന്ന് കമ്പനികളാണ്. നമ്മുടെ മെഡിക്കൽ കോളേജുകളും മറ്റുചില സ്വകാര്യ ആശുപത്രികളുമുൾപ്പെടെ 'ഫാം ഡി' കഴിഞ്ഞ ആളുകൾ ഇത്തരം ചികിത്സ നടത്തുമ്പോൾ മരുന്നിന്റെ ക്വാളിറ്റി പരിശോധിക്കാൻ സംവിധാനമുണ്ടാക്കണം. അല്ലെങ്കിൽ അത് ശരീരത്തിൽ എങ്ങനെ പ്രയോഗിക്കുമെന്നതിനെക്കുറിച്ചും അതിലുള്ള ചേരുവകകളെ കുറിച്ചും മനസ്സിലാക്കിക്കൊടുക്കാനുള്ള സംവിധാനം ഉണ്ടാകേണ്ടതുണ്ട്. കമ്പനികൾ മരുന്നുകളിറക്കുമ്പോൾ നമുക്ക് അതിന്റെ പരിശോധന നടത്താനുള്ള സംവിധാനം വളരെ കുറവാണ്. അത് പരിശോധിച്ചുവരുമ്പോഴേയ്ക്കും ആ ബാച്ച് മാറുകയും പുതിയ പേരിൽ ബാച്ചുകൾ ഇറങ്ങുകയും ചെയ്യും. ഇത് പരിഗണനയിൽ വരേണ്ട ഒരു പ്രശ്നമാണ്. സോഷ്യൽമീഡിയയിലൊക്കെ പാരസെറ്റമോൾ ഉപയോഗിച്ചാലുണ്ടാകുന്ന പ്രശ്നങ്ങളെ കുറിച്ച് ഭീകരമായ വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഡെങ്കിപ്പനി വരുന്ന ഒരാളിന് ആകെയുള്ള ചികിത്സ എന്നുപറയുന്നത് രണ്ടുദിവസത്തെ പാരസെറ്റമോളിന്റെ ഉപയോഗത്തിനുശേഷം പൂർണ്ണമായ വിശ്രമമാണ്. അതുണ്ടാക്കുന്ന പ്രശ്നങ്ങളെന്തൊക്കെയാണ് എന്നതിനെക്കുറിച്ച് മനസ്സിലാക്കാനുള്ള ഒരു ജനകീയ അവബോധവും അതിന്റെ ക്വാളിറ്റി പരിശോധിക്കാനുള്ള സംവിധാനവും ഉണ്ടാക്കേണ്ടതുണ്ട്. ഗവൺമെന്റ് ആശുപത്രികളിൽനിന്ന് പാരസെറ്റമോൾ കുറഞ്ഞ വിലയ്ക്ക് കൊടുക്കാൻ കഴിയും. അത് മെഡിക്കൽ ഷോപ്പിൽനിന്ന് വിവിധങ്ങളായ പേരുകളിൽ വിലകൂട്ടിയാണ് വാങ്ങാൻ കഴിയുന്നത്. നമ്മുടെ സ്വകാര്യ ആശുപത്രികൾ ഫാർമസികൾ നടത്തുന്നുണ്ട്. എന്നാൽ ഈ ഫാർമസികളിൽ ഫാർമസിസ്റ്റില്ല. ഒട്ടേറെ സ്വകാര്യ ആശുപത്രികളിലെ ഫാർമസികളിൽ ഫ്രെയിം ചെയ്തുവച്ചിട്ടുള്ള സർട്ടിഫിക്കറ്റിൽ കുറെ ആശുപത്രികളിൽ പോകുന്ന ഫാർമസിസ്റ്റിന്റെ പേരാണുള്ളത് എന്നതാണ് യാഥാർത്ഥ്യം. എന്നാൽ ഫാർമസിസ്റ്റില്ലാതെ ഒരു മെഡിക്കൽ ഷോപ്പും നടത്താൻ പാടില്ല. ഫാർമസിസ്റ്റില്ലാതെയാണ് സ്വകാര്യ ആശുപത്രികളിലെ ഫാർമസികളെല്ലാം പ്രവർത്തിക്കുന്നതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

അതുപോലെ ഇൻഷ്വറൻസിന്റെ കാര്യം ശ്രീ. വി. ഡി. സതീശൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ ആശുപത്രികളിൽ ഇപ്പോഴുള്ളൊരു സൗകര്യമാണ് ആർ.എസ്.ബി.വൈ. പദ്ധതി. ഇപ്പോൾ വിവിധ ആശുപത്രികൾ അത് കൊടുക്കുന്നില്ല. മാത്രമല്ല ആ സംവിധാനം വന്നപ്പോൾ ബില്ലിന്റെ അളവ് വലിയതോതിൽ കൂടുകയും ചെയ്തു. ഇതിന്റെ ഭാഗമായല്ലെങ്കിൽപ്പോലും അതിനൊരു നിലപാട് ഉയർന്നുവരേണ്ടതുണ്ട്. ആശുപത്രികളുടെ പരിസരത്താണ് നമ്മുടെ ക്ലിനിക്കുകൾ മുഴുവനും പ്രവർത്തിക്കുന്നത്. അവിടെ പരിശോധിക്കുന്ന റിസൽട്ട് കുറ്റമറ്റതാണോ എന്ന് ഒരിക്കലും നമുക്ക് അറിയാൻ കഴിയില്ല. ജില്ലകളിൽ വിവിധ ടെസ്റ്റുകൾ നടത്തുമ്പോൾ ആ ടെസ്റ്റ്

റിസൽട്ടുകൾ പരിശോധനയുടെ ഭാഗമായി അതേ സമയംതന്നെ സെർവ്വറിന്റെ സഹായത്തോടെ ജില്ലാ കേന്ദ്രത്തിൽ എത്തിക്കുന്നതിനുള്ള നില വരണം. അതിന്റെ അടിസ്ഥാനത്തിൽ എയ്ഡ്സ്, അതുപോലുള്ള മറ്റു പല രോഗങ്ങൾ എന്നിവ ഉണ്ടെന്ന് ആധികാരികമായി ഗവൺമെന്റിന് അറിയാൻ കഴിയും. അതിന്റെയൊരു രേഖ നമുക്ക് ഉണ്ടാക്കിയെടുക്കാൻ കഴിയും. എന്നാൽ ടെസ്റ്റുകളിൽ എയ്ഡ്സ് രോഗി അല്ലാത്തൊരാൾക്ക് എയ്ഡ്സാണെന്ന് റിസൽട്ട് വന്നതിന്റെ അടിസ്ഥാനത്തിൽ ആ വ്യക്തിക്ക് പുറത്തിറങ്ങി നടക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇത്തരം ലാബുകളിൽനിന്ന് ടെസ്റ്റ് റിസൽട്ട് തത്സമയം ഒരു സെർവ്വറിന്റെ അടിസ്ഥാനത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ സൂക്ഷിക്കാനുള്ള സൗകര്യംകൂടി ഇതിന്റെ ഭാഗമായി ഉയർന്നു വരേണ്ടതുണ്ട്. അപ്പോൾ കുറ്റമറ്റരീതിയിൽ ടെസ്റ്റുകൾ നടക്കുന്നുവെന്നതിനെക്കുറിച്ച് രോഗികൾക്കൊരു ധാരണയുണ്ടാകും.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, അങ്ങ് ഇവിടെ ലാബിന്റെ ക്വാളിറ്റിയെ പറ്റിയാണല്ലോ സംസാരിച്ചത്. ലാബുകളിൽനിന്നുള്ള റിസൽട്ട് പലതായി വരുന്നുവെന്ന യാഥാർത്ഥ്യം നമ്മൾ പലപ്പോഴും കാണുന്നുണ്ട്. അതുകൊണ്ട് ലാബ് ടെക്നീഷ്യൻമാർക്ക് ഇതുപോലുള്ള മേഖലകളിൽ വർക്ക് ചെയ്യാനുള്ള കഴിവുണ്ടോയെന്ന് ടെസ്റ്റ് നടത്തുകയോ അല്ലെങ്കിൽ മൂന്നുമാസം ട്രെയിനിംഗ് നൽകുകയോ ചെയ്യേണ്ടതല്ലേ?

<u>ശ്രീ. കെ. ആൻസലൻ</u> : സർ, മൂന്നുവർഷത്തിനുമുമ്പ് വിഴിഞ്ഞത്തിനടുത്ത് ഒരു സ്വകാര്യ ലാബിൽ പട്ടിയുടെയും കോഴിയുടെയും രക്തം കൊണ്ടുകൊടുത്തിട്ട് മനുഷ്യന്റെ പേരും വയസ്സും പറഞ്ഞ് കൊളസ്ട്രോളും ഷുഗറും പരിശോധിച്ച് റിസൽട്ട് ആവശ്യപ്പെട്ടു. അവിടെനിന്ന് കൃത്യമായ റിസൽട്ട് കൊടുത്തു. നമ്മുടെ നാട്ടിലെ ലാബുകൾ മിക്കവാറും ശരാശരി കണക്കുവച്ച് റിസൽട്ട് കൊടുക്കുന്ന രൂപത്തിലേയ്ക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. ഇത് അപകടകരമായ ഒരവസ്ഥയാണ്. കർശനമായൊരു നിയമം ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകേണ്ടതുണ്ട്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, നമ്മുടെ നാട്ടിൻപുറങ്ങളിലുള്ള ഇത്തരം ക്ലിനിക്കുകളുടെ പോരായ്മയാണ് അംഗം സൂചിപ്പിച്ചത്. തീർച്ചയായും റിസൽട്ടിൽ പലപ്പോഴും ബ്ലഡ് ഗ്രൂപ്പ്പോലും മാറിവന്ന അനുഭവങ്ങളുണ്ട്. പക്ഷെ ഇത്തരം പിഴവുകൾ സംഭവിച്ചാൽ ആ വ്യക്തിയോ കുടുംബമോ അതുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകാൻ പലപ്പോഴും തയ്യാറാകില്ല. ചിലപ്പോൾ അവർ വളരെ പാവപ്പെട്ട മനുഷ്യരായിരിക്കും. അവരെ സ്വാധീനിക്കാൻ കെൽപ്പുള്ളവരായിരിക്കും ഇവരുടെ സംഘടനയും ഈ സ്ഥാപനത്തിന്റെ ഉടമയും. ഈ വിവരം പുറത്തറിഞ്ഞാൽ ഉടൻതന്നെ അവരെ സ്വാധീനിച്ച് പരാതി കൊടുക്കുന്നതിൽനിന്നും തടയപ്പെടുന്ന സാഹചര്യവുമുണ്ട്. അതുകൊണ്ട് ഒരു ലാബിൽനിന്ന് ഇത്തരം ടെസ്റ്റുകൾ നടത്തി കഴിഞ്ഞാൽ രോഗിയുടെ കയ്യിലേയ്ക്ക് ടെസ്റ്റ് റിസൾട്ട് നൽകുന്ന സമയത്തുതന്നെ

അതിന്റെ കോപ്പി ജില്ലാ കേന്ദ്രത്തിലെ ഒരു സെർവ്വറിലേയ്ക്ക് എത്തിച്ച് അവിടെ സൂക്ഷിക്കാനുള്ള സംവിധാനമുണ്ടായാൽ അതിനുശേഷം ഇതിലുണ്ടായ തെറ്റ് എന്താണെന്ന് പരിശോധിച്ച് നിയമ നടപടിക്ക് വിധേയമാക്കുമ്പോൾ യഥാർത്ഥ വസ്തുത മനസ്സിലാക്കാൻ സാധിക്കും. അങ്ങനെ മാത്രമേ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ. ഞാൻ നേരത്തെ കാൻസറിന്റെ കാര്യം മാത്രമാണ് പറഞ്ഞത്. ഹൃദ്രോഗവുമായി ബന്ധപ്പെട്ട ചികിത്സകളിലും ഇതുപോലെ സ്റ്റെന്റ് ഉപയോഗിക്കുന്ന വിഷയങ്ങളുണ്ട്. ഒരു വെല്ലുവിളി എന്ന നിലയ്ക്ക് കേരളത്തിൽ ഇതിന്റെ നിർമ്മാണത്തെക്കുറിച്ച് നാം ആലോചിക്കണം. വളരെ ചുരുങ്ങിയ വിലയ്ക്ക് നമുക്ക് ഇത് കൊടുക്കാൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്. എന്തുകൊണ്ട് നമുക്ക് സ്റ്റെന്റ് നിർമ്മിച്ചുകൂടാ? വേൾഡ് മാർക്കറ്റിനേയും മറ്റും ആശ്രയിച്ച് ഇത് അമേരിക്കയിലേതാണ്, ഇംഗ്ലണ്ടിലേതാണ്, ബോംബെയിൽനിന്ന് വാങ്ങിയതാണ്, ഇതിൽ ഏതുവേണം എന്ന് ചോദിക്കുന്ന ഒരു സംവിധാനം നമ്മുടെ ആശുപത്രികളിലുണ്ട്. അത് മാറ്റിയെടുക്കുന്ന സാഹചര്യം ഇതിന്റെ ഭാഗമായി ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. അത് കേരളത്തിന് വളരെ സഹായകരമായിരിക്കും. അതോടൊപ്പം വലിയ ആശുപത്രികളിൽ ജോലിചെയ്യുന്ന ഡോക്ടർമാർ താലൂക്കിലും മറ്റുചില കേന്ദ്രങ്ങളിലും വന്ന് ജോലി ചെയ്യാറുണ്ട്. ഉദാഹരണത്തിന് അവിടെ നെഞ്ചുവേദനയുമായി ഒരാൾ എത്തിക്കഴിഞ്ഞാൽ ആ ഡോക്ടർ പറയുന്നത്, ഉടൻതന്നെ ആൻജിയോഗ്രാം ചെയ്യേണ്ടതുണ്ട്; പക്ഷെ ആൻജിയോഗ്രാം ഇപ്പോൾ ചെയ്താൽ അതൊരു ബുദ്ധിമുട്ടായിരിക്കും; നിങ്ങൾ ഇന്ന ആശുപത്രിയിൽ പോയാൽ ആൻജിയോഗ്രാം ചെയ്താലുടൻതന്നെ ആൻജിയോപ്ലാസ്റ്റിയും ചെയ്യാം; ഇല്ലെങ്കിൽ രണ്ടുതവണ ഞരമ്പ് പൊട്ടിക്കേണ്ടതായി വരും; അതുകൊണ്ട് രണ്ടും നമുക്ക് ഒരുമിച്ച് ചെയ്യാം; ഞാൻ ഇപ്പോൾതന്നെ വിളിച്ച് റൂം ബുക്ക് ചെയ്യാം; ഇത്ര രൂപയ്ക്ക് ഇത് ചെയ്യാൻ കഴിയും; എന്നൊക്കെയാണ്. ഇക്കാര്യത്തിൽ ഭൂമി കച്ചവടം ചെയ്യുന്നതുപോലെ അപ്പോൾത്തന്നെ കച്ചവടം ഉറപ്പിക്കുകയാണ്. അങ്ങനെയൊരു രോഗി എന്റെ അടുത്തുവന്നപ്പോൾ ഞാൻ പറഞ്ഞത്, ഇത് മെഡിക്കൽ എഥിക്സിന് എതിരാണ്; നമുക്കൊരു സെക്കന്റ് ഒപ്പീനിയൻ തേടുന്നതായിരിക്കും നല്ലത്; നിങ്ങൾ മറ്റൊരു ഡോക്ടറെക്കൂടി കാണൂ എന്നാണ്. അവർ വേറൊരു ഡോക്ടറെ കാണിച്ചപ്പോൾ മരുന്നുകഴിച്ചാൽ മതി വേറെ പ്രശ്നങ്ങളൊന്നുമില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. കഴുകൻമാരെപ്പോലെ ഇങ്ങനെ പ്രവർത്തിക്കുന്ന സാഹചര്യം ഇന്ന് നമ്മുടെ നാട്ടിൽ വന്നിരിക്കുകയാണ്. സ്റ്റെന്റിന്റെ ഏജൻസികളും, മരുന്നിന്റെ ഏജൻസികളും ഇതുപോലുള്ള ഡോക്ടർമാരും മാസത്തിൽ ഇത്ര രോഗികളെ എത്തിച്ചുകൊടുക്കണമെന്നുള്ള മാനേജ്മെന്റിന്റെ ഇടപെടലിന്റെ ഭാഗമായാണ് ഈ നിലയിലേയ്ക്ക് വരുന്നത്. മുമ്പ് നമ്മുടെ നാട്ടിലുണ്ടായിരുന്ന ഡോക്ടർമാർക്കും ആശുപത്രികൾക്കുമെല്ലാംതന്നെ സേവന മനഃസ്ഥിതിയാണുണ്ടായിരുന്നത്. കോഴിക്കോടുള്ള അത്തരം ഡോക്ടർമാരുടെ പേര് എന്റെ മനസ്സിലുണ്ട്. ഡോ. സി.ബി.സി. വാര്യർ,

ഡോ. എൻ.എസ്. വേണുഗോപാൽ തുടങ്ങിയവരെല്ലാംതന്നെ ജനങ്ങൾക്ക് സുപരിചിതരും അവരുടെ ചികിത്സയിൽ ജനങ്ങൾക്ക് വിശ്വാസവുമായിരുന്നു. ഇന്ന് അങ്ങനെയല്ല. ഈ വിഷയത്തിൽ ഒരു പ്രത്യേക ശ്രദ്ധയുണ്ടാകണം. അവരെ മാറ്റിക്കൊണ്ടുവരാനുള്ള ശ്രമവുമുണ്ടാകണം. സർക്കാർ ആശുപത്രികളിൽ ആർദ്രം മിഷന്റെ ഭാഗമായി ഒട്ടേറെ സംവിധാനങ്ങളൊരുക്കുകയും ധർമ്മാശുപത്രി എന്ന സങ്കൽപ്പത്തിലേയ്ക്ക് ഒരു ജനാധിപത്യ സംവിധാനത്തിൽ ഗവൺമെന്റിന്റെ ബാധ്യതയായി കൊണ്ടുവരാൻ കഴിയണം. ജനങ്ങളിൽ അവബോധം ഉണ്ടാകണം, സി.ടി. സ്കാനും എം.ആർ.ഐ. സ്കാനും വേണമെന്ന തോന്നൽ രോഗിക്കുണ്ടാകുന്നതിന്റെ ഭാഗമായിട്ടാണ് അവിടെയെത്തുന്നതും ഇത് ചെയ്യുന്നതും. വളരെ വില കുറഞ്ഞ മരുന്നുകൾ എത്ര ഉന്നതനായ ഡോക്ടർ എഴുതിക്കൊടുത്താലും രോഗിക്ക് തൃപ്തി വരില്ല. എന്നാൽ അഞ്ചോ പത്തോ മരുന്നും എഴുതി മരുന്നിന് ആയിരം രൂപയും ചെലവായാൽ ആ ഡോക്ടർ നല്ലതാണെന്ന് പറയുന്ന മനഃസ്ഥിതിയും രോഗികൾക്ക് വരുന്നുവെന്നതാണ് ഇന്നത്തെ പ്രശ്നം. ജനകീയ അവബോധം ആരോഗ്യ രംഗവുമായി ബന്ധപ്പെട്ട് നാട്ടിലെ ജനങ്ങളിൽ എത്തിച്ചുകൊടുക്കാനുള്ള സംവിധാനംകൂടി ഇതിന്റെ ഭാഗമായി ഉണ്ടാകണം. ആയുർവ്വേദ മേഖല വളരെ സത്യസന്ധമായിരുന്നു. കോട്ടയ്ക്കൽ ആര്യവൈദ്യശാല ദശമൂലാരിഷ്ടമിറക്കുമ്പോൾ അതിൽ കസ്തൂരി ഇല്ലാതെയാണ് ഇറക്കിയതെങ്കിൽ ആ ബോട്ടിലിൽ അത് എഴുതിയിട്ടുണ്ടാകും. ഇന്ന് ച്യവനപ്രാശം ഉണ്ടാക്കുന്നെങ്കിൽ നെല്ലിക്ക എവിടെ നിന്നാണ് ലഭിക്കുന്നതെന്ന് നമുക്കറിയില്ല.

മി. സ്പീക്കർ: കോട്ടയ്ക്കൽ ആര്യവൈദ്യശാലയ്ക്ക് ഔഷധ ഉദ്യാനമുണ്ട്.

ശ്രീ. ഇ. കെ. വിജയൻ: സർ, അവരുടെ ബോട്ടിലിന്റെ ലേബലിൽ ഇന്ന മരുന്ന് ഇതിൽ ചേർത്തിട്ടില്ലെന്ന് എഴുതിയിട്ടുള്ള സുതാര്യതയെക്കുറിച്ചാണ് ഞാൻ പറയുന്നത്. അതുപോലെ അശ്വഗന്ധാരിഷ്ടവും ഇറങ്ങുന്നുണ്ട്. എന്നാൽ അതിൽ ചേർക്കുന്ന മുത്തങ്ങ നമ്മുടെ നാട്ടിൽ അത്രത്തോളം കിട്ടാനുമില്ല. നമ്മുടെ പരമ്പരാഗതമായ ചികിത്സാ സമ്പ്രദായവും കൂടുതൽ മേന്മയേറിയ ചികിത്സാരംഗവും ആയുർവ്വേദമാണെന്നു കൂടി വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. എന്റെ വ്യക്തിജീവിതത്തിൽ ഒട്ടേറെ ചികിത്സകൾ നടത്തിയതിൽ ആയുർവ്വേദം കൊണ്ടാണ് ഞാൻ ഇന്ന് ഇവിടെ നിൽക്കുന്നത് തന്നെ. അത്രയേറെ ചികിത്സാസംവിധാനങ്ങൾ നമ്മുടെ നാട്ടിൽ ആയുർവ്വേദ രംഗത്തുണ്ട്. ആ രംഗത്ത് വ്യാജന്മാർ കടന്നുവരുമ്പോൾ നിയന്ത്രിക്കാനുള്ള സംവിധാനമുണ്ടാകണമെന്നാണ് സൂചിപ്പിക്കാനുള്ളത്. സ്വകാര്യ ആശുപത്രികൾ മരുന്നുകളുടെ expiry date കഴിഞ്ഞാലും അതിനുപുറത്ത് മറ്റൊരു സ്റ്റിക്കറൊട്ടിച്ച് വിൽപ്പന നടത്തുന്നുണ്ട്. അത് പരിശോധിക്കണം. പരിശോധന നടത്തുന്നതിന് മൂന്ന് കേന്ദ്രങ്ങൾ മാത്രമാണ് കേരളത്തിലുള്ളത്. പരിശോധിച്ച് റിസൽട്ട് വരുമ്പോഴേയ്ക്കും ഈ മരുന്ന് മാർക്കറ്റിലുണ്ടാവില്ല. പുതിയ മരുന്ന് അവർ ഇറക്കിക്കഴിഞ്ഞിരിക്കും.

ഇക്കാര്യത്തിൽ നിയന്ത്രണം ഉണ്ടാകണം. മരുന്ന് കമ്പനികളുടെ ലോബിയിംഗിനെ കുറിച്ച് നേരത്തെ സൂചിപ്പിച്ചതുകൊണ്ട് ഞാൻ അത് ആവർത്തിക്കുന്നില്ല. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ മുഖേന ഈ രംഗത്ത് വലിയ മാറ്റം വരുത്താൻ കഴിയുമെന്ന കാഴ്ചപ്പാടാണ് പൊതുവിൽ ഈ സഭയ്ക്കുള്ളത്. സബ്ജക്ട് കമ്മിറ്റിക്കുപോയി യാതൊരു എതിരഭിപ്രായവുമില്ലാതെ കേരളത്തിന്റെ ആരോഗ്യ രംഗത്തെ മെച്ചപ്പെടുത്തുന്നതിന് സഹായകരമായ ഈ ബിൽ പാസ്സാക്കാൻ കഴിയുമെന്ന വിശ്വാസത്തോടെ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, ഇത്രയേറെ ഒരേ മനസ്സോടെ ഒരേ ഉദ്ദേശത്തോടെ ഒരു വിഷയം ചർച്ച ചെയ്ത അപൂർവ്വ അവസരങ്ങൾ മാത്രമാണ് നമ്മുടെ നിയമസഭയിലുണ്ടായിട്ടുള്ളത്. അക്കൂട്ടത്തിൽ ഏറ്റവും അഭിമാനകരമായ അവസ്ഥയാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ അവതരണത്തിന്റെ ചർച്ചയിൽ പങ്കെടുത്ത അംഗങ്ങളും അവരോട് ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് പ്രതികരിച്ച് ഏകദേശം ഒരു ചെറിയ ചർച്ച തന്നെ നടത്തിയ മറ്റ് അംഗങ്ങളും സ്വീകരിച്ചിട്ടുള്ളത്. നമ്മുടെ ആരോഗ്യ മേഖലയിൽ ഗുണപരമായി വലിയ മാറ്റങ്ങളുണ്ടാക്കാൻ കാരണമാകുന്ന ഒന്നാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എല്ലാ കാര്യങ്ങൾക്കുമുള്ള പരിഹാരമാണ് ഈ ബിൽ എന്നുപറയുന്നില്ല. പക്ഷെ ഈ ബില്ലിൽ ഊന്നിക്കൊണ്ട് ചെയ്യുന്ന ചില കാര്യങ്ങൾ ഒരുപാട് കാര്യങ്ങൾക്കുള്ള പരിഹാരത്തിലേയ്ക്ക് പോകുമെന്നുള്ളത് നിസ്സംശയം പറയാൻ സാധിക്കും. ഇവിടെ പ്രകടിപ്പിച്ച വികാരങ്ങൾ മുഴുവൻ ഒരേ രീതിയിലാണ്. അതായത് ആരോഗ്യ മേഖലയിൽ വന്നുചേർന്നിട്ടുള്ള അനഭിലഷണീയമായ പ്രവണതകൾ, ഒരുപക്ഷേ ഭയാനകമായ പ്രവണതകളെന്നുതന്നെ പറയാൻ സാധിക്കും. പൊതുജനങ്ങളുടെ ആരോഗ്യം എന്നത് ഗവൺമെന്റ് അവർക്കുവേണ്ടി നടത്തേണ്ട സർവ്വീസാണ്. ജനങ്ങളുടെ മാനസികവും ശാരീരികവുമായ ആരോഗ്യം സംരക്ഷിക്കുക എന്നത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. ആരോഗ്യമുള്ള മനസ്സും ശരീരവുമുള്ള ഒരു ജനത ഉണ്ടായാൽ മാത്രമേ ആരോഗ്യമുള്ള സമൂഹമുണ്ടാകുകയുള്ളൂ. നമ്മുടെ സമൂഹത്തിൽ നടക്കുന്ന കുറ്റകൃത്യങ്ങൾപോലും വർദ്ധിച്ചുവരുന്നത് മനസ്സിന്റെയും ശരീരത്തിന്റെയും ആരോഗ്യമില്ലാത്ത അവസ്ഥ കാരണമാണ്. അതിന്റെ ഭാഗമായുണ്ടാകുന്ന വ്യതിയാനങ്ങൾ മുഖേനയാണ്. നല്ല ആരോഗ്യം പ്രദാനംചെയ്യാൻ സാധിച്ചാൽ ആ മേഖലയിലടക്കം ഗുണപരമായ മാറ്റങ്ങളുണ്ടാകും. കുറ്റകൃത്യങ്ങൾപോലും കുറയുമെന്ന് നമുക്ക് പറയേണ്ടിവരും. അതിന് ഉതകുന്ന രീതിയിൽ ജനങ്ങൾക്കെങ്ങനെയാണ് സേവനം നൽകുക; ഇത് ഒരു രാഷ്ട്രീയ പ്രശ്നം കൂടിയാണ്. ജനങ്ങളുടെ ആരോഗ്യം ഗവൺമെന്റ് കൈകാര്യം ചെയ്യേണ്ട വിഷയമാണോ? ഇവിടെ സംസാരിച്ച ആർക്കും അതിൽ അഭിപ്രായ വ്യത്യാസമുള്ളതായി കണ്ടില്ല. പക്ഷെ നമ്മുടെ ഗവൺമെന്റ് സാധാരണയായി ചെയ്തുവരുന്ന കാര്യം കൂടി ആലോചിക്കണം. ആരോഗ്യ മേഖലയ്ക്ക് കേന്ദ്ര ഗവൺമെന്റും അതിന്റെ ചുവട് പിടിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റും ബഡ്ജറ്റിൽ വകയിരുത്തുന്ന

പണത്തിന്റെ അളവ് പുനഃപരിശോധിക്കേണ്ടതാണ്. ആരോഗ്യ വകുപ്പ് കൈകാര്യം ചെയ്യുന്ന ആളെന്ന നിലയിൽ ഞാൻ ആ അഭിപ്രായം പറയുകയാണ്. അഭിപ്രായ വ്യത്യസമുണ്ടാകുമെന്ന് തോന്നുന്നില്ല. പക്ഷെ ജി.ഡി.പി.-യുടെ രണ്ട് ശതമാനം പോലും ആരോഗ്യ മേഖലയ്ക്ക് ചെലവഴിക്കാത്ത ഒരു രാജ്യത്ത് ഈ പറഞ്ഞ പ്രശ്നങ്ങളൊക്കെ എങ്ങനെയാണ് പരിഹരിക്കാൻ സാധിക്കുക; പൊതുജനാരോഗ്യ മേഖലയെ നമ്മൾ ആഗ്രഹിക്കുന്ന രീതിയിൽ മെച്ചപ്പെടുത്താൻ സാധിക്കുക? ഈ ബിൽ അവതരിപ്പിക്കുന്ന വേളയിൽ ചിലരെങ്കിലും അവസാനം ഒരു രാഷ്ട്രീയംകൂടി പറഞ്ഞുകൊള്ളട്ടെ എന്നുപറഞ്ഞു. ശ്രീ. രാജേഷ് സംസാരിച്ചു, കക്ഷി രാഷ്ട്രീയമല്ല. ആരോഗ്യ മേഖലയ്ക്ക് നീക്കിവയ്ക്കുന്ന പണം വർദ്ധിപ്പിക്കണം, ആരോഗ്യ മേഖലയുടെ ഇടപെടൽ വർദ്ധിപ്പിക്കണമെന്ന്. എന്നാൽ സങ്കടകരമായ കാര്യം കേന്ദ്ര ഗവൺമെന്റ് ഈ അടുത്തകാലത്ത് പറഞ്ഞിട്ടുള്ള ചില കാര്യങ്ങളാണ്. അതായത് ആരോഗ്യ മേഖലയിൽ നിന്ന് ഗവൺമെന്റ് പൂർണ്ണമായും പിൻവാങ്ങുന്നുവെന്നതിന്റെ സൂചനയാണ് ചില നടപടിക്രമങ്ങളിലൂടെ തന്നിട്ടുള്ളത്. അതിനെക്കുറിച്ച് ദീർഘമായി പറയുന്നില്ല. ബിൽ അവതരിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിന്റെ ആരോഗ്യ സ്ഥിതിയെ കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. കേരളത്തിൽ വളരെ മെച്ചപ്പെട്ട ഒരു പൊതുജനാരോഗ്യ ശൃംഖലയുണ്ട്. 1957 മുതൽ പ്രഗത്ഭനായ ഡോ. എ. ആർ. മേനോന്റെ കാലം മുതൽക്ക് ഇങ്ങോട്ട് ആരോഗ്യ വകുപ്പിൽ പിന്നീട് തുടർന്നുവന്ന ഓരോ ഗവൺമെന്റുകളും സംഭാവന ചെയ്തുകൊണ്ടുണ്ടാക്കിയെടുത്ത നല്ലൊരു ആരോഗ്യ ശൃംഖല കേരളത്തിൽ പൊതുജനാരോഗ്യ മേഖലയിലുണ്ട്. ഒരുപക്ഷെ 1957-ലെ ഗവൺമെന്റ് വരുന്നതിനുമുമ്പ് തന്നെ നാട്ടുരാജാക്കൻമാരുടെകാലത്ത് ചില രാജാക്കന്മാരെങ്കിലും സാധാരണക്കാർക്ക് ചികിത്സിക്കാൻ ധർമ്മാശുപത്രികളുണ്ടാക്കിയിരുന്നു. ഇന്നത്തെ എല്ലാ നിലവാരവുമുള്ള ആശുപത്രി എന്നൊന്നും പറയാൻ സാധിക്കില്ലെങ്കിലും അത്യാവശ്യ കാര്യങ്ങൾക്ക് ചികിത്സ ഉറപ്പാക്കാൻ കഴിയും. അവിടെയും സാധാരണക്കാർക്കെല്ലാം കടന്നുചെല്ലാൻ കഴിയുമായിരുന്നില്ല. കാരണം പൊതുവഴിയിലൂടെ സഞ്ചരിക്കാൻ അവകാശമില്ലാതിരുന്ന ഒരു ഗ്രാമീണന്, ദളിതന് അവിടെ കടന്നുചെല്ലുക എളുപ്പമായിരുന്നില്ല. പക്ഷെ അങ്ങനെയൊരു ആശയമുണ്ടാക്കിയിരുന്നുവെന്നത് വസ്തുതയാണ്. ആ ആശയത്തെ സമ്പന്നമാക്കിക്കൊണ്ട് 1957-മുതൽ സർക്കാർ ചെലവിൽ സാധാരണക്കാർക്ക് ചികിത്സയെന്ന ധാരണയോടുകൂടി ഗവൺമെന്റ് ആശുപത്രികൾ ആരംഭിച്ചിട്ടുണ്ട്. ഇന്ന് ഇവിടെ ചില ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ നമുക്ക് അതിവിപുലമായ പൊതുജനാരോഗ്യ ശൃംഖല കേരളത്തിലുണ്ട്. സ്വകാര്യമേഖലയെ കൂടി നിയന്ത്രിക്കുന്ന നിയമമായി ഇത് കൊണ്ടുവരികയാണ്. പൊതുജനാരോഗ്യ ശൃംഖലയിൽ എല്ലാ പഞ്ചായത്തിലും ഒരു പ്രൈമറി ഹെൽത്ത് സെന്ററുണ്ട്, അതിന് താഴെ സബ്സെന്ററുണ്ട്. 25,000-40,000 വരെ ജനസംഖ്യയ്ക്ക് ഒരു പ്രൈമറി ഹെൽത്ത് സെന്റർ എന്ന കണക്കിലാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ 5,000 വരെ ജനസംഖ്യക്ക് ഒരു സബ്സെന്ററുണ്ട്. എല്ലായിടത്തും പൂർണ്ണമായിട്ടില്ലെങ്കിലും ഏകദേശമുണ്ട്. വികസന ബ്ലോക്കിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുണ്ട്. താലൂക്കിൽ താലൂക്കാശുപത്രിയുണ്ട്. ജില്ലയിൽ ഡിസ്ട്രിക്ട് ഹോസ്പിറ്റലുണ്ട്, ജനറൽ ഹോസ്പിറ്റലുണ്ട്,

മെഡിക്കൽ കോളേജുകളുണ്ട്. ഇത്രയും വിപുലമായ പൊതുജനാരോഗ്യ ശൃംഖലയുണ്ടായിട്ടും ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിലെ ജനസംഖ്യയുടെ 67-70 ശതമാനം ആളുകൾ സ്വകാര്യ മേഖലയെയാണ് ചികിത്സക്ക് ആശ്രയിക്കുന്നത്. എങ്ങനെയാണ് ഇങ്ങനെയൊരു വ്യതിയാനം വന്നത്. ജനസംഖ്യയുടെ ഭൂരിപക്ഷവും എന്തുകൊണ്ടാണ് ഗവൺമെന്റ് മേഖലയെ ചികിത്സയ്ക്ക് ആശ്രയിക്കാതിരിക്കുന്നത്. ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻഡിച്ചർ ചികിത്സയ്ക്ക് ഏറ്റവും കൂടിയ സംസ്ഥാനമാണ് കേരളമെന്ന പേര് കേൾക്കേണ്ടതായി വന്നിരിക്കുന്നു. എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്? ഇതാണ് കേരളത്തിൽ ഇപ്പോൾ വന്നിട്ടുള്ള ഗവൺമെന്റ്, ആരോഗ്യ വകുപ്പ് എന്ത് ചെയ്യണമെന്ന് ആലോചിച്ചപ്പോൾ തന്നെ ചർച്ച ചെയ്ത വിഷയം. 1970-കൾക്കുശേഷം വലിയ ഒരു വ്യതിയാനമുണ്ടായിട്ടുണ്ട്. അത് പ്രൈമറി തലത്തിലുള്ള ആരോഗ്യ മേഖലയെ നാം മറന്നുവെന്നുള്ളതാണ്. രോഗപ്രതിരോധത്തെ മറന്നുവെന്നതും അക്കൂട്ടത്തിൽ നാം കാണേണ്ടതായിട്ടുണ്ട്. ക്യൂറേറ്റീവായ ചികിത്സാ മേഖലയിലേയ്ക്ക് പോയി. ബഹുമാനപ്പെട്ട എം.എൽ.എ.മാരെല്ലാം ശ്രീ. വി. ഡി. സതീശനടക്കം സൂചിപ്പിച്ച സൂപ്പർ സ്പെഷ്യാലിറ്റിയിലേയ്ക്ക് കൂടുതലായി നീങ്ങി, രോഗ പ്രതിരോധത്തിന് ഊന്നൽ കൊടുക്കുന്നത് മാറി എന്നത്. ഇങ്ങനെയുള്ള മാറ്റം ഉണ്ടാകുന്നത് ഒരു പ്രത്യേക രീതിയുടെ ഭാഗമായാണ്. എന്തൊക്കെ കച്ചവടം ചെയ്യാം, കച്ചവടത്തിന് ഏതൊക്കെ മേഖല തെരഞ്ഞെടുക്കാം? വൻകിട കച്ചവടക്കാർ, കോർപ്പറേറ്റുകൾ എന്നിവർ കച്ചവടത്തിനായി ഓരോ മേഖല തെരഞ്ഞെടുത്തപ്പോൾ അവസാനം തെരഞ്ഞെടുത്ത ഏറ്റവും പ്രധാനപ്പെട്ട മേഖലകളാണ് ആരോഗ്യവും വിദ്യാഭ്യാസവും. GATT (General Agreement on Tariffs and Trade) കരാറിനെ കുറിച്ചെല്ലാം നമ്മൾ പ്രസംഗിക്കാറുണ്ട്. വൻകിട കോർപ്പറേറ്റുകൾ വട്ടമേശ സമ്മേളനം നടത്തി ലോകമെമ്പാടും ചെന്ന് എങ്ങനെ കച്ചവടം നടത്താം, അതിന് പുതിയ സൂത്രവേലകൾ എങ്ങനെ മെനയാമെന്ന് കണ്ടുപിടിച്ചപ്പോൾ അത്തരം കരാറുകളുടെ ഭാഗമായിട്ടുണ്ടായ ഒരു കരാറാണ് GATS (General Agreement on Trade in Services). ആ കരാറിന്റെ ഭാഗമായാണ് വിദ്യാഭ്യാസവും ആരോഗ്യവുമെല്ലാം കച്ചവടത്തിനുപയോഗിക്കാവുന്ന വസ്തുക്കളാണെന്ന ധാരണയിലേയ്ക്ക് ലോകത്തെ എത്തിച്ചത്. ഇന്ത്യയുടെ ഭാഗമെന്നുള്ള നിലയിൽ കേരളത്തിലും ആ കച്ചവടം വന്നിരിക്കുന്നു. അതിന്റെ ഭാഗമായാണ് സേവനമെന്ന നിലയിൽ പൊതുജനങ്ങൾക്ക് ആരോഗ്യം പകർന്ന് കൊടുക്കേണ്ടതിനുപകരം വിലയ്ക്ക് വാങ്ങാവുന്ന ഒന്നായി മാറിയിരിക്കുന്നത്. ധാരാളം പണമുള്ള ആളിന് ആരോഗ്യം വിലയ്ക്കുവാങ്ങാം. വിലയ്ക്ക് വാങ്ങാൻ തയ്യാറായി ആളുകൾ നിൽക്കുകയാണ്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, വിദേശ രാജ്യങ്ങളിൽ നിരോധിക്കപ്പെട്ട മരുന്നുകൾ ഇന്ത്യയിലെ മാർക്കറ്റിൽ സുലഭമാണ്. ഉദാഹരണത്തിന് തൈറോയ്ഡ് രോഗികൾക്ക് നൽകുന്ന മരുന്നാണ് Shelcon. ആ മരുന്നാണ് വൃക്കയിൽ ഏറ്റവും കൂടുതൽ കല്ലുണ്ടാക്കുന്നത്. ഇവിടെ ഒരു നിയന്ത്രണവുമില്ലാതെ അത്തരം മരുന്നുകൾ എഴുതിക്കൊടുക്കുന്ന സാഹചര്യമുണ്ട്. ഇതിനൊരു പരിശോധനയുമില്ലേ; അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇതൊക്കെ ഇവിടെ അനാവരണം ചെയ്യപ്പെട്ട വിഷയങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. നിരോധിച്ച പല മരുന്നുകളും നമ്മുടെ മാർക്കറ്റിലുണ്ട്. ഡോ. ബി. ഇക്ബാൽ ഇത് സംബന്ധിച്ച് ഒരു പുസ്തകം തന്നെ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പക്ഷെ നിരോധിച്ച മരുന്നേതാണെന്ന് ഇത് വായിച്ചുനോക്കി മനസ്സിലാക്കിയശേഷം മെഡിക്കൽ ഷോപ്പിൽ ചെന്നാൽ സാധാരണക്കാരന് ഒരു മരുന്നും വാങ്ങാൻ കഴിയില്ല. മരുന്നുകൾ അത്രയും നിരോധിക്കപ്പെട്ടവയായിരിക്കും. ചിലത് നമ്മുടെ ശരീരത്തെ മോശമായ രീതിയിൽ ബാധിക്കുന്ന രാസവസ്തുക്കൾ അടങ്ങിയതാണ്. ഇത്തരം ഭയാനകമായ അവസ്ഥയൊക്കെയുണ്ട്. അതിനെയെല്ലാം എങ്ങനെയാണ് നിയന്ത്രിക്കേണ്ടതെന്ന് കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ഇത് വലിയൊരു കച്ചവടമായി മാറിയിരിക്കുന്നു. ഞാൻ തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ കൂണുകൾ പോലെ മുളച്ചുവരുന്ന ചെറിയ സ്ഥാപനങ്ങൾ മാത്രമല്ല, വൻകിട കോർപ്പറേറ്റ് ഹോസ്പിറ്റലുകൾ ധാരാളമായി വളർന്നുവരികയാണ്. അത്തരം സ്ഥാപനങ്ങളാണ് ഇവിടെ പറഞ്ഞ രീതിയിലുള്ള കൊള്ള മുഴുവനും നടത്തുന്നത്. ഇത്തരം സ്ഥാപനങ്ങളുടെ മേൽ യാതൊരു നിയന്ത്രണവുമില്ലാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. പേടിപ്പെടുത്തുന്ന വളരെയധികം കാര്യങ്ങൾ ഈ സ്ഥാപനങ്ങളിൽ നടക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാട്ടിയതിൽ ഒന്നുപോലും നിഷേധിക്കേണ്ടതല്ല. മരിച്ച രോഗിയെ വെന്റിലേറ്ററിൽ കിടത്തുക, ഇല്ലാത്ത രോഗത്തിന് സകല ടെസ്റ്റുകളും നടത്തിക്കുക, അതിന്റെ ഭാഗമായി കൂടുതൽ പണം ഈടാക്കുക, ടെസ്റ്റ് നടത്തുന്ന ലബോറട്ടറികളും ഡോക്ടർമാരും തമ്മിലുള്ള നെക്സസിന്റെ ഭാഗമായി അവിടെപ്പോയി ടെസ്റ്റ് നടത്താൻ രോഗമില്ലാത്തവരെയും പറഞ്ഞയയ്ക്കുക, നടത്തുന്ന ടെസ്റ്റുകൾതന്നെ, പട്ടിയുടെ ചോര കൊണ്ടുപോയാലും റിസൾട്ട് കിട്ടുമെന്ന് കാണിക്കുന്ന രീതിയിലുള്ള ചില അപകടങ്ങൾ, ഇത്തരത്തിലുള്ള കൊള്ള വളരെ വ്യാപകമായിട്ടുണ്ട്. എന്നാൽ എല്ലാ സ്ഥാപനങ്ങളും ഇതുപോലെ വൃത്തികേട് കാണിക്കുന്നുവെന്ന് പറയാനാകില്ല. മാന്യമായ രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമുണ്ട്. പക്ഷെ വലിയ കൊള്ള നടത്തുന്ന സ്ഥാപനങ്ങൾ ഇക്കൂട്ടത്തിലുണ്ടെന്നത് പറയാതിരിക്കാൻ വയ്യ. ഈ കച്ചവടം തകൃതിയായി കേരളത്തിലും ഇന്ത്യയുടെ എല്ലാഭാഗത്തും നടക്കുകയാണ്. കോടിക്കണക്കിന് രൂപയുടെ ബിസിനസ്സാണ് ആരോഗ്യ മേഖലയിൽ നടക്കുന്നത്. നമുക്ക് നേരിടേണ്ടതും ഇതിനെത്തന്നെയാണ്. ഇതൊരു ഈജിയൻ തൊഴുത്തായി മാറിയിരിക്കുന്നു. ആരോഗ്യ മേഖല ചെന്നകപ്പെട്ടിരിക്കുന്ന ഈ വലിയ പതനത്തിൽ നിന്നും അതിനെ കരകയറ്റുക അത്ര എളുപ്പമുള്ള കാര്യമല്ല. പക്ഷെ നമുക്ക് കരകയറ്റിയേ മതിയാകൂ. അതുകൊണ്ട് ഈ ബില്ലിൽ പറയുന്ന ഓരോ കാര്യങ്ങളും സസൂക്ഷ്മം പരിശോധിച്ച് നടപ്പിലാക്കാൻ സാധിക്കണം. ഓരോന്നും വേഡ് ബൈ വേഡായി പറയുന്നില്ല. കേരളത്തിന്റെ ആരോഗ്യ മേഖലയിലെ റേറ്റിംഗ് താഴോട്ടുപോകുന്നുവെന്ന് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. റേറ്റിംഗെല്ലാം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. Maternal mortality rate-ലും Infant mortality

rate-ലും നമ്മൾ മുന്നിലാണ്. നേരത്തെ അത് 1000-ത്തിന് 12 ആയിരുന്നത് 8-ലേയ്ക്ക് കുറയ്ക്കാനുള്ള ഒരു ഗോൾ ഞങ്ങൾ പ്രഖ്യാപിച്ചു, അതിന്റെ വർക്ക് തുടങ്ങി. ചില കോണുകളിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളത് 6 ആയി കുറഞ്ഞുവെന്നാണ്. അത്രത്തോളം വിശ്വസിക്കാറായിട്ടില്ല ഒരു പരിശോധന കൂടി നടത്തണം. പക്ഷെ നമുക്കത് കുറച്ചുകൊണ്ടുവരാൻ സാധിക്കും. ഐക്യരാഷ്ട്രസഭയുടെ സസ്റ്റെയ്നബിൾ ഡവലപ്മെന്റ് ഗോളിന്റെ ഭാഗമായി കേരളം ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള 2020-ലേയ്ക്കും 2030-ലേയ്ക്കുമുള്ള ഗോളുകളുണ്ട്. കടന്നുപോയി എന്നുകണ്ട രോഗങ്ങളെല്ലാം ഇവിടെ തന്നെയുണ്ട്. ടി.ബി., മന്ത്, കുഷ്ഠം, മഴക്കാലത്ത് പുതുതായി വരുന്ന എല്ലാ രോഗങ്ങളുമുണ്ട്. ജീവിതശൈലീ രോഗങ്ങളുണ്ട്. ഇതൊക്കെ നിൽക്കുമ്പോഴും കേരളത്തിലെ പ്രതീക്ഷിത ആയുസ്സ് ഇപ്പോഴും വർദ്ധിച്ചുനിൽക്കുകയാണ്. സ്ത്രീകളുടെ ആയുസ്സ് കുറച്ച് കൂടുതലാണ്. പുരുഷൻമാരുടേതും മോശമല്ലാത്ത രീതിയിൽ ഇന്ത്യൻ ശരാശരിയേക്കാൾ കൂടുതലായി നിൽക്കുന്നുവെന്ന് നമുക്ക് കാണാൻ സാധിക്കും. ആയുർദൈർഘ്യം കൂടുതലാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അത്തരത്തിലുള്ള ചില സൂചകങ്ങളുടെ കാര്യത്തിൽ കേരളം മുന്നിൽത്തന്നെ നിൽക്കുകയാണ്. എന്നാൽ ആ സൂചകങ്ങൾ മുന്നിൽ നിൽക്കുമ്പോഴും കേരളം വലിയ അധഃപതനത്തിലേയ്ക്ക് എങ്ങനെ പോയി എന്നുള്ളതിന്റെ ശരിയായ ചിത്രമാണ് ഇവിടെ നാലുപേരുടെ പ്രസംഗത്തിലൂടെ വരച്ചുകാട്ടപ്പെട്ടിട്ടുള്ളത്. അതാണ് നമ്മെ ഭയപ്പെടുത്തുന്ന അവസ്ഥ. ഇത്രയും ഉയർന്ന ആരോഗ്യ സൂചകങ്ങളുണ്ടായിട്ടും നമ്മളെന്തുകൊണ്ടാണ് ഇങ്ങനെയായിത്തീർന്നത് എന്നാണ് പരിശോധിക്കേണ്ടത്. അതിന്റെ ഭാഗമായാണ് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്ന് നമ്മൾ കരുതുന്നത്. ബില്ലിനെക്കുറിച്ച് പറഞ്ഞ കാര്യം സംബന്ധിച്ച് ആദ്യം പറയാം. എങ്ങനെയാണ് ഈ അധഃപതനത്തിൽനിന്ന് കരകയറുക എന്നുള്ളത് രണ്ടാമതായി സൂചിപ്പിക്കാം. അധിക സമയമെടുക്കാതെ തന്നെ കുറച്ചുകാര്യങ്ങൾ ഞാൻ പറയാം. ബില്ലിന്റെ ക്ലോസ് ബൈ ക്ലോസ് ഡിസ്കഷനൊന്നും ഇപ്പോഴില്ല. ബില്ലിന്റെ ആകെ തുകയെക്കുറിച്ചും അതിനകത്ത് ചേർക്കാവുന്നതും കൂട്ടിച്ചേർക്കാവുന്നതുമായ വസ്തുതകളെക്കുറിച്ചും ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. രജിസ്ട്രേഷനെ കുറിച്ച് മിക്കവാറും അംഗങ്ങൾ സൂചിപ്പിച്ചു. 2010-ലെ സെൻട്രൽ ഗവൺമെന്റിന്റെ ബില്ലുമായി ചില വ്യത്യാസങ്ങളുണ്ടെന്ന് ഞാൻ സൂചിപ്പിച്ചത് ഇത്തരം ചില കാര്യങ്ങളിലാണ്. നമ്മൾ ഒരു പ്രൊവിഷണൽ രജിസ്ട്രേഷൻ കൊടുക്കുന്നു. 30 ദിവസത്തിനുള്ളിൽ രജിസ്ട്രേഷൻ കൊടുത്തിട്ടില്ലെങ്കിൽ എന്തുചെയ്യുമെന്ന് പലരും സംശയിച്ചു, അത് ഗവൺമെന്റിന്റെ ഇച്ഛാശക്തിയാണ്. 30 ദിവസത്തിനുള്ളിൽ ഒരു സ്ഥാപനം അപേക്ഷിച്ചാൽ പ്രൊവിഷണൽ രജിസ്ട്രേഷൻ കൊടുക്കാൻ ബാദ്ധ്യസ്ഥമാണ് എന്നുള്ള കാര്യത്തിൽ ഒരു അയവുമുണ്ടാകുന്നതല്ല. പിന്നീടാവശ്യമായ മിനിമം സ്റ്റാൻഡേർഡ്സ്, ചിലപ്പോൾ തമാശയ്ക്കായിരിക്കും പറഞ്ഞത്. എന്തിനാണ് മിനിമമാക്കുന്നത്, മാക്സിമം സ്റ്റാൻഡേർഡ് പറഞ്ഞുകൂടേയെന്ന് ആരോ ചോദിച്ചു.

മിനിമം കൂലി എന്നുപറഞ്ഞാൽ കൂലി കുറയ്ക്കലല്ലേ എന്നുചോദിക്കുന്നതിന് സമമാണത്. അങ്ങനെയല്ല, ഒരു സ്ഥാപനം രജിസ്റ്റേർഡ് ആയി മാറാൻ മിനിമം ഇത്രയെങ്കിലും ഉണ്ടായിരിക്കണമെന്ന് നമ്മൾ പറയുന്നത് ഏറ്റവും കുറച്ചല്ല. അത്യാവശ്യമായിട്ടുള്ള എല്ലാ കാര്യങ്ങളുമുണ്ടായിരിക്കണമെന്നാണ്. പിന്നെ അതിന് മുകളിൽ അതിന്റെ സ്റ്റാൻഡേർഡ് വർദ്ധിപ്പിക്കാൻ നമുക്ക് എന്തും ചെയ്യാം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഒരു സ്ഥാപനത്തിന് രജിസ്ട്രേഷൻ വരുമ്പോൾ എസൻഷ്യൽ കണ്ടീഷനുണ്ട്. അത് മാക്സിമവും മിനിമവും എന്നല്ല എസൻഷ്യലായി ഉണ്ടാകേണ്ടതാണ്. ആ എസൻഷ്യൽ കണ്ടീഷൻ വയ്ക്കണം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, മിനിമം സ്റ്റാൻഡേർഡ് ഉണ്ടായിരിക്കണമെന്നുള്ളത് സാധാരണ പ്രയോഗിക്കാറുള്ള പദമാണ്. മിനിമം എന്നുപറയുന്നത് കുറവ് എന്നുള്ള വാച്യാർത്ഥത്തിൽ എടുക്കുന്നതുകൊണ്ടാണ് ഈ സംശയമുണ്ടാകുന്നത്. അങ്ങനെ എടുക്കേണ്ടതില്ല. മിനിമം സ്റ്റാൻഡേർഡ്സ് എന്ന് പറഞ്ഞാൽ എസൻഷ്യൽ സ്റ്റാൻഡേർഡ്സ് ആണ്. അതുതന്നെയാണ് നമ്മൾ സ്പെസിഫൈ ചെയ്യുന്നത്. അത്തരത്തിലുള്ള എസൻഷ്യൽ സർവ്വീസുണ്ടാകണം. അപ്പോൾ സ്ഥിരം രജിസ്ട്രേഷനുവേണ്ടി എന്തിനാണ് രണ്ടുകൊല്ലം കൊടുക്കുന്നത് എന്ന് ചോദിച്ചു. ചില സ്ഥാപനങ്ങൾക്ക് ഇൻഫ്രാസ്ട്രക്ചർ ഉണ്ടാക്കേണ്ടതായി വരും, ചില സ്ഥാപനങ്ങൾക്ക് ആവശ്യമായിട്ടുള്ള സ്റ്റാഫിനെ വേണ്ടിവരും, ഈ പറയുന്ന ഉപകരണങ്ങളെല്ലാം ഉണ്ടാക്കേണ്ടതായി വരും. എന്തൊക്കെയെന്നുള്ളത് ഞാൻ വിശദമായി പറയുന്നില്ല. നമ്മൾ നിർബന്ധിച്ചാൽ അതൊക്കെ ഉണ്ടാക്കി എടുക്കുന്നതിന് ചിലർക്ക് വളരെ പെട്ടെന്ന് സാധിക്കും. എന്നാൽ ചില സ്ഥാപനങ്ങൾക്ക് കുറച്ചുകൂടി സമയമെടുത്ത് മാത്രമേ അതുണ്ടാക്കാൻ സാധിക്കുകയുള്ളൂ. അപ്പോൾ ഏറ്റവും കൂടിയ അളവാണ് രണ്ടുവർഷം. ആ രണ്ടുവർഷം വരെ പോകേണ്ടതില്ല. രജിസ്ട്രേഷൻ കിട്ടിയാലേ ഈ സ്ഥാപനങ്ങൾക്ക് ഇവിടെ പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. പ്രൊവിഷണൽ രജിസ്ട്രേഷൻ ഒരു വർഷത്തേയ്ക്കാണ്. അത് കഴിയുമ്പോഴേയ്ക്കും എസൻഷ്യൽ സ്റ്റാൻഡേർഡ്സ് ഉണ്ടാക്കിയില്ലെങ്കിൽ പ്രവർത്തിക്കാൻ കഴിയില്ല. അപ്പോഴേയ്ക്കും ഈ സ്റ്റാന്റേർഡ്സ് ഉണ്ടാക്കുന്നതിന് സ്ഥാപനങ്ങൾ പരിശ്രമിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതുകൊണ്ട് അതിലൊരു മാറ്റം വരുത്തേണ്ടതില്ലെന്നാണ് പറയാനുള്ളത്. പിന്നെ ഉദ്യോഗസ്ഥന്മാരുടെ മാത്രം സമിതിയാണുള്ളതെന്ന് പറയുകയുണ്ടായി. അതെല്ലാം ബില്ലിന്റെ വകുപ്പുകളിലെല്ലാം അമെന്റ്മെന്റും മറ്റും നിർദ്ദേശിക്കുമ്പോൾ സ്വീകരിക്കാവുന്നതാണെങ്കിൽ സ്വീകരിക്കാം അല്ലെങ്കിൽ തള്ളാം. അതിനെല്ലാം ധാരാളം അവസരമുണ്ട്. രജിസ്റ്റർ ചെയ്യിപ്പിക്കുമെന്നുള്ള കാര്യം ഉറപ്പാണ്. എല്ലാ അംഗങ്ങളും സൂചിപ്പിച്ചതുപോലെ രജിസ്റ്റർചെയ്ത് ഈ സ്ഥാപനങ്ങൾ ഒരു കുടക്കീഴിൽ വരികയും നമുക്ക് അവയുടെ ഡാറ്റാ കിട്ടുകയും അത്

ശരിയായി ഇലക്ട്രോണിക് സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്യുന്നുവെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. ഇതിലൂടെ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ കഴിയുമെന്നുള്ള കാര്യം ഉറപ്പാണ്. ക്ലിനിക്കുകൾ, ലാബുകൾ അതെല്ലാം തന്നെ ഇതിന്റെ പരിധിയിൽ വരുന്നതാണ്. ഇവിടെ കുറച്ചുപേർ മാത്രമാണ് ഫിസിയോ തെറാപ്പിസ്റ്റുകളുടെ കാര്യം പറഞ്ഞത്. ഞാൻ ഇപ്പോൾ അതിന് മറുപടി പറയുന്നില്ല. അത്തരം കാര്യങ്ങൾ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാവുന്നതാണ്. ഫീസിന്റെ കാര്യം സംബന്ധിച്ച് ഒരു ചർച്ച നടത്തേണ്ടതാണ്. എല്ലാ സ്ഥാപനത്തിനും ഒരേ ഫീസ് എന്നുപറയാൻ കഴിയുമോ എന്നറിയില്ല. സബ്ജക്ട് കമ്മിറ്റിയിൽ ഡിസ്കസ് ചെയ്യുമ്പോൾ ഫീസ് നിശ്ചയിക്കാനുള്ള മാനദണ്ഡം എന്താണ് എന്നുള്ളതെല്ലാം നമുക്ക് നോക്കാം.

3.00 PM]

സ്വകാര്യ പ്രാക്ടീസ് നിയന്ത്രിക്കാൻ ഈ ബിൽ മുഖേന കഴിയുമോയെന്ന് ചില അംഗങ്ങൾ ചോദിച്ചിട്ടുണ്ട്. രോഗിക്ക് സ്വാതന്ത്ര്യം കിട്ടണം തുടങ്ങിയ കാര്യങ്ങളൊക്കെ ഇതിന്റെ ഭാഗമായി കാണാം. നിർവ്വാഹക സമിതിയുടെ കാര്യത്തിൽ പറഞ്ഞ അഭിപ്രായങ്ങളൊക്കെ പരിശോധിക്കാം. സദാചാര പ്രവർത്തനത്തിനു വേണ്ടി നിയോഗിക്കപ്പെട്ടവരെമാത്രം ഒഴിവാക്കിയാൽ മതിയെന്നും സർക്കാർ സർവ്വീസിൽനിന്ന് പോയവരെ മുഴുവൻ ഒഴിവാക്കരുതെന്നുമുള്ള ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ കാര്യങ്ങൾ പിന്നീട് പരിശോധിക്കാം. ലാബുകളുടെ അപര്യാപ്തതയെക്കുറിച്ച് പറഞ്ഞു. ഇതിന്റെ രജിസ്ട്രേഷനെ സംബന്ധിച്ച് പറയുമ്പോൾ ചില വകുപ്പുകളിൽ കോൺട്രഡിക്ഷനുള്ള കാര്യം പറഞ്ഞു. കോൺട്രഡിക്ഷനുള്ളതായി എനിക്ക് തോന്നിയിട്ടില്ല. ഏറ്റവും കുറഞ്ഞ നിലവാരം എന്നുപറയുന്നത് ഏറ്റവും അത്യാവശ്യ നിലവാരം എന്നതാണെന്ന് ഞാൻ നേരത്തേ സൂചിപ്പിച്ചതാണ്. ബിൽ കൊണ്ടുവരാൻ കാണിച്ച ഇച്ഛാശക്തി നമുക്കെല്ലാവർക്കും ചേർന്ന് കൃത്യസമയത്ത് ഇതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനും ഉണ്ടാകണം. അതുപോലെ ശിക്ഷാനടപടികളുടെ കാര്യത്തെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. എല്ലാ സ്ഥാപനത്തിലും ഒരേപോലുള്ള ശിക്ഷാനടപടിയല്ല, അതെങ്ങനെ മാറ്റാം എന്നുള്ളതെല്ലാം റൂൾസ് ഫ്രെയിം ചെയ്യുന്ന സമയത്ത് കുറച്ചുകൂടി വിശദമായി പറയാൻ സാധിക്കും. സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്യുന്ന കാര്യത്തെക്കുറിച്ച് ബില്ലിൽ സൂചിപ്പിച്ചിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങൾക്കും ഒരേ ഗ്രേഡല്ല. ആ രീതിയിൽ ഗ്രേഡ് ചെയ്യാനുള്ള അവസ്ഥ ബില്ലിലുണ്ടെന്നുള്ള പ്രത്യേകത ഞാൻ സൂചിപ്പിക്കുകയാണ്. ചില പ്രത്യേക സംഭവങ്ങളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് പൊതുവായ കാര്യങ്ങൾ പറയുമ്പോൾ പറയാം. ബില്ലുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള കുറേ കാര്യങ്ങളാണ് സൂചിപ്പിച്ചിട്ടുള്ളത്. ഇൻഫ്രാസ്ട്രക്ചർ, ഉപകരണങ്ങൾ ഇതെല്ലാമുണ്ടെന്ന് യഥാവിധി ഉറപ്പുവരുത്തണമെന്നാണ് പറഞ്ഞിട്ടുള്ളത്.

വിപ്ലവകരമായ മാറ്റം ആരോഗ്യ മേഖലയിൽ ഉണ്ടാക്കുമെന്നാണ് എല്ലാ അംഗങ്ങളും ഈ നിയമത്തെക്കുറിച്ച് പറഞ്ഞത്. ഇങ്ങനെയൊരു മാറ്റം ഉണ്ടാക്കാൻ ഉദ്ദേശിച്ചാണ് ആർദ്രം പദ്ധതിക്ക് ഗവൺമെന്റ് തുടക്കം കുറിച്ചിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഒരു വർഷവും രണ്ട് മാസവും മാത്രമേ ആയിട്ടുള്ളൂ. ആർദ്രം പദ്ധതി തുടക്കം കുറിച്ചിട്ട് ആറ് മാസമായി. ആർദ്രം പദ്ധതിയിലേയ്ക്ക് നമ്മൾ ഇറങ്ങുകയാണ്. ഗവൺമെന്റിന്റെ ഉദ്ദേശം എന്താണ്? ഗവൺമെന്റ് ആശുപത്രികൾ രജിസ്ട്രേഷന്റെ പരിധിയിൽ വരുമെന്നാണ് ഇവിടെ സംസാരിച്ച പല അംഗങ്ങളും പറഞ്ഞത്. ഗവൺമെന്റ് ആശുപത്രികൾക്ക് ഈ സൗകര്യങ്ങളുണ്ടെന്ന് ഉറപ്പുവരുത്തണ്ടേ? ആർദ്രം മിഷന്റെ ഭാഗമായി ഗവൺമെന്റ് ആശുപത്രികളുടെ സ്ഥിതി പരിശോധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ചില മെമ്പർമാർ പറഞ്ഞതുപോലെ മനോഹരമായ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. പറവൂർ ആശുപത്രിക്ക് മനോഹരമായ കെട്ടിടമുണ്ടെന്നാണ് ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞത്. അത്തരത്തിലുള്ള കുറേ ആശുപത്രികളുണ്ട്. ചിലതിൽ പശ്ചാത്തല സൗകര്യങ്ങളുണ്ട്. എൻ.എച്ച്.എം., എം.എൽ.എ., എം.പി. മുതലായ ഫണ്ടുകൾ ഉപയോഗിച്ചും നാട്ടിലെ ചില പ്രധാന വ്യക്തികൾ സംഭാവനയായി നൽകിയും മറ്റും കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ എല്ലാ ആശുപത്രികൾക്കും കെട്ടിടമില്ല. വളരെ പരിതാപകരമായ സ്ഥിതിയിലുള്ള ഗവൺമെന്റ് ആശുപത്രികളുമുണ്ട്. കെട്ടിടങ്ങളുള്ള ആശുപത്രികളുമുണ്ട്. കെട്ടിടങ്ങളുള്ളതുകൊണ്ട് മാത്രം ആശുപത്രികളാകുന്നില്ല. സ്റ്റാഫ് പാറ്റേൺ പരിശോധിക്കേണ്ടതാണെന്നാണ് ഞാൻ രാവിലെ സംസാരിക്കുമ്പോഴും പറഞ്ഞത്. ഈ പരിഷ്കരണ നടപടികൾ നടപ്പിലാക്കുമ്പോൾ ഗവൺമെന്റ് ആശുപത്രിയെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ രജിസ്ട്രേഷന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയണമെങ്കിൽ കുറേ അദ്ധ്വാനിക്കേണ്ടതുണ്ട്. 1961-ലെ സ്റ്റാഫ് പാറ്റേണാണ് നിലനിൽക്കുന്നത്. രാവിലെ 350 പോസ്റ്റ് ക്രിയേറ്റ് ചെയ്തുവെന്ന് പറഞ്ഞത് കുട്ടിയതിലെ തെറ്റാണ്. 374 ലാബ് ടെക്നീഷ്യൻ പോസ്റ്റ് ക്രിയേറ്റ് ചെയ്തിട്ടുണ്ട്. 25 വർഷത്തിനുശേഷമാണ് ലാബ് ടെക്നീഷ്യൻ പോസ്റ്റ് ക്രിയേറ്റ് ചെയ്ത് കിട്ടുന്നതെന്നാണ് റാങ്ക് ലിസ്റ്റിലുള്ളവർ പറയുന്നത്. എല്ലാ ഗവൺമെന്റുകളും കുറേ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തിട്ടുണ്ട്. പക്ഷെ, നമ്മുടെ ആവശ്യങ്ങളുമായി താരതമ്യം ചെയ്തുനോക്കുമ്പോൾ പോസ്റ്റ് ക്രിയേഷൻ വളരെ കുറവാണ്. അതിന്റെ ഭാഗമായി ഡോക്ടർ-രോഗി അനുപാതം ഒരു തരത്തിലും തൃപ്തികരമല്ല. അതുകൊണ്ട് ഗുരുതരമായ പ്രശ്നമാണ്. ഈ ബിൽ വരുന്ന സമയത്ത് അതുകൂടി കണക്കിലെടു ക്കേണ്ടതായി വരും. ഗവൺമെന്റ് ഇതെല്ലാം ഒരുമിച്ച് മനസ്സിൽ കാണുകയായിരുന്നു. ഒരു ഭാഗത്ത് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ, മറുഭാഗത്ത് ആർദ്രം മിഷനിലൂടെ പ്രൈമറി, സെക്കണ്ടറി, ടെർഷ്യറി മേഖലകളെ വികസിപ്പിക്കാനുള്ള നടപടി ക്രമങ്ങളും. ഒന്നുവന്നിട്ട് ഒന്നുവരാനല്ല കാത്തുനിന്നത്. അതോടൊപ്പം എസ്.ഡി.ജി. ഗോൾ പ്രഖ്യാപിച്ച്, ടി.ബി. ഇറാഡിക്കേഷൻ, അതുപോലെ മന്ത്, കുഷ്ഠം എന്നീ രോഗങ്ങൾ ഇല്ലാതാക്കാനുള്ള നടപടി, ഇതിനൊക്കെയുള്ള എക്സ്പെർട്ട് ടീം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഹൈബി ഈഡൻ: സർ, ആർദ്രം പദ്ധതിയുടെ ഭാഗമായി അതിന്റെ ലിസ്റ്റിലുള്ള ആശുപത്രികളിൽ ഡോക്ടറെയും നഴ്സിനെയും നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനോടൊപ്പം ഫാർമസിസ്റ്റിനെക്കൂടി നിയമിക്കാനുള്ള നടപടി സ്വീകരിക്കണം. ഉച്ചയ്ക്ക് ഒരു മണി വരെ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒ.പി. വൈകുന്നേരം ആറ് മണി വരെയാക്കാൻ പോകുകയാണ്. അവിടെ നഴ്സ് മരുന്നുകൊടുക്കുന്നതുകൊണ്ട് പലസ്ഥലത്തും അപകടകരമായ സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി ഫാർമസിസ്റ്റിന്റെ പോസ്റ്റ് ക്രിയേറ്റ് ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുക എന്നുള്ളത് എളുപ്പമുള്ള കാര്യമല്ല. നമുക്കത് ചെയ്തേ മതിയാകൂ. ആർദ്രം മിഷൻ എന്താണെന്ന് എം.എൽ.എ.-മാർക്ക് മനസ്സിലായതു കൊണ്ട് എല്ലാവരും വളരെ അനുകൂലമായി പ്രതികരിക്കുന്നുണ്ട്. ഉച്ചവരെ ഒരു ഡോക്ടറും രണ്ട് പാരാമെഡിക്കൽ സ്റ്റാഫുമുണ്ടായിരുന്ന സ്ഥാപനത്തെയാണ് കുടുംബാരോഗ്യ കേന്ദ്രമാക്കി വൈകുന്നേരം വരെയുള്ള ഒ.പി.യിലേയ്ക്ക് മാറ്റുന്നത്. അതിന് ചുരുങ്ങിയത് 3 ഡോക്ടർമാരെങ്കിലും വേണം. 170 കേന്ദ്രങ്ങളെയാണ് ഈ വർഷത്തേയ്ക്ക് തെരഞ്ഞെടുത്തത്. 170 ഡോക്ടർമാരുടെയും അതനുസരിച്ചുള്ള നഴ്സുമാരുടെയും ലാബ് ടെക്നീഷ്യന്റെയും തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ ഇപ്പോൾ ഫാർമസിസ്റ്റില്ല. ഒരുമിച്ച് 680 തസ്തികകളാണ് 170 കേന്ദ്രങ്ങൾക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടത്. 941 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഇതുപോലെ സജ്ജമാക്കിയാൽ മാത്രമേ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ അനുസരിച്ച് രജിസ്റ്റർ ചെയ്യാൻ കഴിയുന്ന സ്ഥാപനങ്ങളാക്കി മാറ്റാൻ സാധിക്കുകയുള്ളൂ. അടുത്ത കൊല്ലം 500 ആരോഗ്യ കേന്ദ്രങ്ങളെയെങ്കിലും തെരഞ്ഞെടുക്കേണ്ടി വരും. 170 കേന്ദ്രങ്ങൾക്ക് 680 തസ്തിക വേണമെങ്കിൽ 500 കേന്ദ്രങ്ങൾ എടുക്കുന്നതിന് എത്ര തസ്തിക വേണമെന്നുള്ളത് കണക്കുകൂട്ടി നോക്കിയാൽ മതി. അത്രയും തസ്തിക ധനകാര്യ വകുപ്പ് സൃഷ്ടിച്ച് തരേണ്ടതായി വരും. ഇപ്പോൾ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഫാർമസിസ്റ്റിന്റെ തസ്തിക സൃഷ്ടിച്ചിട്ടില്ല. ഡോക്ടർമാരാണ് മരുന്ന് കുറിച്ചുകൊടുക്കുന്നത്. മെഡിക്കൽ ഷോപ്പിൽ മരുന്ന് എടുത്തുകൊടുക്കുന്നവർ നഴ്സുമാരെ പരിശീലിപ്പിക്കുകയാണ്. അതുപോലെ നല്ല ലബോറട്ടറിയുണ്ട്. നേരത്തെ പറഞ്ഞതുപോലെ മിനിമം കാര്യങ്ങൾ വച്ച് തുടങ്ങുകയാണ്. കുടുംബാരോഗ്യ കേന്ദ്രത്തിന്റെ മോഡലൊന്നും നമ്മുടെ മുന്നിൽ ഇപ്പോഴില്ല. പല രാജ്യങ്ങളിൽ നടപ്പിലാക്കുന്ന ഇത്തരം സിസ്റ്റത്തിൽ നിന്നും നല്ലതെല്ലാം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിനായി പ്രത്യേക മോഡലുണ്ടാക്കുകയാണ്. അങ്ങനെ തയ്യാറാക്കി വരുമ്പോൾ ഭാവിയിൽ നമുക്ക് ആവശ്യമായുള്ളത് കൂട്ടതൽ ചേർക്കാൻ സാധിക്കും. ഇപ്പോൾ എന്താണന്നുള്ള ഒരു ധാരണ ഉണ്ടാക്കിയിട്ടുണ്ട്. അതനുസരിച്ച് ഒബ്സർവേഷൻ, ഇമ്മ്യൂണൈസേഷനുള്ള സൗകര്യങ്ങൾ, നല്ല ലബോറട്ടറി, രോഗികൾ കയറി

ചെല്ലുമ്പോൾ അവരെ സ്വീകരിക്കാനുള്ള റിസപ്ഷൻ മുറി ഇവയെല്ലാം സജ്ജമാക്കിയിട്ടുണ്ട്. അവിടെ സാധാരണ പ്ലാസ്റ്റിക്ക് കസേരയ്ക്കുപകരം എയർപോർട്ട് മാതൃകയിലുള്ള കസേരകൾ ഉപയോഗിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്, അതെല്ലാം ചെയ്തുവരികയാണ്. അത്ഭുതകരമായ പ്രതികരണമാണ് ലഭിക്കുന്നത്. താലൂക്ക് ഹോസ്പിറ്റൽ മുതൽ മുകളിലോട്ടുള്ള ഹോസ്പിറ്റലുകളിൽ ഗവൺമെന്റ് പ്ലാൻ ഫണ്ടിലും കിഫ്ബിയിലും വച്ച് പണം കൊടുക്കേണ്ടതായിട്ടുണ്ട്. എന്നാൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും എം.എൽ.എ.-മാരും നാട്ടുകാരും ചേർന്ന് പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചപ്പോൾ നന്നായി ഇടപെട്ട സ്ഥലത്തു നല്ല പ്രതികരണമാണ് ലഭിച്ചത്. വയനാട്ടിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറാൻ പോകുന്ന നാല് സ്ഥാപനങ്ങൾക്ക് ഈ വർഷം പഞ്ചായത്ത് 70 ലക്ഷം രൂപയോളം വകകൊള്ളിച്ചാണ് അവിടെ പണി ആരംഭിച്ചിട്ടുള്ളത്. എം.എൽ.എ.മാരും നല്ല തുക കൊടുക്കുന്നുണ്ട്. നാട്ടുകാരുടെ വിപുലമായ യോഗം വിളിച്ചുചേർത്തപ്പോൾ സ്ഥലത്തെ പ്രധാനപ്പെട്ട പണക്കാരെല്ലാം അവർ മുറി നിർമ്മിച്ചുതരാം, എക്സ്റേ മെഷീൻ വാങ്ങിത്തരാമെന്നൊക്കെ പറഞ്ഞിട്ടുണ്ട്. മാസ്റ്റർ പ്ലാൻ അനുസരിച്ച് നമ്മൾ പറയുന്ന സാധനങ്ങൾ വേണം വാങ്ങിക്കാൻ എന്ന് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. 100 കസേര ഒരാൾ വാങ്ങിത്തരാമെന്ന് പറഞ്ഞാൽ അതിന്റെ ഗുണനിലവാരം നോക്കാതെ വാങ്ങരുത്, ആ കാശിന് നല്ല പത്ത് കസേര കിട്ടുമെങ്കിൽ താങ്കളുടെ കാശിന് ഞങ്ങൾക്ക് നല്ല പത്ത് കസേര മതിയെന്ന് വിനയത്തോടെ പറയണം. ഇതുപറഞ്ഞപ്പോൾ വലിയ മാറ്റമാണുണ്ടായത്. ഞാൻ ചില സ്ഥലങ്ങളിൽ സന്ദർശിച്ചപ്പോൾ അവിടത്തെ റിസപ്ഷനൊക്കെ കാണുമ്പോൾ കോർപ്പറേറ്റ് ഹോസ്പിറ്റലിലെ പകിട്ടും സൗകര്യങ്ങളും വരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചിങ്ങം 1-ന് ശ്രീ. വി. ജോയി എം.എൽ.എ.-യുടെ വർക്കല മണ്ഡലത്തിലെ ചെമ്മരുതി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കാൻ പോകുകയാണ്. അവിടെ ഈ സൗകര്യങ്ങളെല്ലാം ഉണ്ടാക്കിയിട്ടുണ്ട്. നല്ല വൃത്തിയും വെടിപ്പുമുള്ള സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്.

എല്ലാവരും പ്രസംഗിക്കുമ്പോൾ ജീവിതശൈലീ രോഗങ്ങളെക്കുറിച്ച് പറഞ്ഞു. ഷുഗർ വന്നിട്ട് ഇൻസുലിൻ പമ്പ് അന്വേഷിച്ച് പോകുകയാണ്. ഒരാവശ്യവുമില്ലാതെ ഭക്ഷണത്തേക്കാൾ കൂടുതൽ മരുന്ന് കഴിക്കുകയാണ്. അതുകൊണ്ട് അങ്ങനെയുള്ള കാര്യങ്ങൾ നമുക്ക് കുടുംബാരോഗ്യ കേന്ദ്രത്തിൽവച്ച് തന്നെ അഡ്രസ് ചെയ്യാൻ സാധിക്കണം. ഷുഗർ വളരെയധികം വർദ്ധിച്ചുവരുന്ന രോഗിക്ക് ഗുളിക കൊടുത്ത് വിടുകയല്ല, ഇവിടെ രോഗി രജിസ്റ്റർ ചെയ്യപ്പെടുകയാണ് ചെയ്യുന്നത്. ഡോക്ടറും രോഗിയും തമ്മിൽ നല്ല ബന്ധം വരികയാണ്. അടുത്തയാഴ്ച എപ്പോഴാണ് വരേണ്ടതെന്നുള്ളത് സംബന്ധിച്ച് രോഗിയുടെ മൊബൈൽ ഫോണിലേയ്ക്ക് സന്ദേശം അയച്ച്

വിളിച്ചുവരുത്തി ചികിത്സിക്കുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ മാറുകയാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡയറ്റ് പറഞ്ഞുകൊടുക്കുകയാണ്. വലിയ കോർപ്പറേറ്റ് ആശുപത്രികളിൽ ഡയറ്റീഷന്റടുത്ത് പോകുമ്പോൾ അവർക്ക് ഫീസ് കൊടുക്കണം. തക്കാളിയും വഴുതനയും വെണ്ടയ്ക്കയും വച്ച് കഴിക്കണം, കഴിക്കണ്ടായെന്ന് പറയുന്ന പ്രകടമായ ഒരു സംവിധാനമുണ്ട്. അത് പാവപ്പെട്ടവർക്ക് എത്തിപ്പിടിക്കാൻ കഴിയാത്തതാണ്. അതുകൊണ്ട് ഇവിടെത്തന്നെ ഡയറ്റ് നിർദ്ദേശിക്കാൻ കഴിയണം. വ്യായാമത്തിനുള്ള സൗകര്യവും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വരികയാണ്. ഇപ്പോൾ തുടങ്ങുന്ന 170 കേന്ദ്രങ്ങളിലും ആയുഷ് ഡിപ്പാർട്ടുമെന്റ് യോഗ സെന്റർ ആരംഭിക്കുകയാണ്. ഏതെങ്കിലും സെന്ററിൽ യോഗ വേണ്ട മിനി ജിം മതിയെന്ന് പറഞ്ഞാൽ അതുമാകാം. ജനങ്ങളുടെ വ്യായാമം, ഭക്ഷണക്രമം ഇതെല്ലാം നിയന്ത്രിക്കുന്ന രീതിയിലാണ് ആർദ്രം പദ്ധതിയുടെ ഭാഗമായ കുടുംബാരോഗ്യ സിസ്റ്റം വരുന്നത്. സി.എച്ച്.സി., താലൂക്ക് ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ ഈ സിസ്റ്റം വരുന്നുണ്ട്. ഇപ്പോൾ 75 താലൂക്ക് ഹോസ്പിറ്റലുകളെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പക്ഷേ 44 എണ്ണമാണ് ഈ വർഷം എടുത്തത്. അതിന് ഡയാലിസിസ് യൂണിറ്റൊക്കെ കൊടുത്തു. ചില താലൂക്ക് ഹോസ്പിറ്റലുകൾ മാസ്റ്റർ പ്ലാൻ തയ്യാറാക്കിത്തുടങ്ങിയിട്ടുണ്ട്. ശ്രീ. വി. ഡി. സതീശൻ പറഞ്ഞ പറവൂർ ഹോസ്പിറ്റലിനെപ്പോലെ അത്രത്തോളം നല്ലൊരു ഹോസ്പിറ്റലിന് ഉദാഹരണമാണ് കൊല്ലം ജില്ലയിലെ പുനലൂർ താലൂക്ക് ഹോസ്പിറ്റൽ. നിങ്ങളുടെ ആശുപത്രി നവീകരിക്കുമ്പോൾ പുനലൂർ താലൂക്ക് ആശുപത്രി പോയി ഒന്ന് കാണണമെന്ന് ഞാൻ എല്ലാവരോടും പറയാറുണ്ട്. വലിയ കാശൊന്നും കിട്ടാഞ്ഞിട്ടും വളരെ ഭംഗിയായി ക്രമീകരിച്ചിരിക്കുന്നു. അതിനകത്തെ ബെഡ് പോലും വളരെ മനോഹരമായിരിക്കുന്നു. ആ ബെഡ് വിദേശത്തുനിന്ന് ഇറക്കുമതി ചെയ്തതാണോയെന്ന് ഞാൻ ഡോക്ടറോട് ചോദിച്ചപ്പോൾ അത് കേരളത്തിലുണ്ടാക്കിയതാണെന്ന് പറയുകയുണ്ടായി. ഇങ്ങനെയുള്ള ബെഡ് വേണമെന്നുപറഞ്ഞ് ഓർഡർ കൊടുത്ത് ചെയ്യിച്ചതാണെന്ന് പറഞ്ഞു. വിരൽ നഖം കൊണ്ട് ചുരണ്ടിയാൽ പെയിന്റ് അടർന്നുപോകുന്ന ഇരുമ്പുകട്ടിലല്ല അത്. ശ്രീ. കെ. രാജു മിനിസ്റ്ററുടെ മണ്ഡലമായ പുനലൂരിനെക്കുറിച്ചുകൂടി പറയണമെന്ന് പറഞ്ഞിട്ടുണ്ട്. അദ്ദേഹവും അവിടത്തെ നഗരസഭയും അതിന് നേതൃത്വപരമായ പങ്ക് വഹിക്കുന്നുണ്ട്. ഈ ഒരെണ്ണം മാത്രമല്ല ഇതുപോലെയുള്ള കുറേ ഹോസ്പിറ്റലുകളുണ്ട്. പുനലൂർ ഹോസ്പിറ്റലിനെ കുറിച്ച് ഞാൻ എല്ലാവരോടും പറയുന്ന ഉദാഹരണമാണ്. എല്ലാ താലൂക്ക് ഹോസ്പിറ്റലുകളും ആ നിലവാരത്തിലേയ്ക്ക് എത്തണമെന്നാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. പക്ഷേ നമ്മൾ വിരൽ ചൂണ്ടിക്കാണിച്ചാൽ അങ്ങനെ വരില്ല. നമുക്ക് കൂട്ടായി പരിശ്രമിക്കാം. ഒരുമിച്ച് ഫണ്ട് കണ്ടുപിടിക്കാം. ആരെല്ലാം സഹായിക്കാൻ തയ്യാറായി വരുന്നു. തലശ്ശേരി ജനറൽ ഹോസ്പിറ്റലിൽ ഞങ്ങൾ ഇതെല്ലാം നടത്തുന്ന സമയത്ത് അവിടത്തെ കാഷ്വാലിറ്റി നവീകരിച്ച് തരാമെന്ന് പറഞ്ഞ് ഒരു ഫൗണ്ടേഷൻ

അവിടെ വന്നു. 45 ലക്ഷം രൂപ ചെലവഴിച്ച് തലശ്ശേരി ജനറൽ ഹോസ്പിറ്റലിന്റെ കാഷ്വാലിറ്റി അവർ നവീകരിച്ച് തന്നു. റൂഫ് ഫൗണ്ടേഷൻ, ഫൈസൽ ആൻറ് ഷബാന ഫൗണ്ടേഷൻ ഇവരെല്ലാം സഹായിക്കാൻ തയ്യാറായി വരുന്നുണ്ട്. പ്രശ്നമില്ലാത്ത ഏത് സഹായവും സർക്കാർ സ്വീകരിക്കും. ഞാൻ ഇത് പറയാൻ കാരണം രജിസ്ട്രേഷന് ഗവൺമെന്റ് ആശുപത്രികളും വിധേയമാകുമ്പോൾ ഈ പറഞ്ഞ സ്റ്റാൻഡേർഡിലേയ്ക്ക് വരണമെന്നുള്ളതാണ്. ആർദ്രം പദ്ധതിയുടെ ഭാഗമായി ഈ പറയുന്ന കാര്യങ്ങൾ ചെയ്യാൻ ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ എല്ലാ എം.എൽ.എ.-മാരും നേതൃത്വപരമായ പങ്ക് വഹിക്കണം. രണ്ട് വർഷംകൊണ്ട് നമുക്ക് ഇതിലേയ്ക്ക് എത്തിച്ചേരാൻ സാധിക്കും. എച്ച്.ഡി.സി. മീറ്റിംഗിനൊന്നും സാധാരണ നമ്മൾ പങ്കെടുക്കേണ്ട ആവശ്യമില്ല. എങ്കിലും ശ്രീ. കെ. മുരളീധരൻ എം.എൽ.എ.-യും ഞാനുംകൂടി അദ്ദേഹത്തിന്റെ മണ്ഡലത്തിലെ ആശുപത്രി മെച്ചപ്പെടുത്താമെന്ന് വിചാരിച്ച് ആ മീറ്റിംഗിൽ പങ്കെടുക്കുകയും അവരോട് ഒരു മാസ്റ്റർ പ്ലാനുണ്ടാക്കാൻ പറയുകയും ചെയ്തു. ബഹുമാനപ്പെട്ട എം.എൽ.എ. കണ്ടോയെന്ന് അറിയില്ല. അവർ തയ്യാറാക്കിയ മാസ്റ്റർപ്ലാൻ അതിഗംഭീരമാണ്. അത് നടപ്പിലായാൽ ആരോഗ്യ മേഖലയിലെ ഏറ്റവും വലിയ അസറ്റായിരിക്കും അങ്ങയുടെ മണ്ഡലത്തിലുള്ള ആ ആശുപത്രിയെന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല. അത് നമുക്ക് നടപ്പിലാക്കണം. ഇങ്ങനെ ഓരോന്നോരോന്നായി ഞാൻ പറയുന്നില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞങ്ങളുടെ മണ്ഡലത്തിലെ എച്ച്.ഡി.സി. മീറ്റിംഗിനും കൂടി വരുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, സമയം കിട്ടുംപോലെ വരാം. എല്ലായിടത്തും വരാൻ കഴിയില്ല. ഇത് തലസ്ഥാന നഗരിയെന്ന പ്രത്യേകതയുള്ളതു കൊണ്ട് അവിടെ ചെന്നതാണ്. ഇത്തരം കാര്യങ്ങൾ വിശദമായി ഞാൻ പറയുന്നില്ല. അതിദ്രുതഗതിയിലുള്ള ഒരു മാറ്റം കേരളത്തിന്റെ ആരോഗ്യ മേഖലയിൽ ആരംഭിച്ചിട്ടുണ്ട്. ആ മാറ്റത്തിന് നിങ്ങളുടെയെല്ലാം സഹായം ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

പരസ്യങ്ങളെ നിയന്ത്രിക്കുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ആയുർവ്വേദ മേഖലയിലെ പരസ്യം എങ്ങനെ നിയന്ത്രിക്കാം? നിയമങ്ങളിൽ ഇന്ന് വലിയ തടസ്സമുണ്ട്. നമുക്ക് ചിലപ്പോൾ പുതിയ നിയമമൊക്കെ ആവശ്യമായി വരും. നിലവിലുള്ള നിയമം ഉപയോഗിച്ച് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യാം. ആയുർവ്വേദത്തെ അവഗണിക്കുന്നില്ല. ഈ ഗവൺമെന്റ് തന്നെ International Research Institute in Ayurveda എന്ന് പറഞ്ഞുകൊണ്ട് ഒരു സ്ഥാപനം കേരളത്തിൽ കൊണ്ടുവരുന്നു. ആയുർവ്വേദ ജില്ലാ ആശുപത്രികളെയും സ്പെഷ്യാലിറ്റിയാക്കി മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. അലോപ്പതിയിലെ ജില്ലാ ആശുപത്രികൾ മാത്രമല്ല, ഹോമിയോ, സിദ്ധ

തുടങ്ങി എല്ലാ സംവിധാനങ്ങളെയും മെച്ചപ്പെടുത്തിയിട്ടുവേണം രജിസ്ട്രേഷൻ സംവിധാനത്തിലേയ്ക്ക് കൊണ്ടുവരാൻ. ബില്ലിന്റെ ഭാഗമായി ഇവയെ രജിസ്റ്റർ ചെയ്യണമെങ്കിൽ വലിയ ജോലി തന്നെയുണ്ട്. അതത്ര എളുപ്പമുള്ള കാര്യമല്ല. അതീവ ശ്രമകരമായിട്ടുള്ള ആ ജോലി സർക്കാർ മേഖല ഏറ്റെടുക്കണമെന്നുള്ള കാര്യത്തിൽ നിങ്ങൾ പറഞ്ഞ നല്ല അഭിപ്രായത്തെ ഞാൻ മാനിക്കുന്നു.

കേരളത്തിന്റെ പരമ്പരാഗത ആയുർവ്വേദ മേഖലയെ സംരക്ഷിക്കാൻ നോക്കാം. പാരമ്പര്യ സിദ്ധിയെ എങ്ങനെ സംരക്ഷിച്ചുനിർത്താമെന്നതിനെക്കുറിച്ച് ആലോചിക്കാം. ഇത് വലിയ തർക്കമുണ്ടാക്കുന്ന കാര്യമാണ്. എങ്കിലും അനുഭവത്തിന്റെ വെളിച്ചത്തിൽ പാരമ്പര്യമായ ചില കാര്യങ്ങൾ എം.എൽ.എ.-മാർ പറഞ്ഞിട്ടുണ്ട്. സംരക്ഷിക്കപ്പെടേണ്ട ചില അറിവുകൾ പാരമ്പര്യ മേഖലയിലുണ്ട് എന്നുള്ള കാര്യത്തിൽ സംശയമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പലപ്പോഴും പറയുന്ന ഒരു കാര്യമുണ്ട്. അദ്ദേഹത്തിന് പോലീസ് മർദ്ദനമുണ്ടായതിന്റെ ഭാഗമായി ധാരാളം ചികിത്സ നടത്തിയിട്ടും ഭേദപ്പെടാത്ത ഒരു അസുഖം ആയുർവ്വേദ മരുന്നുകൊണ്ട് ഒരു മാസത്തിനകം ഭേദപ്പെട്ടുവെന്ന് പറയാറുണ്ട്. അലോപ്പതിയെയും ആയുർവ്വേദത്തേയും അവഗണിക്കാൻ കഴിയില്ല. ഇതെല്ലാം ചേർത്തുകൊണ്ട് കേരളത്തിലെ ആരോഗ്യ മേഖലയിൽ കാര്യങ്ങൾ ചെയ്യാം.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ആയുർവ്വേദം, ഹോമിയോ, യുനാനി എന്നിവയെ കുറിച്ചൊക്കെ പറഞ്ഞു. പക്ഷേ നാച്വറോപ്പതിയും യോഗയും പഠിപ്പിക്കുന്ന ഒരു സ്ഥാപനവും കേരളത്തിലില്ല. അത്തരമൊരു സ്ഥാപനം തുടങ്ങാൻ മുൻകയ്യെടുക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, കേരളത്തിൽ ആയുഷ് ഒരു പ്രത്യേക ഡിപ്പാർട്ട്മെന്റാണ്. ബാലാരിഷ്ടതകൾ തീരാത്ത ഒരു ഡിപ്പാർട്ട്മെന്റായി അത് നിൽക്കുകയാണ്. അതിനെ വിപുലമായ ഒരു സംവിധാനത്തിലേയ്ക്ക് കൊണ്ടുവരാൻ സർക്കാർ ആലോചിക്കുന്നുണ്ട്. ആയുഷ് ഡിപ്പാർട്ട്മെന്റിന്റെ ഭാഗമായി നാച്ചുറോപ്പതിക്കും യോഗയ്ക്കുമെല്ലാം പ്രാധാന്യം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ മേഖലയിലുള്ള ഗവേഷണങ്ങളും മറ്റുകാര്യങ്ങളും ശക്തമാകണം. അത്തരത്തിലുള്ള സ്ഥാപനങ്ങൾ കേരളത്തിലുണ്ടാകുന്നതിന് പരിശ്രമിക്കുന്നതാണ്.

ഞാൻ ഒരു കാര്യം കൂടി എല്ലാ മെമ്പർമാരുടെയും ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഈ ബിൽ വളരെ പെട്ടെന്ന് പാസ്സാക്കണം. അതുകൊണ്ടാണ് ഇത്ര വിശദീകരിച്ച് ഗവൺമെന്റ് മേഖലയെക്കുറിച്ച് ഞാൻ പറഞ്ഞത്. നേരത്തെ പറഞ്ഞതുപോലെ ഈ ബില്ലിന്റെ രജിസ്ട്രേഷൻ വരുമ്പോൾ ആ ഹോസ്പിറ്റലിന്റെ അധിപനായിട്ടുള്ള ഡോക്ടർക്കെതിരെ നടപടിയെടുക്കുന്ന അവസ്ഥയുണ്ടാവില്ല. ഗവൺമെന്റാണ് അതിന്റെ

ഫെസിലിറ്റീസ് ഉണ്ടാക്കേണ്ടത്. അത് ഉണ്ടാക്കും. ഡോക്ടറേയോ ആ സ്ഥാപനത്തിലെ ഉദ്യോഗസ്ഥനേയോ കുരുതികൊടുക്കാൻ നിൽക്കില്ല. അതിന് അവസരമുണ്ടാക്കുകയില്ലെന്നുള്ളത് ഉറപ്പാണ്. അതുപോലെ ഗവൺമെന്റ് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള ഇ-ഹെൽത്ത് പദ്ധതി, ആർദ്രം പദ്ധതിയുടെ ഭാഗമായ കാര്യങ്ങൾ ഇതെല്ലാം വേഗതയിൽ നടക്കുന്നതിന് എല്ലാവരുടേയും പരിശ്രമവും ശ്രദ്ധയും ഉണ്ടാകണം. അപ്പോൾ രജിസ്ട്രേഷൻ എളുപ്പത്തിലാകും. അതുപോലെ പോസ്റ്റ് ക്രിയേഷന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പും ഗവൺമെന്റും സഹായിക്കുമെന്ന് കരുതുന്നു. ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ പറഞ്ഞിട്ടുള്ള മറ്റ് കാര്യങ്ങളെല്ലാം ബില്ലിന്റെ വിശദമായ ചർച്ചാ വേളയിൽ പറയാം. അവിചാരിതമായി യന്ത്രങ്ങൾ കേടാകുന്നു എന്നുള്ള പ്രശ്നങ്ങൾ ഇവിടെ ഉന്നയിച്ചു. അത് വസ്തുതയാണ്. ഗവൺമെന്റ് ആശുപത്രികളിലെ മിക്കവാറും ഉപകരണങ്ങൾ കേടായി കിടക്കുകയാണ്. ആലപ്പുഴ മെഡിക്കൽ കോളേജിൽ കൊബാൾട്ട് മെഷീൻ കേടായി എന്നുപറഞ്ഞ് കുറേക്കാലം റേഡിയേഷൻ നടക്കാതിരുന്നത് നിങ്ങൾക്കൊക്കെ ഓർമ്മയുണ്ടാകും. അത് ഇപ്പോൾ പുനഃസ്ഥാപിച്ചു. ഗവൺമെന്റ് ചില കമ്പനികളുമായി ധാരണാപത്രം ഒപ്പിട്ടുകൊണ്ട് കേടാവുന്ന മെഷീനുകൾ വളരെ പെട്ടെന്ന് നന്നാക്കുന്ന പ്രക്രിയ വേഗതയിലാക്കിയിട്ടുണ്ട്. ഇതുവരെയില്ലാത്ത ഒരു അനുഭവമാണിത്. കരുതിക്കൂട്ടി കേടാക്കുന്നുവെന്ന ആക്ഷേപമുണ്ടായിട്ടുണ്ട്. അതിനെക്കുറിച്ച് പരിശോധന നടത്താൻ സാധിക്കും. ഏറ്റവും ആധുനികമായ ഉപകരണങ്ങൾ നമ്മുടെ സ്ഥാപനങ്ങളിൽ വേണം.

ഇവിടെ ഷമ്മിയുടെയും മുരുകന്റെയും മരണത്തെക്കുറിച്ച് പറഞ്ഞു. മെഡിക്കൽ കോളേജുകൾ ഉപകരണങ്ങളുടെ ദാരിദ്ര്യം നന്നായി അനുഭവിക്കുന്നുണ്ട്. ഇപ്പോഴാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിന് ഒരു ലിനാക് മെഷീൻ വാങ്ങിക്കൊടുക്കാൻ സാധിച്ചത്. അത് ഇൻസ്റ്റാൾ ചെയ്യുന്നതേയുള്ളൂ. ഇത്രയും പ്രശസ്തമായ ഒരു മെഡിക്കൽ കോളേജിൽ Linear accelerator ഉണ്ടായിരുന്നില്ലെന്ന് നമുക്ക് വിശ്വസിക്കാൻ കഴിയുമോ? തൃശ്ശൂർ മെഡിക്കൽ കോളേജിലും ഇതുവരെ Linear accelerator ഉണ്ടായിരുന്നില്ലെന്ന് നിങ്ങളാരെങ്കിലും വിശ്വസിക്കുമോ? എനിക്കും വിശ്വാസമുണ്ടായിരുന്നില്ല. Linear accelerator ഇവിടെയൊക്കെ ഇല്ലായിരുന്നുവെന്ന് ഇപ്പോഴാണ് മനസ്സിലാക്കിയത്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഒരു കാത്ത് ലാബ് മാത്രമാണുണ്ടായിരുന്നത്. മന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണൻ ഭാഗ്യത്തിന് രക്ഷപ്പെട്ടതാണ്. അന്ന് അദ്ദേഹത്തെ അവിടെ കൊണ്ടുവരുമ്പോൾ ആ ടേബിളിൽ മറ്റാരും ഇല്ലാതിരുന്നതുകൊണ്ട് അദ്ദേഹം രക്ഷപ്പെട്ടു. പകരം മറ്റൊന്ന് ഉണ്ടായിരുന്നില്ല. അവിടെ പല ഉപകരണങ്ങളും ഉണ്ടായിരുന്നില്ല. പേരുകേട്ട മെഡിക്കൽ കോളേജുകളാണ്. അവിടെയൊന്നും ഒന്നുമില്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷെ വളരെ അത്യാവശ്യമുള്ള ഇത്തരം ചില ഉപകരണങ്ങളില്ലെന്നുള്ളത് മനസ്സിലാക്കി ഈ ഗവൺമെന്റ് ഇടപെട്ടുതുടങ്ങി. തിരുവനന്തപുരം മെഡിക്കൽ കോളേജിന് ലിനാക് മെഷീൻ കൊടുത്തു. തൃശ്ശൂർ

മെഡിക്കൽ കോളേജിന് Linear accelerator-ഉം ഒരു കൊബാൾട്ട് മെഷീനും കൊടുത്തു. എല്ലാമൊന്നും ഞാൻ പറയുന്നില്ല. ഇത്തരത്തിൽ ഒരു വർഷംകൊണ്ട് ചെയ്യാവുന്ന മാക്സിമം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ബജറ്റ് ഡിസ്കഷന്റെ ഭാഗമായി ഡിമാന്റ് ഡിസ്കഷനിൽ പ്രസംഗിക്കുകയാണെന്ന് തോന്നരുത്. കാരണം ഈ സ്ഥാപനങ്ങളുടെയെല്ലാം രജിസ്ട്രേഷന്റെ ഭാഗമായി ഇതൊക്കെ ചെയ്താലേ മതിയാകൂ. ബില്ലിന്റെ ക്ലോസ് ബൈ ക്ലോസ് ഡിസ്കഷനിൽ ഓരോ വകുപ്പിനേയുംക്കുറിച്ച് എങ്ങനെ കൈകാര്യം ചെയ്യുന്നു, എന്ത് മാറ്റങ്ങൾ വരുത്തണം, എങ്ങനെ ഇംപ്ലിമെന്റ് ചെയ്യും എന്നതിനെക്കുറിച്ച് വിശദമായി പറയാം. ബാക്കിയെല്ലാം ബിൽ അവതരിപ്പിച്ച സമയത്ത് ഞാൻ പറഞ്ഞിട്ടുണ്ട്. ട്രീറ്റ്മെന്റ് പ്രോട്ടോകോൾ അടക്കം ഇതിൽ നിർദ്ദേശിച്ചിട്ടുണ്ട്. പ്രോട്ടോകോൾ ലംഘിച്ചതിനാലാണ് എച്ച്1 എൻ1 മരണം ഇത്രയധികം ഉണ്ടാകാൻ കാരണം. സ്വകാര്യ ഹോസ്പിറ്റലുകളിലൊന്നും പ്രോട്ടോക്കോൾ അനുസരിക്കുന്നില്ല. എ, ബി, സി പ്രോട്ടോകോൾ അനുസരിച്ച് ട്രീറ്റ്മെന്റ് നടത്തണം. എപ്പോഴാണ് ഗുളിക കഴിക്കേണ്ടതെന്ന് പറഞ്ഞാലൊന്നും കേൾക്കുന്നില്ല. ഇതൊക്കെ വരുമ്പോൾ അങ്ങോട്ടുമിങ്ങോട്ടുമുള്ള നമ്മുടെ സംശയങ്ങളും പരാതികളും സങ്കടങ്ങളും ഈ മെച്ചപ്പെടുത്തലിലൂടെ തീർക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ഇത്തരത്തിലുള്ള ഒരു നല്ല ഡിസ്കഷൻ സംഘടിപ്പിച്ചതിൽ വളരെ സന്തോഷത്തോടു കൂടി എല്ലാവരോടും നന്ദി പറയുകയാണ്. ഈ ബിൽ അവതരിപ്പിച്ച്, പാസ്സായി കഴിഞ്ഞാൽ എല്ലാ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി അതിന്റെ സാധ്യതകളൊരുക്കാൻ എല്ലാവരും ഒത്തൊരുമയോടുകൂടി നിൽക്കണം. സ്വകാര്യ സ്ഥാപനങ്ങളോടും ചെറുകിട സ്ഥാപനങ്ങളോടും വലിയ സ്ഥാപനങ്ങളോടും എന്ത് സമീപനമാണ് വേണ്ടതെന്നെല്ലാം ഇതിലുണ്ട്. ഞാൻ അതിന്റെ പദാനുപദമായി മറുപടി പറയുന്നില്ല. അതുകൊണ്ട് ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാവരോടും നന്ദി പറയുന്നു. ഇടപെട്ട് സംസാരിച്ചവരോടും കേട്ടിരുന്ന് സമ്മതിച്ചവരോടുമെല്ലാം ആരോഗ്യ വകുപ്പിന്റെ പ്രത്യേക നന്ദി അറിയിക്കുകയാണ്.

ഈ ബില്ലിനെ സംബന്ധിച്ച പൊതുചർച്ചയിൽ നല്ലൊരു സമവായമാണുണ്ടായത്. അതിന്റെ അടിസ്ഥാനത്തിൽ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നുള്ള പ്രമേയമാണ് ഞാൻ അവതരിപ്പിച്ചിരുന്നത്. ആ പ്രമേയത്തിന്മേൽ ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 2 (ബി) ഭേദഗതിയായ ബിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി സ്വീകരിക്കുന്നു. കാരണം ഏറ്റവും എളുപ്പത്തിൽ ഈ ബിൽ അവതരിപ്പിച്ച് പാസ്സാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ബഹുമാനപ്പെട്ട മെമ്പർമാരെല്ലാം ആ അഭിപ്രായത്തോട് യോജിക്കുന്നതെന്നാണ് ഞാൻ കരുതുന്നത്. അതുകൊണ്ട് ഏറ്റവും വേഗത്തിൽ ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കാൻ കഴിയുന്ന രീതിയിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അംഗീകരിക്കുന്നു. ഈ ഭേദഗതികൂടി ഉൾപ്പെടുത്തി കൊണ്ടുള്ള പ്രമേയം സഭ പാസ്സാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 2 (ബി) ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പ്രമേയമായ 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച XII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## (ii) 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, 1980-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമത്തിലാണ് ഇപ്പോൾ പ്രധാനപ്പെട്ട ഒരു ഭേദഗതി കൊണ്ടു വരുന്നത്. മത്സ്യസമ്പത്ത് സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞു കൊണ്ട് അന്ന് കേന്ദ്രസർക്കാർ നിയമിച്ച മജുംദാർ കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിലാണ് 1980-ൽ ഈ നിയമം കൊണ്ടുവന്നത്. ശാസ്ത്രീയ അടിസ്ഥാനത്തിൽ മത്സ്യബന്ധനം

നിയന്ത്രിക്കുകയും മത്സ്യസമ്പത്ത് സംരക്ഷിക്കുകയും ചെയ്യുക എന്ന ലക്ഷ്യമായിരുന്നു ഈ നിയമം പാസ്സാക്കുന്ന സമയത്ത് ഉണ്ടായിരുന്നത്. അതിനുശേഷം 1986 ഒക്ടോബർ 15-ന് വേറൊരു ഭേദഗതി കൂടി വരികയുണ്ടായി. അത് നിയമലംഘനം നടത്തുന്നവർക്ക് നൽകേണ്ട പിഴ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ഭേദഗതിയായിരുന്നു. നിയമം പാസ്സാക്കിയ സമയത്ത് ഉണ്ടായിരുന്നത് മനുഷ്യശക്തിയാൽ പ്രവർത്തിക്കുന്ന മത്സ്യബന്ധന ഉപകരണങ്ങളായിരുന്നു. അന്ന് മത്സ്യബന്ധന യാനങ്ങളായിരുന്നു ഉപയോഗിച്ചിരുന്നത്. 100 കുതിരശക്തിയിൽ താഴെയുള്ള എഞ്ചിനുകൾ മാത്രമേ അക്കാലത്ത് ഉപയോഗിച്ചിരുന്നുള്ളൂ. എന്നാൽ ഇന്ന് സ്ഥിതി മാറിയിരിക്കുന്നു. 1980-കളിലെ സ്ഥിതിയല്ല 2017-ൽ ഉള്ളത്. യന്ത്രവൽകൃത ബോട്ടുകളുടെയും നാടൻ വള്ളങ്ങളുടെയും പ്രവർത്തനങ്ങളെ നിയന്ത്രിക്കുക മാത്രം ലക്ഷ്യമിട്ടുള്ളതായിരുന്നു അന്നത്തെ നിയമം. കേരളത്തിലെ സമുദ്ര മേഖലയുടെ വികസന ചരിത്രത്തിൽ 80-കൾക്ക് വളരെ പ്രാധാന്യമുണ്ട്. 1980-കളിലാണ് മോട്ടോർ ഒവിയം ഇൻട്രൊഡ്യൂസ് ചെയ്തത്. മോട്ടോർ ഒവിയം വന്നതോടുകൂടി അതിവേഗമാണ് മത്സ്യബന്ധന യാനങ്ങളുടെ എണ്ണം വർദ്ധിക്കുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ വന്നത്. എന്നുമാത്രമല്ല ring seine വല ഉപയോഗിക്കുന്ന സ്ഥിതിയും ഉണ്ടായത് അക്കാലയളവിലാണ്. വളരെ ഉയർന്ന കുതിരശക്തിയുള്ള ഇൻബോർഡ് എഞ്ചിനുകൾ, അന്ന് വളരെ താഴെയുള്ളവയാണ് ഉപയോഗിച്ചിരുന്നതെങ്കിൽ ഇപ്പോൾ രണ്ടും മൂന്നും മോട്ടോറുകൾ ഘടിപ്പിച്ച പരമ്പരാഗത യാനങ്ങളും സർവ്വസാധാരണമാണ്. കുറഞ്ഞ കണ്ണിവലിപ്പമുള്ള വലകൾ ഉപയോഗിക്കുന്ന സ്ഥിതിയും വ്യാപകമാകുകയാണ്. യന്ത്രവൽകൃത ബോട്ടുകളുടെയും മോട്ടോർ ഘടിപ്പിച്ച വള്ളങ്ങളുടെയും എണ്ണത്തിലും ശേഷിയിലും ഉണ്ടായ വർദ്ധനവ് കടലിൽ മത്സ്യബന്ധന സമ്മർദ്ദം ക്രമാതീതമായി വർദ്ധിക്കുന്നതിന് ഇടയായിട്ടുണ്ട്. ഉയർന്ന മത്സ്യബന്ധന സമ്മർദ്ദംമൂലം മത്സ്യവിഭവങ്ങളുടെ ശോഷണത്തിനും മത്സ്യോൽപ്പാദനം കുറയുന്നതിനും കാരണമായി. ഈ സാഹചര്യം കൂടുതൽ കുതിരശക്തിയുള്ള യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനും അത്തരത്തിൽ കൂടുതൽ നീളത്തിലുള്ള വലകൾ ഉപയോഗിക്കുന്നതിനുമൊക്കെ മത്സ്യത്തൊഴിലാളികളെ നിർബന്ധിതമാക്കുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ എത്തുകയും ചെയ്തു. ക്രമാതീതമായി വർദ്ധിച്ചുവരുന്ന മത്സ്യബന്ധന സമ്മർദ്ദം കടലിന്റെ ആവാസ വ്യവസ്ഥയെതന്നെ തകിടംമറിക്കുന്ന തരത്തിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഇതുമൂലം കടൽ മത്സ്യോൽപ്പാദനം ഗണ്യമായി കുറഞ്ഞു. കേന്ദ്ര സർക്കാരിന്റെ സമുദ്രഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) പ്രസിദ്ധീകരിച്ച കണക്കുകൾ അനുസരിച്ച് 2012-ൽ കേരളത്തിന്റെ കടൽ മത്സ്യോൽപ്പാദനം 8.3 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2015 ആയപ്പോൾ 4.82 ലക്ഷം മെട്രിക് ടൺ ആയി കുറഞ്ഞു. ഇത്തരത്തിലുള്ള മത്സ്യബന്ധന രീതികൾ കാരണം മത്സ്യോൽപ്പാദനത്തിൽ ഭീമമായ കുറവാണുണ്ടായത്. ഓരോ വർഷത്തെയും കണക്കുണ്ട്. വളരെയേറെ വൈകിയാണ് ഈ ബിൽ അവതരിപ്പിക്കുന്നത് എന്നതുകൊണ്ട് ഓരോ വർഷങ്ങളിലേയും കണക്കിലേയ്ക്ക് പോകുന്നില്ല. മത്സ്യസമ്പത്തിന്റെ അളവ് നേരെ പകുതിയായി കുറഞ്ഞു. എന്നാൽ ഇത്തരം യാനങ്ങളെയോ വലകളെയോ നിയന്ത്രിക്കാൻ 1980-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമത്തിൽ

വ്യവസ്ഥകളില്ല. വല, എഞ്ചിൻ, ബോട്ടുകളുടെ എണ്ണം, ഉപയോഗിക്കുന്ന വലയുടെ നീളം മുതലായ കാര്യങ്ങളെക്കുറിച്ച് ഒരു നിയന്ത്രണവും നിയമത്തിലില്ല. ഈ സാഹചര്യത്തിൽ മോട്ടോർ ഘടിപ്പിച്ച എഞ്ചിനുകളുടെ എണ്ണം 29698 ആണ്. യന്ത്രവൽകൃത യാനങ്ങൾ (ഇൻബോർഡ് വള്ളങ്ങൾ ഉൾപ്പെടെ) 5284 ആണ്. മോട്ടാർ ഘടിപ്പിക്കാത്തവ 2539 ആണ്. ഇന്ന് നമ്മുടെ സമുദ്രത്തിലുള്ള ആകെ യാനങ്ങളുടെ എണ്ണം 37521 ആണ്. എന്നാൽ ഇത്തരം കാര്യങ്ങൾ എത്രത്തോളമേ പാടുള്ളൂവെന്ന നിയന്ത്രണം സംബന്ധിച്ച് 2014-ലെ ട്രോൾ ബാൻ കമ്മിറ്റി ഒരു റിപ്പോർട്ട് തന്നിട്ടുണ്ട്. ആ റിപ്പോർട്ട് അനുസരിച്ച് mechanical multiday trawlers 2489 മാത്രമേ പാടുള്ളൂവെന്നാണ് അവർ ശിപാർശ ചെയ്തത്. മെക്കനൈസ്ഡ് ട്രോൾ നെറ്റ് 1121, മെക്കനൈസ്ഡ് ഗിൽ നെറ്റ് 64. സമയപരിമിതികൊണ്ട് എല്ലാത്തിന്റെയും വിശദാംശങ്ങളിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നില്ല. ആകെ 15138 യാനങ്ങൾ മാത്രമേ പാടുള്ളൂവെന്നാണ് പറയുന്നത്. എന്നാൽ ഇന്നുള്ളത് 37521 ആണ്. ഏകദേശം 38000-ത്തോളം യാനങ്ങൾ ഉള്ള സ്ഥാനത്ത് പതിനയ്യായിരമേ പാടുള്ളൂവെന്നാണ് വ്യവസ്ഥ. ഇത്തരമൊരു വ്യത്യാസമാണ് ഇന്ന് ഇന്ത്യൻ സമുദ്രത്തിൽ നിലനിൽക്കുന്നത്. കടൽ മത്സ്യോൽപ്പാദനത്തിൽ വരുന്ന ഗണ്യമായ ഈ കുറവ് മത്സ്യമേഖലയെ ആശ്രയിച്ച് ജീവിക്കുന്ന പത്തുലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികളുടെയും മത്സ്യ അനുബന്ധ തൊഴിലാളികളുടെയും ജീവസുരക്ഷയെ നേരിട്ട് ബാധിക്കുന്നതിന് കാരണമായി. ഇത് കടൽ മേഖലയിൽ സാമൂഹ്യവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കിയിരിക്കുകയാണ്. മത്സ്യമേഖലയുടെ നിലനിൽപ്പിനു തന്നെ ഭീഷണിയുണ്ടായ ഈ സാഹചര്യത്തിലാണ് കടൽ ആവാസ വ്യവസ്ഥയെ സംരക്ഷിക്കുക, മത്സ്യ വിഭവസംരക്ഷണം സാധ്യമാക്കുക, മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുക എന്നിവയ്ക്കുവേണ്ടി 1980-ലെ കെ.എം.എഫ്.ആർ. ആക്ടിൽ കാലോചിതമായ പരിഷ്കാരം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്.

മത്സ്യബന്ധന യാനങ്ങളുടെ വലിപ്പവും എണ്ണവും ശേഷിയും നിയന്ത്രിക്കുക, മത്സ്യബന്ധന വലകളുടെ ഉല്പാദനം, വിപണനം എന്നിവ നിയന്ത്രിക്കുക, വലകളുടെ വലിപ്പം, കണ്ണി എന്നിവ നിയന്ത്രിക്കുക തുടങ്ങിയവയിലൂടെ മാത്രമേ മത്സ്യബന്ധന സമ്മർദ്ദം നിയന്ത്രിക്കുന്നതിനും മത്സ്യവിഭവ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും സുസ്ഥിര മത്സ്യോല്പാദനം ഉറപ്പുവരുത്തുന്നതിനും സാധിക്കുകയുള്ളൂ. ചെറുമീനുകളെ പിടിക്കുന്നതിന് വല എങ്ങനെ വേണമെന്നുള്ള മിനിമം ലീഗൽ സൈസിനെ സംബന്ധിച്ച് സി.എം.എഫ്.ആർ.ഐ.-യുടെ ശിപാർശയുണ്ട്. ഏകദേശം 58 -ഇനം ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിക്കണമെന്ന് സി.എം.എഫ്.ആർ.ഐ. ശിപാർശ ചെയ്തിരുന്നു. കഴിഞ്ഞ ഗവൺമെന്റ് 14-ഇനം മത്സ്യങ്ങൾക്കുമാത്രമേ എം.എൽ.എസ്. പ്രഖ്യാപിച്ച് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 44-ഇനം മത്സ്യങ്ങളുടെ എം.എൽ.എസ്. കൂടി നിശ്ചയിച്ച്, അത്തരം ചെറുമത്സ്യങ്ങളെ പിടിക്കാൻ പാടില്ലെന്ന് ഉത്തരവിറക്കി. ഈ ഉത്തരവ് വന്നതിനുശേഷം ചെറുമീനുകളെ പിടിക്കുന്നത് ഒരു പരിധിവരെ നിയന്ത്രിക്കാൻ

കഴിഞ്ഞിട്ടുണ്ടെങ്കിലും മത്സ്യോൽപ്പാദനത്തിൽ ചെറിയ വർദ്ധനവുണ്ടായത് ഈ വർഷം മാത്രമാണ്. ഇത്തരം നിയന്ത്രണം അവസാന സമയത്ത് ചെയ്യുന്നത് കതിരിന്മേൽ വളം വയ്ക്കുന്നതിന് തുല്യമാണ്. കാരണം മത്സ്യസമ്പത്തിന്റെ അളവിൽ വർദ്ധനവില്ല. ചെറുമീനുകളെ പിടിക്കുന്നത് നിയന്ത്രിക്കുന്നതുകൊണ്ടുമാത്രം മത്സ്യസമ്പത്ത് സംരക്ഷിക്കാൻ കഴിയുന്നില്ല. ഇതിന് ശാസ്ത്രീയമായ ഇടപെടൽ ആവശ്യമാണ്. ഇന്ന് കേരളത്തിലെ ബോട്ട് യാർഡുകൾക്കും നെറ്റ് ഫാക്ടറികൾക്കും രജിസ്ട്രേഷൻ ഇല്ല. ആർക്കും എവിടെയും ബോട്ടുകൾ നിർമ്മിക്കാം. വലിപ്പത്തിനോ നീളത്തിനോ ഒരു നിയന്ത്രണവുമില്ല. ഓരോരുത്തരുടെയും ഭാവനാവിലാസം അനുസരിച്ചാണ് യാനങ്ങളുടെ നിർമ്മിതി. അതുപോലെ രണ്ടായിരം കിലോമീറ്റർ വരെ നീളമുള്ള വലകളുണ്ട്. വലകളുടെ കണ്ണിയുടെ കാര്യത്തിൽ യാതൊരു വ്യവസ്ഥയുമില്ല. ചെറു മത്സ്യങ്ങളെയടക്കം പിടിക്കുന്ന തരത്തിലുള്ള കണ്ണിയുള്ള വലകളാണ് ഉപയോഗിക്കുന്നത്. ഇക്കാര്യങ്ങളിൽ ശാസ്ത്രീയമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയെന്നതാണ് ഗവൺമെന്റ് ഈ ഭേദഗതികൊണ്ട് ലക്ഷ്യമിടുന്നത്. ഇതുമായി ബന്ധപ്പെട്ട് 2013-ൽ ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ ചെയർമാൻ അംഗമായ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് കിട്ടിയിരുന്നു. ഇത്തരത്തിലുള്ള burning ഇഷ്യൂസിനെ അഡ്രസ് ചെയ്തുകൊണ്ട് ഒരു റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ട് കിട്ടിയശേഷവും അതിന്മേൽ ഒരു നിയമഭേദഗതിയിലേയ്ക്ക് വരാൻ സന്നദ്ധമായിരുന്നില്ല. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം 2017-ൽ അഡീഷണൽ ഡയറക്ടറെ ചുമതലപ്പെടുത്തി വീണ്ടും ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആ സമിതിയുടെ റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് അടിയന്തരമായി ഈ നിയമഭേദഗതിക്ക് ആവശ്യമായ നടപടികളിലേയ്ക്ക് പോയത്. ഈ സാഹചര്യത്തിൽ കടൽ മത്സ്യവിഭവ സംരക്ഷണം, സുസ്ഥിര മത്സ്യ ഉൽപ്പാദനം, സർവ്വോപരി മത്സ്യത്തൊഴിലാളികളുടെ ജീവിതസുരക്ഷ എന്നീ ലക്ഷ്യങ്ങളോടെ ഈ സർക്കാർ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നത്. ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. 1980-ലെ നിയമത്തിൽ നാല് അദ്ധ്യായങ്ങളിലായി 25 വകുപ്പുകളാണുള്ളത്. അതിൽ ഷോർട്ട് ടൈറ്റിലും ലോംഗ് ടൈറ്റിലും ഉൾപ്പെടെ ഒമ്പതോളം വകുപ്പുകളിലാണ് ഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. ബോട്ട് യാർഡുകൾക്ക് രജിസ്ട്രേഷൻ വേണം എന്നുള്ളതാണ് ഇതുമായി ബന്ധപ്പെട്ട് പ്രധാനമായും കൊണ്ടുവരുന്ന നിയന്ത്രണം. ഇതുവരെ ബോട്ട് യാർഡുകൾക്ക് വ്യവസ്ഥാപിതമായ ഒരു നിയന്ത്രണമില്ല. അതുകൊണ്ടുതന്നെ ബോട്ട് യാർഡുകൾക്ക് നിർബന്ധമായി രജിസ്ട്രേഷനുണ്ടാകണം. അതിന്റെ ഭാഗമായി രജിസ്ട്രേഷൻ റിന്യൂവലും മറ്റും അനുബന്ധ ഭേദഗതികളായി വരും. മറ്റൊരു സുപ്രധാന ഭേദഗതി, ഫിഷിംഗ് നെറ്റിന്റെ പ്രൊഡക്ഷൻ യൂണിറ്റിന് നിർബന്ധമായും രജിസ്ട്രേഷനുണ്ടാകണം എന്നുള്ളതാണ്. ഇപ്പോൾ നെറ്റിന്റെ കണ്ണിയുടെ കാര്യത്തിൽ ഒരു അളവുമില്ല. അത് നിർമ്മിക്കുന്നവരുടെ ഇഷ്ടത്തിനാണ് കാര്യങ്ങൾ ചെയ്യുന്നത്. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അതിന്റെ പ്രൊഹിബിഷൻ സംബന്ധിച്ച ഭേദഗതിയുണ്ടാകും. അടുത്ത ഭേദഗതി, ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ രൂപീകരണമാണ്. രജിസ്ട്രേഷനും അതുമായി

ബന്ധപ്പെട്ട വ്യവസ്ഥകളുമുണ്ടായാൽ അത് മാനേജ് ചെയ്യുന്നതിന് ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിക്കാനാണ് തീരുമാനിക്കുന്നത്. ത്രിതല സംവിധാനം കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി വില്ലേജ് തലത്തിൽ ഒരു കമ്മിറ്റിയും ജില്ലാ തലത്തിൽ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലും സ്റ്റേറ്റ് തലത്തിൽ ഒരു കൗൺസിലുമുണ്ടാകും. ഇത്തരത്തിൽ ഒമ്പത് വകുപ്പുകളിലായി വരുന്ന സുപ്രധാന ഭേദഗതികളിലാണ് മത്സ്യ സമ്പത്ത് സംരക്ഷിക്കുക, തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുക തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. നമ്മുടെ മത്സ്യസമ്പത്ത് സംരക്ഷിക്കുക എന്ന് പറയുമ്പോൾ കേരളത്തിലെ സാധാരണക്കാരായ മുഴുവൻ ജനങ്ങളുടെയും ഭക്ഷ്യ സുരക്ഷയുടെ ഭാഗമായാണ് ഇതിനെ കാണുന്നത്. അത്തരത്തിൽ മത്സ്യസമ്പത്തിനെയും ജനങ്ങളുടെ ആരോഗ്യത്തെയും സംരക്ഷിക്കാൻ കഴിയുന്ന സുപ്രധാനമായ ഭേദഗതികളാണ് കൊണ്ടുവരുന്നത്. ഈ ഭേദഗതി ബിൽ ഞാൻ സഭയിൽ അവതരിപ്പിക്കുകയാണ്.

ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി വളരെ പ്രതീക്ഷയോടും സന്തോഷത്തോടും കൂടിയാണ് ഈ ഭേദഗതി ബിൽ ഇവിടെ അവതരിപ്പിച്ചത്. നമ്മുടെ സംസ്ഥാനത്തെ മത്സ്യ തൊഴിലാളികളുടെ ദുരിതപൂർണ്ണമായ ജീവിതത്തെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാം. ഈ ബിൽ കൊണ്ട് തീരുന്നതല്ല അവരുടെ ദുരിതം. പുതിയ ജീവിത സൗഭാഗ്യങ്ങളുടെ മുഖത്ത് നോക്കാൻ തരപ്പെടാതെ കഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിൽ ഈ ഭേദഗതി ബിൽ കൊണ്ട് മാറ്റമുണ്ടാവുകയാണെങ്കിൽ എനിക്ക് സന്തോഷം മാത്രമേയുള്ളൂ. പക്ഷേ എല്ലാവരും മനസ്സിലാക്കേണ്ട ഒരു യാഥാർത്ഥ്യം, ഈ ബില്ലിന്റെ അഭാവം കൊണ്ടല്ല മത്സ്യത്തൊഴിലാളികൾ ഇന്ന് ദുരിതമനുഭവിക്കുന്നത്. രോഗിയായ മകളെ കിടപ്പാടം പണയപ്പെടുത്തി ചികിത്സിച്ച അച്ഛനാണ് എന്റെ ജില്ലയിലെ മത്സ്യ തൊഴിലാളിയായ ശിവദാസൻ, മകളുടെ കല്യാണം നടത്താൻ നിർവ്വാഹമില്ലാത്തതു കൊണ്ട് വീടും സ്ഥലവും പണയപ്പെടുത്തിയ പുഷ്പ, മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങാൻ വായ്പയെടുത്ത പ്രശാന്തൻ, ഈടുവസ്തുക്കളായി തീർന്ന ജീവിതങ്ങൾ ഇവരിൽ മാത്രം ഒതുങ്ങുന്നില്ല എന്ന് എനിക്കും ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാം. തീരദേശ ജനതയുടെ മൊത്തം കണക്കെടുത്താൽ ബഹുഭൂരിപക്ഷവും സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത ആളുകളാണ്. തങ്ങളുടെ ജീവിതം പലിശ കൊടുത്ത് തീരുമെന്ന ആധി പങ്കുവയ്ക്കുകയാണ് ഇന്ന് കടലോരം. ആധാരം പണയപ്പെടുത്തുക, തിരിച്ചടവിന് നിർവ്വാഹമില്ലാതെ ഇരുട്ടിൽ തപ്പുക എന്ന ദുരവസ്ഥയിലേയ്ക്ക് ഈ സാധുക്കൾ എത്തുന്നത് എങ്ങനെയാണെന്ന് പരിശോധിക്കണം. ഇവിടത്തെ ഓരോ

വീട്ടിലും കണ്ണീരുപ്പ് കലർന്ന ജീവിതകഥയുണ്ട്. നമ്മുടെ സംസ്ഥാനത്ത് വിവിധ മേഖലകളിൽ പണിയെടുക്കുന്ന നിരവധി തൊഴിലാളികളുണ്ട്. മത്സ്യത്തൊഴിലാളികൾക്കല്ലാതെ മറ്റൊരു തൊഴിലിൽ ഏർപ്പെടുന്നവർക്കും ഇത്രയും അധികം കാലം ജോലി നഷ്ടപ്പെടുകയില്ല. പഴയകാലത്ത് ജൂൺ, ജൂലൈ (മഴയുള്ള മാസങ്ങൾ) മാസങ്ങളിലാണ് മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പഞ്ഞമാസം അതായത് ജോലി ഇല്ലാത്ത മാസങ്ങൾ. പക്ഷേ ഇന്ന് മത്സ്യത്തൊഴിലാളികൾ വർഷത്തിൽ പന്ത്രണ്ട് മാസവും പട്ടിണിയിലാണെന്ന് പറഞ്ഞാൽ ഒട്ടും അതിശയോക്തിയല്ല. കടലോരത്ത് താമസിക്കുന്ന ഒരു ജനപ്രതിനിധിയെന്ന നിലയിൽ മത്സ്യത്തൊഴിലാളികളുടെ ദുരിതം നേരിട്ട് അറിയാവുന്നതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. ഇന്ന് പഞ്ഞമാസങ്ങളിൽ മാത്രമല്ല വർഷത്തിൽ പന്ത്രണ്ട് മാസവും പട്ടിണി കിടക്കേണ്ട ദുരവസ്ഥയാണ് മത്സ്യത്തൊഴിലാളികൾക്കുള്ളത്. വായ്പ പൂർണ്ണമായി അറ്റുപോകുന്ന കാലത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ആശ്വാസമേകാനാണ് സർക്കാർ ധനസഹായം ഏർപ്പെടുത്തിയതെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. എന്നാൽ മത്സ്യത്തൊഴിലാളികളുടെ വിഹിതവും ചേർത്ത്, മൂന്ന് ഗഡുക്കളായി ട്രോളിംഗ് കാലത്ത് നൽകുന്ന പതിവ് ഇത്തവണ നടപ്പാക്കിയിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. ഇക്കുറി ട്രോളിംഗ് തുടങ്ങുന്നതിനുമുമ്പ് വെറും 1,500 രൂപ മാത്രമാണ് അവർക്ക് നൽകിയത്. കടലിൽ നിന്നുള്ള വരുമാനം പൂർണ്ണമായി നിലച്ചതോടെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെയാണ് മത്സ്യത്തൊഴിലാളികൾ ആശ്രയിക്കുന്നത്. സ്വകാര്യ ധനകാര്യസ്ഥാപനങ്ങൾ പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ എത്രമാത്രം ചൂഷണത്തിന് വിധേയരാക്കുന്നുവെന്ന് പ്രത്യേകം പറയേണ്ട ആവശ്യമില്ല. നമ്മൾ മനസ്സിലാക്കേണ്ട മറ്റൊരു കാര്യം, പഞ്ഞമാസങ്ങളിലായാലും ജോലിയില്ലാത്ത, വരുമാനമില്ലാത്ത മറ്റ് മാസങ്ങളിലായാലും പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ ഇടനിലക്കാരെ (മത്സ്യത്തൊഴിലാളികൾക്ക് പലിശയ്ക്ക് പണം നൽകുന്നവരെ) ആശ്രയിക്കേണ്ടിവരും. ഇങ്ങനെ പണം വാങ്ങിയാൽ കടലിൽ പോയി പിടിച്ചു കൊണ്ടുവരുന്ന മത്സ്യം മുഴുവനും ആ ഇടനിലക്കാർ കൊണ്ടുപോകും. പ്രഭാതം മുതൽ പ്രദോഷം വരെ കടലിനോട് മല്ലിട്ട് മത്സ്യത്തൊഴിലാളികൾ കൊണ്ടുവരുന്ന മത്സ്യം ഇടനിലക്കാരുടെ കൈകളിലേയ്ക്കാണ് പോകുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം എന്ന് ഞാൻ കരുതുന്നു. അതിൽനിന്നും അവരെ രക്ഷിക്കുവാനുള്ള ഒരു പദ്ധതി നമുക്ക് ആവശ്യമാണെന്ന കാര്യത്തിൽ മന്ത്രിക്ക് തർക്കമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. അതുപോലെ മത്സ്യത്തൊഴിലാളി എന്നുപറയുമ്പോൾ കടലിൽ പോയി മീൻ പിടിക്കുന്നവർ മാത്രമല്ല അനുബന്ധത്തൊഴിലാളികളും അതിൽപ്പെടും. മത്സ്യം വിൽക്കുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളി സ്ത്രീകളാണ് അനുബന്ധ തൊഴിലാളികളിൽ കൂടുതലും. മത്സ്യക്കുട്ടയും തലയിൽ ചുമന്ന് കിലോമീറ്ററോളം നടന്ന് ചന്തയിൽ എത്തി മത്സ്യം വിൽക്കുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ജീവിതം വളരെ ദുരിതപൂർണ്ണമാണ്.

വരുമാനമില്ലാത്ത മാസങ്ങളിൽ അവർ ചില ആളുകളിൽ നിന്നും പലിശയ്ക്ക് പണം വാങ്ങും. എന്നാൽ ജോലിയുള്ള മാസങ്ങളിൽ മത്സ്യവുമായി ചന്തയിലെത്തുമ്പോൾ പലിശയ്ക്ക് പണം കൊടുത്ത ആളുകൾ അവരെ കാത്തുനിൽക്കും. അവർക്ക് പലിശ പൈസ ആവശ്യമില്ല അതിനുപകരം മത്സ്യം വാങ്ങും. അദ്ധ്വാനിക്കുന്ന മത്സ്യത്തൊഴിലാളി സ്ത്രീകളെ സംബന്ധിച്ചിടത്തോളം അവർ ഒരു വരുമാനവുമില്ലാതെ പട്ടിണിയിൽ നിന്നും പട്ടിണിയിലേയ്ക്ക് പോകുന്ന അവസ്ഥയാണ് നമ്മുടെ നാടിന്റെ പല ഭാഗങ്ങളിലുമുള്ളത്. മത്സ്യത്തൊഴിലാളികളെയും അനുബന്ധത്തൊഴിലാളികളെയും ഇത്തരം ദുരിതത്തിൽ നിന്നും രക്ഷിക്കാനുള്ള ഒരു നിയമം നമ്മുടെ നാട്ടിൽ ആവശ്യമാണ്.

ബോട്ടിന്റെ ആർ.സി. ബുക്ക് വരെ പണയപ്പെടുത്തി തുക വാങ്ങുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളും ബോട്ടുടമകളും നമ്മുടെ നാട്ടിലുണ്ടെന്നുള്ളത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള മറ്റൊരു കാര്യം പണി തീരാത്ത വീടുകളെക്കുറിച്ചാണ്. ഫിഷറീസ് വകുപ്പ് നൽകിയ 2 ലക്ഷം രൂപയ്ക്ക് നിർമ്മാണം തുടങ്ങി പകുതിയായ ധാരാളം വീടുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. പലയിടത്തുനിന്നും കടം വാങ്ങി നിർമ്മാണം തുടങ്ങി പണി തീരാത്ത വീടുകൾ വരെ കടലോരങ്ങളിലുണ്ടെന്ന് എല്ലാവർക്കുമറിയാവുന്ന കാര്യമാണ്. ഇപ്പോൾ സർക്കാർ വീടിന് 10 ലക്ഷം രൂപ നൽകുന്നുവെന്നാണ് പറയുന്നത്. സ്ഥലത്തിന് 6 ലക്ഷം രൂപയും വീടിന് നാല് ലക്ഷം രൂപയുമാണ് നൽകുന്നത്. സ്ഥലത്തിന് 6 ലക്ഷം രൂപ നൽകിയാൽ അതിന് എത്ര സെന്റ് സ്ഥലം കിട്ടുമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് നല്ലതുപോലെ അറിയാം. 6 ലക്ഷം രൂപ കൊണ്ട് സ്ഥലം വാങ്ങാനും പറ്റില്ല, 4 ലക്ഷം രൂപ കൊണ്ട് വീട് വയ്ക്കാനും പറ്റില്ല. അതുകൊണ്ട് 10 ലക്ഷം രൂപ എന്നത് വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് മുന്നോട്ടുവയ്ക്കാനുള്ള ഒരു നിർദ്ദേശം. കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് വീട് നൽകുന്ന പദ്ധതിയിൽ നറുക്കെടുപ്പിലൂടെയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ആ രീതി അവസാനിപ്പിക്കണം. കാരണം ഭാഗ്യപരീക്ഷണമൊഴിവാക്കി most deserving ആയവർക്ക് വീട് കൊടുക്കുന്ന ഒരു രീതി കൊണ്ടുവരണമെന്നാണ് എനിക്ക് മുന്നോട്ടുവയ്ക്കാനുള്ള നിർദ്ദേശം. ഏത് ഭരണ കാലത്തും മന്ത്രിമാർക്ക് 10 ശതമാനം വീടുകൾ നൽകാനുള്ള പ്രൊവിഷനുണ്ട്. ഏത് സർക്കാർ ഭരിച്ചാലും അത് ചില ആരോപണങ്ങൾക്ക് വഴിവയ്ക്കുന്നുണ്ട്. ആ രീതി അവസാനിപ്പിക്കുവാൻ ചിന്തിക്കണമെന്നുള്ള ഒരഭിപ്രായം എനിക്കുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്. അതുപോലെ CRZ (തീരദേശ പരിപാലന നിയമം) അനുസരിച്ച് 200 മീറ്റർ ദൂരപരിധി എന്നുള്ളത് 50 മീറ്റർ ദൂരപരിധിയായി കുറച്ചുവെന്നാണ് അറിയാൻ സാധിച്ചത്. 50 മീറ്ററിനുള്ളിൽ കാലാകാലങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും കടലോരത്ത് വളരെ വർഷങ്ങൾക്കുമുമ്പ് താമസിച്ചുവരുന്ന ആളുകൾക്കും അവരുടെ വീടുകൾ റിപ്പെയർ ചെയ്യാൻ എന്ത് ചെയ്യണമെന്നതിനെക്കുറിച്ച് ഇപ്പോൾ ഒരു വ്യക്തതയില്ല. അത് സംബന്ധിച്ച് ഒരു വ്യക്തത ആവശ്യമാണെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

അപകട മരണമുണ്ടായാൽ ക്ഷേമ പെൻഷനുകളെയാണ് മത്സ്യത്തൊഴിലാളികൾ ആശ്രയിക്കുന്നത്. വേറെ പണമൊന്നും കിട്ടാറില്ല. മത്സ്യത്തൊഴിലാളി ക്ഷേമനിധി പെൻഷൻ 1,000 രൂപ എന്നത് 1,100 രൂപയാക്കി എന്ന് മന്ത്രിയുടെ ഒരു പ്രസ്താവന ഈയിടെ കണ്ടു. ആ തുക ഇനിയും വർദ്ധിപ്പിക്കണം. 100 രൂപ വർദ്ധിപ്പിച്ചാൽ പോരാ. എല്ലാ അവശ്യ സാധനങ്ങൾക്കും വിലവർദ്ധിച്ച ഇന്നത്തെ സാഹചര്യത്തിൽ ആ തുക കുറച്ചുകൂടി വർദ്ധിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

അതുപോലെ തന്നെ മത്സ്യസമ്പത്തിനെ ഇല്ലാതാക്കുന്ന ട്രോളറുകളും നിരോധിത വലകളും ഉപയോഗിച്ചുകൊണ്ടുള്ള അനധികൃത മീൻ പിടുത്തം നിയന്ത്രിക്കാൻ കർശന നടപടി വേണം. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ഈ ബില്ലിൽ പറയുന്ന ബോട്ട് നിർമ്മാണ യാർഡിന്റെ രജിസ്ട്രേഷനും മത്സ്യബന്ധന വല നിർമ്മാണ യൂണിറ്റിന്റെ രജിസ്ട്രേഷനും നമുക്ക് പ്രാവർത്തികമാക്കാൻ കഴിഞ്ഞാൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ കഴിയുമെന്ന് ഞാനും പ്രതീക്ഷിക്കുന്നു. അങ്ങനെയൊരവസരം ഉണ്ടാകട്ടെ എന്ന് ഞാൻ ആശംസിക്കുകയാണ്. മത്സ്യസമ്പത്ത് കുറഞ്ഞ് വരുന്നതാണ് മത്സ്യത്തൊഴിലാളികളും നമ്മുടെ നാടും നേരിടുന്ന ഏറ്റവും വലിയ വിപത്തും ഭീഷണിയും. മത്സ്യസമ്പത്ത് നമുക്ക് വർദ്ധിപ്പിക്കേണ്ടതുണ്ട്. കേരളത്തിലെ സാധാരണക്കാർ വളരെ ഇഷ്ടപ്പെടുന്ന മത്തി പോലും ഇന്ന് നമ്മുടെ നാട്ടിൽ വിരളമാണ്. മത്തി കിട്ടാനില്ല, കടലിൽ മത്സ്യ സമ്പത്ത് കുറഞ്ഞുവരുന്നുവെന്നതാണ് അത് സൂചിപ്പിക്കുന്നത്. കടലിൽ മത്സ്യമുണ്ടായാൽ മാത്രമേ മത്സ്യത്തൊഴിലാളികളുടെ വീടുകളിലെ അടുക്കളയിൽ പുക ഉയരുകയുള്ളൂ. കടലിൽ മത്സ്യമില്ലെങ്കിൽ മത്സ്യത്തൊഴിലാളികൾ പട്ടിണിയിലാകും. അതിനാൽ മത്സ്യസമ്പത്ത് എങ്ങനെ വർദ്ധിപ്പിക്കാം എന്നതിനെ സംബന്ധിച്ചാണ് നമ്മൾ ആദ്യം പദ്ധതി ആവിഷ്കരിക്കേണ്ടത്. പല യൂറോപ്യൻ രാജ്യങ്ങളിലും മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചുള്ള നൂതന പദ്ധതികളും പരിഷ്കാരങ്ങളുമുണ്ടെന്ന് മനസ്സിലാക്കുന്നു. അത് കേരളത്തിലും പരീക്ഷിക്കണം.

വിദേശ കപ്പലുകളുടെ ലൈസൻസുകൾ പുതുക്കി നൽകേണ്ടതില്ലെന്ന പ്രഖ്യാപനം ആദ്യമായി നടത്തിയത് ശ്രീ. ചതുരാനൻ മിശ്ര കേന്ദ്ര കൃഷി വകുപ്പുമന്ത്രിയായിരുന്ന കാലത്താണെന്ന് ഞാൻ മനസ്സിലാക്കുന്നു. കേന്ദ്ര ഗവൺമെന്റിൽ മത്സ്യവകുപ്പ് കൃഷി വകുപ്പിന്റെ കീഴിലാണ്. അതിന് ശേഷമാണ് മീനാകുമാരി കമ്മിറ്റിയും അയ്യപ്പൻ കമ്മിറ്റിയും വന്നത്. 178 കപ്പലുകൾക്കുകൂടി അനുവാദം നൽകാനാണ് മീനാകുമാരി കമ്മിറ്റി ശിപാർശ നൽകിയത് എന്ന് നമുക്കെല്ലാവർക്കുമറിയാം. ആഴക്കടൽ മത്സ്യബന്ധനത്തിനായി ആധുനിക കപ്പലുകൾ നിർബന്ധമാണെന്നും സ്വകാര്യ നിക്ഷേപങ്ങളെ വൻതോതിൽ പ്രോത്സാഹിപ്പിക്കണമെന്നും വിദേശ സാങ്കേതിക വിദ്യയുടെ സഹായം ഇതിനായി തേടണമെന്നുമാണ് അയ്യപ്പൻ കമ്മിറ്റിയുടെ നയം. ഇതൊക്കെ പ്രോത്സാഹിപ്പിച്ചാൽ മത്സ്യത്തൊഴിലാളികൾ പട്ടിണിയിലാകും. അവരുടെ ജീവിതത്തിൽ വീണ്ടും ദുരിതമുണ്ടാകും. അതൊന്നും നമുക്ക് ഒരിക്കലും പ്രോത്സാഹിപ്പിക്കാൻ സാധിക്കില്ല.

കേന്ദ്ര ഫിഷറീസ് മന്ത്രാലയം ഇനിയും സ്വപ്നമായി അവശേഷിക്കുകയാണ്. ഇത് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പ് കാലത്ത് ബി.ജെ.പി.-യുടെ ഒരു മുദ്രാവാക്യമായിരുന്നു. അവർ അധികാരത്തിൽ വന്നാൽ കേന്ദ്ര ഗവൺമെന്റിൽ ഒരു ഫിഷറീസ് വകുപ്പുമന്ത്രിയുണ്ടാകുമെന്നാണ് പറഞ്ഞത്. പക്ഷേ അത് ഇതുവരെ ഉണ്ടായിട്ടില്ല.

എന്റെ മണ്ഡലത്തിലെ കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ സ്ഥിതിയെ കുറിച്ചും ഇന്നത്തെ അവസ്ഥയെക്കുറിച്ചും ബഹുമാനപ്പെട്ട മന്ത്രിക്ക് നല്ലതുപോലെ അറിയാം. ബഹുമാനപ്പെട്ട മന്ത്രി അവിടെ സന്ദർശനം നടത്തിയിരുന്നതാണ്. 99 ശതമാനം നിർമ്മാണം അവിടെ പൂർത്തിയായി. പക്ഷേ അത് മത്സ്യത്തൊഴിലാളികൾക്ക് തുറന്നുകൊടുക്കാൻ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. നിർമ്മാണത്തിൽ സംഭവിച്ച അപാകതകൾ ചൂണ്ടിക്കാട്ടി മത്സ്യത്തൊഴിലാളികൾ എപ്പോഴും പ്രതിഷേധിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അവിടെ സന്ദർശിച്ചപ്പോഴും ആ പ്രതിഷേധം മന്ത്രിയെ അവർ അറിയിച്ചിട്ടുണ്ട്. ടൂറിസമുൾപ്പെടെ ഏത് കാര്യവുമായി ബന്ധപ്പെട്ട് അവിടെ യോഗം വിളിച്ചാലും ആദ്യം മത്സ്യബന്ധന തുറമുഖം തുറന്നുനൽകണമെന്നാണ് അവർ പറയുന്നത്. തുറമുഖം തുറന്നുകൊടുക്കണമെങ്കിൽ അവിടെയുണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കാൻ സാധിക്കണം. പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട അപാകതയാണത്. ആ അപാകത പരിഹരിക്കുന്നതിന് 60 കോടി രൂപയോളം അധികച്ചെലവുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. 60 കോടി രൂപ അനുവദിക്കുമെന്ന് മന്ത്രി മത്സ്യത്തൊഴിലാളികളോട് പറഞ്ഞതായി ഞാൻ മനസ്സിലാക്കുന്നു. 60 കോടി രൂപയായാലും അതിനേക്കാൾ കൂടിയ തുകയായാലും അനുവദിക്കേണ്ടത് ആവശ്യമാണ്. ബഹുമാനപ്പെട്ട എസ്. ശർമ്മ ഫിഷറീസ് വകുപ്പുമന്ത്രി ആയിരുന്നപ്പോഴാണ് മത്സ്യബന്ധന തുറമുഖത്തിന് തറക്കല്ലിട്ടത്. കുറെ വർഷങ്ങൾ കഴിഞ്ഞിട്ടും മത്സ്യബന്ധന തുറമുഖത്തിന്റെ പണി തീർന്നിട്ടും ഇന്നും അത് മത്സ്യത്തൊഴിലാളികൾക്ക് തുറന്നുകൊടുക്കാൻ സാധിച്ചിട്ടില്ല. അക്കാര്യത്തിൽ സത്വര നടപടി വേണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

ബില്ലിലെ അപാകതകൾ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒന്നാമതായി, ബോട്ട് നിർമ്മാണ യാർഡിന്റെ രജിസ്ട്രേഷനെ സംബന്ധിച്ച കാര്യമാണ്. രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഒരു അപേക്ഷ ലഭിച്ചാൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന ഒരന്വേഷണം നടത്തിയ ശേഷം ബോട്ട് നിർമ്മാണ യാർഡിന്റെ രജിസ്ട്രേഷൻ നിർണ്ണയിക്കപ്പെടാവുന്ന കാലയളവിനുള്ളിൽ പുതുക്കുകയോ പുതുക്കൽ നിരസിക്കുകയോ ചെയ്യാവുന്നതാണ്. ഇത് ആർബിട്രറിയായി മാറുമെന്ന് ഞാൻ പറയാതെതന്നെ ബഹുമാനപ്പെട്ട

മന്ത്രിക്കറിയാം. അതുകൊണ്ട് അപ്പീൽ പോകാനുള്ള ഒരു സൗകര്യം വേണമെന്നാണ് ഇതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. നമ്മുടെ നാട്ടിലെ ഉദ്യോഗസ്ഥരെക്കുറിച്ച് എല്ലാവർക്കും അറിയാം. അവർ തോന്നിയ തീരുമാനമെടുക്കും. അപ്പീലിന് പോകാനുള്ള സൗകര്യവും സംവിധാനവും ഉണ്ടാവുകയില്ല. അതുകൊണ്ട് അപ്പീലിന് പോകാനുള്ള അവസരവും സംവിധാനവും ഈ ബില്ലിൽ വേണമെന്നാണ് പറയാനുള്ളത്.

മറ്റൊന്ന്, 'രജിസ്ട്രേഷൻ റദ്ദാക്കലും താൽക്കാലികമായി നിർത്തലാക്കലും'.- അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, ഇക്കാര്യത്തിൽ അദ്ദേഹത്തിന് ലഭ്യമാക്കുന്ന ഒരു റഫറൻസിന്മേലോ അല്ലെങ്കിൽ മറ്റു വിധത്തിലോ ഇനി പറയുന്ന കാര്യങ്ങൾ ബോധ്യപ്പെടുന്ന പക്ഷം,-(എ) പ്രധാന വസ്തുതയെ സംബന്ധിച്ച് തെറ്റിദ്ധരിപ്പിച്ചാണ് 9 (എ) അല്ലെങ്കിൽ (ബി) വകുപ്പുപ്രകാരം അനുവദിക്കപ്പെട്ട രജിസ്ട്രേഷൻ നേടിയിട്ടുള്ളതെങ്കിൽ അതിലും അപ്പീൽ പോകാനുള്ള സൗകര്യം വേണം.

മറ്റൊന്ന്, 'മത്സ്യബന്ധന വല നിർമ്മാണ യൂണിറ്റിന്റെ രജിസ്ട്രേഷൻ.-(1) ഓരോ മത്സ്യബന്ധന വല നിർമ്മാണ യൂണിറ്റിന്റെയും ഉടമസ്ഥൻ അങ്ങനെയുള്ള യൂണിറ്റ് ഈ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണ് എന്നതിനെക്കുറിച്ചാണ് പറയാനുള്ളത്. അത് ശരിയായ കാര്യമാണ്. 'അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്, രജിസ്ട്രേഷനു വേണ്ടിയുള്ള ഒരു അപേക്ഷ ലഭിക്കുമ്പോൾ, അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന, അങ്ങനെയുള്ള അന്വേഷണം നടത്തിയശേഷവും നിർണ്ണയിക്കപ്പെടാവുന്ന കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ടും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിനകം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യാവുന്നതാണ്.' ഇത് ഒരു ഉദ്യോഗസ്ഥന് നൽകുന്ന അമിതമായ അധികാരമാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരു ഉദ്യോഗസ്ഥന് ഒരു അപേക്ഷ ലഭിച്ചാൽ അദ്ദേഹത്തിന് തോന്നുകയാണെങ്കിൽ അപേക്ഷ സ്വീകരിക്കാം അല്ലെങ്കിൽ നിരസിക്കാം. ഇതിലും അപ്പീൽ പോകാനുള്ള ഒരു പ്രൊവിഷൻ വേണമെന്നാണ് എനിക്ക് പറയാനുള്ളത്.

അതുപോലെതന്നെ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ അങ്ങനെയുള്ള രജിസ്ട്രേഷൻ അനുവദിക്കുന്നത് നിരസിക്കുന്നപക്ഷം അങ്ങനെയുള്ള നിരസിക്കലിനുള്ള കാരണം എഴുതി രേഖപ്പെടുത്തേണ്ടതും ബോട്ട് നിർമ്മാണ യാർഡിന്റെ ഉടമസ്ഥന് അതിനുള്ള കാരണങ്ങൾസഹിതം നിരസിക്കൽ ഉത്തരവ് നൽകേണ്ടതുമാണ്. ആ ഉത്തരവ് നൽകിക്കഴിഞ്ഞാൽ അപ്പീലിന് പോകാനുള്ള പ്രൊവിഷനില്ല. ഇതിലും അപ്പീലിന് പോകാനുള്ള പ്രൊവിഷൻ വേണമെന്നാണ് എനിക്ക് പറയാനുള്ളത്. ബോട്ട് നിർമ്മാണ യാർഡിന് രജിസ്ട്രേഷൻ വേണമെന്നുള്ളത് അത്യാവശ്യമാണ്. പക്ഷെ നമ്മുടെ നാട്ടിൽ പരമ്പരാഗത കരകൗശല വിരുതുള്ള ധാരാളം ആളുകളുണ്ട്. അവരാണ് ഇക്കാലമത്രയും നമ്മുടെ നാടൻ തോണികളൊക്കെ നിർമ്മിച്ചു കൊണ്ടിരുന്നത്. അവർ പാർശ്വവൽക്കരിക്കപ്പെടുന്ന ഒരവസ്ഥ ഈ ബില്ലിലൂടെ ഉണ്ടാകാൻ പാടില്ലെന്നുള്ള വിനീതമായ അഭിപ്രായവും ബഹുമാനപ്പെട്ട മന്ത്രിയുടെ

ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ ആക്ടിൽ പറയുന്ന ഒരു പ്രധാനപ്പെട്ട കാര്യം, ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ, ജില്ലാ ഫിഷറീസ് മാനേജ്മെ ന്റ് കൗൺസിൽ, സംസ്ഥാന ഫിഷറീസ് മാനേജ്മെ ന്റ് കൗൺസിൽ എന്നീ മൂന്ന് കമ്മിറ്റികൾ വരാൻ പോകുകയാണ്. ഈ മൂന്ന് കൗൺസിലിലും എം.എൽ.എ.-മാർക്ക് ഒരു പ്രാതിനിധ്യവുമില്ല. വില്ലേജ് കൗൺസിൽ എന്നുപറയുന്നത് ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലവൻ/മുനിസിപ്പൽ കോർപ്പറേഷൻ ഡിവിഷൻ മെമ്പറാണ് അതിന്റെ ചെയർമാൻ. നേരത്തെ പറഞ്ഞു പോലെ ഞാൻ കടലിന് തൊട്ടടുത്താണ് താമസിക്കുന്നതെങ്കിൽ എന്റെ വീടിന്റെ അടുത്ത് ഒരു യോഗം നടക്കുമ്പോൾ മത്സ്യത്തൊഴിലാളികളുടെ കൂട്ടത്തിലുള്ള ഒരാൾ എന്ന നിലയിൽ എനിക്ക് ആ യോഗത്തിൽ പങ്കെടുക്കാൻ അവസരമില്ലെങ്കിൽ അത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. അതുപോലെ തീരദേശത്ത് താമസിക്കുന്ന ധാരാളം എം.എൽ.എ.മാരുണ്ട്. ആ എം.എൽ.എ.-മാർക്കുകൂടി ഇത്തരം യോഗങ്ങളിൽ പങ്കെടുക്കാനുള്ള അവസരം വേണം. അതുകൊണ്ട് എം.എൽ.എ.മാർക്കുകൂടി ഈ കമ്മിറ്റികളിൽ പ്രാതിനിധ്യം വേണമെന്നാണ് അത് സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. " ഇരുപത്തയ്യായിരം രൂപയിൽ കുറയാത്തതും എന്നാൽ അൻപതിനായിരം രൂപ വരെ ആകാവുന്നതുമായി" എന്നീ വാക്കുകൾക്ക് പകരം "രണ്ടുലക്ഷത്തി അമ്പതിനായിരം രൂപ വരെ ആകാവുന്ന" പിഴയൊക്കെ ഇതിൽ പറയുന്നുണ്ട്. പാവപ്പെട്ട മത്സ്യ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർ വലിയ വിദ്യാഭ്യാസമില്ലാത്ത ആളുകളാണെന്ന് നമുക്കറിയാം. പലപ്പോഴും രജിസ്ട്രേഷൻ യഥാസമയത്ത് അവർക്ക് നടത്താൻ കഴിയില്ല. അപ്പോൾ അവർക്ക് ഇരുപത്തയ്യായിരവും അൻപതിനായിരവും രണ്ടുലക്ഷത്തി അൻപതിനായിരവുമൊക്കെ പിഴ ചുമത്തുന്നത് ശരിയാണോ എന്ന കാര്യത്തിൽ ഒരു ആലോചന വേണം. അതുപോലെ ഒരു കുറ്റം ഒരാളിൽ രണ്ടാം തവണയും വന്നാൽ അവരുടെ രജിസ്ട്രേഷൻ തന്നെ ക്യാൻസലാകുന്നതും ആലോചിക്കണം. അവർക്ക് കൂടുതൽ അവസരം നൽകണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. എല്ലാ ആളുകളും എപ്പോൾ പ്രസംഗം അവസാനിപ്പിക്കുമെന്ന കാത്തിരിപ്പിലാണെന്ന് മനസ്സിലാക്കിക്കൊണ്ടും എന്റെ വയറിന്റെ വിളി ഞാൻ നല്ലതുപോലെ അനുഭവിക്കുന്നതുകൊണ്ടും എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

ശ്രീ. എ. പി. അനിൽ കുമാറിനുവേണ്ടി ശ്രീ. ഹൈബി ഈഡൻ: സർ, 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

The Kerala Marine Fishing Regulation (Amendment) Bill, 2017 ആണ് ഇവിടെ ബഹുമാന്യയായ മന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. ഈ ബില്ലിന്റെ സദുദ്ദേശത്തെയെല്ലാം അംഗീകരിക്കുകയാണ്. ചില അഭിപ്രായങ്ങൾ മാത്രമാണ് പറയുന്നത്. 1980-ലെ കെ.എം.എഫ്.ആർ.ഐ.യ്ക്ക് തുടർച്ചയായാണ് ഇതിന്റെ അമെന്റ്മെന്റുകൾ ഇന്ന് പ്രസന്റ് ചെയ്തിട്ടുള്ളത്. ബഹുമാന്യയായ മന്ത്രി പറഞ്ഞു പോലെ 1978-ലെ മജുംദാർ കമ്മിറ്റിയുടെ അടിസ്ഥാനത്തിലുള്ള സെൻട്രൽ

ആക്ടിന്റെ ഗൈഡ്‌ലൈൻസിന് അനുസൃതമായുള്ള മോഡലാണ് എല്ലാ സംസ്ഥാനങ്ങളും അഡോപ്റ്റ് ചെയ്തത്. ആദ്യമായി ഇന്ത്യയിൽ ഇത് നടപ്പിലാക്കിയത് 1980-ൽ കേരളത്തിലാണ്. ഗുജറാത്ത്, ഒഡീഷ പോലുള്ള സംസ്ഥാനങ്ങൾ 2003-നു ശേഷമാണ് ഇത് നടപ്പാക്കിയത്. ഇതിൽ 2004-ൽ പിറവികൊണ്ട ബ്ലൂ-ഇക്കണോമി എന്ന ആശയം യാഥാർത്ഥ്യമാക്കാൻ കഴിയുന്നതിന് ഏറ്റവും അനുയോജ്യമായ സംസ്ഥാനമാണ് കേരളം. പരിസ്ഥിതിയെ ദുർബലപ്പെടുത്താത്തതും സ്രോതസ്സുകളുടെ ലഭ്യതക്കുറവും പരിഗണിച്ച് നീതിയും ഔചിത്യവുമുള്ള ഒരു വ്യവസ്ഥയായാണ് ബ്ലൂ-ഇക്കണോമിയെ ഡോ. രവിരാമൻ മാതൃഭൂമിയിലെ ഒരു ലേഖനത്തിൽ വിശേഷിപ്പിച്ചിട്ടുള്ളത്. ആക്ടിന്റെ ഈ ഒരു ഭേദഗതിയോടുകൂടി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാൻ കഴിയുന്ന ഒരു സാഹചര്യം ഇന്ന് കേരളത്തിൽ നിലവിലുണ്ട്. സി.എം.എഫ്. ആർ.ഐ.-യുടെ ഗൈഡ്‌ലൈൻസ് പ്രകാരമുള്ള പല ശാസ്ത്രീയ പഠനങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ അമെന്റ്മെന്റുകൾ മുന്നോട്ടുവച്ചിട്ടുള്ളത്. അതിൽ കേരളത്തിന് ഏറ്റവും അനുയോജ്യമായ സാഹചര്യമെന്ന് പറയുന്നത്, കേരളത്തിന്റെ 580 കിലോമീറ്റർ ദൈർഘ്യമുള്ള കോസ്റ്റൽ ലൈൻ ലൈവ്‌ലിഹുഡ് ആണെങ്കിലും മത്സ്യബന്ധനമാണെങ്കിലും ഷിപ്പിംഗാണെങ്കിലും മത്സ്യസഹകരണം, തീരദേശ ശൃംഖലകൾ, ടൂറിസം വരുമാനം എന്നിവയെല്ലാം യോജിപ്പിച്ചുകൊണ്ടുള്ള ഒരു വികസനത്തിന് സാഹചര്യമുള്ള ഏക സംസ്ഥാനം കേരളമാണ്. അതുകൊണ്ടു തന്നെ ഇതിന്റെ പരമാവധി പ്രയോജനം നമുക്ക് ശാസ്ത്രീയമായി മത്സ്യബന്ധനം നടത്തുന്നതിന്, പല പ്രതികൂലമായ കാലാവസ്ഥകളും കേരളത്തെ പിടികൂടിയിരിക്കുകയാണ്. ആഗോള ക്ലൈമറ്റിക് കണ്ടീഷനിലുണ്ടായ ചെയ്ഞ്ചും കടലിൽ വർദ്ധിച്ചുവരുന്ന ചൂടും ഉപ്പിന്റെ അംശവും മൂലം കാലക്രമത്തിൽ മത്സ്യസമ്പത്ത് കുറഞ്ഞുവരുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. സി.എം.എഫ്.ആർ.ഐ. പുറത്തുവിട്ട കണക്കുകളും ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. അത് കൃത്യമായ കണക്കുകളാണ്. മത്തി അടക്കമുള്ള പല മത്സ്യങ്ങളുടെയും ലഭ്യതക്കുറവ് നമ്മുടെ എല്ലാവരുടെയും ശ്രദ്ധയിലുണ്ട്. മത്സ്യ വരൾച്ചയെന്ന സാഹചര്യം ഇന്ന് സംസ്ഥാനത്ത് നിലവിലുണ്ടെന്നതും ഒരു യാഥാർത്ഥ്യം തന്നെയാണ്. അതുകൊണ്ടുതന്നെ ഈ ബില്ലിലെ അമെന്റ്മെന്റിന് ഏറെ പ്രസക്തിയുണ്ട്. വലിയ ചൂഷണം ഈ രംഗത്ത് നടന്നുകൊണ്ടിരിക്കുന്നതു കൊണ്ട് മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച് അനുബന്ധ മത്സ്യബന്ധന തൊഴിലാളികൾക്ക് വേണ്ടത്ര രീതിയിൽ മാർക്കറ്റ് പ്രൈസ് ലഭിക്കുന്നില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. പല വിദേശ ട്രോളികളും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യബന്ധന യാനങ്ങളും നമ്മുടെ തീരപ്രദേശത്ത് നടത്തുന്ന അശാസ്ത്രീയമായ മത്സ്യബന്ധനമാണ് ബഹുമാനപ്പെട്ട മന്ത്രിയെയും ഗവൺമെന്റിനെയും ഇത്തരത്തിലുള്ള ഒരു നിയമ ഭേദഗതിക്ക് പ്രേരിപ്പിച്ചിട്ടുള്ളത്. കുളച്ചൽ, മംഗലാപുരം അടക്കമുള്ള പോർട്ടുകളിൽ നിന്നുള്ള 90 - 95 ശതമാനം യാനങ്ങളും കടലിൽ നിന്ന് പിടിക്കുന്ന മത്സ്യങ്ങളിൽ ഫോർമാലിൻ അടക്കമുള്ളവ തളിച്ച് 40 മണിക്കൂറുകൾക്കുശേഷം അവരുടെ പോർട്ടുകളിൽനിന്ന് തിരികെ കേരളത്തിലെ വിപണിയിലേയ്ക്ക് കൊണ്ടുവരുന്നുവെന്നുള്ള ദൗർഭാഗ്യകരമായ സ്ഥിതിവിശേഷവും ഇന്ന് നിലവിലുണ്ട്. ഈ നിയമവുമായി

ബന്ധപ്പെട്ടുള്ള പ്രധാനപ്പെട്ട കാര്യം, പലാജിക് ട്രോളിംഗ് വലകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നതാണ്. മിഡ് വാട്ടർ ട്രോളിംഗും പെയർ ട്രോളിംഗും നടത്തുന്ന വലകൾ നിരോധിച്ചിട്ടുണ്ടെങ്കിലും പലാജിക് ട്രോളിംഗ് നടത്തുന്ന വലകളെ സംബന്ധിച്ച് ഇതിൽ പറയുന്നില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട മിനിസ്റ്റർ സൂചിപ്പിച്ചതുപോലെ മൂന്ന് പ്രധാനപ്പെട്ട ഘടകങ്ങളാണുള്ളത്. ബോട്ട് ബിൽഡിംഗ് യാർഡുകളുമായി ബന്ധപ്പെട്ട് സി.എം.എഫ്.ആർ.ഐ.-യുടേതടക്കം ഗൈഡ്‌ലൈൻസിലൂടെ നമുക്ക് അറിയാവുന്നതാണ്. കൊച്ചിയിൽ രണ്ടര വർഷം മുമ്പ് നടന്ന ദാരുണമായ ഒരു ബോട്ട് അപകടം. മത്സ്യബന്ധന യാനമിടിച്ചാണ് ബോട്ട് തകർന്നുപോയത്. അതിൽ ഒരുപാട് ജീവനുകൾ പൊലിഞ്ഞുപോയി. അശാസ്ത്രീയവും യാതൊരു നിയന്ത്രണവുമില്ലാതെ യാനങ്ങൾ പണിയുന്നുവെന്നുള്ളത് ഒരു യാഥാർത്ഥ്യം തന്നെയാണ്. അതുകൊണ്ട് ബോട്ട് ബിൽഡിംഗ് യാർഡിന് രജിസ്ട്രേഷൻ അടക്കമുള്ള ഗൈഡ്‌ലൈൻസ് കൊണ്ടുവരുന്നത് തീർച്ചയായും സ്വാഗതം ചെയ്യുകയാണ്. ഗവൺമെന്റിന്റെ നിയന്ത്രണമുള്ള മത്സ്യഫെഡ് അടക്കമുള്ള സ്ഥാപനങ്ങളിൽപ്പോലും നെറ്റ് ഉണ്ടാക്കുന്നതിൽ ഒരുപാട് അപാകതകളുണ്ട്. അതിന്റെ കണ്ണികൾ ഉണ്ടാക്കുന്നത് സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങളുണ്ട്. അത് അശാസ്ത്രീയമാണെന്ന് തെളിഞ്ഞതിന്റെ അടിസ്ഥാനത്തിൽ അതിനുകൂടി രജിസ്ട്രേഷനും നിയന്ത്രണവും കൊണ്ടുവരുന്നത് തീർച്ചയായും ഈ മേഖലയിൽ ഏറെ മാറ്റങ്ങൾ ഉണ്ടാക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. ഇവിടെ ഒരു ത്രീ ടയർ സംവിധാനത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത്. ആ ത്രീ ടയർ സംവിധാനത്തിൽ തന്നെയുള്ള ചില അപാകതകൾ ശ്രീ. എൻ. എ. നെല്ലിക്കുന്ന് സൂചിപ്പിച്ചു. അതിനോടൊപ്പംതന്നെ റൂൾസിൽ പറയേണ്ട പല കാര്യങ്ങളും ബില്ലിൽ മെൻഷൻ ചെയ്തിട്ടുണ്ടെന്ന് തോന്നുന്നു. പെനാൽറ്റി തുകയെ സംബന്ധിച്ച് റൂൾസിലാണ് മെൻഷൻ ചെയ്യേണ്ടത്. ഈ ബില്ലിൽ തന്നെ മെൻഷൻ ചെയ്തിട്ടുള്ളതുകൊണ്ട് എന്നാണ് മീറ്റിംഗ് കൂടേണ്ടത്, അജണ്ട, കൗൺസിലിന്റെ കാലാവധി തുടങ്ങിയ പ്രധാനപ്പെട്ട കാര്യങ്ങൾ ഇതിൽ മെൻഷൻ ചെയ്തിട്ടില്ല.

അതുപോലെ ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിലിന്റെ അധികാര പരിധിയെപ്പറ്റി ബില്ലിൽ ഒന്നും പറയുന്നില്ല. ചിലപ്പോൾ ആറ് പഞ്ചായത്തുകൾ വരുന്ന ഒരു പ്രദേശമായിരിക്കാം ഫിഷിംഗ് വില്ലേജായി കണക്കാക്കപ്പെടുന്നത്. ഒരു ഗ്രാമപഞ്ചായത്തിന്റെയോ ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന കോർപ്പറേഷന്റെയോ നിയന്ത്രണത്തിലുള്ള സ്ഥലത്താണെങ്കിൽ അതെങ്ങനെ ഡിഫൈൻ ചെയ്യും. അതിന്റെ jurisdiction ഈ നിയമ ഭേദഗതിയിൽ വളരെ സുപ്രധാനപ്പെട്ട ഒരു വിഷയമായതുകൊണ്ട് അത് എടുത്തുപറയേണ്ട കാര്യമാണ്. ഈ ബില്ലുമായി ബന്ധപ്പെട്ടല്ലെങ്കിൽപ്പോലും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്ന ഒരു കാര്യം ജി.എസ്.ടി.യെ സംബന്ധിച്ചാണ്. ജി.എസ്.ടി. ഏറ്റവും കൂടുതൽ ബാധിച്ചിട്ടുള്ളത് മത്സ്യത്തൊഴിലാളികളെയാണ്. മത്സ്യബന്ധനോപാധികളായ വല, ചൂണ്ട, റോപ്പ് മുതലായ അടിസ്ഥാനപരമായി മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന സാധനങ്ങൾക്ക് 12 ശതമാനം ജി.എസ്.ടി. ചുമത്തിയിരിക്കുകയാണ്.

4.00 PM]

ശ്രീ. പി. ടി. എ. റഹീം: സർ, ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിലിനെ പറ്റിയും റെപ്രസന്റേഷനെപ്പറ്റിയും അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിലെ ഒരു അംഗമായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മുനിസിപ്പാലിറ്റിക്കോ കോർപ്പറേഷനോ ഇതിൽ പ്രാതിനിധ്യം ഉള്ളതായി കാണുന്നില്ല. ഇതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. ഹൈബി ഈഡൻ: സർ, അങ്ങ് ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അതിൽ പറഞ്ഞിരിക്കുന്നത് 'കോർപ്പറേഷൻ കൗൺസിൽ മെമ്പർ', പഞ്ചായത്ത് പ്രസിഡന്റ്, മുനിസിപ്പൽ ചെയർമാൻ, കോർപ്പറേഷൻ കൗൺസിലർ എന്നുപറഞ്ഞിട്ടുണ്ട്.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ പറഞ്ഞത് ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിലെ അംഗങ്ങളുടെ കാര്യമാണ്.

ശ്രീ. ഹൈബി ഈഡൻ: സർ, അതാണ് ഞാൻ പറഞ്ഞത്, ജില്ല കൗൺസിലിന്റെ കാര്യത്തിൽ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയെപ്പറ്റി ഒന്നും സൂചിപ്പിച്ചിട്ടില്ല. വില്ലേജ് കമ്മിറ്റിയിൽ ഒരു കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിലർക്ക് സാരഥ്യം വഹിക്കാമെന്നാണ് പറയുന്നത്. കൊച്ചി പോലുള്ള കോർപ്പറേഷൻ ഭാഗങ്ങളിലെ ഒരു പ്രധാനപ്പെട്ട ഘടകം തന്നെയാണ് അങ്ങ് ചൂണ്ടിക്കാണിച്ചത്.

ഞാൻ പറഞ്ഞുവന്നത് ഐസ് ബോക്സിനുണ്ടായിരുന്ന നികുതി 14.5 ശതമാനത്തിൽനിന്നും 18 ശതമാനമായി ജി.എസ്.ടി. വർദ്ധിച്ചിരിക്കുന്നു. വലകളുടെ കാര്യത്തിൽ വലിയ കണ്ണികളുള്ള വലകൾക്ക് കിലോഗ്രാമിന് 395 രൂപ ഉണ്ടായിരുന്നത് ജി.എസ്.ടി. നടപ്പിലായശേഷം 442 രൂപയായി വർദ്ധിച്ചു. ചെറിയ കണ്ണികളുള്ള വലകൾക്ക് കിലോഗ്രാമിന് 760 രൂപ ഉണ്ടായിരുന്നത് 851 രൂപയായി വർദ്ധിച്ചു. അതുപോലെ തിരുവനന്തപുരം പോലെയുള്ള സ്ഥലങ്ങളിൽ നൈലോൺ നൂൽ ഉപയോഗിച്ച് സ്ത്രീകളടക്കമുള്ള ആളുകൾ നിർമ്മിച്ചുകൊണ്ടിരുന്ന വലകൾക്ക് ജി.എസ്.ടി.യിൽ ഗണ്യമായ വിലവ്യത്യാസം വന്നിട്ടുണ്ട്. വലകൾക്ക് ഉപയോഗിക്കുന്ന ഫ്ലോട്ട് സംബന്ധിച്ച് 28 ശതമാനമാണ് ജി.എസ്.ടി.യിൽ വർദ്ധനവുണ്ടായിട്ടുള്ളത്. ഉണക്കമത്സ്യത്തിന് 5% ജി.എസ്.ടി. ചുമത്തുന്നത് അടിസ്ഥാനവർഗ്ഗത്തോടുള്ള വലിയ അവഗണനയാണ്. എനിക്ക് ബഹുമാന്യയായ മന്ത്രിയോട് പറയാനുള്ളത് ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഈ നികുതി എടുത്തുകളയാനുള്ള തീരുമാനമുണ്ടാകണം. ബഹുഭൂരിപക്ഷം ആളുകളും അതിനോട് യോജിക്കുമെന്ന പ്രതീക്ഷയാണുള്ളത്. അതിന് ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കണമെന്നാണ് ഈ അവസരത്തിൽ പറയാനുള്ളത്.

ബില്ലുമായി ബന്ധപ്പെട്ട് മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത് സെക്ഷൻ 6 (9)-ൽ സബ്സെക്ഷൻ (11)-ൽ "The construction of fishing vessels should be undergone in adherence to approval plan in which navel architect shall conduct various stages of inspection in the manner as may be prescribed." ഇതിൽ "navel" എന്ന് പറയുന്ന വാക്കിന്റെ അർത്ഥം 'പൊക്കിൾ' എന്നാണ്. ഒരുപക്ഷെ ഇതൊരു factual error ആയിരിക്കാം. 'Navel' എന്നത് 'Naval' എന്നാക്കി മാറ്റേണ്ടതാണ്. ഒരു തെറ്റ് പറ്റിയതാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ തെറ്റ് തിരുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ക്ലോസ് ബൈ ക്ലോസ് ആയി സബ്ജക്ട് കമ്മിറ്റിയിൽ പരിഗണിക്കാവുന്നതാണ്.

ശ്രീ. ഹൈബി ഈഡൻ: സർ, ഇതിൽ പ്രധാനപ്പെട്ടത് മാത്രമേ പറയുന്നുള്ളൂ. 'ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിലിലെ അംഗമായി സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന 'ഒരു ഫിഷർമാൻ' എന്നാണ് പറഞ്ഞിരിക്കുന്നത്. മത്സ്യത്തൊഴിലാളികൾക്ക് പ്രാമുഖ്യം കൊടുക്കേണ്ട കമ്മിറ്റിയായതിനാൽ ഫിഷർമാന്റെ എണ്ണം വർദ്ധിപ്പിക്കാവുന്നതാണ്. അതോടൊപ്പംതന്നെ "District Fisheries Management Council shall consist of the following:" എന്നുപറയുന്നുണ്ട്. ജില്ലാ കളക്ടറാണ് അതിൽ ചെയർമാൻ. അതിൽ CMFRI-യുടെ ഒരു റെപ്രസന്റേറ്റീവിനെപ്പറ്റി പറഞ്ഞിട്ടുണ്ട്. സി.എം.എഫ്.ആർ.ഐ. തന്നെ വേണമെന്ന് നിർബന്ധമില്ല, മറ്റ് ഏജൻസികളേയും പരിഗണിക്കാവുന്നതാണ് എന്നും പറഞ്ഞിട്ടുണ്ട്. അതോടൊപ്പം എൻ.ജി.ഒ.-യുടെ റെപ്രസന്റേറ്റീവെന്നും പറഞ്ഞിട്ടുണ്ട്. ഒരു കാരണവശാലും എൻ.ജി.ഒ.കൾ മത്സ്യതൊഴിലാളികളുടെ താൽപ്പര്യങ്ങൾക്ക് അനുകൂലമായി നിൽക്കാറില്ല. കേരളം പോലെ ഒരു പൊളിറ്റിക്കൽ സ്ട്രക്ചറുള്ള സ്റ്റേറ്റിൽ ഒരു കാരണവശാലും എൻ.ജി.ഒ.-കൾക്ക് ഇതിൽ പ്രാതിനിധ്യം കൊടുക്കരുത്. കാരണം എൻ.ജി.ഒ.-കളുടെ താൽപ്പര്യം എപ്പോഴും അവരുടെ ഫണ്ടിംഗ് ഏജൻസികളോടായിരിക്കും. അതിനാൽ എൻ.ജി.ഒ. റെപ്രസന്റേഷൻ ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

അതുപോലെ സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിൽ ട്രേഡ് യൂണിയനുകളിൽ നിന്നുള്ള അഞ്ച് പേരെയാണ് ഫിഷർമാന്റെ പ്രതിനിധിയായി വച്ചിട്ടുള്ളത്. അതിന്റെ എണ്ണം വർദ്ധിപ്പിക്കണമെന്ന് ഒരു അഭ്യർത്ഥനയുണ്ട്. അതുപോലെതന്നെ 13(b)-യിൽ ഉള്ള വകുപ്പുകളെപ്പറ്റി ഒരു ഇന്റർസെക്ടർ ഇൻട്രാസെക്ടർ കോൺഫ്ലിക്ടിനുള്ള സാധ്യതകൾ കാണിക്കുകയാണ്. അതുകൊണ്ട് അതും പുനഃ പരിശോധിക്കേണ്ടതുണ്ട്.

വെസ്സലിനെ സംബന്ധിച്ചുള്ള 3(സി)-യിൽ 'ഒരു സർട്ടിഫൈഡ് സ്രാങ്ക്/എഞ്ചിൻ ഡ്രൈവർ' എന്നാണ് പറഞ്ഞിരിക്കുന്നത്. രാവിലെ മത്സ്യബന്ധനത്തിനായി വീട്ടിൽനിന്നും ഇറങ്ങിപ്പോകുന്നവർക്ക് ഒരു സ്രാങ്ക്/എഞ്ചിൻ ഡ്രൈവർ എന്ന പോസ്റ്റിനുള്ള ക്വാളിഫിക്കേഷൻ ഉണ്ടാകുമെന്ന് തോന്നുന്നില്ല. അതിനെ സംബന്ധിച്ച് ഒരു ആശങ്കയും ആശയക്കുഴപ്പവും ഉണ്ടാകാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് അതുംകൂടി ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. ഇതിലെ വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ ഗൗരവത്തോടുകൂടി പരിഗണിക്കുമെന്ന് കരുതുകയാണ്. വകുപ്പുമന്ത്രിയെ ഒരിക്കൽക്കൂടി അഭിനന്ദിക്കുന്നു. എം.എൽ.എസ്.-ൽ 44 ഇനങ്ങളെക്കൂടി ഉൾപ്പെടുത്തി മത്സ്യസമ്പത്തിനെ തീർച്ചയായും സംരക്ഷിക്കാനുള്ള വളരെ പോസിറ്റീവായിട്ടുള്ള നിലപാടായി കാണണം. അത് ഉറപ്പായും നടപ്പാക്കണമെന്നാണ് പറയാനുള്ളത്. ബില്ലിൽ പറഞ്ഞിട്ടുള്ള കർശനമായ നിയമങ്ങൾ പ്രാവർത്തികമായാൽ തീർച്ചയായും ഞാൻ നേരത്തെ സൂചിപ്പിച്ച ഒരു ബ്ലൂ ഇക്കണോമി എന്ന കേരളത്തിന്റെ വലിയ സാധ്യതയെ, പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് നടത്താൻ സാധിക്കുന്ന ഒരു അന്തരീക്ഷം നിലവിലുണ്ട്. ശക്തമായ ഈ നിയമം മത്സ്യത്തൊഴിലാളികളുടെ ഒരു കൺസിഡറേഷനോടുകൂടി യാഥാർത്ഥ്യമാക്കണമെന്നുള്ള അഭ്യർത്ഥന നടത്തുകയാണ്. അതോടൊപ്പം ഈ പറഞ്ഞിരിക്കുന്ന പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ വളരെ പോസിറ്റീവായി എടുക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഞാൻ ഭേദഗതി മൂവ് ചെയ്യുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, വളരെ പോസിറ്റീവായ ചർച്ചകളാണ് ഇവിടെ വന്നിട്ടുള്ളത്. ക്ലോസ് ബൈ ക്ലോസ് ചർച്ചയ്ക്ക് വരുമ്പോൾ പരിഗണിക്കേണ്ട പല വിഷയങ്ങളും ഇവിടെ പറഞ്ഞു. ഒരു ജനാധിപത്യ സ്വഭാവം നമ്മുടെ മാനേജ്മെന്റ് കൗൺസിലിനുണ്ട്. നമ്മൾ എൻ.ജി.ഒ.-കളെ വയ്ക്കാൻ ഉദ്ദേശിച്ചിട്ടില്ല. ട്രേഡ് യൂണിയൻ പ്രതിനിധികളുടെ എണ്ണം വർദ്ധിപ്പിക്കണമോ വേണ്ടയോ എന്നുള്ളത് സബ്ജക്ട് കമ്മിറ്റിയിൽ വരുമ്പോൾ ആലോചിക്കാം. എം.എൽ.എ.-മാരെ പ്രതിനിധികളായി ഉൾക്കൊള്ളിക്കണം എന്നാണ് ഒരു നിർദ്ദേശം വന്നിട്ടുള്ളത്. ഇപ്പോൾ എം.എൽ.എ.-മാരെ ഉൾപ്പെടുത്തിയിട്ടില്ല. അതുസംബന്ധിച്ച് ഒന്നുകൂടി ചർച്ച ചെയ്ത് ആലോചിക്കാവുന്നതാണ്. ബില്ലിന്റെ ഉദ്ദേശ്യശുദ്ധിയെ പൊതുവേ എല്ലാവരും നന്നായി മാനിച്ചിട്ടുണ്ട്. അതിനെ അംഗീകരിക്കുന്നു. ഈ നിയമത്തിന് പുറത്തുള്ള ചില വിഷയങ്ങളെക്കുറിച്ചാണ് ബഹുമാന്യനായ അംഗം ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ സൂചിപ്പിച്ചത്. അദ്ദേഹം സൂചിപ്പിച്ച എല്ലാ വിഷയങ്ങളിലേയ്ക്കും ഞാൻ ഇപ്പോൾ കടക്കുന്നില്ല. നമുക്ക് ഇനിയും ചർച്ചയ്ക്ക് അവസരമുണ്ട്. സമാശ്വാസ പദ്ധതി 1,500 രൂപയേ കൊടുത്തിട്ടുള്ളൂ എന്നുപറയുന്നത് ശരിയല്ല. 3,000 രൂപ ഇപ്പോൾ കൊടുത്തുകഴിഞ്ഞു. 1,500 രൂപ ഇപ്പോൾ എസ്.ഡി.ജി. മൂവ് ചെയ്തിരിക്കുകയാണ്. മിക്കവാറും ഉടൻതന്നെ കിട്ടും. കേന്ദ്ര സർക്കാരാണ് 1,500 രൂപ തരേണ്ടത്. അവർ ഈ വർഷത്തേതും കഴിഞ്ഞ വർഷത്തേതും തന്നിട്ടില്ല. കേന്ദ്ര വിഹിതം തരുന്ന കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തിനോട് കടുത്ത അവഗണനയാണ് കേന്ദ്ര സർക്കാർ

പുലർത്തുന്നത്. അക്കാര്യം നമ്മൾ വീണ്ടും റികാസ്റ്റ് ചെയ്തിട്ടുണ്ട്. അവരുടെ വിഹിതം തരുന്നില്ലെങ്കിലും മത്സ്യത്തൊഴിലാളികൾക്ക് ഇത് കൊടുത്തേ മതിയാവുകയുള്ളൂ. ഗവൺമെന്റ് അതുമായി ബന്ധപ്പെട്ട് നീങ്ങുന്നുണ്ട്. ഭവനനിർമ്മാണ പദ്ധതിയെ കുറിച്ച് ഇവിടെ സൂചിപ്പിച്ചു. പാതിവഴിയിലായ വീടുകളെ സംബന്ധിച്ച് 'ലൈഫ്'-ലൂടെ മാത്രമേ നമുക്ക് പോകാൻ കഴിയുകയുള്ളൂ. കഴിഞ്ഞ വർഷം മെയിന്റനൻസ് എന്നൊരു പദ്ധതിയുണ്ടായിരുന്നു. എന്നാൽ ഈ വർഷം അത്തരത്തിലൊരു സ്കീമില്ല. അതുകൊണ്ട് 'ലൈഫ്'-ലേയ്ക്ക് ആ പദ്ധതി അറ്റാച്ച് ചെയ്യാവുന്നതാണ്. വീട് എങ്ങനെയാണ് തെരഞ്ഞെടുക്കുന്നത് എന്നതുസംബന്ധിച്ച് ഈ വർഷം ഒരു ആശങ്കയും വേണ്ടതില്ല. 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനാണ് ഈ വർഷം നമ്മൾ മുൻഗണന നൽകുന്നത്. അവിടെ നറുക്കെടുപ്പിന്റെ പ്രശ്നം വരുന്നില്ല. കടലാക്രമണ ദുരന്തം നേരിടുന്ന തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിനാണ് മുൻഗണന. കേരളത്തിന്റെ 592 കിലോമീറ്റർ നീളത്തിൽ വരുന്ന 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മുഴുവൻ തൊഴിലാളികളുടെയും പുനരധിവാസമാണ് സർക്കാരിന്റെ പ്രയോറിറ്റിയിലുള്ളത്. അതിനായി ഗുണഭോക്താക്കളെ നറുക്കിട്ടെടുക്കുകയല്ല ചെയ്യുന്നത്. ഓരോ പ്രദേശത്തെയും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മുഴുവൻപേരെയും പുനരധിവസിപ്പിക്കുന്നതിനാണ് ലക്ഷ്യംവയ്ക്കുന്നത്. അവരെ കടലാക്രമണത്തിൽ നിന്ന് രക്ഷപ്പെടുത്തുക, അവരുടെ ദുരിത ജീവിതത്തിന് അവസാനം വരുത്തുക എന്നിങ്ങനെ രണ്ട് ലക്ഷ്യങ്ങളാണ് അതിനുള്ളത്. അതുകൊണ്ടുതന്നെ ഗുണഭോക്താക്കളെ നറുക്കിട്ടെടുക്കുന്ന പ്രശ്നം അവിടെ വരുന്നില്ല.

അപ്പീലിന്റെ കാര്യത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. പക്ഷേ നമ്മൾ ആ സെക്ഷനിപ്പോൾ ഭേദഗതി ചെയ്യുന്നില്ല. ഒറിജിനൽ ആക്ടിന്റെ സെക്ഷൻ 18-ൽ അപ്പീൽ അതോറിറ്റിയുണ്ട്. കളക്ടറാണ് അപ്പീൽ അതോറിറ്റി. അഡ്ജ്യൂഡിക്കേഷൻ ഓഫീസർ എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അതിന് അപ്പീൽ, നമ്മൾ 1984-ലാണ് ആ അമെന്റ്മെന്റ് കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ട് ജില്ലാ കളക്ടർ അപ്പീൽ അതോറിറ്റിയായിട്ടുള്ള സെക്ഷനിൽ നമ്മൾ മാറ്റം വരുത്തുന്നില്ല. ബഹുമാനപ്പെട്ട അംഗം മൂലനിയമം നോക്കാതിരുന്നതുകൊണ്ടാണ് അത്തരമൊരു ആശങ്ക വന്നത്.

വലിയ വിമർശനങ്ങളൊന്നും ഇവിടെ വന്നിട്ടില്ല. കുറച്ച് ആശങ്കകൾ മാത്രമാണ് വന്നത്. അവ പരിഹരിക്കുന്ന കാര്യത്തിൽ ഒരു തുറന്നമനസ്സാണ് സർക്കാരിനുള്ളത്. സബ്ജക്ട് കമ്മിറ്റിയിൽ വരുമ്പോൾ തീർച്ചയായും ഈ വിഷയം നമുക്ക് ഗൗരവത്തോടെ ചർച്ച ചെയ്യാം. അത്യാവശ്യം വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് അവിടെ ആലോചിക്കാം. ഓരോ ക്ലോസുമെടുത്ത് ചർച്ച ചെയ്യാൻ നമുക്ക് വീണ്ടും അവസരമുണ്ട്. ആ സമയത്ത് അത്യാവശ്യം മൈന്യൂട്ട് ഡീറ്റെയിൽസിലേയ്ക്ക് നമുക്ക് പോകാൻ പറ്റും. ശ്രീ. ഹൈബി ഈഡൻ കുറച്ച് ആശങ്കകൾ പ്രകടിപ്പിച്ചിട്ടുണ്ട്. നമ്മുടെ തീരദേശത്തിന്റെ ആശങ്കകൾ ഒരുപാടുണ്ട്. ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നതിനുമുമ്പ് ഞങ്ങൾ രണ്ടുമൂന്ന് പ്രോസസ്സ് നടത്തിയിട്ടുണ്ട്. നമ്മുടെ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സതേൺ റീജിയൺ, മിഡിൽ റീജിയൺ, നോർത്തേൺ റീജിയൺ എന്നിങ്ങനെ

മൂന്ന് തലങ്ങളിൽ ചർച്ച ചെയ്തു. മൂന്ന് തലങ്ങളിലുമുള്ള ട്രേഡ് യൂണിയനുകളുടെ യോഗം വിളിച്ച് അവരുടെകൂടി അഭിപ്രായം ആരാഞ്ഞു. നമ്മൾ കൊണ്ടുവരാൻ പോകുന്ന ഭേദഗതി ഇതാണെന്നും ഈ മേഖല നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും തൊഴിലാളികളുടെ ട്രേഡ് യൂണിയനുകളുടെയും മറ്റ് സന്നദ്ധ സംഘടനകളുടെയും പ്രതിനിധികളെ വിളിച്ച് അവരുമായി ചർച്ച ചെയ്തു. അവർ ഉയർത്തിയ ചില ആശങ്കകൾകൂടി നമ്മൾ പരിഗണിച്ചിട്ടുണ്ട്. ഈ മൂന്ന് മേഖലകളിലെയും ചർച്ചയ്ക്കു ശേഷം സംസ്ഥാനതലത്തിൽ ഒരു മീറ്റിംഗുകൂടി ചേർന്നു. നമ്മുടെ സ്റ്റേക്ക്ഹോൾഡേഴ്സായിട്ടുള്ളവരുടെ പൂർണ്ണമായ ചർച്ചയ്ക്കും അവരുടെ ഭേദഗതികൾക്കും വിധേയമായിട്ടാണ് ഈ ബിൽ വന്നിട്ടുള്ളത്. ഇനിയും ആശങ്കകളുണ്ടെങ്കിൽ അതിന് ഇനിയും നമുക്ക് അവസരമുണ്ട്. ഒരു തുറന്ന മനസ്സോടെയാണ് സർക്കാർ ഇക്കാര്യത്തെ കാണുന്നത്. മത്സ്യസമ്പത്ത് സംരക്ഷിക്കുക എന്നത് വളരെയധികം പ്രധാനമാണ്. മത്സ്യ തൊഴിലാളികളുടെ ജീവിതത്തെക്കുറിച്ചുള്ള ആശങ്കകളെ സംബന്ധിച്ച് പറയുമ്പോൾ അവിടെ മത്സ്യത്തിന്റെ ലഭ്യത ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് തൊഴിലാളികളെ സംരക്ഷിക്കുക എന്നൊരു കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ ബില്ലിന്റെ പരിധിയിൽ ഇല്ലാത്തൊരു കാര്യമാണത്. അതുസംബന്ധിച്ച് അടുത്ത സെഷനിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നൊരു ബില്ലാണ്. ഈ സെഷനിൽ ഒരുപാട് നിയമത്തിന്റെ പ്രശ്നമുള്ളതുകൊണ്ട് അത് ഇവിടെ മൂവ് ചെയ്യാതിരുന്നതാണ്. അടുത്ത സെഷൻ വരുമ്പോൾ മാർക്കറ്റിംഗുമായി ബന്ധപ്പെട്ട് പുതിയൊരു നിയമനിർമ്മാണംതന്നെ നടത്താൻ ഉദ്ദേശിക്കുകയാണ്. ഹാർബറുകളിലും മറ്റും മത്സ്യം പിടിച്ചു കൊണ്ടുവരുന്ന തൊഴിലാളിക്ക് ന്യായവില ഉറപ്പാക്കാനും നേരിട്ട് അത് മാർക്കറ്റിൽ എത്തിക്കാനും തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് ഒഴിവാക്കാനും അതോടൊപ്പം ഗുണമേന്മയേറിയ മത്സ്യം ഗുണനിലവാരം സംരക്ഷിച്ചുകൊണ്ട് ജനങ്ങൾക്ക് ഉറപ്പാക്കാനും കഴിയുന്നതരത്തിൽ ഒരു നിയമ നിർമ്മാണം അടുത്ത സെഷനിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. അത് വരുന്നതോടുകൂടി ഇവിടെ ഉന്നയിച്ച ആശങ്കകൾക്കൊക്കെ പരിഹാരം ഉണ്ടാകും. ഇവിടെവന്ന നിർദ്ദേശങ്ങൾ പരിശോധിക്കാൻ ഇനിയും നമുക്ക് അവസരമുണ്ട്. ഇവിടെ ഉയർത്തിയ എല്ലാ നല്ല നിർദ്ദേശങ്ങളെയും അംഗീകരിക്കുകയാണ്. ക്ലോസ് ബൈ ക്ലോസ് ചർച്ച വരുമ്പോൾ ബാക്കി കാര്യങ്ങൾ നോക്കാം എന്നുപറഞ്ഞു കൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 ആഗസ്റ്റ് മാസം 11-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.13-ന് പിരിഞ്ഞു.)